തുഞ്ചത്തെഴുത്തച്ഛനാൽ ഉണ്ടാക്കപ്പെട്ട

ശ്രീമഹാഭാരതം

കേരളഭാഷാഗാനം

പരിശോധകൻ,

താമരക്കുളം ജി. കൊച്ചുശങ്കരൻവൈദ്യൻ

പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ & സൺസ്,

വി. വി. പ്രസ്സ്—കൊല്ലം.

27-ംപതിപ്പ കാപ്പി—3000

1141

ശ്രീമഹാഭാരതം

കേരളഭാഷാഗാനം.

പൌലോമം.

ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു.

ശ്രീമയമായരൂപംതേടുംപൈങ്കിളിപ്പെണ്ണേ! സീമയില്ലാതസുഖംനൽകണമിനിക്കുനീ * ശ്യാമളകോമളനായീടുന്നനാരായണൻ താമരസാക്ഷൻകഥകേൾപ്പാനാഗ്രഹിച്ചുഞാൻ* അരുളുതുരുതരഭക്തിപൂണ്ടെന്നോടതു നേരോടെചൊല്ലീടുവാനെന്നതോർത്തിരിക്കുമ്പോൾ * കാരണനായകരുണാനിധിനാരായണൻ കാരുണ്യവശാൽനിന്നെക്കാണായ്വന്നതുമിപ്പോൾ * പൈദാഹാദികൾതീർത്തുവൈകാതെപറയണം കൈതവമൂർത്തികൃഷ്ണൻതന്റെകഥാമൃതം * ഏതൊരുദിക്കിൽനിന്നുവന്നിതെന്നതുംചൊല്ലീ! സാദരവോടുമെന്നുകേട്ടുപൈങ്കിളിചൊന്നാൾ:—മാമുനിശ്രേഷ്ഠന്മാരാംശൗനകാദികൾമേവും നൈമിശാരണ്യംതന്നിൽനിന്നുവന്നതുമിപ്പോൾ * ധീമാനാമുഗ്രശ്രവസ്സാകിയ സൂതൻചൊന്നാൻ മാമുനിമാർക്കുകേൾപ്പാൻഭാരതകഥാമൃതം * അക്കഥയൊക്കെക്കേൾപ്പാനിരുപാർത്തിരുന്നോനും ദുഃഖങ്ങളതുകേട്ടാൽപിന്നെയുണ്ടാകയില്ല * ശക്തിയുംനശിച്ചുപോംഭക്തിയുമുറച്ചീടും ഭുക്തിയിൽവിരക്തിയുംമുക്തിയും താനേവരും * ശക്തിയോടനുദിനംയുക്തനാംശിവൻതന്റെ വ്യക്തിയും വിചാരിച്ചാൽവ്യക്തമായ്കാണായ്വരും * യുക്തനായീടുംജീവൻപരനോടറിഞ്ഞാലും ഭക്തവത്സലനായകൃഷ്ണന്റെകാരുണ്യത്താൽ * എങ്കിലക്കഥയെല്ലാമെന്നെനീകേൾപ്പിക്കണം സങ്കടമുണ്ടുപാരംസംസാരംനിനച്ചുമേ * പങ്കജവിലോചനൻതൻകഥചൊല്ലാമെങ്കിൽ പങ്കങ്ങളകന്നുപോംപണ്ടുപണ്ടുള്ളതെല്ലാം * ആദരവോടുകൂടെനൈമിശവനത്തിങ്കൽ ദ്വാദശസംവത്സരംകൊണ്ടൊടുങ്ങീടുന്നൊരു * യാഗവുംതുടങ്ങിനാർശൗനകാദികളായോ രാഗമജ്ഞോത്തമന്മാരാകിയമുനീന്ദ്രന്മാർ * ആഗമിച്ചിതുമുനിമാരെസ്സേവിപ്പാനപ്പോൾ വേഗമോടുഗ്രശ്രവസ്സാകിയസൂതൻതാനും * ആഗതനായസൂതൻതന്നെ മാമുനിജനം ഏകാന്തേസല്ക്കാരംചെയ്താസനാദികൾനൽകി * ഇക്കലിമലമുള്ളിൽപററായ്വാൻ തക്കതൊരു സൽക്കഥചൊല്ലണംനീയെന്നവർചൊന്നനേരം * എങ്കിൽ വൈശമ്പായനൻജനമേജയനോടു ഭംഗിയിലറിയിച്ചഭാരതംചൊല്ലാമല്ലോ * ഭാരതംചൊല്ലുന്നോർക്കുംഭക്തരായ് കേൾക്കുന്നോർക്കുംപാ

മാറാതെഗതിവരുമെന്നരുൾചെയ്തമുനി * പാരാശര്യാഖ്യൻകൃഷ്ണനെന്നതു
സത്യമത്രെ പാരമാർത്ഥികമായതത്വവുമതിലത്രെ * ഭഗവൽഗീതാശ്രീമ
സഹസ്രനാമാദികൾ ഭഗവാൻവേദവ്യാസൻഭാരതമതിലാക്കി * നി
ഗമാദികൾപോലുമതിനാൽവന്ദിക്കുന്നു സകലപുരുഷാർത്ഥങ്ങളുമുണ്ട
തിൽനൂനം * ഭോഗീശവാഗീശലോകേശാദിജനങ്ങൾക്കു മാകയാല
തിന്നുടെമഹത്വംചൊല്ലാവതല്ല * ഓർക്കുമ്പോളപൌരുഷേയത്വമുണ്ടി
തിന്നതോ സാക്ഷാൽവേദങ്ങൾക്കത്രെയെന്നല്ലോചൊല്ലീടുന്നു * എ
ങ്കിൽപൌരുഷേയമായാർഷമായപൌരുഷേയാംഗിയായ്വരുമെന്നേ ഭാര
തംവന്നുകൂട്ടു * ദ്വൈപായനോഷ്ഠപുടനിസ്സൃതമെന്നാകുന്നു ദ്വൈ
പായനേനകൃതമെന്നതോചൊല്ലീലല്ലോ * ചതുരാനനമുഖസംഭവം
വേദമിതു വസുധാത്മജമുഖസംഭവമെന്നേയുള്ളു * ബ്രഹ്മജംവേദമിതു
വിഷ്ണുജമെന്നാകയാൽ ബ്രഹ്മത്തെപ്രതിപാദിച്ചീടുന്നതിതിലല്ലൊ *
സംഗംമററുള്ളവിഷയങ്ങളിൽനിവൃത്തമായ് മംഗലാവരുത്തുന്നഭഗവ
ത്സംഗിസംഗം * കൈവന്നുകൂട്ടുമിതുകേൾക്കിലെന്നരുൾചെയ്തു കൈവണ
ങ്ങിനാൻഭൂമിദൈവതങ്ങളെസ്സൂതൻ * ദേവഭക്തന്മാരായശൌനകാ
ദികളപ്പോൾപാവനമായ സൂതഭാഷിതംകേട്ടുചൊന്നാർ—വൈശമ്പാ
യനൻചൊന്നഭാരതംതന്നെചൊൽനീ സംശയംതീരുമതിലില്ലാതെമ
റെറാന്നില്ല * പാശങ്ങൾനശിച്ചുതന്നാശയംതെളിയിക്കും കേശവ
ചരിതവുമിത്രമറെറാന്നിലില്ല * കർമ്മകൌശലങ്ങളുംസാംഖ്യയോഗാദിക
ളും ധർമ്മാർത്ഥകാമമോക്ഷംസാധിപ്പാനുപായവും * നിർമ്മലൻവേദ
വ്യാസനിതിങ്കൽപ്രയോഗിച്ച ശർമ്മസാധനമിതിന്മീതെമറെറാന്നില്ല
ല്ലൊ * അക്കഥയൊക്കെക്കേൾപ്പാനുണ്ടവനമിപ്പോൾ സദ്ഗുണനി
ധേ!സൂത!ചൊല്ലുനീമടിയാതെ * തത്വജ്ഞനായസൂതൻവിപ്രമാമുനി
കളെ ചിത്തത്തിലുറപ്പിച്ചുവന്ദിച്ചുഭക്തിയോടെ * സത്യജ്ഞാനാനന്ദാ
നന്ദാമൃതാദ്വയനാകു മുത്തമോത്തമൻകൃഷ്ണൻതന്നെയുംധ്യാനംചെയ്താൻ
* പാരാശര്യാഖ്യൻപരമാചാര്യൻവേദവ്യാസൻ കാരുണ്യമൂർത്തികൃഷ്ണ
നാകിയഗുരുവിനെ * പാരാതെവണങ്ങിനാൻഭാരതീദേവിയെയും വാ
രണാനനനായവിഘ്നേശൻപാദങ്ങളും * വാരിജോത്ഭവനാദിയായദേ
വന്മാരെയും ശ്രീശുകസമനായവൈശമ്പായനനേയും * ആശയന്ത
ന്നിൽചേർത്തു പറഞ്ഞുതുടങ്ങിനാൻ—

സംഗ്രഹവിവരണം.

നാലായിവേദങ്ങളെപ്പകുത്തവേദവ്യാസൻ പൌലോമംതന്നിൽ
ചൊന്നാൻഭാരതസംക്ഷേപവും* ചിത്രമാമുദങ്കോപാഖ്യാനവുംഭൃഗുകുല
വിസ്താരങ്ങളുംവഹ്നിതന്നുടെശാപാദിയും*ആസ്തികംതന്നിൽനാഗഗരു
ഡാരുണന്മാരുൽപ്പത്തി ദുഗ്ദ്ധാബ്ധിമഥനമുച്ചൈശ്ശ്രവസ്സുണ്ടായതും *ആസ്തീ
കൻസർപ്പസത്രമൊഴിച്ചപ്രകാരവും അസ്തീകനനുഗ്രഹംസർപ്പങ്ങൾക്കുകൊ
ടുത്തതും * പരിഭാഷാരൂപങ്ങൾപൌലോമാസ്തികങ്ങളെ,നരുളിച്ചെയ്തു
വേദവ്യാസനാംമുനിവരൻ * സംഭവപർവംതന്നിൽമുൻപിലെസോമാ
ന്വയസംഭവംസ്വപ്രേരണപാരമ്പര്യംദേവാസുര * സംഭവംഭവിതേഷാമം

ഗംഗാവതരണവുംഅംഭോജരിപുകുലസന്തതിസന്ധിപ്പിപ്പാൻ * അൻപോട്ട
വിചിത്രവീൎയ്യക്ഷേത്രങ്ങളിൽകൃഷ്ണൻ സംഭാവിപ്പിച്ചധൃതരാഷ്ട്രാദിപുത്ര
ത്രയം*മാൎത്താണ്ഡസുതനമാണ്ഡവ്യശാപോല്പത്തിയും ശൂദ്രയോനിയില
വൻവിദുരനായവാറും * ധാൎത്തരാഷ്ട്രോല്പത്തിയുംപാണ്ഡുപുത്രോല്പത്തി
യുംപാൎത്ഥിവനായപാണ്ഡുതാപസശാപബലാൽ * മാദ്രീസംഗമംകൊ
ണ്ടുമരണംപ്രാപിച്ചതും തസ്യശേഷക്രിയപുത്രന്മാർചെയ്തവാറും *
പാണ്ഡവരുടെനഗരപ്രവേശനാദിയും പാണ്ഡുപൂൎവ്വജനവരോട്ടവത്തി
ച്ചവാറും * ശാരദ്വതോല്പത്തിയുംഭാരദ്വാജോല്പത്തിയും ഭാരദ്വാജാത്മ
ജനാമശ്വത്ഥാമോല്പത്തിയും * വിദ്യാഭ്യാസവുംഗുരുദക്ഷിണാദിയുംത
മ്മിൽ വിദ്വേഷംമൂഴുത്തതുംധൃഷ്ടദ്യുമ്നോല്പത്തിയും * ജാതുഷഗൃഹ
ദാഹംകാനനപ്രവേശവും മാതുരാധികൾകണ്ടുവാതനന്ദനതാപം *
ഹിഡിംബവധംഭീമഹിഡിംബീസമാഗമം ഹിഡിംബിതന്നിൽഭീമത
നയനുണ്ടായതും * ഏകചക്രാവാസവുംബകനിഗ്രഹാദിയും ഏകാ
ന്തേവേദവ്യാസപ്രാപ്തിസംവാദാദിയും * ദ്രൌപദീസ്വയംവരാകൎണ്ണന
യാത്രാദിയും താപസദ്വിജസമാഗമസല്ലാപാദിയും * അംഗാരപൎണ്ണോ
പാഖ്യാനത്തിൽവാസിഷ്ഠാദിയും ശൃംഗാരസമ്പൂൎണ്ണസംവരണോദന്ത
വും * ധൌമ്യതാപസവരോപാദ്ധ്യായോപലബ്ധിയും ബ്രാഹ്മണരാ
യിപ്പാഞ്ചാലാലയംപുക്കവാറും * ധാൎമ്മികൻധൃഷ്ടദ്യുമ്നനന്തസ്സംഗവേ
ഷിച്ചതും കാമ്യാംഗിപാഞ്ചാലിക്കുഭൂപതിപ്രബോധനം * യന്ത്രച്ഛേദ
വുംപഞ്ചേന്ദ്രോപാഖ്യാനവുംപിന്നെ കുന്തീനന്ദനൻരാജസഞ്ചയംജയി
ച്ചതും * ദ്രൌപദീസ്വയംവരംവിദുരാഗമനവും ഭൂപതിനിയോഗത്താൽ
ധൎമ്മജാഭിഷേകവും * അൎദ്ധരാജ്യവുമിന്ദ്രപ്രസ്ഥലബ്ധിയുംതത്ര സ
ത്വരംശ്രീനാരദനെഴുന്നള്ളിയവാറും * സുന്ദോപസുന്ദോപാഖ്യാനാദി
യുംപാഞ്ചാലിയാം സുന്ദരിതന്നെപ്പൎയ്യായത്തോടെവഹിച്ചതും * അ
ൎജ്ജുനതീൎത്ഥയാത്രസുഭദ്രാഹരണവും അൎജ്ജുനസുതനഭിമന്യുവുണ്ടായവാ
റും * പഞ്ചദ്രൌപദേയന്മാരുണ്ടായപ്രകാരവും സഞ്ചിതദ്രവ്യംദാനം
ചെയ്തതുംധൎമ്മാത്മജൻ * ഖാണ്ഡവദാഹാദിയുംഗാണ്ഡീവലാഭാദിയും
പാണ്ഡവശൌൎയ്യവുമാഖണ്ഡലവിജയവും * തക്ഷകസുതമായപക്ഷി
കൾനാലുമാശു ശുശുക്ഷണിദഹിയാതെകാനനംദഹിച്ചതും * മന്ദപാ
ലോപാഖ്യാനമെന്നിവവേദവ്യാസൻ സുന്ദരമായിച്ചൊന്നാൻസംഭവ
പൎവ്വംതന്നിൽ * ഇരുനൂററിരുപത്തെട്ടദ്ധ്യായമുണ്ടുചൊല്ലിൽ സരസ
മെണ്ണായിരത്തിൽപുറംതൊള്ളായിരം * ത്തെണ്പത്തുനാലുപദ്യമുമ്പ
ക്കംമനോഹരം മുമ്പിലെപ്പൂർവമതുസംഭവമെന്നുനാമം * രണ്ടാമത
ല്ലോസഭാപൎവ്വമെന്നറിയേണം ഉള്ളതിൽകഥപലതൊട്ടതും സംക്ഷേ
പിക്കാം * ഖാണ്ഡവപ്രസ്ഥത്തിങ്കൽമയനാംശില്പിശ്രേഷ്ഠൻ പാണ്ഡ
വൻതനിക്കൊരുസഭയെനിൎമ്മിച്ചതും * പാണ്ഡിത്യമേറെയുള്ളനാരദ
നെഴുന്നള്ളി പാണ്ഡുനന്ദനനോട്ടുചോദിച്ചപ്രകാരവും * മാധവൻമാ
ഗധനെമാരുതിതന്നെക്കൊണ്ടു ബാധഭൂപക്തീപ്പാൻകൊല്ലിച്ചപ്രകാര
വും * മാരുതിപ്രമുഖന്മാർദിക്കുകൾജയിച്ചതും രാരോരോരാജാക്കന്മാർ

കരങ്ങൾകൊടുത്തതും * ധൎമ്മജൻരാജസൂയംചെയ്തതുംഭഗവാനാൽ
ദുൎമ്മതിശിശുപാലൻമുക്തിയെപ്രാപിച്ചതും * പാൎത്ഥിവേന്ദ്രാവഭൃഥ
സ്നാനഘോഷാദികളും ധാൎത്തരാഷ്ട്രാഘജ്യേഷ്ഠൻകാട്ടിയഗോഷ്ഠികളും
* സ്ഥലതാമതികൊണ്ടുജലതകലന്നതും ബലവാൻവൃകോദരനച്ച
ത്തിൽചിരിച്ചതും * സത്രപംസുയോധനൻഹസ്തിനംപുക്കവാറും നി
സ്സൂപംദേകനിതാൻചൂതിനുകോപ്പിട്ടതും * ചൂതിങ്കൽചതിചെയ്തനാ
ടൊക്കെപ്പറിച്ചതും മാധവൻപാഞ്ചാലിയെപ്പാലിച്ചപ്രകാരവും * ഗാ
ന്ധാരൻമണ്ടാമതുംചൂതിനുതുനിഞ്ഞതും കൌന്തേയൻ തോററുവനംപു
ക്കതുംദുഃഖങ്ങളും * ഇങ്ങനെപുനൎദ്യൂതപൎയ്യന്തമായിച്ചൊന്നാൻ മംഗ
ലസംഭാവ്യംകൃഷ്ണനാംവേദവ്യാസൻ * അദ്ധ്യായമെഴുപത്തുരണ്ടുണ്ടെ
ന്നറിഞ്ഞാലും പദ്യങ്ങൾനാലായിരത്തെഞ്ഞൂറുംപതിനൊന്നും * ധാൎമ്മി
കൻധൎമ്മാത്മജൻകാനനംപുക്കശേഷം ധൌമ്യോപദേശാൽസൂൎയ്യൻത
ന്നെസ്സേവിച്ചവാറും *സൌദനമായപാത്രംസൂൎയ്യൻനൽകിയവാറും ഭൂദേ
വതിജനഭോജനംമുട്ടാഞ്ഞതും * കിൎമ്മീരാശരൻതന്നെമാരുതികൊന്ന
വാറും ധൎമ്മജാദികൾതമ്മെക്കാണ്മാനായവിടേയ്ക്കു * ധൎമ്മരാജാംശഭൂ
തൻവിദുരൻവന്നവാറും ധൎമ്മസ്ഥാപനകരൻഗോവിന്ദൻനാരായണൻ
* നിൎമ്മലൻജഗന്മയൻചിന്മയൻമായാമയൻ സന്മയൻകൎമ്മസാക്ഷി
നിൎമ്മൎയ്യാദികൾക്കൊരു * ധൎമ്മനായകൻപരബ്രഹ്മമാംവിഷ്ണുമൂൎത്തി ജ
ന്മനാശാദിഹീനൻകല്മഷവിനാശനൻ * നിൎമ്മലൻനിരുപമൻകൃഷ്ണ
നങ്ങെഴുന്നള്ളി സമ്മോദംധൎമ്മാത്മജന്മാവിനുവളൎത്തതും * പാഞ്ചാ
ലാദികളായസംബന്ധിസമാഗമം പാഞ്ചാലീശോകാദിയുംവേദവ്യാ
സാഗമനം * ഫൽഗുനൻതപസ്സിനായ്നിൎഗ്ഗമിച്ചതുംപിന്നെ ഭൎഗ്ഗ
നാംഭഗവാനുംപാൎവ്വതീദേവിതാനും * കാട്ടാളവേഷത്തൊടുംപ്രത്യക്ഷ
മായവാറും വാട്ടമെന്നിയെതമ്മിൽകലഹമുണ്ടായതും * ഈശനാൽ
പാശുപതമവനുകൊടുത്തതും ആശുദിക്പാലാദികളവിടെവന്നവാറും *
അൎജ്ജുനൻവാസവനെക്കണ്ടവൻനിയോഗത്താൽ നിൎജ്ജരാരികൾത
മ്മെവധിച്ചപ്രകാരവും * പാൎത്ഥനുൎവ്വശിയുടെശാപമുണ്ടായവാറും ഗോ
ത്രാരിതെളിഞ്ഞനുഗ്രഹിച്ചപ്രകാരവും * പാൎത്ഥനിങ്ങനെസുരലോ
കേവാഴുന്നകാലം പാൎത്ഥിവൻതന്നെക്കാണ്മാൻബൃഹദശ്വാഗമനം *
ധൎമ്മജദുഃഖംതീൎപ്പാൻതാപസനരുൾചെയ്ത നിൎമ്മലനളോപാഖ്യാനാ
ദിയുമഗസ്ത്യന്റെ * പവിത്രചരിത്രമാംവിചിത്രകഥാദിയും കളത്രപ്രാ
പ്തിമുഖവാതാപിദഹനവും * ശക്രനുമഗ്നിയുമായ്ശിബിതൻധൎമ്മസ്ഥി
തി പക്ഷിവേഷത്താൽപരീക്ഷിച്ചുകൊണ്ടറിഞ്ഞതും * പണ്ഡിത
ശ്രേഷ്ഠനൃശ്യശൃംഗനായീടുന്ന വൈഭണ്ഡകനുടെതപോബലവുംമാ
ഹാത്മ്യവും * ജാമദഗ്ന്യനാൽബഹുഹൈഹയവധാദിയും കോമളമായ
സുകന്യോപാഖ്യാനവുംപിന്നെ* ച്യവനോപാഖ്യാനവുമവനുനാസത്യ
ന്മാർ നവകോമളരൂപംനൽകിയപ്രകാരവും * താതനെയഷ്ടാവക്രൻ
സോമകസുതേഷ്ടി വിവാദേവീണ്ടതുംസവ്യസാചിവൃത്താന്തങ്ങളും *
അമരേന്ദ്രാനുജ്ഞയാസമരേശക്രാത്മജൻ അമരാരാതികളെയറുതിപ്പെട്ടു

ത്തും * അജ്ജുനൻതന്നെക്കണ്ടുമററുള്ളോർസൂചിച്ചതും അജ്ജുനാഗ്ര
ജൻജടാസുരനെവധിച്ചതും * മാരുതിസൌഗന്ധികപുഷ്പത്തെഹരിച്ച
തും മാരുതിരൂപം കണ്ടുമാരുതിപേടിച്ചതും * അന്ധനാമന്ധാത്മജൻ
തന്റടെഘോഷയാത്ര ഗന്ധവ്വാധിപകൃതബന്ധനമവകളെ * കുന്തിന
ന്ദനൻതന്നെവീണ്ടുകൊണ്ടതുംപിന്നെ സിന്ധുരഗമനയാംപാഞ്ചാലീ
ഹരണാത്ഥം * സിന്ധുരാജാഗമനംഗന്ധവാഹജകൃത ബന്ധനംകുന്തീ
സുതബന്ധുബന്ധനഹരം * ദണ്ഡിപുത്രനെക്കാണ്മാൻമാക്കണ്ഡേയാഗ
മനം പണ്ഡിതന്മാക്കണ്ഡേയൻമാത്താണ്ഡാന്വയത്തിങ്കൽ * കുണ്ഡ
ലീശ്വരനായിരാമനായ്പിറന്നതും പുണ്യകളായനാനാകഥകൾമററുള്ള
തും * പാണ്ഡവശോകംതീർപ്പാനരുൾചെയ്തതുംപിന്നെ ഗാണ്ഡീവധര
പ്രിയന്മാധവൻജഗന്നാഥൻ * പാണ്ഡവന്മാരെക്കാണ്മാനെഴുന്നള്ളിയ
വാറും * ദ്രൌപദീസത്യസംവാദങ്ങളും ഭീഷ്മദ്രോണപാവനകഥകളുമി
ന്ദ്രദ്യുമ്നന്റെകഥ * എന്നിവകേട്ടുതെളിഞ്ഞിരുന്നീടിനകാലം കണ്ണകു
ണ്ഡലകവചാദികളമരേന്ദ്രൻ വിപ്രനായ്പ്രതിഗ്രഹിച്ചീടിനപ്രകാര
വും തൽപ്രസാദാത്ഥമൊരുശക്തിനൽകിയവാറും * ഹരിണരൂപനേക
നരണിയെടുത്തുകൊണ്ടരണ്യംപുക്കാനന്നൊരാരണൻഖേദംതീർപ്പാൻ *
അടവിതന്നിൽതേടിനടന്നുപാണ്ഡവന്മാ ക്കിടരായതുംദാഹംമുഴുത്തിട്ടു
ത്തുനേരം * തണ്ണീരന്വേഷിപ്പാനായ്പോയനുജന്മാരെല്ലാം തണ്ണീരുംകു
ടിച്ചൊക്കെമരിച്ചപ്രകാരവും * ധമ്മജൻതാനുംചെന്നുതണ്ണീർക്കോരി
യശേഷം ധമ്മരാജേനകൃതധമ്മപ്രശ്നങ്ങളെല്ലാം * ധമ്മജൻപരി
ഗ്രഹിച്ചുത്തരംപറഞ്ഞതും ധമ്മരാജാനുജ്ഞയാജീവിച്ചോരനുജന്മാർ *
ധമ്മരാജാത്മജനോടൊന്നിച്ചുവസിച്ചതും *മൂന്നാമതായപവ്വമരണ്യംത
ന്നിൽചൊന്നാ നാമ്നായവ്യാസൻകൃഷ്ണൻ താപസദ്വൈപായനൻ *
അദ്ധ്യായമിതിലിരുനൂററുപത്തൊൻപതിൽ പദ്യങ്ങളുണ്ടുപതിനായിര
ത്തറുനൂററി * നുത്തരമറുപത്തിനാലുമെന്നറിയണ മുത്തമംപവിത്രമിതെ
ത്രയുംപാത്തുകണ്ടാൽ * പാരാശയ്യാഖ്യൻമുനിനാലാംപവ്വത്തിൽചൊ
ന്നാൻ വൈരാടരാജ്യംതന്നിൽധമ്മജാദികളെല്ലാം * ഓരോരോനാമവേ
ഷംകൈക്കൊണ്ടുചരന്നന്മാരാ യൊരാണ്ടുവസിച്ചനാളുള്ളൊരുകഥയെ
ല്ലാം * രാജസേവകവൃത്തിധൌമ്യൻചൊല്ലിയവാറും വ്യാജനിർവ്യാജംമ
ത്സ്യനഗരപ്രവേശനം * മല്ലനിഗ്രഹംപിന്നെ കീചകാദികൾവധം
നിർല്ലജ്ജൻസുയോധനൻതന്റടെനിരൂപണം * ഗോഗ്രഹണാദികളും
വിജയവിജയവും ഫാൽഗുനിതന്നാലന്നാളുത്തരാവിവാഹവും * വ്യക്ത
മായ്വിരാടപവ്വംതന്നിൽപാരാശയ്യൻ * ഭക്തിവർദ്ധനകരംസത്യമായരുൾ
ചെയ്താൻ അദ്ധ്യായമറുപത്തേഴെത്രയുംമനോഹരം * ചിത്രാർത്ഥംമൂവാ
യിരത്തഞ്ഞൂറുപദ്യങ്ങളും സ്വൈരമായുപപ്ലാവ്യേപാണ്ഡവരിരുന്നതും
* ശൌരിയെവരിപ്പാൻദുയ്യോധനൻവന്നവാറും ചൌയ്യനിദ്രയെപ്പൂണ്ടു
ശേവാൻകിടന്നതും * ശൌയ്യമേറീടുംപാർത്ഥൻകൃഷ്ണനെവരിച്ചതും ഗാ
ന്ധാരീസുതൻയദുസൈന്യത്തെവരിച്ചതും * കാന്തനാംപത്മാകാന്തൻ
കോമളലീലകളും ഇന്ദുശേഖരവന്ദ്യനിന്ദുബിംബാസ്യാംബുജ * നിദ്രാ

ദിവൃന്ദാരകവൃന്ദവന്ദിതൻപരൻ ഇന്ദിരാവരൻനന്ദനന്ദനൻനാരായ
ണൻ *ചന്ദ്രികാമന്ദസ്മിതസുന്ദരൻദാമോദരൻസുന്ദരീജനമനോമന്ദിരൻ
വാസുദേവൻ* വൃന്ദാരണ്യാന്തവാസികന്ദർപ്പകളേബരൻ ഛന്ദസാംപതി
ജഗത്കന്ദളദ്ഭുതൻമുചു * കന്ദനന്ദിതൻപരമാനന്ദൻശ്രീഗോവിന്ദൻ*
ഉഗ്രസേനനന്ദനമായ്‌ചെന്നാധനമവർത്തി നന്ദനൻതനിക്കുള്ളിലാനന്ദം
വളർത്തും * സഞ്ജയൻവന്നപുനരംബികാസുതൻചൊല്ലാലഞ്ജസാപറ
ഞ്ഞതുകേട്ടധർമ്മാത്മജനും * കഞ്ജനേത്രാജ്ഞാപൂർവ്വംചണ്ഡിച്ചുപറഞ്ഞ
തും സഞ്ജയൻചെന്നുധൃതരാഷ്ട്രനാംകപടൈശ്വപഞ്ജരംതന്നിൽധർമ്മ
ജ്ഞോക്തികൾപകരാതെ * വിജ്ഞാനാത്മനാസർവ്വമറിയിച്ചതുകേട്ട സജ്ഞ
രാത്മനാനിജമന്ദിരംപുക്കവാറും * ഛിദ്രാത്മാവായധൃതരാഷ്ട്രഭൂപതി
ശ്രേഷ്ഠൻ നിദ്രയുമില്ലാഞ്ഞാധിമുഴുത്തുചമഞ്ഞതും * അനന്തരംവിദുരരെ
വരുത്തിരാത്രിയിങ്കൽ മന്നവനവൻചൊന്നനയങ്ങൾകേട്ടകേളാ * ഞാ
ധ്യാത്മംസനൽക്കുമാരൻമുനിപറഞ്ഞതും മിത്രനന്ദനൻമുനിമിത്രമായ്
പറഞ്ഞതും * അംബുജമിത്രാത്മജനന്ദനൻപ്രാർത്ഥിക്കയാലംബുജാസന
സേവ്യനംബുജനാഭൻനാഥൻ * അംബികാവരപ്രിയനംബുജശരതാ
തൻ ബിംബോഷ്ഠൻകംബുധരനംബരചരനാഥൻ * അംബികാസുതാ
ലയംപ്രാപിച്ചുസഭയിങ്കൽ*സന്ധിപ്പാൻപറഞ്ഞപ്പോളന്ധാത്മാസുയോ
ധനൻ ബന്ധിപ്പാൻഭാവിക്കയാലന്ധകാന്വയജാതൻ * ബന്ധുരകളേ
ബരൻബന്ധുകസമാധരൻബന്ധുലോകാത്മാനന്ദകരനാംധരാധരൻ *
ബന്ധമോക്ഷങ്ങളില്ലാതുള്ളൊരുപരബ്രഹ്മം നിന്നിരുവടിവിശ്വരൂപം
കാട്ടിയവാറും * അശ്വത്ഥാമാവുതന്നെ രഹസിചെന്നുകണ്ടു വിശ്വാസ
ത്തോടുപറഞ്ഞവനെക്കൊണ്ടുസേനാ *പത്യംചെയ്യുമെന്നുസത്യംചെ
യ്യിച്ചവാറും പത്ഥ്യമെല്ലാവരോടുംപത്ഥ്യമായ്ചൊന്നവാറും വിശ്വ
നായകൻഹരിദശ്വനന്ദനനോട് നിശ്ശേഷമായനയമരുളിച്ചെയ്തവാറും
* കുന്തീദേവിയെക്കണ്ടുമന്ത്രിച്ചുഭയംതീർത്തുകുന്തീനന്ദനന്മാരെ പ്രാപി
ച്ചവാറുമെല്ലാം * ബദ്ധവൈരത്തോടവരുദ്ധതബുദ്ധിയോടും യുദ്ധസന്ന
ദ്ധന്മാരായ്സൈന്യംകൂട്ടിയവാറും ആന്ധ്യമോടുലൂകൻവന്നറിയിച്ചതും
കേട്ടു കൌന്തേയൻകൊല്ലാക്കൊലചെയ്തയച്ചതുമെല്ലാം * ചൊല്ലിനാൻ
മഹാരഥഗണനെഗംഗാദത്തൻ ചൊല്ലിയോരംബോപാഖ്യാനാന്തപ
ര്യന്തംകൃഷ്ണൻ *വിദ്വാനാംവേദവ്യാസനുദ്യോഗപർവ്വംതന്നിൽ സംഖ്യാ
യമനന്തമംനൂററിരുപത്താറതിൽ * പദ്യങ്ങളനാദ്വയംനിശ്ചയമേഴായി
രം ഹൃദ്യങ്ങളവേദ്യങ്ങളനവദ്യങ്ങളല്ലോ * പിന്നെത്തുഭീഷ്മപർവ്വംചൊ
ല്ലുവൻചുരുക്കിഞാൻ ധന്യനാംഗാവൽഗണിതനിക്കുവേദവ്യാസൻ *
സർവ്വഭൂപാലയുദ്ധമുർവ്വീശനറിയിപ്പാൻ ദിവ്യലോചനംനൽകിയെഴുന്ന
ള്ളിയവാറും സപ്തദ്വീപങ്ങളോടുസപ്തവാരിധികളുംസപ്തപർവ്വതങ്ങളും
സപ്തലോകങ്ങൾരണ്ടും * സപ്താശ്വൻമുതലായ സപ്തഖേചരഗ
തിസപ്തമാമുനിഗതിസപ്തമാരുതഗതി * സത്വരമിവയെല്ലാംസത്യ
മായ്ചൊന്നവാറുംപുത്രമിത്രാദികളും പിത്രാദ്യാചാര്യന്മാരും * ശ
ത്രുഭാവേനകണ്ടുയുദ്ധാർത്ഥംയുദ്ധേഭുവി വൃത്രാരിപുത്രൻതത്രചിന്തകാരു

ണ്ടുംകൈക്കൊ * ണ്ടെത്രയുമശക്യമിതുത്തമഹിംസാകൎമ്മം ഇ
ത്ഥമോൎത്തവനതിവിത്രസ്തഹൃദയനായ് ബുദ്ധിയുംകെട്ടപാൎത്ഥൻതേര
തിലിരുന്നപ്പോൾ * ഭൃത്യഭാവവുംവച്ചുഭക്തവത്സലൻകൃഷ്ണൻ ഭൃത്യനോ
ടരുൾചെയ്തുനിത്യമാംവേദാന്താൎത്ഥം * നിത്യാനിത്യാദികളാംവാസ്ത
വതക്കശക്ത്യാ തത്വബോധാൎത്ഥംസത്യജ്ഞാനാനന്താനന്ദവും * സ
ത്വാദിഗുണയുക്തപ്രകൃതിവിലാസവും സത്വങ്ങളുള്ളിൽജീവാത്മാവാ
യ്താനിരിപ്പതും * ക്ഷേത്രക്ഷേത്രജ്ഞഭാവവാസ്തവഭേദങ്ങളും ശാസ്ത്രസി
ദ്ധാന്തങ്ങൾവൎണ്ണാശ്രമാചാരഭേദം * സൂത്രതത്വവുംവിഭൂതിപ്രഭാവവും
പിന്നെ ക്ഷേത്രധൎമ്മവുംസാംഖ്യയോഗഭേദാദികളും * ദേവാസുരഭാവങ്ങൾ
കളഞ്ഞുദയമുറപ്പിച്ചാനന്ദവുമവനരുൾചെയ്തിതാനന്ദമൂൎത്തി * വിശ്വ
വിസ്മയതരസമരചതുരന വിശ്വരൂപവുംകാട്ടിവിശ്വാസംവരുത്തി
നാൻ * സംഗരകോലാഹലംതുടങ്ങിപ്പിന്നെശേഷം ഗംഗാനന്ദനൻ
ദേവവ്രതനാംകൃഷ്ണഭക്തൻ * പതിനൊന്നക്ഷൌഹിണീസംഖ്യയാംനാ
നാസേനാപതിനായകന്മഹാരഥനോരോരോദിനം * പതിനായിരം
കാലാൾപതിനായിരമശ്വം പതിനായിരംഗജംപതിനായിരംതേരാൾ
* പതിതമാക്കീട്ടുവോനതുപോൽ ത്രിഭുവനപതിവാഞ്ഛിതമിതിമതിമാ
നറികയാൽ * അങ്ങിനെപത്തുദിനംയുദ്ധംചെയ്തിതുഭീഷ്മർ മടങ്ങാതെയ
തിന്നിടെരണ്ടുനാൾനാരായണൻ* എടുത്തുസുദൎശനം പടുത്വമോടുമപ്പോ
ളുടുത്തുകണ്ടിട്ടുള്ളഭഗവൽസ്തുതികളും* അവൻതന്നനുഗ്രഹാൽശിഖണ്ഡി
തന്നെമുമ്പിൽ വിബുധപതിസുതൻനിൎത്തിനാൻയുദ്ധത്തിനായ് * അ
തിനാൽഭീഷ്മർശരശയനവസിച്ചതും വസുധാത്മജമുനിയരുളിച്ചെയ്താ
നല്ലോ * അദ്ധ്യായമതുമൊരുനൂറെറാരുപത്തെട്ടല്ലോപദ്യങ്ങളേഴായിര
ത്തെണ്ണൂറെറൺപത്തുനാലും * പതിനൊന്നാമതിൽ പിന്നെദുരിയോധ
നൻസേനാപതിയായഭിഷേകംദ്രോണാചാൎയ്യൎക്കുചെയ്താൻ * ത്രിഗൎത്ത
ൻസംശപ്തകഗണത്തോടൊരുമിച്ച ങ്ങകററിക്കൊണ്ടുപോയാൻവിജയ
ൻതന്നെയതും * അപ്രതിരഥനായകപ്രഭുഭഗദത്തൻ സുപ്രതീകാഖ്യനാ
യഗജത്തിൻകഴുത്തേറി കെല്പോടുവൃകോദരന്തന്നോടുപൊരുതതും ചില്
പുമാനോടുകൂടിഫൽഗുനനപ്പോൾവന്നി ട്ടപ്രയോഗാസ്ത്രപ്രയോഗംതു
ടന്നുനേരം * മത്തഹസ്തീന്ദ്രവരമസ്തകം ഭഗദത്തമസ്തകംചാപമൊരു
പത്രികൊണ്ടറുത്തതും * അംഭോജവ്യൂഹംഭേദിച്ചുപാൎത്ഥകാന്തന്മകൻ
വൻപടമുടിക്കയാൽകുംഭസംഭവാദികൾ * കമ്പമാനസന്മാരായ്സം
ഭ്രമത്തോടുമപ്പോൾ അമ്പൊഴിഞ്ഞൊരുമഹാരഥന്മാരൊരുമിച്ചു വമ്പനാ
മഭിമന്യുതന്നെക്കൊന്നതുമൂലം * ധൎമ്മജശോകംതീൎപ്പാൻസൃഞ്ജയോപാ
ഖ്യാനാദി നിൎമ്മലൻവേദവ്യാസനരുളിച്ചെയ്തവാറും * നിൎജ്ജരേന്ദ്രാത്മ
ജനാമൎജ്ജുനശോകംതീൎപ്പാൻദുൎജ്ജനകാലനായകൃഷ്ണസാന്ത്വനങ്ങളും *
കൃഷ്ണസോദരിയായസുഭദ്രമാത്സ്യപുത്രി കൃഷ്ണയുമിത്യാദിനാൎജ്ജുനദുഃഖംതീ
ൎപ്പാൻ * കൃഷ്ണസാന്ത്വനവചനാമൃതവിശേഷവും പുത്രനിഗ്രഹത്തിനു
കാരണഭൂതനായശത്രുഗാന്ധാരീപുത്രമിത്രഭൂപതിൽമുമ്പൻ * പ്രത്യൎത്ഥിജ
യദ്രഥനായസൈന്ധവൻതന്നെ മിത്രനാംദേവൻനാളെയസ്തമിപ്പതിൻ

മ്മമ്പേ * മിത്രപുത്രാലയത്തിന്നയച്ചീടുവനെന്നുവൃത്രനാശനപുത്രൻസത്യ
വുംചെയ്താനല്ലോ * എത്തീലെന്നാകിൽപിന്നെവില്ലുമായ്തീയിൽ
ചാടി മൃത്യുലോകത്തെപ്രാപിച്ചീടുവനെന്നുചൊന്നാൻ * സ്വപ്നത്തിൽ
ജിഷ്ണുവീരൻ കൃഷ്ണനെക്കണ്ടവാറും ചിൽപുമാനോടുംകൂടെക്കൈലാസം
പ്രാപിച്ചതും * ശങ്കരൻപ്രസാദിച്ചുസങ്കടംതീർത്തവാറും പങ്കജനേത്രപ
ദപങ്കജാച്ഛിതപുഷ്പം ശങ്കരജടാഭാരംതങ്കലകണ്ടവാറും * മററുള്ളനൃപ
ന്മാരെധർമ്മജരക്ഷയ്ക്കാക്കിപിറേറന്നാൾയുദ്ധത്തിനുകൃഷ്ണനും താനുംകൂടി
* ജംഭാരിസുതൻതന്നെവന്നുപോട്ടുപൊരുതതും അമ്പിനാൽകുളംകുഴി
ച്ചുംജൃനിർമ്മാണാദിയും * ശൂരനാമലംബൂസൻജലസന്ധാദികളും
ഘോരരാക്ഷസൈന്യവാഹിനിപ്പടയുംമുടിഞ്ഞതും * വിഷ്ണുചക്രച്ഛായകൊണ്ടു
ഷ്ണാംശുമറഞ്ഞതും ജിഷ്ണുനന്ദനനായജിഷ്ണുതാൻജയിച്ചതും * വൃദ്ധക്ഷ
ത്രാത്മജൻതന്നുത്തമാംഗത്തെക്കൊണ്ടു വൃദ്ധക്ഷത്രാഖ്യൻതന്റെഹസ്ത
ത്തിലാക്കിയതും * അസ്തമിപ്പതിന്മുമ്പേസത്യത്തെരക്ഷിച്ചതുംരാത്രിയുദ്ധ
വുംഘടോല്ക്കചന്റെമരണവും * പാൎത്ഥിവൻധൃഷ്ടദ്യുമ്നൻദ്രോണരെ
വധിച്ചതും * അശ്വത്ഥാമാവുകോപിച്ചസ്ത്രങ്ങളയച്ചതും വിശ്വാന്തക
രണമായുണ്ടായയുദ്ധങ്ങളും * ഏഴാമതാകുംദ്രോണപൎവ്വത്തിലതുംചെ
യ്താൻ കാളീനന്ദനനായമാമുനിവേദവ്യാസൻ * അദ്ധ്യായമതിലുണ്ടുനൂ
റെറഴുപത്തുനല്ല പദ്യങ്ങളുണ്ടുപതിനായിരത്തിലുംപുറം * പിന്നെയുംതൊ
ള്ളായിരത്തമ്പതെന്നറിഞ്ഞാലും പുണ്യവദ്ധനംപുരുഷോത്തമലീലാ
പൂൎണ്ണം * കൎണ്ണപൎവ്വവുംചൊന്നാനെട്ടാമതതുംചൊല്ലാം വൎണ്ണിപ്പാൻ
പണിയതിലുണ്ടായവിശേഷങ്ങൾ * ത്രിപുരദഹനംമാദ്രാംശശപ്രതി
വാദം അരയനാരത്തോടൊരുവായസംതോററവാറും * തരണിസുതനോടു
മാരുതിതോററവാറുംതരണിസുതാശരംധൎമ്മജനേററവാറും * പാൎത്ഥനാ
ൽസംശപ്തകരൊടുക്കപ്പെട്ടവാറും പാൎത്ഥിവൻപാൎത്ഥനോടുപരുഷം
ചൊന്നവാറും * പാൎത്ഥിവൻതന്നെക്കൊൽവാൻപാൎത്ഥനോങ്ങിയ
വാറും പാൎത്ഥസാരഥിചൊല്ലാൽപാൎത്ഥിവൻതന്നെപ്പാൎത്ഥൻ * പേൎത്തു
നീനീനീയെന്നുനിന്ദിച്ചുചൊന്നവാറും അൎത്ഥനായ്പ്രാണത്യാഗത്തി
ന്നൊരുമ്പെട്ടവാറും * അൎത്തിയെ ഭക്തന്മാൎക്കുതീൎക്കുന്നകൃഷ്ണൻചൊല്ലാൽ
പാൎത്ഥനംവാചാതന്നെത്താൻപ്രശംസിച്ചവാറും * ധൎമ്മജധനഞ്ജയ
ന്മാരെയുംനിരത്തീട്ടുധൎമ്മസ്ഥാപനകരൻപോക്കൊരുമിപ്പിച്ചതും *
ശൂരനാംവൃകോദരൻഘോരസംഗരാംകണേ ഘോരനാംദുശ്ശാസനന്മാറി
ടംപിളൎന്നതും * കൎണ്ണഫൽഗുനയുദ്ധംതന്നിടെകട്ടപ്പവും കൎണ്ണനാഗാസ്ത്ര
പ്രയോഗാദിയുംധനഞ്ജയൻ * കൎണ്ണനെവധിച്ചതുംമററുമിത്തരമെല്ലാം
പുണ്യാത്മാവേദവ്യാസനരുളിച്ചെയ്തീടിനാൻ * അദ്ധ്യായമതിലറുപ
ത്തൊമ്പതറിഞ്ഞാലും പദ്യങ്ങൾനാലായിരത്തിൽപുറംതൊള്ളായിരം
* പോരതിൽയുധിഷ്ഠിരൻശല്യരെവധിച്ചതും മാരുതിസുയോധനന്മാർ
ഗദായുദ്ധാദിയും * ബലഭദ്രാഗമനന്തീൎത്ഥമാഹാത്മ്യങ്ങളു മലിവോട
രുൾചെയ്തുശല്യപൎവ്വണികൃഷ്ണൻ * അദ്ധ്യായമതിലമ്പത്തൊമ്പതെ
ന്നറിഞ്ഞാലും പദ്യങ്ങൾമൂവായിരത്തിരുനൂററിരുപതും * സൌപ്തികപ

വ്ത്തന്നിൽ ചൊല്ലിയതൊട്ടു ചൊല്ലാം വ്യാപ്തിയിലുരചെയ്വാൻ വേലയു
ണ്ടറിഞ്ഞാലും * കാലൊടിഞ്ഞവനിയിൽ വീണൊരുസുയോധനൻ
കാലപാശാനുഗതനായതു കണ്ടനേരം * അശ്വത്ഥാമാവാദികൾ നി
ശ്വാസത്തോടുംകൂടി വിശ്വാസംസുയോധനൻതന്നോടു ചെയ്തവാ
റും * ധൃഷ്ടദ്യുമ്നാദികളെനഷ്ടമാക്കീടുംമുമ്പെ കെട്ടിയകവചംതാനാ
ഴിക്കുന്നില്ലയെന്നു * പെട്ടെന്നുസത്യംചെയ്തുരാത്രിയിൽചെന്നവാറും *സൃ
ഷ്ടിപാലനഹരണാദികൾചെയ്യുംദേവൻ * പാണ്ഡവന്മാരെവേറെ
കൊണ്ടുപോയ്ക്കൊണ്ടവാറും താണ്ഡവപ്രിയനായശങ്കരാനുഗ്രഹാൽ
* പഞ്ചദ്രൗപദേയന്മാരോടു പാഞ്ചാലനേയുംപഞ്ചതചേർത്താനല്ലോ
കിഞ്ചിദപടരോടും * അശ്വത്ഥാമാവാദികൾദുര്യോധനൻതന്നോട
ശ്രുക്കൾ തുടച്ചുടനിച്ഛയോടിതുചൊന്നാർ * മരിച്ചുസുയോധനൻപാ
ണ്ഡവന്മാരുമപ്പോൾമരിച്ചുമരിയാതെവാർത്തകൾകേട്ടനേരം * ശ്രുതി
നാലനശനംദീക്ഷിച്ചുമരിപ്പതിന്നതി ശോകത്തോടാരംഭിച്ചിതുപാഞ്ചാ
ലിയും * ഭീമനുംദ്രൗണിശിരോമണികൊള്ളുവാൻപോയാൻ ഭീമനെ
ത്തേടിപ്പിമ്പേമാധവാർജ്ജുനന്മാരും * ചെന്നതുകണ്ടുപേടിച്ചശ്വത്ഥാ
മാവുതാനു മന്നേരംപ്രയോഗിച്ചാൻബ്രഹ്മാസ്ത്രമവാരിതം * ഇമ്മ
ഹീതലമപാണ്ഡവമായ്ച്ചമകെന്നു ചിന്മയൻനാരായണൻരക്ഷിച്ചാന
തിങ്കേന്നും * ബന്ധുക്കൾക്കുദകകർമ്മാദികൾചെയ്യുന്നേരം കുന്തിയും
കർണ്ണന്മമനന്ദനനെന്നുചൊന്നാൾ * കുന്തീപുത്രരുമതുകേട്ടുസന്താപ
ത്തോടെ ചിന്തിച്ചുചിന്തിച്ചുദകക്രിയകളുംചെയ്താർ * അദ്ധ്യായംപ
തിനെട്ടുണ്ടിത്യാദിസൗപ്തികത്തിൽ പദ്യങ്ങളെണ്ണൂറെറഴുപതുമുണ്ടെന്നു
ചൊല്ലാം * പതിനൊന്നാമതുപോൽസ്ത്രീപർവമതിലൂഢ വിധവവ
നിതമാർപതിദേവനങ്ങളും * ഗാന്ധാരിയദൃക്കൾക്കുശാപംനല്കിയ
വാറും ഗാന്ധാരിപതിസുതന്മാരെപ്പുൽകിയവാറും * വിസ്മയമയോ
മയമായമാരുതിരൂപം ഭസ്മമായ്ച്ചമഞ്ഞതുംകശ്മലനൃപൻതന്നാൽ *
സസ്മിതനായകൃഷ്ണനരുളിച്ചെയ്തവാറും അശ്മസാരവച്ചിത്തമന്ധനുചമ
ഞ്ഞതും * ധർമ്മജനിയോഗത്താൽശവസംസ്കാരാദികൾ തന്മനോദുഃ
ഖത്തോടുംബന്ധുക്കൾചെയ്തവാറും * അദ്ധ്യായമിരുപത്തെഴുണ്ടിതെന്ന
റിഞ്ഞാലും പദ്യങ്ങൾചൊല്ലാമെഴുനൂറെറഴുപത്തഞ്ചല്ലോ * ശാന്തി
ദംശാന്തിപർവംപന്ത്രണ്ടാമതുപിന്നെശ്ശാന്തനവോക്തിമയംമിക്കതുമോ
ക്ഷന്നാകിൽ * വർണ്ണധർമ്മങ്ങൾപുനരാശ്രമധർമ്മങ്ങളും പുണ്യതീർത്ഥാദി
ഫലംദാനധർമ്മൗഘഫലം * ജപഹോമാദിധർമ്മമാപദ്ധർമ്മവുംപിന്നെ
തപസാം നിയമാദിസാംഖ്യയോഗാദിഭേദം*മോക്ഷധർമ്മവുംവിശേഷി
ച്ചറിയിച്ചുഭീഷ്മർ സാക്ഷാൽശ്രീനാരായണൻതന്നുടെനിയോഗത്താൽ *
അദ്ധ്യാത്മജ്ഞാനം മുഹുർവിസ്തരിച്ചറിയിച്ചി തദ്ധ്യായംമുന്നൂററിന്മേൽ
മുപ്പത്തൊമ്പതുമുണ്ടു * പദ്യങ്ങൾപതിനാലായിരവുംപിമ്പഞ്ഞൂറും ഹൃദ്യ
ങ്ങളതിന്നുമേലിരുപത്തഞ്ചുമല്ലോ * പതിമൂന്നാമതനുശാസനികാഖ്യ
പർവമതിലും ധർമ്മസ്ഥിതിപലതുംപോക്കുംതോറും * ദാനങ്ങളുടെ
ഭേദമധികാരികൾഭേദം ദാനധർമ്മനിഷ്ഠാദിവിധിഭേദങ്ങൾപിന്നെ *

പാത്രഭേദവും കാലഭേദവും ദേശഭേദം ശാസ്ത്രസിദ്ധാന്തഭേദംമന്ത്രമൂ
ൎത്തികൾഭേദം * ശ്രൌതസ്മാൎത്താദിഭേദംതാന്ത്രികഭേദങ്ങളും ചേതനാ
ജഡാഭാവഭേദവുംമൎമ്മഭേദം * സൃഷ്ടിപാലനഹരണങ്ങളുംതത്തൽക്ക
ൎമ്മാനുഷ്ഠാനനിഷ്ഠാപൂൎവ്വമവതാരാദികളും * മൌനസത്യാദിഭേദഗതി
കളിവയെല്ലാംമാനസാനന്ദം വരുമാറരുൾചെയ്തുകൃഷ്ണൻ * അദ്ധ്യാ
യമിരുനൂററെൺപത്താറുണ്ടതിൽനല്ല പദ്യങ്ങൾഹൃദ്യങ്ങളായുണ്ടുപന്തീ
രായിരം * പതിനാലാമതശ്വമേധികപൎവ്വമല്ലോ മതിമാന്മാരായുള്ളോ
ൎക്കധികമനോഹരം * മാമുനി സംവൎത്തകൻമരുത്തനൃപനോടു സാമോ
ദമരുൾചെയ്തപുണ്യസല്കഥകളും* ഈശപാനിയോഗത്താൽപാണ്ഡവർ
നിധികൊൾവാൻ വാച്ചസൈന്യത്തോടുദീച്യാന്ദിശിപോയകാലം *
ദ്രോണജബ്രഹ്മാസ്ത്രജ്വാലാകുലനായബാലൻ പ്രാണഹീനനുമായിപ്പി
റന്നോരനന്തരം * പ്രാണികൾക്കെല്ലാമുള്ളിൽ പ്രാണനാകിയകൃഷ്ണൻ
പ്രാണനങ്ങാക്കിയതെന്തത്ഭുതമല്ലയല്ലോ * ഉത്തരപെററുപരീക്ഷിത്താ
ന്നൃപവരനുത്തമോത്തമൻപുരുഷോത്തമഭക്തനുണ്ടായ് * ഉത്തരദിശി
മരുത്തൻപുരാവച്ചനിധിയുക്തംപൂജകളുംചെയ്തുധരിച്ചുഴറേറാടെ * പാ
ണ്ഡവർവരുമ്പോളിങ്ങുണ്ടായതനയനം ഗാണ്ഡീവധരനശ്വംനടത്തി
ട്ടുവാൻപോയാൻ * ബഭ്രുവാഹനനായപുത്രനോടേററുതോററി ട്ടുള്ള
തംപൂണ്ടുപോന്നുമൃഗവീക്ഷണംപിന്നെ * വൈഷ്ണവധൎമ്മംഹയമേധക
ൎമ്മാനന്തരം വാൎഷ്ണേയവിരചിതധൎമ്മജമതഭംഗം * നകുലോപാഖ്യാ
നാദിപലതുംചൊല്ലിമുനി പകലില്ലിനിയിപ്പോൾപറവാനവയെല്ലാം
* അദ്ധ്യായമുണ്ടുനൂററിമുപ്പത്തുമൂന്നാചൊല്ലാം പദ്യങ്ങൾനാലായിരംനാ
നൂറുമിരുപതും * പതിനഞ്ചാമതുനല്ലാശ്രമവാസപൎവ്വമധികംമനോഹ
രമജ്ഞാനവിഷഹരം * ഗാന്ധാരീകാന്തനന്ധൻഗാന്ധാരിയോടുംകൂ
ടി കാന്തനായ്പുരത്തിങ്കലിരുന്നവാറുംപിന്നെ * കുന്തിയുംഗാന്ധാരി
യുംതാനുമായ്പ്പോയവാറു മന്തികേവേദവ്യാസനെഴുന്നള്ളിയവാറും * മരി
ച്ചസുയോധനനാദികൾതമ്മെക്കണ്ടു ചിരിച്ചുധൃതരാഷ്ട്രർതെളിഞ്ഞുചൊ
ന്നവാറും *അംബികാതനയനുംകുന്തിയുംഗാന്ധാരിയും സംഭ്രമംതീൎന്നുപ
രലോകംപ്രാപിച്ചവാറും * മാണ്ഡവ്യശാപംതീൎന്നുധൎമ്മരാജൻറഗതി
പാണ്ഡവർകേട്ടുഖേദിച്ചിരുന്നവാറുംപിന്നെ * വൃഷ്ണികൾവിനാശനം
നാരദനരുൾചെയ്തു ഉഷ്ണനിശ്വാസത്തോടുംകേട്ടതുമിവയെല്ലാം * അ
ദ്ധ്യായംനാല്പതരിൽപദ്യങ്ങളായിരത്തിനുത്തരം തൊള്ളായിരത്താറുമു
ണ്ടറിഞ്ഞാലും * മൌസലപൎവ്വംതന്നിൽവൃഷ്ണികൾവിനാശനം കം
സാരിയായകൃഷ്ണൻ സംസാരവിനാശനൻ * അഗ്രജനോടുംകൂടെവൈ
കുണ്ഠംപ്രാപിച്ചതും വ്യഗ്രിച്ചുധനഞ്ജയൻവജ്രനെവാഴിച്ചതും * സ്ത്രീ
ധനാദികളോടുംപോരുമ്പോൾമദ്ധ്യേമാൎഗ്ഗം ബാധിതനായപാൎത്ഥൻ
തന്നോടുകാട്ടാളന്മാർ * പറിച്ചുകൊണ്ടാർധനംനാരിമാരെയുമെല്ലാം
പെരുത്തഗാണ്ഡീവവുംകുലച്ചായീലയല്ലോ * ദിവ്യാസ്ത്രങ്ങളിലൊന്നും
വഴിയേതോന്നീലപ്പോൾ സവ്യസാചിയുംധനുസ്സിഴച്ചാനെന്നുകേൾ
പ്പൂ * സത്യജ്ഞാനാനന്താനന്ദാമൃതൻനാരായണൻ സതപാദിമായാഗു

ണരഹിതൻപരമാത്മാ * തത്ത്വമസ്യാദിമഹാവാക്യാൎത്ഥവസ്തുമൂൎത്തി നിത്യനാം സച്ചിൽപരബ്രഹ്മാഖ്യൻകൃഷ്ണൻ തന്റെനിത്യമാം മായാവിലാസങ്ങളുംനിരൂപിച്ചാൻ * വേദവ്യാസനുമാത്മജ്ഞാനങ്ങളരുൾചെയ്താൻഖേദവുമടക്കിശോകതാശനംപുരിപുക്കാൻ * ദുഃഖംപൂണ്ടജാതശത്രുക്ഷിതിപതിയോടു ശക്രനന്ദനൻകൃഷ്ണഗതിയുമറിയിച്ചാൻ * ഇക്കഥയെല്ലാമല്ലൊമൌസലമെട്ടദ്ധ്യായംദുഃഖനാശനകരംപദ്യങ്ങൾമുന്നൂറല്ലോ * സൎവ്വവുമുപേക്ഷിച്ചുദിവ്യന്മാർപാണ്ഡവന്മാർ ഉൎവ്വിയെപ്രദക്ഷിണംചെയ്വാനായ്പുറപ്പെട്ടാർ * എന്നതുമൂന്നദ്ധ്യായംമുന്നൂറിരുപതുപദ്യംപുണ്യദം മഹാപ്രസ്ഥാനികമാകിയപൎവ്വം * ധൎമ്മരാജനുമഥധൎമ്മനന്ദനൻപിന്നെ ധൎമ്മത്തെപ്പരീക്ഷിപ്പാൻ സാരമേയാകാരവും * കൈക്കൊണ്ടുദൈന്യം പൂണ്ടിങ്ങാരുമില്ലൊരുഗതി നിഷ്കൃപമുപേക്ഷിയായ്കെന്നൊരുഭാവത്തോടും * നില്ക്കുന്നനേരമിതുകൂടാതെയെനിക്കില്ലൊൾ സ്വൎഗ്ഗപ്രാപ്തിയുംവേണ്ടകേവലമെന്നുനൃപൻ * ദേവദൂതനുംപാണ്ഡുസുതനുംധൎമ്മാധൎമ്മ മാരവോളംവാദംചെയ്തുദേവദൂതനുംതോറ്റു * സ്വൎഗ്ഗാരോഹണപൎവ്വം പതിനെട്ടാമതിതിസ്വൎഗ്ഗതിലഭിച്ചിതുധൎമ്മജാതികൾക്കെല്ലാം * അദ്ധ്യായമഞ്ചുണ്ടതിൽപദ്യങ്ങളിരുനൂറും അദ്ധ്യയനംചെയ്യുന്നോൎക്കെന്നുമേമുക്തിവരും * പൎവ്വംമൂവാറതിൽഗ്രന്ഥവുംനൂറായിരം ദിവ്യമിതദ്ധ്യായവുമുണ്ടൊരുരണ്ടായിരം *

ശൌനകാദികൾസൂതൻതന്നോടുചോദ്യംചെയ്തു മാനമോരക്ഷൌഹിണിക്കെങ്ങിനെയെന്നുചൊൽനീ * ഹസ്തിയുംതേരുമോരോന്നശ്വം മൂന്നഞ്ചുകാലാൾ പത്തിയാംമൂന്നുപത്തികൂടിയാൽസേനാമുഖം * തത്ത്രിഗുണിതംഗുന്മംതത്ത്രിഗുണിതംഗണം തത്ത്രിഗുണിതയല്ലോവാഹിനിയാകുന്നതും * തത്ത്രിഗുണിതയല്ലോപൃതനയാകുന്നതും തത്ത്രിഗുണിതചമൂരാഖ്യയെന്നതുനൂനം * തത്ത്രിഗുണിതയല്ലോചൊല്ലേറുമനീകിനി തദ്ദശഗുണിതയാകുന്നതുമക്ഷൌഹിണി * ഇരുപത്തോരായിരത്തെണ്ണൂറുമെഴുപതും കരികൾവേണംനല്ലരഥവുമത്രവേണം * മുമ്മടങ്ങിതിലശ്വംകാലാളുമഞ്ചുമട ങ്ങിമ്മതമറിയിച്ചാൻമുനികളോടുസൂതൻ * വൈശമ്പായനമുനിജനമേജയനോടു വൈശിഷ്ട്യമുള്ളമഹാഭാരതമറിയിപ്പാൻ * എന്തുകാരണമതുചൊൽകെന്നുകേട്ടുസൂതൻ ബന്ധമുണ്ടായതറിയിച്ചീടാമെന്നുചൊന്നാൻ:—

ഉദങ്കോപാഖ്യാനം.

ജനമേജയൻതാനും മൂന്നനുജന്മാരുമായ് മുനിമാരോടുകൂടെ കുരുക്ഷേത്രത്തിൽചെന്നു * കനിവോടൊരുയാഗംതുടങ്ങിയതുകാലം മനുജാതന്മാർമഖശാലയിലിരിക്കുമ്പോൾ * ചെന്നിതുസാരമേയൻഭൂപസോദരന്മാരാലന്നേരമഭിഹതനായവനോടിപ്പോയാൻ * തന്നുടെമാതാവായസരമയതുകണ്ടു ഖിന്നനായ്കരയുന്നനന്ദനനോടുചൊന്നാൾ * എന്തിനുകരയുന്നതാരുണ്ണീഹനിച്ചതു ബന്ധമെന്തിതിനെന്നുകേട്ടവനുരചെയ്താൻ * പൃഥിവീപതിജനമേജയസോദരന്മാർ ശ്രുതസേനനുമുഗ്രസേനനുംഭീമസേനൻ * ഇവരുമൂവരാലുംഞാനഭിഹതനായേൻ

അവളുമതുകേട്ടുതനയനോടുചൊന്നാൾ * എന്തുനീയവരോടുപിഴച്ച
തെന്നുചൊൽനീ ബന്ധമില്ലൊരുപിഴഞാൻചെയ്തീലെന്നാനവൻ *
ഗന്ധിച്ചതില്ലഹവ്യംതൊട്ടീലനോക്കീലല്ലോ ചിന്തിച്ചാലതിന്നൊരു
ബന്ധമില്ലേതുമമ്മേ! * സത്യമെന്നതുകേട്ടുസരമാദേവിശുനി സത്ര
ത്തെപ്രാപിച്ചവനീശ്വരനോടുചൊന്നാൾ * എന്തുമേപിഴയാതബാ
ലനെഹനിക്കയാൽ ഹേതുകൂടാതൊരാപത്തുണ്ടാകനിനയാതെ *
ശാപത്തെക്കേട്ടുപരിതാപത്തോടവനീശൻ പാപധ്വംസനമായയാഗ
ത്തെസ്സമൎപ്പിച്ചു * ശാപത്തെയൊഴിപ്പതിനാരിന്നിനല്ലതെന്നു ശോഭി
ച്ചോരുപാദ്ധ്യായൻ തന്നെത്തേടിനാനവൻ * അന്നാളിൽശ്രുതശ്രവ
സ്സാകുന്നമുനിയുടെ പൎണ്ണശാലയിൽചെന്നാൻമൃഗയാവിശ്രാന്തനായ്
* മന്നവൻശ്രുതശ്രവാവിന്മകൻസോമശ്രവാ വെന്നതാപസകുമാരൻ
തന്നെവരിച്ചിതു * പൌരോഹിത്യത്തിനപ്പോളവനീശ്വരനോടു പാര
മാൎത്ഥ്യവുംപിതാചൊല്ലിനാൻശ്രുതശ്രവാ* വെന്നുടെപുത്രനാകുംബാല
കൻസോമശ്രവാ പന്നഗനാരീമണിതന്നിലുല്പന്നനായാൻ * ധന്യാ
ത്മാതപോബലംകൊണ്ടേററംജ്വലിച്ചീടും വഹ്നിജ്വശിഖാസമതേജസാം
നിധിതവ * പുണ്യൌഘംവളൎത്തുവാൻപോരുമെന്നറിഞ്ഞാലും * ഉണ്ട
ല്ലൊവലിയൊരുദുൎദ്ധരമഹാവ്രതം ഇണ്ടലുണ്ടതുകൊണ്ടു ശിഷ്യന്മാൎക്കെ
ന്നവരും * ഭൂദേവയജ്ഞഭംഗംചെയ്തീടുമാറില്ലവൻ മേദിനീപതേ!നി
നക്കതിനെസ്സഹിക്കാമോ * അന്നവനൊത്തവണ്ണമിരിപ്പാൻസത്യംചെ
യ്തു മന്നവൻ മുനിയോടുവരിച്ചുകൊണ്ടാനല്ലോ * അത്തൽതീൎന്നുവീപ
തിതാപസപുത്രനോടും ഹസ്തിനംപ്രാപിച്ചനുജന്മാരോടുരചെയ്താൻ *
നമുക്കുപുരോഹിതൻതാപസവരനിനി സമസ്തകാൎയ്യങ്ങളുമിമ്മുനി
ചൊല്ലുംവണ്ണം * പിന്നെപ്പോയ്തക്ഷശിലാഖ്യപുരംതന്നിൽചെന്നു മന്ന
വൻയുദ്ധംചെയ്തുജയിച്ചാനവിടവും * സാമസന്ധ്യാദിനിജോപായനീ
തികൾകൊണ്ടു സാമന്താദികളെയുമൊക്കവെവശമാക്കി * തന്നുടെനാ
ടാക്കിത്താനടക്കിയിരിക്കുന്നാൾ പുണ്യാത്മാതപോധനനായുള്ളധൌ
മ്യനുള്ളിൽ * കാരുണ്യംപൂണ്ടുശിഷ്യരുപമന്യുവുംപുന രാരുണിപാഞ്ചാ
ലനുംവൈദനുമുണ്ടായ്വന്നു * അലിഞ്ഞചിത്തത്തോടുവൈദനാകിയശി
ഷ്യൻ പലനാളൊരുപോലെഗുരുശുശ്രൂഷചെയ്താൻ * വൈദൻതന്നു
ടെശിഷ്യനുദങ്കനെന്നമുനി വൈദഗ്ദ്ധ്യംഗുരുശുശ്രൂഷയ്ക്കവനേറുമ
ല്ലോ * അവനുംപലകാലംഗുരുശുശ്രൂഷ ചെയ്താനവനെക്കുറിച്ചേററം
വൈദനുംപ്രസാദിച്ചു * നിന്നുടെശുശ്രൂഷകൾപോരുമെന്നറിഞ്ഞാലും
നിന്നോളംഗുരുഭക്തിമററൊരുവൎക്കുമില്ല * ഇങ്ങനെനിന്നെപ്പോലെഗു
രുശുശ്രൂഷചെയ്വാ നെങ്ങുമില്ലൊരുത്തരുമെന്നരുൾചെയ്തുഗുരു * നിന്നു
ടെയാത്മശുദ്ധികൊണ്ടുഞാൻപ്രസാദിച്ചേൻ എന്നതുനിമിത്തമായ്‌വ
ൎദ്ധിക്കവിദ്യകളും * പിന്നെയുംപുനരേവംചൊല്ലിനോരാചാൎയ്യനോ
ടെന്നതുകേട്ടുനിന്നുചൊല്ലിനാനുദങ്കനും * എങ്കിലുംഗുരുവിനുദക്ഷിണ
ചെയ്തീടണമെങ്കിലേവിദ്യകളുംഗുണവുംപ്രകാശിപ്പൂ * ദക്ഷനാകിയ
ശിഷ്യനിങ്ങനെപറഞ്ഞപ്പോൾ ശിക്ഷിതാവായഗുരുപിന്നെയുമരുൾ

ചെയ്താൻ * ദക്ഷിണ ശുശ്രൂഷയിൽമീതെമറെറാന്നുമില്ല ഭക്തിയില്ലെ
ന്നാകിൽമറെറാന്നിനുംഫലമില്ല * ഏവമാചാൎയ്യൻചൊന്നതാശ്രുകേ
ട്ടുദങ്കനു മാമോദംവിനയംപൂണ്ടാചാൎയ്യനോടുചൊന്നാൻ * സമസ്തക
ൎമ്മങ്ങൾക്കുംസമസ്തവ്രതങ്ങൾക്കും ക്രമത്താലനുഷ്ഠിച്ചാലന്തംദക്ഷിണയ
ല്ലോ*അല്ലായ്കിൽസമാപ്തിയാകുന്നതെന്തതുകൾചെയ്ക വല്ലതുംവേണമൊ
രുദക്ഷിണയെന്നുനൂനം* എങ്കിലെൻപത്നിയോടുചോദിച്ചാലവൾചൊ
ല്ലുംശങ്കകൂടാതെചെയ്കദക്ഷിണയവൾക്കുനീ * നല്ലതായ്വരികെന്നുചൊ
ന്നതുകേട്ടുഗുരു വല്ലഭതന്നെവന്ദിച്ചവനുംചോദ്യംചെയ്താൻ * എന്തഭിമ
തമെന്നുകേട്ടവളുരചെയ്താൾ ചിന്തിതംപറഞ്ഞീടാമെങ്കിലോനാലാ
നാൾനീ * ചൊല്ലെഴുംപൌഷ്യനായഭൂപതിപ്രവരന്റെ വല്ലഭയണി
യുന്നകുണ്ഡലംനൽകീടേണം * അതുകേട്ടവൻനിജഗുരുവാംവൈദ
മുനി പദതാർനമസ്കരിച്ചനുജ്ഞകൊണ്ടുപോയാൻ * അനന്തരമൊരു
കാളതൻമുതുകേറിക്കൊണ്ടുവന്നീടുന്നവൻതന്നെക്കാണായിമദ്ധ്യമാൎഗ്ഗം
* ഭക്ഷിച്ചീടണംകാളതന്മലമെന്നാനവൻ ഭക്ഷിച്ചുപണ്ടുവൈദൻവദ്ധി
ക്കുംകായബലം * ശങ്കിച്ചീടേണ്ടതവസങ്കടമെല്ലാംതീരും പങ്കവുമക
ന്നീടുംമംഗലമതുംവരും * ഇത്തരംമുഹൂൎമ്മുഹുരുത്തമവാക്യംകേട്ടു ഭക്തി
യോടുദങ്കനുംഭക്ഷിച്ചുവൃഷമലം * പിന്നെപ്പോൾപ്പൌഷ്യനൃപൻതന്നെ
യുംകണ്ടാനവൻ നന്നായിസ്സൽക്കാരംചെയ്തിരുത്തി പൌഷ്യൻതാനും
* എന്തുകാംക്ഷിതമെന്നുഭൂപതിചോദിച്ചപ്പോൾ ചിന്തിതമുദങ്കനും
ചൊല്ലിനാൻപരമാൎത്ഥം * മേദിനീപതേ! തവപത്നിതൻകുണ്ഡലങ്ങ
ളാദരവോടുമമനൽകണംമടിയാതെ * ഭൂപതിചൊന്നാനതുപത്നിയോ
ടപേക്ഷിച്ചാൽ താപസവര!തവനൽകീടുമവൾനൂനം * അതുകേട്ടുദ
ങ്കനും പൌഷ്യപത്നിയെക്കാണ്മാനതികൌതുകമോടുതിരഞ്ഞുകാണാ
ഞ്ഞപ്പോൾ * ഭൂപതിപൌഷ്യൻപുനരുദങ്കനോടുചൊന്നാൻ താപസ
കുലവര! കാണായ്വാൻമൂലംചൊല്ലാം * ശുദ്ധാന്തഃകരണന്മാൎക്കുമേ
ദണ്ഡമില്ല ശുദ്ധാന്തമദ്ധ്യേ കാണ്മാൻമുഗ്ദ്ധഗാത്രിയെനൂനം* ഏതാനു
മശുദ്ധതയുള്ളവൎക്കവളുടെ ലേശൊരുതരത്തിലുംകണ്ടുകൂടുകയില്ല * ഏ
നതുകൊണ്ടേതാനുമുണ്ടശുദ്ധതഭവാ നെന്നുതോന്നീടുന്നെന്നുഭൂപതി
ചൊന്നശേഷം * ചിന്തിച്ചാനുദങ്കനുമശുദ്ധിക്കവകാശ മെന്തെനിക്കെ
ന്നുപുനരുള്ളിലേതിരഞ്ഞപ്പോൾ * ആചമനംചെയ്യായ്കകാരണമെന്ന
തറിഞ്ഞാചമനാദികളുംചെയ്തവൻചെന്നനേരം * ഭൂപതിപത്നിതന്നെ
ക്കാണായിതന്തഃപുരേ താപസേന്ദ്രനെനൃപപത്നി സൽക്കാരംചെയ്താൾ*
കുണ്ഡലമപേക്ഷിച്ചനേരത്തുരാജപത്നി ദണ്ഡമെന്നിയേയഴിച്ചാശ്രുദാ
നവുംചെയ്താൾ * കുണ്ഡലീശ്വരനായതക്ഷകൻതന്നാലൊരു ദണ്ഡമു
ണ്ടാകാതെപൊയ്ക്കൊള്ളണമെന്നുചൊന്നാൾ * പണ്ടുതക്ഷകനപേ
ക്ഷിച്ചതെന്നോടുതന്നെ ഉണ്ടവന്നകതാരിലാഗ്രഹമറിഞ്ഞാലും * തക്ഷ
കഭയമില്ലെന്നക്ഷണമുദങ്കനും ദക്ഷിണചെയ്വാൻപ്രതിഗ്രഹിച്ചുകൌതുഹ
ലാൽ * ഭൂപതിപത്നിയോടുകുണ്ഡലമതുംവാങ്ങി താപസവരൻപൌ
ഷ്യൻതന്നെക്കണ്ടതുനേരം * ഭോജനംകഴിഞ്ഞൊഴിഞ്ഞാശ്രുപോകരു

തിനി പൂജിതനായ്ഭവാനെന്നു സല്ക്കാരപൂർവം * അന്നദാനവുംചെ
യ്താൻഭൂപതിതിലകനന്നമിതശുദ്ധമെന്നാനപ്പോളുദങ്കനും * അന്ധ
തയുണ്ടായ്വരികതിനാലെന്നുമുനി ചിന്തിച്ചുപൌഷ്യനപ്പോളുദങ്കനോടു
ചൊന്നാൻ * അന്തസ്സിന്നശുദ്ധതചൊല്ലിയഭവാൻതന്നി ലന്ധതയാ
കുന്നിതുകേവലമെനിക്കില്ല * ഏതുമൊരശുദ്ധിയില്ലാറിപ്പോയതുമൂലം
കോപിച്ചുശപിച്ചതിനങ്ങോട്ടുശപിപ്പൻഞാൻ * സന്തതിയുണ്ടാകാ
യ്കെന്നവനീപതി ചൊന്നാനന്ധതാമതുതന്നെയായതെന്നതുംവരും * പി
ന്നെയോർത്തതുനേരംതന്നാംഗിതലമുടി നന്നായിതിരുകാതെവിളമ്പിയ
തുമൂലം * രോമവുംകൊഴിഞ്ഞിതുചോററിലെന്നതുമെല്ലാം ഭൂമിപാ
ലകനറിയായ്കയാലകപ്പെട്ടു * ചേതസിവിചാരമില്ലായ്കയാൽകൂടെശ്ശപി
ച്ചാതുരനായമമശാപംതീർത്തരുളെന്നാൻ * മേദിനീവരനിതുചൊന്നതു
കേട്ടുമുനി വേദവാദികൾവാക്യമസത്യമാകയില്ല * അല്പകാലംകൊണ്ടു
തുതീരുമെന്നതേവരൂ പില്ലാട്ടുനന്നായ്വരുംവിപ്രന്മാരുടെശാപം * എ
ന്നെനീശപിച്ചതുതീർത്തരുളെന്നുമുനി മന്നവൻപൌഷ്യനപ്പോളുദങ്ക
നോടുചൊന്നാൻ * പീയൂഷസമംവാക്യമാത്മാവുവജ്രോപമം പീയൂഷ
സമമാത്മാ വാക്കുകൾവജ്രോപമം * ഇങ്ങനെയുള്ളരാജാക്കന്മാർക്കുംദ്വി
ജന്മാർക്കും അങ്ങനെയാകയാലിന്നെന്നുടെശാപംതീരാ * എങ്കിലോശാ
പമിനിക്കേൽക്കയുമില്ലയെന്നുശങ്കകൂടാതെ യാത്രപറഞ്ഞുനടകൊണ്ടാൻ
* അംബുധിപോലെഘോഷിച്ചുള്ളകിടിംഗബരാ ഡംബരഘോഷം
കണ്ടുകുണ്ഡലംവച്ചുഭുവി * സംഭ്രമത്തോടുനീരിലിറങ്ങീടുദങ്കനും സം
ഭ്രാന്തൻകുണ്ഡലവും കൊണ്ടോടിപ്പോടിയാതെ * പിന്നാലെമുനീന്ദ്രനും
ചെന്നുപാതാളംപുക്കാൻ പന്നഗകുലവരൻതക്ഷകനെന്നറിഞ്ഞനേ
രംനാഗങ്ങളെസ്തുതിച്ചാനുദങ്കനും * താപങ്ങൾപോമ്മാറൊരുപുരു
ഷൻതന്നെക്കണ്ടു തുരഗരത്തോപരിവത്സരചക്രത്തോടും * പെരികെസ്തു
തിച്ചിതുഭക്തിപൂണ്ടുദങ്കനും പുരുഷനതുനേരമൃഷിയോടുരചെയ്താൻ *
പരിതാപങ്ങളെല്ലാംപോക്കുവനെങ്കിലിപ്പോൾ * അശ്വത്തിൻപൃഷ്ഠത്തി
ങ്കലൂതുകെന്നതുകേട്ടു വിശ്വാസംകൈക്കൊണ്ടതുചെയ്തിതുമുനീന്ദ്രനും *
അശ്വാസ്യവിനിർഗ്ഗതമായിതുധൂമം പൃഷദശ്വനുംപരത്തിനാനെങ്ങുമേ
പാതാളത്തിൽ * പവനാശനന്മാരുമതിനാലിടരുററാർ പവനാശന
പതിതക്ഷകനതുനേരം * കുണ്ഡലമുദങ്കനുകൊടുത്താൻമടിയാതെ
കുണ്ഡലീഷണ്ഡമൊരുദണ്ഡമെന്നിയേവീർത്താർ * ചിന്തിതമിന്നുതന്നെ
ദക്ഷിണചെയ്യേണമെന്നെന്നതിന്നൊരുകഴിവെന്നരുൾചെയ്തീടണം *
തുരഗത്തിന്മേലേറിക്കൊൾകെന്നാലെത്തുമെന്നാൻ പൂരുഷനതുകേട്ടുക
രയേറിനാൻമുനി * ആരനാഴികകൊണ്ടുഗുരുസന്നിധിപുക്കു ഗുരുപത്നി
ക്കചെയ്തുകേകിനാൻമുനീന്ദ്രനും * പത്നിയുംപ്രസാദിച്ചുശിഷ്യനോടുരചെ
യ്തു ത്തമനാണുപുരുഷന്മാരിൽവച്ചുഭവാൻ * നീയിതുചെയ്യായ്കിൽഞാൻ
ശപിപ്പാൻനിരൂപിച്ചു പോയാലുമിനിത്തവനല്ലതേവരുംകൂട്ടു * ആചാ
ര്യപത്നിതന്നോടാശിസ്സുംപരിഗ്രഹി ച്ചാചാര്യപാദാംബുജമാദരാൽവ
ണങ്ങിനാൻ * വൃത്താന്തമെല്ലാംകേട്ടുവിസ്മയംപൂണ്ടുവൈദൻ ചൊൽ

ത്തളിരടികൂപ്പിച്ചോദിച്ചാനുദങ്കനും * വെള്ളക്കാളയുമേറിക്കാണായി
തൊരുത്തനെ ചൊല്ലിനാനവനെന്നോടശിപ്പാൻവൃഷമലം * നിന്നു
ടെഗ്ഗുരുവിതുഭക്ഷിച്ചാനെന്നുചൊന്നാൻ എന്നതുകേട്ടുഞാനുംഭക്ഷിച്ചേ
നതിന്മലം * എന്തതിൻഫലമെന്നുമാരാഃനെന്നുമെല്ലാം നിന്തിരുവടി
യരുൾചെയ്യേണമെന്നോടിപ്പോൾ * നാഗലോകത്തുചെന്നനേരത്തു
കണ്ടുപിന്നെ വേഗത്തിലാറുകുമാരന്മാരാൽ ഭ്രമിപ്പിക്കും * ചക്രവും തേ
ജോമയമായൊരുകുതിരയും തൽക്കണ്ഠദേശേപുനരെത്രയുംതേജസ്സോട്ടം
* ദിവ്യനായിരിപ്പോരുപുരുഷശ്രേഷ്ഠനേയും സർവവുമിവററിൻെറത
ത്വങ്ങളരുൾചെയ്ക * വേദവേദാംഗജ്ഞനാംവൈദനമതുകേട്ടു സാദ
രമുദങ്കനാംശിഷ്യനോടരുൾചെയ്തു * ധവളമയമായവൃഷഭമൈരാവതം
വിബുധാശപരന്മലമശിപ്പാൻചൊല്ലിയതു * അമൃതമതിന്മലമതുഭോ
വിപ്പോൾക്കെല്ലാമമരത്വവും വരുമിന്ദ്രനെന്നുടെസഖി * പാതാളംപുക്ക
നേരംബാധകൾവരാഞ്ഞതും വാസവദേവാനനുഗ്രഹത്താലറിഞ്ഞാലും
* ഷൾകുമാരന്മാർതിരിച്ചീടാറസ്സുങ്ങളോടു മുഗ്രമായ്ക്കാണായതുവത്സര
ചക്രമല്ലോ * അശ്വമായതുമഗ്നിനിന്നെയിങ്ങാക്കിയതു നിശ്ചയമരികേ
കാണായതുപർജ്ജന്യനും * അത്ഭുതമെത്രയുംനീസാധിച്ചതറിഞ്ഞാ
ലും സൽപുരുഷന്മാരിൽനീമുൻപനായ്വരികെന്നാൻ:—

അക്കാലമുദങ്കനും തക്ഷകൻതന്നെക്കൊൽവാൻ ഉൾക്കാമ്പിൽനി
രൂപിച്ചുകല്പിച്ചാനുപായവും * ജനമേജയനൃപൻകുരുക്ഷേത്രത്തിങ്ക
ന്നു മുനിമാരോടുമൊരുയാഗംചെയ്യുന്നകാലം * പുക്കിതുകുരുക്ഷേത്രമുദ
ങ്കൻനൃപതിയും സല്ക്കരിച്ചർഘ്യാദികൾനൽകിയോരനന്തരം * ഉത്തമ
മെത്രയുംനീ ചെയ്യുന്നയാഗമിതിലുത്തമമായിട്ടുണ്ടുഞാനൊന്നുചൊല്ലീ
ടുന്നു * വല്ലാതെജനകനെക്കൊന്നതക്ഷകൻതന്നെ ക്കൊല്ലുവാനു
ത്സാഹംചെയ്തീടുകിലതിൻമീതേ * നല്ലതില്ലേതുമതുചൊല്ലുവനറി
ഞ്ഞാലും ഇല്ല സംശയമതുചെയ്യേണംമടിയാതെ * താപസബാലക
ൻെറശാപംപ്രാമാണ്യമാക്കി ഭൂപതിപ്രവരനെക്കൊല്ലുവാൻകാശ്യപ
നെ * തട്ടത്തുപരീക്ഷിച്ചുപടുതമോടുപേരാൽ കടിച്ചുദഹിപ്പിച്ചുത
ഴപ്പിച്ചിതുമുനി * കൊടുത്തുരത്നാദികൾ തക്ഷകൻകാശ്യപനനടിച്ചു
കടിച്ചതിനെന്തുകാരണമോർത്താൽ * ഒടുക്കീടേണമവൻതന്നെയെന്നുദ
ങ്കനും ഉടപ്പമോടുപറഞ്ഞുറപ്പിച്ചതുനേരം * മന്ത്രികളോടുകൂടെമന്ത്രി
ച്ചുനൃപതിയും ചിന്തിച്ചുമുനിമാരെവരുത്തിയുരചെയ്താൻ * തക്ഷകൻത
ന്നെക്കൊൽവാൻതക്കോരുയാഗംചെയ്വാൻ തൽക്ഷണംതുടങ്ങിയാർസ
ർപ്പസത്രവുമവർ * കാരണമിതുസർപ്പസത്രത്തിനൊന്നുസൂത നാരണരോ
ടുപറഞ്ഞീടിനോരനന്തരം * ഇക്കഥാശേഷംചൊൽവാൻപിന്നെ
യാമെന്നേവേണ്ടു മുഖ്യമാംഭൃഗുവംശംചൊല്ലേണമതിൻമുമ്പേ * നാ
മ്മുടെഗുരുഭൂതന്മാരവരവരുടെ ജന്മാദിഗുണങ്ങളെച്ചൊല്ലേണം മടി
യാതെ.—

ഭൃഗുകുലവിസ്താരം.

സൂതനുമവരോടുചൊല്ലിനാനതുനേരം വേധാവിന്മകൻഭൃഗുഭൃഗുജൻച്യവനനും * ച്യവനന്റെസുതൻപ്രമതിമുനിവരൻ അവനുഘൃതാചിയിലുണ്ടായിരുരുനാമാ * മററുമുണ്ടൊരുപുത്രൻശുനകനെന്നുനാമം കുററമില്ലാതമുനിശൌനകനവന്മകൻ * ഇത്ഥംചൊന്നതുനേരം താപസനരുൾചെയ്തു വിസ്തരാൽചൊല്ലീടണം ച്യവനോത്ഭവമെല്ലാം.—

ച്യവനോത്ഭവവും വഹ്നിശാപവും.

എങ്കിലോപുലോമാഖ്യാഭൃഗുപതിയുംഗർഭം ഭംഗിയിൽധരിച്ചിരിക്കുന്നൊരുകാലത്തിങ്കൽ * ചെന്നിതുപുലോമാഖ്യനായരാക്ഷസനല്പോൾ നന്നാകെന്നതിഥിപൂജകളുംചെയ്താളവൾ * ഭൃഗുപതിയെക്കണ്ടു രാക്ഷസപ്രവരനും മകരധ്വജപരവശനായതുനേരം * കുണ്ഡത്തിലെരിയുന്നപാവകൻതന്നെക്കണ്ടു വന്ദിച്ചുചോദിച്ചിതുരാക്ഷസപ്രവരനും * അഖിലസുരവൃന്ദവദനമായപോററീ! നിഖിലശുഭാശുഭകർമ്മസാക്ഷിയുംനീയേ * തനാംഗിയാകുമിവൾഭൃഗുവിൻപതിയെങ്കിൽ എന്നോടുസത്യമരുൾചെയ്യണം ഭഗവാനേ! * താപസിഭൃഗുപതിയായതുമിവളെന്നു ശോഭതേടീടുമഗ്നിഭഗവാനരുൾചെയ്തു * ഞാനിവൾതന്നെവേൾപ്പാൻഭാവിച്ചുവാഴുംകാലം താനതിന്മുമ്പേഭൃഗുവേട്ടുകൊണ്ടതുമൂലം * കൊണ്ടുപോകുന്നേനെന്നുസൂകരവേഷവുംകൈക്കൊണ്ടവനവളെയുമെടുത്തുനടകൊണ്ടാൻ * ഗർഭപാത്രസ്ഥനായൊരർഭകനതുനേരം ഉത്ഭവിച്ചവൻതന്നെനോക്കിനാൻകോപത്തോടെ * നേത്രാഗ്നിതന്നിൽദഹിച്ചീടിനാൻനിശാചരൻ മാർത്താണ്ഡസമനായപുത്രനെയെടുത്തവൾ * ത്രസ്തയായ്പ്പീത്തുപീത്തുകരഞ്ഞുകരഞ്ഞുള്ളിൽ ചീർത്തവേദനയോടുമാശ്രമംതന്നിൽചെന്നാൾ * അശ്രുക്കൾവീണുവധൂസരയെന്നൊരുനദി വിശ്രുതമായതീർത്ഥമുണ്ടായിതതുകാലം * വന്നൊരുഭൃഗുമുനിവൃത്താന്തമെല്ലാംകേട്ടു തന്റെപത്നിയോടുപിന്നെയുംചോദ്യംചെയ്തു * നിന്നെയിന്നവളെന്നുചൊന്നതാരവനോടു നിന്നെരാക്ഷസനറിയാനവകാശമില്ല * നിന്റെപരമാർത്ഥംരാക്ഷസനോടുനേരേ ചൊന്നവൻതന്നെശപിച്ചീടുവൻനേരുചൊൽനീ * തന്റെഭർത്താവിത്ഥം ചൊന്നതുകേട്ടുചൊന്നാൾ വഹ്നി രാക്ഷസനോടുപറഞ്ഞുകൊടുത്തതും * ക്രുദ്ധനായഗ്നിതന്നെശപിച്ചുഭൃഗുമുനി ശുദ്ധിയുമശുദ്ധിയുംഭേദമെന്നിയേഭവാൻ * സർവ്വംഭക്ഷിച്ചുപോകെന്നതുകേട്ടനേരം ഹവ്യവാഹനൻതാനുംഭൃഗുവിനോടുചൊന്നാൻ * അന്യായമത്രേഭവാനിന്നെന്നെശപിച്ചതു നിർണ്ണയംനരകമുണ്ടസത്യംചൊല്ലീടുകിൽ * സത്യത്തെയുപേക്ഷചെയ്തസത്യംചൊല്ലുന്നവർ പുത്രസന്തതികൾക്കില്ലൊരുനാളുംഗതി * താനറിഞ്ഞതുപറയായ്കിലുംദോഷമുണ്ടു ഞാനിവയറിഞ്ഞത്രേ പറഞ്ഞുമഹാമുനേ! * എന്നിവയറിയാതെകോപേനശപിച്ചതുനന്നല്ലനിന്നെക്കൂടെശ്ശപിക്കാമെനിക്കെടോ! * വിപ്രന്മാരോടുവിരോധംതുടങ്ങരുതെന്നുകല്പിച്ചുശമിക്കുന്നേനെന്നുനീയറിയേണം * ഞാനു

ത്രേപിതൃദേവാദികളെ സങ്കല്പിച്ചു മാനവന്മാർചെയ്തീടുംകർമ്മങ്ങൾക്കാധാരവും * ഞാനത്രേദേവന്മാർക്കുമുഖമായീടുന്നതും ഞാനത്രേവേദോക്തമാം കർമ്മത്തിന്നാധാരവും * ഞാനത്രേസർവ്വലോകവ്യാപ്തനായീടുന്നതും ജ്ഞാനികളുള്ളിലുള്ളോരജ്ഞാനം ദഹിപ്പതും * ഞാനത്രേസർവ്വസാക്ഷിഭൂതനായിടുന്നതും ഞാനത്രേജന്തുക്കളെസൃഷ്ടിക്കുന്നതുംപിന്നെ * ഞാനത്രേജന്തുക്കളെവർദ്ധിപ്പിച്ചീടുന്നതും ഞാനത്രേജന്തുക്കളെരക്ഷിക്കുന്നതും നിത്യം * ഞാനത്രേജന്തുക്കളെഭക്ഷിക്കുന്നതുമെടോ! ഞാനത്രേസർവ്വൌഷധരസമുണ്ടാക്കുന്നതും * അക്ഷരകർമ്മാദികൾക്കാദ്ധ്യക്ഷമെന്നിക്കത്രേ മുഖ്യദൈവതപൂജയ്ക്കൊക്കെമുൻപെനിക്കത്രേ * അജ്ഞാനമുണ്ടാകരുതെനിക്കുനിന്നെപ്പോലെ വിജ്ഞാനസ്വരൂപൻ ഞാനെന്നുതാത്തടഞ്ഞുരന്നേൻ * നല്ലതുശമമല്ലോനല്ലവർക്കെല്ലാവർക്കും കല്യാണമതിൽപരമില്ലെന്നു വഹ്നിദേവൻ * ശാന്തനായുറഞ്ഞതുകണ്ടോരുമറയോരും ശാന്തചിത്തന്മാരായമാമുനിജനങ്ങളും * അവതെന്തിതിനെന്നുതങ്ങളിൽനിരൂപിച്ചു ദേവകളോടുചൊന്നാരുണ്ടായവിശേഷങ്ങൾ * അഗ്നിതന്നഭാവത്താൽ മറഞ്ഞുകർമ്മങ്ങളും മഗ്നമായിതുലോകമാപദംബുധിതന്നിൽ * സൃഷ്ടികർത്താവായീടും ബ്രഹ്മനോടിവയെല്ലാം ഒട്ടുംവൈകാതെചെന്നങ്ങുണർത്തിക്കയും വേണം * കഷ്ടമെന്തിതിനൊരുകാരണമറിഞ്ഞീല നഷ്ടമായീടുമിപ്പോളല്ലായ്കിൽപ്രപഞ്ചവും * പെട്ടെന്നുദേവാദികളതുകേട്ടനന്തരം ക്ലിഷ്ടമാനസന്മാരായ് സത്യലോകവുംപുക്കാർ * ശിഷ്ടന്മാരാകുംമുനിമാരുംനിർജ്ജരന്മാരും സ്പഷ്ടവർണ്ണാദ്യൽസ്തുതിനമസ്കാരാദികളാൽ * ക്ലിഷ്ടതപോവാൻസേവിച്ചീടിനോരളവു സന്തുഷ്ടനായൊരുജഗൽസ്രഷ്ടാവിനോടുചൊന്നാർ * ഉണ്ടായവിശേഷംകേട്ടഗ്നിയെവിധാതാവും കൊണ്ടാടിവിളിച്ചരുളിച്ചെയ്താനതുനേരം * ഒന്നിനുംഭവജ്ജ്വാലതട്ടിയാലശുദ്ധിയില്ലൊന്നുകൊണ്ടുമേഭവാനശുദ്ധിയുണ്ടായ്വരാ * ഭാസ്കരരശ്മികൾചെന്നെന്തെല്ലാന്തൊടുമെന്നാലോർക്കുമ്പോൾ തൊട്ടവസ്തുശുദ്ധമായ്വരുമത്രേ * അജ്ഞാനികളെപ്പോലെ ഖേദിപ്പാനെന്തുഭവാൻ സുജ്ഞാനിഗുണങ്ങളോടൊന്നും പറ്റുകയില്ല * സർവ്വവുംഭക്ഷിച്ചാലുമില്ലശുദ്ധതയെടോ! ഹവ്യവാഹനനായനിനക്കെന്നറിഞ്ഞാലും * പാവകൻദുഃഖംതീർന്നുദേവകളോടുംകൂടി പാവനന്മാരാംമുനിമാരുമാശ്വസിച്ചിതു * ലോകവുംതെളിഞ്ഞിതുഭാർഗ്ഗവന്മാരേ! ശോകനാശനത്തിനുചൊല്ലീടാംകഥയിന്നു:—

രുരുമുനിയുടെ അർദ്ധായുർദ്ദാനവും വിവാഹവും.

ച്യവനനെന്നുഗർഭച്യവനത്താലേനാമ മവനുഭവിച്ചിതുതൽസുതൻപ്രമതിക്കു * ഭുവനമനോഹരിയാകിയഘൃതാചിയിൽ തപസ്സാന്നിധ്യായരുരുനാമാവുണ്ടായാൻ * അക്കാലംവിശ്വാവസുതന്നുടെബീജംകൊണ്ടു മൈക്കണ്ണിമേനകയുംപെറ്റിതുകന്യാരത്നം * എത്രയുംതപസ്സുള്ളോരൃഷിയാശ്രമത്തിങ്കൽ പൃഥ്വിയിലിട്ടുംകളഞ്ഞവളുംപോയാളല്ലോ * പൈതലേകൃപാവശനായ്ക്കണ്ടുമുനിവരൻ പൈദാഹാദികൾ

തീൎത്തുവളൎത്തുതുടങ്ങിനാൻ * പ്രമദാജനങ്ങളിൽവരയാമവൾക്കപ്പോൾ പ്രമദാൽപ്രമദ്വരയെന്നുപേരിട്ടുമുനി * അക്കുമാരിയെക്കണ്ടുമന്മഥാതുരനായാൻ ചൊൽക്കൊണ്ടരുരുമുനിതാതനതറിഞ്ഞപ്പോൾ * അവളെ വളൎത്തൊരുമുനിയെക്കണ്ടുപറഞ്ഞവർകളിരുവരും കല്പിച്ചാർമുഹൂൎത്തവും * ഉത്തമാംമുഹൂൎത്തനക്ഷത്രമഞ്ചാറാന്നാളങ്ങെത്രയും കൌതുഹലത്തോടൊരുക്കിനാരെല്ലാം * കന്യകതാനുംമരിച്ചീടിനാൾപാമ്പുകടിച്ചെന്നേ! കഷ്ടമെയെന്നുദുഃഖിച്ചാരെല്ലാവരും * ഹാഹേയമഹോപാപമാഹേയഹതയായാ ളാഹന്തഹതോഹമിത്യാകുലനായിരുരു * കന്യകാശവംകണ്ടുശോകമോഹാദിപൂണ്ടു വന്നവേദനയോടുമോടിപ്പോയ്വനംപുക്കാർ * ഞാൻചെയ്തതപോബലംകൊണ്ടിവൾജീവിക്കെന്നുവാഞ്ഛപൂണ്ടരുൾചെയ്താൻപ്രമതിതനയനും * വന്നൊരുദേവദൂതനന്നേരമുരചെയ്താനൊന്നറിയേണമായുസ്സററവൾജീവിപ്പീല * നിന്നുടെശോകംകണ്ടിട്ടൊന്നുണ്ടുചൊല്ലുന്നുഞാൻ ഉന്നിച്ചാലുപായമില്ലെന്നതോവരായല്ലൊ * എങ്കിൽനിന്നായുസ്സുകൊടുത്താലുണ്ടാമിവൾസങ്കടംഭവാനിതിനില്ലെങ്കിലതുചെയ്ക* എങ്കിലിന്നതുചെയ്യാമെന്നിതുരുരചവപ്പോൾ കിങ്കരൻധൎമ്മരാജനോടതുമറിയിച്ചാൻ * ധൎമ്മരാജനുമതിനനുജ്ഞ നൽകീടിനാൻ നിൎമ്മലാംഗിയുമുണൎന്നെഴുന്നേററുതന്നേരം * കല്പിച്ചമുഹൂൎത്തംകൊണ്ടവനുംവേട്ടുകൊണ്ടാൻ അത്ഭുതാംഗിയുമായിസുഖിച്ചുമരുവുന്നാൾ—

സഹസ്രപദൻെറ ശാപമോചനം.

പണ്ടുതൻപത്നിതന്നെക്കടിച്ചുകൊന്നതുള്ളി ലുണ്ടാകകൊണ്ടുവൈരമവനുമുഴുക്കയാൽ * ദണ്ഡുമായ്നടന്നവൻകുണ്ഡലികളെയെല്ലാം ദണ്ഡഹസ്തൻെറപുരത്തിങ്കലാക്കീടുമല്ലൊ * പണ്ഡിതനായരുരുദണ്ഡമോങ്ങുമ്പോളൊരു ഡുണ്ഡുഭമൊരുദിനമവനോടുരചെയ്താൻ *എന്തുഞാൻപിഴച്ചതുനിന്നോടെന്നതുചൊൽക ജന്തുക്കളെല്ലാമൊക്കമൊന്നും കൊല്ലരുതല്ലോ * ചൊല്ലിനാനതുകേട്ടുനല്ലമാമുനിരുരു കൊല്ലുന്നജന്തുക്കളെക്കൊല്ലുകെന്നതേവരു * എന്നുടെഭാൎയ്യതന്നെക്കടിച്ചുകൊന്നാനൊരു പന്നഗമതുമൂലംനിങ്ങളെക്കൊല്ലുന്നുഞാൻ * ഡുണ്ഡുഭംചൊന്നാനപ്പോളദണ്ഡ്യന്മാരെവൃഥാ ദണ്ഡിപ്പിച്ചീടുന്നോരെദണ്ഡഹസ്തനും പിന്നെ * ദണ്ഡിപ്പിച്ചീടുംഘോരനരകങ്ങളിലാക്കി പണ്ഡിതനല്ലോ ഭവാനെങ്കിലുമിതുകേൾക്ക * മററൊരുപരിഷകൾകടിച്ചുകൊല്ലുന്നതു മുററുംഞാനവരുടെവേഷമെന്നതേയുള്ളു * അതുകേട്ടൊരുരുരുദിവ്യനെന്നറിഞ്ഞപ്പോൾ ചതിയെന്നിയേനമ്മോടാരെന്നുചൊല്ലീടെന്നാൻ * സഹസ്രപദനഹംഞാനൊരുമുനിശാപാൽ ധരിച്ചീടുന്നേനിഹഡുണ്ഡുഭവേഷാദികൾ * എന്തുനീപിഴച്ചിതുശപിച്ചതേതുമുനിബോധമെന്നിവററിനെന്നോടുപറയണം * കേൾക്കനീഖഗമനാമൊരുനിമമസഖി ഭോഷ്കല്ലഹോമംചെയ്യുന്നേരം ഞാൻക്രീഡാൎത്ഥമായ് * തൃണംകൊണ്ടുണ്ടാക്കിയസൎപ്പമങ്ങെടുത്തിട്ടേൻ അനസൂതാൎണ്ണമെന്നതവനുമറിയാതെ * പേടിച്ചുമോഹിച്ചുടൻമോഹംതീൎന്നരുൾചെയ്താൻ മൂ

ധനാംഭവാനമീദൃഷമായ്പരികെന്നു * അയ്യോഞാനെന്തുമൊത്തീലെ
ന്നടെകളിയത്രെ നീയിനിശ്ശാപമോക്ഷംനൽകീടെന്നപേക്ഷിച്ചാൻ *
ഭാർഗ്ഗവസുതനായരുരുമാമുനികണ്ടാൽ ഭാഗ്യവാനായനിനക്കെന്നുടെശാ
പംതീരും * എന്നരുൾചെയ്തുമമസഖിയാംഖഗമനുമിന്നിരപ്പോൾ കാ
ണായ്പ്പൂന്നുനിന്തിരുവടിയേയും * ശാപവുംതീൎന്നുമമതാപവുമകന്നിതു
പാപവുമുണ്ടായ്പതുംഹിംസചെയ്തതല്ലോ * താപസന്മാൎക്കുവിശേഷി
ച്ചുമതമതെന്നു താപസശ്രേഷ്ഠ!ഭവാനോടുഞാൻചൊല്ലേണമോ? *
കോപമാകുന്നതല്ലോകൊടിയനരകങ്ങൾ ഭൂപതികൾക്കുംദുഷ്ടവധമേ
ചെയ്തീടാവൂ * സൽക്ഷിതിപതിവരനാംപരീക്ഷിത്തുതന്നെ തക്ഷകൻ
കടിച്ചുകൊന്നീടിനാനതുമൂലം * അക്ഷികണ്ണന്മാർവംശംനഷ്ടമാക്കീടു
വാനായ് മുഖ്യനാകിയജനമേജയനവന്മകൻ * ആരംഭിച്ചിതുസൎപ്പ
യാഗമെന്നറിഞ്ഞാലും ആരംഭാറിച്ചാൽമുടങ്ങാതൊരുസൎപ്പസത്രം *
അസ്തികൻപറഞ്ഞാശുമാററിയതറിഞ്ഞാലും എത്രയുംദോഷമുണ്ടുഹിം
സയ്ക്കെന്നതുനൂനം * സഹസ്രപദനോടുചോദിച്ചുരുരുവപ്പോൾ മഹ
തമുള്ളജനമേജയനതുചെയ്വാൻ * എന്തുകാരണമെന്നുമസ്തികനൊഴി
ച്ചതിൻ ബന്ധമെന്തെന്നുമരുൾചെയ്യണമെന്നനേരം * അതുകേൾപ്പി
പ്പാൻപാത്രമല്ലഞാനെന്നുചൊല്ലി മതിമാൻദശശതപദനുംമറഞ്ഞിതു
* രുരുമാമുനിവരനതുകേളായ്കമൂലം ഉരുശോകവുംപൂണ്ടുനടന്നാൻപ
ലേടത്തും * പിന്നെപ്പോന്നാശ്രമത്തിൽവന്നുതൻതാതനോടു ചൊന്ന
തുകേട്ടുപിതാവവനോടരുൾചെയ്താൻ * ചൊല്ലുവനഖിലവുംകേട്ടു
കൊൾകെന്നിതെല്ലാം ചൊല്ലീതുപൌലോമത്തിലെന്നാൾപൈങ്കിളി
മകൾ * ഇങ്ങിനെചൊല്ലിമഹാഭാരതംനൂറായിരം മംഗലഗ്രന്ഥമിതി
ഹാസരാജാഖ്യമിതിൽ * മുമ്പിനാലുള്ളപൌലോമാസ്തികപൎവ്വര
ണ്ടിൽ * മുമ്പിൽപൌലോമമതുചുരുക്കിച്ചൊന്നേനല്ലോ * ആസ്തി
കപൎവ്വമിനിയാകുന്നതുകേൾപ്പാനാസ്ഥയുണ്ടെങ്കിലതും ചുരുക്കിച്ചൊ
ല്ലാമല്ലോ * ആസ്തിക്യമുള്ളജനംബഹുമാനിക്കുംദൈവനാസ്തിക്യന്മാ
രായുള്ളോർനിന്ദിച്ചാലെന്തുഫലം * നാരായണായനമോ നാരായ
ണായനമോ നാരായണായനമോ നാരായണായനമഃ.

ഇതി ശ്രീമഹാഭാരതേ പരിഭാഷാരൂപം പൌലോമം സമാപ്തം.

ആസ്തികം.

ഹരിഃ ശ്രീഗണപതയെ നമഃ അവിഘ്നമസ്തു.

പൈങ്കിളിപ്പൈതലേ! ഭംഗിയിൽചൊല്ലുനീ പങ്കജാക്ഷൻകഥപ
ങ്കങ്ങൾനീങ്ങുവാൻ * എങ്കിലോകേൾപ്പിൻതപോധനന്മാരോടു സം
ക്ഷേപമായ്സൂതനിങ്ങനെചൊന്നപ്പോൾ * നൈമിശാരണ്യനിവാ

സികളാകിയ മാമുനിമാർശൌനകാദികൾചോദിച്ചു * എന്തുജനമേ
ജയനാംനരപതി ദന്ദശൂകക്രതുചെയ്വാനവകാശം* അസ്തികനെങ്ങനെ
മാററിയതെന്നതു മസ്തികനാരുടെപുത്രനെന്നുംഭവാൻ * വിസ്തരാൽഞ
ങ്ങളോടൊക്കെപ്പറയണം തത്വബോധത്തിനാധാരമാമാസ്തികം സത്വ
മതേ!കൃഷ്ണശിഷ്യജനോത്തമ! * ചേതസികൃഷ്ണനെധ്യാനിച്ചുറപ്പിച്ചു സൂ
തനതിനെപ്പറഞ്ഞുതുടങ്ങിനാൻ:—

അസ്തികോത്ഭവകഥാസംക്ഷേപം.

മുന്നംജരല്ക്കാരുനാമമഹാമുനി ധന്യൻ ഗൃഹസ്ഥാശ്രമാശയില്ലാ
യ്കയാൽ * നന്നായ്തപസ്സുകൾചെയ്തുവനന്തോറു മൊന്നിലുമാശകൂടാതെ
നടക്കുംനാൾ * പാതാളലോകത്തുവീഴുവാനായ്ചില രാധിപൂണ്ടേ
ററമധോമുഖന്മാരുമായ് * പുൽക്കൊടിതന്നുടെയഗ്രമാലംബമായ് നി
ല്ക്കുന്നിതത്രയുമല്ലതിൻവേരുകൾ * മൂഷികന്മെല്ലെക്കരണ്ടുമുറിപ്പതുംദോ
ഷമില്ലാതജരല്ക്കാരുകണ്ടപ്പോൾ * നിങ്ങളാരെന്നാനവരുമവനോടു
ഞങ്ങൾചിലമുനിമാരെന്നുചൊല്ലിനാർ * പുത്രനായുണ്ടുജരല്ക്കാരുഞ
ങ്ങൾക്കു പുത്രനവനില്ലയാഞ്ഞതുകാരണം *ലുപ്തപിണ്ഡോദകന്മാരായി
തുഞങ്ങൾ തപ്തമായോരുതപസ്സുവൃഥാഫലം * ഞങ്ങൾനരകത്തിൽ
വീഴ്വാൻതുടങ്ങുന്നു മംഗലനായനീയാരെന്നുചൊല്ലണം * എങ്കിൽജര
ല്ക്കാരുവായതുഞാൻതന്നെ നിങ്ങൾമമപിതാക്കന്മാരറിഞ്ഞാലും * സ
ങ്കടംപോക്കുവാനെന്തുഞാൻവേണ്ടതു ശങ്കിയാതേയതുൾചെയ്യെന്നു
ചൊന്നപ്പോൾ * ചൊന്നാർപിതാമഹന്മാരവർതന്നോടു പുണ്യത
പോവ്രതദാനധർമ്മാദികൾ * സന്തതിയില്ലായ്കിലൊക്കവെനിഷ്ഫലം
സന്തതികൊണ്ടേഗതിവരുനിശ്ചയം * ആകയാൽവേൾക്കനീവേണ്ട
തുമുമ്പിനാൽ പോകരുതൈകാതതിനെന്നവർചൊല്ലിനാർ * ഭിക്ഷ
യായ്മോദാലൊരുപുമാനെന്നോടു കൈക്കൊൾകഭാര്യയായെന്നുനല്കീ
ടുകിൽ * വേൾക്കാമവളസമയമെനിക്കതു കേൾക്ക മഹാവ്രതംപിന്നെ
യുമൊന്നുണ്ടു * പെണ്ണിന്നുമെന്നുടെപേരായിരിക്കണ മെന്നുജരല്ക്കാരു
ചൊന്നോരനന്തരം * ചൊല്ലിയവണ്ണമേയോഗംവരികെന്നു നല്ലൊ
രനുഗ്രഹംനല്കിപിതൃക്കളും * നന്നായൊരുവനദേശേവസിക്കുമ്പോൾ
പന്നഗനാഥനാം വാസുകിയുംകണ്ടു * എന്നുടെസോദരിയാകിയക
ന്യക തന്നെവരിച്ചുകൊൾകെന്നിതുവാസുകി * നാമമവൾക്കെന്തുചൊ
ല്ലുകെന്നുമുനി നാമംജരല്ക്കാരുവെന്നിതുവാസുകി * പണ്ടേഭവാനുത
രുവാനായുണ്ടാക്കി പുണ്ഡരീകോത്ഭവനെന്നുമറിഞ്ഞാലും * വഹ്നിയിൽ
വീഴ്കെന്നുമാതൃശാപംകൊണ്ടു പന്നഗവംശവുംസന്നമാമെന്നതും *
ചെന്നുവിധാതാവിനോടുവിബുധന്മാർ ചൊന്നതുകേട്ടരുൾചെയ്തുവിരി
ഞ്ചനും * മംഗലയായജരല്ക്കാരുനാരിയെ യങ്ങുജരല്ക്കാരുവിന്നുകൊടു
ക്കണം * ഉണ്ടാമവൾപെററവനൊരുനന്ദന നങ്ങായശാപഭയമൊ
ഴിച്ചീടുവാൻ * ഇത്ഥംവിധാതൃനിയോഗമെന്നാൽപ്രമദോത്തമയാമി
വൾതന്നെയേട്ടീടുക * ദീർഘപൃഷ്ഠാധിപനിങ്ങനെചൊന്നപ്പോൾദീർ
ഘവിലോകനമുള്ളജരല്ക്കാരു * ദീർഘവിലോചനയാംജരല്ക്കാ

രുവെ ശീഘ്രംവിധിവിധിയാൽവിവാഹംചെയ്തു * മോക്ഷപരായണനൻ വാഴുന്നകാലത്തു് സൌഖ്യംവരിവസ്യയാവളത്താളവർ * ചൊല്ലൊണ്ടു മസ്തികനുണ്ടാകയുംചെയ്തു സർപ്പസത്രത്തെയൊഴിച്ചതവനല്ലൊ *

നാഗഗരുഡാരുണോല്പത്തി.

സൂതവാക്യംകേട്ടുമോദേനശൌനക നാദരവോടുനാഗോൽപത്തിചൊൽകെന്നാൻ * ആശ്ചര്യമക്കഥകേൾപ്പിൻചുരുക്കമാ യ്യാശ്യപനാകുംപ്രജാപതിസാദരം * ഭദ്രശീലാംഗിമാരായുള്ളഭാര്യമാർ കദ്രുവിനോടുംവിനതയോടുംചൊന്നാൻ * ഭർതൃശുശ്രൂഷണശിക്ഷയുംശീലവുംചിത്തവിശുദ്ധിയും കണ്ടുതെളിഞ്ഞുഞാൻ * വാഞ്ഛിതമായതുചൊല്ലുവിൻനിങ്ങൾക്കു ചാഞ്ചല്യമെന്യെ വരംതരുന്നുണ്ടുഞാൻ * അന്തമില്ലാതൊരുവീര്യബലമുള്ള സന്തതിനാഗസഹസ്രമുണ്ടാകണം * എന്നുവരിച്ചിതുകദ്രുവിനതയും പിന്നെവരിച്ചിസുതനോടുചൊല്ലിനാൾ * എത്രയുംതേജോബലവീര്യവേഗങ്ങൾ കദ്രുസുതന്മാരിലേററമുണ്ടാം വണ്ണം * രണ്ടുതനയന്മാരുത്തമന്മാരായി ട്ടുണ്ടാകവേണമിനിക്കുദയാനിധേ! * മുട്ടയായുണ്ടാമിനിയതുനിങ്ങൾക്ക പൊട്ടിപ്പോകാതവണ്ണം ഭരിച്ചീടുവിൻ * ഇത്ഥമനുഗ്രഹംചെയ്തുമഹാമുനി സത്വരംകാനനം പുക്കുതപസ്സിനായ് * അണ്ഡസഹസ്രംപ്രസവിച്ചാൾകദ്രുവു മണ്ഡദ്വയംപ്രസവിച്ചുവിനതയും * അണ്ഡങ്ങളെപ്പരിചാരകന്മാരെല്ലാം ദണ്ഡമൊഴിഞ്ഞുപരിപാലനംചെയ്താർ * അഞ്ഞൂറുസംവത്സരംചെന്നകാലമീര ഞ്ഞൂറുനാഗപ്രവരന്മാരുണ്ടായി * തന്റെമുട്ടകൾരണ്ടുംവിരിയാഞ്ഞു വന്നൊരുതാപാൽവിനതയുമക്കാലം * ഒന്നിനെക്കൊട്ടിയുടച്ചാളതുനേരം നന്നായ്വിളങ്ങിചതുർദ്ദശലോകവും * അപ്പോളരുണവായ്പമരുണനു മഭ്രദേശംപ്രവേശിച്ചിതുസത്വരം * അംബരദേശത്തുയരുമരുണനു മംബയോടീഷ്യകലൻചൊല്ലീടിനാൻ * ദേഹം മുഴുവനേതീരുന്നതിൻമുമ്പേ മോഹംവളൎന്നിതുചെയ്തതുകാരണം * കദ്രുവാമമ്മയ്ക്കുടിമയായ്പ്പോകനീ ഭദ്രനായുണ്ടാമിനിമമസോദരൻ * മുട്ടയതുംനീയുടച്ചുകളയായ്കിൽ പെട്ടെന്നു ദാസ്യവുംതീൎക്കുമവനമ്മേ!* ഇന്നു മഞ്ഞൂറാണ്ടുപാൎത്തീടുഴറാതെഎന്നാൽ നിനക്കവനാലെഗതിവരും * എന്നുപറഞ്ഞുയന്നാനരുണാഖ്യനും ഒന്നിച്ചിരുന്നുവിനതയുംകദ്രുവും * മാൎത്താണ്ഡദേവനുസാരഥിയായുടൻ തേൎത്തടംപുക്കാനരുണൻമഹാപ്രഭൻ * ആധിയുംതീൎന്നിരിക്കുന്നകാലത്തിങ്കലാദിതേയാസുരന്മാരൊരുമിച്ചുകൊ * ണ്ടാദരവോടുപാലാഴികടഞ്ഞനാൾ ശ്വേതവൎണ്ണത്തൊടു മാനസവേഗനായ് * ഉച്ചൈശ്ശ്രവസ്സെന്നുലോകപ്രസിദ്ധമായ് സ്വച്ഛമായുണ്ടായൊരശ്വംപ്രതിതമ്പിൽ * വാദമുണ്ടായ്വന്നിതെന്നു പറഞ്ഞൊരു സൂതനോടന്നേരംചോദിച്ചുശൌനകൻ * ചൊല്ലുചൊല്ലെങ്കിലമൃതമഥനംനീ ചൊല്ലാമതുമെങ്കിലെന്നിതുസൂതനും * ചൊല്ലിനാനെങ്കിലമൃതമഥനവും ചൊല്ലുവാനിപ്പോളെനിക്കെളുതല്ലേതും *

പാലാഴികഥനകഥാസംക്ഷേപം.

വിദ്യാധരസ്ത്രീകൾദിവ്യപുഷ്പംകൊണ്ടു ഹൃദ്യമായുള്ളൊരുമാല്യം തൊടുത്തത്തു * ശർവ്വാംശജാതനായൊരുമുനീന്ദ്രനാം ദുർവ്വാസാവിന്നുകൊടുത്തവരുംപോയാർ * സംഭോഗസാധനമായുള്ളമാല്യത്തെ ജംഭവൈരിക്കുകൊടുത്തുമുനീന്ദ്രനും * ദന്താവളേശവരസ്കന്ധോപരിവച്ചു കുന്തളംചിക്കിയുലഞ്ഞന്നതുനേരം * ഹസ്തീന്ദ്രമസ്തകന്യസ്തമാല്യാമോദമത്തഭൃംഗസ്തോമവിത്രസ്തനേത്രനാം * മത്തദന്തിപെരുന്നെടുത്തുമർദ്ദിക്കയാൽ ക്രുദ്ധനായ്മാമുനിശാപവുംനല്കിനാൻ * വൃത്രാരിമുഖ്യത്രിദശകുലത്തെയും വൃദ്ധന്മാരായ്വിത്രപന്മാരായ്പ്പോകെന്നു * ഇന്നുതുടങ്ങിജരാനരയുണ്ടാകയെന്നതുകേട്ടഭയേനമഹേന്ദ്രനും * വന്ദിച്ചുശാപമോക്ഷത്തെയപേക്ഷിച്ചാൻ നന്ദിച്ചുതാപസേന്ദ്രൻവരവുംനല്കി * ക്ഷീരാർണ്ണവംമഥനംചെയ്തുപീയൂഷ സാരംനുകർന്നാൽജരാനരതീർന്നുപോം * ഇന്ദ്രാദിവൃന്ദാരകന്മാരരവിന്ദ മന്ദിരനോടറിയിച്ചിതുസങ്കടം * ചന്ദ്രകലാധരൻതന്നോടുണർത്തിക്ക മന്ദേതരംചെന്നുനാമെന്നുനാന്മുഖൻ * കൈലാസവാസിയെച്ചെന്നുപുകഴ്ന്നിതു ശൈലാത്മജാപതിതാനുമതുനേരം * നിർജ്ജരന്മാരുടെസങ്കടംകണ്ടാശു സഞ്ചരമാനസനായിപ്പുറപ്പെട്ടു * നാരായണനോടുണർത്തിക്കവൈകാതെ സാരസലോചനൻ താപംകളഞ്ഞീടും * എന്നുകല്പിച്ചവരൊന്നിച്ചുചെന്നുടൻ നന്നായ് സ്തുതിച്ചാർമുകുന്ദനെയന്നേരം * പള്ളിക്കുറുപ്പുണർന്നാശുമുകുന്ദനു മല്ലൽപോമ്മാറുതെളിഞ്ഞരുളിച്ചെയ്തു * ദേവാസുരന്മാരൊരുമിക്കവൈകാതെ കേവലംമത്തിനുമന്ദരപർവ്വതം * പാശമാക്കിക്കൊൾകവാസുകിതന്നെയു മാശുമഥനംതുടങ്ങുകയെന്നപ്പോൾ * നാഥനരുൾചെയ്തവണ്ണമൊരുമിച്ചുപാഥോനിധിമഥനംചെയ്തനന്തരം * ജാതങ്ങളായുള്ളദിവ്യപദാർത്ഥങ്ങ ളാദരവോടുയഥോചിതംകൈക്കൊണ്ടാർ * എന്നതിലുച്ചൈശ്ശ്രവസ്സാംകുതിരയെ വൃന്ദാരകേന്ദ്രൻപരിഗ്രഹിച്ചീടിനാൻ * ക്ഷീരാംബുരാശിയിൽനിന്നുജനിച്ചൊരു ചാരുതുരഗമാമുച്ചൈശ്ശ്രവസ്സിനു * നേരേനിറമെന്തുചൊല്ലുകെന്നാൾകദ്രു പാരംവെളുത്തെന്നുചൊന്നാൾവിനതയും * എന്നാലൊരുമറുവില്ലെന്നതുംവരാ നിർണ്ണയംവാലധിക്കെന്നിതുകദ്രുവും * ഇല്ലമറുവതിനെന്നുവിനതയും ചൊല്ലിനാളുള്ളിലാശങ്കയുംകൂടാതെ * എങ്കിൽഞാൻനിന്നുടെദാസിയായ്വാഴുവൻ ശങ്കയൊഴിഞ്ഞെന്നുചൊല്ലിനാൾകദ്രുവും * ഉണ്ടുകളങ്കമെന്നാകിൽനിൻദാസിയാ യ്ക്കൊണ്ടാലുമെന്നെയുമെന്നുവിനതയും * കേളെവിവാദമൊഴിഞ്ഞിന്നടങ്ങുക നാളെനോക്കാമെന്നുചൊല്ലിനാൾകദ്രുവും * പിന്നെസ്സുതരോടുവെവ്വേറെചൊല്ലിനാ ളൊന്നുണ്ടുചെയ്യേണ്ടുനിങ്ങളെന്മക്കളേ! * ഉച്ചൈശ്ശ്രവസ്സാംകുതിരതൻവാലൂടെ നിശ്ചലമായൊരുരോമമായുൾപ്പുക്കു * നിങ്ങളിലേകനൊരഞ്ജനവർണ്ണമാ യ്ത്തിങ്ങിവിളങ്ങിവാലിന്മേൽകിടക്കണം * ഞങ്ങൾക്കരുതെന്നുചൊന്നാരവർകളും മംഗലമല്ലചതിക്കരുതാരെയും * ഞങ്ങൾക്കവേറില്ലനിങ്ങളിരുവരും നിങ്ങൾതീയിൽവീണുചാകെന്നാളമ്മയും *

ശാപഭയംകൊണ്ടതിലൊരുവൻചെന്നു ശോഭതേടീടുംകളങ്കമായ്മേവി
നാൻ * പിറ്റേന്നാൾചെന്നവർനോക്കുന്നനേരത്തു കുററമുള്ളൊരുക
ളങ്കമുണ്ടാകയാൽ * ഹാസ്യഭാവേനനിന്നീടിനാൾകദ്രുവും ദാസ്യഭാ
വംപൂണ്ടുവാണുവിനതയും * അസുരമാനസയാകിയകദ്രുവാ ലാതുര
മാനസയായാൾവിനതയും * മാതുരാഗസ്സുംതെളിഞ്ഞതില്ലേതുമേ മാ
തരിശാപശനേരേന്ദ്രോത്തമന്മാർക്കുള്ളിൽ * മാധുര്യശീലയായുള്ളവിനത
യും ചാതുര്യമുള്ളോരുകാദ്രവേയന്മാരെ * സാദരഭാവംവളർത്താളവർക
ളും ഭേദഹീനംവസിച്ചാർപലകാലവും * അഞ്ഞൂറുവത്സരമിങ്ങനെ
ചെന്നനാൾജ്ജേസാഭിന്നമായിവിനതാണ്ഡവും * കല്പാന്തപാവകനെ
ന്നമരൌഘവും കല്പിച്ചുഭീത്യാമുനിവരന്മാരുമായ് * ആശ്രയമെന്തുലോ
കത്തിനെന്നോർത്തവ രാശ്രയാശസ്തുതിചെയ്താർപലതരം * മൽപ്രഭ
യല്ലഭയപ്പെടായ്കിൻ ഗരുഡപ്രഭയെന്നരുൾ ചെയ്തിതുവഹ്നിയും * അ
പ്പോൾമുനികളുംദേവസമൂഹവു മത്ഭുതംപൂണ്ടുഗരുഡസ്തുതിചെയ്താർ *
വേദത്രയമൊട്ടുദേവത്രയമതും പാദത്രയവുംപദത്രയവുംനീയേ! * നാദ
ത്രയവുംവർണ്ണത്രയവുംനീയേ! ജ്യോതിസ്ത്രയപുമഗ്നിത്രയവുംനീയേ! * ശ
ക്തിത്രയവുംഗുണത്രയവുംനീയേ! ഭക്തിമുക്തിപ്രദഭക്തഭക്തപ്രിയ! *
ലോകത്രയത്തിനുശോകത്രയംതീർക്ക വേഗംപ്രഭാനിധേ!പക്ഷികുലോ
ത്തമ! * വിശപംഭഹിച്ചുപോകുന്നതിൻമുന്നമേ നിശ്ശേഷതേജസ്സുമൊ
ട്ടടക്കേണമേ * ദാനവനാശനന്മാരുംമുനിമാരും ദീനതയോടുമിവണ്ണം
പുകഴ്ന്നപ്പോൾ * പക്ഷികുലാധിപൻഭക്തപരായണൻ തൽക്ഷണേ
തേജസ്സുമൊട്ടുചുരുക്കിനാൻ * വന്നിതുസന്തോഷവുംഭുവനത്തിനു പി
ന്നെമാതാവിനെക്കാണ്മാൻഗരുഡനും * പന്നഗമാതാവിരിക്കുംഗൃ
ഹത്തിനു ചെന്നുമാതാവിനെക്കണ്ടുവണങ്ങിനാൻ * ഒന്നിച്ചുവി
ടെയിരുന്നുചിലദിന മന്നൊരുനാളുരചെയ്തിതുകദ്രുവും * എന്നുടെ
ഗേഹത്തിനാമ്മാറുപോവതി നെന്നെയെടുത്തുകൊള്ളേണംവിനതേ!
നീ * അന്നതുംചെയ്താൾവിനതയുംനന്ദനൻ തന്നോടുചൊ
ന്നാൾമകനേ! മടിയാതെ * പന്നഗന്മാരെയെടുത്തുകൊള്ളേണം
നീ എന്നമ്മചൊന്നതിളയ്ക്കരുതെന്നോർത്തു * നാഗങ്ങളേയുമെടുത്തു
പറന്നിതു വേഗേനസൂര്യന്നഭിമുഖമാംവണ്ണം * വൃന്ദങ്ങൾചൊല്ലു
വാൻവേഗേനപോകുന്നി തഗ്രജനോടെന്നുതോന്നുമതുകണ്ടാൽ * ആ
ദിത്യരശ്മികളേററുഭുജംഗങ്ങ ളാധിപൂണ്ടേററംതളർന്നചമഞ്ഞപ്പോൾ *
ആദിതേയോത്തമനായദേവേന്ദ്രനെ യാദരപൂർവ്വംപുകഴ്ന്നിതുകദ്രുവും *
ആധാരമില്ലമറെറന്നവൾ കേഴുമ്പോളാസാരവുംതുടങ്ങീടിനാൻ വാസ
വൻ * താപവുംതീർന്നവരാശുരമണകദ്വീപവുംപുക്കുസുഖിച്ചുവാണീടി
നാർ * അക്ഷികർണ്ണന്മാരൊരുനാളതുകാലം പക്ഷികുലാധിപനോടു
ചൊല്ലീടിനാർ * സ്വർഗ്ഗസമാനമാംദ്വീപാന്തരങ്ങളി ലൊക്കെനടന്നു
കളിപ്പതിന്നങ്ങളെ * കൈയ്യെടുത്തുപറക്കണംനീയെന്നു ചക്രിശര
ന്മാർപറഞ്ഞതുകേട്ടൊരു * ദുഃഖംകലർന്നുമാതാവോടുചോദിച്ചാൻ പ
ക്ഷീശരൻപരമാർത്ഥമറിവാനായ് * കാരണമെന്തിവർചൊല്ലുന്നതു

ചെയ്യാൻ നേരേപറയേണമെന്നോടുമാതാവേ! * ആത്മജനിങ്ങനെ
ചോദിച്ചതുനേരമാത്മഖേദത്തോടുചൊന്നാൾവിനതയും * കദ്രുച
തിച്ചുതൻദാസിയാക്കിക്കൊണ്ടാൾ എത്രയുംപീഡയായ്‌വന്നിതതുമൂലം
* അക്കഥയൊക്കെപ്പറഞ്ഞുകേൾപ്പിച്ചപ്പോൾ ദുഃഖമുൾക്കൊണ്ടുവിന
താതനയനം * ദന്തശൂകോത്തമന്മാരോടുചോദിച്ചാനെന്തുഞാൻവേ
ണ്ടതടിമയൊഴിപ്പതി * നന്തരമില്ലസാധിപ്പതിനിന്നിനി ചിന്തിതം
ചൊല്ലുവിനെന്നതുകേട്ടപ്പോൾ * നീയിനിവൈകാതെചെന്നുവരുത്തു
ക പീയൂഷമെന്നാലടിമയൊഴിഞ്ഞിടും * എന്നവർചൊന്നതുകേട്ടുഗരു
ഡനും ചെന്നുമാതാവിനോടാശുചൊല്ലീടിനാൻ * പൈദാഹവുംതീ
ർന്നമരലോകത്തിനു ചൈതന്യമുൾക്കൊണ്ടമൃതിനുപോകണം * ആഹാ
രംവേണമെനിക്കെന്നുമാതരി ശചാഹാരനാശനൻചൊന്നോരനന്തരം
* മാതാവുമന്ദസ്മിതംപൂണ്ടുചൊല്ലിനാൾ മാധവൻവാഴുന്നപാലാഴിത
ൻകരേ * വാഴുംനിഷാദന്മാരെത്തിന്നുകൊൾകനീ ദോഷമതിനില്ലപി
ന്നെയുമൊന്നുകേൾ * ബ്രാഹ്മണരെത്തിന്നുപോകാതിരിക്കണം ധാർമ്മി
കന്മാരെദ്രോഹിക്കരുതഗ്നിക്കും * സൃഷ്ടിസ്ഥിതിലയങ്ങൾക്കുകർത്താക്കളാം
സ്രഷ്ടാവുമംബുജനേത്രനുംരുദ്രനും * ദേവേന്ദ്രനാദിയാംദേവസമൂഹവും
ഭൂവാതതോയാഗ്നിഖാദിഭൂതങ്ങളും * വേദങ്ങളോടുസമങ്ങളല്ലായ്കയാൽ
വേദജ്ഞന്മാരായഭൂദേവന്മാരത്രേ * ആധാരമീരേഴുലോകത്തിനുമവ
ർക്കാധാരമായാരുമില്ലെന്നറിയണം * ബ്രാഹ്മണരോളംമഹത്വമില്ലാർക്കു
മേ സാമ്യംദ്വിജന്മാർക്കുമറ്റൊന്നുമില്ലല്ലോ * വന്ദ്യന്മാരാകുന്നതുംദ്വി
ജന്മാരത്രേ നിന്ദിച്ചുപോകായ്കവരെയൊരിക്കലും * ദേവാദികൾക്കും
പ്രപഞ്ചത്തിനുംപരം ദൈവതമാകുന്നതുംദ്വിജന്മാരത്രേ * ശാശ്വത
മാകിയധർമ്മമാകുന്നതു മീശ്വരനാകുന്നതുംദ്വിജന്മാരത്രേ * എന്തട
യാളുംദ്വിജന്മാർക്കുമാതാവേ! സന്തതംയജ്ഞോപവീതാദിലക്ഷണം *
സന്തുഷ്ടരാംദ്വിജന്മാരെവിഴുങ്ങുകിൽ കന്ധരംവെന്തുപോമന്തരമില്ലെ
ത്തും * ഭ്രഷ്ടനെന്നാകിലുംദുഷ്ടനെന്നാകിലും പുഷ്ടഭക്ത്യാവണങ്ങേണം
ദ്വിജകുലം * ഇത്ഥമുപദേശവുംചെയ്തനുഗ്രഹി ച്ചത്യാദരേണപുണർന്നുമു
കർന്നവ * ഉത്തമാംഗത്തിൽബാഷ്പാഭിഷേകംചെയ്തു ചിത്തപ്രമോദംക
ലർന്നവൾചൊല്ലിനാൾ * നീനിരൂപിച്ചതുസാധിച്ചിവിടേക്കു മാനമി
യന്നുവീരയേവരികനീ * മാതുരനുജ്ഞാം ശിരസിവഹിച്ചുകൊണ്ടാദര
വോടുപറന്നുഗരുഡനും *

അമൃതത്തിനായിട്ടു ഗരുഡന്റെ യാത്ര.

ഉർവീധരങ്ങൾകുലുക്കിപ്പൊടിയർപ്പി ച്ചുർവിയുമാകാശവുമൊരുമിപ്പി
ച്ചു * ഗർവ്വംകലർന്നുനിഷാദന്മാർവാഴുന്ന നിവികാരാലയമെല്ലാമിളക്കി
നാൻ * വിത്രസ്തമായനിഷാദകുലമെല്ലാം വിസ്തൃതമായൊരുവക്ത്ര
ത്തിലാക്കിനാൻ * എത്രയുംചുട്ടുതുടങ്ങീഗളതലം ചിത്തേനിരൂപിച്ചുമാ
തൃവചനവും * വിപ്രനുംകൂടെയകപ്പെട്ടിതെന്നതു കല്പിച്ചുചൊന്നാൻഗ
രുഡനുമന്നേരം * ബുദ്ധിപൂർവ്വംനിന്നെക്കൊത്തുകയല്ലഞാ നന്തൽക്കൂടാ

തെപ്പുറത്തുപോന്നീടുക * സത്യധർമ്മാദികൾക്കാധാരഭൂതന്മാരുത്തമന്മാ
രായഭൂദേവന്മാരല്ലോ * ഇത്ഥംഗരുഡൻപറഞ്ഞതുകേട്ടൊരു പൃഥപാ
സുരോത്തമനുത്തരംചൊല്ലിനാൻ * നിർമ്മല!പക്ഷീന്ദ്ര!ധർമ്മപരായണ
മന്മനോവാഞ്ഛിതംചൊല്ലുവൻകേൾക്കനീ * ഉണ്ടൊരുഭാര്യനിഷാദി
യവളെയും കൊണ്ടുപോകേണമെനിക്കെന്നറികനീ * കൊണ്ടുപോയാ
ലുമെന്നാനനത്തുടെനീ ഉണ്ടാകയില്ലവിഷമമതിനേതും * ഒത്തുപുറത്ത
വളോടുപുറപ്പെട്ടാനാശീർവാദങ്ങളുംചെയ്തുഗരുഡനും * പോയാൻദ്വി
ജവരൻപിന്നെദ്വിജവരൻ പോയാൻപിതാവിനെക്കണ്ടുവണങ്ങുവാൻ
* പൈദാഹമേറ്റമടങ്ങീലനിന്നുടെ പൈതലായ്മേവുമിനിക്കുദയാനി
ധേ! * കാശ്യപനോടവനിങ്ങനെചൊന്നപ്പോ താശ്ചര്യമുൾക്കൊണ്ടവ
നമരുൾചെയ്താൻ * മുന്നംവിഭാവസുവായമുനിയൊട്ടു തന്നുടെസോദ
രൻമത്സരിച്ചാനല്ലോ * ജ്യേഷ്ഠാംശമേഭവാനുള്ളുപകുത്തു കനിഷ്ഠാംശ
മിങ്ങുതരേണമെന്നാനവൻ * നന്നല്ലനീഗൃഹച്ഛിദ്രത്തുടങ്ങുന്നതെന്നാൽ
നശിച്ചുപോമിന്നടങ്ങീടുനീ * എന്നുവിഭാവസുചൊന്നതുകേളാതെപി
ന്നെയുമേറ്റെനിർബന്ധംതുടങ്ങിനാൻ * അന്നുശപിച്ചിതുനീഗജമാ
യ്പോക യെന്നുവിഭാവസുസോദരൻതന്നെയും * ജ്യേഷ്ഠനെക്കൂടെശ്ശപി
ച്ചാനനുജനും ദുഷ്ടഭാവാലൊരുകൂർമ്മമായ്പോകനീ * സുപ്രതീകൻഗജ
മായ്ചമഞ്ഞീടിനാ നപ്പോൾവിഭാവസുകൂർമ്മവുമായ്വന്നു * അന്യോ
ന്യശാപവുമേററിട്ടിരുവരു മിന്നുംസരസ്സിങ്കലുണ്ടുകിടക്കുന്നു * ചെന്നു
കൊത്തിക്കൊണ്ടുപോന്നുനീവൈകാതെ തിന്നാലുമണ്ടൊരുദേശത്തുകൊ
ണ്ടുപോയ് * വാനോർപുരംപുക്കപീയൂഷവുംകൊണ്ടു മാനമോടേവരി
കെന്നാൻജനകനും * വന്ദിച്ചുതിന്നടന്നുഗരുഡനും മന്ദതരംചെന്ന
നേരത്തുകാണായി * ആമതൻവട്ടമൊരുദശയോജന യായതിൻപൊ
ക്കവുംയോജനമൂന്നല്ലോ * ദ്വാദശയോജനനീളമുണ്ടാനയും മേദുരമാ
യിടംപാതിയുമുണ്ടല്ലോ * രണ്ടുമെടുത്തുപറന്നൊരുദിക്കിനു കുന്നതയെ
ന്നിയേചെന്നൊരുനേരത്തു * കണ്ടാനമരമരങ്ങൾനില്ക്കുന്നതു മുണ്ട
തിൽനല്ലവടമരമുന്നതം * വിസ്താരമുണ്ടുശതയോജനവഴി പത്ര
പ്രവാളശാഖാഢ്യംമനോഹരം * വൃക്ഷപ്രവരശാഖാന്തരേവെ
ച്ചിതു ഭക്ഷിക്കാമെന്നുനിനച്ചുതെളിവോടെ * പക്ഷപുടങ്ങൾകുലു
ക്കിക്കുതംകൊണ്ടു പക്ഷീശ്വരൻചെന്നിരുന്നൊരുനേരത്തു * കോ
ടരപാടനമുണ്ടായതുമൂല മാടത്തേതടീടിനാനങ്ങതിന്മേൽചിലർ *
താപസേന്ദ്രന്മാരറുപതിനായിരം താപമവർക്കവരുമതുവീഴ്കിൽ *
കോപവുമാംപ്രതിവധിക്കമന്നേരം ശാപവുമേററിടുമെന്നുഭയപ്പെട്ടാൻ
* പക്ഷിപ്രവരനുപായംനിരൂപിച്ചു കൊത്തിയെടുത്തങ്ങടന്നൊരുകൊ
മ്പതും * കൊണ്ടുജനകനിരിക്കുമിടംപുക്കാൻ കണ്ടിതുനന്ദനസങ്കടം
കാശ്യപൻ * ദണ്ഡമെന്തുണ്ണി!പരിശ്രമംതീർക്കേന്നു പണ്ഡിതൻ
താപസന്മാരെയിറക്കിനാൻ * ജന്തുക്കളില്ലാത്തദേശമരുൾചെയ്തു ചി
ന്തിച്ചിതിൻെറപതനംവരുത്തുവാൻ * നൂറായിരംയോജനവഴിചെ
ല്ലുമ്പോളാരുമില്ലാതഗിരിയുണ്ടവിടെയാം * തത്രകൊണ്ടക്കളഞ്ഞാന

യുമാമയും ക്ഷുത്തടക്കീടുവാൻഭക്ഷിച്ചനന്തരം * ദേവലോകംപുക്കമൃ
തെടുത്തീടുവാൻ ഭാവിച്ചിതുപവനാശനനാശനൻ *

ഗരുഡനെ തടുക്കേണ്ടതിനായി ദേവകളുടെ സന്നാഹം.

അപ്പോളമരലോകത്തുകാണായ്വന്നു മുല്പാടുദുന്നിമിത്തങ്ങൾപലത
രം * ജംഭാരിസംഭ്രമിച്ചമ്പരമായ്ഗ്ഗുരു തൻപദാംഭോരുഹംകുമ്പിട്ടു
ചോദിച്ചാൻ— * ദാരുണദുന്നിമിത്തങ്ങൾകാണായതിൻ കാരണമെ
ന്തെന്നരുൾചെയ്കശീഘ്രതേ! * കേൾക്കമഹേന്ദ്ര!തവാപരാധത്തിനാ
ലോക്കമരീചിപതാപസന്മാരുടെ * വാച്ചതപോബലംകൊണ്ടുളനാ
കിയ കാശ്യപപുത്രൻവിനതാത്മജനിപ്പോൾ വന്നിവിടെക്കലഹിച്ചു
വാമ്മെജ്ജയിച്ചിന്നമമൃതവൻകൊണ്ടുപോംനിശ്ചയം * എന്നാലവ
നോടുയുദ്ധത്തിനായിട്ടു നിന്നീടുവിൻനിങ്ങളെല്ലാരുമൊന്നിച്ചു * ദണ്ഡ
മെന്നാലുംജയിപ്പതിനെന്നതു പണ്ഡിതനായഗ്ഗുരുവരുൾചെയ്തപ്പോൾ*
ഇന്ദ്രനമൃതുംകലശവുംകാക്കുന്ന വൃന്ദാരകാധിപന്മാരോടുചൊല്ലിനാൻ
* പണ്ടുകേട്ടിട്ടില്ലയാതവിശേഷങ്ങ ളുണ്ടുകേൾക്കുന്നിതറിവിനെല്ലാവ
രും * ലോകത്രയത്തിന്നുനായകനാകിയോ രാഖണ്ഡലനാകുമെന്നോ
ടുപോരിനായ് * ഇന്നൊരുപക്ഷിവരുമെന്നുകേൾക്കുന്നു നിന്നുകൊൾ
വാൻപണിയെന്നുംപറയുന്നു * വഹ്നിയുംകാലനുംവീരൻനിരൃതിയും
ധന്യൻവരുണൻജഗൽപ്രാണദേവനും * ഈശസഖിതാനുമീശനുമി
ന്ദ്രനു മീശാത്മജനായസേനാപതിയുമായ് * നില്ക്കണമാശുപൂരമ
തിൽക്കപ്പുറം ഭാസ്കരന്മാരോടുരുദ്രസമൂഹവും * പോക്കൊരുമിച്ചുറ
പ്പിച്ചുനിന്നീടുവിൻ പാക്കണമോടരുതാരുമൊരുത്തരും * അഷ്ടവസു
ക്കൾമരുത്തുക്കൾതന്മാരോടും തട്ടുകേടുണ്ടാമിടത്തടുത്തീടണം * അശ്വി
നിദേവന്മാർവിശ്വദേവന്മാരും പശ്ചാൽഭയംതീർത്തുറപ്പിച്ചുനിൽക്കണം
* വ്യൂഹമിളകുന്നതാശുസൂക്ഷിക്കണം ഹുഹൂസമന്വിതംഹാഹാനിര
ന്തരം * പത്തുനൂറായിരംകോടിഗന്ധർവ്വന്മാർ ചിത്രരഥനോടുമുമ്പി
ലെതിർക്കണം * യക്ഷവീരന്മാരൊരുമിച്ചുനില്ക്കണം പക്ഷരോഗങ്ങളെ
രക്ഷിച്ചിളകാതെ * മാണിഭദ്രൻധൃതരോഷ്ഠൻസുവീരനും ത്രാണനിപു
ണനാകുംപൂർണ്ണഭദ്രനും * ചാഞ്ചല്യമേതുമില്ലാതെവിരൂപാക്ഷൻ വാ
ഞ്ചികനായപടയാളിവീരനും * ചണ്ഡപരാക്രമനായവിഭണ്ഡകൻ
ഭിണ്ഡിപാലായുധൻദണ്ഡവരായുധൻ *സിദ്ധവിദ്യാധരഗന്ധർവ്വകിന്ന
ര മൃത്യുരക്ഷോഗണയക്ഷഭൃതാദികൾ * ഗുഹ്യകവീരപിശാചപ്രവര
രും മുഖ്യന്മാരായ്മറ്റുമുള്ളയോദ്ധാക്കളും * യുദ്ധത്തിനേതുമൊരുകുറ
വെന്നിയെ ബദ്ധരോഷേണനില്ക്കണംജയിപ്പോളം * ഇത്ഥംപെരു
മ്പടകൂട്ടിമഹേന്ദ്രനും പത്രിപ്രവരൻവരുന്നതിൻമുന്നമേ * എല്ലാമൊ
രുപക്ഷിതാനേവരുന്നതി നെല്ലാവരുംഭയപ്പെട്ടുസുരജനം * എന്നുസൂ
തൻപറഞ്ഞീടിനനേരത്തു മന്ദസ്മിതംചെയ്തുചോദിച്ചുശൗനകൻ *
എന്തുമരീചിപതാപസന്മാരോ ടിന്ദ്രൻപിഴചെയ്തതെന്നുപറയണം
* ഇന്ദ്രാപരാധംപറഞ്ഞതരാമെന്നു വന്ദിച്ചുസൂതനുംചൊല്ലിത്തുടങ്ങി
നാൻ *

ഇന്ദ്രാപരാധം.

അംഭോജസംഭവപുത്രൻമരീചിക്കു സംഭൂതനായൊരുകാശ്യപതാ
പസൻ * മുമ്പൊരുയാഗംതുടങ്ങിയതിനായി ട്ടമ്പരെല്ലാരുംതുണച്ചാർ
വഴിപോലെ * ജംഭാരിതന്നെസമിദാഹരണാർത്ഥം മുമ്പിൽനടന്നുവ
ഴിയെനിലിമ്പരും * ഉമ്പരിൽമുമ്പനാംവൻപൻശതമഖൻ മുമ്പിൽ
ചമതയുംകൊണ്ടുവരുന്നേരം * അംഗുഷ്ഠമാത്രശരീരികളാകിയ മംഗല
ന്മാരാംമരീചിപതാപസർ * എല്ലാരുമായ്ചെറിയൊരുചമതക്കോ
ലല്ലൽമുഴുത്തുപൂണ്ടെല്ലാരുംകൂടുമാ * റെത്രയുംവീർത്തുചീർത്താർത്തുവരു
ന്നേരം മൃത്തമന്മാർക്കൊരുസങ്കടമുണ്ടായി * പദ്ധതിതന്നിടെമദ്ധ്യേഭവി
ച്ചിതോ രുദ്ധിയതായതെന്തെന്നുചൊല്ലുന്നേമോ * കറുകുളമ്പി
ലെവെള്ളമതിൽവീണു പറ്റിപ്പിടിച്ചുഴന്നാനന്തരം * ചെറുപരി
ഹസിച്ചാടിക്കടന്നുപോയ് കുറ്റമുണ്ടെന്നതോരാതെമഹേന്ദ്രനും *
പാരംപരിഹസിച്ചീടുന്നവർകൾക്കു ഘോരനരകമെന്നുണ്ടുവേദോക്തി
കൾ * എന്നതിലുംദ്വിജന്മാരെപ്പരിഹസി ക്കുന്നതിനെത്രനരകംഭുജി
ക്കണം * ആകയാലിന്ദ്രനിവനല്ലിനിയെന്നു ഭാഗവതന്മാർതപസ്സുതുട
ങ്ങിനാർ * ഭീതിപൂണ്ടിന്ദ്രനുംകാശ്യപൻതന്നോടു ഖേദംകലർന്നുപറ
ഞ്ഞതുകേൾക്കയാൽ * താപസന്മാരെവിളിച്ചരുളിച്ചെയ്തു താപംമഹേ
ന്ദ്രനുപോക്കുവാൻകാശ്യപൻ * നീക്കംവരുത്തരുതിന്ദ്രനെനിർണ്ണയം
നീക്കംവരാനിങ്ങൾചിന്തിച്ചതുമോർത്താൽ * പക്ഷീന്ദ്രനായിട്ടൊരുവ
നുണ്ടാമവൻ ശക്രപ്രതാപംകെടുക്കുമറിഞ്ഞാലും * പാരംപ്രഭുതാമു
ണ്ടെന്നങ്ങിരിക്കിലു മാരുംകൃശന്മാരെനിന്ദിയായ്കെന്നതും * കാശ്യ
പൻവാസവനോടുചൊല്ലീടിനാൻ കാശ്യപപുത്രചരിത്രമിനിച്ചൊ
ല്ലാം:—

ഗരുഡന്റെ ദേവലോകപ്രാപ്തിയും സുധാഗ്രഹണവും.

കോടിദിവാകരസംവർത്തകാഗ്നികളോടൽ തേടീടുന്നദീപ്തികലർന്നവ
ൻ * ചണ്ഡതുണ്ഡോജ്ജ്വലവിഗ്രഹമോടുമാ ഖണ്ഡലൻതൻപുരം
പുക്കതിവേഗത്താൽ * ചെയ്തപരാക്രമംചൊൽവാൻപണിപണി കൈ
തവമല്ലപറയുന്നതേതുമേ * ഏകൻനിരായുധനായഗരുഡനു മേകീഭ
വിച്ചോരുദേവസമൂഹവും * തമ്മിലുണ്ടായൊരുയുദ്ധകോലാഹലം
ബ്രഹ്മാദികൾക്കുംഭയപ്രദംനിർണ്ണയം * വജ്രവുംശക്തിയുംദണ്ഡവും
ഖഡ്ഗവും പാശവുമങ്കുശവുംഗദാശൂലവും * ബ്രഹ്മാസ്ത്രമാദിയാ
മസ്ത്രസമൂഹവും ചെമ്മേവൃഥാഫലമെന്നായ്ചമഞ്ഞുതേ * സാ
ക്ഷാൽജഗന്മയനാരായണൻ താർക്ഷ്യനാകുന്നതിനില്ലസംശ
യം * തുണ്ഡപതത്രനഖാദികളേറ്റാരാ ഖണ്ഡലനാദികൾമോ
ഹിച്ചുവീണിതേ * പീയൂഷകുംഭപാർശ്വംപ്രവേശിച്ചപ്പോൾ തീയെ
രിയുന്നതുകാണായിതേറ്റവും * ആയിരംകോടിമുഖങ്ങളുണ്ടാക്കീട്ടു
വായിൽനദികളെക്കൊണ്ടുചെന്നീടിനാൻ * തീയുംപൊലിച്ചങ്ങന
ഞ്ഞൊരുനേരമൊ രായിരമായിരമസ്ത്രങ്ങളുള്ളൊരു * ചക്രംഭയങ്കരമാ
യുണ്ടുനേരത്തുപുക്കാനതികൃശനായവറ്റിന്മദ്ധ്യേ * പിന്നെയുമങ്ങണ

ഞ്ഞീടുന്നനേരത്തു പന്നഗേന്ദ്രന്മാരിരുവരെക്കാണായി * ആശീവിഷ
വരന്മാരവർനോക്കുകിലാശ്ശുദഹിച്ചുപോമെവരുംനിശ്ചയം * ധൂളിജാ
ലംവരിഷിച്ചുഗരുഡനും കാളസർപ്പങ്ങൾക്കുനേത്രങ്ങൾമൂടിനാൻ * യ
ന്ത്രവുംഭേദിച്ചുപീയൂഷവുംകൊണ്ടൊരന്തരമെന്നിയേ പോകുന്നതുനേരം
കണ്ടുവഴിയിൽനിന്നപ്പോൾമുകുന്ദൻ വൈകുണ്ഠനസുരാരിനാരായണൻ
പരൻ * കൊണ്ടാടിക്കൊണ്ടരുൾചെയ്തുവരങ്ങൾ നീകൊണ്ടുകൊള്ളെ
ന്നോടുവേണ്ടതുനൽകുവൻ * എന്നരുൾചെയ്തോരുനാഥനെവന്ദിച്ചു
നന്നായ്സ്തുതിച്ചുപറഞ്ഞുഗരുഡനും * സർവ്വലോകേശ്വര! കാരുണ്യവാ
രിധേ! ഗർവ്വവിനാശന! ലക്ഷ്മീപതേ! ഹരേ! * എന്നുംജരാമരണാദിക
ൾകൂടാതെ വന്നീടവേണംസുധാപാനംചെയ്യാതെ * എല്ലാംനിന
ക്കൊത്തവണ്ണംവരികെന്നു കല്യാണമൂർത്തിയനുഗ്രഹിച്ചീടിനാൻ * എ
ന്തടിയനൊന്നുവേണ്ടതരുൾചെയ്തി ലന്തരമെന്നിയേചെയ്യുന്നൊന്നാന
വൻ * എങ്കിലിനിക്കുനീവാഹനമാകണ മെൻകൊടിക്കങ്കവുംനീയാ
യിരിക്കണം * തമ്പുരാനേ! നിന്തിരുവടികല്പിച്ചാലെൻപെരുമാനേ!
ഇളക്കമില്ലൊന്നിനും * ശംഭുവിരിഞ്ചാദ്യഖിലപ്രപഞ്ചവും കമ്പിതഭ്രൂ
വിലാസോത്ഭവംതേ പ്രഭോ! * നാരായണനുംഗരുഡനുംതങ്ങളി ലോ
രോന്നിവണ്ണംപറഞ്ഞുനില്ക്കുന്നേരം * ഈർഷ്യാവശാലമരേന്ദ്രൻഗരുഡ
നെ ദ്വേഷ്യംകലർന്നുതൻവജ്രംപ്രയോഗിച്ചാൻ * താർക്ഷ്യനുമപ്പോള
വനോടുചൊല്ലിനാൻദാക്ഷ്യംപെരികെയുണ്ടെത്രയുംനന്നുനീ * നിന്നെ
ക്കണക്കെമഹതാമതിക്രമമിന്നെനിക്കില്ലെന്നറിക മഹേശ്വര! * അന്ത
മില്ലാതദധീചൻതപസ്സിനൊരന്തരംഞാൻവരുത്തീടുകയില്ലെടോ! *
ശാന്തബുദ്ധ്യാപുനരിത്ഥംപറഞ്ഞുടൻ ചെന്താമരാക്ഷപ്രിയനാംമഹാ
ബലൻ * തൂവലിലൊന്നുപറിച്ചെറിഞ്ഞീടിനാൻ ദേവേന്ദ്രനായ്ക്കൊണ്ടു
പക്ഷികുലേശ്വരൻ * ഇന്ദ്രൻപവനാശനാശനൻതന്നോടു മന്ദസ്മിതം
ചെയ്തുചൊല്ലിനാനന്നേരം * സഖ്യമിനിനമ്മിലുണ്ടായിരിക്കണം വിക്ര
മംതാവകംകേൾപ്പിക്കയുംവേണം * അപ്പോളമരാധിപനോടുചൊല്ലി
നാനല്പസാരജ്ഞജ്ഞളപ്രഭോ! കേൾക്കനീ * ആത്മപ്രശംസാമരണാൽപ
രമെന്നു താത്മാവിലുണ്ടെന്നിരിക്കിലുംചൊല്ലുവൻ * സഖ്യമുണ്ടാകയാല
ല്ലായ്കിൽനിന്നുടെ ധിക്കാരവുംപോകയില്ലെന്നുനിർണ്ണയം * ദുർബ്ബോധ
മുള്ളവരോടുചൊല്ലായ്കിലോ സൽബോധമുണ്ടാകയില്ലവർക്കെന്നുമേ *
സപ്താചലങ്ങളുംസപ്താംബുധികളുംസപ്തദ്വീപാന്വിതസപ്തലോകങ്ങളും
* പക്ഷപുടംകൊണ്ടെടുത്തുപറപ്പൊരു പക്ഷിപ്രവരനെന്നെന്നെയറിക
നീ * അപ്പോളനുനയമോടുശതക്രതു സൽപ്പക്ഷിയെപ്രതിമാനിച്ചുചൊ
ല്ലിനാൻ * ഇത്രയെല്ലാംമഹാത്മാവുളരുംഭവാ നബ്ധിജമാമമൃതംകൊ
ണ്ടുകിംഫലം? മാതാവിനുള്ളൊരുദാസ്യമൊഴിക്കെന്നിയേതുമനിക്കില്ലി
തിലൊരുകാംക്ഷിതം * മാതൃദാസ്യമിതുകൊണ്ടുവീണ്ടാൽപുന രാദര
വോടുമിനിക്കുതരേണംനീ * വേണ്ടുംവരംതരുന്നുണ്ടുഞാനെന്നോടു വേ
ണ്ടാവിരോധവുമിന്നുതൊട്ടിന്നിമേൽ * ഇത്തരംവാക്കുകൾകേട്ടുഗരുഡ
നും ചിത്തമോദാൽമരുത്വാനോടുചൊല്ലിനാൻ * ശക്ര!ശതക്രതോ!

വിക്രമവാരിധേ! ചക്രായുധപാദഭക്തജനോത്തമ! * ചക്രികളാകിയദു
ഷ്കൃതജന്തുക്കൾ വക്രശീലാകൃതിയുള്ളവർമിക്കതും * ദുഃഖംജഗദ്വാ
സികൾക്കവരുത്തുവോ രക്ഷമന്മാരായചക്ഷുഃശ്രവണന്മാർ * പക്ഷിശ
നാംമമഭക്ഷണമാകണം രക്ഷഭ്രുവാസികൾക്കുണ്ടാകുവാൻവിഭോ! * എ
ല്ലാം നിനക്കൊത്തവണ്ണംവരികെന്നു നല്ലവരങ്ങൾകൊടുത്തുമഹേന്ദ്ര
നും * ജംഭാരിയുംകൂടെപിമ്പേനടകൊണ്ടാൻ വൻപനാംതാർക്ഷ്യനും
നാഗാലയംപുക്കാൻ * കണ്ടുകൊണ്ടാലുമമൃതകലശവും കൊണ്ടുവന്നേ
നമരന്മാരെവെന്നുഞാൻ * ശാസ്യമായുള്ളതിനിയുമുണ്ടോബഹു ലാ
സ്യോത്തമന്മാരേ! സാദ്ധ്യമെനിക്കെല്ലാം * ദാസ്യമൊഴിപ്പതിനെന്തി
നിവേണ്ടതു ഹാസ്യമല്ലപറയുന്നതറിഞ്ഞാലും * ഏതുമിതിൽപരമെ
ന്തിനിവേണ്ടതു സാധിച്ചിതുഞങ്ങൾചിന്തിച്ചതെല്ലാമേ * ഇപ്പോൾ
തുടങ്ങീട്ടൊഴിഞ്ഞിതുദാസ്യവു മത്ഭുതവിക്രമ! പക്ഷികുലോത്തമ! * ദർ
വിരിച്ചുസുധാകലശംവച്ചു സർപ്പവൃന്ദംകുളിപ്പാൻപുറപ്പെട്ടു * ആച
മനാദ്യനുഷ്ഠാനങ്ങളുംകഴിച്ചാ ശീവിഷന്മാർവരുന്നതിൻമുന്നേമേ * ആ
ശുപീയൂഷകലശമെടുത്തുകൊണ്ടാശുഗവേഗാൽമറഞ്ഞുമഹേന്ദ്രനും *
വഞ്ചിതന്മാരായനാഗങ്ങളുമമൃതാഞ്ചിതമായധരാതലംനോക്കിനാർ *
കുഞ്ചിതഗ്രീവന്മാരായവരൊക്കവേ സഞ്ചിതദർഭാഞ്ചിതസ്ഥലംനക്കി
നാർ * ദർഭാസിധാരയാരണ്ടായ്ചമഞ്ഞിതു സർപ്പകുലത്തിനുജിഹ്വയു
മക്കാലം * ഇക്കഥചൊൽകയുംകേൾക്കയുംചെയ്വോർക്കു ദുഃഖമകന്നുഗതി
വരികെന്നതു * പക്ഷികുലോത്തമൻതാനരുളിച്ചെയ്തു പക്ഷഭേദമതിനി
ല്ലൊരുവർക്കുമേ *

സർപ്പങ്ങളുടെ പേരും പ്രകൃതവും മററും.

സൂതനീവണ്ണംപറഞ്ഞതുകേട്ടതി മോദംകലർന്നൊരുശൗനകൻ
ചോദിച്ചു * കദ്രുവിനാദിയിലുണ്ടായപുത്രന്മാ രെത്രയുണ്ടെന്നുമവരുടെ
നാമവും * ഭദ്രമതേ!സൂത!കേൾക്കയിലാഗ്രഹമെത്രയുമുണ്ടതുചൊല്ലുകി
ൽനന്നെടോ * ചൊല്ലുവാനാവതല്ലതുമേസംഖ്യയു മില്ലവർക്കാകയാ
ലൊന്നുകേട്ടീടുവിൻ * ആറുനൂറായിരത്തിൽപുറംപിന്നെയു മേറെയുണ്ടു
ള്ളതിൽപ്രധാനന്മാരിൽ * ആറേഴുപേരുടെനാമങ്ങൾചൊല്ലുവാൻ
കൂറീടുവാൻപണിയുണ്ടുമറെറാക്കവേ * മുൻപിലനന്തനുംവാസുകിതക്ഷ
കൻ വൻപനാംകാർക്കോടകന്മഹാപത്മനും * പത്മനുംശംഖപാ
ലാഖ്യൻനഹുഷനും കാളിയനൈരാവതമണിനാഗനും * പിംഗ
ലൻഹേമഗുഹൻശംഖിമുൽഗരൻ നല്ലദധിമുഖൻതാനുംമനോമുഖൻ
* നിർമ്മലൻപിണ്ഡകനുംകുമുദാക്ഷനും സംവൃത്തനുംവൃത്തനുംഗജപാദ
നും * ശംഖനഖനജനശരൻപാണ്ഡരൻ പുഷ്കരൻഭീഷണൻകൌ
രവൻശമ്യകൻ * ശ്രീവഹൻപുഷ്കലനുംധൃതരാഷ്ട്രനും മൂഷികഭക്ഷൻ
സുബാഹുഹരിഭദ്രകൻ * ശംഖശിരസ്സുംമഹാപൃഷ്ഠദംഷ്ട്രനും കുഞ്ജ
രൻപീഠരകൻഗജഭദ്രനും * കുണ്ഡോദരൻകോണനാസൻമഹോദരൻ
വീരൻപ്രഭാകരൻചാരുവിഷായുധൻ * ഘോരമുഖരനെന്നിത്യാദിനാ
ഗങ്ങൾഅററമില്ലാതോളമുണ്ടിവർസന്തതി കുററമില്ലാതവരുംചിലരു

ണ്ടതിൽ * ആയിരമെണ്ണൂറുമഞ്ഞൂറുമുന്നൂറു മേഴഞ്ചുമൂന്നൊന്നുമായതല യുള്ളോർ * ആയുസ്സിനുംഭേദമുണ്ടിവർക്കെല്ലാക്കു മായതനങ്ങളുംവേറു ണ്ടുനിർണ്ണയം * അന്തരിക്ഷസ്വർഗ്ഗഭൂമിപാതാളങ്ങൾ സിന്ധുവനഗി രിവൃക്ഷാദികളിലും * നിത്യസുഖത്തോടിരിക്കുന്നവർകളിൽ തത്ത്വ ബോധാദിയുമുണ്ടു ചിലർക്കെല്ലാം * എന്നിതുസൂതൻപറഞ്ഞോരനന്ത രം പിന്നെയുംശൌനകമാമുനിചോദിച്ചു * അഗ്നിയിൽവീണുചാകെ ന്നുനാഗങ്ങളെ കദ്രുശപിച്ചോരനന്തരമെന്തവർ * ചെയ്തതെന്നമ്മുനി ചോദിച്ചതുകേട്ടു കൈതൊഴുതാദരവോടുചൊല്ലീടിനാൻ:—

അനന്തൻെറ തപസ്സ്.

ശാന്തനായുള്ളോരനന്തനനന്തരം ശാന്തതയോട്ടുമില്ലാതെധാ താവിനെ *ചിന്തിച്ചുപോയിത്തപസ്സുതുടങ്ങിനാൻ ബന്ധമോക്ഷപ്രഭേ ദാവലോകാത്മനാ * പുണ്യദേശംഗന്ധമാദനംപ്രാപിച്ചു നിന്നുതപ സ്സോടനേകായിരത്താണ്ടു * പിന്നെയവ്വണ്ണംബദര്യാശ്രമത്തിങ്കൽ ചെ ന്നുസുഖേനതപസ്സുചെയ്താൻചിരം * പുക്കിതുഗോകർണ്ണമൊട്ടുനാൾ പിന്നെയും പുഷ്കരാരണ്യംപ്രവേശിച്ചിതുപിന്നെ * ദുഃഖമകന്നുഹി മാചലത്തിങ്കലു മുൾക്കാമ്പുറച്ചുതപസ്സുചെയ്താൻതുലോം * നന്ദിച്ചെ ഴുന്നരുളീചതുരാസ്യനും വന്ദിച്ചുകൂപ്പിസ്തുതിച്ചാനനന്തനും * വൃഗ്രിക്കു വേണ്ടവരംതരുന്നുണ്ടുഞാ നുഗ്രമായുള്ളതപസ്സിനിനിർത്തുക * ലോക ത്രയത്തിനുചൂടുപിടിച്ചിതു ഭോഗിപ്രവര!തപോബലംകൊണ്ടുതേ * നിർമ്മലനാകുമനന്തനതുനേരം ബ്രഹ്മാവിനെത്തൊഴുതാശുചൊല്ലീടി നാൻ * വൈരംവിനതയോടുംഗരുത്മാനൊടും പാരമുണ്ടമ്മയ്ക്കുംഭ്രാതൃ ജനങ്ങൾക്കും * അമ്മയ്ക്കുമെന്നനുജന്മാർക്കുമുള്ളൊരു ദുർമ്മതികണ്ടുസഹി യാഞ്ഞവരൊടും * നെിച്ചിരിപ്പാനരുതെന്നുകല്പിച്ചു നിന്നുതപസ്സോ ടുദേഹത്യാഗംചെയ്യുവൻ * എല്ലാമറിഞ്ഞിരിക്കുന്നതുഞാനെടോ! ചെ ല്ലാനിനക്കുധർമ്മത്തിങ്കൽമാനസം * ഭൂതലമൊക്കവേനീധരിച്ചീടുക ഭൂധരനുംപ്രിയനായ്വരികാശ്രുനീ * പക്ഷീന്ദ്രനുംനീയുമൊന്നിച്ചിരിക്ക ണം ലക്ഷ്മീപതികലാംശോത്ഭവന്മാർനിങ്ങൾ * ശേഷിയാതെമമാ ണ്ഡംദഹിക്കുമ്പൊഴും ശേഷിക്കനീയെന്നനുഗ്രഹിച്ചീടിനാൻ * ശേ ഷനുംപാതാളലോകമകംപുക്കശേഷം തെളിഞ്ഞിതുലോകങ്ങളുമെല്ലാം.

ശാപഭയം ഒഴിപ്പാൻ ഭോഗികളുടെ അഭിപ്രായഭേദം.

അഗ്രജൻപോയതറിഞ്ഞൊരു വാസുകി വ്യഗ്രിച്ചവരജന്മാരോടു ചൊല്ലിനാൻ * മാതൃശാപംതടുക്കാവല്ലൊരുത്തനും ഭ്രാതാക്കളേയ തെല്ലാനമുക്കായതും * എന്നാലുമാപത്തുവന്നാൽനിരൂപണ മെന്നി യേമറെറാന്നുമാവതുമില്ലല്ലോ * അക്രമസാധ്യമായില്ലൊരുകാര്യ വും ഓർക്കവിവേകമുണ്ടെന്നുവരുന്നാകിൽ * നല്ലതിനിയെന്തിതി നെന്നുസന്തത മെല്ലാവരുമൊരുമിച്ചുചിന്തിക്കണം * ശാപബലം കൊണ്ടുവംശംമുടിച്ചിടും ഭൂപൻജനമേജയൻതന്മഹാക്രതു * നാ മതുചെന്നുമുടക്കേണമെങ്കിലേ ക്ഷാമംവരുന്നമുക്കെന്നതുനിർണ്ണയം * അ

ജ്ഞന്മാരായ് ചെന്നപേക്ഷിച്ചു യാഗത്തി നന്തരം നാം വരുത്തീടുകെന്നു ചി
ലർ * മന്ത്രികളായ് ചെന്നു സേവിച്ചു നിന്നു നാം ചിന്തിച്ചതെന്നു ചൊല്ലു
കെന്നു ചിലർ * ബ്രാഹ്മണർ ക്രിയ ചെയ്യുന്നതാകയാൽ ബ്രാഹ്മണരായ്
ചെന്നു ശാലയിൽ പുക്കു നാം * ധാൎമ്മികന്മാരായ് ക്രിയയ്ക്കു കൂടെക്കൂടെ ബ്രാ
ഹ്മണരെക്കടിച്ചാശു കൊന്നീടുക * മന്നവൻ തന്നെയും പിന്നെക്കടിച്ചു കൊ
ന്നെന്നേ സുഖമേവ സിക്കനാമെല്ലാരും * ഭൂദേവന്മാരെ വധിക്കരുതെന്നു
മേ ഖേദമെന്നാലൊരു നാളുമൊടുങ്ങുമോ? * ശാപഭയ പരിഹാരം വരു
ത്തുവാൻ പാപകരങ്ങളായുള്ളവ നന്നല്ല * അഗ്നിശമനത്തിനഗ്നി നന്ന
ല്ലല്ലോ മഗ്നമാക്കേണം ജലത്തിലതേ നല്ലു * എങ്കിൽ ജനമേജയനാം നര
പതി ശങ്കാവിഹീനം ജലക്രീഡ ചെയ്യുമ്പോൾ * കൊണ്ടുപോകേണം
നാം പാതാളലോകത്തു കണ്ടുകൊള്ളാം പിന്നെ യാഗവുമന്നേരം * വേർ
പിരിഞ്ഞാൽ മരം കായ്ക്കയില്ലെന്നതി കോപികളാം ചില ഭോഗികൾ ചൊ
ല്ലിനാർ * കല്പാന്തജീമൂതകല്പവപുസ്സോടു മബ്ധികളേഴു മലറുന്ന
തുപോലെ * ദിഗ്ഭ്രമമാം വണ്ണമഭ്രം നിറഞ്ഞു നാ മഭ്രനാദഭ്രമമുത്ഭവി
പ്പിച്ചു കൊണ്ടെത്തു താകാരം വരിഷിച്ചു പാവകൻ * ദീപ്തി കെടുത്തുടൻ
തൽപ്രദേശം വിഷവ്യാപ്തമാക്കേണമെന്നാൽ മുടങ്ങും മഖം * സൎപ്പപ്രവ
രന്മാർ നാനാവിധം മതമിപ്രകാരങ്ങൾ പറഞ്ഞോരനന്തരം * വാസു
കിയാകിയ നാഗാധിപൻ ചൊന്നാ നാസുരമായ മതമിവയൊക്കവേ *
എല്ലാവരുമൊന്നിനിയും നിരൂപിക്ക നല്ലതു തോന്നീടുവോളമെന്നേ
തുവേണ്ടു * ചെന്നിലെനിക്കിവയൊന്നുമാപത്തികൾ തോന്നുകയില്ല
ല്ലോ നല്ലതൊരുവനും * കാലാനുരൂപമായുള്ള വിവേകവും കാലാരി
യോടു ചൊല്ലിപറഞ്ഞാൻ വിധി * വേലയത്രേ വിവേകം വിനാശത്തി
ങ്കൽ മാലൊഴിപ്പാൻ നിരൂപിപ്പിനിന്നും നിങ്ങൾ * ഇങ്ങനെ വാസു
കി ചൊന്നോരു വാക്കുകൾ മംഗലമാമ്മാറു കേട്ടോരനന്തരം * ഏലാ
പത്രൻ തൊഴുതൊന്നു ചൊല്ലീടിനാ നേലാപലക്ഷ്മിതെങ്കിലും കേൾക്ക
ണം * വ്യാധിയറിഞ്ഞു വേണം ചികിത്സിപ്പതിന്നേതൊരു വൈദ്യനുമെ
ന്നു ധരിക്കണം * അമ്മ കോപം പൂണ്ടു നമ്മെ ശപിച്ചനാൾ നിൎമ്മലന്മാ
രായ ദേവകളെല്ലാരും * അംഭോജസംഭവൻ തന്നോടു ചോദിച്ചാർ ത
മ്പുരാനേ! തിരുവുള്ളത്തിലേറിലേ * കദ്രുശാപം കൊണ്ടു നാഗകുലമെ
ല്ലാ മഗ്നിയിൽ വീണൊടുങ്ങീടും ദയാനിധേ! * സൃഷ്ടിച്ചു ജന്തുക്കളിൽ ചി
ലതിങ്ങനെ നഷ്ടമായ് പോവതൊഴിച്ചരുളേണമേ * എന്നതു കേട്ട
രുൾ ചെയ്തു കമലജൻ ഇന്നറിയാഞ്ഞതടങ്ങീടുകയല്ല ഞാൻ * ദുഷ്ടർ കടി
ച്ചു കൊന്നീടും പലരെയും ഒട്ടൊടുങ്ങേണമെന്നിട്ടു തന്നേയതും * ശിഷ്ടരാ
യുള്ളോർ മരിക്കയുമില്ലിതിൽ ശിഷ്ടമെന്തെന്നു ചൊല്ലാം വിബുധന്മാരേ!
* അത്രവരകുലജാതൻ ജരൽക്കാരു ഭാൎയ്യയവനു ജരൽക്കാരുവായ്‌വരും *
അററമില്ലാത ഗുണങ്ങളോടുമവൾ പെററുടനുണ്ടാകുമസ്തികനാം മുനി *
അക്ഷികൎണ്ണാന്വയരക്ഷ വരുത്തുവാൻ ദക്ഷനവനെന്നറികമരന്മാരേ!
വാനവരോടജനിങ്ങനെ ചൊന്നതു ഞാനറിഞ്ഞേനിനി വേണ്ടതു വൈ

കാതെ * സോദരിയായജരൽക്കാരുനാരിയെ സ്സാദരംനൽകുജരൽ
ക്കാരുവിന്നെടോ * എന്നിതേലാപത്രവാക്യങ്ങൾകേൾക്കയാൽ നന്ദി
തന്മാരായ് ചമഞ്ഞിതുനാഗങ്ങൾ * വാസുകിപണ്ടുപാലാഴികടഞ്ഞ
നാൾ പാശമായാനെന്നബന്ധുതപമോർത്തിട്ടു * നാശമവനവരായ്വാന
മരന്മാ രാശ്രുവിധിമതംചൊന്നാരവരനോടു * ശൌനകൻസൂതനോട
ല്പ്പാളരുൾചെയ്തിതാനന്ദമുണ്ടുനിൻവാക്കുകേൾക്കുംതോറും * എന്നുജ
രല്ക്കാരുനാമത്തിനർത്ഥമെ ന്നതർമ്മുദാപറഞ്ഞീടുകസൂത!നീ * ഭീഷണ
മായശരീരംദിനംപ്രതിശോഷണംചെയ്യുംതപസ്സാപുനരവൻ * കാര
ണംപാരതിന്നെന്നുവരുമെന്നു സാരനാംസൂതൻപറഞ്ഞാനന്തരം *

ശ്രീപരീക്ഷിത്തിനുണ്ടായ ശാപവൃത്താന്തം മുതലായതു്.

ചൊല്ലുശേഷംകഥയെന്നിതുശൌനകൻ ചൊല്ലിനാനാനന്ദമുൾ
ക്കൊണ്ടുസൂതനും * ഭാസ്വാപര ഗ്രഹണാഗ്രഹംകൂടാതെ പാരിൽജരല്ക്കാ
രുസഞ്ചരിക്കുംകാലം * ഇന്ദ്രാത്മജാത്മജനന്ദനൻഭൂപതി ചന്ദ്രാന്വ
യോത്ഭവൻ നായാട്ടിനുപോയാൻ * ദുഷ്ടമൃഗങ്ങളെനഷ്ടമാക്കിത്തനി
ക്കിഷ്ടമോട്ടംവിളയാടുന്നതുനേരം * അമ്പുകൊണ്ടോട്ടംമൃഗത്തെത്തിര
ഞ്ഞതിൻ പിമ്പേനടന്നിതുസത്വരംഭൂപതി * കാണാഞ്ഞുനീളെത്തിര
ഞ്ഞുഴന്നെത്രയും ക്ഷീണനായ്വന്നിതുപൈദാഹപീഡയാ * കാണായിത
ല്ലോളവിടെയൊരുമുനി താനേയിരിക്കുന്നതേതുമിളകാതെ * ഗോവത്സ
വക്ത്രഫേനാശനശീലനാം താപസനായശമീകൻമൌനവ്രതൻ * ചോ
ദിച്ചാനമ്മുനിയോടുഞാനെയ്തമ്പുവേധിച്ചു പോയമൃഗത്തെയുണ്ടോകണ്ടു
* താപസനൊന്നുമുരിയാടീലന്നേരം ഭൂപതിവീരനഭിമന്യുനന്ദനൻ *
കോപേനസര്പ്പശവത്തെ വിൽകൊണ്ടെടുത്താപത്തിനാൽവരുമെന്ന
തോരാതെ * താപസശ്രേഷ്ഠൻകഴുത്തിലിട്ടീടിനാൻ താപവുംപിന്നെ
നരപതിക്കുണ്ടായി * പാപമതിനാൽവരുമെന്നറിഞ്ഞവൻ ശോകേന
ട്ടംപുരിപുക്കിരുന്നീടിനാൻ * അന്നുവിധാതാവിനെക്കണ്ടനുഗ്രഹം ന
ന്നായ്ലഭിച്ചുസുരാലയംപൂക്കൊരു * ശൃംഗിയാകുന്നശമീകസുതനോടു
മംഗലാത്മാകൃശനായമുനിസുതൻ * ചൊന്നാൻപരിഹാസമോടഥ
ശൃംഗിയും തന്നുടെതാതവൃത്താന്തമറിഞ്ഞപ്പോൾ * താപമോടാചമ
നാദികളുംചെയ്തു ശാപമിട്ടീടിനാൻഭൂപതിതന്നെയും * ഇച്ചെയ്തകശ്മല
നായനൃപാധിപൻ നിശ്ചയമേഴാംദിവസംമരിക്കണം * തക്ഷകൻവ
ന്നുകടിച്ചെന്നരുൾചെയ്തു തൽക്ഷണംതാതനെക്കണ്ടിവചൊല്ലിനാൻ *
അപ്പോളറിഞ്ഞുശമീകനിവയെല്ലാം മുൾപ്പുവിലോത്തമകനോടരുൾ
ചെയ്തു *ഉണ്ണീ!ചെറുപ്പംനിനക്കറിവില്ലൊട്ടും പുണ്യവാനായഗുണവാൻ
മഹീപതി * സപ്തവ്യസനങ്ങളുണ്ടാംനൃപന്മാർക്കതെപ്പേരുമോക്കിൽപ്രജ
കൾപൊറുക്കണം * അപത്തിനായുള്ളസപ്തവ്യസനങ്ങൾ ശോഭിക്ക
യില്ലനൃപോത്തമന്മാർക്കും * സ്ത്രീസേവചൂതുനായാട്ടുസുരാപാനം
വാക്യപാരുഷ്യവുംദണ്ഡപാരുഷ്യവും വ്യഴാമതാമർത്ഥദൂഷണമായതും *
എന്നതിൽനായാട്ടുകൊണ്ടവൻബുദ്ധിക്കുവന്ന വികല്പത്തിനിങ്ങനെചെ
യ്യാമോ? *നല്ലരാജാക്കൾക്കൊരുപിഴയുണ്ടാകിൽ നല്ലവരോർത്തുപൊറു

ക്കുന്നതില്ലയോ? * മന്നവനിങ്ങനെ കർമ്മമാകുന്നതുമെന്നുടെ ദോഷമ
ല്ലെന്നിതുശൃംഗിയും * എന്നാലുമിത്ഥംശപിക്കരുതാരെയും വന്നുപോ
മെന്നാൽതപസ്സിനുനാശവും * ശിഷ്യനെയുംനിജപുത്രനെയുംഗുരു ശി
ക്ഷിക്കവേണംവളൎന്നാലുമോൎക്കനീ * എന്നരുൾചെയ്തുശമീകനനന്തരം
തന്നുടെശിഷ്യനാംഗൌരമുഖനോടു * തന്നെരഹസ്യമായ്‌വേറെയരുൾ
ചെയ്താനന്യരായുള്ളവരാരുമറിയാതെ * മന്നവനോടിവചൊന്നുനീ
ചൊല്ലണമെന്നയച്ചാനവൻവേഗേനഹസ്തിനം * ചെന്നുപുക്കന്ന
വൻതന്നോടുചൊല്ലിനാനെന്നോടുമൽഗുരുചൊന്നതുകേട്ടാലും! *
ജ്ഞാനമില്ലാതൊരുബാലൻമമസുതൻ ഞാനറിയാതെശപിച്ചരുളീടി
നാൻ * ദാരുണമായൊരുശാപമതെത്രയും ദാരുണമായോന്നുദൈവമത
ല്ലല്ലോ * തക്ഷകനാകിയചക്ഷുഃശ്രവണനു മക്ഷമനെത്രയും സൽക്ഷി
തിപാലക! * ഖാണ്ഡവകാനനദാഹകാലേപുരാ പാണ്ഡവന്മാരെക്കു
റിച്ചുള്ളവൈരവും * ഗാണ്ഡീവചാപധരാത്മജനന്ദന!താണ്ഡവംചെ
യ്യുന്നിതുള്ളിലവനിന്നും * ആകുന്നരക്ഷകൾചെയ്തുകൊണ്ടീടുക ഭാഗ
ധേയാനുരൂപംഫലംപിന്നേടം * എന്നിവചൊന്നൊരുഗൌരമുഖനോടു
മന്നവനാംപരീക്ഷിത്തുചൊല്ലീടിനാൻ * ക്ഷുൽപിപാസാദികൾകൊണ്ടു
ബുദ്ധിഭ്രമമല്ലജ്ഞനാമിനിക്കുണ്ടാകകാരണം * ദുൎഗ്ഗതിവാരാതിരിപ്പാനനു
ഗ്രഹമക്കരുണാനിധിക്കുണ്ടായിരിക്കണം * നിൎമ്മലനാംഭരദ്വാജപുത്രാ
ത്മജ ബ്രഹ്മാസ്ത്രശക്ത്യാമരിച്ചിതുമുന്നമേ * മാതാവുതന്നുടെഗൎഭപാത്രം
തന്നിൽ മാധവൻതൃച്ചക്രമോടുമകംപുക്കു * പൈതാമഹാസ്ത്രംതടുത്തു
രക്ഷിച്ചുടൻപൈതലാമെന്നെജനിപ്പിക്കയുംചെയ്താൻ * ദ്രോണപുത്ര
ബ്രഹ്മാസ്ത്രത്തിങ്കൽനിന്നു മൽപ്രാണനെരക്ഷിച്ചനാരായണൻജഗൽ *
കാരണൻകാരുണ്യപീയൂഷവാരിധി ചാരുചരണാംബുജംശരണംമമ *
നാരായണഹരേ!നാരായണഹരേ! നാരായണഹരേ!നാരായണഹരേ!
* ഭക്തപരായണ!മൃത്യുനിവാരണ!ഭുക്തിമുക്തിപ്രദ!ശക്തിയുക്തപ്രഭോ! *
സച്ചിൽപരബ്രഹ്മമൂൎത്തേ!പരമാത്മ നച്യുതാനന്ദ!ഗോവിന്ദ!മുകുന്ദ! മ
ച്ചിത്താലയാനന്ദ!കൃഷ്ണ!വിഷ്ണോഹരേ! * വിപ്രശാപംതടുക്കാവല്ലനി
ൎണ്ണയം ചില്ലുമാനാംനിന്തിരുവടിക്കുമതോ * മുല്ലാട്ടുവൃഷ്ണികുലവിനാശം
കൊണ്ടു നൽപ്പൂവിലുണ്ടതുംവൈഭവംതാവകം * പണ്ടേമരിച്ചോരി
നിക്കുമരണത്തി നുണ്ടാഭയമിന്നുനന്നായിതെത്രയും * മുമ്പേമരണമറി
യിച്ചതുമിനി ക്കെൻപെരുമാൻതന്നനുഗ്രഹംനിശ്ചയം * ആനന്ദബാ
ഷ്പമോടുംഗദ്ഗദാക്ഷര വാണികളോടുരോമാഞ്ചവുംപൂണ്ടവൻ * സച്ചി
ൽപരബ്രഹ്മണിലയിച്ചാനന്ദ നിശ്ചലനായ്മുഹൂൎത്തംനിന്നരുളിനാൻ
* ബുദ്ധിയുംബ്രഹ്മപൂൎണ്ണാബ്ധിയിൽ നിന്നുടനുദ്ധരിപ്പിച്ചുലോകാത്മ
നാചൊല്ലിനാൻ * സൎപ്പംകടിച്ചുമരിച്ചാൽഗതിയില്ലെന്നിബ്ഭൂതല
ത്തിങ്കലുണ്ടുജനശ്രുതി * വിപ്രശാപത്തിനുപിൽപാടുനല്ലതെന്നല്ലോതര
ജ്ഞന്മാർചൊല്ലിയുംകേൾപ്പുണ്ടു * സൌഖ്യവുംദുഃഖവുംമൃത്യുവുംജന്മവും
സ്വൎഗ്ഗനരകജരാനരശീതോഷ്ണം * ഇത്യാദ്യനേകവിധംദ്വന്ദ്വജാലങ്ങ
ൾ മിത്ഥ്യയത്രേമഹാമായാഗുണവശാൽ * അദ്വയനവ്യയൻ പൂൎണ്ണനേ

കൻ പരൻനിത്യൻനിരുപമൻനിൎഗ്ഗുണൻനിഷ്കളൻ * നിശ്ചലൻ
നിൎമ്മലൻനിസ്പൃഹൻനിൎമ്മമനച്യുതനാദ്യനനന്തനാനന്ദാത്മാ * നി
ൎവ്വികാരൻനിരാകാരൻനിരാധാരൻ നിൎവ്വികല്പൻനിരാഖ്യാനൻനിരാമ
യൻ * സത്യജ്ഞാനാനന്താനന്ദാമൃതന്മായാ കൃത്യകൎത്താഭൎത്താഹൎത്താജ്ഞ
ഗല്പിതാ * വേദസ്വരൂപൻവേദാൎത്ഥസാരാത്മകൻ വേദവേദാംഗവേ
ദാന്തവേദ്യൻപരൻ * ശുദ്ധൻപരമൻപരാപരനീശ്വരൻ കൂടസ്ഥന
വ്യക്തനാദിനാഥൻശിവൻ * ശാന്തനാത്മാരാമനാത്മപ്രിയൻജഗൽ
കാന്തനാത്മപ്രദൻവിശ്വപതിഹരി * കൃഷ്ണൻയദുപതിസല്പതിമല്പതി
വൃഷ്ണികുലപതിപത്മാലയാപതി * വിഷ്ണുധരാപതിവൃന്ദാരകപതി ജി
ഷ്ണുപതിശൌരിധൎമ്മപതിവിഭു * യജ്ഞപതിപാണ്ഡുപുത്രഗതിപതി സു
ജ്ഞാനിനാംപതിദേവൻപശുപതി * ഗോപതിഗോപീജനപതി
ഗോപതി ഗോപകുലപതിപത്മവിലോചനൻ * ദേവകീനന്ദനനെ
ന്നുള്ളിൽവാഴുന്ന ദേവദേവൻതനിക്കൊത്തതെല്ലാംവരും * പാപി
യായൊരപരാധിയാമെന്നോടു കോപമുണ്ടാകാതനുഗ്രഹിക്കേണമേ! *
ഇത്ഥംക്ഷമാനമസ്കാരങ്ങൾപിന്നെയും പൃത്ഥ്വീപരിചെയ്തയച്ചാനവ
നെയും * തക്ഷകൻവാരായ്വതിന്നുനൃപതിയും തക്ഷപ്രവരരെയൊക്കെ
വരുത്തിനാൻ * കല്പിച്ചിതേകസ്തംഭോഗ്രദൃഢാരോഹ ശില്പപ്രാസാദവും
തൽപ്രദേശങ്ങളിൽ * കാകോദരാസഹസിദ്ധൌഷധങ്ങളും കാകോ
ളനാശനമന്ത്രയന്ത്രങ്ങളും * മൃത്യുഞ്ജയക്രിയാതല്പരന്മാരായ പൃത്ഥ്വീസു
രന്മാരെയുംമുനിമാരെയും * ചുററുമിരുത്തിയതിന്മേലിരുന്നിതു പററ
ലർകാലനാംവിഷ്ണുരാതൻ നൃപൻ *

കാശ്യപന്റെയും തക്ഷകന്റെയും സംവാദം.

തക്ഷകദഷ്ടനായ്മൃത്യുവരുംപ്രജാ രക്ഷാകരനായരാജാവിനെന്ന
ളും * തൽക്ഷണംകേട്ടുനൃപവരജീവനം രക്ഷിപ്പനെന്നുപുറപ്പെട്ടുകാശ്യ
പൻ * വൃദ്ധതപോധനവേഷവുംകൈക്കൊണ്ടു പദ്ധതിമദ്ധ്യേഭുജംഗപ്ര
വരനും * താതനെക്കണ്ടുചൊന്നാനെവിടേക്കിന്നു യാതനായിടുന്നതെ
ന്നരുൾചെയ്യണം * ശൃംഗിശാപംകൊണ്ടുതക്ഷകദഷ്ടനാം മംഗലഭൂപ
നെരക്ഷിപ്പതിന്നുഞാൻ * പോകുന്നിതെന്നതുകേട്ടൊരുതക്ഷകൻ ആകു
ന്നതല്ലതടഞ്ഞീടുകനല്ല * സൎവ്വവിഷഹരണത്തിന്നുദക്ഷൻഞാൻ ദൎവ്വീ
കരവിഷമെന്തസാരംതുലോം * എന്നരുൾചെയ്തൊരുകാശ്യപൻത
ന്നോടു പിന്നെയുമൊന്നുചൊല്ലീടിനാൻതക്ഷകൻ * എന്തുഫലംധര
ണീന്ദ്രനെരക്ഷിച്ചാൽ? ചിന്തിതമെന്നോടരുൾചെയ്കയുംവേണം * ജീ
വനരക്ഷണത്തിന്നുസുകൃതമു ണ്ടാവോളമൎത്ഥവുംകിട്ടുമിനിക്കെന്നാൻ *
സൎവ്വജനത്തെയുംരക്ഷിച്ചുപോരുന്നോരു വീശ്വരൻതന്നെരക്ഷിച്ചുകൊ
ള്ളുമ്പോൾ * സൎവ്വരക്ഷാകരമായ്വരുമെത്രയും ദിവ്യനല്ലോസവ്യസാചി
സുതാത്മജൻ * ദേഹികളെപ്പരിപാലിച്ചുകൊള്ളുകി ലൈഹികപാര
ത്രികങ്ങളുംസാധിക്കാം * തക്ഷകൻതാതനോടപ്പോളുരചെയ്തു രക്ഷിപ്പ
തിന്നുപണിയുണ്ടുനിൎണ്ണയം * ബ്രാഹ്മണശാപംതടുക്കരുതാൎക്കുമേ
ധാൎമ്മികന്മാരെന്നിരിക്കിലുംകേവലം * ബ്രഹ്മനുംവിഷ്ണുവിന്നുംമഹാ

ദേവനും സമ്മതംഭൂദേവശാപവരാദികൾ * സർവ്വലോകങ്ങൾ
ക്കമീശ്വരനായതു മുർവ്വീസുരനെന്നറികമുനിവര! * നിഗ്രഹാനുഗ്ര
ഹാവഗ്രഹവൃഷ്ടിക ളുഗ്രകാലാഗ്രസമാശ്രയഭൂതങ്ങൾ * പിന്നെ
വിശേഷിച്ചുതക്ഷകൻതൻവിഷമൊന്നുകൊണ്ടും തടുക്കാവതുമല്ലല്ലോ!
* ആകാംക്ഷയായതെന്തുള്ളിലിവനെന്നൊ രാകാംക്ഷമായിചമണ്ടാ
യതുനേരം * ക്രുദ്ധനാംതക്ഷകൻകാശ്യപൻതന്നോടു വൃദ്ധതപോധന
വേഷമുപേക്ഷിച്ചു * തക്ഷകനായതുഞാനെന്നറിഞ്ഞാലും പക്ഷേപ
രീക്ഷിച്ചുകൊണ്ടാലുമിപ്പോഴേ * എന്നുപറഞ്ഞുകടിച്ചിതുതക്ഷകൻ
നിന്നമഹാവടവൃക്ഷത്തെയന്നേരം * തക്ഷകക്ഷ്വേളാഗ്നിഹേതിപ്പിടി
പെട്ടു വൃക്ഷപ്രവരനുംഭസ്മമായ്ധൂളിച്ചു * നിന്നനിലത്തൊട്ടുതന്നെജ്ജ
പിച്ചിതു പന്നഗാധീശ്വരന്മുനിമേലമാമുനി * നന്നായ്മുളച്ചുതളി
ർത്തിതുപേരാലും മുന്നേതിലേററവുംനന്നായിതന്നേരം * ഇപ്പരീക്ഷി
ച്ചതുനന്നോററമെങ്കില മിപ്പരീക്ഷിത്തുജ്ജീവിക്കെന്നതില്ലല്ലോ * ബ്രഹ്മ
വരേ ചാവിഷംമദ്വിഷസംയുതം ബ്രഹ്മപ്രളയക്ഷമംതവവിദ്യയും * എ
ന്നേവിചിത്രമെനന്നനന്നെത്രയും എന്നുപറഞ്ഞുകൊട്ടത്തിതുതക്ഷകൻ
* മന്ത്രാധനാദികളററമില്ലാതോളം യത്നമിളച്ചാൻമുനിയുമതുനേരം *
കദ്രുപുത്രാശപിച്ചോരുമൂലംനിജ പതിവാക്യത്തെററുസത്യമാക്കീടുവാൻ
* ആശ്രമംപുക്കമുനീശ്വരൻതക്ഷകൻ കാശ്യപൻപോയോരനന്തരം
ചിന്തിച്ചാൻ * എന്തൊരുപായംനൃപനെക്കടിപ്പതി നന്തണർക്കാപോ
ലട്ടുത്തുചെല്ലാവിതും * എന്നതറിഞ്ഞുസജാതികളാകിയ പന്നഗന്മാ
രോടുചൊല്ലിനാൻതക്ഷകൻ * നിങ്ങൾതപോധനവേഷംധരിച്ചിനി
മഞ്ഞിടാതോരുഫലംകൊടുത്തീടണം * സമ്മാനമാർന്നൊന്നതിൽപുക്കി
രുന്നുകൊണ്ടമ്മഹീപാലനേയുംകടിച്ചീടുവൻ * തക്ഷകൻചൊന്നതു
ചെയ്താരവർകളും മുഖ്യനാംഭൂപതിവീരനുമക്കാലം * ഭാർഗ്ഗവകൌശി
കകണ്വവിശ്വാമിത്ര ഗാർഗ്യവസിഷ്ഠഭരദ്വാജഗൌതമ * യാജ്ഞവൽ
ക്യാത്രിപുലസ്ത്യശംഖാഗസ്ത്യപ്രാജ്ഞപരാശരദ്വൈപായനാദിയാം *
താപസശ്രേഷ്ഠന്മാരുംദ്വിജാഢ്യന്മാരും ദിവ്യന്മാരായിമററുള്ളജനങ്ങ
ളും * സവ്യസാചിപ്രിയപാദഭക്തന്മാരും ഒക്കെവരികെന്നയച്ചുവരുത്തി
നാൻ * ഷോഡശദാനങ്ങളുംക്രമത്താൽചെയ്തു ബാന്ധവപ്രീതിയുംചെ
യ്തുമഹാദാനം * അററമില്ലാതോളംചെയ്തുവിശുദ്ധനായ് പുത്ര
നേയുംപുണർന്നേറെമൂർദ്ധാവിങ്കൽ * ബദ്ധമോദംബാഷ്പതീർത്ഥാഭിഷേക
വും * ചെയ്തുമാത്യാചാര്യഭൃത്യവർഗ്ഗത്തിനും കൈതവഹീനംകൊ
ടുത്താനഭിമതം * ഭൂസുരന്മാരുംമുനീന്ദ്രരുംശിഷ്യരും ദാസവരന്മാ
രുമായുടൻപ്രാസാദം * ഭാഗീരഥീജലമദ്ധ്യസ്ഥമേറിനാൻ ഭാഗ
ധേയാംബുധിഭാഗവതോത്തമൻ * ശ്വേതദീപോപരിശ്വേതപ
ത്മാസനേ ശ്വേതപതിദിവരരജ്ജുമദ്ധ്യേഗംഗം * ചുററുമിരുത്തി
നാനാസനാഗ്രങ്ങളിൽ മററുള്ളവരെയഥായോഗ്യമുർവ്വീശൻ * ദർഭ
വിരിച്ചുവടക്കുതിരിഞ്ഞിരു ന്നപ്പാളുനശനംദീക്ഷിച്ചുശുദ്ധനായ് *
ധൃതചാപവിത്രംപുനരുപസ്ഥത്തിനെ കൃതചാപ്രദക്ഷിണംകൃതചാമുഖമസ്ത്ര

ത്വം * മാമുനീന്ദ്രന്മാരെവന്ദിച്ചുചോദിച്ചാൻ ഭൂമിദേവോത്തമ
ന്മാക്കുനമസ്കാരം! * ജന്മങ്ങളേററമിനിയുമുണ്ടാകിലും നിർമ്മലന്മാ
രായഭൂമിദേവന്മാരിൽ * ഉണ്ടാകരുതണുമാത്രമവമാന മുണ്ടാക
വേണമിളകാതഭക്തിയും * എന്നതനുഗ്രഹിക്കേണംവിശേഷിച്ചു മൊ
ന്നുണ്ടുഞാനപേക്ഷിക്കുന്നുപിന്നെയും * മർത്ത്യനായാൽമരിപ്പാൻതുടങ്ങു
ന്നേരം കർത്തവ്യമെന്തുമോക്ഷത്തിനുചൊല്ലണം? * എന്നുരാജാവുചോ
ദിച്ചതുകേട്ടെല്ലാ മന്യോന്യമാലോകനംചെയ്തവർകളും * വേദവേദാന്ത
ശാസ്ത്രാദികളിൽത്തിര ഞ്ഞതേതുനല്ലതെന്നോർത്തിരിക്കുന്നേരം * കൃ
ഷ്ണവർത്മാഭയാകാണായിതന്തികേ കൃഷ്ണതനൂജനാംശ്രീശുകൻതന്നെയും
* വന്നാശുമിന്നിസഭാതലമന്നേരം ഇന്ദ്രസഭാന്തേബൃഹസ്പതിസൽഗുരു
* വന്നതുപോലെവിളങ്ങിസഭാതലം സുന്ദരരൂപൻദിഗംബരൻ നിർമ്മ
ലൻ * ഗർഭപാത്രത്തിൽകിടന്നനാളേപുരാ മുക്തനായുള്ളവിളച്ചോരുത
പോധനൻ *മന്ദമന്ദമെഴുന്നള്ളിയനേരത്തു മന്നേതരംമാന്യസ്ഥാനവും
നൽകിനാർ *പാദ്യവുമാചമനീയവുമർഗ്ഘ്യവു മാദ്യമാമാസനവും മധു
പർക്കവും * വേദ്യമാംവണ്ണംവിധായതെളിഞ്ഞഭിവാദ്യവുംചെയ്തുനി
ന്നുപേന്ദ്രാദ്യരും * ഞങ്ങളോടിന്നുചോദിച്ചചോദ്യത്തെ നീമംഗലാ
ത്മാവേ! തെളിഞ്ഞുചോദിച്ചാലും * ശ്രീശുകനായതപോധനശ്രേഷ്ഠ
നോ ടാശുതീരും ബഹുസംശയമേവർക്കും * മേലിൽകലിയുഗത്തിങ്ക
ലുള്ളോർകൾക്കു നാലാംപുരുഷാർത്ഥസാധനമായതും * അന്ത്യകാല
ത്തിങ്കലേതുമനുഷ്യനാൽ ചിന്ത്യമെന്തെന്തോന്നുകർത്തവ്യമായതും *
ശ്രോതവ്യമാകുന്നതെന്തെന്നുമാദരാൽ മോദാലരുൾചെയ്കവേണംദയാ
നിധേ! * ആസന്നമൃത്യുവായോരടിയൻതവ ദാസപാദാംബുജഭക്തജ
നോത്തമൻ * മോക്ഷൈകസാധനമായുള്ളതിപ്പോഴേ സാക്ഷാലടിയ
നുപദേശിച്ചീടണം * ശിഷ്യോഹമെന്നഭിവാദ്യവുംചെയ്തു സന്തുഷ്ട്യാപ
വിത്രംധരിച്ചിരുന്നീടിനാൻ * മന്ദസ്മിതാഞ്ചിതൻബ്രഹ്മരാതൻഗുരു
വന്ദനവുംചെയ്തരുൾചെയ്തിതുത്തമം * ധ്യേയനാകുന്നതുംവിഷ്ണുനാരാ
യണൻ ശ്രോതവ്യമാകുന്നതുംതൽകഥാമൃതം * കർത്തവ്യമാകുന്നതുമഭി
വന്ദനം ചിത്തംതെളിഞ്ഞുകേൾക്കെന്നരുളിച്ചെയ്തു * ശ്രീശുകൻചൊ
ല്ലുന്നഭാഗവതംകേട്ടൊ രാശയുംകൂടാതെനാരായണൻതങ്കൽ* ഐക്യീഭവി
ച്ചുള്ളൊരാത്മാവിനോടുകൂ ടേകാന്തസൌഖ്യം കലർന്നമരുവുമ്പോൾ *
ഏഷണപാശങ്ങളൊക്കവെഖണ്ഡിച്ചാ ന്നേഴാംദിവസവുമസ്തമിച്ചു
തദാ * ഭൂപതിചൊന്നാനമാത്യരോടന്നേരം ശാപഭയമെനിക്കില്ലെ
ന്നതുംവന്നു * താപസൻതന്നഫലമുപജീവിച്ചു താപംകെടുക്കനാമെ
ന്നതുകേട്ടവർ * പാരായ്കപാരണയ്ക്കെന്നവർചൊല്ലിനാർ പാരിന്നുനാ
ഥൻപരീക്ഷിത്തുമാദരാൽ * ഏവരുമൊന്നിച്ചതിനുതുടങ്ങിനാർ സേ
വകന്മാർക്കുകൊടുത്തുനൃപതിയും * താനുമെടുത്തൊന്നൊരുഫലംഭക്ഷി
പ്പാൻ കാണായിതുചുവന്നോരുകൃമിയതിൽ * ബ്രാഹ്മണഭക്തനാംഭൂപ
തിചൊല്ലിനാൻ ധാർമ്മികന്മാരാമമാത്യരോടന്നേരം * തക്ഷകനെന്നു
പേരിട്ടുകൊണ്ടിപ്പോൾനാ മിക്കൃമിയെക്കൊണ്ടുതന്നെകടിപ്പിച്ചാൽ *

ഭൂദേവശാപമസത്യമായുംവരാ ഖേദംനമുക്കവരികയുമില്ലല്ലോ * ന
ല്ലതിതെന്നോരവരുമൊഴികരു തല്ലോവിധിവിഹിതമൊരുജാതിയും
* മന്ദമെട്ടൊത്തുകഴുത്തിലണച്ചപ്പോൾ ദന്ദശൂകാധിപനാകിയതക്ഷ
കൻ *ചുററിനാൻഭൂപതിതന്നുടലൊക്കവെ മററുള്ളവർഭയത്തോടുമോ
ടീടിനാർ * ഹാലാഹലാനലജ്വാലയാഭൂപതി കോലാഹലത്തോടുനാ
കലോകംപുക്കാൻ * ദുഃഖിതന്മാരാമമാത്യരുമാശുശേഷക്രിയ പുത്രനെ
ക്കൊണ്ടുചെയ്യിപ്പിച്ചാർ * രാജ്യാഭിഷേകവുംചെയ്തു നാനാജന പൂ
ജ്യനായ്വാണാൻജനമേജയനൃപൻ * കാശീശപുത്രിവപുഷ്ടമയോടു ഭൂമീ
ശൻസുഖിച്ചുവസിക്കുന്നതുകാലം *

അസ്തികോത്ഭവവും ജരല്ക്കാരുവിന്റെ ഗൃഹസ്ഥാശ്രമനിവൃത്തിയും.

നിത്യവിരക്തൻജരൽക്കാരുമാമുനി ഭക്ത്യാവനാന്തരേസഞ്ചരി
ക്കുംവിധൌ * കണ്ടിതുവാസുകിവന്ദിച്ചുതാൻകൂട്ടി ക്കൊണ്ടുപോയ്
സോദരിതന്നെനൽകീടിനാൻ * അപ്രിയംചെയ്തതാൻ ചൊൽകതാൻ
ചെയ്കിൽ ഞാനപ്പോളുപേക്ഷിക്കുമെന്നതും ചൊല്ലിനാൻ * ഭർത്തൃശു
ശ്രൂഷാരതയാമവളോടു നിത്യസുഖത്തോടിരുന്നുമുനീന്ദ്രനും * ഇത്ഥം
ചിലനാൾ കഴിഞ്ഞോരനന്തരം സത്യപരായണനായമഹാമുനി *
മുഗ്ദ്ധാക്ഷിതന്മടിയിൽതലയുംവച്ചു നിദ്രയുംപൂണ്ടുകിടക്കുന്നതുനേരം *
മിത്രനസ്തമിപ്പാനടുത്തുതുലോം ഭർത്താവുണർന്നതുമില്ലെന്നുകണ്ടവൾ *
ചിന്തിച്ചുകണ്ടാലുണർത്തുതെന്നതും സാന്ധ്യവിലോപംവരുത്തരുതെ
ന്നതും * സന്ദേഹമുണ്ടായനേരത്തുതന്നുള്ളിൽ സുന്ദരിതാനേനിരൂപി
ച്ചുകല്പിച്ചു * സാന്ധ്യലോപത്തിനുദോഷമേറും നിദ്രയ്ക്കന്തരം ചെയ്ക
യത്രേപൊറുക്കാവതും * എന്നുകല്പിച്ചുണർത്തീടിനാൾതാപസ നന്നേ
രമാശുകോപിച്ചുചൊല്ലീടിനാൻ * എന്നെയുണർത്തുവാനെന്തുനീവ
ല്ലഭേ! നിന്നുടെഭർത്തൃശുശ്രൂഷാഭംഗംവന്നു * അന്ധനെന്നെന്നെനീ
കല്പിക്കചെയ്കതും സന്ധ്യവരുമ്പോളുണരുവൻഞാനെടോ * ഞാനുണ
ർന്നീലെങ്കിലാദിത്യനുമെന്നെ മാനിച്ചുപാർക്കുമതിനില്ലസംശയം * അത്ര
മഹാത്മ്യമെനിക്കുള്ളതെത്രയും സിദ്ധമല്ലോഞാനിതിനുണർത്തിയകാരണം *
നിന്നെയുപേക്ഷിക്കയെന്നതുംവന്നിതി ന്നെന്നുടെസത്യലോപംവരുമ
ല്ലായ്കിൽ * എന്നതുകേട്ടുകരഞ്ഞുതുടങ്ങിനാൾ തന്വംഗിദുഃഖിച്ചുപി
ന്നെയുംചൊല്ലിനാൾ * എന്നോടിവണ്ണമരുൾചെയ്യരുതയ്യോ! നിന്നു
ടെധർമ്മലോപംവരുമെന്നതോ * ർത്തൊന്നറിയാതെഞാൻചെയ്തോര
പരാധ മെന്നെക്കുറിച്ചുപൊറുത്തുകൊള്ളേണമേ! * നിർമ്മലതാപസ
ന്മാർനിനവെന്തെന്നു ചെമ്മെതിരിച്ചറിവാൻപണിയുണ്ടല്ലോ * ദുഃഖി
ച്ചിവണ്ണംപറഞ്ഞുകരയുന്ന മയ്യുണ്ണിയോടരുൾചെയ്തുമുനീന്ദ്രനും * സ
ത്യവിരോധം വരുത്തുകയില്ലഞാ നുത്തമയായനീഖേദിക്കയുംവേണ്ടാ *
ഭർത്തൃവാക്യംകേട്ടു ശ്രേയാംപതിയും ചിത്തതാപത്തോടുചൊല്ലിനാൾ
പിന്നെയും * വഹ്നിയിൽവീഴ്കെന്നുമാതാവുതാൻപണ്ടു പന്നഗ
ന്മാരെശ്ശപിച്ചോരുകാരണം * അന്വയനാശമൊഴിപ്പതിന്നായൊ

രു നന്ദനനുണ്ടാമെനിക്കെന്നുകല്പിച്ചു * പന്നഗേന്ദ്രൻമമസോദ
രൻവാസുകി യെന്നെബ്ഭവാനുനൽകീടിനാൻനിർണ്ണയം * മുന്നേ
വിരിഞ്ചനിയോഗവുമുണ്ടുപോ ലെന്നുടെഗർഭംമൃതിതന്നുമില്ലല്ലോ!
* ഇത്യാദികൾപറഞ്ഞേറ്റംകരയുന്ന മുഗ്ദ്ധാംഗിയിൽകൃപയോടു
ചൊല്ലീടിനാൻ * ഭർത്തൃപരായണേ! ഭദ്രേ! കരയായ്ക ഭക്തിവിശ്വാസ
ങ്ങൾകൊണ്ടുതെളിഞ്ഞു ഞാൻ * അത്ഭുതനാകിയൊരർഭകൻനിന്നുടെ
ഗർഭഗനായുണ്ടവൻനല്ലനേരംകൊ * ണ്ടുത്ഭവിച്ചീടുംഗുണവാനവൻത
ന്നെ സർപ്പാന്വയമൊക്കെരക്ഷിക്കയുംചെയ്യും * ദുർഭഗനല്ലവനൊട്ടു
മവനോളം സൽഭാവമില്ലമറ്റാർക്കുമറികനീ * ത്വൽഭ്രാതൃമുഖ്യനാം
സൽഭോഗിനായകൻ നിർഭാഗ്യനല്ലെടോവാസുകിവീരനും * നിത്യം
തപസ്സിനേകാംക്ഷയുള്ളൂമമ പുത്രനുണ്ടായാൽമതിഗൃഹസ്ഥാശ്രമം *
നിന്നെക്കുറിച്ചുവിരക്തനായിട്ടല്ല ധന്യേ! സമസ്തവിഷയവിരക്തൻ
ഞാൻ * സത്യവിരോധംവരുത്തുകയുംവേണ്ടാ സത്യമത്രേഞാൻപറ
ഞ്ഞതറിഞ്ഞാലും * നിങ്ങളുടെകുലത്തിന്നുസൌഖ്യംവരും മംഗലനാ
യമമാത്മജനാലിനി * എന്നിവചൊന്നുനീവാസുകിയോടുചൊൽകെ
ന്നരുൾചെയ്തെഴുന്നള്ളിമുനീന്ദ്രനും * വാസുകിയെക്കണ്ടുവളിവയുംചൊ
ല്ലി വാസവുംചെയ്തിതുനാഗപുരംതന്നിൽ * നല്ലമുഹൂർത്തേപിറന്നുകുമാ
രനു മെല്ലാവരുംതെളിഞ്ഞാരഹിവീരരും * അസ്തിഗർഭേസുതനെന്നു
തപോധനൻ സത്യമായ്ചൊന്നതുകാരണമാകയാൽ * അസ്തികനെ
ന്നുപേരിട്ടിതുവാസുകി നിത്യമോദേനവളർന്നിതുബാലനും * വേദ
വേദാംഗവേദാന്താദിവിദ്യകൾ ച്ചേതോഹരൻബാലനധ്യയനംചെ
യ്താൻ * ആചാര്യനാകുംച്യവനമുനീന്ദ്രനോ ടാശീർവാദംവാങ്ങി
ദക്ഷിണയുംചെയ്താൻ * നാനാരത്നങ്ങൾധനധാന്യരാശികൾ ഭോ
ഗീശ്വരാജ്ഞയാനൽകിനാനാരവോളം * ദിവ്യനായിട്ടുംച്യവനൻപ്ര
സാദിച്ചു സർവജ്ഞനായ്വരികെന്നുചൊല്ലീടിനാൻ * സൂതനീവണ്ണംപ
റഞ്ഞോരനന്തരം സാദരംചോദിച്ചുപിന്നെയുംശൌനകൻ * ഹാലാ
ഹലജ്വാലയാമുനിശാപത്താൽ കാലവശഗതനായതാതൻകഥാ * മൂല
മറിഞ്ഞവാറെങ്ങിനെചൊല്ലുനീ? ബാലകനായജനമേജയനൃപൻ *

സർപ്പസത്രം.

ചൊന്നാനതുസൂതനെങ്കിലതുംകേൾപ്പിൻ മുന്നമുദങ്കൻപറഞ്ഞോ
ട്ടറിഞ്ഞിതു * പിന്നെയുംമന്നവൻതന്നമാത്യന്മാരെ മുന്നിൽവരുത്തിമു
ഴുവൻവിചാരിച്ചാൻ * എന്നുടെതാതനുണ്ടായവൃത്താന്തങ്ങ ളെന്നോ
ടുനിങ്ങൾമുഴുവൻപറയണം * എന്നതുകേട്ടുതൊഴുതവർചൊല്ലിനാർ
നിന്നുടെതാതനുടെഗുണംചൊല്ലുവാൻ * പന്നഗനാഥനനന്തനുമാവ
തല്ലന്യരായുള്ളവരെങ്ങിനെചൊല്ലുന്നു * ഇന്ദ്രാദിദിക്പാലകന്മാരുടെ
ഗുണ മൊന്നൊഴിയാതെനൃപനുണ്ടുനിർണ്ണയം * ശ്രീരാമനുസമമെന്ന
പറയാവൂ പാരിതുപാലനംചെയ്യുതോക്കുംവിധൌ * വിഷ്ണുരാതാഖ്യ
നാംവിശ്വംഭരാവരൻ വിഷ്ണുഭക്ത്യാഗ്രഗണ്യാത്മമൻ സത്തമൻ * ജി
ഷ്ണുജനന്ദനപുത്രൻപരീക്ഷിത്തു കൃഷ്ണലീലാനന്ദസിന്ധുമഗ്നാത്മകൻ *

വിശ്വംഭരാപതി വിശ്വംഭരപ്രിയൻ വിശ്വരക്ഷാകരൻ വിശ്വനാ
ഥോപമൻ * വൎണ്ണാശ്രമശ്രേണിധൎമ്മസ്ഥിതിചെയ്തു നന്നായ്പരി
പാലനംചെയ്തു ഭൂതലം * വന്നകലിയേയുമാട്ടിക്കളഞ്ഞിതു പിന്നെയാ
രുള്ളതുമറ്റൊരുവൈരികൾ * ഏകാതപത്രയായ്വസുധാരണിയു മേ
കാന്തസൌഖ്യ,നന്നിന്നിതു ലക്ഷ്മിയും * ചെന്നുവൎസ്സമറുപതുകാ
ലം മന്നവൻപള്ളിവേട്ടയ്ക്കെഴുന്നള്ളിനാൻ * അന്നുപൈദാഹങ്ങൾ
കൊണ്ടുവികല്പവും വന്നിതുബുദ്ധിക്കതുനിമിത്തന്തദാ * ശൃംഗിശാപം
കൊണ്ടു തക്ഷകൻതന്നുടെ സംഗതിനീക്കരുതാതെചമഞ്ഞിതു * പി
ന്നെയുണ്ടായവൃത്താന്തങ്ങളോ ഭവാനൊന്നൊഴിയാതെയറിഞ്ഞതല്ലോരമ
വൃന്ദ * എന്നിതമാത്യന്മാർചൊന്നതുകേട്ടോരു മന്നവൻപന്നഗസത്ര
മാരംഭിച്ചാൻ * ചൊന്നാനുടനതിനുപായങ്ങളും വന്നമുനികളുമാ
മെന്നുചൊല്ലിനാർ * ശില്പിയെക്കൊണ്ടതുശാലനിൎമ്മിപ്പതി നാല്പാള
വനൊരുലക്ഷണംചൊല്ലിനാൻ * അഗ്നിസമാനനാം ബ്രാഹ്മണനാ
ലൊരു വിഘ്നമിതിനുവരുമെന്നുനിൎണ്ണയം * വാസ്തുവസ്ഥാനക്രിയാന്ത
രേതോന്നിച്ച വാസ്തുവലക്ഷണമെന്നവൻചൊൽകയാൽ * ദ്വാസ്ഥ
ന്മാർഗോപുരത്തിങ്കൽനിന്നീടുക പാൎത്താരുമിങ്ങുവരായ്വതിനെന്നതും *
ധാത്രീശനാംജനമേജയൻകല്പിച്ചോ രാസ്ഥകലന്നുയാഗംതുടങ്ങീടി
നാൻ * സംഭാരമൊക്കവേസംഭരിച്ചീടിനാർ സംഭ്രമത്തോടുമമാത്യജ
നങ്ങളും * ധാത്രീസുരന്മാരുപകരണങ്ങളും തീൎത്തുഘോഷിച്ചുതുടങ്ങി
മഹാക്രതു * നീലാംശുകധരന്മാരാം ദ്വിജേന്ദ്രന്മാർ കോലാഹലേന
വേദങ്ങളുമോതിനാർ * നാലാംശ്രുതിക്രിയചെയ്തുതുടങ്ങിനാർ ഭൂലോ
കവുംമറഞ്ഞുപുകതന്നിലേ * ഹോതാമുനിതിലകൻചണ്ഡഭാൎഗ്ഗവൻ
ചേതസിചിന്തിച്ചുചൊന്നതൊരുക്കവാൻ * പുക്കാർപാരാശൎയ്യഹോ
താദികളെല്ലാമൊക്കെപ്പുരികൎമ്മവുംതുടങ്ങീടിനാർ * ഹസ്തിഹസ്തോ
പമന്മാരായസൎപ്പങ്ങളതുമന്ത്രപ്രയോഗാജ്യാഹുതികൊണ്ടു * കത്തിയെ
ഴുന്നൊരുപാവകജ്വാലയാ ദഗ്ദ്ധഗാത്രാത്മനാഗത്താന്തരങ്ങളിൽ *
എങ്ങുമിരിക്കരുതാതെതളൎന്നവർ തങ്ങളിൽചുറ്റിഞ്ഞെളിഞ്ഞു പിരിഞ്ഞ
വരഗ്നിയിൽ വീണുപൊരിഞ്ഞുതുടങ്ങിനാ രഗ്നിയുമേററംതെളിഞ്ഞുവി
ളങ്ങിനാൻ * അഞ്ചുമേഴുംമൂന്നുംമസ്തകമുള്ളവ രഞ്ചുമാറുംതമ്മിലൊന്നി
ച്ചുവീഴ്കയും * വാതാശനകുലഹാഹാനിനാദവും വാതസഖിഹോതി
ഹൂഹൂനിനാദവും * ഭൂദേവസത്തമവേദനിനാദവും ഓദനതേമനസ്വാ
ദുനിനാദവും “ ദിവ്യഗവ്യദ്രവ്യഹവ്യദാഹക്രിയാ സവ്യചാരാഗ്നികീ
ലാഗ്രധൂമാഭയും * സൎവ്വലോകംപരന്നൊരുസൌരഭ്യവും ഗൎവ്വദൎവ്വീ
കരന്മാർവിലാപങ്ങളും * പാൎത്ഥിവേന്ദ്രന്മാർചതുരംഗസേനയാ
ടൊത്തുവരുമ്പോൾനടത്തുന്നഘോഷവും * ഭോക്തുകാമന്മാർഭുജി
ച്ചുതൃപ്തരന്നെ വാഴ്ത്തിസ്തുതിച്ചുപാടീടുംനിനാദവും * വാദ്യ
ഘോഷങ്ങളും നാനാജനസ്തോമചോദ്യോത്തരം കൊണ്ടുവായ്ക്കും
നിനാദവും * ഘോരഘോരംകേട്ടവാരാന്നിധികളും പാരമിളകി
മറിഞ്ഞുകലുങ്ങുന്നു * ധാരാധരങ്ങളുമെന്തെന്നറിയാഞ്ഞുധീരതമ

ിടിവെട്ടിമുഴങ്ങുന്നു * സാരതരേതരംഗിരികൾകുലുങ്ങുന്നു ശൂരനാം
സിംഹികാസൂനുമറുകുന്നു * സ്വർഗ്ഗനിവാസികൾ കണ്ണുകലങ്ങുന്നു ദി
ഗ്ഗജേന്ദ്രന്മാർഭയേനനടുങ്ങുന്നു * സന്താപമുൾക്കൊണ്ടനന്തരം ചി
ന്തിച്ചു സന്തതംമാധവൻതന്നെവണങ്ങുന്നു * ശങ്കരൻഭൂഷണനാശംവ
രുമെന്നു ശങ്കിച്ചുഴന്നു ഭവാനിയെനോക്കുന്നു * പാരമഴരണ്ടുമമന്ദംമുഴങ്ങു
ന്നു വാരിജസംഭവനുംചെവിപൊക്കുന്നു * നാരായണനുമുറക്കമുണരുന്നു
നാരായണ! ഹരേ! വിസ്മയമെത്രയും * സർപ്പസത്രപ്രയോഗപ്രഭാവംക
ണ്ടോരത്ഭുതംപൂണ്ടുജഗദ്വാസികളെല്ലാം * അന്തമില്ലാതൊരുഭോഗികൾ
തീയിൽ വീണന്തമായ്പ്പന്നിതെന്നുപറയാവിതും * വെന്തുപൊറാഞ്ഞു
ടൻതൽക്ഷണംതക്ഷകൻ ബന്ധുവാമിന്ദ്രനെച്ചെന്നുകണ്ടീടിനാൻ *
പേടിയായ്കേതുമിവിടെപ്പൊറുക്കനീ ചൂടിവിടേയ്ക്കുവരികയുമില്ലേതും *
നീചസർപ്പങ്ങളൊടുങ്ങുമൊട്ടാവോളം നീചരല്ലാതനിങ്ങൾക്കിടരില്ലേ
തും * തക്ഷകനുംസഹസ്രാക്ഷനെക്കണ്ടാശു ശുക്ഷണിഭീതികൂടാതെ
മരുവിനാൻ * നാസികാന്തേപുക്കധൂമാകുലനായ വാസുകിസോദരി
യോടുചൊല്ലീടിനാൻ * മൃത്യുവടുത്തജനത്തിൻറലക്ഷണം ഭദ്രേ!
ഭഗിനീഭവിച്ചതിനിക്കിപ്പോൾ * ഭാഗധേയംപൂണ്ടഭാഗിനേയന്മമ
ശോകമൊഴിയ്ക്കുമവനെയയയ്ക്കുനീ * സോദരനേവംപറഞ്ഞതുകേട്ടഥ
സാദരമാശുജരൽക്കാരുചൊല്ലിനാൾ * മാതുലന്മാരെല്ലാമാതുരന്മാ
രായ് തെളുമറിഞ്ഞതില്ലനീമമാത്മജ? * ചെന്നുനീസർപ്പസത്രംമുടക്കീ
ടായ്കിലിന്നുതന്നേമുടിഞ്ഞീടുംകുലമെല്ലാം * മാതാവിവണ്ണംപറഞ്ഞതു
കേട്ടപ്പോൾ മാതുലനോടുപറഞ്ഞുനടകൊണ്ടാൻ * യാഗവിഭൂതികണ്ട
ത്ഭുതംപൂണ്ടവൻ വേഗേനഗോപുരദ്വാരമകംപൂക്കാൻ * അക്കാംകടക്ക
രുതിങ്ങതിനൊങ്ങളെ യാക്കിക്കിടക്കുന്നിതുനൃപതീശ്വരൻ * പാക്കുറ
ഞ്ഞൊരുനേരംതപോനിധേ! കാൽക്ഷണംകൊണ്ടുണർത്തിച്ചുവരാംഞ
ങ്ങൾ * എന്നിവണ്ണം ദ്വാരപാലന്മാർചൊൽകയാൽ തന്നുള്ളിലോ
ർത്തു കല്പിച്ചിതസ്തികനും * വമ്പുകൊണ്ടന്യഗൃഹമകംപൂവതി നമ്പർ
കോനുംപണിനല്ലതനുനയം * ഇത്ഥംവിനിശ്ചിത്യസത്വരമസ്തികൻ
പൃത്ഥ്വീശനെസ്തുതിചെയ്തുതുടങ്ങിനാൻ * യജ്ഞത്തെയുംമുനീന്ദ്രന്മാ
രെയുംപുന രഗ്നിയേയുംനൃപഭൃത്യജനത്തെയും * ഒക്കെവെവ്വേറെകന
ക്കെസ്തുതിക്കയാ ലുൾക്കമലംതെളിഞ്ഞൊരവരേവരും * ഭൂപൻസദ
സ്യാദികളോടുചോദിച്ചു താപസബാലകൻതേജോനിധിതുലോം *
ഇങ്ങുവരുന്നേണമോ പുനരെന്നതു നിങ്ങൾചൊല്ലീടണമെന്നതുകേട്ട
വർ * നല്ലതത്രേകടത്തിക്കൊണ്ടുപോരികെ ന്നെല്ലാവരുമൊരുപോ
ലെയപേക്ഷിച്ചാർ * ചെന്നുകൂട്ടിക്കൊണ്ടുപോന്നാൻമുനീന്ദ്രനെ മന്ന
വൻ പാദ്യാസനാർഘ്യാദിനൽകിനാൻ * എന്തോന്നഭിമതമെന്നുന
രപതി സന്തോഷമോടുചോദിച്ചോരനന്തരം * അസ്തികനുത്തരം
ചൊല്ലുന്നതിൻമുമ്പെ സത്വരംചൊല്ലീടിനാൻചണ്ഡഭാർഗ്ഗവൻ *
തക്ഷകനിഗ്രഹംസാധ്യമനപരാ ധാക്ഷികണ്ണന്മാരെക്കൊന്നെന്തൊരു
ഫലം? * എന്തൊരുകാരണംതക്ഷകൻവാരായ്പ്പാൻ ചിന്തിക്കനാമെ

ന്നതുകേട്ടനന്തരം * ചൊന്നാർസദസ്യാദികളവനിന്ദ്രനെ ച്ചെന്നാശ്ര
യിച്ചാനതിനില്ലസംശയം * തക്ഷകൻതന്നെയുമിന്ദ്രനെയുംകൂടി തൽ
ക്ഷണമാവാഹിച്ചു ചണ്ഡഭാർഗ്ഗവൻ * ആദിത്യരുദ്രവസുപ്രമുഖന്മാരാ
മാദിതേയന്മാരുമായുന്നവാസവൻ * വിഷ്ണുപദത്തിങ്കലാമ്മാറുറച്ചിതു
ജിഷ്ണുതന്നുത്തരീയംപുക്കതക്ഷകൻ * വിസ്മയംകൈക്കൊണ്ടുചൊന്നാൻ
നൃപതിയും ഭസ്മമാക്കീടുകസേന്ദ്രമിത്തക്ഷകം * എന്നതുകേട്ടവർചെ
യ്തുമുനികളും മന്നവ! നൽകീടുകസ്തീകവാഞ്ഛിതം * സോമശ്രവസ്സാ
ക്കമാചാര്യനാംദ്വിജ കാമപ്രദാനംചെയ്യെന്നുഴറീടിനാൻ * ചൊൽക
ഭിവാഞ്ഛിതമെന്നാൻനൃപതിയും നൽകുവൻവേണ്ടുന്നതെന്നുപറഞ്ഞ
പ്പോൾ * ആതുരമാനസന്മാരാംമുനിജനം മേദിനീപാലകനോടു
ചൊല്ലീടിനാർ * ഭീതിപൂണ്ടിന്ദ്രനയച്ചാനറിഞ്ഞാലും ഖേദമിയന്നൊരു
തക്ഷകൻതന്നെയും * ദുഷ്ടാശ്രിതപരിപാലനംനന്നല്ല ശിഷ്ടജനത്തി
നെന്നുംവരുംനിർണ്ണയം * തക്ഷകനഗ്നിയിൽവീണുദഹിച്ചീടു മിക്കർമ്മ
സാദ്ധ്യവുംവന്നിതെന്നാരവർ * അസ്തീകനന്നേരമാശുചൊല്ലീടിനാൻ
പൃത്ഥ്വീപതേ!വരംനൽകീടുകമമ * ചൊല്ലീടുകെന്നുചെയ്തുനൃപതിയും
ചൊല്ലിനാനസ്തീകനുമഭിവാഞ്ഛിതം * എങ്കിലിപ്പന്നഗസത്രംമുടക്ക
ണം സങ്കടമുണ്ടുജഗദ്വാസികൾക്കെല്ലാം * കല്പിതഭംഗമപേക്ഷിച്ചതു
കേട്ടി ട്ടപ്പോളനുതാപമോടുചൊന്നാൻനൃപൻ * ഗ്രാമധനധാന്യര
ത്നങ്ങൾനൽകുവാൻ കാമമവറ്റിലെന്നെന്നതുംചെയ്ക * കാമമവറ്റി
ങ്കലേതുമെനിക്കില്ലഭൂമിപതേ! ഞാൻപറയുന്നതുകേൾക്ക * മാതാവി
ന്നുമമ മാതുലന്മാർക്കു മുള്ളാധിയുംതീർത്തവർജ്ജീവനംരക്ഷിക്ക * പന്നഗ
സത്രത്തെയിന്നുമാറ്റീടുകിൽ നന്നതല്ലായ്കിൽപ്രപഞ്ചംമുടിഞ്ഞുപോം *
അസ്തീകവാഞ്ഛിതംനൽകുകെന്നുഗുരു സത്യപരായണന്മാരാംമുനികളും
* മൌനാനുവാദമോടേജനമേജയൻ താനുംമഖവരദക്ഷിണയുംചെ
യ്താൻ * വഹ്നിയിൽവീഴായ്കതക്ഷകനെന്നതു മന്ത്രംമൂന്നുരുചൊല്ലി
നാനസ്തീകൻ * സത്യപരനായൊരസ്തീകവാക്കിനാ ലന്തരീക്ഷത്തിന്നൊ
ന്നുവീർത്തീടിനാൻതക്ഷകൻ * മറ്റുള്ളദുഷ്ടനാഗങ്ങൾദഹിച്ചതു മറ്റ
മില്ലാതോളമുണ്ടെന്നതേവേണ്ടു * ഭൂപനവഭൃഥസ്നാനവുംചെയ്തിതു താ
പവുംതീർന്നുജഗദ്വാസികൾക്കെല്ലാം * അസ്തീകനെപ്പിന്നെസ്സല്ക്കാര
വുംചെയ്തു പൃത്ഥ്വീപതികനിവോറ്റുചൊല്ലീടിനാൻ * അച്യുതപ്രീതിവ
രുത്തീടുവാനിനി ക്കശ്വമേധംവേണമെന്നെഴുന്നള്ളണം * എന്നുപറ
ഞ്ഞുസുവർണ്ണരത്നാദികൾ മന്നവൻവേണ്ടുവോളംകൊടുത്തീടിനാൻ *
കൌന്തേയന്മാരായപാണ്ഡവന്മാരുടെ ശാന്തഗുണമെല്ലാംചൊല്ലാവത
ല്ലല്ലോ * തൽപുത്രപൌത്രനായുള്ളായനിന്നുടെ സൽബോധമേതുമൊ
ട്ടുതമല്ലല്ലോ * തൽക്കുലത്തിങ്കലുണ്ടാകുന്നമന്നവർ സൽഗുണന്മാരെ
ന്നിയേവരുമാറില്ല * ഭക്തിവിശ്വാസങ്ങൾകണ്ടുനാരായണൻ മുക്തി
പ്രദനാംമുകുന്ദൻതിരുവടി * ദൈത്യസാമഗ്ര്യാദിഭൃത്യകർമ്മഞ്ചെയ്തതാ
ത്താൽ വിചിത്രമതാർക്കുമറ്റുണ്ടാവൂ * അസ്തീകനിത്ഥംപറഞ്ഞതുകേട്ട
പ്പോ ളുത്തമനാംജനമേജയൻചൊല്ലിനാൻ * എങ്കിൽപ്രപിതാമഹ

ന്മാരുടെഗ്ഗുണം മംഗലമാമ്മാറിനിക്കറിയിക്കണം * കേൾക്കണമെങ്കിൽ
വേദവ്യാസനെന്നി മററാൎക്കുംപറയാവതല്ലെന്നുനിൎണ്ണയം * സത്യവ
തീസുതനോടുചോദിക്കതേ സ്വസ്ത്യസ്ഥസാമ്പ്രതമെന്നെഴുന്നള്ളിനാൻ*
മാതുലഗേഹമകംപുക്കിതസ്തികൻ വാസുകിമുമ്പായനാഗപ്രവരന്മാർ *
അസ്തികനെക്കനിഞ്ഞാശ്ലേഷവുംചെയ്തു മസ്തകത്തിങ്കൽമുകൎന്നുചൊല്ലീ
ടിനാർ * സൎപ്പകുലത്തെരക്ഷിച്ചതുപാൎക്കുമ്പോ ളത്ഭുതമെത്രയുമെന്നേ
പറയാവൂ * എന്തുഭവാനൊന്നുഞങ്ങൾ ചെയ്യേണ്ടുന്നതന്തൎഗ്ഗതമരുൾ
ചെയ്താലുത്തരാം * ചിന്തിതമൊന്നുണ്ടതുപറയാമെങ്കി ലന്തരം
പിന്നെവരാതെയിരിക്കണം * സന്ധ്യാകാലത്തിങ്കലെന്റെചരിത്ര
ങ്ങൾ ചിന്തിക്കയുംചൊൽകയുംകേൾക്കയുംചെയ്കിൽ * പന്നഗ
ജാതികളാലവൎക്കാൎക്കുമേ പിന്നെയൊരുഭയംകൂടാതിരിക്കണം * എ
ന്നസ്തികൻപറഞ്ഞുള്ളതുകേട്ടൊരു ദന്തശൂകോത്തമന്മാരുമുരചെയ്താൻ
* ഇക്കഥചൊൽകയും കേൾക്കയുംചെയ്വോൎക്കു ദുഃഖംവരാവിഷ
മെന്നുമകപ്പെടാ * അന്ധരായ്ഞങ്ങളിലേകൻകടിക്കിലു മന്തൎഭവി
ക്കയില്ലെന്നുംവിഷമെടോ! * എന്നുരഗന്മാർകൊടുത്തുവരങ്ങളും
നന്നായ്സുഖിച്ചുവസിച്ചാരറിഞ്ഞാലും * ധൎമ്മസ്ഥിതിപിഴയാതെജര
ൽക്കാരു തന്മകൻനാഗേന്ദ്രസോദരിയാകിയ * നിൎമ്മലഗാത്രിജരൽ
ക്കാരുപെററുട നുണ്ടായതാപസനസ്തികനെങ്ങളെ * കുണ്ഠതതീൎത്തുപാ
ലിക്കെന്നുചൊല്ലിയാൽ ഉണ്ടാകയില്ലൊരുസൎപ്പഭയമവ ൎക്കിണ്ടൽമററുള്ള
വയുംവരാനിൎണ്ണയം * അശീവിഷഭയമുണ്ടാകയില്ലെന്നു മാശീർവച
നങ്ങൾചൊന്നാനുരഗങ്ങൾ * അസ്തികനിങ്ങനെനിത്യസുഖത്തോടു
പുത്രപൌത്രാത്മകളത്രമിത്രാദിയോ * ടൂത്തമഹീത്ത്യാവസിച്ചുചിരകാലം
മുക്തിയുംവന്നുപുനരെന്നറിഞ്ഞാലും * അസ്തികമാകിയപുണ്യകഥനിത്യ
മാസ്തിക്യമോടുചൊന്നാലുംഗതിവരും * ഉഗ്രശ്രവസ്സായസൂതവാക്യം
കേട്ടു ഭൃഗപത്യാദികൾപിന്നെയുംചോദിച്ചു * പന്നഗസത്രേജനമേ
ജയനായ മന്നവനോടുമഹാമുനിചൊല്ലിയ * ഭാരതംകൃഷ്ണകഥാമൃത
പൂരിതം പാരാതെഞങ്ങളോടൊക്കെപ്പറകെന്നു * പാരംപ്രശംസിച്ചു
സൂതനെവൎണ്ണിച്ചു പാരമാത്ഥ്യാത്മനാചോദിച്ചതുനേരം * സൂതനുമാദ
രവോടുചൊല്ലീടിനാൻ മേദിനീകാന്തൻജനമേജയനൃപൻ * വേദവ്യാ
സമുനിതന്നോടുചൊല്ലിനാൻ പാദപത്മംനമസ്തേനമസ്തേതടാ*മുന്നം
പിതാമഹന്മാർമമപാണ്ഡവർ പുണ്യപുരുഷന്മാർപൂൎണ്ണഗുണവാന്മാർ *
വിശ്വൈകനാഥനാംവിഷ്ണുഭഗവാനെ വിശ്വാസഭക്ത്യാസമാരാധനം
ചെയ്തു * വിശ്വപവിത്രയാംകീൎത്തിപരത്തിനാർ വിശ്വമെല്ലാടവുമെ
ന്നാലവരുടെ * സൽകഥയെല്ലാമരുൾചെയ്തുകേൾക്കണം ദുഃഖമകലുവാ
നെന്നുളളിലെട്ടൊരു * വിഷ്ണുകലാഭൃതൻകൃഷ്ണദ്വൈപായനൻ കൃഷ്ണകഥാ
മൃതമിശ്രമാംഭാരതം * താല്പൎയ്യവാനാംജനമേജയനെന്നി കേൾപ്പിക്ക
യെന്നുവൈശമ്പായനനോടു * കാരുണ്യപൂൎവ്വംനിയോഗിച്ചിരുന്നൊരു
നേരംതൊഴുതുവൈശമ്പായനമുനി * ആചാൎയ്യനാകിയവേദവ്യാസൻ
പദ മാശ്രയേചെത്തുസമാധിയുറപ്പിച്ചു * നാരായണനെയുംപിന്നെന

രന്നെയും ഭാരതിയാംവണ്ണഗാത്രിയെത്തന്നെയും * സാദരമുള്ളിൽസച രാചരംജഗ ഭേദവേദാംഗവേദാന്താദിവിദ്യയും * ചേതസിചേർത്തുണ ന്നൈക്യഭാവത്തോടു മാദിയേചൊല്ലിനാനെന്നിതുസൂതനും മോദേന ചൊന്നാളിതികിളിപ്പൈതലും *

ആസ്തികപർവ്വം സമാപ്തം.

സംഭവം.

ഹരിഃ ശ്രീ ഗണപതയേ നമഃ.

അവിഘ്നമസ്തു.

ശ്രീരാമ!രാമരാമ!ഗോവിന്ദ!ശിവരാമശ്രീമഹാദേവ!കൃഷ്ണ!മുകുന്ദ! നാരായണ! * നാരായണായനമോ നാരായണായനമോ നാരായണാ യനമോ നാരായണായനമഃ * പാരതിലോരോതരമുള്ള ജന്തുക്കളായി പാരമുള്ളഴൽപൂണ്ടുജനിച്ചുമരിപ്പതും * പാരാതെമാററിക്കൊൾവാനെ ന്തൊരുകഴിവയ്യോ! പാരിരേഴിന്നുമൂലമാകിയദേവദേവ! * ഭാരതമായ കഥകേൾക്കയുംചൊല്ലുകയും പാരംനന്നെന്നുഗുരുവരുളിച്ചെയ്തുകേൾപ്പൂ * പാരാതെപറയണമതുനീകിളിപ്പെണ്ണേ! ഭാരമില്ലേതുംനിനക്കെപ്പേ രുംപാഠമല്ലോ * ഭാരതീദേവിയെൻെറനാവിന്മേൽവിളങ്ങുകിൽ പാ രാശര്യാനുഗ്രഹംകൊണ്ടുഞാൻചൊല്ലീടുവൻ * ഭാരതമൊട്ടങ്ങാതെ ന്നാകിയകഥയല്ലോ പാരമാഗ്രഹമെങ്കിൽചുരുക്കിപ്പറഞ്ഞീടാം * കേൾക്കേണമെല്ലാമഹാഭാരതമിതിഹാസം പോക്കണംദുരിതങ്ങളെല്ലേ രുമിതിനാലെ * മോക്ഷസാധനങ്ങളിൽമുമ്പിതിനെന്നുതന്നെ സാ ക്ഷാൽശ്രീകൃഷ്ണൻപരമാചാര്യനരുൾചെയ്തു * വേദവ്യാസോക്തമായ് വേദാന്തസാരാർത്ഥംനീ യാദിയേകേൾപ്പിക്കണമാനന്ദംവരുവാനായ് * ആദിയേകേൾപ്പിനെങ്കിൽഭാരതമായകഥ മോദേനപറഞ്ഞീടാമാ ദിനായകലീല * ഗുരുവുംഗണേശനുംവാണിയുംമുകുന്ദനും ഗുരുകാരുണ്യ ത്താലെതുണയ്ക്കുവന്ദിക്കുന്നേൻ * കരുണാചിത്തന്മാരാംധരണീസുരവൃന്ദ ചരണാംഭോരുഹത്തെശ്ശരണംപ്രാപിക്കുന്നേൻ * വസിഷ്ഠാത്മജസുതപു ത്രനന്ദനൻതാനും വസിച്ചീടണമുള്ളിൽവാല്മീകിമുനീന്ദ്രനും * രസി ച്ചീടണമതുകേട്ടുഭക്തന്മാർ പരിഹസിച്ചീടുകിലതുംദുരിതവിനാശനം * ഭഗവത്ഭക്തന്മാരെക്കൊണ്ടുള്ളചരിതവും ഭഗവച്ചരിതവുംതൽഗുണ നാമങ്ങളും * പറഞ്ഞുംകേട്ടുമുള്ളിൽധ്യാനിച്ചുമുള്ളകാലം പരമാനന്ദം പൂണ്ടുകഴിച്ചുകൊൾകനല്ലൂ * ഭാരതമതിൽചൊല്ലാതുള്ളൊരുകഥകളോ. പാരാതെനിരൂപിക്കിലെത്രയുംകുറഞ്ഞീടും * അക്കഥയൊക്കെച്ചൊൽ

വാനവർക്കാമ്പിൽനിരൂപിക്കിൽ മുഖ്യനാംവേദവ്യാസൻതാനൊഴിഞ്ഞാരുമില്ല * അഞ്ചിതമായമഹാഭാരതമിതിഹാസ മഞ്ചാമതൊരുവേദമെന്നത്രെചൊല്ലീമുനി * അങ്ങിനെയിരിപ്പോരുഭാരതകഥയിപ്പോളിങ്ങിനെ ചൊൽവാനുള്ളിൽനാണമാകുന്നിതയ്യോ! * എന്നാലുമവരവർക്കറിവാൻതക്കവണ്ണം നന്നായിപ്പറകെന്നുവന്നീടുമറിഞ്ഞവർ * എങ്കിലോകേട്ടുകൊൾവിൻദോഷങ്ങളൊക്കെ മറച്ചെങ്കലുള്ളൊരുഗുണംഗ്രഹിച്ചുകൊൾവിൻനിങ്ങൾ *

സോമവംശരാജോല്പത്തി.

ജനമേജയനൃപൻതന്നുടെയാഗത്തിങ്കൽ മുനിനായകൻവേദവ്യാസനുമെഴുന്നള്ളി * അന്നേരംപൈതാമഹന്മാർഗ്ഗുണംകേട്ടമൂലം മന്നവനപേക്ഷിച്ചുഭാരതകഥകേൾപ്പാൻ * വൈശദ്യമോടുമിവൻതന്നെനീകേൾപ്പിക്കെന്നു വൈശമ്പായനനോടുവേദവ്യാസനുംചൊന്നാൻ * വൈശിഷ്ട്യമുള്ളമുനിവന്ദിച്ചുനൃപനോടുസംശയംതീരുംവണ്ണംസംക്ഷേപിച്ചറിയിച്ചു * വിസ്തരിച്ചരുളിച്ചെയ്തീടണമെന്നുനൃപൻ ചിത്തകൌതുകത്തോടുപിന്നെയുംചോദിച്ചപ്പോൾ * സത്യജ്ഞാനാനന്താനന്ദാത്മകപരബ്രഹ്മ തത്വജ്ഞനായവൈശമ്പായനനരുൾചെയ്തു * ധാതാവിൻമകനായദക്ഷനുമകളരായ് ചേതോഹാരിണികളായറുപതുണ്ടായതിൽ * അദിതിപെററുണ്ടായിസൂൎയ്യനെന്നറിഞ്ഞാലു മവനുമകൻമനുവിന്റെമകനിളൻ അവനുമൊരുപെണ്ണായ്ചമഞ്ഞുവിധിവശാൽ *മുമ്പിനാൽവിരിഞ്ചൻതൻ പുത്രനാമത്രികണ്ണിൽസംഭവിച്ചിതുചന്ദ്രനവന്റെമകൻബുധൻ * ഇളയായ്ചമഞ്ഞുള്ളോരിളനെക്കണ്ടുമൂലമിളകിബുധനുടെമാനസമതുകാലം * ഇളപെററുണ്ടായ്വന്നുചൊല്ലെഴുംപുരൂരവാവിളയെവഴിപോലെരക്ഷിച്ചാനവൻമുന്നം *അവനുമകനായുസ്സാകിയനൃപവര നവനീഭരണംചെയ്തിരുന്നാൻചിരകാലം * നഹുഷനായനൃപതിശേഖരനവന്മകൻ നഹുഷൻതന്റെമകനായതുയയാതിയും * പാരിടംപരിപാലിച്ചിരിക്കുംകാലത്തിങ്കൽ നാരിമാരിരുവരെവേട്ടിതുയയാതിയും * ദിതിജാചാൎയ്യനായശുക്രമാമുനിയുടെ സുതയായീടുംദേവയാനിയെ വേട്ടുമുൻപിൽ * ദിതിജാധിപനായവൃഷപൎവ്വാവിന്മക ളതിസുന്ദരിയായശൎമ്മിഷ്ഠേണ്ടാമവൾ * അതുരണ്ടിലുമായിട്ടഞ്ചുപുത്രന്മാരുണ്ടായ് യദുവുംതുൎവ്വസുവുംദേവയാനിക്കുമക്കൾ * ശൎമ്മിഷ്ഠാത്മജൻദ്രുഹ്യുരണ്ടാമനനുദ്രുഹ്യു ശൎമ്മിഷ്ഠനായപൂരുവായതുമൂന്നാമവൻ * യദുവിൻപരമ്പരയാദവന്മാരായ്വന്നു പിതൃശാപത്താലില്ലാതായിതുനൃപചിഹ്നം * പൂരുവിൻപരമ്പരാജാതന്മാർപൌരവന്മാർ പൂരുവിൻഭാൎയ്യയ്ക്കുന്നുകൌസല്യയെന്നുനാമം * അവൾപെററുള്ളജനമേജയനെന്നനൃപ നവന്റെപത്നികുപേരനന്തയെന്നാകുന്നു * പ്രാചിന്വാനെന്നനൃപനവൾപെററുണ്ടായതും പ്രാചിയാംദിക്കുജയിച്ചതിനാലെന്നുനാമം * അവൻതന്നുടെപത്നിയശ്മകിയല്ലോകേൾപ്പി നവൾപെററുണ്ടായിതുശയ്യാതിയെന്നനൃപൻ * ശയ്യാതിശത്രുവിൻനന്ദനവരാംഗിയാം മയ്യൽക്കണ്ണാളെവിവാഹംചെയ്തുവാഴുംകാലം * അവൾപെററഹംപതിയെന്നൊരുനൃപനു

ണ്ടായവനുംകൃതവീൎയ്യതനയതന്നെവെട്ടാൻ * അവൾക്കുനാമംഭാനുമതി
യെന്നാകുന്നിതു മവൾപെറ്റുള്ളസാൎവ്വഭൌമനാംനരപതി * അവന്റെ
പത്നിവസുന്ധരകേകയപുത്രി യവൾപെറ്റുണ്ടായിതുചൊല്ലെഴും ജയ
സേനൻ * തൽപത്നിസുഷുപ്പയാംവിദർഭാത്മജയല്ലോ തൽപുത്രനരാചി
നൻതൽപത്നിമൎയ്യാദയും * അവൾപെറ്റുള്ളമഹാഭൌമനാംനരപതിയ
വനെപ്പോലെ പരിപാലനംചെയ്തീലാരും * ചൊല്ലെഴുംപ്രസേനജിൽ
പുത്രിയാംസുമന്ത്രയെ നല്ലനാംമഹാഭൌമൻവേട്ടിതുവിധിയാലെ * ന
യശൌൎയ്യോപായാദിസകലഗുണങ്ങളോ ടയുതനായനൃപനവൾപെറ്റു
ണ്ടായ്വന്നാൻ * തൽപത്നിപൃഥുശ്രവാവിന്മകൾഭാസയല്ലോ തൽപുത്ര
ക്രോധനനാകിയമഹീപതി * തല്പത്നികരണ്ഡുവാംകലിംഗാത്മജയ
ല്ലോ തൽപുത്രൻദേവാതിഥിദേവനായകസമൻ * തല്പത്നിവിദേഹൻത
ൻപുത്രിയാംമൎയ്യാദയും തല്പുത്രനൃപനംഗഭൂപതിപുത്രനല്ലോ * തൽപത്നി
വാമദേവിതൽപുത്രനൃക്ഷനൃപൻതൽപത്നി ജ്വലയാന്തക്ഷകപുത്രിയ
ല്ലോ * തൽപുത്രനന്തിനാരൻതൽപത്നിസരസ്വതിതൽപുത്രൻ ത്രസ്ന
നൃപൻതൽപത്നികാളിന്ദിയും * തൽപുത്രൻനിലീലനുംതൽപത്നിരഥ
ന്തരി തൽപുത്രന്മാരഞ്ചുപേർദുഷ്ഷന്താദികളല്ലോ * വിശ്വാമിത്ര
ന്റെമകളാകിയശകുന്തള ദുഷ്ഷന്തമഹീപതിതന്റെകാന്തയായാൾ
* അവൾപെറ്റുണ്ടായതുഭരതനെന്നനൃപ നവന്റെപാരമ്പൎയ്യംഭാരത
മാകുന്നതും * കാശേയിയായസൎവ്വസേനിയാംസുനന്ദയെ ആശയാ
വിവാഹംചെയ്തീടിനാൻഭരതനും * അവനുഭൂമന്യുവെന്നുണ്ടായാനൊ
രുസുത നവനുംദാശാൎഹന്റെമകളാംസുവൎണ്ണയെ * വേട്ടിതുസുഹോ
ത്രനെന്നുണ്ടായിതനയനും വേട്ടിതുജയന്തിയാമൈക്ഷ്വാകിതന്നെയവ
ൻ * ഹസ്തിയാംനരപതിപുത്രനായുണ്ടായ്വന്നിതെത്രയും പ്രസിദ്ധനാ
യുത്തമകീൎത്തിയോടെ * ഹസ്തിതാൻനിൎമ്മിച്ചോരുപുരമായതുമൂലം
ഹസ്തിനപുരമെന്നുചൊല്ലുന്നിതറിഞ്ഞാലും * ഹസ്തിനമെന്നുചൊൽ
വാൻ തോന്നിയതെന്താകിലും ശാസ്ത്രികൾചൊല്ലീടുന്നുഹാസ്തിനമെ
ന്നുതന്നെ * ഹസ്തിയുംത്രിഗൎത്തന്റെമകളെവേട്ടുകൊണ്ടാ നസ്ത്രീരത്ന
ത്തിനുപേരായതുയശോധര * അവളുംവികുഞ്ജനനെന്നൊരുവനെ
പ്പെറ്റാ ളവനുംദാശാൎഹന്റെമകളാംസുനന്ദയെ * വേട്ടിരുന്നവൾ
പെറ്റിട്ടുണ്ടായാനജമീഢൻ വേട്ടിതുനാരിമാരെക്കനിവോടഞ്ചുപേരെ
* കൈകേയിനാകപിന്നെഗാന്ധാരിവിമലയും മാഴ്കാതെരാഗംതേടു
മൃക്ഷയുംക്രമത്താലെ * ചതുൎവ്വിംശതിസുതശതമുണ്ടായിതവനതിനാൽ
പലവംശമുണ്ടായിനൃപന്മാരും * അവിടെവംശകൎത്താവായതുസംവ
രണൻ അവനുമാദിത്യന്റെമകളാംതപതിയെ * വസിഷ്ഠനിയോഗ
ത്താൽവേട്ടിതുസുഖത്തോടെ വസിക്കുന്നാളിൽകുരുവാകിയസുതനുണ്ടാ
യ് * ഗൌരവഗുണംതേടുംതൽകുലജാതന്മാരെ കൌരവന്മാരെന്നവൻ
മൂലമായ്ചൊല്ലീടുന്നു * ദാശാൎഹൻതന്റെമകളാകിയശുഭാംഗിയെ
ആശയാവേട്ടുകുരുതൽസുതൻവിഡൂരഥൻ * തല്പത്നിമാഗധൻതൻപു
ത്രിയാമമൃതാഖ്യ തൽപുത്രൻപരീക്ഷിത്തുതൽപത്നിസുരൂപയും * തൽ

പുത്രൻഭീമസേനനാകിയനൃപശ്രേഷ്ഠൻ തല്പതിസുകുമാരിയായകൈ
കേയിയല്ലോ * അവൾക്കസത്യശ്രവാവെന്നൊരുമകനുണ്ടായ് അവ
നെപ്രതീപനെന്നെല്ലാരുംചൊല്ലീടുന്നു * തൽപതിസുനന്ദയാംശിബി
നന്ദനയല്ലോ തൽപുത്രന്മാരായ്മൂവരുണ്ടായിതഗ്നിപോലെ * ദേ
വാപിപുനരഥശന്തനുബാൽഹികനും ദേവാപിവനവാസംതുടങ്ങി
ചെറിയന്നേ * സോമവംശവുംമേലിലവനാലുണ്ടായ്വരും ഭൂമിയെരക്ഷി
ച്ചിതുശന്തനുമഹീപതി * അവൻെറപത്നിയായിവന്നിതുഭാഗീരഥി
അവൾപെററുള്ളദേവവ്രതനെന്നറിഞ്ഞാലും * കാമിച്ചുവലഞ്ഞിതുശ
ന്തനുകാളിയെന്ന കാമിനിയായദാശനാരിയെക്കണ്ടമൂലം * അതി
നാൽദേവവ്രതൻരാജ്യവുമുപേക്ഷിച്ചു മതിമാൻബ്രഹ്മചര്യ്യംപ്രാപിച്ചു
കൈവർത്തനോ * ടവളെവാങ്ങീത്തൻെറതാതനുനൽകീടിനാ നവ
നെബ്ഭീഷ്മരെന്നുചൊല്ലുന്നുമഹാജനം * അവളെവേൾക്കുംമുമ്പേ
പുൽകിനാൻപരാശരൻ അവളിൽവേദവ്യാസനുണ്ടായിതന്നുതന്നെ *
പിന്നെശ്ശന്തനുജന്മാരായവൾപെററുണ്ടായാർ മന്നവൻചിത്രാംഗദൻ
വിചിത്രവീര്യൻതാനും * ശന്തനുവിൻെറകാലംകഴിഞ്ഞോരനന്തരം ശ
ന്തനുപുത്രൻചിത്രാംഗദനായ്വന്നുരാജ്യം * ഉഗ്രനാംചിത്രാംഗദനാകിയ
ഗന്ധർവ്വേന്ദ്രൻ നിഗ്രഹിച്ചീതുചിത്രാംഗദനാംനൃപേന്ദ്രനെ * സത്വരം
ബാലകനാംവിചിത്രവീര്യൻതന്നെ പൃത്ഥ്വീവല്ലഭനാക്കിവാഴിച്ചുഗം
ഗാദത്തൻ * കംബുകണ്ഠികളായകാശിരാജാത്മജമാ രംബികതാനുമം
ബാലികയുമവൻതൻെറവല്ലഭമാരായ്വന്നുമരിച്ചുനൃപതിയുമല്ലൽപൂണ്ടി
തുരാജ്യവാസികളതുമൂലം * സന്തതിയില്ലാഞ്ഞാശ്രുദുഃഖിച്ചുസത്യവതി
ചിന്തിച്ചുവേദവ്യാസനാകിയമുനീന്ദ്രനെ * മാതൃവിഷമമറിഞ്ഞീടി
നമുനിവരൻ ഭ്രാതാവിൻകളത്രത്തിൽസന്തതിയുണ്ടാക്കിനാൻ * ചൊ
ല്ലേറുംധൃതരാഷ്ട്രനംബികപെററുണ്ടായി നല്ലയാമംബാലികയ്ക്കുണ്ടായി
പാണ്ഡുതാനും * ജ്ഞാനിയാംവിദുരരുമുണ്ടായി ശൂദ്രിതന്നിൽ സാന
ന്ദംധാർത്തരാഷ്ട്രന്മാരായ്നൂററൊന്നുണ്ടായി * പാണ്ഡുവിന്നഞ്ചുമക്കൾ
ധർമ്മജാതികളല്ലോ പാണ്ഡവന്മാരൈവക്കും പത്നിപാഞ്ചാലിതാനും
* അവൾപെററഞ്ചുമക്കളൈവക്കുംകൂടെയുണ്ടായ് അവർകളുടെനാമം
വെവ്വേറെചൊല്ലാമല്ലോ * പ്രതിവിന്ധ്യനും സുതസോമനും ശ്രുതസേ
നൻമതിമാൻശതാനീകൻശ്രുതകർമ്മാവുതാനും * പിന്നെയുംവേറെ
യൊന്നുവേട്ടിതുയുധിഷ്ഠിരൻ കന്യകശൈബ്യപുത്രിദേവകിയെന്നവളെ
* യൌധേയനെന്നമകനുണ്ടായാനവൾപെററും വാതജൻവാരാണ
സിപുക്കകാശീശൻതൻെറ * മകളാംബലധരതന്നെയുംവേട്ടുപിന്നെ
മകനായ് ശർമ്മത്രാതനുണ്ടായാനവൾപെററും * ഫൽഗുനൻദ്വാരാ
വതിപുക്കടൻസുഭദ്രയെ കൈക്കൊണ്ടുപോന്നാനവൾപെററഭിമന്യുവു
ണ്ടായ് * നകുലൻവേട്ടുപിന്നെരേണുകയെന്നുപേരാം മകരനേത്ര
യായചേദീശപുത്രിതന്നെ * പുത്രനായനിരമിത്രനെന്നവൾക്കുണ്ടായ്വ
ന്നു മാദ്രേശസുതാത്മജനാകിയസഹദേവൻ * മാദ്രേശൻതൻെറമ
കൾവിജയതന്നെവേട്ടാൻ പുത്രനായ്സുഹോത്രനെന്നുണ്ടായാനവൾ

പെററും * ഭീമസേനനുംമുന്നംഹിഡിംബീതനയനായ് ഭീമനാംഘ
ടോല്ക്കചനുണ്ടായാനവൾപെററും * അൎജ്ജുനൻഗംഗാസ്നാനംചെയ്ത
നേരത്തുതത്ര വിജ്ജ്വരമുലൂപിയിലുണ്ടായാനിരാവാനും * പിന്നെയുംമ
ണലൂരപതിനന്ദനയായ കന്യകചിത്രാംഗദഫൽഗുനഭാൎയ്യയായാൾ *
സുഭദ്രാമവളുമായിഭ്രമംകലൎന്നെഴ ബഭ്രുവാഹനസുതനവിടെയിരുന്ന
നാൾ * അത്ഭുതശാസ്ത്രിപെററിട്ടർക്കനുണ്ടായ്വന്നു ബഭ്രുവാഹനനെന്നു
സല്പമാനവനേററം * ഇങ്ങനെപതിമൂന്നുനന്ദനന്മാരുണ്ടായി മംഗല
ന്മാരായുള്ളപാണ്ഡവന്മാൎക്കുമുന്നം * എന്നതിലഭിമന്യുവേട്ടിതുവിരാട
ൻെറ കന്യകയായേവീട്ടുമുത്തരയെന്നവളെ * അവളിലുണ്ടായിതുനിൻ
പിതാപരീക്ഷിത്തു മവനീപതിവിഷ്ണുരാതനാംവിഷ്ണുഭക്തൻ * അശ്വ
ത്ഥാമാവിൻബാണദഗ്ദ്ധനാംകുമാരനെ യച്യുതൻചക്രംകൊണ്ടുജീ
വിപ്പിച്ചതുമെടോ * തന്മഹിമാനമെല്ലാംപറഞ്ഞാലൊടുങ്ങുമോ നി
ൎമ്മലനായഭോനവൻെറമകനല്ലോ * നിനക്കശതാനീകൻശങ്കവെ
ന്നതുംപേരായ് നിനക്കസമന്മാരായ്രണ്ടുപുത്രന്മാരുണ്ടാം * നിന്നു
ടെശതാനീകൻതന്നുടെപുത്രനായി പിന്നെയുമശ്വമേധദത്തനെന്നുണ്ടാ
യ്വരും * പൂരുവിൻവംശമുടനവിടെയൊടുങ്ങീടും പൂൎവ്വന്മാരുടെകഥ
പറഞ്ഞാലൊടുങ്ങുമോ * പാണ്ഡിത്യമില്ലപറഞ്ഞീടുവാൻകേട്ടുകൊൾ
ക പാണ്ഡവന്മാൎക്കുകാലംകഴിഞ്ഞപ്രകാരവും * അത്തൽപൂണ്ടച്ഛൻ
മരിച്ചടവിതന്നിൽനിന്നു ഹസ്തിനപുരത്തിങ്കൽചെന്നവർപുക്കകാലം
* പതിനാറാണ്ടുംധൎമ്മപുത്രൎക്കുഭീമനന്നു പതിനഞ്ചായിപതിനാലാ
യിഫൽഗുനനും * പതിമൂന്നായിമാദ്രിതന്നുടെപുത്രന്മാൎക്കും പതി
മൂവാണ്ടുപിന്നെവിദ്യയുമഭ്യസിച്ചു * ധൃതരാഷ്ട്രനുംദുൎയ്യോധനനാദി
കളുമായ് മരിമാന്മാരായുള്ളധൎമ്മജാതികൾവാണു * പിന്നെയര
ക്കില്ലംവെന്തിട്ടുപുറപ്പെട്ടു മന്നവരാറുമാസംകാനനംതന്നിൽവാണു *
അന്നവരെല്ലാംഘടോല്ക്കചനുണ്ടായതപിട്ടന്നു പിന്നെയോരാറുമാസമേകച
ക്രയിൽവാണു * പാഞ്ചാലിതന്നെവേട്ടാരന്നവരവളുമാ യ്പാഞ്ചാലപു
രത്തിങ്കലൊരാണ്ടുതാമസിച്ചാർപോൽ * ഹസ്തിനപുരത്തെത്തിപിന്നെ
യുമൊരുമിച്ചി ട്ടൈത്രയുംസുഖത്തോടുമയ്യാണ്ടുകാലംവാണു * പിന്നെ
യങ്ങിന്ദ്രപ്രസ്ഥമാകിയപുരിപുക്കു മന്നവനിരുപത്തുമൂവാണ്ടുകാലംവാ
ണു * ചൂതുതോററവിട്ടുന്നുപന്തിരാണ്ടടവിയിൽ മേദിനീപാലകന്മാർതാ
പസരായിവാണു * ഓരാണ്ടുവിരാടൻെറരാജധാനിയിൽവാണാ
രാരുമേയറിയാതെവേഷച്ഛന്നന്മാരായേ * കെല്ലോടുശത്രുക്കളെയൊ
ക്കവേയൊടുക്കീട്ടു മുപ്പത്താറാണ്ടുഭൂമിയടക്കിവാണുപിന്നെ * മന്നവരാ
റുമാസംകൊണ്ടഭിമന്യുജനെ മന്നവനാക്കിവാഴിച്ചുമറുപൂരിപുക്കാർ *
നൂററെട്ടുവരിഷവുമാറുമാസവുംചെന്നു മാററലർകുലകാലനായധൎമ്മജ
നെടോ * വിഷ്ണുവിൽമൂന്നുമാസംമൂത്തതുകൃഷ്ണൻപിന്നെ കൃഷ്ണനിൽമൂ
ന്നുമാസംമൂത്തതുബലഭദ്രൻ * കൃഷ്ണനായവതരിച്ചന്നുള്ളലീലകളും കൃ
ഷ്ണഭക്തന്മാരായപാണ്ഡവർകഥകളും * വിഷ്ണുതാൻതന്നെവന്നുപിറന്ന

വേദവ്യാസൻ കൃഷ്ണനാംദ്വൈപായനൻചൊല്ലിയകഥയല്ലോ * അ
ദ്വൈതോപാഖ്യാനമാംഭാരതം നൂറായിരം പദ്യവുംപതിനെട്ടുപർവ്വമാ
യ്ത്തീർത്തുകൂട്ടി * സംഭവപർവ്വംസഭാപർവ്വുമാരണ്യവും പിൻപുവൈരാ
ടപർവ്വമുദ്യോഗമഞ്ചാമത്തും * പിന്നെത്തുഭീഷ്മപർവ്വമപരംദ്രോണപ
ർവ്വം കർണ്ണപർവ്വവുംശല്യപർവ്വവുംസൌപ്തികവും * സ്ത്രീപർവ്വംശാന്തി
പർവ്വമനുശാസനികവും ശോഭതേടീട്ടുമശ്വമേധികപർവ്വംപിന്നെ *
പതിനഞ്ചാമത്തുനല്ലാശ്രമവാസപർവ്വം പതിനാറാമതല്ലോമൌസല
മായപർവ്വം * പതിനേഴാകുംമഹാപ്രസ്ഥാനംകഴിയുമ്പോൾ പതി
നെട്ടാമതിങ്കൽസ്വർഗ്ഗാരോഹണമല്ലോ * അദ്ധ്യായക്രമംചൊൽവാ
നെത്രയുംപെരുപ്പമുണ്ടതുയെന്തിനുവേണ്ടിയെന്നതുമറിഞ്ഞില്ല * ഭാരത
സംക്ഷേപംഞാനെപ്പേരുമറിയിച്ചേൻ പാരിടത്തിങ്കലുള്ളഭക്തന്മാർക്കറി
വാനായ് * നല്ലതുചെയ്യുന്നോർക്കുനല്ലതുവരുമെന്നും നല്ലതില്ലാകാത്ത
തുചെയ്തീട്ടന്നവർക്കെന്നും * ദേവദേവേശനായകൃഷ്ണനെവഴിപോലെ
സേവിച്ചാലുള്ളഫലമായതുമറിഞ്ഞീടാം * ഇനിമറ്റെന്തുകഥകേൾ
ക്കേണ്ടതെന്നുചൊന്നാ ലെന്നാലായതുചൊല്ലാമെന്നെല്ലാംക്രമത്താലെ *
വൈശമ്പായനമുനിജനമേജയനോടു വൈശിഷ്ട്യമുള്ളമഹാഭാരതക
ഥാസാരം * ഒക്കവേചുരുക്കമായിവർണ്ണംപറഞ്ഞതപ്പോൾ മുഖന്യാംനര
പതിജനമേജയൻചൊന്നാൻ * എത്രയുംകൌതുഹലമുണ്ടിതുകേൾ
ക്കുന്തോറും വിസ്തരിച്ചുരുളിച്ചെയ്തീടണംമടിയാതെ * എന്നതുനര
പതിചൊന്നതുകേട്ടുമുനി നന്നായിത്തെളിഞ്ഞുടനാദിയേയറിയിച്ചു *
ഇങ്ങിനെസൂതവാക്യംകേട്ടുശൌനകമുനി തിങ്ങിനമോദത്തോടുപി
ന്നെയുംചോദ്യംചെയ്തു * അക്കഥയെല്ലാംനിനക്കുൾക്കാമ്പിൽപാഠ
മെന്നാ ലൊക്കെഞങ്ങൾക്കുകേൾപ്പാനറിയിച്ചീടണംനീ * ശങ്കരൻ
നാരായണനാദിനായകൻപരൻ ശങ്കരപ്രിയൻദേവൻമംഗലപ്രദൻകൃ
ഷ്ണൻ * പങ്കജവിലോചനൻപങ്കജനാഭൻഹരി പങ്കജമാതിൻ
കുളുർകൊങ്കയിലിഴുകീടും *. കുങ്കുമപങ്കംതന്നാലങ്കിതമായിട്ടതി ഭംഗി
തേടീട്ടുംതിരുമാറുള്ളനാരായണൻ * തൻകഴൽവഴിപോലെസംഗ്രഹി
ച്ചുള്ളിൽനന്നാ യഘങ്ങളൊക്കെനീക്കിപ്പാവനന്മാരായുള്ള * തിങ്കൾതൻ
കുലത്തിങ്കലുണ്ടായഭൂപാലന്മാർ നിർമ്മലന്മാരായുള്ളപാണ്ഡവരുടെകഥ
* കല്മഷമകലുവാനൊക്കെനീപറയണം എന്നതുകേട്ടുസൂതൻമോദമോ
ടുരചെയ്തു *നന്നല്ലോപഠിക്കയുംകേൾക്കയുംപുരാണങ്ങൾ എന്നതിൽവി
ശേഷിച്ചുഭാരതമേറെനല്ലു നിർമ്മലമിതിഹാസംവേദസമ്മിതമല്ലോ
* ഇത്ഥംപൈങ്കിളിമകൾതന്നുടെവാക്കുകേട്ടു ചിത്തകൌതുകത്തോടുപി
ന്നെയുംചോദ്യംചെയ്തു * ബാദരായണൻചൊന്നഭാരതംസോപാഖ്യാന
മാദരപൂർവ്വംജനമേജയനൃപനോടു * വൈശമ്പായനനറിയിച്ചതുസൂത
ൻതാനുമാശപൂണ്ടൊരുശൌനകാദികൾക്കറിയിച്ചാൻ * അതിനെച്ചുരു
ക്കിനീചൊല്ലണംകിളിപ്പെണ്ണേ! കൌതുകംപാരമതിലെന്നതുകേട്ടനേരം
* മൊഴിമാതിനേയുംവ്യാസനെയുംകൃഷ്ണനേയും തൊഴുതുകിളിമകൾപറ
ഞ്ഞുതുടങ്ങിനാൾ * പലക്കുമിതിലൊരുരസമുണ്ടാകയില്ല ചിലക്കുകറ

ഞ്ഞൊരുമസമുണ്ടായാലേത്തും !* ഫലിക്കയില്ലയല്ലോനന്നായിപ്പറകിലും ഫലക്കമൊരുപോലെകൌതുകമുണ്ടാകിലേ * ഫലിപ്പാനെളുതാവൂദക ഫലമതിൻമൂലം ഫലക്കമാത്മജ്ഞാനമില്ലായ്കതന്നെതാനും * ജ്ഞാനമുണ്ടെന്നാകിലേരമിപ്പൂന്നമിതിൽ ജ്ഞാനമോന്നുറുപേരിലൊരുത്തനുണ്ടാകിലാം * എന്നാലുംചുരുക്കിനീപാണ്ഡവരുടെകഥ നിന്നാലാകുന്നവണ്ണംചൊല്ലേണമെന്നോടിപ്പോൾ * ഫലക്കംതെളിയണമെന്നുനിനിനയ്യേണ്ടാ ചിലക്കതെളികിലുംമതിയെന്നതേവരൂ * ആക്കമെതെളികയില്ലെങ്കിലുമിനിക്കിതു കേൾക്കണംപെരികയുണ്ടാഗ്രഹംമനക്കാമ്പിൽ * വൈകരുതിനിക്കാലംപഴുതേകളയാതെ വൈകളഞ്ഞുരചെയ്ക ഭാരതകഥയെല്ലാം * ഭാരതംചമച്ചോരുകൃഷ്ണദ്വൈപായനനാം പാരാശര്യൻറജന്മംചൊല്ലേണമല്ലോമുമ്പിൽ *

വേദവ്യാസോല്പത്തി.

എങ്കിലോമുന്നംചേദിരാജ്യത്തിലൊരുനൃപൻ മംഗലനായവസുവുണ്ടായാനവൻനന്നായ് * ഇന്ദ്രനെസ്സേവിക്കയാൽകൊടുത്തുവരങ്ങളു മിന്ദ്രൻമാലയുമൊരുവൈഷ്ണവമായദണ്ഡും * ആകാശേനടപ്പതിനായൊരുവിമാനവും ലോകവൃത്താന്തമെല്ലാമറിവാൻവിജ്ഞാനവും * ഒക്കവേകൊടുക്കയാലെത്രയുംപ്രസിദ്ധനായ് സ്സുവിഖ്യാതകീർത്തിയോടുംരക്ഷിക്കുംകാലത്തിങ്കൽ * ഉപരിചരനെന്നനാമവുമുണ്ടായ്വന്നി തുപരിഭാഗത്തിങ്കൽ ചരിക്കായ്വന്നമൂലം * വാസവഭക്തനായോരുപരിചരൻവസു വാസവസമാനനായ്വാഴുന്നകാലത്തിങ്കൽ * ഉണ്ടായിബൃഹദ്രഥൻപ്രത്യഗ്രൻ കുശാംബനും വിണ്ടലർകാലനായമച്ചില്ലൻയദുതാനും * തനയന്മാരായഞ്ചുബാലന്മാരുണ്ടായതിൽ മണിവാഹനനെന്നുചൊല്ലുവോർകുശാംബനെ * അവരെയോരോനാട്ടിൽവാഴിച്ചാനെവരെയും അവിടെ ബൃഹദ്രഥൻമഗധരാജാവായാൻ * അക്കാലംചേദിരാജ്യംതന്നുടെയരികത്തു ചൊല്ലേറീടും ശുക്തിമതിയാകിയനദിതന്നെ * കാമിച്ചുകോലാഹലനാകിയഗിരിവരൻ പ്രേമത്തോടവളെച്ചെന്നാശ്ലേഷംചെയ്താനവൻ * വേഗത്തിലൊഴുകുന്നവാഹിനിക്കുനേരം പോകരുതാതെവന്നു പർവ്വതംതടുക്കയാൽ * വെള്ളവുംമേല്പോട്ടേക്കുപൊങ്ങിയന്നാട്ടിലെല്ലാമുള്ളവരല്ലൽകൈക്കൊണ്ടന്യായംചൊൽകയാലെ * മന്നവൻവസുതാനമന്നേരമതുകണ്ടു ചെന്നൊന്നു ചവിട്ടിയാൻപർവ്വതവരൻതന്നെ * പൊടിഞ്ഞുഗിരിവരൻനടന്നുനദിതാനും മടങ്ങിതന്നിലാശുതെളിഞ്ഞുജനങ്ങളും * പൃഥിവീധരൻനദിതന്നിലന്നുല്പാദിച്ചി ട്ടധികഗുണത്തോടു രണ്ടുപൈതങ്ങളുണ്ടായ് * ഒന്നൊരുപുമാനതിൽമറ്റേതുകന്യകയും മന്നവൻതനിക്കുനൽകീടിനാൾനദിതാനും * പുരുഷൻതന്നെസ്സേനാപതിയായ്‌വച്ചാനവൻ തരുണീമണിതന്നെപ്പത്നിയുമാക്കിവച്ചാൻ * ഗിരികയെന്നുതന്നെപേരവൾക്കാകുന്നതും പെരികെമനോഹരിയെന്നതേപറയാവൂ * അവളുമൊരുദിനമൃതുധർമ്മത്തെപ്രാപി ച്ചധികശുദ്ധയായിചതുർത്ഥസ്നാനംചെയ്താൾ * അന്നല്ലോമൃഗങ്ങളെക്കൊന്നുകൊണ്ടുവരികെന്നു മന്നവൻ തന്നോടപേക്ഷിച്ചിതുപിതൃക്കളും * പോയിതു

നായാട്ടിന്നു ഭൂപതിയതുനേരം പോയീലമനസ്സവൾതന്നോടുപിരി
ഞ്ഞേതും * സുന്ദരാംഗിയെത്തന്നെ ചിന്തിച്ചുനൃപവരൻ മന്ദമന്ദംപോ
യൊരുകാനനംപുക്കനേരം * മന്ദാരകുന്ദമാകന്ദാസനസൂനമകരന്ദ സം
യുക്തമന്ദഗന്ധവാഹാദികളും * കോകിലശുകക്രൌഞ്ചസാരസചക്ര
വാക കേകിഷൾപ്പദമുഖ്യപക്ഷികൾനാദങ്ങളും * സൂകരകരിഹരിഹ
രിണമഹിഷാദി ഭോഗലീലാദികളും കണ്ടുമാനസമഴി * ഞ്ഞിന്ദ്രിയ
സ്ഖലനവുംവന്നിതുബലാലപ്പോൾ കന്ദർപ്പശരപരവശനായതിനാ
ലെ * ഇന്ദ്രസമ്മിതൻധരാവല്ലഭനിന്ദ്രഭക്തൻ സ്കന്ദിച്ചബീജംനിജം
നിഷ്ഫലമാക്കീടായ്വാൻ * വൃക്ഷപത്രത്തിലാക്കിക്കൊണ്ടുനൃപവരൻ
പക്ഷിയാംപരുന്തിനോടീവണ്ണംമുരചെയ്താൻ * കേൾക്കനീബീജമ
യോനിയിലുമതുപോലെ ഭോഷ്കല്ലവിയോനിയിലെങ്കിലുമതില്ലരം *
പക്ഷീന്ദ്രപശുയോനിതന്നിലുമറിയാതെ നിക്ഷേപിപ്പിക്കംജനംനാര
കഗാമികൾപോൽ * എന്നെല്ലാംശ്രുതിസ്മൃതികളിലുണ്ടാകമൂല മിന്ന
തിഭയം പൂണ്ടിട്ടൊന്നപേക്ഷിക്കുന്നുഞാൻ * എന്നുടെബീജമിതുപഴു
തേകളയാതെ കന്നൽനേർമിഴിയാളാം പത്നിക്കുകൊടുക്കനീ * എന്നയ
ച്ചതുനേരംപരുന്തുംകൊത്തിക്കൊണ്ടു മന്നവനിയോഗത്താലാകാശേ
പോകുനേരം * മറ്റൊരുപരുന്തതുകണ്ടൊരുമാംസബുദ്ധ്യാ തെറ്റെന്നു
ചെന്നുകലഹിച്ചപ്പോൾവീണുപോയി * കാലനസോദരിമാർത്താണ്ഡാ
ത്മജാ മഹാനദികാളിന്ദിതന്നിലായിവീണിതുവിധിവശാൽ * അ
ബ്ജസംഭവശാപാലദ്രികയെന്നുപേരാം മപ്സരസ്ത്രീയുണ്ടതിൽമത്സ്യമാ
യ്ക്കിടക്കുന്നു * വീണവാസവബീജമപ്പൊഴേവിഴുങ്ങിനാൾ താനു
പോംമുമ്പേമത്സ്യവേഷമാമദ്രികയും * അവൾക്കുഗർഭമുണ്ടായ്ച
മഞ്ഞുമരുവുന്നാ ളവളുമൊരുദാശൻവലയിലകപ്പെട്ടാൾ * കീറി
നാൻവയറവനണ്ഡങ്ങളെടുപ്പാനാ യ്വീറോടുരണ്ടുമർത്ത്യപോതങ്ങൾ
കണ്ടാനപ്പോൾ * മത്സ്യോദരത്തിൽമർത്ത്യപോതങ്ങൾകണ്ടു വി
സ്മയംപൂണ്ടുപലരോടുമതറിയിച്ചാൻ * അത്ഭുതമിതുപണ്ടുകണ്ടിട്ടില്ലെന്നു
ചിന്തിച്ചപ്പൊഴേരാജാവിനുകൊടുത്തുകൈവർത്തനും * ധീവരനായരാ
ജാവുപരിചരൻവസുധീവരൻകൊണ്ടുവന്നപോതങ്ങൾരണ്ടുംകണ്ടാൻ *
മത്സ്യഗന്ധിനിയായകാളിയെനൃപവരൻ മത്സ്യഘാതകനായദാശനു
കൊടുത്തിതു * മത്സ്യഗന്ധിനിതന്നെവളർത്തുകൈവർത്തനു മുത്സവംപൂ
ണ്ടുകാളിയെന്നൊരുപേരുമിട്ടു * മത്സ്യനാംനരപതിയായിതുപൂരുഷ
നും മത്സ്യരൂപവുംകളഞ്ഞദ്രികതാനുംപോയാൾ * തരുണീമണികാളി
കാളിന്ദീനദിതന്നിൽ തരണിവഴിപോലെകടത്തിത്തുടങ്ങിനാൾ * കാ
ളിന്ദികടക്കുന്നപാന്ഥന്മാർക്കെല്ലാവർക്കും കാളിയിലഴിഞ്ഞിതുമാനസമ
തുകാലം * തരണിസുതയായയമുനാനദിതങ്കൽ തരണികടപ്പാനായ്
ചെന്നിതുപരാശരൻ * തരണിദേവനുദിച്ചുയരുന്നതിൻമുമ്പേ തരുണീ
മണിയെക്കണ്ടവനുംമോഹംപൂണ്ടാൻ * ധരണിതന്നിലവൾക്കൊത്ത
നാരികളില്ല ധരണീപതിയുടെബീജമായതിനാലെ * തീരത്തുചെന്നു
പുലർകാലേമാമുനിവരൻ ദൂരത്തുതുഴയുമായ്നിന്നിതുകാളിതാനും *

ധീരതപമകന്നോരമാമുനിവരൻചൊന്നാൻ ചാരത്തുവരികനീമററാരു
മില്ലയിപ്പോൾ * നേരത്തുകടക്കണംനീക്കണംതോണി മറുതീരത്തുചെ
ന്നുപുനരുക്കണമിനിക്കെടോ * മാരച്ചൂടകതാരിൽപൂരിച്ചമൂലംനി
ന്നിൽ പാരിച്ചോരാശവന്നുകൂറൊത്തുചമഞ്ഞിത്തു * ഭോഗിച്ചാവാ
യുംനിന്റെ ചീരൊത്തമുലകളും ചൊരിച്ചോല്ലാമേ! ഞാൻവിചാരിച്ചു
കണ്ടനേരം * കാറൊത്തകുഴലാളേ! ഓരാത്തീയാറുമാറെന്മാറത്തുചേ
ന്നീടുവാൻയോഗമുണ്ടിപ്പോൾതന്നെ * നേരത്രേപറഞ്ഞതുമീശ്വരനു
ടെമതം മാരധ്വംസനംബ്രഹ്മാദികൾക്കുംനീക്കാവല്ലേ * ചാരുതമുള്ള
കാളിചൊല്ലിനാളയ്യോ രണ്ടുതീരത്തുമുണ്ടുമുനിമാരുംമാമറയോരും * ചാ
രിത്രദോഷവുമുണ്ടായ്വരുംകന്യകഞാൻ പരിച്ചുതപസ്സുള്ളമാമുനിശ്രേ
ഷ്ഠൻഭവാൻ * ദൂരത്തുനില്ക്കുണ്ടുന്നകൈവർത്തനാരിഞാനോ പാരത്രി
കാർത്ഥിയായപാരമാർത്ഥികൻഭവാൻ * വിധിയുംനിഷേധവുമറിയാതെന്നു
ദിനം പൃഥുരോമാശികളാംനീചജാതികൾഞങ്ങൾ * ശ്രുതിഭേദാർത്ഥ
ജ്ഞാനചതുരമതികളായ് സ്മൃതികർത്താക്കന്മാരാംതാപസരല്ലോനി
ങ്ങൾ * എന്തിതുപറവാനുംതോന്നീടുവാനുമിപ്പോൾ ചിന്തിച്ചാലവ
കാശംദൈവകല്പിതമെന്നോ * ആരുമേയറിയാതെദോഷവുമിരുവർക്കും
വരാതെയിരിക്കിലോചൊന്നതുകേൾക്കാമല്ലോ * ഇങ്ങിനെയുള്ളനി
ങ്ങൾചൊന്നതുകേൾക്കാഞ്ഞാലു മെങ്ങിനെവന്നുഞായമെന്നറിയരുതല്ലോ
* എന്നതുകേട്ടുതെളിഞ്ഞനേരംമുനിവര നെന്നുടെയപേക്ഷനീയൊക്ക
വേവരുത്തിയാൽ * പിന്നെയുംകന്യകയായ്ത്തന്നെവന്നിടുമല്ലോ നിന്നു
ടമത്രയല്ലനല്ലതേവന്നുകൂട്ടു * ആസ്പദിപ്പതിനിന്നുയോഗമുണ്ടിപ്പോൾ
തന്നെ വാത്സല്യംനിനക്കെന്നിലുണ്ടാകവേണംബാലേ! * അതുമേകാ
ണായ്വതിനന്നേരംമുനിവരൻ ഘോരമായൊരുമഞ്ഞുനിർമ്മിച്ചാനത്രയല്ല
* മത്സ്യഗന്ധവുംപോക്കി കസ്തൂരിഗന്ധമാക്കി സൽസംഗംകൊണ്ട
ല്ലയോനല്ലതുവന്നുകൂട്ടു * നദിതന്മദ്ധ്യേവരദ്വീപവുമുണ്ടായ്വന്നു മതി
നേർമുഖിയാൾക്കുവിസ്മയമുണ്ടായല്ലോ * എന്തിനുപറയുന്നുവെറുതേ
ബഹുവിധം ബന്ധമോക്ഷങ്ങളുടെ ഭേദം കണ്ടോരുമുനി * നല്ലൊരു
തീർത്ഥഭൂതയാകിയയമുനയി ലെല്ലാരുംകുളിച്ചുത്തുസന്ധ്യയെവന്ദിക്കു
മ്പോൾ * മത്സ്യഗന്ധിനിയായകൈവർത്തകന്യകയെ മത്സ്യകേതനശ
രമേറ്റുപുൽകിനാന്മുനി * ദിവ്യതീർത്ഥത്തിങ്കേന്നുദിവ്യാക്ഷന്ദീക്കുമ്പോ
ൾ ദിവ്യനാകിയമുനികൈവർത്തകന്യകതൻ * കൊങ്കകൾപുണർന്നിതു
ബാലികതാനുമേതും ശങ്കിച്ചീലതുനേരമീശ്വരമതമല്ലോ * ഗർഭവുമു
ല്പാദിച്ചോരർഭകനുണ്ടായ്വന്നി തപ്പൊഴേഭവിച്ചിതുയൌവനംകുമാരനും *
യമുനാദ്വീപമവനയനമാകമൂലം മുനിയുംദ്വൈപായനനെന്നൊരുപേ
രുമിട്ടാൻ * ബദരഷണ്ഡംപുനരയനമാകകൊണ്ടു മതിമാനാകുമവൻ
ബാദരായണനായാൻ * ചിന്തിക്കവലിയൊരുസങ്കടംവരുമന്നേര മന്തി
കേവരുവൻഞാനന്നേരമില്ലയേതും * എന്നുയാത്രയുംചൊന്നാനമ്മയോ
ടന്നവൻ പിന്നെപ്പോയ്തപസ്സിന്നുകോപ്പിട്ടാൻവഴിപോലെ * ചൊ
ല്ലെഴുംപരാശരൻപോയിതുയഥാകാമം നല്ലകന്യകയായാൾകസ്തൂരി

ഗന്ധിതാനും * അന്നേരമുണ്ടായ്വന്നയോനിതൻക്ഷതംപോയി പിന്നെക്കസ്തൂരിഗന്ധംപോയതില്ലൊരുനാളും * നല്ലവരോട്ടുകൂടിസ്സംസർഗ്ഗമുണ്ടായ്വന്നാൽ നല്ലതുമാകാത്തതുമുണ്ടാമെന്നിരിക്കിലും * നല്ലതുപോകയില്ല പോകുമാകാത്തതെല്ലാം നല്ലതില്ലേതുംമററുസത്സംഗത്തിനുസമം * ഓരോരോയുഗത്തിങ്കൽധർമ്മത്തിനില്ലാതെപോമോരോരോപദം പിന്നെമാനുഷർക്കുള്ളപോലെ * ആയുസ്സുമുത്സാഹവും ബുദ്ധിശക്തിയുമെല്ലാം പോയിട്ടുദശാംശമേശേഷിപ്പൂ യുഗംപ്രതി * ആകയാൽവേദമൊക്കെപ്പഠിച്ചുകൂടായ്കയാ ലേകൈകമാക്കിപ്പകുത്തീടിനാൻദ്വൈപായനൻ * വ്യാസനെന്നൊരുനാമമതിനാലുണ്ടായ്വന്നു * വാസവീതനയനപ്പിന്നെയുമതുകാലം * വേദാർത്ഥംപ്രകാശിപ്പാൻ ചമച്ചുപുരാണങ്ങൾ ഭൂദേവോത്തമന്മാരുംശിഷ്യരായ്ചമഞ്ഞിതു * നാലുശിഷ്യന്മാരതിൽകേവലംപ്രധാനന്മാർ നാൽവർക്കോരോരോവേദംവെവ്വേറെപഠിപ്പിച്ചു * സുമന്തുതാനുംപിന്നെജൈമിനിപൈലൻശുകൻ സുമന്ത്രസൂത്രബ്രാഹ്മണാദിവേദജ്ഞന്മാർപോൽ * ഭാരതമാകുമഞ്ചാംവേദത്തെപ്പഠിപ്പിച്ചു സാരനായുള്ളവൈശമ്പായനമുനിതന്നെ * ഇതിഹാസങ്ങൾപുരാണങ്ങളെന്നിവമററും മതിമാനായുള്ളൊരുസൂതനെപ്പഠിപ്പിച്ചു * വിഷ്ണുതന്നുടെയംശമായതുവേദവ്യാസൻ കൃഷ്ണവർണ്ണത്വംകൊണ്ടുകൃഷ്ണനെന്നായിനാമം * ധീവരനാംപരാശരപുത്രനായതുമൂലം പാരതിൽപാരാശര്യനെന്നുചൊല്ലീടുന്നതും * കൃഷ്ണനാംദ്വൈപായനൻവ്യാസനുംപാരാശര്യൻ കൃഷ്ണദ്വൈപായനനുംവേദവ്യാസനുമേവം * കൂടിയുംചൊല്ലുംനാമംനാരായണനതിശുദ്ധവേദാന്താർത്ഥജ്ഞൻ കൂടസ്ഥൻപരൻ പുമാൻ * അമ്മഹാമുനിയുടെമാഹാത്മ്യമാർക്കുചൊല്ലാം നിർമ്മലനല്ലോമഹാഭാരതകർത്താവോർത്താൽ * മന്മനോമോഹമഹാധ്വാന്തമുന്മൂലനാശംചെയ്തു തന്മഹാത്മാവുതന്റെകാരുണ്യമൊന്നുതന്നെ * മുനിനായകനായവൈശമ്പായനനോടു ജനമേജയനൃപൻതൊഴുതുചോദ്യംചെയ്താൻ * എന്തിനുപിറന്നിതുദേവകളവനിയിൽ ബന്ധമെന്തിനുള്ള മൂലവുംപറയണം *

പരശുരാമൻ ഒടുക്കിക്കളഞ്ഞശേഷം ക്ഷത്രിയരാജാക്കന്മാർ വീണ്ടും വർദ്ധിച്ചതു്.

അനന്തരംമുനിവരനായവൈശമ്പായനൻ വന്ദിച്ചുനാരായണൻ തന്നുടെപാദാംബുജം * ചൊല്ലുവനെങ്കിൽകേട്ടുകൊള്ളുകനരാധിപ ചൊല്ലേറുംജമദഗ്നിനന്ദനനായരാമൻ * മൂവേഴുവട്ടംമുടിമന്നരെയൊടുക്കിപ്പോയ് പർവ്വതോത്തമനായിമേവീടുംമഹേന്ദ്രത്തിൻ * മുകളിൽതപസ്സുചെയ്തിരിക്കുംകാലത്തിങ്കൽ ഭർത്താരഴിഞ്ഞൊരുരാജനാരികളെല്ലാം * സന്തതിയില്ലാഞ്ഞുള്ളസന്താപമകലുവാൻ സന്തുഷ്ടന്മാരായ്മേവുമാരണരോടുചൊന്നാർ * വെന്തുവെന്തുകുന്നുചിന്തിച്ചുകുലനാശം സന്താനമുണ്ടാക്കണംഞങ്ങളിൽനിങ്ങളിനി * അപ്പോൾകേവലംചൊന്നസുവ്രതാംഗികളുടെ വാക്കുകേട്ടുമുനിപുംഗവന്മാരവർകളും * ഋതുകാലംപാർത്തു സംഭോഗംചെയ്തു കാലമതുലഗുണമുള്ളപുത്രന്മാരുണ്ടായ്വന്നു * കാമാനു

ഭൂതിചിന്തിച്ചല്ലതുകുലംതന്നെക്കാമിച്ചുചെയ്യുയത്രേധർമ്മാത്മവരെല്ലാം
* ക്ഷത്രിയവീരന്മാരുംവർദ്ധിച്ചാരത്തുകാലം പൃഥ്വിയുംപരിപാലിച്ചീടി
നാർവഴിപോലെ * ചെന്നീടുംവയസ്സുനൂറായിരംസംവത്സരം ചെന്നീ
ടാമനസ്സുധർമ്മങ്ങളിലൊരുവനും * കാമക്രോധാദികളാംദോഷങ്ങളൊ
ന്നുമില്ല കാമിച്ചവണ്ണംതന്നെവന്നീടുമെല്ലാവനും * പിഴയ്ക്കിലതിന്നുത
ക്കൊരുശിക്ഷയുമുണ്ടു പിഴയ്ക്കയില്ലതമ്മിലന്യോന്യമൊരുവനും * മഴ
യുംവേണമെന്നുതോന്നുമ്പോളുണ്ടായ്വരും വഴിയെന്നിയേനടന്നീടുമാറാ
രുമില്ല * പരനാരികളിലുംപരദ്രവ്യങ്ങളിലു മൊരുനേരവുമഭിരുചി
യില്ലൊരുവനും * വേദവുംവഴിപോലെപഠിക്കുംദ്വിജേന്ദ്രന്മാരാദര
വോടുകർമ്മംചെയ്തീടുംനൃപന്മാരും * പശുപാലനംകൃഷിവാണിഭമിവ
യെല്ലാമശുഭമെന്നിയാതെചെയ്തീടുംവൈശ്യന്മാരും * ശൂദ്രരുംദ്വിജന്മാ
രെശുശ്രൂഷിച്ചീടുംഭക്ത്യാ ശൂദ്രജാതികൾക്കേൾക്കെസ്വാദ്ധ്യായാദിയു
മില്ല * രൌദ്രകർമ്മങ്ങൾചെയ്കയില്ലതിദീനന്മാരി ലാർദ്രഭാവവുമുണ്ടുസ
ത്യമുണ്ടെല്ലാവർക്കും * കള്ളക്കോൽകള്ളപ്പെരുനാഴിയുംകള്ളനാഴി കള്ള
ച്ചാതനയിവയില്ലചന്തകളിലും * കള്ളമെന്നുള്ളതുള്ളിലെല്ലോരു
മില്ലചൊൽവാൻ കള്ളവാക്കില്ലകള്ളന്മാരില്ലകാട്ടിൽപോലും * സ്വധ
ർമ്മാനുഷ്ഠാനത്തിങ്കൽനിഷ്ഠയുണ്ടെല്ലാവർക്കും അധർമ്മങ്ങളുമില്ലവിധർമ്മങ്ങളുമി
ല്ല * മററുള്ളവർണ്ണകർമ്മംമററുള്ളജാതിക്കില്ല മുററുംതങ്ങൾക്കുതങ്ങൾക്കു
ള്ളകർമ്മമേയുള്ളൂ * ഗോക്കളുംനാരികളുംകാലത്തുപെറുമല്ലോ പൂക്ക
യുംകായ്ക്കയുംചെയ്തീടുമേമരങ്ങളും * ഉല്പത്തിവേണ്ടുവോളംവിളയുംവഴി
പോലെ കല്പനയ്ക്കിളക്കമില്ലീശ്വരഭക്തിയുണ്ടു * സല്പുരുഷന്മാരെന്നിയി
ല്ലൊരുവംശത്തിലു മുല്ലലാക്ഷികളുമില്ലാകാന്തയൊരുവനും * കുത്സിത
ങ്ങളുമില്ല കുത്സനവാക്കുമില്ല ഭത്സനമൊട്ടുമില്ല മത്സരാദിയുമില്ല * ഇ
ങ്ങനെകൃതയുഗമായുള്ളകാലത്തിങ്കൽ തങ്ങളിൽസുരാസുരർവൈരമായ്
ചമഞ്ഞിതു * ദേവകളോടുപോരിൽമരിച്ചാരസുരകൾ ദേവത്വംകൊ
തിച്ചവർപിറന്നാരവനിയിൽ * നാനായോനികളിൽവന്നുത്ഭവിച്ചസു
രന്മാർ മാനസഖേദംപൂണ്ടുമേദിനിഭാരംകൊണ്ടു * നിഷ്ഠുരന്മാരായുള്ള
ദൈത്യഭൂപതിവീരർ ദുഷ്ടതയൊഴിഞ്ഞുചെയ്തീടുകയില്ലയൊന്നും * നഷ്ട
മായ്ചമഞ്ഞിതുധർമ്മവുമത്തുകാലം പെട്ടപാടോരോജനമെന്തയ്യോ!പ
റവതും * പ്രകൃതിഗുണവശാലുള്ളവാസനകളെ സുകൃതമുള്ളവർക്കുംനീ
ക്കുവാൻവേലയത്രേ * ലോകപാലരുംമുനിമാരുമായവനിയും ലോക
കർത്താവായുള്ളധാതാവുതന്നെക്കണ്ടാർ * വേദനയെല്ലാംപശ്രുതപമാ
യ്ച്ചെന്നുചൊന്നാർ വേദനായകനായധാതാവുമത്തുകാലം * ദേവക
ളോടുംമുനിശ്രേഷ്ഠന്മാരോടുംകൂടെ ദേവദേവേശനീശനീശ്വരൻശംഭു
വാമദേവനംബികാപതിശങ്കരൻമഹേശ്വരൻ * ശ്രീകണ്ഠൻശിതിക
ണ്ഠൻ ത്രീക്ഷണൻത്രിപുരാരിവൈകുണ്ഠനമസ്കൃതനീശാനൻപശുപ
തി * ത്ര്യംബകൻ ചന്ദ്രചൂഡൻശംബരാരാതിവൈരി ഗംഗാവല്ലഭൻ
ഗൌരീവല്ലഭൻകാലാരാതി * മത്തഹസ്തീന്ദ്രാസുരമർദ്ദനൻഭൂതാധിപൻ
ഫണിഭൂഷണൻകൃത്തിവാസനൻമൃത്യുഞ്ജയൻ * അദ്രിമന്ദിരനദ്രിചാപന

ദ്രിജാകാന്തൻരുദ്രൻവാണരുളീടും കൈലാസാചലംപുക്കാൻ * ദാനവ
പ്രവരന്മാർമാനവപ്രവരരായ് ക്ഷോണിയിൽവന്നുപിറന്നീടിനാരിതു
കാലം * സന്മതംമറഞ്ഞിതുദുർമ്മതംനിറഞ്ഞിതു ധർമ്മവുംകുറഞ്ഞിതു
നിർമ്മര്യാദസ്യംവാച്ചു * ഭൂമിയുംഭാരംകൊണ്ടുതളർന്നുചമഞ്ഞിതുസോമ
ശേഖര!പോററീകാത്തുകൊൾകെന്നേവേണ്ടു * സ്തുതിച്ചുവന്ദിച്ചൊരു
പത്മജാദികളോടായ് കൃപാംഭസിന്ധുതെളിഞ്ഞരുളിച്ചെയ്തീടിനാൻ
* പാരാത്തിനസുരഭൂപാലരെയെല്ലാമിന്നു മധുദ്വേഷിയെക്കല്പിച്ചിരിക്ക
ന്നിതുമുന്നേ * ദുഷ്ടരെവധംചെയ്തുശിഷ്ടരെവഴിപോലെ വിഷ്ടപത്തി
ങ്കൽവച്ചുരക്ഷിപ്പാൻവേലചെയ്യാം * സങ്കടംദുർഗ്ഘാംബുധിപുക്കട
ങ്ങണത്തിപ്പാൻ പങ്കജഭവാദികൾനടപ്പിൻമുൻപിലിപ്പോൾ * മടി
യിൽമരുവീടുംമലമാതിൻപോർമുലത്തടവും തടവിനാംപോകദോദ്ദ
ഗ്ഘാംബുധൌ * ഇവർകളോടുമിപ്പോൾനാംകൂടെപ്പോകായ്കിലോ
ർവിവശഭാവംതീരാലോകങ്ങൾക്കാത്മനാഥേ! * എന്നരുൾചെയ്തുഭവ
നോശരിയോടുകൂടെപ്പന്നഗവിഭൂഷണൻ ഭൂതസഞ്ചയത്തോടും * അം
ഭോജസംഭവൻമുമ്പരുംമുനിമാരും തുംബുരുനാരദന്മമംബരചാരികളും
* ചെന്നുപാലാഴികണ്ടുപുകഴ്ന്നുതുടങ്ങിനാർ പന്നഗശയനനാംപര
മാത്മാനാംപരം * പുരുഷോത്തമ!ഹരേ!പുണ്ഡരീകാക്ഷ!പരൻപുരു
ഷപുരാതന!പൂർവ്വദേവാരേ!ജയ * ചരണസരസിജയുഗളനതജനദു
രിതവിനാശന!കരുണാനിധേജയ * വേദജ്ഞപ്രിയജയവേദാർത്ഥാ
ത്മക!ജയ വേദാന്തവേദ്യ!ജയവേദവിഗ്രഹജയ! * പ്രകൃതിപുരുഷ
ഭിന്നാത്മകജയജയ സുകൃതിജനമനോമന്ദിര!ജയജയ * സൃഷ്ടിപാ
ലനലയകാരണമൂർത്തേ!ജയ ദുഷ്ടനാശന!ജയശിഷ്ടപാലനജയ * ഹ
യഗ്രീവനെക്കൊന്നുവേദങ്ങൾവീണ്ടുമുന്നം ഭയത്തെത്തീർപ്പാൻമത്സ്യവേ
ഷമാധവ!ജയ * ക്ഷീരസാഗരമഥനാന്തരേ മുന്നമതിഭാരമായ്
ത്താണീടുന്നമന്ദരമുയർത്തുവാൻ * ഘോരമായൊരുകൂർമ്മവിഗ്രഹംധരി
ച്ചീടും കാരണമൂർത്തേ!ജയകമലാപതേജയ * ധാത്രിയെത്തിരച്ചുതൻകാ
തിലിട്ടധോലോകപ്രാപ്തിക്കുഭാവിച്ചോരു ഹിരണ്യാക്ഷനെമുന്നം *
പോത്രിയായവതാരം ചെയ്തുനിഗ്രഹിച്ചുതൽധാത്രിയെസ്ഥാനത്താക്കും
യജ്ഞാംഗമൂർത്തേ!ജയ * ഹിരണ്യകശിപുവാമസുരേന്ദ്രനെക്കൊൽവാൻ
നരസിംഹാകാരമായ്ചമഞ്ഞനാഥ!ജയ * ദിതിജാധിപനായബലി
യെജ്ജയിപ്പതിനദിതിസുതനാംവാമനമൂർത്തേ!ജയ * ധരണീസുരജന
ദ്വേഷികളായുണ്ടായ ധരണീപാലന്മാരെജ്ജമദഗ്നിജനായ * ഇരുപ
ത്തൊന്നുവട്ടംവധിച്ചുതാപംതീർത്ത പരശുരാമമൂർത്തേ!പരിപാലയജയ *
പംക്തികണ്ഠനെക്കൊന്നുമുന്നമാപത്തുതീർപ്പാൻ പംക്തിസ്യന്ദനസുതനാ
യരാഘവ!ജയ * അനന്തനീവണ്ണമുണ്ടാമാപത്തുതീർത്തുരക്ഷിക്കുന്നതുമററാ
രഖിലേശ!ജയജയ * ഇപ്പൊഴുമതില്പരമാപത്തുമുഴുത്തിതു ചിൽപ്പു
മാനായജഗൽപതേ!രമാപതേ! * നിഷ്ഠുരന്മാരാമസുരേന്ദ്രന്മാരവനി
യിൽദുഷ്ടഭൂപാലന്മാരായ്പിറന്നുമുഴുക്കയാൽ * നഷ്ടമായിതുധർമ്മകർമ്മങ്ങളെ
ല്ലാമഴൽപെട്ടടൻഭാരംകൊണ്ടുതാണുപോമവനിയും * നിന്തിരുവുള്ളമി

ല്ലെന്നാകിലീഞങ്ങൾക്കെല്ലാ മെന്തൊരുഗതിപരമാനന്ദമൂൎത്തിവിഷ്ണോ!
* സന്തതംതവപാദപങ്കജമകതാരിൽ ചിന്തിയ്ക്കായ്വരേണമേഭഗവൻ!
ജയജയ * പുരനാശനൻതാനുംപുരുഹൂതാദികളും പുരുഭക്തിയുംപൂണ്ടു
പുകഴ്ന്നാർപലതരം * പുരുഷസൂക്തംകൊണ്ടുപുഷ്പരോത്തവൻനന്നായ്പൂ
രുഷോത്തമൻതന്നെധ്യാനിച്ചാൻവഴിപോലെ * സ്തുതിച്ചീവണ്ണംനമ
സ്കരിച്ചനേരംദേവൻ മധുദ്വേഷിയുമുണർന്നരുളിച്ചെയ്തീടിനാൻ * മധുര
വാക്യങ്ങളാൽവിശദസ്മിതപൂൎവ്വം മധുരാപുരിതന്നിൽവസുദേവാത്മജനാ
യ് * ദേവകീതനയനായ്ഞാൻജനിച്ചീടും ദേവകളെല്ലാവരുംഭൂമി
യിൽപിറക്കണം * അരുളപ്പാടീവണ്ണംപത്മജൻദേവകളോ ടരുളിച്ചെ
യ്തുസത്യലോകവുംപുക്കീടിനാൻ * ഭൂമിയുംദേവകളുംതാപസവരന്മാരു
മാമോദംപൂണ്ടു കൃതാൎത്ഥാത്മനാനടകൊണ്ടാർ * അദിതേയന്മാരെല്ലാം
പിറന്നാരവനിയിൽ ലോകനാഥനെസ്സേവിച്ചാനന്ദംവരുത്തുവാൻ * ഭൂ
സുരന്മാരായിട്ടും ഭൂവരന്മാരായിട്ടും ഭൂതലെപിറന്നിതുഭൂതിയുംപാച്ചുരു
രവാം * യക്ഷകിന്നരഗന്ധൎവ്വോരഗചാരണൈവഹ്നി രക്ഷോഗുഹ്യകസി
ദ്ധവിദ്യാധരാദികളും * അപ്സരസ്ത്രീകൾ താനമത്ഭുതംവരുംവണ്ണം ചില്പു
രുഷനെപ്പരിചരിപ്പാനുളരായാർ * കൃഷ്ണനായ്പിറന്നിതുമിങ്ങനെജഗന്നാ
ഥൻ വിഷ്ണുഭക്തന്മാരൊക്കെസ്സേവിച്ചാരാനന്ദിച്ചാർ * ദുഷ്ടരെശ്ശിക്ഷിക്ക
യുംശിഷ്ടരെരക്ഷിക്കയും തുഷ്ടനായെല്ലാവൎക്കുംസൽഗതികൊടുക്കയും *
ദോഷഞ്ചെയ്തവർകൾക്കും നല്ലതുചെയ്തവൎക്കും ദ്വേഷമുള്ളവർകൾക്കും
സ്നേഹമുള്ളവർകൾക്കും * കാമിച്ചജനങ്ങൾക്കുംമോഹിച്ചജനങ്ങൾക്കും
നാമത്തെച്ചൊല്ലുവോൎക്കും രൂപത്തെധ്യാനിപ്പോൎക്കും * ഭക്തരായുള്ളവൎക്കും
സക്തരായുള്ളവൎക്കും മുക്തിയെവരുത്തുവാനോരോതരത്തിലെ * പാ
രിൽവന്നവതരിച്ചീടിനാൻനാരായണൻ താരിൽമാതാദിയാകുംപരിവാ
രങ്ങളോടും * ശത്രുമിത്രോദാസീനഭേദമില്ലൊരുനാളും നിത്യനാമീശൻ
തനിക്കെല്ലാരുമൊക്കുമത്രേ * കേവലംദേവകളെസ്നേഹമൊട്ടേറെയില്ല
ദേവവൈരികളെയുംദ്വേഷമില്ലൊരുനാളും * സൎവ്വജന്തുക്കളുടെജീവ
നായിരിപ്പതും ദിവ്യനാംനാരായണൻതാനെന്നുധരിച്ചാലും * അപ്പോ
ഴഭേദമില്ലെന്നുൾപ്പൂവിലുറച്ചീടാ മുല്ലലനേത്രൻതന്റെമായാവൈഭവ
മെല്ലാം * ജ്ഞാനമില്ലാതവൎക്കുഭേദമുണ്ടെന്നുതോന്നും ജ്ഞാനികൾക്കു
ള്ളിലതുതോന്നുകയില്ലതാനും * സമചിത്തന്മാൎക്കൊക്കെസ്സമമെന്നുള്ളി
ൽതോന്നും മമസിദ്ധാന്തംതന്നെയല്ലിതുധരാപതേ! * വിഷമചിത്ത
ന്മാൎക്കുവിഷമമെന്നുതോന്നും വൃഷപാലകനാത്മാവെന്നതിനാലെന്തു
നാം * എന്നുവൈശമ്പായനമാമുനിചൊന്നനേരം മന്നവനായജനമേ
ജയനരുൾചെയ്തു * ഒന്നുണ്ടുമനക്കാമ്പിൽതോന്നുന്നതെനിക്കിപ്പോളിന്നതു
ശങ്കിച്ചിട്ടുചോദിപ്പാൻപണിതാനും * ദുശ്ചോദ്യമെന്നതിരുവുള്ളക്കേടു
ണ്ടാകായ്കിലിച്ഛയുമിനിക്കിന്നതൊന്നുകേൾപ്പതിനിപ്പോൾ * നിന്തിരു
വടിയറിയാതെയില്ലതുമെന്നാൽ സന്തതംകേൾപ്പാനുണ്ടാഭാഗ്യമെന്ന
ന്തിത്തില * ദാനവദൈത്യദേവഗന്ധൎവ്വാപ്സരസ്സുകൾമാനവയക്ഷരക്ഷോ
ജാതിയുംമറ്റുമുള്ള * ജന്തുക്കളുണ്ടായ്വന്നതൊക്കെയറിവതിനെന്തൊ

തുകഴിവെന്നുചിന്തിച്ചേൻമനസിഞാൻ * ഞാനതുകേൾപ്പാൻതക്കപാത്രമെന്നിരിക്കിലോ സാനന്ദമരുളിച്ചെയ്തീടണമെന്നനേരം * നമസ്തേനാരായണ! നമസ്തേജഗന്നാഥനമസ്തേസമസ്തേശ! തുണയ്ക്കെന്നരുൾചെയ്ക *

ദേവാദികളുടെ ഉത്ഭവം.

കേട്ടുകൊണ്ടാലുമെങ്കിലാദിയെദേവാദികൾ വാട്ടമെന്നിയെമുന്നമുണ്ടായപ്രകാരങ്ങൾ * അളവില്ലാതവെള്ളമെന്നിയെലോകമൊന്നും പ്രളയകാലത്തിങ്കലില്ലെന്നുധരിച്ചാലും * അപ്പൊഴുമൊരുലയമില്ലാതനാരായണൻ ചില്പുമാൻനാഭിതന്നിലുണ്ടായിതൊരുപത്മം * അപ്പുവിലുത്ഭവിച്ചുചൊല്ലൊണ്ണുംവിരിഞ്ചനു മപ്പൊഴുതവനെക്കൊണ്ടാക്കവെസൃഷ്ടിപ്പിച്ചാൻ * എന്നതിൻനടേനടേയുണ്ടായിചതുർമ്മുഖൻ തന്നുടെ മനസ്സിൽനിന്നാറുതാപസന്മാരും * പേരുകൾമരീചിയുമത്രിയുമംഗിരസ്സും ധീരനാംപുലസ്ത്യനും പുലഹൻക്രതുതാനും * അവരിൽമരീചിക്കുകശ്യപനുണ്ടായ്വന്നാ നവങ്കൽനിന്നുനാനാജന്തുക്കളുണ്ടായതും * ദക്ഷനാംപ്രജാപതിതന്നുടെമകളരാം മയ്ക്കണ്ണിമാരിൽപതിമൂന്നിനെവേട്ടാനവൻ * അദിതിദിതിദനുകാലയുമനായുഷാ പതിശുശ്രൂഷാരതയാകിയസിംഹികയും * മുനിയുംക്രോധതാനും ധ്രുവയുംവരിഷ്ഠയുംവിനതാകപിലയുംകദ്രുവുമിവരെല്ലാം * ഇവരിലദിതിയിലാദിത്യന്മാരുണ്ടായി ധാതാവുംമിത്രൻതാനുമര്യ്യമാശക്രനെന്നും * വരുണനംശൻഭഗൻ വിവസ്വാൻപൂഷാവെന്നും സവിതാപിന്നെത്വഷ്ടാവിഷ്ണുവുമിവരെല്ലാം * ദിതിതൻമകനല്ലോഹിരണ്യകശിപുതാൻ സുതന്മാരായിട്ടവനഞ്ചുപേരുണ്ടായ്വന്നു * പ്രഹ്ലാദൻസംഹ്ലാദനുമനുഹ്ലാദനുംപിന്നെശിബിയുംബാഷ്കളനുമവർക്കുനാമമെടോ! * അവരിൽപ്രഹ്ലാദനുമൂന്നുപുത്രന്മാരുണ്ടായ് അവർപോരാൽവിരോചനൻസുംഭനുംനിസുംഭനും * അവരിൽവിരോചനൻതന്മകൻമഹാബലി അവനുനൂറുമക്കളവരിൽജ്യേഷ്ഠൻബാണൻ * ദനുവാമവൾപെറ്റുനാല്പതുപേരുണ്ടായി ദനുജന്മാരാമവർനാല്പതിൻപേരുംചൊല്ലാം * വിപ്രചിത്തിയുംപിന്നെശംബരൻനമുചിയും ചൊല്ലേറുംപുലോമാവുമസിലോമാവുംകേശി * ദുർജ്ജയനശ്വശിരാവമലനയശ്ശിരാവയശ്ശങ്കുവും ശങ്കുഗഗനമൂർദ്ധാവെന്നും * വേഗവാൻകേതുമാനുംസ്വർഭാനുചിത്രഭാനു അശ്വനുമശ്വപതിവൃഷപർവ്വാവുതാനും * അജനുമശ്വഗ്രീവൻസൂക്ഷ്മനുംതുഹുണ്ഡനും ഏകപാൽതാനുമേകചക്രനുവിരൂപാക്ഷൻ * ഹരനുമാഹരനുംനിചന്ദ്രൻനികുംഭനുംകുപഥൻകാപഥനുംശരഭൻശലഭനും * ചന്ദ്രമാവെന്നുമിവർനാല്പതുദാനവന്മാർ സിംഹികപെറ്റിട്ടുള്ളുരാഹുവാകിയവീരൻ * സുചന്ദ്രൻചന്ദ്രഹർത്താചന്ദ്രമർദ്ദനൻതാനക്രൂരസ്വഭാവനെന്നുംക്രൂരപെറ്റുണ്ടായ്വന്നു * ഒപ്പാരമ്പര്യംപറഞ്ഞിട്ടുനാൻപണിതുലോം * ദൈത്യപക്ഷത്തിൽക്രോധവശന്മാരെന്നകൂട്ടം പത്തുപേരുണ്ടുപിന്നെചൊല്ലീടാമവരെയും * ഏകാക്ഷനമൃതപൻപ്രലംബൻനരകനുംവാതാപിതാനുംശത്രുതപനൻശഠനനും * ഗർഭി

ഷ്ഠൻചന്ദ്രനായുർഭീർഘജിഹ്വന്മേവം അസംഖ്യമവരുടെപുത്രപൌത്ര
ന്മാരെല്ലാം * ചൊല്ലുവനനായുഷതന്റെസുതന്മാരെ വിഷ്ണുമൻ
ബലൻവീരൻവൃത്രന്മെന്നനാൽവർ മക്കളുണ്ടവർകളുമെത്രയുംബല
വാന്മാർ * കാലയാമവളുടെമക്കളെന്നറിഞ്ഞാലും കാലകേയന്മാര
വർതമ്മുടെപേരുംചൊല്ലാം * ദൃഷ്ടനാംവിനാശനൻ ക്രോധനൻ
ക്രോധഹന്താപിന്നെത്ര വിഘ്നനക്രോധനിവരെല്ലാം * കാല
കേയന്മാർ ദേവവൈരികളറിഞ്ഞാലും * ഇച്ചൊന്നദൈത്യപക്ഷത്തി
ങ്കലുള്ളവർക്കെല്ലാ മച്ഛനാകിയശുക്രൻഭാർഗ്ഗവന്മപാദ്ധ്യായൻ * നിശ്ശേ
ഷംദേവാസുരന്മാരുടെപാരമ്പര്യം നിശ്ചയം പറവതിനാക്കമേയത
തല്ലോ * വിനതതന്റെമക്കൾവൈനതേയന്മാരെല്ലാം വിരവോടവരു
ടെപേരുകൾ താർക്ഷ്യനെന്നും * അരിഷ്ടനേമിതാനുംഗരുഡനരു
ണനും ആരുണിവാരുണിയുംവിനാതാതനയന്മാർ * കദ്രുവിൻമക്കള
ല്ലോകാദ്രവേയന്മാരെല്ലാം അനന്തൻവാസുകിയുംതക്ഷകൻ കാർക്കോട
കൻപത്മനും മഹാപത്മൻഗുളികൻശംഖപാലൻ * അപ്പുരിഷകളുടെ
സന്തതിചൊല്ലിക്കൂടാ മുല്ലാട്ടച്ചുരുക്കിഞാനൊട്ടറിയിച്ചേനല്ലോ * മുനി
യാമവളുടെപുത്രന്മാർമൌനേയന്മാരവർകളുടെ നാമമാദിയേകേൾപ്പി
നെങ്കിൽ * ഭീമസേനനുമുഗ്രസേനനുംസുവർണ്ണനും വരുണൻഗോപ
തിയും ധൃതരാഷ്ട്രനുംപിന്നെ * സൂര്യവർച്ചസൻതാനുംപത്രവാനർക്ക
വർണ്ണൻ പ്രയുഗൻചിത്രരഥൻസവ്വിദ്യാശിരാനും * വീരനാംശാലി
ശിരാശ്ശൃഷ്ടദ്യുമ്നനും കലിപതിനാറാമതല്ലോ നാരദനെന്നനാമം *
ദേവഗന്ധർവ്വന്മാരെന്നിവരെച്ചൊല്ലിട്ടുണ്ട ദേവകളോടുതന്നെതുല്യന്മാ
രിവരെല്ലാം * പ്രാധയാമവളുടെമക്കളും മകളരുംപ്രാഭവമേറെയു
ള്ളോർ നാമങ്ങൾചൊല്ലാമല്ലോ * അനവദ്യയുമനുവശയുമ്മരിമയും
മാർഗ്ഗണപ്രിയതാനുംമനാവസുഭഗയും * ഭംഗിയുമിതമെഴുനാരികളുണ്ടാ
യ്വന്ന സിദ്ധനുംപൂർണ്ണൻതാനുംബർഹിയുംപൂർണ്ണാശനും * ബ്രഹ്മചാരി
യുംരതിഗുണനുംസുവർണ്ണനും ചൊല്ലേഴുംവിശ്വാവസുഭാനുവുംസുഭദ്രനും *
പുത്രന്മാരിവർപത്തുംപ്രാധേയന്മാരെന്നറി കത്രുതമപ്സരസാംവംശമെ
ന്നറിഞ്ഞാലും * വരിഷ്ഠതനിക്കുള്ളോരപത്യമത്തുംകേൾപ്പിൻ ചുരുക്കി
ച്ചൊൽവനലംബുസയുംമിശ്രകേശി * ചൊല്ലേഴുംവിദ്യുൽപർണ്ണലാഘ
നാഖ്യയുംപുനരരുണാരക്ഷതയുംരംഭയുംമനോരമാ * അസിതസുബാ
ഹുവുംസുവ്രതസുഭജയും സുപ്രിയജാതിബഹുചൊല്ലേറുംഹാഹാതാനും
ഹൂഹൂവെന്നവൻതാനുംതുംബുരുവെന്നവനും * ഇങ്ങനെപതിമൂന്നുമക
ളർ നാലുമക്കൾമംഗലഗാത്രിയായവരിഷ്ഠപെററിട്ടുള്ളു * ഗന്ധർവ്വ
പ്സരിഷയുംഗോക്കളുംബ്രാഹ്മണരു മമൃതുംകപിലപെററുണ്ടായിതെന്നു
കേൾപ്പു * അപ്സരസ്സുകൾഭുജഗന്മാരുംസുപർണ്ണന്മാർചൊൽപെറും ഗ
ന്ധർവ്വന്മാർരുദ്രന്മാർമരുത്തുകൾ ഗോക്കളുംബ്രാഹ്മണരുംദേവകളസുരരും
* എന്നിവരുണ്ടായ്വന്നതൊട്ടൊട്ടുപറഞ്ഞുഞാൻ ഇനിയുംപറഞ്ഞിടാം
കേൾക്കണമെന്നാകിലോ * നിർമ്മലന്മാരായാറുതാപസന്മാരുണ്ടായി
ബ്രഹ്മാവിൻമനസ്സിൽനിന്നെന്നെല്ലോപറഞ്ഞുഞാൻ * എന്നുള്ളപോ

ലെവിധിതന്നുടെതേജസ്സിങ്കൽ നിന്നുടൻപതിനൊന്നുരുദ്രന്മാരുണ്ടായ്വ
ന്നു * ജാതന്മാരായപ്പോഴേരോദനംചെയ്തമൂലം ധാതാവുരുദ്രന്മാരെന്ന
ഭിധാനവുംചെയ്താൻ * മൃഗവ്യാധനംശർവൻനിരൃതിപുന രജൈകപാ
ദനഹിർബുധ്ന്യനിയുംപിനാകിയും * ഭവനൻകപാലിയുംസ്ഥാണുവും
ഭഗൻതാനും പിന്നെയുംഭകൾക്കനേടചൊന്നവരാറുപേരിൽ * അംഗി
രസ്സിനുമൂന്നുപുത്രന്മാരുണ്ടായ്വന്നു ഉചത്ഥ്യൻബൃഹസ്പതിസംവർത്തനെന്നും
പേരാം * യത്രിക്കുപുത്രന്മാരസംഖ്യംതാപസന്മാർ പുത്രനായക്ഷി
യിൽനിന്നുണ്ടായിചന്ദ്രൻതാനും * പുലസ്ത്യൻതന്റെപുത്രൻവിശ്രവ
സ്സവനുടെ കുലത്തിൽപിറക്കയാൽപൌലസ്ത്യന്മാരായ്വന്നു * വാന
വപ്പരിഷയുംകിന്നരജാതികളും കിംപുരുഷന്മാർനാനാമൃഗങ്ങൾസിംഹ
ങ്ങളും * വ്യാഘ്രങ്ങളിവരെല്ലാംപുലഹൻതന്റെമക്കൾ പതംഗസഹ
ചരന്മാരായിവിളങ്ങുന്നതസംഖ്യം * ക്രതുവിന്റെപുത്രരെന്നറിഞ്ഞാലും
* പിന്നെയുംവിരിഞ്ചന്റെവലത്തെപ്പെരുവിരൽ തന്മേൽനിന്നുണ്ടായ്വ
ന്നുദക്ഷനാംപ്രജാപതി * ഇടത്തെപ്പെരുവിരൽതന്മേൽനിന്നുടനൊരു
മട്ടൊത്തകിന്നമൊഴിയുണ്ടായാളവളല്ലോ * ദക്ഷന്റെപത്നിയായതവൾ
പെറ്റുണ്ടായിതു പുഷ്കരാക്ഷികളെൺപതവരിൽപത്തുപേരെ * ധർമ്മ
രാജനുതന്നെകൊടുത്താനന്നുദക്ഷൻ നിർമ്മലാംഗികളവർതമ്മുടെനാമം
കേൾപ്പിൻ * കീർത്തിയുംലക്ഷ്മീധൃതിമേധയുംപുഷ്ടിശ്രദ്ധാക്രിയയും ബു
ദ്ധിലജ്ജാമതിയുമിവർപ്പേർ * ഇരുപത്തേഴിനെയുംചന്ദ്രനുകൊടു
ത്തിതു നിരൂപിച്ചവരെക്കൊണ്ടറിയാംകാലഭേദം * ദക്ഷനാംപ്രജാപ
തിതന്നപത്യോല്പന്നരായ് ചൊല്ലെഴുംവസുക്കളുമുണ്ടായതെട്ടുപേരും *
ധരനുംധ്രുവൻസോമനാപനുമനിലനു മനലൻപ്രത്യൂഷനുമഷ്ടമൻപ്ര
ഭാസനും * ധൂമ്രപെറ്റുണ്ടായ്വന്നുധരനുംധ്രുവൻതാനും സോമനുംമന
സ്വിനിയാമവൾപെറ്റുണ്ടായി * രസയാമവൾപെറ്റിട്ടാപനുണ്ടാ
യാനല്ലോ ശാണ്ഡിലിപെറ്റുണ്ടായിതനലനനിലനും * പ്രഭപെറ്റു
ണ്ടായ്വന്നാൻപ്രത്യൂഷൻപ്രഭാസനും ഇവരിൽധരൻതന്റെതനയൻദ്ര
വിണൻപോൽ * രണ്ടാമൻഹുതവഹൻമൂന്നാമൻഹവ്യവഹൻ അപ
നുംവൈതണ്ഡ്യനുംശ്രമനുംശ്രാന്തൻതാനും മുനിയും ധ്രുവനുടെതനയൻ
കാലനല്ലോ * സോമന്റെമകനുപേർവർച്ചസ്സെന്നറിഞ്ഞാലും വർച്ച
സ്വിയവങ്കൽനിന്നുണ്ടായിതെന്നുകേൾപ്പൂ * പിന്നെയുംമനോഹരി
യാമവൾപെറ്റുണ്ടായി ശിശിരൻപ്രാണൻപിന്നെരമണനിവരെല്ലാം *
അഹസ്സിൻതനയർപോൽജ്യോതിരാദികളെല്ലാം ചൊല്ലെഴുംശരവണാ
ലയനാംകുമാരനും * അനലൻതന്റെമകനെന്നതുധരിച്ചാലും അന
ലപതിശിവതൻമകൻപുരോവഹൻ * പിന്നെവനഭിജ്ഞാതഗതി
യെന്നറിഞ്ഞാലും പ്രത്യൂഷസ്സിനുസുതൻദേവലനായമുനി * ദേവലൻ
തനിക്കുരണ്ടാത്മജന്മാരുണ്ടായി ദേവക്ഷേത്രന്മാരവരത്രയുമെന്നുകേൾപ്പൂ
* എട്ടാമൻപ്രഭാസനുംഗീഷ്പതിഭഗിനിയെ പുഷ്ടകൌതുകത്തോടുവേട്ടാ
നെന്നറിഞ്ഞാലും * വിശ്വകർമ്മാവുതാനുമിവൾപെറ്റുണ്ടായ്വന്നു വി
സ്മയമവനുടെകൌശലംനിരൂപിക്കിൽ * ബ്രഹ്മാവിൻവലമുലതങ്കൽ

നിന്നുള്ള ധൎമ്മൻ ധൎമ്മജാതന്മാർശമൻകാമനുംഹൎഷന്താനും * എന്ന
തിൽകാമൻതന്റെവല്ലഭരതിയല്ലോ ചൊല്ലെഴുംപ്രാപ്തിയല്ലോശമന്റെ
പത്നികേൾനീ * നന്ദിയാമവളല്ലോഹൎഷന്തന്നുടെപത്നി മനാവന്മരീ
ചിക്കകശ്യപൻമകനല്ലോ * കശ്യപസുതരെയാൎക്കുന്നേഞാൻചൊ
ന്നേനല്ലോ ദ്വാദശാദിത്യന്മാരിൽസവിതാവിന്റെഭാൎയ്യാ * ബാഡ
വരൂപിണിയാംത്വഷ്ട്രിയെന്നറിഞ്ഞാലും * അവൾപെറ്റുണ്ടായ്വ
ന്നാരശ്വിനീദേവകളു മവരിൽനിന്നുണ്ടായിഹൃഹ്യകല്പരിഷയും *
ഔഷധികളുംവൃക്ഷവൃന്ദവുമെന്നുകേൾപ്പൂ പിന്നെയുംബ്രഹ്മാവിന്റെ
ഹൃദയത്തിങ്കൽനിന്നു * ധന്യനാംഭൃഗുമുനിയുണ്ടായിയത്രെ കേൾനീ
ഭൃഗുവിന്മകൻകവി കവിതന്മകൻകാവ്യൻ * പിന്നെയുംഭൃഗു
വിന്നല്ലൊരുമകനുണ്ടായ് അവനുനാമധേയംച്യവനനെന്നാകുന്നു
* അവന്റെപത്നിമനുതന്മകളാരുഷിയല്ലോ അവൾപെറ്റൗൎവ്വനെ
ന്നമാമുനിയുണ്ടായ്വന്നു * അമ്മുനിസുതനല്ലോ നിൎമ്മലനൃചീകനും
ചൊല്ലുവൻജമദഗ്നിയായതുമവന്മകൻ * നാലുപുത്രന്മാർജമദഗ്നി
ക്കജനിച്ചതിൽ കാലനാശനശിഷ്യൻരാമൻപോലവരജൻ *
നിന്തിരുവടിതാനുംഭാൎഗ്ഗവഗോത്രത്തിങ്കൽ സന്തതിയായുണ്ടായശൌ
നകമുനിയല്ലോ * ഭാൎഗ്ഗവഗോത്രത്തിന്റെപരപ്പുചൊല്ലിക്കൂടാ മാ
ൎഗ്ഗവേദികളവരോവരുമെല്ലാനാളും * കേൾക്കണമെങ്കിലിന്നുംചൊ
ല്ലുവൻചുരുക്കിഞാൻ ആൎക്കുകേൾക്കേണ്ടീവൈരാഗ്യംവരുംകഥയെ
ല്ലാം * ധാതാവിൻപോക്കൽനിന്നുപിന്നെയുമുണ്ടായ്വന്നുധാതാവുംവി
ധാതാവുംമനുക്കൾക്കാധാരമായ് * അവൎകൾക്കിരുവൎക്കുംഭഗിനില
ക്ഷ്മീദേവിയവൾതന്മനസ്സിൽനിന്നുണ്ടായിതനയന്മാർ * വ്യോമചാരി
കളാകുമശ്വങ്ങളവരെല്ലാം കാമയാനാൎത്ഥംമനോവേഗമുള്ളവരല്ലോ
* വരുണനുടെപത്നിയായതുജ്യേഷ്ഠയല്ലോ തരുണീമണിയവളാറുമക്ക
ളെപ്പെറ്റാൾ * സുരയുംപിന്നെസ്സുരനന്ദിനിയെന്നുരണ്ടുവരനാരികളു
മുണ്ടായിതുമകളരായ് * ധാതാവിൻവാമസ്തനത്തിങ്കൽനിന്നധൎമ്മനും
ജാതനായിതുവരുണാത്മജന്മാരുമന്നാൾ * അന്യോന്യംതച്ചുകൊന്നുഭ
ക്ഷിച്ചുനാലുപേരു മന്നയൌവ്വനയുക്തനാകിയോരധൎമ്മനും * നിരൃതി
യെന്നവളെക്കൈക്കൊണ്ടാനവൾപെറ്റുനൈരൃതന്മാരായുള്ള രാക്ഷസ
രുണ്ടായ്വന്നു * പിന്നെയുംഭയൻമഹാഭയനുംമൃത്യുതാനുമെന്നുമൂന്നധൎമ്മ
പുത്രന്മാരുണ്ടായാരല്ലോ * താമ്രയാംബ്രഹ്മാത്മജപുത്രികളായുണ്ടായി
ക്രൌഞ്ചിയുംഭാസിശ്യേനിധൃതരാഷ്ട്രിയുംശുകി * ക്രൌഞ്ചിപെറ്റുളൂക
ന്മാർഭാസിക്കുഭാസന്മാരും ശ്യേനിക്കുപുത്രന്മാരായ്ശ്യേനന്മാർഗൃദ്ധ്ര
ന്മാരും * ധൃതരാഷ്ട്രിക്കുമക്കൾഹംസവുംകളഹംസംചക്രവാകവുംശു
കിപെറ്റിട്ടുശുകന്മാരും * പത്മസംഭവങ്കൽനിന്നുണ്ടായാളൊരുനാരി
ചൊല്ലേറുംക്രോധവശയെന്നവളുടെനാമം * ഒൻപതുനാരിമാരെസ്സംഭവി
പ്പിച്ചാളവ ളൊമ്പതുപേരുംപെറ്റാരോരോരോജാതികളെ * മൃഗി
യുംമൃഗമന്ദാഹരിയുംഭദ്രമനാ മാതംഗിശാൎദ്ദൂലയുംശ്വേതയുംസുരഭിയും
സുരസതാനുമവരൊമ്പതുപേൎക്കുനാമം മൃഗിപെറ്റുണ്ടായ്വന്നുമൃഗജാതിക

ളെല്ലാം * മൃഗമന്ദയ്ക്കുപുനരൃക്ഷന്മാരുണ്ടായ്വന്നുഹരിയാമവളുടെമക്കളെ
നറിഞ്ഞാലും * ഹരികൾവാനരന്മാർഗോലാംഗൂലന്മാരെല്ലാംചൊൽ
ക്കൊള്ളുംഭദ്രമനയ്ക്കുണ്ടായിതൈരാവതം * മാതംഗിപെററുണ്ടായിമതം
ഗപ്പുരിഷകൾ ശാർദ്ദൂലിസിംഹവ്യാഘ്രന്മാരെയുംപെററാളല്ലോ* ശ്വേ
തപെററുണ്ടായതുശ്വേതാശ്വഗജമെല്ലാം സുരഭിപെററുണ്ടായിരോഹി
ണിഗന്ധർവിയും * സുരസപെററുണ്ടായിനാഗങ്ങൾപലതരം രോഹി
ണിപെററാളതിൽഗോക്കളെബഹുവിധം * ഗന്ധർവിയുടെമക്കളശ്വ
ങ്ങളറിയണംശുകിതൻ മകളാകുമനലപെററുണ്ടായി സകലസ്വാദുഫല
മുള്ളവൃക്ഷങ്ങളെല്ലാം * കദ്രുവിൻമകളായസുരസാസുതയല്ലോ ശ്യേനി
യാകുന്നതവളരുണപത്നിയായാൾ * അവൾപെററുണ്ടായിതുസമ്പാതി
ജടായുവും അവർകളിരുവരും രാമഭക്തന്മാരല്ലോ *

അംശാവതരണം.

താപസവരൻവൈശമ്പായനൻതന്നെനോക്കി ഭൂപതിവരൻജ
നമേജയൻചോദ്യംചെയ്താൻ * ദേവദാനവയക്ഷരക്ഷസാംപരിഷ
കൾ കേവലമവനിയിൽപിറന്നിതെന്നാകിലൊ * ഇന്നവനിന്നവനാ
യ്വന്നതുംപിന്നെയെന്നതെന്നോടുവഴിപോലെയരുൾചെയ്കയുംവേണം
* കേട്ടുകൊൾകെങ്കിലെന്നുമാമുനിയരുൾചെയ്തു കേൾക്കണം നിങ്ങൾ
ക്കെങ്കിൽഞാനുമൊട്ടൊട്ടുചൊല്ലാം *ദാനവൻവിപ്രചിത്തിയായതുജരാ
സന്ധൻഹിരണ്യകശിപുവാം ദൈതേയൻശിശുപാലൻ * പ്രഹ്ലാദൻ
തന്റെതമ്പിസംഹ്ലാദനല്ലോശല്യർ വീരനാമനുഹ്ലാദൻദൈതേയൻധൃഷ്ട
കേതു * ശിബിയാമസുരേശൻദ്രുമനാംനരപതി . ബാഷ്കളനായദൈ
ത്യനായതുഭഗദത്തൻ * ദാനവനവശ്ശിരാവേഗവാനായശ്ശംകു വീരനാ
മശ്വശിരാഗഗനമൂർദ്ധാവെന്നും * അഞ്ചുപേരൊരുമിച്ചുകേകയരാജ്യ
ത്തിങ്കൽഭൂപതിവീരന്മാരായ്പ്പിറന്നാരെന്നുകേൾപ്പൂ * കേതുമാനെന്ന
ദൈത്യനമിതൌജസ്സാംനൃപൻ സ്വർഭാനുവെന്നദൈത്യനായതുമുഗ്ര
സേനൻ * അശ്വനാകിയദൈത്യൻ പിറന്നാനശോകനായ് അശ്വ
സോദരനശ്വപതിയാമസുരേശൻ * ഹാർദ്ദിക്യനായിവന്നുപിറന്നാ
നറിഞ്ഞാലും വൃഷപർവാവുദീർഘപ്രജ്ഞനാംനരപതി * വൃഷപർവാ
വിൻതമ്പിയായവൻമല്ലനായാൻ* അശ്വഗ്രീവാഖ്യൻരോചമാനനാംനര
പതി * സൂക്ഷ്മനാകിനദൈത്യൻസുമതിയായഭൂപൻകീർത്തിമാനായ
ദൈത്യൻബൃഹന്തനെന്നനൃപൻ * തുഹുണ്ഡനായദൈത്യൻതാനല്ലോ
സേനാവിന്ദു * ഘസൃവാമസുരേശൻപാപജിത്തായനൃപൻ ഏകച
ക്രാഖ്യാസുരനായതുപ്രതിവിന്ധ്യൻ* വീരനാംവിരൂപാക്ഷൻചിത്രവർമ്മാ
വാംനൃപൻഹരനാം ഹരിഹരനായുള്ളോരസുരേശൻ * പിറന്നാൻ
സുബാഹുവാംഭൂപതിതിലകനായ് അഹരനായദൈത്യൻബാഹ്ലിക
നായനൃപൻ * നിചന്ദ്രനായദൈത്യൻമുഞ്ജകേശാഖ്യനൃപൻ നികും
ഭമഹാസുരനായതുദേവാധിപൻ * ശരഭമഹാസുരൻപൌരവനായ
നൃപൻകാപഥനായദൈത്യൻ ഭൂപതിസുപാർശ്വൻപോൽ * കഥനാ
മസുരേശൻപാർവതേയാഖ്യനൃപൻ പിന്നെയും ശരഭനെന്നുണ്ടൊരുമഹാ

സുരൻ * മന്നവനായാനവൻബാൽഹികരാജ്യത്തിങ്കൽ പ്രഹ്ലാദനെ
ന്നുതന്നെപേരവനാകുന്നതും * ചന്ദ്രനാമസുരേശനായതുമൃഷീകൻതാ
ൻമൃതപാനെന്നുപേരാമസുരാധിപനല്ലോ * പശ്ചിമാനൂപനെന്നൊ
ച്ചുചൂണ്ടൊരുനൃപൻശവിഷ്ടനായദൈത്യൻദ്രുമൽസേനാഖ്യൻനൃപൻ *
ദൈത്യേശനായമയൂരൻവന്നുപിറന്നിതു ധാത്രിയിൽവിശ്വനെന്നപാ
ൎത്ഥിവശ്രേഷ്ഠനായെ * ദൈതേയൻദീർഘജിഹ്വനായതുകാശിനൃപൻ
രാഹുവാമസുരേശൻക്രഥനാംനരപതി * സുവൎണ്ണനായദൈത്യൻക്രോധ
കീൎത്തിയുമായാൻ ദൈത്യനാംചന്ദ്രഹന്താശുനകനായനൃപൻ * ദൈ
തേയവിനാശനൻജനകനായനൃപൻ വിക്ഷരനായദൈത്യൻസുമിത്ര
നായനൃപൻ * വിക്ഷരസഹോദരൻപാംസുരാഷ്ട്രാധിനാഥൻ വീരനെ
ന്നുതന്നെപേരായോരസുരേശൻ * പൌണ്ഡ്രമത്സ്യകനെന്നരാജാവാ
യ്പിറന്നതും വൃത്രനാമസുരേശൻമണിമാനായനൃപൻ * ക്രോധഹന്താവാം
ദൈത്യൻദണ്ഡനാകിയനൃപൻ ക്രോധവൎദ്ധനദൈത്യൻദണ്ഡധാരനുമാ
യാൻ * കാലകേയന്മാരാകുമെട്ടുപേരസുരരും ചാരുലവനാവനിയിൽപി
റന്നാർനൃപന്മാരായ് * അവരപതികൾതൻനാമങ്ങളതുംചൊല്ലാംജ
യത്സേനനുമപരാജിതൻതാനും പിന്നെനിഷധാധിപൻതാനും ശ്രേ
ണിമാനെന്നവനും * ചൊല്ലെഴുമ്മഹൌജസനുമഭീരുനൃപനുംപിന്നെ സമു
ദ്രസേനൻതാനും ബൃഹന്നാമാവുമേവം എട്ടുഭൂപാലന്മാരുംകാലകേയ
ന്മാരല്ലോ * ദുഷ്ടരാംക്രോധവശഗന്മാരാമസുരന്മാർ ദുഷ്ടഭൂപതികളാ
യുത്ഭവിച്ചതുമെല്ലാം * നന്ദികൻകൎണ്ണവേഷ്ടൻസിദ്ധാൎത്ഥൻകീടക
നുംവീരനാംസുവീരനുംശൂരനാംസുബാഹുവും * ധീരനാംമഹാവീരൻ
ബാൽഹികൻക്രോധൻതാനും വിചിത്രൻസുരഥനാംനീലനുംവീരധാമാ
* ഭൂമിപാലചന്ദ്രൻദന്തവക്രനും ദുൎജ്ജയനുംരുഗ്മിയാംനൃപൻ ജനമേ
ജയനാഷാഢനും * വായുവേഗനുംഭൂരിതേജസ്സേകലവ്യൻ സുമിത്രൻ
വാജിധാനൻഗോമുഖനിവരെല്ലാം * കാരൂശരാധിപന്മാരാംഭൂപതിവീ
രന്മാർപോൽക്ഷേമധൂൎത്തിയുംഭുവിചൊല്ലേറുംശ്രുതായുവും * ഉദ്ധവൻബൃ
ഹത്സേനൻക്ഷേമനുമുഗ്രതീൎത്ഥൻകുഹരനുമതിമാനും കലിംഗരാജാക്ക
ന്മാർ * ഇവരുംക്രോധവശന്മാരായ സുരാരികൾദേവകനായതൊരുഗ
ന്ധൎവ്വശ്രേഷ്ഠനല്ലോ * ഗുരുവാംബൃഹസ്പതിതന്നുടെയംശമല്ലോ ഗുരു
വാംദ്രോണർഭരദ്വാജനന്ദനനെടോ * ഈശൻെറകാമവുമക്കാലൻെറ
കോപവും കൂടിയൊന്നായിച്ചമഞ്ഞുണ്ടായാനശ്വത്ഥാമാ * വസു
കളംഗംഗതങ്കൽശന്തനുപുത്രരായാർ വസിഷ്ഠശാപംകൊണ്ടു വാസവ
നിയോഗത്താൽ * അവരിലെല്ലാരിലുമനുജനല്ലോഭീഷ്മർ രുദ്രന്മാരുടെ
യംശമായതുകൃപാചാൎയ്യർ * ശകുനിയെന്നഭൂപൻദ്വാപരനായാനല്ലോ
ചൊല്ലെഴുംമരുത്തുകളായദേവകളുടെ യംശത്താലുണ്ടായതുസാത്യകിയെ
ന്നവീരൻ * ഗണദേവകളുടെയംശസംഭൂതന്മാരായ് ദ്രുപദൻവിരാടനും
കൃതവൎമ്മാവുമുള്ളു * അരിഷ്ടാസുതനായഹംസനാംഗന്ധൎവ്വേശൻ വ
രിഷ്ഠനായധൃതരാഷ്ട്രനെന്നറിഞ്ഞാലും * കലിതന്നുടെയംശംദുൎയ്യോ
ധനനൃപൻ പൌലസ്ത്യന്മാർപോൽ മറെറന്നൂററുവരെല്ലാവരും * ധീ

ന്മരാജനംവന്നുപിറന്നുവിദുരരായ് ധർമ്മൻതന്നുടെയംശമായത്തുയുധ
ഷ്ഠിരൻ * വായുവിന്നുടെയംശംഭീമനെന്നറിഞ്ഞാലും ദേവേന്ദ്രനുടെ
യംശംഫൽഗുനൻമഹാരഥൻ * അശ്വിനീദേവകൾതന്നംശംമാദ്രേ
യന്മാരെമഗ്നിതന്നുടെയംശമായത്തുധൃഷ്ടദ്യുമ്നൻ * ആദിത്യനുടെയംശം
കർണ്ണനെന്നറിഞ്ഞാലും സോമനന്ദനനായസുവർച്ചസ്സഭിമന്യു * വിശ്വ
ദേവകളുടെയംശംദ്രൌപദേയന്മാർ സ്ത്രീപുംസമായിട്ടുള്ളഗുഹ്യകൻശി
ഖണ്ഡിയും * ശ്രീദേവിലക്ഷ്മിയുടെയംശമേനാൽപാഞ്ചാലിയും ധൃതിയും
സിദ്ധിയുമേനാൽകുന്തിയുംമാദ്രിതാനും * പ്രദ്യുമ്നൻസനൽക്കുമാരാം
ശമെന്നതുംചൊല്ലും അനന്തമൂർത്തിയുടെയംശംപോൽബലഭദ്രൻ * വി
ഷ്ണുതന്നുടെയംശംകൃഷ്ണനെന്നറിഞ്ഞാലും മാധവമതമറിഞ്ഞംബുജോത്ഭ
വൻചൊല്ലാൽ * വാസവനിയോഗംകൊണ്ടപ്സരസ്ത്രീകളെല്ലാം മാധവ
പത്നികൾപോൽപതിനാറായിരവും * ഇത്തരമവരവർപൃഥ്വിയിൽ
പിറന്നതും വിസ്തരിച്ചുരചെയ്യാനെത്രയുംപണിയത്രേ * ഇതന്തരാദ്ധ്യായ
മാംസംഭവപർവ്വംതന്നിൽ സുരദാനവഗന്ധർവ്വാദികളുടെജന്മം * അം
ശാവതരണമിതൊൻപതദ്ധ്യായമുണ്ടുവൈശമ്പായനമുനി ചൊന്നതെ
ന്നറിഞ്ഞാലും * ജനമേജയനൃപൻതന്നുടെചോദ്യമിനിവിരവോടുരചെ
യ്യാംകേൾക്കണമെന്നാകിലോ * പൂരുവാംനരപതിവീരനാംയയാതി
തൻപുത്രനെന്നല്ലോകേൾപ്പിതെത്രയുംപ്രസിദ്ധനായ് * അപ്പുരുവംശ
ത്തിലുണ്ടായിദുഷ്ഷന്തനും അവൻറമകൾജനമേജയൻഭരതനും *
അവിടെത്തന്നെയൊട്ടുപരപ്പിൽ പറയണമവനീശ്വരനായഭരതൻകഥ
യെല്ലാം *

പൂരുവംശോല്പത്തി.

എങ്കിലോകേട്ടുകൊൾക പൂരുവാംനരേന്ദ്രനുപങ്കജസമമുഖിയാ
കിയശരതചി * പതിയായുന്നാളവൾ മൂന്നുമക്കളെപ്പെറ്റാൾഎന്ന
തിൽമുമ്പനല്ലോശുരനാംപ്രവീരാഖ്യ * നവൻറപത്നിയല്ലോശൈ
ബ്യയെന്നറിഞ്ഞാലും * അവൾപെറ്റുള്ളനല്ലനമസ്യുവെന്നുപൻ
രാജീവവിലോചനൻസുഭ്രൂവുമഭയദൻ * ഇങ്ങിനെമൂന്നുമക്കൾനമസ്യു
നൃപനുണ്ടായവരിലഭയദൻതന്നുടെസുതരല്ലോ * സുനപാനംവസു
നാഭൻഗഗ്ഗനംരമ്യൻതാനും അവരിൽസുനപാനുടെവല്ലഭമേനതരി അ
വൾപെറ്റുണ്ടായുന്നവീരനാംയവീയനും * ഗന്ധർവ്വീയവീയനാംഭ്രൂ
പതിതൻറപത്നിസന്തതി യവൾപെറ്റുമെട്ടുപേരുണ്ടായുന്നു * ശ്രുത
നംദ്ദധധനാവപൃഷ്ഠാൻരുദ്രാശ്വനംവൃഷദശ്വനാം ബൃഹദശ്വനംഗ
യൻമന * എന്നിവർകളിൽവെച്ചുരുദ്രാശ്വനായഭൂപൻ ഉന്നതസ്തനി
യായോരപ്സരസ്ത്രീയെവേട്ടാൻ * അവൾപെറ്റുണ്ടായുന്നനല്ലനാമൃചേ
പുവും കക്ഷേപുകൃപണേപുപിന്നെയസ്ഥണ്ഡിലേപു * അഞ്ചാമൻവ
നേപുവുംപിന്നെയസ്ഥലേപുവും തേജോപുരഥേപുവുംധർമ്മേപുസന്ത
തേപു * എന്നിവർപത്തുപൃത്ഥ്വീനായകന്മാരുണ്ടായി എന്നതിലൃചേ
പുവിൻനന്ദനനന്തിനാരൻ * ത്രസ്നവുംമേഘൻപ്രതിരഥനുംഭൂമൻ
താനും അന്തിനാരമൻറപുത്രരിങ്ങനെനാലുപേരും * ത്രസ്നവിൽ

നിലീനനെന്നുണ്ടായാനൊരുസുതൻ പതിയുമുണ്ടായ്വന്നുചൊല്ലെഴുംരഥന്തരി * അവൾപെററഞ്ചുമക്കൾദുഷ്ഷന്താദികളല്ലൊ ദുഷ്ഷന്തൻ തന്റെപത്നിലക്ഷണയെന്നനാരി * ലക്ഷണപെററുജനമേജയനെന്ന നൃപൻ ചൊൽക്കൊണ്ടവിശ്വാമിത്രപുത്രിയാംശകുന്തളാ * മുഖ്യനാം ദുഷ്ഷന്തന്റെകാന്തയായ്വന്നാൾപിന്നെ അവൾപെററുള്ളനല്ലഭരതനെന്നനൃപൻ * ഭാരതമെന്നതവൻമൂലമായ്ച്ചൊല്ലീടുന്നു പാരതിൽ പ്രാജ്ഞന്മാരായീടിനബുധജനം * കേൾക്കനീനരാധിപ! ചൊല്ലുവൻ മടിയാതെ ദക്ഷനുംവൈവസ്വതമനുവുംഭരതനും * പൂരുവുംകുരുതാനജമീഢനുമിവരാറുപേർപോക്കൽ നിന്നുമുണ്ടായനൃപന്മാരോ * നൂറുനൂറായിരമല്ലെണ്ണകിലുള്ളുനൂനം പാരതിൽക്ഷത്രിയരുംവധിച്ചാരള്ളു മൂലം * പുണ്യകളായകഥാഭേദങ്ങൾ കാലഭേദമിന്നിയുമൊരുവഴിചൊല്ലുവനതുകേൾക്ക *

പൂർവരാജോല്പത്തി.

പത്തുപേരുണ്ടായ്മുന്നംപ്രാചീനബർഹിസ്സുകൾ കൃശനാംപ്രചേതസ്സിന്മക്കളെന്നറിഞ്ഞാലും * മേഘങ്ങൾതമ്മിലുരുമ്മിട്ടുപോളുണ്ടായ്വന്നശീകരാഗ്നിയിൽവീണുവെന്തുപോയാർപോലവർ * അവരിൽനിന്നുണ്ടായിദക്ഷനൊന്നത്രെ ചൊല്ലുമവനുംവീരണിയാംനാരിയെ സംപ്രാപിച്ചാൻ * അവൾപെററാത്മജന്മാരായിരമുണ്ടായ്വന്നാരവർസാംഖ്യജ്ഞാനംനാരദനുറപ്പിച്ചാൻ * അതിനാലവർകളും മൈഥുനമുപേക്ഷിച്ചാർ മഹിമാന്മാരായൊക്കെബ്രഹ്മചാരികളായി * സന്തതിയവരിൽനിന്നുണ്ടാകാഞ്ഞതുമൂല മെന്തൊരുവഴിസൃഷ്ടിക്കെന്നുചിന്തിച്ചുദക്ഷൻ * അൻപത്തുപെണ്ണുങ്ങളെപ്പിന്നെയുംജനിപ്പിച്ചു അൻപോടുകാശ്യപനുകൊടുത്തുപതിമൂന്നും * പത്തുധർമ്മനുംചന്ദ്രനിരുപത്തേഴുംനൽകിഅവരിലദിതിയാംകാശ്യപപത്നിപെററി *ട്ടാദിത്യന്മാരുണ്ടായിലോകത്തെപ്രകാശിപ്പാൻ * എന്നതിൽവിവസ്വാന്റെപുത്രനായതുയമൻപെണ്ണുമൊന്നുണ്ടായ്വന്നുയമിയെന്നവൾക്കുപേർ * പിന്നെയുമുണ്ടായിതുമനുവെന്നൊരുമകൻമാനവന്മാരെല്ലാരുമവങ്കൽനിന്നു ണ്ടായി * വിപ്രന്മാരായാരതിൽചിലരെന്നതേവേണ്ടുപൃഥ്വീനായകന്മാരായ്വന്നിതുചിലരെടോ!*വേനനുംത്രസ്നതാനുംനരിഷ്യൻനാഭാഗനും ഇക്ഷ്വാകുകരൂശനുംശര്യാതിപുനരിളൻ * വൃഷധ്രൻദിഷ്ടനിവർപത്തുപേർനൃപേന്ദ്രന്മാർ * പിന്നെയുംപത്തൊൻപതുനന്ദനന്മാരുണ്ടായാ രന്യോന്യംയുദ്ധംചെയ്തുമരിച്ചാരവർകളും * പത്തുപേരുണ്ടായതിലെട്ടാമനാകുമിളൻ മുത്തണിമുലയാളായ്വന്നാനെന്നറിഞ്ഞാലും * അക്കഥപറയുമ്പോളെത്രയും പെരുപ്പമുണ്ടായൽക്കണ്ണിതന്നെക്കൈക്കൊണ്ടാനന്നു ബുധൻ * ബുധനുംപുരൂരവാവെന്നൊരുമകനുണ്ടായതിമാനുഷമായകർമ്മങ്ങൾചെയ്താനവൻ * സോമവംശത്തിങ്കലേക്കാദിരാജാവുമവൻഭൂമിയുംസമുദ്രദ്വീപങ്ങളുമൊക്കെവാണാൻ * ദിവ്യരത്നങ്ങൾധനധാന്യങ്ങളെന്നതെല്ലാ മുവ്വീശനാകുമിളനാർജ്ജിച്ചാനസംഖ്യമായ് * എന്നിട്ടുമ

തിയാകില്ലെന്നവനല്ലാകേൾപ്പൂ നന്നിതുലോഭത്തിന്റെമഹിമനിരൂ
പിക്കിൽ * ബ്രഹ്മസ്വമായുള്ളതുമടക്കിത്തുടങ്ങിനാൻ കർമ്മദോഷങ്ങ
ളെന്നുകല്പിച്ചാർമറയോരും * അക്കാലംസനൽക്കുമാരൻമുനിശപിക്ക
യാലുൾക്കാമ്പിൽമദനമാൽമൂർച്ഛിച്ചുനരപതി * മയ്ക്കണ്ണിമണിയായൊ
രുർവ്വശിതന്നെക്കണ്ടു തൽക്കൊങ്കപുണരാഞ്ഞുദുഃഖിച്ചുവിവശനായ് *ന
ഷ്ടസംജ്ഞനുമായിഗന്ധർവ്വലോകത്തിങ്കൽ മട്ടോലുംമൊഴിയാളുമായവൻ
നടകൊണ്ടാൻ * മധുരാധരിയുമായ് സുഖിച്ചുദിനംതോറുമധരപാനം
ചെയ്തുമതിയുംമറന്നവൻ * അറുപത്തയ്യായിരത്താണ്ടിരുന്നിട്ടുമേതുമറുതി
വന്നതില്ലവർദ്ധിച്ചുമദനമാൽ * മെച്ചവസിച്ചോളംവിരക്തിവരുമെന്ന
തൊരുത്തൻനിനയ്ക്കേണ്ടവർദ്ധിക്കുംദിനംപ്രതി * വഹ്നിയിലാജ്യസമിദാ
ദികൾവേണ്ടുവോളം പിന്നെയുംഹോമിച്ചോളംജ്വലിച്ചുവരുമത്രേ *
സേവിച്ചോളവുംനന്നായ്‌വർദ്ധിച്ചുവരുംകാമംസേവിച്ചാൽ മതിയാമെന്ന
ജ്ഞന്മാർപറഞ്ഞീടും * ആവോളമകലത്തുവെടികയൊഴിഞ്ഞേത്തു മാ
വതില്ലനരാഗംവേർവിടവേണമെങ്കിൽ * ദിവ്യമാനിനിയായൊരുർവ്വ
ശിരമിപ്പിച്ചി ട്ടുവീനായകനേതുംവന്നതില്ലലംഭാവം * ആരവാർമുലയാ
ളാമുർവ്വശിപെററിട്ടുവ നാറുപുത്രന്മാരുണ്ടായ്വന്നിതെന്നറിഞ്ഞാലും *
ആയുസ്സുംധീമാനനുംവസുവും ദൃഢായുസ്സുമഞ്ചാമൻവനായുസ്സുമാറാമൻ
ശ്രുതായുസ്സും * ഇവരിലായുസ്സിനുനാലുപുത്രന്മാരുണ്ടായ് നഹുഷൻമുൻ
പൻവൃദ്ധശർമ്മാവുരണ്ടാമവൻ * ആജിരായുസ്സമനേനസ്സുമെന്നവക്കു
പേർ അവരിലവനീശനായ്വന്നുനഹുഷനും * അവന്റെപരാക്രമംപറ
വാൻപണിതുലോം ഭൂമിയുംവാനോർനാടുമടക്കിവാണാനവൻ * ഭൂമീ
ന്ദ്രനവനൈന്ദ്രപദവുമടക്കിനാൻ * പൌലോമികുളുർമുലപുൽകുവാൻ
ഭാവിച്ചല്ലോ * മാമുനിമാരെക്കൊണ്ടുതണ്ടേടുപ്പിച്ചിതവൻഅഗസ്ത്യൻ
തന്റെശാപംകൊണ്ടൊരുപെരുമ്പാമ്പായ് * ധന്യനാംധർമ്മജനെ
ക്കാണുമ്പോളംകിടന്നപോൽ * അവനുമാറുമക്കൾയതിയുംയയാതിയും *
സംയാതിയെന്നുപുനരായാതിയാതിയെന്നും ഉദ്ധവനെന്നുമവർതങ്ങടെ
നാമമല്ലോ*അവിടെയയാതിക്കുവന്നിതുരാജ്യംപിന്നെ യവനംരണ്ടുവേ
ട്ടാനെന്നുകേട്ടിരിക്കുന്നു* ഋഷികന്യകയായദേവയാനിയുംപിന്നെ വൃഷ
പർവ്വാവിൻമകളാകിയശർമ്മിഷ്ഠയും * ദേവയാനിക്കുമക്കൾയദുവുംതുർവ്വസു
വുംദ്രുഹ്യുവുമനുദ്രുഹ്യുപൂരുവുംശർമ്മിഷ്ഠയ്ക്കും * അക്കാലംയയാതിക്കുശുക്ര
ന്റെശാപംകൊണ്ടുദുഷ്കർമ്മവശാൽവന്നുനിറഞ്ഞുജരാനര * കൈ
ക്കൊണ്ടാനതുപൂരുമററാരുംകൈക്കൊള്ളാഞ്ഞു മക്കളിലനുജനാംപൂരു
വിനായിരാജ്യം * മുഖ്യനായൊരുതാതൻചൊന്നതുകേട്ടമൂലം * അക്ക
ഥയൊക്കെച്ചൊൽകിൽമറെറാന്നിനില്ലകാലം സൽഗുണനിധേ!ജന
മേജയനൃപോത്തമ! * വൈശമ്പായനൻപുനരിങ്ങനെപറഞ്ഞപ്പോൾ
സംശയംമനക്കാമ്പിലുണ്ടായിപാരീക്ഷിതൻ * താപസകുലവരരത്നമേ!
ജയജയ!താപങ്ങളിവകേട്ടാലുണ്ടാമോമനക്കാമ്പിൽ? * ശുക്രമാമുനി
യുടെപുത്രിയാംദേവയാനിമുഖ്യനാംയയാതിക്കുപതിയായ്വന്നതോർത്താൽ
* ഒക്കുന്നില്ലേതുംപ്രാതിലോമ്യമല്ലയോമുനേ മയ്ക്കണ്ണിശർമ്മിഷ്ഠയുമ

സുരനാരിയല്ലോ * കൈക്കൊൾവാനവകാശമെന്തു നരാധിപ നൊ
ക്കവേ ചുരുക്കമായരുളിച്ചെയ്തീടണം * അക്കഥനമുക്കതിൽകൗതുകമുണ്ടു
പാരം സല്കഥ കേട്ടാൽമതിയാകയില്ലൊരിക്കലും * അപ്രകാരങ്ങളെ
ല്ലാം കേൾക്കനീയെങ്കിലിപ്പോളത്ഭുതമുണ്ടു പാരം ദുശ്ചോദ്യമല്ലയതും *

ദേവയാനീചരിതം—കചന്റെ മൃതസഞ്ജീവനിവിദ്യാഭ്യാസം.

എങ്കിലോ ദേവാസുരയുദ്ധമുണ്ടായിമുന്നം സങ്കടം തീർത്തുജയമുണ്ടാ
വാനവർന്നാൾ * ദേവകൾ ബൃഹസ്പതിതന്നെയാചാര്യനാക്കി ദേവ
വൈരികൾ ശുക്രൻതന്നെയും കൈക്കൊണ്ടാർ പോൽ * ദേവകളോടു പോ
രിൽമരിക്കുമസുരരെജ്ജീവിപ്പിച്ചീടുമല്ലോ ശുക്രനാം മുനിവരൻ * ജീവനും
ദേവകൾക്കുജ്ജീവനുണ്ടാക്കിടല്ലാ കാ ദേവകളതുമൂലം താററാരെന്നറി
ഞ്ഞാലും * മൃതസഞ്ജീവനിയാം വിദ്യയുണ്ടല്ലോ ശുക്ര നതിനുള്ളുപദേശ
മില്ല ദേവാചാര്യനോ * അന്നു ദേവകൾ ഗുരുതന്നുടെ സുതന്മാരിൽ മുന്നേ
വനായ കചൻതന്നോടു ചൊന്നാരല്ലോ * ചെന്നു നീ പഠിക്കണം ശുക്ര
ന്റെ വിദ്യയെന്നാലന്നൊഴിഞ്ഞില്ല ജയം നമുക്കെന്നറിഞ്ഞാലും * അമ്മു
നിയുടെ മകൾ ദേവയാനിയെ നന്നായ് സമ്മാനിച്ചരികേ പുക്കീടുക മടി
യാതെ * തന്മകൾ ചൊന്നതൊഴിഞ്ഞമ്മുനിക്കേൾക്കയില്ല നിർമ്മലയാ
യ വിദ്യ പഠിക്കാമെന്നാലെടോ * കചനുമതു കേട്ടു വൃഷപർവ്വാവാകുന്നോ
രസുരാധിപൻതന്റെ നഗരമകം പൂക്കാൻ * ശുക്രനെച്ചെന്നു കണ്ടുവന്ദി
ച്ചു മുനീന്ദ്രനും കൈക്കൊണ്ടു വിദ്യകളും നന്നായിപ്പഠിപ്പിച്ചു * ശുക്രനും ദേ
വയാനിയാകിയ കുമാരിക്കു മുൾക്കാമ്പു തെളിയുമാറിരുന്നാനവന്താനും
* ദേവയാനിക്കു വേണ്ടുമോരോരോ പരികർമ്മമേതുമേ മടിയാതെ ചെയ്തീടും
കചൻതാനും * അവൾക്കുമതുമൂലം കചനിലൊരുനാളുമിളക്കം വരാതൊ
രുരാഗവുമുണ്ടായ്വന്നു * കന്യകതാനും ബ്രഹ്മചാരിയാം കചനുമായ് നന്നാ
യിരമിച്ചുവാണീടിനാർ നിരന്തരം * കാനനം തോറും പശുവൃന്ദത്തെ മേച്ചു
പിന്നെ നാനാപുഷ്പങ്ങൾ പുല്ലും സമിദാദികളെല്ലാം * കൊണ്ടുവന്നീടുമ
വൻമിണ്ടാതെയിരിക്കുമ്പോൾ കണ്ടിക്കാർകുഴലിയാം ദേവയാനിയുമാ
യി * കണ്ടു കാനനം തോറും നടന്നു കളിച്ചീടും കുണ്ഠതകൂടാതെ തൻവിദ്യയും
പഠിച്ചീടും * യൌവനമിരുവർക്കുമാരംഭിച്ചിരിക്കുന്നു ദിവ്യതയുമുണ്ടാക
യാൽവൃത്തിയും രക്ഷിച്ചീടും * വേണുനാദങ്ങളോടു താളങ്ങൾ മേളങ്ങളും
വീണവായനനല്ലവക്രോക്തിവിശേഷവും * വ്യംഗ്യങ്ങൾ പലതരം ധ്വ
നികളിവയെല്ലാം മംഗലമാകും വണ്ണം നന്നായിപ്പറകയും * അന്യോ
ന്യം കളിച്ചവരിരുന്നാർ പലകാലം കന്യകതാനും ബ്രഹ്മചാരിയും പിരി
യാതെ * ആടീടുന്നവനിലും പാടീടുന്നവനിലും ശ്രദ്ധമാം നാരീവൃത്തം മ
റയ്ക്കുന്നവനിലും * ഇഷ്ടമായുള്ള വസ്തു കൊടുക്കുന്നവനിലു മിഷ്ടമായതു ത
ന്നെ പറയുന്നവനിലും * കണ്ഠഭൂഷണമെല്ലാമണിയുന്നവനിലും ക
ണ്ടാൽനല്ലവനിലും കേളിയുള്ളവനിലും * ഉണ്ടാകുമല്ലോ മധുവാണികൾ
ക്കനുരാഗ മുണ്ടല്ലോ കചനേവമാദിയാം ഗുണമെല്ലാം * അഞ്ഞൂറു സംവ
ത്സരം കഴിഞ്ഞു കചനേവം മഞ്ജുളഗാത്രിയുമായുല്ലസിച്ചു കാലമന്നാൾ *

അറിഞ്ഞോരസുരകൾ കചന്റെ പരമാർത്ഥം നിറഞ്ഞ വൈരത്തോടുമതി
നാലത്രകാലം * കാനനം തന്നിൽ പശുവൃന്ദവും മേച്ചു കചൻ താനെ
നിൽക്കുന്നനേരം കൊന്നവനുടലെല്ലാം * ഓരോരോ തിലത്തോളം നുറു
ക്കി ചെന്നായ്ക്കൾക്കു പാരാതെ കൊടുത്തിതു ദുഷ്ടരാമസുരകൾ * പശുവൃ
ന്ദവുമപ്പോൾ തങ്ങളെപ്പോന്നുവന്നാർ കചനെക്കാണായ്കയാൽ ദേവയാ
നിയും ചെന്നു * കരഞ്ഞു പരിതാപം നിറഞ്ഞു മനതാരിൽ പറഞ്ഞു താത
നോടു വന്നീല ഗുരുസുതൻ * ഗോക്കളും ഗോശാലയ്ക്കൽ തങ്ങളെ വന്നാരൊ
ക്കെ പാർക്കേണ്ടും നേരമല്ലു സൂര്യനസ്തമിച്ചു * അഗ്നിഹോത്രവും വേണ്ടീ
ലെന്തൊരു മൂലം കചൻ വൈകിയതവനൊരു സങ്കടം വന്നീലല്ലീ? * അ
ന്തരം കചനു വന്നീടുകിൽ മരിപ്പൻ ഞാനന്തരമേതുമില്ലെന്നാത്മജ പറ
ഞ്ഞപ്പോൾ * എന്തിനു ഖേദിക്കുന്നു മരിച്ചാനെന്നാകിലു മിന്നു ഞാൻ
ജീവിപ്പിച്ചുകൊൾവൻ നീയടങ്ങുക * വിളിച്ചു ശുക്രമുനി കചനും ചെ
ന്നായ്ക്കളെ പ്പൊളിച്ചു പുറപ്പെട്ടു വന്നാനെന്തൊരു ചിത്രം! * എന്തടോ
നടേ വരാഞ്ഞീടുവാൻ മൂലമെന്തു സുന്ദരഗാത്രി ദേവയാനി ചോദിച്ചനേ
രം * പുഞ്ചിരിപൂണ്ടു കചൻ ചൊല്ലിനാൻ പരമാർത്ഥം വഞ്ചിച്ചു ദനുജ
ന്മാർ ചെയ്ത ദുഷ്ടതയെല്ലാം * പിന്നെയുമൊരു ദിനം പൂവിനു വനം പുക്കാ
നന്നവനുടൽ പൊടിച്ചാഴിയിലിട്ടാരവർ * കന്യകാ ദേവയാനി താത
നോടറിയിച്ചാളന്നും മാമുനിവരൻ വിളിച്ചു വരുത്തിനാൻ * പിന്നെയും
മൂന്നാമതു ദുഷ്ടരാമസുരകൾ മുന്നം വന്നതുപോലെ വന്നു പോകരുതെന്നാർ
* വധിച്ചു വറുത്തൊക്കെപ്പൊടിച്ചു തരിപോക്കി മൃദുത്വം കലർന്നൊരു ചൂർണ്ണ
മാശ്ശമാക്കി * ഹൃദ്യമാം ഗുരുവിനു സേവിപ്പാനുണ്ടാക്കിയ മദ്യത്തിൽ
കലക്കി നൽകീടിനാരസുരകൾ * ദേവയാനിയും കചൻ വാരാഞ്ഞനേ
രം പരി ദേവനം തുടങ്ങിനാൾ താതന്റെ മുമ്പിൽ നിന്നു * ദേവകളുടെ
ഗുരുപുത്രനെന്നറിഞ്ഞിട്ടു ദേവവൈരികളുടെ ദുഷ്ടതതന്നെയിതു * ജീവി
പ്പിച്ചീടുകിന്നുമെന്നതു കേട്ടു മൃതജീവനി വിദ്യ കൊണ്ടു വിളിച്ചു ഭാർഗ്ഗവനും
* വന്നീല കചനെന്നു മകളെ കർമ്മഫലം വന്നീടുന്നതിനേതുമാവതല്ലട
ങ്ങുനീ * എന്നെല്ലാം പലതരം ഭാർഗ്ഗവൻ പറഞ്ഞപ്പോൾ കന്യകദേ
വയാനി കണ്ണുനീർ വാർത്തു ചൊന്നാൾ * ആരിതേയാചാര്യനാം ബൃഹസ്പതി
സുതനായ ഭൂദേവൻ തന്നെക്കൊന്ന പാപികളസുരകൾ * സന്തതിനാ
ശം കൂടെ വരുത്തീടുവൻ ശപിച്ചന്തരമതിനില്ല കേവലം പിന്നെ ഞാനും *
ഇന്നെന്റെ കചനോടു കൂടവേ മരിക്കുന്ന നെന്നെല്ലാം ദേവയാനി ചൊ
ന്നതു കേട്ടു ശുക്രൻ * പിന്നെയും വിളിച്ചിതു നന്നായി ധ്യാനിച്ചപ്പോൾ
തന്നുടെ ജഠരത്തിൽ നിന്നവൻ വിളി കേട്ടാൻ * ഏതൊരു വഴിയേ നീയെ
ന്നുടെയുള്ളിൽ പുക്കു നാദരവോടു ശുക്രൻ ചോദിച്ചനേരം കചൻ *
എന്നെക്കൊന്നസുരകൾ വറുത്തു പൊടിച്ചുടൻ തന്നിതു മദ്യം തന്നിൽ കല
ക്കി സേവിപ്പാനായ് * എന്നു കേട്ടൊരു ശുക്രൻ കോപിച്ചു ചൊന്നാനെ
ങ്കിലിന്നു ഞാനസുരരെശ്ശപിച്ചു നാശിപ്പിച്ചു * പുണ്യമുള്ളമരരോടൊ
ന്നിച്ചു വാണീടുവൻ എന്നതു കേട്ടു കചൻ ചൊല്ലിനാനരുതെന്നാൽ * വ
ന്നുപോം തപസ്സിനു നാശമെന്നറിയണം നന്നല്ല ശപിക്കുന്നതാരെയുമൊ

രുവക്കം * ദോഷമില്ലാതെനമുക്കൊക്കെയുംക്ഷമിപ്പതു ഭൂഷണമാക
ന്നതുകോപമുണ്ടായാലാകാ * കോപകാമാദികളെക്ഷമയാജയിപ്പവൻ
താപസശ്രേഷ്ഠനെന്നുചൊല്ലുന്നുവിദ്വജ്ജനം * എന്നതുകേട്ടുഭൃഗുന
ന്ദനൻമകളോടു ചൊന്നാനിങ്ങിനെവേണ്ടുതിരിച്ചുചൊല്ലണംനീ *
ഞാൻമരിച്ചീടുന്നാകിൽകചനെയുണ്ടാക്കുവൻഞാൻ മരിയാതെകചനു
ണ്ടാകയില്ലതാനും * അച്ഛനെന്തെന്നോടിപ്പോളിങ്ങിനെപറയുന്നു പി
ച്ചയെന്നതുപുനരെല്ലാക്കുംചെയ്യാമല്ലൊ * താൻമരിച്ചൊരുത്ത
നെരക്ഷിക്കമസാരനും താൻമരിയാതെകണ്ടുമറ്റൊരുപുരുഷനെ *
ജീവിപ്പിച്ചീടുന്നതുസാമർത്ഥ്യമാകുന്നതും ജീവരക്ഷണത്തിനുമെങ്കിലെ
ഫലമുള്ളു * എന്നതിൽവിശേഷിച്ചുമാശ്രിതനല്ലാകചൻനിന്നുടെ
യൊരുശിഷ്യനാകയുമുണ്ടുപിന്നെ * ധന്യനാംബൃഹസ്പതിപുത്രനാകയു
മുണ്ടു എന്നതുനിരൂപിച്ചിട്ടൊത്തതുചെയ്കയെന്നാൾ * നിന്തിരുവടി
തന്നെക്കൊന്നുജീവിച്ചാലതി നെന്തൊരുഫലമതുചെയ്കയില്ലെന്നുക
ചൻ * അച്ഛനുംകചനുമൊരന്തരംവരാതെകണ്ടിച്ഛവന്നീടുന്നാകിലി
ജ്ജന്മമൊടുങ്ങീടാ * നിശ്ചയമല്ലായ്കിൽ ഞാൻമരിപ്പനെന്നുതന്നെ ക
ച്ചേലുംമുലയാളാംദേവയാനിയുംചൊന്നാൾ * ആർജ്ജവവചനമാർജ്ജ
സുരീപുത്രി ചൊന്നതാശ്ചര്യമെന്നുകണ്ടുഭാർഗ്ഗവമുനിതാനും * അപ്പൊ
ഴെയുപദേശിച്ചാൻമൃതസഞ്ജീവനി സല്പുമാനായകചൻതനിക്കുമടിയാ
തെ * ദക്ഷിണപാർശ്വംഭേദിച്ചപ്പൊഴെപുറപ്പെട്ടാൻ ദക്ഷനാംകചൻ
ജീവിപ്പിച്ചിതുശുക്രനെയും * ദക്ഷിണഗുരുവിനുജീവനംനൽകികച
നൊക്കമെന്നതുംപരീക്ഷിച്ചിതന്നതിനാലെ * ദുഷ്ടരാമസുരകൾചെയ്ത
തുംഫലിച്ചീലാ നിഷ്ഠുരകർമ്മികൾക്കതങ്ങടെഫലങ്ങളും * ഗുണമു
ള്ളവരുടെഗുണത്തെക്കെടുപ്പാനായ് ഗുണമില്ലാതെജനംചെയ്തതിൻഫ
ലങ്ങളും * ഗുണങ്ങളായേവരുമേല്ക്കുമേൽഗുണികൾക്കും ഗുണമേക
ടതുചെയ്യുന്നവർക്കേകപ്പെട്ടു * വിദ്യയുംപഠിപ്പിച്ചുകീർത്തിമാനാക
നീയെന്നെത്രയുംതെളിഞ്ഞരുൾചെയ്തിതുശുക്രൻതാനും * ഇങ്ങിനെ
യെന്റെശിഷ്യൻതന്നോടുചെയ്തമൂലംനിങ്ങളു മജ്ഞാനികളായ്പോവി
നസുരരേ! * ഇന്നിനിക്കിതുവന്നകാരണംമറയവരിന്നുതൊട്ടിനിമേ
ലിൽചെയ്യായ്കസുരാപാനം * ചെയ്തീടുന്നവൻബ്രഹ്മഹത്യയുള്ളതുപോ
ലെ ജാതിഭ്രഷ്ടനുമായിപ്പാപിയായ്മരിക്കുന്നാൻ * ശുക്രശാപത്താലി
ന്നുംമദ്യപാനത്തെച്ചെയ്കി ലുൽകൃഷ്ടന്മാരായ്പോവിദ്യാവൃത്തന്മാരാ
കും * വിപ്രന്മാർപഞ്ചമഹാപാതകംപ്രാപിക്കുന്നു ശുക്രശാപത്തിൻബ
ലംപോകയില്ലൊരുനാളും * ആയിരത്താണ്ടുകചനിങ്ങിനെവാസംചെയ്തി
ട്ടാചാര്യനിയോഗത്താൽപോവാനായ്പുറപ്പെട്ടാൻ * ആയതമിഴി
യാളാംദേവയാനിയുമപ്പൊ ളാതുരയായാൾകചൻതന്നുടെവിയോഗ
ത്താൽ * എന്തെടോതുടങ്ങുന്നതെന്നെനീവെടിയായ്ക സന്തതമായിര
ത്താണ്ടൊരുമിച്ചിരുന്നിട്ടും * കണ്ടിട്ടില്ലെന്നഭാവംകണ്ടിതുനിനക്കി
പ്പോൾ ഇണ്ടലുണ്ടതുകൊണ്ടുപാരമെന്നുടെയുള്ളിൽ * ഇന്നിനുകഴി
ഞ്ഞീടുംനിന്നുടെവ്രതമെന്ന തെന്നുള്ളിൽനിരൂപിച്ചുപാർത്തുഞാനിതു

നാളും * ഇന്നിപ്പോൾനീയോപോവാനായല്ലോപുറപ്പെട്ടു എന്നോ
ടുയാത്രപോലുംചൊല്ലുവാൻഭാവിച്ചീല * നിന്നോടുപിരിഞ്ഞുഞാ
നെങ്ങനെപൊറുക്കുന്നു എന്നെനീപരിഗ്രഹിച്ചീടണംമടിയാതെ * അഭി
ജാത്യവുംവയോരൂപലാവണ്യവിദ്യാശോഭയുംനിരൂപിക്കനമ്മിലെരാ
ഗങ്ങളും * ഇത്തരംകേട്ടുകചനത്തരമുരചെയ്താ നുത്തമകുലസ്ത്രീയാം
ദേവയാനിയോടപ്പോൾ * നിർമ്മലഗുണാകരേ!നീതിസമ്മതവരേ!സൻ
മുഗ്ദ്ധകളേബരേ!സാരസ്യപാരാവാരേ! * കന്യകാജനവരേ!കാമുകമനോ
ഹരേ!ധന്യസൌജന്യാധാരേ!കോരകസ്തനഭരേ! * ബന്ധുരതപോ
ധരേ! ബന്ധൂപസമാധരേ! മന്ഥരവിലോചനേ! ശീതാംശുബിംബാ
നനേ! * ഹന്തനീചിന്തിച്ചതിനന്തരംപെരികെയുണ്ടെന്നതെന്തര
ചെയ്യാംപന്തൊക്കുംമുലയാളേ! * നിന്നെഞാൻ പരിഗ്രഹിച്ചീടുക
യെന്നുള്ളതുംനന്നല്ലഗുരുപുത്രിയല്ലോനീമനോഹരേ! * ഏതുമേദോഷ
മില്ലചെയ്താലുമെന്നാളവളേതുമേപറയേണ്ടാചെയ്കയില്ലെന്നുകചൻ*
നിന്നെപ്പണ്ടസുരകൾരണ്ടുമൂന്നുടെകൊന്നാർ അന്നുഞാനല്ലോനിന്നെ
ജീവിപ്പിച്ചതുമെടോ! * അങ്ങിനെയുള്ളോരെന്നെനിർമ്മൂലംവെടികിൽ
ഞാ നെങ്ങിനെപൊറുക്കുന്നുദുഷ്ടതകാട്ടീടൊല്ലാ * ദുഷ്ടതയല്ലചൊൽ
വനൊട്ടുമേകേട്ടാലുംനീ മട്ടോലുംമൊഴിയാളേ! ധർമ്മത്തെനിരൂപിക്ക
* എന്നെനീയുണ്ടാക്കുവാൻ കാരണമെങ്കിലിപ്പോ ളുന്നടെമാതാവെ
ന്നുവന്നീടുമതുകൊണ്ടും * പിന്നെഞാൻനിന്റെതാതൻതന്നുടെജഠര
ത്തിൽ നിന്നല്ലോപിറന്നതുമെന്നതുംനിരൂപിച്ചാൽ * എന്നുടെഭഗിനി
യായ്വന്നീടും മനോരമ്യേ! ഒന്നുകൊണ്ടുമേയരുതിന്നുനീപറഞ്ഞതു * ന
ന്നായിട്ടനുഗ്രഹിച്ചീടുകെന്നതേവേണ്ടു നിന്നെക്കാണ്മതിന്നുഞാൻവൈ
കാതെവന്നീടുവൻ * നാമിരുവരുംകൂടിക്രീഡിച്ചുവസിച്ചതോ നാമിരുവരു
മുള്ളകാലത്തുംമറക്കുമോ? * വേദവുമടക്കിനീയാത്രയുമയയ്ക്കണം മോദേ
നപിതാവിനെശ്ശുശ്രൂഷിച്ചിരിക്കെടോ! * എന്നിതുബൃഹസ്പതിനന്ദ
നൻപറഞ്ഞപ്പോൾ കണ്ണുനീർതൂകിനിന്നുദേവയാനിയുംചൊന്നാൾ *
ഏറിയോരനുരാഗത്തോടുവന്നപേക്ഷിച്ച നാരിതന്നഭിമതംനൽകാ
ത്തപുരുഷന്മാർ * ഘോരമാംനരകത്തിൽവീഴുമെന്നുകേൾപ്പു സാ
രനാകിയനിന്നോടെന്തിനുപറയുന്നു * പാരാതെവെടിഞ്ഞുനീദൂരവേ
പോയീടുകിൽ പാരിതിലിരുന്നതുപോരുമെന്നതേവേണ്ടു * പാരമാ
യുള്ളോരനുരാഗവാത്സല്യാദികൾ പാരമാത്ഥ്യവുമറിഞ്ഞല്ലോ നീയിരി
ക്കുന്നു * അരവാർമുലപുണർന്നീടുവാൻ നിനക്കകതാരിലില്ലഭിരുചി
യെന്നുവന്നീടുന്നാകിൽ * അത്യുഗ്രതാപമെല്ലാമാരോടുപറവൂഞാൻ
ചേരുവൻപരലോകത്തില്ലസംശയമേതും * ചാരുതകലർന്നനീധീരത
കളഞ്ഞാലും ചാരെവന്നാലുമതിദൂരനില്ലായ്കസഖേ! * ചേരാതൊ
രവസ്ഥഞാൻചൊല്ലുകയില്ലയല്ലാ ചേരായ്വാനവകാശമെന്തെതുനിന
ക്കിപ്പോൾ * സാരസംവിദിയുന്നനേരത്തെപ്പാതപാത്തു പാരാതെ
മധുപാനംചെയ്തീടുംമധുപന്മാർ * വൈരസ്യംകലർന്നേവംപാരുഷ്യ
വാക്കുകേട്ടു സാരസ്യംപാരമുള്ളഗീഷ്പതിസുതൻചൊന്നാൻ * ആലസ്യ

മുണ്ടാകേണ്ടാവൈദഗ്ദ്ധ്യംകലർന്നനീ കാലുഷ്യംകളയണംകാവ്യനന്ദനേ ബാലേ! * കാമിച്ചീടരുതേറെനാരിമാർപുരുഷരെ പ്രേമത്താലല്ലോ നാശമെല്ലാക്കുംവന്നുകൂടി * ധർമ്മാർത്ഥകാമമോക്ഷംനാലിലുംവിരോധങ്ങൾ തമ്മിൽവരാതെകണ്ടുസാധിച്ചുകൊൾകെയാവൂ * ധർമ്മത്തെയുപേക്ഷിച്ചൊരർത്ഥകാമങ്ങൾവേണ്ടാ ധർമ്മത്തെക്കൊതിച്ചർത്ഥകാമവും കളയേണ്ടാ * ധർമ്മകാമങ്ങൾവെടിഞ്ഞർത്ഥവുമുണ്ടാക്കേണ്ട ധർമ്മാർത്ഥങ്ങളെവെടിഞ്ഞുള്ളകാമവുംവേണ്ടാ * തങ്ങളിൽവിരുദ്ധമായിരിക്കുമിവമൂന്നും മംഗലശീലേ!നിന്നോടെന്തിനുപറയുന്നു * ധർമ്മത്തെസ്സാധിക്കുമ്പോൾ അർത്ഥകാമങ്ങളുംപോം ധർമ്മകാമങ്ങളുംപോമർത്ഥത്തെസ്സാധിക്കുമ്പോൾ * കാമത്തെസ്സാധിക്കുമ്പോളർത്ഥധർമ്മങ്ങളുംപോം കാമിനിയായനീയുമിതിനുപുറപ്പെട്ടാൽ * ഈശ്വരനെയുംഗുരുവാക്കുംനിന്നച്ഛനെയും ശാശ്വതമായധർമ്മംതന്നെയുംപേടിക്കണം * ഞാനിത്തുചെയ്കയില്ലപോയാലുമകത്തിപ്പോൾ ജ്ഞാനമോനിന്നോളമിന്നാക്കമേയില്ലയല്ലോ * പണ്ഡിതനായകചൻ ഖണ്ഡിച്ചുപറഞ്ഞപ്പോൾ കണ്ഠത്തിലാജ്യം വീണകണക്കേദേവയാനി * കുണ്ഡലമണ്ഡിതമാം ഗണ്ഡമണ്ഡലലസൽതുണ്ഡവും പ്രചണ്ഡമാമുന്നതസ്തനങ്ങളും * കണ്ണുനീർകൊണ്ടുനനച്ചംഗവുംവിയർത്തവൾ കണ്ണുകൾചുവപ്പിച്ചുദേഹവുംവിറപ്പിച്ചു * ചണ്ഡദീധിതിയുടെമണ്ഡലംപൊങ്ങുംപോലെ ചണ്ഡികമഹിഷനെക്കണ്ടനേരംപോലെ * തന്നുടെമനോരഥംവരാഞ്ഞുകോപംപൂണ്ടു നിന്നുടെവിദ്യയെല്ലാംനിഷ്ഫലമാകയെന്നാൾ * മന്മഥാതുരയായനിന്നുടെശാപമുണ്ടോ ധർമ്മതല്പരനായോരെനിക്കിങ്ങേറ്റിട്ടുന്നു * എന്നെനീശപിച്ചതുകേട്ടുഞാൻപോകയില്ല നിന്നെയുമിന്നുശപിച്ചീടുവനെന്നുകചൻ * നിന്നുടെമനോരഥമിന്നതൊട്ടൊരുനാളും വന്നുകൂടായ്കയത്രമെങ്ങിനെയെന്നുകേൾനീ * ആരണരായുള്ളോരും മാമുനിമാരുംനിന്നെ യാരുമേകൈക്കൊള്ളായ്കയെന്നുരചെയ്തുകചൻ * വിണ്ണവർപുരംപുക്കുവിദ്യയുംപഠിപ്പിച്ചാൻ വന്നിതാനന്ദംതന്റെ താതനുംദേവകൾക്കും *

ശർമ്മിഷ്ഠയുടെ ദാസ്യം

വിണ്ണവരതുകാലംപോരിനുകോപ്പിട്ടൊക്കെ ചെന്നിതുവൃഷപർവ്വാതന്നുടെരാജ്യത്തിങ്കൽ * കോട്ടതന്നുടെപുറത്തുള്ളവലിയൊരു കാട്ടിൽച്ചെന്നിരുന്നപ്പോൾ കാണായിതെല്ലാവർക്കും * കണ്ടാലെത്രയുംനല്ലകന്യകാജനമൊക്കെത്തണ്ടലർപൊയ്കതന്നിൽ കുളിച്ചീടുന്നതെല്ലാം * കണ്ടിവാർകുഴലികളസ്സുരസ്ത്രീകളെക്കാൾ കണ്ടാൽനല്ലവരിങ്ങുമുണ്ടോമറ്റെന്നുതോന്നി * വസ്ത്രങ്ങളഴിച്ചതിന്റരികത്തുവച്ചുംകളഞ്ഞത്യന്തംമതിമറന്നങ്ങനെകുളിക്കുമ്പോൾ * ചൂതസായകമേറുവാസവനതു കണ്ടു ചൂതവാർമുലമാരിൽകൌതുകമുണ്ടായ്വന്നു *. കാണണമിവരുടെമന്മഥഗൃഹമെല്ലാം നാണിച്ചുപോകുമല്ലോനാമങ്ങുചെല്ലുന്നേരം * വായുവായ്ചമഞ്ഞവൻപൊയ്കതൻകരേചെന്നു മായയാപുടവകൾവാരിയങ്ങോടിങ്ങോട്ടു * ധൂളിപ്പിച്ചതുകണ്ടുവേഗത്തിൽകന്യകമാരോളത്തോ

ടൊരുമിച്ചുവേഗത്തിൽക്കരേറിനാർ * ആരുമില്ലട്ടത്തെന്നുകല്പിച്ചുത
ന്നെയവർ ദൂരെപ്പോയൊരുവസ്ത്രമോടിച്ചെന്നെടുത്തപ്പോൾ * ക
ണ്ണിവാർകുഴലാരെക്കണ്ടുകൌതുകംപൂണ്ടൊ രണ്ടർന്നായകൻ താനുമി
ങ്ങൽപൂണ്ടിതുതുലോം * പുണ്ഡരീകേക്ഷുപരവശമാനസനായാഖ
ണ്ഡലൻതാനുംപരിഖണ്ഡിതധൈര്യത്തോടും * ഇന്നല്ലയുദ്ധത്തി
നുപോകന്നാമെന്നു പറഞ്ഞിന്ദ്രാദിദേവഗണമാത്മമന്ദിരംപുക്കാർ *
ധൂളിയെപ്പിന്നെയെങ്ങുംകാണാഞ്ഞനേരമവർ കുളികൾകാളിയുമായപ്പോ
കയെന്നോർത്തുഭീത്യാ * തങ്ങൾതങ്ങൾക്കുള്ളോരുവസ്ത്രങ്ങളെടുത്തും
കൊണ്ടു ഞൊടിനേരാട്ട നോക്കിയുടുത്തീടുന്നനേരം * സുന്ദരിദേ
വയാനിതന്നുടെപുടവയു മന്നേരമറിയാതെ സംഭ്രമംകൊണ്ടുബലാൽ
* ചെന്നെടുത്തുടുത്തിതുശർമ്മിഷ്ഠയതുകണ്ടുനിന്നൊരു ദേവയാനി
ചൊല്ലിനാളതുനേരം * എന്നുടെവസ്ത്രമല്ലോനീയുടുത്തതുമെടോ
നിന്നുടെവസ്ത്രമിതാമറേറതുതന്നീടണം * എന്നതുകേട്ടിലെന്നഭാവി
ച്ചുശർമ്മിഷ്ഠയും തന്നുടെസഖികളുമായ് നടന്നീടുന്നേരം * പിന്നാ
ലെദേവയാനിചൊന്നാളിതരുതല്ലോ തന്നീടുകെന്റെവസ്ത്രംമററതു
താമല്ലോ * ഞങ്ങൾക്കുനിങ്ങളുടെപുടവയുടുക്കരുതിങ്ങു തന്നീടവേ
ണമെന്നതുകേട്ടനേരം * ശർമ്മിഷ്ഠകോപത്തോടേചൊല്ലിനാളട
ങ്ങുനീ നിന്മഹിമകളെല്ലാംഞാനറിഞ്ഞിരിക്കുന്നു * എന്നുടെതാ
തൻതന്റെകാരുണ്യമുണ്ടാകയാ ലിന്നേററംതെളിയുന്നനീയെന്നതറി
ഞ്ഞാലും * നേരിയപുടവയുംകുറിയുംകോപ്പുമെല്ലാ മേറെനീതില്ല
യ്ക്കിലേപോകണംമറയത്തു * വേണമെന്നാകിലതുമുടുത്തുപോന്നീ
ടുനീ ഞാനിപ്പോളിതുവിഴുത്തീടുകയില്ലയെന്നും * ഇത്തരമധിക്ഷേ
പിച്ചെത്രയുംഭത്സിക്കയാ ലുൾത്തളിരിരുവക്കുംചീറിയോരനന്തരം *
ദുഷ്ടതപെരിയശർമ്മിഷ്ഠയുംസഖിമാരും പെട്ടെന്നങ്ങൊരുപൊട്ടക്കിണ
ററിൽതള്ളിയിട്ടാർ * പുത്രിയെക്കാണാഞ്ഞതിദുഃഖംപൂണ്ടൊരുശുക്ര
നഞ്ഞൽപൂണ്ടുചെയ്യധാത്രിയോടതുനേരം * കണ്ടീലകുളിപ്പാനായപ്പോ
യൊരുമകളെഞാൻ കണ്ടകാവുകൾതോറുംനീചെന്നുതിരയണം * അ
ന്നേരമവൾനീളെത്തിരഞ്ഞുതുടങ്ങിനാ ളന്നല്ലോയയാതിയുംചെന്നിതു
നായാട്ടിനായ് * ഭൂപതിദാഹംകൊണ്ടുപാനീയംതിരയുമ്പോൾ കൂ
പംനിർജ്ജലംചാരത്താമ്മാറുകണ്ടാനതിൽ * കാണായിമിന്നൽപോലെ
കന്യകാരത്നംതന്നെ ക്ഷോണീപാലകൻതാനുമെടുത്തുകരേറിനാൻ *
കോപവുമസൂയയുംപ്രീതിയുംവിനയവും ഭൂപതിതന്നിലനുരാഗവുംവിറ
യലും പ്രേമവുംമന്ദാക്ഷവുംബാഷ്പവുംപ്രലാപവും കാമതാപവുംകമ
നീയവേഷവുമുള്ളിൽ * പേടിയുമഭിമാനഹാനിയുംദുഃഖങ്ങളും കൂടി
നിന്നീടുന്നൊരുകന്യകതന്നെക്കണ്ടു * കൂടലർകുലകാലനായമന്നവൻ
ചൊന്നാൻ പാടലാധരീകുലമൌലിമാലികേ! ബാലേ! * നിർമ്മലേ!
നിരുപമശീലേ! ചൊല്ലെന്നോടിപ്പോൾ നിന്മനോദുഃഖത്തിന്റെമൂല
വുംപിന്നെനിന്റെ * ഗോത്രവുംപേരുംനിന്റെതാതനാരെന്നും പര
മാർത്ഥംചൊല്ലമ്മയാരാകുന്നതെന്നതുമെല്ലാം * കൂപത്തിൽവീണപോ

വാനെന്തവകാശമെന്നും ഭൂപതിചോദിച്ചപ്പോൾകന്യകതാനുംചൊ
ന്നാൾ * അസുരാചാൎയ്യനായശുക്രന്റെമകൾഞാനോ മധുരാകൃതേ!
ദേവയാനിയെന്നല്ലോനാമം * കൂപത്തിൽവീഴ്വാനുള്ളകാരണമതും
ചൊന്നാൾ താപസകുലവരബാലികയതുനേരം * പുഞ്ചിരികലൎന്ന
വൾകുമ്പിട്ടുനിന്നുചൊന്നാ ളെൻചെവികളുമിപ്പോളൊന്നിനുണ്ടുഴറുന്നു
* കൂപത്തിൽപതിതയായ്താപത്തിൽമുഴുകുമെ നാപത്തുകെടുത്തൊരുമാ
നുഷനായഭവാൻ * ആരെന്നതറികയിലാഗ്രഹമുണ്ടുപാരം നേരെ
ചൊല്ലുകവേണമെന്നതുകേട്ടനൃപൻ * മന്ദഹാസവുംചെയ്തുകന്യകാര
ത്നമായ സുന്ദരിതന്നോടനുനന്ദിച്ചുചൊല്ലീടിനാൻ * അഹിതകുല
കാലനാകിയനരവീരൻ നഹുഷൻതന്റെമകനാകിയയയാതിഞാൻ *
അതുകേട്ടൊരുദീൎഘശ്വാസവുംപൂണ്ടുചൊന്നാൾ മതിനേർമുഖിയായ
ദേവയാനിയുമപ്പോൾ * കുററമല്ലതുമെന്റെകൈപിടിച്ചതിനിനി
മറെറാരുപുരുഷനെക്കൊള്ളരുതെന്നേയുള്ളു * വിധിച്ചവണ്ണംതന്നെ
വേട്ടുകൊള്ളുകവേണ്ടു വിധിച്ചതൊഴിഞ്ഞുണ്ടോവരുന്നുനിരൂപിച്ചാൽ
* എന്നതുകേട്ടനൃപൻകന്യകയോടുചൊന്നാൻ മന്നവൎക്കുചിതമല്ലിന്നു
നീചൊന്നതെടോ! * മാനവാദ്യഷ്ടാദശസ്മൃതികളെല്ലാററിലു മാനു
ലോമ്യമേവിധിയുള്ളിതുവേദത്തിലും * പ്രാതിലോമ്യത്തിനേറെപ്പാപ
മുണ്ടെന്നുനൂനം പാതിവ്രത്യത്തിൻനിഷ്ഠപാരമുണ്ടെന്നാകിലും * അ
ന്യോന്യമനുരാഗംകൊണ്ടതുചെയ്തീടിലും നിന്നുടെജനകനെപ്പേടിക്ക
വേണമല്ലോ * പാവകായുധകാകോളാദികളെല്ലാററിലു മാരവാളം
പേടിക്കണംവിപ്രരെമനോഹരേ! * ഇച്ചൊന്നവസ്തുക്കളാലൊരുത്തൻ
മുടിഞ്ഞീടും നിശ്ചയംമറയവർവംശമേമുടിച്ചീടും * നീയിനിയകത്തൊ
ട്ടുപോയാലുംമുനികുല നായകനായശുക്രൻതാനിങ്ങുവരുംമുമ്പേ * എ
ന്നെല്ലാമുരചെയ്തുമന്നവൻതാനുംപോയാൻ കന്യകദുഃഖിച്ചൊരുവൃക്ഷ
ത്തിൻകീഴ്നിന്നാൾ * മുന്നമേനീളെനടന്നന്വേഷിച്ചവളുംപോന്നു
ന്നേരംദേവയാനിതന്നെയുംകണ്ടാളല്ലോ * എന്തുണ്ണീ!മകളേനീയിങ്ങ
നെനില്ക്കുന്നതു അന്തിയുമായിതാതൻകാണാഞ്ഞുഖേദിക്കുന്നു * പോ
രെനിയെന്നുകേട്ടദേവയാനിയുംചൊന്നാൾ പോരികയില്ലദനുജാധി
പൻപുരത്തിൽഞാൻ * ശൎമ്മിഷ്ഠചെയ്തൊരുദുഷ്കൎമ്മവുമറിയിച്ചാൾ ധ
ൎമ്മിഷ്ഠയായൊരൂൎജ്ജസ്വതിതന്നുടെമകൾ * അക്കഥയൊക്കെച്ചെന്നുശു
ക്രനോടവൾചൊന്നാൾ ദുഃഖിച്ചുശുക്രൻതാനുമപ്പോഴേപോന്നുവന്നാൻ
* എന്തയ്യോനിനക്കുനിൎബന്ധമുണ്ടായതൊരു ബന്ധമെന്തിവററി
നവസ്ഥകളേബാലേ! * ബന്ധുക്കളോടുവൈരംചിന്തിച്ചീടരുതല്ലോ
സന്തതംവണക്കംനന്നസ്വതന്ത്രംകളഞ്ഞാലും. * പൈതേനിൻമൊഴി
യാളേ!പോരികവൈകിക്കേണ്ടാ പരന്തലുംമുലയാളുമുത്തരമുരചെയ്താൾ
* എന്തിനുതാതനെന്നോടിത്തരംപറയുന്നു? ബന്ധുശത്രൂദാസീനഭേ
ദമൊട്ടറിവൻഞാൻ * മഹിമയില്ലകുലമാകാവൃത്തിയുംപോരാ സഹി
യാശീലവുമെന്നുള്ളിലുള്ളവരുടെ * ഗൃഹത്തിലിരിക്കയിൽമരിക്കതന്നെ
നല്ലു സഹിച്ചീടുമോനിന്ദാവചനാദികളെല്ലാം * പാപികളോടുചേൎന്നു

വസിക്കുന്നവർകൾക്കും പാപമേയുണ്ടായ്വരൂകേവലമറിഞ്ഞാലും * ശു
ക്രനും ദേവയാനിയാകിയപുത്രിതാനും സൂക്തികൾപറഞ്ഞതുവിസ്തരിച്ചു
രചെയ്തി * ലെത്രയുംപെരുപ്പമുണ്ടക്കഥയിരിക്കട്ടെയുക്തികൾമുട്ടിശുക്രൻ
തനിക്കുനീതികൊണ്ടു * എന്മകളോടുകൂടെഞാനെന്നുകല്പിച്ചുട നമ്മു
നിവൃഷപർവ്വാതന്നോടുയാത്രചൊൽവാൻ * ചെന്നപ്പോളവസ്ഥകളസു
രാധിപനറിഞ്ഞെന്നാൽ വേണ്ടുന്നതെന്തെന്നപ്പൊഴേകാൽക്കൽവീണു *
എന്നുടെമകൾകൂടാതിവിടെയിരിക്കയില്ലിന്നവൾവരുന്നാകിൽ മറ്റൊ
ന്നുംവേണ്ടതില്ല * അന്നേരമസുരേന്ദ്രൻതാൻതന്നെ ദേവയാനിതന്നുടെ
കാല്ക്കൽവീണാൻകാത്തുകൊൾകെന്നുതന്നെ * എങ്കിലൊനിന്റെമക
ളാകിയശർമ്മിഷ്ഠയും മംഗലാംഗികളാകുമായിരംദാസികളും * ഇന്നു
തൊട്ടിനിമേലിലെന്നുടെദാസികളാ യെന്നോടുകൂടെത്തന്നെഞാൻ ചൊ
ല്ലുന്നതുംകേട്ടു * വാഴുകിൽഞാനോകൂടിപ്പോരാമെന്നറിഞ്ഞാലുംദോഷ
ങ്ങളറിയാതെചെയ്തുവസഹിച്ചീടാം * അപ്പൊഴേവൃഷപർവ്വാവയച്ചാ
ന്മകളെയു മപ്പുരികുഴലാളുമപ്പൊഴേപോന്നുവന്നാൾ * ദാസികളായി
രവുംഞാനും നീചൊല്ലുംവണ്ണം ദാസികളെന്നുകാല്ക്കൽവീണിതുശർമ്മി
ഷ്ഠയും * ബ്രഹ്മചര്യത്തോടിരുന്നീടുകായിരത്താണ്ടു നിർമ്മര്യാദം ചെയ്ത
തിൻപ്രായശ്ചിത്താർത്ഥമെന്നാൾ * ശുക്രനുംപുത്രിതാനുംദൈത്യരാജനും
പുനരുൾക്കാമ്പുതെളിഞ്ഞകംപുക്കിതുരാജ്യംതന്നിൽ *

ദേവയാനീപരിണയം.

അങ്ങിനെചിലകാലംകഴിഞ്ഞോരനന്തരം മംഗനാശിരോമണി
യാകിയദേവയാനി * ശർമ്മിഷ്ഠയോടുംദാസീസഹസ്രത്തോടുംകൂടി
നർമ്മാർത്ഥംയഥാകാമംപോയിതാരാമംതോറും * മാധവമായമധുപാ
നവുംചെയ്താനന്ദിച്ചാദരവോടുമാടിപ്പാടിവാണീടുന്നേരം * ദാഹമുൾ
ക്കൊണ്ടു മൃഗയാപരിശ്രമത്തോടുംനാഹുഷനായനൃപൻകാനനംപുക്കാ
നും * കണ്ടിതുകളിക്കുന്നകന്യകാജനത്തെയുമുണ്ടതിൻപ്രധാനിയാ
യൊരുത്തിയവളുടെ * പാദവുംതലോടിക്കൊണ്ടാഭരണാദിമണിദീധി
തിയോടുകൂടിക്കാണായിതൊരുത്തിയെ * ചോദിച്ചാൻനൃപവരൻനി
ങ്ങളാരിരുവരും? മോദത്തോടുരചെയ്തു ദേവയാനിയുമപ്പോൾ * ശുക്ര
മാമുനിയുടെപുത്രിഞാൻദേവയാനി ചൊൽക്കൊണ്ടദനുജേന്ദ്രൻവൃഷ
പർവ്വാവിൻമകൾ * ശർമ്മിഷ്ഠയായതിവളെന്നുടെദാസിയല്ലോനിർമ്മ
ലാംഗികൾമറ്റുള്ളവരുംദാസീവർഗ്ഗം * മുറ്റുമെന്നോടുകൂടെപ്പോരുമി
ന്നിവരെല്ലാം മറ്റാരുമുടയവരില്ലെന്നുധരിച്ചാലും * അതുകേട്ടവനീ
ശനവളോടുരചെയ്താനതുലഗുണമുള്ളോരിവളെങ്ങിനെനിന്റെ * ദാ
സിയായ്ചമഞ്ഞവാറെങ്ങിനെ? പറകെടോ!ഹാസമോടതുകേട്ടുദേ
വയാനിയുംചൊന്നാൾ * ഈശ്വരമതമെല്ലാമാർക്കുമോപാലറിയാവിതാ
ശ്ചര്യംതോന്നീടുവാനെന്തിതിലിതുകാലം * കേൾക്കണമല്ലോഭവാ
നാരെന്നതിനിക്കിപ്പോൾ ഭോഷ്കല്ലരാജശ്രേഷ്ഠനെന്നുതോന്നീടുംക
ണ്ടാൽ * എങ്കിലങ്ങിനെതന്നെഭൂപതിയയാതിഞാൻ പങ്കജവിലോച
നെനാഹുഷാത്മജനല്ലോ * എങ്കിൽനീയെന്നെവേട്ടുകൊള്ളുകമടിയാ

തെ സങ്കടമെല്ലാംതീരും സംശയമുണ്ടാകേണ്ടാ * മന്നവനതുകേട്ടപി
ന്നെയുമുരചെയ്യു കന്യകാതിലകമേ! ധന്യേകേൾമനോരമേ! * സിദ്ധമ
ല്ലയോനിനക്കേതുമേശുക്രൻതൻെറ പുത്രിയെന്നിനിക്കേതുംതോന്നീതി
ല്ലിപ്പോളെടോ! * പതിതാപരഭാര്യാഭഗിനീസഗോത്രയുംവിധവാകു
ലംതന്നിലേറിയനാരിതാനും * സർവസംഗങ്ങളിലുംനിവൃത്തിവന്ന
വളും സർവലോകങ്ങളാലുംനിന്ദ്യയായുള്ളവളും * തന്നുടെമകൾമേ
ട്ടതനിയുംസ്വതന്ത്രയു മൊന്നുംകൊണ്ടീടുമാറില്ലെന്നല്ലാവിധിയി
പ്പോൾ * നിന്നെഞാൻകൈക്കൊള്ളുവാനെങ്ങിനെപറഞ്ഞുനീ യു
ന്നതാന്വയത്തിങ്കലുള്ളകന്യകയല്ലോ * ശർമ്മിഷ്ഠതന്നെക്കണ്ടുമന്മഥശ
രമേററുതന്മനമഴിഞ്ഞൊരുമന്നവൻചൊന്നനേരം * മന്നവൻതന്നെ
ക്കണ്ടുമന്മഥവിവശയാം കന്യകദേവയാനിപിന്നെയുമുരചെയ്താൾ *
ബ്രഹ്മക്ഷത്രങ്ങൾതമ്മിലേതുമേഭേദമില്ല സമ്മതമിനിക്കമൊട്ടറികല്ലോ
കമെടോ! * കല്യാണമോടുമെന്നെകൈക്കൊൾകിൽനിനക്കിപ്പോൾ
നല്ലതുവന്നുകൂടുമില്ലസംശയമേതും * എങ്കിൽനിന്നച്ഛൻതന്നെതന്നാ
ലാമെന്നുനൃപൻ പങ്കജമുഖിയോടുചൊന്നപ്പോളവൾചൊന്നാൾ * സ
ങ്കടംവേണ്ടാഭവോനാമല്ലാപുനരതും ശങ്കയുമുണ്ടാംസൂക്ഷ്മധർമ്മത്തെയ
റിയാഞ്ഞാൽ * കാവ്യനാംപിതാവിനെയപ്പോഴേവരുത്തിനാൾസൌവ്യ
നാംമുനിതന്നെക്കണ്ടിട്ടുനൃപതിയും * നിശ്ശേഷവിശേഷങ്ങളച്ഛനോട
റിയിച്ചാൾതച്ചരിതങ്ങൾകേട്ടുഭാർഗ്ഗവന്താനുംചൊന്നാൻ * കന്യകാജന
മുള്ളിൽതങ്ങളെക്കാമിച്ചീടിലന്യോന്യം ബ്രഹ്മക്ഷത്രംതങ്ങളിൽകൊള്ളാ
മല്ലോ * തന്നുടെമകൾതന്നിൽവാത്സല്യമുണ്ടാകയാലെന്നൊരുവിധിയ
വനന്നേരമുണ്ടാക്കിനാൻ * ശീഘ്രതിസുതനുടെശാപവുംനൃപനിലെതാ
ല്ലരിയവുമവൾക്കണ്ടായനേരംമുനി * പുത്രിയെയയാതിക്കുകൊടുത്തുവി
ശേഷിച്ചുംപൃത്ഥ്വീനായകനോടുപിന്നെയുമൊന്നുചൊന്നാൻ * അപധ
ർമ്മങ്ങൾക്കേതുംദോഷമുണ്ടാകയില്ല ശാപത്തെത്തടുക്കയുമരുതുമററൊ
ന്നിനാൽ * ശർമ്മിഷ്ഠയാകുമസുരാധിപപുത്രിയോടുനമ്മങ്ങൾപോലുംപെ
റഞ്ഞീടരുതൊരുനാളും * എന്നുടെമകൾചൊല്ലുംവണ്ണം നീയവളെയും
നന്നായിരക്ഷിച്ചീടുകെന്നതേപറയേണ്ടു * അയതമിഴിയാളാംദേവയാ
നിയുംപുനരായിരംദാസികളും ശർമ്മിഷ്ഠതാനുംകൂടി * പോയിതുയയാതി
യാംഭൂപതിരാജ്യംതന്നിൽ പോയിതുപരിതാപംദേവയാനിക്കുമപ്പോൾ
* ഉമ്മരപ്പൂങ്കാവിലൊരാലയമതുംചെയ്തു ശർമ്മിഷ്ഠതന്നെയതിൽനന്നാ
യിവച്ചുനൃപൻ * മുന്നമേകണ്ടനാളിലുണ്ടായോരനുരാഗം മന്നവനക
താരിൽവാച്ചിതുദിനംപ്രതി * എന്നാലുംദേവയാനിതന്നോടുകൂടിച്ചേ
ർന്ന നന്നായിരമിച്ചിതുഭൂപതിവീരൻതാനും * അക്കാലംയദുവെന്നുംതു
ർവ്വസുവെന്നുംരണ്ടു മക്കളുമുണ്ടായ്വന്നുമുഖ്യന്മാരവർകളും *

യയാതിയുടെ ശർമ്മിഷ്ഠാപ്രാപ്തി.

ഇങ്ങിനെചെന്നുകാലമായിരംസംവത്സര മംഗജതാപവുംപൂണ്ടി
രുന്നുശർമ്മിഷ്ഠയും * ഒന്നിച്ചുവളർന്നോരുതന്നുടെസഖിനന്നായ് മന്നവ
നോടുകൂടിക്രീഡിക്കുന്നതുംകണ്ടു * താനൊരുപുരുഷനെക്കാണാതെഗ്ഗ

ഹതന്നിൽ മാനസതാപംപൂണ്ടുമാരമാൽപിടിപെട്ടു * നാൾതോറു
മിരിക്കുന്നാളക്കാലമവളുടൽ ചേതോമോഹനമെന്നെചൊല്ലാവുകാ
ണുന്നോറും * അന്നവളൃതുധൎമ്മംപ്രാപിച്ചുകുളിച്ചുവ ന്നുന്നതസ്തനങ്ങ
ളുംമെല്ലവേനോക്കിനോക്കി * ദന്തശോധനചെയ്തുബന്ധൂകസമാധ
രി പന്തൊക്കുംകൊങ്കത്തടത്തിങ്കൽകുങ്കുമംചാൎത്തി * ഭംഗിയിൽകുറി
യിട്ടുകാകുമതിലകംതൊട്ടുംഗജന്തഴപോലെപൂംകുഴലഴിച്ചിട്ടു * നിൎമ്മ
ലമായുള്ളൊരുവസ്ത്രവുമുടുത്തും കൊണ്ടംബുജമിഴികളിലഞ്ജനമതുംചേ
ൎത്തു * കുണ്ഡലഷണ്ഡംമിന്നുംഗണ്ഡമണ്ഡലത്തിങ്കൽ കുണ്ഡലിഫണം
പോലെപത്തിക്കീററതുംചേൎത്തു * സുവൎണ്ണഭൂഷണങ്ങളുമൊക്കവേയ
ണിഞ്ഞൊരു കണ്ണാടിതന്നിൽമുഖപത്മവുംനോക്കിനോക്കി * നല്ലൊ
രുപുരുഷനെചിന്തിച്ചുചിന്തിച്ചുള്ളി ലുല്ലാസംചെന്നോരശോകത്തെ
യുംഛായീനിന്നു * ദുഃഖിക്കുന്നതുനേരംമന്നവൻതാനേതന്നെ മയ്ക്ക
ണ്ണിയുടെമുമ്പിൽചെന്നിതുബലാലപ്പോൾ * എന്നുടെഭൎത്താവാകെന്ന
വളുമപേക്ഷിച്ചാൾ നിന്നിതുവിഷണ്ണനായ്മന്നവൻ താനുമപ്പോൾ *
നിന്നോടുകൂടിരമിക്കുന്നതില്ലെന്നു തന്നെ മുന്നമേദേവയാനിതന്നോടു
ചൊന്നേനല്ലോ * സത്യത്തെലംഘിക്കരുതെന്നതുകൊണ്ടുംപിന്നെ
ഉത്തമനായശുക്രൻതന്നിലെപ്പേടികൊണ്ടും * ഇന്നിതുമടിച്ചുഞാൻ
നിൎണ്ണയംമനോഹരേ നിന്നിലുള്ളനുരാഗംകണ്ടേനേയുള്ളൊന്നല്ലോ *
എന്നതുകേട്ടുചൊന്നാൾശൎമ്മിഷ്ഠയതുനേരം ഒന്നുണ്ടുപറയുന്നുഞാനി
പ്പോളിതുകേൾക്ക * ഓരോരോനൎമ്മങ്ങളുംപറഞ്ഞുവാഴുമ്പൊഴുംനാരി
മാരോടുവേളിപറയുമ്പോഴുംപിന്നെ * തന്നുടെജീവനിപ്പോൾ പോ
മെന്നുതോന്നുമ്പൊഴുംഎന്നതുപോലെ ധനമൊക്കെപ്പോയീടുമ്പോഴും *
എന്നിവനാലിങ്കലുമസത്യംപറഞ്ഞാലു മൊന്നുമേദോഷമില്ലയെന്നുകേ
ളിയുമില്ലേ? * വിസ്തരിച്ചുവൾചൊന്നതെന്തിനുപറയുന്നു സിദ്ധിച്ചാൾ
ഭൂപാലനെയന്നവൾക്കെന്നേവേണ്ടു * ശൎമ്മിഷ്ഠയ്ക്കന്നുതന്നെഗൎഭവുമുണ്ടാ
യ്വന്നു നിൎമ്മലനായിട്ടൊരുപുത്രനുമുണ്ടായ്വന്നു * അന്നുതൊട്ടുടൻപി
ന്നെശൎമ്മിഷ്ഠതന്നിൽ ചിത്തംനന്നായിരമിച്ചിതുഭൂപനുംദിനംപ്രതി *
അന്നൊരുദിനംവന്നുശൎമ്മിഷ്ഠതന്നെക്കാണ്മാൻ മന്നവനുടെപത്നിയാ
കിയദേവയാനി * അപ്പൊഴേകുമാരനെക്കാണായിതേജസ്സോടുമത്ഭുതം
തോഴിചൊൽനീപെററവാറെങ്ങിനെന്നീ * പെററവാറെന്തുപറയാവ
തുമെടോ! പുനരെത്രയുംദിവ്യനായൊരാദിത്യനെന്നപോലെ * വന്നൊ
രുനരനെന്നെമെല്ലവേതഴുകിനാൻ എന്നതേയറിഞ്ഞുഞാനെന്നവൾ
പറഞ്ഞപ്പോൾ * നന്നായിതെങ്കിലെന്നുപോയിതുദേവയാനിപിന്നെ
യുംനൃപനവൾകാണാതെപുണൎന്നീടും * നന്ദനന്മാരുംപാരേമൂന്നുപേ
രുണ്ടായ്വന്നു ചന്ദ്രാൎക്കാനലതേജസ്ത്രിതയമെന്നപോലെ * ദ്രുഹ്യുവുമനു
ദ്രുഹ്യുപൂരുവെന്നതുമല്ലോ മുഖ്യന്മാരാകുമവർമൂവൎക്കുംനാമങ്ങളും * അ
ങ്ങിനെചെല്ലുംകാലംക്ഷോണീന്ദ്രനൊരു ദിനമംഗനാരത്നമായദേവയാ
നിയുംതാനും * ഒന്നിച്ചുമധുപാനംചെയ്തിതുവഴിപോലെതന്നത്താൻ
മറന്നിതു ദേവയാനിയുമപ്പോൾ * മദിരാപാനംചെയ്തുമധരപാനം

ചെയ്യുംമദനൻതെരുതെരെവലിച്ചുക്രൂരമ്പെയ്യും * മനസിമദംകലരുന്നൊ
രനുരാഗംപെയ്യുംകനിവിനോടുഗാഢം വാർകൊങ്കതഴുകിയും * ആന
ന്ദാമൃതവാരിരാശിയിൽമുഴുകിയും . ആനനാദനംഗരസോദാമൃതമൊഴുകി
യും * പീനവക്ഷോജങ്ങളിൽകളഭമിഴുകിയും മാനസത്തിങ്കലേറ്റമാ
നന്ദംപെരുകിയും * ചേതസ്സുകനിഞ്ഞുടൻപുൽകിയുംപലതരം വേധ
സ്സിൻവിനോദങ്ങളെത്രയും ചിത്രം ചിത്രം! * ആടിയുംപാടിയുംകൊ
ണ്ടാടിയുംനയനങ്ങൾവാടിയും കൌതുഹലംതേടിയുംമാരപ്പട * കൂടി
യുംമദനന്റെചാപമാം ചില്ലിവല്ലി കോടിയുമിരുവരുംകൂടിവാണീടും
നേരം * ഭൂപതിവീരനോടുദേവയാനിയും ചൊന്നാൾതാപസബു
ദ്ധ്യാമത്യവ്യാകുലചേതസ്സോടും * അന്തണനായഭവാനെന്തിനുവന്നതി
പ്പോൾബന്ധമെന്തടവിയിൽവരുവാൻപറഞ്ഞാലും * ചെന്താർബാ
ണാർത്തിഭവാനെങ്കൽവധിച്ചാലതിനന്തരം പെരുകയുണ്ടുസാധാത്മാവായു
ള്ളോരവ! * നേരത്തുപൊയ്യോൾകനീട്ടരത്തുമടിയാതെ ചാരത്തി
ങ്ങണയാതെചാരിത്രഭംഗംവന്നാൽ * പേടിക്കവേണമല്ലോഭൂപതി
യയാതിയെമാടൊത്തകുളർമുല പുൽകുവാൻവശമല്ല * ഇത്തരംദേവ
യാനിചൊന്നതുകേട്ടുനൃപൻ ഭേസിച്ചുലിംഗഹീനന്മാരെക്കാവലുംവ
ച്ചാൻ * ശർമ്മിഷ്ഠയോടുംകൂടെനർമ്മവുംചെയ്യുന്നനായ് മന്മഥപരവ
ശനായ്മരുവീടുംകാലം * മദ്യപാനവുംചെയ്തമത്തമാംചിത്തത്തോടുമു
ദ്യാനഭൂവിപോവാനുദ്യോഗം കൈക്കൊണ്ടപ്പോൾ * പോകണംവന
ക്രീഡയ്ക്കെന്നിതുദേവയാനി ഭോഗാർത്ഥംഭൂപാലനുംകൂടവേപുറപ്പെട്ടാൻ
* ചെന്നിതുശർമ്മിഷ്ഠതന്നാ ശ്രമത്തിങ്കലപ്പോൾനന്നായിക്രീഡിക്കുന്ന
പൈതങ്ങൾതമ്മേക്കണ്ടു * അച്ഛനെക്കണ്ടുചിരിച്ചുകുമാരന്മാരെല്ലാ
മച്ചനാദികൾചെയ്തുചാരത്തുവരുന്നേരം * അച്ചിരിപൂണ്ടുനിന്നുഭൂപതി
തിലകനു മച്ചരിതങ്ങൾകണ്ടുചോദിച്ചുദേവയാനി * അച്ഛനെങ്ങോട്ടു
പോയിചൊല്ലുവിൻപൈതങ്ങളേ! പിച്ചകളുണ്ടാക്കുവാൻപോയിതോ
വനങ്ങളിൽ * മെല്ലവേചൂണ്ടിക്കാട്ടിക്കൊടുത്തുപൈതങ്ങളു മപ്പൽചൂ
ണ്ടോരുദേവയാനിയും കോപത്തോടെ * ദൃഷ്ടിയുംചുവപ്പിച്ചുദേഹവും
വിറപ്പിച്ചു പൊട്ടിച്ചുഞെരിഞ്ഞിതുഭൂഷണങ്ങളുമെല്ലാം * കല്പിച്ചുവ
ണ്ണംവരുമിനിക്കുമിനിനിങ്ങൾ കല്പിച്ചവണ്ണംതന്നെവാണാലുമിരുവരും
* പൊട്ടക്കൂപത്തിൽതള്ളിയിട്ടുന്നേയുള്ളു വൈരമൊട്ടുമേപോയീലശ
ർമ്മിഷ്ഠയ്ക്കെന്നോടുഞാനോ * പെട്ടെന്നുമറന്നിതുപൊട്ടിയായതുമൂലം
പൃഷ്ഠഭോഗത്തോടേററംതുഷ്ട്യാവാഴുവിൻനിങ്ങൾ * ഭൂമിയിൽവീണും
കേണുമുരുണ്ടുംനടകൊണ്ടാൾ മാമുനിശുക്രൻതന്നെക്കാണ്മാനായ്‌വേ
ഗത്തോടെ * ഭൂമിപാലനുമതിവ്യാകുലചേതസ്സോടും ഭാമിനീകോപം
കണ്ടുഭാവവൈവർണ്ണ്യംപൂണ്ടു * പേടിച്ചുസരഭസംപിന്നാലെനടകൊ
ണ്ടു മാടൊത്തമുലയാളെയെത്തീലയയാതിക്കും * വേഗത്തിലവൾചെ
ന്നുതാതനോടറിയിച്ചാൾ അകവേകേട്ടനേരംകോപിച്ചുശുക്രൻതാനും
* അന്നേരംനൃപതിയും ചെന്നടിവണങ്ങിനാൻമന്നൃകൈക്കൊണ്ടുശുക്ര
മാമുനിയരുൾചെയ്തു * എന്നുടെമകളെയുംചെട്ടെന്നങ്ങുപേക്ഷിച്ചു മ

നവ!ദാസിതന്നെപ്പൽകിയനിമിത്തംനീ * സത്യപൂരുഷനല്ലമത്ത്യക
ത്സിതനത്രെസത്ബുദ്ധിയുംനിനക്കൊട്ടുമില്ലെന്നവന * ധമ്മത്തെ
യുപെക്ഷിച്ചുദാസിയെയപെക്ഷിച്ചു ദുമ്മതിയായഭവാനിപ്പൊഴെജരാ
നര * വന്നുപൊകസുരസ്ത്രീതന്നോടുകൂടെച്ചെന്നു നന്നായിരമിക്ക
ണംനരച്ചുകരച്ചുനീ * എന്നശാപത്തെക്കെട്ടുമന്നവനുമചൊല്ലാ
നിന്നുഞാനധർമ്മത്തെച്ചെയ്തതില്ലറിഞ്ഞാലും * രമ്യയായിരിപ്പൊ
രുനാരിവന്നപെക്ഷിച്ചാൽ സമ്മതിക്കെന്നവരുംധർമ്മിഷ്ഠന്മാക്കൊരു
നം * ഭ്രൂണഹത്യയുമിവനുണ്ടാകുമല്ലെന്നാകിൽ ഞാനമിന്നിവ
യെല്ലാംഞാൻപറഞ്ഞിടേണമോ * ദേവയാനിയിലുമെൻകൌതുകം
പൊയിലെത്ര മാരെവാളമനുഗ്രഹിച്ചീടുകമടിയാതെ * എങ്കിലോ
പുത്രന്മാരിലാക്കാനുംപകന്നുനീ ഭംഗിയിൽപരിപൂർണ്ണയൌവനംകൈ
ക്കൊണ്ടാലും ´ * എന്നുമാമുനിവരൻചൊന്നതുകേട്ടുനൃപ നിന്നതുന
ല്ലുന്നവനെന്നുടെരാജ്യമെല്ലാം * പിന്നെമററതിനായിക്കോപിയാതിരി
ക്കണംമന്നവ!കോപിക്കയില്ലങ്ങനെതന്നെയെന്നാൻ * ഭാർഗ്ഗവമുനിവ
രൻ ഭൂപതിവരൻതാനും ഭാർഗ്ഗവപുത്രിയോടുംകൂടവെരാജ്യംപുക്കാൻ *

ജരാനരവിനിമയം.

സീമന്താത്മജനായയദുവിനോടുനൃപ നാമന്ത്രിച്ചിതുജരായൌവ
നവിനിമയം * സൂക്ഷ്മധർമ്മത്തെപ്പാർത്തുധാത്രീശനോടുയദു ദാക്ഷ്യമൊ
ടരുതിതെന്നാഖ്യാനംചെയ്തശേഷം *മക്കളെക്രമത്താലെവെവ്വേറെവരു
ത്തീട്ടുകൈക്കൊൾകജരാനരയെന്നവനപെക്ഷിച്ചു * ആരുമെകൈക്കൊ
ള്ളാഞ്ഞിട്ടുഖേദമനായസുതൻ പൂരുവെന്നവനോടു മന്നവൻപറഞ്ഞ
പ്പോൾ * അച്ഛൻചൊന്നതുകേട്ടിട്ടുച്ചിരിവരുന്നാകിൽ നിശ്ചയംപൊറു
ക്കുന്നുതന്നാലുമെന്നാനവൻ * ഏതുമേമടിയാതെവാങ്ങിനാൻജരാനര
താതനുതനിക്കുള്ളയൌവനമതുംനൽകി * ചേതസിതെളിഞ്ഞവൻഭാര്യ
മാരോടുംകൂടി ചൂതസായകമേററുചൂതവാർമുലപുല്കി*ചൂതോടുചതുരം
ഗമെന്നിവകൊണ്ടുംക്രീഡിച്ചാദരവോടുവാണാനായിരത്താണ്ടുപിന്നെ *
പൂരുവാംതനയനുയൌവനമതുംനൽകി പ്പാരാതെരാജ്യത്തിങ്കലഭിഷേക
വുംചെയ്തു * രാജചിഹ്നങ്ങൾനിങ്ങൾക്കില്ലാതെപോകെന്നതുരാജാവുമ
റേറമക്കൾക്കൊക്കവെശാപംനൽകി * യദുവിൻപരമ്പരയാദവന്മാരെ
ന്നായി മധുരാനാമംപൂണ്ടരാജ്യവുമുണ്ടായ്വന്നു * തുർവ്വസുവിന്റെപാരമ്പ
ര്യമായുണ്ടായതു മുഖിയിലന്നുയവനന്മാരെന്നറിഞ്ഞാലും * ദ്രുഹ്യുവിൻ
പരമ്പരാഭോജന്മാരെല്ലോ മനുദ്രുഹ്യുവിൻമക്കളെല്ലാംമ്ലേച്ഛജാതികള
ല്ലോ * പൂരുവിൻപരമ്പരാപൌരവന്മാരായതു വീരനാംയയാതിയും
പോയ്വനവാസംചെയ്താൻ * വാനലോകവുംപുക്കാൻപിന്നെയെന്നറി
ഞ്ഞാലും മാനവവീരൻപൂരുഭൂമിയുംവാണാനല്ലോ * ഉത്തരയായാതത്തി
ലുള്ളൊരുകഥയെല്ലാം വിസ്താരംപാരമുണ്ടുപറവാൻപണിയത്രെ * ഇ
ന്ദ്രനുംയയാതിയുംതങ്ങളിൽപറഞ്ഞതും മന്നവനഷ്ടകനാംമുനിയെക്ക
ണ്ടവാറും * തങ്ങളിൽധർമ്മാധർമ്മമൊക്കവെപറഞ്ഞതു മെങ്ങിനെ

പറയുന്നുകാലമൊരപാരമായല്ലൊ * പൂരുവിങ്കെന്നുതൊട്ടുഭരതൻതങ്കലൊളം നേരെമുന്നമെതന്നെപറഞ്ഞെനല്ലൊഞാനും *

ശാകുന്തളം—ഭരതോല്പത്തി.

എന്നുവൈശമ്പായനനരുൾചെയ്തതുകേട്ടു മന്നവനായജനമെജയൻചോദ്യംചെയ്തു * ഭരതൻതന്റെജന്മമറിവാൻതവന്നു മരുളിച്ചെയ്തീടണമാവോളംചുരുക്കാതെ * കേട്ടുകൊണ്ടാലുമതുമൊട്ടൊട്ടുചൊല്ലാമെങ്കിൽവാട്ടമില്ലാതകെളിയുള്ളദുഷ്ഷന്തനൃപൻ * ഉള്ളതിൽചതുൎഭാഗംവാങ്ങിനാൻരാജഭാഗംചൊല്ലുവാൻ പണിയവൻരക്ഷിച്ചപ്രകാരങ്ങൾ * കീൎത്തിപൂണ്ടിരിക്കുന്നാൾ നായാട്ടിന്നൊരുദിനമാൎത്തുനാലംഗത്തൊട്ടുകൂടവെവനംപുക്കാൻ * വ്യാഘ്രസിംഹാദിമൃഗമാവോളംകൊന്നുകൊന്നു ശീഘ്രമുവീരൻവിളയാടുംനനേരമെററ * മാഗ്രഹിച്ചടവികളാക്രമിച്ചീട്ടുംനേര മാക്കമെത്താതവെഗമേറുന്നരഥത്തൊടും * ഭാസ്കരരശ്മിപോലുംചെല്ലാതവനംപുക്കാൻ നോക്കിയുംമൃഗങ്ങളെക്കണ്ടുകൌതുകംപൂണ്ടും * വെഗമെറിട്ടുംമൃഗജാലങ്ങൾവഴിയെപാരെയകാകിയായവസുധെന്ദ്രനാംദുഷ്ഷന്തനും * ക്ഷുൽപ്പിപാസാദിപൂണ്ടുചമഞ്ഞൊരനന്തരമത്ഭുതംവളൎന്നീടുമാശ്രമദെശംകണ്ടാൻ * പുഷ്പങ്ങൾതളിരുകൾഫലങ്ങൾനിറഞ്ഞൊരൊരോഷൾപ്പദശുകപികകെകികൾനാദത്തൊടും * വൃക്ഷങ്ങൾതോറുംചുററിപ്പററീടുംവല്ലികളും യക്ഷകിന്നരസിദ്ധഗന്ധൎവ്വാദികളാലും * പക്ഷികൾമൃഗങ്ങളെന്നുള്ളജന്തുക്കളാലും ഇക്ഷുജംബീരകെരകദളീവൃന്ദത്താലും * ശീതതാസുഗന്ധമാന്ദ്യാദിയാംഗുണംതേടും വാതപോതങ്ങളാലുംരസ്യമാശ്രമദെശം * ചിത്തപ്രഹ്ലാദോത്ഭവമെത്രയുമെന്നുനിനച്ചുത്തമനാമനൃപൻവിസ്മയംപൂണ്ടാനെററം * മാലിനിയായനദിതന്നുടെതീരത്തിങ്കൽ കാലദോഷാദികൂടാതാശ്രമംമനോഹരം * സതതംനരനാരായണന്മാർമരുവീടും ബദൎയ്യാശ്രമംഗംഗതന്നാലെന്നതുപോലെ * മാലിനീനദിതന്നാൽശോഭിതദെശംകണ്ടു മാലകന്നൊരുനൃപൻമററുള്ളപടയെല്ലാം * കാനനദ്വാരത്തിങ്കൽനില്ലെന്നുനിയോഗിച്ചുതാനും തൻപുരോഹിതൻതാനുമായകംപുക്കാൻ * ബ്രഹ്മലോകത്തെപ്രവേശിച്ചിതുഞാനെന്നപ്പോൾ നിൎമ്മലനായനൃപൻതന്നുള്ളിലുണ്ടായ്വന്നു * മായകൊണ്ടുണ്ടാംമഹാമോഹങ്ങൾനീങ്ങിനിത്യം ന്യായതത്വാൎത്ഥവിജ്ഞാനാദിസമ്പന്നന്മാരായ് * ബോധമെറിയമുനിപ്രവരശിഷ്യന്മാരായ് വേദപാരഗന്മാരാംബ്രഹ്മൎഷിമുഖ്യന്മാരാൽ * ഉച്ചൎയ്യമാണങ്ങളാകുംസംഹിതാപദങ്ങളെധാൎയ്യമാണാൎത്ഥത്തൊട്ടുംസുസ്വരവ്യക്തിയോടും * കേട്ടുകേട്ടാനന്ദിച്ചുചെന്നപ്പോൾകാണായ്വന്നു വാട്ടമെന്നിയെയാഗശാലകൾപലതരം * യജ്ഞവിദ്യാംഗക്രിയാതല്പരന്മാരായ്നാനാ വിജ്ഞാനജ്ഞാനാദികൊണ്ടജ്ഞാനമകന്നീട്ടും * യജുൎവ്വേദികളുമൃഗ്വേദികളായുള്ളൊരു ഋങ്മാൎഗ്ഗത്തൊടതിമധുരഗാനത്തൊടും * സാമവെദികളൊട്ടൊരുബന്ധസാമഗന്മാർ സോമപാനാദികൊണ്ടുപൂതമാനസന്മാരും * തൈത്തിരീയാദിശാഖാഭേദങ്ങൾബഹുവിധം മൂൎത്തിഭേദങ്ങൾചൊല്ലുംസൂക്തങ്ങൾപലതരം * സൂത്രങ്ങൾ

ചൊല്ലുന്നൊരുബ്രാഹ്മണവൈദികളും ശാസ്ത്രസിദ്ധാന്തവ്യാഖ്യാനാൎത്ഥതല്പരന്മാരും * അധ്വൎഗ്ഗൃജ്ജുസ്സാമഭേദസംഹിതാഗാനം പദസംക്രമസ്വരംമാത്രാദിശിക്ഷയോടും * ശബ്ദസംസ്കാരത്തൊടുംവാക്യഭേദാൎത്ഥത്തൊടും സുപ്തിങന്താദിബാദ്ധ്യസൂത്രവൃത്തികളൊടും * ശിക്ഷാവ്യാകരണവുംഛന്ദസ്സംനിരുക്തവും സൂക്ഷ്മജ്യോതിഷംകല്പമിവററിൻമതഭേദം * മോക്ഷധൎമ്മോക്തമീമാംസാദികളുപനിഷദ്വാക്യാൎത്ഥവിശേഷാദിവ്യാഖ്യാനമതങ്ങളും * ദ്രവ്യഭേദവുംകൎമ്മഭേദവുംകാലഭേദംദിവ്യമാനുഷഭേദംസവ്യാപസവ്യഭേദം *കൎത്തൃഭേദവുംക്രിയാഭേദവുംഗുണഭേദംകൃത്യാകൃത്യാചാരപ്രായശ്ചിത്തഗ്രന്ഥങ്ങളും * കാൎയ്യകാരണംകരണാദിഭേദങ്ങളുമാചാൎയ്യഭേദവും വ്യാസഗ്രന്ഥാദിപുരാണവും * ശ്രുതിഗ്രന്ഥാൎത്ഥഭേദപ്രതിബോധകമായ സ്മൃതിഭേദങ്ങളിതിഹാസങ്ങൾപലതരം * വേദാംഗസ്ഥാനഭേദോപാംഗശാഖാദികളും വേദാന്താദികൾനാനാശാസ്ത്രങ്ങൾബഹുവിധം * അഭ്യസിച്ചീടുംമുനിവൎഗ്ഗവും ശിഷ്യകളുമത്ഭുതാത്മകജപഹോമാദികൎമ്മങ്ങളും * യന്ത്രതന്ത്രാദിയുതമന്ത്രജാപകന്മാരും അന്തേവാസികൾപരികൎമ്മികൾഭൃത്യന്മാരും * പവിത്രാലയങ്ങളുംവിചിത്രാസനങ്ങളും പവിത്രച്ഛത്രദണ്ഡപാദുകാപടങ്ങളും * അഷ്ടാംഗബ്രഹ്മചൎയ്യനിഷ്ഠപൂണ്ടിരുന്നോരുമഷ്ടാംഗയോഗത്തോടുകൂടിയയതികളും * ജാത്യാദിവൈരംവെടിഞ്ഞീടിനജന്തുക്കളുംജാത്യാദികുസുമിതലതികാവലികളും * പ്രീത്യാകണ്ടുണ്ടായൊരുപരമാനന്ദത്തോടും ഭീത്യാസാത്വികമത്യാമഞ്ജുളതരഗത്യാ * നിത്യാസജ്ജനരീത്യാമനസിപൂൎണ്ണഭക്ത്യാ സ്വാദ്ധ്യായശ്രവണസന്തുഷ്ടനായ്മന്ദംമന്ദം * കാശ്യപതപോഗുപ്തമാശ്രമമകംപുക്കാ നാശ്ചൎയ്യംമനക്കാമ്പിൽമേല്ക്കുമേലുണ്ടായ്‌വന്നു * പൎണ്ണശാലയിൽചെന്നുമന്നവൻനിന്നനേരം ധന്യനാംതപോധനൻതന്നെക്കണ്ടീലയല്ലോ * ആരുള്ളതിവിടെയെന്നെത്രയും ഗാംഭീൎയ്യത്തോടാരെയും കാണാഞ്ഞവനുച്ചത്തിലുരചെയ്താൻ * ലക്ഷണയുക്തമായനാദത്തെക്കേട്ടനേരംലക്ഷ്മിതാൻ തന്നെയൊരുകന്യകാരൂപംപൂണ്ടു * നിഷ്ക്രമിച്ചതുപോലെതൽക്ഷണംകാണായ്വന്നു ചൊൽക്കൊണ്ടകൊണ്ടൽമദ്ധ്യേമിന്നുന്നമിന്നൽപോലെ * രൂപയൌവ്വനശുഭശീലാചാരാദികൊണ്ടും ശോഭിതയായദിവ്യകന്യകതാനുമപ്പോൾ * സല്ലക്ഷണയുക്തരൂപാദിഗുണം തേടുമുൎവ്വീശൻതന്നെക്കണ്ടുദുൎവ്വാരമോദത്തൊടും * ഗാഢകൌതുകത്തൊടുംശ്രദ്ധസുസ്മേരത്തൊടുംപ്രൌഢസ്വഭാവത്തൊടും കൂടവേചൊന്നാളവൾ * സ്വാഗതമിതിപുനരാദരവോടുകൂടെവേഗത്തിലതിഥിപൂജകളുംചെയ്തീടിനാൾ * ആസനപാദ്യാൎഘ്യാദിസ്വാചമനീയങ്ങളാൽ ചേതസിതെളിഞ്ഞവൾപിന്നെയുമുരചെയ്താൾ * കുശലമല്ലീ?ഭവാനിന്നനാമയമല്ലീ?വിശദമതേ! ഭവാനാരെന്നുപറയണം * കാനനേവരുവതിനെന്തുകാരണമെന്നുമാനിനിചോദിച്ചപ്പോൾ മന്നവൻതാനുംചൊന്നാൻ * ദുഷ്ഷന്തനായനൃപനിലിളതനയൻ ഞാൻ പുഷ്കരവിലോചനേ!സത്യമെന്നറിഞ്ഞാലും * രാജാവെന്നതുകേ

ട്ടഫലമൂലാദികളുംരാജീവവിലോചനനാൾകിനാൾഭുജിപ്പാനായ് *
എന്നാലെന്തിനിയെന്നവർവന്നതെന്നുചൊന്ന കന്യകതന്നെനോക്കി
മന്നവൻതാനുംചൊന്നാൻ * കണ്വമാമുനിതന്നെക്കാണ്മാൻവന്നിതു
മിപ്പോൾ ഉണ്ണാക്ഷവിലോചനേ! മാമുനിയെങ്ങു? ചൊൽനീ * കാ
യ്യോട്ടപഴങ്ങളെക്കൊണ്ടുവന്നീടുവാനായ് പോയിതുപിതാവൊരുരണ്ടു
നാഴികപാർത്താൽ * നായകനായനിനക്കൊമ്പോടുകാണാമെന്നാളാ
യതവിലോചനയാകിയകന്യകയും * കന്യകാവയോരൂപശീലാദി
ഗുണംകണ്ടു മന്നവന്മാരവശരായുടനുരചെയ്താൻ * നിന്നുടെമാതാ
പിതാക്കന്മാരാരെന്നുംപിന്നെ നിന്നെയുമുള്ളവണ്ണമെന്നോടുചൊല്ലീ
ടണം * എന്തെടോ! വനത്തിൽവാണീടുവാൻമൂലമെന്നുംബന്ധുര
കളേബരേ! ചൊല്ലണംപരമാർത്ഥം * നിന്നുടെരൂപഗുണംകണ്ടതുകൊ
ണ്ടുപാരമെന്നുടെമനസ്സിന്നെനീയപഹരിപ്പാനും * പൂരുവാംരാജ
ർഷിവംശത്തിങ്കൽപിറന്നുഞാൻ നാരിമാർകുലമൗലിരത്നമേ! ധരിച്ചാ
ലും * ഉത്തമേനിന്നോടിന്നുമൊന്നുണ്ടുപറയുന്നു ചിത്തമെന്നുമേമമചെൽ
കയില്ലധർമ്മത്തിൽ * ക്ഷത്രിയസ്ത്രീയിലെന്നിമറ്റുള്ളനാരിമാരിൽ
ചിത്തജതാപമിനിക്കുണ്ടാവാൻമൂലമില്ല * രാജനന്ദനയത്രെനീയെന്നു
വന്നുകൂട്ടംവ്യാജമെന്നിയേപറഞ്ഞീടണമെന്നോടിപ്പോൾ * മന്ദഹാസ
വുംചെയ്തുസുന്ദരാംഗിയുമപ്പോൾ കന്ദർപ്പസമാനനാംഭൂപതിയോടുചൊ
ന്നാൾ * പുണ്യപാപങ്ങൾനിരൂപിച്ചുനീപറയണം കണ്വനാംമമതാ
തൻതന്നെയുംപേടിക്കണം * ഞാനിപ്പോൾസ്വതന്ത്രയല്ലെന്നതുമറിയ
ണംമാനിച്ചീടണം ദൈവവിധിയാംധർമ്മത്തെയും * ജനകനായകണ്വൻ
തന്നെപ്രാർത്ഥിച്ചാലവനനുവാദത്താലെങ്കിലതെന്നില്ലതാനും * മധുര
സ്വരവിസ്പഷ്ടാക്ഷരാലാപംകേട്ടുമധുരാധരിയോടുമന്നവനുരചെയ്താൻ *
ഭോഷ്ക്കുരചെയ്യെന്നുള്ളതാക്കട്ടെത്തതുപോലെ മൂർഖന്മാരോടുവേണംചൊ
ല്ലുവാനതുമെങ്കിൽ * ഊർദ്ധ്വരേതസ്സാംമുനിതന്നുടെപുത്രിയാകുന്നെന്നാ
ലുംനീപറയേണമെന്നോടുമനോഹരേ! * എന്നതുകേട്ടുമുനികന്യകതാ
നുമപ്പോൾ നന്നല്ലതന്നെക്കെന്നുള്ളതെന്നോർത്തുചൊന്നാൾ *

ശകുന്തളോൽപ്പത്തി.

എങ്കിലോയഥാതഥംകേട്ടാലും മമജന്മം പങ്കജശരസമനാകിയ
നരാധിപ! * പണ്ടൊരുതപോധനനിവിടെക്കെഴുന്നള്ളിക്കണ്ടിതുമമപി
താവാകിയമുനീന്ദ്രനെ * കൊണ്ടാടിച്ചോദ്യംചെയ്താനൂർദ്ധ്വരേതസ്സാം
ഭവാനുണ്ടായമകളുടെജന്മത്തെപ്പറയണം * അപ്പോഴുതച്ഛനെല്ലാമവ
നോടറിയിച്ചാനപ്രകാരങ്ങൾഞാനുമെപ്പേരുമറിയിക്കാം * വിശ്വാ
മിത്രന്റെ തപോവിഘ്നത്തെവരുത്തുവാൻവിശ്വമോഹിനിയായമേന
കതന്നെശ്ശക്രൻ * മന്മഥമന്ദമരുന്മാധവമാസാദിയെ നിർമ്മലചന്ദ്ര
നോടുകൂടവേനിയോഗിച്ചാൻ * കൗശികനവളെക്കണ്ടാശയാവി
വശനായാശയധൈര്യതപോബലങ്ങളാശുകള * ഞായിരംസംവ
ത്സരം ക്രീഡിച്ചുവനന്തോറുമായതവിലോചനയായമേനകയോടും *

അക്കാലംതപോബലമൊക്കവേ നശിക്കയാലുൾക്കാമ്പിൽതത്വബോധ
മുദിച്ചിട്ടവനപ്പോൾ * പുഷ്കരവിലോചനതന്നെയുമുപേക്ഷചെയ്തുഗ്ര
മാംതപസ്സിനുകോപ്പിട്ടാൻപണ്ടേപ്പോലെ * വിശ്വാമിത്രൻെറബീജം
ധരിച്ചുമേനകയും നിശ്ശേഷദേവകാര്യംസാധിച്ചുപോകുന്നേരം * ഹി
മവൽപ്രസ്ഥദേശേമാലിനീതീരസ്ഥലേകമലവിലോചന പെററാളെ
ന്നറിഞ്ഞാലും * താപസബീജത്തിനുനാശമില്ലെന്നുകണ്ടുതാപവുമക
ന്നവൾ വാനലോകവുംപുക്കാൾ * ലാളിച്ചുശകുന്തങ്ങളിവളെ
പ്പലകാലം പാലിപ്പാനെൻെറകയ്യിൽനൽകിനാർശകുന്തങ്ങൾ *
പേരിട്ടുശകുന്തളയെന്നിവൾക്കതിനാൽഞാൻ പാരിച്ചമോദത്തോടുമക
ളായ്വളർക്കുന്നേൻ * നേരത്രെപറഞ്ഞതെന്നമ്മുനിയോടുതാതൻ പാരമാ
ർത്ഥികൻചൊന്നതൊക്കെഞാൻകേട്ടമൂലം * എന്നുടെജന്മമെല്ലാമറി
ഞ്ഞേനപ്പോൾഞാനും നിന്നോടുപരമാർത്ഥം പറഞ്ഞേനറിഞ്ഞാലും *

ശകുന്തളോദ്വാഹം—ഗാന്ധർവ്വവിവാഹം.

അക്കഥകേട്ടുതെളിഞ്ഞകാലംദുഷ്ഷന്തനുംപുഷ്കരശരമേററുകന്യ
കയോടുചൊന്നാൻ * സുവ്യക്തംരാജപുത്രിനീയെന്നുവന്നതിനിനിർവ്യാ
ജംപരിഗ്രഹിച്ചീടണമെന്നെയിപ്പോൾ * ബ്രാഹ്മവുമാർഷംദൈവംപ്രാ
ജാപത്യവുംപുനരാസുരംഗാന്ധർവ്വംരാക്ഷസംപൈശാചവും * വൈ
വാഹകർമ്മമെട്ടുവിധമീവണ്ണമതിൽ ക്ഷ്മാവരന്മാർക്കുകൊള്ളാംഗാന്ധ
ർവ്വംരാക്ഷസവും * ദൈവജ്ഞനായമനുവീവണ്ണംചൊന്നമൂലം കേവ
ലംഗാന്ധർവംകൊണ്ടെന്നെനീവരിക്കണം * അനന്തരംശകുന്തളചൊ
ല്ലിനാൾനൃപനോടുമന്നവ! ഹോമദ്രവ്യമിവിടെയുണ്ടായ്വരും * വ
ഹ്നിയുമുപാദ്ധ്യായൻതാനുമുണ്ടല്ലോപിന്നെ എന്നിവയൊന്നുകൊണ്ടു
മില്ലവൈഷമ്യമേതും * എന്നാലുമൊരുദണ്ഡംപാരമുണ്ടറിഞ്ഞാ
ലുംമന്നവ!പുനരതുമെന്നോടുപറയണം * ദണ്ഡമാകുന്നതെന്തുനേരേ
നീചൊല്ലീടെടോ!പുണ്ഡരീകാക്ഷിയതുപോക്കാവോന്നല്ലെന്നുണ്ടോ *
പോക്കാവോന്നല്ലെന്നത്രേതോന്നുന്നു പിന്നെനൃപന്മാർക്കുണ്ടോനിരൂപി
ച്ചാൽ സാദ്ധ്യമല്ലാതെയൊന്നും * ദുഃഖസാദ്ധ്യമോബാലേ! കേവല
മസാദ്ധ്യമോ! മയ്ക്കണ്ണി! ചൊല്ലീടെന്തെന്നെന്നോടുപരമാർത്ഥം * എ
ന്തതെന്നറിയാഞ്ഞുസന്താപമുണ്ടാകേണ്ട ചിന്തിച്ചാൽകൃച്ഛ്രസാദ്ധ്യ
മെങ്കിലുംകൊള്ളാമല്ലോ * നിന്നുടെപുത്രനായിട്ടെന്നിലുണ്ടാകുന്ന
വൻ തന്നെനീരാജാവാക്കിപ്പിന്നെവാഴിക്കാമെന്നു എന്നോടുസത്യം
ചെയ്കിലതുതെന്നില്ലതാനും * ദുർഗ്ഗതിയുണ്ടാംവൃഥാമൈഥുനത്തിന്നെ
ന്നതോസൽഗുണനിധേ! തവ ഞാൻപറഞ്ഞീടേണമോ * ധാത്രീശന
വൾ ചൊന്നസത്യവുംചെയ്തുകൊടുത്താ സ്ഥയാകൃതയുഗകാലധർമ്മവും
ചെയ്തു* കാന്തയാംശകുന്തളതന്നെയുംപുണർന്നിതു ഗാന്ധർവ്വവിധിയാലെ
ന്നറികനൃപോത്തമ! * ചതുരംഗിണിയായസേനയുമായ്വന്നുഞാൻ കുതു
കമോടുനിന്നെക്കൊണ്ടുപൊയ്ക്കൊൾവനെന്നും * സമയംചെയ്തുനൃപൻ
തന്നുടെരാജ്യംപുക്കാൾ കമലാക്ഷിയുംഗർഭംധരിച്ചാളന്നേരംതന്നെ * ക
ണ്വമാമുനിതാനുമന്നേരംപോന്നുവന്നാൻ കന്യകപേടിയോടെനാണി

ച്ചുനിന്നാളല്ലോ * ദിവ്യലോചനംകൊണ്ടുസർവ്വം കണ്ടുമുനിദിവ്യ
മാനിനിയായ പുത്രിയോടരുൾചെയ്താൻ * ഏതുമേദോഷമില്ലഖേദിക്ക
വേണ്ടബാലേ! സാധിച്ചുമനസ്സിൽഞാൻചിന്തിച്ചതെന്നുംവന്നു * മൂ
ന്നുലോകവുംപുകൾകൊണ്ടൊരുകുമാരനെ മൂന്നുവത്സരംകൊണ്ടുപെ
റ്റിതുശകുന്തള * പുഷ്പവൃഷ്ടിയുംചെയ്താർഭകൻപിറന്നപ്പോളപ്സരസ്ത്രീ
കളെല്ലാംതുടങ്ങിപാട്ടുംകൂത്തും * ദേവദുന്ദുഭികളുംഘോഷിച്ചുണ്ടായ്വ
ന്നു ദേവകളിവൻചക്രവർത്തിയായ്വരുമെന്നാർ * ജാതകർമ്മാദികളും
ചെയ്തിതുമുനിവരൻജാതനായവനെല്ലാവിദ്യയുംപഠിപ്പിച്ചു * താപ
സീശകുന്തളനന്ദനനോടുംകൂടി ഭൂപതിതന്നെച്ചിന്തിച്ചാതുരയായ്വാഴു
ന്നാൾ * നിഷ്ഠുരമൃഗങ്ങളെനിഗ്രഹിക്കയുമോരോദുഷ്ടരാക്ഷസകുലംന
ഷ്ടമായ്ചമയ്ക്കയും * പുഷ്ടവിക്രമത്തോടെതുടങ്ങിദുഷ്ഷന്തജൻ തുഷ്ടി
പൂണ്ടിതുമുനിവർഗ്ഗവുംദ്വിജന്മാരും * ഷോഡശസംവത്സരംചെന്നിതുകുമാ
രനും വേദശാസ്ത്രാദികളുംപാഠംചെയ്തുറച്ചിതു *

ശകുന്തളയുടെ ഭർത്തൃസമീപത്തിലേക്കുള്ള യാത്ര.

താതനാംമുനിവരൻപുത്രിയോടരുൾചെയ്താൻ നീ തവ ഭർത്താവി
നെച്ചെന്നുകാണണമിനി * സ്വാതന്ത്ര്യംനാരിമാൎക്കില്ലെന്നല്ലോ ചൊ
ല്ലീടുന്നുതാതൻതാൻരക്ഷിക്കണംകൌമാരവയസ്സിങ്കൽ * ഭർത്താവുരക്ഷി
ക്കണംയൌവനവയസ്സിങ്കൽ പുത്രൻതാൻരക്ഷിക്കണംവാർദ്ധക്യവയസ്സി
ങ്കൽ * ദേവകൾക്കെല്ലാംവിഷ്ണുദേവതയല്ലോഭൂമി ദേവന്മാൎക്കെല്ലാമ
ഗ്നിതാനുംബ്രഹ്മാവുംദൈവം * ലോകങ്ങൾക്കെല്ലാംദൈവംബ്രാഹ്മ
ണരെന്നുതാനും മൂർഖനാകിലുംഭർത്താനാരിമാൎക്കെല്ലാംദൈവം * ചേ
തസാവാചാവ്യത്യാകർമ്മണാഭർത്താവിനെ സ്സാദരംശുശ്രൂഷിക്കനെല്ലതു
നിങ്ങൾക്കെല്ലാം * അതിലുംപതിവ്രതമാരാകുംകുലസ്ത്രീകൾ ക്കതിനു
മീതെയൊരുധർമ്മമില്ലറികനീ * ഗതിയുംവരുമിഹലോകസൌഖ്യ
വുംവരുംപതിശുശ്രൂഷണംകൊണ്ടെന്നുചൊല്ലുന്നുവേദം * പുത്രനുംനീ
യുംകൂടിപ്പോകണംമടിയാതെ വൃദ്ധതാപസന്മാരുംശിഷ്യരുംതുണപോ
രും * താതനെപ്പിരിയുന്നദുഃഖംകൊണ്ടവളപ്പോൾ ചൂതേലും മുലത
ന്മേലിററിററുവീണീടുന്ന * നേത്രാംബുതുടച്ചുദ്വിവാദ്യവുംചെയ്തുതൊഴു
താസ്ഥയാ പ്രദക്ഷിണംചെയ്തുതൻപുത്രനോടും * ഗൽഗദാക്ഷരത്തോടു
യാത്രയുംചൊല്ലിമെല്ലെ നിർഗ്ഗമിപ്പതിനായ്ക്കൂട്ടുനിഞ്ഞുശകുന്തള * മുനി
യുംതനയനെമടിയിലെടുത്തുവച്ചു സമോദത്തോടണച്ചാശ്ലേഷംചെയ്തു
നന്നായ് * തലയിൽപലവുരുചുംബിച്ചുചൊല്ലീടിനാൻ പലനാൾവാ
ഴ്കഭുവിഗുണവാനായ്നീയെന്നും * പലവുമാശീർവചനാദികൾചെ
യ്തുപിന്നെ കലശങ്ങളുംജപിച്ചീടിനാൻപിന്നെത്തന്റെ * മകളെക്കരം
കൊണ്ടുതടവിമന്ദംമന്ദം സുഖമായ്വരികെന്നുപറഞ്ഞോരനന്തരം *അശ്രു
ക്കൾപൊഴിക്കയുമുൾക്കനംവിട്ടുകയും നിശ്വാസംവരികയുംനിസ്സഹം
ചിന്തിക്കയും * മാനുഷഭാവംകൊണ്ടുമാമുനിക്കന്നേരം മാനസഖേദം
ചെറുതുണ്ടായിതെന്നേവേണ്ടു * ശീർണ്ണപർണ്ണാൎണ്ണാവായുഫലമൂലാശി
കളായ്താൎണ്ണപല്യംകസ്ഥലസ്ഥണ്ഡിലശായികളായ് * ശാന്തമാനസ

ന്മാരായ്നിജ്ജിതേന്ദ്രിയന്മാരായ് ദാന്തന്മാരായ്സന്തതംപരമഹംസ
ന്മാരായ് * ധമനീസമുദായസതതഗാത്രന്മാരായ് സമവീക്ഷണന്മാ
രായ്ത്തപസാകൃശന്മാരായ് * വൽക്കലാജിനധരന്മാരായ്സുവ്രതികളാ
യുൾക്കനമോടുശക്തിയുക്തധാരികളായി * നിടിലത്തിങ്കലൂർദ്ധ്വപുണ്ഡ്ര
മുള്ളവർ ചിലർ ജടിലന്മാരായ്ചിലർമുണ്ഡന്മാരായുമുള്ള * മുനിമാ
രെയുംനിജശിഷ്യരാമവരെയും തുണയായയച്ചിതുകണ്വനാംമുനിവ
രൻ * ശൈലപ്രസ്രവണങ്ങൾവനങ്ങൾനദികളും ശൈലങ്ങൾനിതം
ബങ്ങൾ കന്ദരങ്ങളുംപിന്നെ * രാഷ്ട്രങ്ങൾനഗരങ്ങളാശ്രമപ്രവരങ്ങൾ
ഗോഷ്ഠങ്ങൾമുഖ്യദിവ്യക്ഷേത്രങ്ങളുദ്യാനങ്ങൾ * എന്നിവകടന്നുപോ
യ്മദ്ധ്യാഹ്നകാലത്തിങ്കൽ ചെന്നിതുമഹാരാജഗോപുരദ്വാരത്തോളം *
ഐളാഖ്യംശതക്രതുനിർമ്മിതമായപുര മൈഥിലിബില്യാഖ്യംമുന്നമളകാ
പുരംപോലെ * പരിഘാപുരാട്ടോപതല്പങ്ങൾപലതരംവാരണശാലാ
ഭിത്തിചിത്രങ്ങൾപലതരം * ശതഘ്നിചക്രയന്ത്രശതങ്ങൾപലതരംരഥ
ഘ്നതരയന്ത്രപ്പാലങ്ങൾപലതരം * ഹർമ്മ്യപ്രാസാദങ്ങളുംമണ്ഡപവരങ്ങ
ളുംനിർമ്മലാപണവീഥിപ്രപങ്ങൾസഭാതലം * കൈലാസശിഖരൌ
ഘാകാരഗോപുരങ്ങളും ശൈലസന്നിഭകേരിപ്രവരാലയങ്ങളും * മന്ദുര
കളുംപത്തിമന്ദിരങ്ങളുംവാര സുന്ദരീജനംവാഴുംമന്ദിരനികരവും * ച
ന്ദ്രികാപരിലസന്മാളികാഗണങ്ങളും ചന്ദ്രികാങ്കണങ്ങളുംനാടകശാലക
ളും * ദ്വാരതോരണപരിശോഭിതമായപുരംപാരിടത്തിനുതൊട്ടുകുറി
യെന്നതുപോലെ * പുഷ്കരണികൾപലഉദ്യാനവനങ്ങളുംപുഷ്കരാക്ഷി
കൾവാഴുമവരോധനങ്ങളും * സ്വധർമ്മസ്ഥന്മാരായനാനാവർണ്ണാ
ശ്രമികൾ സുതദാരങ്ങളോടുംവാണീടുംഗൃഹങ്ങളും * നിത്യമുത്സവം
കൊണ്ടുശോഭിച്ചമന്ദിരങ്ങൾ സത്യതല്പരന്മാരാംവൈശ്യന്മാർഗൃഹ
ങ്ങളും * രത്നകാഞ്ചനധനധാന്യൌഘസമൃദ്ധിയുമഗ്നിഹോത്രങ്ങൾ ന
ല്ലപണ്ഡിതന്മാരായുള്ളോർ * ദാനശീലന്മാരായകരുണാർദ്രാത്മാ
ക്കളും മാനശീലന്മാരായഭടന്മാരായുള്ളോരും * സതതമകാര്യങ്ങ
ളകലെവെടിഞ്ഞുള്ളോ രധർമ്മഭീരുക്കളാൽ സംപൂർണ്ണമായരാജ്യം *
സ്വർഗ്ഗവുമിതിനോടുതുല്യമല്ലെന്നുതോന്നും സൽഗ്ഗുണപരിപൂർണ്ണമൈത്ര
യുംചിത്രംപാർത്താൽ * പത്തനമദ്ധ്യേരാജമന്ദിരം മനോഹരം വി
ത്തസംഖ്യയപൂർണ്ണമുത്തമസഭായുതം * ബ്രാഹ്മണപ്രവരരുംഭൂപതിവീ
രന്മാരും ധാർമ്മികന്മാരാംധനപതികൾവൈശ്യന്മാരും * സദ്വിജഭക്ത
ന്മാരാമുത്തമശൂദ്രന്മാരും സദ്വൃത്തന്മാരായ്മററുമുള്ളവർണ്ണികൾതാനും
* സൂതന്മാർമാഗധന്മാർവന്ദികൾഗായകന്മാർ പാദസേവകന്മാരുംസ്തു
തിപാഠകന്മാരും * നർത്തകന്മാരുംനല്ലനർത്തകീജനങ്ങളു മുത്തമവാദ്യ
ങ്ങളെവദിക്കുന്നവർകളും * ആനതേർകുതിരകാലാളായസൈന്യങ്ങളു
മാനഹപടഹാദിശംഖനാദങ്ങളോടും * ആനന്ദംവരുമാറുസേവിച്ചു
സദാകാലമാനന്ദംപാരമുണ്ടാമപ്പുരിതന്നിൽച്ചെന്നാൽ *

ശകുന്തളയുടെ രാജമന്ദിരപ്രാപ്തി,

സുന്ദരീശകുന്തളനന്ദനനോടുംകൂടി മന്ദാക്ഷഭാവത്തോടുംമന്ദം

പോയ്ച്ചെല്ലുന്നേരം * നന്ദിച്ചു കുമാരനെക്കണ്ടവരെല്ലാവരു മിന്ദുവോ
പുനരിവനിന്ദ്രനോ കന്ദർപ്പനോ * സ്കന്ദനോ മുകുന്ദനോ ചന്ദ്രചൂഡനോ
ചൊൽവിനെന്നെല്ലാമോരോജനം കണ്ടാനന്ദിക്കുന്നേരം * ദുർജ്ജനബ
ഹുലമാം നഗരപ്രവേശന മിജ്ജനത്തിനയോഗ്യമല്ലെന്നു നിരൂപിച്ചു *
നിവൃത്തിച്ചിതു മുനിവർഗ്ഗവും ശിഷ്യകളും സുവൃത്തശകുന്തള സ്വപുത്രനോ
ടുംകൂടി * ധരിത്രീപതി വാഴുമാസ്ഥാനേ ചെന്നു നിന്നാൾ ചരിത്രം കണ്ടു
ലോകർ ബഹുമാനിച്ചു പാരം * ദേവേന്ദ്രസദൃശനാം ഭർത്താവു തന്നെക്കണ്ടു
ഭാവനയാലെ വന്ദിച്ചീടിനാൾ ശകുന്തള * അച്ഛൻെറ പാദങ്ങളിൽ വീ
ണുടൻ നമസ്കാര മിച്ഛയാ ചെയ്തീടുണ്ണി! നീയെന്നു ജനനി താൻ * ചൊ
ന്നതു കേട്ടു നമസ്കരിച്ചു ദൌഷ്ഷന്തിയും നിന്നിതു പിതാവു തന്നാപാദചൂ
ഡം നോക്കി * നിന്നവരതു കണ്ടു വിസ്മയം പൂണ്ടാരേററം നന്നിവനെന്നു
തന്നെ ചൊല്ലിനാരെല്ലാവരും * മന്നവനരചെയ്താനന്നേരമവളോടു ന
ന്ദനനോടും കൂടി വന്ന താപസീ കേൾ നീ * ചൊന്നതു തരുവൻ ഞാനില്ല
സംശയമേതും നിൻ്റെ മനോരഥം ചൊല്ലുക മടിയാതെ * എന്നതു
കേട്ടു ചൊന്നാളന്നേരം ശകുന്തള മന്നവ! തവ സുതനെന്നിലുള്ളന്നി
വൻ * വന്നിതു കുമാരനു യൌവ്വനാരംഭകാല മിന്നിനി ചെയ്തീടണം
യൌവരാജ്യാഭിഷേകം * കണ്വമാമുനിയുടെ പർണ്ണശാലയിൽ നിന്നു
മന്നവ! സമാഗമം നമ്മിലുണ്ടായ നേരം * എന്നോടു ചെയ്തന്നസ
ത്യവും മറന്നിതോ? ധന്യനാകിയ ഭവാനെന്നെയിന്നെന്നപോലെ *
എന്നതു കേട്ടു നൃപനന്നേരമുരചെയ്താൻ നിന്നോടു കൂടിയുള്ള സംഗമം
തോന്നീലേതും * ഇക്കഥനന്നന്നിതെത്ര വൈചിത്ര്യമോർത്താൽ നി
ല്ലീലുൾക്കണക്കിനിപ്പോകിലും കണക്കിനി * ഒത്തതു ചെയ്താലും നീയി
ത്തരം പറയാതെ യുത്തമസഭാതലത്തിങ്കൽ നിന്നസത്യങ്ങൾ * ദുഷ്ഷ
ന്തനൃപവരനീവണ്ണമവളോടു ദുസ്സഹമായ വാക്കു ചൊന്നതു കേട്ടനേരം *
വ്രീളയും പൂണ്ടു പാരം ദുഃഖവും മുഴുക്കയാൽ സാലഭഞ്ജികപോലെ നിന്നിതു
സ്വല്പനേരം * സംരംഭരോഷം കൊണ്ടു താമ്രമാം നയനവും സൌ
രരശ്മികൾ പോലെ തീക്ഷ്ണമാം തേജസ്സോടും * പ്രസ്ഫുരമാണ
മാധരോഷ്ഠസംപുടത്തോടും പ്രസ്ഫുലിംഗങ്ങളോടും കൂടി നോ
ക്കീടുന്നേരം * ഭൂപതി ദഹിച്ചുപോമെന്നു തോന്നീടും വണ്ണം താപ
സിനിന്നരെണ്ടുനാഴികനേരം പിന്നെ * സ്വാകാരം മറച്ചിതു തേജ
സാ ശകുന്തള ശോകമോടവനീശനോടു ചൊല്ലീടിനാൾ * എ
ന്തിനിത്തരമിപ്പോളെന്നോടു പറയുന്നു? ചിന്തിക്ക നൃപവര! മറന്നീലെ
ന്നന്തരം * ആത്മാവെ വഞ്ചിച്ചീടും ചോരനുള്ളൊരു പാപമാത്മനി ന
രുപിക്കിൽ മറെറാരുവനുമുണ്ടോ * ആദിത്യചന്ദ്രന്മാരുമനലാനിലന്മാ
രുമാകാശം ഭൂമി ജലം ഹൃദയം യമൻതാനും * അഹസ്സും രാത്രി താനും രണ്ടു
സന്ധ്യകൾ ധർമ്മമെന്നിവർ പതിന്നാലു പേരുമുണ്ടറിഞ്ഞിട്ടു മന്നവ! ദു
ർവ്വൃത്തമെന്നതു ധരിച്ചാലും * പ്രാകൃതപുരുഷനെപ്പോലെ നീ സഭയി
ങ്കൽ സ്വാകൃതി മറച്ചെന്നെ സ്സന്ത്യജിച്ചീടുന്നാകിൽ * ഉത്തമാംഗവും നൂ
റുനുറുങ്ങി വീഴും നിനക്കുത്തമപൂരുഷന്മാർ സത്യത്തെ ലംഘിക്കുമോ? *

തത്വചിത്തന്മാരായതത്വജ്ഞന്മാരായുള്ളോർ വൃത്തത്തെനിരൂപിക്കചി
ത്തത്തിൽനൃപോത്തമ! * പുന്നാമമായിട്ടുള്ളനരകത്തിങ്കൽനിന്നുതന്നുടെ
പിതാവിനെത്രാണംചെയ്തീടുന്നവൻ * തന്നുടെനാമമല്ലോപുത്രനെന്നു
ള്ളശബ്ദം മുന്നമേവിധാതാവുചൊന്നതെന്നറിഞ്ഞാലും * പുത്രനാൽ
മോദംപ്രാപിച്ചീടുന്നുപിതൃക്കളും പുത്രപുത്രനാൽപിതാമഹന്മാർമോദി
ക്കുന്നു * പൌത്രപുത്രനാൽമോദംപ്രപിതാമഹന്മാൎക്കും പാൎത്ഥിവശിഖാമ
ണേ!വന്നുകൂട്ടുന്നുനൂനം * ഭാൎയ്യയാകുന്നതവളേവൾമന്ദിര ദക്ഷഭാൎയ്യയാ
കുന്നതവളേവൾസൽപ്രജാപതി * ഭാൎയ്യയാകുന്നതവളേവൾവല്ലഭ
പ്രാണഭാൎയ്യയാകുന്നതവളതിഥിപ്രിയയല്ലോ * പാതിയുംമനുഷ്യനുഭാ
ൎയ്യയെന്നറിഞ്ഞാലും മേദിനീപതേ!ഭാൎയ്യവലിയസഖിയല്ലോ * ധൎമ്മാ
ൎത്ഥകാമങ്ങൾക്കുകാരണംഭാൎയ്യയത്രേ കൎമ്മികളാകുന്നതുംഭാൎയ്യാവത്തുക
ളത്രേ * ബന്ധുമാനാകുന്നതുംഭാൎയ്യയുള്ളവനത്രേ സന്തതംഗൃഹസ്ഥ
ന്മാർഭാൎയ്യാവത്തുകളത്രേ * ഭാൎയ്യാവത്തുകളത്രേസന്തോഷിച്ചീടുന്നതും
ഭാൎയ്യാവത്തുകളത്രേനിശ്ചലശ്രീമത്തുകൾ * വിവിക്തവാസത്തിങ്കൽതു
ണയുംഭാൎയ്യയത്രേ പ്രവൃത്തിക്കനുസരിക്കുന്നതുംഭാൎയ്യയത്രേ * അശ്രാന്തം
പ്രിയംപറയുന്നതുംഭാൎയ്യയത്രേ വിശ്വാസ്യനാകുന്നതുംഭാൎയ്യയുള്ളവന
ത്രേ * സാക്ഷിയായീടുന്നതുംഭാൎയ്യയുള്ളവനത്രേ മോക്ഷത്തെസ്സാധിപ്പ
തുംഭാൎയ്യയുള്ളവനത്രേ * പരബീജത്തെഗ്രഹിച്ചീടുന്നകുലസ്ത്രീകൾ നര
കംപ്രാപിക്കുന്നുകുലവുംനശിപ്പിക്കും * പരനാൽജനിതന്മാരായുള്ളപു
ത്രന്മാരെ ജ്ജാരന്മാരെന്നുതന്നെചൊല്ലുകേവേണ്ടുനൂനം * പുത്രന്മാരായീടു
ന്നശത്രുക്കളവരല്ലോ വൃദ്ധനെന്നവമാനിച്ചെത്രയുംദ്വേഷിക്കയും * ധി
ക്കരിക്കയുംചൊന്നാലൊന്നുമേകേളായ്കയും ദുഃഖംവൎദ്ധിക്കുംവണ്ണംശുശ്രൂ
ഷിക്കയുംപരക്ഷ * മക്കളെയുണ്ടാക്കുവാൻഞങ്ങൾപണ്ടുണ്ടോചൊല്ലി
ശിക്ഷിപ്പാനെന്തുമൂലംഞങ്ങളെയിവനെന്നും * മന്മഥവശനായമ്മ
യെക്കണ്ടുമോഹിച്ചുന്മദമോടുചെയ്തസമ്മതക്കേടിന്നിപ്പോൾ * കല്മഷ
മാകുന്നതുധൎമ്മത്തെമറക്കയാൽ മൎമ്മങ്ങൾഞങ്ങളോടുപറഞ്ഞാലെന്തുഫ
ലം *ഇത്തരംഭത്സിച്ചീടുംപരജാതന്മാരായ പുത്രന്മാരവരെയുംപാലിക്കും
പിതാവേററം * കണ്ടാലുംപിപീലികാജാതികൾപോലുംപൂന രണ്ഡങ്ങ
ൾകളയാതെസംഭരിക്കുന്നവല്ലോ * കോകിലാണ്ഡവുംഭരിച്ചീടുന്നുവാ
ത്സല്യത്താൽ കാകന്മാരാത്മീയമെന്നോൎത്തുമെത്രചിത്രം! * സൎവ്വജ്ഞ
നായഭവാനിങ്ങനെയിരിക്കുന്നദിവ്യനാം പുത്രൻതന്നെബ്ഭരിച്ചീടായ്പാ
നെന്തേ*മലയോത്ഭവമായചന്ദനത്തിലുമേററമലിയും ത്വഗിന്ദ്രിയംസു
തനെപ്പുൽകുന്നേരം * സ്നിഗ്ദ്ധമാരായവേശ്യമാരുടെശരീരവും സ്നിഗ്ദ്ധ
മാംപാഥോരത്നജാലമെന്നിവററിലും * പുത്രദേഹാലിംഗനമെത്രയും
സുഖമേറും പുത്രസ്പൎശത്തിൽപരംസ്പൎശനസുഖമില്ല * കാലുരണ്ടായു
ള്ളോരിൽശ്രേഷ്ഠൻബ്രാഹ്മണനല്ലോ കാലുനാലുള്ളവയിൽ ശ്രേഷ്ഠത്വം
പശുവിനും * ഗൌരവമുള്ളവരിൽശ്രേഷ്ഠത്വംഗുരുവിനും കാരുണ്യമു
ള്ളവരിൽശ്രേഷ്ഠത്വംമുകുന്ദനും * സ്പൎശനവസ്തുക്കളിൽശ്രേഷ്ഠത്വംതന
യനും സ്പൎശനസുഖമനുഭവിക്കഭവാനിപ്പോൾ * സുതന്റെമൂൎദ്ധാവി

ങ്കൽ പ്രീണിച്ചുമനുജന്മാർപ്രതിനന്ദിച്ചീടുന്നൃപതിശിഖാമണേ! *
ജാതകർമ്മത്തിങ്കലെവേദമന്ത്രവുംതവ ചേതസിപാഠമല്ലോമൂഢനല്ലല്ലോ
ഭവാൻ * മൃഗയാവിവശനായാശ്രമത്തിങ്കൽവന്നുസുഖമേപരിഗ്ര
ഹിച്ചീലയോമുന്നംഭവാൻ * ഉർവ്വശീപൂർവചിത്തിസഹജന്യയുംപി
ന്നെ ദിവ്യയാംമേനകയുംവിശ്വാചിഘൃതാചിയും * അപ്സരസ്ത്രീകളിൽ
വച്ചവർകളറുവരു മത്ഭുതാംഗികളതിൽബ്രഹ്മജമേനകതാൻ * അമ്മ
യായതുമിനിക്കെന്നതുധരിക്കണം ബ്രഹ്മനന്ദനൻകുശൻതൽസുതൻകു
ശനാഭൻ * തൽസുതനല്ലോഗാധിതൽസുതൻവിശ്വാമിത്രൻ തൽസു
തയല്ലോഞാനുംപൃത്ഥ്വീശതിലകമേ! * ഇങ്ങിനെശകുന്തളചൊന്ന
വാക്കുകളെല്ലാ മെങ്ങിനെപറയുന്നുകാലമോരപോരായല്ലോ * അങ്ങി
നെപോകതെല്ലാംദുഷ്ഷന്തന്താനുംപിന്നെ മംഗലഗാത്രിതന്നോടീവ
ണ്ണമുരചെയ്തു * ധാർഷ്ട്യമെത്രയുംപാരമുണ്ടുനാരികൾക്കെന്നു കേട്ടുകേ
ളിയേയുള്ളുകണ്ടിട്ടില്ലേവംമുന്നം * കുലടയായനീവന്നെന്നോട്ടുകുലീന
യെ നലസാലാപംചെയ്തതഖിലമലമലം * സുവർണ്ണമണിമുക്താര
ണവസ്ത്രാദികളുവന്നുതരുവൻഞാൻനിനക്കുംവേണ്ടുവോളം * പി
ന്നെനീനിനക്കൊത്തരീക്കിന്നുപൊയ്ക്കൊള്ളണം നിന്നിനിക്കാലംകള
ഞ്ഞീടായ്കവെറുതെനീ * പാർത്ഥിവസഭയിങ്കൽനാണംകൂടാതെനിന്നീ
വാർത്തകളിവചൊന്നതോർത്തുഞാൻപൊറുത്തീടാം * വാമമാരെന്ന
ല്ലയോമാനിനിമാരെച്ചൊൽപൂ കാമതല്പരമാരായുണ്ടായിനാരീജനം *
മിക്കതുംപരവശമാരെന്നുമറിയണ മുൾക്കൊമ്പുക്രോധംകൊണ്ടുചഞ്ചല
മായിട്ടുള്ളു * സത്യവുംപറയുമാറില്ലവരൊരുനാളും മിഥ്യാപവാദം
കണ്വനുണ്ടാക്കിച്ചമയ്ക്കുണ്ടാ * വന്ധകിയല്ലോതവജനനിമേനകയും
സന്തതിനിർമ്മാല്യത്തെക്കണക്കേയുപേക്ഷിച്ചാൾ * കോകിലനാരി
പോലെനീപരഭൃതയല്ലോപോകവൈകാതെ നിന്നെക്കാണ്കയിലിച്ഛയി
ല്ല * ഭോഗലോലുപയായപുംശ്ചലിനീയെന്നെല്ലാം രാഗഹീനത
യോടെരാജാവുപറഞ്ഞപ്പോൾ * സുന്ദരിശകുന്തളപിന്നെയുമുരചെ
യ്താൾ നിന്ദാവാണികൾകേട്ടുമന്ദാക്ഷഭാരത്തോടും * കടുകിൻമണി
മാത്രമുള്ളൊരുപരദോഷ മുടനേകാണുന്നുനീനിന്നുടെദോഷംപിന്നെ *
കണ്ടാലുംഗജമാത്രംകാണുന്നീലെത്രമത്ത പണ്ഡിതന്മാർക്കുപോലുമുള്ളൊരു
ശീലമത്രേ *നിന്നുടെജന്മത്തേക്കാൾശ്രേഷ്ഠമെന്നുടെജന്മം മന്നിടത്തി
ങ്കലെന്നിനിനക്കുചരിക്കാമോ * മന്നവ!ഭൂവിങ്കലുമന്തരിക്ഷത്തിങ്ക
ലും ദണ്ഡമെന്നിയേചരിച്ചീടാമിന്നിനിക്കെടോ*ഭേദവുംനമ്മിലെത്രപാ
രമുണ്ടോർക്കുംതോറും ചേതസിവിചാരിക്കഭൂപതിതിലകമേ! * മേരുവും
കടുകുമുള്ളന്തരമുണ്ടുനമ്മിൽ സാരജ്ഞനല്ലോട്ടുമോർത്താലുംധാത്രീശ! ഭ
വാൻ * ഏതാനുംവിചാരമുണ്ടെന്നാകിലെന്നോടിതുഭൂദേവേന്ദ്രന്മാർ
കേൾക്കെചൊൽവാറില്ലവകാശം* നിന്നുടെപൂർവപിതാമഹനാമായു
ന്നാമാ തന്നോളംമഹത്വമുണ്ടായിട്ടില്ലാരുമവൻ * തന്നുടെജന്മം
കേട്ടിട്ടില്ലേനീനൃപോത്തമ മുന്നമാടിയേശശാങ്കാന്വയജാതനായാൻ *
ഉർവീശൻപുരൂരവാതൻ സുതനായിട്ടവനുർവശിപെററുണ്ടായിട്ടെന്ന

തോത്തരചെയ്യ * അത്ഭുതപരാക്രമമുള്ളരാജാക്കന്മാരുണ്ടപ്പരസ്ത്രീകൾ
പെററിട്ടത്തമമുനിമാരും * മാതൃദോഷംകൊണ്ടില്ലദിവ്യന്മാക്കൊരു
ദോഷം മേദിനീപതേ! തവചേതസിനിരൂപിക്ക * കണ്ണാടികാണ്മൊ
ളവും തന്റെമുഖമേററംനന്നെന്നുനിരൂപിക്കമെത്രയുംവിരൂപന്മാർ * മ
ററുള്ളജനങ്ങൾക്കുകുററങ്ങൾപറഞ്ഞീടും മുററുംതന്നുടെകുററമൊന്നറി
കയുമില്ല * കുററമില്ലാതജനംകുററമുള്ളവരെയും ചെററുനിന്ദിക്കയി
ല്ലതമ്മുടെഗുണങ്ങളാൽ * മത്തേഭൻപാംസുസ്നാനംകൊണ്ടല്ലോസ
ന്തോഷിപ്പു നിത്യവും സ്വച്ഛജലംതന്നിലേകുളിച്ചാലും * സജ്ജനനി
ന്ദകൊണ്ടേദുജ്ജനംസന്തോഷിപ്പു സജ്ജനത്തിനുനിന്ദയില്ലദുജ്ജന
ത്തെയും * ക്ഷീരമാംസാദിഭുജിച്ചീടിലുമമേദ്ധ്യത്തെ പാരാതെഭുജിക്കേ
ണംസാരമേയങ്ങൾക്കെല്ലാം * സത്യധമ്മാദിവെടിഞ്ഞീടിനപുരു
ഷനെ ക്രുദ്ധനാംസപ്പത്തേക്കാളേററവുംഭപെടിക്കണം * നാസ്തിക
ന്മാരായുള്ളോർതങ്ങളുമെല്ലാംപുന രാസ്തികന്മാരോപറയേണമെന്നില്ല
യല്ലോ * നാസ്തികന്മാരായുള്ളോരസത്യവാദികളിൽ ആസ്ഥയാവസി
ക്കനുകലിയെന്നറിഞ്ഞാലും * നിമ്മലമനസ്സോടുധമ്മചാരികളാ
യോർ തമ്മോടങ്ങെങ്ങുമടുത്തീടുകയില്ലകലി * മൂർഖനാമവനോടു
പണ്ഡിതൻശുഭാശുഭ മാഖ്യാനംചെയ്താൽമൂർഖനശുഭംഗ്രഹിച്ചീടും
* അന്നവുംപുരീഷവുംകൂടെനൽകീടുന്നാകിൽ തിന്നീടുംപുരീഷത്തെപ
ന്നിയെന്നറിഞ്ഞാലും * നല്ലനായിരിപ്പവൻനല്ലതുഗ്രഹിച്ചീടുംവെള്ള
ത്തെവെടിഞ്ഞുപാലന്നമെന്നതുപോലെ * ദുർജ്ജനംചൊല്ലീടുന്നു
സജ്ജനത്തെയുമെല്ലാം ദുജ്ജനമെന്നതിനിക്കെത്രയും ചിത്രമോത്താൽ
* സജ്ജനമാകുന്നതുതങ്ങളെന്നാക്കീടുന്നു ദുജ്ജനമാകാത്തവരെന്നറി
ഞ്ഞതുമൂലം * ഇത്തരമെന്തിന്നുഞാൻവളരെപ്പറയുന്നു തത്വമായതു
പറഞ്ഞീടുവൻകേൾക്കന്നാകിൽ * ശതകൂപത്തിൽപരംവാപിയൊ
ന്നറിഞ്ഞാലും ശതവാപിയിൽപരംയാഗമൊന്നെന്നുകേൾപ്പൂ * ശത
യാഗത്തില്പരംപുത്രനൊന്നല്ലോനൂനംശതപുത്രരില്പരം സത്യമൊന്നെന്നേ
കേൾപ്പൂ * സഹസ്രമശ്വമേധത്തോടൊരുസത്യംതന്നെ സഹസ്രപ
ത്രോതഭവിൻതൂക്കിപണ്ടെന്നുകേൾപ്പൂ * അന്നേറെത്തൂങ്ങിയതുസത്യമെന്ന
റിഞ്ഞാലും മന്നവ! സത്യത്തെക്കാൾവലുതല്ലൊന്നുമോത്താൽ * സർവ
വേദവുമൊക്കെനിത്യവും ജപിക്കിലും സർവ്വതീർത്ഥങ്ങളിലും നിത്യവും
കുളിക്കിലും * സത്യത്തിൻഫലംസഹസ്രാംശമില്ലറിഞ്ഞാലും സത്യ
ത്തിൽപരമൊരുധർമ്മമില്ലോക്കണംനീ * എന്നതുപോലെതന്നെയുണ്ടു
കൊൾകസത്യവുംമന്നവ! നിന്നോടേറെഞാൻപറഞ്ഞീടേണമോ * എ
ന്നെല്ലാംശകുന്തളപറഞ്ഞോരനന്തരംവിണ്ണിൽ നിന്നശരീരിതന്നുടെവാ
ക്യംകേട്ടു * ഭരിച്ചുകൊൾകതവപുത്രനെവൈകാതെനീ സുരസ്ത്രീസമ
യായകൗശികപുത്രിയോടും * ഭരതനെന്നുനാമമതിനാലനുവാനോർ ധ
ണീപതിയോടുചൊന്നതുകേട്ടമൂലം * കല്യാണഘോഷത്തൊടുംകൈ
ക്കൊണ്ടു ശകുന്തള വല്ലഭനോടുംകൂടിസന്തോഷംപ്രാപിച്ചപ്പോൾ *ഭര
തൻതന്നെനാട്ടിന്നഭിഷേകവുംചെയ്തു പരിപാലിച്ചുരാജ്യംപലനാൾ

ദുഷ്ഷന്തനും * പിന്നെപ്പൊയ്യിന്നിൽപുക്കമേനകയൊഴിച്ചുള്ള വിണ്ണവർനാരിമാരോടൊന്നിച്ചു മരുവിനാൻ *

ഭരതന്റെ രാജ്യഭരണം

തദനു ഭരതനാം ധരണീപതിവീരൻ സദയം പ്രജകളെല്ലാം പരിപാലിച്ചനന്നായ് * ഇന്ദ്രനെപ്പോലെ നൂറുയാഗവും ചെയ്തു ഭൂമിക്കിന്ദ്രനായ് കണ്വമുനിതന്നെയും ഗുരുവാക്കി * പത്മങ്ങളുടെസഹസ്രാത്മദക്ഷിണയും ചെയ്തുല്ലലരിപുകുലകീർത്തിയും വർദ്ധിപ്പിച്ചാൻ * ആത്മജന്മാരെപ്പരസ്ത്രീകളിലുല്ലാദിച്ചാനാത്മാനുരൂപന്മാരല്ലെന്നുകണ്ടുൾത്താപത്താൽ * പിന്നെയുംപലപല യാഗങ്ങൾചെയ്തശേഷം നന്ദനൻഭൂമന്യുവെന്നുണ്ടായാൻപ്രസിദ്ധനായ് * ഭൂമന്യുതനയനായ്വിതഥനുണ്ടായ്വന്നു പ്രമദമാരിൽസുഹോത്രാദികൾനാൽവരുണ്ടായ് * അവരിൽസുഹോത്രനാമഗ്രജനായിരാജ്യം അവനിയന്നുശൈത്യയൂപലക്ഷണയായാൾ * സാഗ്രലോകത്തിൽനല്ലഭൂതലമെന്നാക്കിനാൻ ദുർഗ്ഗവുമുറപ്പിച്ചുജയിച്ചുഭൂലോകവും * ഐക്ഷ്വാകിയായഭാര്യതന്നിലാത്മജന്മാരെ ശ്ലാഘ്യന്മാരായിമൂവർതന്നെയുമുല്ലാദിച്ചാൻ * അജമീഢനുംസദാമീഢനുംപുരമീഢൻ അജമീഢാഖ്യനതിലഗ്രജൻ വാണരാജ്യം * ദാനമാറുമക്കൾമൂന്നുപത്നികൾ പെറ്റിട്ടവരിൽജ്യേഷ്ഠനൃക്ഷൻ വാണിതുപിന്നെരാജ്യം * ഋക്ഷന്റെതനയനായ്സംവരണനുമുണ്ടായ് കൈക്കൊണ്ടാൻതപതിയാംമിത്രപുത്രിയെയവൻ * അംഗാരപർണ്ണോപാഖ്യാനത്തിലൃക്ഷന്റെ കഥ മംഗലമതേ! ജനമേജയ ചൊല്ലീട്ടവൻ * തപതിപെറ്റുണ്ടായികുരുവാന്നരപതി തപസാകുരുക്ഷേത്രം നിർമ്മിച്ചതവനല്ലോ * വിശപാലകന്മാരായഞ്ചുപുത്രന്മാരവന്നാശ്വവാനഭിശ്വാനും പിന്നെവഞ്ചിത്രരഥൻ * ജനരഞ്ജനകരനാകിയമുനിതാനും ജനമേജയൻതാനുമുണ്ടായാരതുകാലം * അവരിലഭിശ്വാനുപുത്രരായെട്ടുപേരുണ്ടവകളെല്ലാവരുംപ്രസിദ്ധഗുണവാന്മാർ * നാമങ്ങൾപരീക്ഷിത്തുംശബലാശ്വനുമദിരാജനും വിരാജനുമഞ്ചാമൻബലാശ്വനും * ആറാമൻചിത്രശ്രവാവേഴാമസ്ധർമ്മകരൻ ജിനപാനെന്നെട്ടാമവൻ ധന്യന്മാരിവരെല്ലാം * അവരിൽപരീക്ഷിത്തിന്നേഴുപുത്രന്മാരുണ്ടായവരി ലഗ്രജന്മാജനമേജയനല്ലോ * കക്ഷസേനനുമുഗ്രസേനനും ചിത്രസേനൻ ഇന്ദ്രസേനനും സുഷേണാഖ്യനും ഭീമസേനൻ * ജനമേജയന്തന്നിയ്ക്കെട്ടുപുത്രന്മാരുണ്ടായ്ധൃതരാഷ്ട്രനും പാണ്ഡുബാൽഹികൻനിഷധനും * അഞ്ചാമൻജാംബൂനദനാറാമൻകുണ്ഡോദരൻ ഏഴാമൻപദാതിയുമെട്ടാമൻവസാദിയും * ധൃതരാഷ്ട്രനുപതിമൂന്നുപുത്രന്മാരുണ്ടായധികം തപോബലമുണ്ടവർക്കെല്ലാവർക്കും * അതിനാൽവിരക്തന്മാരായ്വന്നാരവരെല്ലാം പൃഥിവീപതിഭോഗംതുച്ഛമെന്നുറയ്ക്കയാൽ * അക്കാലംപരീക്ഷിത്തിൻപുത്രരിലവരജൻ വിഖ്യാതൻഭീമസേനൻഭൂപതിയായാനല്ലോ * ഉത്സവംപ്രജകൾക്കുവർദ്ധിച്ചുവരുംവണ്ണം തൽസുതനാകുംപ്രതീപാഖ്യനുമുണ്ടായ്വന്നു * ഭൂവരൻപ്രതീപനുമൂന്നുപുത്രന്മാരുണ്ടായ് ദേവാപിയെന്നുംപിന്നെശ്ശന്തനുബാൽഹികനും * ദേവാപി-

തപസ്സിനുകോപ്പിട്ടാൻചെറിയനേ ദേവസന്നിഭനവൻദീൎഘായുഷ്മതാം
വരൻ * സോമവംശവുംമേലിലവനാലുണ്ടായ്‌വന്നു ഭൂമിപാലകനായിശ്ശ
ന്തനുവാണാനല്ലോ * ഭരതമഹീപതിതന്നുടെഗുണങ്ങളാൽ പറഞ്ഞീ
ട്ടുന്നുലോകർഭാരതമെന്നുതന്നെ *ഭരതാന്വയത്തിങ്കലുണ്ടായരാജാക്കന്മാർ
പെരികെപ്രസിദ്ധന്മാർദേവതുല്യന്മാരല്ലോ * സംഭവപൎവ്വന്തന്നിൽനാ
ല്പതദ്ധ്യായമിപ്പോ ളിമ്പമോടുരചെയ്തേൻകഴിഞ്ഞുശാകുന്തളം *

ശന്തനുവിൻെറ ഉത്ഭവചരിത്രം.

സന്തോഷത്തോടും ചെവിതന്നുകേട്ടീടുന്നാകിൽ ശന്തനുവിൻെറ
ജന്മംസംക്ഷേപിച്ചറിയിക്കാം * വിഖ്യാതഗുണത്തോടുമിക്ഷ്വാകുവംശ
ത്തിങ്കൽമുഖ്യനായ്മഹാഭിഷക്കെന്നൊരു നൃപനുണ്ടായ് * സഹസ്രശത
സംഖ്യമശ്വമേധാദികൊണ്ടുസഹസ്രാക്ഷനെ പ്രസാദിപ്പിച്ചാനവൻ
നന്നായ് * അതിനാൽസ്വൎഗ്ഗത്തിങ്കൽസുഖിച്ചുവസിക്കുന്നാൾ ത്രിദശ
ന്മാരുംമുനിമാരുമായൊരുദിനം * ചതുരാനനൻതന്നെസ്സേവിപ്പാൻ
ചെന്നനേരം ത്രിദശനദിതാനുമവിടേയ്ക്കെഴുന്നള്ളി * മന്ദാക്ഷഭാവ
ത്തോടുംസുന്ദരിമന്ദാകിനി മന്ദമായ്‌വരുന്നേരം മന്ദമാരുതനപ്പോൾ *
അംബരംകളഞ്ഞതു കണ്ടവാങ്മുഖന്മാരായംബരചാരിജനമിരുന്നോരു
തുനേരം * അംബരരഹിതയാമംബരനദിതന്നെ ശംബരരിപുവശനാ
യ്മഹാഭിഷഗ്ഭൂപൻ * കുതുകംപൂണ്ടുശങ്കകൂടാതെനോക്കിക്കണ്ടാൻ
ചതുരാനനനതാനുമന്നേരമരുൾചെയ്തു * മൎത്ത്യനായ്പിറന്നുനീമോഹ
പൂരാക്കെത്തീന്നാൽ സത്യലോകാദികളിൽസഞ്ചരിച്ചീടാമെന്നും * ധാ
താവിൻശാപംപരിഗ്രഹിച്ചുനരപതി ഭൂതലംതന്നിൽ പിറന്നീടുവാനാ
രംഭിച്ചു *

ഗംഗാദേവി മാതാവാകണമെന്നു വസുക്കളുടെ അപേക്ഷ.

അക്കാലംധരാദികളാകിയവസുക്കളെ ദുഃഖിതന്മാരായ്ക്കണ്ടുചോദി
ച്ചുഗംഗാദേവി * എത്രയുംമഹത്വമേറീടിനനിങ്ങളെല്ലാം നിസ്തേജ
ന്മാരായ്‌വന്നതെന്തിപ്പോൾവസുക്കളേ! * ചൊല്ലുവിൻപരമാൎത്ഥമെ
ന്നതുകേട്ടനേരംചൊല്ലിനാർവസിഷ്ഠശാപത്തിൻകാരണമെല്ലാം * മാ
നുഷസ്ത്രീകളുടെഗൎഭപാത്രത്തിൽപൂവാൻ മാനസത്തിങ്കൽമടിയുണ്ടുഞങ്ങ
ൾക്കപാരം * മാനുഷിയായിട്ടുനീഞങ്ങൾക്കുശാപംതീൎപ്പാൻ മാനസ
ത്തിങ്കൽകൃപയുണ്ടാകവേണംനാഥേ! * മാതാവായ്ചമയേണംഞങ്ങൾ
ക്കെന്നപേക്ഷിച്ചോ രാദിതേയോത്തമന്മാരോടുഗംഗയുംചൊന്നാൾ *
മാനുഷന്മാരിൽനിങ്ങളേവനുസുതന്മാരായ് ദീനമെന്നിയേപിറന്നീടു
വാൻനിരൂപിച്ചു * ശന്തനുവാകുംപ്രതീപാത്മജക്ഷിതിപതിസന്തതി
യാവാൻഞങ്ങളോൎത്തിരിക്കുന്നിതിപ്പോൾ * നിന്തിരുവടിതന്നെക്കാമിച്ചു
മഹാഭിഷക് ചന്ദ്രവംശാധിപതിശന്തനുവായതിപ്പോൾ * എങ്കിലങ്ങ
നെയാകെന്നരുളിച്ചെയ്തുഗംഗാ ശങ്കിച്ചുവസുക്കൾചൊല്ലീടിനാരതുനേ
രം *ജാതമാത്രന്മാരാകുംഞങ്ങളെയെല്ലാംതവ സ്രോതസിപ്രക്ഷേപണം
ചെയ്യണംമടിയാതെ * മാനുഷഭാവംപൂണ്ടുചിരനാളവനിയിൽ മാനസ

താപംപൂണ്ടുവാഴുവാനരുതയ്യോ * ഗംഗയുമതുകേട്ടുചൊല്ലിനാൾവസു
ക്കളോടങ്ങനെചെയ്വൻഞാനൊന്നിങ്ങളുണ്ടൊന്നുവേണ്ടു * പുത്രാൎത്ഥമായ
കൎമ്മംവ്യൎത്ഥമായ്വരായ്വതിന്നത്ര മനുപനൊരുപുത്രനെവിധിക്കണം * അ
തിനുഞങ്ങളുടെവീൎയ്യത്തിൽതുരീയാംശം സുതസംഭവത്തിനുവെവ്വേറെന
ല്കാമല്ലോ * ശന്തനുനൃപനൊരുസന്തതിയുണ്ടാമെന്നാൽ സന്തതിശന്ത
നുജനുണ്ടാകയില്ലതാനും * ഇങ്ങിനെസമയംചെയ്തീടിനാർവസുക്കളും
ഗംഗയുംയഥാകാമംഗമിച്ചാളതുകാലം * ചൊല്ലെഴുംപ്രതീപനായീടിന
രാജൎഷിയാം കല്യാണരൂപശീലമുള്ളവൻഗംഗാതീരേ * ചെന്നിരുന്നി
തുപുനരദ്ധ്യയനാൎത്ഥമപ്പോൾ സപദിനൃപനുടെവലത്തെത്തുടതന്മേൽ
* സംഗമോടിരുന്നിതുസുന്ദരരൂപത്തോടെ ശൃംഗാരയോനിപരദേവത
യെന്നപോലെ * അന്നേരംപ്രതീപനുംചൊല്ലിനാനെന്തുനിനക്കെ
ന്നാൽവേണ്ടുന്നതെന്നുകേട്ടുഗംഗയുംചൊന്നാൾ * നിന്നെക്കാമിച്ചുവ
ന്നോരെന്നെനീഭജിക്കണം എന്നല്ലോവേദത്തിലുംവിധിയെന്നറിയേ
ണം * കാമിച്ചനാരിതന്നെത്യാഗംചെയ്തിട്ടുന്നവർ കാമിച്ചതൊന്നുംവ
രാനരകംവരുംതാനും * അന്നേരംപ്രതീപനുംഗംഗയോടുരചെയ്തു പു
ണ്യപാപങ്ങളുടെസൂക്ഷ്മാലോകനത്തൊടും * കാമാൎത്ഥംമിഥുനകൎമ്മ
ങ്ങൾചെയ്കയുമില്ല കാമിനിപുനരസവൎണ്ണയുമരുതല്ലോ * വലത്തെത്തു
ടതന്മേലിരിക്കനിമിത്തമായ് ഫലിക്കയില്ലമനോരഥമെന്നറികതേ *
അപത്യസ്നുഷാദികൾക്കെന്നിയേഭാൎയ്യതനിക്കബലമധിവസ്ഥംദക്ഷി
ണോരുസംഗമെന്നാൽ * എന്നുടെതനയനുഭാൎയ്യയായ്വരുവതിന്നി
ഹയോഗ്യതാനുമെന്നതുകേട്ടുഗംഗാ * ചൊല്ലിനാളിത്രശാന്തനാകി
യനിന്മകനു വല്ലഭയാകാംഞാനെന്നുടനേമറഞ്ഞപ്പോൾ * സന്തുഷ്ടൻ
പ്രതീപനുംസന്തതംകൎമ്മംചെയ്തു സന്തതിലഭിച്ചിതുശന്തനുനാമത്തൊ
ടും * പുത്രമിത്രാൎത്ഥകളത്രാദിസമ്പത്തിയോടുമൈത്രയും കീൎത്തിയോടെ
വസിച്ചാൻപ്രതീപനും * ഇങ്ങിനെകൃതത്രേതദ്വാപരയുഗങ്ങളിൽ
മംഗലംവളൎത്തീടുംധാൎമ്മികന്മാരായ്യുവും * സോമവംശോത്ഭവന്മാ
രാകിയരാജാക്കന്മാർ ഭൂമിയെവഴിപോലെപരിപാലിച്ചുമുന്നം * ചൊ
ല്ലെഴുംപുരൂരവാവാദിയായുള്ളമന്നോരെല്ലാരുംകഴിഞ്ഞഥ ശന്തനുവെന്ന
വീരൻ * ആഴികൾചൂഴുമൂഴിക്കേകനായകനായിവാഴുന്നകാലത്തിങ്കലവി
ടെയൊരുദിനം * ഭംഗിതേടീടുന്നൊരുമംഗലരൂപത്തോടെഗംഗയുമൊ
രുവാരസുന്ദരിയായിവന്നാൾ * മന്നവൻമോഹംകൈക്കൊണ്ടന്നേരമ
വൾതന്നോടെന്നുടെവല്ലഭയായിവിടെയിരിക്കെന്നാൻ * ബാലികാ
കുലശിരോമാലികതാനുമനുകൂലതയോടുഭൂമിപാലനോടുരചെയ്തു * അ
പ്രിയംപറയുന്നാളപ്പൊഴേ പോവൻഞാനെന്നപ്പുരികുഴലാളുമപ്പൊഴേ
ചൊന്നനേരം * അപ്രിയംപറയുന്നീലെപ്പൊഴുംമടിയാതെ മൽപ്രിയം
വരുത്തുകെന്നപൃഥിവീശൻചൊന്നാൻ * അപ്പൊഴുതനുവദിച്ചപ്പുരികു
ഴലാളു മപ്പുരുഷാധിപനോടപ്പുരിതന്നിൽവാണാൾ * ഉൾപ്പൂവിൽ
വളൎന്നെഴുംവിഭ്രമത്തോടുംകൂടി പുഷ്പബാണാൎത്തിപൂണ്ടുപുളച്ചുകളിക്ക
ന്നാൾ * അപ്പുരംതന്നിലുള്ളോൎക്കത്ഭുതംവരുമാറു ഗൎവ്വുമുല്ലാദിച്ചോര

ർക്കനുണ്ടായ്വന്നു * ഉണ്ടായൊരുപൈതൽതന്നെക്കണ്ടുകൂട്ടുന്നനേരം കണ്ടവ ർക്കിണ്ടലുണ്ടാമാറുമാതാവുതന്നെ കണ്ഠത്തെപ്പിരിച്ചുകൊന്നീടിനാളെ ന്നേവണ്ടു കണ്ടുഭൂപാലന്താനുംമിണ്ടീതില്ലെള്ളുമൊന്നും * കണ്ടിവാർ കുഴലിയിലുള്ളൊരുരാഗംകൊണ്ടും പണ്ടുതാൻപറഞ്ഞതിനാന്തരംവരാ യ്വാനും * ഇങ്ങിനെകൊന്നാളവൾ ബാലന്മാരേഴുപേരെ തിങ്ങിനകാ ന്തിയോടുമുണ്ടായിട്ടെട്ടാമത്തും * അക്കുമാരനെയവൾകൊല്ലുവാനോ ങ്ങുന്നേരം മക്കൾക്കുസമമായതേജസ്സുകാൺകയാലെ * സുഭ്രൂവായുള്ളബാ ലേവിപ്രിയമെന്നാകിലു മൽകൻതന്നെവധിച്ചീടരുതെന്നുനൃപൻ * അ ന്നേരംഗംഗാദേവിതന്നുടെപരമാത്ഥ മൊന്നൊഴിയാതെനൃപൻതന്നോ ടുചൊല്ലീടിനാൾ.

വസുക്കളുടെ ശാപകാരണവൃത്താന്തം.

ജഹ്നുസുതാമന്ദാകിനിഞാനെടോ ഹൈമവതിവന്നുമത്രദേവ കാര്യാത്ഥസിദ്ധ്യത്ഥമായ് * ആപവമുനിവരൻശാപത്താൽവസു ക്കളുംഭൂപതേ!തവസുതന്മാരായുത്ഭവിച്ചിതു * യമുനാപുത്രൻവരു ണാത്മജൻവസിഷ്ഠനാമമിതതപോബലമെഴുമാപവൻമുന്നം * കന കാചലപാശ്ശ്വവിപിനമനോഹരേ മുനിനിജ്ജരയക്ഷഗന്ധവ്വനി ഷേവിതേ * ശോഭനേമായുള്ളൊരുപണ്ണശാലയുംതീത്തു താപസനനു ദിനംതപസാവാഴുംകാലം * ദക്ഷനന്ദനയായസുരഭിതന്നെയനു മുഖ്യനാമാപവനുകൊടുത്തുകാശ്യപനും * യാമുനനായമുനിശ്രേ ഷ്ഠനാശ്രമമതിൽഹോമധേനുവിനോടുംവാഴുന്നകാലത്തിങ്കൽ * ഹേ മശൈലേന്ദ്രപ്രസ്ഥേവസുക്കളൊരുദിനം കാമിനീജനത്തോടുംക്രീഡിച്ചു നടക്കുമ്പോൾ * കാനനേവീതഭയംസഞ്ചരിച്ചീടുന്നേരം കാണായി മുനിശ്രേഷ്ഠൻതന്നുടെപശുവിനെ * തൽക്ഷണേധരപ്രമുഖന്മാരാംവ സുക്കളും ലക്ഷണയുക്തയായധേനുതൻഗുണങ്ങളാൽ * വിസ്മിതചി ത്തന്മാരായ്ത്തത്രനിന്നീടുന്നേരം സസ്മിതംചൊല്ലീടിനാൾതല്ക്കനിഷ്ഠാ ത്മേശ്വരി * ഭത്താവേ!കണ്ടീലയോമുഗ്ദ്ധയാംപശുവിനെ മത്ത്യലോ കത്തിന്നിവൾയുക്തയല്ലെന്നുതോന്നും * ഗോവിനെക്കണ്ടനേരം ദ്യോവിനോടാശകൈക്കൊണ്ടീവണ്ണംപറഞ്ഞവളോടുടൻദ്യോവുംചൊ ന്നാൻ * കാമിനീകുലമൌലിമാലികേ!കേട്ടാലുംനീ യാമുനമുനി യുടെഹോമഗോവിതുനൂനം * തപോവനമിദംസത്യലോകത്തി നൊക്കും ചിത്തമോഹനങ്ങളാംചിത്രങ്ങൾകണ്ടീലേനീ? * ഇപ്പശു ക്ഷീരംപാനംചെയ്തീടുംജനങ്ങൾക്കു പിന്നീടൊരാപത്തുകളുണ്ടാകയില്ല നാഥേ! *ക്ഷുല്പിപാസാധിവ്യാധിമരണജരാനരാ ദ്യുല്പത്തിയുണ്ടാംപതി നായിരത്താണ്ടേക്കില്ല * ദേവിയുംദ്യോവിൻവാക്യമീവണ്ണംകേട്ട നേരം ഭാവസമ്മോദത്തോടുഭത്താവിനോടുചൊന്നാൾ * മാനുഷ ലോകത്തിങ്കലുണ്ടിനിക്കൊരുസഖി മാനിയാമുശീനരഭൂപതിതന്റെ മകൾ * മാനുഷികളിൽവച്ചുമതസഖിതപംകൊണ്ടൊരു മാനിനീജ രാരോഗഹീനയായ്വത്തിക്കണം * മഹത്സംഗമംകൊണ്ടുകിം ഫലമല്ലയായ്കിൽ മഹതാംഭവാന്മാക്കുംഭവിക്കമതുമൂലം * കൊ

ണ്ടുപോകണമതുകാരണംപശ്ശുവിനെ കുഞ്ഞതക്കൂടാതെകണ്ടില്ലസംശയ
മേതും * മൽപ്രിയമിതില്പരംമറെറാന്നില്ലറിഞ്ഞാലും മൽപ്രാണേശ്വ
ര!വെടിയായ്കമാമിതുമൂലം * ഇത്തരംകളത്രത്തിൻവാക്കുകേട്ടുടനേരം
സത്വരംധരാദ്യന്മാരാകുംഭ്രാതാക്കളോടും * ഗോവിനെക്കയററിട്ടു
പിടിച്ചുനടന്നിട്ടു ദ്യോവിനെമുന്നിട്ടുപോയീടിനാർവസുക്കളും * വാരു
ണിഫലങ്ങളും കൊണ്ടുവന്നീടിനാനന്നേരമാശ്രമഭുവികണ്ടീലപശ്ശുവി
നെ * കണ്ടിതുദിവ്യദൃശാപശ്ശുവൃത്താന്തമപ്പോൾ പണ്ഡിതൻവസിഷ്ഠ
നംശപിച്ചുവസുക്കളെ * മാനുഷയോനൗജനിച്ചീടുവിൻനിങ്ങളെന്നു
മാനസകോപത്തോടെശപിച്ചതറിഞ്ഞപ്പോൾ * ആശ്രമത്തിങ്കൽവീ
ണ്ടുംവന്നുടൻവസുക്കള മാശ്രയമില്ലമറെറന്നെൺപരുംകാല്ക്കൽവീണാർ
* ഓരോവത്സരംകൊണ്ടുശാപമിതേഴുപേർക്കുംതീരുകനിങ്ങൾക്കിനിദ്യോ
വിനുമനുഷ്യനായ് * വാസമുണ്ടല്ലോചിരകാലമിതറികെന്നും വാസന
നാരിമാരിലുണ്ടാകയില്ലതാനും * കളത്രവാക്യമനുസരിക്കുംജനത്തിനു
കളത്രമുണ്ടാകാതെയിരിക്കതന്നേനല്ലൂ * വസിഷ്ഠശാപമനുഭവിപ്പാനെ
ന്നെവന്നു വസുക്കൾസേവിച്ചതുകാരണംഞാനുമിഹ * വസിച്ചുസാ
ദ്ധ്യംതപയാനന്ദനനിവൻവിഭാവസു ജ്യോതിഷ്മാൻബ്രഹ്മചാരിനാമഗ്രേ
സരൻ * ബാലകന്മാരെക്കൊൾവാൻകാരണമിതു ഭൂമിപാലക!ചിര
കാലാകുശലംഭവിക്കതേ * എങ്കിൽഞാൻകൊണ്ടുപോയിവിദ്യയുംപ
ഠിപ്പിച്ചു സങ്കടംതീർത്തുവളർത്താശുനല്കുവനെന്നാൾ * ഉമ്പരിൽമുമ്പു
തേടുംവസുക്കൾശാപംതീർപ്പാനമ്പോടുവന്നതിന്റെ പരമാർത്ഥവുംചൊ
ല്ലി * മറഞ്ഞുഗംഗാദേവിനരവീരനുമുള്ളിൽ നിറഞ്ഞുപരിതാപംവി
രഹവ്യാധികൊണ്ടു * പറഞ്ഞവണ്ണംതന്നെഗംഗയുംകുമാരനെ പറ
ഞ്ഞുകൂടാതോളംവിദ്യയുംപഠിപ്പിച്ചു * നിറഞ്ഞതണ്ടൊഴുകീടുംജാഹ്നവീ
തീരത്തിങ്കൽ ചൊരിഞ്ഞകണ്ണീരോടുംകൊണ്ടുവന്നാക്കീടിനാൾ * പി
രിഞ്ഞുകളഞ്ഞതന്നെപ്പോകരുതെന്നപോലെ തിരിഞ്ഞുതുണിതന്നിൽനി
ന്നുടനെട്ടുരത്തോരോ * ശരങ്ങൾകൊണ്ടുപുഴനടുവേചിറകെട്ടി നിറഞ്ഞ
യൗവനവുംകലന്നുനിൽക്കുന്നേരം * തിരഞ്ഞുമൃഗങ്ങൾതൻവഴിയേ
ശന്തനുവും വരുന്നനേരംഭാഗീരഥിയെക്കാണായ്കുന്നു * കുറഞ്ഞജല
ത്തോടുംമന്ദസ്യന്ദതയോടും തിരഞ്ഞാനതിൻമൂലമന്നേരംകണ്ടുനൃപൻ *
പുരങ്ങളെരിച്ചവൻനിന്നരുളുന്നപോലെ പിറന്നനേരംകണ്ടനന്ദനൻ
തന്നെയന്നു * ശരങ്ങളോടുവില്ലുംപൂർണ്ണയൗവനവും കണ്ടറിഞ്ഞതില്ല
യല്ലോശന്തനുനന്ദനനെ * മറഞ്ഞുകളഞ്ഞിതുതാതനെമോഹിപ്പി
പ്പാൻ കുറഞ്ഞൊന്നുള്ളിൽ ശങ്കശന്തനുവിന്നുമുണ്ടായ് * വിരഞ്ഞുവെ
ളിച്ചത്തുകാട്ടണംഗംഗാദേവി ചിരംഞാനപേക്ഷിക്കുംപുത്രനെഭക്തപ്രി
യേ! * നിറഞ്ഞരൂപത്തോടുംപ്രത്യക്ഷീകരിച്ചുടൻ പറഞ്ഞുഗംഗാദേ
വിനിന്നുടെപുത്രനിവൻ * കുറഞ്ഞൊന്നല്ലയല്ലോഗുണങ്ങളിവനുള്ളു
പിരിഞ്ഞീടാതെനിത്യമരികെവച്ചുകൊൾക * മറഞ്ഞുപോകുംതവശ
ത്രുക്കളെല്ലാമെന്നു പറഞ്ഞുഗംഗാദേവിമറഞ്ഞുനൃപേന്ദ്രനും * കുറഞ്ഞു
പരിതാപംതന്നുടെതനയനു പറഞ്ഞുകൂടാതോളംഗുണങ്ങൾകാൺകയാ

ലെ * ചൊല്ലെഴുംഗംഗാദത്തനാകിയസുതനൊടു മല്ലലുമകന്നുടനരചനിരിക്കുന്നാൾ *

സത്യവതീപരിണയം

അമിതപരാക്രമമുടയപടയോടും യമുനാതീരത്തിങ്കൽവനത്തിൽ നായാട്ടിനായ് * മത്തവാരണഹയപത്തികളോടുംചേർന്ന ചിത്തകൌതുകത്തോടുംവിളയാടുന്നനേരം * ഏത്രയും മനോജ്ഞമായ്ചിത്രമായിരിപ്പൊരു കസ്തൂരിഗന്ധത്തിന്റെ കാരണമന്വേഷിച്ചു * നടക്കുംനേരത്തിങ്കലടുത്തുകണ്ടാനൊരു മടുത്തുകിനമൊഴിമാർകുലരത്നംതന്നെ * ദേഹത്തിൻഗുണംകണ്ടുംലാവണ്യപൂരംകണ്ടും മോഹിച്ചുനരപതികന്യകയോടുചൊന്നാൻ * ഒരുയോജനവഴിപരന്നീടുന്നുനിന്റെ തിരുമെയ്പരിമളംകസ്തൂരിഗന്ധംപോലെ * നേരേനീപറയണമാരെന്നുകേട്ടനേരം ചാരുതകലർന്നൊരുനാരിയുമുരചെയ്തു * ഇത്തോണികടത്തുന്നകൈവർത്തവീരൻതന്റെ പുത്രിഞാൻതോണികടത്തീടുവാനവൻചൊല്ലാൽ * എപ്പോഴുമിരിപ്പിനിക്കിപ്പുഴക്കരെയെന്നു ചെപ്പലുംമുലയാളുമപ്പൊഴേയുരചെയ്താൾ * മന്നവനതുകേട്ടുദാശനെച്ചെന്നുകണ്ടു കന്യകതന്നെമമനൽകണമെന്നുചൊന്നാൻ * എന്നുടെമകൾപെറ്റുണ്ടാകുന്നതനയനെ മന്നവനാക്കിവാഴിച്ചീടാമെന്നൊരു സത്യം * എന്നോടുചെയ്കിൽനല്കാമിന്നേകന്യകതന്നെ എന്നുടെഗംഗാദത്തനിങ്ങനെയിരിക്കുന്നോ * ഉന്നരാജ്യമെല്ലാമെങ്ങിനെകൊടുപ്പൂഞാൻ എന്നുള്ളചിന്തയോടെമന്നവൻപുരിപുക്കാൻ * അന്നുതൊട്ടരചനുംമാരമാൽമുഴുക്കയാലന്നവുംനറുംപാലുമൊന്നുമേവേണ്ടീതില്ല * ഗംഗയിൽമുഴുകിയമംഗലചിത്തംചെന്നു സംഗിച്ചുമുഴുകീതുധീവരനാരിതന്നിൽ * രോഗമെത്രയുംപാരംഭൂമീന്ദ്രനെന്നു നാനാനഗരജനങ്ങളുംപറഞ്ഞുതുടങ്ങിനാർ * അന്നതുകണ്ടുഗംഗാദത്തനായുള്ളപുത്രൻ മന്നവൻതന്നെത്തൊഴുതീവണ്ണമുണർത്തിച്ചാൻ * അച്ഛനെന്തൊരുതാപമുള്ളിലെന്നറിയണം നിശ്ചയംപണ്ടേപ്പോലെയല്ലകാണുന്നതിപ്പോൾ * അന്നേരമരചനുംമകനോടുരചെയ്താൻ എന്നുടെതാപത്തിന്റെ കാരണംചൊല്ലാമെങ്കിൽ * ഉണ്ണീനീയൊരുമകൻതന്നെയിന്നിനിക്കുള്ളു നിന്നുടെവഴിയേമറ്റൊന്നിനെക്കാണായ്കയാൽ * എന്നുള്ളിൽപരിതാപമേറുന്നുനാളിൽനാളിൽ മുന്നമേശാസ്ത്രങ്ങളിൽകേട്ടുഞാനിരിക്കുന്നു * ഏകപുത്രതാമപുത്രതാമൊടൊക്കുമല്ലോ ഭാഗധേയവുമറിയാവതല്ലൊരുവർക്കും * എന്നുള്ളപിതാവിന്റെവാക്കുകൾകേട്ടശേഷം തന്നുള്ളിൽനിരൂപിച്ചുകല്പിച്ചുഗംഗാദത്തൻ * താതന്റെസൂതനോടുചോദിച്ചുധരിച്ചിതു താതനുണ്ടായവിഷമങ്ങളുംവിശേഷവും * സന്യാസംചെയ്തുദാശൻതന്നെയുംബോധിപ്പിച്ചു കന്യകതന്നെക്കൊണ്ടുവന്നുതാതനുനൽകി * പുഷ്പങ്ങൾവരിഷിച്ചാരപ്പൊഴുതമരരു മത്ഭുതംകണ്ടുഭീഷ്മരെന്നൊരുപേരുമിട്ടാർ * ബ്രഹ്മജ്ഞനായഭീഷ്മരതുകാരണം നിത്യബ്രഹ്മചാരികളിൽവച്ചുത്തമനായാനല്ലോ * ശന്തനുസത്യവതിതന്നോടുകൂടെച്ചേർന്നു സന്താപമകന്നുള്ളിൽസന്തോഷത്തോടെവാണാൻ * സന്തതംരാജ്യംപരിപാലനം

ചെയ്തതാത നന്തരാനന്ദംവളൎത്തീടിനാൻഗംഗാദത്തൻ * കണ്ടകകുലാന്തകനായശന്തനുവീരൻ കണ്ടകാവുകൾതോറുംഹൎമ്മ്യഗേഹങ്ങൾതോറും * കണ്ടിവാർകുഴലിയാംകാളിതന്നോടുംചേൎന്നു തണ്ടലർബാണോത്സവംകൊണ്ടാനന്ദിക്കുംകാലം * ഉണ്ടായിചിത്രാംഗദനാകിയതനയനും രണ്ടാമതുണ്ടായ്വന്നുവിചിത്രവീൎയ്യൻതാനും * ഉണ്ടായിസന്തോഷവുംഭൂപാലാദികൾക്കെല്ലാമിണ്ടലുംതീൎന്നുസൌഖ്യംപ്രാപിച്ചാരവരെല്ലാം * ബാലന്മാർവളരുന്നകാലംവന്നീടുംമുമ്പെ കാലധൎമ്മത്തെപ്രാപിച്ചീടിനാനരചനും * മെയ്യുക്കപെരുകിയഭീഷ്മരുമതുകാലം ചെയ്യിച്ചുശേഷക്രിയബാലകന്മാരെക്കൊണ്ടു * വയ്യവനോടുനേരാംമാമുനിമാരെക്കൊണ്ടു ചെയ്യിച്ചാനവർകളിലഗ്രജനഭിഷേകം * നല്ലനാംഭീഷ്മരമരാസുരയുദ്ധത്തിന്നായ് സ്വർല്ലോകത്തിങ്കൽവാഴുന്നാളവസരംകണ്ടു * ചൊല്ലെഴുംചിത്രാംഗദനായഗന്ധൎവ്വൻവന്നു ചൊല്ലിനാൻചിത്രാംഗദനാകിയനൃപനോടു * പേരുനീമാറിയിട്ടുകൊള്ളണമല്ലയാകിൽ പോരിനുപുറപ്പെട്ടുകേളുമേമടിയാതെ * അപ്പോഴേപുറപ്പെട്ടുകെല്പോടുയുദ്ധംചെയ്താനത്ഭുതംവരുമാറുമൂവാണ്ടെയ്യോരുപോലെ * ഹിരണ്യതീരസ്ഥന്മാരായവീരന്മാരുടെ ശരങ്ങൾകൊണ്ടുതന്നെമറഞ്ഞുദിക്കുകളും * പരന്നഹിരണ്വതിയാകിയനദീതീരേ നിരന്നകുരുക്ഷേത്രത്തിങ്കൽനിന്നുണ്ടായൊരു * യുദ്ധവൈചിത്ര്യംകണ്ടുനിന്നൊരുജനമെല്ലാം ചിത്രമെത്രയുംയുദ്ധമെന്നുകൊണ്ടാടീടിനാർ * വീൎയ്യസ്വൎഗ്ഗത്തെപ്രാപിച്ചീടിനാൻനരപതി വീൎയ്യത്തിൽസ്വൎഗ്ഗംപ്രാപിച്ചീടിനാൻഗന്ധൎവ്വനും *

അംബോപാഖ്യാനം.

അക്കാലമസുരരെജ്ജയിച്ചുസുരന്മാൎക്കു ദുഃഖവുംതീൎത്തുരാജ്യംപുക്കിത്തുഗംഗാദത്തൻ * ബാലനായീടുന്നൊരുവിചിത്രവീൎയ്യൻതന്നെ കാലംവൈകാതെവാഴിച്ചീടിനാൻഭീഷ്മർപിന്നെ * വിചിത്രവീൎയ്യാഗ്രജൻമരിച്ചോരനന്തരം വിചിത്രവീൎയ്യൻദിക്കുജയിച്ചുവാഴുംകാലം * ബാലികയാകുമംബതാനുമംബികയുമംബാലികതാനുമെന്നുമൂന്നുപുത്രികളുണ്ടു * കാശിരാജാവിന്നവർകാന്തിയെക്കാണുന്നാകിൽ ലാശയാമെല്ലാവൎക്കുമെന്നുകേട്ടിരിക്കുന്നാൾ * കല്യാണമുണ്ടെന്നൊരുവാൎത്തകേട്ടുനുഭീഷ്മരുല്ലാസത്തോടുതേരിലേറിനാൻവില്ലുമായി * കൂടലർകുലകാലനാകിയഗംഗാദത്തൻകൂടിയനൃപന്മാരെയൊക്കവേജയിച്ചിട്ടു * മുഗ്ദ്ധമാരോടുംകൂടിഹസ്തിനപുരംപുക്കാൻ ക്രുദ്ധനായണഞ്ഞൊരുസാല്വനംനാണംകെട്ടാൻ * വത്സനെക്കൊണ്ടുവേൾപ്പിപ്പാനാശു തുനിഞ്ഞപ്പോൾമത്സരമുള്ളില്ലുള്ളോരംബയുമുരചെയ്താൾ * സാല്വനുകൊടുപ്പാനായെന്നെക്കല്പിച്ചുതാതൻ സാല്വനുമെന്നെത്തന്നെകരുതിയിരിക്കുന്നു * മറ്റൊരുവനെയിനികൈക്കൊണ്ടാലിനിക്കുള്ളിൽ കുറ്റമുണ്ടെന്നുചൊന്നോരവളെയയച്ചുടൻ * അംബികതന്നെയുമംബാലികതന്നെയുംകൂടംബുധിപതീപുത്രൻതന്നുടെനിയോഗത്താൽ * വിചിത്രവീൎയ്യൻവേട്ടുസുഖിച്ചുമരുവിനാൻ വിചിത്രമത്രേപോയോരംബതൻവാൎത്തകേട്ടാൽ * ചെന്നുസാല്വനെക്കണ്ടാളവനുമുപേക്ഷിച്ചാൻ വന്നുഭീഷ്മരെക്കണ്ടുചേപറഞ്ഞിതുപിന്നെ

* ആറോട്ടുസമമൊഴുകീടുന്നകണ്ണീരോട്ടുമാറുവത്സരംവാണാളാറുതന്മക
ൻപിമ്പെ * ആറാതൊരുൾച്ചൂടോടെനടന്നാൾപിന്നെപ്പോയീരാറാ
ണ്ടു തപസ്സുചെയ്തീടിനാൾവഴിപോലെ * നീഹാരാചലപാർശ്വേനി
മ്മലദേശത്തെളി ഞ്ഞാഹാരാദികളെയുംവെടിഞ്ഞുദിനംപ്രതി * ബാ
ഹൂദാനദീതീരേമരുവീടിനകാലം ബാഹൂലേയനുമൊരുമാലയെനൽകീ
ടിനാൻ * ബാഹുജന്മാരിലേവൻമാലയെധരിക്കുന്ന താഹവേകൊല്ലാ
യ്യുരുംഭീഷ്മരെയവനെടോ! * ഈവണ്ണംവരംനൽകിമാലയുംകൊടുത്തുടൻ
പാവ്തീസുതൻമറഞ്ഞീടിനോരനന്തരം * ഓരോരോരാജ്യംതോറുംനട
ന്നാൾമാലയുമാ യാരുമെകൈക്കൊള്ളാഞ്ഞാർഭീഷ്മരെപ്പേടിച്ചേവം *
അഞ്ചുവത്സരംകഴിഞ്ഞീടിനോരനന്തര മഞ്ചാരതപാഞ്ചാലമാംനഗര
മകംപുക്കാൾ * സോമകൻതന്നോടവൾവൃത്താന്തമൊക്കെച്ചൊന്നാൾ
ഭൂമിപാലകൻതാനുമാദരിച്ചീലയേതും *ദ്രുപദപുരദ്വാരിമാലയുംനിക്ഷേ
പിച്ചു സപദിനടകൊണ്ടാളംബയുമത്രനേരം * വിജ്ഞാനജ്ഞാനബല
വീര്യാദിഗുണംതേടും യജ്ഞസേനനുമവൾപിന്നാലെചെന്നുചൊന്നാൻ
* മാലനീക്കൂടക്കൊണ്ടുപൊയ്ക്കോൾകവേണമൊരുമൂലമെന്തിവിടെവച്ചീ
ട്ടുവാനിതുകാലം *ബാലേ!നിൻമനോരഥമിതിനാൽവന്നുകൂടാ കാലനും
പേടിക്കേണംഭീഷ്മരെമനോഹരെ! * സോമകവാക്യമനാദൃത്യമാലയുംത
ത്രകാമിനീനിക്ഷേപിച്ചുവേഗത്തിൽനടകൊണ്ടാൾ* മാലയെപ്പാലിച്ചി
തുഭൂപതിചിരകാലം ബാലികശിഖണ്ഡിനിയാകിയരാജപുത്രി * മൌ
ലൌചേർത്തിതുതാൻതാനറിയാതെയപ്പോൾ ഭൂലോകപതിയുമപേക്ഷി
ച്ചിതുഭീഷ്മർഭയാൽ *ജനകത്യക്തയായോരവളുമൃചികനെകനിവിനോടു
കണ്ടുസേവിച്ചാൾഭൂദേവനും * ചൊല്ലിനാൻഗംഗാദ്വാരേചെന്നുനീ
സേവിക്കണം ചൊല്ലെഴുംഗന്ധർവ്വേശനായതുംബുരുവിനെ * നല്ലതുവ
രുത്തീടുംനിനക്കിന്നവൻതന്നെ കല്യാണശീലേഞാനും തുണച്ചീടുവന
ല്ലോ * ഭൂദേവൻപറഞ്ഞതുകേട്ടവൾഗംഗാദ്വാരേ സാദരംചെന്നനേര
മവിടെക്കാണായ്വന്നു* ഗന്ധർവ്വപ്രവരന്മാരിരുവർകിടക്കുന്നതന്തികേകണ്ട
നേരമൊരുത്തൻചൊന്നാനതിൽ * എന്നുടെപുല്ലിംഗംഞാൻനിനക്കുത
ന്നീടുവൻ നിന്നുടെസ്ത്രീലിംഗംനീയിനിക്കുതന്നീടണം * അന്യോന്യം
ലിംഗവിനിമയം ചെയ്തിരുവരുമന്നതൊട്ടവളൊരുപുരുഷനായുംവന്നു *
യാജ്ഞസേനിയു മഥശിഖണ്ഡിയായാനല്ലോ പ്രാജ്ഞനാമവൻദിവ്യാ
സ്ത്രങ്ങളുംപാഠംചെയ്താൻ * തന്നുടെരാജ്യംപുക്കുജനകൻതന്നെക്കുപ്പി നി
ന്നിതുശിഖണ്ഡിയും വൃത്താന്തമറിയിച്ചാൻ * പേടിക്കവേണ്ടാഭീഷ്മർത
ന്നെനാമിനിയെന്നു ഗാഢകൌതുകംപൂണ്ടുവസിച്ചാരവർകളും * അന്ത
രാചന്തീരാണ്ടുകൊണ്ടവൾമനോരഥം സന്ധിക്കുമെന്നുചിന്തിച്ചാത്മ
നായതാത്തൊടും * പരശുരാമൻതന്നെസ്സേവിച്ചു ഭീഷ്മർതന്നോടിരുപ
ത്തെട്ടുദിനംയുദ്ധംചെയ്തിതുരാമൻ * അരുതുജയിപ്പതിനിവനെയൊന്നു
കൊണ്ടും വരിക്കയില്ലനിന്നെയവനെന്നതുകേട്ടു * പരിചിൽനിനച്ചവ
യൊന്നുമേസാധിക്കാഞ്ഞു വരവുംവാങ്ങിക്കൊണ്ടാൾപരശുരാമനോടും
* മരണംപ്രാപിച്ചാൾപോൽതാപസയോഗാഗ്നിനാ പുരുഷത്വവുംകി

ഞ്ചിൽഗൃഹ്യകനോടുവാങ്ങി * തന്നുടെമൂലംവേണംമരണംഭീഷ്മക്കെന്നു തന്നുള്ളിൽനിനച്ചതിനെന്നെല്ലാംവേലചെയ്താൾ *

അനന്വയനാശംകണ്ടു സത്യവതിയുടെ ദുഃഖവും ആലോചനയും.

അക്കഥയിരിക്കട്ടെവിചിത്രവീൎയ്യൻപിന്നെ മൈക്കണ്ണിമാരിലഴിഞ്ഞുൾക്കാമ്പുമറന്നവൻ * പാരമായ്രമിച്ചതുബാലനായിരുന്നേറെ മാരസംഗരവേഗാൽമരിച്ചാനെന്നേവേണ്ടു * രാജയക്ഷ്മാവെന്നൊരുവ്യാധിയുണ്ടായമൂലം രാജാവിനോട്ടേറെയ്യനിതുകരരാജ്യം * ദുഃഖിച്ചുസത്യവതിമക്കളും മരിച്ചതന്നുൾക്കാമ്പിൽനിരൂപിച്ചാളീശ്വരവിലാസങ്ങൾ*മംഗലംവരുത്തുവാനെന്തൊരുകഴിവെന്നു ഗംഗാനന്ദനൻതന്നെ രഹസിവിളിച്ചുടൻ * ഇങ്ങനെവന്നിതല്ലോനമ്മുടെകുലമെന്നു തങ്ങളിൽപ്പറകയും കണ്ണുനീരൊലിക്കയും * നാരിമാരിരുവൎക്കുംവൈധവ്യമകപ്പെട്ടു പാരിതുപരിപാലിച്ചീടുവാനാരുമില്ല * സോമവംശവുമിന്നുമുടിഞ്ഞിതെന്നുവന്നു നാമിരുവരുംതന്നെയിവിടെയകപ്പെട്ടു * ഇത്തരംസത്യവതിസത്വരംചൊന്നനേരം ഉത്തരമുരചെയ്തീലൊന്നുമേഗംഗാദത്തൻ * എന്തുണ്ണീ! മിണ്ടാഞ്ഞുനിൻചിന്തിതമെന്തുചൊൽക സന്തതിയുണ്ടാക്കുവാനെന്തൊരുകഴിവിപ്പോൾ * മാതാവുപറഞ്ഞപ്പോൾചൊല്ലിനാൻദേവവ്രതൻ ഭൂദേവന്മാരാലുള്ളനമ്മുടെകുലംപണ്ടും * ആരണന്മാരത്രേമുന്നംകാരണംനമുക്കെന്നാൽ നാരിമാരിവരുമിന്നാരണരെപ്രാപിച്ചു * പാരാതെകുലത്തിങ്കൽസന്തതിയുണ്ടാക്കുക കാരണമിതിന്നുണ്ടുചൊല്ലീടാമതുമെങ്കിൽ *

ദീൎഘതമോദന്തം.

പ്രശസ്തതപോധനനംഗിരസ്സിൻെറപുത്രനുചതഥ്യനെന്നുനാമമുടയമഹാമുനി * അവൻെറപത്നിയല്ലോമമതാമനോഹരി അവൻതന്നെവരജൻഗീഷ്പതിദേവാചാൎയ്യൻ * അവനുംമമതയാം പൂൎവ്വജപത്നിതന്നിൽ വിവശനായാനല്ലോമന്മഥവികാരത്താൽ * മമതാദികൾദോഷമകന്നുമുനിപത്നി മമതപറഞ്ഞിതുനിൎബന്ധംകണ്ടമൂലം * ദേവര!ജാരവൃത്തിനരകത്തിനായുള്ളദേവരാജാചാൎയ്യ! ഞാൻപറയുന്നതുകേൾനീ * ദേവമായകളെല്ലാമോൎക്കണംമനക്കാമ്പിൽ ദേവദേവൻെറയാജ്ഞലംഘിച്ചീടരുതല്ലോ * വേദവേദാംഗജ്ഞനാംപൂൎവ്വജൻതൻെറബീജം മോദേനധരിച്ചിരിക്കുന്നിതുഞാനുമിപ്പോൾ * നിന്നുടെബീജമതു നിഷ്ഫലമാകയില്ല പിന്നെഞാനതുകൂടെധരിപ്പാനാളല്ലെടോ * എന്നതുകേട്ടുബൃഹസ്പതിയുമുരചെയ്താനെന്നാലുമിനിക്കൊന്നുപുണരേണമതിയാവൂ * നിൎമ്മലനായമുനിമന്മഥവിവശനായ് ധൎമ്മാദിധൈൎയ്യങ്ങളെവെടിഞ്ഞങ്ങണഞ്ഞപ്പോൾ *ഗൎഭഗനായിട്ടുള്ളോരൎഭകനരചെയ്താൻനിൎബന്ധംമതിമതികേൾക്കണമിവയെല്ലാം* മുന്നമേഗൎഭപാത്രംതന്നിൽഞാനകപ്പെട്ടാനിന്നിതിന്നവകാശംപോരായെന്നറിയണം *ഗൎഭപാത്രത്തിൽമേവുമൎഭകൻവാക്കുകേട്ടിട്ടത്ഭുതംപൂണ്ടുഗുരുനിൎദ്ദേശിച്ചുരചെയ്താൻ *സതാവമിത്രപാരമിപ്പോഴേമുഴുതാൻ ...ച്ചീടുന്ന പലെന്തെല്ലാംവരുമെ

ടോ! * ദീർഘവീക്ഷണംനിനക്കേറെയുണ്ടതിനാലെ ദീർഘമാംതമസ്സി
നെപ്രാപിക്കെന്നതുനേരം * ശപിച്ചുദേവാചാര്യൻജനിച്ചകുമാരനും
താപിച്ചുകണ്ണില്ലാഞ്ഞിട്ടെന്നതുനിമിത്തമായ് * അവൻദീർഘതമാവെ
ന്നപേരുണ്ടായ്വന്നിതവനുംപ്രദ്വേഷിയാംബ്രാഹ്മണിതന്നെവേട്ടാൻ *
അവർപെററുണ്ടായ്വന്നഗൌതമാദികളെല്ലാ മവരുംപ്രസിദ്ധന്മാരായ
താപസരല്ലോ*പുത്രലോഭാന്ധയാകുംപ്രദ്വേഷിയതുകാലംഭർത്തൃശുശ്രൂ
ഷവെടിഞ്ഞീടിനാളെന്നേവേണ്ടു * എന്നെനീയുപേക്ഷിച്ചാലെന്തൊ
രുഗതിയിനിക്കെന്നതുപറയണമെന്നുകേട്ടവൾചൊന്നാൾ * ഭർത്താവും
ഭാര്യയെന്നുംചൊല്ലുന്നശബ്ദങ്ങൾത നർത്ഥത്തെനിരൂപിച്ചുവേണമെ
ന്നോടുചൊൽവാൻ * നിന്നെയുംകുമാരന്മാർതമ്മെയുംപാലിക്കയാലെ
ന്നുടെപരിശ്രമംനീയറിഞ്ഞീലയല്ലോ * ജാത്യന്ധനുടെപിന്നെവാർദ്ധ
ക്യംപാരമുണ്ടോ രാസ്തിക്യമൊരുനേരമൊന്നിനുമില്ലതാനും * വൃദ്ധ
നാകിയഭവാൻക്രുദ്ധിച്ചാലെന്തുഫലം നിർദ്ധനന്മാരായ്വന്നാൽതങ്ങളൊട്ട
ടങ്ങണം * പ്രദ്വേഷിപലതരമീവണ്ണംപറഞ്ഞപ്പോൾ വിദ്വാനാംദീർഘ
തമാവുദൃത്‌കോപേനചൊന്നാൻ * ക്ഷത്രിയകുലംപ്രാപിച്ചർത്ഥമർത്ഥിക്ക
നീയെന്നത്രമതബോധനൻപറഞ്ഞോരനന്തരം * ശ്രദ്ധയില്ലെന്നുംനി
ന്നാൽദത്തമാമർത്ഥംനിന ക്കൊന്നുംചെയ്യാലും നീയെന്നോടുപറയേ
ണ്ടാ * ഞാനിനിപ്പണ്ടേപ്പോലെശുശ്രൂഷിക്കയുമില്ല ദീനയായ്ചമഞ്ഞു
ഞാൻകാലവുമില്ലയെന്നാൾ * ഔചിത്യമോർത്തുപുനരന്നേരമവൾത
ന്നോടൌചിത്യനായമുനികോപത്തോടരുൾചെയ്തു * ഭർത്താവെവെടി
യുന്നോർക്കർത്ഥവുംവ്യർത്ഥമായ്പ്പോമെത്രയുംദുഷ്കീർത്തിയുമെത്തുകെന്നതുനേരം
*പ്രദ്വേഷികോപംപൂണ്ടുപുത്രന്മാരോടുചൊന്നാൾ വൃദ്ധനെഗംഗതന്നി
ൽപ്രക്ഷേപിക്കണംനിങ്ങൾ * ലോഭമോഹാദിപൂണ്ടഗൌതമാദികള
പ്പോൾ താപസവരനായതാതനെമടിയാതെ * ഗംഗയിലൊരുതോ
ണിതന്മേൽവെച്ചൊഴുക്കിനാ രംഗനാജനങ്ങൾക്കുതോന്നുമിത്തരംപണ്ടേ
*ഏറിയവഴികീഴ്പ്പോട്ടൊഴുകിച്ചെല്ലുന്നേരം തീരത്തുകുളിപ്പാനായ്നി
ല്ക്കുന്നബലിനൃപൻ * കണ്ടവൻതന്നിലേററംകാരുണ്യമുണ്ടാകയാൽ കൊ
ണ്ടുപോയന്തഃപുരേബഹുമാനിച്ചുഭക്ത്യാ * വച്ചുകൊണ്ടനുദിനംപൂജിച്ചു
ലാളിക്കയാൽ വിശ്രാന്തനായമുനിതന്നോടുനൃപൻചൊന്നാൻ * സന്ത
തിയുണ്ടാക്കണംനിന്തിരുവടിമമ പണ്ടൊക്കുംമൂലയാളാമെന്നുടെപത്നി
തന്നിലിന്ന്* എന്തിതിനൊരുകുറവന്തരമില്ലയെന്നുചിന്തിച്ചുദീർഘതമാദീർഘ
ദർശിയുംചൊന്നാൻ * മന്നവൻസുദേഷ്ണയാംതന്നുടെപത്നിതന്നെ ധന്യ
നാംമുനിവരൻതന്നെശുശ്രൂഷിപ്പാനായ് * സാന്ത്വനതരംപറഞ്ഞയ
ച്ചോരനന്തരം ചാരത്തേലും[illegible]വയാളുംദാസിയോടുരചെയ്താൾ * വൃദ്ധനാ
മന്ധൻതന്നെ ശ്രദ്ധയില്ലിനിക്കേതും ബുദ്ധികൌതുകത്തോടുനീചെന്നുപു
ണരണം* ഓർത്തുധാത്രേയികയാംശൂദ്ര[illegible]മതുനേരം ചിത്തുകൌതുകത്തോ
ടുപുണർന്നാൾമുനിതന്നെ* കക്ഷവാനാദി[illegible]യിട്ടുക്കാലംപതിനൊന്നുമക്ക
ളെജ്ജനിപ്പിച്ചുശിക്ഷിച്ചുവിദ്യകളും *ഒക്കെ[illegible]പഠിപ്പിച്ചുവിഖ്യാതഗുണ
ത്തോടും മുഖ്യന്മാരായകുമാരന്മാരുംതേജോബ[illegible]ലാരു * വിദ്യായൌവന

രൂപശീലവിജ്ഞാനങ്ങളാൽ രുദ്രന്മാരെന്നപോലെഭദ്രന്മാരായുണ്ടായാർ * സാംഗോപാംഗാമ്നായാദിവിദ്യയുംപഠിച്ചുള്ളോരാംഗിരസ്സുകളെക്കണ്ടനേരംബലിനൃപൻ * എന്നുടെപുത്രന്മാരെന്നുരചെയ്തതുകേട്ടു നിന്നുടെപുത്രന്മാരല്ലെന്നുമാമുനിചൊന്നാൻ * നിന്നുടെപത്നിപുരാമെന്നെപ്പുച്ഛവാനുറച്ചെന്നുടെയരികത്തു ദാസിയെനിയോഗിച്ചാൾ * അനന്തരം ബലിനൃപൻകോപിച്ചുരണ്ടാമതും തന്നുടെസുദേഷ്ണയാംപത്നിയെ നിയോഗിച്ചാൻ * ചെന്നടനരികവേനിന്നൊരുസുദേഷ്ണയെ ത്തന്നുടെകരംകൊണ്ടുതപ്പിക്കണ്ടുരചെയ്താൻ * അംഗനാജനങ്ങളിൽഭംഗിയുണ്ടെനിക്കെന്നും ശൃംഗാരിയല്ലവൃദ്ധൻകുരുടനിവനെന്നും * ഉള്ളിലുണ്ടഹമ്മതിനിനക്കമരനാഹരേ! ഉള്ളതുതന്നെയല്ലോ നിന്നുടെകുറമല്ല * അംഗജരസംനിന്നിലേതുമേനമുക്കില്ലി ങ്ങംഗനാസമ്മേളനലോളനാദികളൊന്നും * വേണമെന്നിനിക്കില്ലഭൂമിപാലനെച്ചിന്തിച്ചേന്നാലോചനേ! തവസന്തതിയുണ്ടാക്കേന്നൻ * അംഗസ്പർശനംകൊണ്ടപോരുമെന്നതുംചൊന്നാനംഗനെന്നൊരുനൃപനുണ്ടായന്നതുനാളിൽ * ഇങ്ങനെപലപലകന്നവരുണ്ടുമുന്നം തിങ്ങിനതേജസ്സോടും ബ്രാഹ്മണപുത്രന്മാരായ് * അങ്ങിനെതന്നെനമുക്കിവിടെപ്പുനരിപ്പോൾ മങ്ങാതെപുത്രന്മാരെയുണ്ടാക്കാമറിഞ്ഞാലും * പരശുരാമൻമുന്നമൊടുക്കിക്കളഞ്ഞനാൾ പരിചോടുണ്ടായ്വന്നുഭൂസുരന്മാരാലത്രെ * പൃഥിവ്യപ്തേജോവാതാകാശങ്ങൾ നിജനിജഗന്ധാദിവിഷയങ്ങൾതങ്ങളെവെടികിലും * ചന്ദ്രാദിത്യന്മാർശീതോഷ്ണങ്ങളെവെടികിലുംവൃത്രനാശനൻനിജവിക്രമംവെടികിലും * ധർമ്മരാജനും നിജധർമ്മത്തെവെടികിലും സത്യത്തെവെടിയുകയില്ലഞാനൊരുനാളും * തങ്ങളിൽപലപലകഥകൾപറഞ്ഞുടനിങ്ങിനെതന്നെയെന്നു കല്പിച്ചുവഴികേൾപ്പിൻ * എങ്കിൽഞാൻവേദവ്യാസൻതന്നെക്കൊണ്ടുണ്ടാക്കുവൻ തിങ്കൾതൻ കുലമെന്നുചൊല്ലിനാൾസത്യവതി * ദോഷമില്ലിതിനെന്നുപലരുംചൊന്നശേഷം യോഷമാരോടുചെന്നുപറഞ്ഞു സത്യവതി * പണ്ടുഞാൻതോണികടത്തീടുന്നകാലത്തിങ്കലുണ്ടായിപരാശരപുത്രനായൊരുമുനി * ദിവ്യനെത്രയുമവനവനെനിരൂപിച്ചാൽ സർവസങ്കടംതീരുംസംശയമില്ലയേതും * എങ്കിലങ്ങിനെയാകെന്നവരുമുരചെയ്താർ സങ്കടംതീർന്നുകുലസന്തതിയുണ്ടാവാനായ് *

ധൃതരാഷ്ട്രൻ മുതലായവരുടെ ഉല്പത്തി.

അക്കാലംജനനിയും വ്യാസനെനിരൂപിച്ചാൾ ഭക്തിയോടവൻ വന്നുതൊഴുതുമാതാവിനെ * തന്മതമറിയിച്ചാളമ്മയുമതുനേരം കല്മഷമകന്നൊരുമാമുനിതാനുംചൊന്നാൻ * സമ്മതമല്ലെങ്കിലുമമ്മചൊന്നതുകേട്ടാൽ നന്മവന്നീടുമത്രേനിർമ്മലന്മാർക്കെന്നും * ധർമ്മത്തിൻഗതിയേതുമറിവാനെവശമല്ല കർമ്മമുള്ളവയെല്ലാംപെരുമെന്നുമേവേണ്ടു * മന്മഥലീലകളിലെന്മനമഴിഞ്ഞീടാവെൺ മതിമുഖിമാർക്കമൈഥുനമിതൊട്ടുകൂടാ * എങ്കിലുംകനിവോടുസന്തതിയുണ്ടാക്കിഞാൻ സങ്കടംതീർപ്പൂനെന്നുമാതാവോടുരചെയ്താൻ * കൃഷ്ണദ്വൈപായനനാംമാമുനിവേദവ്യാസൻവിഷ്ണുതാൻതന്നെവന്നുപിറന്നദിവ്യമൂർത്തി * സോദരൻമൂ

മ്പിൽവച്ചേട്ടാരംബികാഗൃഹംതന്നി ലാദരവോടുചെന്നാ നാകാതവേഷത്തോടും * വേഷവൈരൂപ്യമൊരുഗന്ധവുംസഹിയാഞ്ഞു യോഷമാർമണിയാകുമംബികയതുനേരം * കണ്ണുകൾച്ചിമ്മിപ്പൂണ്ടാളതുകാരണമായിക്കണ്ണുകൂടാതെപിറന്നീടിനാൻകുമാരനും * പിന്നെയങ്ങംബാലികതന്നുടെഗൃഹംതന്നിൽ ചെന്നാനന്നൊരുദിനമവളുമതുനേരം * പാണ്ഡുവർണ്ണത്തെപ്പൂണ്ടുപുണർന്നാളതുകൊണ്ടു പാണ്ഡുവായ്തന്നെയൊരുസുതനുമുണ്ടായ്വന്നു * നന്നായിട്ടൊരുസുതനംബികപെറവുണ്ടാവാനിന്നൊരുകഴിവോക്കെന്നമ്മതൻനിയോഗത്താൽ * പിന്നെയുമൊരുനിശിചെന്നിതുവേദവ്യാസൻ നവൾദാസിതന്നെനന്നായിച്ചമയിച്ചു * ചെന്നാലുമെന്നയച്ചാളവളുംമുനിതന്നെ നന്ദിച്ചുനിന്നുഭാവമറിഞ്ഞുഭക്തിയോടെ * ചൊവ്വോടെപരിലാളിച്ചീടിനാളതുമൂലം ദിവ്യനായൊരുസുതനവൾക്കുമുണ്ടായ്വന്നു * ശൂദ്രയോനിയിലാണീമാണ്ഡവ്യമുനിശാപാൽ ധർമ്മദേവനംവന്നുപിറന്നുവിദുരരായ് * ഇത്ഥമാകർണ്യജനമേജയൻചോദ്യംചെയ്താനുത്തമനായവൈശമ്പായനമുനിയോടു * മാണ്ഡവ്യനായമുനിതിലകൻ കോപേനമാൽധർമ്മപുത്രനെശ്ശപിച്ചീടുവാനെന്തുമൂലം * എന്നതുകേട്ടുവൈശമ്പായനനരുൾചെയ്താൻ മന്നവനായജനമേജയൻതന്നോടെല്ലാം * ഒന്നൊഴിയാതെസൂതൻശൌനകാദികളോടു നന്നായിപ്പറഞ്ഞുകേൾപ്പിച്ചിതുവഴിപോലെ * ചൊല്ലുവനെങ്കിലതുനിങ്ങളുംകേട്ടുകൊൾവിൻ നല്ലസൽക്കഥകേട്ടാൽനരകമുണ്ടായ്വരാ *

മാണ്ഡവ്യശാപവും വിദുരോല്പത്തിയും.

പാണ്ഡിത്യംകലർന്നൊരുഭൂദേവൻ പണ്ടുണ്ടായിമാണ്ഡവ്യനെന്നുള്ള വിവിശ്രുതനാമത്തോടും * വാനപ്രസ്ഥാശ്രമവുംപാലിച്ചുനാനാതീർത്ഥസ്നാനശുദ്ധാത്മാവായൊരാശ്രമമുപഗ്രാമം * കാനനദേശേതപോനിഷ്ഠയാചിരകാലം മൌനവുംപൂണ്ടുവാഴുംകാലമീശ്വരാജ്ഞയാ * തത്ര സംപ്രാപ്തന്മാരായാർചിലദസ്യുക്കളും വിത്തരക്ഷികളുമന്വേഷിച്ചുപിമ്പേചെന്നാർ * വിത്രസ്തന്മാരായൊരുദസ്യുക്കളർത്ഥമെല്ലാം തത്രസന്നിധാനംചെയ്തവിടെമറഞ്ഞപ്പോൾ * ജടയുംവല്കലവുംസ്മശ്രുവുംധരിച്ചൊരു വിടപിമൂലേനല്ലൊരുടജാങ്കണേകൂപ്പി * തൊഴുതുനില്ക്കുന്നൊരുതാപസശ്രേഷ്ഠൻതന്നെത്തൊഴുതുചോദിച്ചിതുനൃപതിഭടന്മാരും * കള്ളന്മാരേതുവഴിപോയിതെന്നതു ഞങ്ങൾക്കുള്ളവണ്ണമേയരുൾചെയ്യണമെന്നുചൊന്നാർ * താപസൻസമാധിയിലുറച്ചുനില്ക്കയാലെഭൂപതിഭടന്മാർ ചോദിച്ചതുകേട്ടീലേതും * ഒന്നുമേമിണ്ടായ്കയാൽപിന്നെയുമന്വേഷിച്ചുചെന്നു കള്ളന്മാരെയുംപിടിച്ചുകെട്ടീടിനാർ * അർത്ഥവുമെല്ലാമെടുത്തവനീശ്വരൻമുമ്പിൽ ഭൃത്യന്മാർകൊണ്ടുവച്ചു വൃത്താന്തമൊക്കെച്ചൊന്നാർ * കിങ്കരന്മാർക്കുമീന്ദ്രാപ്രതിമനക്കാമ്പിൽ ശങ്കയുള്ളതുകേട്ടുഭൂപതിനിയോഗിച്ചാൻ * ചോരന്മാരായവരെയൊക്കവേ ശൂലത്തിന്മേലാരോഹിച്ചീടുകെന്നുകേട്ടടൻഭടന്മാരും * ചോരന്മാരോടുകൂടെശ്ശൂലാഗ്രത്തിന്മേലിട്ടാർ ധീമനാംതപോധനൻ തന്നെയുമെത്രകഷ്ടം * കൊ

ല്ലാതെ ശൂലത്തിന്മേലിട്ടതാപസൻതനിക്കില്ലേതുമാഹാരമെന്നാകിലുമ
നേകംനാൾ * ചെന്നിട്ടുംമരിച്ചതില്ലെന്നതുകാണ്കകൊണ്ടു ചെന്നി
ട്ടുമുനികളും രാത്രിയിൽപക്ഷികളായ് * എന്തൊരുമൂലംഭവാ
നിങ്ങനെവരുവാനെന്നന്തരംകൂടാതെകണ്ടരുളിച്ചെയ്തീടണം * മൽക്ക
ർമ്മഫലമത്രേഭൂപതിപ്രവരന്ദുഷ്കൃതമേതുമില്ലെന്നതുകേട്ടവർകളും *
പോയിതുവൃത്താന്തങ്ങളറിഞ്ഞുരക്ഷികളും നായകനായനരപാലകനോ
ടുചൊന്നാർ * മന്ത്രികളോടുംകൂടിച്ചെന്നുഭൂപാലേന്ദ്രൻ മന്ദതാംക്ഷമി
ച്ചുകൊൾകെന്നഭിവാദ്യംചെയ്താൻ * ശൂലവുമിളകാത്തിട്ടറുത്തുമുറിച്ചി
ട്ടു ഭൂലോകപതിയെയുമയച്ചുമുനീന്ദ്രനും * അണിമാണ്ഡവ്യനെന്നനാ
മവുമുണ്ടായ്വന്നു ജ്ഞാനിയാംമുനിപിന്നെപ്രാപിച്ചുകാലധർമ്മം * അ
ന്തകൻതന്നോടന്നുചോദിച്ചുമാണ്ഡവ്യൻ എന്തുകാരണമെന്നെശൂലത്തി
ന്മേലാക്കുവാൻ * ഈർക്കിൽകൂർപ്പിച്ചുമുന്നമീച്ചയെ കഴുവേററി തിരക്ക്
ണമതിൻഫലമെന്നതിനത്രേ ചെയ്തു * എങ്കിലൊന്നറിയേണം ദ്വാദശ
വയസ്സോളം സംക്രീഡാരതന്മാരാം ബാലന്മാർചെയ്യുംകർമ്മം * ഒന്നിനും
ഫലംപിന്നെയില്ലല്ലോ ബുദ്ധിപൂർവമൊന്നറിഞ്ഞില്ലായ്കയാൽ സൂക്ഷ്മ
ധർമ്മജ്ഞനല്ല * കേവലംഭവാനതുകാരണംശൂദ്രയോനൌ സേവാർത്ഥം
പിറന്നുനൂററാണ്ടുവാഴ്കയെന്നാൽ * ധർമ്മരാജാവുതന്നെപിറന്നാര
വൻതന്റെ ധർമ്മനിഷ്ഠകളെല്ലാമെങ്ങിനെപറയുന്നു * ധൃതരാഷ്ട്രനും
നല്ലപാണ്ഡുവാമഗ്രജനും ധൃതിയേറീടുന്നൊരുവിദുരൻതാനുമായി * വള
ർന്നുതുടങ്ങിനാർമൂവരുമൊരുമിച്ചു വളർന്നസന്തോഷവുംപുരവാസികൾ
ക്കെല്ലാം*ഗാന്ധാരരാജൻതന്റെമകളായുരുവിന ഗാന്ധാരിതന്നെവേ
ട്ടുധൃതരാഷ്ട്രരുമന്നാൾ * പാരെഴുംവസുദേവൻതന്നുടെഭഗിനി
യാം വാരിജമിഴിയാളെപ്പാണ്ഡുരാജനുംവേട്ടാൻ * മാദ്രിയാംമദ്ര
രാജൻതന്നുടെമകൾതന്നെ പാർത്ഥിവവീരൻപാണ്ഡുവേട്ടിതുരണ്ടാമ
തും * കുന്തിഭോജന്റെമകളാകിയകുന്തിക്ക പണ്ടേതന്നെ നായദുർവാ
സാവുതാൻപഠിപ്പിച്ചാൻ * അഞ്ചുമന്ത്രങ്ങളതിലൊന്നവൾ പരീ
ക്ഷിപ്പാൻ നെഞ്ചകംതന്നിൽസൂര്യദേവനെധ്യാനംചെയ്താൾ * കന്യ
കയെന്നാകിലുമാദിത്യൻപുണർന്നപ്പോൾ കർണ്ണനെന്നൊരുമകൻതന്നെ
യുംപെററാളവൾ * ചണ്ഡഭാനുവിൻമകൻപിറക്കുംനേരംതന്നെ
കുണ്ഡലങ്ങളുംനല്ലകവചമതുമുണ്ടു * കള്ളക്കാതെന്നതാപ്പെട്ടിയിലേ
നിരൂപിച്ചു വെള്ളത്തിൽകളഞ്ഞാളപ്പൈതലെക്കണ്ടൊരുനേരം * രാധാ
വല്ലഭനായസൂതനെടുത്തുകൊ ണ്ടാദരവോടുതന്റെമകനായ്വളർത്തി
നാൻ * കുണ്ഡലകവചങ്ങളുണ്ടെങ്കിലവനെഭൂമണ്ഡലത്തിങ്കലാക്കുംജ
യിച്ചുകൂടായല്ലോ * വാസവൻമറയവനായ്ച്ചെന്നുമായത്താലെ വാസ
രാധീശസുതനോടവ വാങ്ങിക്കൊണ്ടാൻ * മാർത്താണ്ഡപുത്രൻദാനശീല
രിൽമുമ്പനല്ലോ കുത്തുമുത്തൊരുവേലുംകൊടുത്താനമ്പരനാഥൻ * അ
ങ്ങിനെയുള്ളവൻതന്നമ്മയാംകുന്തിതാനും മംഗലാപാംഗിയായ മാദ്രിയു
മായിപ്പാണ്ഡു * മന്മഥലീലപൂണ്ടുവസിക്കുംകാലത്തിങ്കൽ നന്മയെന്നി
യെമററുകാണ്മാനില്ലൊരേടത്തും * ചൊല്ലൊണ്ടഭീഷ്മർതന്റെചൊൽ

ക്കൽനിന്നിളകാതെ ദിക്കുകളൊക്കെജ്ജയിച്ചുഗ്രജൻതാനുമായി * മുഖ്യ
ഭോഗേനസുഖിച്ചിരിക്കുംകാലത്തിങ്ക ലുൾക്കാമ്പിലൊന്നുതോന്നി പാ
ണ്ഡുവിനാപത്തിനായ് * കാന്തിയേറീടുന്നൊരു കാന്തമാരോടുംകൂടി
കാന്താരംതന്നിൽപുക്കുനന്നായിരമിക്കേണം * വാട്ടമെന്നിയേമമനാ
യാട്ടിൻവൈദഗ്ദ്ധ്യവും കാട്ടണമിവൾക്കെന്നുകൌതുകത്തോടുകൂടി * ദ്യുമ
ണിതൻറെരശ്മിപോലുമങ്ങണയാതെ ഹിമവാൻതൻറെതെക്കെപ്പുറത്തെ
പ്പെരുങ്കാട്ടിൽ * പെരികെരസംപൂണ്ടുകളിച്ചുമരുവിനാൻ ഗിരിശൃംഗ
ങ്ങൾതോറുമതികൌതുകത്തോടെ * കരിണീയുഗമദ്ധ്യഗതനായ്മദി
ച്ചൊരു കരിവീരനെപ്പോലെമദനവിവശനായ് * കരിണീഗമനമാരാ
കിയഭാര്യമാരാം തരുണിമണികളാംകുന്തിയും മാദ്രിതാനും * സരസീ
രുഹശരസമനാംകാന്തൻതന്നെ ശ്ശരതൂണീരകരാഭ്യാജ്ജപത്രകരവാള
* ധരനായ്ശരാസനകരനായ്ക്കാണുംതോറും * സരസീരുഹശരാനികര
പരവശതരമാനസമാരായ്മരുവീടിനനേരം * ഹരിണഹരികരികിടി
ശാർദ്ദൂലാദികളരികേദരീമുഖഗതങ്ങളായ്ക്കാണുമ്പോൾ * ശരങ്ങൾകൊ
ണ്ടുവീണുംമരണഭയംകൊണ്ടു മരങ്ങൾമറഞ്ഞുപോയ്നിന്നുനോക്കീടുന്ന
തും * നിഷ്കുടത്തിങ്കൽമുന്നമിരുന്നീടിനപോലെ മർക്കടക്രീഡകൾ
കണ്ടുൾക്കൌതൂഹലംപൂണ്ടും * കുക്കുടരതിക്രീഡാദികൾകണ്ടാനന്ദിച്ചും
പൊൽക്കുടങ്ങൾക്കുനേരാം തൈക്കൊങ്കനോക്കിക്കൊണ്ടും * കോകില
കോകകേകിചാതകശുകാദിസംഭോഗഭേദങ്ങൾകണ്ടു രസിച്ചുമതിന്മ
ദ്ധ്യേ * വേഗമോടമ്പുകൊണ്ടുമാഴ്കിവീണീടുന്നതും ശോകമോടിണ
കൂടിക്കേണുവീണാടുന്നതും * കരടിജാലംതമ്മിൽകടിച്ചുകളിപ്പതും കരി
ണികളെപ്പൂണ്ടുകരികൾപുളപ്പതും * കിടികൾപിടികളെപ്പിടിച്ചുപുല്കു
ന്നതും പിടികളോടുചേർന്നുപക്ഷികൾകളിപ്പതും * കണ്ടുകൌതുകംപൂ
ണ്ടുകണ്ടിവാർകുഴലികൾ കണ്ഠാശ്ലേഷവുംചെയ്തു കാന്തനുംതങ്ങളുമായ്
* കണ്ടകാനനംതോറുംരമിച്ചുവസിക്കയും തണ്ടാർബാണനുമിതുകണ്ടേ
ററംഹസിക്കയും * മാകന്ദമകരന്ദബിന്ദുപാനവുംചെയ്തു കൂകുന്നപിക
കുലപഞ്ചമംകേട്ടുകേട്ടും * വണ്ടുകൾ മധുപാനംചെയ്തു മത്തതപൂണ്ടു
കൊണ്ടാടിമുരണ്ടുടൻ കണ്ടപുഷ്പങ്ങൾതോറും * കുണ്ഠഭാവവുംനീക്കി
സ്സംഭ്രമിച്ചീടുന്നതും കണ്ടോരാനന്ദംപൂണ്ടുമധരപാനംചെയ്തും * മന്ദ
ഗലീലകൊണ്ടുകൺമുന ചാമ്പിച്ചാമ്പി സമ്മോദംവളർന്നുള്ളിൽ സമ്മോ
ഹംപെരുകിയും * വന്മലമുകളേറിനിർമ്മലശിലാതലേ നന്മലർമെ
ത്തതന്മേലുന്മേഷംപൂണ്ടുവാണും * ഭാമിനിമാരുമായിസ്സാനന്ദമിരിക്കു
മ്പോൾ കാമനുസമനായപാണ്ഡുവാംനൃപവീരൻ * കലയുംമാനും
കൂടിക്കലൈശമെററു കളിക്കുന്നതുകണ്ടുകെട്ടുത്തുശരംകൊണ്ടു * ശര
മേററുനേരം മൃഗവുംമുനിയായി നരപാലകൻതന്നെശ്ശപിച്ചുമരിക്കു
മ്പോൾ * കനത്തമുഖമായെക്കളിച്ചുതൊടുന്നാകിൽ നിനക്കുമെന്നെ
പ്പോലെവരികയിനിമേലിൽ * ശപിച്ചുമുനതാനുംമരിച്ചാനതുകൊ
ണ്ടു മരിച്ചുമരിയാതെപാണ്ഡുവാംനൃപൻതാനും * അത്തൽപൂണ്ടവൻ
ചെന്നുഹസ്തിനപുരംപുക്കു വൃത്താന്തംസത്യവതിതന്നോടുംഭീഷ്മരോടും

* ബന്ധുക്കൾമററുള്ളവർതമ്മോടുമറിയിച്ചു വെന്തുവെന്തുഴന്നൊരുചി ന്തയുമുള്ളിൽക്കൊണ്ടു * ദാനവുംമറയവക്കാവോളംചെയ്തതന്റെറ യാന നപത്മംതാത്ത്ഭാൎയ്യമാരോടുംകൂടി * ഉന്നതമായശതശൃംഗമാംമലത ന്മേൽ സന്യാസവൃത്തിയോടെമന്നവൻചെന്നുപുക്കാൻ *

ധാൎത്തരാഷ്ട്രോല്പത്തി.

അന്നുഗാന്ധാരിതനിക്കുണ്ടായിഗൎഭമെന്നു മന്നവൻപാണ്ഡുകേട്ടു ചിന്തിച്ചുവാഴുംകാലം * കുന്തിയോടുരചെയ്തു സന്തതിയുണ്ടാക്കുവാനെ ന്തൊരു കഴിവെന്നുമന്ത്രിച്ചനേരമവൾ * മന്ത്രത്തിൻബലംകൊണ്ടുധ ൎമ്മരാജനെപ്രാപിച്ചു ന്തരംകൂടാതൊരുനന്ദനൻതന്നെപ്പെററാൾ * കു ന്തിക്കുനന്നായൊരുസന്തതിയുണ്ടായതു ചിന്തിച്ചുഗാന്ധാരിയുമുദരംകല ക്കിയാൾ * ഗൎഭവുമൊരുമാംസപിണ്ഡമായ്പിറന്നിതു മപ്പൊഴേവേദവ്യാ സനവിടെക്കെഴുന്നള്ളി * പിണ്ഡത്തെമുനിനൂറുഖണ്ഡമായ്ഖണ്ഡി ച്ചൊക്കെ കുണ്ഡികൾതന്നിലാക്കിശ്ശേഷിച്ചലേശത്തെയും * കുന്തി യുംമന്ത്രംകൊണ്ടുമാരുതദേവൻതന്നെ ചിന്തിച്ചുപുണൎന്നപ്പോൾഗൎഭമു ണ്ടായ്വന്നു * അക്കാലമൊരുനിശിമാംസഖണ്ഡത്തിലൊന്നു പൊൽക്ക ലശവുംപൊട്ടിപ്പുറത്തുപുറപ്പെട്ടു * ദുരിയോധനനായതവൻപോലതു നേരം പെരികെദുൎന്നിമിത്തമുണ്ടായിതെന്നുകേൾപ്പു * പിറേറന്നാളുച്ച യാംപോൾ കുന്തിയുംഭീമൻതന്നെപ്പെററിതു ശുഭമായിമരുവുംലഗ്നം കൊണ്ടെ * ഓരോരോദിനംതോറുമോരോരോകുംഭംഭേദിച്ചോരോ രോതനയന്മാർഗാന്ധാരിക്കുണ്ടായ്വന്നു * ദുരിയോധനൻജ്യേഷ്ഠനനു ജൻദുശ്ശാസനൻ ദുഃഷൻദുൎമ്മുഖനും ജലസന്ധനുംസഹൻ * സാംബ നുംവിന്ദനനുംവിന്ദനുംദുഷ്പ്രസഹൻചൊല്ലെഴുംസുബാഹുവുംദുഷ്പ്ര ധൎഷണൻതാനും * ദുൎമ്മദൻചിത്രയോധിദുഷ്കൎണ്ണൻകൎണ്ണൻപിന്നെ കേട്ടുകൊണ്ടാലുംവിവിംശതിയുംവികൎണ്ണനും * ജലസന്ധനുംസുലോ ചനനുംചിത്രാഖ്യനും വിചിത്രൻചിത്രാക്ഷനുംപിന്നെവനായിട്ടുന്ന * ചാരുചിത്രശരാസനൻതാനും ദുൾൎഷണൻദുഷ്പ്രധൎഷാഖ്യൻതാനും വിവിത്സുവികടനും * ശമനമൂൎണ്ണനാഭൻപിന്നെവൻസുനാഭനും നന്ദ നാമാവുമുപനന്ദനുംസേനാപതി * കേട്ടാലുംസുഷേണനുംപിന്നെ കുണ്ഡോദരനും ചൊല്ലുവനമഹോദരൻ പിന്നെവൻചിത്രധ്വജൻ * ചിത്രരഥാഖ്യൻചിത്രബാഹുവുമമിത്രജിൽചരത്രബാഹുവും ചിത്ര വൎമ്മാവുംസുവൎമ്മാവും * ദവിമോചനൻചിത്രസേനനുംസുചിത്രനും ചിത്രധൎമ്മധ്വക്പരാജികനുംപണ്ഡിതകൻ * പിന്നെവൻവിശാലാക്ഷ നപരൻദുരാവരൻ അജിതൻജയന്തനുംജയത്സേനനുംപിന്നെ * ദുൎജ്ജ യൻദൃഢഹസ്തൻസുഹസ്തൻവാതവേഗൻ * സുവൎച്ചസ്സാദിത്യകേതുവും ബഹ്വാശിതാനും * നാഗദന്തനുമഗ്രയായിയുംകവചിയും നിഷംഗി പാശിദണ്ഡധാരനുംധനുൎഗ്രഹൻ * ചൊല്ലീടാമുഗ്രൻഭീമരഥനുംഭീമാ ഖ്യനും വീരബാഹുവുമലോലുപനും ഭീമകൎമ്മാ * പിന്നെവൻസുബാ ഹുവുംഭീമവിക്രമൻതാനു മഭയൻദൃഢകൎമ്മാവെന്നപരനുനാമം * മൂവരെ ച്ചൊല്ലുംദൃഢരഥന്മാരെന്നുതന്നെ പിന്നെവനനാധൃഷ്യനപരൻകുണ്ഡ

ഭേദി * ചൊല്ലെഴുംവിരോധിയുംദീർഘലോചനൻതാനും പിന്നെവൻ
ദീർഘധ്വജൻപിന്നെവൻദീർഘഭുജൻ*പിന്നെവനദീർഗ്ഘനുംദീർഘ
നം ദീർഘബാഹുപിന്നെവന്മഹാബാഹുവ്യൂഢോരസ്കനുംപിന്നെ * ക
നകധ്വജന്മഹാകുണ്ഡനുംകുണ്ഡൻതാനും കുണ്ഡജഞ്ചിത്രജനും മന
സ്വാഞ്ചിത്രകനും * നൂററൊന്നാമതുപിന്നെദുശ്ശളയെന്നു പേരായൊററ
ലൊടൊരുമകൾതാനുമുണ്ടായിവന്നു * ധൃതരാഷ്ട്രനുംപിന്നെവൈശ്യ
സ്ത്രീപെററിട്ടൊരു സുതനുമുണ്ടായ്വന്നുയുയുത്സുവെന്നുപേരായ് * കുന്തി
ദേവിക്കുപിന്നെമൂന്നാമതൊരുസുത നിന്ദ്രനന്ദനനായിട്ടർജ്ജുനനുണ്ടായ്വ
ന്നു * അർഭകന്മാരില്ലാഞ്ഞുദുഃഖിച്ചുമാദ്രിതനി ക്കപ്പോഴെയൊരുമന്ത്രം
കുന്തിയുംപഠിപ്പിച്ചാൾ * അശ്വിനീദേവകളെധ്യാനിച്ചിട്ടവൾതാനും
വിശ്വാസത്തോടുസേവിച്ചീടിനാളതുകാലം * നകുലസഹദേവന്മാരാ
യകുമാരന്മാർ നിഖിലഗുണത്തോടുംമാദ്രിക്കുമുണ്ടായ്വന്നു * വൈശമ്പാ
യനനേവമരുളിച്ചെയ്തനേരം വൈശിഷ്ട്യമേറും ജനമേജയൻചോ
ദ്യംചെയ്താൻ * വിസ്തരിച്ചരുളിച്ചെയ്തീടണമല്ലോ പാണ്ഡുപുത്രന്മാരു
ടെപരമോല്പത്തിവഴിപോലെ * എന്നതുകേട്ടുവൈശമ്പായനനരുൾ
ചെയ്തു മന്നവ! കേട്ടുകൊൾകപാണ്ഡവോല്പത്തിയെല്ലാം *

പാണ്ഡുപുത്രോല്പത്തി.

താപസശാപമേററുപാണ്ഡുവാകിയനൃപൻ താപമുൾക്കൊണ്ടു
ചെന്നുഹസ്തിനംപുക്കശേഷം * ആഭരണാദികളുമൊക്കവെദാനംചെയ്തു
ശോഭതേടീടുംനിജഭാര്യമാരോടുംകൂടി * താപസവേഷംപൂണ്ടുപോയഥ
ശതശൃംഗംപ്രാപിച്ചു ഫലമൂലാശനനായ്വാഴുംകാലം * സിദ്ധചാരണ
മുനിശ്രേഷ്ഠന്മാർക്കെല്ലാവർക്കും സ്നിഗ്ദ്ധനായ്പാണ്ഡുചിരകാലംവാ
ണൊരുശേഷം * മാമുനീന്ദ്രന്മാരമാവാസിനാളൊക്കെത്തക്ക താമര
സോത്ഭവനെക്കാണ്മാനായ്പുറപ്പെട്ടാർ * ചോദിച്ചുപാണ്ഡുമുനി
ശ്രേഷ്ഠന്മാരോടു നിങ്ങളെതൊരുദിക്കിന്നെഴുന്നെള്ളുവാൻതുടങ്ങുന്നു *
താപസേന്ദ്രന്മാരതുകേട്ടരുൾചെയ്തീടിനാർ ഭൂപതിപ്രവര! നീ കേട്ടു
കൊണ്ടാലുമെങ്കിൽ * ബ്രഹ്മലോകത്തിങ്കലുണ്ടിന്നൊരുമഹായാഗം
ബ്രഹ്മജ്ഞോത്തമ! ഞങ്ങൾതത്രപോകുന്നുസഖേ! * ദേവകൾപിതൃക്ക
ളൃഷികൾസിദ്ധന്മാരും സേവിപ്പാൻവരുംകമലാസനപാദാംഭോജം *
ഞങ്ങളുംബ്രഹ്മാവിനെക്കാണ്മാനായ്പോകുന്നിതു മംഗലാത്മാവേ!മഹീ
പാലവൃന്ദോത്തംസമേ! * പാണ്ഡുവുംഗന്തുകാമനായ്സമുത്ഥാനം
ചെയ്താൻ പാണ്ഡിത്യമേറുംമുനിമാരപ്പൊളരുൾചെയ്താർ * എത്രയും
ദുർഗ്ഗമാർഗ്ഗംദുർഗ്ഗ്രാഹവോഗ്രാഗ്രാഗ്രാഹ്യം പൃഥ്വീശോത്തമ! മഹൽപൃഥ്വീ
ധ്രശൃംഗദേശം * ഉത്തുംഗമുത്തമാംഗമുത്തരോത്തരഹിമമുത്തുംഗ
സ്തനികളാംപതിമാരെന്തെചെയ്‌വൂ * യക്ഷരാക്ഷസഗന്ധർവ്വോര
ഗനിഷേവിതം പക്ഷിസഞ്ചാരഹീനം രഹിതമൃഗഗണം * അപ്സരസ്ത്രീ
കളോടുംദേവകൾകളിപ്പെടം പുഷ്പസൌഗന്ധ്യംപൂണ്ടമന്ദമാരുതസേ
വ്യം * നദികൾനിതംബങ്ങൾഗഹ്വരങ്ങളുംപുന രതിശീതളഹിമ
ദുഷ്പ്രവേശാരണ്യവും * നടന്നുകൂടായല്ലോ മാനിനീജനങ്ങൾക്ക

കടന്നുകൊൾവാൻ പണിയതിലുംശതശൃംഗം * ഞങ്ങളോടൊക്കെത്ത
ന്നെപൊയ്ക്കൊള്ളാമിന്നുംപക്ഷേ മംഗലാത്മാവേ! യിതുകേട്ടിണ്ടുവസി
ച്ചാലും * എന്നതുകേട്ടുപാണ്ഡുപിന്നെയുമുരചെയ്താൻ ഖിന്നമാനസ
നായിതാപസവരന്മാരേ! * സന്തതിയില്ലാതവർക്കില്ലപോൽപരഗതി
സന്തതമതുതന്നെ ചിന്തിച്ചുദുഃഖിക്കുന്നേൻ * ഇങ്ങനെപാണ്ഡുനൃപ
വാക്കുകൾകേട്ടനേരമിംഗിതജ്ഞന്മാരായതാപസരുരചെയ്തു * ഉ
ണ്ടല്ലോഭവാനെങ്കിൽസന്തതിദേവോപമ കണ്ടിതുഞങ്ങൾദിവ്യചക്ഷു
ഷാനൃപോത്തമ! * വിഖ്യാതന്മാരായ്നല്ലപുത്രന്മാരുണ്ടാകനിൻ ദുഃഖ
വുംതീർന്നുപിന്നെസൽഗതിലഭിച്ചാലും * എന്നയച്ചെഴുന്നള്ളിതാപ
സവരന്മാരു മനോരമകതാരിൽചിന്തിച്ചുപാണ്ഡുനൃപൻ * സന്തതി
യുണ്ടാക്കേണ്ടുംകർമ്മമെങ്ങിനെമമ ചിന്തിച്ചാലുപായവുമേതുമേകണ്ടീല
ല്ലോ * ക്ഷുൽപ്പിപാസാദിശ്രാന്തനായവേദവ്യാസനെ ശില്പമായ്പൂജി
ച്ചിതുഗാന്ധാരിയൊരുദിനം * തൽപ്രസാദത്താൽവരംകിട്ടിയഗാന്ധാ
രിക്കു ഗർഭവുമുണ്ടായിപോലെന്നല്ലോകേട്ടതിപ്പോൾ * എനിക്കോഗർഭോ
ധാനംചെയ്വാനോമുനിശാപം നിനച്ചാലതാതെവന്നിതു വിധിവ
ശാൽ * നാലൃണത്തോടുകൂടിമാനവൻജനിക്കുന്നു നാലുംവീട്ടിയെഗതി
വന്നിടൂഭുവിനൃണാം * ആസ്തികൃത്തോടുയജ്ഞാകൊണ്ടുദേവകൾകടം
സ്വാദ്ധ്യായതപസ്സുകൊണ്ടൃഷികൾക്കുള്ള കടം *ശ്രാദ്ധാദിപുത്രോല്പത്യാ
പിതൃക്കാൾക്കുള്ള കടം മാനുഷർക്കുള്ള കടമാനൃശംസ്യേനവീട്ടി * വേണം
മാനുഷന്മാർക്കു സൽഗതിവന്നീടുവാൻ * എന്നതിൽപിതൃക്കൾക്കുവീട്ടി
ലെന്നതുമൂല മെന്നുള്ളിൽപരിതാപംമേൽക്കുമേൽവർദ്ധിക്കുന്നു * ഇത്തര
മോരോന്നോർത്തുരഹസികുന്തിയോടു ചിത്തത്തിലുള്ളതാപമെപ്പേരുമറി
യിച്ചാൻ * അനപത്യനുഗതിയില്ലമറ്റൊന്നുകൊണ്ടുമനഘശീലേകുന്തി
ചിന്തിച്ചീടുകവേണം * ശാരദണ്ഡായിനിയാംകേകയനൃപന്റെ ഭാര്യ
യാംശ്രുതസേനനല്ലോരുമുനിയെന്നെ * വരിച്ചുദുർജ്ജയാദിമൂന്നുമക്കളെ
പ്പെറ്റാൾ ധരിക്കനീയുംഗർഭംബ്രാഹ്മണബീജത്തിനാൽ *പുത്രന്മാരാറു
വിധമുണ്ടല്ലോമനുഷ്യർക്കു മൈത്രയുംമുഖ്യനതിൽക്ഷേത്രജനറിഞ്ഞാലും *
ഇങ്ങനെപാണ്ഡുവാക്യംകേട്ടുകുന്തിയുംചൊന്നാൾ മംഗലമതേ! മമഭർത്താ
വേ!നൃപോത്തമ! * എന്നോടിത്തരമുരിയാടരുതൊരുനാളു മന്യസംഗമ
മൊരുനാളുംഞാൻചെയ്കയില്ല * പൂരുവംശത്തിൽമുന്നംചൊല്ലെഴുംവ്യു
ഷിതാശ്വൻപാരിതുപരിപാലിച്ചിരിക്കുംകാലത്തിങ്കൽ * കൈക്കൊണ്ടാ
ൻകാക്ഷീവതിയാകിയകന്യകയെ സക്തിയുംപരസ്പരംവർദ്ധിച്ചിതിരുവ
ർക്കും * പുഷ്കരശരക്രീഡാതല്പരതേനരാജയക്ഷ്മണാമരിച്ചിതുഭൂപതിപ്രവ
രനും *പുത്രന്മാരുണ്ടായതുമില്ലിനിക്കെന്തോപാപം ഭർത്താവേചതിക്കയോ
ചെയ്തതെന്നെയുമിപ്പോൾ * ഇത്തരംദുഃഖംപൂണ്ടുകരഞ്ഞുശവശരീരത്തെ
യുമാശ്ലേഷിച്ചുകിടക്കുംപത്നിയോടും * ദുഃഖിക്കവേണ്ടമുഹൂർത്തത്തിലെപ്പാത്തി
ഷ്ഠഭദ്രേ!മുഖ്യന്മാരായിത്തവപുത്രന്മാരുണ്ടായ്വരും * നിന്നിലുല്പാദി
പ്പിക്കുന്നുണ്ടുഞാൻമരിച്ചാലും നിർണ്ണയംകളുമമതപോബലംകൊണ്ടേ *
ഇഷ്ടമാംതല്പത്തിന്മേലൃതുസ്നാനംചെയ്തുട നഷ്ടമിചതുർദ്ദശിയെന്നുള്ളതി

ധികളിൽ * എന്നെയും ചിന്തിച്ചുപോയ് ശയനം ചെയ്തീടെന്നാലെന്നുടെ
ബീജംകൊണ്ടു നിനക്കു ഗർഭമുണ്ടാം * ഈവണ്ണം മറഞ്ഞു നിന്നീടിനജീവശി
രം ലാവണ്യാംഗിയും കെട്ടിട്ടവ്വണ്ണം മന്ത്രിച്ചാൾ * മൂന്നു സാലപന്മാരെയും
നാലു മാദ്രന്മാരെയും മാന്യന്മാരായിപ്പെറ്റാൾ ഭദ്രയാം കാക്ഷീവതി *
ത്വചമച്ചിതധാമയി മനസാജ്ഞനയിത്തും മമ ല്ലൂശക്തസ്തപസാംബലവ
ശാൽ * ഇത്തരം കുന്തീദേവി ചൊന്നതു നേരമതിനുത്തരമായിട്ടവൾതൻ
തന്നോടു പാണ്ഡു ചൊന്നാൻ * നീ പറഞ്ഞതു പരമാർത്ഥമെന്നറിഞ്ഞാലും
ഭൂപതീശ്വരനവൻ ദേവസന്നിഭനല്ലോ * ധർമ്മജ്ഞന്മാരാം മുനിശ്രേഷ്ഠ
ന്മാരുടെ മതം ധർമ്മിഷ്ഠേ! പുരാണം നീ കേട്ടുകൊൾ പുനരിതു * നാരികൾ
മുന്നമനാവൃതമാരത്രേ കാമചാരചാരിണികളായ് സ്വാതന്ത്ര്യമാരായുള്ളു *
ള്ളക്കാലമതു തെറ്റുമൃഗ്യാനിജങ്ങൾ ചെയ്താവൂ ദുഷ്കൃതമത്രേ മനുഷ്യർക്കു ധ
ർമ്മവുമല്ല * ഉത്തരകുരുരാജ്യന്തിങ്കലിപ്പൊഴുമതു നിത്യമാം ധർമ്മമത്രേ നി
കൃഷ്ടമല്ലയേതും * ഇന്ധനങ്ങളിൽ തൃപ്തി വരുമാറില്ലഗ്നിക്കു സിന്ധുവിനി
ല്ല തൃപ്തി വാഹിനികളിലേതും * അന്തകനില്ല സർവ്വജന്തുക്കളിലും തൃപ്തി
ബന്ധുരാംഗികളായ നാരിമാർക്കതുപോലെ * പുരുഷന്മാരിൽ തൃപ്തി വ
രുമാറില്ലയല്ലോ പുരുഷം പ്രതിപുരുഷം പ്രതി നാരിമാർക്കും * കരുതീടു
കിൽ തൃഷ്ണ വർദ്ധിച്ചു വരുമത്രേ വരുമാറില്ല സുരതത്തിനൊരലംഭാവം * അ
ഗമ്യാഗമനമെന്നുള്ളതില്ലംഗനമാർക്കതോർക്കിലൊരുനാളുമെന്നറിഞ്ഞാ
ലും * താതനാകിലും നിജപുത്രനെന്നിരിക്കിലും ഭ്രാതാവാകിലും മറ്റു
പൌത്രാദിയെന്നാകിലും * സ്വാദികമല്ലായോനിദോഷസികാരണമേന്നേ
രം ഹേതുവേതുമേ വന്നീടാകേ ബലം സ്വാഭാവികം * ഇക്കാലമിവിടെ
ലോകത്തിങ്കൽ മനുഷ്യർക്കു ദുഷ്കർമ്മമുണ്ടാകായ്വാനായൊരു മര്യാദയും * വ
രുത്തീടിനാനൊരു ദിവ്യനിന്നതിൻ മൂലം ചുരുക്കിച്ചൊല്ലീടുവൻ കേട്ടു
കൊള്ളുക ഭദ്രേ! *

പാതിവ്രത്യനിഷ്ഠാസ്ഥാപനം.

പണ്ടൊരു തപോധനശ്രേഷ്ഠനാമുദ്ദാലകനുണ്ടായി തനയനായ്
ശ്വേതകേതുവും പുരാ * തന്നുടെ പത്നിയോടും കൂടിയന്നുദ്ദാലകൻ പുണ്യ
വർദ്ധനമായ തപസ്സു ചെയ്താൻ ചിരം * പഞ്ചാഗ്നിമദ്ധ്യസ്ഥനായ് ഗ്രീഷ്മ
കാലത്തു പുനരഞ്ചാതെ മഴ പെയ്യും കാലത്തു നനഞ്ഞിട്ടും * ശിശിരകാ
ലത്തിങ്കൽ സലിലമദ്ധ്യനിവസം വശഗേന്ദ്രിയനായി തപസാ വാഴും കാ
ലം * പുത്രനും മാതാപിതാക്കന്മാരെ പരിചരിച്ചേത്രയും വിനീതനായ്
മരുവീടിനനാളിൽ * വന്നിതു വയോധികനായൊരു വിപ്രശ്രേഷ്ഠൻ
നന്നായിപ്പൂജിച്ചിതു താപസപ്രവരനും * സ്വാഗതമൃദുവചനാസനപാ
ദ്യാർഘ്യാദി ശാകമൂലാഹാരങ്ങൾ കൊണ്ടു പൂജിച്ചനേരം * ക്ഷുൽപിപാസാ
ദി തീർന്നു വിശ്രാന്തനായി വിപ്രനപ്പൊഴുതമ്മോദമുദ്ദാലകനോടു ചൊന്നാ
ൻ * അർക്കസന്നിഭതേജോവിഗ്രഹത്തോടും തെളിഞ്ഞിരിക്കുന്നാകിയ
ബാലനാരെന്നു പറയേണം * മുഖ്യാത്മാവായ ഭവാൻ തന്നുടെ തനയനെ
ന്നുൾക്കാമ്പിൽ കല്പിക്കുന്നേൻ സത്യം ചൊല്ലുക വേണം * അന്നേരമുദ്ദാല
കനവനോടരുൾ ചെയ്താനെന്നുടെ പത്നിയായ കുശീകാത്മജാമമ * ചാ

യെവാനുരാഗപാതിവ്രത്യംകൊണ്ടരുന്ധതി മായകൂടാതെശ്ശുശ്രൂഷിച്ചുവ
ത്തിക്കുംകാലം * ഉത്ഭവിച്ചിതുമമപുത്രനായ്ശ്വേതകേതു സൽപുമാൻ
തപോവിദ്യാശീലാദിഗുണത്തൊട്ടും * അനേരമുദ്ദാലകനോടുചൊല്ലി
നാൻ ദ്വിജനെന്നെയൃണവിനിർമ്മുക്തനാക്കേണംഭവാൻ * മുന്നം
ഞാൻവിവാഹവുംചെയ്തുകൊണ്ടീല പുനരിന്നിപ്പോൾജരാനരയുംപൂണ്ടു
വൃദ്ധനായേൻ * കന്യാദാനവുമാരുംചെയ്കയില്ലിനിക്കിനി ധന്യ
നാകിയഭവാൻ കരുണാശാലിയല്ലോ * പിതൃമാമൃണത്തിങ്കൽനിന്നു
വേർപ്പെട്ടത്തിനി ക്കുത്തമലോകപ്രാപ്തിയുണ്ടാക്കീടുകവേണം * ഞാൻ
തവപത്നിതന്നെവഹിച്ചീടുന്നേനെന്നാൽ ശാന്തനാകിയഭവാൻക്ഷമി
ച്ചീടുകവേണം * ഇത്യുക്തവാക്കൃഷ്ണാജിനാംബരയാമവൾതന്നെ സത്വര
ന്തദാത്രസ്ഥാഗതനാംദ്വിജോത്തമൻ * മത്തനായ്ഭർതൃപുത്രസമക്ഷ
മൃഷിപത്നീഹസ്തവും പിടിപെട്ടാനനുവാദംകൂടാതെ * ക്രുദ്ധനായ്
ശ്വേതകേതുമാതാവുതന്റെ മറേറഹസ്തവുംപിടിച്ചുടനീവണ്ണമുരചെ
യ്താൻ * വൃദ്ധനാംദ്വിജാധമ!കിമിദംമനോഭവ മത്തനായ്ചമഞ്ഞ
നിൻബുദ്ധിരാക്ഷസിയത്രെ * മാതാവുമമപതിവ്രതയെന്നറിയണം താ
തനുംക്ഷമാപരൻബ്രഹ്മവിത്തമനല്ലോ * ശാപാനുഗ്രഹശക്തൻതൂ
ഷ്ണീംഭാവത്തെപ്പൂണ്ടു താപസകുലശ്രേഷ്ഠനെന്നതുമൂലംഭവാൻ * മാത
രംവിമുഞ്ചമേമ തരംവിമുഞ്ചമേ ഭൂസുര! ധർമ്മമല്ലിതെന്നുരചെയ്യുന്നേ
രം * ശ്വേതകേതുവിനോടുഭൂസുരവരൻചൊന്നാൻശ്വേതകേതോ!ഞാ
നപത്യാർത്ഥിയെന്നറികനീ * ചേതസിവിചാരമില്ലായ്കയുമല്ലമമതാത
നോ നിന്നാലൃണനിർമ്മുക്തനായാനല്ലോ * വേദജ്ഞോത്തമവൃദ്ധൻവി
ഗതസ്പൃഹനഹംബോധമോഭവാനേററമുണ്ടല്ലോവിശേഷിച്ചും * പു
ത്രനുണ്ടായാൽപിന്നെയിന്നുടെമാതാവിനെ പുത്രയുംവൈകാതെഞാ
നയച്ചീടുവൻതാനും * ഇത്തരംവൃദ്ധദ്വിജവാക്കുകൾകേൾക്കുംതോറും
ക്രുദ്ധനായ്ചമഞ്ഞൊരുപുത്രനെക്കണ്ടുതാതൻ * കോപിക്കവേണ്ടാപു
രാതനമാംധർമ്മമിദം താപസദ്വിജദേവാദികൾക്കമനുമതം * ജനക
വചനംകേട്ടളവിൽശ്വേതകേതു മനസിവാച്ചുകോപമടങ്ങാഞ്ഞുരചെ
യ്താൻ * എങ്കിൽഞാനിന്നേമുതൽമാനുഷർക്കെല്ലാവർക്കും സങ്കടംതീരു
വതിന്നായൊരുമര്യാദയും * സ്ഥാപിച്ചീടുന്നേൻധർമ്മക്ഷേത്രത്തിൽവി
ശേഷിച്ചും താപസദ്വിജദേവസമ്മതമാകമേലിൽ *പാതിവ്രത്യവുംവേ
ണംനാരിമാർക്കെല്ലാവർക്കും പാതകമുണ്ടായ്വരികല്ലായ്കിലിനിമേലിൽ *
വേദവേദാംഗജ്ഞനായീടിനതപോധനൻ ശ്വേതകേതുവുമേവംസേതു
ബന്ധിച്ചാൻതദാ * ഹേതുവതിപ്പോഴുമില്ലുത്തരകുരുക്കളിൽ ഭേദമില്ലി
തുപിന്നെദ്വിവിധമായുംവന്നു * തിര്യഗ്യോനികൾപോലെയാചാര
മവിടെയായ്മര്യാദവേണ്ടദോഷമദ്ദിക്കിലതിനില്ല * കർത്തവ്യംനാ
രിമാർക്കുഭർതൃശാസനംനൂനം പുത്രാർത്ഥംമമഹിതംഭദ്രേ!ചെയ്തീടേ
ണം * സൌദാസൻമദയന്തിയാകിയഭാര്യതന്നെ വേധാവിൻമക
നായവസിഷ്ഠൻകൈയിൽനൽകി * വേദജ്ഞനായമുനിതന്നുടെ
ബീജംകൊണ്ടു മേദിനീപതിനിജസന്തതിലഭിച്ചിതു * കശ്മലമക

ന്നൊരു നന്ദനനുണ്ടായ്വന്നി തശ്ശുകനായ ഗോത്രാധീശപരനറിഞ്ഞാ
ലും * അസ്മാകംജനനവുംവേദവ്യാസങ്കൽനിന്നു വിസ്മയമല്ലപ
ണ്ടുമിപ്പൊഴുമതുധർമ്മം * ഇത്തരംപലപലകഥകൾപാണ്ഡുചൊന്ന
തുത്തമയായകുന്തികേട്ടളവുരചെയ്താൾ * പാന്ഥന്മാൎക്കെല്ലാംവച്ചുവിള
മ്പീടുവാൻമുന്നം ശാന്തനാകിയതാതനെന്നെയുംനിയോഗിച്ചാൻ * അ
ക്കാലമൊരുദിനംദുർവ്വാസാവായമുനി കൾക്കാമ്പുതെളിഞ്ഞിതുമൃഷ്ടഭോ
ജനംകൊണ്ടു * നാലുമന്ത്രവുമുപദേശിച്ചാനിനിക്കപ്പോൾ ബാലേ!
നീയാവാഹിച്ചാൽവേണ്ടുംദേവന്മാർ വരും * നിനക്കുവശന്മാരാമെ
ന്നിതുമരുൾചെയ്തു മുനിശ്രേഷ്ഠനെഴുന്നള്ളിനാൻയഥാകാമം * അ
ങ്ങിനെയുള്ളമന്ത്രംകൊണ്ടുഞാനാവാഹിച്ചാ ലിങ്ങുവന്നെന്നെപ്രാപി
ച്ചീടുമദ്ദേവൻനൂനം * ഇങ്ങിനെയല്ലൂഗുണസമ്പന്നനായുള്ളൊരു മംഗ
ലദപിജനെക്കൊണ്ടല്ലാദിപ്പിക്കെന്നതോ? * എങ്ങിനെവേണ്ടുമമഭർത്താ
വേ!വിധിച്ചാലു മിങ്ങിനിക്കൊന്നിനുമേവൈമുഖ്യമില്ലയല്ലോ * ദൈ
വതം നാരിമാൎക്കുഭർത്താവുതന്നെയെന്നാൽ താവകംനിയോഗംഞാൻകേ
വലമനുഷ്ഠിക്കാം * ദേവംവാദപിഞ്ജേന്ദ്രംവാഭവതായഥോദ്ദിഷ്ടം ദേവ
സന്നിഭ! തഥാകർത്താസ്മിക്ഷമാപതേ! * ദേവാൽസന്തതിഫലംസദ്യ
സ്സംഭവേന്മഹീ ദേവാൽസംഭവിക്കുംകാലാന്തരേവിധിവശാൽ * അ
കയാൽദേവകളിലാരെയാവാഹിക്കേണ്ടു ശോകംതീൎന്നൊരുസൂനുണ്ടാ
വാനെന്നുചൊൽക * ഭർത്താവിന്മതമറിഞ്ഞെന്നിയേയരുതെന്നി ട്ടിത്ര
പാൎത്തിതുഞാനുമിക്കൎമ്മത്തിനുനാഥാ! മാധുര്യംകലൎന്നൊരുകുന്തിതൻ
വാക്കുകേട്ടു ചേതസിപരമാനന്ദത്തോടുംപാണ്ഡുചൊന്നാൻ* ധന്യനാ
യ്ച്ചമഞ്ഞുഞാനെത്രയുമനുഗ്രഹ മിന്നിതുതോന്നിയല്ലൊനിനക്കുമനോ
ഹരേ! * നമ്മുടെവംശമിപ്പോളുദ്ധരിച്ചീടുന്നതും നിർമ്മലേ!കുന്തീദേവി
നീയെന്നുധരിച്ചാലും * ശ്രീദുർവ്വാസസേമഹാമുനയേതസ്മൈനമോ
ഭൂതനാഥാംശോത്ഭവായോഗ്രായനമോനമഃ * യേനതേദത്തോവരോ
ധർമ്മവിച്ഛേദംവിനാ മാനസതാപംതീൎന്നുസന്തതിലഭിക്കുവാൻ*ധർമ്മ
തല്പരനായുണ്ടാകണമെന്നാകിലോ ധർമ്മദേവനെ!നീയുമതിനൊന്നുചെ
യ്തീടവേണം * ധർമ്മരാജനെവരിച്ചീടുകരാജാവായാൽ ധർമ്മിഷ്ഠന
ല്ലെന്നാകിലവനാലെന്തുഫലം? * കുന്തിയുംഭർത്താവുതന്നാജ്ഞയെവാ
ങ്ങിക്കൊണ്ടു സന്തോഷത്തോടുമൃതുകാലേപോയ്സ്നാനംചെയ്തു * ശുഭ്ര
വസ്ത്രവുംപൂണ്ടുസുഭ്രൂവാംകുന്തീദേവി വിഭ്രമംകലൎന്നുടൻദൎപ്പകവശയായാ
ൾ * നിർമ്മലമനോവേഷാലങ്കാരാദികളോടും ധർമ്മദേവനെനന്നാ
യാവാഹിച്ചിതുകുന്തി * ശില്പമായിരിപ്പൊരുപുഷ്പതല്പത്തിന്മേൽച്ചെ
ന്നുല്പലാക്ഷിയുമപ്പൊഴുല്ലാസിപ്പിനായി * യോഗമൂൎത്തിമാനായധർമ്മ
രാജനെപ്പുൽകി രാഗവുമിരുവൎക്കുംപൂൎണ്ണമായുണ്ടായ്വന്നു * ഗർഭാധാന
വുംചെയ്തുമറഞ്ഞുധർമ്മദേവ നപ്പൊഴേഗർഭംധരിച്ചീടിനാൾകുന്തിതാ
നും * പെററിതുപൌരന്ദരതാരഗേതാരാധിശേ കുററമററീടുംകുമാരൻ
തന്നെതേജോബലാൽ * ഭാസ്കരേദിവസമദ്ധ്യസ്ഥിതേസപ്തജസാ
ഭാസ്കരതുല്യനായോരർഭകൻപിറന്നപ്പോൾ * കേൾക്കായിതശരീരിവാ

ക്യവുമെല്ലാവക്കും ഭാഗ്യവാനിവൻധമ്മജ്ഞന്മാരിൽശ്രേഷ്ഠനല്ലോ *
അഖ്യയായുധിഷ്ഠിരൻപാണ്ഡുസീമന്തപുത്രൻ സാക്ഷാൽശ്രീനാരായണ
പാദഭക്തരിൽമുമ്പൻ * ഈവണ്ണമുണ്ടായ്വന്നുകുന്തിക്കുസുതനെന്നു ദേവി
ഗാന്ധാരികേട്ടുഖേദിച്ചുവാഴുംകാലം * രണ്ടാംവത്സരമായിതനിക്കു
ഗർഭമിന്നു മുണ്ടായീലൊരുസുതനെന്തെന്നന്തസ്താപാൽ * കുണ്ഠതകൈ
വിട്ടുവളുദരം കലക്കിനാളുണ്ടായിസാഷ്ഠീലയാംമാംസപേശിയുമപ്പോൾ
* വന്നിതുയദൃച്ഛയാമാമുനിവേദവ്യാസ നന്നമന്തർഗ്ഗതംചൊല്ലിനാ
ൾഗാന്ധാരിയും * കലശശതമാജ്യപൂർണ്ണമായ്വരുത്തുക സലിലംകൊ
ണ്ടുമാംസപേശിയുംകഴുകുക * നൂറുപുത്രന്മാരെയുണ്ടാക്കുവനെന്നുമുനിനൂ
റുഖണ്ഡിച്ചുഘൃതകലശങ്ങളിലിട്ടാൻ * സൂക്ഷിച്ചുവച്ചുകൊണ്ടുകുംഭ
ങ്ങൾപൊട്ടുന്നതും നോക്കിക്കൊണ്ടെടുത്തുനീവളർത്തിക്കൊൾകയെന്നാ
ൻ * എന്നരുൾചെയ്തുതപസ്സിന്നെഴുന്നള്ളിമുനി പിന്നെഗ്ഗാന്ധാരിതാ
നുംതെളിഞ്ഞുമരുവിനാൾ * ഉണ്ടായകുമാരനെപ്പാണ്ഡുവുമോടിച്ചെ
ന്നുകണ്ടുടൻജാതകർമ്മം ചെയ്തിതുയഥാവിധി * സന്തോഷംപൂണ്ടുമരു
വീടുന്നാളൊരുദിനം കുന്തിയോടുരചെയ്തുപാണ്ഡുവാംനൃപവരൻ *
എന്തൊരുകഴിവിനിരണ്ടാമതൊരുസുത നന്തമില്ലാതബലമുണ്ടായുണ്ടാ
വാനെടോ! * ക്ഷത്രിയവംശത്തിങ്കൽജ്ജനിച്ചീടുന്നതാകിൽ ശക്തനാ
യിരിക്കണമെങ്കിലേഫലമുള്ളൂ * വാജിമേധത്തിനല്ലോശ്രേഷ്ഠതാംക്ര
തുക്കളിൽ തേജസാംകുലശ്രേഷ്ഠനായതുദിനകരൻ * ദ്വിപദാംകുല
ശ്രേഷ്ഠൻ ബ്രാഹ്മണനെന്നപോലെ വിബുധശ്രേഷ്ഠനല്ലോമാരുതദേവ
നെടോ! * എന്നാൽനീജഗൽപ്രാണദേവനെയാവാഹിച്ചു നന്ദനമു
ണ്ടാക്കുകബലവാനായിട്ടിന്നും * ഭർത്താവിൻനിയോഗത്താൽ കുന്തി
യുംതെളിഞ്ഞുള്ളിൽ ഭക്തിപൂണ്ടാവാഹിച്ചാൾമാരുതദേവൻതന്നെ * മ
ന്ത്രത്തിൻബലംകൊണ്ടുവായുവുമപ്പോഴേ വന്നന്തികേനിന്നനേരംകുന്തി
യുംനാണംപൂണ്ടാൾ * പുത്രനെവരിച്ചപ്പോൾഗന്ധവാഹനുംതെളി
ഞ്ഞുത്തമയാമവളെപ്പുണർന്നുഗാഢംഗാഢം * അപ്പൊഴുതുല്പാദിച്ചുഗർഭ
വുംതികഞ്ഞപ്പോ ളർഭകൻപിറന്നിതുതെളിഞ്ഞുലോകങ്ങളും * അന്നേ
രമശരീരിതന്നുടെവാക്കുകേട്ടു നന്ദനനിവൻബലിശ്രേഷ്ഠനെന്നെല്ലാട
വും * ഭീമവിക്രമനായഭീമസേനനുമേവം ഭൂമിപാലകകുലശ്രേഷ്ഠനാ
യുണ്ടായ്വന്നു * പററലരായ്മേവീടുംമററുള്ളഭൂപാലന്മാ ർക്കിററിററുവീ
ണീടുന്നുമൃത്യുവുമശ്രുക്കളും* കുന്തിയുംപത്താംദിനംകുളിപ്പാൻപോയാൾ
നിജനന്ദനൻതന്നെപ്പുണ്ണിപ്പെട്ടെടുത്തുംകൊണ്ടുടൻ * കുളിച്ചുകുമാരനെ
യെടുത്തുകൊണ്ടുകുന്തി തളർച്ചയോടുമാശ്രമത്തിന്നുപോരുംനേരം * പി
ടിച്ചുതിന്മാൻവ്യാഘ്രമടുത്തുവേഗത്തോടു പടുതമേറുംപാണ്ഡുതൊടുത്തു
ശരംകൊണ്ടു * മരിച്ചുശാർദ്ദൂലവുമീശ്വരവിധിവശാൽ സ്മരിച്ചുദുർവ്വാ
സാവിൻവരത്തെക്കുന്തിയപ്പോൾ * അലറിവരുന്നൊരുപുലിയെക്ക
ണ്ടുവ്യഥാ മലമേൽമേല്പോട്ടേക്കുപിടിച്ചുകരേറുമ്പോൾ * വീണുപോയി
ത്തുബലാൽ കീഴ്പോട്ടേക്കുണ്ടുടൻ താണൊരുഭാഗത്തൊരുകല്ലിന്മേലെ
ത്തുകഷ്ടം! * ചൂർണ്ണമായ്ചമഞ്ഞിതുശിലയുമതുകണ്ടു പൂർണ്ണവിസ്മയപര

മാനന്ദത്തോടു പാണ്ഡു * ഭഗവാൻപരമാത്മാപരമേശ്വരൻവിഷ്ണു ജഗ
താംപതിപരിപാലിച്ചുകൊൾകയെന്നാൻ *സചന്ദ്രബൃഹസ്പതൌസിം
ഹഗേമുഖാനന്ദിതേ വിജയമുഹൂർത്തഗേദിനമദ്ധ്യഗേസൂര്യേ * പിറന്നു
ഭീമസേനൻവിശദത്രയോദശ്യാം നിറഞ്ഞപാതിരായ്ക്കുമ്പിലേസുയോ
ധനൻ * പിറന്നാനതുനേരംകരഞ്ഞുകുറുനരി ചൊരിഞ്ഞുമേഘങ്ങളും
രുധിരവൃഷ്ടികൊണ്ടു *വരുത്തിവിപ്രന്മാരെധൃതരാഷ്ട്രരുമപ്പോൾപെരു
ത്തതാപത്തോടുവിദുരരോടുചൊന്നാൻ * ദുർന്നിമിത്തങ്ങളുടെകാരണം
ചൊൽകെന്നപ്പോൾ മന്നവൻതന്നോടാശുവിദുരരുരചെയ്തു * ഇന്നി
പ്പോളുണ്ടായതുനമ്മുടെകുലാന്തകനെന്നതു ദൈവമറിയിക്കചെയ്തിതുനൃ
നം * ത്യജിച്ചീടണമൊരുപുരുഷംകുലസ്യാർത്ഥേ ത്യജിച്ചീടണമൊരു
കുലത്തെഗ്രാമസ്യാർത്ഥേ * ത്യജിക്കാംജനപദസ്യാർത്ഥേകേവലംഗ്രാമം
ത്യജിക്കാമാത്മാർത്ഥേ തന്നോടുമെന്നറിയേണം * ഇത്തരംവിദുരരുംവി
പ്രരുമുരചെയ്താരുത്തരംചൊല്ലീലേതുംപുത്രസ്നേഹത്താൽനൃപൻ * അ
ങ്ങിനെനൂറുമക്കൾധൃതരാഷ്ട്രനുമുണ്ടായ്തിങ്ങിനമോദത്തൊടുംപിന്നെ
യുംപാണ്ഡുനൃപൻ * ലോകവിഖ്യാതനായിട്ടിനിയുമൊരുമകൻഭാഗ
വതോത്തമനായുണ്ടാവാനെന്തുനല്ലൂ * ത്രൈലോക്യാധിപനായവാ
സവൻദേവശ്രേഷ്ഠൻ പൌലോമീവരൻതന്നെസ്സേവിച്ചാലവനുടെ *
വീര്യത്താൽ നമുക്കൊരുനന്ദനനുണ്ടായ്വരും വീര്യവാനായിട്ടെന്നകല്പി
ച്ചുവഴിപോലെ * താപസശ്രേഷ്ഠന്മാരുമായ്നിരൂപിച്ചുകല്പിച്ചാഭോ
ഗാനന്ദംപൂണ്ടുകുന്തിയോടുരചെയ്താൻ* വല്ലഭേ!നമുക്കിന്നുംനല്ലൊരുത
നയനെസ്വർല്ലോകാധിപസുതനായിട്ടുണ്ടാക്കീടേണം * ആരാധിച്ചീ
ടുന്നതുണ്ടിന്ദ്രനെഞാനുംനീയും പാരാതെവരിക്കേണംമന്ത്രംകൊണ്ടെ
ൻറചൊല്ലാൽ * ഇങ്ങനെനിയോഗിച്ചാൻമംഗലനായപാണ്ഡു അ
ങ്ങിനെതന്നെയെന്നുകുന്തിയുമുരചെയ്താൾ * ധീരാത്മാനൃപോത്തമ
നൊരുകാൽകൊണ്ടുനിന്നു ഘോരമായിരിപ്പോരു തപസ്സുംതുടങ്ങിനാൻ
* അക്കാലംപ്രത്യക്ഷനായീടിനമഹേന്ദ്രനു മുൾക്കാമ്പുതെളിഞ്ഞുഭൂപാ
ലനോടരുൾചെയ്തു * മൂന്നുലോകത്തിങ്കലുംവിശ്രുതനായിട്ടിപ്പോൾ ഞാ
ൻനിനക്കൊരുസുതൻതന്നെയുണ്ടാക്കീടുവൻ * എന്നതുകേട്ടുതെളി
ഞ്ഞീടിനാൻപാണ്ഡുനൃപൻ ചെന്നുകുന്തിയെപ്പുണർന്നീടിനാൻമഹേന്ദ്ര
നും * ഗർഭിണിയായകുന്തിതന്നുടെതേജസ്സുകണ്ടത്ഭുതംപൂണ്ടു ചമഞ്ഞീടി
നാരെല്ലാവരും * അർഭകൻപിറന്നിതുഫാൽഗുനമാസേപൂന മപ്പൊ
ഴേഫാൽഗുനനെന്നതിനാൽപേരുമിട്ടാൻ * കേൾക്കായിതശരീരിവാ
ക്കമന്നേരം ദിവി സാക്ഷാൽശ്രീരാമസമനായ്വരുമിവനെന്നു * ചേ
തസിശതശൃംഗവാസികൾക്കെല്ലാമപ്പോൾ പ്രീതിയുംവളർന്നിതുകുന്തി
യുംസന്തോഷിച്ചാൾ * ദേവകൾപെരുമ്പറയടിച്ചനാദഘോഷമേവ
മെന്നിനിക്കിപ്പോൾചൊല്ലുവാനരുതല്ലോ * കല്പാന്തകാലത്തിങ്കൽ
പെയ്യുന്നമഴപോലെ പുഷ്പങ്ങൾകൊണ്ടുവൃഷ്ടിയുണ്ടായിതെന്നേചൊല്ലൂ
* ദേവഗന്ധർവ്വന്മാരുമപ്സരസ്ത്രീവർഗ്ഗവും ദേവികളോടുംപാട്ടുമാട്ടവുംതുട
ങ്ങിനാർ * ജയജയാത്ഭുതവരചിതോത്സവമിത്രയില്ല ഭയംതന്നിതുദേവാ

ദികൾക്കമെത്തുകാലം * ഇങ്ങിനെമൂന്നുകുമാരന്മാരുണ്ടായകാലം മംഗല
ശീലയായമാദ്രിയുമൊരുദിനം * പുത്രന്മാർതനിക്കതാൻപെറ്റൊന്നു
മില്ലായ്കയാൽ ഭർത്താവുതന്നോടൊരുരഹസിചൊല്ലീടിനാൾ * ഗാന്ധാ
രിതനിക്കൊരുനൂറുപുത്രന്മാരുണ്ടു ശാന്തമാനസയായകുന്തീദേവിക്കുമി
പ്പോൾ * പുത്രന്മാരുണ്ടായ്വന്നിതീശ്വരനിയോഗത്താൽ സിദ്ധമല്ലായ്ക
യാൽഞാനൊന്നുണ്ടുചൊല്ലീടുന്നു * സ്ത്രീകൾക്കുതാൻപെറ്റപു
ത്രന്മാരില്ലെന്നാകിൽ ശോകത്തിന്നൊരിക്കലുമില്ലൊരുശാന്തി നൂനം
* എന്നിവരോർത്തുകുറഞ്ഞൊരുസന്താപമുള്ളിൽ പിന്നെയുംവർദ്ധി
ക്കുന്നു മൂഢതകൊണ്ടുതാനും * ഇത്തരംകേട്ടുപാണ്ഡുകുന്തിയോടൊ
രുദിനം മദ്രജാമനോഗതമറിയിച്ചുടൻകേട്ടു * കുന്തിയുമൊരുമന്ത്രം
ദാനംചെയ്തിതുമാദ്രി കാന്തരാത്മനിപരമാനന്ദേനതാട്ടമ്പാൾ * അ
ശ്വിനീദേവകളെവരിക്കനിമിത്തമായ്വിശ്രുതന്മാരായവർക്കിരുവരുണ്ടാ
യ്വന്നു * നിശ്ശേഷഗുണയുക്തന്മാരായട്ടവർ വിശ്വനായകസമന്മാ
രെന്നേപറയാവൂ * നകുലനെന്നുംസഹദേവനെന്നതുംനാമം നിഖി
ലജനമനോമോഹനന്മാരെത്രയും *

പാണ്ഡുവിൻെറ ചരമഗതി.

അഞ്ചുപുത്രന്മാരോടുംരണ്ടുപതികളോടും നെഞ്ചകംതെളിഞ്ഞാര
ണ്യാശ്രമേവാഴുംകാലം * പഞ്ചസായകൻതൻെറബന്ധുവാംകാലംവന്നു
പഞ്ചത്വംഭവിപ്പാനായ്പാണ്ഡുവിന്നുള്ളകാലം * ഇന്ദ്രപുത്രനംപതിന്നാ
ലുവത്സരംതികയുന്നജന്മർക്ഷദിനമിന്നെന്നുനിരൂപിച്ചു * വിപ്രഭോജ
നത്തിനുകോപ്പിട്ടുകുന്തിദേവി തല്പദാർത്ഥങ്ങളെല്ലാം സംഭരിച്ചൊരുക്കു
മ്പോൾ * പുഷ്പബാണനുസമനാകിയനരപതിപുഷ്പിതലതാ വൃക്ഷശോ
ഭിതവനഭുവി * ഭദ്രശീലാംഗിയായനാരിമാർകുലമണി മദ്രാധിപതിസു
തയോടുംവൈചിത്ര്യവീര്യൻ * സഞ്ചരിച്ചിതുവസന്താഭയുംകണ്ടുകണ്ടു
ചഞ്ചലമായിമനോധൈര്യവുംവിധിബലാൽ * മന്മഥശരമേററു
നിർമ്മലനായപാണ്ഡു കർമ്മവാസനാവശാൽസമ്മോഹംപൂണ്ടമൂലം
* മാദ്രിയെക്കണ്ടുചിത്തമാർദ്രമായ്ചമകയാൽ പാർത്ഥിവൻതെരുതെ
രെപ്പുണർന്നുപുല്കിയനേരം * മാമുനിശാപംകൊണ്ടുജീവനുംനടകൊണ്ടു
മാമുനിമാരുംകുന്തീദേവിയുംദുഃഖംപൂണ്ടാർ * കാമിനിയായമാദ്രികൂട
വേവീയിൽച്ചാടിക്കാമനുസമനായ കാമുകനോടുചേർന്നാൾ * മുന്നമേ
ബാലന്മാർക്കുഷോഡശക്രിയകൾക്ക ധന്യനാംവസുദേവൻതന്നുടെനി
യോഗത്താൽ*വന്നിരിക്കുന്നഗർഗ്ഗൻവൃഷ്ണികൾപുരോഹിത നൊന്നൊഴി
യാതെവേണ്ടുംകർമ്മങ്ങൾചെയ്യിച്ചിതു * ചരമയാംവെന്തുവെന്തുകുന്തി
യുംബാലന്മാരും സന്താപത്തോടുവേണ്ടുംകർമ്മങ്ങളൊക്കെച്ചെയ്താർ *
ബാലകന്മാരെയുമമ്മതാവാംകുന്തിയേയും പാലിപ്പാനിനിയാരുമില്ലെ
ന്നുനിരൂപിച്ചു * താപസന്മാരുകൊണ്ടേഹസ്തിനാപുരമാക്കി താപവും
മറച്ചുവരവിടെവസിക്കുന്നാൾ * വേദവ്യാസനുംചെന്നുമേലിലെവി
ശേഷങ്ങളോരോന്നുവേളുസത്യവതിയോടരുൾചെയ്തു * അംബികയോടുമം
ബാലികയാമവരോടു മമ്മയുംതപസ്സിനായ്വനത്തിലെചെന്നുപുക്കാൾ *

മൂവരും പരലോകം പ്രാപിച്ചാരവിടുന്നു ചൊവ്വോടു ശേഷക്രിയ ചെയ്തി
തു ബാലന്മാരും *

കൌരവന്മാൎക്ക് പാണ്ഡവരോടുള്ള സ്പൎദ്ധാരംഭം.

അററമലോട്ടുണ്ടായ്വന്ന രാജപുത്രന്മാരൊരു നൂററാറുമൊരുമിച്ചു ക
ളിക്കുംകാലത്തിങ്കൽ * സത്സംഗമേറെയുള്ള പാണ്ഡവന്മാരോടൊരു മ
ത്സരമുണ്ടായ്വന്നു ധാൎത്തരാഷ്ട്രന്മാൎക്കുള്ളിൽ * ഭീമസേനനെക്കുറിച്ചേറെ
യുമുണ്ടു വൈരം ഭൂമിപാലാത്മജനാം ദുൎയ്യോധനനന്നാൾ * ഉറങ്ങുന്നേരം
കെട്ടി ഗ്ഗംഗയിലിട്ടാരവരിറന്നീടുവാൻ വിഷം കൊടുത്താർ ചോററിൽത്ത
ന്നെ * പാമ്പിനെക്കൊണ്ടു കടിപ്പിച്ചാർ കൊല്ലുവാനവരാംപണി ചെ
യ്താരതു പറഞ്ഞാലൊട്ടുണ്ടുമോ * ബന്ധുവായ് ശകുനിയും കൎണ്ണനുമവ
ൎക്കുണ്ടു കുന്തി തൻ തനയന്മാൎക്കീശൻ താനുമുണ്ടു * അക്കാലം കുമാര
ന്മാൎക്കസ്ത്രങ്ങൾ പഠിപ്പിപ്പാനക്കൃപാചാൎയ്യർ തന്നെക്കല്പിച്ചു ഭീഷ്മർ ചൊ
ല്ലാൽ * അസ്ത്രജ്ഞന്മാരിൽ മുമ്പനാകിയ കൃപർ തന്റെ യുത്ഭവം പറയു
മ്പോളത്ഭുതമൊട്ടുണ്ടീടാ *

വിദ്യാഭ്യാസവും ശരദ്വതോല്പത്തിയും.

പത്മജതനയനാമംഗിരസ്സിനു പുത്രരുത്ഭവിച്ചിതു മൂവരെത്രയും തേ
ജസ്സോടും * ഉചത്ഥ്യൻ ബൃഹസ്പതി സംവൎത്തന്മാരെന്നറി ലുചത്ഥ്യതന
യനായുണ്ടായി ദീൎഘതമാ * അവന്റെ സുതനല്ലോ ഗൌതമതപോധ
നനവന്റെ മകനല്ലോ ശരദ്വാനെന്ന മുനി * അവനുമവദത്തിങ്കൽ വാ
സനകുറകയാലവശപ്പെട്ടു താതൻ ജാതകം നിരൂപിച്ചു * ധനുൎവ്വേദത്തെ
പ്പഠിപ്പിച്ചിതു ജനകനും മുനിവീരനും ജാമദഗ്ന്യനു സമനായായാൻ * ചതു
രനായാനവനസ്ത്രങ്ങൾക്കു മൂലമധികം ഭീതിപൂണ്ടു ചമഞ്ഞു ശതമഖൻ *
ശരദ്വാനുടെ തപോവിഘ്നത്തെ വരുത്തുവാൻ സുരശ്രേഷ്ഠനും ജാലാവ
തിയെ നിയോഗിച്ചാൻ * ചാപാസ്ത്രധരനായി നില്ക്കുന്ന ശരദ്വാനും
ശോഭയോടേകാംബരയാമവൾ തന്നെക്കണ്ടാൻ * അപ്സരസ്ത്രീകളിൽ വ
ച്ചുത്തമാംഗിയെക്കണ്ടിട്ടപ്പോഴേ വില്ലുമമ്പും വീണുപോയിതു ബലാൽ *
ഉണ്ടായ വികാരത്താൽ വേപഥുശരീരനായ് പുണ്ഡരീകേക്ഷു പരവശനെ
ന്നിരിക്കിലും * ധൈൎയ്യജ്ഞാനാദി തപോബലങ്ങളുണ്ടാകയാൽ സ്ഥൈ
ൎയ്യത്തെപ്പൂണ്ടു നിന്നു ശരദ്വാനതു നേരം * സ്രവിച്ചു രേതസ്സതുമറിഞ്ഞീലവ
നപ്പോൾ ജവത്തോടവിടുന്നു ഗമിച്ചാൻ വിവേകത്താൽ * രണ്ടായി
ശരസ്തംബത്തിങ്കൽ വീണതു മൂലമുണ്ടായി മിഥുനവുമാശ്രമസമീപത്തി
ൽ * കണ്ടിതു നായാട്ടിനായവിടെ വന്ന നേരം കണ്ടകകാലനായ ശ
ന്തനുസേനാനാഥൻ * അവനും കൃഷ്ണാജിന ചാപബാണങ്ങളോടുമവി
ടെക്കാണായ്വന്ന മിഥുനം തന്നെയപ്പോൾ * അവനീദേവാപത്യമെ
ന്നു കല്പിച്ചു പുനരവനീശനായ ശന്തനുവിനു നൽകി * നൃപനും
കൊണ്ടുപോയിതന്നുടെ രാജ്യത്തിങ്കൽ കൃപയാ വളൎത്തിതു തനിക്കു മക്ക
ളാക്കി * കൃപയാ വളൎക്കയാൽ നൃപതി ചൊല്ലുമിട്ടാൻ കൃപനെന്നതും പി
ന്നെ പെണ്ണിനു കൃപിയെന്നും * ഗൌതമനറിഞ്ഞിതു തന്നുടെ മക്കളെ
ന്നു കൌതുകത്തോടു നൃപനോടു ചെന്നറിയിച്ചു * ശരദ്വാൻ ചതുൎവ്വിധമാ

കിയധനുർവേദം സുരശ്രേഷ്ഠനുസമം തനിക്കുപഠിപ്പിച്ചു * പരമാചാര്യ
നായാനതിനാൽകൃപരപ്പോൾ സുരവാഹിനീസുതൻതന്നുടെനിയോഗ
ത്താൽ * സുരവാഹിനീപതിസമനാംകൃപൻമഹി സുരവൃന്ദാഗ്രേസരൻ
ധനുർവേദജ്ഞമുഖ്യൻ * കുരുവീരാത്മജന്മാർതമ്മെയുംപഠിപ്പിച്ചു കുരു
രാജ്യത്തിൽ സുഖിച്ചിരിക്കുംകാലത്തിങ്കൽ * അവിടെയ്ക്കെഴുന്നെള്ളിയൊരു
നാൾ ദ്രോണാചാര്യനവരോടൊത്തവില്ലാളികളില്ലൊരുത്തരും * ദ്രോ
ണരാകുന്നതാരെന്നെന്നോട്ടുചോദിക്കിൽഞാൻ നാണവുംപൂണ്ടുമണ്ടും
ചൊല്ലുവാൻകാലംപോരാ * ദ്രോണർതാനുണ്ടായതുമാദിയെചെറുപ്പ
ത്തിൽ ക്ഷോണീന്ദ്രനാകും ദ്രുപദനസഖ്യാവ്യാപ്തിയും * നല്ലൊരുശാര
ദ്വതിതന്നെക്കൈപിടിച്ചതും ചൊല്ലേറുമശ്വത്ഥാമാവവൾപെറ്റുണ്ടാ
യതും * ഭാർഗ്ഗവരോട്ടുധനംചോദിപ്പാൻചെന്നവാറും ഭാർഗ്ഗവനർത്ഥ
മില്ലാഞ്ഞസ്ത്രങ്ങൾകൊടുത്തതും * പാഞ്ചാലനോട്ടുപിന്നെപ്പിണക്ക
മുണ്ടായതും ഞാൻപാലെപറയുമ്പോളായുസ്സുപോരായല്ലോ * എങ്കിലും
ഗുരുവിന്റെയുത്ഭവമെന്നോടിപ്പോൾ സംക്ഷേപിച്ചറിയിച്ചീടേണമെ
ങ്കിലോകേൾക്ക *

ഭാരദ്വാജോല്പത്തി

ഒരുനാൾഭരദ്വാജൻഗംഗയിൽകുളിപ്പാനായ്പുലർവിൽചെന്നനേരം
കണ്ടിതുഘൃതാചിയെ * മാരുതഹൃതാംബരയാകുമവൾതന്നെക്കണ്ടു മാര
നവശനായിമാമുനിയതുനേരം * ഇന്ദ്രിയസ്ഖലനംവന്നതിനെദ്രോ
ണംതന്നിലന്നേരമാക്കിക്കൊണ്ടാനതിൽനിന്നുണ്ടാകയാൽ * ദ്രോണ
നെന്നുതന്നെനാമധേയവുംചൊന്നാനവനുംപൂണ്ടു സാംഗവേദവും പ
ഠിപ്പിച്ചു * ഭരദ്വാജനുസഖിയാകിയപൃഷതനാംധരിത്രീപതിസുതൻദ്രു
പദനതുകാലം * ദ്രോണനോടൊരുമിച്ചുപഠിച്ചുവിദ്യകളും ക്ഷോണീമെ
ന്നിയേസഖ്യംപൂണ്ടുവാണീടുംകാലം * സുരലോകവുംപുക്കുപൃഷതമഹീ
പതി നരപാലകനായാൻദ്രുപദനതുകാലം * ഭാരദ്വാജനുംശാരദ്വതി
യെവേട്ടുപിന്നെ ഭാരദ്വാജാത്മജനായശ്വത്ഥാമാവുമുണ്ടായ് * പുത്രനെ
വളർപ്പതിനർത്ഥമില്ലായ്കമൂലം മർത്ഥിച്ചുഭാർഗ്ഗവനോടവനുമതുനേരം * അ
ർത്ഥമെല്ലാരുംദാനംചെയ്തുപോയിതു ദിവ്യാസ്ത്രസംഹാരപ്രയോഗാ
ദികൾപഠിപ്പിക്കാം * എന്നതുകേട്ടുഭാരദ്വാജനുംധനുർവേദം നന്നായി
പ്പഠിച്ചിതുഭാർഗ്ഗവൻതന്നോടപ്പോൾ * ദ്രുപദൻതന്നെച്ചെന്നുകണ്ടിതു
സഖിയെന്നോർത്തവനുമധിക്ഷേപിച്ചുരചെയ്തിതുപാരം * വിദ്യാർത്ഥ
ശ്രുതപ്രജ്ഞാശൌര്യാദിഗുണങ്ങൾകൊണ്ടൊരുവരോടെ സഖ്യമുണ്ടാ
യിതെല്ലാവർക്കും * പുഷ്ടനുംവിപുഷ്ടനുംതമ്മിലസഖ്യവുമില്ല രുഷ്ടനാം
ദ്രുപദനമിങ്ങിനെപറഞ്ഞപ്പോൾ * പുത്രനുംശിഷ്യന്മാരുമായവൻപുറ
പ്പെട്ടു ഹസ്തിനാപുരത്തിങ്കൽചെന്നുപുക്കതുനേരം * ബാലന്മാർപലരു
മായ്വീട്ടയാകളിക്കുമ്പോൾ കാലങ്ങുലീയകമന്ധുവിൽവീണുപോയി *
വീടയുമതിനോടുകൂടവേവീണനേരം ക്രീഡയുംമതിയാക്കിയവയെയെടു
പ്പാനായ് അന്ധുവിൻകരേസോൽക്കണ്ഠന്മാരായെല്ലാവരു മന്ധന്മാരു

പായമില്ലാഞ്ഞുനില്ക്കുന്നനേരം * ആസന്നപലിതനായ്ശ്യാമനായ്
കൃശാംഗനാം ഭൂസുരോത്തമൻചിരിച്ചവരോടുരചെയ്തു * വീടയുംമുദ്രിക
യുംഞാനിഷീകകളാലെ പീഡകൂടാതെയെടുത്തീടുവൻനിങ്ങൾക്കമമ *
ഭോജനംതന്നീടുവിനെന്നതുകേട്ടധർമ്മ രാജനന്ദനൻചൊന്നാൻമൃഷ്ടാ
ഷ്ടിതരുവൻഞാൻ * അനന്തരമിഷീകകൾമേൽക്കുമേൽ പ്രയോഗിച്ചിട്ട
ന്യോന്യസമായോഗാൽവീടയുമെടുത്തിതു * ധന്യനാംദ്രോണാചാര്യൻ
മുദ്രയുമതുനേരം വന്നിതുകുമാരന്മാർക്കുള്ളിലത്ഭുതമേററം * അഭിവാദ്യവും
ചെയ്തുചോദിച്ചുകുമാരന്മാരഭിലാഷങ്ങൾനല്കാമാരെന്നുപറയണം *
ചോദിപ്പിൻനിങ്ങൾചെന്നുഭീഷ്മരോടവരെന്നാൽ ബോധിപ്പിച്ചീടുമെ
ന്നെനിങ്ങൾക്കുവഴിപോലെ * ചെന്നവർചോദിച്ചപ്പോൾഭീഷ്മരുംദ്രോ
ണരെന്നാൻ ചെന്നിനിനിങ്ങൾകൂട്ടിക്കൊണ്ടിങ്ങുപോന്നീടുവിൻ * ചെ
ന്നിതുകുമാരന്മാർതമ്മോടുംഭാരദ്വാജൻ നന്നായിവന്നതെന്നുചൊല്ലി
നാൻഗംഗാദത്തൻ * വന്നകാരണംചോദിച്ചീടിനാനതുനേരം ധന്യ
നാംഭാരദ്വാജൻചൊല്ലിനാൻപരമാർത്ഥം * അഗ്നിവേശാഖ്യനാകുംമാ
മുനിതന്നോടുഞാ നസ്ത്രങ്ങൾപഠിപ്പാനായ്ചെന്നിരുന്നതുകാലം *
പാഞ്ചാലരാജപുത്രനാകിയയജ്ഞസേനൻ വഞ്ഞരയാകൂടെപ്പഠിച്ചീടി
നാൻമയാപുരാ * സബ്രഹ്മചാരിയാകുംയജ്ഞസേനനുംഞാനും സുബ്ര
ഹ്മണ്യനുംജാമദഗ്ന്യനുമെന്നപോലെ * വിദ്യയുമഭ്യസിച്ചുമരുവീടിന
കാലം വിദ്വാനാംദ്രുപസുതനെന്നോടുചൊല്ലീടിനാൻ * ഞാനിനിരാ
ജാവായാലെന്റെരാജ്യമൊക്കെ ഞാനിയംഭവാനധീനത്വമാക്കുവന
ല്ലോ * പിന്നെഞാൻവെട്ടുപുത്രനുണ്ടായോരനന്തരം ചെന്നപ്പോളവ
നെന്നെധിക്കരിക്കയുംചെയ്താൻ * വന്നതുമവിടെനിന്നിപ്പോൾ
ഞാൻമഹാമതേ! ധന്യനാംഭവാൻതന്നെക്കാണ്മാനൊന്നറിഞ്ഞാലും
* എന്നതുകേട്ടുഭീഷ്മർതന്റെപൌത്രന്മാരെ നന്നായിപ്പഠിപ്പിപ്പാന
വിടെവെച്ചുകൊണ്ടാൻ * അക്കാലംകുമാരന്മാരെശ്ശിക്ഷിച്ചുപഠിപ്പിച്ചു വി
ഖ്യാതകീർത്തിയോടുമവിടെവാഴുംകാലം * ഒരുനാൾഭാരദ്വാജൻര
ഹസ്സിവിളിച്ചുടൻ കുരുവീരന്മാരാകുംശിഷ്യരോടുരചെയ്തു * എന്റെമ
നോരഥംനിങ്ങൾസാധിപ്പിക്കേണ മെന്നതുകേട്ടുധാർത്തരാഷ്ട്രന്മാർമി
ണ്ടീലേതും * അനന്തരംധർമ്മപുത്രൻതന്റെമുഖംനോക്കി നിന്നൊരു
സവ്യസാചിചൊല്ലിനാൻതെളിവോടെ * തിരുവടിയുടെകാ
ര്യമുണ്ടെങ്കിലതുഞാ നന്തരമില്ലസാധിപ്പിച്ചുകൂട്ടുവനല്ലോ * തെളിഞ്ഞു
ഭാരദ്വാജനതുകേട്ടുജിഷ്ണുതന്നെപ്പുണർന്നുഗാഢംഗാഢംമുകർന്നുശിരസ്സിങ്കൽ
* ആനന്ദാശ്രുക്കളോടുമശ്വത്ഥാമാവുതന്നെ മാനമേറീടുംജിഷ്ണുതന്നു
ടെകൈയിൽനൽകി * നിനക്കുസഖിയിവനെന്നതുമരുൾചെയ്താൻ
കനക്കെമോദംപൂണ്ടുപുണർന്നാൻപാർത്ഥനപ്പോൾ * നാനാദേശ്യന്മാ
രായരാജപുത്രന്മാരോടും ദ്രോണരുംപഠിപ്പിച്ചുകൌരവന്മാരെയെല്ലാം *
പാർത്ഥനോടുള്ളസ്സൽധാരായനങ്ങൾകൊണ്ടുന്ന ധാർത്തരാഷ്ട്രന്മാരതമ്മെ
യാശ്രയിച്ചിരിക്കയാൽ * ശുശ്രൂഷാരതനാകിയവിജയനെ പെ
രികെസ്നേഹമുണ്ടായ്വന്നിതുഗുരുവിനാം * അന്നംഫൽഗുനനിരുട്ടത്തു

നീകൊട്ടക്കരുതെന്നു പാചകൻതന്നോടാചാര്യനരുൾചെയ്താൻ * അ
ന്നൊരുനിശി പാർത്ഥൻ ഭുജിക്കാനിരിക്കുമ്പോൾ വന്നുദീപത്തെപ്പൊലി
ച്ചീടിനാൻചണ്ഡവാതം * അഭ്യാസബലംകൊണ്ടുഹസ്തവുംവായ്ക്കൽ
ചെന്നിതെപ്പൊഴുതതുകണ്ടുനിത്യവുംപിന്നെപാർത്ഥൻ * രാത്രിയിൽതാ
നേനിന്നുസാധിച്ചീടുന്നകാലം പാർത്ഥന്റെജ്യാനാദംകേട്ടാശുഭാ
രദ്വാജൻ * സന്തോഷത്തോടുകൂടെച്ചെന്നുടനാശ്ലേഷിച്ചു കുന്തീന
ന്ദനൻതന്നോടീവണ്ണമരുൾചെയ്താൻ * ഉത്സാഹമിത്രയുണ്ടായ്മറ്റൊ
രുധനുർദ്ധരൻ ത്വത്സമനായിട്ടില്ലസത്യമെന്നതുനൂനം * തേരിലുമാന
മേലുംകുതിരമേലുംപിന്നെപ്പാരിലും നിന്നുയുദ്ധംചെയ്യുന്നുംപ്രകാര
ങ്ങൾ * ഗദയുമസിചർമ്മംതോമരപ്രാസശക്തി മുസലാദ്യായുധങ്ങൾ
സങ്കീർണ്ണയുദ്ധത്തിലും * സുഖമേപരിശ്രമിപ്പിച്ചിതുപലതരം നിഖി
ലരാജകുമാരന്മാർക്കുമവ്വണ്ണമേ * പറഞ്ഞാൻനിഷാദരാജാവായിമരു
വുന്ന ഹിരണ്യധനുസ്സിന്റെതനയനേകലവ്യൻ * അടിയനേയുംകൂ
ടെപഠിപ്പിക്കേണമെന്നു തുടരെക്കേട്ടുഭാരദ്വാജനരുൾചെയ്തു *എന്നോ
ടുകൂടിനിത്യമഭ്യസിക്കയുംവേണ്ടാ നിന്നെഞാനനുഗ്രഹിച്ചീടുവനെ
ന്നാൽമതി * എന്നുടെശിഷ്യൻതന്നെനീയെന്നുധരിച്ചാലും ഇന്നുതൊ
ട്ടിനിയങ്ങുപൊയ്ക്കൊൾകവേണ്ടുതാനും * വന്ദിച്ചുപോയിട്ടവനാരണ്യം
തന്നിൽചെന്നു മണ്ണുകൊണ്ടാത്മഗുരുതന്നുടെരൂപംതീർത്തു * ഗുരുവെന്നുസ
ങ്കല്പിച്ചിട്ടഭ്യസിച്ചീടുംകാലം പെരികെവിദഗ്ദ്ധനായ്വന്നാനെന്നതേ
വേണ്ടു * അക്കാലംനായാട്ടിനായാചാര്യനിയോഗത്താൽ പുക്കി
തുയുധിഷ്ഠിരനാദികൾവനദേശം * ഏകലവ്യനെക്കണ്ടുകുരച്ചുസാ
രമേയം വേഗമോടേഴുശരമവനുംപ്രയോഗിച്ചാൻ * അമ്പുകൊണ്ടു
ഴൽപൂണ്ടുമുമ്പിൽവന്നിതുനായും വമ്പരാംകുമാരന്മാരമ്പുപൂണ്ടിതുനേരം
* ആരെന്നറിയേണമപ്പോഴേകലവ്യനെക്കണ്ടു വീരന്മാർചോദിച്ചിതുനീ
യാരെന്നതുനേരം * ഹിരണ്യധനുസ്സിന്റെതനയനേകലവ്യൻ ഭര
ദ്വാജാത്മജന്റെശിഷ്യരിൽമുമ്പനല്ലോ * അതുകേട്ടൊരുകുമാരന്മാ
രുംപുരംപുക്കാർ തദനുധനഞ്ജയൻദ്രോണരോടുണർത്തിച്ചാൻ * നിന
ക്കുസമനായിട്ടിനിക്കുശിഷ്യരില്ല നന്നെന്നതന്നെ തിരുവാക്കുസത്യമായും വ
ന്നു * കണ്ടേൻതുവനത്തിൽനിന്നേകലവ്യനെ യവനൊടാക്കിപരിഭവങ്ങ
ങ്ങൾക്കെന്നറിഞ്ഞാലും * അതുകേട്ടൊരുദിനമർജ്ജുനനോടുംകൂടി കു
തുകാലടവിപുക്കീടിനാൻദ്രോണാചാര്യൻ * നമസ്കാരവുംചെയ്താൻഭ
ക്തിയോടേകലവ്യൻ ക്രമത്താലടവുകൾകാട്ടിനാൻകുറ്റംതീർപ്പാൻ *
ശ്രമിച്ചതെല്ലാം നന്നുപിഴച്ചീലെന്നുമിനി നമുക്കു ശിഷ്യനെങ്കിൽദക്ഷി
ണചെയ്തീടേണം * ദക്ഷിണയാവതെന്തെന്നവൻചോദിച്ച
പ്പോൾ ദക്ഷിണാംഗുഷ്ഠംമുറിച്ചെനിക്കുനൽകീടെന്നാൻ * ദക്ഷിണചെ
യ്താനവൻ ദക്ഷിണാംഗുഷ്ഠമപ്പോൾ ദക്ഷനായ്വന്നാനവൻ പിന്നെതിലേ
റമല്ലോ * സത്യവല്ലഭതാപവുംദക്ഷതയുംകണ്ടുപാർത്ഥനെത്രയും ബ
ഹുമാനിച്ചീടിനനവനെയും * യാത്രയുംചൊല്ലിപ്പുനരാസ്ഥയാവരം
നല്കി പാർത്ഥനുമായിച്ചെന്നുഹസ്തിനപുരംപുക്കാൻ *

അഭ്യാസപരീക്ഷ.

അക്ക്വാസനയേറുംധനുസ്സിങ്കലേക്കെന്നു പാൎക്കേണമെന്നുകല്പി
ച്ചൊരുനാൾദ്രോണാചാൎയ്യൻ * വൃക്ഷാഗ്രത്തിങ്കലൊരുകൃത്രിമക്കിളി
യെയും നിക്ഷേപിച്ചാചാൎയ്യനുംശിഷ്യരോടൊക്കെച്ചൊന്നാൻ * ലക്ഷ
ണസ്ഥിതിപ്രയോഗങ്ങൾഞാൻചൊന്നവണ്ണം ലക്ഷ്യത്തെഭേദിക്കണം
നിങ്ങളിന്നെല്ലാവരും * ലക്ഷ്യത്തെപ്പാൎത്തുവലികൂട്ടിനിൎത്തിനാനല്ലോശി
ക്ഷിച്ചുയുധിഷ്ഠിരൻതന്നെമുമ്പിനാലവൻ * വൃക്ഷവുംലക്ഷ്യവുമിന്നിലു
ന്നജനങ്ങളു മക്ഷിഗോചരമോഞാൻതാനുമെന്നതുചൊൽനീ * ദ
ക്ഷനാംഗുരുവരനിങ്ങനെചോദിച്ചപ്പോളൊക്കവെ കാണാമെന്നുധൎമ്മ
ജൻചൊല്ലീടിനാൻ * എങ്കിൽനീവാങ്ങിനിന്നീടമ്പയയ്ക്കേണ്ടയെ
ന്നാനങ്ങിനെനിൎത്തിമറ്റെല്ലാരോടും ചോദ്യംചെയ്താൻ * ഓരോ
രോതരമീഷൽഭേദേനചൊന്നാരവരാരുമേ സൂക്ഷ്മലക്ഷ്യമാത്രംകണ്ടീ
ലയല്ലോ * പിന്നെഫല്ഗുനൻതന്നോടവ്വണ്ണംചോദിച്ചപ്പോൾ ഒ
ന്നുമെകണ്ടുകൂടാലക്ഷ്യമെന്നിയെയെന്നാൻ * ലക്ഷ്യമാംപക്ഷിരൂപ
മൊക്കവെകണ്ടായോനീ? ഒക്കവെകണ്ടുകൂടാതൽക്കണ്ഠംകാണാമെന്നാൻ
* എങ്കിലെയ്തീടെന്നപ്പോൾപാൎത്ഥനും പ്രയോഗിച്ചാൻകണ്ഠംവന്നിതു
ഗളമറ്റുകണ്ടാചാൎയ്യനും * വിശേഷകധനുൎദ്ധരനായ്വരികെന്നുചൊന്നാ
ൻ വിശ്വാസംവന്നുകൂടിമറ്റുള്ളജനങ്ങൾക്കും * അക്കാലംഗുരുവരൻഗംഗ
യിൽമുഴുകുമ്പോൾ നക്രവുംജംഘാതന്മേൽപിടിച്ചാൻദ്രോണരപ്പോൾ
* തന്നുടെശിഷ്യരോടുനക്രത്തെക്കൊൽവാൻ ചൊന്നാൻനിന്നിതുവിഷ
ണ്ണരായെല്ലാരുമതുനേരം * അഴവെകിടന്നീടുംനക്രത്തെക്കൊന്നുപാൎത്ഥൻ
തോഷവുംപൂണ്ടീടിനാനാചാൎയ്യനതുകണ്ടു * താഴത്തുംമേലുംസമത്തിങ്കലു
മൊരുപോലെ ദോഷത്തെവെടിഞ്ഞുവേധിക്കാമെന്നതുമൂലം ബ്രഹ്മാസ്ത്ര
മുപദേശിച്ചീടിനാൻപാൎത്ഥനപ്പോൾ നിൎമ്മലനിവനെന്നുനിൎണ്ണയി
ച്ചാചാൎയ്യനും * തേരിലേക്കധികനായ്വന്നിതുയുധിഷ്ഠിരൻ മാരുതിസുയോ
ധനന്മാർഗദയ്ക്കധികന്മാർ * യമന്മാരസിചൎമ്മത്തിങ്കലേയ്ക്കധികന്മാർ
അമിതമഹാസ്ത്രങ്ങൾക്കശ്വത്ഥാമാവുമുൻപൻ * അൎജ്ജുനനെല്ലാററി
നുംദക്ഷനായ്ചമഞ്ഞിതു സജ്ജനമതുകണ്ടിട്ടവനെസ്സമ്മാനിച്ചാർ *
ദ്രോണരോടസ്ത്രങ്ങളുമഭ്യസിച്ചെല്ലാവരും കാണണംദണ്ഡിപ്പെന്നു രംഗ
വുംപണിചെയ്തു * വെവ്വേറെകുമാരന്മാരെല്ലാരുംപ്രയോഗിച്ചാർ സൎവ്വ
ലോകരുംകണ്ടുവിസ്മയപ്പെട്ടുനിന്നാർ * സവ്യസാചിയോടുനേരാരുമി
ല്ലെന്നുതന്നെ ദിവ്യന്മാർപറയുമ്പോൾകൎണ്ണനുംപോന്നുവന്നാൻ * അ
ന്നേരംധൃതരാഷ്ട്രനന്ദനനനുമതംചെയ്താൻ കൎണ്ണനുമൎജ്ജുനനുംതങ്ങളിൽപ്ര
യോഗിപ്പാൻ * എന്നപ്പോൾകൃപാചാൎയ്യൻചൊല്ലിനാൻ നില്ലുനി
ല്ലുമന്നവന്മാൎക്കെളിയുന്നതേപറയാവൂ * കുലവുംമഹിമയുമുടയപാ
ൎത്ഥനോടു കുലഹീനതയുള്ളൊരാഭാസനെതിൎക്കാമോ? * ആഭാസനെ
ന്നവാക്കുകേട്ടിട്ടു സുയോധനനാഭിജാത്യത്തിന്നവനന്തരമില്ലയെന്നാൻ
* അഭിഷേകവുംചെയ്താനംഗരാജാവെന്നപ്പോളഭിമാനിച്ചു കൎണ്ണൻ

ഭ്യസിച്ചുകൃതസിദ്ധരാററം * അഭിജന്മതപമെല്ലാംതാനറിഞ്ഞിരിക്കുന്നു അ
ഭിമാനിത്വംതമ്മിലംകുരിച്ചിതുപാരം * അൎജ്ജുനൻതന്നെ ഒക്കൊൽവൻ
നിശ്ചയംയുധി ഞാനെന്നു ജ്വലിച്ചവരോടു കൎണ്ണനുമുരചെയ്താൻ * ക
ണ്ടുനിന്നവർ കളമോരോന്നേപറയുന്നു പണ്ടുനാമുണ്ടോ കണ്ടതീവണ്ണം
ബാലന്മാരെ * പഠിപ്പിച്ചതുംനന്നു പഠിച്ചവാറുംനന്നു നടിച്ചുപക്ഷ
പാതമായതുപറകയും * കോട്ടത്താൽപിഴവരാഗുരുഭക്തന്മാൎക്കെന്നും
കൊട്ടപ്പാനില്ലധനംപാണ്ഡുപുത്രന്മാൎക്കെന്നും * കൊട്ടത്തിടേണ്ടഭ
ക്തിയുള്ളവർനന്നായുരും കൊട്ടത്തീടിലുംഭക്തിയില്ലായ്കിൽഫലംവരാ *
ധൎമ്മസത്യാദിതപോനിഷ്ഠയുംനീതികളും ധൎമ്മജാദികളോളംമററാൎക്കുമി
ല്ലെന്നെല്ലാം * പറഞ്ഞുപറഞ്ഞവർപോയൊരുശേഷത്തിങ്കൽ പറ
ഞ്ഞാർകുമാരന്മാരാചാൎയ്യൻതന്നെനോക്കി *

ഗുരുദക്ഷിണ.

ദക്ഷിണകഴിക്കേണംവൈകാതെയിന്നിപ്പോൾ പക്ഷമാകുന്ന
തെന്തെന്നരുളിച്ചെയ്യേണ്ടു * തൽക്ഷണംദ്രോണാചാൎയ്യനവരോട
രുൾചെയ്തു ദക്ഷിണവേണ്ടുന്നതുചെയ്യാമെന്നിരിക്കിലോ * പണ്ടുപാ
ഞ്ചാലനൃപൻസന്തതിയില്ലായ്കയാ ലിണ്ടൽപൂണ്ടടവിയിലിരുന്നുതപ
സ്സോടും * മേനകതന്നെഅത്രകാണായിതൊരുദിനം മാനസധൈ
ൎയ്യംപോയിമാരവശനായാൻ * ശുക്ലവുംപതിച്ചിതുഭൂമിയിലതുനേ
രം ശുക്ലത്താലാർദ്രപദനായിതുനൃപതിയും * തപസാപാഞ്ചാലനൃ
തനായ്‌വന്നിതു ദ്രുപദനെന്നനാമമതിനാലുണ്ടായിതു * അക്കുമാരനെ
യുമന്നച്ഛൻഎന്റെകൈയിൽനൽകി ശിക്ഷിച്ചുപഠിപ്പിച്ചുവിദ്യകളതുകാലം
* പൃഷൽപ്രപാഞ്ചാലനുംതന്നുടെരാജ്യംപിന്നെയൊക്കത്തക്കവേ ഞങ്ങൾ
വിദ്യാഭ്യാസവുംചെയ്തു * പാഞ്ചാലൻപരേതനായ്തീൎന്നൊരുശേഷത്തി
ങ്കൽ താഞ്ചെന്നുരാജാവായിവസിച്ചുപുനരവൻ * നൃപതികുലശ്രേ
ഷ്ഠൻദ്രുപദനെന്നെപ്പണ്ടു കുപിതനായിച്ചിലദുൎവ്വചനങ്ങൾചൊന്നാൻ *
പിടിച്ചുകെട്ടിയവൻതന്നെയെൻകാല്ക്കൽവെയ്ക്കിൽ പടുതയുംനിങ്ങൾ
ക്കിന്നുമേൽക്കുമേലുണ്ടാമെന്നാൽ * ദുൎയ്യോധനൻതാനുംപടയുംകൂടി
ച്ചെന്നു പൊരുതുതോററുപോന്നതറിഞ്ഞുപാണ്ഡവന്മാർ * യുദ്ധസ
ന്നദ്ധന്മാരായ്ചെന്നെതിൎത്തുനേരം കൃഷ്ണനാംധനഞ്ജയനാസ്ത്രങ്ങൾ
കൊണ്ടുകെട്ടി * ദ്രോണരാമാചാൎയ്യൻതൻകാല്ക്കൽവച്ചുപിഴകൂടാതെ വീ
ണടൻനമസ്കരിച്ചീടിനാൻസസാദരം * സന്തോഷിച്ചാശീർവ്വാദമാ
ചാൎയ്യനരുൾചെയ്തു ബന്ധനത്തിങ്കൽനിന്നുകഴിച്ചാൻധൎമ്മാത്മജൻ *
നാണവുംപൂണ്ടുനില്ക്കുംദ്രുപദൻതന്നെനോക്കി ദ്രോണരുമുരചെയ്താനെ
ന്നെനീമറന്നിതോ? * നീസമനല്ലെന്നെന്നോടല്ലയോചൊല്ലീടുന്നു
നീസമനല്ലെന്നതോനിൎണ്ണയമായിതിപ്പോൾ * ഇത്തരംപറഞ്ഞതിനു
ത്തരംപറയാതെ സത്വരമവൻചെന്നുതൽപ്പുരമകംപുക്കാൻ *

ധൃഷ്ടദ്യുമ്നോല്പത്തി.

ദുൎജ്ജയനായിമേവുംദ്രോണനെക്കൊൽവാനൊരു നിൎജ്ജരവരസമ
നാകിയതനയനും * അൎജ്ജുനൻതനിക്കുനൽകീടുവാനൊരുപെണ്ണു

മിജ്ജനത്തിനുലഭിച്ചീടുവാൻതക്കതൊരു * യജ്ഞംചെയ്യേണമെന്നു
മാമുനിമാരെനോക്കി വിജ്ഞാനമുള്ളനൃപൻപറഞ്ഞോരനന്തരം * യാ
ഗവുംതുടങ്ങിനാരാഗമമറിഞ്ഞവ രാഗമിച്ചിതുവിണ്ണോരാഹൂതിഭുജിപ്പാ
നായ് * കുണ്ഡത്തിൽനിന്നനേരമപൊങ്ങിനാനൊരുപുമാൻ ചണ്ഡ
ഭാനുവിനുനേരാകിയകാന്തിയോടും * ഖഡ്ഗചാപേഷുകിരീടാദിവൎമ്മ
ങ്ങളോടു മുൽഗമിച്ചതുകണ്ടുതെളിഞ്ഞോരെല്ലാവരും * രണ്ടാമതൊരു
പെണ്ണുമുണ്ടായിതവൾകണ്ടാൽ തണ്ടാർമാനിനിയെന്നുകൊണ്ടാടിപ്പറ
ഞ്ഞീടാം * പിന്നെയുമാണുംപെണ്ണുമല്ലാതെയൊന്നുണ്ടായി മുന്നമണ്ണ
വംതന്നിൽജ്യേഷ്ഠയുണ്ടായപോലെ * ധൃഷ്ടദ്യുമ്നനുംനല്ലകൃഷ്ണയുംശിഖ
ണ്ഡിയും പുഷ്ടകൌതുകത്തോടുവളൎന്നുതുടങ്ങിനാർ * കൃപരുംദ്രോണരു
മാഭീഷ്മരുംവിദുരരും നൃപതിവരനാകുംധൃതരാഷ്ട്രനുംകൂട് * ഇളകീടാ
തചിത്തമുടയധൎമ്മജനെയിളയരാജാവാക്കിയഭിഷേകവുംചെയ്തു * കലി
താൻവന്നുപിറന്നീടിനസുയോധനൻ കുലനാശനനതുസഹിയാഞ്ഞ
തുമൂലം * ദുൎന്നയമേറെയുള്ളകൎണ്ണനുംശകുനിയും പിന്നെയക്കണികനുമാ
യിട്ടുനിരൂപിച്ചാർ * അവനിനമുക്കാക്കിച്ചമയ്ക്കവേണമെങ്കിലിവരെപ്പി
ഴുക്കണമതിനെന്തുപായങ്ങൾ * പിഴക്കിക്കൂടാനുമൊക്കതിക്കിലവരെ
ളും വഴക്കുന്നവരല്ലചതിക്കയുള്ളപക്ഷേ * നിരപ്പിലൊരുമിച്ചുതാത
നോടറിയിച്ചിട്ടിരിപ്പാ നവൎക്കൊരുപുരത്തെനിൎമ്മിക്കേണം * അടച്ചുകൊ
ള്ളിവച്ചിട്ടമ്മയുംമക്കളെയും മുടിച്ചുകളയേണംനടിപ്പുകാണാംപിന്നെ
* ഇങ്ങിനെനിരൂപിച്ചുകല്പിച്ചുസുയോധന നങ്ങിനെചെയ്വാനെന്നേയി
നിക്കോപ്പറയാവൂ * ദുഷ്ടന്മാർചെയ്തീടുന്നതൊട്ടൊഴിയാതെയൊക്കെ സ്പ
ഷ്ടമായുരചെയ്വാനെത്രയുംമടിയാകും * രാജാവുധൃതരാഷ്ട്രൻതന്നു
ള്ളിൽമരുവീടും വ്യാജവംമറച്ചുധൎമ്മാത്മജനോടുചൊന്നാൻ * ദുസ്സ്വഭാ
വികൾമമപുത്രന്മാർനിങ്ങളോടു മത്സരമവൎക്കുണ്ടു ഞാനറിഞ്ഞിരിക്കുന്നു
* നിങ്ങളുമവരുമായിവിടെവസിക്കിലോ മംഗലംവരികയില്ലാപത്തുഭ
വിച്ചീടും * ആകയാൽഞാനുണ്ടൊന്നുനല്ലതുചൊല്ലീടുന്നു നാഗകേ
തനൻതനിക്കിഷ്ടമല്ലെന്നാകിലും *

ജതുഗേഹനിൎമ്മാണം.

കൌരവന്മാൎക്കുണ്ടുപണ്ടേയുള്ളൊരുകോട്ട വാരണാവതമിപ്പോ
ളൂഴിഞ്ഞുകിടക്കുന്നു * അവിടംപുതുതായിപ്പണിചെയ്തിരിപ്പാനായ് ഭവ
നമുണ്ടാക്കിച്ചുതരുവൻവിചിത്രമായ് * അതിനുശില്പികളെവരുത്തിശ്ര
മിപ്പാനായധുനാപുരോചനൻതന്നെയുംനിയോഗിപ്പൻ * അൎത്ഥവും
വേണ്ടുവോളംതരുവൻകൊണ്ടുപോയി തത്രവാഴ്വിൻനിങ്ങളെല്ലാരുംജ
നനിയും * ഭൃത്യനായ്പുരോചനൻതന്നെയുംനിങ്ങൾക്കുഞാൻ നിത്യ
സൌഖ്യാൎത്ഥംനിയോഗിപ്പനെന്നറിഞ്ഞാലും * അവിടെവസിപ്പുവക്
വനിയടങ്ങീട്ടു മവനീശന്മാർമുന്നമവിടെവസിച്ചത്രേ * ഭുവനപ്രസിദ്ധ
ന്മാരായുന്നപലരുമെ നാവനീദേവേന്ദ്രന്മാർപറഞ്ഞുകേൾപ്പുണ്ടുഞാൻ *
അത്രയല്ലിപ്പോൾഞാൻചൊല്ലുന്നതുകേൾക്കയാലും ശത്രുസംഹാരംവരും
നിങ്ങൾക്കെന്നറിഞ്ഞാലും * ആചാൎയ്യനിയോഗത്തെപ്പാലിക്കുംജ

നങ്ങൾക്കു നാശങ്ങളൊന്നുമനുഭവിക്കയില്ലയല്ലോ * ഇത്ഥംഭ്രാതിനി
യോഗിക്കയാലമക്കില്ലം സത്വരംതീൎത്തിച്ചിതുബുദ്ധിമാൻപുരോചനൻ
* മതിമാനായുള്ളോരുവിദുരരതുകാലം ചതിയെന്നറിഞ്ഞൊരുശില്പി
യെനിയോഗിച്ചാൻ * നിൎമ്മിച്ചാനൊരുവിലംധൎമ്മിഷ്ഠനാകുമവൻ ദുൎമ്മ
തിപുരോചനനേതുമേയറിഞ്ഞീല * ധൎമ്മജാദികളോടുവിദുരനിയോ
ഗങ്ങൾ നിൎമ്മലനായഖനകൊത്തമനറിയിച്ചാൻ* പിന്നെപാണ്ഡവന്മാ
രുമമ്മയുംകൂടിപുക്കാരന്നുദാനാദികളുംഭൂദേവന്മാൎക്കുചെയ്തു * രോഷി
ച്ചുവാസ്തുബലികഴിച്ചുസവരോടും ദോഷത്തെനീക്കിവസിച്ചീടിനാര
വർകളും * സേവിച്ചുപുരോചനൻവസിച്ചാനവിടെക്കൂടെവൎക്കുംവി
ശ്വാസവുംവരുത്തിസ്സദാകാലം * തിങ്കൾതൻകുലജാതന്മാരായപാണ്ഡ
വന്മാർ ശങ്കിച്ചുശങ്കിച്ചൊരാണ്ടിരുന്നൊരാഴുംകാലം * മുന്നമേവിലംതീ
ൎത്തഖനകനൊരുദിനം വന്നുചൊല്ലിനാൻവിദുരോക്തികൾവിശ്വാസ
ത്താൽ * ശ്യാമളചതുൎദ്ദശിയാകുന്നദിനമദ്ധ്യാമിനിക്കഗ്നി കൊളുത്തി
ട്ടുമിപ്പുരോചനൻ * എന്നല്ലോകല്പിച്ചിരിക്കുന്നിതസ്സുയോധനൻ തന്നു
ടെനിയോഗത്താൽനിങ്ങളതറിയാതെ * വന്നുപോകരുതാപത്തുള്ളില
തോൎത്തുകൊണ്ടു നന്നായിസൂക്ഷിച്ചുകൊണ്ടിരിക്കെന്നിവയെല്ലാം * അ
തുമേയറിയാതെനിശ്ശേഷമറിയിച്ചു പോരാതെപോയാനവൻവന്നിതദ്ദി
വസവും * വിപ്രഭോജനംവേണമെന്നുചിന്തിച്ചുകുന്തി ശില്പമായന്നം
കൊടുത്തീടിനാളെല്ലാവൎക്കും* അന്നഭോജനത്തിനായ്‌വന്നിതുനിഷാദി
യും തന്നുടെതനയന്മാരഞ്ചുപേരോടുംകൂടി * മദ്യപാനവുംചെയ്തങ്ങവരു
മുറങ്ങിനാർ * ശക്തനാംഭീമൻവിലശോധനചെയ്താൻമുമ്പെ * നിദ്ര
യ്ക്കുപുരോചനൻതന്നുടെയരികേചെ ന്നെത്രയുംവിശ്വാസേനകിടന്നുവൃ
കോദരൻ * അമ്മയുംബാലന്മാരുംമുമ്പിലേവിലംപുക്കാർ പിന്നാലെതീ
യുംവച്ചുഭീമനുമിറങ്ങിനാൻ * അപ്പുറംവേകുന്നേരംമുപ്പുറംവേകുംപോ
ലെ മുപ്പാരുംനിറഞ്ഞിതൊരൊച്ചയുംവെളിച്ചവും *

കാനനപ്രവേശനം.

അമ്മയാംകുന്തിതാനുംധൎമ്മജനാദികളും തന്മനമഴൽപൂണ്ടുപാതാ
ളത്തൂടേപോമ്പോൾ * വാച്ചസങ്കടംചൊല്ലിലീശ്വരൻനടുങ്ങീടു മീശ്വ
രവിലാസങ്ങളാൎക്കുപോൽതടുക്കാവൂ * നീരെഴുംവിലത്തൂടെകാടകംപു
ക്കാരവർ പാടേവെന്തെരിഞ്ഞിതുജ്ജാതുഷമായപുരം * പേടിയുമുറക്കവും
ഖേദവുംകൂടിയവർ കാടകംപുക്കനേരംനടന്നുകൂടായ്കയാൽ * അമ്മയെവൃ
കോദരൻചുമലിലെടുത്തുടൻ ധൎമ്മപുത്രനെയുംപാൎത്ഥനെയുംകൈകൾ
കൊണ്ടു * തമ്പിമാരെയുമവൻതട്ടിക്കൊണ്ടോരൊന്നുമേൽ സംഭ്രമംകൂ
ടാതെകണ്ടിരുട്ടിൽവനത്തൂടെ * ചുടുന്നചിന്തയോടെകരഞ്ഞുമിടയി
ടെ നടന്നങ്ങൊരുദിക്കിലിരിക്കുന്നതുനേരം * കുന്തിയുംതനയരുംവെന്തീ
ലയല്ലീയെന്നു ചിന്തിച്ചുപരമാൎത്ഥമറിവാൻവിദുരാഗം * ബന്ധുവായിരി
പ്പൊരുദൂതനെയയച്ചപ്പോൾ വെന്തീലെന്നറിഞ്ഞുള്ളിൽസന്തോഷമു
ണ്ടായ്‌വന്നു*സന്താപമുണ്ടെന്നതുപുറമേഭാവിക്കയും സന്താപത്തോടെ
യവർഗംഗയുംകടന്നിതു * ബന്ധുക്കൾചെയ്തതെല്ലാംചിന്തിച്ചുവാഴുംകാ

ലം കുന്തിയുംബാലന്മാരുംവെന്തുകണ്ടുവൻ * ധൃതരാഷ്ട്രരുംനല്ലമക്കളുംദുഃഖംകൈക്കൊണ്ടുദകക്രിയാദികൾചെയ്തുവാണിതുപുരേ * സന്ദേഹമുണ്ടായതില്ലാക്കുമേനിഷാദിയും നന്ദനന്മാരുംവെന്തുകിടക്കുംശവംകണ്ടു * നിന്ദിച്ചുപറയുന്നുസജ്ജനംഗാന്ധാരിതൻ നന്ദനന്മാരെയുംതാതനെയുമതുകാലം * അന്ധനാംനൃപനറിഞ്ഞില്ലെന്നുമറിഞ്ഞെന്നും സന്തതം വിവാദിച്ചീടുന്നിതുമഹാജനം * പാണ്ഡവന്മാരുംഗംഗകടന്നുനടന്നു മാത്താണ്ഡനെപ്പോലുംകാണ്മാനില്ലാതവനത്തൂടെ * പൈദാഹം കൊണ്ടുമമകൈകാലുംതളരുന്നു പൈതങ്ങളായമാദ്രിതന്റെസുതന്മാക്കും * എന്നതുകുന്തീദേവിചൊന്നതുകേട്ടുഭീമൻ വന്നവേദനയോടുമമ്മയോടുരചെയ്താൻ * വഹിയോമരയാലുണ്ടിവിടെക്കാണാകുന്നു സലിലം തിരഞ്ഞുകണ്ടിങ്ങുകൊണ്ടുവരുവൻഞാൻ * ജ്യേഷ്ഠനുമുണ്ണികളുമമ്മയുമിത്തണലിൽ വാട്ടമെന്നിയേയിരുന്നീടുകകുറഞ്ഞൊന്നു * എന്നതുപറഞ്ഞവൻക്ഷുവീട്ടുവഴിപോയി ച്ചെന്നതുനേരമൊരുതാമരപ്പൊയ്കകണ്ടാൻ * കുളിച്ചുതണ്ണീരൊട്ടുകുടിച്ചുദാഹംതീർത്തു വിളിച്ചുവിളിച്ചവൻവന്നിതുവേഗത്തോടെ * താമരയിലയിലുമുത്തരീയത്തിലും കൂടാമോദംവരുമാറുതണ്ണീരുംകൊണ്ടുവന്നാൻ * ഉറക്കമിളയ്ക്കയുംവിശപ്പുപെരുക്കയുമുറക്കെനടക്കയുംചെയ്കയാലവരപ്പോൾ തളർന്നുകിടന്നുടനുറങ്ങുന്നതുകണ്ടു വളർന്നദുഃഖത്തോടെകരഞ്ഞാൻതാനേനിന്നു * പെരുത്തകാട്ടിൽവെറുംനിലത്തുകിടക്കുന്നു വരുത്തിദൈവമതുംപൊറുക്കയല്ലയുള്ളു * ഉള്ളവുമഴൽപൂണ്ടു ദീർഘശ്വാസവുമിട്ടു വെള്ളവുമവർമെയ്യിൽതളിച്ചുരമയുംനേരം *

ഹിഡിംബവധവും ഹിഡിംബിസംയോഗവും.

ഹിഡിംബനായനിശാചരന്റെനിയോഗത്താൽ ഹിഡിംബി പോന്നുവന്നാൾകൊന്നുകൊണ്ടങ്ങുചെൽവാൻ * മാരുതസുതൻ തന്നെക്കണ്ടിട്ടു നിശാചരി മാരമാൽപൂണ്ടുമോഹിച്ചാതുരയാകമൂലം * വൈകിയനേരംവന്നുഹിഡിംബൻവേഗത്തോടെ കൈകളുംതമ്മിലടിച്ചുവളോടടുത്തപ്പോൾ *ഭീമസേനനുംചെറുത്തവനെത്തച്ചുകൊന്നാൻ ഭീമനാദങ്ങൾകേട്ടിട്ടുണർന്നാരവർകളും * തണ്ണീരുംകുടിച്ചവരെല്ലാരുമൊരുമിച്ചു സന്നാഹമോടുപോയാരവളുംകൂടെപ്പോയാൾ * വേദവ്യാസനെക്കണ്ടാരന്നവർ വഴിയീന്നു വേദനപറകയുംവീഴ്കയുംകരകയും * ആതുരന്മാരായൊരുപാണ്ഡുപുത്രന്മാരെയും മാതാവുതന്നെയുംകണ്ടാകുലപ്പെട്ടുമുനി * ഖേദിക്കവേണ്ടിനിങ്ങൾനല്ലതുവരുംമേലിൽ ഖേദിപ്പിച്ചീടവേണ്ടഹിഡിംബിതന്നെക്കൊണ്ടും * ആപത്തുവരുംകാലംതാപത്തിൽമുഴുകായ്ക പാപത്തെക്കളവാനായീശ്വരസേവചെയ്ക * സമ്പത്തുവരുംകാലംസന്തോഷിക്കയുംവേണ്ടാ തമ്പുരാൻതന്റെയൊരു ലീലകളുത്രേയല്ലോ * പറഞ്ഞീവണ്ണംമുനിമറഞ്ഞുഹിഡിംബിയും നിറഞ്ഞ രാഗത്തോടുംപുണർന്നാൾഭീമൻതന്നെ * പിറന്നുഘടോൽക്കചനാകിയതനയനും നിറഞ്ഞുസന്തോഷവുമതിനാലെല്ലാവർക്കും * ഇരുന്നു ശാലിഹോത്രന്തന്റെയാശ്രമത്തിലൊരുനാളവിടെയും വേദവ്യാസനെക്കണ്ടു *

ഏകചക്രാവാസവും ബകനിഗ്രഹവും

ജടയും വല്കലവുംധരിച്ചപാണ്ഡവന്മാ രടവികളും പലനദിയും ഗിരികളും * കടന്നുപോന്നങ്ങേകചക്രയാംഗ്രാമംപുക്കാർ നടന്നാരവിടെയുംഭിക്ഷയേറെറാട്ടുകാലം * പുത്രനുംപത്നിതാനുംപുത്രഭാൎയ്യയുംകൂടീട്ടെത്രയും ദുഃഖിക്കുന്നവിപ്രൻെറഗൃഹംതന്നിൽ * കുന്തിയുംചെന്നുകേട്ടാളെന്തിനുശോകിക്കുന്നു സന്താപത്തിൻെറമൂലംബ്രാഹ്മണനറിയിച്ചാൻ * ബകനെന്നൊരുനിശാചരനുണ്ടവൻവന്നു സകലജനത്തെയും ഭക്ഷിപ്പാനൊരുമ്പെട്ടാൻ * അതിനാൽഗ്രാമത്തിങ്കലുള്ളൊരുഞങ്ങളെല്ലാ മധികദുഃഖംപൂണ്ടുസമയഞ്ചെയ്തുമുന്നം * ഒരുനാൾതന്നെയൊക്കെമുടിച്ചുകളയേണ്ട പെരികനാളേയ്ക്കുള്ളപൊറുതിയുണ്ടാക്കീടാം * ഓരോരോദിനംഞങ്ങൾനീവാഴുംവനംതന്നി ലോരോരോപുരുഷന്മാരങ്ങുവന്നീടാമല്ലോ * എന്നതുകേട്ടുബകനന്നേരമുരചെയ്താ നന്നവുംവേണമിനിക്കായിരംനാഴിയരി * വച്ചൊരുനൂറുകുടംനൽകണംരസാളവും പച്ചമാംസവുംവേണമീരണ്ടുപോത്തുനിത്യം * മൃഷ്ടമായുണ്മാനിതുകൊണ്ടുവന്നൊരുപുമാൻ മുട്ടാതെതന്നീടുകിൽമതിയെന്നറിഞ്ഞാലും * എങ്കിലങ്ങിനെയാമെന്നവനോടുരചെയ്തു സങ്കടത്തോടും ഞങ്ങളിങ്ങനെചെയ്തുന്നായം * ഇന്നലെയോളമിത്ഥംചെന്നിതുമുട്ടാതെകണ്ടിന്നിനിയിവിടെനിന്നൊരുവൻപോയീടണം * ഭക്തവുംരസാളവുംപോത്തുമുണ്ടായിതിനി പുത്രനെയയയ്ക്കുന്നതോർത്തേററംദുഃഖംതാനും * ഞാൻപോയാലിവൎക്കില്ലാശ്രയമേതും മനക്കാമ്പിലുള്ളഴലെന്തുചൊൽവതുദൈവമല്ലോ * പോകാഞ്ഞാൽഞാൻമൂലമായ് ഗ്രാമവുംമുടിഞ്ഞീടും വേകുന്നചിത്തമിവരെയോൎത്തിനിക്കയ്യോപാവം! * ഭൂദേവൻപറഞ്ഞതുകേട്ടുകുന്തിയുമപ്പോളാതുരയായാളല്ലാകാരുണ്യമേറുകയാൽ * പ്രാണികൾ വിഷയമായോരനുകമ്പകൊണ്ടും കേണുകേണവരിരിക്കുന്നതുകണ്ടുംകുന്തി * ചേതസിവിചാരിച്ചുഭൂസുരനോടുചൊന്നാൾ ഖേദിക്കവേണ്ടാഞാനിസ്സങ്കടം തീർപ്പനല്ലോ * പുത്രനായൊരുവനേയുള്ളിതുഭവാനിപ്പോൾ പുത്രന്മാരഞ്ചുപേരുണ്ടിനിക്കെന്നറിഞ്ഞാലും * ഇവരുഞാനൊരുത്തനെനിങ്ങൾക്കു ദുഃഖംതീൎപ്പാൻതന്നീടുന്നതുമുണ്ടുനിൎണ്ണയം കരയേണ്ട * നന്നാകമേലിൽനിനക്കെന്നൊഴിഞ്ഞിനിക്കിന്നു തന്നീടുവതിനില്ലെന്നുരചെയ്തിതുവിപ്രൻ * ബകൻെറവൃത്താന്തങ്ങളറിഞ്ഞുകുന്തീദേവി മകൻെറകയ്യാലതുതീൎപ്പാനായ് നിരൂപിച്ചാൾ * ഭീമസേനനെവിളിച്ചുരചെയ്തിതുകുന്തി ഭീമനാം നിശാചരൻതന്നെനീകൊൽകവേണം * ഭൂമിപാലകകുലധൎമ്മമാകുന്നതല്ലോ ഭൂമിദേവന്മാരെപ്പാലിക്കേണമെന്നതെല്ലാം * ഗ്രാമത്തെക്കൂടെപ്പരിപാലിച്ചാൽനമുക്കിനിക്കാമത്തെസ്സാധിച്ചീടാമില്ലസംശയമേതും * ഭീമനുമെങ്കിൽ ചോറുംകറിയുംതരികെന്നാ നാമോദത്തോടുകൊടുത്തീടിനാൻഭൂദേവനും * കൗന്തേയനതുംകൊണ്ടുകാന്താരമകംപുക്കു താൻതന്നെ ഭുജിക്കുന്നനേരത്തുനിശാചരൻ * ക്രുദ്ധനായണഞ്ഞതുകണ്ടുമാരുതിതാനും ബദ്ധകോപ

ത്തോട്ടങ്ങളുംകഴിച്ചുപുറപ്പെട്ടു * ഘോരമായ്പൊരുതപോരെങ്ങിനെ
പറയുന്നു മാരുതിബകൻതന്നെക്കൊന്നാനെന്നറിഞ്ഞാലും *

പാഞ്ചാലീസ്വയംവരാകർണ്ണനം.

അങ്ങിനെനാലഞ്ചുനാളവിടെ യിരിക്കുമ്പോ ളെങ്ങാനുംപോന്നു
വന്നാൻനല്ലൊരുവഴിപോക്കൻ * ആരണനത്താഴമുണ്ടവിടെക്കിടന്നു
പോരോരോരോവിശേഷങ്ങൾ ചോദിച്ചുപാണ്ഡവന്മാർ* എവിടെനി
ന്നുവന്നുതാനിനിപ്പോകുന്നതുമെവിടേയ്ക്കെന്നുപറഞ്ഞീടണമെന്നുകേട്ടു *
പാഞ്ചാലപുരത്തിങ്കലുണ്ടുപോൽസ്വയംവരം വാഞ്ഛിതമായതെല്ലാങ്കി
ട്ടുമൊരോന്നുനമുക്കെല്ലാം * ആക്കപ്പെണ്ണിനെക്കൊടുക്കുന്നിതെന്നുണ്ടാകെ
ട്ടു ചേൎക്കണ്ണാൾകണ്ടാലൊട്ടുനരനാകേളിതാസഖേ! * എന്നതുകേട്ടു
ചൊന്നാനന്നേരംവഴിപോക്കനിന്നവർക്കെന്നുദൈവമെന്നിയെയറിഞ്ഞീ
ലാ * പാൎത്ഥനുകൊടുപ്പാനായുള്ളിച്ചുദ്രുപവര നാസ്ഥയാകർമ്മംചെയ്തി
ട്ടുണ്ടായനാരിയല്ലോ * ധാൎത്തരാഷ്ട്രന്മാരരക്കില്ലത്തിലിട്ടുചുട്ടു പാൎത്ഥ
ന്മാർവെന്തുപോയാരെന്നതോകേട്ടതല്ലോ * ദ്രോണരെക്കൊൽവാനാ
യിട്ടുണ്ടായിധൃഷ്ടദ്യുമ്നൻ കാണാമെന്നതോവേണ്ടുകേവലമതുമിനി *
പഞ്ചബാണവുംവില്ലുമുണ്ടുപോലുണ്ടാക്കീട്ടു പഞ്ചവർണ്ണത്തിലൊരുകൃത്രി
മക്കിളിയെയും * തിരിഞ്ഞുതിരിഞ്ഞുനിന്നീടിനയന്ത്രത്തിന്മേലിരു
ന്നീടിനകിളി തന്നുടെകണ്ഠത്തിങ്കൽ * വില്ലതുകൊലചെയ്തുമുറിക്കില
വൻതന്നെ വല്ലഭനാകുന്നതുകന്യകയ്ക്കെന്നുകേട്ടു * ഭൂമിയിലുള്ളമ
ന്നോരൊക്കവേപോയിട്ടുണ്ടു ഭൂമിദേവേന്ദ്രന്മാരുമററമില്ലാതെയുണ്ടു *
ആനതേർകുതിരകാലാളായപടയു മുണ്ടാനകപടഹാദിവാദ്യഘോഷവു
മുണ്ട് * സാനന്ദംബഹുരസഭോജനമതുമുണ്ടു മാനസത്തിങ്കൽ നിരൂപി
ച്ചവയൊക്കക്കിട്ടും * മല്ലാക്ഷിതന്നെയുംകാണേണ്ടുകയുണ്ടുപോലെ
ന്നെല്ലാരും ചൊല്ലുന്നിതുമെന്തിനുനമുക്കതു * കല്യാണംകാണവേണം
പോരുവിൻപക്ഷേനിങ്ങളില്ലൊരുകാഴ്ചയെങ്ങുമിങ്ങനെയെന്നവരും *

പാഞ്ചാലീസ്വയംവരയാത്ര.

ആരണരായ്മേവീടും പാണ്ഡവരതുകേട്ടുകാരണമറിഞ്ഞുസന്തോ
ഷിച്ചുപുറപ്പെട്ടാർ * മുനിതുവേദവ്യാസനന്നേരമവിടേക്കു വന്നിതു
തോന്നിയതുചെന്നാലുംമടിയാതെ * നല്ലതേവന്നുകൂടുപാഞ്ചാലിതന്നെ
നിങ്ങളെല്ലാരുംകൂടിവേട്ടുകൊള്ളുവിനെന്നേവണ്ടു * പണ്ടൊരുതപോ
ധനൻതന്നുടെപുത്രി തനിക്കുണ്ടായീലൊരുഭർത്താവെന്നവൾമഹേശനെ *
സേവിച്ചുമഹേശനുംപ്രത്യക്ഷനായിച്ചൊന്നാൻ താവകമഭിമതമെന്തു
ചൊല്ലുകബാലേ! * എന്തൊരുവരംവേണ്ടതെന്നുകേട്ടവളപ്പോൾ സ
ന്തോഷംപൂണ്ടുചൊന്നാൾസംഭ്രമത്തോടുമേവം * ഭർത്താരംദേഹിയെ
ന്നതഞ്ചുരുചൊന്നമൂലം ഭൎത്താക്കന്മാരിനിനക്കഞ്ചുപേരുണ്ടാകെന്നാൻ
* യജ്ഞസേനൻറമകളായ്പ്പിറന്നതുമവൾ വിജ്ഞാനജ്ഞാനവതി
യാകയുമുണ്ടുപാരം * ഉത്തരംപലപലകഥകളരുൾചെയ്തു ചിത്തതാപ
വും തീർന്നുപോവാനായ്നിയോഗിച്ചാൻ * ആശീർവാദവുംചെയ്തുമറ
ഞ്ഞുമുനിതാനു മാതൃപാണ്ഡവന്മാരുംമാതാവുംനടകൊണ്ടാർ * ബ്രാ

ഷണരത്തുനേരം ചോദിച്ചാരവരോട്ടധാൎമ്മികന്മാരേ! നിങ്ങളെവിടെനി
ന്നുവന്നു * ഏകചക്രയിൽനിന്നുവരുന്നുഞങ്ങളിപ്പോൾ പോകുന്നുപാ
ഞ്ചാലമാംവിഷയംകാണ്മാനല്ലൊ * ഞങ്ങളോടെസോദൎയ്യന്മാർമാതൃ പാ
രികൾതാനും ഞങ്ങളെക്കൂട്ടിക്കൊണ്ടുപോകണംപക്ഷേനിങ്ങൾ * അ
ങ്ങിനെതന്നെഞങ്ങൾപോകുന്നിതവിടേക്ക ഞങ്ങൾക്കനിങ്ങൾതുണ
നിങ്ങൾക്കുതുണഞങ്ങൾ * ഇങ്ങനെപറഞ്ഞവർഭൂദേവന്മാരുമായി മംഗ
ലചിത്തന്മാരാംധൎമ്മപുത്രാദികളും * ചന്ദ്രവംശോത്ഭവന്മാർഗംഗാതീ
രത്തുചെന്നാർ ചന്ദ്രനമസ്തമിച്ചുരാത്രിയുംപാതിചെന്നു *

അംഗാരവൎണ്ണോപാഖ്യാനം.

അൎജ്ജുനൻമുമ്പിലൊരുകൊള്ളിയുംമിന്നിമിന്നി നിൎജ്ജനദിക്കട
ന്നീടുവാൻതുടങ്ങുമ്പോൾ * മജ്ജനംചെയ്യുന്നൊരുഗന്ധൎവ്വൻതന്നെക്ക
ണ്ടു നിൎജ്ജരാധിപതനയാദികൾനിന്നനേരം * അംഗനാജനവുമാ
യംഗജവിവശനായ് ശൃംഗാരരസംപൂണ്ടുശൃംഗാരയോനിസമൻ * ഗം
ഗയിൽസോമശ്രവായണമാംതീൎത്ഥത്തിങ്ക ലംഗാരവൎണ്ണനെന്ന ഗന്ധ
ൎവ്വൻക്രീഡിക്കുമ്പോൾ * കോപവുംകലൎന്നവൻചാപവുംകുലയേററി
ഭൂപതിവരന്മാരാംപാണ്ഡവരോടുചൊന്നാൻ * പൂൎവ്വരാത്ര്യാദിയിങ്കൽ
ഘോരമായുള്ള സന്ധ്യാകാലത്തുമനുഷ്യൎക്കസഞ്ചരിക്കരുതല്ലൊ * യക്ഷ
രാക്ഷസഗന്ധൎവ്വാദികൾക്കുള്ളകാലം ധിക്കരിച്ചതിലോഭംകൈക്കൊണ്ടു
നടക്കില്ലോ * ഭക്ഷിക്കുംമനുഷ്യരെരക്ഷസാംപരിഷകൾ രക്ഷിപ്പാൻ
പോരുമെങ്കിലേതുമേമടിക്കേണ്ട * അംഗാരവൎണ്ണനെന്നഗന്ധൎവ്വപ്രവ
ൎന്ഞാ നംഗാരവൎണ്ണന്മനാമത്താൽവനമിതും * ഔഷധനാകുന്നതുധ
നദസഖിഞാനും രോഷവുമെന്നോളമില്ലാൎക്കുമെന്നറിഞ്ഞാലും * കൌ
ണപാദികൾപോലുമിവിടെവരുവീല പ്രാണനെവെടിഞ്ഞുവന്നീട്ടവാ
നെന്തുനിങ്ങൾ? * എന്നതുകേട്ടനേരംചൊല്ലിനാൻകിരീടിയും നന്നു
നന്നെത്രയുംനീചൊന്നതുനന്നുപാരം * ഹിമവൽഗിരിഗംഗാസമുദ്രമി
വററിങ്കൽ പകലുംരാവുംസന്ധ്യാനേരവുംനടന്നീടാം * എല്ലാൎക്കുംഗമി
ച്ചീടാമെല്ലാനേരവുമതി നില്ലൊരുതടവേതുംദുഷ്ടജന്തുക്കളാലെ * എ
ന്നല്ലോമുനിവരനാകിയവേദവ്യാസൻ ചൊല്ലിയതസത്യമല്ലെന്നുനീയ
റിഞ്ഞീലേ? * ക്ഷുദ്രന്മാരല്ലഞങ്ങൾ നിങ്ങളെപ്പേടിപ്പതിന്നദ്രിസാഗരാ
ദിയുംഭേദിപ്പൻദിവ്യാസ്ത്രത്താൽ * ദുൎബ്ബലന്മാരായ്ഭീതന്മാരായമനു
ഷ്യരെ കൎബ്ബുരാദികൾപേടിപ്പിച്ചീടുകെന്നവശ്യ * ദൎപ്പംകലൎന്നൊരു
ഗന്ധൎവ്വവീരനപ്പോൾ നിൎമ്മലതരമായശസ്ത്രൌഘംപ്രയോഗിച്ചാൻ
* ഉൻമുഖംകൊണ്ടുതട്ടുത്തീടിനാൻകിരീടിയും പൊന്മയമായരഥ
ത്തിന്നെയുംദഹിപ്പിച്ചാൻ * അൎജ്ജുനൻപ്രയോഗിച്ചാഗ്നേയാസ്ത്ര
ത്താലപ്പോൾ ഖേചരനായ്മോഹിച്ചുവീണിതുഗന്ധൎവ്വനും * കൈ
ശികംചുററിപ്പിടിച്ചപ്പൊഴേവധിപ്പാനായാശുഫൽഗുനൻതുനിഞ്ഞതു
കണ്ടവൻഭാൎയ്യാ * സുന്ദരികുംഭീനസിധൎമ്മനന്ദനൻകാൽക്കൽക്രന്ദനം
ചെയ്തുവീണുശരണംപ്രാപിച്ചപ്പോൾ * സ്ത്രീനാഥൻപരാജിതൻകീൎത്തി
ഹീനനുമായി മാനവുംവെടിഞ്ഞവൻതന്നെനീകൊന്നീടൊല്ലാ * അഭ

യംകൊടുക്കെന്നുധർമ്മജൻചൊന്നനേരം മഭിമാനികൾമുമ്പനർജ്ജുനൻ
ചൊല്ലീടിനാൻ * ധർമ്മാത്മാധർമ്മാത്മജനഭയംതന്നമൂലം നിർമ്മല
നായനിന്നെക്കൊല്ലുന്നീലിനിഞാനോ * പൊയ്ക്കൊൾകപേടിക്കേണ്ട
നീയിനിയെന്നനേരം കാൽക്കൽവീണുചെയ്താൻഗന്ധർവ്വപ്രവരനും *
അംഗാരവർണ്ണനെന്നപേരിനിക്കിനിവേണ്ടാ സംഗരത്തിങ്കൽനിന്നാൽ
ജിതനായ്വന്നമൂലം * മാനിയാംനിനക്കുഞാൻചാക്ഷുഷിയെന്നവിദ്യ
ദാനംചെയ്യുന്നതുണ്ടിപ്രാണനെരക്ഷിക്കയാൽ * കാമദരഥാശ്വസൂതാ
യുധാദികളുണ്ടാം സോമവംശോൽഭൂതനാംനിനക്കുധനഞ്ജയ! * ഉത്ത
മംപ്രീതിദത്തമതിലുംവിദ്യാദത്ത മൈത്ര്യംശുഭംപുനരെങ്കിലുമിതുകേൾ
നീ * പ്രാണരക്ഷണത്തിനുകൂലിവാങ്ങുകയില്ല മാനികളായസൂപവീരന്മാ
രറികനീ * എങ്കിലാഗ്നേയമസ്ത്രമിനിക്കുപഠിക്കണമെങ്കൽനിന്നെന്റെ
വിദ്യവാങ്ങിക്കൊൾകയുംവേണം * സഖ്യവുംനമ്മിലിനിവേറിടാതി
രിക്കണം വിഖ്യാതയായകീർത്തിവർദ്ധിപ്പിക്കയുംവേണം * ഗന്ധ
ർവ്വൻചൊന്നവണ്ണമന്യോന്യംപഠിച്ചുടൻ കുന്തീനന്ദനൻപുനരവനോടു
രചെയ്താൻ * എന്തൊരുമൂലംഭവാൻഞങ്ങളെവിരോധിപ്പാൻ? ബന്ധ
മില്ലെന്നുകൊണ്ടുംസാധുക്കളല്ലാഞങ്ങൾ * എങ്കിലോധനഞ്ജയ!
കേട്ടാലുമതിൻമൂലം സങ്കടമിനിമേൽനാളുണ്ടാകാതിരിപ്പാനായ് * ബ്രാ
ഹ്മണപുരസ്കൃതന്മാരായിട്ടിരിക്കണം ധാർമ്മികന്മാരാകിലുംമറ്റുള്ളജാ
തിയെല്ലാം * യക്ഷരാക്ഷസഗന്ധർവ്വോരഗപിശാചാദി ദുഃഖങ്ങൾ
നൽകുംപലരക്ഷയുണ്ടെന്നാകിലും * നിശ്ചയമബ്രഹ്മണ്യമഭയംകരമ
ല്ല സദ്വിജാച്ഛന്നയുള്ളോർക്കില്ലൊരുഭയമെങ്ങും * നല്ലൊരുപുരോഹി
തൻവേണം ഭൂപതിയായാലല്ലൽകൂടാതവണ്ണമൈഹികപാരത്രികം *
അല്ലായ്കിൽ സാധിപ്പതിന്നാമല്ലെന്നറിയേണം കല്യന്മാരെന്നാകിലുമറി
കധനഞ്ജയ! * താപത്യാഗോത്രമൊരുതാപസോത്തമൻതന്നെ താപ
ത്യന്മാരേ!നിങ്ങൾക്കുഗുരുവായ്വരികേണം * താപത്യന്മാരെന്നതുകേട്ടുചോ
ദിച്ചുജിഷ്ണു താപത്യന്മാരെന്നെന്തുചൊല്ലുവാൻമൂലംചൊൽനീ *

സംവരണോദന്തം.

ചൊല്ലുവൻചുരുക്കിഞാൻകേൾക്കനീധനഞ്ജയ! ചൊല്ലെഴുമാദി
ത്യന്റെപുത്രിയായുണ്ടായ്വന്നു! * സാവിത്രിക്കവരജയായൊരുമനോഹ
രി ദേവസ്ത്രീകളുമവൾക്കൊത്തവരാരുമില്ല * തൽക്കാലമൃക്ഷപുത്രനാകി
യസംവരണനക്കനെവഴിപോലെസേവിച്ചാൻപലകാലം * തന്നുടെഭ
ക്തനായചന്ദ്രവംശോൽഭൂതനാം മന്നവർകുലവരനാകിയസംവരണൻ *
എന്നുടെമകൾക്കനുരൂപനെന്നുള്ളിൽനണ്ണി കന്യകയ്ക്കെട്ടാണ്ടുവയസ്സു
ചെന്നകാലം * അദ്രിതടോപവനസീമനിനായാട്ടിനായ്പ്പുക്കു നര
പതിനടന്നാനൊരുദിനം * ക്ഷുൽപിപാസാദിപൂണ്ടുമരിച്ചുകുതിരയും
പിന്നോട്ടുവനഭൂവിനടന്നനരേന്ദ്രനും * അന്നേരംകാണായ്വന്നുകന്യകാര
ത്നംതന്നെ മന്നവൻമറന്നിതുതന്നെയുമതുനേരം * നാമധേയാദികളെ
ച്ചോദിച്ചുനരപതി വാമലോചനപുനരുത്തരംപറയാതെ * മറഞ്ഞാള
തുനേരംനൃപനുംമനക്കാമ്പിൽ നിറഞ്ഞശോകംപൂണ്ടുമന്മഥവിവശനാ

ന്* മോഹിച്ചുവീണുകിടന്നീടിനോരനന്തരം മോഹനഗാത്രിയാ
യതപതിപോന്നുവന്നാൾ * ശീതാംശുകുലോത്ഭവനാകിയനൃപോ
ത്തമ! ചേതസിവളർന്നൊരുശോകത്തെക്കളഞ്ഞാലും * ഏതുമേ വിഷാ
ദമുണ്ടാകരുതെഴുന്നേൽക്ക ഖേദിപ്പാൻപാത്രമല്ലകേവലംഭവാനൊട്ടും *
തപനൻതന്റെമകളാകിയതപതിഞാൻ തപസാതാതൻതന്നെസ്സേവി
ക്കവിരവിയനീ * ജനകൻഭവാനായിട്ടെന്നെനൽകീടുന്നാകിലനുവ
ർത്തനംചെയ്യുന്നേതുമേമടിയാതെ * ഞാനനുകൂലയല്ലെന്നോർത്തും
ഖേദിക്കേണ്ട മാനവശിഖാമണേ!രാഗമെല്ലാർക്കുമൊക്കും * എന്നു
രചെയ്തുമറഞ്ഞീടിനാൾതപതിയും മന്നവൻതാനുംപിന്നെമന്മഥവിവ
ശനായ് * തപതിതപതിയെന്നധികംപരിതാപാൽ നൃപതിവരൻ
ഭുവിപതനംചെയ്തുമോഹാൽ * സചിവൻതിരഞ്ഞുവന്നവനീശനെ
ക്കണ്ടു കുശലോക്തികൾകൊണ്ടുംശീതോപചാരംകൊണ്ടും * ഉണർത്തി
രാജാവിന്റെ സങ്കടമെല്ലാംകണ്ടു ഗണിച്ചുബുദ്ധികൊണ്ടുകല്പിച്ചുസചി
വനും * രാജ്യത്തിന്നയച്ചിതുനിശ്ശേഷസൈന്യമെല്ലാം പൂജ്യനാം
വസിഷ്ഠനെസ്സേവിച്ചുനരേന്ദ്രനും * ദ്വാദശദിനംകൊണ്ടുവന്നിതുവസി
ഷ്ഠനുംസാദരംവീണുനമസ്കരിച്ചുനൃപതിയും*മേദിനീശ്വരൻമുനിതന്നോ
ടുമനോരഥ മാധിതീർത്തീടുവതിന്നായറിയിച്ചനേരം * ചേതസി
വിചാരിച്ചു ഭൂപതിപരിതാപം ദ്വാദശാത്മാവിൻമകൾമൂലമെന്നറി
ഞ്ഞപ്പോൾ * അബ്ജസംഭവസുതനാകിയവസിഷ്ഠനു മബ്ജബാ
ന്ധവൻതന്നെസ്തുതിച്ചാനതുനേരം * ചിത്രഭാനവേനമസ്സൂര്യായ
മാർത്താണ്ഡായ മിത്രായദിനേശായഭാസ്വതേനമോനമഃ * വേദരൂ
പായവേദവേദ്യായവേദാന്താർത്ഥ ബോധരൂപായജഗന്നാഥായനമോ
നമഃ * പ്രകൃതിയുടെഗുണങ്ങൾക്കനുരൂപമായ വികൃതിപൂണ്ടരൂപനാമവ
ർണ്ണങ്ങളോടും * പ്രപഞ്ചസൃഷ്ടിസ്ഥിതിസംഹാരങ്ങളെച്ചെയ്വാൻ വിരി
ഞ്ചവിഷ്ണുരുദ്രന്മാരായിച്ചമഞ്ഞീടും * പരമാത്മനേപരബ്രഹ്മണേനമോ
നമഃ പരമാനന്ദാത്മനേരവയേനമോനമഃ * ഭാസ്കരൻതാനുമരുൾ
ചെയ്തിതുവസിഷ്ഠനോടാഗ്രഹംതന്നെ പറഞ്ഞീടുകമടിയാതെ * എ
ങ്കിലോചൊല്ലീടുവൻ വന്നകാരണമൊരുസങ്കടമുണ്ടുദണ്ഡംപോക്കുവാ
നില്ലതാനും * തിങ്കൾതൻകുലത്തിങ്കലുള്ളസംവരണനുപങ്കജശര
താപംപാരംതാവൽപുത്രീമൂലം * അവനീശ്വരനായസംവരണനുഭവാ ന
വളെക്കൊടുക്കേണമെന്നതുചൊൽവാൻ വന്നേൻ * സന്ദേഹമെന്തു
ഭവാൻകല്പിച്ചാലെങ്കിൽമമ നന്ദനേ!തപതീ!നീപോകണംവൈകീടാ
തെ * പൂർവ്വമേകല്പിച്ചിരിക്കുന്നിതുമകളേ!ഞാൻ നിന്നെസ്സംവരണനു
കൊടുക്കാമെന്നുതന്നെ * വസിഷ്ഠനരുൾചെയ്യുംവണ്ണംനീഭൂമിതന്നിൽ
വസിക്കപലകാലം സുഖിച്ചുഭർത്താവുമായ് * ജനിക്കതനയനുംഭുവന
പ്രസിദ്ധനായ് നിനക്കുഗുണങ്ങളുംവർദ്ധിക്കുംദിനംതോറും * ഈവണ്ണ
മനുഗ്രഹിച്ചയച്ചുജനകനും ലാവണ്യാംഗിയുംവന്ദിച്ചനുവാദത്തെ
ച്ചെയ്താൾ * തപതിയായദിവ്യകന്യകാമനോഹരി തപനാ
ത്മജാമനോരഥവുംവന്നുകൂടി * കന്യകയോടുകൂടിയാത്രയുംചൊല്ലി മു

നിന്നവൻവസിച്ചീടുംകാനനഭുവിവന്നു * അബ്ജലോചനയായതപതിതന്നെക്കനിഞ്ഞബ്ജനാശനകുലനാഥനു നൽകീടിനാൻ * അബ്ജസായകരസംപൂർണ്ണവനടവിയി ലബ്ജകാന്താന്വം വസിച്ചീടിനാനാളുമായ് * പിന്നെവൈരികളെയുമൊക്കവെ നിഗ്രഹിച്ചു തന്നുടെനാടും തനിക്കടങ്ങിയതുകാലം * വസിഷ്ഠൻതന്നെപ്പുരോഹിതനായ്വരിക്കയാൽ സുഖിച്ചുരാജ്യം വാണുപലനാളുംസംവരണൻ* വസിഷ്ഠമുനിയുടെവരിഷ്ഠഗുണമെല്ലാം പ്രകൃഷ്ടമെന്നതൊഴിഞ്ഞിനിക്കുപറയാമോ? *

വാസിഷ്ഠമുപാഖ്യാനം.

വാസവിചോദിച്ചിതുഗന്ധർവൻതന്നോടപ്പോൾ വാസിഷ്ഠമുപാഖ്യാനംകേൾക്കണമെനിക്കെങ്കിൽ * വിശ്വസ്യൻതനയനുംവിശ്വാമിത്രനുംതമ്മിൽ വിശ്വാന്തഃകരണമാംവൈരമുണ്ടാവാൻമൂലം * നിശ്ശേഷംപറയേണമെന്നുചൊന്നതുകേട്ടു വിശ്വൈകധനുർദ്ധരൻതന്നോടുചൊന്നാനവൻ * എങ്കിലോകന്യാകുബ്ജനാകിയനൃപശ്രേഷ്ഠൻ മംഗലശീലൻഗാധിയെന്നുപേരുടയവൻ * തന്നുടെപുത്രനായമന്നവൻ വിശ്വാമിത്രനന്നതനൊരുദിനംമൃഗയാവിവശനായ് * ചെന്നിതുപടയോടുംവസിഷ്ഠാശ്രമത്തിങ്കലന്നുസല്ക്കാരംചെയ്തുനൃപനെമുനിശ്രേഷ്ഠൻ അമരാവതിപോലെചമഞ്ഞതടവിയു മത്ഭുതതമമായ ഭോജ്യപേയാദികളും * നന്ദിതനായനൃപൻവിശ്വാമിത്രനപ്പോൾ നന്ദിനിതന്നെമമനൽകണമെന്നുചൊന്നാൻ * രാജാവിനല്ലോവേണ്ടുരത്നഭൂതങ്ങളെല്ലാം പൂജാസാധനങ്ങളേതാപസന്മാൎക്കുവേണ്ടു * എന്തുസംശയമിതുപറയേണമോപോവാൻ ചിന്തിച്ചാലതുതന്നുചൊല്വാനില്ലാരുമിപ്പോൾ * നന്ദിനിതന്നെയുടൻബന്ധിച്ചുകൊണ്ടുപോവാൻ മന്ദപ്രജ്ഞന്മാർനൃപഭൃത്യന്മാർതുടങ്ങുമ്പോൾ * നന്ദിനിയുടെയവയവങ്ങൾതോറുംനിന്നനന്തന്മാരായുള്ളവംശങ്ങളുണ്ടായ്വന്നു * വല്ലവന്മാരുംശബരന്മാരുംശകന്മാരും വല്ലഭമേറുംയവനന്മാരുംകിരാതന്മാർ * സിംഹളന്മാരുംദ്രമിളന്മാരുംപുളിന്ദന്മാരും സിംഹവിക്രമബലവാന്മാരാംമ്ലേച്ഛന്മാരും * കർബ്ബുരപ്രവരന്മാരാട്ടുതുല്യന്മാരായബർബരന്മാരുംനല്ലദുർദ്ധരന്മാരുമെല്ലാം * അവരുംവിശ്വാമിത്രൻതന്നുടെപടയുമാ യവനിനടുങ്ങുമാറുണ്ടായയുദ്ധത്തിങ്കൽ * മൂന്നുയോജനവഴിപാഞ്ഞിതുനൃപസൈന്യംപോന്നുനന്ദിനിമുനിതന്നുടെമുമ്പിൽവന്നു * പൃഥ്വീശൻവിശ്വാമിത്രൻചിത്തത്തിൽനിരൂപിച്ചാൻ ക്ഷത്രിയബലമതിക്ഷുദ്രമെന്നതുന്നൂനം * ബ്രാഹ്മണതേജോബലംബലമെന്നുറച്ചവൻ താൻമെല്ലത്തപസ്സിനുകോപ്പിട്ടാനതുകാലം *

കല്മാഷപാദചരിതം.

മാർത്താണ്ഡകുലജാതൻകല്മാഷപാദനെന്ന ധാത്രീശൻ നായാട്ടിനായ്പ്പോയിട്ടുവരുന്നേരം * എതിർത്തുചെന്നുവസിഷ്ഠാത്മജൻശക്തിമുനിമദ്ധ്യേവാട്ടുവീശനുംനേർവഴിചൊന്നാനല്ലോ * നീങ്ങുകവഴിയിൽനിന്നെന്നിതുനൃപശ്രേഷ്ഠൻ നീങ്ങുനീവഴിനൽകെന്നിതുമുനിശ്രേഷ്ഠൻ * മാർഗ്ഗംബ്രാഹ്മണനുനല്കേണംഭൂപാലാദികൾ മാർഗ്ഗമിങ്ങിനെസനാത

നമെന്നതുനേരം *കുതിരച്ചമ്മട്ടികൊണ്ടടിച്ചാൻമുനിതന്നെ ക്ഷിതിപാ
ലകൻതന്നെശ്ശപിച്ചാൻവസിഷ്ഠജൻ * രാജധമ്മത്തെനീക്കിരാക്ഷസ
ധമ്മംനിന്നാലാചരിക്കപ്പെട്ടതുകാരണമിന്നെമുതൽ * രാക്ഷസനാ
യ്പോകനീയെന്നതുകേട്ടനേരംമോക്ഷത്തെനൃപതിയും യാചിച്ചോരനന്ത
രം * വിശ്വാമിത്രോപായത്താൽകിങ്കരനാമരക്ഷസ്സപ്പോൾ ചെന്നകം
പുക്കുഭൂപതിമനസ്സിങ്കൽ * അങ്ങിനെവാഴുംകാലമൊരുനാളൊരുമുനിതി
ണ്ണീട്ടുംപൈദാഹത്താൽഭൂപതിയോടുചൊന്നാൻ * നല്ലമാംസവുംചോ
റുംനൽകേണമിനിക്കെന്നുചൊല്ലിനാൻ നൃപതിയുംരണ്ടുനാഴികപാർപ്പാ
ൻ * ഭൂപാലനന്തഃപുരംപുക്കിരുന്നൊരുശേഷം താപസൻപറഞ്ഞതുമ
റന്നുപോയിബലാൽ *രാത്രിയിലോത്തനേരംപാചകനോടുചൊന്നാൻ
പാർത്തിരിക്കുന്നിതൊരുതാപസൻഭുജിപ്പാനായ് * വ്യഞ്ജനമാംസാദി
യാൽമൃഷ്ടമായൂട്ടേണംനീ യഞ്ജസാബഹുമാനിച്ചാദരവോടുമെന്നാൻ *
കറിയുംചോറുമെല്ലാമുണ്ടാക്കീട്ടവൻചെന്നു നരപാലകനോടുമാംസമി
ല്ലെന്നുചൊന്നാൻ * മനുഷ്യമാംസംതന്നെകൊടുക്കെന്നുരചെയ്തു മനു
ഷ്യേന്ദ്രനപ്പോൾസൂദനുമതുചെയ്താൻ * അന്നേരമഭോജ്യമായുള്ളൊരു
നരമാംസം നന്നായിവിളമ്പിയതെന്തുചെയ്തുമുനി * മാനവന്മാരെപ്പി
ടിച്ചുടൻപൊടുഭക്ഷിച്ചുനീ കാനനേചരിക്കൊരുരാക്ഷസനായിട്ടെന്നു *
മുന്നമേശക്തിമുനിതന്നുടെശാപംതന്നെ നന്നായിപ്പൂരിപ്പിച്ചാനൊന്നതേ
പറയേണ്ടു * ശക്തിമുഖ്യന്മാരായ നൂറുപേർവസിഷ്ഠൻതൻ പുത്രന്മാ
രവർകളെയൊക്കെവേതിന്നാനവൻ * പുത്രശോകത്താൽമഹാമേരുവി
ൻമുകളേറി മൃത്യുവന്നീടുവതിന്നുതുണ്ടു വസിഷ്ഠനും *അഗ്നിയിൽചാടിപ്പി
ന്നെസ്സമുദ്രംതന്നിൽച്ചാടി വിഷംവന്നീലദേഹദേഹികൾക്കൊന്നിനാ
ലും * പാശത്താൽകൈകാൽകെട്ടിപുഴയിൽചാടിതപ്പോൾ പാശത്തെ
ച്ഛേദിക്കയാലായിതുവിപാശയും * പിന്നെയുംഹൈമവതിയാകിയന
ദിതന്നിൽ ചെന്നു ചാടിനാനവൾനൂറുകൈവഴിയായാൾ * അതിനാൽ
ശതദ്രുവെന്നവൾക്കുപേരുണ്ടായി മൃതിവന്നീലജലംനീങ്ങിപ്പോയതുമൂ
ലം * ഒരുജാതിയുംവരാമരണമെന്നുകണ്ടു സരസീരുഹഭവനന്ദനൻവ
സിഷ്ഠനും * ആശ്രമത്തിങ്കൽചെന്നുപുക്കപ്പോളദൃശ്യന്തിയാശപിപ്പി
ച്ചുഗർഭപാത്രസ്ഥനായബാലൻ * താനുടെവേദനാദംകേട്ടാശുവസിഷ്ഠ
നുമെന്നുടെശക്തിതൻറെനാദമെന്നതുപോലെ * കേട്ടതെന്തൊരുവേദ
ധ്വനിയെന്നതുനേരം വാട്ടമില്ലാതശക്തിപത്നിയുമുരചെയ്താൾ* ഗർഭ
മുണ്ടെനിക്കെൻറഭർത്താവുമരിക്കുമ്പോളുൾക്കേനവനുടെനാദമെന്നതേവ
ശ്രു * ഇന്നുകേട്ടവളുമായ്പിന്നെയുംപുറപ്പെട്ടുചെന്നപ്പോൾവനഭുവികല്മാ
ഷപാദൻകണ്ടു * ഭക്ഷിപ്പാനടുത്തൊരുരാക്ഷസിൻവേഗംകണ്ടു ദക്ഷ
നാംവസിഷ്ഠപുത്രൻതളിച്ചുജലംകൊണ്ടേ * ശാപമോക്ഷവുംവന്നുരാജാ
വുംതെളിഞ്ഞിതു താപവുമകന്നിതുപുരവാസികൾക്കെല്ലാം * കല്മാഷ
പാദൻതന്നെക്കൊണ്ടുപോയയോധ്യയിൽ കൽമഷമകന്നുവാഴിച്ചിതു
വസിഷ്ഠനും * ഭൂപതിപത്നിയാംമദയന്തിസുദേഷ്ണയിൽ ഭൂപതിപ്രാണാ
ർത്ഥമായ്ഗർഭവുമുല്പാദിച്ചാൻ *ദ്വാദശസംവത്സരംചെന്നിട്ടുംപെറായ്ക

യാൽ മാതാവുസുദേഷ്ണയുമുദരമശുന്തിനാൽ * ഭേദിച്ചനേരമൊരുബാലകനുണ്ടായ്വന്നു മേദിനീപതിയവനശ്മകനായതെടോ* ശക്തിതൻപതിയായൊരദൃശ്യന്തിയുംപെററാളുത്തമനായപരാശരനാംമുനിതന്നെ * താതൻെറമരണത്തിൻഹേതുക്കൾകേട്ടിട്ടവൻ ക്രോധത്താൽസർവ്വലോകംദഹിപ്പാനൊരുമ്പെട്ടാൻ * അതുകണ്ടൊരുപിതാമഹനാംവസിഷ്ഠനും മതിമാനായനിജ പൌത്രനോടരുൾചെയ്തു *

ഔർവ്വോത്ഭവവും ശാന്തിമഹത്വവും.

കേൾക്കനീകൃതവീര്യനാകിയമഹീപതി സാക്ഷാലിന്ദ്രനെപ്പോലെചെയ്തിതുപലയാഗം * അന്നവനുപാദ്ധ്യായൻഭാർഗ്ഗവനവൻതനിക്കന്യൂനംധനരാശിദക്ഷിണചെയ്തുനൃപൻ പിന്നെപ്പോയ്സുരലോകംപ്രാപിച്ചനേരമവൻതന്നുടെകുലത്തിങ്കലുണ്ടായ ഭൂപാലന്മാർ * അർത്ഥലോലുപന്മാരായ്ചമഞ്ഞാരതുമൂലം ചിത്തശാന്തിയുംവാച്ചുഭാർഗ്ഗവന്മാരോടെല്ലാം * തുടങ്ങിവിരോധമെന്നറിഞ്ഞുമറയവരൊട്ടങ്ങാതൊരുധനംകുഴിച്ചുവച്ചാരല്ലോ * അവരുടെചില്ലാലയംകുഴിച്ചു നിധിയെടുത്തവനീദേവന്മാരെ വധിച്ചാർമടിയാതെ * സ്ത്രീബാലവൃദ്ധാവധിവധിച്ചാരതുകാലംഭൂപാലഭയംകൊണ്ടു ഭൂദേവസ്ത്രീകളെല്ലാം * പർവ്വതഗുഹകളിലൊളിച്ചാരതിലൊരു ദിവ്യസ്ത്രീതനിക്കുണ്ടുഗർഭമെന്നറികയാൽ * നാരിയുമൂരുവിങ്കൽമറച്ചാൾതൻെറഗർഭം നൂറുവത്സരംതികഞ്ഞീടിനകാലത്തിങ്കൽ * ക്രൂരന്മാരായനൃപവീരന്മാർകൊൽവാൻചെന്നാ രൂരുവുംപിളന്നുടൻപിറന്നുകുമാരനും * അക്കുമാരൻെറതേജസ്സതുകണ്ടവൎക്കെല്ലാ മക്ഷികൾപൊട്ടിത്തെറിച്ചന്ധന്മാരായാരല്ലോ * ഞങ്ങൾചെയ്തപരാധമൊക്കവെപൊറുത്തുനീ ഞങ്ങൾക്കുകണ്ണുണ്ടാക്കിത്തരികെന്നവർകളും * കാൽക്കൽവീണതുകണ്ടുനൽകിനാനുഗ്രഹം ഭോഷ്കല്ലകണ്ണുകളുമുണ്ടായിനൃപന്മാൎക്കും * ഉഗ്രമാംതപസ്സിനുകോപ്പിട്ടാനൌർവ്വൻതാനും നിഗ്രഹിച്ചീടുംലോകമെല്ലാമെന്നതുംതോന്നി * ഭാർഗ്ഗവന്മാരാമൌർവ്വൻതന്നുടെപിതൃക്കൾവന്നാഖ്യാനംചെയ്താരാത്മജ്ഞാനമായുള്ളതെല്ലാം * കർമ്മത്തിൻഫലംജീവാത്മാവനുഭവിച്ചീടും സമ്മോഹമുണ്ടാംകാമക്രോധങ്ങൾകൊണ്ടുമേന്മേൽ * അതുമേകൊല്ലുകയില്ലാരെയുമോക്ഷനാകിൽ നേരോടെനിരൂപിക്കിലൊന്നൊഴിഞ്ഞില്ലപരം * ശാന്തിയെന്നല്ലതുള്ളു നമുക്കുവിശേഷിച്ചും ഭ്രാന്തിയെക്കളഞ്ഞുനീശമത്തെപ്രാപിച്ചാലും * ഔർവ്വനതുകേട്ടുപിതൃക്കളോടുചൊന്നാൻ ദുർവ്വാരമായുള്ളമൽക്രോധത്തെയെന്തുചെയ്‌വൂ * ലോകോപകാരാർത്ഥമായബ്ധിയിലാക്കീടുക സാഗരംഭൂമണ്ഡലമാക്രമിയാതെകൊൾവാൻ * സമതാംപിതൃക്കൾചൊന്നതുകേട്ടൌർവ്വതാനും സമുദ്രംതന്നിലാക്കിതന്നുടെകോപാഗ്നിയെ * ശമത്തെപ്രാപിച്ചുഗ്രതപസ്സുംകൃപയാലെ സമർപ്പിച്ചാത്മജ്ഞാനപരനായതുകാലം * സമസ്തലോകങ്ങളുമാശംസിക്കയുംചെയ്തു രമിച്ചീടുകപരമാത്മനികുമാരാനീ * താപസന്മാരായനാമൊക്കെയുംക്ഷമിക്കേണം കോപമാകുന്നതൊട്ടുമാകാതൊന്നറിഞ്ഞാലും * എന്നതുകേട്ടുപരാശരനാംകുമാരനും പിന്നെരാക്ഷസസത്രംതുടങ്ങിയതിനാലെ* പെരികെ

രക്ഷോഗണംമരിച്ചോരനന്തരം നിരൃതിനിയോഗത്താൽപുലസ്ത്യ
നെഴുന്നെള്ളി * സാമഭേദോക്തികൾകൊണ്ടുപദേശിച്ചീടിനാൻ താ
മസശീലമല്ലാവൈരാനുബന്ധംനൃണാം * കാമക്രോധാദികളെത്യ
ജിച്ചീടുകവേണം പ്രേമദ്വേഷാദികളുമാവോളംവേണ്ടീലല്ലോ * മല്ക്കുല
ജാതന്മാരായുള്ളോരുജാതിയല്ലോ രക്ഷസാംഗണമെന്നവാത്സല്യമില്ലെ
ന്നില്ല * നല്ലതില്ലഹിംസയ്ക്കുതുല്യമായൊന്നുമെന്നു ചൊല്ലുവാൻവന്നേ
നിനിസ്സമപ്പിക്കണംസത്രം * പുലസ്ത്യോക്തികൾ കേട്ടു ശക്തിപുത്രനുമി
തു പലക്കംമതമെങ്കിലങ്ങിനെതന്നെയെന്നാൻ * അഗ്നിയെഹിമവാ
ന്റെ താഴ്വരതങ്കലാക്കി യഗ്നിമാൻപരാശരനതിനാൽവാവുതോറും *
ദഹിച്ചീടുന്നുവനമിന്നുമെന്നറിഞ്ഞാലും സഹിച്ചീടണംകോപംതാപ
സന്മാരായ്വന്നാൽ * ഇന്നെല്ലാംഗന്ധർവ്വേശൻചൊന്നതുകേട്ടുപാർത്ഥൻ
പിന്നെയുമവനോടു ചിരിച്ചുചോദ്യംചെയ്തു * നിർമ്മലനായമുനിവസി
ഷ്ഠനെന്തുമൂലം കല്മാഷപാദപത്നിതന്നെപ്രാപിച്ചതെടോ * ചൊല്ലു
വനതുമെങ്കിൽകേട്ടാലുംധനഞ്ജയ! ചൊല്ലേഴും സൂര്യാന്വയജാതനാം
നൃപവരൻ * കല്മാഷപാദൻശാപഗ്രസ്തനായ്പോകുന്നേരം തന്മനോ
വല്ലഭയായുള്ളോരുസുദേഷ്ണയും * പിന്നാലെഖേദംപൂണ്ടുകാനനേനട
ക്കുമ്പോൾ നന്നായിക്രീഡിക്കുന്നഭൂസുരമിഥുനത്തിൽ * പുരുഷൻതന്നെ
ക്കൊന്നതിനാതുകണ്ടുപത്നി പതിതാപത്താൽശപിച്ചീടിനാൾനരേന്ദ്ര
നെ * നീയുംനിൻപത്നിതന്നെത്തൊടുകിൽമരിക്കെന്നാൾ തീയിൽപ്പാ
ഞ്ഞുടൻമരിച്ചീടിനാളവൾതാനും * അപ്പോഴെസൂര്യവംശംമുടിയുമെ
ന്നുകണ്ടോരുല്പലോത്ഭവാത്മജനുല്പാദിപ്പിച്ചിതെടോ * തന്നുടെപുത്രന്മാ
രെക്കൊല്ലിച്ചവിശ്വാമിത്രൻ തന്നോടുംകൊന്നതിനാകല്മാഷപാദനോ
ടും * ഉണ്ടായീലൊരുകോപംവസിഷ്ഠനാത്രയുമല്ലുണ്ടായിതവർകളിൽ
കാരുണ്യമറിഞ്ഞാലും * എന്നുമാമുനിതന്നെഗുരുവാക്കിയമൂലം വന്നി
തുസംവരണനൃപദയങ്ങളെല്ലാം *

ധൌമ്യോപാദ്ധ്യായലബ്ധി.

അർജ്ജുനൻ ഗന്ധർവ്വനോടപ്പോഴെ ചോദ്യംചെയ്താൻ നിർജ്ജനത്തി
നതക്കൊരുത്തമനുപാദ്ധ്യായൻ * ആരാകനല്ലു? ചൊല്ലീടെന്നതുകേട്ടു
ചൊന്നാ നാരായ്ക്കവേണ്ടനിങ്ങൾപാരമെന്നറിഞ്ഞാലും * ഉൽക്കചകാ
ഖ്യതീർത്ഥത്തിങ്കലുണ്ടിരിക്കുന്നി തുൽക്കടതപോബലമുള്ള മാമുനിധൌ
മ്യൻ * ദേവലസഹോദരൻ ദേവാചാര്യസമൻ സേവിച്ചീടണംനി
ങ്ങളവനെയെന്നാലവൻ * സാധിപ്പിച്ചീടുമല്ലോനിങ്ങൾക്കുവേണ്ടതെ
ല്ലാം ഖേദിക്കവേണ്ടപോകെന്നവനുമുരചെയ്താൻ * അവിടെത്തമ്മിൽ
പലകഥയും പറഞ്ഞുപോയവിടെക്കണ്ടുകിട്ടിധൌമ്യനാംമുനിതന്നെ *
ശ്രീപാദങ്ങളിൽവീണുനമസ്കാരവുംചെയ്തു താപസേന്ദ്രനെക്കുപ്പിനിന്നു
പാണ്ഡവന്മാരും * സ്വാഗതമെന്നുചൊല്ലികുശലപ്രശ്നങ്ങളും വേ
ഗേനചെന്നുമുദാസൽക്കരിച്ചിരുന്നായ് * ചന്ദ്രവംശോൽഭൂതനാം
പാണ്ഡുഭൂപാലേന്ദ്രനു നന്ദനന്മാരായ് ഞങ്ങളെവരുമുണ്ടായ്വന്നു * ധാ

ത്തരാഷ്ട്രന്മാരുടെദുർവ്യാപാരങ്ങൾകൊണ്ടു ധാത്രിയിൽവേഷച്ഛന്നന്മാരായ്സഞ്ചരിക്കുന്നു * പാഞ്ചാലപുരംപുക്കുകല്യാണംകാണ്മാനുള്ളിൽ വാഞ്ഛയുമുണ്ടുപാരംകാരുണ്യവാരാന്നിധേ! നിന്തിരുവടിയുടെശിഷ്യർകളല്ലോഞങ്ങൾ സന്തതംപരിപാലിച്ചീടണംതപോനിധേ! * മംഗലംവരുത്തുവാൻ നിന്തിരുവടിതന്നെ ഞങ്ങൾക്കുപുരോഹിതനായിരുന്നരുളേണം * അന്നേരംമുനീന്ദ്രനുമുള്ളിലേക്കണ്ണുകൊണ്ടു നന്നായ്ക്കണ്ടിട്ടുമഹാഭാരതോദന്തമെല്ലാം * അങ്ങിനെതന്നെയൊരുസംശയമരിനില്ല നിങ്ങൾക്കുപുരോഹിതൻ ഞാൻതന്നെനടന്നാലും *

പാഞ്ചാലീസ്വയംവരം.

ധൌമ്യനെപ്പുരോഹിതനായ്വരിച്ചവർകളും ബ്രാഹ്മണരോട്ടുചേർന്നുതാപസവരന്മാരോടും * ദക്ഷിണപാഞ്ചാലമാംനഗരമകംപുക്കു രക്ഷിപ്പാൻമാതാവിനെകുംഭകാരാലയത്തിൽ * ശിക്ഷിച്ചുപാറഞ്ഞാക്കിഗോപുരമകംപുക്കാ രക്ഷണംവന്നുവന്നുനിറഞ്ഞുരാജാക്കന്മാർ * വെണ്മാടംതോറുമേറെസ്സമ്മാനിച്ചാശു ധൃഷ്ടദ്യുമ്നനുംനൃപന്മാരെയിരുത്തിയഥായോഗ്യം * വരുത്തിവില്ലുമമ്പുംചമച്ചുരംഗത്തിങ്കൽവരുത്തി വന്നനൃപന്മാരെല്ലാംകേൾക്കെച്ചൊന്നാൻ * വില്ലിതുകുലയേററിബാണങ്ങളിവകൊണ്ടു ചൊല്ലിക്കൊണ്ടിടയ്ക്കുയന്ത്രം മുറിക്കുന്നവൻതന്റെ * വല്ലഭയല്ലോനൂനമെന്നുടെഭഗിനി താനല്ലാതെബലംനിങ്ങൾകാട്ടുകിലിപ്പോൾത്തന്നെ * വല്ലായ്മയിന്നുവരുത്തീടുവനല്ലായ്കിൽഞാൻ ഇല്ലാതെയാകുവേന്നുമെന്നുടെയച്ഛനാണെ * പിന്നെത്തൻഭഗിനിയോടീവണ്ണമുരചെയ്തു നിന്നെക്കാമിച്ചുവന്നമന്നവന്മാരെക്കാൺനീ * കുരുരാജാവായുള്ളദുര്യോധനൻതാനുമരികേമരുവിനൂറനുജന്മാരോടും * ശകുനിതാനുംപുനരചലൻവൃഷകനും ഗാന്ധാരരാജാവുതന്മക്കളെന്നറികനീ * അശ്വത്ഥാമാവുഭോജൻബൃഹന്തൻമണിമാനും ദണ്ഡധാരനുംസഹദേവനുംജയത്സേനൻ * മാഗധൻമേഘസന്ധിവീരനാംവിരാടനും ശംഖനുമുത്തരനുമായവൻപുത്രന്മാരും * വസുധാധിപനാകുമഭിഭ്രനൃപനെക്കാൺ സുമിത്രൻസുകുമാരൻവൃകനുംസത്യധൃതി * രോചമാനനുംസൂര്യധ്വജനുംചിത്രായുധൻ ശ്രേണിമാനംശുമാനുംചേകിതാനനും നീലൻ * സമുദ്രസേനപുത്രനാകിയചന്ദ്രസേനൻ സമർത്ഥൻജരാസന്ധൻതാനുംതൻപുത്രന്മാരും * ദണ്ഡനുംസുദണ്ഡനുംപൌണ്ഡ്രകവാസുദേവൻതാമലിപ്തനും ഭഗദത്തനുംകലിംഗനും * പത്തനാധിപൻതാനും മാദ്രരാജാവായ്മവും ശല്യരുമരികേകാണവന്റെപുത്രന്മാരും * രൗരവ്യൻതാനുംരുഗ്മാംഗദനാം തനയനുമവൻതന്നനുജനുമരികേരുഗ്മരഥൻ * ഭൂരിയുംഭൂരിശ്രവാശലനുമെന്നുമൂന്നുപുത്രന്മാരൊട്ടുംകൂടെ കണ്ടേതുസോമദത്തൻ *കാംബോജൻസുദക്ഷിണൻദൃഢധന്വാവുതാനും കൌരവൻബൃഹദ്ബലൻശിബിയുംസുഷേണനും * ശൂരനാമുശീനരൻസൈന്ധവൻജയദ്രഥൻ ബൃഹൽക്ഷേത്രനുംബൃഹദ്രഥനുംബാല്ഹീകനും * കിതവാൻഭഗീരഥൻവീരവാനുലൂകനും കോസലാധിപൻമത്സ്യരാജാവുംശ്രുതായുസ്സും* അരികേചിത്രാംഗദനങ്ങേതുശുഭാംഗദൻ അംഗരാജാവുകർണ്ണൻത

മകൻവൃഷസേനൻ *ബൃഹൽകീൎത്തിയുംബൃഹൽബലനുംദുൎജ്ജയനും ബ
ലവാൻചേദിരാജാവാകിയശിശുപാലൻ ദമഘോഷാത്മജനില്ലിവ
നോടൊത്തോരാരും * അഗ്നികൾമൂന്നുപോലെദക്ഷിണാശാധീശന്മാർ
പാണ്ഡ്യനുംകേരളനുംചോളനുമട്ടത്തുകാൺ * വൃഷ്ണികളായനരവീരരെ
ക്കണ്ടാലുമോനീകൃഷ്ണനാലനുദിനംപാലിതരിവരെല്ലാം *ശുക്ലവൎണ്ണവുംനീ
ലവസ്ത്രവുംധരിച്ചതി ശക്തിമാനനന്തതേജോമയൻ കാമപാലൻ * മ
ദ്യപാനവുംചെയ്തുമത്തനായ്മധുഗിരാ ചിത്തവുമെതിൎപ്പവൎതമ്മെയും
പൊടിപ്പവൻ * വല്ലവീവല്ലഭനോംമല്ലാരികല്യാണാത്മാ തുല്യമില്ലാത
പരൻപുരുഷൻവാസുദേവൻ * സാംബനുംചാരുദേഷ്ണൻ സാരണൻ
ഗദൻതാനു മക്രൂരൻസത്യകനും സാത്യകിയുയുധാനൻ * പൃഥുവുംവിപൃ
ഥുവും ഹാർദ്ദിക്യൻകൃതവൎമ്മാ കങ്കനും സമീകനുംസാരമേജയൻതാ
നും * ഝില്ലിയുംദാനപതിപിംഗലകനുംപിന്നെ കീൎത്തിമാനുശീനരൻ
പാൎത്ഥിവൻവിഡൂരഥൻ * മറ്റുംകാൺപലനൃപന്മാരിരിക്കുന്നിതി
വർ മുറ്റുംനിൻഗുണംകേട്ടവനാമെന്നറിഞ്ഞാലും * ഇവരിലേകനി
നുയൎന്നത്തെമുറിക്കുന്ന താപനെമാലയിട്ടുകൊള്ളുകനീയുംബാലേ! * ധൃ
ഷ്ടദ്യുമ്നനേവംപറഞ്ഞുരാഗാഢിപ്പിച്ചു പെട്ടെന്നുമൂട്ടുപടമെടുത്തുപിൻ
വാങ്ങിനാൻ * അന്നേരംകാണായ്വന്നകന്യകനിമിത്തമായ് മന്നവർ
കാട്ടിയൊരുഗോഷ്ഠികൾപറയുമ്പോൾ * ഇന്നവയെന്നാരാമദേവനേ
യറിയാവു വന്നിരുന്നവർതന്നാൽവേണ്ടുന്നതവൎക്കെല്ലാം * മകുടമ
ണിമയകുണ്ഡലാംഗദഹാരകടകകടിസൂത്രവലയാദികളാകു * മഖില
വിഭൂഷണലേപനാംബരങ്ങളാൽ പരിശോഭിതന്മാരായ് സ്വായുധപാ
ണികളായ് * ഛത്രചാമരവ്യജനാദികൾകൊണ്ടുശോഭി ച്ചേത്രയുംമ
നോഹരമായവേഷവുംപൂണ്ടു * തങ്ങൾതങ്ങൾക്കുള്ളൊരുവിരുതുംവാ
ദ്യങ്ങളും മങ്ങീടാതൊരുചതുരംഗവാഹിനിയോടും * പാൎത്ഥിവേന്ദ്ര
ന്മാരെല്ലാമാസ്ഥയാകോപ്പിട്ടുള്ളിൽ പ്രീത്യാവന്നകംപുക്കുകല്യാണംസാ
ധിപ്പാനായ് * സ്പൎദ്ധയുംപരസ്പരംവൎദ്ധിച്ചിതെല്ലാവൎക്കും ശ്രദ്ധയുമൊരു
പോലെവൎദ്ധിച്ചുമനക്കാമ്പിൽ * ക്രുദ്ധിച്ചുനോക്കീടിനാരന്യോന്യംപ
ണ്ടെയുള്ളിൽ സ്നിഗ്ദ്ധന്മാരായുള്ളവർതങ്ങളുമതുകാലം * വിദ്യാഭിജാ
ത്യവിത്ത സൌന്ദൎയ്യൌദാൎയ്യസാരസ്യാദ്യങ്ങൾഗുണങ്ങൾവെവ്വേറെചിന്തി
ക്കുന്നേരം * ഇന്നിവളിനിക്കനുരൂപയെന്നതുതന്നെ വന്നുകൂടീട്ടുമത്രേ
നിൎണ്ണയമെല്ലാംകൊണ്ടും * കുലവുംമഹിമയുംവിദ്യയുംപരാക്രമ ബലശീ
ലാൎത്ഥരാജ്യസമൃദ്ധിഭണ്ഡാരവും * രൂപയൌവനഗൃഹഭേസനയുംപടവീ
ട്ടും ശോഭയുംഗുണജാലമോരോന്നേകാണുന്തോറും * പാഞ്ചാലിന
മുക്കനുരൂപയെന്നതിന്നൊരു ചാഞ്ചല്യമുണ്ടായ്പൂരാശത്രുക്കളായുള്ളോൎക്കും
* അന്യോന്യംസുഹൃദ്ഭാവംമുന്നമെയുള്ളവൎക്കും കന്യകനിമിത്തമായു
ള്ളിൽവാച്ചിതുവൈരം * സൎവ്വമുപേക്ഷിച്ചുപാഞ്ചാലപുത്രിയായ ദി
വ്യകന്യകതന്നെക്കൊണ്ടുപൊയ്ക്കൊൾവാനിപ്പോൾ * എന്തൊരുകഴി
വെന്നതൊഴിഞ്ഞുനൃപന്മാൎക്കു ചിന്തയില്ലേതുംമറ്റുസന്തതംമനക്കാ
മ്പിൽ * ദേവകൾവിമാനങ്ങൾതോറുമാകാശമാൎഗ്ഗേ ദേവികളോടുവ

ന്നുനിറഞ്ഞുമുനികളും * ഹരിയുംഹലിയുംവൃഷ്ണ്യന്ധകഭോജന്മാരു
മരികെയദുകുലഭൂപതിയോടുംതത്ര * ഭൂതിതന്നുള്ളിൽമേവുംകനൽകട്ട
കൾപോലെ ഭൂദേവന്മാരായ്മേവുംപാണ്ഡുനന്ദനന്മാരെ * മാധവനറി
ഞ്ഞുതന്നഗ്രജൻതന്നെക്കാട്ടി ചേതസിസന്തോഷമുണ്ടായിതുമുസലിക്കും
* വാദ്യനാദങ്ങൾകൊണ്ടുലോകവുംമുഴങ്ങുന്നു പാൎത്ഥിവന്മാരുംമദനാ
ൎത്തന്മാരായാരല്ലാ * വില്ലെടുത്താക്കുംകുലയ്ക്കായ്‌വീലനൃപന്മാൎക്കു വല്ലാ
തെതമ്മിൽത്തമ്മിൽനോക്കിയങ്ങടങ്ങിനാർ * ചേദീശനായദമഘോഷ
ജൻശിശുപാലൻ മേദിനീപതിവീരൻവേഗമോടെഴുന്നേറ്റു * വില്ലെ
ടുത്താശുകുലച്ചീടുവാനൊരുമ്പെട്ടു മെല്ലവേമാഷമാത്രമടുത്തോരനന്ത
രം * കുലച്ചുകൂടാഞ്ഞംഗംവിയൎത്തുവശംകെട്ടു നിലത്തുവച്ചുവാങ്ങിപ്പോ
യവനടങ്ങിനാൻ * വൻപനാംജരാസന്ധൻകോപ്പിട്ടുചെന്നുനേരെ
ഗംഭീരഭാവത്തോടുവില്ലതുകുലപ്പാനായ് * എടുത്തുവളച്ചോരുകടുകി
ന്മണിമാത്രമടുത്തനേരം ദൂരെമറിഞ്ഞുവീണീടിനാൻ * എല്ലെല്ലാംനുറു
ങ്ങിത്തൻമുഴങ്കാലതുംപൊട്ടി പല്ലെല്ലാമിളകിവന്നോരുചോരയുംതുപ്പി
* വില്ലുംവച്ചുതുനേരംനാണിച്ചുവാങ്ങിപ്പോന്നാ നല്ലൽപൂണ്ടപ്പോൾ
ത്തന്നെപോയവൻപുരിപുക്കാൻ * ശല്യരുംചെന്നുകുലച്ചീടുവാൻമുൽ
ഗമാത്രം മെല്ലവേയെടുത്തപ്പോൾസാദ്ധ്യമല്ലെന്നുകണ്ടു * വില്ലുംവച്ചട
ങ്ങിനാനന്നേരംവൈകൎത്തനൻ * എടുത്തുരോമമാത്രമടുത്തു ഗുണമ
പ്പോൾ പടുത്വംകുറഞ്ഞവൻമറിഞ്ഞുവീണീടിനാൻ * ഇത്തരംവില്ലാളി
കളാകിയനൃപന്മാരത്തൽപൂണ്ടെല്ലാവരുംപിന്നെയങ്ങടങ്ങിനാർ *
ഭൂസുരജനംപൃത്ഥ്വീനായകന്മാരെ പ്പരിഹാസമോടോരോതരംഭൎത്സിച്ചു
തുടങ്ങിനാർ * കൂടിയനൃപന്മാരിൽകേവലമൊരുവനും പാടവമേറുമെ
ന്നുവന്നീല ചിത്രം! ചിത്രം!! * വില്ലിതുകുലയ്ക്കായ്‌വീലാൎക്കുമേനൃപേന്ദ്രന്മാ
രെല്ലാരുമൊരുപൊലെവന്നതുംനന്നുനന്നു * തുല്യന്മാരത്രെയിവരെല്ലാ
രുംനല്ലരല്ലോ വല്ലഭത്തിന്നുംകുറവില്ലൊരുവൎക്കുമെടോ * കല്ലുകൾകന
കവുമെന്തിന്നുചുമക്കുന്നി തല്ലൽപൂണ്ടെല്ലുനുറുങ്ങീടുവാൻസുയോധനൻ *
പോയിതുജരാസന്ധൻനാണവുംകെട്ടു ദന്തംപോയതുമഹാജനമാരുമേ
യറിയായ്വാൻ * ഇത്തരംബഹുവിധംബ്രാഹ്മണരോരോദിശി പൃത്ഥ്വീ
ശന്മാരെപ്രശംസിച്ചാക്ഷേപിക്കുംനേരം * ഉത്തമനായപാൎത്ഥനുത്ഥാ
നംചെയ്തുചൊന്നാൻ പൃത്ഥ്വീദേവന്മാരെല്ലാംകേൾക്കണമെൻറവാ
ക്യം * ക്ഷത്രിയവീരന്മാൎക്കീവില്ലിതുകുലയേററി ശസ്ത്രങ്ങൾകൊണ്ടുയ
ന്ത്രംഛേദിപ്പാനരുതെങ്കിൽ * കന്യകതന്നെവിവാഹംചെയ്യുന്നതുമി
ല്ല നിൎണ്ണയമെന്നുവന്നാൽനന്നല്ലിതൊന്നുകൊണ്ടും * മന്നവന്മാരാൽ
സാദ്ധ്യമല്ലെന്നുവരികിൽ നാമൊന്നുണ്ടുവേണ്ടുപുനരേതുമേമടിയാതെ *
നമ്മളാരെടുത്തുവിൽകുലച്ചുയന്ത്രംഛേദി ച്ചിമ്മധുമൊഴിവിവാഹംക
ഴിക്കയുംവേണം * നിൎജ്ജരപതിസുതനൎജ്ജുനനതുനേരം വിജ്വരമ
നസാബാണാസനം സജ്യംകൎത്തും * സജ്ജനസഭാംവന്ദിച്ചുത്ഥാനം
ചെയ്തീടിനാ നജ്ജ്വലിച്ചഗ്നിജ്വാലസത്വംപൊങ്ങുംപോലെ * വി
പ്രന്മാരതുനേരം മേല്പുടവയുംവീശി വിഭ്രമംദ്വിജകുമാരന്നെന്തുണ്ടാവാ

ന്നെന്നാർ * അകൃത്യമിദമിദംകൃത്യമെന്നുള്ളതൊന്നും പ്രകൃത്യാബലഹീ
നനാമിവനറിവില്ല * ബാലകനനാഗതശ്മശ്രുവാംവടുവിനു കാലദേ
ശാവസ്ഥാദിഭേദബുദ്ധിയുമില്ല * ശല്യകർണ്ണാദികളാൽസാദ്ധ്യമല്ലാതെ
യുള്ള വില്ലിതുകുലചെയ്തുയന്ത്രത്തെമുറിപ്പാനായ് * വില്ലൊരുനാളും
തൊട്ടിട്ടില്ലാതഭൂമിദേവൻ നിർല്ലജ്ജംതുനിഞ്ഞതുമെത്രയുമന്ധകാരം*
അസ്ത്രജ്ഞന്മാരാംധനുർവേദപാരഗന്മാരി ക്ഷത്രിയവീരന്മാർക്കുപരിഹാ
സത്തിനുള്ളു * നമ്മളിങ്ങൊക്കെപ്പരിഹാസ്യന്മാരായ്വന്നീടും ദുർമ്മദമേറും
ദ്വിജബാലകഭ്രാന്തിമൂലം * ബ്രഹ്മചാപല്യംവലുതെന്നതുകൊണ്ടുനാമി
ബ്രഹ്മവാദിയെപ്പുറത്താക്കീടുകവേണം * സാധിക്കമിവൻതനിക്കെങ്കി
ലുംഭൂപാലന്മാർ ബാധിക്കുംനമ്മെപ്പുനരെന്തിനുവേണ്ടിയതും * പെണ്ണി
നെയിവനുകിട്ടീടുകയില്ലയല്ലോ വിണ്ണയംയന്ത്രമെയ്തുമുറിച്ചാനെന്നാകി
ലും * ദോഷമേയെല്ലാംകൊണ്ടുംശേഷമുള്ളതുനമ്മെദ്വേഷവുമു
ണ്ടായ്വരുംഭൂപതിവീരർക്കെല്ലാം * ഇത്തരംചിലർപറഞ്ഞീടിനനേരം
പുനരുത്തരമതിൽച്ചിലർ സത്വരംചൊല്ലീടിനാർ * പ്രവാദങ്ങൾകൊ
ണ്ടുസാദ്ധ്യമല്ലാതെയെന്തൊന്നുള്ളു? വേദജ്ഞന്മാർക്കുകിഞ്ചിൽകാര്യമി
ല്ലസാദ്ധ്യമായ് * എത്രയുംശ്രീമാനിവൻനാഗേന്ദ്രസമനല്ലോ സു
സ്ഥിരൻപീനസ്കന്ധനാജാനുബാഹുയുഗൻ * വിസ്തൃതവക്ഷഃസ്ഥ
ലൻവൃത്തോരുദ്വന്ദ്വധരൻ ശക്തിമാൻബ്രഹ്മക്ഷത്രതേജസ്വിയുവാവേ
റ്റം * ശക്തിയില്ലായ്കിലതുഭാവിക്കയില്ലയെന്നു സിദ്ധമല്ലായ്കത
ന്നെയല്ലെന്നുധരിച്ചാലും * ബ്രാഹ്മണർക്കസാദ്ധ്യമായില്ലൊരുകർമ്മങ്ങ
ളും സാമ്യമില്ലവരുടെമാഹാത്മ്യത്തിനുമേതും * ജലമാരുതഫലമൂലാ
ഹാരന്മാരിവർ ബലഹീനന്മാരതുകൊണ്ടെന്നുനിനയ്ക്കണ്ടാ * ബല
മാകുന്നതെല്ലാംബ്രഹ്മതേജസ്സിൻബലം ഫലമില്ലബ്രഹ്മതേജസ്വിനാം
ബലംകൊണ്ടും * ബ്രാഹ്മണനൊന്നുകൊണ്ടുമവമന്തവ്യനല്ല കാർമുക
വേദോപദേശങ്ങളുമവർക്കത്രേ * ഈവണ്ണംബഹുവിധം ബ്രാഹ്മണർപ
റയുമ്പോൾ കാർണ്ണൻമുഖാംബുജംപാർത്തുദേവേന്ദ്രാത്മജൻ * അഗ്രജ
ന്മാരോടനുവാദവുംകൊണ്ടു മാദ്രേയാഗ്രജൻകനിഷ്ഠന്മാർതന്നെയുംകടാ
ക്ഷിച്ചാൻ * രംഗത്തെപ്രവേശിച്ചുചെയ്തുടൻപ്രദക്ഷിണമംഗജാരാതി
ശിഷ്യശിഷ്യനാംദ്രോണാചാര്യൻ *തൻകഴലിണകേത്യാവന്ദിച്ചുനമസ്ക
രിച്ചുംഗജൻകരിമ്പുവില്ലെടുത്തുകുലയേററി*ബാണങ്ങളഞ്ചുംതൊടുത്തെ
യ്തതുപോലെപാർത്ഥൻ കാണികൾചിത്രംചിത്രമെന്നുചൊല്ലീടുന്നേരം *
എടുത്തുചാപംപൊടിതുടച്ചുകുലച്ചുടൻ തൊടുത്തുബാണമഞ്ചുംവലിച്ചു
യന്ത്രമെയ്തു * മുറിച്ചുജിതശ്രമംനിന്നീടുന്നൊരുനേരം കുറുത്തുരാവംനാ
നാധനിത്രീശന്മാർക്കെല്ലാം * പുഷ്പവൃഷ്ടിയുംചെയ്താർശിരസിദേവഗണ
മപ്പൊഴേപാഞ്ചാലിയും മാലയുമിട്ടീടിനാൾ * ചില്ലരുഷാനുഗ്രഹാൽ
സല്ലരുഷേന്ദ്രൻപാർത്ഥൻ ക്ഷിപ്രംദ്രൗപതിയോടുംബ്രാഹ്മണരോടുംകൂ
ടി * നിർഗ്ഗമിച്ചിതുരംഗത്തിങ്കൽനിന്നുടൻനൃപ വർഗ്ഗവുംക്രുദ്ധിച്ചിതു
ചെറുതെവെറുപ്പോടെ * പാഞ്ചാലൻപടയോടുംപാർത്ഥനുസഹായമായ്
വാഞ്ഛയാകൂടെക്കനിഞ്ഞരികേമരുവിനാൻ *

രാജസൂയവിജയം.

കല്യാണത്തിന്നുനമ്മെവരുത്തിക്കാലത്തൊരു പൂർല്ലാളംബ്രഹ്മാ
നിയാതെപാഞ്ചാലനൃപൻ * വിപ്രനുകന്യാരത്നംകൊടുത്തീടുന്നതാ
കിൽ വിപ്രനെവധിക്കേണമെന്നതുമരുതല്ലോ * സല്ക്കാരപൂർവ്വംനമ്മെവ
രുത്തിസ്വയംവരേ ധിക്കാരംകാട്ടിയൊരുപാഞ്ചാലൻതന്നെക്കൊൽവൂ
* ധൃഷ്ടനാംധൃഷ്ടദ്യുമ്നൻതന്നെയുംവധിക്കണം കഷ്ടമെത്രയുമവൻകാ
ട്ടിയദുരാചാരം * ചെറുപ്പംകൊണ്ടുമോഹാൽ ബ്രാഹ്മണൻകാട്ടിയതു
പൊറുക്കേയുള്ളു നമുക്കവനോടെല്ലാംകൊണ്ടും * നമ്മുടെരാജ്യധന
സന്തതിശൌര്യാദിയും ബ്രഹ്മരക്ഷാർത്ഥമത്രേനിർണ്ണയമറിഞ്ഞാലും * എ
ന്നുകല്പിച്ചുനിന്നമന്നവരെല്ലാവരു മന്യോന്യമൊരുമിച്ചുയുദ്ധത്തിനൊരു
മ്പെട്ടാർ * സന്നദ്ധന്മാരായതുകണ്ടുപാഞ്ചാലനൃപൻ ചെന്നുഭൂദേവ
ന്മാരെശ്ശരണംപ്രാപിച്ചപ്പോൾ * വിപ്രവേഷവുംപൂണ്ടുസഭാമദ്ധ്യേ
മേവുമത്ഭുതവിക്രമന്മാരായഭീമാർജ്ജുനന്മാർ * കെല്പോടുപുറപ്പെട്ടുയുദ്ധ
ത്തിന്നൊരുമിച്ചു വിഭ്രാന്തന്മാരായടുത്തീടിനാരതുനേരം * ഉന്നതമാ
യവൃക്ഷംകണ്ടുഭീമനുമതുചെന്നുടൻപറിച്ചിലയൂരിയായുധമാക്കി * നി
ന്നതുകണ്ടുകൃഷ്ണൻരാമനോടരുൾചെയ്തു നിർണ്ണയമിതുഭീമനതിമാനുഷക
ർമ്മാ * പിന്നാലെനില്ക്കുന്നതുഫൽഗുനൻതന്നെനൂനം ധന്യരാംമാദ്രേ
യന്മാരരികേനില്ക്കുന്നതും * മുക്തന്മാരായാർപാണ്ഡുപുത്രന്മാർമാതാ
വോടും വ്യക്തംജാതുഷഗേഹത്തിങ്കൽനിന്നറിഞ്ഞാലും * ദൈവാനു
ഗ്രഹമെങ്കിൽനമ്മുടെപിതൃഷ്വസാ ജീവിച്ചിതാത്മജന്മാരോടുമെന്നാ
കിലിപ്പോൾ * എത്രയുംസുഖംവന്നു ചിത്തത്തിലെങ്കിലിനി യുദ്ധകൌ
ശലംകണ്ടുകൊൾകനാമെന്നേവേണ്ടു * രാമകൃഷ്ണന്മാരിത്ഥംപറഞ്ഞു
നില്ക്കുന്നേരം ഭൂമിപാലേന്ദ്രന്മാരുംപോരിനായൊരുമിച്ചു * നാമേ
തുംകുറയരുതിതിന്നെന്നതുനേരം ഭൂമിദേവേന്ദ്രന്മാരുംപോരിനായൊരു
മ്പെട്ടാർ * ഛത്രത്തിൻദണ്ഡങ്ങളുംപാദുകങ്ങളും വ[illegible]രുത്തരീയങ്ങൾ
കരങ്ങളെന്നിവയുമായ് * ഹാസ്യവുമുയർത്തിനിന്നുദ്യോഗംകണ്ടനേരം
മുഗ്ദ്ധഹാസവുംപൂണ്ടുഫൽഗുനനരുൾചെയ്താൻ * കുണ്ഠഭാവവുംനീക്കിര
ണ്ടുഭാഗവുംനിന്നു കണ്ടുകൊള്ളുവിൻനിങ്ങളെല്ലാരുംദ്വിജന്മാരെ! * ക
ണ്ഠങ്ങൾകരങ്ങൾ കാലെന്നിവബാണങ്ങളെക്കൊണ്ടുഞാൻതെരുതെരെ
ഖണ്ഡിച്ചുനൃപന്മാരെ * ദണ്ഡഹസ്തന്റെപുരത്തിങ്കലാക്കീടുന്നുണ്ടുദ
ണ്ഡമില്ലിനിക്കിതിനറിവിൻ നിങ്ങളെല്ലാം * ഇത്ഥമർജ്ജുനൻപറ
ഞ്ഞീടിനോരനന്തരം യുദ്ധത്തിനടുത്തിതുമിത്രനന്ദനൻകർണ്ണൻ * തുട
ങ്ങിശരങ്ങളാൽവരിഷംവിജയനും നടുങ്ങിഭുവനവുംചെറുഞാണൊലി
കളാൽ * രുദ്രനോടന്തകൻതാനടുത്തപോലെ നേരേമദ്രാധിപതി
ശല്യർഭീമനോടടുത്തിതു മറ്റുള്ളവിപ്രന്മാരുംധാർത്തരാഷ്ട്രന്മാരു
മായെറ്റിയുമെറിഞ്ഞുമൊട്ടേറ്റുംനിന്നിതുതമ്മിൽ * വിസ്തരിച്ചെന്തി
നേറെപ്പറയുന്നിതുപാർത്ഥൻ മിത്രപുത്രനെജ്ജയിച്ചീടിനാനതുനേരം *
ശല്യരെമുഷ്ടിയുദ്ധംചെയ്തുമാരുതപുത്രൻ കൊല്ലാതെകൊന്നാനതുകണ്ടുമ
റ്റുള്ളനൃപർ * എല്ലാരുംഭയപ്പെട്ടുവാങ്ങിനാർമറയവർക്കെല്ലാലോക

പുംജയിക്കാമവർവലുതല്ലോ * തോററിതുവിശ്വാമിത്രൻവസിഷ്ഠനോ
ട്ടമുന്നം തോററിതുരാജാക്കന്മാർഭാർഗ്ഗവരാമനോട്ടം * തോററതുക
ററമല്ലഭൂസുരന്മാരോട്ടനാ മേററതൊരവിവേകമെന്നോർത്തുവാങ്ങിടി
നാർ * മന്ദഭാവവുംപൂണ്ടുഭൂപാലർനിജനിജമന്ദിരമകംപുക്കുവസിച്ചു
യഥാപൂർവ്വം * വിജയനോട്ടുംദ്രുപദാത്മജയോട്ടുംകൂടിവിജയവൃകോ
ദരവീരന്മാർനടകൊണ്ടാർ *

കുന്തീവാക്യം

കുന്തിയുംഭൈക്ഷകാലേകാണാഞ്ഞുസുതന്മാരെ ച്ചിന്തിച്ചുതുടങ്ങി
നാളന്തരായങ്ങളെല്ലാം * ധാർത്തരാഷ്ട്രന്മാർബലാലറിഞ്ഞുവധിച്ചാ
രോ രാത്രിചാരികൾമായകൊണ്ടുനിഗ്രഹിച്ചാരോ* പാർത്ഥിവേന്ദ്രന്മാർ
പരാഭൂതന്മാരാകയാലെ ചീർത്തമത്സരംകൊണ്ടുപാർത്തുനിഗ്രഹിച്ചാരോ
* നിത്യവുംഭൈക്ഷമേററുവരുന്നകാലമിന്നൊ രിത്തിരിനേരമുണ്ടുകഴി
ഞ്ഞുകണ്ടീലിന്നും * ശക്തിജപുത്രവാക്യംവ്യർത്ഥമായ്വന്നീടുമോ സത്യവാ
ദികളിൽവച്ചുത്തമോത്തമനല്ലോ * തദ്വജ്ഞൻസത്യവതീപുത്രനെ
ന്നതുനൂനം ഇത്ഥമോരോന്നേകുന്തിചിത്തത്തിലോക്കുന്നേരം * ഗത്വാ
ഭാർഗ്ഗവകർമ്മശാലാംതാംപാർത്ഥൗവൃഥാം * നത്വാതാംയാജ്ഞസേനീ
മജ്ജനവൃകോദരൌ ലബ്ധ്വേയമദ്യഭിക്ഷേത്യൂക്തവാഥാവേദയതാം *
തത്രൈവകുടീംഗതാസാത്വനവേക്ഷ്യകുന്തി പുത്രാൻഭുഞ്ജീധ്വമിതി
പ്രോവാചസപ്രമോദം * പശ്ചാൽസാകുന്തീപ്രസമീക്ഷ്യകന്യകാംകൃ
ഷ്ണമാച്ഛാംഗീംകഷ്ടംമയാഭാഷിതമിത്യുവാച * സ്വച്ഛവാദിനീകുന്തിതദ
നുചിന്തയന്തീ * സാധർമ്മഭീതാചാഭിവിലജ്ജമാനാകുന്തീ സാദരംപാ
ണൌഗൃഹീത്വാപജ്ഞഗാമകന്യാം * നന്ദനംയുധിഷ്ഠിരംവചനമുവാ
ചേദം സുന്ദരീദ്രുപദരാജാത്മജാകന്യകേയം * ത്വൽകനിഷ്ഠാഭ്യാംമയി
നിസൃഷ്ടാസമേധാചിതം തല്ലപാംനിശമ്യഭുഞ്ജീധ്വമിത്യുക്തമ്മയാ * നാ
നൃതമുക്തംമയാപ്യന്യവാകഥംഭവേൽ മാനവശ്രേഷ്ഠ!ബ്രവീഹിദ്രുപദ
ജാമിമാം * അധർമ്മോനരചാപവർത്തേതനഭൂത പൂർവ്വസ്സധർമ്മാത്മജോ
വിചിന്ത്യാശുമുഹൂർത്തമാത്രം * മാതരംസമാശ്വാസ്യഭ്രാതരംധനഞ്ജയം
സാദരംബഭാഷേവാക്യം പരമിദംതദാ * ഭേതാജിതാപാർത്ഥദ്രുപദാത്മ
ജാതേയം ഭവതാതോഷിഷ്യതിപാവകഃ പ്രജ്വാല്യതാം * ഗൃഹ്യതാമ
സ്യാഃപാണിംവിധിവദ്ഗൃഹാണത്വം ഭാര്യേയംതവൈവവദിശ്രുത്വാ
പൂർവ്വജവാക്യം * ജിഷ്ണുരഗ്രജംപ്രോവാചോക്തമയുക്തംവാക്യംകൃഷ്ണേയം
മയാജിതാചാപിവാശ്രുണുഭവാൻ * മാമാമാമധർമ്മഭാജംകൃതാഹ്യധ
ർമ്മോയംഭൂമിപാലേന്ദ്ര!ഭവാൻപ്രഥമം പ്രണിവേശ്യഃ * തദനുവൃകോദരഃ
പൂർവ്വജഃപുനരഹം തദനുമാദ്രീസുതൌനകുലസ്സഹദേവഃ * മദിരേക്ഷ
ണാചേയംഭവതസ്സർവ്വഥാ തൽക്കരണീയമത്രൈവംഗതേഭവാനിഹ
* തൽകുരുധർമ്മ്യംയശസ്യംവിചാര്യാത്മഹിതം തൽപ്രിയംഭവേദ്ദ്രു
പദസ്യരാജേന്ദ്രസ്യവാ * തൽബ്രൂഹിസർവ്വേസ്ഥിതാസ്സ്മ്വദേശേയുധി
ഷ്ഠിര ദ്രൌപദീന്ദൃഷ്ട്വാതത്രതിഷ്ഠന്തീംശുചിസ്മിതാം ഭൂപതിപ്രവരാ
ണാംപഞ്ചാനാംപാണ്ഡവാനാം * മന്മഥഃപ്രാദുരാസീന്മാനസേധൈ

ധ്വാത്മനാം സമ്മതത്ത്യന്ദ്രിയഗ്രാമംവിഹിതംസ്വയംഭുവാ * തേഷാമിം
ഗിതാകാരഭാവജ്ഞോയുധിഷ്ഠിരോ * ദോഷജ്ഞോവേദവ്യാസവചന
മനസ്മരൻഅബ്രവീത്സമേതാൻ ഭ്രാതൄന്മിഥോഭേദഭയാൽസുപ്രിയംസ
ൎവ്വഷാന്നോഭാൎയ്യയംഭവിഷ്യതി * ശോഭിതകളേബരാപാഞ്ചാലനൃ
പാത്മജാ ദ്രൌപദീമനോഹരീസുന്ദരീകൃഷ്ണാസതീ * പൂൎവ്വജൻപറഞ്ഞ
തുകേട്ടസോദരന്മാരുമേവമെന്നനുവദിച്ചവിടെവാഴുന്നേരം * ദേവകീ
സുതൻജഗദീശ്വരൻവാസുദേവൻ രേവതീരമണനുമായുടനെഴുന്നള്ളി *
ഭാൎഗ്ഗവകൎമ്മശാലതന്നിൽവാണീടുന്നൊരുഭാഗ്യപൂരുഷന്മാരാം പാണ്ഡ
വന്മാരെക്കണ്ടു * എങ്ങിനെയറിഞ്ഞതവാറെന്നിതുയുധിഷ്ഠിരനങ്ങിനെ
യറിവൻഞാനെന്നിതുമുകുന്ദനും * തങ്ങളിൽജതുഗൃഹമോചനവൃത്താ
ന്തവും തിങ്ങിനസന്തോഷത്തൊടന്യോന്യംപറഞ്ഞുടൻ * കല്യാണം
മേലിൽവരേണ്ടുംപ്രകാരവുംപുനരെല്ലാരുംകൂടിക്കണ്ടുപറഞ്ഞു യാത്രചൊ
ല്ലി * വേഗേനമുകുന്ദനുംരാമനുമെഴുന്നള്ളി ലോകപാലന്മാരോടു തുല്യ
രാംപാണ്ഡവരും * ഭാൎഗ്ഗവനികേതനേവസിച്ചാരവിടെയും മാൎഗ്ഗമായ്
ഭിക്ഷയേററുകഴിച്ചുദിവസവും * ഭാൎഗ്ഗവകൎമ്മശാലാസന്നിധൌചെന്നു
നിന്നു ഭാഗ്യവാൻധൃഷ്ടദ്യുമ്നൻരാത്രിയിലവരുടെ * വാക്കുകേട്ടറി
ഞ്ഞിതുപാണ്ഡവന്മാരെന്നുള്ളിൽ വായ്ക്കുമാനന്ദംപൂണ്ടുതാതനോടെ
ല്ലാംചൊന്നാൻ * പാഞ്ചാലനൃപേന്ദ്രനുംതന്നുള്ളിലുണ്ടായൊരു ചാഞ്ച
ല്യമകന്നാനന്ദാകുലനായാനല്ലോ * അന്നേരമുപാദ്ധ്യായൻതന്നെയങ്ങ
യച്ചിതുമന്നവൻദ്രുപദനുമറിവാൻപരമാൎത്ഥം * ചെന്നുപാണ്ഡവന്മാ
രെക്കണ്ടൊരുവിപ്രേന്ദ്രനെ നന്നായ്പൂജിച്ചുഭീമൻധൎമ്മജനിയോഗ
ത്താൽ * ദ്രുപദപുരോഹിതനാകിയഭൂദേവനും നൃപതികുലവരനാമജാ
താരാതിയും * അന്യോന്യവൃത്താന്തങ്ങൾപറഞ്ഞുവസിക്കുമ്പോളന്യ
നായിരിപ്പോരുപൂരുഷൻവന്നാനല്ലോ * പിന്നെയുംപാഞ്ചാലഭൂപാല
കനിയോഗത്താൽ കന്യാൎത്ഥംദ്രുപദനാലുപസംസ്കൃതമായോ * രന്ന
വുംവിവാഹഹേതോരപിവഹിച്ചവൻ ചെന്നുസമ്മതന്മാരാംപാണ്ഡ
വന്മാരെക്കണ്ടു * ചൊല്ലിനാൻനിങ്ങളിനിവൈകാതെപോരണംപോ
ലെല്ലാരുംകൂടിരാജധാനിക്കുമടിയാതെ * നല്ലതേരിതുവസുധാധിപ
യോഗ്യമിനിക്കല്യാണംകഴിക്കേണമെന്നവൻ ചൊന്നനേരം * പാരാ
തെപുരോഹിതൻതന്നെയുമയച്ചിട്ടു വീരന്മാരായപാണ്ഡുരാജനന്ദന
ന്മാരും * തേരതിൽക്കരേറിവേഗത്തിൽനടകൊണ്ടു കാരുണ്യംപൂണ്ടു
കുന്തിതന്നോടുംകൃഷ്ണയോടും * ധൎമ്മജമതമെല്ലാമന്നേരംപുരോഹിതൻ
സമ്മോദംകലൎന്നവനീശ്വരനോടുചൊന്നാൻ * നിൎവ്യാജംജിജ്ഞാസ
യാപാഞ്ചാലൻബഹുവിധംദ്രവ്യവുംദാനംചെയ്താൻ പാണ്ഡവന്മാൎക്കാ
യ്യോണ്ടും * മത്തഹസ്തികൾ മനോവേഗമുള്ളശ്വങ്ങളും ചിത്രമാംര
ഥംകാലാൾദാസികൾദാസന്മാരും * ആസനശയനയാനങ്ങളും വൎമ്മ
ങ്ങൾബാണാസനങ്ങളുംചൎമ്മനികരംഖഡ്ഗങ്ങളും * അസ്ത്രശസ്ത്രങ്ങ
ൾഫലമൂലങ്ങൾമാല്യങ്ങളും വസ്ത്രങ്ങൾനല്ലനല്ലപട്ടുകൾപാദുകങ്ങൾ
* വെണ്കൊററക്കുടതഴവെഞ്ചാമരങ്ങൾനല്ല കുങ്കുമമലയജകസ്തൂരി

കളഭവും * കൊടികൾനല്ലകൊടിക്കൂറകൾവാദ്യങ്ങളും കുടകളാലവട്ടം
ദർപ്പണംചൊട്ടകളും * മുത്തുമാലകൾമുത്തുക്കൊടികൾമുത്തുക്കുട മൃഗ്ഘ
ങ്ങളായമേലാപ്പുകളുംതിരകളും * ആഭരണങ്ങൾകിരീടാദികൾപാദാന്തര
മാപാദചൂഡമണിഞ്ഞീടുവാനുള്ളവയും * ആഭരേതടീടുംകുപ്പായങ്ങളും
തൊപ്പികളു മാഭോഗമാന്നപൊന്നിൻപാത്രങ്ങൾപശുക്കളും * ധന
ധാന്യങ്ങളെല്ലാമവധിയില്ലാതോളം മനസ്സിൽകനിവോടുകൊടുത്തു
പാഞ്ചാലനും * എല്ലാമേപരിഗ്രഹിച്ചാനന്ദമിയന്നുടനുല്ലാസമോടുകു
ന്തീദേവിയുമത്തുനേരം * പുഷ്കരദലവിലോലാക്ഷിയാംകൃഷ്ണയോടും
പുക്കിതങ്ങന്തഃപുരത്തിങ്കലാമ്മാറുമോദാൽ * സൽലക്ഷണയുക്തന്മാരാ
യപാണ്ഡവരെ ദിവ്യവേഷത്തോടുകണ്ടീടിനജനമെല്ലാം * അത്ഭുതം
പൂണ്ടുനിന്നാർനിശ്ചലന്മാരായ്തത്രകല്പിതസഭാസ്ഥപീഠാസനേ യഥ
പുരാ * ഇരുന്നാർപിന്നെസ്നാനംകഴിച്ചുവഴിപോലെവിരുന്നുംപരിഗ്ര
ഹിച്ചശനംകഴിഞ്ഞപ്പോൾ * ഭൂക്പരമാനന്ദരൂപന്മാരാമിവരോരോ
ദിക്പാലകന്മാരോഗന്ധവ്മാർസിദ്ധന്മാരോ * നിമ്മലന്മാരാംദിവ്യ
ന്മാരെക്കാണായ്വന്നതുംനമ്മുടെഭാഗ്യമെന്നുചൊല്ലിനാരെല്ലാവരും *
ദ്രൗപദിതന്നെപ്പോലെനാലുപുത്രികളിനും ഭൂപാലന്മാരുണ്ടായ്വരുന്നാകി
ലെന്തൊരുഭാഗ്യം * ദ്രൗപദിക്കനുരൂപന്മാരിവരഞ്ചുപേരും രൂപലാവ
ണ്യാദികൊണ്ടതിന്നുവൃശാഭവം * ചോദിച്ചുപാഞ്ചാലനുംനിങ്ങളാരെ
ന്നനേരേബോധിപ്പിച്ചീടവേണംഞങ്ങളെയിനിയിപ്പോൾ * എങ്കി
ലോകേട്ടുകൊൾകചൊല്ലീടാംപരമാത്ഥം ശങ്കയെക്കളഞ്ഞാലുമെ
ന്നുധമ്മജൻചൊന്നാൻ * ചന്ദ്രവംശത്തിൽവന്നപൌരവന്മാരായ്
പാണ്ഡുനന്ദനന്മാരായ് ഞങ്ങളൈവരുമുണ്ടായ്വന്നു * അഗ്രജനായതു
ഞാൻഭീമസേനനുംപിന്നെ ഫൽഗുനനായപാകശാസനപുത്രനിവൻ
* നകുലൻതാനുംസഹദേവനും മാദ്രിപുത്രരഖിലഗുണനിധേ!സത്യമെ
ന്നറിഞ്ഞാലും * ധമ്മജവാക്കുകേട്ടുസന്തോഷത്തോടുകൂടെ നിമ്മലൻ
പാഞ്ചാലനുംചൊല്ലിനാനതിൻശേഷം * യന്ത്രവുംമുറിച്ചുഭൂപന്മാരെ
ജ്ജയിച്ചൊരു കുന്തീനന്ദനനായഫൽഗുനനിനിയിപ്പോൾ * എന്മക
ളുടെപാണിഗ്രഹണംകഴിക്കേണം മന്മനോരഥംപരിപൂർണ്ണമായ്വന്നിതെ
ന്നാൽ * അക്കഥകേട്ടുധമ്മനന്ദനനുരചെയ്താനഗ്രജന്മാരായ്ഞങ്ങളിരു
വരിരിക്കവേ * ഫൽഗുനൻവിവാഹംചെയ്യുന്നതുമരുതല്ലോ സൽഗു
ണനിധേ!മുമ്പിൽഞാൻവേൾക്കേണമത്രെ * ചിന്തിച്ചുപാഞ്ചാലനു
മന്നേരമുരചെയ്തുസന്തോഷമിതിൽപ്പരമില്ലെങ്കിലെനിക്കെടോ * മന്ദ
ഹാസവുംചെയ്തുധമ്മജൻചൊന്നാനപ്പോൾ സുന്ദരിയായഭവൽകന്യക
തന്നെഞങ്ങൾ * ഐവരുംകൂടിവിവാഹംചെയ്യുന്നതേവത്രെ ദൈവക
ല്പിതമാക്കുംതടുക്കാവൊന്നല്ല * കഷ്ടമാഹന്ത കഷ്ടം!ഞാനതുകേട്ടിട്ടി
ല്ലദൃഷ്ടമായിട്ടുമില്ലെന്നാലതുധമ്മമല്ല * നിശ്ചയംദേവലോകവിരുദ്ധമി
തുപാത്താൽ ദുശ്ചരിത്രങ്ങൾനിങ്ങൾക്കല്ലിവതോന്നീടേണ്ടു * ഒരുത്തന
നേകംഭാര്യമാരെയുണ്ടാക്കീടാ മൊരുത്തിക്കനേകംഭർത്താക്കന്മാരരുത
ല്ലോ * വേദത്തിൽവിധിച്ചതുതന്നെയല്ലെന്നാകിലും ലോകക്കകേട്ടാൽ

മതമായിരിക്കണമല്ലോ * വേദത്തിൽവിധിയില്ലലോകൎക്കുംമതമല്ല പാ
തിത്യംവരുമെന്നാൽനരകമത്രമുണ്ടാം * ധന്യനാംധൎമ്മാത്മജനനേര
മുരചെയ്യാൻ മന്നവ! ദേവലോകവിരുദ്ധമെന്നാകിലും * സൂക്ഷ്മധൎമ്മ
ത്തെപ്പാൎത്തുഞാനിവപറഞ്ഞതു ഭോഷ്കല്ലധൎമ്മേതരബുദ്ധിയുമെനിക്കി
ല്ല * മാതാവിൻമതമിതുദൈവസങ്കല്പംതാനുംചേതസിമമഹിതമാകയു
മുണ്ടിതെന്നാൽ * ധർമ്മമല്ലെന്നുവരാനിൎണ്ണയമെന്നുതന്നെധൎമ്മജൻ
ചൊന്നനേരം ദ്രുപദൻതാനുംചൊന്നാൻ * കുന്തിയുംനീയുംമമധൃഷ്ടദ്യു
മ്നനുംകൂടി ചിന്തിച്ചിട്ടിനിനാളെക്കല്പിക്കാമെന്നേവേണ്ടു * പിറ്റേ
നാളെല്ലാവരുമൊന്നിച്ചു വിചാരിപ്പാനുററബന്ധുക്കളുമായ്യസിച്ചീടിന
നേരം * വേദവ്യാസനുമെഴുന്നെള്ളിനാൻയദൃച്ഛയാ സാദരംമുനിതന്നെ
പ്പൂജിച്ചാരവർകളും * കാഞ്ചനാസനേമരുവീടിനമുനിയോടു പാഞ്ചാ
ലനൃപതിയുംതൊഴുതുചൊല്ലീടിനാൻ * ഒരുനാരിയെപ്പലർക്കൂടിവേൾ
ക്കെന്നുള്ളതില്ലൊരുകാലത്തുമൊരുദിക്കിലുമൊരുവൎക്കും * ഇന്നിപ്പോൾ
പാണ്ഡവന്മാരൈവരുംകൂടിമമ കന്യകതന്നെവേൾപ്പാൻഭാവിക്കുന്നതു
മാമോ? * നിന്തിരുവടിയരുൾചെയ്യണംവിചാരിച്ചു സന്താപമത്രകൊ
ണ്ടുപാരമുണ്ടെന്നുനൃപൻ * ചൊന്നതുകേട്ടനേരംമുനിയുമരുൾചെയ്തു
നിന്നുടെകുററമല്ലധൎമ്മമല്ലെന്നുതോന്നും * ഭൂപതിയുടെകൈയുംപിടി
ച്ചുമുനിവരൻശോഭതേടീടുംമണിയറയിലകംപുക്കു *

പാഞ്ചാലിയുടെ പൂൎവ്വജന്മവൃത്താന്തം.

രഹസ്യമായുള്ളൊരുധൎമ്മംഞാൻചൊല്ലുന്നുണ്ടു മഹതാമേറ്റംഭ
വാൻകേട്ടുകൊള്ളുകവേണം * നിന്നുടെമകളിവൾതന്നുടെ പൂൎവ്വജന്മം
നിന്നോടുചൊല്ലാംമഹീവല്ലഭതിലകമേ! * ഭോഷ്കല്ലനാളായണിയെ
ന്നുപേരിവൾക്കന്നു മൌൽഗല്യനെന്നുനാമംഭൎത്താവിന്നറിഞ്ഞാലും *
എത്രയുംവൃദ്ധൻകോപശീലനാകയുമുണ്ടു ഭൎത്തവ്യനല്ലതേലും ഞാനു
കൊണ്ടല്ലംപൊങ്ങി * കുഷ്ഠംകൊണ്ടാകെമൂടിക്കിടക്കുന്നുദേഹം
നിഷ്ഠുരമായവാക്കമററമില്ലാതെയുണ്ടു * ജരയുംനരയുമില്ലീവണ്ണമാ
ക്കുംമററും കുരയുംപാരമുണ്ടുകൃമിപീഡയുമുണ്ടു * ദുൎഗ്ഗന്ധമേറുകയാലടു
ത്തുചെന്നുകൂടാ നിൎഗ്ഗുണരൂപശീലയുക്തനാംവിപ്രൻസദാ * വ
ത്തിക്കുംകാലമൊരുദിവസമുണ്ണുന്നേരം ഭക്തത്തിലംഗുഷ്ഠവുംമുറിഞ്ഞുവീ
ണുബലാൽ * കുഷ്ഠിതാനുണ്ടശേഷംചോറതിൽകിടന്നൊരംഗുഷ്ഠവും
കളഞ്ഞുഭുജിച്ചാൾപതിശേഷം * ശങ്കകൂടാതെയതുമുണ്ടവളെഴു
ന്നേറ്റു തൻകഴൽതലോടുവാൻ ചെന്നുനില്ക്കുന്നനേരം * ഭാൎയ്യയോ
ടരുൾചെയ്തുമൌൽഗല്യൻപതിവ്രതമാരായനാരിമാരിൽ നിന്നോളംന
ന്നല്ലാരും * എന്തൊരുവരംനിനക്കിച്ഛയെന്നാൽചെയ്വാലന്തരമേതു
മില്ല തരുവനിപ്പോൾതന്നെ * വൃദ്ധനുംകടുകനാമീൎഷ്യനുംലോലുപ
നുംക്രുദ്ധനുംദുൎഗ്ഗന്ധിയുമല്ലഞാനെടോബാലേ! * എങ്ങിനെരമിക്കേ
ണ്ടുനിനക്കെന്നതുചൊന്നാലങ്ങിനെരമിപ്പിപ്പനില്ല സംശയമേതും *
കല്യാണശീലേ! മനോവല്ലഭേനാളായണി!ഫുല്ലപങ്കജമുഖി! ചൊല്ലു
നിൻമനോഗതം * ഭൎത്തൃവാക്യങ്ങൾമുഗ്ദ്ധശീത്തരംകേട്ടനേരമുത്തമ

ശീലതാനുമുത്തരമരുൾചെയ്താൾ * പഞ്ചധാവിഭക്താത്മാരമയതാ
മാംഭവാൻ പഞ്ചസായകസമരൂപലാവണ്യസിന്ധോ * മൌൽഗല്യ
നതുകേട്ടു കാമരൂപവുംപൂണ്ടു ഭാൎഗ്ഗവിതനിക്കനോടാകിയപതിയോ
ട്ടം * ആശ്രമങ്ങളിൽതപോധനനായനുചരിച്ചാശ്ചൎയ്യമവൾക്കുചെ
ത്താനന്ദിപ്പിച്ചുനന്നായ് * ത്രിദശാലയംപ്രാപിച്ചമൃതാഹാരംചെ
യ്തുമദനരസംപൂണ്ടുസുഖിച്ചുമരുവിനാൻ * പൌലോമിയാലുംപൂജ്യ
മാനനായ്ത്തുത്രചിരകാലം സഞ്ചരിക്കുന്നാളിന്ദ്രസേനയാസാകം * ആദി
തേയേന്ദ്രഗൃഹംപ്രാപിച്ചുരമിപ്പിച്ചാ നാദിത്യരഥംപരമാരുഹ്യദിവം
പിന്നേ * മോദിപ്പിച്ചിതുരമിപ്പിച്ചുകൊണ്ടനാരതം മോദത്തോടിരുന്നി
തുരമരുവിങ്കലുമന്നാൾ * ആകാശഗംഗാപ്ലുതമാപ്ലുത്യതയാസഹസാ
കാംക്ഷാസമംപരമാനന്ദിപ്പിച്ചുനന്നായ് * ചന്ദ്രരശ്മികൾമദ്ധ്യേവ
സിച്ചു പുനരഥ മന്ദമാരുതവേഷംകൈക്കൊണ്ടുചിരകാലം * അദ്രി
യായ്ചമഞ്ഞിതുമൌൽഗല്യൻനാളായണി തത്രനിമ്നഗയായിരമി
ച്ചുചിരകാലം * പുഷ്പിതസാലരൂപംപൂണ്ടിതുമൌൽഗല്യനു മപ്പൊ
ഴലതാരൂപംപൂണ്ടുവേഷ്ടിച്ചാളവൾ * യാതൊരുരൂപംകൈക്കൊ
ള്ളുന്നിതുമൌൽഗല്യനും താദൃശിയായ്വന്നീടുമന്നാളായണിയും * ഇ
ന്നിപ്പോൾനിൻെറ മകളായതുമവൾതന്നെ നിൎണ്ണയമെന്നുകൃഷ്ണനരുൾ
ചെയ്തുനേരം * എന്നുടെ മകളായ്വന്നീടുവാനെന്തുമൂല മെന്നതുമിനിയ
രുൾചെയ്യണമെന്നിവണ്ണം * ചോദിച്ചപാഞ്ചാലനോടന്നേരംവേദ
വ്യാസൻമോദത്തോടെങ്കിൽ കേട്ടുകൊള്ളുകെന്നരുൾചെയ്തു * ചൊ
ല്ലേറുമിന്ദ്രസേനയാകിയനാളായണി വല്ലഭനായമൌൽഗല്യൻതന്നെ
ശുശ്രൂഷിച്ചു * പലനാൾകഴിഞ്ഞിതു ദിവ്യഭോഗങ്ങളോടുമലസാ
പാംഗിതന്നെരമിപ്പിച്ചനാരതം * വിരക്തിവന്നുകാമഭോഗസൌഖ്യ
ങ്ങളെയും പരിത്യാഗവുംചെയ്തുകോപ്പിട്ടുതപസ്സിനായ് * അന്ന
രംനാളായണിമൌൽഗല്യനോടുചൊന്നാളെന്നെനീ വെടിയാതെഭ
ൎത്താവെയെനിക്കുള്ളിൽ * തൃപ്തിവന്നീലകാമഭോഗത്തിനതിനാൽ സ
ന്തപ്തയായ്ചമഞ്ഞിതുഞാനെന്നുകേട്ടനേരം മൌൽഗല്യനരുൾചെ
യ്തുശങ്കകൂടാതെയെന്നോടാഗ്രഹം കൊണ്ടുചൊന്നതെന്തിപ്പോളവക്ത
വ്യം * മത്തപോവിഘ്നംചെയ്യാൻകാമസായകമേററു മത്തയായ്ചമ
ഞ്ഞനീഭൂമിയിൽപ്പിറക്കപോയ് * പാൎത്ഥിവനന്ദനയായ്ക്കാമഭോഗ
ങ്ങളെല്ലാമാസ്ഥരീന്നീടുവോളംഭുജിക്കയഥാസുഖം * ദ്രുപദനൃപതിതന്മ
കളായ്ത്തത്രതവനൃപതിവീരന്മാരായഞ്ചുഭൎത്താക്കന്മാരും * ഉണ്ടാകെന്നരുൾ
ചെയ്തുമൌൽഗല്യമഹാമുനി വണ്ടാർപൂംകുഴലാളുംതപസാവനംപുക്കാൾ
* ഖണ്ഡലർബാണവൈരിചന്ദ്രശേഖരൻനീലകണ്ഠനംപ്രത്യക്ഷനായ
രുളിച്ചെയ്തീടിനാൻ * ഭൂമിയിലൊരുനൃപശ്രേഷ്ഠനുമകളായി കോമളരൂ
പിണിയായ്പിറക്കനിയുംബാലേ! * ഭൎത്താക്കന്മാരുംനിനക്കഞ്ചുപേരുണ്ടാ
യ്വരികുത്തമന്മാരായേററമുത്തമഗുണശീലേ! * ദേവകാൎയ്യവുംസാധിപ്പി
ക്കണീയെന്നിവണ്ണം ദേവദേവേശനരുൾചെയ്തതുകേട്ടനേരം * പഞ്ചഭ
ൎത്താക്കളൊരുനാരിക്കുണ്ടാമോനാഥ! പഞ്ചബാണാരേയതുധൎമ്മമല്ലെന്നു

കേൾപ്പൂ * വാമദേവനും ചിരിച്ചരുളിച്ചെയ്തീടിനാൻ വാമലോചനേ
കേൾക്ക കാരണമതിന്നു നീ * ഭർത്താരം ദേഹീതി ഭൂയോ ഭൂയോ ഭൂയോ മുദാ
സാദരമത്യാഗ്രഹാലഞ്ചുരു പ്രാർത്ഥിക്കയാൽ * ഭർത്താക്കന്മാരഞ്ചു പേരു
ണ്ടാവാനവകാശം ഭദ്രേ! വന്നീടുമതിനേതുമേ ദോഷമില്ല * ചൊല്ലിനാൾ
നാളായണി ശങ്കരൻ തന്നോടപ്പോളില്ലല്ലോ വിധിയതു വേദത്തിലെന്നു
കേൾപ്പൂ * ഒരുത്തിക്കൊരു ഭർത്താവൊഴിഞ്ഞു വിധിച്ചതില്ലൊരുത്തനനേ
കം നാരികളെക്കൊള്ളാം താനും * വാമലോചനമാർക്കു കേവലമൊരുവ
രൻ കൌമാരമായിട്ടുള്ള ലൌകികമെന്നാകുന്നു * പുത്രാർത്ഥം ഭർത്തൃനിയോ
ഗത്താലൊപ്പടി കൊള്ളാമത്രേ മറ്റൊരുത്തനെ കേവലമുള്ളാദിപ്പാൻ * മൂ
ന്നാമതൊരുവനെ പ്രാപിച്ചാൽ പ്രായശ്ചിത്തം മാന്യന്മാർ വിധിച്ചവണ്ണം
ചെയ്കമതിയാവൂ * നാലാമതൊരുവനെ പ്രാപിച്ചാൽ പതിതയാം നീ
ലവേണികളെന്നു നിർണ്ണയമറിഞ്ഞാലും * വന്ധകിയായ്വന്നീടുമഞ്ചാമ
തൊരുവനെ ചിന്തിക്കിലെന്നെല്ലാമുണ്ടെന്നു കേട്ടിരിപ്പു ഞാൻ * അക
യാലൊരുനകം ഭർത്താക്കന്മാരുണ്ടാകേണ്ട ലൌകികമല്ലനൂനം വൈദികമതു മ
ല്ല * സങ്കരദോഷമെനിക്കുണ്ടാമെന്നതു കേട്ടു ശങ്കരൻ നാളായണിയോ
ടരുൾ ചെയ്തീടിനാൻ * പണ്ടു നാരികളനാവൃതമാരത്രേ നിനക്കുണ്ടാക
യില്ല ദോഷമതിനാലൊന്നു കൊണ്ടും * എങ്കിലിന്നിനിക്കഞ്ചു ഭർത്താക്ക
ന്മാരുണ്ടായാൽ സംഗമേ പുനരപി കൌമാരം ഭവിക്കണം * ഭർത്തൃശുശ്രൂ
ഷ കൊണ്ടു സിദ്ധിയെ പ്രാപിച്ചേൻ ഞാനെന്തണമെനിക്കിനി സിദ്ധിയുമ
തിനാലെ * സിദ്ധിയും രതിയും കേളന്യോന്യം ഭവിക്കയില്ലുത്തമേ സി
ദ്ധിലഭിച്ചീടാ ദുർഭഗയാകിൽ * സിദ്ധിക്കും രതിഗുണം സുഭഗേയെന്നു നൂനം
സിദ്ധിക്കും വിരോധമില്ലെന്നുമേ നിനക്കെടോ! * കൌമാരമഞ്ചു ഭർത്താക്ക
ന്മാരെക്കൊണ്ടു പ്രാപിച്ചാമോദം പൂണ്ടു മഹാഭാഗയായ് ഭവിക്ക നീ * ചെ
ന്നു നീ ഗംഗാജലം തന്നിൽ നില്ക്കുന്നാൽ കാണായ് വന്നീടുമൊരു പുമാൻ
തന്നെയെന്നറിഞ്ഞാലും * വിണ്ണവർകുലനാഥനാകുന്നതവനെ നീയെ
ന്നുടെ മുമ്പിൽ കൊണ്ടുവന്നീടുമടിയാതെ * അന്നേരം പ്രദക്ഷിണം ചെയ്തു
വന്ദിച്ചു പോയി കന്യകതാനും ഗംഗ തന്നെ പ്രാപിച്ചാളല്ലോ *

പഞ്ചേന്ദ്രോപാഖ്യാനം.

മുന്നം ദേവകളെല്ലാം നൈമിശാരണ്യത്തിങ്കൽ നിന്നൊരു സത്രമാ
രംഭിച്ചിരുന്നരചരേ! * നല്ലൊരു പതിയേയുമുണ്ടാക്കി വൈവസ്വതൻ
കല്യാണം വന്നീട്ടുവാൻ താപസേന്ദ്രന്മാരൊടും * യാഗവും ദീക്ഷിച്ചിരു
ന്നീടിനാനതുകാലം രോഗാദിമരണവും മനുഷ്യർക്കില്ലാതെയായ് * മർത്ത്യ
ന്മാർക്കവനിയിൽ മരണമില്ലായ്കയാൽ വർദ്ധിച്ചു ചമഞ്ഞിതു ദേവകളതു കൊ
ണ്ടു * സുത്രാമാദികൾ പോയി ബ്രഹ്മനെച്ചെന്നു കണ്ടാരേത്രയും ഭയമായി
ച്ചമഞ്ഞു ഞങ്ങൾക്കിപ്പോൾ * മർത്ത്യരുമമർത്ത്യരും ഭേദമില്ലെന്നായ്വന്നു സത്ര
വും പിതൃദേവാദികൾക്കില്ലെന്നായ് വരും * സന്താപമതുകൊണ്ടു ചിത്ത
ത്തിലുണ്ടാകുന്നു നിന്തിരുവടിയെന്നി ശരണം ഞങ്ങൾക്കില്ല * ശക്രാദിദേ
വഗണമിത്ഥം ചൊന്നതു കേട്ടു പുഷ്കരഭവനനും പുഞ്ചിരിപൂണ്ടു ചൊന്നാൻ
അമരന്മാരാം നിങ്ങളെന്തിനു പേടിക്കുന്നു ശമനവശന്മാരായുള്ള മാനുഷ

മെല്ലാം * അന്തകനിണ്ണയാഗംദീക്ഷിച്ചുവസിക്കയാ ലന്തംമാനുഷജന
ങ്ങൾക്കിപ്പോളില്ലാഞ്ഞതും* നിങ്ങളുംനിങ്ങളുടെ വീൎയ്യംകൊണ്ടവനുടെ
യംഗമായ്ഭവിച്ചിട്ടുകൊല്ലുവിൻമനുഷ്യരെ * ധാതാവിന്നരുളപ്പാടിങ്ങു
നെകേട്ടശേഷമാദിതേയന്മാരെല്ലാം പോയിതുയാഗത്തിങ്കൽ * ചെന്ന
വർമന്ദാകിനിതങ്കൽവാണീടുംനേരം സ്വൎണ്ണവൎണ്ണത്തോടൊരു പുണ്ഡരീ
കത്തെക്കണ്ടാർ * ചിത്രമെത്രയുമതെന്നോൎത്തവരെല്ലാരിലുമെത്രയുംശൂര
നായസുത്രാമാവതുനേരം * തത്രചെന്നീട്ടന്നേരംകാണിയിതൊരുത്തി
യെ ചിത്രഭാനുവിനുനേരാകിയതേജസ്സോടും * അന്നേരംജലാൎത്ഥിനി
യായേററംകരയുന്നതനാളിതൻ കണ്ണുനീരുംവീണിതുജലംതന്നിൽ * അ
വിടെയുണ്ടായൊരുകാഞ്ചനപത്മംകണ്ടിട്ടവളോടമരേന്ദ്രൻ ചോദിച്ചുമ
ധുരമായ് * ആരെടോ!നീയെന്നെന്നോടാദരാൽപറയണം നേരോടെ
കരയുന്നതെന്തിനെന്നതുംചൊൽനീ * എന്നതുകേട്ടനേരമവളുംചൊ
ല്ലീടിനാളെന്നെ നീയറിയുന്നതില്ലയോ? ദേവപതേ! * നിൎഭാഗ്യവതി
യായോരെന്നുടെദുഃഖംമൂലമിപ്പോൾ ഞാനറിയിക്കാമെന്നോടുകൂടെപ്പോ
ന്നാൽ * ഉമ്പരിൽവമ്പുംമുമ്പുമുള്ളനീപോന്നീടുകമുമ്പിൽഞാൻനടന്നീ
ടാമേതുമേമടിക്കേണ്ട * എൻപരിതാപത്തിന്റെമൂലവുമറിഞ്ഞീടാം
നിൻപ്രിയമതുംവരുമെന്നവൾചൊല്ലീടിനാൾ * അന്നേരമവളുടെ
പിന്നാലെചെന്നനേരം വിണ്ണവർനായകനുകാണായ്വന്നിതുനേരേ *
ദിവ്യനായിരിപ്പോരുപൂരുഷൻതന്നെപ്പൂൎണ്ണ യൌവനത്തോടുമൊരുയുവ
തീരത്നത്തോടും * പൎവ്വതശിരസിസിംഹാസനത്തിന്മേലതി ഗൎവ്വ
ണച്ചൂതുംപൊരുതിരുന്നീടുന്നതപ്പോൾ * അഭ്യുത്ഥാനാദിസല്ക്കാരങ്ങൾ
ചെയ്യായ്കമൂലമഭ്രവാഹനൻകോപിച്ചളവുവിശ്വനാഥൻ * മന്ദഹാ
സവുംചെയ്തുതൃക്കൺപാൎത്തുനേരമിന്ദ്രനുമിളകാതെനിന്നിതുകുറഞ്ഞൊ
ന്നു * ദേവനുമക്ഷക്രീഡകഴിഞ്ഞോരനന്തരം ദേവിയോടരുൾചെയ്തു
നീയിനിയൊന്നുവേണം * ഇപ്പൊഴീപുരന്ദരദൎപ്പത്തെക്കളയണംപില്ലാ
ട്ടുനന്നായ്വരുമില്ലസംശയമേതും * ദേവിയാൽസംസ്പൃഷ്ടനായൊരുനേ
രത്തുതന്നെദേവേന്ദ്രൻവിത്രസ്തങ്ങളാകമംഗങ്ങളോടും * വീണിതുഭൂമിത
ന്നിലന്നേരംപശുപതിവാനവർകോനോടിത്ഥമരുളിച്ചെയ്തീടിനാൻ *
പൎവ്വതോത്തമൻതന്നെപ്പോയ്വിവൎത്തനംചെയ്ക ദുൎവ്വീൎയ്യമുള്ളഭവാനന്നേരം
കാണാമല്ലോ * നിന്നോടുതുല്യന്മാരായ്നാലുപേരെയുമവർ വിണ്ണവർ
നായകന്മാരായതെന്നറികനീ * എന്നതുകേട്ടുശക്രൻപൎവ്വതോത്തമൻ
തന്നെ ചെന്നുടൻവിവൎത്തനംചെയ്തപ്പോൾകാണായ്വന്നു * തുല്യതേ
ജസാനാലിന്ദ്രന്മാരെയൊരുപോലെസ്വൎല്ലോകനാഥൻതാനും വേപഥു
പൂണ്ടാനപ്പോൾ * ഞാനുമിന്നവർകളെപ്പോലെയായ്ചമഞ്ഞീടും നൂ
നമെന്നോൎത്തുഭയപ്പെട്ടിതുപുരന്ദരൻ * * വജ്രപാണിയെനോക്കിക്കോ
പിച്ചുഗിരീശനുമുജ്ജ്വലിച്ചേററംദീപ്തിപൂണ്ടുടനരുൾചെയ്തു * ധിക്കാ
രിച്ചതുമൂലംശക്രന്മാരായനിങ്ങൾ നിഷ്കൃതിയായ്മാനുഷയോനിയിൽ
പിറക്കപോയ് * ഭാൎയ്യയായ്വരുമിവൾനിങ്ങൾക്കൈവൎക്കുംകൂടി കാ
ൎയ്യങ്ങൾപലതുണ്ടുനിങ്ങളാൽസാധിപ്പാനും * ദിവ്യശസ്ത്രാസ്ത്രങ്ങളാൽ

ദുഷ്ടരെയൊക്കെവധിച്ചുവീഭാരവുംതീൎത്തുവരുവിൻനിങ്ങളെല്ലാം * പൂ
ൎവ്വേന്ദ്രന്മാരുമതുകേട്ടരചെയ്തീടിനാർ പാൎവ്വതീപതേ! മോക്ഷംഞങ്ങൾക്കു
ക്കതന്നീടേണം * വീൎയ്യകൎത്താക്കന്മാരായുരികവേണം ധൎമ്മരാജനുമ
നിലനുമിന്ദ്രനുംദസ്രന്മാരും * പിന്നെയുംദേവൻറപാണിചൊല്ലിനാൻഭ
ഗവാനോ ടൊന്നനുഗ്രഹിക്കേണമിനിയുംഭയാനിധേ! * കാൎയ്യകാ
രണാലിനിഞാനൊരുപുരുഷനെ വീൎയ്യംകൊണ്ടുണ്ടാക്കുവാനതിനുണ്ടോ
നുമവേണ്ട * പഞ്ചമംമൽപ്രസൂതമാക്കണമവരിൽവച്ചഞ്ചിതതേ
ജോബലവീൎയ്യശ്രീകീൎത്തിയോടെ * അതുകേട്ടവരോടുംകൂടിവിശ്വേ
ശൻചെന്നുമധുസൂദനൻതന്നെപ്രാൎത്ഥിച്ചുവൃത്താന്തവും * അറിയിച്ചുതു
ന്നേരംനരനാരായണന്മാർപിറവി കൂടെയുണ്ടാമെന്നാലിന്ദ്രൻറവീൎയ്യം
* നരൻതന്നുടെയംശമായ്ക്കൊള്ളാമത്രയല്ല നരകവൈരികേശയുഗ
ളാംശവുമിപ്പോൾ * ശുക്ലമാംവൎണ്ണമൊന്നുമറേറതുകൃഷ്ണവൎണ്ണം തൽ
ക്കേശയുഗളംതൽക്ഷേത്രങ്ങളാകുന്നതും * രാവയുംയദുകുലനാരിക
ളായ്വന്നീട്ട മവൎക്കുനാമധേയംരോഹിണിദേവകിയും * അവരിൽ
ശുക്ലംബലദേവനായ്ഭവിച്ചീടുമവനീപതേ! പിന്നെക്കേശവൻകൃ
ഷ്ണാംശവും * ഇന്ദ്രമഞ്ചിന്ദ്രന്മാൎക്കുള്ളഭിമാനാംശംവന്നുപൃത്ഥ്വിയിൽ
പാണ്ഡവന്മാരായതുനരപതേ! * ലക്ഷ്മിതന്നംശവ്യക്തിദ്രുപദയാംകൃഷ്ണ
താനു മിക്ഷിതിതന്നിൽതവപുത്രിയായ്പിറന്നതും ;* വ്യക്തമായ്കാണ്മാൻ
ദിവ്യലോചനംനൽകീടുവ നൊക്കവെരതുതവസംശയമെന്നാലി
പ്പോൾ * ഉൾക്കാമ്പുതെളിയേണമെന്നരുൾചെയ്തുമുനി മുഖ്യനും
ദിവ്യചക്ഷുസ്സവനുനൽകീടിനാൻ * പഞ്ചപൂൎവ്വേന്ദ്രന്മാർതന്നഭിമാ
നാംശംപോന്നുപഞ്ചപാണ്ഡവന്മാരായ്കാണായിപാഞ്ചാലനും * ഒരു
ത്തൻപലരായിട്ടിരിക്കുന്നതു മെന്നങ്ങുറച്ചുമനസിപാഞ്ചാലനുമതുനേ
രം * പാദപങ്കജങ്ങളിൽവണങ്ങിച്ചൊല്ലീടിനാൻ വേദവ്യാസനെ
നോക്കിത്തെളിഞ്ഞുഭക്തിയോടെ * ജ്ഞാനമില്ലാതെഞങ്ങളെന്നറി
ഞ്ഞിരിക്കുന്നു ജ്ഞാനികളായനിങ്ങൾചൊന്നതുകേൾക്കയെന്യേ *
ഹ്വില്ലാംനിന്തിരുവടിയരുളിച്ചെയ്യുംവണ്ണ മില്ലല്ലോഞങ്ങൾക്കമററാധാ
രംരമാപാനിധേ! *

പഞ്ചനൈതന്ത്രവ ചരിതം.

ബാദരായണമുനിപിന്നെയുമരുൾചെയ്തു സാദരംദ്രുപദഭൂപാല
നോടതുനേരം * കേൾക്കണംപുരാവൃത്തംചൊല്ലുവൻനൃപാധിപ! ഭാഗ്യ
വാരിധേ!വിഷാദിക്കൊലാവെറുതേനീ * പണ്ടൊരുരാജൎഷിനികന്തു
വെന്നുള്ളപേരായുണ്ടായാനവനഞ്ചുപുത്രരുമുണ്ടായ്വന്നു * സാലേചയൻതാ
നുംശ്രുതസേനനുംശ്രുതസേനൻബാല്യജ്ഞാനികൾ തിന്ദുസാരനുമതി
സാരൻ * അശ്വമേധാദികളുംചെയ്തവരൈവരുമായ്‌വിശ്വാസമന്യോ
ന്യംപൂണ്ടേകമാനസന്മാരായ് * വിശ്രുതകീൎത്തിയോടുമൊരുമിച്ചു
നുദിനം വിശ്വപാലനംചെയ്തുമരുവീടിനകാലം * ഭൗമാശിയെന്ന
വളെവേട്ടിതൈവരുംകൂടി കൗമാരവയസ്സിങ്കൽസുഖിച്ചുഭാൎയ്യയോടും *

പഞ്ചഭൂതങ്ങളോപഞ്ചേന്ദ്രിയങ്ങളോബത പഞ്ചഗോചരങ്ങളോപഞ്ച
മാരുതന്മാരോ * പഞ്ചമൂൎത്തികളോട്ടഭൂപാലന്മാരാമിവർകിഞ്ചന
ഭേദമില്ലതങ്ങളിലൊരുനേരം * വിഖ്യാതഗുണംകൊണ്ടുലോകരുംപ്രശം
സിച്ചുദുഃഖവുമകന്നവരൈവരുംകൂടിവാണാർ * അക്കാലമൈവൎക്കുമാ
യഞ്ചുനന്ദനന്മാരും വിഖ്യാതന്മാരായുണ്ടായ്വന്നിതുധരാപതേ! * ചൊ
ല്ലുന്നൈനതന്തവന്മാരെന്നനാമ മവൎക്കെല്ലാൎക്കുമോരോരാജ്യംവെവ്വേറെ
യുണ്ടായ്വന്നു * ഭൂമിയിൽനൈനതന്തവന്മാരുടെപാരമ്പൎയ്യം ഭൂമി
പാലക!പഞ്ചമാത്സ്യന്മാരറിഞ്ഞാലും * നാലുസാലേചയന്മാരുംശൂര
സേനന്മാരെന്നും ചൊല്ലുന്നശ്രുതസേനന്മാരെന്നുമവർകളെ * തി
ന്ദുസാരന്മാരെന്നുമതിസാരന്മാരെന്നു മിന്ദ്രസമ്മിതസമാജ്ഞാകാരന്മാരാ
യിന്നും * ഓരോരോമൂലമിവവെവ്വേറെനിരൂപിച്ചാ ലാരാലുംതട്ടുക്കാ
വോന്നല്ലതീശ്വരമതം * പന്നഗാഭരണനുമതുളിചെയ്യാനിവർതന്നു
ടെപൂൎവ്വജന്മത്തിങ്കൽസേവിച്ചമൂലം * പിന്നെയുംപിന്നെയുംനീഭൎത്താ
രംദേഹിയെന്നതെന്നോടഞ്ചുരുവരിച്ചീടുകനിമിത്തമായ് * പഞ്ചഭ
ൎത്താക്കന്മാരുണ്ടാകെന്നൊരനുഗ്രഹം ! പഞ്ചബാണാരിതാനുംകൊടുത്താ
നെല്ലാമുന്നം * മുനികന്യകയവൾനിന്നുടെമകളായതനവദ്യാംഗി കൃഷ്ണ
യെന്നതുമറിഞ്ഞാലും * എന്നിവയെല്ലാമോൎത്താൽപാണ്ഡവരൈവരു
മായ് നിന്മകൾതന്നെവേട്ടുകൊള്ളുകമടിയാതെ * വേദവ്യാസനും
പാഞ്ചാലനുമന്യോന്യം പറഞ്ഞതുമേദോഷമില്ലെന്നുറച്ചുപുറപ്പെട്ടു *
കുന്തിയുംപുത്രന്മാരുംധൃഷ്ടദ്യുമ്നനുംവാഴും മന്ത്രശാലയിൽചെന്നുപറ
ഞ്ഞുവൈകിടാതെ * ദൈവകല്പിതമൊഴിക്കാവതല്ലൊരുവൎക്കുമൈവരും
കൂടിവേട്ടുകൊണ്ടാലുമെന്നാരവർ * കാഞ്ചനാഭരണലേപനവസ്ത്രാ
ദികളാൽപാഞ്ചാലിതന്നെയലങ്കരിപ്പിച്ചംഗനമാർ * മോഹനമാകി
യൊരുദേഹംപൂണ്ടവൾതന്നെ രോഹിണിയോടുചേൎന്നശീതാംശുമരുവു
ന്നാൾ * സവ്യസാചിയുംജ്യേഷ്ഠകനിഷ്ഠന്മാരുംകൂടി ദിവ്യവേഷത്തെ
പ്പൂണ്ടുദാനങ്ങളെല്ലാംചെയ്തു *ധൌമ്യനാംപുരോഹിതൻതന്നുടെനിയോ
ഗത്താൽകാമ്യാംഗിയുടെപാണിഗ്രഹണംക്രമത്താലെ* വിധിച്ചവണ്ണം
ചെയ്തുവസിച്ചീടിനകാലംകൊതിച്ചവണ്ണംതന്നെയോഗംവന്നതുമൂലം *
സ്ത്രീധനംകൊടുത്തിതുപാഞ്ചാലനനവധി ഗോധനധാന്യരത്നരഥഗ
ജനര * സാധനാനചിതദാസദാസിയാനാദികളും മോദേനപരിഗ്ര
ഹിച്ചീടിനാൻധൎമ്മാത്മജൻ * സന്തോഷംകൈക്കൊണ്ടാശീൎവ്വചനങ്ങ
ളുംചൊല്ലി.കുന്തിയുംദ്രൌപദിക്കുചൊല്ലിനാളുപദേശം * ഓരോരോപ
തിവ്രതാധൎമ്മങ്ങൾപറഞ്ഞുള്ളി ലാത്തമോദാനന്ദംപൂണ്ടുസുഖിച്ചുവാഴുംകാ
ലം * ശ്രീവാസുദേവൻജഗന്നായകൻനാരായണൻ ദേവദേവേ
ശൻ ഭക്തവത്സലൻജനാൎദ്ദനൻ * കാൎവ്വൎണ്ണൻകാരുണ്യാബ്ധിമാധ
വൻപ്രീതിപൂൎവ്വമാപോളം ധനരത്നമാശുസൽക്കാരംചെയ്തു * പടയുംഭ
ണ്ഡാരവുമാഭരണാദികളും കുടയുംതഴകളുംതാലവൃന്താദികളും * പടഹ
മുഖവാദ്യാദികളുംദിവ്യങ്ങളാം കൊടികൾതോരണങ്ങൾചാമരങ്ങളുംമ
റ്റും * പാൎത്ഥിവോചിതങ്ങളായുള്ളവപലതരമാസ്ഥയാ കൊടുത്തിതു

പെത്തുമാനന്ദമൂർത്തി * പാർത്ഥന്മാർഭക്തിയോടേവാങ്ങിനാരവയെല്ലാം
ചീർത്തകൌതുകത്തോടെവസിച്ചുപാഞ്ചാലിയും *

ധാർത്തരാഷ്ട്രരുടെ കുണ്ഠിതം.

കുന്തീപുത്രന്മാരുടെ പരമാർത്ഥങ്ങൾ പരിപന്ഥികളറിഞ്ഞപ്പോളു
ന്നസ്താപവുംപൂണ്ടാർ * വെന്തുപോയവരെല്ലാമിങ്ങനെചമഞ്ഞവാ
റെന്തൊരുകഷ്ടമിതുചിന്തിച്ചാൽ ചിത്രം! ചിത്രം!! * നന്ദിതന്മാരാ
യൊരുസജ്ജനങ്ങളാലതി നിന്ദിതന്മാരായ്വരുന്നധാർത്തരാഷ്ട്രന്മാരെ
ല്ലാം * ചിന്തിച്ചുകർണ്ണഗാന്ധാരാദികളോടുചേർന്നു മന്ത്രവുംതുടങ്ങി
നാർദുര്യോധനാദികൾ * അന്നേരംശകുനിയുംപറഞ്ഞാനിവരെനാ
മിന്നിനിയൊട്ടുക്കേണമേതുമേമടിയാതെ * പാരത്തോളംപിഴയത്രേന
മുക്കെന്നറിഞ്ഞാലും കീർത്തിയുമുണ്ടായ്വന്നിതവർക്കിന്നിതുമൂലം * അല്പവീ
ര്യവാനാകുംപാഞ്ചാലനാശ്രയമായി ഇപ്പോഴിപ്പാണ്ഡവന്മാരവിടെവ
സിക്കുന്നു * പാഞ്ചാലപുരമെല്ലാംതകർത്തുപാണ്ഡവരെ പാഞ്ചാ
ലനോട്ടുകൂടെവധിക്കവേണമിപ്പോൾ * ഇത്തരംപലവാക്കശകുനിപ
റഞ്ഞപ്പോളുത്തരംസോമദത്തപുത്രനുമുരചെയ്താൻ * എത്രയുംപണി
യതുസാദ്ധ്യമല്ലിപ്പോൾനമ്മാൽ ശക്തന്മാരല്ലോപാണ്ഡുപുത്രന്മാരെല്ലാം
കൊണ്ടും * അർത്ഥമിത്രാസ്ത്രസമ്പത്തുകളുണ്ടവർക്കെന്നാൽ ശത്രുസംഹാ
രംചെയ്യാനർജ്ജുനൻതന്നെപോരും * ബന്ധുക്കളായുള്ളനാമിവർതങ്ങ
ളിലിന്നു സന്ധിയെച്ചെയ്യിപ്പിച്ചുപോകണമതേനല്ലൂ * എന്നുടെമത
മിതെന്നിങ്ങനെസൌമദത്തി ചൊന്നതുകേട്ടനേരംകർണ്ണനുമുരചെയ്താൻ
* അപ്പുറംതകർക്കുമ്പോളറിയാംബലാബലം കെല്പോടുപടക്കോപ്പുകൂട്ടു
കമടിയാതെ * കർണ്ണനിങ്ങനെപറഞ്ഞീടിനോരനന്തരം പിന്നെയും
സോമദത്തനന്ദനനുരചെയ്താൻ * മൂർഖനായീടുന്നഞാൻചൊല്ലീടും
വചനങ്ങൾ കേൾക്കണംമഹത്തുക്കളായുള്ളനിങ്ങളെല്ലാം * ധന്യ
ന്മാരോടുപാരംമത്സരമുണ്ടായ്വരും ദുർന്നയമുള്ളിലേറുംദുർഭഗന്മാർക്കുനിത്യം
* വിദ്യാഭിജാത്യവിത്തവൃത്തശീലൌദാര്യാർത്ഥ മിത്രരൂപാദിഗുണകീർത്തി
കൾ കാണുംതോറും * മാനസേസഹിയാഞ്ഞുസാധുക്കൾക്കുള്ള ഗുണ
ഹാനിയെവരുത്തുവാനെന്താവതെന്നുതന്നെ * സന്തതംചിന്തിച്ചോ
ളംസാദ്ധ്യമല്ലെന്നുകണ്ടാലന്തരംപാർത്തുപാർത്തുമരുവീടിനകാലം *
ഛിദ്രമേതാനുംകാണായ്വന്നീടുമപ്പോളേററ മുദ്യോഗംകൈക്കൊണ്ടതി
സാഹസചേതസ്സോടും * തന്നേക്കാൾവലിയവൻതന്നെയുംഭേദിപ്പി
ച്ചു തന്നെത്താൻപ്രശംസിച്ചുള്ളന്യായകർമ്മംചെയ്താൽ * തന്നുടെമിത്ര
രോടുകൂടവേതാനും വീണുസന്നമായ്പ്പോകുമല്ലോപിന്നെയെന്നതുമൂനം
* നന്നല്ലമഹദ്വൈരമാർക്കുമെന്നറിയണം വന്ദ്യന്മാരായവരെവന്ദിച്ചീടു
കനല്ലൂ * നിന്ദ്യന്മാരായുള്ളോരെനിന്ദിച്ചീടേണ്ടതാനും നിന്ദ്യനായ്വരി
കയില്ലാരാലുമെന്നാലവൻ * ഇത്തരംസൌമദത്തിചൊന്നതുതെളിയാ
ഞ്ഞിട്ടുത്തരമുരചെയ്തീലാരുമൊന്നതുനേരം * സിദ്ധമല്ലാതെമമവാക്ക
കൾകൈക്കൊള്ളേണ്ട യുദ്ധത്തിന്നിനിയേതുംപോകരുതെന്നിങ്ങനെ

* മന്യുഭാവേനസൌമദത്തിചൊന്നതുനേരം സന്നാഹമോടുപടക്കൂട്ടവു
മൊരുമിച്ചു *

കൌരവപാഞ്ചാലയുദ്ധം.

കിടങ്ങുംതൂൎത്തുകോട്ടയഴിപ്പാൻകുരുസൈന്യം തുടങ്ങുംനേരമതുക
ണ്ടുപാഞ്ചാലനൃപൻ * ധൃഷ്ടദ്യുമ്നാദികളാംതന്റെപുത്രന്മാരും പെ
ട്ടെന്നുപുറപ്പെട്ടുനാലംഗപ്പടയോടും * ദൈവതതുമുലാരവകോലാ
ഹല ഭേരിനാദത്തോടിടചേൎന്നിതുപെരുമ്പട * കൌരവപാഞ്ചാലഭൂ
പാലകബലംതമ്മിൽ ഘോരമായിട്ടുംവണ്ണമേററതിനനന്തരം * യുദ്ധ
സന്നദ്ധന്മാരായ്പുറപ്പെട്ടിതുപാണ്ഡു പുത്രന്മാരതുകണ്ടുവേഗംപൂണ്ടീടി
നാർ * ധാൎത്തരാഷ്ട്രന്മാർമോദംപൂണ്ടിതുപാഞ്ചാലന്മാർ ധൃഷ്ടദ്യുമ്ന
നുംപിന്നെശ്ശിഖണ്ഡിസുമിത്രനും * പൃഷ്ടവീൎയ്യവാനാകുംപ്രിയദൎശനൻ
താനും ചിത്രകേതുവുംസുകേതുധ്വജസേനന്മാരും * പുത്രന്മാരെഴുപേ
രുംദ്രുപദനൃപേന്ദ്രനും ക്രുദ്ധന്മാരായങ്ങടുത്തീടിനാരതുനേരം * കൎണ്ണ
നുംജയദ്രഥൻതാനുമായൊരുമിച്ചു കൊന്നിതുസുമിത്രനെപ്രിയദൎശനനെ
യും * വൃത്രാരിപുത്രനപ്പോൾകൊന്നിതുജയദ്രഥ പുത്രനെക്കൎണ്ണാത്മജ
നാംസുഭാനുവിനെയും * സിന്ധുഭൂപനുമംഗാധിപനുമതുകണ്ടു കുന്തീ
നന്ദനരഥംപൂട്ടീട്ടുമശ്വങ്ങളെ * മൂന്നിനെക്കൊന്നാരതുകണ്ടുഭീമനുമതു
മൂന്നുംവേഗേനയോജിപ്പിച്ചതുകണ്ടുപാൎത്ഥൻ * വായുവേഗത്തോടടു
ത്തീടിനാനതുനേരം സായകാവലിസഹിയാഞ്ഞുകൌരവരെല്ലാം *
സായുധന്മാരായോരോദിക്കിലേപാഞ്ഞീടിനാർ വായുനുന്നങ്ങളായമേ
ഘങ്ങളെന്നപോലെ * മന്നവനായദുരിയോധനൻതന്നെക്കണ്ടി ട്ടുന്ന
തമായവൃക്ഷംപറിച്ചങ്ങിലയൂരി * സന്നദ്ധനായങ്ങടുത്തീടിനാൻവൃ
കോദരൻ ഖിന്നനായോടിമറഞ്ഞീടിനാൻസുയോധനൻ * മുമ്പിലെ
കുരുസൈന്യംപാഞ്ചാലപുരമെല്ലാം വൻപോടുവളഞ്ഞതപ്പോളയച്ചുപാ
ണ്ഡവന്മാർ * വൃഷ്ണികളോടുംബലദേവാദിവീരരോടും കൃഷ്ണൻതന്നോടും
വൃത്താന്തങ്ങളെയറിയിപ്പാൻ * രാമകൃഷ്ണന്മാരതുകേട്ടുടനോടിവന്നാ
രാമോദംപൂണ്ടുചതുരംഗവാഹിനിയോടും * ധാൎത്തരാഷ്ട്രന്മാരെല്ലാം
സാധ്വസന്മാരായ്പാരമാൎത്തിപൂണ്ടൊക്കെത്തക്കഹസ്തിനപുരംപുക്കാർ *
പോകുമ്പോൾദുശ്ശാസനൻതന്നോടുസുയോധന നാകുലപ്പെട്ടുമന്ദമന്ദ
മോരോന്നുചൊന്നാൻ * കുന്തിയുംപുത്രന്മാരുംജാതുഷഗേഹമുന്നം
വെന്തീലെന്നതുമിപ്പോൾനിശ്ചയംവന്നുവല്ലോ * ബന്ധുക്കളവൎക്കി
പ്പോളുണ്ടായിപാഞ്ചാലനു മന്ധകവൃഷ്ണികളാംരാമകൃഷ്ണാദികളും *
എന്തൊന്നുപുരോചനൻചെയ്തതുദോഷത്തംകൊ ണ്ടവരെല്ലാംവരുമി
നിമേലിലെന്നറിഞ്ഞീല * നമ്മുടെപൌരുഷവുമേററംധിക്കരിക്കേണം
നിൎമ്മലഗാത്രിതന്നെക്കൊണ്ടവർപോയാരല്ലോ * ഇത്തരംപറഞ്ഞ
വർമന്ദംപോയകംപുക്ക ഹസ്തിനപുരത്തിങ്കൽബന്ധുവൎഗ്ഗങ്ങളോടും *
പാൎത്ഥന്മാർപാഞ്ചാലിയെവേട്ടതുംജയിച്ചതും ധാൎത്തരാഷ്ട്രന്മാർനാ
ണംകെട്ടുപോയതുമെല്ലാം * കേട്ടുസന്തോഷംപൂണ്ടുവിദുരർചെന്നു ധൃ
തരാഷ്ട്രഭൂപതിതന്നോടീവണ്ണമറിയിച്ചാൻ * നാട്ടിലുള്ളവൎക്കെ

ല്ലാംസന്തോഷംവാൎയ്യംവണ്ണം വേട്ടിതു നരാധിപ നിന്റെപുത്രന്മാ
രിൽ * ജ്യേഷ്ഠനാമവൻദ്രുപദാത്മജതന്നെയിപ്പോൾ വാട്ടമെന്നി
യേകുരുവംശവുംവൎദ്ധിച്ചീടും * വിദുരവാക്യംകേട്ടധൃതരാഷ്ട്രരുമതികു
തുകംപൂണ്ടുദൈവാനുഗ്രഹമെന്നുചൊന്നാൻ * തനയന്മാരിൽജ്യേ
ഷ്ഠനെന്നതുകേട്ടസുയോധനനെന്നോൎത്തുപുനരസന്ധനുമുരചെയ്താൻ *
ആഭരണങ്ങളെല്ലാംകൊടുത്തീടുകവേണം ദ്രൌപദിക്കലങ്കരിച്ചീടുവാൻ
വൈകീടാതെ * വാഞ്ഛയാമതസന്നിധൌദുൎയ്യോധനനോടും പാ
ഞ്ചാലിതന്നെക്കൂട്ടിക്കൊണ്ടിങ്ങുപോന്നീടണം * ചൊല്ലിനാൻമന്ദ
സ്മിതംപൂണ്ടുടൻ വിദുരരുമല്ലല്ല ധൎമ്മാത്മജൻവേട്ടിതെന്നല്ലോകേട്ടു *
സ്വാകാരാച്ഛാദനാൎത്ഥംധൃതരാഷ്ട്രരുമെങ്കിൽ ഭാഗധേയംപാണ്ഡവ
ന്മാർജ്ജീവിച്ചതുമെന്നാൻ * കുന്തിയുംപാണ്ഡവരും പാഞ്ചാലൻത
ന്നുടെസംബന്ധികളായ്വന്നതു നന്നായിതെന്നുചൊന്നാൻ * കൎണ്ണനും
സുയോധനൻതാൻമായ് വിദുരർപോയെന്നതുകണ്ടുചെന്നുമന്നവനോടു
ചൊന്നാർ * ഞങ്ങൾക്കുതിരുമുമ്പിൽ വിദുരരുണ്ടാകയാലിങ്ങുവന്നുണ
ൎത്തിപ്പാനില്ലാഞ്ഞീതവസരം * ശത്രുക്കൾവൎദ്ധിച്ചതുംനാമെല്ലാംക്ഷയി
ച്ചതും ക്ഷത്താവിനുള്ളിൽമോദമെന്നതുമറിഞ്ഞിതോ? * കുന്തീനന്ദന
ന്മാരെ വൈകാതെയൊടുക്കുവാനെ ന്തൊരുകഴിവെന്നുപലരുമൊരുമി
ച്ചു * ചിന്തിക്കവേണമെന്നേമനസിനമുക്കെല്ലാം സന്തോഷംവരു
പുനരല്ലായ്കിൽതോൽവിപാരം * കൎണ്ണനുംശകുനിയുംദുൎയ്യോധനനു
മായ്കൎണ്ണഭൂപതിയോടുംമന്ത്രിച്ചാർപലതരം * ദുൎന്നയംനരപതിത
ന്നോടുദുൎമ്മന്ത്രികൾചെന്നുപദേശിക്കുന്നതറിഞ്ഞു ഭീഷ്മാദികൾ * പൂരു
വംശത്തിങ്കലെയ്ക്കാപത്തുവരായ്വാനായ് ദൂരവീക്ഷണമുള്ള ശന്തനുതന
യനും * ഭാരദ്വാജനുംകൃപാചാൎയ്യനുംവിദുരരും സാരജ്ഞന്മാരായ്മറ്റുമു
ള്ളസജ്ജനങ്ങളും * .മേദിനീപതിയായധൃതരാഷ്ട്രൻതന്നോടുസ്സാ
ദരംധൎമ്മാധൎമ്മങ്ങളുംനീതിയുമെല്ലാം * കൎണ്ണഗാന്ധാരഗാന്ധാരീതന
യന്മാരെയും മുന്നിലാമ്മാറുവരുത്തിപ്പറഞ്ഞതുനേരം * മന്നവൻധൃത
രാഷ്ട്രൻതന്നുള്ളിൽനിരൂപിച്ചു നന്നല്ലമഹദ്വാക്യമാചരിയാഞ്ഞാലി
പ്പോൾ * എന്നുടെമതംവെളിച്ചത്തുകാട്ടുന്നീലഞാ നെന്നോടുവൈ
രപ്പൂണ്ടാംപുത്രന്മാൎക്കെന്നാകിലും * തങ്ങൾക്കുനാശംഭവിക്കുന്നതുമിവ
ൎക്കുള്ളി ലൊന്നുമേചെന്നീലെന്നാൽഞാനിപ്പോളെല്ലാംകൊണ്ടും * ന
മ്മുടെകുലത്തിനുനല്ലതുചൊല്ലീടുന്നു ധൎമ്മിഷ്ഠന്മാർവാക്കുകൾകൈക്കൊ
ള്ളുന്നതേയുള്ളൂ * ഇത്ഥമാത്മനി കല്പിച്ചവരോടുരചെയ്തു സിദ്ധാന്തംനി
ങ്ങൾക്കെല്ലാമെന്തെന്നുചൊല്ലീടുവിൻ * ഭദ്രമാകുന്നതിപ്പോഴിവി
ടെനമുക്കെന്തു വിദ്വൽപ്രൌഢന്മാർനിങ്ങൾചിന്തിച്ചുകല്പിക്കുന്ന *
തുത്തമമതിന്നുമറ്റപ്പുറമൊരുനാളും വൎത്തിച്ചീടുകയില്ലഞാനെന്നുധരി
ച്ചാലും * താപവുംമറച്ചുള്ളിൽപുറമേസന്തോഷവും ഭൂപതിഭാവിച്ചവ
രോടിതുചൊന്നനേരം * ദ്രോണരുംവിദുരരുംഭീഷ്മരുംകൃപരുമായ്ക്ഷീ
ണലോചനനായനൃപനോടറിയിച്ചാർ * വീരയേവരുത്തുകപാണ്ഡ
വന്മാരെയെന്നാൽ പെരികെനാശമില്ലതല്ലായ്കിൽ മുടിഞ്ഞുപോം *

എങ്കിലോവിദുരർപോയ്‌വരുത്തീടുകയെന്നു സങ്കടംമറച്ചാശ്ശുധൃതരാഷ്ട്രരുംചൊന്നാൻ * വിദുരരെന്നുകെട്ടുദ്രുപദപുരംപുക്കു പൃഥയുംപുത്രന്മാരുംപോരികെന്നുരചെയ്തു * കൃഷ്ണനുംവിദുരരുംകുന്തിയുംദ്രുപദനും കൃഷ്ണയുംപാണ്ഡുസുതന്മാരുമായ്‌നിരൂപിച്ചു * ഹസ്തിനപുരംപുക്കുകല്യാണഘോഷത്തൊടുമെത്രയുംതെളിഞ്ഞിതു നഗരനിവാസികൾ * പാണ്ഡവന്മാരുംനല്ലപത്നിയുംജനനിയും പാണ്ഡുപൂർവ്വജനാദിയായബന്ധുക്കളെയും * വണങ്ങിയൊരുമിച്ചുപാണ്ഡുവിൻഗൃഹംതന്നിൽ ഗുണങ്ങളോടുസുഖിച്ചിരിക്കുംകാലത്തിങ്കൽ *

അർദ്ധരാജ്യാഭിഷേകം.

വരുത്തിയുധിഷ്ഠിരൻതന്നെയുംകൃഷ്ണനേയും നിരത്തീടുവാനായിപ്പറഞ്ഞുധൃതരാഷ്ട്രൻ* എന്നുടെയനുജനാംപാണ്ഡുവാണതുപോലെമന്നവനായിവാഴ്കനീയുണ്ണിയുധിഷ്ഠിരാ * എന്നുടെതനയന്മാരെല്ലാരുംദുരാത്മാക്കളൊന്നുമേകേൾക്കയില്ലഞാൻപറഞ്ഞാവയുണ്ണീ! * പാണ്ഡവന്മാരെനിങ്ങൾതങ്ങളിൽപിണങ്ങാതെ ഖാണ്ഡവപ്രസ്ഥത്തിങ്കൽനാടുവാണിരിക്കപോയ് * പാതിനാട്ടിന്നുപുനരഭിഷേകവുംചെയ്തു മാധവൻതനിക്കുള്ളിൽചെന്നിതെതാ? ചോദിക്കണം * എന്നതുകേട്ടുദാമോദരനമരുൾചെയ്തുമന്നവ! കണക്കിനിക്കെല്ലാമെന്നറിഞ്ഞാലും * വാരണാവതത്തിങ്കൽപണ്ടിരുന്നതുപോലെ പാതിതുപാതിപരിപാലിച്ചുവസിച്ചാലും * എല്ലാമാനന്ദമെനിക്കെള്ളോളംഖേദമുള്ളിലില്ലല്ലോ മമതമില്ലൊന്നിലുമത്രമൂലം * മന്നവൻചൊന്നവണ്ണമഭിഷേകവും ചെയ്തു ചെന്നുടനിന്ദ്രപ്രസ്ഥംപുക്കിതുപാണ്ഡവരും * നാരദനതുകാലംധർമ്മജൻതന്നെക്കണ്ടു നാരിയെക്കൊണ്ടുതമ്മിൽപിണക്കമുണ്ടാകായ്വാൻ * ഓരോരോസംവത്സരമോരോരുത്തരോടുകൂടാരെയും ഭേദമെന്നിയിരിപ്പാൻനിയോഗിച്ചു * മറെറാരുത്തനുമായിവാഴുന്നകാലത്തിങ്കൽ മറെറാരുത്തനുംചെന്നാനവിടെയെന്നാകിലോ * അപ്പൊഴെതീർത്ഥയാത്രചെയ്യണ മൊരാണ്ടവനില്ലോലെയല്ലെന്നാകിൽനിശ്ചയം നാശമുണ്ടാം * സുന്ദരിയായതിലോത്തമകാരണംമുന്നം സുന്ദരന്മാരായൊരു സുന്ദോപസുന്ദന്മാരും * തങ്ങളിൽതച്ചുമരിച്ചീടിനാരതുപോലെ നിങ്ങളിലിതുകാലമുണ്ടാകാതിരിക്കണം * നന്ദിച്ചുസുരേന്ദ്രനുംനാരദനോടുചൊന്നാൻ സുന്ദോപസുന്ദോപാഖ്യാനംമമകേൾപ്പിക്കേണം * മന്ദഹാസവുംചെയ്തുനാരദൻ പിതൃപതിനന്ദന! കേട്ടുകൊൾകസോദരന്മാരോടുംനീ *

സുന്ദോപസുന്ദോപാഖ്യാനം.

ഹിരണ്യകശിപുതൻകുലത്തിൽവന്നുമുന്നം പിറന്നനികുംഭനാമസുരവരനുടെ * നന്ദനന്മാരായുണ്ടായ്പുന്നിതുവീരന്മാരായ് സുന്ദോപസുന്ദന്മാരെന്നിരുവരസുരകൾ * വൃന്ദാരകാരികളായ്‌മുന്നമുണ്ടായിവന്നസുന്ദോപസുന്ദന്മാരുംവയസ്യന്മാരെപ്പോലെ * അന്യോന്യംഭ്രാതാക്കന്മാരാമവരിരുവരുമൊന്നിച്ചു തമ്മിൽപ്പിരിയാതെവാഴുന്നകാലം * ത്രൈലോക്യംജയിക്കണംനമുക്കെന്നുറച്ചവർ ശൈലാന്ധ്യനായവിന്ധ്യൻ

തന്നുടെമുകളിൽപ്പോയ് * സന്തതംപിതാമഹൻതന്നുടെപാദാംബുജം
ചിന്തിച്ചുഘോരമായതപസ്സുംതുടങ്ങിനാർ * വായുഭക്ഷണംചെയ്തു പാ
ദാംഗുഷ്ഠവുമൂന്നിക്കായവുംമലംപൂണ്ടു ജടയുംവല്ക്കലവും * ധരിച്ചുകൂപ്പി
ത്തൊഴുതക്ഷികളിളകാതെ നിരസ്താശയാനിത്യംവ്രതത്തോടൊരുപോ
ലെ * ചെന്നിതുകാലമപ്പോൾപൊങ്ങിനധൂമംകൊണ്ടു നന്നായിവിറ
ച്ചിതുവിന്ധ്യനാംമലയെല്ലാം * ഉഗ്രമാംതപസ്സുകൊണ്ടക്കാലംദേവകളും
വ്യഗ്രിച്ചുഭയപ്പെട്ടുചിന്തിച്ചാർപലതരം * എന്തൊന്നുകൊണ്ടുതപോ
വിഘ്നത്തെവരുത്താവു പന്തൊക്കുംമുലമാരാലേതുമില്ലൊരുഫലം *
ശൂലവുമോങ്ങിയൊരുരാക്ഷസനടുത്തിതു കാലനെപ്പോലെദേവന്മാരു
ടെമായയാലെ * സുന്ദോപസുന്ദന്മാരാമസുരേന്ദ്രന്മാരുടെ സുന്ദരിമാരാം
ഭാര്യാഭഗിനീജനനിമാർ * പെടിച്ചുപരിപാലിച്ചീടണമെന്നുചൊല്ലി
യോടിച്ചെന്നതുകണ്ടുമിളകീലവരേതും * ഒന്നുകൊണ്ടുമേതപോഭംഗ
ത്തെച്ചെയ്തുകൂടാഞ്ഞിന്ദ്രാദിദേവഗണമാകുലപ്പെട്ടശേഷം * മുമ്പിലാ
മ്മാറങ്ങെഴുന്നള്ളിനാൻപിതാമഹ നമ്പോടുവേണ്ടുംവരംതരുവനെന്നു
ചൊന്നാൻ * വന്ദിച്ചുസുന്ദോപസുന്ദന്മാർമരവിന്ദനന്ദനൻതന്നോട
ത്യാനന്ദമായുരചെയ്താർ * നിന്തിരുവടിക്കുകാരുണ്യമുണ്ടാകിൽഞങ്ങൾ
ക്കന്തരംവരാതൊരുദേവത്വംതന്നീടണം * അനന്തരംവിധാതാവുമവ
രോടരുൾചെയ്തു തന്നുകൂട്ടുമോമമദേവത്വംനിങ്ങൾക്കിപ്പോൾ * മററു
വേണ്ടുന്നതെല്ലാംനൽകുവനരചെയ്വിൻ കുററമുണ്ടമരത്വംനിങ്ങൾക്കുത
ന്നീടിനാൽ * എന്നതുകേട്ടനേരംസുന്ദോപസുന്ദന്മാരും നന്നായിക്കൂ
പ്പിത്തൊഴുതജനോടപേക്ഷിച്ചാർ * സ്ഥാവരജംഗമങ്ങളായുള്ളഭൂത
ങ്ങളാലായവരൊരുനാളും മരണമരുതല്ലോ * ലോകങ്ങൾമൂന്നിങ്കലു
മുള്ളൊരുജന്തുക്കളാ ലേകദാമൃത്യുഭവിച്ചീടരുതൊരുനാളും * അന്യോ
ന്യമൊഴിഞ്ഞുമററാരാലുമൊരുനാളും വന്നുകൂടാതവണ്ണംനൽകണമനുഗ്ര
ഹം * ധാതാവുംനാശംനിങ്ങൾതങ്ങളിലൊഴിഞ്ഞൊരു ഭൂതങ്ങളാലും
വന്നുകൂടായെന്നരചെയ്താൻ * അസ്ഥയാമറഞ്ഞരുളീടിനാൻവിരിഞ്ച
നും ദൈത്യന്മാർതപസ്സുമനേരത്തുസമർപ്പിച്ചാർ * സർവ്വജന്തുക്കളാലുമവ
ദ്ധ്യന്മാരായതിഗർവ്വിതന്മാരായ്നിജമന്ദിരംപൂക്കാരവർ * സന്തോഷമു
ണ്ടായ്വന്നുബന്ധുക്കൾക്കെല്ലാമുള്ളിൽ ചിന്തിച്ചവണ്ണംവരംകിട്ടുകനിമി
ത്തമായ് * താപസവേഷംപരിത്യജിച്ചുദിവ്യങ്ങളാ മാഭരണാദികളും
ധരിച്ചുദീപിച്ചേററം * സല്ക്കാരംചെയ്തീടിനാരത്യർത്ഥംസുഹൃജ്ജനം ത
ല്ക്കാര്യമവർക്കെല്ലാംസാധിപ്പിച്ചനുദിനം * ഭക്ഷ്യതാംപുനരപിഭുജ്യതാം
യഥാസുഖംവക്ഷ്യതാംബഹുവിധംരമ്യതാമിഹൈവമേ * പീയതാംയ
ഥാകാമംഗീയതാമുച്ചൈസ്തരം നീയതാമിതിഗേഹേഗേഹേകേൾക്കാ
യിവാക്കും * തത്രതത്രൈവപാനമത്തചിത്തന്മാരവരെത്രയും വിഹരിച്ചു
കഴിഞ്ഞുപലകാലം * ഹിരണ്യകശിപുതൻകുലത്തിൽവന്നുമുന്നംപിറ
ന്നനികുംഭൻതൻപുത്രന്മാരായുണ്ടായ * സുന്ദോപസുന്ദന്മാരുംദൈത്യ
വാഹിനിയുമായ്വിണ്ണവർപുരംപുക്കുദേവേന്ദ്രാദികളെയും * ചെന്നടനാ
ട്ടിക്കളഞ്ഞീടിനാരവർകളും ചെന്നുപുക്കിതുവിധാതാവുതന്നുടെലോകം*

ദന്ദശൂകന്മാരെയുംജയിച്ചുപാതാളവും   ചെന്നവർജ്ജയിച്ചിതുസമുദ്രദ്വീ
പങ്ങളും * മ്ലേച്ഛജാതികളെയുംജയിച്ചുവശത്താക്കിവാച്ചശേഷമുള്ളഭൂ
മി ജയിപ്പാനൊരുമ്പെട്ടാർ * യാഗാദികർമ്മങ്ങളുമൊക്കവേമുടക്കിനാർ
ശോകംപൂണ്ടിതുമുനിവർഗ്ഗവുംദ്വിജന്മാരും * കൃഷിഗോരക്ഷാദിയുംമുട
ക്കികൃപാഹീന ഋഷികൾതമ്മെവധിച്ചീടിനാർമടിയാതെ * പിതൃകർമ്മ
വുംദേവപൂജയുമില്ലാതെയായ് ദിതിജപ്രവരന്മാരടക്കിഭൂചക്രവും *ലോ
കവാസികളെയുമൊക്കവെയാട്ടിക്കള   ഞ്ഞേകമാനസന്മാരായവർകളി
രുവരും * പർവ്വതവനഗ്രാമനഗരദ്വീപാന്തരേ സർവ്വദാദിവ്യാംഗനമാരു
മായ് ക്രീഡിക്കയും * രത്നഭൂതങ്ങളെല്ലാമടക്കിക്കൊണ്ടു ദേവപത്നികളെ
യുമാട്ടിപ്പിടിച്ചുകൊണ്ടോരല്ലോ * താപസപ്രവരരുമംബരചാരികളുംതാ
പമുൾക്കൊണ്ടുപുരുഹൂതാദിദേവകളും * സത്യലോകത്തെപ്രാപിച്ചെത്ര
യുംഖിന്നന്മാരായ്   ചിത്തതാപംപൂണ്ടേറമത്തലായാപത്തുകൾ *
അംബുജസംഭവനോടറിയിച്ചിതുനേരം   അംബരചാരികളോടരുളിച്ചെയ്തു
ദേവൻ * വിശ്വസിച്ചാലുംമമവചനംവൈകാതെഞാൻ നിശ്ശേഷംപ
രിതാപംനിങ്ങൾക്കുതീർത്തീടുവൻ * വിശ്വകർത്താവുതാനുമുൾക്കാമ്പിൽ
നിരൂപിച്ചു വിശ്വകർമ്മാവുതന്നെവിളിച്ചുനിയോഗിച്ചു *നിർമ്മലമായ
രൂപലാവണ്യത്തോടുമിപ്പോൾ   നിർമ്മിക്കവേണമൊരുതരുണീരത്നത്തെ
നീ * വിശ്വകർമ്മാവുംനമസ്കരിച്ചുധാതാവിനെവിശ്വമോഹനമായ
നാരീരൂപവുംതീർത്താൻ * ചാരുതകലർന്നുള്ളമോഹനവസ്തുക്കളിലോ
രോരോതിലത്തോളമെടുത്തുസാരാംശത്തെ * ചേർത്തുകൊണ്ടുരുക്കൂട്ടി
ത്തീർത്തൊരുദിവ്യരൂപംപാരത്തോളംജഗന്മനോമോഹനതരമല്ലോ * അ
ത്ഭുതമായപദാർത്ഥങ്ങൾസമ്പാദിച്ചതി   ലുൽപ്പന്നമായസാരാംശംകട
ഞ്ഞെടുത്തതു* ശില്പമായൊരുതിലമാത്രമിങ്ങതുകൊണ്ടുകല്പിതമായരൂപം
പൂർണ്ണമായതുനേരം * ഉല്പലോത്തംസൻതിലോത്തമയെന്നിട്ടുപേരു മല്പഭാ
ഷിണികൾമററുള്ളവർ നാണംപൂണ്ടാർ * ഉല്പലോത്തംസവയായലക്ഷ്മിയും
രുദ്രാണിയും കർപ്പൂരശുഭ്രഗാത്രിയാകിയഭാരതിയും * ദർപ്പകപ്രാണനാഥ
യാകിയരതിതാനും ദർപ്പമുൾക്കാമ്പിലേറുമപ്സരഃസ്ത്രീവർഗ്ഗവും സർപ്പഭൂഷ
ണപ്രിയയാകിയഗംഗതാനും   സുപ്രഭാംഗിയെക്കണ്ടുമോഹിച്ചാരസൂയ
യാ * വിശ്വകർമ്മാവുതാനുംവിസ്മയപ്പെട്ടാനേററം   വിശ്വകർത്താവും
തലകുലുക്കിതൃക്കൺപാർത്തു * കണ്ടൊരുപുരുഷന്മാർക്കുണ്ടായപാരവ
ശ്യം തണ്ടലർബാണൻതാനുംമുഴുവനറിഞ്ഞില * കണ്ണനായിതുനീലക
ണ്ഠനുമതുനേരം കൊണ്ടൽനേർവർണ്ണൻതാനുംകൊണ്ടാടിപ്രശംസിച്ചാൻ *
ധാതാവുതിലോത്തമയോടരുൾചെയ്തീടിനാനേതുമേ മടിയാതെനീയൊ
രുകാര്യംവേണം * സുന്ദരരൂപേ!പോയീടേണംനീവൈകാതിപ്പോൾ
സുന്ദോപസുന്ദാസുരശ്രേഷ്ഠന്മാരുള്ളവിടത്തിൽ * നിന്നുടെരൂപശോഭാലാ
വണ്യംകൊണ്ടുതയോ രന്യോന്യം കലഹവുമുണ്ടാക്കിച്ചമയ്ക്കണം * നി
ന്നാലെസാദ്ധ്യമിന്നിദേവകളുടെകാര്യം   പിന്നെനീവൈകാതെകണ്ടീടു
പോരികബാലേ! * ലോകേശനിയോഗവുംകൈക്കൊണ്ടുതിലോത്തമ
നാകേശകുലത്തെയുംചെയ്തുടൻപ്രദക്ഷിണം * ആകാശമാർഗ്ഗമന്ദംമ

ന്ദരംപോയ്ചെല്ലുന്നേരം പാകശാസനവൈരിമാരെയുംകാണായ്വന്നു * ഗന്ധമാല്യാലംകൃതമാരായ്നർത്തകീജനമന്തികേ പാടിക്കൂത്താടുന്നതും കണ്ടുകണ്ടു * ഭക്ഷ്യഭോജ്യങ്ങളോടുംസേവകജനത്തോടും പുഷ്കലമായ ഭോഗത്തോടുമന്യോന്യംചേർന്നു * ഹൃദ്യമായീടുന്നൊരുമദ്യപാനവും ചെയ്തു ങ്ങുദ്യാനദേശേവിന്ധ്യാസാനുനിശിലാതലേ * സ്നിഗ്ധമായീടുന്നഭ്രോസനേവാഴുന്നേരം മുഗ്ധയായൊരുതിലോത്തമയുംമന്ദംമന്ദം * രക്തവസ്ത്രവുംപൂണ്ടുമുക്താഹാരാദികളും രക്തമാല്യാനുലേപനാദിയുമലങ്കരിച്ചിത്രയുംമനോഹരമാകിയവേഷത്തോടും ചിത്രമായിരിപ്പൊരുമന്ദസഞ്ചാരത്തൊടും * കർണ്ണികാരവുമറുത്തുന്നതസ്തനങ്ങളും തന്വംഗിമദ്ധ്യേമദ്ധ്യേചെറുത്തുകാട്ടിക്കാട്ടി * നിന്നുമങ്ങൊട്ടുചെന്നുമെല്ലവേകടാക്ഷിച്ചും പിന്നെയുമിടയിടെപിന്നോക്കിവാങ്ങിപ്പോന്നും * വാഹിനീതീരവിളയാടുന്നനാരീമണി മോഹനരൂപരകണ്ടുസുന്ദോപസുന്ദന്മാരും * കാഞ്ചനചഷകവുംവെടിഞ്ഞുസസംഭ്രമം വാഞ്ഛയാമതിമറന്നസുരപ്രവരന്മാർ * ചാഞ്ചാടിച്ചെന്നാരവൾതന്നുടെമുമ്പിലൊരു ചാഞ്ചല്യംകലർന്നിതിൽജ്യേഷ്ഠനാംസുന്ദനപ്പോൾ * ദക്ഷിണകരംപിടിച്ചീടിനാനുപസുന്ദൻ ദക്ഷിണേതരകരമപ്പൊഴേപിടിപെട്ടാൻ * മത്തചിത്തന്മാരായദൈത്യന്മാരവളുടെ ഹസ്തപങ്കജംരണ്ടും പിടിച്ചുനില്ക്കുന്നേരം * സുന്ദനുമുപസുന്ദൻതന്നോടുചൊല്ലീടിനാൻ സുന്ദരിയാകുമിവളെന്നുടെഭാര്യയല്ലോ * നിന്നുടെഗുരുഭൂതയാകുന്നതോർത്തീടിവൾ തന്നുടെകരാംബുജമയച്ചുദൂരെപ്പോനീ * എന്നതുകേട്ടനേരമുപസുന്ദനുംചൊന്നാ നെന്നുടെഭാര്യയിവൾ കൈത്തളിരയച്ചാലും * ചിന്തിച്ചീടുകിൽവധുവായ്വരുംഭവാനിവ ളെന്തറിയാതെകാട്ടീടുന്നിതന്ധതയാലേ * എന്നുടെഭാര്യയിവൾമറ്റുള്ളതെല്ലാം ഭവാ നന്യായംകാട്ടീടാതെകൈയയച്ചീടുകെന്നാൻ * മൂന്നുലോകത്തുംജ്യേഷ്ഠനുടയതല്ലോ ധനധാന്യരത്നാദികളുമിനിക്കവേണ്ടയല്ലോ * ദൈവാനുഗ്രഹംകൊണ്ടിട്ടിനിക്കുകിട്ടിയൊരു പാർവ്വണശശിമുഖിതന്നെയിങ്ങയയ്ക്കണം * എങ്ങിനെകിട്ടി നിനക്കെന്നതുപറയണം തിങ്ങിനമോഹംകൊണ്ടുപേപറയായ്കവേണം * അങ്ങുള്ളമദത്തേക്കാളേറെയില്ലിനിക്കേതു മംഗനാരത്നത്തെഞാനയയ്ക്കയില്ലയെന്നും * നീയയച്ചീടണമോമൽപ്രണയിനിതന്നെ പേയായവാക്കപറയാതെകൈയയയ്ക്കനീ * പേയല്ലപറയുന്നതെത്രയുംഞാനെന്റെ ജീവനായികയുടെകരംപിടിപ്പാനെന്തുമൂലം? * ജീവനായികയുമെനിക്കെന്നാശുസുന്ദ നാവോളംവേഗാൽഗദയെടുത്താനൊരുകൈയാൽ * സോദരൻതാനുംഗദയെടുത്താനൊരുകൈയാൽ ക്രോധംപൂണ്ടിരുവരുമന്യോന്യംപ്രഹരിച്ചാർ * തല്ലുകൊണ്ടവനിയിൽവന്മലപോലെവീണാരല്ലോ സുന്ദനുമുപസുന്ദനുമതുനേരം * അന്തകപുരിപുക്കാരപ്പൊഴേദേവാരികൾ സന്തോഷം വന്നുജഗദ്വാസികൾക്കതുമൂലം * സന്താപത്തോടെപരിചാരികമാരുംപോയാർ സന്ധിപ്പിച്ചിതുതിലോത്തമയുംദേവകാര്യം * പാതാളം പുക്കീടിനാർമറ്റുള്ളദൈത്യന്മാരും പാഥോജഭവനനുമിന്ദ്രാദിദേവക

ളും * പ്രീതിപൂണ്ടനുഗ്രഹംകൊടുത്തു തിലോത്തമയ്ക്കാദരാൽ സൂൎയ്യപദംപ്രാപിച്ചാളവൾതാനും * ഇന്ദ്രനുമടക്കിവാണീടിനാൻത്രിഭുവനംനന്ദിച്ചുസത്യലോകംപുക്കിതുവിരിഞ്ചനും * സുന്ദരിതിലോത്തമകാരണംമരിച്ചിതു സുന്ദോപസുന്ദന്മാരുമന്യോന്യംപ്രഹരത്താൽ * നിങ്ങളുമതുപോലെപാഞ്ചാലിനിമിത്തമായ്ത്തങ്ങളിൽ കലഹമുണ്ടാകാതെയിരിക്കണം * അന്യോന്യംസുഹൃത്ഭാവമുള്ളവരെന്നാകിലും പെണ്ണുങ്ങൾമൂലംവൈരം വൎദ്ധിച്ചുവരുമത്രേ * നിങ്ങളെക്കുറിച്ചുള്ളിൽസ്നേഹമേറുകയാൽഞാനിങ്ങനെവന്നുചൊന്നേൻ നിങ്ങളോടറിഞ്ഞാലും * ഇത്തരമരുൾചെയ്തുനാരദനെഴുന്നള്ളി പൃത്ഥ്വീപാലകന്മാരുമപ്പോലെ വാഴുംകാലം *

അൎജ്ജുനന്റെ തീൎത്ഥയാത്ര.

കുരുരാജ്യത്തിലൊരുധരണീദേവന്റെനും പെരികപ്പശുക്കളെക്കള്ളന്മാർകൊണ്ടുപോയാർ * അതുചെന്നിന്ദ്രപ്രസ്ഥഗോപുരദ്വാരത്തിങ്കലതിവേദനയോടുപറഞ്ഞുഭൂദേവനും * അപ്പോഴേധനഞ്ജയനാശ്വസിപ്പിച്ചാൻപിന്നെ കെല്പേറുമായുധങ്ങളെടുപ്പാൻചെന്നനേരം *ആയതമിഴിയാളുംധൎമ്മപുത്രരുംപഞ്ചസായകരസംപൂണ്ടു മരുവുന്നതുകണ്ടാൻ * ആയുധശാലതന്നിലൎജ്ജുനനവൻതാനും പോയാനനന്തരംതന്നെ ഭൂസുരോത്തമനോടും * തസ്കരന്മാരെയൊക്കെ നിഗ്രഹിക്കയുംചെയ്തു സൽക്കരിക്കയുംചെയ്താൻവിപ്രനുപശുക്കളെ * പിന്നെത്തൻഗുരുഭ്രാതന്മാരെയും വണങ്ങീട്ടു തന്നുടെസമയത്തിനന്തരംവരായ്വാനും * സന്നാഹമോടുതീൎത്ഥയാത്രയുംതുടങ്ങിനാൻ പിന്നാലെക്കൂടെപ്പോയാർ വിപ്രാദിസാധുക്കളും * സാഗരസ്സരിൽസരോവനശൈലങ്ങൾകണ്ടു വേഗേനഗംഗാദ്വാരേചെന്നിരുന്നിതുപാൎത്ഥൻ * ഗംഗയിൽമുഴുകിനാൻമംഗലമനസ്സനായ്യംഗജശരാപംപൂണ്ടപന്നഗതരുണിയും*വെള്ളത്തിൽതാഴ്ത്തിക്കൊണ്ടാളുള്ളവൻതാഴ്ത്തിക്കൊണ്ടാ ളുള്ളലിഞ്ഞുലൂപിയുമായൊരുനിശിവാണാൻ * ഉണ്ടായിതിരാവാനെന്നാത്മജനവൾപെററു തണ്ടലർബാണസമനായപാണ്ഡവൻപിന്നെ * ഹിമവൽപാൎശ്വംപുക്കാനഗസ്ത്യവാടംകണ്ടാൻ ഹിമവന്മൂൎദ്ധ്നിവിന്ദുസരസ്സുംകണ്ടുപാൎത്ഥൻ * ഭൃഗുതുംഗവുംകണ്ടാൻപലദാനങ്ങൾചെയ്താൻ ഭഗവൽഭക്തനായഫല്ഗുനൻപാണ്ഡുപുത്രൻ * ഹരിദ്വാരവുംകണ്ടുവിസ്മയമോടുകൂപ്പി ഹിരണ്യവിന്ദുവിന്റെ തീൎത്ഥങ്ങളെല്ലാമാടി * പൎവ്വതങ്ങളുംകണ്ടാൻപുണ്യക്ഷേത്രങ്ങൾകണ്ടാൻ ദിവ്യങ്ങളായതീൎത്ഥങ്ങളിലുംമുഴുകിനാൻ * അവിടെനിന്നുനേരേകിഴക്കോട്ടിറങ്ങീട്ടു ഭുവനപ്രസിദ്ധയാമുല്പലിനിയെക്കണ്ടാൻ * നൈമിശാരണ്യംകണ്ടാൻ പ്രതിനന്ദയുംകണ്ടാൻകൈവല്യംകലൎന്നീടുമപരനന്ദകണ്ടാൻ * നല്ലകൌശികീഗയാഗംഗയുമാടിപ്പിന്നെ ച്ചൊല്ലെഴുമംഗരാജ്യംവംഗവുംകലിംഗവും * കണ്ടിതുമഹാൎണ്ണവമവിടെസ്നാനംചെയ്തു കണ്ടിതുമഹേന്ദ്രമാംപൎവ്വതംധനഞ്ജയൻ * ചൊല്ലെഴുംഗോദാവരിയാടിനാൻകാവേരിയും കല്യാണാലയമായരംഗവുംവണങ്ങിനാൻ * സത്വരംമണലൂരമാകിയപുരിപുക്ക ചിത്രവാഹനനായരാജാവുതന്നെക്കണ്ടാൻ *

അവനുചിത്രാംഗദയെന്നൊരുമകളുമുണ്ടവളെവേട്ടു കൊണ്ടാനവിടെയി
രുന്നനാൾ *അപ്പുരിതന്നിൽനിന്നുകെല്പോടെപുറപ്പെട്ടാനപ്പൊഴേപഞ്ച
തീൎത്ഥമാടിനാൻപേടിനീക്കി * അത്ഭുതാംഗികളായനാലുദാസികളോ
ടു മപ്സരസ്ത്രീയായൊരുവന്ദയുമൊരുശാപാൽ * നക്രരൂപിണികളായ
ഞ്ചുതീൎത്ഥങ്ങളിലും പുക്കുവാഴ്കയാലാരുംതീൎത്ഥങ്ങളാട്ടുമാറി * ഉഗ്രവേ
ഗേനഭക്ഷിച്ചീടുമെന്നുള്ളഭയാൽ ഫൽഗുനനതുകേട്ടുലോകോപകാരാ
ൎത്ഥമായ് * പഞ്ചതീൎത്ഥങ്ങളിലുംകുളിച്ചുതപ്പിച്ചിതു പഞ്ചനക്രങ്ങ
ളെയുംപഞ്ചതാംചേൎത്താനല്ലോ * വന്ദയ്ക്കുംസഖിമാൎക്കുംശാപമോക്ഷ
വുംവന്നു വന്ദിച്ചുപാണ്ഡവനെസ്തുതിച്ചുപോയാരല്ലോ * പിന്നെയുംചി
ത്രാംഗദതന്നെക്കാണ്മതിന്നായി ചെന്നിതുമണലൂരപുരിയിലിന്ദ്രപുത്രൻ *
വിഭ്രമംകലൎന്നവളോടുചേൎന്നിരിക്കുന്നാൾ ബഭ്രുവാഹനനെന്നൊരൎഭക
നുണ്ടായ്വന്നു * പശ്ചിമസമുദ്രതീരത്തുകൂടവൻപിന്നെ സ്വച്ഛമാംപ്രഭാ
സതീൎത്ഥത്തിങ്കൽ ചെന്നുപുക്കാൻ *

സുഭദ്രാഹരണം.

യാദവനായഗദൻപറഞ്ഞുകേട്ടാനന്നു മാധവഭഗിനിയാംസുഭദ്രാ
ഗുണമെല്ലാം * പണ്ഡിതനായപാണ്ഡുനന്ദനനവൾമൂലം മുണ്ഡിത
നായിക്കുണ്ഡികയായ്ത്രിദണ്ഡിയുമായാൻ * അക്ഷമാല്യാംഗുലീയയോ
ഗഭാരവുംവഹിച്ചക്ഷികളിളകാതെമുഖ്യമാംധ്യാനത്തൊടും * വൃക്ഷശ
നായവടകോടരച്ഛായതങ്കൽ പുക്കിതുലക്ഷ്മീപതിയാകിയവാസുദേവൻ
* പുഷ്കരനേത്രൻതന്നെച്ചിന്തിച്ചുചിലദിനം പുഷ്കരവിശിഖനുംപുക്കി
തുസന്നദ്ധനായ് * അവ്യയൻനാരായണനവ്യക്തനതുകാലം ദിവ്യ
ജ്ഞാനനകണ്ടുസവ്യസാചിയെയപ്പോൾ * സത്യഭാമയുമായിത്തത്ര
ചെന്നീട്ടന്നേരം സുപ്തനായ്കിടക്കുന്നഭക്തനെക്കണ്ടുനാഥൻ * ആനന്ദ
വിവശനായേററവുംചിരിച്ചപ്പോൾ മാനിനീസത്യഭാമചോദിച്ചാളതി
ൻമൂലം * അത്യൎത്ഥംചിരിച്ചതിനെന്തുകാരണംനാഥാ! സത്യമെന്നോടു
പറഞ്ഞീടണമെന്നീവണ്ണം * സത്യഭാമോക്തികേട്ടുഭഗവാൻപത്മേക്ഷ
ണൻ സത്യപൂരുഷൻസകലശരൻസനാതനൻ * സത്യമായുള്ളവൃ
ത്തമവളോടുരചെയ്താൻ സത്യഭാമയ്ക്കുമേററമാനന്ദംവന്നിതപ്പോൾ *
പുണ്യവാനെയുമുണൎത്തീടിനാൻജഗന്നാഥ നന്യോന്യംകണ്ടുഗാഢാശ്ലേ
ഷവുംചെയ്തുപിന്നെ * രൈവതകാഖ്യാചലംപുക്കിതുവസിപ്പാനായ്
ദൈവതസഹായനായ്ചമഞ്ഞുവിജയനും * പിന്നെപ്പോയ്ദ്വാരാവ
തിപുക്കിതുഭഗവാനുംവന്നീടുമേനോരഥമെന്നായികിരീടിക്കും * ഒരുകാലം
രൈവതകമായപൎവ്വതത്തിങ്കൽ ചൊല്ക്കൊണ്ടമഹോത്സവംകല്പിച്ചുവാ
സുദേവൻ * ഭോജവൃഷ്ണ്യന്ധകന്മാരൊക്കെച്ചെന്നൊരുമിച്ചു ഭോജ
നാദികൾനാനാദാനങ്ങളാപൂരിച്ചു * വാദിത്രാദികൾനാദമേററവുമാ
ഘോഷിച്ചു മോദത്തോടോരോദിവ്യമേളങ്ങൾമേളിപ്പിച്ചു * വൃക്ഷാഗ്രം
തോറുംദീപംവച്ചൊക്കെജ്ജ്വലിപ്പിച്ചു പുഷ്കരാക്ഷികൾകോപ്പിട്ടേററവും
ഫലിപ്പിച്ചു * രേവതിയോടുംകൂടെക്ഷീബനാംബലഭദ്രൻസേവകന്മാരു
മായിച്ചമഞ്ഞുവന്നീടിനാൻ * ഉഗ്രസേനനുംനാരീസഹസ്രസഹിത

നായഗ്രേവന്നിതുചതുരംഗവാഹിനിയോടും * പ്രദ്യുമ്നൻസാംബൻ
പുനരക്രൂരൻസാരണനും സത്യകൻസഹാവരൻസാത്യകിഭംഗകരൻ *
ചാരുദേഷ്ണനുംപൃഥുവിപൃഥുകൃതവൎമ്മാ വീരനാംവിഡൂരഥൻനിശഠൻഭാനു
ഗതൻ*മററുമിങ്ങനെയുള്ളവീരന്മാരൊക്കെത്തക്കപ്പുക്കിതുപുഷ്കരാക്ഷനു
ത്സവംപാലിപ്പാനായ് * സന്യാസിവേഷംപൂണ്ടധന്യനാംപാൎത്ഥനോ
ട്ടുംനന്നായുത്സവംകണ്ടുനടന്നീടിനനേരം * കന്യകസുഭദ്രയുംതന്നുടെസ
ഖീമദ്ധ്യേ മിന്നലെന്നതുപോലെകാണായിസന്യാസിക്കും * തന്നെത്താൻ
മറന്നിതുസന്യാസികന്യകയാൽ പിന്നെയുണ്ടായകുഴപ്പങ്ങൾഞാനെ
ന്തുചൊല്ലൂ * വാസുദേവനുമുപദേശിച്ചാനുപായങ്ങൾ വാസവതനയ
നുമവ്വണ്ണമാരംഭിച്ചാൻ * ഉത്സവംകഴിഞ്ഞപ്പോൾവൃഷ്ണികളെല്ലാവരും
സത്സഭാവന്ദനംചെയ്തൊക്കവേപുറപ്പെട്ടാർ * സുഭദ്രതാനുംപിന്നെദൈ
വതകാദ്രീന്ദ്രനെസുഭക്ത്യാവലത്തുവെച്ചൎപ്പിച്ചുവന്ദിച്ചുടൻ * ദൈവതഭൂ
ദേവേന്ദ്രന്മാരെയുംവണങ്ങീട്ടു കൈവരേണമേമമകാംക്ഷിതമെന്നുന
ണ്ണി * ശ്രീമദ്വാരകാപുരിപൂവാനായ്പുറപ്പെട്ടാൾ ഭീമസേനാനുജനുംപു
ക്കിതുമദ്ധ്യേമാൎഗ്ഗം * ഭദ്രയാംസുഭദ്രയെചിന്തിച്ചുചിന്തിച്ചവൻനിദ്രയും
വെടിഞ്ഞുപോയദ്രിപുംഗവതടേ * രമ്യകാനനദേശനിൎമ്മലശിലാത
ലേ മന്മഥവിവശനായ്ധൎമ്മജാനുജൻപുക്കാൻ * അൎജ്ജുനസാലതാല
ബകുളതമാലങ്ങളശ്വകൎണ്ണങ്ങൾ ചമ്പകാശോകപുന്നാഗങ്ങൾ * കേ
തകപാടലങ്ങൾകൎണ്ണികാരങ്ങൾനല്ല ചൂതങ്ങളങ്കോലങ്ങളതിമുക്തകങ്ങ
ളും * ഇത്യാദിവൃക്ഷങ്ങൾകൊണ്ടേത്രയുംമനോജ്ഞമാംസുസ്ഥലേവസി
ക്കുന്നസന്യാസിയതുനേരം * പോകുന്നവൃഷ്ണിവീരന്മാരോടുപറഞ്ഞിതു
സാകംനമ്മോടുമത്രനിങ്ങൾചെററിരിക്കേണം * രേവതീരമണനുംസാം
ബനുംപ്രദ്യുമ്നനുംസാരണൻകൃതവൎമ്മാചാരുദേഷ്ണനുംഗദൻ * ഭാനു
വുംവിഡൂരഥൻനിശഠൻവിപൃഥുവുംപൃഥുവുമിത്യാദികളാകിയവൃഷ്ണികളും
* യദുവീരന്മാരുമസ്സന്യാസിതന്നെക്കണ്ടു കുതുകംപൂണ്ടുനമസ്കരിച്ചുഭക്തി
യോടെ * മൃദുപല്ലവങ്ങളിലിരുന്നാരെല്ലാവരും കുശലപ്രശ്നങ്ങളും
ചെയ്തിതുസന്യാസിയും കുശലമത്രേയെന്നു പറഞ്ഞുമുസലിയും * ഞങ്ങ
ളെക്കുറിച്ചേററംകാരുണ്യമുണ്ടാകേണ മെങ്ങുനിന്നെഴുന്നെള്ളത്തെന്നതും
കേട്ടീടണം * നിന്തിരുവടികണ്ടപുണ്യദേശങ്ങളെല്ലാമന്തരംകൂടാതെക
ണ്ടരുളിച്ചെയ്തീടണം * ക്ഷേത്രങ്ങൾപൎവ്വതങ്ങൾവനങ്ങൾനദികളും തീ
ൎത്ഥങ്ങൾദിഗ്വൃത്താന്തഭേദങ്ങളൊക്കെച്ചൊന്നാൻ * മോക്ഷധൎമ്മങ്ങ
ളെല്ലാമാഖ്യാനംചെയ്താനിവൻ സാക്ഷാൽജ്ഞാനാൎത്ഥിഭിക്ഷുമുമുക്ഷു
ശ്രേഷ്ഠനെന്നാർ * സന്യാസിക്കുപദ്രവംകൂടാതെവസിപ്പതിന്നുനാ
മൊരുനിലംകല്പിച്ചീടുകവേണം * എന്നുവൃഷ്ണികൾബലനോടുചൊല്ലി
യനേരം വന്നിതുവസുദേവനന്ദനൻനാരായണൻ * പെരികെസ്സന്തോ
ഷിച്ചുബലഭദ്രരും ചൊന്നാൻ വരികകൃഷ്ണാ! വരികൊന്നുചൊല്ലേണമി
പ്പോൾ * ദിവ്യനായിരിപ്പോരുസന്യാസിവരനിവൻ നിൎവ്യാജംസേവി
ക്കേണമിവനെനാമെല്ലാരും * ഇവിടെച്ചാതുൎമ്മാസ്യമിരിപ്പാനൊരുനി
ലമെവിടംനല്ലതെന്നുചിന്തിച്ചുചൊല്ലേണംനീ * നിന്തിരുവടിക്കു

ളളിൽതെളിഞ്ഞദേശംതന്നെ സന്തോഷംമററെല്ലാക്കുമെന്നതുവിചാരി
പ്പാൻ * അന്തമ്മോദേനപുണന്നുജൻതന്നെനോക്കിച്ചിന്തിച്ചുകാമ
പാലൻകൃഷ്ണനോടരുൾചെയ്തു * ആരാമത്തിങ്കലതികോമളലതാഗൃഹേ
ധീരനാംസന്യാസിക്കുവസിപ്പാൻസുഖമുള്ളു * ഭോജനത്തിനുകന്യാഗൃ
ഹമുണ്ടെട്ടത്തെന്നാൽ ഭോജനാക്കനുവാദംനീക്കുടെക്കല്പിക്കുമ്പോൾ *
ബലദേവോക്തികേട്ടുപറഞ്ഞുമാധവനും ബലവാനിവനതിസുന്ദരൻ
വാഗ്മിയുവാ * കന്യകാപുരസമീപത്തിങ്കലാക്കീടുവാനിന്നിവൻ
യോഗ്യനല്ലെന്നെന്നുടെമതംപിന്നെ * ശാസ്ത്രജ്ഞൻഗുരുധമ്മജ്ഞാത്മ
മൻനേതാവായശാസ്ത്രാനിന്തിരുവടിഞങ്ങൾക്കിന്നെല്ലാവക്കും * ഭവ
താസമുക്തമായതിനെവിരോധിപ്പാ നിവിടെമററാരുമില്ലിത്രപോന്നിട്ടു
പിന്നെ * ചിന്തിച്ചാൽശുഭാശുഭമേറിവാനൊരുത്തരും നിന്തിരുവടിക്കു
നേരല്ലെന്നുധരിക്കണം * ഇത്തരംകൃഷ്ണവാക്യംകേട്ടുരാമനുംചൊന്നാൻ
സത്യവാൻജിതേന്ദ്രിയൻധൃതിമാൻവിനയവാൻ * ഉത്തമനായഭിക്ഷു
വിഭാനെത്രയുമിവൻ ഭക്ത്യാനീക്കുട്ടിക്കൊണ്ടുപോകണംകന്യാഗൃഹേ *
ഭദ്രയാംസുഭദ്രയോടിങ്ങനെപറയണം ഭക്തനായിരിപ്പൊരുസന്യാസി
പ്രവരനു*ഭക്ഷ്യങ്ങൾഭോജ്യങ്ങളും പേയങ്ങളിവയെല്ലാംനിത്യവും ശി
ക്ഷയോടെഭിക്ഷയിട്ടീടവേണമത്യാദരതയോടുഞാൻചൊന്നതെന്നുചൊ
ല്ലു* കോമളനായകൃഷ്ണനങ്ങിനെതന്നെയെന്നുകാമപാലാനുജ്ഞയുംകൈ
ക്കൊണ്ടുവഴിപോലെ * സന്യാസിയായപാത്ഥൻതന്നുടെകൈയുംപിടി
ച്ചന്യൂനകൗതൂഹലംപൂണ്ടുതൻഗൃഹംപുക്കാൻ* രുഗ്മിണിയോടുംസത്യ
ഭാമയാംകാന്തയോടും പത്മലോചനൻപരമാത്ഥവുമറിയിച്ചാൻ * പാ
ത്ഥനാഗതനായവാത്തകേട്ടവർകളും പൂത്തിയാംമനോരഥമെന്നുസന്തോ
ഷംപൂണ്ടാർ * സന്യാസിയോടുംകൂടികന്യകാഗൃഹംപുക്കു ധന്യയാംഭ
ഗിനിയോടീവണ്ണമരുൾചെയ്തു * ഭദ്രയാംസുഭദ്രേ!കേളാൎയ്യന്റെനിയോ
ഗംനീ ഭദ്രനായിരിപ്പോരുസന്യാസിവരനിവൻ * ഭക്ഷ്യഭോജ്യാദിക
ളാംഭിക്ഷനൽകീടവേണം ഭിക്ഷുവിന്നനുഗ്രഹംസിദ്ധിപ്പാൻനമുക്കെ
ല്ലാം * നിത്യവുംഭിക്ഷുവശവത്തിനിയാകവേണം സിദ്ധിക്കുമഭിമതമെ
ന്നാൽനിശ്ചയംബാലേ! * മുന്നംവന്നിതുചിലസന്യാസിവരരവരിന്നി
ല്ലാൾദാശാർഹൻതൻപുത്രികളായുണ്ടായ * കന്യകാഗൃഹങ്ങളിലിരു
ന്നീടുന്നുബാലേ! നന്നായിശുശ്രൂഷിച്ചീടുന്നിതുഭക്ത്യാനിത്യം * എന്നെ
ല്ലാംബോധിപ്പിച്ചുമാധവനെഴുന്നള്ളി സന്യാസികന്യാഗൃഹംതന്നിലും
പുക്കാനല്ലോ * രമ്യഗാത്രിയെക്കണ്ടുമന്മഥവിവശനായ് ധമ്മജസ
ഹോദരനെത്രയുംതാപംപൂണ്ടാൻ * നിദ്രയുമില്ലപുനരൂണുമില്ലെന്നുവ
ന്നു നിത്യവുംധ്യാനത്തിനുനിഷ്ഠയുമുണ്ടായ്വന്നു * മറെറാരുചിന്തയുമില്ല
ററവരിലുംകൂടെമുററുമസ്സുഭദ്രയിലെന്നിയേനക്തന്ദിവം * ആളികളോടും
കൂടികേളികൾകോലുമ്പോഴും വ്രീളാദിമനോഹരഭാവങ്ങൾകാണുമ്പൊ
ഴും * പന്താടുന്നതുകണ്ടുംപമ്പരക്കളികണ്ടും ചിന്തുകൾപാടുന്നതുംച
ന്തമായാടുന്നതും * ചാതുൎയ്യംകണ്ടുംവേണുവീണാദികളിൽശീല മാധു
ൎയ്യംകണ്ടുംഭാവഗാംഭീൎയ്യംകണ്ടുംനേത്ര * കാതൎയ്യംകണ്ടുംചേതോവൈധു

ൎയ്യംകണ്ടും മാരനെവെകാൎയ്യംകണ്ടും വരഞ്ചേരാസൌകൎയ്യംകണ്ടുംവേഷ *
സൌകുമാൎയ്യംകണ്ടുംതല്ലാവണ്യംകണ്ടും വൃത്തിദാക്ഷിണ്യംകണ്ടുമുള്ളിൽ
കാരുണ്യംകണ്ടുംനല്ല * താരുണ്യംകണ്ടുംസ്മിതഭാഷിതംകേട്ടും ഭാവവൈ
വൎണ്ണ്യംകലൎന്നിതുസവ്യസാചിക്കുമെന്നേൽ * മാധവഭഗിനിയുംശൈശ
വത്തിങ്കൽത്തന്നെ മാധവസഖിയായഫൽഗുനഗുണങ്ങൾകേട്ടാദരവോ
ട്ടമന്മഥാതുരയായാളല്ലോ * കണ്ടവർപറഞ്ഞുകേട്ടൎജ്ജുനരൂപഗുണം ക
ണ്ടതുപോലെതന്നെയുണ്ടല്ലോസുഭദ്രയ്ക്കും * രണ്ടുകൈകൾക്കുമുണ്ടുഞാ
ൺതഴമ്പതുകണ്ടുമുണ്ടായിസന്യാസിയിൽകൌതുകംദിനംതോറും * ചി
ന്തിച്ചുചിന്തിച്ചുള്ളിൽസംശയംമുഴുക്കയാൽ പന്തൊക്കുംമുലയാളാംമാ
ധവിയൊരുദിനം * മൃഷ്ടഭോജനംകഴിഞ്ഞിഷ്ടമോടിരിക്കുമ്പോൾ പുഷ്ട
കൌതുകത്തോടുമട്ടോലുംമൊഴിയാളും * തുഷ്ടനായിരിപ്പോരുശിഷ്ടനാം
യതിയോടു കഷ്ടമെന്നിരിക്കിലുംമട്ടലർബാണൻചൊല്ലാൽ * വട്ടൊത്ത
മുലകളുംദൃഷ്ടിയുംകവാടംകൊണ്ടൊട്ടൊട്ടുമറച്ചിട്ടു നിന്നവൾവിചാരി
ച്ചാൾ * ചെറുതുപറയുമ്പോളറിയാമല്ലോപക്ഷെവെറുതെചിലചോ
ദ്യംചെയ്കയെന്നതേവരൂ * ഭഗവൻപ്രസീദമേഭഗവൻപ്രസീദമേ സുകൃ
തമല്ലോമമഭവത്സംഗമമിപ്പോൾ * ശൈശവംകൊണ്ടുചിലകൌതുകമു
ണ്ടാകയാൽ വൈശിഷ്ട്യമേറുംഭവാനോടുഞാൻചോദിക്കുന്നു * ദേശ
ങ്ങൾസരിത്തുകൾശൈലങ്ങൾസരസ്സുകൾ ഗ്രാമങ്ങൾനാനാജനപദ
ങ്ങൾനഗരങ്ങൾ * രാജ്യങ്ങളരണ്യങ്ങളെന്നിവയെല്ലാമൊക്കെപ്പൂജ്യ
നാംഭവാൻതാനേനടന്നുകണ്ടുവല്ലോ * ഭോജ്യങ്ങളിന്നദിക്കിലിന്നവ
യെന്നുംപിന്നെ ത്യാജ്യങ്ങളിന്നദിക്കിലിന്നവയെന്നുമെല്ലാം * അരുളി
ച്ചെയ്തീടേണമറിവാൻതക്കവണ്ണം മരുണാധരിമന്ദമീവണ്ണംചോദിച്ചപ്പോ
ൾ * അരുണേതരകുലജാതനാകിയപാൎത്ഥൻ കരുണാരസപരവശമാ
നസനായി * സന്തോഷബഹുമാനസ്നേഹകൌതുകരാഗമന്ദാക്ഷവാ
ത്സല്യാനന്ദാകുലരയാരസ* പ്രണയസുഖപരമാസ്തിക്യമോടുചൊന്നാൻ
ഗുണശാലിനിയോടുസകലവൃത്താന്തവും * അന്യോന്യസല്ലാപവുംചെ-
യ്തുമേവീടുന്നേരമന്യോന്യംകൌതുഹലംപൂണ്ടുപുഞ്ചിരിക്കൊണ്ടു *സന്യാ
സിതന്നെനോക്കിപ്പിന്നെയുംസുഭദ്രയാംകന്യക സഗദ്ഗദംമെല്ലവേ
ചൊല്ലീടിനാൾ * അന്യായമല്ലോരഹസ്സല്ലാപംനമ്മിൽഭവാൻ ധന്യ
നാകയാലതുംയോഗ്യമെന്നതേവരൂ * അന്യമായിരിപ്പോരുവൃത്താന്തം
ചോദിക്കുന്നുണ്ടേന്നോടുപരമാൎത്ഥമരുളിച്ചെയ്തീടണം * ഖാണ്ഡവപ്ര
സ്ഥത്തിങ്കലെഴുന്നള്ളിയോ മമപാണ്ഡവമാതാവായകുന്തിയെയുണ്ടോക
ണ്ടു?* എന്നുടെപിതൃഷ്വസാവാകുന്നതറിഞ്ഞിതോ മന്നവൻയുധിഷ്ഠി
രൻതന്നെയുമുണ്ടോകണ്ടു? * സോദരന്മാരുമായിസ്വൈരമായ്വാഴുന്നോ
നോ വായുനന്ദനനായഭീമനുസുഖമല്ലീ? *ഫൽഗുനനപരാധംപോക്കു
വാൻതീൎത്ഥത്തിനു നിൎഗ്ഗമിച്ചിരിക്കുന്നതെന്നിതോകേട്ടിതല്ലോ * ഇ
ക്കാലമെതുദിക്കിൽസഞ്ചരിക്കുന്നിതവൻ ദുഃഖിപ്പാൻപാത്രമല്ലഭാഗ്യവാ
നല്ലോപാൎത്ഥൻ * അവനെയുണ്ടോകണ്ടുകേട്ടിതോവിശേഷങ്ങൾ വി
വശഭാവത്തോടുമീവണ്ണംചോദിച്ചപ്പോൾ * അവളോടുരചെയ്തുനന്ദഹാ

സവ്യംപൂണ്ടു പവനാത്മജസഹോദരനാംവിജയനും * ആൎയ്യയാംകുന്തി
കുരുക്ഷേത്രത്തിങ്കലുംതത്ര സ്വൈരക്കേടില്ലവിശേഷിച്ചേതുമെന്നുകേട്ടു*
ധൎമ്മജന്മാവുമനുജന്മാരുമിന്ദ്രപ്രസ്ഥംധൎമ്മേണ പരിപാലിച്ചിരിക്കുന്നിതു
ബാലേ! * ഭ്രാതാക്കന്മാരുംകുന്തിയാകിയജനനിയുമേതുമേധരിച്ചതില്ല
ൎജ്ജുനവിശേഷങ്ങൾ * ബാലികേഞാനിന്നൊരുകിംവദന്തിയുംകേട്ടേ
ൻകാലംവൈകാതെപരമാൎത്ഥവുമറിഞ്ഞീടാം * രഹസ്യംചൊല്ലീടരു
തംഗനമാരോടെന്നുമഹൽസംവാദമെന്നാകിലുംഞാൻചൊല്ലീടുവൻ *
ദ്വാരകാപുരംതന്നിൽസന്യാസിവേഷംപൂണ്ടു മാരമാൽകലന്നിരിക്കുന്നി
തുധനഞ്ജയൻ * കൃഷ്ണസോദരിയായസുഭദ്രതന്നിലതി തൃഷ്ണപൂണ്ടിരിക്കു
ന്നൊരൎജ്ജുനനെന്നുകേട്ടു * മന്ദാക്ഷഭാവംകൊണ്ടുംപ്രേമാനുരാഗംകൊ
ണ്ടുംസുന്ദരീസുഭദ്രയുംകുമ്പിട്ടാളപ്പോൾത്തന്നെ * കാൽവിരൽകൊണ്ടുള
വിവരച്ചുവരച്ചുടൻകോൾമയിക്കൊണ്ടുചെറുവിറച്ചുവിറച്ചേററം* നി
ല്ക്കുന്നസുഭദ്രയിൽചെല്ലുന്നചിത്തംതന്നെ നില്ക്കുന്നുവിലക്കീട്ടുപിന്നെ
യുംചൊന്നാൻപാൎത്ഥൻ * ഞാൻതന്നെധനഞ്ജയനാകുന്നതറികനീ താ
ന്തന്നെവരിക്കേണമെന്നെയെന്നറിഞ്ഞാലും * പിന്നെപ്പോയ്ലതാഗൃ
ഹംപുക്കിതുധനഞ്ജയൻകന്യകാസുഭദ്രയുംമന്മഥാതുരയായാൾ * ശില്പ
മായിരിപ്പൊരുപുഷ്പതല്പത്തിന്മേൽചെന്നു ത്തമാംഗിയുംവീണുമോഹി
ച്ചാളതുനേരം * കന്യകാഗൃഹത്തിങ്കലുണ്ടായവൃത്താന്തങ്ങളബ്ജ
നേത്രൻദിവ്യചക്ഷുസ്സുകൊണ്ടുകണ്ടാൻ * പത്മസംഭവയാകുംവിദൎഭ
പുത്രിയായ രുഗ്മിണിതന്നെനിയോഗിച്ചിതുഭഗവാനും * ഭിക്ഷുവിൻ
ഭിക്ഷാൎത്ഥമായന്നുതൊട്ടൎജ്ജുനനും ഭക്ഷ്യഭോജ്യാദികളിൽ വൈരാഗ്യമു
ണ്ടായ്വന്നു * സ്വസ്ഥയല്ലാതെവന്നുഭദ്രയാംസുഭദ്രയുമെത്രയും കൃശാംഗി
യായ്വിവൎണ്ണവദനയായ് * ശോകചിന്താദികൊണ്ടുനിശ്വാസമുണ്ടാക
യും ഭോഗസാധനങ്ങളിൽ വൈമുഖ്യമേറുകയും * താപ്പരൽകിടക്കുന്ന
ബാഷ്പവുംവാൎത്തുവാൎത്തു കോപ്പുകൾകണ്ടുമകളോടുദേവകിചൊന്നാൾ
* ദുഃഖിക്കവേണ്ട ബാലേകൈക്കൊൾകധൈൎയ്യമിപ്പോ ളുൾക്കാമ്പിൽ
നിനച്ചവയൊക്കവേസാധിപ്പിപ്പൻ * രാമകൃഷ്ണന്മാരോടുംഞാൻപറ
ഞ്ഞിനിനിന്റെ കാമത്തെവരുത്തുവനില്ലസംശയമേതും * ഇത്തരംപ
റഞ്ഞവൾദുഃഖവുമൊട്ടുപോക്കി സ്സത്വരംവസുദേവരോടുദേവകിചൊ
ന്നാൾ * വസുദേവനുംപുനരാഹുകനക്രൂരനും വസുദേവാത്മജനാംകൃ
ഷ്ണനുമതുനേരം * ഉഗ്രസേനനുംശിനിഗദനുമൊരുമിച്ചുരുഗ്മിണീസ
ത്യഭാമരോഹിണിദേവകിയും * ഒന്നിച്ചുപുരോഹിതൻതന്നെയുംകൂട്ടി
ക്കൊണ്ടുനന്നായി നിരൂപിച്ചുകല്പിച്ചുവിവാഹവും * ഉദ്ധവർതാനും
ബലഭദ്രരുമറിയാതെസത്വരംകഴിക്കേണമതിനുണ്ടുപായവും * അന്ത
കാന്തകൻതനിക്കുത്സവമുണ്ടാക്കേണ മന്തൎദ്വീപത്തിങ്കൽനാം നാലാ
ന്നാൾപോകവേണം * പുത്രമിത്രാദികളത്രങ്ങളോടൊരുമിച്ചു ചിത്രമാ
യ്ചാതുൎവ്വൎണ്ണ്യത്തോടെപോകയുംവേണം * പുഷ്പബാണാരിതനിക്കു
ത്തമമഹോത്സവംമുപ്പത്തുനാലുദിവസത്തിനുവേണംതാനും * കൃഷ്ണരാ
മാക്രൂരപ്രദ്യുമ്നസാത്യകിമുഖ്യ വൃഷ്ണികളൊക്കത്തക്കവിക്രമത്തോടുംകൂടി

* തോണികർചങ്ങാടങ്ങർവഞ്ചികർ പടവുകളാണ്ടപോകാതവളർ കപ്പലുംപലതരം * ആയതമിഴിമാരുമായുധജാലങ്ങളുമാരവാളുമുപകര ണങ്ങളും ദ ിജന്മാരും * പോവാനായൊരുമിച്ചനേരത്തുസുഭദ്രയും ദേവ കീസുതനോടുമെല്ലവേചൊല്ലീടിനാർ * ദ ാദശദിനംചെന്നുസന്ന്യാ സിവന്നിട്ടിപ്പോർ ഭ്രാതാവേ!വേണ്ടതുഞാനെന്തുർചെയ്യീടണം * പ്രീതിയുംവിനയവും ഭക്തിയുംവിശ ാസവുംഭീതിയുംകുതുകവുംലജ്ജയും പൂണ്ടുനില്പും * സോദരിതന്നെനോക്കിമന്ദഹാസവുംചെയ്തു സാദരമ രുർചെയ്തുമാധവൻതിരുവടി * എന്തൊന്നുസന്ന്യാസിതൻചിന്തിത മെന്നാലതിന്നന്തരംവരാതെനീ വശയായ്വർത്തിക്കേണം * എനിക്കും സന്ന്യാസിക്കുമിക്കണ്ടബന്ധുക്കർക്കും നിനക്കുംകല്യാണമായ്വരുമെന്ന റികനീ * സന്ന്യാസിവരനിവനെന്നറിഞ്ഞീലേനീയും ചെന്നിനിശു ശ്രൂഷിച്ചീടെന്നയച്ചിതുകൃഷ്ണൻ * ചിത്രമാല്യാനുലേപനാംബരാഭരണ ങ്ങളെത്രയുംവളരെസ്സംഭരിച്ചുയദുക്കളും * വിളിച്ചുപാഞ്ചജന്യംഭഗവാ നതുനേരംകളിച്ചുവിളിച്ചോക്കെപ്പുറപ്പെട്ടാർ * ഒളിച്ചുകൊണ്ടു പോവാനുറച്ചുകിരീടിയും മുളച്ചുമനോരഥംഫലിച്ചുസുഭദ്രയ്ക്കും* വിപൃഥു തന്നെവേറെവിളിച്ചുകൊണ്ടു മധുരിപുതന്നന്തർഗ്ഗതമഖിലമരുർചെയ്തു* പരിപാലിച്ചുകൊർകരാജ്യംനീ വഴിപോലെവരുവൻവൈകാതെഞാ നെങ്കിലങ്ങിനെയെന്നാൻ * കൃഷ്ണനെപ്പുരസ്കരിച്ചോക്കവേപുറപ്പെട്ടാർ വൃഷ്ണികർമഹോത്സവംപാലിപ്പാനതുകാലം * സുഭദ്രതന്നെമെല്ലെവി ളിച്ചുചൊന്നാൻപാർത്ഥൻ സുഭദ്രംഭവിക്കണംനമുക്കുമിനിബാലേ * ജന കൻഭ്രാതാമാതാമാതുലൻപിതൃഭ്രാതാ ഗുരുവെന്നേവംകന്യാദാനകർത്തൃ കക്രമം * നിന്നുടെപിത്രാദികർപുത്രമിത്രാദിയോടു മണ്ണവമദ്ധ്യേമേവു മന്തർദ്വീപവുംപൂക്കാർ * എന്നുടെബന്ധുക്കളുമിവിടെയടുത്തില്ലനി ന്നോടൊന്നുണ്ടുപറയുന്നുഞാനതുമൂലം * ഗാന്ധർവ്വവിവാഹമഞ്ചാമതെ ത്രയുംമുഖ്യം കാന്തലോചനേ!പുനരേതുമേമടിക്കേണ്ടാ * മന്ത്രതന്ത്രങ്ങ ളെല്ലാമന്യോന്യരാഗംകൊണ്ടേ സന്ധിക്കുസന്തതിയുമെന്നല്ലോചൊ ല്ലിമന്ദ * പക്ഷവുംമാസംതിഥികരണമയനവുമൃക്ഷവുംശുഭലഗ്നമെന്നി വവേണംതാനും * ഉത്തരായണമിപ്പോർവൈശാഖമല്ലോമാസം അ ത്തമാംനക്ഷത്രവുംശുക്ലപക്ഷവുംവന്നു * തിഥിയുംതൃതീയകേർവാരണ ക്കരണവുംമധുരാധരീകുലമൌലിമാലികേബാലേ! * മകരമല്ലോലഗ്നം പെരികെശ്ശുഭമേതും മകരവിലോചനേമകനുമുണ്ടായ്വരും * അസ്തമി ച്ചിതുസൂര്യ്യനട്ടുമുഹൂർത്തവു മുത്തരംപറയണമുത്തമേ!സുഭദ്രേനീ* മൌ നാനുവാദമോടെനിന്നിതുസുഭദ്രയും മാനസേജനകനെധ്യാനിച്ചുകിരീ ടിയും * വന്നിതുശചീദേവിതന്നോടുംവിണ്ണോർനാഥൻ പിന്നെയുമു ള്ളദേവസ്ത്രീകളുമൊക്കെവന്നാർ * വസിഷ്ഠനരുന്ധതിതന്നൊടുംകൂടെ വന്നു വസിച്ചുദേവമുനിനാരദൻതാനുംവന്നു * ഭഗിനീമനോരഥമറി ഞ്ഞിട്ടെഴുന്നള്ളി ഭഗവാൻബലഭദ്രനുറക്കംപുക്കശേഷം * ദേവകീവസു ദേവസാതൃക്യാദികളോടും ദേവദേവേശനെഴുന്നള്ളിനോരനന്തരം * കാശ്യപമഹാമുനിഹോതാവായിതുപിന്നെ * കാശ്യപീദേവപ്രൌഢ

ന്മാർപരികർമ്മംചെയ്താർ * മംഗലസ്ത്രീകൾവേണ്ടുംകർമ്മങ്ങൾക്കരുന്ധ
തി മംഗലദേവതയുംപൌലോമിദേവകിയും * സദസ്യാദികളെല്ലാംനാ
രദാദികളല്ലോതദത്യത്ഭുതതരംസുഭദ്രാസ്വയംവരം *ദേവകളോട്ടുംലോക
പാലന്മാരോടുംകൂടി ദേവേന്ദ്രനഭിഷേകംചെയ്തിതുതനയനം * ദേവനാ
രികൾപാട്ടമാട്ടവുംതുടങ്ങിനാർ ദേവദുന്ദുഭികളുംഘോഷിച്ചുനാദംപൂണ്ടു
* മകുടാംഗദഹാരകുണ്ഡലകടകാദിമകനശതമഖനണിഞ്ഞാനനവധി
* ഈവണ്ണംസ്വയംവരമുണ്ടായിട്ടില്ലയെന്നു ദേവകൾപോലുമൊക്കെസ്തു
തിച്ചാരതുനേരം * ദേവദേവേശനായകൃഷ്ണന്റെനിയോഗത്താൽ ദേ
വേന്ദ്രാദികൾ ചെന്നുനാകലോകവും പുക്കാർ * അജനവ്യയൻപരമാ
നന്ദമൂർത്തികൃഷ്ണൻ വിജയനോട്ടമെല്ലെരഹസിചൊല്ലീടിനാൻ * ഇരി
ക്കാമിതുപത്തുരണ്ടുനാളേയ്ക്കുപിന്നെ വരുത്തിത്തരുവൻ ഞാനെന്നുടെര
ഥംതന്നെ * സത്വരമന്നുതന്നെഗമിച്ചീടെന്നാൽനിന്നോ ടെത്തുകയില്ല
തടുത്തീടുവാനൊരുത്തരും * പിന്നെഞാൻബന്ധുക്കളുമായടുത്തൊരുദി
ന മിന്ദ്രപ്രസ്ഥത്തിങ്കലേക്കാമ്മാറുവന്നീടുവൻ * കുന്തീനന്ദനൻതന്നോ
ടീവണ്ണമരുളിച്ചെയ്തന്തർദ്ധീപത്തിന്നെഴുന്നള്ളിനാൻഭഗവാനും * ശ്രീ
രാമൻതിരുവടി സീതയോടെന്നപോലെ പൌരവൻസുഭദ്രയോടൊന്നി
ച്ചുമരുവിനാൻ * വിംശതിപരന്തിനദ്വിതയംചെന്നതിനിസ്സംശയമി
ല്ലപുറപ്പെട്ടുകവൈകീടാതെ * വിപ്രഭോജനംവേണംമൃഷ്ടമായെന്നുപാ
ർത്ഥനല്ലലനേത്രയായസുഭദ്രയോടുചൊന്നാൻ * വിപ്രഭോജനംനൽകി
സുഭ്രൂവാംസുഭദ്രയും വിഭ്രമത്തോടെകോപ്പിട്ടപ്പോഴേപുറപ്പെട്ടാൾ * ഉ
ഗ്രമാം വ്രതസമാപ്തിക്കപോകേണമതിന്നുഗ്രസേനന്റെരഥംവേണമെ
ന്നപേക്ഷിച്ചാൾ * രക്ഷികളതുകേട്ടരഥവുംയോജിപ്പിച്ചു തൽക്ഷണേ
നൽകീടിനാർകന്യകതാനുമപ്പോൾ * ഭർത്താവുതന്റെമുമ്പിൽനിർത്തി
നാൾമഹാരഥം വസ്ത്രധാന്യൌഷധനദാനവുംചെയ്യുന്നനായ് * തെളി
ച്ചീടണംതേരിന്നിനിക്കസുഭദ്രേ! ഞാനൊളിച്ചുകൊണ്ടുപോയതെന്നതു
മരുതല്ലോ * വിളിച്ചുപറയണംവിപൃഥുതന്നോടുഞാൻ കളിച്ചുയുദ്ധംചെ
യ്യുന്നതുനികണ്ടുകൊൾക * മാധവിമന്ദസ്മിതംചെയ്തുകമ്പിട്ടുനിന്നുമാധു
ര്യതരവാചാവാസവിയോടുചൊന്നാൾ * ചെയ്താലുമാകുംവണ്ണംജന്യം
ഞാൻപാത്രമത്രേ ചൈതന്യമേതുമിനിക്കില്ലെന്നോനിരൂപിച്ചു? * ബാ
ഹുജവംശംതന്നിലല്ലയോപിറന്നുഞാൻ ബാഹുവീര്യംപാരമുണ്ടല്ലോമ
ൽഭ്രാതാക്കൾക്കും * ബാഹുലേയോപമനാംഭർത്താവേ!ധരാധരവാ
ഹനസൂനോ പാണ്ഡുനന്ദന!കുന്തീസുത! * ഭാഗത്തിൽസമരസംയോ
ഗത്തിനൊത്തവണ്ണം വേഗത്തിൽക്കൂട്ടീടുവൻകാട്ടിക്കൊണ്ടാലുംശൌര്യം
* ഏതുമേകുറയുന്നീലെനിക്കപഠിച്ചതെൻ ഭ്രാതാവാകിയകൃഷ്ണന്മാധവ
നറിഞ്ഞാലും * ഇത്തരംസുഭദ്രതൻവാക്കുകൾകേട്ടുപാർത്ഥനെത്രയും
തെളിഞ്ഞുടൻതേരതിൽകരേറിനാൻ * മേഘനിർഘോഷംപോലെ
തേരുരുൾനാദംകേട്ട വേഗത്തിലടുത്തിതു പുരപാലന്മാരപ്പോൾ * മിട്ടു
ക്കകാട്ടുന്നവനേവനെന്നറിയേണംഅടുക്കവൈകാതെ നാമൊരുമിച്ചൊ
ക്കത്തക്ക * തടുക്കമുമ്പിൽപുക്കതിരിച്ചുനടക്കിലോ പിടിച്ചുകെട്ടി

ക്കൊൾകപടയ്ക്കു ഭാവിക്കിലോ * കൊട്ടുകവെട്ടുംകുത്തുംകട്ടക്കെന്നിനി
യെന്ന നടിച്ചുചെന്നുശരംപൊഴിച്ചാരതുനേരം * തട്ടത്തുശരങ്ങളാൽ
മുറിച്ചുകിരീടിയും പടുതരമോടുശരംപൊഴിച്ചുതുടങ്ങിനാൻ * പ്രാസാ
ദധ്വജസ്തംഭഹർമ്മ്യഗേഹങ്ങൾതോറു മാസാരംതുടങ്ങിനാൻ ബാണ
ങ്ങൾകൊണ്ടുപാർത്ഥൻ * ഒക്കെയൊന്നിളക്കിനാൻതൽപ്പുരമതുനേരം
പക്ഷിനായകൻതാർക്ഷ്യനംബുധിയെന്നപോലെ * രൈവതകാദ്രി
ദ്വാരംപ്രാപിച്ചുധനഞ്ജയൻ ദൈവതാജ്ഞയാക്കൂടെദേവനായകസുതൻ
* വിപൃഥുപൃഥാസുതൻപിറകേചെന്നുവൃഥാ നിഭൃതംവിപാഠങ്ങളുമന്നു
പ്രയോഗിച്ചാൻ * അസ്ത്രങ്ങൾവരൂഥങ്ങളീഷങ്ങൾയുഗങ്ങളും കൃന്ത
നംചെയ്താൻദൃഢബന്ധുരസൂത്രങ്ങളും * ആഭരണാദികളുമായുധജാല
ങ്ങളും കോപേനകളഞ്ഞിതുസവ്യസാചിയുമപ്പോൾ * വിധനുഷ്കരന്മാ
രായ്‌വിരഥന്മാരുമായാർ വീഥിയിലാശുവീതകവചന്മാരുമായാർ * വാ
ങ്ങിച്ചുപടയെല്ലാം വിപൃഥുപിന്നെച്ചെന്നുപാങ്ങായ്‌നിന്നുരചെയ്താൻ മാ
ധവനിയോഗങ്ങൾ * തേരിതുഭഗവാന്റെതാകുന്നതറിഞ്ഞാലും പാരാ
തെഭവാനുനൽകീടുവാനരുൾചെയ്തു * വാസവതനയനുംവന്ദിച്ചുവാ
ങ്ങിക്കൊണ്ടു വാസുദേവന്റെതേരിലാമ്മാറുകരേറിനാൻ * പാർത്ഥവി
ക്രമംചെന്നുതോറ്റവരറിയിച്ചാർ പാർത്ഥോരുസഭാപാലൻഭേരിയുമടി
പ്പിച്ചാൻ * വൻപിച്ചപെരുംപറനാദത്തെക്കേട്ടുനേരം വൻപരാംവൃ
ഷ്ണ്യന്ധകഭോജന്മാരോടിവന്നാർ * മാധവനവരെയുംപറഞ്ഞുപതുപ്പി
ച്ചാൻ മാധവിയോടുംകൂടി വാസവിതാനുംപോയാൻ * രൈവതക
വുംപുരോദ്യാനവുംകടന്നഥ ദിവ്യനാംസവ്യസാചികടന്നാൻഗിരിവ്രജം
* ഉജ്ജയിനിയുമുപവനങ്ങൾവനങ്ങളും നിർജ്ജരാലയംതോല്ക്കുമാന
ർത്തവിഷയവും * സജ്ജനബഹുലമാംദിക്കുകൾപലവുംകണ്ടർജ്ജുനൻ
ധേനുമതിയാകിയതീർത്ഥംകണ്ടു * മജ്ജനംചെയ്തുതത്രപിന്നെയുംനട
കൊണ്ടാൻ ദുർജ്ജനകുലകാലൻദുഷ്കൃതമൊക്കെനീക്കി * നിർജ്ജരവരസു
തൻവിജ്വരതേജസ്സോടും സജ്യമാംധനുസ്സോടും സത്വരംപോകുന്നേ
രം * കണ്ടിതങ്ങശ്വരോധസദസ്സും ധനഞ്ജയൻ വിണ്ടലർകുലവൈരി
പുണ്ഡരീകാക്ഷപ്രിയൻ * അർബ്ബുദമദ്രികൾകണ്ടത്ഭുതംപൂണ്ടുപാർത്ഥൻ
ചൊല്ലൊണ്ടുംകരവതീനദിയുംകടന്നുപോയ് * സാലേയരാഷ്ട്രങ്ങ
ളും നിഷധവിഷയവും പാല്യമാംദേവപഥപുരവുംകടന്നുപോയ് *
ചെന്നിതുദേവാരണ്യംതങ്കലെന്നറിഞ്ഞാലും വന്നുസല്ക്കാരംചെയ്താർ
മാമുനിജനങ്ങളും * കൗരവവിഷയംപ്രാപിച്ചിതുധനഞ്ജയൻ
പൗരന്മാരറിഞ്ഞതില്ലദ്ദിനമൊരുവരും * പുരത്തിൽക്രോശമാത്രമട്ടു
ത്തുണ്ടൊരുഗോഷ്ഠം സുരശ്രേഷ്ഠാത്മജനവിടെവിശ്രമിച്ചാൻ * ബാലി
കാകുലമൗലിമാലികേസുഭദ്രേ ഗോപാലികാവേഷംപൂണ്ടുനീയിനിരാ
ജ്യംപൂക * വന്ദിക്കകുന്തിയേയുംപാഞ്ചാലപുത്രിയേയും സുന്ദരഗാത്രി!
പരീക്ഷാർത്ഥമാമോദപൂർവ്വം * ഗോപാലനാരിയുടെവേഷംപൂണ്ടവള
പ്പോൾ ഗോപാലനാരിമാരുമായകംപുക്കനേരം * കുന്തിയെച്ചെന്നു
കണ്ടുവന്ദിച്ചാളവളേറ്റംസന്തോഷംപൂണ്ടുപൂണ്ടു ഗാഢാശ്ലേഷവുംചെ

യ്താൾ * കൃഷ്ണനിൽഭക്തിപൂണ്ടകൃഷ്ണയുമതുപോലെ കൃഷ്ണസോദരിതന്നി ലെത്രയുംപ്രേമംപൂണ്ടാൾ * പാൎത്ഥിവൻധൎമ്മപുത്രാദിയാം മഹാജ നംപാൎത്ഥവൃത്താന്തപരമാൎത്ഥങ്ങളറിഞ്ഞപ്പോൾ * അത്ഭുതാലംഗപ്പു ടയോടുചെന്നെതിരേററു ചീൎത്തകല്യാണഘോഷത്തോടകംകൊണ്ടശേ ഷം * ആൎത്തിതീൎന്നാനന്ദിച്ചാരഗ്രജാനുജാദികളോൎത്തുകാരുണ്യമൂൎത്തി തൻടെകൃപാബലം * തീൎത്ഥയാത്രയുംകഴിഞ്ഞാസ്ഥയാധനഞ്ജയൻ പെത്തുതൻഗുരുഭൂതന്മാരെയുംവണങ്ങിനാൻ * മാദ്രീനന്ദനന്മാരും പാൎത്ഥനെവണങ്ങിനാരാൎദ്രമാനസത്തൊടുംപുൽകിനാൻകിരീടിയും * പ്രേമമാനസയായപാഞ്ചാലിതന്നിക്കള്ളിലാമയമതുംതീൎത്തു ബന്ധുവൎഗ്ഗ ങ്ങളോടും * നേത്രമോഹനതരഗാത്രിയാംസുഭദ്രയെ പേൎത്തുമാശ്ലേഷം ചെയ്തു സുഖിച്ചുമരുവിനാൻ *

സുഭദ്രയ്ക്കുസ്ത്രീധനംകൊടുപ്പാൻ രാമകൃഷ്ണാദികളുടെ ആഗമനം.

അക്കാലംബലഭദ്രനാദിയാംയദുക്കളും പുഷ്കരവിലോചനനാകി യ ഭഗവാനും * സ്ത്രീധനംകൊടുപ്പാനായ്പാണ്ഡവന്മാൎക്കദിവ്യ സ്ത്രീധ നാദികളോടുംവന്നിതുസന്തോഷത്താൽ * വേറിട്ടുപോയ ജീവൻ പിന്നെയുംവന്നപോലെ പാരിച്ചമോദംപൂണ്ടുവേഗത്തോടെതിരേ ററാർ * അന്തികേകാണായ്വന്നൊരന്തരാത്മാനംനിത്യം ബന്ധുവാംകൃ ഷ്ണൻതന്നെച്ചിന്തിച്ചവണ്ണംകണ്ടു * സന്താപമകന്നുള്ളിൽസന്തോ ഷംവായ്ക്കുംവണ്ണം സന്തതാനന്ദംപൂണ്ടുകുന്തീനന്ദനന്മാരും * സഹ സ്രംരഥങ്ങളുംസഹസ്രംഗജങ്ങളും സഹസ്രംശിബികകൾസഹസ്രം ദാസികളും * പ്രീത്യാനൽകിയശേഷംപിന്നെയുംകൊടുത്തിതു ജാത്യ ശ്വരഥികളും നൂററിരുപത്തഞ്ചല്ലോ * നിയുതംശീലഗുണമേറിയപ ശുക്കളും പ്രയുതംനരന്മാരാൽചുമന്നിട്ടുള്ളപൊന്നും * ഉത്തമതരമായഭൂ ഷണംനൂറുഭാരം മുത്തുമാലകളനൎഘ്യങ്ങളായവനൂറും * പവിഴമാലക ളുമായിരമതുപോലെ സുവൎണ്ണപദപീഠങ്ങളുമാസ്തരണങ്ങൾ * ദിവ്യങ്ങ ളായിട്ടുള്ളവസ്ത്രകംബളങ്ങളും സൎവ്വവിസ്മയകരംകാഞ്ചനപാത്രങ്ങളും * രാമകൃഷ്ണന്മാർമഹാധനരത്നൗഘങ്ങളും സോമവംശോൽഭൂതനാംഭൂമി പാലനുനൽകി * ചൊല്ലെഴുമജാതശത്രുക്ഷിതിപതിവര നെല്ലാമേപ രിഗ്രഹിച്ചവരെസ്സമ്മാനിച്ചാൻ * പാനഭോജനകളഭാദിഭോഗങ്ങൾ കൊണ്ടുമാനന്ദിച്ചേഴുദിനംകല്യാണഘോഷത്തോടും * കഴിഞ്ഞോ രനന്തരംരാമാദിയദുക്കളുമിഴിഞ്ഞുപറഞ്ഞുടൻ പോവാനായ്പുറപ്പെ ട്ടാർ * പരിരംഭണംചെയ്തുഭഗിനിതന്നെരാമൻ ഭരിച്ചുകൊൾനീയെന്നു പാഞ്ചാലിയോടുചൊല്ലി * തെളിഞ്ഞുപിതൃഷ്വസാവിനെയുംവണ ങ്ങിപ്പോയ് വിളങ്ങുംദ്വാരാവതിപുക്കിതുപടയോടെ * ഉല്പലവിലോ ചനൻചില്ലുമാൻനാരായണൻ മുപ്പത്തുനാലുദിനംഫൽഗുനനോടുംകൂടി * ശക്രപ്രസ്ഥത്തിങ്കൽവാണരുളിസുഖത്തൊടെ ശക്രനന്ദനൻതാനുമ തിനാലാനന്ദിച്ചാൻ * അഭിമന്യുവിനെയും പെററിതുസുഭദ്രയും ദ്രുപ ദപുത്രിതാനുമഞ്ചുമക്കളെപ്പെററാൾ * ധൎമ്മാത്മജൻപ്രതിവിന്ധ്യനെ ന്നറിഞ്ഞാലും ധൎമ്മാത്മാഭീമാത്മജനായതുസുതസോമൻ * മഘവൽപു

ത്രാത്മജൻകൃതവർമ്മാവുതാനും നകുലതനയനാകുന്നതുശതാനീകൻ സ
ഹദേവന്റെപുത്രൻശ്രുതസേനനുമല്ലോ * ഏകവത്സരംവയസ്സന്തര
മുണ്ടുതമ്മി ലേകിനാനഭീഷ്ടദാനങ്ങളുംയുധിഷ്ഠിരൻ *

ഖാണ്ഡവദാഹം.

സുഭദ്രാവിവാഹവുംകഴിഞ്ഞുധനഞ്ജയൻ നിർബ്ബാധാനന്ദംസുഖി
ച്ചിരുന്നീടിനകാലം * ഉൾക്കമെലത്തിൽവാഴ്ചമാധവനോട്ടുംകൂടി നി
ർഗ്ഗമിച്ചിതുവനക്രീഡയ്ക്കുവനംതോറും * ആളികളോടുചേർന്നുഭാര്യമാരോ
ട്ടുംകൂടി കാളിന്ദീതീരത്തിങ്കൽകേളിപൂണ്ടിരിക്കുന്നാൾ * കൃഷ്ണവസ്ത്രവും
ധരിച്ചേറ്റവുംതേജസ്സോടും കൃഷ്ണന്മാരോടുപറഞ്ഞീടിനാനൊരുവിപ്ര
ൻ * ബ്രാഹ്മണശ്രേഷ്ഠൻബഹുഭോക്താവെന്നറികെന്നെ ധാർമ്മികന്മാ
രേ! നിങ്ങളൊന്നുണ്ടുവേണ്ടതിപ്പോൾ * ഒരുനാളുമേതൃപ്തിവരുമാറില്ല
മമ തരുവിൻതൃപ്തിവരുവോളവുമന്നംനിങ്ങൾ * എത്രചോറുണ്ണാമെ
ന്നാലത്രചോറുണ്ടാക്കീടാ മെത്രയുണ്ടപേക്ഷയെന്നവരുംചോദ്യംചെ
യ്താർ * എങ്കിൽഞാനഗ്നിയല്ലോഖാണ്ഡവവനമൊക്കെ ത്തീയിങ്കലപേ
ക്ഷയുണ്ടെന്നതുമറിയേണം * തക്ഷകനിരിക്കുന്നകാനനമാകകൊണ്ടു
രക്ഷിച്ചീടുന്നുശക്രൻസഖ്യമന്യോന്യംതമ്മിൽ * ദഹിപ്പാൻതുടങ്ങു
മ്പോൾവരിഷിച്ചീടുമിന്ദ്രൻ മഹതാമുള്ളനിങ്ങളതിനെത്തടുക്കണം *
ഹവ്യവാഹനനാകുമിനിക്കില്ലാവതേതും ദിവ്യാസ്ത്രജ്ഞന്മാർനിങ്ങളെ
ന്നുഞാൻകേൾപ്പുപണ്ടേ * സവ്യസാചിയുമതുകേട്ടവനോടുചൊ
ന്നാൻ ദിവ്യാസ്ത്രങ്ങളിൽ ചിലതറിഞ്ഞിട്ടില്ലെന്നില്ല * ഇല്ലല്ലോതേരും
വില്ലുമാവനാഴികയതും നല്ലവാജികളുമില്ലെങ്ങിനെതടുപ്പൂഞാൻ * എ
ന്നെല്ലാംധനഞ്ജയൻചൊന്നതുകേട്ടനേരം നിന്നൊരുധനഞ്ജയൻധ്യാ
നിച്ചുവരുണനെ * വന്നിതുവരുണനുമവനോടഗ്നിചൊന്നാ നിന്നൊ
രുകാര്യം ചിന്തിച്ചേത്തിതുഭവാനെഞാൻ * കപിലക്ഷണധ്വജരഥ
വുംമനോവായുജവങ്ങളായസിതതുരഗവരങ്ങളും * ശരങ്ങളൊടുങ്ങാ
തൊരാവനാഴികയതും പാന്മാരൊട്ടങ്ങിട്ടുമായുധജാലങ്ങളും * ഗാ
ണ്ഡീവമായധനുരത്നവുംകൊടുക്കണം പാണ്ഡവനായധനഞ്ജയനുമടി
യാതെ * എങ്കിലോനൽകാമെന്നുചൊല്ലിനാൻവരുണനും പങ്കജനേ
ത്രാജ്ഞയാവാങ്ങിനാൻകിരീടിയും * രഥത്തെപ്രദക്ഷിണംചെയ്തുകുമ്പി
ട്ടുകൂപ്പി സ്തുതിച്ചുഗുരുവിനെസ്മരിച്ചുവഴിപോലെ * ദേവതമാരെയൊ
ക്കെവെവ്വേറെവണങ്ങീട്ടു ദേവരാജാത്മജനുംതേരതിൽകരേറിനാൻ
* ബദ്ധഗോധാംഗുലിത്രയുക്തനായ് ഖഡ്ഗിയായ്സന്നദ്ധനായ്ക്കവ
ചിയായ്ബ്രഹ്മനിർമ്മിതമായ * ഗാണ്ഡീവധനുസ്സുമായ്ശോഭിച്ചാന
ന്നേരം പാണ്ഡുനന്ദനനായകൌന്തേയനിന്ദ്രപുത്രൻ * എങ്കിലോദ
ഹിച്ചാലുംഖാണ്ഡവാരണ്യമെന്നാൻ പങ്കജനേത്രനോടുകൂടവേകിരീടി
യും * പിടിച്ചുദഹനനുംദഹിച്ചുതുടങ്ങിനാൻ പിടച്ചിൽതുടങ്ങിനാർ
ദുഷ്ടജന്തുക്കളെല്ലാം * പാണ്ഡവകരഗതഗാണ്ഡീവവിലാസവും ഖാ
ണ്ഡവാരണ്യഗതപാവകവിലാസവും * പന്നഗപക്ഷിമൃഗജാലങ്ങൾ

ദഹിച്ചൊക്കെ സ്സ്നാങ്ങളാകുന്നേരമുണ്ടായവിലാപവും * പക്ഷികൾ
പറന്നന്തരിക്ഷപൊങ്ങീടുന്നേരം പക്ഷങ്ങൾകരിഞ്ഞുവെന്തഗ്നിയിൽ
പതിക്കയും * വൃക്ഷങ്ങൾവെന്തുപൊട്ടിയലറിവീഴുന്നതു മൃക്ഷങ്ങൾ
ചാടിച്ചാടിപ്പിടഞ്ഞുകേഴുന്നതും * ഒട്ടൊഴിയാതെകേട്ടുരുഷ്ടനായ്ശത
ക്രതു പുഷ്ടമേഘങ്ങളോടുംനിഷ്ഠുരനാദത്തോടും * ദൃഷ്ടികൾചുവപ്പിച്ചു
ദേവവാഹിനിയോടും നഷ്ടമാക്കുവനഗ്നിതന്നെഞാൻകണ്ടുകൊൾവി
ൻ * നന്ദനനെന്നാകിലുംസോദരനെന്നാകിലും നിന്ദിച്ചാലൊട്ടുക്കുവ
ന്നില്ലസംശയമേതും * ഇത്തരംപറഞ്ഞുതൻമത്തേഭൻകഴുത്തേറി സതപ
രംവജ്രമോങ്ങിക്രുധനാംവൃത്രാരാതി * കെല്ലോടുപുറപ്പെട്ടുസേനാനാ
യകനോടും കല്പാന്തവരിഷവുംതുടങ്ങിയതുനേരം * നിഷ്ഠുരതരമിടി
വെട്ടിയും ത്രിഭുവനം ഞെട്ടിയുംമരംവെന്തുപൊട്ടിയുംതെരുതെരെ * ദൃ
ഷ്ടികൾമിന്നൽകൊണ്ടുനഷ്ടമായ്ചമകയും വൃഷ്ടികൾകരികരാകാരമാ
യ്ചൊരികയും * ഘോരമാരുതവേഗാലോരോരോദിക്കുകളും വാരി
ധിപൂരങ്ങളുമിളകിമറിയുന്നു * അഭ്രസഞ്ചയംപരനാഭ്രവുംമറയുന്നു വിഭ്ര
മംപൂണ്ടുജഗദ്വാസികൾമറുകുന്നു * ശുഭ്രലീലകളേറുസൎപ്പങ്ങളുരുകു
ന്നു ശ്വഭ്രങ്ങൾതോറുമുഷ്ണമുൾപ്പുക്കപിടയുന്നു * ഗന്ധവാഹനനഗ്നി
തനിക്കുംദേവേന്ദ്രനും ബന്ധുവായ്നിന്നാൻവിദഗ്ദ്ധന്മാരങ്ങിനെയുള്ളു
* പെയ്യോരുമഴകണ്ടനേരത്തുശരക്കൂടം ചെയ്യോരുജിഷ്ണുതന്റെചൈത
ന്യമെന്തേചൊല്ലു * കൈതവമൂൎത്തികൃഷ്ണൻതന്നുടെവൈഭവത്താൽ
കൈതളൎന്നിതുകാളമേഘങ്ങൾക്കെല്ലാമപ്പോൾ * പ്രഥനംപൃഥാത്മജ
നോടുചെയ്തമരേന്ദ്രൻ പൃതനതോറുവൃഥാഫലമായ്ചമഞ്ഞപ്പോൾ *
കൃഷ്ണസാരഥിയായജിഷ്ണുദിവ്യാസ്ത്രങ്ങളാൽ ജിഷ്ണുതന്മദമടക്കീടിനാനതു
നേരം * ജിഷ്ണുതാനനുവദിച്ചീടിനാൻധനഞ്ജയൻ ജിഷ്ണുചെന്നഗ്നിഭ
വാദികാംതോററതുമൂലം * ഘോരമശരീരിവാണിയുമുണ്ടായ്വന്നു വി
ണ്ണവർകോനേ!നീപോയടങ്ങിക്കൊൾകനല്ലൂ * തക്ഷകൻകുരുക്ഷേത്രം
പുക്കിരെന്നറികനീ സഖ്യത്തിനേതുമൊരുവിഘ്നവുംവന്നീലല്ലോ * കൃ
ഷ്ണപാണ്ഡവന്മാരെജ്ജയിപ്പാനരുതാക്കം കൃഷ്ണപാദാബ്ജങ്ങളിൽ വന്ദി
ച്ചുകൊൾകനല്ലൂ * നരനാരായണന്മാരോടഭിമാനിപ്പാനെന്തൊരു കാ
രണമതുമൈശ്വൎയ്യമദമല്ലോ * എന്നതുകേട്ടുവാങ്ങിപ്പോന്നിതുമഹേ
ന്ദ്രനും വഹ്നിയുംപിന്നെനന്നായ്ദഹിച്ചുതുടങ്ങിനാൻ * വാരണവ്യാ
ഘ്രഹരിസൂകരസൎപ്പാദിയാ മാരണ്യജന്തുവൎഗ്ഗമാരണകാരണമാം * ദാരു
ണവഹ്നിജ്വാലാമാലകൾകത്തിപ്പൊങ്ങി ശോഭിച്ചുഭുവനവുംഫൽഗുന
കൃഷ്ണന്മാരും ക്ഷോഭിച്ചുസമുദ്രദ്വീപാദ്രിവൃന്ദവുമെല്ലാം * തക്ഷകാലയ
ത്തിങ്കലിരുന്നമയാസുരൻ തൽക്ഷണേപുറപ്പെട്ടുമണ്ടിനാൻഭയത്തോ
ടെ * ഭക്ഷണമിനിക്കിതിന്നയയ്ക്കുന്നില്ലെന്നാശു ശുക്ഷണിതാനു
മാശുചെന്നിതുബുഭുക്ഷയാ * കൃഷ്ണവൎത്മാവുശീഘ്രംപിന്നാലെചെ
ല്ലുന്നേരം കൃഷ്ണൻതൃച്ചക്രവുമായടുത്താനതുനേരം * രക്ഷണത്തിന്നാ
രെയും കാണാഞ്ഞുമയാസുര നക്ഷീണഭയംപൂണ്ടുശരണംപുക്കീടിനാൻ *
ഹാ!ഹാ!പാണ്ഡവ!പാൎത്ഥ! ഹാഹാ!ഫൽഗുന!ജിഷ്ണോ പാഹിമാംഭ

വാനഹോ പാഹിമാംഭവാനഹോ! * പാൎത്ഥനമാൎത്തനാദംകേട്ടപോ
ത്തരചെയ്താ നാസ്ഥയാപേടിക്കേണ്ടാ നീയെന്നതുടനുടൻ * നമുചിഭ്രാ
താവാകും മയനാം ദനുജേന്ദ്രനമരപ്രൌഢാത്മജനഭയംനൽകീടിനാൻ
* വഹ്നിയുംദഹിപ്പതിനിച്ഛിച്ചീലതുനേരം പിന്നെയുമൎജ്ജുനനുമുണ്ട
ല്ലാദഹിയാതെ * അശ്വസേനനുംപിന്നെനാലുശാൎങ്ഗകങ്ങളും നി
ശ്ശേഷംദഹിച്ചിതുഖാണ്ഡവംമറെറല്ലാമെ * മുനിനായകനായവൈശ
മ്പായനനോടു ജനമേജയനൃപനന്നേരംചോദ്യംചെയ്താൻ * ശാൎങ്ഗ
പക്ഷികൾനാലുംഖാണ്ഡവംദഹിച്ചപ്പോൾ വാണിരിപ്പായതിനെന്തു
കാരണംദഹിയാതെ * എന്നതുകേട്ടുമുനിവൈശമ്പായനൻചൊന്നാൻ
മന്നവ! ശാൎങ്ഗങ്ങൾവേകാഞ്ഞതിൻമൂലംചൊല്ലാം *

മന്ദപാലോപാഖ്യാനം.

ധൎമ്മജ്ഞന്മാരിൽമുഖ്യനാകിയതപോനിധി നിൎമ്മലൻമന്ദപാല
നാകിയമഹാമുനി * ബ്രഹ്മചൎയ്യവുംദീക്ഷിച്ചിരുന്നുചിരകാലം ബ്രഹ്മ
ജ്ഞാനവുംപൂണ്ടുപിതൃലോകവുംപുക്കാൻ * അക്കാലംസുഖലേശംസിദ്ധി
യാഞ്ഞതുകണ്ടു ദുഃഖിച്ചുമന്ദപാലൻദേവകളോടുചൊന്നാൻ * അന്തരം
തപസ്സിനുഞാനേതുംവരുത്തീതില്ലെ ന്തൊരുകൎമ്മമിനിക്കിങ്ങനെവന്ന
തോൎത്താൽ * ദേവകൾവിചാരിച്ചുചൊല്ലിനാരതുകേട്ടു താവകമായ
ദുഃഖകാരണംകേട്ടാലുംനീ * മൂന്നൃണത്തോടുകൂടിമാനവൻജനിക്കുന്നു
മൂന്നുംവീട്ടീടുന്നവൎക്കൂൎദ്ധ്വലോകങ്ങളുണ്ടാം * ബ്രഹ്മചൎയ്യത്തെക്കൊണ്ടും
നിത്യയജ്ഞത്തെക്കൊണ്ടുംനിൎമ്മലപ്രജകൊണ്ടുംവീട്ടേണമിവമൂന്നും *
എന്നതിൽപുത്രോല്പത്തിചെയ്തീലഭവാൻമുന്ന മെന്നതുവിരോധമാകുന്ന
തുഗതിക്കിപ്പോൾ * എങ്കിൽഞാൻഭൂമൌതന്നിൽചെന്നിനിപ്രജകളെസ്സ
ങ്കടംതീൎത്തീടുവാനുല്പാദിക്കുന്നേൻദ്രുതം * കുറഞ്ഞകാലംകൊണ്ടുവളരെ
പ്രജകളെ പ്പെറുന്നജന്തുക്കളേതെന്നതുനിനച്ചവൻ * പക്ഷിവൎഗ്ഗത്തി
ൽശാൎങ്ഗമായ്ജനിച്ചാത്മജ്ഞാന മുൾക്കാമ്പിലുറപ്പിച്ചുപിതൃക്കൾ
കടംതീൎപ്പാൻ * ജരിതയെന്നപേരാംപത്നിതന്നോടുംകൂടി പെരികെസ്സ
ഖംപൂണ്ടുഖാണ്ഡവംതന്നിൽവാണാൻ * നാലുപുത്രന്മാരെയുംജനിപ്പി
ച്ചതുകാലം ബാലന്മാരെയുമവൾതന്നെയുമുപേക്ഷിച്ചാൻ * ലപിത
യോടുംകൂടിവസിച്ചുമന്ദപാലൻ വിപിനേബാലന്മാരെബ്ഭരിച്ചുജരിത
യും * പാവകനതുകാലംഖാണ്ഡവംദഹിപ്പാനായ്പ്പോവതുകണ്ടുമന്ദപാല
നുമരുൾചെയ്തു * ദേവകൾക്കെല്ലാംമുഖമാകുന്നഭഗവാനേ! പാവക
ദേവ! ഭവാനൊന്നുചെയ്യേണമിപ്പോൾ * എന്നുടെസുതന്മാരെദ്ദഹിയാതി
രിക്കണം നിന്നുടെകാരുണ്യത്താലെന്നതുകേട്ടനേരം * അങ്ങനെതന്നെ
യെന്നുപാവകനരുൾചെയ്തു മങ്ങാതെകാന്തിയോടെനടന്നുദഹനനും *
അരണ്യംതന്നിൽപിടിപെട്ടിതുവഹ്നിദേവൻകരഞ്ഞുതുടങ്ങിനാൾ ജരി
തതാനുമപ്പോൾ * നിൎഘൃണനായപിതാവിവറെറയുമുപേക്ഷിച്ചാൻ
ദുഃഖിക്കുമാറായിഞാൻപൈതങ്ങളിവരോടും * പറക്കപ്പോകാതെയും
വന്നിതുബാലന്മാൎക്കു നിരക്കെപ്പിടിപെട്ടുവനത്തിലഗ്നിതാനും * ഞാ
നിനിയിവറെറയെന്തോൎത്തതെൻതമ്പുരാനെ കാനനത്തിങ്കലഗ്നിപിടി

ച്ചുനാലുപാട്ടം * ഇങ്ങനെകരയുമ്പോൾപൈതങ്ങളുരചെയ്താ രെഞ്ഞാ
നംപൊയ്യോൾകമ്മേനീക്കുടെമരിക്കേണ്ട * ഞങ്ങൾചാകിലാപിന്നെ
ബ്ലെററുസന്തതിയുണ്ടാ മെങ്ങനെയുണ്ടാകുന്നനീക്കുടെമരിക്കിലോ * ഞ
ങ്ങളെസ്സ്നേഹിച്ചുനീസന്താനംമൂടിരക്കേണ്ട മംഗലംവന്നുകൂട്ടംപിന്നെയു
മെന്നേവരു * അല്ലായ്കിൽതാതൻചെയ്തതൊക്കെനിഷ്ഫലമല്ലോ നല്ല
ലോകങ്ങൾകിട്ടാതാതനെന്നതുംവരും * എന്നതുകേട്ടുപറഞ്ഞീടിനാൾ
ജരിതയു മെന്നുടെപൈതങ്ങളെ! നിങ്ങളുമൊന്നുവേണം !* ഇക്കണ്ടമര
ത്തിൻകീഴുണ്ടെലിമടയതിൽ പുക്കുകൊള്ളുവിൻനിങ്ങളെന്നാൽഞാനൊ
ന്നുചെയ്യുൻ * പൂഴികൊണ്ടതിൻമുഖംമൂടിവെയ്ക്കുയുംചെയ്യാമൂഴിതന്റതാ
ഴെതീയുംതട്ടുകയില്ലയല്ലോ * കീഴേപോയ്ക്കിടന്നുകൊണ്ടീടുവിൻതീയാ
റിയാൽ പൂഴിയുംനീക്കിക്കൊണ്ടുപോന്നുകൊള്ളുവിനല്ലോ * പൈതങ്ങ
ളതുകേട്ടുമാതാവോടുരചെയ്താർ പൈദാഹത്തോടുമെവുന്നെലിയുണ്ടരി
ലമ്മേ * പറപ്പാൻചിറകില്ലനടപ്പാനില്ലകാലുമിറച്ചികണ്ടാലെലിപിടി
ച്ചുതിന്നുമല്ലോ * ജന്തുക്കൾഭക്ഷിച്ചിട്ടുമരിക്കുന്നതിനെക്കാൾ വെന്തുചാ
കുന്നതത്രേഗതിയെന്നറിഞ്ഞാലും * ത്താവുതന്നെപ്രാപിച്ചുത്തമന്മാരാ
യുള്ള പുത്രന്മാരെയുംലഭിച്ചീടുകമാതാവേനീ * എന്നതുകേട്ടനേരംവ
ന്നൊരുശോകത്തോടെ തന്നുടെപൈതങ്ങളെനോക്കിയുംകരഞ്ഞിട്ടും *
പിന്നെഞാൻപറക്കയുംമറിഞ്ഞുനോക്കുകയു മെന്നുടെകമ്മമെന്നുകല്പിച്ചു
പോയാളവൾ * അഗ്നിയുംകത്തിക്കത്തിച്ചെന്നുട്ടുനിളുതാപമഗന്മാരാ
യപക്ഷിപോതങ്ങൾചൊന്നാരപ്പോൾ * അഗ്രജൻജരിതാരിശാരിസൃക്ക
ന്നിവിന്നെ ചൊല്ക്കൊള്ളുംസ്തംബമിത്രൻദ്രോണനുമൊരുമിച്ചു * നാ
ലുദിക്കിലുംകൂടിക്കത്തിപ്പൊങ്ങീട്ടു മഗ്നിജ്വാലാമാലകൾകണ്ടിട്ടാകുലപ്പെ
ട്ടുനേരം * ഹിരണ്യരേതസ്സിനെസ്തുതിച്ചുതുടങ്ങിനാൻ ജരിതാരിയും
തൊഴുതധികംഭക്തിയോടെ *

ശാർങ്ഗപക്ഷികളുടെ ജാതവേദസ്തുതി.

ലോകങ്ങൾക്കെല്ലാംപ്രാണനാകിയവായുതനി ക്കേകാത്മാവായ
ചൈതന്യാത്മകൻഭവാനല്ലോ * ജീവനമായൊരമൃതത്തിനുയോനിയാ
യ പാവകനാകുന്നതുനിന്തിരുവടിയല്ലോ * ദേവകളുടെമുഖമായതും
വാനല്ലോ സ്ഥാവരജംഗമങ്ങളുള്ളിൽവാണീടുന്നതും * കേവലഭൂതനാ
യനിന്തിരുവടിയല്ലോ താവകമഹിമാനമാക്കറിയാവുനാഥ! * പക്ഷി
പോതങ്ങളായഞങ്ങളെദ്രഹിയാതെ രക്ഷിച്ചീടുകവേണംകാരുണ്യമൂ
ർത്തേ!പോററീ! * ഈവണ്ണംജരിതാരിദേവനെസ്തുതിചെയ്താ നാവോളം
ഭക്തിപൂണ്ടുതസഹോദരനാകും * ശാരിസൃക്കനുംവഹ്നിദേവനെസ്തുതി
ചെയ്താൻ പാരിച്ചഭയംതീർത്തുപാലിച്ചുകൊൾവാനായി! * ഹവ്യവാഹ
നനായനിന്തിരുവടിയല്ലോ ഹവ്യമായീടുന്നതുംകവ്യമായീടുന്നതും *
ഗവ്യാദിബഹുവിധദ്രവ്യങ്ങളാകുന്നതും ദിവ്യന്മാരുള്ളിലുള്ളോരന്ധകാര
ങ്ങൾനീക്കി * നിർവ്യാജമാത്മജ്ഞാനാത്മകനായ് ശോഭിച്ചീടുമവ്യയാ
നന്ദനായൊരവ്യക്തനാകുന്നതും * സുവ്യക്തംസകലലോകവ്യാപ്തനാകു
ന്നതും വ്യോകാരത്തെപ്പൂണ്ടനിന്തിരുവടിയല്ലോ * ആധാരംമററുഞങ്ങൾ

ക്കാരമില്ലയ്യോ ഭുവനാധാരമൂർത്തേ! പരിപാലയ! കാരുണ്യാംബുധേ! * സ്തംബമിത്രനും പുനരനന്തരം സ്തുതിചെയ്താ നഗ്നിയായീടുന്നതും താതനായീടുന്നതും * പ്രകൃതിയാകുന്നതും പുരുഷനാകുന്നതും സകലാത്മാവായീട്ടും നിന്തിരുവടിയല്ലോ * വേദമായീടുന്നതും വേദാത്മമാകുന്നതു മാദിതേയാസ്യാകൃതേ നിന്തിരുവടിയല്ലോ * പാലയ! കൃപാലയ! പാവക! പരമാത്മൻ ബാലകാനസ്മാനനാലംബനാൻ നമോസ്തുതേ * ദ്രോണനും വൈശ്വാനരദേവനെ സ്തുതിചെയ്താൻ പ്രാണസങ്കടത്തോടു മത്യന്തം ഭക്തിയോടെ * കർമ്മണാമാധാരഭൂതായ ശോചിഷ്കേശായ കർമ്മസാക്ഷിണേ കാരണായ തേ നമോ നമഃ * കർത്ത്രേ ലോകൈകഭർത്ത്രേ സംഹർത്ത്രേ നമോ നമഃ കസ്മൈവദവേത്തി പരമാത്മമാദ്യായ നമഃ * മർത്ത്യന്മാർ പിതൃദേവാദികളെസ്സങ്കല്പിച്ചു നിത്യവും നൽകീടുമാഹുതിയെ പരിഗ്രഹി*ച്ചത്തൽ തീർത്തെല്ലാവർക്കും തൃപ്തിയെ വരുത്തീടും നിത്യായ ജഗൽപ്രദീപായ തേജസേ നമഃ * സത്യസാക്ഷിണേ പവിത്രായ ഭാസ്വതേ നമഃ തത്വമൂർത്തയേ പരമാത്മനേ നമോ നമഃ * കമ്പിട്ടു ജരിതാരി ശാരിസൃക്കനും പിന്നെ സ്തംബമിത്രനും ദ്രോണൻ താനുമായൊരുമിച്ചു * പക്ഷികളായ മന്ദപാലപുത്രന്മാരാശു ശുശുക്ഷണി തന്നെ സ്തുതിച്ചോരനേരത്തു ദേവൻ * സന്തുഷ്ടനായേനഹം നിങ്ങളെക്കുറിച്ചോരു സന്താപമിനി നിങ്ങൾക്കുണ്ടാകയില്ലാനും * സന്തോഷം പൂണ്ടു ജനനീജനകന്മാരൊടും സന്തതം വസിച്ചാലുമിവിടെത്തന്നെ നിങ്ങൾ * അന്തരാത്മനി പരമാനന്ദത്തോടുമെന്നെച്ചിന്തിച്ചു വസിച്ചുകൊൾകെപ്പൊഴുമെന്നാൽ നിങ്ങൾ * വെന്തുപോമെന്നോർത്തൊരു ഭീതിയുമുണ്ടാകേണ്ടാ ബന്ധു ഞാനെന്നു നിങ്ങൾക്കതിനു കില്ലില്ലേതും * ഏതുമേ ദുഃഖിക്കേണ്ട താപമുണ്ടാകയില്ല ജാതവേദസ്സുമിത്ഥം നൽകിനാനനുഗ്രഹം * കാനനം ദഹിക്കുമ്പോൾ മന്ദപാലനുമേറെ മാനസതാപം പൂണ്ടാൻ പുത്രരെ നിനയ്ക്കയാൽ * ജരിത താനുമെന്റെ ചെറിയ പൈതങ്ങളുമെരിഞ്ഞുപോയിതെന്നു ദുഃഖിച്ചു ചൊന്നനേരം * പറഞ്ഞു ലപിതയായ്മേവുന്ന സപത്നിയും പറന്നീലയോ ദഹിക്കുന്നതില്ലെന്നു വഹ്നി * മക്കളും ദിവ്യന്മാരെന്നല്ലയോ ചൊല്ലിയോൻ ദുഃഖിപ്പാനവകാശമെന്തിനിയതു മൂലം * സാപത്ന്യം തോന്നിച്ചോരു ലപിതന്നിലപ്പോൾ താപസശ്രേഷ്ഠനുള്ളിൽ വൈരാഗ്യമുണ്ടായ്വന്നു * ജരിത താനും വന്നു പൈതങ്ങൾ തമ്മെക്കണ്ടു പെരികെ സന്തോഷിച്ചു മന്ദപാലനും വന്നു * പിതൃക്കൾക്കുള്ള കടം തീർത്തവനതുകാലം മുതിർന്നാൻ പിന്നെശ്ശുഭലോകത്തെഗ്ഗമിപ്പാനായ് * പതുക്കെപ്പതുക്കെപ്പോയടങ്ങി ദഹനനുമെതിർത്ത മഹേന്ദ്രനും പടയും മേഘങ്ങളും * തളർന്നു ചമഞ്ഞിതു പാർത്ഥനുമശ്വങ്ങളും തളർന്നീലേതുമതു കണ്ടു ദേവേന്ദ്രനപ്പോൾ * ഭഗവൽപദം കുപ്പി സ്തുതിച്ചാൻ പലതരം ഭഗവൽപ്രസാദത്തെ ലഭിപ്പാൻ പ്രീതിയോടെ*

ദേവേന്ദ്രന്റെ ഭഗവൽസ്തുതി.

ഭഗവൻ പ്രസീദമേ! ഭഗവൻ പ്രസീദമേ! ഭഗവൻ ജയ ജയ! ഭഗവൻ ജയ ജയ! * വൈകുണ്ഠ ജയ ജയ! ഗോവിന്ദ ജയ ജയ! ശ്രീകണ്ഠസേവ്യ ജയ! ശ്രീപതേ ജയ ജയ! * ശ്രീവത്സചിഹ്ന ജയ! ശ്രീരാമകൃഷ്ണ ജയ! ശ്രീവാസു

ദേവ! ജയ! മുകുന്ദ! ജയജയ! * നിന്മായാമോഹഗ്രസ്തംനിഖിലംത്രിഭുവനം ദുർമ്മദമത്തുമൂലമിനിക്കമുണ്ടായ്വന്നു * നിന്മായതന്നെജ്ജയിച്ചീടുവാനാരതല്ലോനിർമ്മലന്മാരായുള്ളതാപസവരന്മാൎക്കും * ബ്രഹ്മാദിസ്തംബാന്തമായുള്ളൊരുജന്തുക്കളും മന്മഥവൈരിതാനുമാമ്നായങ്ങളുമെല്ലാം * നിന്തിരുവടിയുടെതത്വമാരാഞ്ഞുനിത്യം ചിന്തിച്ചുചിന്തിച്ചറിയാഞ്ഞുഴലുന്നിതല്ലോ * നന്ദനവനത്തിങ്കൽസുന്ദരീജനത്തോടും മന്ദമാരുതമേററുകന്ദൎപ്പവശന്മാരാം * മന്ദന്മാരായഞങ്ങളെങ്ങിനെയറിയുന്നു നന്ദനന്ദനനാഥ!നിന്മഹിമാനമോൎത്താൽ * നിന്മായാമോഹാംബുധൌവീണുഴന്നഴൽപൂണ്ടു ജന്മവുംമരണവുംസുഖദുഃഖാദികളും * കൈക്കൊണ്ടുവലയുന്നതൊക്കവെമാററിത്തവ തൃക്കഴലോടുചേൎത്തുകൊള്ളണംദയാനിധേ! * ദേവേന്ദ്രൻത്രിഭുവനനാഥനെന്നഭിമാനിച്ചീ വണ്ണമുള്ളജാള്യമിനിയുമുണ്ടാകാതെ * ദേവദേവശതവപാദാരവിന്ദങ്ങളെസ്സേവിപ്പാനെത്തീടുവാൻനല്കേണമനുഗ്രഹം * ശക്രനീവണ്ണംകൢപ്തിസ്തുതിച്ചുനമസ്കാരം തൃക്കാൽക്കൽവീണുചെയ്തുതൊഴുതോരനന്തരം * മഘവാമകനെയുമാശ്ലേഷംചെയ്തുമോദാൽ സകലാസ്ത്രങ്ങളെയുംകൊടുത്തുവരംനൽകി * ഇരുപത്തൊന്നുദിനംകൊണ്ടുഖാണ്ഡവവന മെരിഞ്ഞുതെളിഞ്ഞനുഗ്രഹിച്ചു വഹ്നിദേവൻ * തൊഴുതുധനഞ്ജയനാശീർവാദവുംചൊല്ലി ത്തൊഴുതുഭഗവാനെമറഞ്ഞുധനഞ്ജയൻ * ഇന്ദ്രാദിദേവഗണംവാനുലകവുംപുക്കാ നിന്ദ്രസോദരനാകുമിന്ദിരാവരനൊടും * ഇന്ദ്രാദിശില്പിശ്രേഷ്ഠനാകിയമയനോടുമിന്ദ്രനന്ദനനായ പാണ്ഡവൻവിജയനും * കാളിന്ദിയുടെതീരം പുക്കാനെന്നറിഞ്ഞാലും കേളെന്നുനൃപനോടുമാമുനിയരുൾചെയ്തു * നാളെയാമിനിശ്ശേഷംചൊല്ലുവാൻപക്ഷേയെന്നാൾ മേളമേറീടുന്നൊരു പൈങ്കിളിമകളെല്ലാൾ *

ഇതി ശ്രീമഹാഭാരതേ സംഭവപൎവ്വം സമാപ്തം.

സഭാ

ഹരിഃ ശ്രീഗണപതയെ നമഃ

അവിഘ്നമസ്തു.

തത്തേ! വരികരികത്തിങ്ങിരിമമ ചിത്തംമുഹുരപിതെളിഞ്ഞിതല്ലോ * നിത്യംനിരുപമഭക്ത്യാകനിവിനൊടിത്ഥം ചരിതങ്ങളുരചെയ്കനീ * നാരായണകഥകേട്ടാലുമതിലേറുന്നിതുരുചികിളിമകളേ! * പോരാതിന്നിനിക്കിതുശേഷംപറവതിനാരും പഴിതവപറകയില്ല * പാരംപഴികളിലുംഭാരതംചൊല്ലുവാനാരും മടികേക്കേണ്ടുനീണ്ടുംദുരിതങ്ങൾ * നാരായണകഥകേൾക്കയുമോൎക്കയും പാരിൽനരനായ്

പിറന്നാൽവരേണ്ടതും * താല്പരിയമതിലുണ്ടുനിങ്ങൾക്കെങ്കിൽ കേൾപ്പിൻകഥപറഞ്ഞീട്ടവൻ ചെറുഞാൻ * നാരായണനുംനരനാംവിജയനും നാരിമാരോടും ദ്വിജവരന്മാരൊടും * പാരെഴുരണ്ടുംനിറഞ്ഞപുകഴൊടും തേരിലേറിപ്പോന്നുവാണുപുരിപുക്ക * മായാമയനാം മയൻധർമ്മനന്ദനനായന്നൊരുസഭനിർമ്മിച്ചുനൽകിനാൻ * മോഘപുഷ്പസ്ഥലഭ്രാന്തികളാദിയാം മോഹനശില്പങ്ങളാക്കു പറയാവൂ * വാസുദേവൻനിജബന്ധുക്കളുമായി വാസവസൂനുവിനോടുമൊരുമിച്ചു * വാസവുംചെയ്തുയുധിഷ്ഠിരൻചൊല്ലാലെ വാസവപ്രസ്ഥമാകുന്നപുരിതന്നിൽ * മാസവുമഞ്ചാറുപോയിതഞ്ചാറു വാസരംപോയപോലെപിന്നെമാധവൻ * നാരായണൻപരൻദാമോദരനീശൻ നാരദനാദികൾക്കുംതിരിയാതവൻ * നാരീജനമനോമോഹനൻകേശവൻ നാരകനാശനൻനാഥൻനരകാരി * നിഷ്കളൻനിർഗ്ഗുണൻ നിശ്ചലൻനിർമ്മമൻ നിഷ്കളങ്കൻനിരാതങ്കൻനിരുപമൻ * നിത്യൻ നിരാമയരൂപൻനിരാകുലൻ ഭക്തപ്രിയൻപുമാൻഭുക്തിമുക്തിപ്രദൻ * ഭക്തിസാദ്ധ്യൻപത്മനാഭൻപരാപരൻ ശക്തിയുക്തൻസകലാനന്ദവിഗ്രഹൻ * അദ്വയനവ്യയനവ്യക്തനത്ഭുത നദ്ധ്യയനപ്രിയനാമ്നായഗോചരൻ * തത്വങ്ങളെല്ലാററിനുംമൂലമായവൻ സത്യസ്വരൂപൻ സകലജഗന്മയൻ * സച്ചിൽപരബ്രഹ്മമായസനാതനനച്യുതനേകനാത്മാപരമേശ്വരൻ * ആനന്ദപൂർണ്ണനനന്തൻജനിമൃതിഹീനൻ ദയാനിധിവിഷ്ണുനിരഞ്ജനൻ * നാനാജഗൽപരിപൂർണ്ണൻസദാശിവൻ ന്യൂനാതിരേകവിഹീനൻജനാർദ്ദനൻ * ഗോവിന്ദനിന്ദ്രാനുജൻമുകുന്ദൻ ഹരിദേവൻദിനാധിപചന്ദ്രവിലോചനൻ * ഭൂതപഞ്ചാത്മകൻഭൂതിഭൂഷാർച്ചിതൻ ഭൂതങ്ങളുള്ളിലെജ്ജീവനാകുന്നവൻ * പൂതനതന്നുടെജ്ജീവനമുണ്ടവൻ പൂതൻപുരാണപുമാൻപുരുഷോത്തമൻ * പന്നഗപ്രാന്താശനധ്വജൻമംഗലൻപന്നഗനാഥശയനൻപരമാത്മാ * എന്നുടെയുള്ളിൽവിളങ്ങുന്നതമ്പുരാൻ തന്നുടെഭക്തർക്കുസങ്കടംതീർപ്പവൻ * പാർത്ഥന്മാരോടുംദ്രുപദാത്മജയോടുംയാത്രയുംചൊല്ലിപ്പുറപ്പെട്ടുതേരേറി * യാത്രതുടങ്ങിയനേരത്തുപാണ്ഡവർ നേത്രാംബുവുംവാർത്തനുയാത്രയുംചെയ്താർ * നേരത്തിനിയുംവരുന്നതുണ്ടെന്നതിസാരസ്യമോടരുളിച്ചെയ്തുസത്വരം * ദ്വാരവതിയിലെഴുന്നള്ളിമേവിനാൻ ദാരങ്ങളോടുംരമിച്ചുനിരന്തരം * കാരുണ്യവാരിധിയെക്കണ്ടനുദിനം ദ്വാരകാവാസികളുംസുഖിച്ചീടിനാർ.

രാജസൂയം.

നിർമ്മലനാകിയധർമ്മതനയനും ധർമ്മംപിഴയാതെഭൂമിയെരക്ഷിച്ചു * കർമ്മങ്ങളുംചെയ്തുകീർത്തിയെപ്പൊങ്ങിച്ചു രമ്യങ്ങളായഭോഗങ്ങളോടുംമുദാ * സന്മാർഗ്ഗചാരികളായുരുവീടിന സന്മതിവീരരാംമന്ത്രിജനത്തൊടും * ദുർമ്മദമേറിയവൈരികുലത്തിനു ധർമ്മരാജാജ്ഞാപമന്മാരായ്വിളങ്ങിന * സോദരന്മാരൊടുമാത്മജന്മാരൊടു മാദരവേറിയഭാമിനിതന്നൊടും * യാദവവീരനാകുന്നമുകുന്ദൻെറ പാദപത്മത്തിലുറച്ചമനസ്സൊടും

* നാലുവേദത്തിനു മൂലമായുള്ളവൻ നീലവിലോചനൻപീതാംബരധ
രൻ * പാലാഴിയിൽത്തുയിർകൊള്ളുന്നദേവൻെറ ലീലകൾചിന്തിച്ചു
സന്തുഷ്ടനായവൻ * നാലാഴിചൂഴുമൂഴിക്കേകനാഥനായ്പാലനവുംചെ
യ്തുബന്ധുക്കളുമായി * കാലദേശാവസ്ഥകൾക്കനുരൂപേണ കാലാത്മജ
നാമജാതശത്രുപ്രഭു * രാജപ്രവരനായ്വാഴുന്നകാലത്തു രാജസൂയംവേ
ണമെന്നുതോന്നിയുള്ളിൽ * രാജീവലോചനൻതൻെറതിരുവുള്ളം വ്യാ
ജമൊഴിച്ചെങ്കലുണ്ടാകിലെന്നമേ * ദണ്ഡമുണ്ടാകയില്ലെന്നുനിരൂപിച്ചു
ദണ്ഡധരാത്മജൻവാഴുന്നനേരത്തു * പണ്ഡിതനാകിയനാരദമാമുനി
ചണ്ഡഭാനുപ്രഭൻതാനുമെഴുന്നള്ളി * ദണ്ഡനമസ്കാരവുംചെയ്തുഭൂപതി
മണ്ഡനൻപാദ്യാസനാർഘ്യങ്ങളുംനൽകി * പുണ്ഡരീകോത്ഭവപു
ത്രനിയോഗേന പുണ്ഡരീകപ്രിയനന്ദനനന്ദനൻ * ആസ്ഥാനമണ്ഡ
പേസിംഹാസനേ വസിച്ചാസ്ഥയോടോരോകഥകൾപറയുമ്പോൾ *
അച്യുതഭക്തപ്രിയനാംതപോനിധിസച്ചവാചാനൃപൻതന്നോടറിയി
ച്ചു * കാചിദല്യാരയോക്തിചൊല്ലുവനർത്ഥവും നിശ്ചയിച്ചീടുവാൻ
വേലയുണ്ടെത്രയും * രാജസൂയംചെയ്വാനാഗ്രഹമുണ്ടെന്നു രാജാവുമാമു
നിയോടുപറഞ്ഞപ്പോൾ * തേജോനിധിയാംതപോനിധിഭൂപതി
പൂജിതൻനാരദൻനീരജോത്ഭൂതജൻ * താനൊരുകാര്യംനിരൂപിച്ചു
വന്നതു മാനവവീരനോടങ്ങോട്ടുപറകയാൽ * മാനസതാരിൽനിറ
ഞ്ഞൊരുകൗതുകമാനനമായിരമുള്ളവൻചൊൽകിലാം * ചിന്തി
ച്ചുമന്ദസ്മിതംചെയ്തുവീണതൻ തന്ത്രിവിരൽകൊണ്ടുമെല്ലെന്നിളക്കിനാ
ൻ * സന്തോഷമെല്ലാവനുംവളരുംനിജ ബന്ധുക്കളെക്കണ്ടാലെന്ന
തിലുംപരം * എന്നേസുഖമേപറഞ്ഞതുമിന്നിതു മന്നവാഞാനതു
ചൊല്ലുവാൻവന്നതും * നിന്നുടെതാതനാംപാണ്ഡുവുംവാനിൽനി
ന്നെന്നോടുചൊല്ലിനാൻനിന്നോടുചൊല്ലുവാൻ * രാജാഹരിശ്ചന്ദ്രനി
ന്നുംതെളിവോടു രാജസൂയംചെയ്തകാരണമായല്ലോ * തേജോമയനാ
യ്സുരമുനിവൃന്ദേന പൂജിതനായ്മഹാഭോഗസമന്വിതം * വാ
നിൽസുഖിച്ചുവസിക്കുന്നതെന്നതു താനാദരവോടുകണ്ടുകൊണ്ടേടോ
* ദാനയാഗാദികൾക്കുള്ളഫലംകൊണ്ടു മാനസേവിസ്മയംവർദ്ധിച്ചി
തേറവും * കർമ്മങ്ങളുണ്ടുപലവയെല്ലാററിലും നന്മയുള്ളോന്നഹോരാജ
സൂയമെന്നു * തന്മകനാകിയനിന്നോടുചൊല്ലുവാൻ നമ്മോടുചൊന്ന
തുചൊന്നേനറികനീ * അപ്പോൾനരപതിചോദിച്ചിതാദരാൽ തൽപ്ര
കാരങ്ങളരുൾചെയ്തുകേൾക്കണം * തൽപ്രസംഗേനഹരിശ്ചന്ദ്രോപാ
ഖ്യാനമെപ്പേരുമേയരുൾചെയ്തിതുനാരദൻ * ഏതുമേസംശയിച്ചീടരു
തിക്കാലം സാധിക്കുമെന്നരുൾചെയ്തുവിധിസുതൻ * മാധവൻതന്നെ
വരുത്തുവൻഞാനെന്നു മാധുരിയംചേർന്നവീണയുംവായിച്ചു * നാരാ
യണശിവരാമ!ഹരേജയ! താരകനാശന!നാഥ!ദയാപര! * നീരജ
നേത്ര!നിരഞ്ജന!നിർമ്മല!നീരദവിഗ്രഹ! നീതിപരായണ!വൃഷ്ണികുലോ
ത്ഭവ!കൃഷ്ണജഗന്മയ! വിഷ്ണോ!മുകുന്ദ!ദാമോദര!ഗോവിന്ദ * വിഷ്ണുമുഖാ
മരവന്ദിതശ്രീപതേ! ജിഷ്ണുപ്രിയ!ജഗന്മംഗല!ഗോപതേ! * സക്തി

വിനാശന!രക്തപത്മാനന! യുക്തരാമാനരക്തത്രിലോകീപതേ! * ഭ
ക്തജനപ്രിയഭക്തിമുക്തിപ്രദ! ശക്തിയുക്തപ്രഭോ പാഹിനിരന്തരം *
ഇത്തരംനാമസങ്കീർത്തനവുംചെയ്തു സത്വരംദ്വാരവതിയിലകംപുക്കാൻ*
ഉദ്ധവർസാത്യകിയെന്നുതുടങ്ങിയുള്ള ഉത്തമന്മാരോടുകൂടെസ്സഭാന്തരേ * മാ
യാമയനായ്മരുവുന്ന ഗോവിന്ദൻ മായാരഹിതൻമനോഹരൻ
മാധവൻ * കായാവിൻപൂവിൻനിറമുള്ളകേശവൻ മായാവരൻ
പരൻകാരണപൂരുഷൻ * മേവുന്നനേരത്തു സൌദാമിനിപോലെ
ദേവമുനീന്ദ്രപ്രഭയാദിഗന്തരം * ധാവള്യശോഭയാവ്യാപിച്ചു
കാണായി ദേവനംവിഷ്ണുപദത്തിങ്കൽനിന്നുകീ * ഴാവിർഭവിച്ചോരുചന്ദ്ര
ബിംബംപോലെ ദേവദേവൻജഗദീശ്വരൻശാശ്വതൻ * ദേവകീനന്ദ
നൻവാസുദേവൻവിഭു ഗോവിന്ദനിന്ദീവരേക്ഷണനച്യുതൻ * കാർ
ണ്ണനന്തികേനാരദനെക്കണ്ടു ഭാവിച്ചുഭക്ത്യാനമസ്കരിച്ചീടിനാൻ * വ
ന്ദിച്ചുനിന്നാർസഭയിങ്കലുള്ളോരും നന്ദിച്ചുനിന്നരുളീമുനിശ്രേഷ്ഠനും *
നന്ദജനിന്ദ്രാദിവൃന്ദാരകവൃന്ദവന്ദ്യനാനന്ദൻമുകുന്ദനിന്ദ്രാത്മജൻ * നാ
രായണൻതാനുംനാരദനും തമ്മിലോരോവിശേഷങ്ങളുംപറഞ്ഞിത്തി
രി * നേരമിരുന്നവാറെമുനിനാരദൻ നേരേപറഞ്ഞിതുതാൻചെന്ന
കാരിയം * നിന്നുടെഭക്തരിൽമുൻപനായുള്ളവൻ മന്നവർമന്നവനായ
യുധിഷ്ഠിരൻ * തന്നുടെചൊല്ലിനാലിന്നിവിടേക്കുഞാൻ വന്നതതിനു
ള്ളകാരണവുംചൊല്ലാം * ഉണ്ടൊരുയാഗംകഴിക്കയിലാഗ്രഹം കൊ
ണ്ടൽനേർവർണ്ണനെക്കണ്ടുപറഞ്ഞാകിൽ * രണ്ടുംതിരിക്കായിരുന്നിതെ
ന്നെന്നോടുഷണ്ഡതയോടവൻചൊന്നാനറിഞ്ഞാലും * അത്തൊഴി
ലെല്ലാംപറഞ്ഞിരിക്കുന്നതിൻ മദ്ധ്യേയൊരന്തണൻവന്നതുംകാണായി
* എത്രയുംനിർമ്മലൻപൃഥ്വീസുരോത്തമ സത്തമൻവൃത്തവാൻബുദ്ധി
മാൻകേവലം * പണ്ടൊരുനാളുമേകണ്ടറികയില്ലെങ്കിലും കൊണ്ടൽനേ
ർവ്വർണ്ണനെക്കണ്ടവൻചൊല്ലിനാൻ * കണ്ടാൽമനോഹരമായൊരുവേ
ഷംകൊണ്ടുപിറന്നവൈകുണ്ഠ!ദയാനിധേ! * സാധുജനങ്ങൾക്കൊ
രാധാരമാകിയ മാധവനേജയ! നാരായണാജയ! * വേധാവിനുംവിചാ
രിച്ചാൽതിരിയാതെ വേദാന്തവേദ്യ!വേദാത്മകനേജയ! * ധീര!പരാശ
രനന്ദനവർണ്ണിത!ശൌരേ!ചരാചരാചാര്യ!ചതുർഭുജ! * ശൂര!സുരാസുര
വന്ദിതസുന്ദര!വീര!പരാപരവിശ്വംഭരോദര! * ഭൂമിധരാധരാധീശധ
ര!ഹരേ ഘോരധരാഭാരഭൂതഭൂപാന്തക! * ക്രൂരസുരവരശ്ശൂരാത്മകപ്ര
ഭോ! മാരശരാതുരഗോപികാവല്ലഭ! * ക്ഷീരരത്നാകരവാസഹൃഷീകേ
ശ! ക്ഷീരരത്നാകരനന്ദനാവല്ലഭ! * സാരസസംഭവമാരഹരമുനിശ്രേ
ഷ്ഠവിദ്യാധരചാരണസേവിത * ധാരാധരാഭധരാപതേ!ഗോപതേ!ധാ
രാധരവാഹനാരാധിതജയ * ചാരുതരാകൃതേ!കാരുണ്യവാരിധേ!ദാ
രുകസാരഥേ! നാഥയദുപതേ! * രാധാപദയാധരാധാരമായുള്ളമാറാ
ധാരമായുള്ളസാരസമാനിനി * ക്കാധിതീർത്തീടുമരുണാധരാമൃതദീധി
തിമണ്ഡലതുല്യമാമാനനം * ദീനനായനഹംദാസനാംമാംപ്രതി
ദീനദയാനിധേ!ചെററിങ്ങരുളേണം * മാനകാമക്രോധലോഭമോഹ

ഗ്രസ്ത മാനസന്മാരല്ലോമാനുഷജാതികൾ * ദുഷ്ടനാംമാഗധനായജ
രാസന്ധനിഷ്ടമില്ലാത്തുള്ളരാജാക്കളെയെല്ലാം * കെട്ടിയിട്ടീടിനാൻ
കാരാഗൃഹംതന്നിലൊട്ടനാളുണ്ടവരങ്ങിനെവാഴുന്നു * കഷ്ടമിരുപതി
നായിരത്തെണ്ണൂറു ശിഷ്ടരായുള്ളനൃപവരന്മാരവർ * നഷ്ടാശനസ്നാന
യാനഭോഗൈരതി ക്ലിഷ്ടന്മാരായ്വലഞ്ഞീടുന്നിതെത്രയും * എല്ലാവരു
മൊരുമിച്ചുനിരൂപിച്ചിട്ടല്ലൽകെട്ടല്പതിനെന്നോട്ടചൊല്ലിനാർ * മല്ല
ന്മാരോടും കരിവരൻതന്നോടും കൊല്ലുവാൻഭാവിച്ചകംസനെക്കൊന്ന
വൻ * മല്ലീശരവീരബാണങ്ങൾകൊണ്ടുകൊണ്ടല്ലൽപൂണ്ടേററമുഴന്നു
ചമഞ്ഞൊരു * വല്ലവമാനിനിമാരുടെ സന്താപമെല്ലാംകളഞ്ഞുസുഖേ
നരക്ഷിച്ചവൻ * ഫുല്ലാംബുജാഭിരാമാനനൻമന്മഥതുല്യൻ സുകുമാര
സുന്ദരവിഗ്രഹൻ * കല്യാണദേവതയായപത്മാലയാവല്ലഭൻ നാരായ
ണൻമധുസൂദനൻ * കാശ്യപീകാമുകൻകാമാരിസേവിതൻ ശാശ്വതൻ
ശംഖചക്രാബ്ജഗദാധരൻ * ആശ്രിതന്മാൎക്കാശരണമായ്മേവിനോരീ
ശ്വരനാകിയകൃഷ്ണൻദയാനിധി * കാരുണ്യലേശമില്ലായ്കിലിതുകാലമാ
രുംനമുക്കുതുണയില്ലദൈവമേ! * ഘോരനാംമാഗധൻനിൎദ്ദയംബന്ധി
ച്ചു ചാരംവലയുന്നിതനാഹംഗോപതേ! * ഇങ്ങിനെവൻനരകംത
ന്നിൽവീണൊരു ഞങ്ങളെയാശുകരേററണമേപോററീ! * ഇങ്ങിനെഞ
ങ്ങൾപറയുന്നിതെന്നങ്ങു ചെന്നുണൎത്തിക്കയെന്നെന്നോടുചൊല്ലിനാർ
* ഗൎവ്വംകലൎന്നജരാസന്ധഭൂപതിദുൎവ്വീൎയ്യകൎമ്മംപൊറാഞ്ഞുഴൽപൂണ്ടുഴും
ഉൎവ്വീശന്മാർപറഞ്ഞൊരുകാരണം നിൎവ്വൈരമാനസനാകയാലിങ്ങി
നെ * നിൎവ്രീളനായുണൎത്തിച്ചതെല്ലാമിനി സൎവ്വഭൂതാത്മകനാംനി
ന്തിരുവടി * സൎവ്വജ്ഞനാകയാലൊക്കെക്ഷമിക്കണം ദൎവ്വീകരേന്ദ്രശയ
ന!ദയാനിധേ!* ഇപ്രകാരംപറഞ്ഞീടിനവിപ്രനോടപ്പൊഴേ ചിൽപ്പൂ
മാനത്ഭുതവിക്രമൻ * അപ്രമേയപ്രഭാവപ്രകാശാത്മകൻ കുപ്രഭൂതാഭ്രമ
പ്രൌഢിവിനാശനൻ * പങ്കജമങ്കതൻകൊങ്കത്തടങ്ങളിൽ തങ്കുന്നകും
കുമപങ്കമലങ്കരി * ച്ചെങ്കൽവിളങ്ങുന്നപങ്കജലോചനൻശങ്കവെടിഞ്ഞരു
ളിച്ചെയ്താനീവണ്ണം * ഹുംകൃതിപൂണ്ടജരാസന്ധനിക്കാലം ശൃംഖല
കൊണ്ടുതളച്ചനൃപരുടെ * സങ്കടംതീൎപ്പാനതിനില്ലസംശയം ശങ്കരൻ
തന്നാണെ പോയാലുമെങ്കിലോ * എന്നതുകേട്ടുതെളിഞ്ഞവനുംപോ
യാൻ വന്നമഹാമുനിനാരദനുംപോയി * പിന്നെമുകുന്ദനാനന്ദരൂ
പൻനന്ദനന്ദനൻഗോവിന്ദനിന്ദുബിംബാനനൻ * എന്തിനിവേണ്ട
തുമുമ്പിൽനാമെന്നുചിന്തിച്ചുകല്പിക്കനിങ്ങളിനിയെന്നു * മന്ത്രിക
ളോടരുൾചെയ്തവാറേസുര മന്ത്രിസമനാകുമുദ്ധവർചൊല്ലിനാൻ * ര
ണ്ടേന്നഭാവമില്ലാതെ ലോകേശവൈകുണ്ഠഞാൻകുണ്ഠനെന്നാകിലുംചൊ
ല്ലുവൻ * രണ്ടുമൊന്നായിത്തുടക്കാമതിന്നിപ്പോ ളുണ്ടൊരുപായവും
കണ്ടിട്ടതുംചൊല്ലാം * രാജസൂയത്തിനുദിഗ്ജയം ചെയ്യുമ്പോൾരാജ
പ്രവരനായുള്ളജരാസന്ധൻ * രാജീവനേത്ര! പൂൎവ്വൈവനമ്മോട
ററാരാജിയിൽതോററാൻപലവട്ടമാകയാൽ * എന്നതിനാലൊട്ടുതീ
ട്ടുകയില്ലിപ്പോൾകൊന്നിട്ടുയാഗംകഴിക്കെന്നതുംവരും * നന്നല്ലതോന്നി

യതങ്ങിനെതന്നെയെ നിന്ദിരാവല്ലഭൻതാനുമരുൾചെയ്തു * ഇന്ദ്രാദിവൃ
ന്ദാരകവൃന്ദവന്ദ്യനാ മിന്ദ്രാവരജനിന്ദീവരലോചനൻ * ഇന്ദുകുലോ
ത്ഭവനിന്ദുബിംബാനനൻ നന്ദജൻസുന്ദരൻദേവകീനന്ദനൻ * നന്ദ
കപാണിസനന്ദാദിവന്ദിതൻ ദന്ദശൂകേന്ദ്രശയനനരവിന്ദ * മന്ദിര
കന്ദർപ്പവൈരിമുഖനുത നിന്ദ്രാത്മജപ്രിയനിന്ദ്രപ്രസ്ഥംപുക്കാൻ * ധ
ർമ്മജന്മാവുമവരജന്മാരുമായ് സമ്മോദമുൾക്കൊണ്ടെതിരേറ്റുവന്ദി
ച്ചാൻ * കർമ്മണാമാധാരഭൂതനാം നിർമ്മലൻ കല്മഷനാശനൻപ്രീ
തിപൂണ്ടീടിനാൻ * അല്ലലുംതീർന്നവരെല്ലാവരുംകൂടി സല്ലാപവുംചെ
യ്തിരിക്കുന്നതുനേരം * മല്ലാരിയോടുണർത്തിച്ചുയുധിഷ്ഠിരൻ കല്യാണ
ശീലൻകഴൽതൊഴുതാദരാൽ * ദുർലഭ്യമായവിഷയത്തിൽമാനസ മെ
ല്ലാവനുംചെല്ലുമല്ലോദയാനിധേ! * നിർലജ്ജനായഞാൻ ചൊല്ലുന്ന
കാരിയം വല്ലായ്മയാകിൽക്ഷമിച്ചുകൊള്ളേണമേ * രാജത്വമുണ്ടെനി
ക്കെന്നമൌഢ്യംകൊണ്ടു രാജസൂയംചെയ്കയല്ലയല്ലീയെന്നൊ * രാശയി
നിക്കമുണ്ടുള്ളിലുണ്ടാകുന്നു കേശവ!കൃഷ്ണ! കൃപാലയ!ദൈവമേ! * നിൻ
കനിവെങ്കലുണ്ടെങ്കിലിനിക്കൊരു സങ്കടമായുള്ളവൻകടൽതൻകര * ശ
ങ്കകൂടാതെകരേറാമഹോതവ കിങ്കരനാകയാൽസൌഖ്യപദംമമ * കണ്ടു
വസിക്കാമതില്ലയെന്നാകിലോ കുണ്ടിൽവീണെത്രയുംകുണ്ഠനായീടുംഞാ
ൻ * പുണ്ഡരീകോത്ഭവനാദികൾക്കുംനീലകണ്ഠനുമാധാരമല്ലോ ഭവൽ
പദം * കുന്തീസുതനിതുചൊന്നതുകേട്ടൊരു ചെന്താമരാക്ഷൻ ചിരിച്ചു
രുളിച്ചെയ്തു * എന്തിനനന്താപമുള്ളിലുണ്ടാകുന്നു പിന്തുണയുണ്ടുഞാന
ന്തണരുമുണ്ടു * രാജശിഖാമണിയായുള്ളനീയിപ്പോൾ രാജസൂയംചെ
യ്വാനേതുംമടിക്കേണ്ട * വ്യാജമൊഴിഞ്ഞുവേണ്ടുന്നകർമ്മങ്ങൾക്കു രാജപ്ര
വരരടിമപ്പണിചെയ്യും * ഒന്നൊരിഷ്ടമായുള്ളുനാക്കത്തെമിന്നതെന്ന
മ്പോടുചൊല്ലുവൻഞാനെടോ *

ജരാസന്ധവധം

പണ്ടുഭദ്രമുനിയെച്ചെന്നുമാഗധൻ കണ്ടുസേവിച്ചിതുസന്തതിയു
ണ്ടാവാൻ * അമ്മുനിതന്മടിതന്നിലപ്പോൾദേവനിർമ്മിതമായൊരുമാ
മ്പഴവുംവീണു * പത്നിക്കിതുകൊടുത്തീടുകെന്നാൽപുത്രരതാമുണ്ടാമെന്നു
നല്കിമഹാമുനി * നാരിമാരുമുണ്ടിരുവരവർകൾക്കു നേരെപകുത്തുകൊ
ടുത്തുനരേന്ദ്രനും * പപ്പാതിയായുള്ള ദേഹമായോരോരോദ്ദൃഷ്ട്പ്രജപെ
റ്റാരിരുവരുമപ്പൊഴേ * കൊണ്ടപ്പുറത്തുകളഞ്ഞതിനെജ്ജര കണ്ടെ
ടുത്തിട്ടുസന്ധിച്ചനേരത്തു * രണ്ടുമൊന്നായിച്ചമഞ്ഞിതതുകണ്ടു മണ്ടിജ
രയാംപിശാചികമാരനും * അന്നുജരാസന്ധനെന്നുപേരുണ്ടായിതിന്നു
ള്ള മന്നരിൽമുൻപനവനല്ലോ * മുഷ്കരനെന്നോടുപോക്കിരുപത്തുമൂ
ന്നക്ഷൌഹിണിപ്പടയോടുമൊരുമിച്ചു * വന്നാൻപതിനേഴുവട്ടമതിന്നു
ഞാൻ വന്നപടയൊക്കെക്കൊന്നയച്ചീടിനേൻ * അങ്ങിനെയുള്ളൊരു
വൈരമുണ്ടെന്നോടുനിങ്ങൾക്കുമിന്നുംതിരിക്കില്ലവൻ * കൊന്നുകള
ഞ്ഞുയാഗംകഴിക്കെന്നതേ വന്നുകൂട്ടുപാരിനർജ്ജുനനുംഞാനും * ഭീമനു
മായിട്ടുപോകണംവൈകാതെ ഭൂമീപതേ! വിടനൽകീടുകെന്നപ്പോൾ *

ധൎമ്മജനുംവിടനൽകിനാൻ വിപ്രരായുന്നവരോടവർനന്മതിലുമേറി *
വന്നരാവുംതകത്താൎത്തുവിളിച്ചുചെന്നമ്മാഗധന്റെനഗരമകംപുക്കാർ *
അൎഘ്യപാദ്യാദികൾകൊണ്ടവർതങ്ങളെസല്ക്കാരവുംചെയ്തുചോദിച്ചുമന്ന
വൻ * ഉള്ളിലഹങ്കാരമുള്ളോരെണർനിങ്ങളുള്ളവണ്ണംപറഞ്ഞീടുവിനെ
ന്നപ്പോൾ * മാധവൻമന്ദസ്മിതംചെയ്തുചൊല്ലിനാൻ മാഗധനായജരാ
സന്ധഭൂപതേ! * ചൊല്ലിയതെല്ലാംകൊട്ടക്കരമ്പോലന്തണൎക്കില്ലവികല്പ
മെന്നെല്ലാരുംചൊല്ലുന്നു * തുള്ളലുണ്ടായതുമുള്ളിലതുതന്നെകള്ളമൊഴി
ഞ്ഞതുമുമ്പേപറയേണം * ചൊല്ലുവിൻവാഞ്ഛിതംനൽകുവൻ നിങ്ങളും
ചൊല്ലുണമാരെന്നനേരമടിയാതെ * പിന്നെയുംകൃഷ്ണനെസൂക്ഷിച്ചു
മാഗധൻ ചൊന്നാൻതന്നിലൊരുശങ്കമുഴക്കയാൽ * പണ്ടൊരേടത്തീ
ന്നുകണ്ടവാറുണ്ടെന്നതുണ്ടുവെമുഖംകണ്ടു തോന്നുന്നതും * ഇന്നിലത്തു
നിന്നെന്നതുമിന്നാളെന്നതുമൊന്നുമേതോന്നുന്നതില്ലമേ * അക്കഥ
കേട്ടവർചെയ്തിതുകൃഷ്ണനു മൊക്കമൊക്കമതിനുണ്ടവകാശവും * പണ്ടുമ
ധുരയ്ക്കുകൃഷ്ണനോടുപടകൊണ്ടു പോരുന്നോരുനാൾമണ്ടുന്നോനെത്തു * ക
ണ്ടുനില്ക്കുന്നിതുഞാനുമന്നാകിലാം കണ്ടീടുവാനവകാശംധരാപതേ! *
എന്നതുകേട്ടുചൊന്നാൻജരാസന്ധനാ മന്നനമഖിലംകണ്ടതില്ലീവോൻ *
വീരനെമണ്ടിച്ചുപോകുന്നകൃഷ്ണനാം പാരാതെപാഞ്ഞുകളഞ്ഞതുകണ്ടീ
ലേ? * കണ്ടനേടുത്തെങ്ങതിത്തോരുനേരത്തുകൊണ്ടൽനേർവർണ്ണനും നീ
യുമോടുന്നതും * ഓടിച്ചുതാരെന്നുമോടിയതാരെന്നുമുടേതിരഞ്ഞുപോ
തേതുംതിരിഞ്ഞീല * സംശയമുണ്ടുഭവാനുള്ളിലെങ്കിലോ സംശയംതീ
ൎക്കാമെന്നുണ്ടായതുകേൾക്ക * കേൾക്കിലുംകേളാസ്ഥിലുമിനിക്കിന്നിയും
പോക്കളത്തിങ്കലേസംശയംവേറിട്ടു * നില്ക്കുതെല്ലാമവകാശംവരുന്ന
നാളൊക്കവേതീരുംപറവിനാരെന്നതും * ഞങ്ങളുപേക്ഷിച്ചതുതരാമെ
ന്നതുമിങ്ങൊട്ടൊരുസത്യംചെയ്തതുന്നാകിൽ * ഞങ്ങളുംസത്യംപറയു
ന്നതുണ്ടെന്നു മാഗധദേവതാകാമുകനും ചൊന്നാൻ * ജീവനെത്തന്നെ
തരേണമെനിക്കെന്നു പാവനനായൊരുഭൂസുരൻചൊല്ലുകിൽ * ഏതും
മടിയാതെഞാൻകൊടുത്തീടുവൻ ഭൂതേശചരനായശങ്കരൻതന്നാണെ *
സത്യമിതെന്നതുകേട്ടുവാറെ പുരുഷോത്തമനാകിയകൃഷ്ണനുംചൊല്ലിനാ
ൻ * നേരെപറയാംപരമാൎത്ഥമെങ്കിലോ പോരിൽപതിനേഴുകുനിന്നെ
ത്തോല്പിച്ചു * കൃഷ്ണനഹമയംജിഷ്ണുശക്രാത്മജൻജിഷ്ണുതന്നഗ്രജൻഭീമനി
വനല്ലോ * മന്നവനാകിയധൎമ്മജൻചൊൽകയാൽനിന്നോടുയുദ്ധമപേ
ക്ഷിച്ചുവന്നിതു * ദേഹിയുദ്ധംനൃപവീരശിഖാമണേ! മോഹമതിങ്കൽ
ഞങ്ങൾക്കെത്രയുംപാരം * എന്നോടോഫല്ഗുനനോടോ വൃകോദരൻ
തന്നോടോയുദ്ധംതുടങ്ങുന്നുനീയിപ്പോൾ? * ഏവംജഗന്മയഭാഷിതം
കേട്ടടൻ ഭാവംപകർന്നുപറഞ്ഞിതുമാഗധൻ * ഗോപൻഭവാൻജിഷ്ണു
കോമളനെന്നുടെ കോപംപൊറുപ്പാൻവൃകോദരനാകിലാം * എന്നുപ
റഞ്ഞോരുമന്നവൻമാഗധൻ ചെന്നുടനായുധശാലയകംപുക്കു * രണ്ടു
ഗദകളെടുത്തുകൊണ്ടുംവന്നു രണ്ടിലുംവേണ്ടതെടുത്തുകൊൾഭീമ! നീ *
എന്നവൻചൊന്നപ്പോൾമാധവൻഭീമനെ ചെന്നാലുമെന്നൊന്നുതട്ടി

കരങ്കൊണ്ടു പിന്നെയുണ്ടായവിമർദ്ദംപറവതി ന്നെന്നാൽപണിപണി
ച്ചിത്രംനിരൂപിക്കിൽ * വട്ടത്തിൽനിന്നുപെരുമാറിയുംഗദതട്ടിയുംതങ്ങളി
ൽദൃഷ്ടിപറിയാതെ * തയ്യാൻപഴുതുകൾനോക്കിയുമിത്രയുംകെല്പുകലർന്ന
വരത്ഭുതമാംവണ്ണം * മുപ്പുരവൈരിയുമന്തകനുംപണ്ടു മുപ്പാർനടുങ്ങുമാറു
ണ്ടായപോർപോലെ * ഭീമനുംഭീമനാകുംജരാസന്ധനും ഭൂമികുലുങ്ങുമാ
റൊത്തുവീഴുന്നതും * നീങ്ങിക്കളകയുംവാങ്ങിച്ചുരുങ്ങിയും തുങ്ങിയടുക്ക
യുംനീങ്ങാതെനില്പയും * ചാലനപാതനോത്ഥാപനഭ്രാമണ പാലനാ
കോകനാലേപനാദ്യങ്ങളാൽ * ഓരോതൊഴിലുകൾകാട്ടുന്നനേരത്തു
വീരരായുള്ളവർകണ്ണുകുളുർക്കുന്നു * വാരിജലോചനനുംവിജയൻമുഖവാ
രിജംപാർത്തുകൊണ്ടോടിച്ചിരിക്കുന്നു * മുഷ്കരമായഗദകൾതമ്മിൽക്കൊ
ണ്ടു പുഷ്കരംപൊട്ടുമാറുള്ളൊരുശബ്ദവും * സിംഹവുമാനയുമേററുപൊ
രുംവണ്ണം സിംഹനാദങ്ങളുംചെയ്തുചെയ്തങ്ങനെ * പാരമടിക്കയും
ചോരയൊലിക്കയും വീരർതൊഴിൽകണ്ടുകണ്ണുകുളുർക്കയും * കൂടക്കൊ
ടുക്കയുംമാഴ്കിത്തടുക്കയും ചാടിക്കഴിക്കയുംകേടില്ലൊഴിക്കയും * കോടിയൊ
ഴിക്കയുംമാടിവിളിക്കയും വാടിവിയർക്കയുമോടിക്കഴിക്കയും * നില്ലെടാ
നോക്കെടാക്കെന്നങ്ങുരയ്ക്കയുംതല്ലുവരെക്കണ്ടുതുള്ളിപ്പതിക്കയും * വല്ലഭം
കൈക്കൊണ്ടുവേഗാലെതിർക്കയും ചൊല്ലിക്കൊണ്ടന്യോന്യമാശ്രുതാഡി
ക്കയും * ഇങ്ങനെചെന്നുപതിനഞ്ചുനാളപ്പോ ളെങ്ങിനെവന്നുതായമെ
ന്നുസംശയം * അർജ്ജുനനുണ്ടായിതുള്ളിലതുനേരമച്യുതനോടുണർത്തി
ച്ചരുളീടിനാൻ * കൊണ്ടൽനേർവർണ്ണനുപദേശവുംചൊന്നാൻ രണ്ടാ
യ്പൊളിച്ചുമറിച്ചിട്ടുവാനപ്പോൾ * പച്ചിലകീറിമറിച്ചിട്ടാനർജ്ജുനൻപി
ച്ചയായ്പൊരുതിമാഗധൻതന്നെയും * തച്ചുനിലത്തുപതിപ്പിച്ചൊരുപാദം
നിശ്ചലമാകെച്ചവിട്ടിനിന്നപ്പോഴേ * മറേറച്ചരണംപിടിച്ചങ്ങുയർത്തീ
ട്ടതെററെന്നുചീന്തിനാൻമാരുതപുത്രനും * ക്ഷുത്തുകൊണ്ടേററവുമാർത്ത
നായുള്ളവനഹസ്തിവരൻപനചീന്തുന്നതുപോലെ * ക്രുദ്ധതയോടതി
ശക്തനാംഭീമനും മൃത്യുപുരത്തിന്നയച്ചാനവനെയും * ദുഷ്ടൻപിടിച്ചു
കെട്ടീടിനമന്നരെ പെട്ടെന്നഴിച്ചുവിട്ടീടിനാൻകൃഷ്ണനും * നാരായണാ
ജയ! നരഹരേജയ! നാരദസേവിതനാരകനാശന! * നാരീജനമ
നോമോഹന മാധവ! പാരേഴുരണ്ടിനുംകാരണനേജയ! * ദാമോദര!
ജയ! പീതാംബര!ജയനാമസഹസ്രമിയന്നവനേജയ! * രാമ!രമാരമ
ണ! ത്രിലോകീശാത്മരാമ ലോകാഭിരാമ!ത്രിദശേശ്വര! * വിഷ്ണോജയ
ജയ!വിശ്വംഭരാവര! വൃഷ്ണികുലപതേ! കംസാന്തകജയ! * ജിഷ്ണുമുഖാ
മരസഞ്ചയവന്ദിത വിഷ്ണുവയസ്യമുകുന്ദജയജയ! * കുന്ദപ്രസൂനമന്ദസ്മി
താസ്യ!മുചുകുന്ദ നൃപാധിപവന്ദിതപാദാരവിന്ദ! ഗോവിന്ദാരവിന്ദവി
ലോചന! നന്ദസുതാരവിന്ദോദരസുന്ദര * ഭുജഗേന്ദ്രശയനജയജയ!
ഇന്ദുചൂഡപ്രിയവന്ദാമഹേപദം * ഇന്ദിരാവാസവക്ഷസ്ഥല! സന്ത
തമിന്ദീവരേക്ഷണ വന്ദാമഹേവയം * ഇന്ദിന്ദിരാളകവൃന്ദാരകമുനി
വൃന്ദനിഷേവിതചന്ദ്രകുലോത്ഭവ! * ചരദസ്വരൂപ!സതതമരവിന്ദമ
ന്ദിരവന്ദ്യജയപരമാനന്ദ! * വന്ദാരുവൃന്ദമന്ദാരതരോ!ജയ!വൃന്ദാവന

വാസ!വല്ലവസുന്ദരീ!* കന്മഷ്പ്പവിഷ്ടപകന്ദജയജയ! വിന്ദുനാദാത്മക
കൃഷ്ണജയജയ! * മററുംനിനക്കൊഴിഞ്ഞിങ്ങനെകേവലം മററൊരുവാക്ക
മില്ലാശ്രിതവാത്സല്യം * താമസമായഗുണോത്ഭവമായുള്ളകാമമോഹ
ക്രോധലോഭമാനാദിയും * ഭൂമിപാലഭ്രമഹങ്കാരഭാവവും കാമിനിമാ
രിലുള്ളോരനുരാഗവും * മാധവതന്മഹാമായതൻവൈഭവം ബാധി
ക്കരുതിനിഞ്ഞങ്ങളെദൈവമേ! * ജന്മനിജന്മനിനിൻപാദപങ്കജം ബ്ര
ഹ്മാദിസേവിതംസേവിച്ചുകൊള്ളുവാൻ * കന്മഷനാശന!നിന്നുടെകാ
രുണ്യംനമ്മെക്കുറിച്ചെന്നുമുണ്ടായിരിക്കണം * ദുഃഖസുഖാദികളൊക്കെ
ക്കളഞ്ഞിനി തൃക്കാലിണയോടുചേർത്തുകൊള്ളേണമേ * ഇങ്ങിനെക്കൂപ്പി
സ്തുതിച്ചുതെളിഞ്ഞവർ തിങ്ങിനഭക്ത്യാനമസ്കരിക്കുന്നേരം * മംഗലദേവ
താവല്ലഭൻചൊല്ലിനാൻ നിങ്ങളിനിയങ്ങുവൈകാതെപോയാലും *
തങ്ങൾതങ്ങൾക്കുള്ളരാജ്യമകംപുക്ക മംഗലത്തോടെവസിച്ചാലുമേവ
രും * അങ്ങനെനാലഞ്ചുനാൾകഴിഞ്ഞാൽപിന്നെ മങ്ങാതെവൻപട
യോടുവന്നീടണം * ഉത്തമനാകിയധർമ്മജൻതന്നുടെ സത്രത്തിനാശു
കോപ്പിട്ടുവന്നീടുവിൻ * ഇത്ഥംനിയോഗിച്ചുമാഗധൻതന്നുടെ പുത്രനാ
യോരുസഹദേവനെക്കൊണ്ടു * പിത്രാത്ഥമായിശേഷക്രിയചെയ്യിച്ചു
പൃത്ഥ്വിപതിയായഭിഷേകവുംചെയ്തു * മുന്നംജനകനിരുദ്ധന്മാരായൊരു
മന്നവന്മാരെയുംസൽക്കരിച്ചാനവൻ * അഭ്യംഗസ്നാനാദിവസ്ത്രാഭരണ
ങ്ങൾ പില്ലാടുമൃഷ്ടാശനംകഴിച്ചാദരാൽ * യാത്രയുംചൊല്ലിമുകുന്ദനെ
യുംനന്നായ്പാർത്ഥരിവണങ്ങിസ്തുതിച്ചവരുംപോയാർ *

ദിഗ്ജയം.

മാഗധൻതന്നെയുംകൊന്നുജയത്തോടെ മാധവന്മാർവന്നുമന്ന
നേയുംകണ്ടു * ദിക്കുകൾനാലിലുമോരോരനുജന്മാർ ഉഗ്രമായുള്ളപട
യൊടുംപോകണം * മക്കളുംമററുള്ളബന്ധുക്കളുമായി മുഖ്യബലേനവ
രുന്നുമുണ്ടുഞാൻ * ഇത്ഥമരുൾചെയ്തുമുഗ്ദ്ധവിലോചനൻ നിത്യൻ
നിരാമയൻനിർമ്മലനീശ്വരൻ * ദുഗ്ദ്ധാംബുരാശിതിരുമകൾവല്ലഭൻ
ഭക്തപ്രിയൻപത്മനാഭനെഴുന്നള്ളി * പാത്ഥനുമുത്തരദിക്കുജയിപ്പതിനാ
ത്തമാലംഗബലേനപുറപ്പെട്ടു * മേരുമഹാമലയോളവുംചെന്നവൻനേ
രെപൊരുതുജയിച്ചുതിറകൊണ്ടാൻ * വേഗേനചെന്നുത്തരകുരുരാജ്യവു
മാകെജ്ജയിച്ചുരത്നങ്ങൾവാങ്ങീടിനാൻ * അററമില്ലാതോളംദിവ്യ
രത്നങ്ങളെ ക്കൊററവനായന്നുപചാരനൽകീടിനാൻ * ഭീമൻകിഴക്കോട്ടു
പോയിപടയുമായ് ഭൂമിപാലന്മാരെയൊക്കെജ്ജയിച്ചവൻ * അത്ഥ
മനേകംചുമപ്പിച്ചുകൊണ്ടുവന്നുത്തമനാം ധർമ്മപുത്രർക്കുനൽകിനാൻ *
തെക്കുദിശിസഹദേവനുംപോയോരോ മുഷ്കരന്മാരായരാജാക്കളെവെ
ന്നാൻ * ലങ്കയിൽചെന്നുവിഭീഷണൻതന്നോടു ശങ്കകൂടാതെഘടോൽക്ക
ചൻചൊല്ലിനാൻ * പുണ്ഡരീകേക്ഷണൻതൻകൃപയുണ്ടാകകൊണ്ടുയു
ധിഷ്ഠിരനാകുന്നമന്നവൻ * രാജസൂയത്തിനുകോപ്പിട്ടിരിക്കാലം പൂജിത
നായനീയുംതിറനൽകുക * കൃഷ്ണനാമംകേട്ടുഭക്തൻവിഭീഷണൻ രത്നാ
ങ്ങളററമില്ലാതോളംനൽകിനാൻ * ഉണ്ടായരത്നങ്ങളൊക്കെസഹദേ

വൻ കൊണ്ടുചെന്നുധൎമ്മജൻകാല്ക്കൽവച്ചീടിനാൻ * പശ്ചിമദിക്കിനു
പോയിനകുലനും നിശ്ചലനായ്പ്പെരികൎത്ഥവുമായ്വന്നാൻ * ഭൂമിയെയൊ
ക്കെജ്ജയിച്ചുതിറവാങ്ങി സോമകുലോത്ഭവനായയുധിഷ്ഠിരൻ * കോമ
ളന്മാരാമവരജന്മാരൊടും വാമാംഗിയായുള്ളപാഞ്ചാലിതന്നൊടും *
കഞ്ജവിലോചനൻപാദപത്മങ്ങളി ലഞ്ജലിചേൎത്തിരിക്കുന്നകരത്തൊ
ടും * തൽഗ്ഗുണനാമങ്ങളായജപത്തൊടും നിൎഗ്ഗുണന്തികലുറച്ചമന
സ്സൊടും * വാഴുന്നകാലത്തുകൃഷ്ണൻതിരുവടി യാഴിമാതാകിയരുഗ്മിണി
യാദിയാം * വല്ലഭമാർപതിനാറായിരത്തെണ്മരെല്ലാവരും പത്തുപ്പത്തു
പെറവുണ്ടായി * ചൊല്ലുവാനാവതില്ലാതസുതരൊടും വല്ലവീവല്ലഭൻ
വല്ലഭമാരൊടും * ഉദ്ധവർസാത്യകിയെന്നുതുടങ്ങിയുള്ളുത്തമന്മാരാമമാ
ത്യജനത്തൊടും * മന്ത്രികൾസേനാപതികളൊടുംനിജ ബന്ധുവൎഗ്ഗ
ത്തൊടുംഭൃത്യജനത്തൊടും * ആനതേർകാലാൾകുതിരപ്പടയൊടു മാനക
ശംഖപടഹാദികളൊടും * എന്തൊരുഘോഷംപറവതെഴുന്നള്ളത്തന്ത
ണരോടുംമുനിവരന്മാരൊടും * അന്ധകവൃഷ്ണിഭോജാദികൾതമ്മൊടും
ചെന്താരിൽമാനിനിതന്നുടെവല്ലഭൻ * നന്ദനനന്ദനനിന്ദിരാമന്ദിര
നിന്ദ്രാദിവൃന്ദാരകവൃന്ദവന്ദിതൻ * ഇന്ദുകലാധരവന്ദ്യൻമുകുന്ദനാന
ന്ദസാന്ദ്രൂപൻജഗന്മയൻഗോവിന്ദൻ * അവ്യയനവ്യക്തനദ്വയനീശ്വ
രൻ ദിവ്യജനങ്ങൾമനസിവസിപ്പവൻ * സവ്യസാചിപ്രിയൻഹവ്യ
വാഹപ്രഭൻക്രവ്യാദനാശനനുൎവ്വീധരധരൻ * ഉമ്പർകോൻതമ്പുരാനം
ഭോജലോചനനമ്പരിൽവമ്പൻപരൻപുരുഷൻകൃഷ്ണൻ * കുംഭീന്ദ്രഡം
ഭംകെട്ടുത്തവമ്പൻവിള കുംഭീന്ദ്രതാപാപഹാരിമധുവൈരി * പാണ്ഡ
വൻതന്നുടെരാജസൂയത്തിനു ഖാണ്ഡവപ്രസ്ഥമാകുന്നപുരിപുക്കാൻ *
ആനന്ദമുൾക്കൊണ്ടുവന്ദിച്ചവർകളും വേണുന്നതെല്ലാമൊരുക്കിത്തുട
ങ്ങിനാർ * ഹസ്തിനംപുക്കനകുലൻവരുത്തേണം മിത്രമായുള്ളജന
ത്തെയുംവൈകാതെ * ഗാന്ധാരിമുൻപായമാതൃജനങ്ങളും ഗാന്ധാര
നാദിയാംബന്ധുവൎഗ്ഗങ്ങളും * അച്ഛൻദുര്യോധനാദികൾകൎണ്ണനും
സച്ഛചിത്തന്മാരാംഭീഷ്മരുംദ്രോണരും *വിശ്വവില്ലാളിയായുള്ളകൃപർ
താനു മശ്വത്ഥാമാവുമമാത്യവരന്മാരും * വിശ്വാസമുള്ളവിദുരരും
വൈകാതെ ദുശ്ശാസനനോടുവേറെപറഞ്ഞിട്ടു * നിശ്ശേഷമായപട
യുമായാദരാൽ നിശ്ശങ്കമെന്യേകണിങ്കനുമായ്വന്നു * യാഗംകഴിക്കെന്നു
ചൊന്നാൻനകുലനു മാഗമിച്ചാരവരവ്വണ്ണമേവരും * ഭൂനാഥവീര
ന്മാർപാഞ്ചാലവീരരും മാനിച്ചുസാല്വന്മാർവീരൻവിദൎഭനും * സൃഞ്ജ
യവീരരുംമാദ്രരാജാക്കളും കുഞ്ജരവീരരുംകൊങ്കണമന്നരും * വൻപുന
ടിക്കുന്നസുംഭന്മാർമാഗധൻ കമ്പമില്ലാതൊരുകാശീനൃപൻതാനും *
അംഗരുംവംഗരുംവീരർകലിംഗരും മംഗലനാകിയപുണ്ഡ്റനൃപൻതാ
നും * കഞ്ജളവീരരുംകാത്രുശഭൂപരും സിന്ധുരഭൂപരുംനൈഷധവീരരും
* കോസലകേകയചേദിനൃപന്മാരും മേദുരന്മാരാംവിരാടരാജാക്കളും
* മാളവൻചോളനുംകേരളൻപാണ്ഡ്യനും കേളിയേറുന്നമറ്റുള്ള
നൃപന്മാരും * നാരദവ്യാസധൌമ്യാദികളായുള്ള ഘോരതപോധന

ന്മാരോട്ടശിഷ്യരും * ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദിയും ധാൎമ്മി
കനായുള്ള ധൎമ്മജൻതന്നുടെ * രാജസൂയത്തിനുവന്നുനിറഞ്ഞിതു രാജ്ഞി
തയായമഹാരാജധാനിയിൽ * തങ്ങളാൽതങ്ങളാലായസല്ക്കാരവും
തങ്ങൾതങ്ങൾക്കുള്ളകോപ്പുംപാടവിയും * തിങ്ങിവിളങ്ങുന്നവൻപട
ക്കോപ്പുമാ യിങ്ങനെഭൂമിയിലുള്ളരാജാക്കളും * കുംഭവുംകൊമ്പുംപൊ
തിഞ്ഞുചെമ്പൊന്നിനാൽ വൻപുള്ളകുംഭികൾമുമ്പിലകംപടി * ക
ല്ലോലമാലകൾതുള്ളുന്നതുപോലെ തുള്ളിക്കളിക്കുന്നവെള്ളക്കുതിരകൾ
* തേരാളികളായപോരാളിവീരരും കാലായമേറുന്നകാലാൾപ്പടകളും
* കണ്ടുതുടരെത്തുടരെവരുന്നതു കണ്ടുകൂടാതോളമുള്ളപെരുമ്പട *
ശംഖങ്ങൾഭേരിപെരുമ്പറമദ്ദളം ദുന്ദുഭിനക്രമിടയ്ക്കയുടുക്കുകൾ * കൊ
മ്പുംകുഴലുകൾതാളവുംവീണയും തമ്പുരാനേ! ശിവശങ്കരയെന്നതേ *
ചൊല്ലാവതുണ്ടായഘോഷംനിരൂപിക്കി ലെല്ലാരെയുമൊക്കെസ്സല്ക്കാര
വുംചെയ്തു * നല്ലവെൺമാളികതോറുമിരുത്തിനാർ കല്യാണമാടമാ
ത്യാനുഗന്മാദികൾ * കൂപതടാകങ്ങൾവേണ്ടുവോളമുണ്ടു ശോഭക
ലൎന്നെടുങ്കേണികളുണ്ടു * കിങ്കരന്മാരുണ്ടുവേണ്ടതൊരുക്കുവാൻസങ്കട
മൊന്നിനുമില്ലൊരുവൎക്കുമേ * ഇപ്രഭാവങ്ങൾകണ്ടുൾപ്പൂവിലെത്രയു
മത്ഭുതമാന്നൊരുധൎമ്മജൻമാനസം * ചില്പുരുഷങ്കലുറച്ചിതു ശാന്തമാ
യുൽപ്രഭാവങ്ങളിതൊക്കെയെന്നോൎത്തിട്ടു * തല്പാദപത്മങ്ങളുൾപ്പൂവി
ലാക്കിനാൻ പൊൽപ്പൂവിൽമാനിനിതൻവിളയാട്ടവും * ഉല്പലനേ
ത്രാധിവാസമുണ്ടാകയാ ലിപ്പാളിവിടെയുണ്ടായതുനിൎണ്ണയം * ശാന്ത
നായുള്ളയുധിഷ്ഠിരനന്നേരം ശാന്തനവൻതന്നെവന്ദിച്ചുചൊല്ലിനാൻ*
താത!വിദുര!സുയോധന!നിങ്ങളി ന്നാദരവോടിനിക്കുള്ളധനംകാണ്ക*
നിങ്ങളുടെയതിവയൊക്കെനിൎണ്ണയ മിങ്ങുവേണുന്നതുചെയ്കചോദിക്കേ
ണ്ടാ * അച്ഛനിതൊക്കവേസൂക്ഷിച്ചിരിക്കണം വെച്ചോരുകാഴ്ചയെട്ടു
ക്കസുയോധനൻ * മന്നവന്മാൎക്കുവേണുന്നതുസഞ്ജയ നൊന്നൊഴിയാ
തെയൊരുക്കിക്കൊടുക്കണം * കൃത്യമകൃത്യമപകൃത്യമെന്നിവ നിത്യ
വും ഭീഷ്മരുംദ്രോണരുംചൊല്ലണം * അശ്വത്ഥാമാവറിയേണംദ്വിജ
ന്മാരെ ദുശ്ശാസനനിലപന്തിയിൽവെക്കണം * എച്ചിലെടുപ്പിച്ചുടിച്ചു
തളിപ്പിച്ചു നിശ്ശേഷശുദ്ധിവരുത്തുകയുംവേണം * സജ്ജനപൂജകള
ജ്ജുനൻചെയ്യണ മച്യുതൻവിപ്രരെക്കാൽകഴുകിക്കണം * പാചകന്മാ
രോടടുക്കളയിൽവേണ്ട താചരിച്ചീടണംഭീമൻമടിയാതെ * സ്വൎണ്ണ
ങ്ങൾകൊണ്ടുള്ളദാനങ്ങൾചെയ്യണം കൎണ്ണനുമാചാൎയ്യനായകൃപരുമാ
യ് * ഇനിവേണുന്നതുഭീഷ്മരോടെല്ലാരും ചെന്നുചോദിച്ചുകൊൾകെ
ന്നതേവേണുന്നു * ഇത്ഥംനിയോഗിച്ചുധൎമ്മജൻതാനന്നു ശുദ്ധമന
സ്സോടുയാഗവുംദീക്ഷിച്ചു * ഋത്വിക്കുകൾസദസ്യാദികളും ക്രിയാബദ്ധ
തകൈവിട്ടുകൎമ്മംതുടങ്ങിനാർ * വേദധ്വനികളുമാഹുതിശബ്ദവും
വേദിയർതമ്മിൽപറയുന്നഘോഷവും * ഹോമധൂമങ്ങളും പാവകജ്വാ
ലയും സാമഗാനപ്രഭേദധ്വനിപൂരവും * വേറേപലതരമോരോരസ
ങ്ങളിൽ ചോറുംകറികളുമുണ്ണുന്നൊരുദ്വിശി * വാദ്യഘോഷംചതുരംഗ

ഘനസാരവം ചോദ്യോത്തരം കൊണ്ടു സംബന്ധശബ്ദവും * ഘോഷിച്ചി
വണ്ണം തുടങ്ങി മഹാക്രതു പോഷിച്ചു ദേവകളും മനുജാതിയും * പഞ്ചേ
ന്ദ്രിയങ്ങളുമന്തഃകരണവും പഞ്ചജനാദിതയാദശരീരിണാം * പ്രീതി
വളർന്നു തുടങ്ങി ദിനംപ്രതി നീതിയിലിങ്ങനെ കർമ്മങ്ങൾ ചെയ്കയാൽ *
മുപ്പത്തുനാലുമാസം കൊണ്ടൊടുങ്ങുമവോ ഉത്തമരാജസൂയാന്തക്രിയാന്ത
രേ * യോഗ്യരാകുന്നതാരഗ്രപൂജയ്ക്കെന്നു യോഗ്യന്മാരെല്ലാരുംകൂടിനി
രൂപിച്ചു * ശ്രോത്രിയരും നല്ലശാസ്ത്രികളുംകൂടി പാത്രമിതിന്നാരെന്നോ
രുംതിരിച്ചീല * മാദ്രിതനയനാകും സഹദേവനു മാർഗ്ഗമനസ്സോടു ശാ
ന്തനവന്താനും * ആദ്യരാജൻ പരമാത്മാ ജഗന്മയൻ വേദ്യനല്ലാത
നാരായണൻ വൈകുണ്ഠൻ * മൂന്നുലോകത്തിനും മൂലമാമീശ്വരൻ മൂ
ന്നായ മൂർത്തികളൊന്നായി നില്പവൻ * താനിരിക്കെയെന്തു സംശയമു
ണ്ടാവാൻ നൂനമവൻതന്നെ യോഗ്യനെന്നാരവർ * ശാഖിമൂലമട്ടുനന
ച്ചാൽ മതിയല്ലോ ശാഖകൾ തോറും നനയ്ക്കുമാറില്ലല്ലോ * ശ്രദ്ധനായു
ള്ളൊരു ഗോവിന്ദമൂർത്തിയെ പീഠത്തിന്മേൽ വച്ചു തൃക്കാൽ കഴുകിച്ചു * പൂ
ജിച്ചു വന്ദിച്ചു വീണു നമസ്കരി ച്ചാചാരവും ചെയ്തു രാജാവു നിന്നപ്പോൾ *
ക്രുദ്ധനായൊരു ശിശുപാലമന്നവനുത്ഥാനവും ചെയ്തിട്ടുച്ചത്തിൽ ചൊല്ലി
നാൻ * കുണ്ഡിനം തന്നിൽനിന്നുണ്ടായതൊക്കെപ്പോൾ കുണ്ഡന്മാരായു
ള്ള പാണ്ഡവന്മാരെയും * ഒന്നുണ്ടു തോന്നുന്നതെന്നുള്ളിലിന്നതു നന്ന
ല്ല ചെയ്തിലൊ നിർണ്ണയമെങ്കിലും * ഉള്ളിലറിവില്ലയാതൊരുനിങ്ങളി ക്ക
ള്ളനായുള്ളൊരു ഗോപാലകൻതന്നെ * കാലും കഴുകിച്ചു പൂജിച്ചതൊ
ക്കെപ്പോൾ ബാലന്മാരേ! പഴുതായ്പ്പോന്നു യാഗവും * ഇന്നവനെന്നുമി
ല്ലില്ലയുമില്ലിവ നൊന്നുമൊരുഗുണമില്ലനിരൂപിക്കിൽ * മാതരു
മിന്നവരെന്നില്ല ഭോഗിപ്പാൻ മാതുലനെക്കൊന്ന പാതകവുമുണ്ടു *
പെൺകൊലയുംചെയ്തു സാധുജനങ്ങളെ ശങ്കയുംകൂടാതെ താന്തോ
ന്നിയായവൻ * ബ്രാഹ്മണശ്രേഷ്ഠനും പിന്നെ ശ്വപചനും സാമ്യ
മത്രേയിവനുള്ളിലോർക്കുംവിധൌ * ശ്വാക്കളും ഗോക്കളുമൊക്കെയിവൻത
നിക്കൊക്കുമറിയാവതല്ലിവന്നായകൾ * ഇല്ലാത്തതുണ്ടാക്കുമുള്ളതില്ലാതാ
ക്കും നല്ലതുമാകാത്തതും ഭേദമില്ലേതും * വർണ്ണവിശേഷവുമില്ലിവനേതു
മേ പുണ്യപാപങ്ങളും ചിന്തിക്കയില്ലിവൻ * നിഷ്കിഞ്ചനപ്രിയൻ
നിർല്ലജ്ജനെത്രയും ദുഷ്കുലജാതനാം നിഷ്കാമനെന്നിങ്ങൾ * യോഗ്യ
ന്മാരൊക്കവേ നോക്കിയിരിക്കവേ യോഗ്യമല്ലേതുമിച്ചെയ്തതു നിർണ്ണയം *
വൃദ്ധരായുള്ള ഗാംഗേയനും ദ്രോണരും ബുദ്ധിനേരല്ലാതെയായിച്ചമ
ഞ്ഞിതോ? * ഇത്തരം കേട്ടാശു പൊത്തി ചെവി ചിലർ മുഗ്ദ്ധവിലോച
നനേതുമേ മിണ്ടീല * പാർത്ഥിവനായ ചേദിപൻ തന്നോടു ചിത്തകോ
പത്തോടു പാർത്ഥനും ചൊല്ലിനാൻ * ഇത്തരം ചൊല്ലുകിലസ്ത്രങ്ങൾ കൊ
ണ്ടുത്തരം ചൊല്ലിഞായം പിന്നെ മന്നവാ! * ന്യായമല്ലാത്തതു നീ
പറഞ്ഞീടുകിൽ കായവും നാനരിതിന്നുമാറാക്കുവൻ * പോരായ്മ ചൊല്ലുണ്ടു
ശിശുപാലനന്നേരം പോരിനു തേരിൽ കരേറി നിന്നീടിനാൻ *

വിശ്വരൂപപ്രദർശനം.

കണ്ണുംചുവത്തിവിറച്ചുനാരായണൻ സന്നദ്ധനായതുകണ്ടുയുധി
ഷ്ഠിരൻ * നൂറായിരംകോടിമാർത്താണ്ഡമണ്ഡല മേറിയൊരാഭകേലൻ
ദിക്കുംവണ്ണം * ആർക്കുമേനോക്കരുതാതൊരുദീപ്തിയു മാർക്കുംതിരിക്കരുതാ
തൊരുരൂപവും * കൈക്കൊണ്ടുകണ്ടഭഗവൽസ്വരൂപത്തെ യുൾക്കാമ്പി
ലാക്കിവന്ദിച്ചുധർമ്മാത്മജൻ * ആരിവനായതുനേരേപറകെന്നു പാരാ
തെദേവവ്രതനോടുചോദിച്ചാൻ * ആരെന്നറിവാനറിയരുതാതൊരു
നാരായണനജനച്യുതനവ്യയൻ * ബ്രഹ്മപ്രളയമുണ്ടായന്നുതാൻത
ന്നെ നിർമ്മിച്ചെഴുംമധുകൈടഭന്മാരവർ * തന്നോടുതന്നെകലഹംതുട
ന്നപ്പോൾ കൊന്നാനവരുടെദേഹത്തിൽനിന്നുള്ള * മേദസ്സുതന്നെയുറ
ച്ചുചമഞ്ഞതുമേദിനിയായതുമെന്നറിഞ്ഞീടുനീ * നാഭിസരോജത്തിലു
ണ്ടായനാന്മുഖൻ നാനാവിധമായസൃഷ്ടിചെയ്തീടിനാൻ * വേദങ്ങൾ
കട്ടഹയഗ്രീവനെക്കൊന്നു വേധാവിനാക്കവാന്മീനായതുമിവൻ * ശ
ർവ്വാംശജാതനാംദുർവ്വാസാവാംമുനി ഗർവ്വംകലർന്നെഴുംസർവ്വേശസമ്മിതൻ
* ശക്രനുനൽകിയമാലയെടുത്തുട നക്കരിവീരൻചവിട്ടിക്കളകയാൽ *
ക്രുദ്ധനായമ്മുനിശാപവുംനല്കിനാൻ വൃത്രഹന്താവിനെയുംസുരന്മാ
രെയും * വൃദ്ധശ്രവസ്സായനീമുതലായവർ വൃദ്ധന്മാരായിജരാനരയുണ്ടാ
ക * എന്നതുകേട്ടുതൊഴുതുമഹേന്ദ്രനും പിന്നെവരവുംകൊടുത്തുമഹാമു
നി * ക്ഷീരാംബുരാശികടഞ്ഞമൃതുണ്ടാക്കിപ്പാരാതെ സേവിക്കയെന്നാൽ
സുഖംവരും * പുക്കിതുപാല്ക്കടലാശുപുരന്ദരൻപുഷ്കരനേത്രനോട
ത്തൽപറഞ്ഞപ്പോൾ * മൂർത്തികൾമൂവരുമൊന്നിച്ചുകല്പിച്ചു ദൈത്യക
ളോടൊരുമിച്ചിതുദേവകൾ * വാസുകിപാശമായ്മന്ദരം മത്തുമായാദര
വോടുകടഞ്ഞുതുടങ്ങുമ്പോൾ * താണുതുടങ്ങിധരാധരമന്നേരം താനൊ
രുകൂർമ്മമായ്പൊങ്ങിച്ചതുമിവൻ * കല്പകവൃക്ഷവുംനല്ലസുരഭിയുമത്ഭുതമാ
യുള്ള കൌസ്തുഭരത്നവും* ചന്ദ്രക്കലയുംമദിരയുംജ്യേഷ്ഠയും ചന്ദ്രസമാന
നയാകിയലക്ഷ്മിയും * നാൽക്കൊമ്പനാനയുമുച്ചൈശ്ശ്രവാശ്വവും
ഭാഗ്യഭാഗ്യാരോഗ്യയോഗ്യപീയൂഷവും * സാക്ഷാൽപരാംശമാം ധ
ന്വന്തരിതാനുമാർക്കുംപൊറുക്കരുതാതകാകോളവും * ചെല്ക്കണ്ണിമാരാകു
മപ്സരസ്ത്രീകളും പാല്ക്കടൽതന്നിൽനിന്നുണ്ടായിതുമററും * മായാവികളാ
മസുരകളക്കാലംപീയൂഷവുംകട്ടുകൊണ്ടുപോയീടിനാർ * മായാമനോഹ
രിയായിച്ചമഞ്ഞു മായാമയനിവൻവീണ്ടുകൊണ്ടീടിനാൻ * വാരാഹ
മായൊരുരൂപംധരിച്ചിട്ടുവീരനായുള്ളഹിരണ്യാക്ഷനെക്കൊന്നു* പാരി
തുവീണ്ടതുംയജ്ഞാംശനാകിയകാരുണ്യവാരിധിനാരായണനിവൻ *
ദുഷ്ടനായുള്ളഹിരണ്യകശിപുവെ നഷ്ടതചെയ്യാൻനരസിംഹമായവൻ
* ശ്യാമളസുന്ദരനിന്ദ്രാവരജനാം വാമനനായ്ബലിയെച്ചതിച്ചതും *
ഭൂമിപാലന്മാരെക്കൊന്നൊടുക്കിടുവാൻ ജാമദഗ്ന്യാകൃതിയായിച്ചമഞ്ഞ
തും * രാമനായ്പ്പുനഃപിറന്നുവളർന്നിട്ടു രാവണനെക്കൊന്നുതാപംകെടു
ത്തതും * രാമനായിന്നുബലഭദ്രനായതും കോമളനായുള്ളകൃഷ്ണനിവൻ
തന്നെ * പേമുലയുണ്ടതുംചാട്ടതകർത്തതും താമരസാക്ഷനാംകൃഷ്ണനി

വൻതന്നെ * ബാലകലീലകളാണ്ടു നടന്നതും പാലൊടുവെണ്ണകട്ടുണ്ടുക
ളിച്ചതും * അമ്മയ്ക്കുലകുകൾ കാട്ടിനാൻവാപിളർന്നംബുജലോചനനാ
മിവൻമാധവൻ * വൃന്ദാവനം പുക്കനന്നായ് രമിച്ചതും നന്ദജനാകിയ
നാരായണനിവൻ * കേശിയെക്കൈകൊണ്ടു വാകീറിക്കൊന്നതും കേശ
വനാകിയനാരായണനിവൻ * കാളിന്ദിയിൽനിന്നു നീക്കിക്കളവാനാ
യ് കാളിയൻമേൽനിന്നു നൃത്തം നടിച്ചതും * സുന്ദരിമാരുടെ ചേലകൾ
വാരീട്ടു കന്ദർപ്പമന്ദിരം കണ്ടു രസിച്ചതും * ആരണന്മാരുടെ പത്നികൾഭ
ക്തിയെനേരോടെ കണ്ടിട്ടനുഗ്രഹം ചെയ്തതും * ഗോവർദ്ധനം കുടയാക്കി
പ്പിടിച്ചതും ഗോപീജനത്തോടു കൂടിക്കളിച്ചതും * അക്രൂരൻവന്നിട്ടു രാമ
നുംതാനുമായ് മുഖ്യമായുള്ളൊരു തേരേറിപ്പോയതും * കാളിന്ദിയിൽമു
ഴുകീട്ടമക്രൂരനു മേളംവരുമാറനുഗ്രഹം ചെയ്തതും * ചെന്നു രജകനെക്കൊ
ന്നുകളഞ്ഞതും സന്നദ്ധനായ്വില്ലെടുത്തുമുറിച്ചതും * പിന്നെ കുവലയാ
പീഠത്തെക്കൊന്നതു മുന്നതമല്ലരംഗം പ്രവേശിച്ചതും * മുഷ്ടികചാണൂ
രനാദിയാം മല്ലരെ മുഷ്ടിയുദ്ധം ചെയ്തു പൊട്ടിച്ചുകൊന്നതും * ദുഷ്ടനാം
കംസനെക്കൊന്നുകളഞ്ഞിട്ടു കെട്ടുപെട്ടീടിനോരച്ഛനമ്മയ്ക്കും * പുഷ്ട
കുതുകമുണ്ടാക്കിച്ചമച്ചതും തുഷ്ടിപുരവാസികൾക്കു വളർത്തതും * വിദ്യപ
ഠിപ്പിച്ചുവിപ്രനു ദക്ഷിണ മൃത്യുഭവിച്ച സുതനെക്കൊടുത്തതും * പഞ്ചജ
നനാമസുരകുലേന്ദ്രനെ പഞ്ചത ചേർത്തവൻതന്നുടെയസ്ഥിയാൽ * പാ
ഞ്ചജന്യാഖ്യകലർന്നൊരു ശംഖവും ചാഞ്ചല്യമെന്നിയെ കൈക്കൊണ്ടു
പോന്നതും * ചൊൽക്കൊണ്ട മാഗധൻ വന്നിരുപത്തിമൂന്നക്ഷൗഹിണി
പ്പടയോടെ വളഞ്ഞപ്പോൾ * വമ്പടകൊന്നു ജരാസന്ധനാകിയ വമ്പ
നെക്കൊല്ലാതയച്ചതു കാരണം * പിന്നെയും വന്നാൻ പതിനേഴുരുവവൻ
കൊന്നൊടുക്കം പടയൊക്കവെ മാധവൻ * പിന്നെയവൻ പതിനെട്ടാമ
തുംവരും മുന്നമേ വന്നു യവനൻപടയുമായ് * മൂന്നുകോടിപ്പടയുള്ളതും
കൊന്നുടൻ മന്ദതരം പാഞ്ഞു പർവ്വതകന്ദരം * തന്നിലൊളിച്ചതു നേരം
യവനനും ചെന്നു മുചുകുന്ദനെച്ചവിട്ടീടിനാൻ * പെട്ടെന്നുണർന്നവൻ
നോക്കിയനേരത്തു ദുഷ്ടനും നേത്രാഗ്നിദഗ്ദ്ധനായീടിനാൻ *പിന്നെമു
ചുകുന്ദഭൂപനു കൈവല്യം തന്നെ കൊടുത്തതും നാരായണനിവൻ *
അന്ധചിത്തൻ പതിനെട്ടാമതും ജരാസന്ധൻ മധുരാപുരിയെ വളഞ്ഞ
പ്പോൾ * വാരിധിയോടപേക്ഷിച്ചു വാങ്ങീടിനാൻ ദ്വാരവതിയാം
മഹാരാജധാനിയും * സ്ത്രീധനധാന്യാദികളും കടത്തിവെച്ചാധി
യുംതീർത്തു ബലഭദ്രരാമനും * താനുമായ്മാഗധസൈന്യം മുടിച്ചതും
മാനിയാം മാഗധനെക്കൊല ചെയ്യാതെ * പേടിഭാവിച്ചുകൊണ്ടഗ്ര
ജന്തന്നൊടുമോടിമലമേൽക്കരേറിക്കളഞ്ഞതും * ചുററുമവൻ തീകൊളു
ത്തിയനേരത്തു മററാരുമേയറിയാതെ ബലനുമായ് * വന്നു നിജപുരി പു
ക്കുവസിച്ചതും നന്ദതനയനാം ദാമോദരനിവൻ * ചെന്നു നരകമുര
ന്മാരെയും കൊന്നു കുണ്ഡലം നല്ലദിതിക്കു കൊടുത്തതും * ഭാര്യമാരാ
യ് പ്പതിനാറായിരത്തെട്ടു നാരികളെ വിവാഹം ചെയ്തുകൊണ്ടതും *
ശങ്കരൻതന്നെപ്പൊരുതു ജയിച്ചിട്ടു ഹുംകൃതി പൂണ്ടൊരു ബാണൻകരങ്ങ

ളെ * ഭേദിച്ചുനിരുദ്ധനെവീണ്ടുകൊണ്ടതും വേദപ്പൊരുളായനാരാ
യണനിവൻ * മററുംപലപലവിക്രമംചെയ്തിട്ടു മുററുംജഗത്ത്രയരക്ഷാ
കരനിവൻ * കർത്താവാകുന്നതുംകാരണനായതും മദ്ധ്യേകരണമാകുന്ന
തുംതാൻതന്നെ * ഉല്പത്തിയില്ലമരണവുമില്ലിവനുത്ഭവമാൎക്കറിഞ്ഞു
കൂടാതെ ചൊൽവാൻ * മായാമയനായനാരായണാ!പോററി!നീയേഗതി
എനിക്കിനീസന്തതം *

ശിശുപാലവധം.

ശാൎങ്ഗവരായുധൻതന്റെചരിത്രങ്ങൾ ഗാംഗേയനിങ്ങനെചൊ
ന്നോരനന്തരം * ദുൎന്നിമിത്തങ്ങളുണ്ടായതുകണ്ടഥ മന്നവൻനാരദൻ
തന്നോടുചോദിച്ചു * എന്തിതിൻകാരണമെന്നതുകേട്ടാശു ചിന്തിച്ചു
നാരദൻതാനുരചെയ്തു * ചേദീശനായശിശുപാലനെയിന്നു മാ
ധവൻകൊല്ലുമതിനുള്ളകാരണം * കാണായതെന്നുപറഞ്ഞിരിക്ക
ത്തന്നെ കാണായിതേരിൽമധുവൈരിതന്നെയും * അസ്ത്രപ്രയോഗ
ങ്ങൾതമ്മിലുണ്ടായതു വിസ്തരിച്ചേറെപ്പറഞ്ഞാലൊടുങ്ങുമോ * രാഘ
വരാവണന്മാർപൊരുംപോലെ യമ്മേഘനിറമുള്ളകൃഷ്ണചേദീശന്മാർ *
അസ്ത്രമെടുത്തുതൊടുത്തുവലിച്ചയച്ചത്രയും ഘോരമായ്‌വന്നിതുയുദ്ധ
വും * ധൎമ്മജനാദിയുംനാരദനാദിയും നിൎമ്മലരാകിയദേവസമൂഹവും
* നാരീജനങ്ങളുംഭൂസുരജാലവും വീരരായുള്ളവന്നഭൂപതിവൃന്ദവും*പാ
രിലുള്ളോരെല്ലാമായോധനംകണ്ടുനാരായണാ! ഹരേനാരായണായെ
ന്നാർ * വിക്രമശാലിയാംവിഷ്ണുജഗന്മയൻ ചക്രമെറിഞ്ഞുമുറിച്ചാന
വൻതല * ദേഹവുംഭൂമിയിൽവീണിതതുനേരം ദേഹിയുംമാധവ
ദേഹമകംപുക്ക * ദേവകൾപൂമഴതൂകിത്തുടങ്ങിനാർ ദേവനെവന്ദിച്ചു
മാമുനിജാലവും * യാദവന്മാരുംതെളിഞ്ഞുചമഞ്ഞിതു മേദിനീപാലക
ന്മാർചിലർകോപിച്ചാർ * ധൎമ്മജൻചൊല്ലാലെശേഷക്രിയകളും നി
ൎമ്മലനാമവൻതന്റെമകൻചെയ്താൻ * ശേഷംമഹാക്രതുചെയ്തുമുടി
ച്ചിതു ഘോഷിച്ചുധൎമ്മരാജാത്മജൻനിൎമ്മലൻ * ആനന്ദമുൾക്കൊണ്ടു
മന്നനവഭൃഥസ്നാനവും ചെയ്തിതുബന്ധുജനത്തോടും * ഇന്ദ്രൻസു
ധൎമ്മയിലെന്നപോലെ ധരണീന്ദ്രനാസ്ഥാനേവസിക്കുന്നതുനേരം *
മായാമയനാംമയൻപണിചെയ്തൊരു തോയാകരംനിലമെന്നുനിരൂപി
ച്ചു *പരരാതെചെന്നുടൻവാളുമായ് ചാടിനാൻ വാരിയില്പട്ടുമുടുത്തുസു
യോധനൻ * ആരുംകാണാതെചിരിച്ചിതെല്ലാവരും പാരംചിരിച്ചിതു
ഭീമനതുനേരം * നാണവുംപൂണ്ടഭിമാനക്ഷയത്തൊടു മാനനവും
താഴ്ത്തിയാരെയുംനോക്കാതെ * പോയിസുയോധനനന്നുതുടങ്ങീട്ടുകായം
മെലിഞ്ഞുപനിയുംപിടിച്ചിതെ * മന്നവരുംപിന്നെമററുള്ളവർകളും
വന്നവഴിയേപോയ്തങ്ങളിടംപുക്കാർ * വൃഷ്ണികുലജാതൻവിശ്വംഭരോ
വരൻ വിഷ്ണുവേദാന്തവേദ്യൻവേദവിഗ്രഹൻ * ജിഷ്ണുപ്രമുഖവൃന്ദാരക
വന്ദിതൻ ജിഷ്ണുതനയപ്രിയവയസ്യൻഹരി * കൃഷ്ണൻതിരുവടിധൎമ്മ
ജൻതന്നോടും കൃഷ്ണയോടുംസുഭദ്രാദികൾതമ്മോടും * ജിഷ്ണുവിനോടും
മററുള്ളജനത്തോടുമുഷ്ണതരാംശുബിംബാനനൻമാധവൻ * ആസ്ഥ

യാവാത്സല്യമുൾക്കൊണ്ടുസാദരം യാത്രയുംചൊല്ലിവേഗത്തോടെഴുന്നെള്ളി * ഹസ്തിനംപുക്കധൃതരാഷ്ട്രപുത്രനമത്തൻ മുഴുത്തു ചമഞ്ഞുദിനംപ്രതി * ധർമ്മജൻതൻെറധനവുംപ്രതാപവും നന്മയുംകണ്ടുസഹിയാഞ്ഞത്രു കാലം * താണിതുമ്പുദ്ധിതളച്ചുയുംപാരമാ യൂണുമുറക്കവുമില്ലാതെവന്നിതു * ചെന്നുശകുനിയോടെല്ലാമമാത്യകൾ ചൊന്നതുകേട്ടുപന്നംവന്നുചൊല്ലിനാൻ * പോക്കവൻനിന്നുടെദുഃഖങ്ങളൊക്കവേ ഭോഷ്ഷേന്നിയെപറഞ്ഞീടുനീവൈകാതെ * ധർമ്മജന്മാവിൻപ്രതാപവുമത്ഥവും നന്മയും കണ്ടുപൊറുത്തീലിനിക്കയ്യോ! * കുററമല്ലതുമത്തുണ്ടാമതിന്നുനീ പററുവതല്ലശോകിപ്പതൊരിക്കലും * ഏതുമിതുകൊണ്ടുദുഃഖിക്കവേണ്ടനീ ചൂതുപൊരുതുജയിച്ചവൻതന്നുടെ * നാടുംനഗരവുമത്ഥവുംനിന്നുടെ പാടാക്കിവയ്ക്കുന്നതുണ്ടിനിനിണ്ണയം * അച്ഛനെക്കൊണ്ടുചൊല്ലിച്ചുവരുത്തുക നിശ്ചയംനാട്ടുപറിക്കുന്നതുണ്ടുഞാൻ * എന്നുശകുനിപറഞ്ഞതുകേട്ടപ്പോൾ ചെന്നവൻതാതനോടാശുചൊല്ലീടിനാൻ * അന്ധനാംഭൂപൻമുഹൂത്തമാത്രമുള്ളിൽ ചിന്തിച്ചുനന്ദനൻതന്നോടുചൊല്ലിനാൻ * അന്ധകാരങ്ങൾനിരൂപിച്ചുമാനസേ ചിന്തമുഴുത്തുമുഴുകിദിനംപ്രതി * സന്താപമുണ്ടായ്മെലിഞ്ഞുവശംകെട്ടു സന്തതംക്ലേശിപ്പതിന്നെന്തുകാരണം? * ബന്ധമില്ലേതുമിതിന്നിതുചൊല്ലിയ ബന്ധുക്കളേതും നിനക്കനന്നല്ലരകൾ * അന്തംവരുമത്തുമൂലമന്നേരത്തു പിന്തുണയാരുംനിനക്കില്ലറികനീ * മന്ത്രികളിഷ്ടംപറയുംചിലരവരന്തമില്ലകൊല്ലിക്കമതോക്കണം * കുന്തീസുതന്മാർനിനക്കിതിനാൽപരി പന്ഥികളായ്വരുംപാണ്ഡവന്മാരടെ * ബന്ധുവാകുന്നതാരെന്നതോത്തിടേണ മന്ധകവംശാധിപൻനരകാന്തകൻ * എന്നോടിതെല്ലാംപറയായ്കപാതിയും മുന്നേവണ്ണംതന്നെവാഴ്കനീയിന്നും * അംബികാപുത്രൻപറഞ്ഞതുകേട്ടപ്പോൾ തന്മനക്കാമ്പിൽവെറുത്തുസുയോധനൻ * തീത്ഥമാടീടുവാൻപോകുന്നതുണ്ടുഞാൻ പേത്തിവിടേയ്ക്കുവരുന്നതുമില്ലിനി * താതനന്നുജനിലുള്ളൊരുവാത്സല്യംചേതസിധർമ്മാത്മജനിലുമുണ്ടല്ലോ * താതനുരേകപിണ്ഡാദികൾ നല്കുവാൻ പ്രീതിയുംപാണ്ഡുസുതന്മലെനിണ്ണയം ന്യൂനമെന്നാൽതവകർമ്മമിതിനില്ല ഞാനിനിദേശാന്തരംഗമിച്ചീടുവൻ * മന്നവനെന്നതുകേട്ടുവിദുരരെച്ചെന്നുവരുത്തുകെന്നാനവനംവന്നാൻ * ഗൂഢമായിങ്ങനെയെല്ലാവരുമൊത്തുകൂടിനിരൂപിച്ചുകല്പിച്ചകാരിയം * ഉള്ളവണ്ണംധരിച്ചോരുവിദുരരും ചൊല്ലിനാനന്നുധൃതരാഷ്ട്രരെനോക്കി * നല്ലതിനല്ലതുടങ്ങുന്നുനിന്മകൻ നല്ലതല്ലേതുമേമേലിലിതുമൂലം * ഇല്ലാതെയായ്വരുമെല്ലാവരുംകൂടി വല്ലായ്മശിക്ഷിച്ചടക്കുകനീതന്നെ * ഏവംവിദുരർപറഞ്ഞതുകേൾപ്പതിന്നാവതല്ലാതെചമഞ്ഞുധൃതരാഷ്ട്രർ * പുത്രവാത്സല്യംനിമിത്തമായ് മാധവൻഭക്തപ്രിയൻമഹാമായാഗുണവശാൽ * ഭൂഭാരനാശനത്തിന്നുപിറന്നൊരു ഗോപതിവൈഭവമോക്തതുക്കാവൂ *

ദ്യൂതക്രീഡ.

പാത്ഥനെച്ചെന്നുവരുത്തുകയെങ്കിലു മോത്തിടാമെന്നതുകേട്ടുവി

ദുരതം * ഖാണ്ഡവപ്രസ്ഥമകംപുക്കതുനേരം പാണ്ഡവന്മാരുമെതി രേററുപൂജിച്ചാർ* അംബികാപുത്രനുസൌഖ്യമല്ലീപുന രംബുധിപതീ സുതനെന്തരുൾചെയ്തു? * എന്തൊരുവാർത്തപുതുതായിട്ടുള്ളതു?മെന്തൊ രുകാര്യംനിരൂപിച്ചുവന്നതും * ധർമ്മജനിങ്ങനെചോദിച്ചനേരത്തു നി ർമ്മലനായവിദുരരുരചെയ്തു * എല്ലാംവിധിബലമല്ലോയുധിഷ്ഠിര!എല്ലാ തെചൂതുപൊരേണംപോലെന്നിട്ടു * നിന്നെവരുത്തുകെന്നെന്നെയയ ച്ചിതുമന്നവനായധൃതരാഷ്ട്രർതാൻതന്നെ * നല്ലതുമാകാത്തതുംനിരൂ പിച്ചിട്ടുനല്ലതുചെയ്കന്നേചൊല്ലാവിതെന്നാലെ *സന്മതിനിർമ്മലൻ ധർമ്മജൻചൊല്ലിനാൻ സമ്മതമോടുവിദുരരോടന്നേരം * താതൻവിളി ച്ചവിടത്തിന്നുചെല്ലുവാൻ ഏതുമേസംശയിച്ചീടുന്നതില്ലഞാൻ * ചൂതി നുള്ളോരുദോഷങ്ങൾചൊല്ലീടിനാൽ ചൂതുപൊരാതെകഴിയ്ക്കിലൊന്ന ല്ലൊ * പിന്നെസ്സുയോധനാഭീഷ്ടങ്ങളായവ തന്നെപണയംകൊടു ത്തവനായ്വന്നാൽ * നിങ്ങൾതടസ്ഥന്മാരായുള്ളവർചിലർ മംഗലവാ ക്യങ്ങൾകൊണ്ടൊഴിച്ചീടുവിൻ * എന്നാലുമാവതില്ലായ്കിൽമൂന്നാമ തുപിന്നെയും ചൂതുപൊരുതുതോററീടുവൻ * എന്നാൽജയമത്തനായ സുയോധനൻതന്നെസഭാപാലകന്മാരെനിന്ദിച്ചു * ദുർഭാഷണാദിദുഷ്ക ർമ്മങ്ങൾചെയ്തീടുമപ്പോൾസഭാതിക്രമംകണ്ടുസഭ്യന്മാർ|* കണ്ണുംകണ്ണുമ ടച്ചുനടകൊള്ളുംപിന്നെയേതാനുമൊന്നുണ്ടുവശ്യബലാൽ * മൂന്നില്ലു മൊന്നുസാധിക്കാമതെന്നിയെ മൂന്നുംവരായിലുമില്ലൊരുസങ്കടം * ത ങ്ങളിലിത്ഥംവിശേഷങ്ങളും പറഞ്ഞങ്ങിനെരാത്രികഴിഞ്ഞോരനന്ത രം * നേരത്തെഴുന്നേററുനിത്യകർമ്മംചെയ്തു കൂടലർകാലന്മാരാകിയപാ ണ്ഡവർ * തേരിൽക്കരേറിവിദുരരുമായ്ചെന്നുപാരാതെഹസ്തിനമാ യപുരംപുക്കാർ * അംബികാപുത്രനെവന്ദിച്ചു പാണ്ഡവരമ്മയാം ഗാന്ധാരിതന്നെയുംവന്ദിച്ചാർ * അംബുരാശിപ്രിയപുത്രനെയുംതൊ ഴുതൻപിന്നെദ്രോണാചാര്യന്മാരെയുംവന്ദിച്ചാർ * അശ്വത്ഥാമാദിബന്ധു ക്കളെയുംകണ്ടുവിശ്രമിച്ചീടിനാർ പാണ്ഡുസുതന്മാരും * ഇഷ്ടരായുള്ള ജനത്തോടുമൊന്നിച്ചു മൃഷ്ടമായൂണുംകഴിഞ്ഞുറങ്ങീടിനാർ * പിറേറ ന്നാൾനേരത്തുനിത്യകർമ്മംകഴിച്ചു ററവരോടുമരചൻസഭപുക്ക *ചൂതു പൊരുവാൻവിളിച്ചിതെന്നുപിതാവാരെപ്പൂർവ്വം പറഞ്ഞോരനന്തരം * ചൂതിനാപത്തൊഴിഞ്ഞില്ലെന്നുധർമ്മജൻ മോദാലനേകമിതിഹാസ വുംചൊന്നാൻ * താതനിയോഗമനുഷ്ഠിപ്പതിന്നുഞാ നേതുംമടി ക്കുന്നതില്ലെന്നുധർമ്മജൻ * വ്യാകുലമാനസനായിരിക്കുന്നേരം നാ ഗദ്ധ്വജനുംമുതിർന്നിരുന്നീടിനാൻ * അക്ഷവുംചൂതുമെടുത്തുകൊണ്ടു വന്നുവയ്ക്കണമെന്നുമുതിർന്നുശകുനിയും * കർമ്മിച്ചതെല്ലാംവരുമെന്നു ചിന്തിച്ചുധർമ്മജൻതാനുമിരുന്നുസഭാന്തരേ * കള്ളച്ചൂതേതുംപൊ രൊല്ലനീയെന്നതു മുള്ളംതെളിഞ്ഞരുൾചെയ്തുയുധിഷ്ഠിരൻ * അയ്യോ ചതിയുണ്ടോചൂതിങ്കൽകാട്ടാവൂ മെയ്യോടുപണ്ടുംപൊരുമിതുമന്നവർ * ദൈവമത്രേയിതിന്നാധാരമാകുന്നതവ്യാജമായോന്നു ചൂതെന്നറി ഞ്ഞാലും * ഗാന്ധാരവീരൻപൊരുന്നൊരുചൂതിന്നു ഞാന്തന്നെവെ

ജ്ജ്യാം പണയം പൊരുതാലും * എന്നുസുയോധനനും പറഞ്ഞീടിനാൻ
മന്നവൻ ചൂതുപൊരുതുതുടങ്ങിനാൻ * ബാൽഹികദത്തരഥകുണ്ഡലാ
ദികൾ സോല്ലാസമാദിയിൽ വച്ചുപണയമായ് * വച്ചുതുവച്ചുതുതോ
റ്റിതുപാണ്ഡവർ വച്ചുപണയം ധനധാന്യരാജ്യവും * വച്ചുതുവച്ചു
തുവെന്നുശകുനിയും വച്ചുപണയവും ധർമ്മജനെപ്പേരും * വഞ്ചനം
ചൊല്ലുവാൻ നെഞ്ചകമഞ്ചുന്ന കിഞ്ചനസംശയം കൂടാതെ ധർമ്മജൻ *
നെഞ്ചകമായുള്ള നുജന്മാർതമ്മെയും കൊഞ്ചും മൊഴിയാളാം പാഞ്ചാലി
തന്നെയും * വച്ചുപണയം ചിരിച്ചിതുവൈരികൾ അയ്യോ ശിവ
ശിവ! കഷ്ടമെന്നാർ ചിലർ * സജ്ജനമേറ്റം വെറുത്തു ശകുനിയെ സജ്ജ
രമപ്പോൾ വിദുരരരചെയ്തു * അംബികാനന്ദന! കേൾക്ക ഞാൻ ചൊൽവ
തു നിന്മകനങ്ങുപിറന്നനേരം തുലോം * ദുർന്നിമിത്തങ്ങളുണ്ടായതറിഞ്ഞി
ലെ മന്നവർവംശമശേഷം മുടിവാനായ് * കള്ളച്ചൂതിട്ടുശകുനിചതിക്ക
യാൽ ഉള്ളം തെളിവുള്ള ധർമ്മജന്മാവിദ്വനാ * ട്ടുള്ള പൊരുളടയക്കൊണ്ടു
കൊണ്ടാൽ പോലുള്ളതല്ലേതുമതെന്നറിഞ്ഞീട്ടുനീ * ആകാസുയോധ
നൻ പോകയിവിട്ടുചാകാതിരിക്കണം മറ്റുള്ളവരെങ്കിൽ * വാഴ്ക
യുധിഷ്ഠിരൻ വൈകാതെ ഭൂതലം ഭാഗംപറഞ്ഞാൽ ഫലമില്ല മന്നവ! *
എന്നുവിദുരർ പറഞ്ഞതു കേട്ടപ്പോൾ മന്നവനായ സുയോധനൻ ചൊ
ല്ലിനാൻ * കർണ്ണ! നീ കേട്ടീലേ നല്ല വിദുരർവാക്കെന്നെ ദുഷിച്ചേ പറയു
മിവൻ പണ്ടും * ദുശ്ചേഷ്ടയായൊരു ദാസീസുതൻ തനിക്കെച്ചിൽ കൊട്ടു
ത്തുവളർത്തതിന്റെ ഫലം * ആകുന്നതാനെങ്കിലിവിട്ടുതാൻ പോയി
വാഴ്ക തനിക്കുതെളിഞ്ഞെടത്തെങ്ങാനും * നിൽക്കതെല്ലാം വെളിച്ച
ത്തിട്ടുനീലഞാൻ ധിക്കരിച്ചാൽ പിഴച്ചിട്ടുമെല്ലാവനും * പാർക്കുന്ന
തെന്തിന്നിനിച്ചില കാര്യങ്ങൾ ശ്രേഷ്ഠനായ്യരുമോ യുധിഷ്ഠിരൻ ചൊല്ലി
യാൽ *

ദ്രൗപദീവസ്ത്രാക്ഷേപം.

പാഞ്ചാലിതന്നെവിളിക്കയിനിയെത്തും ചാഞ്ചല്യംവേണ്ടയിതെ
ന്നുസുയോധനൻ * കൃഷ്ണേ! വരികനീമുറ്റമടിപ്പാനെന്നുജ്ഝിച്ചു നിന്നൊ
രു ദുശ്ശാസനൻ ചൊന്നാൻ * ദുശ്ശാസനൻ ചെന്നു ലജ്ജയും കൈവിട്ടു ദുശ്ശാ
സനം ചെയ്തനേരത്തു കൃഷ്ണയും * പോരുവാനുണ്ടുവിഷമമിന്നിക്കെന്നു വാ
രിജലോചനതാനുമുരചെയ്താൾ * തന്വി രജസ്വലയായിരിക്കെത്തന്നെ
ചെന്നുതലമുടിചുറ്റിപ്പിടിപെട്ടു * സജ്ജനമെല്ലാരും നോക്കിയിരിക്കവേ
ദുർജ്ജനാഗ്രേസരൻ ദുശ്ശാസനൻ ഖലൻ * കച്ചേൽമുലയാളെയിഴ്ത്തു സഭാ
ന്തരേ സ്വച്ഛമായേറ്റം മൃദുതരമാകിയ * വസ്ത്രമൊരുതല ചുറ്റിപ്പിടിപെട്ടു
നിസ്ത്രപനേറ്റം മടിയാതഴിച്ചപ്പോൾ * നാരീമണിയും മുറതുടങ്ങീടി
നാൾ നാരായണ! ഹരേ! രാമ! ദയാപര! * വിഷ്ണോ ജഗല്പതേ! വൃഷ്ണികു
ലോത്ഭവ! കൃഷ്ണ! യദുപതേ! പാഹി നമോസ്തുതേ! * ശ്രീവാസുദേവ! ധര
ണീധര! ചക്രപാണേ! വരാഹ! നരസിംഹ! രാഘവ! * പത്മനാഭ! കൃഷ്ണ!
രാമ! മുരഹര! പത്മാവലോകന! പത്മാലയാപതേ! * ദേവദേവ!
നമോ ദേവേശ! കേശവ! ദേവാധിനാഥ! ഹരേ! തേ നമോനമഃ

* ഇത്ഥംപ്രലാപം കലരുന്നോരുനേരത്തുവസ്ത്രമഴിച്ചോളമുണ്ടങ്ങുപി
ന്നെയും * ഏറിയോരാടയവനഴിച്ചിട്ടിട്ടും കുറയമയീന്നുവേറായതില്ലെ
ത്തും * കുറവേതുംകൃഷ്ണനുണ്ടായാലുമെല്ലൊരുകാമിയമിങ്ങിനെവന്നുതായ
മെടോ * നിർജ്ജരനായകനന്ദനനാകിയോരർജ്ജുനഭീമാദികൾകണ്ടു
നിൽക്കവേ * പിച്ചയവരുടെധൈര്യംനിരൂപിക്കില.ച്യുതൻതന്നുടെമാ
യാബലവശാൽ * ആക്ഭിമാനക്ഷയവുമാപത്തുമിങ്ങോക്കിൽമനുഷ്യ
രായാൽവരാതെയുള്ളു * കാഞ്ചികൾകൊണ്ടുമുറുക്കിക്കിടന്നൊരുപാ
ഞ്ചാലിതന്നുടെപൂഞ്ചേലയന്നേരം * മറ്റൊരുദുഷ്ടൻപിടിച്ചഴിക്കുന്നതു
കുറ്റമൊഴിഞ്ഞവർകണ്ടുനിന്നീടിനാർ * സത്യത്തെലംഘിക്കരുതെന്നു
ചിന്തിച്ചുസത്യപരായണന്മാരടങ്ങീദൃഢം * ധാർത്തരാഷ്ട്രന്മാരേ!നിങ്ങ
ളിലാരാനുംപാർത്ഥിവനന്ദനയായപാഞ്ചാലിയെ * വല്ലഭയാക്കിവരിച്ചു
കൊൾകെന്നതു ചൊല്ലിനാൻകർണ്ണനസൂയമുഴുക്കയാൽ * കാത്തുകൊൾ
കെന്നെധൃതരാഷ്ട്രമന്നവ!കാത്തുകൊൾകെന്നെനീഗാന്ധാരിമാതാവേ
* കാത്തുകൊണ്ടീടുവിൻഭീഷ്മരുംദ്രോണരും കാത്തുകൊൾവിൻസഭാപാ
ലന്മാരേ!നിങ്ങൾ * ധർമ്മരാജാവേ! ജഗൽപ്രാണ!മാരുത!ധർമ്മപ്രധാന
നായുള്ളദേവാധിപ! * അശ്വിനീദേവകളേ!വന്നുനിങ്ങളുംദുശ്ശാസന
കൃതദുഃഖമകറ്റുവിൻ * അയ്യോ!യുധിഷ്ഠിര!ഭീമ!ധനഞ്ജയ! കൈവെടി
ഞ്ഞൊനിങ്ങൾമാദ്രീസുതന്മാരേ! * ആർത്തയായിങ്ങനെപേർത്തുംമുറയിട്ടു
പാർത്ഥിവനന്ദനശാപമിട്ടീടിനാൾ * ധാർത്തരാഷ്ട്രന്മാരേ!നിങ്ങൾ
ശതത്തെയും പോർത്തലത്തിങ്കേന്നുകൊല്ലുകമാരുതി * പോരായുമേച്ചൂ
തിനാളായകർണ്ണനെപ്പോരിലെതിർത്തുധനഞ്ജയൻകൊല്ലുക * വീറുകൊ
ട്ടുത്തശകുനിയേയും പോരിൽവീരനായോരുസഹദേവൻകൊല്ലുക *
ശാപവുമിട്ടവൾകേഴുന്നനേരത്തു കോപേനഭീഷ്മരുംദ്രോണർവിദുരരും
* ചെന്നുധൃതരാഷ്ട്രരോടുപറഞ്ഞിതു നന്നല്ലമക്കൾമുടിഞ്ഞുപോമി
പ്പൊഴേ * തേൻചൊല്ലാളാകിയപാഞ്ചാലിതന്നുടെ പൂഞ്ചായലുംനല്ല
പൂഞ്ചേലയുമൊരു * ചാഞ്ചല്യമെന്നിയേതൊട്ടവൻതന്നെനീ താൻചെ
ന്നുശിക്ഷിക്കയെന്നതുകേട്ടപ്പോൾ * പാഞ്ചാലിയോടുപറഞ്ഞുധൃതരാ
ഷ്ട്രർവാഞ്ഛിതമായതുഞാൻതരുവൻവരം * ചൊല്ലുകവേണുന്നതെന്ന
തുകേട്ടവൾ ചൊല്ലിനാൾ തൊണ്ടവിറച്ചുകൊണ്ടാകുലാൽ * ഭർത്താക്ക
ന്മാരുടെദാസ്യവുമെന്നുടെ ഭൃത്യപ്രവൃത്തിയുമില്ലാതെയാക്കണം* അല്ലൽ
കളഞ്ഞാലുമിന്നുതൊട്ടെങ്കിലതില്ലെന്നുചൊല്ലിധൃതരാഷ്ട്രർതാൻതന്നെ
*വന്ദിച്ചുപാഞ്ചാലിപാണ്ഡവന്മാരുമായിന്ദ്രപ്രസ്ഥത്തിനുപോവാൻതുട
ങ്ങുമ്പോൾ * മന്നവൻദുര്യോധനനുംശകുനിയും കർണ്ണനുംകൂടിനിരൂപി
ച്ചുകല്പിച്ചാർ ഇന്നുമൊരുനാളവർവലുതായ്വരുമെന്നാൽനമുക്കുജയിപ്പാൻ
പണിയത്രേ * ഇന്നുമൊരിക്കൽവിളിച്ചുപൊരുതെങ്കിലെന്നതനുവദിച്ചു
ധൃതരാഷ്ട്രരും * വന്നുപോകിന്നുമൊരിക്കൽപൊരുകെന്നാൻ വ
ന്നുപോകേണംകുലനാശമെന്മാനോ * ഇന്നിപ്പണയമാകുന്നതുതോറ്റ
വരിന്നുതന്നെവനവാസംതുടങ്ങണം * ദ്വാദശസംവത്സരംമുഴുവൻഗത
സാദംതപസാവനത്തിൽവസിക്കണം * അജ്ഞാതവാസവുമോരാണ്ടു

ചെയ്യണം വിജ്ഞാനികളുള്ള നാട്ടിലിരുന്നിട്ടു * മദ്ധ്യേയറിഞ്ഞുപോയീ
ട്ടകിൽപിന്നെയുമബ്ദംത്രയോദശമിങ്ങനെവാഴണം * എന്നുപറഞ്ഞുനി
രത്തിപ്പൊരുതിതുമന്നവൻധർമ്മജൻ പിന്നെയുംതോററുപോൽ * കുന്തീ
സുതന്മാർധൃതരാഷ്ട്രർതന്നെയുംകുന്തിയേയും മുദാഗാന്ധാരിതന്നെയും *
ദ്രോണരേയുംകൃപാചാര്യരേയുംതഥാതാണുതൊഴുതിതു ഭീഷ്മരേയുംനന്നാ
യ് * വീണുനമസ്കരിച്ചാർമുനിമാരെയും കേണുതുടങ്ങിനാർപൌര
ജനങ്ങളും * അശ്വത്ഥാമാവാദിയായുള്ളവരോടുവിശ്വാസമുൾക്കൊ
ണ്ടുയാത്രയുംചൊല്ലിനാർ * വിശ്വസിച്ചീടുവിൻദൈവത്തെയെന്നതു
വിശ്വസ്തനായവിദുരരുരചെയ്താൻ * പാരിച്ചകാരുണ്യമുണ്ടായിരിക്ക
ണം നേരത്തുഞങ്ങൾ വരുന്നതുമുണ്ടല്ലോ * കർമ്മവശത്താൽവരുന്ന
തൊഴിക്കാമോ? ധർമ്മസുതയെന്നവർകളുംചൊല്ലിനാർ * നാടുംനഗ
രവുംവീടുമുപേക്ഷിച്ചുകാടകംപൂവാൻജടാവൽക്കലംപൂണ്ടു * കൂടവേ
പോയിതുധൌമ്യനവരോടു ശ്രദ്ധസ്മിതനായ് ചമഞ്ഞുസുയോധനൻ
* ബ്രാഹ്മണരുമനുജന്മാരുംഭാര്യയും ധാർമ്മികനാകിയധർമ്മതനയനും
* പോകുന്നതുകണ്ടുസാധുജനങ്ങളും ശോകംമനസ്സോടുകണ്ണുനീരുംവാ
ർത്തു *തങ്ങളിൽതങ്ങളിൽനോക്കാതെമിണ്ടാതെ തിങ്ങിനവേദനപൊ
ങ്ങിയെല്ലാവരും * നില്ക്കുന്നനേരത്തു സൽഗതിയുണ്ടാവാൻ പുക്കാരട
വിയിൽ പാണ്ഡവരുമന്നേ *

ഇതി ശ്രീമഹാഭാരതേ സഭാപർവ്വം സമാപ്തം.

ആരണ്യം.

ഹരിഃ ശ്രീഗണപതയെ നമഃ
അവിഘ്നമസ്തു.

പാണ്ഡവന്മാരുടെ കാനനവാസം.

കാലത്തെക്കളയാതെചൊല്ലണംകിളിപ്പെണ്ണേ! നീലത്തെവെന്ന
നിറമുള്ളഗോവിന്ദൻതന്റെ * ലീലകൾകേട്ടാൽമതിയാകയില്ലൊരി
ക്കലും പാലൊടുപഴംപഞ്ചസാരയും തരുവൻഞാൻ * മാലോകർക്കി
തമുള്ളമാധവൻതന്റെകളി കാലംവൈകാതെപറഞ്ഞീടുവൻകേൾ
പ്പിൻനിങ്ങൾ * പാലാഴിമങ്കതന്റെ കൊങ്കയിലിഴകീടും മാലേയം
പൂണ്ടതിരുമാറുള്ളനാരായണൻ * പാലാഴിതന്നിൽപള്ളികൊള്ളുന്നപ
രൻപുമാൻ കാലദേശാവസ്ഥയിൽ ഖണ്ഡനാംജഗന്നാഥൻ * നാലാ
യവേദങ്ങൾക്കുമീരേഴുലോകങ്ങൾക്കുംമൂലമാകിയമൂർത്തിമുകുന്ദൻ മുരവൈ
രി * കാമനാശനസേവ്യൻകാമദൻകമലാക്ഷൻകാലികൾമേച്ചുകാ
ട്ടിൽകളിച്ചീടിനദേവൻ * പാലനവിനാശനസൃഷ്ടികൾചെയ്യുംപരൻ

നീലാംഭോരുഹദലലോലലോചനൻകൃഷ്ണൻ * എന്നുള്ളിൽവിളങ്ങുന്ന
തമ്പുരാൻതന്റെപാദംതന്നുള്ളിൽവെച്ചുകൊണ്ടുധർമ്മജൻതിരുവടി *
കാനനമംപുക്കുസാദരന്മാരൊട്ടും തൻമാനസനാഥയോടുംമാമുനിജ
നത്തൊടും * അന്നവർഗംഗാതീരംപ്രാപിച്ചാരെല്ലാവരു മുന്നതമാകും
പ്രവണാഖ്യമാംതടത്തിങ്കൽ * ഇന്ദ്രപ്രസ്ഥത്തിങ്കൽനിന്നെണ്ണത്തെണ്ണായി
രവും വന്നിതുഗൃഹസ്ഥന്മാരാകിയഭൂദേവന്മാർ * സന്ന്യസിവരന്മാരും
പതിനായിരംവന്നു മന്നവൻതന്നെക്കണ്ടുദുഃഖിച്ചാരവരെല്ലാം *
അദ്ദിനമുപവാസംചെയ്തിതുസ മസ്തരമൈത്രയുംതാപംവന്നുധർമ്മജനതു
മൂലം * ഭരണീയന്മാർതമ്മെബ്ഭരിപ്പാനുപായ മെന്തരചന്മാരാ
യ്യുന്നുജനിയായ്കൊരുത്തരും * ആഹാരത്തിനുപണിയെന്തെന്നുയു
ധിഷ്ഠിരൻ മോഹനാശനനായശൗനകനോടുചൊന്നാൻ * ശൌ
നകൻധൌമ്യനോടുചൊന്നപ്പോൾധൌമ്യൻതാനും ഭാനുദേവനെ
സ്സേവിച്ചീടുവാനുപദേശം * കുന്തീനന്ദനൻതനിക്കന്നേരംധൌ
മ്യൻ മൂലമന്ത്രവുമുപദേശംചെയ്തിതുസംഗമപ്പോൾ * അന്തകത
നയനുംദ്രൌപദിക്കന്നേരം ചിന്തചെയ്തുപദേശംചെയ്തിതുവഴിപോ
ലെ * സേവിച്ചുപാഞ്ചാലിയുംകൊടുത്തുപാത്രംദേവൻ ദൈവഭക്ത
ന്മാർക്കുണ്ടോസങ്കടമുണ്ടാകുന്നു * ഭൂദേവന്മാരുംപിന്നെത്തങ്ങളുംപാ
ഞ്ചാലിയും പ്രീതിയാവോളമുണ്ടേച്ചോറതിലൊട്ടുണ്ടീട്ടു * കാമ്യകംപുക്ക
നേരംകണ്ടിതുവിദുരരെ കാമ്യമായതുവരുമെന്നിതുവിദുരരും * പണ്ടര
ക്കില്ലത്തിലിട്ടടച്ചുചുട്ടോരുനാളു ണ്ടായദുഃഖമോർത്താലിന്നിതുസുഖമല്ലോ
* സുഖദുഃഖങ്ങളിടതുടരെക്കൂടക്കൂടെ സ്സകലജന്തുക്കൾക്കുമുണ്ടെന്നു ധരി
ച്ചാലും * സത്യധർമ്മാദികളെരക്ഷിച്ചുപോരുന്നവർക്കല്ലലുണ്ടാകയില്ല
നിശ്ചയമൊന്നുകൊണ്ടും * അച്യുതൻതാനുംതുണയുണ്ടല്ലോ നിങ്ങൾ
ക്കൊററാൽ നിശ്ചയംനിത്യംജയമുണ്ടാമിങ്ങിനെകാൺമൂ * ക്ഷത്താവുംധ
ർമ്മാത്മജൻതാനുമായിരുന്നുട നിത്യംപറയുമ്പോളംബികാസുതൻചൊ
ല്ലാൽ * ബ്രാഹ്മണഭക്തശ്രേഷ്ഠനാകിയവിദുരരെ സൌമ്യനാംഗാവൽ
ഗണിക്കുട്ടിക്കൊണ്ടങ്ങുപോയാൻ * ഹസ്തിനപുരംചെന്നുപുക്കിതുവിദുര
രും വൃത്താന്തമരചനോടെപ്പേരുമറിയിച്ചാൻ * അന്നേരംസുയോധനൻ
തന്നോടുശ്രീമൈത്രേയൻ ധന്യനാംധർമ്മജന്റെരാജ്യം നീകൊടുക്കെ
ന്നാൻ * അന്നപഹാസത്തോടുതുടമേൽകൊട്ടിയാത്താൻ മന്നവൻധൃ
തരാഷ്ട്രനന്ദനൻമൈത്രേയനും * ഭീമന്റെതല്ലുനിന്റെതുടമേൽകൊ
ണ്ടുചാകഭൂമിപാലകകുലനാശനനായനീയും * ശാപവുമരുൾചെയ്തുമറ
ഞ്ഞുമഹാമുനി താപസവേഷം പൂണ്ടുധർമ്മജന്മാദികളും * കാനനത്തൂ
ടെപോകുംനേരത്തു കൃമ്മീരനാംമാനമുള്ളരക്കനെക്കൊന്നിതുഭീമസേ
നൻ * അന്ധകവൃഷ്ണികളുംപാഞ്ചാലന്മാരുംനല്ല ബന്ധുവാംകൃഷ്ണൻതാ
നുംപാണ്ഡവന്മാരെക്കണ്ടു * ധർമ്മജൻകുശലപ്രശ്നാദികൾചെയ്തശേ
ഷ മംബുജവിലോചനൻകൃഷ്ണനുമതുൾചെയ്തു * യാഗവുംകഴിഞ്ഞുഞാ
നങ്ങുചെല്ലുമ്പോൾമുന്നം പ്രാഗത്ഭ്യമേറുന്നൊരുസാല്വനുംപടയുമായ്
* ശ്രീമദ്വാരകചെന്നുവളഞ്ഞാനപ്പോൾഞാനും വാർമെത്തുംപടയുമാ

യ്ചെന്നവനെയുംകൊന്നാൻ * നേരത്തെന്നരചെയ്തുപോയിതങ്ങവർകളും ഘോരമാംദ്വൈതാടവിപുക്കിതുപാണ്ഡവരും അന്നേരംമാൎക്കണ്ഡേയനാകിയമഹാമുനിതന്നെയുംകണ്ടുതൊഴുതാശീൎവ്വാദവുംകൊണ്ടാർ * തീൎത്ഥങ്ങളുതുമാടിവസിക്കുംകാലത്തിങ്കൽ പാർത്ഥിവനോടുഭീമസേനനുമുരചെയ്താൻ * ഞാനുമൎജ്ജുനനുമായ്ശത്രുക്കൾതമ്മെക്കൊല്ലാം മാനമോടവനിവാണീടുനിന്തിരുവടി * കാലംപാൎപ്പതിനെന്തുകാരണമരുൾചെയ്കകാലനന്ദനനായകുടലർകുലകാലൻ * ദുഷ്ടരെപ്പേടിച്ചേവംദുഃഖിക്കെന്നുള്ളതെല്ലാം കഷ്ടമെന്നതുകേട്ടുധൎമ്മജൻതാനുംചൊന്നാൻ * ദ്രോണഭീഷ്മാദികളെക്കൊല്ലുവാൻപണിയുണ്ടു വേണമേസത്യംപാലിച്ചീടുകയെന്നുള്ളതും * വത്സരംത്രയോദശാനന്തരംവധംചെയ്യാം മത്സരമതികളാംകൌരവവരന്മാരെ * ഇത്തരംപറഞ്ഞവനിത്തിരിയിരിക്കുമ്പോ ളുത്തമൻവേദവ്യാസനവിടെക്കെഴുന്നള്ളി * അൎഘ്യപാദ്യാദികളാൽപൂജിച്ചുവന്ദിച്ചോരോദുഃഖങ്ങൾമുനിയോടുധർമ്മജൻപറഞ്ഞപ്പോൾ * കാരുണ്യംപൂണ്ടുവേദവ്യാസനാംപിതാമഹൻ പോരുംനീഖേദിച്ചതുകേളിതെന്നരുൾചെയ്താൻ * കൈലാസത്തിങ്കൽചെന്നുകാലാരിതന്നെ സ്സേവിച്ചാലൊരുകഴിവുവന്നീടുംനിങ്ങൾക്കെന്നതിൻ * മൂലമന്ത്രവുമുപദേശിച്ചുമഹാമുനി കാലനന്ദനൻതനിക്കവൻ്റെനിയോഗത്താൽ * അൎജ്ജുനൻതപസ്സുചെയ്തീടിനാൻമഹേശനെ നിൎജ്ജരനാഥൻതാനുംകാട്ടാളനായിവന്നാൻ * പന്നിയായ്മൂകാസുരൻപാർത്ഥനെക്കൊൽവാൻചെന്നാൻപന്നിയെയെയ്തുമൂലംകാട്ടാളനായദേവൻ * മന്നവനോടുയുദ്ധംചെയ്തവൻമദംപോക്കി പിന്നെപ്രത്യക്ഷനായിനൽകിനാനനുഗ്രഹം * പാശുപതാസ്ത്രംവാങ്ങിപാർത്ഥനുംദിവംപുക്കാൻ ക്ലേശവുമൊഴിച്ചുസുരന്മാരെയൊക്കെക്കൊന്നാൻ * ഉൎവ്വശിശപിച്ചൊരുശാപവുമേററുകൊണ്ടു ദേവേന്ദ്രൻകൊടുത്തൊരുവരവുംവാങ്ങിക്കൊണ്ടാൻ * ഷണ്ഡഭാവമജ്ഞാതവാസത്തൊടുകൂടെത്തീൻ കണ്ഠഭാവവുംപോകെന്നരുളിച്ചെയ്താനിന്ദ്രൻ * രോമേശൻതന്നെക്കണ്ടുപറഞ്ഞയച്ചിതു ഭൂമിയിൽചെന്നുവൃത്താന്തങ്ങളെയറിയിപ്പാൻ * ചാപശക്തിയുംശരശക്തിയും വേണമല്ലോ ഭൂപാലന്മാൎക്കുശത്രുസംഹാരംവേണമെങ്കിൽ * ശത്രുനിഗ്രഹംചെയ്വാൻഞാനങ്ങുദേവകളോ ടസ്ത്രശക്തിയെസ്സമ്പാദിച്ചങ്ങുവന്നീടുവൻ * തീൎത്ഥസ്നാനാദികൊണ്ടുംക്ഷേത്രോപവാസംകൊണ്ടുമാസ്ഥയാചാപശക്തിസമ്പാദിച്ചീടുകെന്നു * ധൎമ്മനന്ദനനോടുചൊൽകെന്നുധനഞ്ജയൻ നിൎമ്മലനായമുനിമുഖ്യനെനിയോഗിച്ചാൻ * വൃത്രാരിപുത്രനുടെസന്ദേശവാക്യങ്ങളും വൃത്താന്തങ്ങളുമെല്ലാംധൎമ്മജാദികളോടു * രോമേശമഹാമുനിതാനരുൾചെയ്തീടിനാൻ ഭൂമിപാലനുംമുനിവരനെവണങ്ങിനാൻ *

നളോപാഖ്യാനം.

തൽക്കാലേയുധിഷ്ഠിരൻഭൂപ്രദക്ഷിണംചെയ്തുചൊൽക്കൊണ്ടതീർത്ഥങ്ങളുമാടിവാഴുന്നകാലം * ധൎമ്മജൻതന്നെവന്നുകണ്ടിതുബൃഹദശ്വൻധൎമ്മജൻ ദുഃഖങ്ങളുംമാമുനിയോടുചൊന്നാൻ * അമ്മുനിവരൻതാനുംദുഃ

ഖത്തെക്കളവാനായ് ധൎമ്മജനോടുനളോപാഖ്യാനമറിയിച്ചാൻ * ദുഃ
ഖങ്ങളിതില്പരമുണ്ടായിപണ്ടുനളനൊക്കവെ കേൾക്കനീയുംദുഃഖങ്ങളക
ലുവാൻ * ചൊൽക്കൊണ്ടവിദൎഭ്ഭൂപാലനന്ദനയായ മൈക്കണ്ണാൾകുല
മൌലിദമയന്തിയുമായി*സ്വൎഗ്ഗസമ്മിതമായനിഷധവിഷയവും മുഖ്യ
ഭോഗനപരിപാലിച്ചുവാഴുംകാലം * പുഷ്കരനോടുചൂതുതോററുപോ
യ്യനംപുക്കാനൾക്കാമ്പുഭ്രമിച്ചവൻകലിതന്നാവേശത്താൽ * പുഷ്കരവി
ലോചനയാകിയദമയന്തി ദുഃഖിച്ചുപിൻപോചെന്നുവസ്ത്രവുംകൊടുത്ത
പ്പോൾ * രാത്രിയിലൊരുപെരുവഴിയമ്പലംതന്നിൽ പാൎത്ഥിവൻപതി
യുമായ്വസിച്ചീടുന്നനേരം * ഭൎത്താവാംനളനുപോതസംഗസീമനികനി
ഞ്ഞുമാംഗവുംചേൎത്തുനിദ്രയുംപൂണ്ടാളവൾ * ചിത്തവിഭ്രമംകൊണ്ടു
മത്തനാംനൃപോത്തമൻ നിദ്രാണയായിടുന്നഭദ്രയാംഭാൎയ്യതന്നെ * രാത്രി
യിലുപേക്ഷിച്ചുപിന്നെയുംപോയാനവ നാൎത്ഥയായവൾകരഞ്ഞുഴന്നുന
ടക്കുമ്പോൾ * ഭക്ഷിപ്പാനടുത്തൊരുപെരുമ്പാമ്പിനെക്കൊന്നുരക്ഷിച്ചാ
നപ്പോളൊരുകാട്ടാളൻദൈവവശാൽ * ഏറെനാടുകൂടിസ്സുഖിച്ചിവിടെ
യിരിക്കെന്നാൽ നിന്നെഞാൻഭരിച്ചുകൊണ്ടീടുവനെന്നുംചൊല്ലി * മന്മ
ഥവിവശനായടുത്തുകാട്ടാളനുംനിൎമ്മലാംഗിയും ശപിച്ചവനെക്കൊന്നീ
ടിനാൾ * പാന്ഥന്മാരോടുകൂടിച്ചേദിരാജ്യത്തിൽചെന്നു താന്തയായ്
മാതാമഹിയരികെവാണീടിനാൾ * ബുദ്ധിനേരല്ലായ്കയാൽപതിയെ
യുപേക്ഷിച്ചു പൃത്ഥ്വീപാലകൻമഹാരണ്യാന്തേപോകുന്നേരം * കാട്ടു
തീപിടിപെട്ടുനാലുദിക്കിലുമ്മഹൽകാപ്പുമുണ്ടതിന്മദ്ധ്യേനില്ക്കുന്നിതുത
ന്മേൽ * ഇരുന്നുകാൎക്കോടകൻകരയുന്നതുകണ്ടു പരന്നോരഗ്നിയുടെനടു
വേചെന്നുനളൻ * എടുത്തുകാൎക്കോടകൻതന്നെയുംകൊണ്ടുപോന്നാൻ
കൊടുത്താനൊരുദിവ്യവസ്ത്രവുമത്രനൃപൻ * ഉടുത്തനേരംനേരായ്വന്നിതു
ബുദ്ധിയുമൊട്ടടുത്തു മേവുമയോദ്ധ്യാപുരംപുക്കനളൻ * ഋതുപൎണ്ണനുംന
ളൻതന്നുടെഗുണംകണ്ടു പഥികജനങ്ങൾക്കുഭോജനംകൊടുപ്പാനായ്
* പാചകനാക്കിവച്ചുകൊണ്ടിതുസന്തോഷിച്ചു രാജാവെന്നൊരുവരു
മറിഞ്ഞീലതുകാലം * ശക്രനുംവരുണനുമഗ്നിയുംകുബേരനു മുൾക്കാമ്പു
തെളിഞ്ഞുനൽകീടിനവരങ്ങളാൽ * അരിയുംതീയുമപ്പുംവിറകുംകൂടാ
തെയുംവിരവിൽവേണ്ടുവോളംചോറവനുണ്ടാക്കീടും * അതുകണ്ടത്ഭുത
തംപൂണ്ടിതുമഹാജനം പൃഥിവീശ്വരനായവിദൎഭനതുകാലം * അയച്ചു
ചാരന്മാരെരാജ്യങ്ങൾതോറുമപ്പോൾ നിയുക്തന്മാരായൊരുചാരന്മാര
ന്വേഷിച്ചാർ * നളനുണ്ടയോദ്ധ്യയിലെന്നറിഞ്ഞവർകളും തെളിവോ
ടുഴറിച്ചെന്നവസ്ഥയറിയിച്ചാർ * വിദൎഭൻചേദിരാജ്യസ്ഥിതയാമവൾ
തന്നെ വിദിതാക്കൂട്ടിക്കൊണ്ടുപോയിതുസമ്മോദത്താൽ * തന്നുടെമക
ളായദമയന്തിക്കനൃപൻ പിന്നെയുംമുതിൎന്നിതുകല്യാണംമുന്നേപ്പോലെ
ഉണ്ടുപോലിന്നുംദമയന്തിക്കസ്വയംവരം രണ്ടാമതതിനൊക്കെച്ചെന്നി
തുഭൂപാലന്മാർ * പോകണമതിനെന്നുകോപ്പിട്ടാനൃതുപൎണ്ണൻ തേൎക്കിട
വിട്ടുവൻഞാനെന്നിതുനളൻതാനും * അന്നശ്വഹൃദയമന്ത്രം പ്രയോഗി
ച്ചാൻമന്നൻ മന്നനുമക്ഷഹൃദയമന്ത്രംപ്രയോഗിച്ചാൻ * അശ്വത്തിൻ

വേഗം പൂണ്ടതേരതിലിരിക്കുമ്പോ ളശ്വത്ഥപത്രമിത്രയുണ്ടെന്നാനുരുപ
ണ്ണൻ * അന്യോന്യം പറിച്ചപ്പോൾനളനും കലിയേറായ്മന്നവൻവി
ദർഭരാജ്യത്തിന്നു ചെന്നനേരം * സുന്ദരിയായദമയന്തിയും നളനുമായ്മ
ന്ദിരംപുക്കുരാജ്യം പാലിച്ചുവഴിപോലെ * പുഷ്കരനെയും പിന്നെനിഗ്ര
ഹിച്ചുവീതലമൊക്കെ ത്താനടക്കിവാണീടിനാൻ ചിരകാലം * ദുഃഖ
ങ്ങൾപണ്ടുമുള്ളോർക്കുണ്ടായിട്ടുണ്ടുമന്നാ! ദുഃഖിക്കവേണ്ടമേലിൽനല്ലതുവ
ന്നുകൂട്ടും *ധർമ്മജൻതനിക്കക്ഷഹൃദയം പഠിപ്പിച്ചിട്ടമ്മുനിമറഞ്ഞപ്പോൾ
നാരദനെഴുന്നള്ളി * തീർത്ഥത്തിന്മഹിമകളൊട്ടൊഴിയാതെയൊക്കെ
ത്തീർത്ഥങ്ങൾചെയ്തുമുനിനാരദന്മറഞ്ഞപ്പോൾ * പാർത്ഥിവൻധൌമ്യ
നോടുപിന്നെയും ചോദിക്കയാൽ തീർത്ഥമാഹാത്മ്യമരുൾചെയ്തിതുധൌ
മ്യൻതാനും * ലോമശനെഴുന്നള്ളിപാർത്ഥൻെറവിശേഷങ്ങ ളാമോദം
വരുമാറുധർമ്മജനോടു ചൊന്നാൻ * ദേവേന്ദ്രനിയോഗവുമറിയിച്ചവരു
മായ് പോയിതുതീർത്ഥസ്നാനം ചെയ്യാനെന്നൊരുമ്പെട്ടാർ * പോയിതു
പാണ്ഡവരുംലോമശനോടുംകൂടി പോയിതുദുരിതങ്ങൾമായാമോഘ
വുംതീർന്നു * ഗംഗയും സരസ്വതിയമുനകുരുക്ഷേത്രം സംഗനാശനമായ
പുഷ്കരംപ്രഭാസവും * ആടിനാരവിട്ടുന്നുകണ്ടിതുകൃഷ്ണൻതന്നെകേട്ടുകൾ
തീരുമെന്നുമാധവനരുൾചെയ്തു * പോയിതങ്ങവിട്ടുന്നുലോമശനോടു
കൂടി മായവെറിട്ടമ്മുനിപറഞ്ഞുപുരാണങ്ങൾ * നരനാരായണന്മാരാ
ലയമായിട്ടുള്ള പെരിയബദര്യാഖ്യമാശ്രമമകംപുക്കാർ * കണ്ടിതുഘ
ടോൽക്കചൻതന്നെയുമവിട്ടുന്നു ഉണ്ടായിസന്തോഷവുമവർകൾക്കു
കാലം *

കല്യാണസൌഗന്ധികം.

മന്ദമായുണ്ടുകേട്ടിട്ടില്ലാത്തഗന്ധത്തോടും വന്നാനങ്ങൊരുവായുഭീ
മനോടതുനേരം * സുന്ദരിപാഞ്ചാലിയുംചൊല്ലിനാളൊരുപുഷ്പംതന്നു
ടെപരിമളമായതുമതിനെന്നീ * എന്നുടെത്തോവായുള്ളോരേ! ഗന്ധവാ
ഹജ്ഞ! ചെന്നുകൊണ്ടുപോന്നുമമനൽകേണമെന്നനേരം * ഭീമനുംഗദയുമായ്
നടന്നുഹനുമാനും പ്രേമമുൾക്കൊണ്ടുമുതുവാനരവേഷംപൂണ്ടു * മാർഗ്ഗ
വുംമൂട്ടിച്ചവനിരിക്കുന്നേരംഭീമൻ മാർഗ്ഗംനൽകിനിക്കണ്ടുനീങ്ങുകെന്നുര
ചെയ്തു * നീങ്ങുവാനരുതേതുംഗദയോനീക്കിക്കള വാങ്ങിനിന്നാശ്ശുചാ
ടിക്കെന്നീടല്ലായ്കിൽനീ * നീക്കുവാൻഭാവിച്ചിട്ടുനീങ്ങാതെത്തോരനന്ത
രം നോക്കിയാൽകടക്കയുമരുതുനിരൂപിച്ചാൽ * ഇക്കലംതന്നിലുള്ളോ
രഗ്രജനിനിക്കുണ്ടു മർക്കടവൃദ്ധൻതൻെറവാലൊട്ടങ്ങുനീന്നെടുത്തു * കൂടെ
പ്പോയീടാമെന്നിട്ടേറിയവഴിചെന്നു കൂടെവാൽനീണ്ടുകൊണ്ടിട്ടൊട്ടങ്ങി
ക്കൂടായ്കയാൽ * സന്ദേഹംമനക്കാമ്പിലുണ്ടായിട്ടവൻചെന്നുവന്ദിച്ചുഹ
നുമാനുമവനോടരുൾചെയ്താൻ * ചെന്നുനീസൌഗന്ധികംപറിച്ചു
കൊണ്ടുപോന്നാൽ നിന്നെക്കൊന്നീടുമതുകാക്കുന്നനിശാചരർ * എന്ന
തിന്നുപദേശംചൊല്ലുവാനിരുന്നുഞാൻ ചൊന്നവണ്ണംനീചെന്നുകൊ
ണ്ടുപോന്നാലുമിനി * എന്നാവനയച്ചപ്പോൾവന്ദിച്ചുഭക്തിയോടെന്നി
ന്നിതഞ്ജനാസുതൻമുന്നിലാമ്മാരുതദാ * വാരിധിചാടിയൊരുനേര

ത്തെരൂപങ്കാണ്മാൻ മാരുതികാമിച്ചതുനേരത്തുവായുപുത്രൻ * കണ്ടു
കൊണ്ടാലുമെന്നുനിന്നതുനേരം ഭീമൻകണ്ടുപേടിച്ചുകൂപ്പിസ്തുതിച്ചുനി
ന്നനേരം * പേടിക്കരുവണ്ടയെതുമെന്നനുഗ്രഹംചെയ്തു ഗാഢപ്രേമത്തോ
ടയച്ചീടിനാൻകപിവരൻ * ഉന്നതനായഭീമസേനനുംസൌഗന്ധികം
മന്ദമെന്നിയെചെന്നുപറിച്ചീടുന്നനേരം * എതിർത്തരാക്ഷസരെക്കൊ
ന്നതുനേരംവന്നെതിർത്തുഗന്ധർവന്മാര സംഖ്യംപടയോടും * അവരെ
യൊരുജാതിജയിച്ചുകൊണ്ടുപോന്നാൻ അവനെക്കാണാഞ്ഞിട്ടുശോകിച്ചു
യുധിഷ്ഠിരൻ * ഒട്ടേടംചെല്ലുന്നേരംകണ്ടവനോടുംകൂടെ പെട്ടെന്നുപോ
ന്നുവന്നിങ്ങാശ്രമംപുക്കശേഷം * ഇന്ദ്രമന്ദിരംപുക്കാരിന്ദ്രനന്ദനൻതാ
നമിന്ദ്രാദിദേവകളോടസ്ത്രവുംപഠിച്ചുടൻ * ഇന്ദ്രവൈരികളെയും
നിഗ്രഹിച്ചവിടെനി ന്നിന്ദ്രസോദരനെയുമുൾക്കാമ്പിൽചെത്തുനന്നാ
യ് * ഐയാണ്ടുചെന്നശേഷംധൎമ്മജൻകാല്ക്കൽവന്നു പയ്യവേനമസ്ക
രിച്ചീടിനാൻധനഞ്ജയൻ * ഐവരുംപാഞ്ചാലിയുംഭൂദേവവരന്മാരും
ദൈവജ്ഞന്മാരായുള്ളമാമുനിജനങ്ങളും * ഒക്കെത്തക്കൊരുമിച്ചുദുഃഖന്തീ
ന്നിരിക്കുമ്പോൾ മുഷ്കരനായുള്ളൊരുപെരുമ്പാമ്പൊരുദിനം * പട്ടുമാന
സനായഭീമൻതന്നുടലെല്ലാം മുടിയോടടിയിടമുഴുവൻചുററിക്കൊണ്ടാൻ.

നഹുഷൻെറ ശാപമോക്ഷം.

വാനവർകോനങ്ങൊരുദിനനായ്മറഞ്ഞപ്പോൾ വാനുലകടക്കി
വാണിരുന്നുനഹുഷനും * മാനിനിയായശചീദേവിയെപ്പുണരാഞ്ഞു
മാനസതാപത്തോടുംപലനാൾചെന്നശേഷം * താപസന്മാരെക്കൊ
ണ്ടുതണ്ടെടുപ്പിച്ചുംകൊണ്ടു ഭൂപതിവരുന്നാകിൽപുല്കാമെന്നവൾചൊ
ന്നാൾ * മഹിമയേറിടുന്നമാമുനിമാരെക്കൊണ്ടു നഹുഷൻപള്ളിത്ത
ണ്ടുമേട്ടുപ്പിച്ചെഴുന്നള്ളി * അംഗുഷ്ഠമാത്രമായുള്ളഗസ്ത്യൻനടാക്കയാ
ലംഗത്തിൽചവിട്ടിനാൻനഹുഷനതുനേരം * അംഗജശരമേററിട്ടംഗ
നമാരിലേറെ സ്സംഗമുണ്ടാകകൊണ്ടുമത്തനായുള്ളനീയും * പാരിച്ച
പെരുമ്പാമ്പായ്‌വനത്തിൽകിടക്കെന്നു പൂരിച്ചകോപത്തോടുമഗസ്ത്യൻ
ശപിക്കയാൽ * പലനാൾകാട്ടിൽകിടന്നീടിനാൻനഹുഷനും ബല
വാൻമാരുതിയെച്ചുററിനാൻശാപംതീൎപ്പാൻ * ധൎമ്മജന്മാവുതാനും ന
ഹുഷനൃപേന്ദ്രനും ധൎമ്മാധൎമ്മങ്ങൾതമ്മിൽപറഞ്ഞൊരനന്തരം * മോ
ക്ഷംവന്നിതുനഹുഷാഖ്യനാംനൃപേന്ദ്രനും സാക്ഷാൽശ്രീനാരായണൻ
ഗോവിന്ദൻതിരുവടി * പാണ്ഡവന്മാരെക്കാണ്മാനെഴുന്നള്ളിയനേരം
പാണ്ഡവന്മാരുംകണ്ടുസന്തോഷത്തോടുകൂടെ * കാനനഭൂവിൽവസിച്ചീ
ടുമ്പോളവർമുമ്പിൽ ജ്ഞാനിയാംമാർക്കണ്ഡേയമാമുനിയെഴുന്നള്ളി *
വന്ദിച്ചുപാണ്ഡവന്മാർനന്ദിച്ചുമഹാമുനി മന്ദതാപംതീൎപ്പാൻപുരാണങ്ങ
ളുമരുൾചെയ്തു *

നാഗധ്വജൻെറ ഘോഷയാത്ര.

അക്കാലംധൃതരാഷ്ട്രപുത്രരുംബന്ധുക്കളും മുഖ്യമായുള്ളചതുരംഗ
മാംബലത്തോടും * ദിക്കുകൾമുഴങ്ങീടുംവാദ്യഘോഷങ്ങളോടും വിഖ്യാ
തന്മാരായുള്ളപാണ്ഡവന്മാരെക്കാൽവാൻ * ഭോഷനാംനാഗധ്വജൻ

തന്നുടെനിയോഗത്താൽഘോഷയാത്രയും തുടങ്ങീടിനാർവനംതോറും
* പതിനൊരാണ്ടുകഴിഞ്ഞിരിക്കുന്നനന്തരം ചതിയാൽപൊയ്ത്തന്നിൽ
മരുന്നുകലക്കിയാർ * ഉദ്യോഗംകണ്ടനേരംകൌരവന്മാരെവെല്വാൻ
വൃത്രാരിചിത്രരഥൻതന്നെയുംനിയോഗിച്ചാൻ * യോഗ്യമല്ലിതുനിങ്ങൾ
ക്കെന്നതുഗന്ധർവ്വന്മാർ ഭാഗ്യഹീനന്മാരവരോടുപോർചെയ്താരപ്പോൾ
* പോരിന്നവിരുതുള്ളവീരനാംചിത്രരഥൻ പാരാതെന്തൂററുവരെപ്പി
ടിച്ചുകെട്ടിക്കൊണ്ടാൻ * ആരിനിവീണ്ടുകൊൾവതെന്നുകണ്ണാദികളും
നാരിമാരെന്നപോലെധർമ്മജനോടുചൊന്നാർ * പോരിൽനാംചെ
യ്യേണ്ടുന്നകാരിയമിതുകാലമാരാനുംചെയ്യുന്നതുമുടക്കീടരുതല്ലോ * മാരു
തിയെന്നുചൊന്നനേരത്തുധർമ്മാത്മജൻ വീരാ!കേളിതുധർമ്മമല്ലെന്നുധ
രിക്കണം * ശാശ്വതന്റെപധർമ്മംശത്രുക്കളെന്നാകിലുമാശ്രിതന്മാരെ
രക്ഷിച്ചീടേണമെന്നാകുന്നു * പാണ്ഡവന്മാരുംചെന്നാർവീണ്ടുകൊള്ളു
വാനായിഗാണ്ഡീവംകുലചെയ്തുഫൽഗുനൻവീണ്ടുകൊണ്ടാൻ * മന്നവ
സുയോധന!പോകരാജ്യത്തിന്നെന്നു ധന്യനാംധർമ്മാത്മജനനുജ്ഞ
കൊടുത്തപ്പോൾ * ഉന്നതനായഭീമൻസംശയംതീരുവാനാ യ്യുന്നഗ
ധചജനാദിയായുടനെണ്ണിയിട്ടാൻ * ഒന്നിനെയെന്തിലെന്നിട്ടറിഞ്ഞാ
നെണ്ണിയപ്പോൾ മന്നനുമൊത്തുവെന്നിട്ടനുജ്ഞകൊടുത്തപ്പോൾ * നാ
ണിച്ചുപുരിപുക്കമാനിയാം സുയോധനൻ ദീനതചംകളവാനായ മാമറ
യവർചൊല്ലാൽ * പാണ്ഡവന്മാരിലസൂയാപരൻധാർത്തരാഷ്ട്രൻ
പുണ്ഡരീകാഖ്യമായയാഗവുംചെയ്താനല്ലോ * യാഗാദികർമ്മംചെയ്തു
ഭോഗമോടിരുന്നിതു നാഗകേതനനായഭൂപതിസുയോധനൻ * അക്കാ
ലംജയദ്രഥനടവിതന്നിൽപൂക്കാൻ മൈക്കണ്ണാൾമണിയായപാഞ്ചാലി
തന്നെക്കല്പാൻ * പോയിതുപാണ്ഡവന്മാർനായാട്ടിനെല്ലാവരു മാ
യതമിഴിതന്നെയാശ്രമത്തിങ്കലുള്ളു * മായത്താലവനെടുത്തപ്പൊഴരതേ
രിലേററി പായുന്നനേരമവൾമുറയിട്ടതുകേട്ടു * കടുക്കെന്നോടിവന്നു
പാണ്ഡവവീരന്മാരും പിടിച്ചുകെട്ടിജയദ്രഥനെഭീമസേനൻ * അടി
ച്ചുതന്നെക്കൊൽവാൻതുടങ്ങുന്നതുകണ്ടു മൂടക്കിധർമ്മപുത്രരയയ്ക്കയിനി
യെന്നാൻ * നമ്മുടെഭഗിനിക്കുവൈധവ്യമകപ്പെട്ടും ദുർമ്മദമടക്കിയ
ങ്ങയയ്ക്കുന്നതുനേരം * ചിരച്ചുശിഖയോടുമീശയുംകളഞ്ഞിട്ടു ചിരിച്ചു
പോയാലുമെന്നയച്ചുഭീമസേനൻ * തിരിച്ചുപോന്നുമുനിമാരുമായിരു
ന്നുടൻ തിരക്കിത്തുടങ്ങിനാരിതിഹാസങ്ങൾകൊണ്ടു *

രാമായണകഥാനിവേദനം.

അന്നേരംമാർക്കണ്ഡേയൻതന്നോടുധർമ്മാത്മജ നെന്നൊളംദുഃഖമു
ള്ളോരുണ്ടായിട്ടുണ്ടോയെന്നാൻ * താപസൻചിരിച്ചരുൾചെയ്തിതുധ
ർമ്മാത്മജ! താപംപണ്ടിതില്പരമുണ്ടായോരുണ്ടുപലർ * പണ്ടുശ്രീനാരായ
ണന്മാനുഷനായമൂല മുണ്ടായദുഃഖമെല്ലാംകേൾക്കനീദുഃഖംതീരും * ദേ
വനാംവിധാതാവുദേവകളോടുംദേവ ദേവനാംനാരായണപാദങ്ങൾ
വന്ദിച്ചിതു * ദേവബ്രാഹ്മണമുനിധർമ്മഭൂമികൾക്കെല്ലാം രാവണൻത
ന്നെക്കൊണ്ടുസങ്കടംകെടുപ്പാനായ് * മനുവംശത്തിൽമണിവിളക്കാംദശ

രഥ തനയനായിവന്നുപിറന്നുഭഗവാനും * അനുജന്മാരുമുണ്ടുമൂവരെന്നറിഞ്ഞാലും മനസിസുഖത്തൊടുവളരുംകാലത്തിങ്കൽ* വിശ്വരക്ഷാൎത്ഥം തത്രവന്നിതുമഹാമുനി വിശ്വാമിത്രനുമയോദ്ധ്യാപുരമകംപുക്ക *വിശ്വനാഥനെയപേക്ഷിച്ചോരുനേരമുള്ളിൽ വിശ്വാസത്തോടുരാമലക്ഷ്മണന്മാരെന്നൃപൻ*അയച്ചാൻമുനിയോടുമവരുംവനംപുക്കാർ നയജ്ഞൻവിശ്വാമിത്രനാകിയതപോധനൻ * ഉപദേശിച്ചാനതിബലയുംബലയുമന്നൃപതിസുതന്മാൎക്കുപൈദാഹംകെടുപ്പാനായ്*അയച്ചുയമപുരിതന്നിൽ താടകതന്നെ ഭയത്തെക്കളഞ്ഞുകൗശികനുംബാലന്മാരും*പിന്നെപ്പോയ് സിദ്ധാശ്രമംപുക്കയാഗവുംകാത്തു സന്നമാക്കിനാൻസുബാഹുപ്രമുഖന്മാരെയും * ഖിന്നനായ്വണങ്ങുംമാരീചനുവരംനല്കി പന്നഗാഭരണവിൽകാണ്മാനായ്പുറപ്പെട്ടാർ * സന്നദ്ധന്മാരായ്മുനിതന്നൊടുംകുമാരന്മാർ തപസ്വിയാമഹല്യതൻശാപമോക്ഷവുംനല്കി * മിഥിലപുക്കപുരമഥനൻതന്റെവില്ലും മഥനംചെയ്തുസീതാവരനായോരുശേഷം*ഭരതശത്രുഘ്നന്മാരോടുമാതാക്കന്മാരുംഗുരുവാം വസിഷ്ഠനുംതാതനുംവന്നശേഷം *അനുജന്മാരുംവിവാഹംചെയ്തുകല്യാണവും മനസികനിവോടുകഴിച്ചുപുറപ്പെട്ടാർ പോകുന്നവഴിയിന്നുഭാർഗ്ഗവൻതന്നെവെന്നു വേഗമോടയോദ്ധ്യപുക്കിരുന്നുപന്തീരാണ്ടു *ഭരതശത്രുഘ്നന്മാർമാതുലൻതന്നെക്കാണ്മാൻ പാരമാദരവോടുകേകയരാജ്യംപുക്കാർ* ഭാവിച്ചുദശരഥനഭിഷേകത്തിന്നും ദൈവത്തിൻനിയോഗത്താൽമന്ഥരചൊല്ലുകേട്ടു * കോപിച്ചുകൈകേയിയുംമുടക്കിരാമൻതാനും താപത്യാഗാൎത്ഥംവനവാസായപുറപ്പെട്ടു*ലക്ഷ്മണനോടുംമൈഥിലാത്മജയോടുംകൂടി തൽക്ഷണംഗംഗകടന്നുടനേചിത്രകൂടം * പുക്കിതുദശരഥൻവാനുലകവുമന്നു തല്കാലേവസിഷ്ഠദൂതോക്ത്യാവനകംപുക്ക * ഭരതശത്രുഘ്നന്മാരുദകക്രിയചെയ്തു നരപാലകൻവാഴുംചിത്രകൂടത്തിൽവന്നാർ * താതവൃത്താന്തംകേട്ടുരാമലക്ഷ്മണന്മാരും ഖേദമുൾക്കൊണ്ടുവേണ്ടുംകൎമ്മങ്ങളൊക്കെച്ചെയ്താർ * പാദുകംകൊടുത്തയച്ചീടിനാൻ ഭരതനെസാദരംഭൂയോഭരദ്വാജനെക്കണ്ടുകൂപ്പി * ചണ്ഡദീധിതികുലജാതനാംരഘുവരൻ ദണ്ഡകാരണ്യം പ്രാപിച്ചീടിനോരനന്തരം * കൊന്നിതുവിരാധനെപ്പിന്നെപ്പോയ് ശരഭംഗൻ തന്നുടെഗതികണ്ടുകാനനത്തൂടെപോമ്പോൾ * അഗസ്ത്യസഹോദരൻതന്നെയുംകണ്ടു പുനരഗസ്ത്യപാദാംബുജംവന്ദിപ്പാൻ നടകൊണ്ടാർ * വിന്ധ്യനെയമർത്തിവാതാപിയെദ്ദഹിപ്പിച്ചു സിന്ധുവാരിയുമെല്ലാമാചമിച്ചോരിക്കലേ * സമ്പ്രീതിതപോബലംകണ്ടുകൂടാതമുനി കുംഭസംഭവൻതന്നെക്കുമ്പിട്ടുരഘുവരൻ * സൎവ്വരാക്ഷസവധപ്രതിജ്ഞചെയ്തുചെയ്വാൻ ദേവേന്ദ്രദത്തമായശാർങ്ഗചാപാദികളും * ദിവ്യങ്ങളായിട്ടുള്ളോരായുധങ്ങളുംവാങ്ങി ഗീൎവ്വാണകുലപരിത്രാണാൎത്ഥംരഘുവരൻ * പുണ്യവാഹിനിഗോദാവരി തന്റീരത്തിങ്കൽ ദണ്ഡകാരണ്യംതന്നിലാശ്രമമതുംകെട്ടി * വാഴുന്നകാലത്തിങ്കൽ വന്നശ്ശൂൎപ്പണഖയാം പാഴിയെമൂക്കുംമുലയുംകളഞ്ഞയച്ചപ്പോൾ * പോരിനുവന്നഖരദൂഷണത്രിശിരാക്കൾ ഘോരമായുതിന്നാലുസഹസ്രം

പടയുമായ് * നാഴികമൂന്നമുക്കാൽകൊണ്ടുകൊന്നിതുരാമ നാഴിയും
കടന്നഴൽപൂണ്ടവളറിയിച്ചാൾ * സോദരനായദശവദനൻതന്നോ
ടെല്ലാം ക്രോധമുൾക്കൊണ്ടുജനകാത്മജാഹരണാർത്ഥം * രാവണൻ
മാരീചനെപ്പൊന്മാനായയച്ചതി ലാവേശിച്ചിതുചിത്തംസീതയ്ക്കുരഘു
വരൻ * പിടിപ്പാനടുത്തപ്പോളതുതാഞ്ഞതുനേരം കൊടുത്തുശരം
കൊണ്ടുകരഞ്ഞാനപ്പോളവൻ * അയ്യോ!ജാനകീദേവീ!ലക്ഷ്മണ!
യെന്നതന്നെ മയ്യേലുംകണ്ണിതാനമയച്ചുകുമാരനെ * തക്കത്തിൽദശ
ഗ്രീവൻതൈക്കൊങ്കത്തരുണിയെ കൈക്കൊണ്ടുതേരിലേറിപ്പുഷ്ഠമേ
പോകുന്നേരം * പക്ഷീശൻജടായുതാൻമുല്പുക്കയുദ്ധംചെയ്താൻ പക്ഷ
വുംവെട്ടിയറുത്തവനംപുരിപുക്കാൻ * ആരാമളവിചാരശിംശപാ
വൃക്ഷത്തിൻകീഴ് താമർമാതിനെവച്ചുരാവണൻഗൃഹംപുക്കാൻ *
മൈക്കണ്ണിതന്നെക്കാണാഞ്ഞുൾക്കാമ്പിലഴൽപൂണ്ടു ദുഃഖിച്ചുരഘുപതി
ലക്ഷ്മണനോടുംകൂടി * നടക്കുംനേരംകണ്ടുപറഞ്ഞുജടായുവുമടുത്തവണ്ണം
തന്നെമരിച്ചാനവനെ * ലെടുത്തുദഹിപ്പിച്ചുനടുക്കത്തോടുംകൂടിയടുത്ത
ശേഷക്രിയചെയ്തിതുരാമദേവൻ * വിലപാദ്രിതന്നിൽപിറന്നുണ്ടായശ
ബരിയും കല്യാണത്തോടുകണ്ടുപൂജിച്ചുവരംകൊണ്ടാൾ * കൊല്ലുവാൻ
തുടങ്ങിയകബന്ധൻതന്നെക്കൊന്നു നല്ലൊരുഗതിനൽകിപുക്കിതുപ
മ്പാതീരം * കണ്ടിതുഹനുമാനുംകൊണ്ടുപോയ്സുഗ്രീവൻത ന്നി
ണ്ടൽതീർപ്പതിന്നായിസഖ്യവുംചെയ്യിപ്പിച്ചാൻ * ദുന്ദുഭികായംപാദാം
ഗുഷ്ഠംകൊണ്ടെടുത്തെറിഞ്ഞിന്ദിരാവരനായരാഘവൻതിരുവടി * സുന്ദ
രിയായസീതാഭൂഷണങ്ങളും കണ്ടുമന്ദമെന്നിയേകിഷ്കിന്ധാപുരംനോ
ക്കിപ്പോയാൻ * വട്ടത്തിൽനിന്നമരമേഴുമെ രമ്പുകൊണ്ടു പൊട്ടി
ച്ചുരാമദേവൻബാലിയെക്കൊലചെയ്താൻ * ഇരുന്നു ചാതുർമ്മാസ്യം
മാല്യവാൻമുകൾതങ്കൽ പറഞ്ഞവണ്ണംതന്നെവന്നീലസുഗ്രീവനും *
നിറഞ്ഞകോപത്തോടുസോദരൻതന്നോടാശു പറഞ്ഞുരഘുവരൻവന്നി
തുശരല്ക്കാലം * ലക്ഷ്മണ!വൈകാതെനീ കിഷ്കിന്ധാപുരിപുക്കമക്
ടപ്രവരനാംസുഗ്രീവനോടുചൊൽക * സത്യത്തെമറക്കിലോസഖ്യവും
മറന്നുപോ മിത്തരംകാട്ടീടുകിലത്തരംതന്നെവരും * അഗ്രജൻതന്നെ
ക്കൊന്നബാണമിന്നിയുമുണ്ടിങ്ങുഗ്രതകുറഞ്ഞതുമില്ലമൽകരങ്ങൾക്കും *
അഗ്രജൻപോയവഴിനല്ലതെന്നിതുകാലം സുഗ്രീവൻതനിക്കുള്ളിൽതോ
ന്നീട്ടുണ്ടെന്നാകിലോ * വ്യഗ്രമില്ലിനിക്കേതുമെന്നതുധരിക്കണംനി
ഗ്രഹമനുഗ്രഹംചെയ്യുവക്കെന്തുദണ്ഡം *ബന്ധുക്കളിഹലോകസൌഖ്യ
ത്തിനിത്രയല്ലോ ചിന്തിക്കപാരത്രികസൌഖ്യത്തിനല്ലനൂനം * മഴയും
മഞ്ഞുംകാററും വെയിലുമേററുകാട്ടി ലഴൽപൂണ്ടുഴന്നുള്ളകായ്കനികളും
തിന്നു * പിഴകിക്കിടന്നവൻതന്നെഞാൻവാഴിച്ചപ്പോൾ മുഴുവനവയെ
ല്ലാംമറന്നുകളഞ്ഞവൻ * തെളിഞ്ഞുസിംഹാസനമേറിഡംഭവുംകാ
ട്ടി ഞെളിഞ്ഞുതരുണിമാരോടിടചേർന്നനായ് * മദ്യപാനവും
ചെയ്തുമത്തനായിരുന്നവൻ നിത്യസൌഖ്യങ്ങൾകണ്ടുസമയംചെയ്തതെ

ല്ലാം * മറന്നാനെങ്കിലതുഞാനേതുമ്മറന്നില പറഞ്ഞാലില്ലരണ്ടെന്ന
ങ്ങുനീചെന്നുചൊൽക * ലക്ഷ്മണനതുകേട്ടുകല്പിച്ചുപുറപ്പെട്ടാൻ അഗ്ര
ജനവൻതന്റെയഗ്രജൻതന്നെക്കൊന്നാൻ * പരീക്ഷകണ്ടീടാമെന്ന
ങ്ങുൾക്കാമ്പിൽനിരൂപിച്ചു ധിക്കാരമടക്കുവനെന്നുകല്പിച്ചുവേഗാൽ *
സൌമിത്രിതിരിച്ചതുകണ്ടുരാഘവദേവൻ സൌമുഖ്യമോടുവീണ്ടുംവിളി
ച്ചിട്ടരുൾചെയ്തു * നിൽക്കെടോകുമാരാ! നീകേട്ടുപോകണമിതുമക്കടപ്പ
രിഷയ്ക്കുചാപല്യംപെരുതല്ലോ കാര്യത്തോളമേയുള്ളുനമുക്കെന്നറിഞ്ഞാ
ലും വീര്യത്തെക്കാട്ടീടുവാനിവിടെവേണ്ടീലല്ലോ * പോയാലുമിനി
യെങ്കിലെന്നതുകേട്ടനേരം പോയവൻകിഷ്കിന്ധതൻഗോപുരദ്വാരംപു
ക്കാൻ * മെല്ലവേയൊരുചെറുഞാണൊലിയിട്ടനേരംചൊല്ലെഴുംബ്രഹ്മാ
ണ്ഡങ്ങളൊക്കവേവിറച്ചുതേ * എന്തൊരുശബ്ദമെന്നുചിന്തിച്ചുദശാ
സ്യനുമന്ധനായുഴന്നൊരുരണ്ടുനാഴികനിന്നാൻ * ചെവികളിതുപത്തും
വിരലിട്ടിളക്കിനാൻ പ്ലവഗപടലികൾമോഹിച്ചുവീണാരല്ലോ * വള
ന്നസിംഹാസനമതിന്മേലിരുന്നേറെ തെളിഞ്ഞസുഗ്രീവനുംവിറച്ചു
ഞെട്ടിവീണാൻ * ചിരിച്ചുപറഞ്ഞിതുശ്രീഹനൂമാനുമപ്പോൾ ശരല്ക്കാ
ലത്തെക്കണ്ടിട്ടുണർത്തിച്ചീലേഞാനോ * ഇന്നിപ്പോൾനിനക്കറിഞ്ഞീടു
വാൻതക്കവണ്ണം മന്നവർകുലമണിരാഘവൻതന്റെതമ്പി * തന്നുടെ
ഗ്ഗുണനാദംകേട്ടതെന്നറിഞ്ഞാലും ചെന്നിനിക്കാല്ക്കൽവീഴ്കവൈകാ
തെമടിക്കേണ്ട * പേടിച്ചുതിരുമുമ്പിൽചെല്ലുവാൻപണിയത്രെ മാടൊ
ത്തമുലയാളാംതാരപോയ്മുമ്പേചെന്നു * കോപത്തെശ്ശമിപ്പിച്ചേ
കണ്ടുകൈക്കൂപ്പിക്കൂട്ടു താപത്തെക്കെടുപ്പാനായ്പ്പലാകൾചെയ്കനീയും *
മേരുമാമലയ്ക്കൽനിന്നിന്നലെവന്നകപി വീരന്മാർകൊണ്ടുവന്നഫലമൂ
ലങ്ങളെങ്ങും * പൊൻനിറമല്ലോകണ്ടാൽതിന്നാലുമൊരുമാസ ത്തി
ന്നുപൈദാഹങ്ങളുംപിന്നെയുണ്ടാകയില്ല * നന്നതുസൌമിത്രിക്കു
തിരുമുൽക്കാഴ്ചവെപ്പാൻ ധന്യയാംതാരതന്നെപോകണമതുംകൊണ്ടു *
താരേശചാരുമുഖിസാരസവിലോചന താരയുമതുകേട്ടുപാരാതെപുറ
പ്പെട്ടാൾ * ഒട്ടിഴിഞ്ഞുലഞ്ഞിട്ടുകിഴിഞ്ഞനീവീബന്ധ മൊട്ടൊട്ടുക
രംകൊണ്ടുതാങ്ങിയുമുറപ്പിച്ചും * ഉണ്ടൽചേന്നിരുണ്ടൊരു കണ്ടിവാർ
കുഴലതുംകുണ്ടതചേർത്തു ചിലപുഷ്പങ്ങൾകളഞ്ഞുടൻ * കളമൊഴി
ഞ്ഞൊട്ടുശേഷിച്ചുപററിയതും കളഞ്ഞുപരന്നീടും വിമലഗന്ധത്തൊടും
* കണ്ടാലെത്രയുംമനോമോഹനമായവേഷം കൊണ്ടവൾകുമാരനെ
ക്കണ്ടുടനുണർത്തിച്ചാൾ * എന്തയ്യോ! പുറത്തുനിന്നരുളീടുവാനിപ്പോൾ
നിന്തിരുവടികനിഞ്ഞിങ്ങെഴുന്നള്ളീടണം * ബന്ധുവിൻഗൃഹമെന്നു
ചിന്തിച്ചീലയോയിതുസന്തോഷത്തോടുകടന്നിങ്ങിരുന്നരുളേണം * നി
ർണ്ണയമയോദ്ധ്യയുംകിഷ്കിന്ധാനഗരിയു മൊന്നുകൊണ്ടുംഭേദമില്ലെന്നു
ധരിക്കേണം * തിരുവുള്ളക്കേടില്ലയല്ലീയെന്നതുനണ്ണിപ്പേരികെട്ടീതി
കൊണ്ടു സുഗ്രീവൻതിരുമുമ്പിൽ * വരുവാൻവൈകീടുന്നനിന്തിരുവു
ള്ളമെന്യേ ശരണമില്ലമററുഞങ്ങൾക്കുദയാനിധേ! * വാനരജാതിക്കേ
റെച്ചാപല്യംപെരുതല്ലോവാനരപ്രവരന്മാർവന്നുകൂടായ്കകൊണ്ടും*വാ

നരവീരൻവിടകൊള്ളാഞ്ഞിതിനിയിപ്പോൾവാനരന്മാരെരക്ഷിച്ചിട്ട
വാനാളുണ്ടല്ലോ * സാരസ്യരീതികളുംസൌജന്യവിലാസവും സാര
നാംവീരൻകണ്ടുതെളിഞ്ഞൊരനന്തരം * കിഷ്കിന്ധയകംപുക്കലക്ഷ്മണ
കുമാരനും മക്കടാധിപൻതന്നെവരുത്തിതാരതാനും * മാനിനിമാരോ
ടിടചേൎന്നവാനരവീരൻ മാനവവീരൻകഴൽകൂപ്പിനാൻപേടിയോടെ *
പേടിക്കവേണ്ടപാരമെന്നെനീയൊന്നുകൊണ്ടും പേടിക്കവേണ്ടുപക്ഷ
രാമദേവനെയല്ലോ * തൃക്കടക്കണ്ണുചെററുചുവന്നുകണ്ടിട്ടുഞാൻ ധിക്കാ
രമുള്ളനിന്നോടറിയിപ്പാനായ്വന്നേൻ * കിഷ്കിന്ധരാജ്യത്തിങ്കൽമ
റെറാരുവനെയിനി മക്കടാധിപനാക്കിവാഴിക്കുംരഘുശ്രേഷ്ഠൻ * ഇ
ത്തരമരുൾചെയ്യിലിജ്ജനത്തിനുപിന്നെ മറെറാരുശരണമില്ലെന്നതുമ
റിയേണം * എന്നുതാരയുംചൊന്നാളന്നേരംസുഗ്രീവനും മന്നവൻത
ന്നെവീണുവണങ്ങിയുരചെയ്താൻ * വന്നവാനരന്മാരുമടിയൻതാനുംകൂ
ടി മനാവർകുലരത്നംതന്നടിമലർകൂപ്പി * തനുംഗിമണിയായജാനകി
യിരിപ്പേടമന്വേഷിച്ചറിഞ്ഞീടാംരാഘവനിയോഗത്താൽ * വാനര
രാജൻതാനുംമാരുതിയോടുചൊന്നാൻ വാനരന്മാരെയൊക്കെവരുവാൻ
നിയോഗിക്ക * മാരുതിപറഞ്ഞപ്പോൾതാരനുംസുഷേണനും മാരുതി
ജനകനാംകേസരിവീരൻതാനും * അംഗദൻഗജൻഗവയൻഗവാക്ഷ
നുംപിന്നെ തുംഗനാംനീലൻനളൻദുൎമ്മുഖൻദധിമുഖൻ* ശരഭൻശത
ബലിവൃഷഭൻപ്രമാഥിയു മരികാൾകാലൻവേഗദശിയുംകുമുദനും * മൈ
ന്ദനുംവിവിദനുംജാംബവാൻസുമുഖനും ഗന്ധമാദനൻതാനുംമററുമീ
വണ്ണമുള്ള * വാനരപ്പടയെല്ലാക്കെനായകന്മാരായുള്ളോൎമാനമോടോടി
ച്ചാടിത്തകൎത്തുവന്നീടിനാർ * അറുപത്തേഴുകോടിവാനരരാജാക്കന്മാ
രിരുപത്തൊന്നുവെള്ളംപടയുമായിവന്നാർ * അവരുംതാനുമായിസുഗ്രീ
വൻപുറപ്പെട്ടിട്ടുവനീപതിവീര!യെഴുന്നെള്ളീടാമെന്നാൻ * വാനരപ്പട
യുമായ്ലക്ഷ്മണകുമാരനും മാനവവീരൻകഴൽകൂപ്പിനാനതുനേരം * സു
ഗ്രീവൻമുതലായവാനരപ്രവരന്മാരൊക്കെവേതെരുതെരെതൃക്കഴൽവണ
ങ്ങിനാർ * ഇക്കപിസൈന്യമൊക്കെതൃക്കാല്ക്കൽവേലചെയ്വാൻ തക്കവ
രെന്നുതിരുവുള്ളത്തിലേറീടണം * അക്കനന്ദനൻമൊഴികേട്ടുരാഘവദേ
വൻ മക്കടപ്രവരനെത്തഴുകിയരുൾചെയ്തു * നാലുദിക്കിലുമയച്ചീട
ണംകപികളെ പ്പാലോലുംമൊഴിയായസീതയെയന്വേഷിപ്പാൻ * തി
രഞ്ഞുസീതതന്നെക്കാണ്മാനായയച്ചിതുപരന്നകപികളെ നാലുദിക്കിലുമ
വൻ * ഓരോരോലക്ഷംകപിവീരന്മാരോരോദിക്കിൽ ശൂരതയോടും
യജമാനന്മാരോടുംപോയാർ * എന്നതിൽതെക്കേദിക്കിന്നായെല്ലാണ്ടുനട
കൊണ്ടാർ മൈന്ദനുംവിവിദനുംശരഭൻസുഷേണനും * അംഗദൻന
ളൻവിരിഞ്ചാത്മജൻവായുപുത്രൻതുംഗപൎവ്വതശരീരന്മാരാമവരെല്ലാം *
അന്നേരംദാശരഥിമാരുതിയുടെകയ്യിൽ തന്നുടെനാമാങ്കിതമായുള്ളോരം
ഗുലീയം * സന്ദേശമായ്നൽകിനാൻമൈഥിലിക്കതാരിൽ സന്ദേ
ഹംതീരുവാനായ്മാരുതിയതുംവാങ്ങി വന്ദിച്ചുകപിവരന്മാരുമായ്ന
ടകൊണ്ടാൻ * ദക്ഷിണോദധിതീരംപ്രാപിച്ചുസമ്പാതിയാംപക്ഷി

ശ്രേഷ്ഠാനുഗ്രഹംകൊണ്ടുസന്തോഷത്തോടെ * മാരുതിമഹേന്ദ്രമാംപ
ർവ്വതത്തിന്മേലേറി വാരിധിമീതേ ചാടിപ്പോകുമ്പോൾമദ്ധ്യേമാർഗ്ഗം *
നാഗമാതാവാംസുരസാമുഖദ്വാരത്തൂടെ വേഗേനനാഭിപുക്കുകൃശനാ
യ്പുറപ്പെട്ടാൻ * മൈനാകാചലംതന്നാൽസൽകൃതനായശേഷം
വൈനതേയനെപ്പോലെമേലേപോയീടുന്നേരം * മായമേറീടുംഛായാ
ഗ്രഹണിതന്നെക്കൊന്നു വായുനന്ദനൻത്രികൂടാചലോപരിവീണാൻ *
ലങ്കാശ്രീതന്നെത്താഡിച്ചവൾതന്നനുഗ്രഹാൽ ശങ്കകൂടാതെനിശികൃശ
നായകംപുക്കാൻ * ലങ്കയിലുള്ളവിശേഷങ്ങളുംകണ്ടുകണ്ടു പങ്കജമുഖി
വാഴുമുദ്യാനമകംപുക്കാൻ * ശിംശപാവൃക്ഷത്തിന്മേലേറുമെയിളകാ
തെ ശൈശവവേഷംപൂണ്ടുമരുവീടിനനേരം * രാവണൻശൃംഗാരകോ
ലാഹലത്തോടെവന്നു ദേവിയോടനുസരിച്ചീടാനായ്പറഞ്ഞതും * ജാ
നകിദശാനനൻതന്നോടുപറഞ്ഞതും മാനസകോപത്തോടെദുഷ്ടനാം
നിശാചരൻ * ദേവിയെവെട്ടിക്കൊൽവാനോങ്ങുമ്പോൾമണ്ഡോദരി
രാവണൻതന്നെപ്പിടിച്ചടക്കിനിർഭത്സിച്ചു * സത്വരംകൊണ്ടുപോയ
വാറുമെല്ലാമേകണ്ടു ചിത്തകൌതുകത്തോടുമിറങ്ങിത്തൊഴുതവൻ * വി
ശ്വനായകൻതന്റെവൃത്താന്തമെല്ലാംചൊല്ലി വിശ്വാസംവരുത്തിയൊ
ട്ടാശ്വസിപ്പിച്ചശേഷം * അംഗുലീയവുംകൊടുത്തടയാളവുംപറ ഞ്ഞം
ഗനാരത്നത്തോടുചൂഡാരത്നവുംവാങ്ങി * വന്ദിച്ചുവിടവഴങ്ങിച്ചുസന്താ
പംതീർത്തു നന്ദനസമാനമാമുദ്യാനഭംഗംചെയ്താൻ * ഉദ്യാനപാലന്മാ
രെയൊക്കെവതച്ചുകൊന്നാൻ വൃത്താന്തംകേട്ടനേരംക്രുദ്ധനാംദശാന
നൻ * അയച്ചുനൂറായിരംകിങ്കരന്മാരെയപ്പോ ളയച്ചാനവകളെകാലന്തു
ക്കൽക്ഷണാൽ * പഞ്ചസേനാധിപരെയയച്ചാനവരെയും പഞ്ചത്വം
ചേർത്തീടിനാൻപഞ്ചാസ്യപരാക്രമൻ * ഉന്നതന്മാരായുള്ളമന്ത്രിനന്ദന
ന്മാരെപ്പിന്നെയുമേഴുപേരെയയച്ചാൻദശാനനൻ * വന്നൊരുപടയൊ
ടുമേഴുപേരെയുംതച്ചുകൊന്നിതുപരിഘത്താലഞ്ജനാതനയനും *രക്ഷോ
നായകൻതന്റെപുത്രനാകിയ വീരനക്ഷനാംകുമാരനണഞ്ഞടുത്താൻപട
യോടെ * തൽക്ഷണമവനേയുംകൊന്നതുകേട്ടനേരം രക്ഷോനാഥനു
വന്നകോപമെന്തെന്നുചൊൽവൂ * കോപത്തോടിന്ദ്രജിത്തുമടുത്തുയുദ്ധം
ചെയ്താൻ ശോഭിച്ചദിവ്യാസ്ത്രങ്ങളേററവുംപ്രയോഗിച്ചാൻ * ബ്രഹ്മാ
സ്ത്രംകൊണ്ടുബന്ധിച്ചീടിനാനതുനേരം സമ്മോഹംപൂണ്ടപോലെകിട
ന്നുഹനൂമാനും * രാവണൻതന്നെക്കണ്ടുപറഞ്ഞാനവസ്ഥകൾ ദേവ
വൈരിയുമതുകേട്ടുടൻനിയോഗിച്ചാൻ * വാലിന്മേലഗ്നികൊളുത്തീടു
കെന്നതുനേരം ചേലകൾകൊണ്ടുചുററിക്കൊളുത്തീടിനാർതീയും * മാ
രുതിയെഴുനൂറുയോജനലങ്കാരാജ്യ മാരൂഢകോപത്തോടുചുട്ടുപൊട്ടിച്ചാ
നല്ലോ * താരിൽമാതിനെക്കണ്ടുപറഞ്ഞുരണ്ടാമതും വാരിധിതന്നിൽ
തീയുംപൊലിച്ചുചാടീടിനാൻ * ദക്ഷിണസമുദ്രത്തിന്നുത്തരതീരേവന്നു
ദക്ഷനാംവായുപുത്രൻവാനരപ്പടയോടും * കണ്ടേൻജാനകിയെഞാ
നെന്നുണർത്തിച്ചശേഷം തണ്ടാർമാനിനിചൂട്ടുംചൂഡാരത്നവുംനല്കി *
മാനവവീരനോടുവൃത്താന്തംചൊന്നശേഷം വാനരപ്പടയോടുംകൂടെരാ

ഘവരേവൻ * ദക്ഷിണസമുദ്രത്തിന്നുത്തരതീരംപുക്കാൻ തൽക്ഷണംഭ
ശഗ്രീവൻതന്നോടുവിഭീഷണൻ * നല്ലതുപറഞ്ഞതുകേളാഞ്ഞുദശാന
നൻ നല്ലനാംവിഭീഷണൻരാഘവൻതന്നെക്കണ്ടാൻ * ലങ്കാനായക
നെന്നുലക്ഷ്മണൻതന്നെക്കൊണ്ടു ശങ്കകൂടാതെചെയ്യിച്ചീടിനാനഭിഷേ
കം * സേവിച്ചുവരുണനെക്കാണാഞ്ഞുരാഘവൻ കോപിച്ചുതൊടുത്തി
തുപാവകമായശരം *പേടിച്ചുവരുണനന്തൃക്കാൽക്കൽവണങ്ങീട്ടു ക്ഷോ
ഭിച്ചുചിറയിട്ടുകൊള്ളുവാൻവഴിനല്കി * അസ്ത്രത്തെമരുകാന്താരത്തിലേ
ക്കയച്ചിട്ടു ഭദ്രമാംരാജ്യമാക്കിച്ചമച്ചാനവിടവും * കെട്ടിനാൻനളൻചി
റയഞ്ചുവാസരംകൊണ്ടു മുട്ടീതുലങ്കതൻെറവടക്കേഗോപുരത്തിൽ * വി
സ്താരമുണ്ടുചിറപത്തുയോജനവഴി ചിത്രമായൊരുനൂറുയോജനനീളമു
ണ്ടു * വടക്കേഗോപുരത്തിൻമുകളിൽക്കരയേറിപ്പടക്കോപ്പുകൾകണ്ടുരാ
വണനിരിക്കുമ്പോൾ * അടുത്തുകൊണ്ടുപോന്നുസുഗ്രീവൻകിരീടങ്ങൾ
നടിച്ചുപുറപ്പെട്ടുരാക്ഷസപ്പടയെല്ലാം * വാനരരാക്ഷസന്മാർതങ്ങളിൽ
പൊരുതപോരാനനമായിരമുള്ളവനുംപറയാമോ! * വേഗത്തോടടു
ത്തിട്ടുമേഘനാദനുമപ്പോൾ നാഗാസ്ത്രംപ്രയോഗിച്ചുരാമാദികളെവെ
ന്നാൻ *വന്നിതുഗരുഡനുമന്നേരമവിടേക്കു പന്നഗശരങ്ങളുംസന്നമാ
യ്വന്നുകൂടി * വീരനാംധൂമ്രാക്ഷനെമാരുതികൊലചെയ്താൻ വീറുള്ളവജ്ര
ദംഷ്ട്രൻതന്നെയംഗദൻകൊന്നാൻ * വമ്പനാമകമ്പനുമന്തകപുരം
പുക്കാ നൻപൊഴിഞ്ഞൊരുവായുസംഭവൻതൻെറകൈയാൽ * നീല
നുംപ്രഹസ്തനെക്കൊന്നുഭൂമിയിലിട്ടാൻ നീലമാമലപോലെരാവണൻ
പുറപ്പെട്ടാൻ * രാമനോടേററുതോററുരാവണൻപുരിപുക്കാൻ ഭീമതാ
യുള്ളകുംഭകർണ്ണനെയുണർത്തിനാൻ * അവനുംപോന്നുവന്നുരാമസായക
ങ്ങളേററവനിതന്നിൽവീണുമരിച്ചാനതുനേരം കൊന്നിതുനരാന്തകൻ
തന്നെയുംബാലിപുത്രൻ വന്നൊരുദേവാന്തകൻതന്നെമാരുതികൊന്നാ
ൻ * ചൊല്ലേറുംമഹോദരൻതന്നെനീലനുംകൊന്നാൻ വല്ലഭമേറുംത്രി
ശിരാവിനെഹനുമാനും * മർക്കടപ്രവരനാമൃഷഭൻതന്നോടേററാൻ മൃ
ഷ്ടരൻമഹാപാർശ്വൻകൊന്നിതുവായുപുത്രൻ * പംക്തികന്ധരൻത
ൻെറനന്ദനനതികായ നന്തകപുരിപുക്കലക്ഷ്മണബാണംകൊണ്ടു * വ
ന്മായമേറെയുള്ളൊരിന്ദ്രജിത്തായവീരൻ ബ്രഹ്മാസ്ത്രംകൊണ്ടുരാമാദിക
ളെമോഹിപ്പിച്ചാൻ * ബ്രഹ്മനന്ദനനായജാംബവാൻനിയോഗത്താൽ
നിർമ്മലനായകപിവീരനഞ്ജനാപുത്രൻ * മാരുതികൊണ്ടുവന്നാനൌ
ഷധമഹാമല പോരതിൽമരിച്ചവരൊക്കവേജീവിച്ചിതു * രാവണൻ
തൻെറപടചത്തതാഴിയിലിട്ടി ട്ടാവതല്ലാതെവന്നുജീവിപ്പാനതുമേവം
* ചുട്ടിതുലങ്കാപുരംവാനരപ്രവരന്മാർ പെട്ടെന്നുപുറപ്പെട്ടുകുംഭനുംപട
യുമായ് * ശോണിതാക്ഷനുംവിരൂപാക്ഷനുംയൂപാക്ഷനും മാനിയാം
പ്രജംഘനുംമരിച്ചാരതുനേരം * വാനരപ്രവരന്മാർകൊന്നുകൊന്നവ
രോട്ടു മാനമേറീടുംരക്ഷോബലവുംമരിച്ചുതേ * അഗ്രവന്നെതിർത്തിതു
കുംഭനുമതുനേരം സുഗ്രീവനവനെയുംനിഗ്രഹിച്ചിതുവേഗാൽ*അഗ്രജ
ൻമരിച്ചപ്പോളെതിർത്താൻനികുംഭനു മുഗ്രനാംവായുപുത്രനവനെക്കൊല

ചെയ്താൻ *ഖരനന്ദനൻമകരാക്ഷനുംപുറപ്പെട്ടു പൊരുതുരാമശരമേററു
പോയ്സ്വർഗ്ഗംപുക്കാൻ * മായമേറീടുന്നൊരുമേഘനാദനപ്പോൾ
മായാസീതയെക്കൊന്നാൻമാരുതികാൺകത്തന്നെ * രാഘവൻതന്നോ
ടതുമാരുതിയറിയിച്ചാ നാകുലപ്പെട്ടുരാമദേവനതുനേരം * കണ്ടിതു
പരിഭ്രമമായതുവിഭീഷണൻ മണ്ടിച്ചെന്നരചനെത്തൊഴുതണ്ടുണർത്തി
ച്ചാൻ * കണ്ടതാരിന്ദ്രജിത്തിൻമായകൾകപികളേ! കണ്ടിക്കാർകുഴലി
യെക്കൊന്നതുമായയത്രെ * തണ്ടാർമാതിനെയാരുംകൊന്നുകൂടുകയില്ല
പണ്ടേചാപല്യമുണ്ടുവാനരന്മാൎക്കൂനം * തക്കത്തിൽനികുംഭിലപുക്കി
പ്പോൾമേഘനാദനൊക്കവേകഴിച്ചീടുംതന്നുടെഹോമമെന്നാൽ * പി
ന്നെമററൊരുവൎക്കുമാവതില്ലവനോടു മുന്നേനാമതുചെന്നുമുടക്കിക്കൊ
ള്ളുന്നാകിൽ * ഇന്നേരാവണിതന്നെക്കൊന്നീടാമറിഞ്ഞാലും പിന്നെരാ
വണൻതാനുംമരിച്ചാനെന്നേവേണ്ടു * പോരികഹനൂമാനുംലക്ഷ്മണകു
മാരനും പോരിന്നുവിരുതുള്ളവാനരവീരന്മാരും * സത്വരംനക്തഞ്ചര
നിത്തരംപറഞ്ഞപ്പോൾ ചിത്തമാൽതീൎന്നുപുരുഷോത്തമനരുൾചെയ്തു
* എങ്കിൽവൈകാതെചെന്നുരാവണിതന്നെക്കൊന്നു സങ്കടംകെടുക്കെ
ന്നുരാഘവനയച്ചപ്പോൾ * ലക്ഷ്മണകുമാരനുംമാരുതിമുതലായ മൎക്കട
വീരന്മാരുംരാവണസഹജനും * ഒക്കത്തക്കവേചെന്നുപുക്കിതുനികുംഭി
ല രക്ഷോവാഹിനിയതുകണ്ടുസംഭ്രമംപൂണ്ടാർ * ചുററുംവൻപടനി
ൎത്തിച്ചൊല്ലക്കൊണ്ടമേഘനാദൻ കുററമെന്നിയേഹോമംതുടങ്ങിയതുനേ
രം * പററലർകുലകാലന്മാരായകപിവീരർ ചുററുംനിന്നണഞ്ഞുപോർ
തുടങ്ങിഭയങ്കരം * മാരിനേർപൊഴിഞ്ഞിതുബാണങ്ങൾകുമാരനും മാരു
തിപ്രമുഖരാംവാനരപ്രവരരും * മാമലമരാമരംവലിയശിലകളും തൂമ
യോടുടനുടൻതൂകിനാരതുനേരം * അടുത്തനിശാചരർതിരിച്ചുഭയത്തി
നാലെടുത്തുവില്ലുമമ്പുമന്നേരംമേഘനാദൻ * അടുത്തുശത്രുക്കളെയ
കററിയൊഴിഞ്ഞിനിമുടിച്ചുകൂടാ ഹോമംമുടക്കമത്രേയിവർ * നടിച്ചു
വന്നാരെന്നുനിനച്ചുമേഘനാദ നടുത്തുബാണജാലംപൊഴിച്ചുതുടങ്ങി
നാൻ * അടുത്തുമുമ്പിൽക്കണ്ടവൈരിയാംമായാവിയെ ഒടുക്കീടേ
ണമിനിക്കടുക്കെന്നെന്നുനന്നാ * യടുത്തുനിന്നുയുദ്ധംതുടങ്ങികുമാര
നും പടുതരമോടുശരമെടുത്തുതൊടുത്തുടൻ * വലിച്ചുനിറച്ചയച്ചീ
ടിനാർനക്തഞ്ചരർ മലച്ചീടുന്നുചത്തുചോരയുംപലവഴി * യൊലിച്ചീ
ടുന്നുമേഘനാദനതുകണ്ടു ചലിച്ചീടുന്നുചിത്തംരാഘവസഹജനും
* ജ്വലിച്ചീടുന്നുകോപംരാവണതനയനും ഫലിച്ചീടുന്നുമനോരഥമായു
ള്ളതെല്ലാം * രാഘവസഹജനുംരാവണതനയനും വേഗമോടടുത്തു
ചെയ്തീടിനയുദ്ധംപോലെ * പണ്ടുകീഴുണ്ടായതുമില്ലിനിമേലിലെങ്ങു മു
ണ്ടാകയില്ലയെന്നുംനിൎണ്ണയിച്ചുരചെയ്യാം * മൂന്നുരാപ്പകൽപിരിഞ്ഞീ
ടാതെപൊരുതപ്പോൾ മൂന്നുലോകത്തുമുള്ളോരാർത്തുമൊടുങ്ങിതേ *
ദേവകൾ പുഷ്പവൃഷ്ടിചെയ്തൊക്കെസ്തുതിക്കയും ദേവികൾപാട്ടുംകൂത്തും
തുടങ്ങിസന്തോഷത്താൽ * ദേവകൾപെരുമ്പറയടിച്ചനാദംകേട്ടുരാവ
ണനുണ്ടായൊരുസങ്കടംപറയാമോ * മക്കളുംമരുമക്കൾതമ്പിമാരമാത്യ

രും മുഷ്കരന്മാരായുള്ള പടനായകന്മാരും * മിക്കതുമൊടുങ്ങിയനേരത്തു ദശാനനൻ ദുഃഖത്തെയടക്കിസ്സന്നദ്ധനായ്പുറപ്പെട്ടു * മുമ്പിനാൽമൂലബലാദ്യഖിലരക്ഷോഗണം വൻപടയോടുംപാതാളത്തിങ്കൽനിന്നുവന്നാർ * പങ്കജനേത്രൻപിന്നെരണ്ടുനാഴികകൊണ്ടു സംഖ്യയില്ലാതെപടയൊക്കവെയൊടുക്കിനാൻ * രാവണൻതൻെറമുമ്പിൽമരിച്ചുമഹോദരൻ ദേവവൃന്ദാരാതീന്ദ്രനാം മഹാപാർശ്വൻതാനും * രാഘവൻതിരുവടി തൻതിരുമുമ്പിൽചെന്നു വേഗേനശസ്ത്രാവലിതൂകിനാൻദശാനനൻ * പാരിൽനിന്നരചനുംതേരിൽനിന്നരക്കനും പോരതികട്ടപ്പമായ്ചെയ്തുകണ്ടുവിണ്ണോർ * പാരമുണ്ടിളപ്പമെന്നറിഞ്ഞുപുരന്ദരൻ തേരുമായ്ചെൽകയെന്നുമാതലിയോടുചൊന്നാൻ * മാതലികൊണ്ടുവന്നതേരതിൽക്കരയേറി ചേതസിതെളിഞ്ഞുപോർതുടങ്ങിരഘുവരൻ * രാമരാവണരണസാമ്യംചൊല്ലുകിലതുരാമരാവണരണതുല്യമെന്നതുചൊല്ലാം നൂറോളംതലയറുത്തിട്ടിതുരഘുവരൻ പോരിനുകുറഞ്ഞതില്ലെള്ളോളംദശമുഖൻ * അറേഴുദിനംപിരിയാതെനിന്നൊരുപോലെ ഘോരമായ്പ്പൊരുതപോരെങ്ങിനെപറയുന്നു * ആദിത്യഹൃദയമാംമന്ത്രത്തെയുപദേശിച്ചാധിതീർത്തിതുകുംഭസംഭവനായമുനി * രാഘവൻബ്രഹ്മാസ്ത്രവുമയച്ചാനതുകൊണ്ടു രാവണനരിച്ചുവീണീടിനാനവനിയിൽ * ഈരേഴുപതിന്നാലുലോകവുംതെളിഞ്ഞുതേ ധീരനാംദശമുഖൻമരിച്ചനിമിത്തമായ് * നാരിമാർമുറവിളിതുടങ്ങിലങ്കതന്നിൽ ഘോരനാംവിഭീഷണൻ പറഞ്ഞുദുഃഖംതീർത്താൻ * ചെയ്തിതുശേഷക്രിയസർവ്വുംവിഭീഷണൻ കൈതവമറിയാതജാനകിയതുനേരം * രാഘവനിയോഗത്താലഗ്നിയിൽമുഴുകിനാളാകുലംതീർന്നുവന്നാരന്നേരംസുരന്മാരും * യോഷമാർകുലമണിയാകിയസീതയ്ക്കൊരു ദോഷമില്ലെന്നുസർവ്വദേവതമാരും ചൊന്നാർ * മയ്ക്കണ്ണിതന്നെയുടൻകയ്ക്കൊണ്ടുരഘുവരൻ തൃക്കാല്ക്കൽനില്ക്കുന്നൊരുരക്ഷോനായകനെയും * ചൊല്ക്കൊണ്ടനിശാചരരാജാവെന്നഭിഷേകം ലക്ഷ്മണനെക്കൊണ്ടുചെയ്യിച്ചിതുരഘുവരൻ * പുഷ്പകവിമാനവുമേറിനാൻരാമചന്ദ്രൻ നല്പൊഴുതവൻതന്നെക്കണ്ടിതുദശരഥൻ * സന്തോഷത്തോടെവീണുനമസ്കാരവുംചെയ്തു ചിന്തിതംലഭിച്ചിതുരാമനെക്കണ്ടമൂലം * ആനന്ദിച്ചനുഗ്രഹിച്ചീടിനാൻദശരഥൻ വേണുന്നവരങ്ങളുംനല്കീടിനാർസുരന്മാരും * രക്ഷോനായകൻമുതലായുള്ളരാക്ഷസരും സുഗ്രീവൻമുതലായവാനരവീരന്മാരും * ലക്ഷ്മണകുമാരനുംജാനകീദേവിതാനു മൊക്കത്തെക്കവേരാമൻപുഷ്പകമേറുന്നേരം * തിക്കിപ്പൊയ്യുറഞ്ഞിതുവാനവരെല്ലാവരും മുക്കണ്ണൻതാനുംകൈലാസംപുക്കുദേവിയുമായ്*സത്യലോകവുമ്പുക്കുധാതാവുംവാണിയുമായ് സത്യതല്പരനായ ഭഗവാൻദാശരഥി * രാഘവനയോദ്ധ്യപുക്കഭിഷേകവുംചെയ്തു ലോകങ്ങളുംപതിന്നാലുംപാലിച്ചുവഴിപോലെ * വാഴുന്നകാലത്തിങ്കൽനാലുദിക്കിലുമൊക്കെ വാഴുന്നമുനിജനംവന്നിതുകാണ്മാനതിൽ * കുംഭസംഭവൻപറഞ്ഞുനൻപോടുനിശാചര സംഭവമറിഞ്ഞിതുരാഘവൻതിരുവടി * നാനാതാപസന്മാരുംരാക്ഷസപ്രവരരും വാനരവീരന്മാരുംപാ

രാതെന്നടകൊണ്ടു * പുഷ്പകമായവിമാനത്തെയുമയച്ചിതു പുഷ്പസായക
സമനാകിയരഘുവരൻ * ജാനകിയോടുംകൂടിക്രാമലീലയിൽനന്നാ
യ്മാനസമിറക്കിനാൻമാനവവീരൻതാനും *പുഷ്പബാണാർത്തിപൂണ്ടുപുള
ച്ചുകളിക്കുന്നാൾ ഗർഭവുമുണ്ടായ്വന്നുജാനകിക്കതുകാലം * കളഞ്ഞാ
നപവാദംപേടിച്ചുരഘുവരൻ വിളങ്ങീടിനസീതാദേവിയെയവളും
പോയ് * വാല്മീകിമുനിതന്റെയാശ്രമമതിൽവാണാൾ കാമ്യന്മാരായ
കുമാരന്മാരുമുണ്ടായ്വന്നു * ആദരാൽകുശലവന്മാരായവൈചതങ്ങൾക്കു
ജാതകർമ്മാദിയൊക്കെച്ചെയ്തിതുവാല്മീകിയും * താൻതന്നെചമച്ചരാ
മായണമായകാവ്യം ശാന്തന്മാരായകുമാരന്മാരെപ്പഠിപ്പിച്ചു * മധുനന്ദ
നനായലവണൻതന്നെക്കൊന്നു മധുരാപുരിയുംവാണിരുന്നുശത്രുഘ്നനും
* അശ്വമേധത്തിനാശ്രുകോപ്പിട്ടുരഘുവരൻ നിശ്ശേഷംനിശിചരവ്രാ
നരന്മാരുംവന്നു * മാനവവീരന്മാരുംതാപസശ്രേഷ്ഠന്മാരും ക്ഷോണീ
നിർജ്ജരന്മാരുംനിർജ്ജരന്മാരുംവന്നു * അക്കാലംകുശലവന്മാരായതനയ
ന്മാർ ശിക്ഷയിൽരാമായണംചൊല്ലിയാരതുകേട്ടു * രാഘവൻതന്റെ
മക്കളെന്നറിഞ്ഞതുമൂലം രാകേന്ദുമുഖിതന്നെവരുത്തിരണ്ടാമതും * നീ
യിനിയൊരുദിനമെല്ലാരുംകാണുംവണ്ണം തീയിൽചാടുകവേണമെന്നിതു
രഘുവരൻ * മേദിനിപിളർന്നുതാണീടിനാൾവൈദേഹിയും മേദിനീ
പാലനൊട്ടുകോപിച്ചാനതുനേരം * പൊന്നുകൊണ്ടൊരുസീതതന്നെ
യുംചമച്ചുടൻ പിന്നെയുംപലയാഗംചെയ്തിതുരഘുവരൻ അംബമാരുടെ
ശേഷക്രിയകളുംചെയ്തു നിർമ്മലന്മാരായ് തങ്ങൾനാൽവർക്കും സുതന്മാ
രാ * യെണ്മരുണ്ടവരെയുംവാഴിച്ചാനോരോദിക്കിൽ കൺമഷംലോക
ങ്ങൾക്കുതീർത്തുരാഘവദേവൻ * പതിനോരായിരത്താണ്ടിങ്ങനെധർമ്മ
ത്തെയും പതിന്നാലുലകവുംപരിപാലിച്ചുവാണാൻ * മാരുതിവിഭീഷ
ണന്മാരൊഴിഞ്ഞുള്ളകപിവീരന്മാരോടുംനക്തഞ്ചരവീരന്മാരോടും * ഭ
ക്തരായയോദ്ധ്യയിൽവാഴുന്നജനത്തൊടും ഭക്തവത്സലൻപ്രാപിച്ചീടി
നാൻനിജലോകം * മാനുഷജന്മംലഭിച്ചീടുകിൽദുഃഖമുണ്ടാം മാനസ
താരിൽപരമേശ്വരനെന്നാകിലും * ചിന്തിച്ചുസദാകാലമീശ്വരധ്യാ
നംചെയ്ക കുന്തീനന്ദന!മന്ന! ഖേദമുണ്ടാകവേണ്ട * രാമനാമത്തെ
സ്സദാകാലവുംജപിക്കയും രാമനെനന്നായുള്ളിൽധ്യാനിച്ചുകൊൾകയെ
ന്നും * മാമുനിമാർക്കണ്ഡേയൻധർമ്മജനോടുചൊല്ലി രാമമന്ത്രവുമുപദേ
ശിച്ചാൻവഴിപോലെ * യാത്രയുമയച്ചിച്ചുപോയിതുമാർക്കണ്ഡേയ നാ
സ്ഥയാകേട്ടുതൊഴുതീടിനാർപാണ്ഡവരും * അക്കാലമിരുന്നൊരുവിപ്ര
നായപേക്ഷിച്ചാ നക്കനന്ദനനോടുകുണ്ഡലകവചങ്ങൾ * കൊടു
ത്താനവനേതുംമടിച്ചീലതുമൂലം കൊടുത്താനിരുന്നൊരുവേലുമെന്നറി
ഞ്ഞാലും *

ഭീമാദികളുടെ മരണവും പുനർജ്ജീവനവും.

അക്കാലംകുരുക്ഷേത്രംതന്നിലുള്ളൊരുവിപ്ര നഗ്നിയുംപരിപാലി
ച്ചങ്ങനെമരുവുന്നാൾ * അരണിയെടുത്തുകൊണ്ടോടിപ്പോയൊരു മൃഗ
മരണ്യംപുക്കാനെന്നുഭൂദേവൻപറഞ്ഞപ്പോൾ * അടവിതോറുംനട

ന്നരണിതിരഞ്ഞവരിടർപൂണ്ടിതുദാഹംമുഴുത്തു ചമകയാൽ * പക്ഷിയാ
യ്ചമഞ്ഞുടൻപൊയ്കതൻകരച്ചെന്നു പുക്കിതുധർമ്മരാജൻധർമ്മത്തെ
പ്പരീക്ഷിപ്പാൻ * പാനീയംതിരഞ്ഞുനീപാരാതെവരികെന്നു ദീനതപൂ
ണ്ടുസഹദേവനെനിയോഗിച്ചാൻ * കട്ടക്കെന്നവൻനീളെത്തിരഞ്ഞു
പൊയ്കകണ്ടു കുടിപ്പാനായിത്തണ്ണീർകോരിയനേരത്തിങ്കൽ * കുടിച്ചീ
ടൊലായെന്നുകേൾക്കായിതൊരുമൊഴി കുടിച്ചാൻദാഹംകൊണ്ടുമരി
ച്ചാനവനപ്പോൾ * കണ്ടീലസഹദേവൻപോയവൻതന്നെയിന്നുകൊ
ണ്ടുവര നകുല!നീതണ്ണീരെന്നിതുനൃപൻ * എന്നുകേട്ടവനുംപോയ്ചെ
ന്നിതുപൊയ്കതങ്കൽ തന്നുടെയനുജനെക്കണ്ടിതുനകുലനും* ദാഹത്തെ
ക്കെടുത്തിതിൻകാരണംതിരയാമെ ന്നാവോളംപൊട്ടക്കനെ കോരി
നാൻതണ്ണീരവൻ * കുടിച്ചീടൊല്ലാതണ്ണീർമരിക്കുംനീയുമെങ്കിൽ കട്ട
ക്കെച്ചൊല്ലൊല്ലാൾക്കെന്നുകേൾക്കായിതൊരുമൊഴി * മരിക്കിൽദാഹംപൂ
ണ്ടുമരിച്ചീടുകയില്ല തെരിക്കെന്നിനിതണ്ണീർകുടിക്കയത്രേയെന്നു * നി
നച്ചുനകുലനുംകുടിച്ചുമരിച്ചുതെ മനക്കാമ്പതിലഴൽമുഴുത്തുനൃപതിയും*
തമ്പിമാരിരുവരുംവന്നതില്ലെന്നുകണ്ടു സംഭ്രമിച്ചയച്ചിതുധർമ്മജൻവി
ജയനെ * ചെറുതുനിരൂപിച്ചുനടന്നുവിജയനും വിരവിൽപൊയ്കപു
ക്കിട്ടനുജന്മാരെക്കണ്ടു * ദാഹവേഗത്താൽതണ്ണീർകുടിപ്പാൻതുടങ്ങു
മ്പോൾമോഹനകുടിക്കൊല്ലതണ്ണീരെന്നതുകേട്ടു*കല്ലിച്ചവണ്ണംവരുമെ
ന്നുറച്ചിന്ദ്രാത്മജനപ്പൊഴേ തണ്ണീർകുടിച്ചവനുംമരിച്ചുതേ *പോയവരാ
രുംവന്നീലെന്നുകണ്ടരചനും വായുനന്ദനനോടുപോയാലുമെന്നുചൊ
ന്നാൻ * ചെന്നവൻതണ്ണീർകുടിച്ചവനുംമരിച്ചുതേ മന്നവൻതാനും വ
ന്നാൻപിന്നാലെയതുനേരം * തമ്പിമാരുടെശവംപൊയ്കതൻകരേക
ണ്ടു സംഭ്രമത്തോടുകൂടെക്കർമ്മമെന്നുറച്ചവൻ * പാനീയംകോരിക്കുടിച്ചീ
ടുവാൻതുടങ്ങുമ്പോൾ പാനീയംകുടിക്കൊല്ലായെന്നൊരുമൊഴികേട്ടു
* എന്തിതിൻമൂലമെന്നുതണ്ണീരുംകള[illegible] ന[illegible]നോക്കുനേരം
കാണായിപക്ഷിതന്നെ * ആരുനീയെന്നുതണ്ണീർകുടിപ്പാനരുതായ്ക
നേരചൊല്ലെന്നുധർമ്മനന്ദനൻചോദിച്ചപ്പോൾ * ഞാനൊരുയക്ഷ
നെൻറചോദ്യങ്ങൾക്കെല്ലാററിനും ജ്ഞാനിയായുള്ളഭവാനുത്തരംപറ
യേണം * ധർമ്മജനതുകേട്ടുചൊല്ലുകയെങ്കിലെന്നാൻ ധർമ്മസൂക്ഷ്മങ്ങളെ
ല്ലാം ചോദിച്ചുയക്ഷൻതാനും * ചോദ്യങ്ങളെല്ലാംപരിഹരിച്ചുനൃപതി
യുമാസ്ഥയാതെളിഞ്ഞിതുധർമ്മരാജനുമപ്പോൾ * ധർമ്മനിഷ്ഠകൾക്കുനീ
മുമ്പനെന്നതുനൂനം നിർമ്മലനായഭവാനിനിയുണ്ടൊന്നുവേണ്ടു * നാൽ
വരിലൊരുവനെജ്ജീവിപ്പിച്ചീടുവൻഞാനേവനെവേണ്ടതെന്നുചൊല്ലി
ക്കൊള്ളുകേവേണ്ടു * എങ്കിലോനകുലനെവേണ്ടതെന്നിതുനൃപൻ ശങ്ക
കൂടാതെചൊന്നനേരത്തുധർമ്മരാജൻ * എത്രയുംതെളിഞ്ഞിതുസൂക്ഷ്മ
ധർമ്മത്തെപ്പാർത്തു പ്രീത്യാസതപരംപിന്നെപ്രത്യക്ഷവേഷത്തോടെ *
തന്നുടെ പരമാർത്ഥമൊക്കവേയറിയിച്ചു നിന്നുടെയനുജന്മാരെവരുംജീവി
ക്കെന്നാൻ * നിന്നുടെമാതാവുതാൻപെറവുള്ളസഹജന്മാർ മന്നവ!പ
രാക്രമാദ്യഖിലഗുണമുള്ളോർ * ശത്രുസംഹാരത്തിന്നുശക്തന്മാരത്രയു

മല്ലസ്ത്രജ്ഞന്മാരിൽവച്ചു മുഖ്യന്മാരല്ലോതാനും * കാൎയ്യസാദ്ധ്യവുമവരാലല്ലോനിനക്കേറും ശൌൎയ്യവുമവരോളംമററാൎക്കുമില്ലയല്ലൊ * വീൎയ്യപൂരുഷന്മാരാംഭീമപാൎത്ഥന്മാരെയും ധൈൎയ്യേണപരിത്യജിച്ചെന്തൊന്നനിനച്ചുനീ * മാദ്രേയൻജീവിക്കേണ്ടതെന്നെന്നോടപേക്ഷിച്ചതോൎത്തതിൻമൂലംനേരേചൊല്ലേണംനൃപോത്തമ! * ധൎമ്മരാജോക്തികേട്ടുധൎമ്മജന്മാവുംചൊന്നാൻ ധൎമ്മസൂക്ഷ്മത്തെവിചാരിച്ചപ്പോളതുതോന്നി *അംബമാരിരുവൎക്കുംപിണ്ഡാദികൎമ്മംചെയ്വാൻ കൎമ്മബന്ധങ്ങൾ വിചാരിച്ചപ്പോളൊന്നുതോന്നി * ഞാനുണ്ടുകുന്തീദേവിപെററതിൽമാദ്രിയുടെ സൂനുമൂത്തവനല്ലോനകുലനതുമൂലം * മാദ്രിക്കുകൎമ്മബന്ധംനകുലനേറുമെന്നതോൎത്തുഞാൻനകുലനെപ്രാൎത്ഥിച്ചുമറെറാന്നല്ല * ധൎമ്മരാജാവുതാനുംധൎമ്മനന്ദനനുടെ ധൎമ്മപ്പരത്വംകണ്ടേററവും പ്രസാദിച്ചു * വിഘ്നംകൂടാതെകഴികജ്ഞാതവാസമെന്നുമുൾക്കാമ്പുതെളിഞ്ഞു നൽകീടിനാനനുഗ്രഹം * കാലവുംപന്തീരാണ്ടുതികഞ്ഞുകഴിഞ്ഞിതു കാലമേ ചൊൽവനിന്നുംനാളെയും മടിയാതെന്നാലസ്യംകളഞ്ഞിരുന്നാൾ കിളിപ്പൈതൽതാനും *

ഇതി ശ്രീമഹാഭാരതേ ആരണ്യപൎവ്വം സമാപ്തം.

വിരാടം.

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

പാണ്ഡവന്മാരുടെ അജ്ഞാതവാസം.

നാരായണ തിരുനാമാമൃതരസമോരാതവരധമരിലധമർ * പോരാപറഞ്ഞതുബാലേവിരവോടു നേരേപറകതച്ചരിതമിന്നും * തച്ചരിതങ്ങൾപറഞ്ഞാലൊടുക്കമില്ലച്യുതഭക്തരിൽമുമ്പനാംധൎമ്മജൻ * ജീവിച്ചെഴുനേററുസോദരന്മാരൊട്ടും ഭാവിച്ചിതുപിന്നെവേണുന്നകാൎയ്യം * അജ്ഞാതവാസംകഴിപ്പാനുപായവും ജിജ്ഞാസിച്ചീടിനാരൈവരുമായപ്പോൾ * അജ്ഞാനമെല്ലാമകലെക്കളഞ്ഞൊരു വിജ്ഞാനികളായധൎമ്മജന്മാദികൾ * ആയുധമൊക്കെശ്ശമീവൃക്ഷത്തിന്മേൽവച്ചായതനേത്രയാംകൃഷ്ണയുംതങ്ങളും * ഛന്നമായുള്ളൊരുനാമവേഷങ്ങളോടും ചെന്നുവിരാടപുരിയിലകംപുക്കാർ * കംകനെന്നൊരുസന്യാസിയായ്ചെന്നിതു ശങ്കകൂടാതെയുധിഷ്ഠിരനാംനൃപൻ * പുക്കിതുഭീമൻവലലനെന്നുള്ള പേർകൈക്കൊണ്ടുമന്നൻമഹാനസംതന്നിലെ * വൃത്രാരിപുത്രൻബൃഹന്നളയായിട്ടു പൃത്ഥ്വീശപുത്രിക്കുനൃത്തഗീതാദികൾ * ശിക്ഷയോടെപഠിപ്പിച്ചുതുടങ്ങിനാ ളക്ഷിവിലാസങ്ങൾപൂണ്ടതെ

ണിയാ * യാശ്വിനീപുത്രരിൽമുമ്പൻനകുലനു മശ്വങ്ങൾമേയ്പതിന്നാ
യൊരുമ്പെട്ടിതു * പശുപാലിമേയ്പാനായ്പനുസഹദേവൻ വിശേഷക
വിദ്വാൻവിരോധികൾക്കന്തകൻ *യാജ്ഞസേനിക്കസൈരന്ധ്രിയാം
പേരോടെ രാജ്ഞിയായുള്ളസുദേഷ്ണതൻദാസിയായ് * വൃത്തിയുംരക്ഷി
ച്ചുവിടെയിരിക്കുന്നാളെത്രയും വിക്രമമുള്ളവൃകോദരൻ * ശക്തനായു
ള്ളൊരുമല്ലനെയുംകൊന്നാൻ പത്തുമാസംകഴിച്ചുപിന്നെയക്കാലം *

കീചകവധം.

നല്ലസുദേഷ്ണതൻഭ്രാതാവുകീചകൻമല്ലാക്ഷിയാകിയ സൈരന്ധ്രി
യെക്കണ്ടു * മുല്ലബാണങ്ങളേറ്റല്ലൽപൊറാഞ്ഞവൻ ചൊല്ലിനാനെ
ത്രയുംനല്ലമധുരമായ് * വല്ലാതിവിടെമറ്റെല്ലാവരുമൊക്കെ ച്ചൊല്ലുന്ന
വേലകളെല്ലാമൊരുക്കിനീ * അല്ലലായ്പാഴ്വാനില്ലൊരു കാരണം ഫു
ല്ലാംബുജപ്രൌഢിവെല്ലുംഫലസന്മുഖി! * മുല്ലബാണൻതൻറെവില്ലിനെ
ല്ലോർചെയ്തുവെല്ലുന്നനിന്നുടെചില്ലിക്കൊടിയിണ * തെല്ലുകൊണ്ടെ
ന്നെനീതല്ലുന്നതല്ലകൾകൊല്ലുവാൻതന്നെയെന്നല്ലയല്ലീയെടോ! *ചൊ
ല്ലുവൻഞാനിനിനിന്നുള്ളതുനീമമ വല്ലഭയാകേണമില്ലൊരുസംശയം * ക
ല്പിതകോലുന്നകല്യാണശീലവും പല്ലവംപോലെപതുത്തൊരുമേനിയും
* മല്ലമിഴിയിണതെല്ലിൻവിലാസവുംമല്ലീശരക്ഷമാപാലാധിവാസ
വും *ചന്ദ്രികപോലെലസൽമൃദുഹാസവും ചന്ദ്രബിംബാഭിരാമാനനാം
ഭോജവും * പങ്കജകോരകംപമ്പരംപന്തുചെംകുംകുമാലംകൃതകുംഭികും
ഭദ്വയം * ശുംഭൽസുവർണ്ണാരുകുംഭമെന്നിത്തരം കുമ്പിടുംകൊങ്കയുംരോ
മാളിഭംഗിയും * കൊണ്ടാടിമാരൻകുണുങ്ങുംനടകളും കണ്ടാൽതരിപ്പെ
ട്ടുന്നൊരുതുടകളും * കണ്ടുകണ്ടെത്രനാളുണ്ടുഞാനിങ്ങിനെ വണ്ടാർതഴ
ക്കുഴലാളേ!പൊറുക്കുന്നു * ഇന്നിമേലില്ലൊറുക്കേണമെന്നാകിലോ നി
ന്നാണഞാൻമരിച്ചീടും പൊളിയല്ല *നൽകുകചോരിവാപുൽകുകപോർ
മുല നൽകുവൻഞാൻതവവേണുന്നതെല്ലാമേ * ഇത്ഥംപലതരവുംപറ
ഞ്ഞിട്ടവൾ ചിത്തമിളകാഞ്ഞുദുഃഖിച്ചുകീചകൻ * തന്നുള്ളിലുള്ളഴലുള്ള
വണ്ണംതന്നെ ചൊന്നാനുടപ്പിറന്നുള്ളവൾതന്നോടും * കാമംമുഴുത്തുത
ന്നെഞാൻമറന്നുള്ള കാമുകന്മാർതൊഴിലെങ്ങനെയെന്നില്ല * ഇന്നുനേ
രത്തെന്നുമിന്നവരോടെന്നുമിന്നവണ്ണംവേണമെന്നതില്ലേതുമേ * നിന്നു
ടെദാസിയായുള്ളൊരിവൾതന്നെ യെന്നോടുകൂടിയയയ്ക്കഭഗിനി! നീ *
ഭ്രാതാവുതന്നുടെസങ്കടംകണ്ടവൾ ചേതോഹരാംഗിയാംകൃഷ്ണയോടോ
തിനാൾ * ഖേദംവരികയില്ലേതുംനിനക്കെടോ കാദംബരിയുംകറിക
ളുംവൈകാതെ * കീചകൻതന്നോടുവാങ്ങിനീകൊണ്ടുവാ മേചകകാ
ന്തികലന്മനോഹരേ! * മൌനാനുവാദമോടിങ്ങനെപോയവൾ താ
നേവരുന്നതുകണ്ടൊരുകീചകൻ * നേത്രസുഖത്തോടടുത്തിതുമൈരേയ
പാത്രവുമിട്ടുംകളഞ്ഞവളോടിനാൾ * ആടലോടെയവൻകൂടെയണ്ടോ
ടിനാൻ പേടിയോടേസഭയിങ്കൽവീണാളവൾ * അല്ലിത്താർകുന്തൽ
ചുറ്റിപ്പിടിച്ചാനവൻ ഒല്ലായിതെന്നുസഭയിലിരുന്നവർ * രക്ഷിപ്പതി
ന്നിനേശനയച്ചൊരു രക്ഷോവരനുംപരോക്ഷമതിദ്രുതം * ഖക്ഷ്മകോ

ദണ്ഡധരക്ഷതചിത്തനായക്ഷമനാകിയകീചകനീചനെ * പ്രക്ഷേപ
ണംചെയ്യാനക്ഷണംഭ്രമിയിൽ സക്ഷതനായ്വീണരുണ്ടാനതുനേരം * വ
ല്ലാതെനിന്നുജളനായിളിച്ചവൻ മെല്ലവെപോയൊരുകോണിലകംപു
ക്കാൻ * അന്നേരാവംബുജലോചനമാരുതി തന്നുടെമാറത്തുവീണുകേണീ
ടിനാൾ * കണ്ണുനീരുംതുടച്ചുണ്ണീപൊറുക്കൊരു വണ്ണമൊരുമാസമിന്നു
മെന്നാനിവൻ * മാസമോപിന്നെയല്ലോയിനിക്കിങ്ങൊരുവാസരമ
ല്ലൊരുനാഴികയുംപൊറാ * കീചകനെക്കൊന്നുസങ്കടംതീർക്കനീ നീച
നെക്കൊണ്ടുപൊറുതിയില്ലുത്തമേ * എന്നവൾചൊന്നതുകേട്ടൊരുമാ
രുതി കൊന്നവൻതന്നെഞാൻനിന്നിടർപോക്കുവൻ * കൃത്തരങ്ങത്തുക
റിക്കനീമന്മഥക്കുത്തിനുപാതിരാനേരമെന്നാനവൻ * മാരമാൽപൂണ്ടൊ
രുകീചകൻതന്നൊടു മാരുതിചൊന്നപോലെയവൾചൊല്ലിനാൾ *
നാരിമാർഞങ്ങൾസ്വധർമ്മമറികെടോ മാരവശഗമാരാകയാലനഘം
* നാനാജനങ്ങളുമൊന്നിച്ചപേക്ഷിച്ചാലൂനമില്ലാതവണ്ണമിണങ്ങീട
ണം * ഉണ്ടെങ്കിൽപഞ്ചമേഗന്ധർവന്മാർപീഡ ഓരോദിനംപ്രതികാ
ണാമെന്നുംവരും * ഒട്ടുനാളെയ്ക്കുകണ്ടീലെന്നതുംവരും പട്ടാംഗഞാൻപ
റഞ്ഞീലയെന്നില്ലെടോ * പയ്യവേകൃത്തരങ്ങത്തെന്നുരങ്ങളിൽ കൈയും
പിടിച്ചുതെളിഞ്ഞുമനസ്സോത്തു സൈരന്ധ്രിചൊന്നതുകേട്ടുതെളിഞ്ഞു
ള്ളിൽ സൈരംതനിക്കുവരുമെന്നുകല്പിച്ചു * ക്ഷൌരംകഴിച്ചുതൈലാ
ഭ്യംഗവുംചെയ്തു മൈരേയമായുള്ളമദ്യവുംസേവിച്ചു * പല്ലുതേച്ചാമോദ
താംബൂലവുംതിന്നു നല്ലമാല്യങ്ങൾകുസുമങ്ങളുംചൂടി * ദിവ്യാംബരാഭര
ണാലേപനാദികൾ സർവാംഗമെല്ലാമലങ്കരിച്ചാനവൻ * ഉത്തമയായു
ള്ളപാഞ്ചാലിചൊല്ലിയ മെത്തമേൽചെന്നുകിടന്നിതുഭീമനും * ചിത്ത
കൌതുഹലംകൈക്കൊണ്ടുകീചകൻ മത്തനായ്ക്കൃത്തരങ്ങത്തുപുക്കീടി
നാൻ * ചിത്തജന്മാവുതന്നസ്ത്രങ്ങളേല്ക്കയാൽ പുത്തൻകുളുർമുലത്തൊ
ത്തുപുല്കീടിനാൻ * തങ്ങളിൽതിങ്ങിവിങ്ങിക്കനംപൊങ്ങിനിന്നങ്ങിനെ
കണ്ടകുളുർമുലക്കോരകം * വിസ്താരമാണ്ടുനിരക്കെപ്പുരപരക്കുന്നരോ
മങ്ങളുംകൊണ്ടുകാണായി * രോമലതാമൂലമായതെവിടമാരാമലായു
ള്ളൊരുദാസിയല്ലോയിവൾ എങ്കിലതുമൊരുകൌതുകമെന്നോർത്തുചങ്ക
ജബാണമാൽകൊണ്ടുപൊറാഞ്ഞവൻ * നന്നായ്മുറുകമുറുകത്തഴുകി
നാൻ മുൻനടന്നീടിനാൻഭീമനന്നേരം * എത്തിമുറുകമുറുകപ്പുണർന്നവ
നസ്ഥിനുറുക്കിഞെരിച്ചിതുപിന്നെയും * ചിത്തഭ്രമത്തൊടുപത്തുനൂറാ
യിരംകുത്തിനാൻമുഷ്ടിചുരുട്ടിയെതെരുതെരെ * പ്രേമമില്ലെന്നുവരുമെ
ന്നാശങ്കിച്ചു ഭീമൻനഖങ്ങളുമേല്പിച്ചിതാദരാൽ * അയ്യോ!മതിമതിയ
യ്യോ! മതിപോരും!മയ്യൽമിഴിയാളേ!കയ്യയച്ചീടെടോ! * നീയല്ല
യോയിത്ര നീയല്ലയോബാലേ! പൊയ്യേപറഞ്ഞുചതിക്കയോചെയ്ത
തും * മെയ്യെന്നുകല്പിച്ചുവന്നുപുണർന്നുഞാൻ മെയ്യല്ലനല്ലകരിങ്കല്ലു
നിർണ്ണയം * പത്തുനൂറിത്ഥംപറഞ്ഞുകരഞ്ഞവൻ ചത്താൻമിഴിക
ൾതുറിച്ചുവിധിബലാൽ * വാതാത്മജനായഭീമനുംപോയിത ങ്ങ
ളുമറിഞ്ഞീലതാനെന്നുഭാവിച്ചു * ചത്തൊരുകീചകൻതന്നുടെതമ്പിമാർ

പത്തിൽപെരുക്കിയപത്തുമൊരഞ്ചുമു * ണ്ടത്തൽപൂണ്ടെത്തിപ്പിടിച്ചവർകൃഷ്ണയെ ച്ചത്തശവത്തോടുവച്ചുകെട്ടീടിനാർ * കൂടെയവളെയും ചുട്ടുകളവാനായ് കൂടലർകാലനാംഭീമനതുകണ്ടു * ഗന്ധർവ്വന്മാർബലാൽകൊന്നതിനെന്തൊരു ബന്ധമിവളെയുപദ്രവിപ്പാൻനിങ്ങൾ * വൃദ്ധബാലാംഗനാഗോദ്വിജാദ്യങ്ങളെ ബദ്ധരോഷാൽവിരോധിക്കുന്ന ദുഷ്ടനെ * മൃത്യുപുരത്തിന്നയയ്ക്കണംവൈകാതെ പൃത്ഥ്വീപതികളെന്നല്ലോവിധിമതം * ആശ്രയമില്ലാതനാരിയെക്കൊണ്ടുപോയാശ്രയാശങ്കലാക്കുന്നതുയോഗ്യമോ * ആശ്രിതരക്ഷണംധർമ്മംനൃപതികൾക്കാശ്രിതയല്ലോവിശേഷാലിവൾതാനും * ആയുധപാണിയല്ലെന്നാകിലിക്കിലും ന്യായമല്ലാതകർമ്മങ്ങൾകാട്ടുംവിധൌ * നോക്കിയിരിക്കാമോ രാജഭടന്മാക്ക് യോഗ്യമല്ലേതുമതെന്നുപറഞ്ഞുടൻ * കാററഞ്ചുംവേഗമൊടചെന്നുകോപിച്ചു നൂററഞ്ചിനേയുമൊട്ടുക്കിനാൻവൈകാതെ * കൂററൻചൂരമാന്തിനില്ക്കുന്നതുപോലെ യേററംചിനത്തോടുനിന്നിതുഭീമനും * ഭീമനെക്കണ്ടുപേടിച്ചുജനങ്ങളും കാമനെത്തന്നെയുംപേടിയുണ്ടായ്യന്നു * ശ്യാമളയാകിയസൈരന്ധ്രിതന്നെയും കോമളയാകിലുമന്നുതൊട്ടാരുമേ * നാട്ടാർമുഖത്തുനോക്കാതെചമഞ്ഞിതു കൂട്ടമേകൊല്ലിക്കുമെന്നഭയത്തിനാൽ *

ഗോഗ്രഹണവും ഉത്തരാസ്വയംവരവും.

വാട്ടമകന്നസുയോധനനക്കാലം കൂട്ടവുംകൂടിത്തുടങ്ങിനിരൂപണം * നാട്ടിലെങ്ങാനുമിപ്പാണ്ഡവരുണ്ടെങ്കി ലൊട്ടാളരൊക്കെനടന്നുതിരയണം * ധാർഷ്ട്ര്യമേറീടുന്നധർമ്മജന്മാദിയെ കാട്ടിലാക്കാമിന്നുംകണ്ടുകിട്ടീടുകിൽ * രാജ്യങ്ങൾതോറുമതുകേട്ടുദൂതന്മാർ പാച്ചിൽതുടങ്ങിനാർ കണ്ടുകൊണ്ടീടുവാൻ * എങ്ങുമേകാണാഞ്ഞുചെന്നവർചൊല്ലിനാർ ഞങ്ങളോകണ്ടതില്ലെങ്ങുമേമന്നവ! * ധാർത്തരാഷ്ട്രൻപറഞ്ഞൊന്നവരോടപ്പോൾ പാർത്ഥന്മാരുള്ളേടംഞാൻപറയാമെങ്കിൽ * ഭോഷന്മാരേ! നിങ്ങൾമത്സ്യരാജ്യത്തിങ്കൽ ഘോഷമുണ്ടായവയൊന്നുമേകേട്ടിലേ? * കേട്ടിട്ടുഞങ്ങൾ തിരഞ്ഞിതുഗന്ധർവ്വ ശ്രേഷ്ഠന്മാരത്രേയതായതുമന്നവ! * അപ്പോഴുരചെയ്തുഭീഷ്മരുമീവണ്ണ മുൾപ്പൂവിലുണ്ടെന്നെനിക്കുതോന്നുന്നിതു * ചത്തതുകീചകനെങ്കിലോമാരുതപുത്രനത്രേകൊലചെയ്തതുനിർണ്ണയം * യുക്തിയുംചെരുമതിന്നുനിരൂപിക്കി ലുത്തമയായുള്ളപാഞ്ചാലികാരണം * ഇത്ഥംധൃതരാഷ്ട്രപുത്രനോടുംഗംഗാ ദത്തൻപറഞ്ഞതുകേട്ടവനുംചൊന്നാൻ * എങ്കിലോമത്സ്യരാജാവിൻപശുക്കളെ ശങ്കകൂടാതാട്ടിക്കൊണ്ടുനാംപോരണം * കണ്ടങ്ങടങ്ങിയിരിക്കയില്ലാദിക്കിലുണ്ടെങ്കിലർജ്ജുനനാദികളെന്നുമേ * മുൻപിലേപോകപടയുംത്രിഗർത്തനും വൻപോടുഞങ്ങൾ വഴിയേവരുംതാനും *ഇങ്ങിനെകല്പിച്ചുനേരംത്രിഗർത്തനും മങ്ങാതവൻപടയുംകൂട്ടിയപ്പൊഴേ * ചെന്നുവിരാടപുരിപുക്കുഗോക്കളെ യൊന്നൊഴിയാതെതെളിച്ചവർപോകുമ്പോൾ * സന്നാഹമുൾക്കൊണ്ടുപിന്നാലെമത്സ്യനും ചെന്നുകലഹംതുടങ്ങിയനേരത്തു * മന്നവൻതന്നെപ്പിടിച്ചുകെട്ടീടിനാ നുന്നതനാകുംത്രിഗർത്തൻമഹാരഥ

ഥൻ * പല്ലും കടിച്ചു നിന്നീടുന്ന ഭീമനെ ചെല്ലുകെന്നമ്പോടു ചൊല്ലിയു
ധിഷ്ഠിരൻ * കണ്ടിരുന്നീടുകയില്ലെന്നു കല്പിച്ചു മണ്ടിയണഞ്ഞു വൃകോദര
നന്നേരം * ശക്തിമാനായ സുശർമ്മാവിനെ വെന്നു വൃദ്ധനാം മത്സ്യനെ
വീണ്ടുകൊണ്ടീടിനാൻ * അപ്പോഴണഞ്ഞു കുരുപ്രവരന്മാരും കെല്പോടു
ഗോക്കളെക്കൊണ്ടുപോയീടിനാർ * പരമാരായ സുയോധനനാദികൾ
മറ്റപ്പുറമേയടുത്തു പശുക്കളെ * തെറ്റെന്നു കൊണ്ടുപോകുന്നേരമേ
മത്തു ചെറുപൊരുതു തോറ്റാർ പശുപാലരും * യുദ്ധകോലാഹലമു
ണ്ടായ് ചമഞ്ഞതും ശത്രുക്കൾ ഗോക്കളെക്കൊണ്ടങ്ങു പോയതും * മത്സ്യ
മഹീപതിപുത്രനായ് മേവിനോരുത്തരനോടു ഗോപാലകൻ ചൊല്ലി
നാൻ * ക്രുദ്ധനായുത്തരൻ താനുമുരചെയ്താനെത്തിയെതിർത്തു ഞാൻ വീ
ണ്ടുകൊണ്ടീടുവൻ * വൃത്രാരിപുത്രനാമർജ്ജുനൻ താൻ തന്നെ യുദ്ധത്തി
നായ്വരുന്നാകിലവനെയും * വെല്ലുന്നതുണ്ടു ഞാനില്ലൊരു കില്ലിനിക്കി
ല്ലൊരു സൂതനതേ കുറവിപ്പോൾ * മത്തനായുത്തരനിത്തരം ചൊന്നതു
മത്തേഭഗാമിനി പാഞ്ചാലി കേട്ടിട്ടു * ചിത്തത്തിലീർഷ്യ പൊറാഞ്ഞവൾ
ചൊല്ലിനാൾ ഭർത്താവരായൊരു ബൃഹന്നളയോടെല്ലാം * പാർത്ഥനതു
കേട്ടു പാഞ്ചാലി തന്നോടു വാസ്തവമായൊരു വാർത്തയുരചെയ്തു * തേർതെ
ളിച്ചീടുവാനാളു ഞാനുണ്ടൊരു സൂതനില്ലാഞ്ഞുഴലായ്കെന്നു ചൊല്ലുനീ *
അപ്രകാരം പറഞ്ഞീടിനാൾ കൃഷ്ണയു മപ്പൊഴുതുത്തരൻ താനുമുരചെയ്തു *
ആരതു ചെന്നു പറഞ്ഞു കേൾപ്പിപ്പതു പാരാതെ ഗോക്കളെ വീണ്ടുകൊണ്ടീ
ടുവാൻ * ഉത്തര ചൊന്നതു കേൾക്കുമതിനുട നുത്തരയോടു ചൊൽകെ
ന്നിതു കൃഷ്ണയും * ഉത്തമനുത്തരയോടു പറഞ്ഞപ്പോ ളുത്തര ചൊൽ കേട്ടു
വൃത്രാരിപുത്രനും * പാരം മെലിഞ്ഞ കുതിരകളെപ്പൂട്ടി ത്തേരും ചമച്ചിതു
പോരിനു വൈകാതെ * സത്വരമുത്തരൻ തേരിൽക്കരേറിനാൻ വൃത്രാരി
പുത്രനും തേർ തെളിച്ചീടിനാൻ * യുദ്ധത്തിനുത്തരൻ ക്രുദ്ധനായ്പോകു
മ്പോൾ മുഗ്ദ്ധാക്ഷിമാരുമവനോടു ചൊല്ലിനാർ * ശത്രുഭൂപാലരെക്കൊ
ന്നിങ്ങു പോരുമ്പോൾ വസ്ത്രങ്ങൾ നല്ലവ ഞങ്ങൾക്കു നൽകണം * അങ്ങി
നെ തന്നെയൊരന്തരമില്ലെന്നി തംഗനമാരോടു ചൊല്ലിയുഴറ്റോടെ *
പുക്കിതു ചെന്നു കുരുക്ഷേത്രമന്നേരം മുൾക്കാമ്പിലുണ്ടായ പേടിയോടുത്ത
രൻ * വന്നവഴിയേ നടക്കരിപുക്കളെ വെന്നു കൂടാ നമുക്കെന്നുമേ നിർണ്ണയം
* ദ്രോണരും ഭീഷ്മരും ധാർത്തരാഷ്ട്രന്മാരും ദ്രൗണിയും കർണ്ണനുമായോധന
ത്തിങ്കൽ * പ്രാണഭയമില്ലയാതവരോടിന്നു ഞാനൊരു ബാലകനേല്ക്കു
ന്നതെങ്ങിനെ! * എന്നതു കേട്ടൊരു പാർത്ഥനുമന്നേരം പിന്നെയും തേര
തിമുന്നോക്കമോടിച്ചാൻ * ഓടിക്ക പിന്നോക്കമെന്നുടനുത്തരനോടി
ച്ചാൻ മുന്നോക്കമർജ്ജുനൻ പിന്നെയും * പേടിച്ചതീവ വിറച്ചാനതു കണ്ടു
പേടിക്കൊലായെന്നു ചൊന്നാൻ കിരീടിയും * ഓടിച്ചു തേരിൽ നിന്നുത്ത
രനന്നേരം ചാടിക്കളഞ്ഞു നിലത്തു വീണീടിനാൻ * കൂടക്കതി കൊണ്ടു
ചാടിപ്പിടിച്ചവൻ തേടുന്ന പേടി കണ്ടന്നേരമർജ്ജുനൻ * പെട്ടെന്നു
കാലും കരങ്ങളുമൊപ്പിച്ചു കെട്ടിയിട്ടീടിനാൻ തേരിൽ മഹാരഥൻ *
വിത്രസ്തചിത്തനായുത്തരൻ നേരം വൃത്രാരിപുത്രനോടിത്തരം ചൊല്ലി

നാൻ * നാട്ടുംനഗരവുമൊക്കെത്തരുവൻഞാനോട്ടുന്നതേർതിരി
ച്ചോടിക്കവൈകാതെ * നീയെന്തിവണ്ണം തുടങ്ങുന്നതെന്നോടിന്ന
യ്യോ! എനിക്കെൻ്റെയമ്മയെക്കാണണം * എന്നതുകേട്ടുചിരിച്ചു
കിരീടിയും ചെന്നുശമീവൃക്ഷംവന്ദിച്ചുവേഗത്തിൽ * ഏറിയിട്ടതിലു
ചാപശരാദികൾ കൂറിനാനുത്തമൻതാനതുകണ്ടപ്പോൾ * ആയുധ
മാക്കിവയുള്ളബൃഹന്നളേ! മായമൊഴിഞ്ഞുനീയെന്നോടുചൊല്ലണം
* ചൊല്ലാംപരമാർത്ഥമെങ്കിലിവയെല്ലാം ചൊല്ലുള്ളപാണ്ഡവർക്കുള്ളൂ
ധരിക്കനീ * പാണ്ഡവന്മാരെവിടത്തുബൃഹന്നളേ! വേഗമോചൊല്ലി
പറകെന്നതെന്നോടെടോ! * എങ്കിലോകേൾക്കഞാനർജ്ജുനനായ
തും കങ്കനാകുന്നതുധർമ്മജന്മാവെടോ * അത്രമേറീടുംവലലൻവൃ
കോദരൻ ചെല്ലണ്ണാളാകിയ സൈരന്ധ്രിപാഞ്ചാലി * മേയ്ക്കുന്നതു
നകുലൻതുരഗങ്ങളെ ഗോക്കളെമേയ്ക്കുന്നതുസഹദേവനും * എങ്കിൽ
നിൻപത്തുപേരും പറഞ്ഞീടുനീശങ്കപോവാനിനിക്കെന്നുമാത്സ്യനും
* ഭോഷ്കല്ലചൊല്ലുവനെങ്കിൽഞാൻനിന്നോടു കേൾക്കനീയെൻ്റെപ
ത്തുനാമങ്ങളും * അർജ്ജുനൻഫൽഗുനൻപാർത്ഥൻവിജയനും വിശ്രു
തമായപേർപിന്നെക്കിരീടിയും * ശ്വേതാശ്വനെന്നുംധനഞ്ജയൻജി
ഷ്ണുവും ഭീതിഹരൻസവ്യസാചിബീഭത്സുവും * പത്തുനാമങ്ങളുംഭക്ത്യാജ
പിക്കിലോ നിത്യഭയങ്ങളകന്നുപോംനിശ്ചയം * പേടികളഞ്ഞുരഥം
നീ നടത്തുകിൽപാരടപശുക്കളെവീണ്ടുതരുവൻഞാൻ * മന്നവ! നിന്നോ
ട്ടുതുല്യനെന്നെന്നെഞാൻമുന്നമേചൊന്നതറിഞ്ഞുപൊറുക്കണം * ഇന്ദ്ര
നുമാതലിതേർനടത്തുംവണ്ണമിന്ദ്രതനൂജനടത്തുന്നതുണ്ടുഞാൻ * എ
ന്നതുകേട്ടവൻവില്ലുംകുലയേററിപിന്നെ ഹനുമാനെയുംകരുതീടിനാൻ
വന്നുകൊടിമരമേറിഹനുമാനുമൊന്നങ്ങലറികുലുങ്ങിജഗത്ത്രയം * ദേ
വദത്തമായശംഖമെടുത്തിട്ടുദേവരാജാത്മജനും വിളിച്ചീടിനാൻ * പി
ന്നെച്ചെറുഞാണൊലിയിട്ടുടനുടൻമന്നവൻ സിംഹനാദങ്ങൾചെയ്തീടി
നാൻ * തേരുരുളൊച്ചയുംസിംഹനാദങ്ങളും പാരംമുഴങ്ങുന്നശംഖ
ധ്വനികളും * വീരന്മാരഞ്ചുംചെറുഞാണൊലികളും മാരുതിതന്നുടെ
ഹുങ്കാരനാദവും * ഘോരഘോരംകേട്ടുഭീതിപൂണ്ടുത്തരൻ പാരംവിറ
ച്ചാനരയാലിലപോലെ * തേരിൽവീണാൻമുറയിട്ടാൻതെരുതെരെ
പാരാതെഴുന്നേല്ക്കയെന്നുവിജയനും * ഹുങ്കാരമേറും ചെറുഞാണൊലിക
ളുംശംഖനാദങ്ങളും സിംഹനാദങ്ങളും * പിന്നെയുംപിന്നെയുംചെയ്താൻ
തെരുതെരെ മന്നവനുത്തരൻഭീതികളവാനായ് * പാർത്ഥനിവണ്ണം
നടന്നൊരുനേരത്തു ധാത്രികുലുങ്ങികലങ്ങിസമുദ്രങ്ങൾ * ഘോഷങ്ങൾ
കേട്ടുഭദ്വാജനന്ദനൻ ഭോഷനാംനാഗധ്വജനോടുചൊല്ലിനാൻ *
പാർത്ഥൻവരവിതുകേൾക്കായതുമെടോപാർത്ഥിവനന്ദന! തോല്ക്കും
നാമെല്ലാരും * ദുശ്ശകുനങ്ങൾപലതുണ്ടുകാണുന്നു നിശ്ശേഷനാശം
ഭവിക്കുംപടയ്ക്കിപ്പോൾ * നാഗധ്വജനതുകേട്ടാശുകോപിച്ചു ഭാഗി
രഥീസുതൻതന്നോടുചൊല്ലിനാൻ * പണ്ടുപറഞ്ഞസമയം വരും
മുമ്പേയുണ്ടുവരുന്നിതുപാണ്ഡവരെങ്കിലോ * രണ്ടാമതുംവനംപൂ

കെന്നതേവാ॥ കൊണ്ടാടിയാലമതിനുപറയേണ്ട * ദ്രോണരുചി
തംപറകയില്ലെന്നുമേ പ്രാണനോടൊപ്പിക്കമെന്നെയാചാര്യരോ *
കേട്ടീലേയോഴ!വിശേഷങ്ങൾകർണ്ണനീ കൂട്ടമിട്ടോരോജനംപറയുന്ന
തും * വാട്ടംഭവാനുള്ളിലേതുമുണ്ടാകേണ്ടാ കൂട്ടുതാനുണ്ടെന്നറിഞ്ഞ
തില്ലയിപ്പോൾ * വെണ്മഴവേന്തിയരാമൻവരികിലുമെൻമുന്നിൽനി
ല്ക്കയില്ലെന്നുധരിക്കണം * ഇന്ദ്രാദിദേവകളൊത്തുവരികിലും മന്ദതയി
ല്ലജയിക്കുന്നതുണ്ടുഞാൻ * ഇന്ദ്രതനൂജനുമിന്ദ്രാവരജനുമെന്നോടുതുല്യര
ല്ലെന്നുധരിക്കണം * എന്നിത്തരംവൻപുകർണ്ണൻപറയുമ്പോൾ നിന്ന
കൃപരുംചിരിച്ചൊന്നുരചെയ്താൻ * കർണ്ണാ!മതിമതിപോരുംപറഞ്ഞതു
നിന്നുടെവീര്യങ്ങൾനാവിന്മേലേയുള്ളൂ * ജംഭാരിനന്ദനൻവമ്പുകൾ
കേൾക്കനീ കിംഫലമാത്മപ്രശംസകൊണ്ടാക്കെടോ! * മുൻപിൽദ്രു
പദനെബന്ധിച്ചു ദക്ഷിണ യൻപോടുചെയ്തവനെന്നറികനീ * ചി
ത്രരഥനായഗന്ധർവ്വവീരനെ യുദ്ധേജയിച്ചതവനല്ലയോപുരാ * ലക്ഷ്യ
വുംഭേദിച്ചുപാഞ്ചാലപുത്രിയാം പുഷ്കരനേത്രയെക്കൊണ്ടങ്ങുപോയതും
* കാമപാലാദിയദുക്കളെയുംവെന്നു കാമിനിയായസുഭദ്രയെവേട്ടതും *
ഖാണ്ഡവകാനനദാഹംകഴിച്ചതും, ഗാണ്ഡീവമഗ്നിയോടന്നുലഭിച്ചതും
* അന്തകവൈരിയോടസ്ത്രംപറിച്ചതു മിന്ദ്രാജ്ഞയാപിന്നെവേഗേന
പോയവൻ * വാനലകംപുക്കസുരരെക്കൊന്നതും താനേപോയുത്തരദി
ക്കുജയിച്ചതും * മറ്റുംപലപലവിക്രമമോർക്കുമ്പോൾ മുറ്റുംപറകയൊ
ഴിഞ്ഞുനിനക്കാമോ * ഇത്തരംചൊന്നതുകേട്ടിട്ടുകർണ്ണനുമുത്തരംചൊ
ന്നാൻകൃപാചാര്യനോടപ്പോൾ * പേയായവാക്കുകൾപേടിച്ചുചൊല്ലാ
യ്കപോയൊരാമന്ത്രണമുങ്കെമടിയാതെ * യാഗാദികർമ്മങ്ങൾചെയ്ക
യല്ലായ്കിലോപോകവിരവോടുഭിക്ഷയേററീടുവാൻ * ദുർഭാഷണംകർണ്ണ
നിത്ഥംപറഞ്ഞപ്പോൾ വിപ്രോത്തമനശ്വത്ഥാമാവുകോപിച്ചു ഗംഗാ
സുതനതുകണ്ടവർതമ്മൊടു തങ്ങളിൽകോപിയായ്കെന്നുചൊല്ലീടി
നാൻ * പിന്നെയുംചൊന്നാൻപതിമൂന്നുവത്സരം കർണ്ണാകഴിഞ്ഞിതുചാ
ത്തിലയോനീയും * അന്നേരംകോപിച്ചുചൊന്നാൻസുയോധന നെന്നുടെ
രാജ്യംകൊടുക്കയില്ലെന്നുമേ * പോരിന്നൊരുമിച്ചുപാർത്ഥൻവരുന്നാകിൽ
ഘോരമായിങ്ങുംപടക്കോപ്പുകൂട്ടുക * വ്യൂഹംചമച്ചുറപ്പിച്ചിതുഭീഷ്മരും
വാഹിനിവാരിധിപൂരങ്ങളെപ്പോലെ * അംബരചാരികൾവന്നുനി
റഞ്ഞിതു തുംബുരുനാരദനാദികളുംവന്നു * മത്സ്യരാജാത്മജനുത്ത
രൻപേടിതീർന്നുത്സാഹമുൾക്കൊണ്ടുതേരുംനടത്തിനാൻ * പാർത്ഥൻ
ഗുരുഭൃത്യന്മാരെയുംവന്ദിച്ചു കൂർത്തശരനിരതൂകിത്തുടങ്ങിനാൻ * ശം
ഖധ്വനിയുംചെറുഞാണൊലികളും ഹുങ്കാരവുംകേട്ടുകൌരവരന്നേരം
ശങ്കിച്ചുകന്നിതുഗോക്കളെയുംവിട്ടു ശങ്കാരഹിതമെടുത്താൻകിരീടിയും *
പാർത്ഥനമുത്തരൻതന്നോടുചൊല്ലിനാൻ പേർത്തുംകൊടിയടയാളങ്ങ
ളോരോന്നേ * ശോണഹയരഥംതന്നിൽവിളങ്ങീടും ദ്രോണരുടെകേതു
തന്മേലടയാളം * കാണെടോപൊന്മയവേദിതൽസന്നിധൌ കാണായ
തശ്വത്ഥാമാവുമഹാരഥൻ * ദ്രോണാത്മജൻസിംഹലാംഗുലകേതുമാൻ

ബാണധനുൎദ്ധരന്മാരിലഗ്രേസരൻ * ക്ഷോണിയുമാദിത്യചന്ദ്രന്മാരുള്ള
നാൾ പ്രാണവിനാശമവനില്ലറികനീ * അഗ്രേ വൃഷധ്വജം പൂണ്ടു കാണാ
യവനഗ്രൻ വൃഷധ്വജതുല്യൻ ധനുൎദ്ധരൻ * അഗ്രകുലോത്ഭവന്മാരിലി
ന്നൂഴിമേലഗ്രഗണ്യൻ കൃപാചാൎയ്യനറികനീ * ഇല്ലശാരദ്വതനും ഭൃതിഭാ
ൎഗ്ഗവതുല്യനെല്ലാംകൊണ്ടുമില്ലൊരുസംശയം * സ്വൎണ്ണകംബുഗജകക്ഷ്യാ
പരിഷ്കൃതമുന്നതമാം ധ്വജം ശോഭിച്ചു കണ്ടതു * കൎണ്ണനുടെരഥമായതറി
കനീ മിന്നൽക്കൊടിപോലെ ദൂരെ പ്രകാശിതം * മന്നവനായസുയോധ
നൻകേതുവിൽ ചിഹ്നമായ് നല്ലമണിമയമാകിയ * പന്നഗം കണ്ടി
തോ? മത്സ്യരാജാത്മജ! സ്വൎന്നദീപുത്രനാം ഭീഷ്മരങ്ങതെടോ! * ശ്വേതാ
വദാതനപഞ്ചതാലനതൽ കേതുനാ വൈഡൂൎയ്യദണ്ഡനശോഭിതം *
വൃത്രാരിപുത്രനിത്ഥം പറഞ്ഞൊരുവാക്കുത്തരൻ കേട്ടു തെളിഞ്ഞൊരന
ന്തരം * ഞാനേജ്ജയിക്കുന്നുണ്ടെന്നു കൎണ്ണനും മാനിച്ചുചൊന്നതു കേട്ട
ശ്വത്ഥാമാവും * വാൾപ്പടയൊട്ടുകുറയ്ക്കെടോ കൎണ്ണനീ വായ്പ്പൊട്ടു പാൎത്ഥൻ
വരുന്നതു കാണെങ്കിൽ * കൎണ്ണനും പാൎത്ഥനും തമ്മിലെതിൎത്തപ്പോൾ
കൎണ്ണൻപടയെല്ലാമോടിത്തിരിച്ചുതേ * അമ്പുകൊള്ളാതവരില്ലകുരുക്ക
ളിൽ വമ്പനാം കൎണ്ണനുമോടിത്തുടങ്ങിനാൻ * അന്നേരം ദ്രോണരെതി
ൎത്തു കിരീടിയോടന്നേരമുണ്ടായയുദ്ധം ഭയങ്കരം * ദ്രോണർതിരിച്ചുനട
ന്നിതന്നേരം ദ്രോണാത്മജനശ്വത്ഥാമാവു നേരിട്ടാൻ * ദ്രോണരെ
ക്കാൾ വലുതല്ലെന്നു ജിഷ്ണുവും ബാണഗണം വരിഷിച്ചാനതു കണ്ടു * നാ
ണിച്ചുവാങ്ങിനാനശ്വത്ഥാമാവുതാൻ മാനിച്ചുട്ടത്തിതുപിന്നെയുമൎജ്ജു
നൻ * അപ്പോൾ കൃപരെതിൎത്തെയ്തു തെരുതെരെ കെല്പുള്ള വില്ലെയ്തു
പൊട്ടിച്ചിതൎജ്ജുനൻ * നോക്കിയനോക്കിയടിക്കിലെല്ലാടവു മാക്കരമാ
ടൎജ്ജുനന്മാരെന്നു കൌരവർ * ഓടിത്തുടങ്ങിനാർ പാൎത്ഥശരങ്ങളും കൂട
ത്തുടരെത്തുടരെയടുക്കുന്നു * ദുശ്ശാസനാദിശകുനിയും തോററിതു ദുശ്ശകുന
ങ്ങൾ പലതരം കാണായി * ഗംഗാതനയനും കുന്തീതനയനും തങ്ങളിലു
ണ്ടായശസ്ത്രപ്രയോഗങ്ങൾ * എങ്ങിനെയെന്നു പറഞ്ഞുകൂടായിനി
ക്കിങ്ങിനെയുണ്ടായയുദ്ധകോലാഹലം * കണ്ടവരൊക്കെ പ്രശംസിച്ചു
നിൽക്കുമ്പോൾ കണ്ടിതു ഭീഷ്മരൊഴിക്കുന്നതുമെല്ലെ * അത്തണഞ്ഞാൻ
ദുരിയോധനൻ പാൎത്ഥനും കൂൎത്തശരമെയ്തു കൂവിട്ടുമണ്ടിച്ചാൻ * നിശ്വാ
സമുൾക്കൊണ്ടൊഴിച്ചിതു കൌരവ രശ്വത്ഥാമാവതുനേരമുരചെയ്തു *
വമ്പുപറഞ്ഞൊരു കൎണ്ണനെങ്ങാണിപ്പോളുമ്പർകോൻപുത്രൻ വരുന്നതു
കണ്ടീലേ * ഇത്ഥമധിക്ഷേപവാക്കുകേട്ടംഗേശ നെത്രയുംകോപിച്ചുട്ടു
ത്തുയുദ്ധം ചെയ്താൻ * വൃത്രാരിപുത്രനും മിത്രപുത്രൻതാനു മസ്ത്രങ്ങളത്യൎ
ത്ഥമുഗ്രം പ്രയോഗിച്ചാർ * രണ്ടാമതും കൎണ്ണനൎജ്ജുനനോടേററു മണ്ടിപ്പടയു
മായ്ക്കൂവിട്ടുസത്വരം * ദ്രോണരും ദ്രൌണിയും കൎണ്ണനും ഭീഷ്മരും മാനി
യാം നാഗധ്വജനുമനുജനും * ശാരദ്വതനും പെരുമ്പടയും തെററ നേര
ത്തുപിന്നെയും വേഗേന ഫൽഗുനൽ * ശസ്ത്രങ്ങൾ തൂകിയടുത്തിതുപി
ന്നാലെ വിത്രസ്തരായ് മറഞ്ഞിടിനാരെവരും * ദേവദത്താഖ്യശംഖമാ

വഘോഷവും ദേവരാജാത്മജജ്യാനാദഘോഷവും * വാനരവീരഹുങ്കാ
രപ്രഘോഷവും ധേനുസമൂഹപലായനഘോഷവും * കേട്ടുഭയപ്പെട്ടോ
രോരോവഴിക്കവരോട്ടംതുടങ്ങിനഘോരംപരവശാൽ * മോഹനാസ്ത്രം
കൊണ്ടുവീണിതുഭൂമിയിൽ മോഹിച്ചുബുദ്ധിമറഞ്ഞുകുരുബലം * സുപ്തപ്ര
സ്രുശക്ത്യാകുരുവരന്മാരെല്ലാം സുപ്തരായ്ത്തീർന്നകിരീടിയുമനന്തരം * ഉഷ്ണീ
ഷവസ്ത്രാഭരണാദികളെല്ലാം തൃഷ്ണതീർപ്പാൻപുരസ്ത്രീജനങ്ങൾക്കിദം *
കൃത്സ്നംഗൃഹ്ണാമൊഴിച്ചഴിച്ചീടെന്നു കൃഷ്ണസഖിയായജിഷ്ണുവൻജിഷ്ണു
വും * ഉത്തരനോട്ടുചൊന്നാനതുകേട്ടവൻ വസ്ത്രങ്ങളെല്ലാമഴിച്ചുകൊ
ണ്ടീടിനാൻ * അർത്ഥവിജയൻജയിച്ചപശുക്കളെ പേർത്തുതെളിച്ചുകൊ
ണ്ടിങ്ങുപോന്നീടിനാൻ * പാർത്ഥനിരണ്ടുശരങ്ങളെക്കൊണ്ടഭിവാദ്യവും
ചെയ്തുഗുരുഭൂതന്മാർക്കെല്ലാം * ഉത്തരൻതന്നോടുചൊല്ലിനാനർജ്ജുനൻ
സത്വരംനീപുരംപുക്കറിയിക്കണം * യുദ്ധേജയിച്ചുപശുക്കളെവീണ്ടുകൊ
ണ്ടത്രവന്നേനഹമെന്നുചെയ്യനീ * ഞാനപരാധേന വരുവൻപുരത്തി
ങ്കൽ മാനമോടേനീപിതാവിനെക്കാണ്മാൻപോയ് * മച്ചരിത്രംപ്രകാശി
പ്പിക്കരുതെന്നു മർജ്ജുനനുത്തരൻതന്നോടുചൊല്ലിനാൻ * അതയോധനേ
ജയിച്ചോരുധനഞ്ജയ നായുധംകൊണ്ടുവച്ചു ശമീകോടരേ * ഉത്തരൻ
കൌരവന്മാരെജ്ജയിച്ചിതെന്നുത്തരദൂതന്മാർചെന്നുചൊല്ലീടിനാർ *
മത്സ്യനും പ്രീതനായ് രാജ്യമലംകരി ച്ചുത്സവംഘോഷിക്കയെന്നുനിയോ
ഗിച്ചാൻ * അക്ഷങ്ങൾകൊണ്ടുവരികസൈരന്ധ്രി നീ വെക്കേണമാശു
ചൂതെന്നിതുമത്സ്യനും * കങ്കനോടേവംപറഞ്ഞോരുനേരത്തു ശങ്കാര
ഹിതംപറഞ്ഞിതുധർമ്മജൻ * ഹൃഷ്ടനായുള്ളവനോടുംകിതവനാം ദുഷ്ട
നോടുംകൂടന്നല്ലദേവനം * എന്നുകേൾപ്പുണ്ടുഞാനെങ്കിലുമിന്നി
പ്പോൾ മന്നവ! വേണമെന്നാകിൽ ഞാനൊന്നുപൊരാം * ചൂതിനുദോഷ
മൊഴിഞ്ഞില്ലനിർണ്ണയം മേദിനീപാലക! കേട്ടതില്ലേഭവാൻ * സാധു
വായുള്ളൊരുധർമ്മജന്മാവിനു ചൂതിനാലാപത്തുവന്നിതുമന്നവ! * ഇ
ത്ഥംപറഞ്ഞതുകേട്ടുവിരാടനും ബദ്ധമോദംനാമൊരുവർവെക്കെ
ന്നാൻ * മത്സ്യരാജാവുംയുധിഷ്ഠിരൻതന്നോടു മത്സരമുൾക്കൊണ്ടുചൂതു
പൊരുനേരം * വത്സനാമുത്തരൻവന്നിതെന്നെത്രയു മുത്സവംപൂണ്ടുവി
രാടൻപറഞ്ഞപ്പോൾ * മന്നവൻതന്നോടുമന്ദസ്മിതംചെയ്തു ധന്യനാം
ധർമ്മജൻമെല്ലവേചൊല്ലിനാൻ * ഉത്തരനല്ലജയിച്ചതുനിർണ്ണയമുത്തമ
യായബൃഹന്നളയാകിലാം * ഷണ്ഡസ്തുതികേട്ടുകോപിച്ചുമത്സ്യനു മൊ
ന്നെറിഞ്ഞാനൊരുചൂതുകൊണ്ടന്നേരം * നെററിമേൽക്കൊണ്ടാശുധ
ർമ്മജൻതാൻ തനിക്കിററിററുചോരവരുന്നതുപാഞ്ചാലി * ഉത്തരീയത്തി
ലങ്ങേററുകൊണ്ടീടിനാൾ മത്സ്യരാജാവിൻമരണംചെറുപ്പാനായ് *
സന്യാസിതന്നുടെചോരവീഴുന്നേടം മന്നേമുടിഞ്ഞുപോമെന്നുചൊല്ലിഴ്ഴ
തം * ഉത്തരൻവന്നുനമസ്കരിച്ചീടിനാൻ ഉത്തമന്മാരാംഗുരുജനപാദ
ങ്ങൾ * പാണ്ഡവന്മാരെന്നറിഞ്ഞിതെല്ലാവരും ഗാണ്ഡീവധന്വാവു
തന്നുടെശൌര്യവും * ഉത്തരൻതന്റെഭഗിനിയായ്മേവിനോ രുത്തരത
ന്നെക്കിരീടിക്കുനൽകിനാൻ * പുത്രഭാര്യാർത്ഥംപരിഗ്രഹിച്ചാനവൻ മി

ത്ഥ്യാപവാദമുണ്ടാമെന്നശങ്കയാ * എന്നെല്ലാംമുമ്പെപഠിപ്പിച്ചിതെ
ന്നതൊ ചിന്തിക്കിൽമററാരുമെയറിഞ്ഞീലല്ലൊ * എന്നുമഹാലൊകർ
പിന്നെപ്പറഞ്ഞീട്ടു മെന്നെയെന്നൊൎത്തു ഭയപ്പെട്ടുഫല്ഗുനൻ * നല്ലനേ
രത്തവിട്ടുന്നുപുറപ്പെട്ടു കല്യാണമോടുപപ്ലാവ്യനഗരത്തിൽ * ചെന്നിരു
ന്നാത്മബന്ധുക്കളെപ്പാണ്ഡവർ പിന്നെവരുത്തിവിവാഹത്തിനക്കാലം
* കൃഷ്ണൻതിരുവടിയാദിയായുള്ളൊരു വൃഷ്ണികളൊക്കവെവന്നാരതുകാ
ലം * ഭദ്രയായൊരുസുഭദ്രയുമാശ്രുസൌഭ ദ്രനായുള്ളൊരഭിമന്യുത
ന്നൊടും * വന്നിതുപാഞ്ചാലനൊടുധൃഷ്ടദ്യുമ്നനെന്നിവരൊക്ക
വെവന്നൊരനന്തരം * ഉത്തമസ്ത്രീകുലൊത്തംസരത്നാംഗിയാ മുത്ത
രതന്നെയഭിമന്യുകൈക്കൊണ്ടാൻ * കല്യാണവുംകഴിഞ്ഞെല്ലാവരുംകൂ
ടിയുല്ലാസമോടുപപ്ലാവ്യനഗരത്തിൽ * അല്ലൽതീൎത്തജ്ഞാതവാസ
വുംചെയ്തസൽ സല്ലാപമോടുസുഖിച്ചിതുപാണ്ഡവർ * മിത്രസമ്പ
ത്തിയുമൎത്ഥസമ്പത്തിയും പുത്രസമ്പത്തിയുമസ്ത്രസമ്പത്തിയും * വ
ൎദ്ധിച്ചുവൎദ്ധിച്ചുദിവസംധൎമ്മ പുത്രാദിയായുള്ളപാണ്ഡു തനയന്മാർ
അൎത്ഥിക്കവെണംസമയനദായമാ മൽരാജ്യംധൃതരാഷ്ട്രജരൊടുനാം
* എന്നാൽ മുക്കതരികയുമില്ലവൻ പിന്നെപ്രവൃത്തിയെന്തെന്നു
ചിന്തിക്കണം * അപത്തിനാസ്പദമായതവിവെകമെവക്കമെന്നാലിനി
നാമിതുകാലം * അവെവാളമുള്ളിൽവിചാരിക്കയുംവെണം ശ്രീവാസുദെ
വൻതിരുവടിതന്നൊടും * ഗൊവിന്ദനെന്തുതിരുമനസ്സെന്നറിഞ്ഞവ
രുമൊത്തുവിചാരിക്കയുംവെണം *ദ്രൊണരുംഭീഷ്മരുംശാരദ്വതൻതാനും
ദ്രൌണിയുംകൎണ്ണനുംസൊമദത്താത്മജൻ * താനുംജയദ്രഥൻതാനുംത്രി
ഗൎത്തനും ജ്യോതിഷ്മതീപതിയാംഭഗദത്തനും * മാതുലനായശകുനിഗാ
ന്ധാരനുംമററുംമഹാരഥന്മാരാമവരെല്ലാ മുററബന്ധുക്കൾസുയൊധന
നാകയാൽ * യുദ്ധംതുടൎന്നാൽജയിപ്പാൻപണിയുണ്ടു ചിത്തത്തിലെററം
വിചാരിക്കയുംവെണം *ദ്രൊണരാമാചാൎയ്യർകൈയിൽവില്ലുള്ളപ്പൊൾ
പ്രാണഭയമവനില്ലെന്നുനിൎണ്ണയം * അച്ഛനാംശന്തനുതന്റെവരത്തി
നാൽ സ്വച്ഛന്ദമൃത്യുവായുള്ളപിതാമഹൻ * വിശ്വനാശംവരുന്നാളും
മരണമില്ലശ്വത്ഥാമാവിനസ്ത്രജ്ഞൊത്തമനവൻ * മൃത്യുഭയംകൃപാചാ
ൎയ്യനൊരുനാളു മെത്തുകയില്ലവൻബ്രഹ്മജ്ഞസത്തമൻ * മിത്രതനയനും
മൃത്യുഭയമില്ല വൃത്രാരിനൽകിയശക്തിയുണ്ടാകയാൽ * ഇങ്ങിനെയുള്ള
ദിവ്യന്മാരെനാമിപ്പൊ ളെങ്ങിനെനിഗ്രഹിക്കുന്നുനിരൂപിച്ചാൽ *മല്ലാ
രിയാകിയമാധവനെഗതിയുള്ളു നമുക്കൊരുനല്ലതെന്നൊൎത്തുള്ളിൽ *
അല്ലലകന്നുതെളിഞ്ഞിതുപാണ്ഡവർ കല്യാണമുൾക്കൊണ്ടിരുന്നാരതു
കാലം * നല്ലകഥയിതുമെലിലെചൊൽവനെ ന്നുല്ലാസമോടിരുന്നാൾ
പൈങ്കിളിമകൾ *

ഇതി ശ്രീമഹാഭാരതേ വിരാടപൎവ്വം സമാപ്തം.

ഉദ്യോഗം

ഹരിഃ ശ്രീ ഗണപതയേനമഃ.

അവിഘ്നമസ്തു.

ഓരോരോകഥകൾനീചൊന്നതുകേൾക്കുന്തോറു മാരോമൽകിളിപ്പെണ്ണെ! പാരമുണ്ടാനന്ദമോ * വീരന്മാരായപാണ്ഡുജാതന്മാരെന്തുപിന്നെ ധീരതയോടുചെയ്തതൊക്കെനീപറയേണം * ഒക്കവേപറവതിനൊട്ടുമേകാലംപോരാ സൽക്കഥയല്ലോയെന്നാലൊട്ടൊട്ടുപറഞ്ഞീടാം * ധർമ്മജാദികളുടെവാർത്തകേട്ടെഴുന്നള്ളി നിർമ്മലൻനിഖിലലോകൈകനായകൻകൃഷ്ണൻ * കാർത്തളിരിണയുള്ളിൽചേർത്തുകൊണ്ടിരിപ്പവർക്കാർത്തികളശേഷവുംതീർത്തുമംഗലംനൽകി * കാത്തുകൊണ്ടവിരതംകാൽത്തളിരിണയോടു ചേർത്തുകൊള്ളുന്നവിഷ്ണുമൂർത്തിതാൻമനുഷ്യനായ് * ധാത്രിതൻഭാരംതീർപ്പാൻധാത്രിയിൽപിറന്നവൻ നേത്രഗോചരനായിട്ടാസ്ഥയാപാണ്ഡവന്മാർ * പാർത്ഥനിന്നെതിരേററുപാദ്യവുംനൽകിപ്പിന്നെ ഗാത്രങ്ങൾതോറുംനന്നായ്ചേർത്തുസന്താപംതീർത്തു * മാർത്താണ്ഡൻതന്നെക്കണ്ടപത്മങ്ങളെന്നപോലെ പാർത്ഥന്മാരുടെമുഖമേററവുംതെളിഞ്ഞുതേ * ശ്രോത്രവുംകുളുർത്തിതങ്ങന്യോന്യസല്ലാപത്താൽ വാസ്തവമായിട്ടുള്ളവാർത്തയുംകേട്ടശേഷം * പാർത്ഥന്മാർപാഞ്ചാലനും മാത്സ്യനുംമുകുന്ദനും പേർത്തുമങ്ങോരോകാര്യംപാർത്തുപാർത്തെല്ലാരുമായ് * പേർത്തുകല്പിച്ചാരിനിപ്പാർത്തിരിയാതെകണ്ടു പാർത്തലംതന്നിൽനമ്മേക്കുറുള്ളോരറിയണം * ബന്ധുഭൂപാലന്മാരോടവസ്ഥയറിയിപ്പാൻ കുന്തിനന്ദനൻദൂതന്മാരെയുമയച്ചുതേ * സന്തതംചിന്തിപ്പവർസന്താപംകളയുന്ന ബന്ധുവാംകൃഷ്ണൻതാനുംദ്വാരകയ്ക്കെഴുന്നള്ളി *

കൌരവപാർത്ഥന്മാരുടെ ഭഗവദ്വരണം.

മാർത്താണ്ഡാത്മജസുതൻതമ്പിമാരോടുംകൂടി പേർത്തുചിന്തിച്ചനേരംതോന്നീതങ്ങൊരുകാര്യം * ധാർത്തരാഷ്ട്രന്മാരോടുപോർതുടങ്ങുകിൽ കൃഷ്ണമൂർത്തിയെനമുക്കൊരുബന്ധുവായ്വരിക്കണം * ധാർത്തരാഷ്ട്രനുമോർത്താനക്കാലമിനിക്കിപ്പോൾ പാർത്ഥന്മാരോടുയുദ്ധംവേണ്ടുകിൽകൃഷ്ണൻതന്നെ * പാർത്തിരിയാതെമുമ്പേബന്ധുവായ്ക്കൊൾകവേണം പാർത്ഥിവേന്ദ്രന്മാരോർത്തറിഞ്ഞുകൃഷ്ണൻമുമ്പേ * ധാർത്തരാഷ്ട്രനുംവരുംപാർത്ഥനുംവരുമിപ്പോ ളാസ്ഥയാപടയ്ക്കെന്നെക്കൊണ്ടുപോവതിന്നതിൽ * അർജ്ജുനൻവരുംമുമ്പേവന്നീടുംസുയോധന നിജ്ജനത്തിനുകൂടിപ്പോമെന്നുംവരുമല്ലോ * ആചാരംമുമ്പിൽക്ഷണിക്കുന്നവരോടുകൂടിഭോജനത്തിനുംപ്രധാനത്തിനുമെന്നുണ്ടല്ലോ * ഭക്തന്മാരുടെമറുപുറത്തുപോകെന്നതുമെത്രയുംമെടിയാകുമതിനുണ്ടുപായവും * മുമ്പിലെസുയോധനൻകണ്ടുചൊല്ലരുതെന്നായുമ്പർകോൻനിദ്രാഗൃഹംപ്രാപിച്ചാനതുനേരം * രാ

ജസിംഹാസനവുംതലയ്ക്കൽവെപ്പിച്ചുടൻ വ്യാജനിദ്രയുംപൂണ്ടുകിടന്നുഭ
ഗവാനും * അന്നേരംനാഗധ്വജൻവന്നുചോദിച്ചാനല്ലോ നിന്നൊ
രുകൃഷ്ണഭൃത്യന്മാരൊട്ടുകനിവോടെ * മാധവനെവിടത്തുചൊല്ലുകെ
ന്നതുനേരം നാഥനുംപള്ളിക്കുറിപ്പെന്നവരുരചെയ്താർ * ധാൎത്തരാ
ഷ്ട്രനുമഹോനിദ്രാവേലയോ കൃഷ്ണനോൎത്തിരുന്നിതുമുന്നേഞാനിതെ
ന്നുരചെയ്താൻ * എങ്കിലുംനമുക്കങ്ങുചെല്ലരുതെന്നില്ലല്ലോ ശങ്കിത
നല്ലല്ലോഞാനെന്നവനകംപുക്കാൻ * ഞാനത്രേമുൻപിൽവന്നതെ
ന്നതോവന്നതല്ലോ നൂനമെന്നോടുകൂടിപ്പോരികെന്നതേവരൂ * നി
ദ്രയ്ക്കുഭംഗംവരുത്തീടരുതെന്നതോൎത്തു ഭദ്രമാംസിംഹാസനംപുക്കിതുസു
യോധനൻ * അപ്പൊഴുതമരേന്ദ്രപുത്രനുംവന്നാനല്ലോ വിഭ്രമത്തോ
ടുചോദിച്ചീടിനാൻപാൎത്ഥൻതാനും * ഉൾപ്പൂവിൽവിളങ്ങുമെൻ
ചില്പുമാനെങ്ങുചൊൽവിൻ നല്ലലക്ഷണഭൃത്യന്മാരവനോടുചൊന്നാർ *
ലോകനായകൻപള്ളിക്കുറിപ്പുകൊള്ളുന്നിതു നാഗകേതനൻപള്ളിയറ
യിലുണ്ടുതാനും * എന്നതുകേട്ടുപള്ളിയറയിൽപുക്കുപാൎത്ഥൻ വ
ന്ദിച്ചുതൃക്കാൽക്കൽനിന്നീടിനാൻഭക്തിയോടെ * ജൃംഭിതഭാവത്തോ
ടുമെല്ലവെയുണൎന്നിട്ടു ജംഭാരിപുത്രൻമുഖത്തുടനേതൃക്കൺപാൎത്തു * വ
ന്നിതോഭവാനൊട്ടുമുന്നമേഞാനോനിദ്ര വന്നതുകൊണ്ടുബോധംമറ
ന്നേനെന്നുനാഥൻ * മന്ദഹാസവുംപൂണ്ടുമന്ദമായരുൾചെയ്താനിന്ദ്ര
നന്ദനൻതാനുംകണ്ണുകൊണ്ടുണൎത്തിച്ചാൻ * ജ്യേഷ്ഠനുമനുജനുംകൂടിയു
ള്ളതുനേരം ജ്യേഷ്ഠനോടല്ലോമുൻപിലരുൾചെയ്യേണ്ടതൂനം * ഉപധാ
നത്തിന്മേൽതൻമുഴംകൈയൂന്നിത്തിരിഞ്ഞുപ പത്മങ്കംവാഴുംനൃപനോട
രുൾചെയ്തു * കഷ്ടം ഞാനുറങ്ങിയാലേതുമൊന്നറിയുന്നീ ലൊട്ടുമുന്ന
മേഭവാൻവന്നിതോശിവശിവ! * ഇഷ്ടന്മാരായുള്ളവൎക്കണത്രമെന്നു
ള്ളപ്പോളൊട്ടുമാകാഞ്ഞുഭവാനിളക്കാതിരുന്നതും * എത്രയുമഴകതി
നൊത്തുവന്നതുമിനിസ്സ്നിഗ്ദ്ധന്മാരായി നിങ്ങൾതമ്മിൽകൈപിടിക്ക
ണം * അന്യോന്യമാശ്ലേഷംചെയ്തൊന്നിച്ചുവസിക്കണമെന്നെല്ലാം
നിനച്ചല്ലീനിങ്ങളൊന്നിച്ചുവന്നു? * ഒന്നുമേയറിയാതെചൊന്നതെ
ന്തെന്നുഭാവിച്ചന്നേരം ധൃതരാഷ്ട്രനന്ദനനുരചെയ്താൻ * വന്നിതുപട
യ്ക്കുപോരേണമെന്നതിനിപ്പോ ളെന്നോടുകൂടിപ്പോരേണമതിയാവിതുഞാ
നോ * മുന്നേവന്നിരിക്കുന്നിതെന്നതുകേട്ടുനാഥൻ എന്നോകല്പിച്ചു
തെങ്കിലങ്ങിനെയാകവേണ്ടു * എന്നരുൾചെയ്തശേഷം പിന്നെയു
മൊന്നുചൊന്നാൻ മുന്നംഞാൻകണ്ടുപാൎത്ഥൻതന്നെയെന്നറിയണം *
മുന്നേവന്നതുഭവാനെന്നതുംനൂനമല്ലോ എന്നതുകൊണ്ടുമൊരുഭേദമി
ല്ലിനിക്കേതും * മന്നവന്മാരേഞാനുണ്ടൊന്നുചൊല്ലുന്നതപ്പോളെന്ന
തുകേട്ടു ചിന്തിച്ചോത്തതുചെയ്കനിങ്ങൾ * മത്സരാദികളിനിക്കില്ലെ
ന്നോസിദ്ധമല്ലോ മത്സമന്മാരാംനാരായണഗോപാലന്മാരും * സേ
നാനിസമനായസേനാനിഭോജൻതാനും സേനയുമൊരുത്തനുംഞാനേ
കനൊരുത്തനും * എല്ലാരുമൊക്കുംനിങ്ങളിനിക്കുനൃപന്മാരെ! നല്ലതു
വരുവാനേതാല്പരിയവുമുള്ളു * വല്ലവരോടുംകൂടിപ്പോരാമെന്നിരിക്കിലും

വല്ലഭമോടുയുദ്ധംചെയ്യുന്നാനില്ലതാനും * ചൊല്ലുവാനസംഖ്യമായു
ള്ളൊരുപടയുള്ളതെല്ലാരുംപോരുമവരൊരുത്തരോടുംകൂടി * അൻപോ
ടുരണ്ടുജനമൊരിക്കലെതിരിക്കുമ്പോൾ മുൻപിനാലിളയവൻ വേണമെ
ന്നുണ്ടുഞായം * കല്യാണാലയനായകാരുണ്യമൂർത്തിതന്നെ കല്യാണംവ
രുമാറുകൈക്കൊണ്ടുധനഞ്ജയൻ * മല്ലാരിനിരായുധനെന്നോർത്തുസു
യോധനൻ ചൊല്ലിനാനെങ്കിൽപടയെല്ലാമിങ്ങിനിക്കെന്നും * വല്ല
വതരുണിമാർവല്ലഭൻചിരിച്ചുടൻ നല്ലസാമർത്ഥ്യമിതുചൊല്ലിയപോ
ലെയെന്നാൻ * ജിഷ്ണുനന്ദനനായജിഷ്ണുവിനോടുംകൂടി വിഷ്ണുകൈവല്യ
മൂർത്തിവൃഷ്ണികുലജാതൻ * കൃഷ്ണനുമെഴുന്നള്ളി ധർമ്മജൻതന്നെക്കണ്ടു
കൃഷ്ണയുംപാണ്ഡവരുമതിനാലാനന്ദിച്ചാർ *

യുദ്ധോദ്യമനിരൂപണം.

ഗാന്ധാരീതനയനുംദൂതരെയയച്ചിതു ബാന്ധവരെമറെയുള്ളമന്ന
വർനാടുതോറും * ധർമ്മജാദികൾക്കെല്ലാമമ്മാമനായശല്യർ ധർമ്മ
ത്തിൽപിഴയായ്വാൻതന്മതമല്ലെങ്കിലും * സമ്മതമില്ലാതൊരുപന്നഗധ്വ
ജനോടു സമ്മാനംവാങ്ങുകയാൽനൂറുവർകൂട്ടത്തിലായ് * ശല്യരുംധ
ർമ്മാത്മജൻതന്നെക്കണ്ടുരചെയ്തു വല്ലാതെവൈരികൾക്കുബന്ധുവായ്
ചമഞ്ഞുഞാൻ * ചൊല്ലിക്കൊള്ളുകവരംവേണ്ടുന്നതിനിയെന്നാൽചൊ
ല്ലിനാൻമാദ്രേശനോടന്നേരംധർമ്മാത്മജൻ * ഇല്ലൊരുഖേദമിനി
ക്കൊന്നിനുമെന്നാകിലും ചൊല്ലെഴുംകർണ്ണൻവന്നുപാർത്ഥനോടെതിർക്കു
മ്പോൾ * തേർവിടുന്നാകിൽ ഭവാൻകർണ്ണനെപ്പഴിച്ചുടനാദരവോളംപറ
യേണമെന്നതേവേണ്ടതുള്ളു * എങ്കിലങ്ങനെതന്നെയെന്നുരചെയ്തുശ
ല്യർ തൻകഴൽകൂപ്പിയാത്രയയച്ചുധർമ്മാത്മജൻ * വിപ്രരാമുനിവേദ
വ്യാസനുമെഴുന്നള്ളി വിഭ്രമംപോവാൻഭീഷ്മരാദികൾക്കൊക്കെച്ചൊ
ന്നാൻ * അനർത്ഥംകളവാനായ്നിനയ്പിനെല്ലാവരും മനക്കാമ്പതി
ലിപ്പോളെനിക്കുണ്ടൊന്നുതോന്നി * ധർമ്മചിത്തന്മാരായധർമ്മജാദി
കൾതമ്മെ സ്സമ്മാനിച്ചുവർനാടുപാതിയുംകൊടുക്കിലേ * നന്മവന്നീടു
നാശംവന്നീടുമല്ലയായ്കി ലുന്മൂലനാശംവരുംധാർത്തരാഷ്ട്രന്മാർക്കെ
ല്ലാം*ഇത്ഥംവ്യാസോക്തികേട്ടുധൃഷ്ടനാം ധൃതരാഷ്ട്രപുത്രനുമർദ്ധരാജ്യം
കൊടുക്കയില്ലയെന്നാൻ * എന്നതുകേട്ടുമുനിശ്രേഷ്ഠനുമെഴുന്നള്ളി വന്നീ
ടുമത്രേകർമ്മഫലമെന്നുറയ്ക്കയാൽ * അക്കാലംദ്രുപദോപാദ്ധ്യായനുമജാ
തശത്രുക്ഷിതീശാജ്ഞയാലെഹസ്തിനപുരംപുക്കാൻ * മുഖ്യഭേദോക്തിധൃ
തരാഷ്ട്രൻതാനറിഞ്ഞിട്ടു ധിക്കാരത്തോടുപറഞ്ഞയച്ചോരനന്തരം *
പാഞ്ചാലപുരോഹിതൻപാണ്ഡവന്മാരോടങ്ങു വാഞ്ഛിതങ്ങളും വൃ
ത്താന്തങ്ങളുമറിയിച്ചാൻ * വിപ്രരെയവമാനംതുടങ്ങിഭൂപാലനുമപ്പൊ
ഴുതധഃപതനത്തിനുകാലംവന്നു * പാർത്തിരിയാതെപടകൂട്ടുകവേണ്ടു
തവകീർത്തിയുംജയവുമുണ്ടായ്വരുംനാടുംകിട്ടും * സുജ്ഞാനമുള്ളിലേറുംയ
ജ്ഞസേനോപാദ്ധ്യായൻ വിജ്ഞാനിദ്രുപൻതന്നോടജ്ഞാനരഹിത
മാം * വാക്കുകളുരുൾചെയ്തുകാലദേശാവസ്ഥയും ഭാഗ്യകാലവുംജയല
ഗ്നവുമരുൾചെയ്താൻ *

സഞ്ജയൻതന്നോടപ്പോളംബികാസുതൻചൊന്നാ നഞ്ജസാചെ
ന്നുധർമ്മനന്ദനനോട്ടചൊൽനീ * സൽഗുണനിധേ!സുതൽഗുണം
പ്രശംസിച്ചുനിർഗ്ഗുണത്തിങ്കലാക്കിരാജ്യംനി നിർകൊള്ളുന്നം * പോരി
നുതുടങ്ങാതെപോയ്വനവാസംചെയ്തു പോരാതെഗതിവരുത്തിട്ടകയിനി
നല്ലൂ * ആചാര്യഭൃത്യന്മാരിലാധികള്ളന്ദേരംവന്നു മാപാരമുള്ളജനം
വർത്തിക്കമാറില്ലല്ലൊ * എന്നുചൊല്ലെന്നുകേട്ടസഞ്ജയൻപുറപ്പെട്ടു
മന്നവൻധർമ്മാത്മജൻതന്നെയുംവന്നുകണ്ടു * പാർത്ഥിവനതുനേരം
സഞ്ജയനോടുചൊന്നാൻ വാർത്തകളെന്തൊന്നുള്ളുവാസ്തവംപറകെടോ*
അംബികാതനയനുസൌഖ്യമോഗാന്ധാരിക്കും നന്മയോഭീഷ്മദ്രോണ
വിദുരാദികൾക്കെല്ലാം * എന്തെല്ലാംചൊല്ലിവിട്ടതെന്നെല്ലാംചോദി
ച്ചപ്പോൾകുന്തീനന്ദനനോടുസഞ്ജയൻതാനുംചൊന്നാൻ * സ്വൈര
മായ്വസിക്കുന്നിതെല്ലാരുമിനിമേലിൽ സ്വൈരമായ്വരുവതിനാഗ്രഹമുണ്ടു
താനും * സൂരികൾമുമ്പനായസൂതൻചൊന്നതുകേട്ടു സൂര്യജതന
യനാംഭൂപനുമുരചെയ്തു * സ്വൈരമെൻജനകനുതാൻതന്നെവരുത്തു
ന്നം സ്വൈരക്കേടുണ്ടിങ്ങതിനെത്തായ്കനിമിത്തമായ് * സന്യസിക്ക
ണംഞങ്ങളെങ്കിലേസുഖംവരൂ മന്നവനുള്ളിലെന്നുതാനറിഞ്ഞിരിക്കുന്നു
* എന്നതുചൊൽവാനല്ലീവന്നതുഭവാനിപ്പോൾ മന്നവനിയോഗത്താ
ലെന്നുശങ്കിക്കുന്നേൻഞാൻ * വൈഷമ്യമതിനുണ്ടുരാജസൂയംചെയ്തേൻ
ഞാൻദോഷമുണ്ടഗ്നിത്യാഗംചെയ്താലുമെന്നുകേൾപ്പൂ എന്നാലുംഞാനേതു
ചെയ്യാംസന്യാസമെന്നാകിലും പിന്നെയുംവൈഷമ്യമുണ്ടെന്തതെന്നുര
ചെയ്യാം *ഞാൻതന്നെസന്യസിച്ചാൽതാതനുപോരായല്ലോകൌന്തേ
യൻഭീമൻകൂടെസ്സന്യസിക്കിലേപോരൂ * എന്നതിന്നഷ്ടഗ്രാസിസന്യാ
സിഭീമസേനനിന്നുള്ളജനങ്ങളിലെത്രയുംബഹുഭോക്താ*ഇന്ദ്രപുത്രാദിക
ളുമിന്ദ്രിയവശഗന്മാരെന്നതിൽപാരമുണ്ടുപിന്നെയുമൊരുബന്ധം * ശൂദ്ര
നാംവിദുരരുംകൂടെസ്സന്യസിക്കണം രൌദ്രകർമ്മങ്ങളിത്ഥംചെയ്കിലുംമ
തിവരാ*എന്നിവനിരൂപിച്ചുഞാനിവചെയ്യായിന്നുപിന്നെയുംചൊല്ലെ
ന്തൊന്നുചൊല്ലിവിട്ടിതുതാതൻ * ചൊല്ലിവിട്ടവസ്ഥകളെല്ലാമേകേൾ
ക്കയെങ്കിൽനല്ലതുനിങ്ങൾക്കിന്നുംകാനനവാസംതന്നെ * പാതകഹര
ങ്ങളാംതീർത്ഥങ്ങളാടിക്കൊൾക പാതിനാടിനിക്കിട്ടുമെന്നതുമോഹി
ക്കേണ്ട * സഞ്ജയൻപറഞ്ഞതുകേട്ടുധർമ്മജൻചൊന്നാൻ മഞ്ജുളമാ
യവാക്കുകേട്ടുള്ളിൽസുഖംവന്നു * അർദ്ധരാജ്യത്തിൽകൊതിയില്ലിനി
ക്കൊന്നുകൊണ്ടും യുദ്ധംചെയ്തൊരുപുറമൊടുങ്ങിശ്ശേഷിച്ചവർ * പാരി
തുപരിപാലിച്ചീടുകെന്നതേവരൂ പാരാതെയങ്ങുചെന്നുസഞ്ജയ! പറ
ഞ്ഞാലും * ധർമ്മജൻപറഞ്ഞതുകേട്ടുസഞ്ജയൻചൊന്നാൻ നന്മവന്നീ
ടുംനാളെനല്ലതുതോന്നിക്കൂട്ടു * ധാർത്തരാഷ്ട്രരും ഭീഷ്മദ്രോണകർണ്ണാദി
കളും പോർത്തലവന്മാരായമറ്റുള്ളബന്ധുക്കളും * ഒക്കവേമരിച്ചുനീനാട്ടു
വാണിരിക്കുന്നാളുകൾക്കാ ബ്ഭിലുള്ളസുഖമെന്തൊന്നുപറഞ്ഞാലും * ചി
ന്തിക്കരാജ്യംലഭിച്ചീടിനാലുള്ളഫലം ബന്ധുക്കളുടെസൌഖ്യംവന്നുകൂട്ടു
കയത്രെ * പിന്നെയുംജരാനരശോകങ്ങൾവന്നുവന്നു മന്നവ!മരിച്ചു

പോകെന്നിമററെന്തൊന്നുള്ളു * ധർമ്മജനതുകേട്ടമന്ദഹാസവുംപൂണ്ടു
സന്മാർഗ്ഗമറിഞ്ഞൊരുസഞ്ജയനോടുചൊന്നാൻ *പാടവംപാരമുണ്ടുവാ
ക്കിനുനിനക്കെടോ! മൂഢൻഞാൻവക്രോക്തികളറിയപ്പോകായ്കിലും*
വെള്ളയിൽപറഞ്ഞൊരു നിർമ്മലവാക്കതൻെറയുള്ളിൽനീസംഗ്രഹി
ച്ചോരത്ഥമൊട്ടറിഞ്ഞുഞാൻ * കേൾക്കസഞ്ജയയെങ്കിലുക്കുള്ളഭീഷ്മാ
ദികൾപോൎക്കളംതന്നിൽവീണുമരിക്കുംമടിയാതെ * അന്ധനാംനരപ
തിനന്ദനൻതനിക്കുള്ളി ലന്ധകാരങ്ങളേതുംപോയതില്ലെന്നുവൻ *ദേ
വകീദേവിപെററദേവകൾദേവൻ വാസുദേവനാകൃഷ്ണൻതുണയുണ്ടി
നിക്കറിഞ്ഞാലും * അന്നേരംമുകുന്ദനുംസഞ്ജയനോടുചൊന്നാനന്നു
കൂട്ടംകൂടീട്ടെന്തൊരുകാൎയ്യമതിൽ * ഞാൻതുണപാണ്ഡവന്മാൎക്കെങ്കിലു
നാശംതീൎപ്പാൻ ഗാന്ധാരീസുതന്മാരുംബന്ധുവർഗ്ഗവുമെല്ലാം * കാല
ൻെറപുരിപുക്കകളിച്ചുവസിച്ചീടും കാലംവൈകാതെചെന്നുസഞ്ജയ!പ
റഞ്ഞാലും * ചൊല്ലുവനെല്ലാമെങ്കിൽപോകുന്നേനിനിയെന്നു മെല്ല
വേയാത്രചൊല്ലിനടന്നാനവൻതാനും * സഞ്ജയൻനൃപനോടുനാളെ
ഞാൻചൊൽവനല്ലോ കഞ്ജലോചനനരുൾചെയ്തതുമെന്നാനവൻ *

വിദുരവാക്യം.

ചിന്തിച്ചുധൃതരാഷ്ട്രർവിദുരൻതന്നെനോക്കി വെന്തുരുകുന്നുചി
ത്തംനിദ്രയില്ലേതുമെന്നാൻ * നല്ലതുചൊല്ലീടണംനിന്നുടെവാക്കുകേ
ട്ടാലല്ലലുണ്ടാകയില്ലചിന്തയുമില്ലാതെയാം*നിദ്രയില്ലായ്കകൊണ്ടുസങ്ക
ടംപാരമുണ്ടുഭദ്രമെന്തതിനെന്നുചിന്തിച്ചുചൊല്ലേണംനീ * വിദുരരതു
കേട്ടുമനസിനിരൂപിച്ചു മതിമാനായനരപതിയോടുരചെയ്തു .* ബല
വാൻതന്നാലഭിയുക്തനായ്ചമഞ്ഞൊരു ബലഹീനനുംവൃത്തിസാധന
വിഹീനനും * ഹൃതദ്രവ്യനുമതികാമിക്കുംതസ്കരനും ക്ഷിതിനായക!നി
ദ്രയില്ലെന്നുകേൾപ്പുഞാനോ * ഇങ്ങിനെയുള്ളദോഷമൊന്നുമില്ലല്ലോ
ഭോനെങ്ങിനെപിന്നെപ്രജാഗരത്തിന്നവകാശം * പരദ്രവ്യത്തെത്ത
നിക്കടക്കിക്കൊൾവാനുള്ളിൽ പെരുത്തമോഹമുണ്ടായ്കതികകൊണ്ട
ല്ലല്ലീ? * വിശപ്പത്തെയടക്കിരക്ഷിച്ചുവാണീടുവാനായ് നിശ്ശേഷത
രാജലക്ഷണനസമ്പന്നനാം * ധർമ്മനന്ദനനോടുനീയുംനിൻപുത്രന്മാ
രും നിർമ്മൂലംവിപരീതമായതുനിരൂപിച്ചാൽ * ഭാഗ്യമില്ലായ്കതവകേ
വലമതുമിഹ യോഗ്യമെന്നറിവുള്ളോൎക്കാൎക്കുമേതോന്നീലല്ലോ* താതനെ
ന്നൊരുഭക്തിബഹുമാനസ്നേഹങ്ങൾ ചേതസി സദാകാലമുണ്ടാകനിമി
ത്തമായ് * എന്തെല്ലാംദുഃഖമനുഭവിച്ചീടുന്നുനിത്യം കുന്തീനന്ദനനായ
ധർമ്മജൻഗുരുഭക്തൻ * ജ്ഞാനവുംതിതിക്ഷയും ധർമ്മവുംവാക്ശാന്തി
യും ദാനവുമിത്യാദികളാകിയഗുണമൊന്നും * ഇല്ലാതസുയോധനകൎണ്ണ
സൌബലാദികൾക്കല്ലോനീരാജ്യൈശ്വൎയ്യംകൊടുത്തുഭോഗത്തിനായ്
* ഒരുവംശത്തിങ്കൽനിന്നുണ്ടായജനങ്ങളിൽ പെരികെഗ്ഗുണവാന്മാർ
ചിലർദുഷ്ടന്മാർചിലർ * എന്നുണ്ടോവരുന്നതെന്നോൎക്കെഭോനതി
നൊന്നുണ്ടുപറയുന്നുഞാനുമിന്നുപമയായ് * തക്ഷന്മാർവനഭുവിചെന്നു

ടൻനോക്കിയൊരു വൃക്ഷത്തെവെട്ടിക്കുറച്ചതിനെക്കൊണ്ടുതന്നെ * ക
ട്ടോടംമരക്കൊട്ടതോണിയുമുലക്കയും മൊട്ടോടംകൊണ്ടുയാഗപാത്രങ്ങളാ
യ്ചമീട്ടം * സ്രുവവുംജ്ജുഹുവുമിത്യാദികൾപണിചെയ്യുംന്നുവരശിഖാമ
ണേ!കേട്ടാലുമതുപോലെ * ഒരുവൻതൻെറപുത്രന്മാരായിട്ടുണ്ടായ്വന്നപു
രുഷന്മാരുംവരുമീവണ്ണമറികനീ * അത്യത്ഥംപ്രശസ്തങ്ങളായവസേ
വിച്ചീട്ടം നിത്യവുംനിന്ദിതങ്ങളായവവജ്ജിച്ചീട്ടം * അശ്രദ്ധാനനല്ല
നാസ്തികതാവുമില്ല വിദ്വാനാകുന്നതവൻപണ്ഡിതശ്രേഷ്ഠനല്ലോ *
ക്രോധദപ്പാദിഹഷസ്തംഭലജ്ജാദികളാ ലേതുമേവിഘ്നംകാര്യസാദ്ധ്യ
ത്തിനുണ്ടാകാതെ * സ്വച്ഛമാമാത്മാവോട്ടം മാന്യമാനിത്വംകൊണ്ടുനി
ശ്ചലനാകുന്നവൻപണ്ഡിതശ്രേഷ്ഠനല്ലോ * ശീതോഷ്ണഭയരതിസമൃദ്ധി
ദാരിദ്ര്യാദി ഹേതുനാകൃത്യത്തിനുവിഘ്നത്തെവരുത്താതെ * നിത്യവുംക
ത്തവ്യാനുഷ്ഠാനംചെയ്തീടുന്നവൻ വിദ്വാനെത്രയുമവൻപണ്ഡിതശ്രേ
ഷ്ഠനല്ലോ * നഷ്ടമായതുചിന്തിച്ചേത്രമേദുഃഖിയാതെ ദുഷ്ടനായപ്രാ
പ്യമായുള്ളതുകാമിയാതെ * ആപത്തുവരുംകാലമേത്രമേമോഹിയാതെ
താപത്തെത്യജിപ്പവൻപണ്ഡിതശ്രേഷ്ഠനല്ലോ * കാലത്തെനിരൂപിച്ചു
കല്പിച്ചുനിശ്ചയിച്ചോരാലസ്യംമദ്ധ്യേതുടന്നീടാതെകമ്മംചെയ്തു * കാ
ലവുമവന്ധ്യമാക്കിക്കൊണ്ടുവശ്യാത്മാവാ യ്പാലിച്ചുപുരുഷാത്ഥംവാണി
ട്ടുന്നവൻവിദ്വാൻ * അന്യായകമ്മംവാചാമനസാചെയ്യാതെകണ്ടന്യേ
ഷാംഹിതത്തിങ്കലീഷ്യയുമുണ്ടാകാതെ * ആയ്യകമ്മണാരഞ്ജിച്ചേറിയ
സല്ക്കമ്മണാ ധീരനായിരിപ്പവൻപണ്ഡിതശ്രേഷ്ഠനല്ലോ * സമ്മാന
ത്തിങ്കലുള്ളിൽസമ്മോദമുണ്ടാകാതെ നിർമ്മൂലമവമാനത്തിങ്കലുംഖേദി
യാതെ * അക്ഷോഭ്യനായിഗംഗതന്നിലെഹ്രദംപോലെ രക്ഷിച്ചുധമ്മ
ത്തെയുംവാണീടുന്നവൻവിദ്വാൻ * സംപ്രവൃത്തോക്തിമാനായ്വിചിത്രക
ഥനമായ് സമ്പ്രതിഭാനവാനായ്ശുദ്ധോക്തിവക്താവുമായ് * ഊഹാ
പോഹാദികളിൽചതുരഹൃദയനായ് മാഹാത്മ്യത്തോടുവാണിടുന്നവൻ
മഹാവിദ്വാൻ * സകലഭൂതങ്ങൾക്കുമെത്രയുംമനോജ്ഞമായ് സകല
കമ്മങ്ങൾക്കുമുചിതയോഗജ്ഞനായ് * സകലപുരുഷരിൽവച്ചു
പായജ്ഞനുമായ് സകലവിജ്ഞാനിയായുള്ളവൻമഹാവിദ്വാൻ * പ്ര
ജ്ഞാനുഗതമായ വിശ്രുതമുണ്ടുപിന്നെ പ്രജ്ഞയുംശ്രുതാനുഗയാം
വണ്ണമുണ്ടുതാനും * അസംഭിന്നായ്യജനമയ്യാദയോടുംനിത്യമസന്ദി
ഗ്ദ്ധാത്മാവായുള്ളവനുംമഹാവിദ്വാൻ * അത്ഥമാകിലുംബലാലൈ
ശ്വയ്യമെന്നാകിലും വിദ്യയാകിലുംതനിക്കേറിയൊന്നുണ്ടായ്വന്നാൽ *
എത്രയുംവിനീതനായസമുന്നദ്ധനായ വിദ്വാനുസമനായിട്ടില്ലവിദ്വാ
ന്മാരാരും * |അശ്രാന്തംദരിദ്രനായുള്ളവൻമഹാമനസ്സശ്രുതനായുള്ള
വനത്യത്ഥംസമുന്നദ്ധൻ * അത്ഥാശാപാരംപ്രവത്തിക്കയില്ലേത്രം
താനുമെത്രയുംമൂഢനവനെന്നല്ലോബുധമതം * അത്ഥത്തെത്തനിക്കു
ള്ളതഴിച്ചുപരാത്ഥമായ് മിത്രാത്ഥംമിത്ഥ്യാചാരംചെയ്തീടുന്നവൻമൂ
ഢൻ * തന്നെക്കാമിച്ചീടാതെനാരിയെക്കാമിക്കയും തന്നെക്കാമിച്ചവ
ളെത്താൻപരിത്യജിക്കയും * തന്നെക്കാൾബലവാനോടേറെമത്സരിക്ക

യും തന്നെത്താനറിയാതെചെയ്തീടുന്നവൻമൂഢൻ * മിത്രത്തെദ്വേഷി
പ്പാനായമിത്രംമിത്രമാക്കി പ്രത്യഹംദുഷ്ടകർമ്മംചെയ്തീടുന്നവൻമൂഢൻ *
ഉൾപ്പൂവിൽകൃത്യങ്ങളെസ്സംശയിച്ചനുദിനം ക്ഷിപ്രാർത്ഥംകർമ്മംചി
രാൽചെയ്തീടുന്നവൻ മൂഢൻ * അന്യമന്ദിരത്തിങ്കൽചൊല്ലാതെചെല്ലു
കയും തന്നോടുചോദിയാതെതാനേറെപ്പറകയും * ഉദ്ധതനായുള്ള
വൻതന്നെവിശ്വസിക്കയും ബദ്ധമോദേനചെയ്തീടുന്നവൻമഹാമൂഢൻ
* അന്യദോഷങ്ങൾപറഞ്ഞേററവുമാക്ഷേപിക്കും തന്നുടെവൃത്താന്ത
മവ്വണ്ണംതന്നെതാനും * പിന്നെത്താനൊരുവനുമീശനല്ലാതെയുള്ളോ
നന്വഹംകോപിക്കയുംചെയ്തീടുന്നവൻമൂഢൻ * തന്നുടെബലമറിയാ
തെധർമ്മാർത്ഥംവിനാ തന്നാൽസാദ്ധ്യവുമല്ലയാതെകർമ്മങ്ങൾ ചെയ്യാൻ
* അന്നന്നുതുടങ്ങിയുമന്നന്നുമുടങ്ങിയും പിന്നെയുമതിന്നാരംഭിച്ചീടുന്ന
വൻമൂഢൻ * ശിഷ്യനല്ലാതവനെവെറുതേശാസിക്കയും നിസ്സ്വനാ
യുള്ളവനെ നിയതംസേവിക്കയും * ദുഷ്ടനെബ്ഭജിക്കയുംശിഷ്ടനെ
നിന്ദിക്കയും കഷ്ടമോർത്താലവനെത്രയുംമഹാമൂഢൻ * സമ്പന്ന
മാകുംവണ്ണംതനിക്കുഭുജിക്കണം ശുഭമന്ദിരത്തിങ്കൽവാസവുംചെയ്തീട
ണം * തന്നുടെപുത്രമിത്രകളത്രഭൃത്യാദികൾക്കൊന്നുമേ പൊറുതിക്കു
കൊടുക്കയില്ലതാനും * അങ്ങനെയുള്ളനരൻതന്നോളംദുഷ്ടനായിട്ടെ
ങ്ങുമേനിരൂപിച്ചാലാരുമില്ലറിഞ്ഞാലും * ഒരുത്തൻപാപകർമ്മംചെയ്തീ
ട്ടിലതിൻഫലം പരക്കെയുള്ളമഹാജനങ്ങൾക്കൊക്കെത്തട്ടും * കാല
ത്താൽമോചിച്ചീടുമാപത്തുമററുള്ളോർക്കു മേലിൽതാൻതന്നെയനുഭവി
ക്കുംചിരകാലം * വേഗേനവില്ലാളിയാൽമുക്തമാമസ്ത്രംപോയ്ചെ
ന്നേകനെവധിക്കിലുമാംവധിയായ്ക്കിലുമാം * തന്നുടെയാത്മാവിനെരാ
ജാവുമോചിക്കിലോനിർണ്ണയംസരാജകം നശിക്കുംരാജ്യമെല്ലാം * ഒന്നു
കൊണ്ടറിയണം രണ്ടിന്റെബലാബലം പിന്നെമൂന്നിനെനാലാൽ വ
ശത്തുവരുത്തണം * അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ടു ചഞ്ച
നാദികളെല്ലാംവെടിഞ്ഞുവഴിപോലെ * ഏഴിനെയുപേക്ഷിച്ചുസൌ
ഖ്യത്തെലഭിക്കണം കേളിയേറീടുംനൃപന്മാരായാലവനിയിൽ * ഏക
നെഹനിച്ചീടുമത്രേകാളോളരസ മേകനെത്തന്നെയൊരുശസ്ത്രവുംഹ
നിച്ചീടും * അന്തരമേതുമില്ലസപ്രജംസരാഷ്ട്രകം മന്ത്രവിസ്രവംരാജാ
വിനെയും ഹനിച്ചീടും * ഏകനായതിസ്വാദുഭുജിച്ചീടരുതല്ലോ ഏ
കനായ്ചിന്തിച്ചുകല്പിക്കരുതൊരു കാര്യം * ഏകനായ്പ്പെരുവഴിപോ
കയുമരുതല്ലോ ഏകവേശ്മനിപലരുംകിടന്നുറങ്ങുമ്പോൾ * ഏകനാ
യ്യുണർന്നിരുന്നീടരുതുകേ ളേകമിന്നിയുമുണ്ടു ഭൂപാലശിഖാമണേ!
* ഏകമേയുള്ളുപിന്നെരണ്ടാമതില്ലചൊൽവാൻ നാകലോകത്തിന്നു
സോപാനമായ്നരപതേ! * സത്യമായുള്ളവസ്തുതരണിപോലെപുന
രബ്ധിക്കുമതിമതാംപ്രവരകുരുപതേ! * ഏകമേദോഷമുള്ളു സന്ത
രംക്ഷമാവതാം ലോകരുമശക്തരെന്നാക്കുവോരൊട്ടുചെന്നാൽ * ഏ
കമാംധർമ്മംപരംശ്രേയസ്സാകുന്നതോർത്താ ലേകൈകവക്ഷമാശാന്തിയാ
യതെന്നുത്തമം * ഏകൈകവിദ്യാപരാതുഷ്ടിയെന്നറിയേണമേകൈ

വാഹിംസാസതതംനിജസുഖാവഹാ * രണ്ടുകർമ്മങ്ങൾചെയ്കകൊ
ണ്ടിഹലോകത്തിങ്കൽ കണ്ടവർകൊണ്ടാടുവാൻകാരണംമഹീപതേ! *
പാരുഷ്യവാക്കുപറയായ്കയുംദുഷ്ടന്മാരോ ടേറെച്ചെന്നൊന്നുമർത്ഥിച്ചീ
ടാതെകഴിക്കയും * രണ്ടുജാതികൾപരപ്രത്യയകാരികളായുണ്ടവരണ്ടും
കേട്ടുകൊള്ളുകനരപതേ! * ചെല്ലുന്നോരെല്ലാമൊക്കെക്കാമിതകാമി
നിമാർ മൂർഖന്മാരെല്ലാമൊക്കെപ്പൂജിതപൂജകന്മാർ * രണ്ടുരണ്ടുശരീര
ത്തെശ്ശോഷിപ്പിച്ചീടുവാനാ യുണ്ടുകജ്ജാതികൾകേൾക്കേണമാനരപ
തേ! * നിർദ്ധനൻകാമിക്കയുമസ്വാമികോപിക്കയുംപൃഥ്വീന്ദ്ര! ചൊ
ല്ലീടുവൻകേൾക്കേണമെങ്കിലിന്നും * രണ്ടുപേരുണ്ടല്ലോസ്വർഗ്ഗത്തിന്നും
മീതേലോകേ കണ്ടുതന്നീക്കിസ്സുഖിച്ചീടുന്നുസദാകാലം * പ്രഭുവാകി
ലുംക്ഷമാപരനായിരിപ്പോനും വിഭവഹീനൻദാനശീലനായിരിപ്പോ
നും * അർത്ഥത്തിന്നതിക്രമമായിട്ടുരണ്ടുണ്ടല്ലോ നിത്യനായാജ്ജാതമാംദ്ര
വ്യമെന്നിരിക്കിലും * പ്രതിപത്തിയുമപാത്രത്തിങ്കൽ പാത്രത്തിങ്കലതി
നെപ്പോലെപുനരപ്രതിപാദനവും * മൂന്നുപേരധമന്മാരാകുന്നിതവനി
യിൽ മൂന്നുപേരെയുമഹംവെവ്വേറെചൊല്ലാമല്ലോ * ഭൃത്യനില്ലാതവ
നുംപതിയില്ലാതവനുംപുത്രനില്ലാത്തവനുമെത്രയുംദരിദ്രന്മാർ * നാലു
ണ്ടുരാജാവിനാൽവർജ്ജ്യങ്ങളായിട്ടവ നാലുംപണ്ഡിതന്മാരായുള്ളവരറി
ഞ്ഞീടും * അല്പപ്രജ്ഞന്മാരോടുംദീർഘസൂത്രന്മാരോടും എപ്പൊഴുമലസ
ന്മാരോടുംചാരണരോടും * കൂടിരാജാവുകാര്യമന്ത്രത്തെച്ചെയ്തീടരുതാ
ടൽപൂണ്ടുഴന്നീടുമാറുവന്നീടുമെന്നാൽ * നാലുപേരെയുംശ്രീമാനെങ്കി
ലോഗൃഹസ്ഥൻതന്നാലയത്തിങ്കൽക്കൂടെവച്ചുപാലിച്ചീടണം * ജ്ഞാതി
യാമവനതിശ്രാന്തനായ്വരികിലും നീതിമാൻകുലശ്രേഷ്ഠൻ നിസ്വനാ
യ്വരികിലും * പുത്രനില്ലെങ്കിൽസ്വസാവിനെയും നിജസഖിയത്യർത്ഥം
ദരിദ്രനായ്വരികിലവനെയും * പണ്ടുദേവേന്ദ്രനോടാചാര്യനാംബൃഹസ്പ
തിയുണ്ടുനാലുപദേശംചെയ്തിട്ടിന്നതുംചൊല്ലാം *ദേവതാസങ്കല്പവുംബു
ദ്ധിമാന്മാരിലനുഭാവവും വിദ്വാന്മാരോടേറവുംവിനയവും* പാപകർമ്മ
ണാംവിനാശത്തെയു മിവനാലുംതാപത്തെയണയാതെകളഞ്ഞീടുവാനു
ള്ള * അഞ്ചുണ്ടുരക്ഷിക്കേണ്ടുമഗ്നികൾഗൃഹസ്ഥനതഞ്ചുംവെവ്വേറെകേ
ട്ടുകൊള്ളുകധരാപതേ! * താതനുംജനനിയുമാത്മാവുമഗ്നിതാനും പ്രീ
തനാമാചാര്യനുമഞ്ചിതെന്നറിഞ്ഞാലും * അഞ്ചുപേരെയു പൂജിച്ചീടി
നപുരുഷനാൽ സഞ്ചിതംയശസ്സെന്നതറികധാത്രീപതേ! * ഭൃത്യന്മാർ
സന്യാസികൾദേവകൾപിതൃക്കളും നിത്യമാഗമിച്ചീടുമതിഥിജന
ങ്ങളും * ദോഷങ്ങളാറുണ്ടകലെക്കളയേണ്ടുന്നവ ദോഷജ്ഞോത്തമ!
ഭൂമിപാലക! കേട്ടീടണം * നിദ്രയുംതന്ദ്രിയും ക്രോധവുമാലസ്യവും
പ്രത്യഹംദീർഘസൂത്രത്വത്തെയുംത്യജിക്കണം * ബുദ്ധിമാനിവരാറുപേ
രെയുമുപേക്ഷിക്ക മബ്ധിയിൽസംഭിന്നയാംതരിയെപ്പോലെതന്നെ *
അപ്രവക്താവാമാചാര്യനെയുംസദാകാല മപ്രിയവാദിനിയായീടിനപ
ത്നിയെയും * അദ്ധ്യയനംചെയ്യാതശിഷ്യനാമവനെയും സതതമര
ക്ഷിതാവായരാജാവിനെയും * ഗോപാലൻഗ്രാമകാമനായീടിലവനെ

യും നാവികൻവനകാമനായീടിലവനെയും * ആറുണ്ടുഗുണമുപേക്ഷി
ക്കരുതാതെ, പുംസാമാറുംചൊല്ലുവൻസത്യംദാനവുമനാലസ്യം * അന
സൂയയുംക്ഷമധൃതിയുമിവയെല്ലാം മനസാചിന്തചെയ്തുധരിച്ചുകൊൾക
വേണം *ആറുപേരുണ്ടുജീവിച്ചീടുന്നിതനാരത മാറുപേരിലുംപിന്നെ
യേഴാമതാരുമില്ല*തസ്കരൻപ്രമത്തങ്കൽവൈദ്യൻവ്യാധിതങ്കലും മൈക്ക
ണ്ണിമാരെല്ലാരുംകാമയാനന്മാരിലും * യാചകന്മാരെല്ലാരുമെജമാന
ന്മാരിലുംരാജാവുവിവദമാനന്മാരാമവരിലും * വിദ്വാന്മാരെല്ലാംനി
ത്യംമൂർഖന്മാരിലുമല്ലോ നിത്യവുംജീവിക്കുന്നുഭൂപാലശിഖാമണേ!*ദോ
ഷങ്ങളുപേക്ഷിക്കേണ്ടുന്നവരാജാവിനാൽ ഏഴുണ്ടുസപ്തവ്യസനങ്ങളെ
ന്നല്ലോചൊല്ലു * പരസ്ത്രീജനസേവദേവനംമൃഗയയും വിരക്തിവരാ
തൊരുമദ്യപാനവുമേററം * വാക്പാരുഷ്യവുംദണ്ഡപാരുഷ്യമാകുന്നതും
വായ്പോട്ടനിത്യമർത്ഥദൂഷണംചെയ്കെന്നതും*നാശംവന്നടുത്തിരിക്കുന്ന
രാജാവുതനിക്കാശു മുമ്പിലേയുണ്ടാമെട്ടുകാരണങ്ങളും * ബ്രാഹ്മണദ്വേ
ഷംമുമ്പിൽബ്രാഹ്മണവിരോധവും ബ്രാഹ്മണസ്വങ്ങളുപാദാനംചെയ്തീടു
കയും * ബ്രാഹ്മണരെത്തന്നെഹിംസിക്കയുമതുമൂലം ബ്രാഹ്മണനിന്ദ
ഹേതുവായിട്ടുരമിക്കയും * ബ്രാഹ്മണപ്രശംസകേൾക്കുന്നേരമക്ഷാന്തി
യുംബ്രാഹ്മണരെക്കൂടാതെനിത്യാനുഷ്ഠാനങ്ങളും * ബ്രാഹ്മണരപേക്ഷി
ക്കുംനേരമഭ്യസൂയയുംബ്രാഹ്മണശാപത്തിനുകാരണമിവയെല്ലാം * ആ
വോളംവിചാരിച്ചുമുമ്പിലേകളയേണ മാവതില്ലിവയകപ്പെട്ടാലൊന്നു
ക്കുംപിന്നെ * എട്ടുവസ്തുക്കളിവയുണ്ടേററംപ്രമോദത്തെ പുഷ്ടമാക്കീടു
വാനായുത്ത്യനപൃഥ്വീപതേ! * തന്നുടെസഖികളോടുള്ളൊരുസമാഗമം
പിന്നെയൊട്ടതിയായിട്ടുള്ളൊരുധനാഗമം * ധന്യനാംതനയനാ
ലുള്ളൊരുപരിഷ്വംഗം സന്നിപാതവുംസുരതത്തിങ്കലൊരുപോലെ*കാ
ലാതിക്രമവിരഹേനിജപ്രിയാലാഭം സല്ലോകർക്കൂട്ടന്നേരംതന്നിലേസ
ന്മാനവും * തന്നുടെജാതിതന്നെക്കണ്ടുള്ളസന്നാമവും തന്നാൽപണ്ടഭി
പ്രേതമായതിനുടെലാഭം * എന്നിവയെട്ടുംസദ്യസ്സമ്മോദംവളർത്തീടും
മന്നവർകുലമകുടത്തിൻനായകക്കല്ലേ! * ക്ഷേത്രജ്ഞൻതന്നാലധിഷ്ഠിത
മായിരിക്കു മിക്ഷേത്രത്തെനവദ്വാരംപഞ്ചസാക്ഷികമെന്നും * ത്രിസ്ഥൂ
ണമെന്നുമറിയുന്നവൻമഹാവിദ്വാ നെത്രയുമവൻക്ഷേത്രക്ഷേത്രജ്ഞവേ
ദിയല്ലോ * പത്തുപേരുണ്ടുധർമ്മത്തെയറിയാതെ മത്തനുംപ്രമത്ത
നുംക്രുദ്ധനുമുന്മത്തനും * ചിന്താശ്രാന്തനുംത്വരമാണനുംബുഭുക്ഷിതൻ
ലുബ്ധനുംഭീരുതാനുംകാമിയായുള്ളവനും * ആകയാലീവണ്ണമെല്ലാമു
ള്ളഭാവങ്ങളിലേകനിഷ്ഠയാവിദ്വാനില്ലേതുംപ്രമാദങ്ങൾ * പുത്രാർത്ഥം
പുരാസുധന്വാവിനാൽഗീതമാകും ചിത്രമാമിതിഹാസംകേട്ടിട്ടില്ലയോ
ഭവാൻ? * ഉദ്ധതജനവേഷംകൈക്കൊണ്ടീടരുതല്ലോ കത്ഥനംചെയ്തീട
രുതാത്മപൌരുഷത്തെയും * തന്നുടെസുഖത്തിങ്കൽമോദിച്ചീടരുതൊട്ടു
മന്യദുഃഖത്തിങ്കലുണ്ടാകണംകരുണയും * ദത്തമായതുചിന്തിച്ചനുതാപ
വുമരുതുത്തമനെങ്കിലതുചൊൽകയുമരുതല്ലോ * ദേശാചാരവുംജാതി
ധർമ്മവുംചെയ്തീടേണമാശുവർജ്ജിച്ചീടേണംദുർജ്ജനവിവാദവും * ധർമ്മേ

ത്സരംമോഹംപൈശുന്യംപാപകൃത്യം സംപ്രതിവജ്ജിക്കേണം ഭൂപതി
ദ്വിഷ്ടനേയും * മത്തോന്മത്തന്മാരോടുമുത്തരംപറയരു തുത്തമന്മാരെ
പ്പുരസ്കരിച്ചുനടക്കേണം * സഖ്യവുംവിവാഹവുംവ്യവഹാരവുംതനി
ക്കൊക്കമൊട്ടാഭിജാത്യമെന്നവരോടുവേണം * ഹീനന്മാരോടുകൂടിസ്സം
സർഗ്ഗമരുതൊട്ടും ദാനവംചെയ്തീടേണമാശ്രിതന്മാക്കുനിത്യം * ഭൂപതേ
തവനിയോഗത്തേയുംപാലിച്ചേററം താപത്തെപ്പൂണ്ടുവാഴുംപാണ്ഡു
വൻതൻെറരാജ്യം * പാതിയുംകൊടുപ്പതുധമ്മമതല്ലയായ്കിൽ ഖേദവും
വരുംവോനേററമെന്നറിയണം * നല്ലവാക്കുകൾതവകേട്ടാലില്ലലംഭാ
വം ചൊല്ലചൊല്ലിനിയുംനീയെന്നിതുധൃതരാഷ്ട്രർ * ചൊല്ലിയനേരമ
തിനുത്തരംവിദുരരും ചൊല്ലിനാൻമനോഹരമായുള്ളവാക്കുകളാൽ *
നല്ലതുമാകാത്തതുംചൊല്ലവൻചൊന്നാൽ കേൾക്കായില്ലനീയതുകൊ
ണ്ടു ചൊല്ലവാൻമടിയാകും * നല്ലതുപാണ്ഡവക്കുനാട്ടുപാതിയും നൽ
കിയല്ലൽതീൎന്നിരിക്കതാനല്ലായ്കിൽസുതന്മാരെ * കൊല്ലുമേപാണ്ഡവ
ന്മാരില്ലസംശയമേതും നല്ലഭീഷ്മദ്രോണകർണ്ണാദിയുംമരിച്ചീടും * പ്രിയ
മാകിലുംപുനരപ്രിയമെന്നാകിലും നയമാകിലുമപനയമാകിലുമതി *
ശുഭമാകിലുമേററമശുഭമെന്നാകിലു മഭിമോദേനചോദ്യംചെയ്കിലേപറ
യാവൂ * വൈചിത്രവീൎയ്യനൃപ!കേൾക്കണമിവയെല്ലാം വൈശദ്യംമന
സ്സിങ്കലുണ്ടല്ലോഭവാനേററം * വൈദുഷ്യംഭവാനേക്കാളേറയുണ്ടായിട്ട
ല്ല വൈദഗ്ദ്ധ്യംവാക്കിനേററമുണ്ടെങ്കിലതുമല്ല * സ്നേഹമുണ്ടതുകൊ
ണ്ടുകേൾക്കുംഞാൻ ചൊന്നാലെന്നമോഹമുണ്ടിനിക്കതുകൊണ്ടുഞാൻ
പറയുന്നു * വംശനാശത്തെക്കണ്ടുസങ്കടംപാരമുണ്ടു സംശയംതീൎന്നിത
ല്ലോനിന്നുടെസുതന്മാൎക്കോ * പ്രാപ്തമായിതുരാജ്യമെനിക്കെന്നകതാരി
ലോൎത്തുവൎത്തിച്ചീടരുതുവീശനസാംപ്രതം * പിന്നെയുമവിനയംസമ്പ
ത്തെഹനിച്ചീടുംനിൎണ്ണയമല്ലോനല്ലരൂപത്തെജ്ജരപോലെ * പാദപ
ഫലംപഴുക്കുംമുമ്പേഭുജിച്ചീടിൽ സ്വാദുമില്ലല്ലോപിന്നെവിത്തുമില്ലാ
തെവരും * പക്വമായതുഭുജിച്ചാലതിരസമുണ്ടാം വൃക്ഷവുമുണ്ടാംപി
ന്നെഫലവുമുണ്ടായ്വരും * പുഷ്പങ്ങൾതോറുംചെന്നുനിത്യവുമുള്ളമധു
ഷൾപദമുരുക്കൂട്ടിരക്ഷിച്ചുവൎദ്ധിപ്പിക്കും *അപ്പോലെനൃപവരനെപ്പോഴു
മഹിംസയാ തൽപ്രജകളിൽനിന്നാജ്ജിക്കേണമത്ഥമേററം * വിരിഞ്ഞ
വിരിഞ്ഞപൂവറുത്തുകൊൾകയാവു വിരഞ്ഞുമൂലച്ഛേദംചെയ്യരുതൊരി
ക്കലും * ആരാമത്തിങ്കൽചെന്നമാലാകാരനെപ്പോലെ ദാരുമൂലാത്ഥിയാ
കുമംഗാരകാരകൻെറ * കാരിയംകാട്ടീടരുതേതുമേനരപതി സാര
നായിരിക്കിലെന്നറികകുരുപതേ! * അനത്ഥംപ്രജകൾക്കുവരുത്തും
നിരത്ഥകൻതനിക്കൊരത്ഥലാഭംവരികയില്ലതാനും * കുഗ്ഗനാംഭൂപാ
ലനെയാക്കുമേവേണ്ടീലെന്നാൽ ഷണ്ഡനാംഭത്താവിനെനാരിമാക്കെ
ന്നപോലെ * കൎമ്മങ്ങൾകൊണ്ടുംനോക്കുകൊണ്ടുംവാക്കുകൾകൊണ്ടും
സമ്മാനിച്ചീടുകിലേരഞ്ജിപ്പൂലോകംതങ്കൽ * പീഡിപ്പിച്ചീടുന്നാകി
ൽപേടിക്കുംപ്രജകളും വേഗത്തിലോടുംമൃഗംവ്യാധനെക്കാണുന്നേരം *
കൎത്തവ്യംപരരാജ്യമദ്ദനംപോലെതന്നെ നിത്യവുംനിജരാഷ്ട്രരക്ഷണം

രാജാവിനാൽ * ഉന്മത്തനെന്നാകിലുംബാലകനെന്നാകിലും സമ്മത
മായസാരവാക്കുകൈക്കൊൾകവേണ്ടു * ശങ്കിക്കവേണ്ടസുവർണ്ണത്തെ
ക്കൈക്കൊൾകവേണ്ടുപങ്കത്തിൽകിടക്കുന്നതെങ്കിലുമതിദ്രുതം * ഗോ
ക്കളെഗന്ധംകൊണ്ടുംബ്രാഹ്മണർവേദംകൊണ്ടും ഭോഷ്കല്ല ചാരന്മാരെ
ക്കൊണ്ടുഭൂപാലന്മാരും * നോക്കിക്കാണുന്നുകണ്ണുകൊണ്ടുമറ്റുള്ളജനം
* മിത്രബാന്ധവന്മാരായുള്ളഭൂപാലേന്ദ്രന്മാർ ശത്രുബാന്ധവമാരായു
ള്ളനാരികളെല്ലാം * ദേവബാന്ധവന്മാരായുള്ളഭൂദേവേന്ദ്രന്മാർ മേദി
നീശ്വര!ശോകംപർജ്ജന്യബാന്ധവമാം * സത്യത്തെക്കൊണ്ടു
ധർമ്മമഭ്യാസംകൊണ്ടുവിദ്യ വൃത്തത്തെക്കൊണ്ടുകുലംമജ്ജനംകൊണ്ടു
രൂപം * രക്ഷിച്ചുകൊൾകവേണംമാനത്തെക്കൊണ്ടുധാന്യം രക്ഷിക്കാ
മനുക്രമംകൊണ്ടുവാജികളെയും * അന്തികെവിലോകനംകൊണ്ടുഗോ
കുലംരക്ഷ്യംസന്തതംകുചേലകൾകൊണ്ടുനാരികളെയും * വൃത്തിഹീ
നനുകുലമപ്രമാണംപോൽനല്ല വൃത്തവാനെങ്കിലന്ത്യജാതനുംനന്നുതാ
നും * പരന്മാരുടെവിത്തരൂപവീര്യാഭിജാത്യ ഗുരുസൌഭാഗ്യസുഖസ
ല്കാരാദികൾകണ്ടാൽ * ചിത്തത്തിലസൂയവർദ്ധിച്ചിട്ടുംപുരുഷനു നി
ത്യവുമാധിയൊഴിഞ്ഞില്ലെന്നുധരിക്കണം * ഉത്തമാശനംമാംസോത്ത
രമെന്നറിയണം മധ്യമാശനമല്ലോഗോരസോത്തരംനൂനം * അധമാ
ശനംലവണോത്തരമേവംമൂന്നു വിധമായുള്ളഭുവി ഭോജനംനരപതേ!
* അത്യന്തമധമന്മാർക്കശനാൽഭയംപിന്നെ മധ്യമന്മാർക്കുമരണത്തിങ്കൽ
നിന്നുഭയം * ഉത്തമന്മാർക്കുഭയമപമാനത്തിങ്കലു മിത്തരമിനിയുംഞാൻ
ചൊല്ലുവൻവേണമെങ്കിൽ * കാര്യങ്ങൾചെയ്യായ്കിലും ചെയ്കിലുമകാ
ര്യങ്ങളാര്യന്മാർഭയപ്പെട്ടുമെപ്പോഴുംരണ്ടിങ്കലും * മാനമേസമദകരമാ
യുള്ളപേയങ്ങളെപാനവുംചെയ്തീട്ടുമാറില്ലല്ലോമഹത്തുകൾ * അർത്ഥാ
ഭിജാത്യവിദ്യാദികളാലുള്ളമദമെത്രയും വിരയെപ്പോംസജ്ജനസംഗ
ത്തിനാൽ * സത്തുകളസത്തുകളോടുചേർന്നാലു മൊന്നർത്ഥിച്ചാലസ
ജ്ജനംസൽഭാവംനടിച്ചീട്ടും * വസ്തുവാനായുള്ളവനാൽജിതയല്ലോ
സഭാ സത്വരഗതിമതാനിർജ്ജിതമദ്ധ്വാതാനും * ഗോമതാജിതമശനാ
ഗ്രഹംശീലവതാ ശ്രീമതാസർവ്വംജിതമുർവീശശിഖാമണേ! * ശീലമെ
ത്രയുംപ്രധാനംപുരുഷനുനൂനം ശീലമില്ലായ്കിൽമിത്രാർത്ഥങ്ങൾകൊണ്ടെ
ന്തഫലം? * ഐശ്വര്യമത്തൻപാപിഷ്ഠൻമദ്യമത്തനിലും ഐശ്വ
ര്യമത്തനുദ്ഗതിയുമില്ലയല്ലോ * ധർമ്മാർത്ഥങ്ങളെത്യജിച്ചിന്ദ്രിയവശ
ഗനായ് ദുർമ്മദത്തോടുവർത്തിച്ചീടിനപുരുഷനു * വിത്തവുംധാന്യങ്ങ
ളുംജീവനുംനശിച്ചുപോ മുത്തമനായാലവനിന്ദ്രിയജയംഭവനം *
അർത്ഥേശനിന്ദ്രിയേശനല്ലെങ്കിലവനുള്ളോ രത്ഥവുംനശിച്ചുപോം
ക്ഷിപ്രമെന്നറിഞ്ഞാലും * സത്യമാർജ്ജവംശൌചംസന്തോഷമന
സൂയ ചിത്തശാന്ത്യനായാസപ്രിയവാക്യാദിഗുണം * ഉണ്ടാകയില്ല
യല്ലോനിർണ്ണയം ദുരാത്മനാമുണ്ടാകിലതുപരപീഡയ്ക്കായ്‌വരുംതാനും
* ആത്മവിദ്ധർമ്മനിത്യതാംവചോഗുപ്തി ദാനമാത്മജ്ഞാനവുമസം
രംഭവുംതിതിക്ഷയും * തുഷ്ടിയുമഹിംസയുമനുകമ്പാദികളും ദുഷ്ട

ക്കുറഞ്ഞൊന്നുമുണ്ടാകയില്ലയല്ലോ * ഭൂപതേ! ഹിംസാബലംകേവ
ലമസാധൂനാം ഭൂഭൃതാംബലംദണ്ഡവിധിയെന്നറിഞ്ഞാലും * സ്ത്രീ
ണാംശുശ്രൂഷബലംഗുണിനാംക്ഷമബലം പ്രാണിനാംബലംജവംപാ
ൎത്ഥിവകുലപതേ! * അടവിമഴുകൊണ്ടുവെട്ടിയാലകച്ചീടും കഠിനവാ
ചാവെട്ടിമുറിച്ചാലകച്ചീടാ * നാരാചശല്യംദേഹത്തിങ്കൽനിന്നെടു
ത്തീടാം ക്രൂരവാക്ശല്യമെടുക്കുംചികിത്സകനില്ല * വിശ്വപാലനാനാ
ലക്ഷണസമ്പന്നനായ്വിശ്വാസയോഗ്യനായഭൂപതിയുധിഷ്ഠിരൻ *
ധീരാത്മാദുഃഖങ്ങളെസ്സഹിച്ചീടുന്നതവഗൌരവം നിമിത്തമായെന്ന
തോൎത്തരുളണം * സൎവ്വവേദജ്ഞനേക്കാളുൽകൃഷ്ടനാകുന്നതു സൎവ്വഭൂത
ങ്ങളിലുമാൎജ്ജവമുള്ളപുമാൻ * ആകയാൽപുത്രന്മാരിലാൎജ്ജവംപ്രതി
പാദിച്ചേകാന്തസൌഖ്യംവാണാൽസ്വൎഗ്ഗപ്രാപ്തിയുംവരും * എത്ര
നാളേക്കുകീൎത്തിനിൽക്കുന്നിതവനിയിലത്രനാളേക്കുസ്വൎഗ്ഗവാസമുണ്ട
വനോൎത്താൽ * ദൈത്യന്മാർവിരോചനൻകേശിനീനിമിത്തമായാ
സ്ഥയാ സുധന്വാവിനോടുള്ളസംവാദംനീ * കേട്ടിട്ടില്ലയോനൃപ
ശ്രേഷ്ഠനാംധൃതരാഷ്ട്ര! കേട്ടാലെത്രയുംമനോമോഹനമിതിഹാസം *
ക്ഷത്താവുധൃതരാഷ്ട്രൻതന്നെക്കേൾപ്പിച്ചീടിനാ നുത്തമമായപുരാവൃ
ത്തമെപ്പേരുമപ്പോൾ * രൂപത്തിൻഗുണമപഹരിച്ചീടുന്നുജരാ കോപ
മൎത്ഥത്തെയെല്ലാംപ്രത്യപഹരിക്കുന്നു * ശീലത്തെയപഹരിച്ചീടുന്നുഖ
ലസേവ കാലൻപ്രാണനെയപഹരിച്ചീടുന്നുവല്ലോ * ആശതാനപ
ഹരിച്ചീടുന്നുധൈൎയ്യത്തെയു മാശുകന്ദൎപ്പനപഹരിച്ചീടുന്നുനാണം *
ധൎമ്മചൎയ്യയെയപഹരിക്കുമസൂയയും നിൎമ്മലമതേസൎവ്വംഹരിക്കുമതി
മാനം * ക്രോധിക്കൎത്ഥവുമില്ലശഠന്മിത്രമില്ല ക്രൂരനുനാരിയില്ലസുഖി
ക്കുവിദ്യയില്ല * കാമിക്കുനാണമില്ലകോശമില്ലലസനു സൎവ്വവുമില്ല
ഹൃനമനവസ്ഥിതനോൎത്താൽ * കൃതജ്ഞതയുംപരാക്രമവുംവിനയ
വും മിതഭാഷണംദാനമനപായവിശുദ്ധിയും * ശ്രുതവുംസല്പ്രജ്ഞയുമു
ള്ളവൻശോഭിക്കുന്നു * ഇച്ചൊന്നഗുണമെട്ടുമില്ലാത്തപുരുഷനെ സ്സജ്ജ
നമെത്തുംബഹുമാനിക്കയില്ലയല്ലോ * സ്വൎല്ലോകത്തിനുനിദൎശനങ്ങ
ളായിട്ടുണ്ടു ചൊല്ലുന്നിതെട്ടുഗുണമറികധാത്രീപതേ! * അനപായവേദ
ങ്ങൾനാലുമനപായങ്ങൾനാലും മന്നവ!ചൊല്ലീടുവൻകേട്ടാലുംയഥാ
സൌഖ്യം * യജ്ഞദാനാദ്ധ്യയനതപസ്സാനിഷ്ഠനാലും വിജ്ഞാനി
ജനമനപവേദങ്ങളെന്നുചൊല്ലും * സത്യമാൎജ്ജവംദമമനൃശംസ്യവു
മിവ ചതുരാരിബുധമതമനപായങ്ങളെന്നു * വൃദ്ധന്മാരില്ലാതൊരു
സഭയുംസഭയല്ല വൃദ്ധന്മാരല്ലധൎമ്മത്തെച്ചൊല്ലീടാതവരും * സത്യ
മില്ലാതധൎമ്മംധൎമ്മവുമല്ലയല്ലോ സത്യവും സത്യമല്ലമായാനുവിദ്ധമാ
യാൽ * സത്യവുംരൂപംശ്രുതംവിദ്യയുംകുലംശീലം ശക്തിയുംധനം
ശൌൎയ്യംവിചിത്രഭാഷ്യമിവ * പത്തുണ്ടുസംസൎഗ്ഗയോനികളെന്നറിയ
ണം പൃത്ഥ്വീശതിലകമേ!കേട്ടാലുമിനിയുംനീ*വാസരത്തിങ്കൽപ്രവൎത്തി
ക്കിലേരാത്രൌപിന്നെ വാസംചെയ്തീടാവതുസുഖമായെന്നുനൂനം * എട്ടു
മാസവുംപ്രവൎത്തിക്കിലേപുനരതി വൃഷ്ടിമാസങ്ങൾനാലുംസുഖമായ്വസി

ക്കാവൂ * യൌവനത്തിങ്കൽപ്രവൎത്തിച്ചൎത്ഥമാൎജ്ജിക്കിലേ ചൊദ്വോടെവാ
ൎദ്ധക്യത്തിൽസുഖമായ്‌വസിക്കാവൂ * ജീവപൎയ്യന്തം പ്രവൎത്തിക്കിലേ
മരിച്ചാലും ദേവലോകാദികളിൽസ്വൈരമായ്വസിക്കാവൂ * അചാ
ൎയ്യനാത്മവതാംശാസ്താവദ്ദുരാത്മനാം രാജാവുശാസ്താപിന്നെഛന്ന
പാപന്മാൎക്കെല്ലാം * അന്തകൻതന്നെശാസ്താവാകുന്നതറിഞ്ഞാലു മെ
ന്തിനുവളരെഞാനിത്തരംപറയുന്നു * താപസന്മാരുടേയുംവാഹിനിമാ
രുടേയും ശോഭതേടിടുംമഹാത്മാക്കൾവംശത്തിന്റെയും* ഉത്ഭവസ്ഥാ
നമന്വേഷിക്കേണ്ടദിവ്യന്മാൎക്കില്ലല്പത്തിദോഷമെന്നതറികനരപതേ! *
വ്യാഹൃതത്തേക്കാൾശ്രേയസ്സാകുന്നതവ്യാഹൃതം വ്യാഹൃതംരണ്ടാമതുസ
ത്യത്തെവദിക്കേണം * വ്യാഹൃതംപിന്നെപ്രിയംവദിക്കമൂന്നാമതും വ്യാ
ഹൃതം ധൎമ്മംവദിക്കെന്നതുനാലാമതും * ഉത്തമന്മാരെവേണംസേവിച്ചു
കൊള്ളുവാനും മദ്ധ്യമന്മാരെക്കാൎയ്യകാലേസേവിക്കവേണ്ടു * സേവി
ച്ചീടരുതധമന്മാരെയൊരിക്കലും ഭാവിച്ചീടരുതവരോടാഭിമുഖ്യംപോ
ലും * മാനസതാപംകൊണ്ടുബലവുംശരീരവും ജ്ഞാനവുംക്ഷയിച്ചു
പോംവ്യാധിയുംവൎദ്ധിച്ചീടും * പെരികെവിശ്വസ്തന്റെപത്നിയെപ്രാ
പിച്ചവൻ ഗുരുതല്പഗൻവൃഷലീപതിയാകുംദ്വിജൻ * ശരണാഗതഘ
ന്താമദ്യപനിവരെല്ലാം കരുതീടണംബ്രഹ്മഹന്താവിനൊക്കമല്ലോ *
എപ്പോഴുംപ്രിയംപറഞ്ഞീടുവാൻപലരുമുണ്ടുൾ പ്രിയമെന്നാകിലുംപ
ത്ഥ്യത്തെച്ചൊല്ലീടുവാൻ * സല്പുരുഷന്മാരില്ലകേൾപ്പാനുമാരുമില്ല ദുർ
ബോധമുള്ളജനമെന്നിയില്ലാരെടത്തും * ഭൎത്താവിൻപ്രിയാപ്രിയമ
ന്വേഷിയാതെധൎമ്മതത്വ മറിഞ്ഞുകൊണ്ടപ്രിയമെന്നാകിലും * പ
ത്ഥ്യത്തെച്ചൊല്ലുമമാത്യൻവേണംരാജാവായാ ലെത്രയുംവന്നുകൂടുമഭ്യുദയ
വുമെന്നാൽ * സൎവ്വവുമുപേക്ഷിച്ചുമാത്മാവെരക്ഷിക്കേണ മുൎവ്വിയെയു
പേക്ഷിച്ചുംമിത്രത്തെരക്ഷിക്കേണം * ഗ്രാമത്തെയുപേക്ഷിച്ചുംരാജ്യത്തെ
രക്ഷിക്കേണം ഗ്രാമത്തെയൊരുഗൃഹംകളഞ്ഞുംരക്ഷിക്കേണം * ഒരുവൻത
ന്നെക്കളഞ്ഞൊരിടംരക്ഷിക്കേണം കരുതീടുകമനതാരതിലിവയെല്ലാം *
പുത്രനെയുപേക്ഷിച്ചുംവംശത്തെരക്ഷിക്കേണ മുത്തമന്മാരായുള്ളോരിങ്ങി
നെചെയ്യുന്നായം * അൎത്ഥത്തെരക്ഷിക്കേണമാപത്തുവരുമ്പോഴേ അൎത്ഥ
ത്തെക്കൊള്ളുംധൎമ്മദാരങ്ങൾരക്ഷിക്കേണം * ദാരാൎത്ഥങ്ങളെക്കൊള്ളുമാത്മാവെ
രക്ഷിക്കേണം ധീരന്മാരായുള്ളവരിങ്ങനെചെയ്യുന്നായം * ഭൎത്താവിന്നഭി
മതമറിഞ്ഞുകാൎയ്യങ്ങളെ നിത്യവുമവക്രബുദ്ധ്യാസ്വയംചെയ്തുകൂട്ടി * പ
ത്ഥ്യങ്ങൾവചിച്ചനുരക്തനായ്ശക്തിജ്ഞനാം ഭൃത്യൻതന്നോടുതന്നെതു
ല്യനായനുകമ്പ്യൻ * ഭൎത്താവിൻനിയോഗത്തെയാദരിയാതെയവൻപ്ര
ത്യുക്തിപറഞ്ഞേററമാത്മാഭിമാനത്തോടും * ചിത്തത്തിൽപ്രതികൂലമാ
യ്പറഞ്ഞീടുന്നൊരു ഭൃത്യനെത്യജിക്കണംബുദ്ധിമാനായനൃപൻ * സകല
ഭൂതങ്ങൾക്കുംഹിതമായാത്മാവിനും സുഖമായിരിപ്പതേചെയ്യാവൂഭൂപാ
ലനും * ബുദ്ധിയുംപ്രഭാവവുംതേജസ്സുമുത്ഥാനവും സത്യവുമേററംവ്യവ
സായവുമുള്ളവനു * വൃത്തിക്കുഭയമൊരുനാളുമുണ്ടാകയില്ല വൃത്തിക്കുഭയ
മായാൽനിഷ്ഫലംഗുണമെല്ലാം * നാരിമാരെയുംനൃപന്മാരെയുംസൎപ്പ

ത്തെയും വൈരിപക്ഷികളെയുംസ്വാദ്ധ്യായത്തെയുംനിജ * ഭോഗാനുഭ
വത്തെയുംജീവിതകാലത്തെയും ഭാഗധേയത്തെയുംവിശ്വാസമുണ്ടാക
വേണ്ട * സൎപ്പാഗ്നിസിംഹങ്ങളുംകുലപുത്രനുമുള്ളിൽ സ്വല്പരുമവരെഞ്ഞ
യന്മാരല്ലെന്നറിയണം * വിദ്യാഭിജനവയോബുദ്ധ്യാത്മശീലങ്ങളാൽ വൃ
ദ്ധന്മാരവമന്തവ്യന്മാരല്ലൊരിക്കലും * ഗുണവാന്മാരായുള്ളപാണ്ഡവ
ന്മാരെനിത്യ മണയത്തിരുത്തുകിൽനിനക്കസൌഖ്യംവരും * ശിഷ്ടനാ
മവൻതന്നെദ്വേഷമുണ്ടെന്നാകിലും ദുഷ്ടനായ്പരിഗ്രഹിച്ചീടകെന്നതേ
വരു * അൎത്ഥനായിരിപ്പവനൌഷധംകയ്ക്കുന്നതു മാസ്ഥയാസേവിച്ചീ
ടുമാറല്ലോകണ്ടുപോരു * ദുഷ്ടനാമവൻതന്നെസ്നേഹമുണ്ടെന്നാകിലും
പെട്ടെന്നുപരിത്യജിച്ചീടുകെന്നതേവരു * ദഷ്ടമായിതുവിരൽപാമ്പിനാ
ലെന്നാകിലോ പെട്ടെന്നാവിരൽതന്നെഛേദിക്കെന്നതുംവരും * മാരീ
ചൻമണ്ഡോദരിമയനുംസുമാലിയും വീരനാംകുംഭകൎണ്ണൻനീതിമാൻവി
ഭീഷണൻ * എന്നിവർപറഞ്ഞതുകേളാഞ്ഞുദശമുഖൻ തന്നുടെകാമ
ത്തിൻെറമൂൎച്ഛനനിമിത്തമായ് * ഇന്ദ്രജിത്തിൻെറവാക്കുകേട്ടതുകൊ
ണ്ടുതന്നെ വന്നിതുദശാസ്യനുനാശമെന്നറിഞ്ഞാലും * എന്നതുപോലെ
വരുംനാശമിന്നിവിടെയും നിന്നുടെമകൻതൻെറവാക്കുകൾകേൾക്കു
ന്നാകിൽ * കാമത്താലതുവന്നുരാക്ഷസപ്രവരനു ലോഭത്താൽവരുന്നി
തുനിന്നുടെമകനിപ്പോൾ * മക്കളെലാളിക്കരുതാകായെന്നതുകണ്ടാൽ
ശിക്ഷിച്ചുതൻെറകാലംകഴിച്ചുകൊൾകേയാവൂ * ഇത്തരമുള്ളവിദുരോ
ക്തികൾബഹുവിധം വിസ്തരിച്ചുരചെയ്വാനേതുമേകാലംപോരാ * ദൈ
വകല്പിതംതടുക്കാവതല്ലൊരുവനും ദൈവത്താൽകൃതമിദമെന്നാൎത്തുവി
ദുരരും * പൌരുഷംനിരൎത്ഥകമെന്നുറച്ചുതുനേരം കൌരവവീരനോടുപി
ന്നെയുമുരചെയ്താൻ *ഭൂഭാരഹരണത്തിനായ്പ്പിറന്നോരുനാഥൻ ഭൂപ
തിരമാപതിലോകൈകപതികൃഷ്ണൻ * കൎമ്മണാംപതിവേദപതിദേവാ
നാംപതി ധൎമ്മപതിയജ്ഞപതിസത്പതിഹരി * ഭക്തവത്സലൻ
കരുണാനിധിപശുപതി ഭുക്തിമുക്തികൾദാനംചെയ്തിടുംയദുപതി
* സത്വാദിഗുണത്രയയുക്തയാംപ്രകൃതിക്കും തത്വങ്ങളെല്ലാററിനുമാധാര
ഭൂതൻനാഥൻ * തൻതിരുവടിയുടെകല്പിതമെല്ലാമെന്നു ചിന്തിച്ചുതൽ
പാദാബ്ജംസേവിച്ചുകൊൾകനിത്യം *

പിന്നെയസ്സനൽക്കുമാരൻമുനിയെഴുന്നള്ളി മന്നവൻധൃതരാഷ്ട്രൻ
തന്നോടായരുൾചെയ്തു * അദ്ധ്യാത്മംപലതരമജ്ഞാനംകളവാനാ
യത്യന്തംമൂഢന്മാൎക്കതെത്രയുംവിപരീതം * താപസശ്രേഷ്ഠൻതാനു
മെഴുന്നള്ളിയശേഷം താപമുൾക്കൊണ്ടുപിന്നെവിദുരരുരചെയ്തു *
മേലിലെവിശേഷങ്ങളൊക്കവേകേട്ടുകേട്ടു കാലവുംപുലൎന്നിതുപിന്നെ
യങ്ങെല്ലാവരും * മന്ത്രശാലയിൽപുക്കുതുടങ്ങിനിരുപണ മന്ധനാം
നൃപതിയും ഭീഷ്മദ്രോണാദികളും * സഞ്ജയനതുനേരംധൎമ്മജൻപ
റഞ്ഞതും കഞ്ജലോചനനരുൾചെയ്തതുമറിയിച്ചാൻ * അച്യുത
നരുൾചെയ്തവാൎത്തകൾകേട്ടുഭീഷ്മർ നിശ്ചയംകൃഷ്ണൻചൊന്നാലന്ത

രമില്ലയെന്നാൻ * മൂൎത്തികൾമൂന്നുപേൎക്കുംമൂലമാംമുകുന്ദനും പാ
ൎത്ഥനുമൊരുഭേദമില്ലെടോസുയോധന! * തന്നെത്താൻപുകഴ്ത്തുന്നക
ൎണ്ണനുംനീയുമൊട്ടും സന്നാഹമൊട്ടുപാണ്ഡുനന്ദനൻവരുന്നേരം *
ഗോക്കളെവീണ്ടുകൊണ്ടുപോയതുകണ്ടതില്ലേ നോക്കെടോസുയോധ
ന! കണ്ടാലൊട്ടറിയണം * വരുവാനുള്ളതൊക്കെവന്നാൽപിന്നെയു
മേത്ത മറിയല്ലോകാൎത്തവരെങ്ങിനെപൊറുക്കുന്നു * വെന്തുപോരുക
ണമിവരെന്നതുനിങ്ങളുള്ളിൽ ചിന്തിച്ചുജതുഗേഹംതീൎത്തതിലാക്കിവാ
തിൽ * ബന്ധിച്ചുതീയുംവെച്ചുതന്ത്രംവരികയാ ലന്തവുമവൎക്കുവന്നീ
ടാതെജീവിച്ചോരു * കുന്തിതൻതനയന്മാരഭ്യുദയത്തെക്കണ്ടു സന്താ
പംപൂണ്ടോരുനീകള്ളച്ചൂതാലെനാട്ടു * മെന്തൊരുകഷ്ടംപറിച്ചുടവിത
ന്നിലാക്കി എന്തിനിനല്ലുനമുക്കെന്നതുമനക്കാമ്പിൽ * ചിന്തിച്ചുവാ
ഴുംകാലംപിന്നെയുംചരിയാലെ യന്തകപുരത്തിങ്കലയപ്പാൻപൊയ്ക
തന്നിൽ *അന്തരാചെന്നുനിങ്ങൾമരുന്നകലക്കമ്പോൾഗന്ധൎവ്വശ്രേഷ്ഠൻ
ചിത്രരഥനുംപടയുമായ് *ബന്ധിച്ചുനിങ്ങളെയുംകൊണ്ടവൻപോകുന്നേ
രം ബന്ധുക്കളായനിങ്ങൾചെയ്തദുഷ്കൎമ്മമൊന്നും * ചിന്തചെയ്യാതെ
വന്നുവേഗത്തിൽയുദ്ധംചെയ്തു ഗന്ധൎവ്വപ്രവരനെജ്ജയിച്ചുവീണ്ടുകൊണ്ടു
* ബന്ധുഭാവേനരാജ്യത്തിങ്കലേക്കയച്ചോരു കുന്തിതൻതനയന്മാരാ
കിയപാണ്ഡവന്മാർ * ചിന്തിച്ചാലശക്തന്മാരെന്നോനിൻപക്ഷമുള്ളി
ലന്ധത്വംചെറുതല്ലനിനക്കുസുയോധന! ധൎമ്മമുള്ളവർജ്ജയിച്ചീടുമെ
ന്നതുകൊണ്ടും ധൎമ്മജൻജയിക്കുമെന്നെല്ലാരുമറിയണം * ദ്രോണരു
മുരചെയ്തപാതിയുംകൊട്ടക്കെടോ! നാണക്കേടതിനില്ലധൎമ്മമേജയിച്ചീടു
* ശന്തനുസുതൻദ്രോണർസഞ്ജയൻ വിദുരരുംസന്തതം പറഞ്ഞിട്ടും
കേളാഞ്ഞുസുയോധനൻ * അന്ധനാംനൃപേന്ദ്രനുംകൃപരുംദ്രൌണിതാ
നും ബന്ധുക്കളായസോമദത്തപുത്രാദികളും * അവ്വോളമനുസരണം
ചെയ്തുപറഞ്ഞിട്ടു മാവതില്ലെന്നു കല്പിച്ചടങ്ങിക്കൊണ്ടാരല്ലോ * കാട്ടു
വാഴ്കയൊഴിഞ്ഞിങ്ങുപാണ്ഡവർവന്നു നാട്ടുവാഴ്കിലെയ്തുകൊല്ലുകമടി
യാതെ * ഉററവരായനിങ്ങൾ മറെറാന്നുംപറയേണ്ട കുററങ്ങളൊഴി
ഞ്ഞില്ലമറെറാന്നുമിനിക്കില്ലോൾ *ഇത്തരംവാക്കുകേട്ടുമററുള്ളമഹാജന
മുത്തരംപറയാതെപോയാരങ്ങോരോദിക്കിൽ *

ഭഗവദ്ദൂത്.

യുദ്ധമേൽക്കുമ്പോളെന്നെക്കൊണ്ടാരോകുററംചൊൽവാൻ വൃദ്ധ
ന്മാൎക്കേതൊന്നുള്ളതെന്നോൎത്തുയുധിഷ്ഠിരൻ * മിത്രമായ്നീതിജ്ഞനാ
യ്ശാന്തനായ്ശാസ്ത്രജ്ഞനാ യെത്രയുംമഹാപുരുഷന്മാരിലൊരു
ത്തനെ * സന്ധ്യൎത്ഥമയച്ചുടൻനിരപ്പുപറയിച്ചു സന്ധിയാഞ്ഞൊ
രശേഷമായിരുന്നിതുയുദ്ധം * സജ്ജനമെല്ലാംപുനരിങ്ങനെപറ
ഞ്ഞീടു മിജ്ജനത്തെക്കൊണ്ടതിന്നാരെയങ്ങയയ്ക്കാവൂ * ധൎമ്മജനിവ
യെല്ലാംതങ്ങളിൽനിരൂപിച്ചു നിൎമ്മലനായവാസുദേവനോടുണൎത്തിച്ചു
* ആശ്രിതജനപരായണനായീടുംജഗ ദീശപാദയാനിധേ!ഗോപ
തേ! യദുപതേ! * മൂഢനാംഞാനുണ്ടൊന്നുനിന്തിരുവടിതന്നോടുഢാവ

മാനമായവചനംചൊല്ലീടുന്നു * മുററുംനിന്തിരുമനസ്സെന്നിയെങ്ങ
ങ്ങൾക്കോർത്താൽ മററൊരുശരണമില്ലെന്നതുനിരൂപിച്ചും * സർവജ്ഞ
നല്ലോഭവാനെന്നതുകൊണ്ടുംമമ ദുർവിനയോക്തികേട്ടാൽക്ഷമിച്ചുകൊ
ൾകവേണം *ചിന്തിക്കവേണംപക്ഷേസന്ധിക്കിൽമതിയല്ലോ നിന്തി
രുവടിതന്നെബന്ധുവായ്പോകവേണം * അന്ധതചംഞാൻചൊല്ലുന്ന
തൊത്തുള്ളിൽ ക്ഷമിക്കണമന്ധകകുലജാതനാകിയജഗല്പതേ! * അ
ന്ധനാംനരപതിതന്നുടെപുത്രനായോ രന്ധാത്മാസുയോധനൻതന്നോ
ടുപിണങ്ങാതെ * ബന്ധുവത്സലനായനിന്തിരുവടിതന്നെ ബന്ധുത്വ
മോടുമനുസരിച്ചുപറയണം * പാതിനാടപേക്ഷിച്ചാലരുതെന്ന
വൻചൊൽകിൽ പാതിയുംവേണമെന്നില്ലഞ്ചുദേശമെപോരും *
ദേശമില്ലെങ്കിലഞ്ചുഗേഹമേപോരുമെന്നാൽ നാശംകൂടാതെകഴിഞ്ഞീ
ടുകിലതേവേണ്ടു * സാരസവിലോചനനാകിയനന്ദാത്മജൻ സാ
രനാംയുധിഷ്ഠിരൻചൊന്നതുകേട്ടനേരം * തന്നുടെമനക്കാമ്പിൽഹസ്തി
നപുരത്തിനുചെന്നുപോരേണംഞാൻ താനേല്ക്കുംമുമ്പിലേയെന്നു * മൂ
ന്നമെയുള്ളതാശ്രുധർമ്മനന്ദനനായ മന്നവൻപറഞ്ഞപ്പോൾകൌതുക
മുണ്ടായ്വന്നു * രണ്ടുമൂന്നവസ്ഥകൾസാധിക്കേണ്ടുന്നതിപ്പോളുണ്ടതിനാ
യ്ക്കൊണ്ടുഞാൻതന്നെചെല്കിലേപോരൂ * എന്നതോർത്തിരുന്നരുളീടു
മ്പോൾകുന്തീപുത്രൻ തന്നുടെനിയോഗത്തെക്കൈക്കൊണ്ടുഭഗവാനും *
സാരഥേശീഘ്രംഗരുഡധ്വജയുക്തമാകും തേരുകൊണ്ടരികെന്നുദാരുക
നോടുചൊന്നാൻ * കണ്ണുകൾചുവന്നുകൈഞെരിച്ചുപല്ലുംകടിച്ചണ്ണാ
ജനെത്രനോടുഭീമസേനനുംചൊന്നാൻ * എന്തിനുതുടങ്ങുന്നുചൊല്ലു
കെന്നാട്ടുകൂടി ചിന്തിച്ചേനടക്കാവൂകാര്യങ്ങളിനിമേലിൽ * ധൃഷ്ട
നാംധൃതരാഷ്ട്രപുത്രൻറതുടതച്ചു പൊട്ടിച്ചുകളകയുംകൌരവശതമെ
ല്ലാം * കൊട്ടിക്കൊന്നൊക്കെപ്പൊടിചെടുത്തുകളകയും ദുഷ്ടനാംദുശ്ശാ
സനൻതന്നുടെമാറുപിളർന്നിഷ്ടമായ് രക്തംകുടിച്ചീടുകയെന്നുള്ളതും
ചൊട്ടനാംഭീമൻചെയ്കയില്ലയെന്നുണ്ടോതോന്നി * പെട്ടെന്നുസന്ധി
ചെയ്തുകൊണ്ടാലുംയുധിഷ്ഠിരനൊട്ടുമേ വിരോധമില്ലതിനിന്നെന്നാൽ
നൂനം * ഗന്ധവാഹാത്മജനാംഭീമൻചൊന്നതുകേട്ടു മന്ദഹാസവും
ചെയ്തുമാധവനരുൾചെയ്തു * ചിന്തിച്ചവണ്ണംതന്നെപന്തിഞാൻകൂ
ട്ടുന്നുണ്ടു സന്താപമതുകൊണ്ടുചിത്തത്തിലുണ്ടാകേണ്ട * കൃഷ്ണയുംകണ്ണീ
രോടെകൃഷ്ണനോടുരചെയ്തു കൃഷ്ണനുംകൃപയോടെകൃഷ്ണയോടരുൾചെയ്തു *
നിശ്വാസമുണ്ടാകേണ്ട വിശ്വസിച്ചാലുമെന്നെക്കശ്മലൻദുശ്ശാസനൻ
താനുംതൽബന്ധുക്കളും * നിശ്ശേഷമൊടുങ്ങേണമെന്നതിന്നത്രേഞാനും
നിശ്ചയംതുടങ്ങുന്നുപോയാലുംഖേദിക്കേണ്ടാ * ഞാൻചാലേവരുത്തു
വൻവാഞ്ഛിതമെന്നുകൃഷ്ണൻ പാഞ്ചാലിയതുകേട്ടുതെളിഞ്ഞുമരുവിനാൾ
* ദാരുകൻകൊണ്ടുവന്നതേരതില്ക്കരയേറി പാരാതെയെഴുന്നള്ളിത്തുട
ങ്ങിഭഗവാനും * വെൺകൊററക്കുടതഴവെൺചാമരികൾനല്ല ഭംഗി
തേടീടുമാലവട്ടങ്ങൾപലതരം * പന്നഗരിപുതന്നെചിഹ്നമായ്വിളങ്ങീടു
മുന്നതമായകൊടി മിന്നുന്നകൊടിക്കൂറ * പങ്കജനേത്രൻതന്റെശംഖ

നാദവുംപല മംഗലസ്തുതികളുംവാദ്യങ്ങൾനിനാദവും * കല്മഷംകളയു
ന്നചിന്മയൻമനോഹരൻ പൊന്മണിക്കിരീടവുംനിർമ്മലചികുരവും *
മാലേയംമേല്പോട്ടിട്ടഫാലവുംത്രിഭുവന പാലനാദികൾചെയ്യുംചില്ലി
യുംമകരാം * കുണ്ഡലംമിന്നീടുന്നഗണ്ഡവുംമനോജ്ഞമാം കൺ
മുനവിലാസവുംകമ്രമാംനാസികയും * കിഞ്ചനതുളുമ്പീടുംപുഞ്ചിരി
പ്പുതുമയും ചഞ്ചലാക്ഷികൾമനംവഞ്ചിക്കുമധരവും * മുഗ്ദ്ധമായുള്ള
മുഖപത്മവുംഗളഭുവി മുത്തുമാലകൾവനമാലകൾകൌസ്തുഭവും * ശി
ഷ്ടരക്ഷണത്തിനു ദുഷ്ടനിഗ്രഹംചെയ്വാൻ നിഷ്ഠുരമായകരപത്മവും
ശ്രീവത്സവും * ഇന്ദിരാദേവിചിത്താനന്ദമോടിരുന്നീടും സുന്ദരതരമാ
യമന്ദിരമായിട്ടുള്ള * വക്ഷോദേശവും കമലോത്ഭവൻപിറന്നൊരു
കുക്ഷിയും ബ്രഹ്മാണ്ഡങ്ങളസംഖ്യംകിടക്കുന്നോ * രുദരോപരി
പൊങ്ങുംരോമാളിവിലാസവും മധുരാധരീജനം മയങ്ങുംമദ്ധ്യത്തിങ്കൽ
* കാഞ്ചനമയമായ കാഞ്ചികളിട്ടുമഞ്ഞപ്പൂഞ്ചേല യതിന്മീതേനാ
നാശോഭിതങ്ങളായ് * മിന്നുന്നരത്നങ്ങളുമെന്നുള്ളിൽവിളങ്ങുന്ന ധ
ന്യപാദാബ്ജങ്ങളുംകണ്ടുമാമുനികളും * വേദവാദികളായഭൂദേവവര
ന്മാരും വേദത്തിൻപൊരുളായവേദാന്തവേദ്യൻതന്റെ * പാദപത്മ
വുംകൂപ്പിസ്തുതിച്ചുപാടിക്കൊണ്ടു യാദവവീരനെഴുന്നള്ളുന്നവഴിയേകൂടാ
ദരവോടു നടന്നീടിനാർഭക്തിയോടെ * ഗോവിന്ദൻവരവുകേട്ടാനന്ദ
മോടുമീഷ്മ രാവിന്മ്മാരേനമററും ഭക്തരായുള്ളോരെല്ലാം * മുമ്പിനാ
ലെഴുന്നള്ളത്തിവിടെയെന്നോർത്തു സംഭ്രമിച്ചലങ്കരിച്ചീടിനാരാലയ
ങ്ങൾ * മല്ലാരിവിചിത്രവീര്യാത്മജൻതനിക്ക ള്ളോരില്ലവുമകംപുക്കുവ
സിച്ചോരനന്തരം * കുശലപ്രശ്നാദികൾചെയ്തിതുധൃതരാഷ്ട്രർ കു
ശലമെന്നതന്നെയരുൾചെയ്തിതുകൃഷ്ണൻ * ചെറുതുകാര്യമുണ്ടുപറഞ്ഞു
പോവാ നതിനെതിരെവരുവൻഞാനടുത്തദിനംതന്നെ * ഉഴറീടുന്നേ
നിപ്പോളട്ടത്തുസന്ധ്യയെന്ന ങ്ങെഴുന്നള്ളിനാൻ ജഗന്നായകൻവാസു
ദേവൻ * അച്ഛൻെറഭഗിനിയാംകുന്തീദേവിയെക്കണ്ടി ട്ടച്യുതൻവി
ശേഷങ്ങളൊക്കവെയറിയിച്ചാൻ * പണ്ടുകീഴ്കഴിഞ്ഞതുംവത്തമാനവും
മേലി ലുണ്ടാവാനിരിക്കുന്നവാത്തയുമുരചെയ്താൻ * കാത്തുകൊള്ളുകനീ
യെന്മക്കളെയെന്നുകണ്ണീർവാത്തവളുടെദുഃഖംതീർത്തുമാധവൻപിന്നെ *
ധാത്തരാഷ്ട്രൻെറഗൃഹംപുക്കിതങ്ങവർകളും പാർത്തുനിന്നെതിരേററു
സല്ക്കരിച്ചിരുത്തിനാർ * ഊണിനുവിദുരൻതൻവീട്ടുപുക്കിതുകൃഷ്ണൻമാന
സം തെളിഞ്ഞവനാനന്ദമുണ്ടായ്വന്നു * ക്ഷത്താവുംഭക്തിപരവശനായ്യു
ന്നപുരുഷോത്തമൻ ഭക്തവാത്സല്യംകൊണ്ടുമതുപോലെ * മുഗ്ദ്ധലോ
ചനനരുൾചെയ്തിതുവിദുരരോ ടെത്രയുംസുഖംവന്നിതിവിടെവന്നമൂലം
* ദുഗ്ദ്ധമാകിലുംകയ്ക്കുംദുഷ്ടർനല്കിനാലെടോ ഭക്തന്മാർതരികിലേഭക്തി
ക്കരസമുള്ളു * ഇത്തരമരുൾചെയ്തുവിപ്രരുംതാനുംകൂടി യത്താഴമുണ്ടുന
ല്ലമെത്തമേൽക്കരേയറി * പാർത്ഥന്മാരുടെനല്ലവാർത്തയുമരുൾചെയ്തരാ
ത്രിയുംകഴിഞ്ഞിതുമാർത്താണ്ഡനുദിച്ചപ്പോൾ * .സന്ധ്യയുംകഴിച്ചാശ്രു
നിത്യദാനങ്ങളുംചെയ്തന്തണർ ചുഴന്നൊരുതേരതിൽക്കരേറിനാൻ * മ

ന്ദമെന്നിയേകൃഷ്ണനംബികാസുതൻതന്റെ മന്ദിരമകംപുക്കസുന്ദരൻന
ന്ദാത്മജൻ * കൊടുത്തുസിംഹാസനമിരിപ്പാൻനൃപതിയും മടുത്തുഭീഷ്മ
ദ്രോണവിദുരാദികളെല്ലാം * പരന്നസഭതന്നിൽനിറഞ്ഞുമഹാജനം
പറഞ്ഞുതുടങ്ങിനാൻമാധവൻകാര്യങ്ങളും * അംബികാതനയനുംതന്നു
ടെസുതന്മാരും നിർമ്മലന്മാരാംമുനിവർഗ്ഗവുംദ്വിജന്മാരും * ദ്രോണരും
കൃപരുമശ്വത്ഥാമാവിദുരരും മാനിച്ചുകേൾക്കഭീഷ്മർകർണ്ണനുംശകുനിയും
* കഴിഞ്ഞവൃത്താന്തങ്ങൾപറഞ്ഞുതുടങ്ങേണ്ട കിഴിഞ്ഞുധർമ്മാത്മജൻ
പറഞ്ഞവാക്കുകേൾപ്പിൻ * സോമവംശത്തിൽപണ്ടുള്ളാചാരമറിയാ
യ്കിൽ മാമുനിജനത്തോടുചോദിക്കസുയോധന! * നാഴികനേരംപോലും
മൂത്തവൻതന്നെ നാടുവാഴുകെന്നതെവരുനീതിനീനിരൂപിക്ക * പൂർവ്വ
ന്മാർപണ്ടുവാണകേളിയും നിനക്കില്ലേ? സാർവ്വഭൗമത്വംതന്നെഭാവി
ച്ചാൽവന്നുകൂടാ * എന്നതുകേട്ടുദുര്യോധനനുമുരചെയ്യാൻ ചൊന്നതു
നന്നുനന്നുദേവകീതനയാനീ * ചൊല്ലേഴുംയയാതിയാം ഭൂപതിതന്റെ
മക്കളല്ലയോയദുമുതൽനാൽവരുമിരിക്കവേ * പൂരുവല്ലയോപണ്ടുപാരി
ന്നു പതിയായതാരുമേയറിയാതെയല്ലിവയിരിക്കുന്നു * നന്നുനിൻകേട്ട
കേളിമന്നവസുയോധന നിന്നോടൊന്നുണ്ടുപറയുന്നു ഞാനതുകേൾ
നീ * പൂജ്യനായനൃപഗുണയോഗ്യനായുള്ളവനേ രാജ്യത്തിൽപ്രാപ്തി
യുള്ളിതെന്നതുകൊണ്ടല്ലയോ * നിന്നുടെതാതൻധൃതരാഷ്ട്രർതാനിരി
ക്കവെ മന്നവനായിവാണുപാണ്ഡുവെന്നറികനീ * അപ്പോഴേപാ
ണ്ഡുപുത്രനാകിയയുധിഷ്ഠിര നെല്പുരമടക്കിവാണീടുകയല്ലോവേണ്ടു *
പാണ്ഡുവിൻപുത്രർ തന്നെയല്ലവരെങ്കിൽചൊല്ലാം പാണ്ഡവന്മാരിൽ
പക്ഷപാതിനീകോപിക്കൊല്ലാ * മാമുനിശാപംകൊണ്ടുകാനനംത
ന്നിൽപാണ്ഡു ഭാമിനീജനത്തോടും വേറുപെട്ടിരുന്നനാൾ * മററുക
ണ്ടവർകൾക്കുമക്കളായുണ്ടായവർ പററുമോരാജ്യംവാഴ്വാനെന്നുനീപറ
ഞ്ഞാലും * എങ്കിലോനിന്റെ താതനംബികാസുതൻതാനുംതിങ്കൾതൻ
കുലജാതനല്ലെന്നുധരിക്കേണം * വിചിത്രവീര്യനൃപൻമരിച്ചശേഷത്തി
ങ്കൽ വിചിത്രമത്രേ പിറന്നുണ്ടായപ്രകാരവും * അക്കഥനില്ക്കനിന
ക്കൊക്കെമൂളരുതെങ്കി ലിക്കാലംപാതിരാജ്യംപകുത്തുകൊടുക്കനീ* കൊ
ടുക്കയില്ലരാജ്യംപാതിഞാനൊന്നുകൊണ്ടും കൊടുപ്പാനവകാശമില്ലവ
ർക്കറിഞ്ഞാലും * എങ്കിലൊരഞ്ചുദേശമിരിപ്പാൻകൊടുക്കനീ സങ്കടമാ
ർക്കുംവേണ്ടനാശവുമുണ്ടാകേണ്ടാ * അഗ്രഹംപറയാതെവാക്കുമുട്ടിയാൽ
പിന്നെ യാക്കാനുംകൊടുക്കേണമെങ്കിലന്തണർക്കത്രേ * രാജ്യവുംപുരം
ഗ്രാമംദേശങ്ങൾവേണ്ടയെങ്കിൽത്യാജ്യരല്ലവരെന്നുനിന്നുടെ കൃപയാലെ
* വസിപ്പാനഞ്ചുഗൃഹംചമച്ചുകൊടുക്കനീ വസ്തുക്കൾധാന്യങ്ങളുംപകു
ത്തുകൊടുക്കേണ്ടാ * അതിനുംമടിയെങ്കിലൈവർക്കുംകൂടിയൊരു സദനം
നാട്ടിലൊരുഭാഗത്തുകൊടുക്കനീ * അന്ധകകുലജാതനന്തകാന്തകസേ
വ്യ നന്തവുമാദിയുമില്ലാതവൻപരൻപുമാൻ* ബന്ധുകസമമായചെന്ത
ളിരടിയുള്ളോൻബന്ധുക്കളില്ലാത്തോർക്കുബന്ധുവാകിയകൃഷ്ണൻ * ബന്ധു
രരൂപൻപാണ്ഡുരാജനന്ദനന്മാർക്കു ബന്ധുവായൊരുദൂതനായിതുപറ

ഞാതപ്പോൾ*അന്ധനാംനരപതിനന്ദനനതചെയ്യാൻ ഖന്ധമില്ലെന്താ
കിലുമെന്നോടിത്തരം ചൊൽവാൻ*എന്തിനുപലതരമിങ്ങനെപറയുന്നു
കുന്തിതൻമക്കളെനക്കുറുകൊണ്ടത്രയല്ലീ? സന്തതംപറയുന്നദേവകീതന
യനിസ്സൂചകനായനിൻെറവാക്കുകൾകേൾക്കുംതോറും സൂചിതൻമുന
കൊണ്ടുകുത്തുവാനുള്ളനിലം * കൊട്ടക്കുംഞാനെന്നുനിനച്ചീടേണ്ട
യെത്രം പടയ്ക്കുവരുന്നാകിൽകണ്ടുപോകേണംതന്നെ * നന്നല്ലസുയോധ
ന!നാശങ്ങളുണ്ടായ്വരും മന്നവനവകാശമുള്ളനാടയയ്ക്കനീ*ഇല്ലൊരുദേ
ഭമിനിക്കൊരുമെന്നറിഞ്ഞാലും നല്ലതുചൊല്ലീടേണമെങ്കിലുമെല്ലാരോടും
* കാലദേശാവസ്ഥയുംധർമ്മവുമധർമ്മവും മൂലവുംതമ്മിലുള്ളദൌർബല്യ
പ്രാബല്യവും *മൊഴിയുംമൊഴികേട്ടുംവഴിയുംവഴികേടുമഴകോടകതാരി
ലാലോലമോർത്തീടേണം * കൊട്ടത്താർകൊല്ലുവാനായ്ഭീമനുവിഷംമു
ന്നം കെട്ടപ്പാൻപായ്മതന്നാൽകടിപ്പിച്ചിതുപിന്നെ * ഉറക്കത്തോടെകാ
ലുംകരവുംവരിഞ്ഞുടനുറക്കക്കെട്ടി ഗംഗാജലത്തിലെറിഞ്ഞതും * മറപ്പാ
നതതാതവണ്ണംനീപിന്നെനന്നാ യരക്കില്ലത്തിലിട്ടുചുട്ടതുംപിന്നെനി
ങ്ങൾ * കള്ളച്ചൂതാലെനാട്ടുമത്ഥവുംപറിച്ചതും കള്ളക്കാടതിൽപരംപി
ന്നെയുംകാട്ടിനിങ്ങൾ * ദുഷ്ടനാംദുശ്ശാസനൻപെട്ടെന്നുസഭാമദ്ധ്യേമ
ട്ടോലുംമൊഴിയായപാഞ്ചാലിതലമുടി * പിടിച്ചുവലിച്ചുടനീഴ്ത്തതുമ
വളുടെ യുട്ടത്തപുടവയുമഴിച്ചുകളഞ്ഞതും * ഇത്തരംപരാക്രമമായതുനി
ങ്ങൾക്കെല്ലാമെത്രയുംപരിഭവമുണ്ടവക്കിവമൂലം * നിസ്പൃഹംകഷ്ടം!നി
ങ്ങൾചെയ്തവയെല്ലാമുള്ളിൽ ശക്തനാംഭീമസേനൻമറന്നില്ലിരിക്കുന്നു *
കൊട്ടക്കപാതിനാട്ടുമവക്കിന്നില്ലയായ്കി ലൊട്ടക്കംഭീമസേനൻനിങ്ങളെ
യെല്ലാംകൊണ്ടും * മുമ്പിലേഹിഡിംബനെക്കൊന്നതുംബകനായവമ്പ
നെവധിച്ചേകചക്രയിലിരുന്നതും * മാഗധനായനൃപവീരനെവധിച്ച
തും വേഗത്തിൽകിഴക്കൻദിക്കൊക്കവേജയിച്ചതും * ശക്തനാംകൂർമ്മീർ
നെക്കത്തിയങ്ങമത്തതും മുത്തണിമുലയാളാംദ്രൌപതിതൻെറചൊ
ല്ലാൽ * കല്യാണസൌഗന്ധികംകൊണ്ടുപോരുന്നാനവം ചൊല്ലുള്ളഗ
ന്ധർവ്വീരന്മാരെജ്ജയിച്ചതും * എത്തിയജയദ്രഥൻതന്നെമാൽപെട്ട
ത്തതുമെത്രയുംവിരുതുള്ളമല്ലനെവധിച്ചതും * കീചകനാദികളെക്കാല
നുക്കയച്ചതുമാശുശസുതനായ ഭീമനെന്നറിഞ്ഞാലും * കൊല്ലുമേയവൻ
നിങ്ങൾനൂറുപേരെയുമെടോ നല്ലതുപാതിനാട്ടുകൊട്ടക്കസുയോധന!
വില്ലെട്ടത്തവർകളിൽനല്ലനാം ധനഞ്ജയനല്ലയോപാഞ്ചാലനാംമന്ന
നെബന്ധിച്ചതും * രാത്രിയിലെതിർത്തോരുഗന്ധർവ്വൻതന്നെവെന്നാൻ
പാർത്ഥനല്ലയോയന്ത്രമെയ്തുടൻമുറിച്ചതും * പോർക്കൊരുമിച്ചനമ്മെയൊ
ക്കവേജയിച്ചതും ഭോഷ്കല്ലബലദേവാദികളാംഞങ്ങളെയും * ജയിച്ചു
സുഭദ്രയെക്കൊണ്ടവൻപോന്നുകൊണ്ടാൻ ജയിച്ചാൻവരിഷിച്ചവന്നൊ
രുശക്രനേയും * ഖാണ്ഡവംദഹിപ്പിപ്പാൻശരക്കൂടത്തെച്ചെയ്തു ഗാണ്ഡീ
വംവാങ്ങിക്കൊണ്ടാനഗ്നിയോടതുമൂലം * ഉത്തരയായദിക്കുമൊക്കവെ
ജയിച്ചവനുത്തമമായകൈലാസാചലംതങ്കൽച്ചെന്നാൻ * മുക്കണ്ണൻത
ന്നോടുപോരെത്രയുംപാരംചെയ്തു കൈക്കൊണ്ടാൻപാശുപതംവാനല

കത്തുപോന്നാൻ * ദേവവൈരികളെയുംനിഗ്രഹിച്ചുവിട്ടു ദേവകളോട്ടമസ്ത്രമെല്ലാരുംവാങ്ങിക്കൊണ്ടോൻ *നിന്നെയുംകെട്ടിക്കൊണ്ടുപോയൊരുചിത്രരഥൻതന്നെയും വെന്നുനിന്നെവീണ്ടുകൊണ്ടതുമവൻ* പോക്കൊരുമിച്ചുനിന്നനിങ്ങളെയൊക്കെവെന്നു ഗോക്കളെവീണ്ടുകൊണ്ടുപോയതുമവനല്ലോ * ഇത്തരംപലപലവിക്രമങ്ങളെച്ചെയ്തു വൃത്രാരിപുത്രൻതന്നെമിക്കതുമൊട്ടക്കീട്ടും * അക്കനന്ദനനായകണ്ണനെവിശേഷിച്ചും ശക്രനന്ദനൻതന്നെക്കൊല്ലുമെന്നറിഞ്ഞാലും * അച്ഛനെപ്പിടിച്ചുകെട്ടിപ്പിച്ചുപരിഭവം വച്ചുകൊണ്ടിരിക്കുന്നധൃഷ്ടദ്യുമ്നനുമെടോ! * നിശ്ചയംദ്രോണർതന്നെക്കൊന്നീടുമവൻതാനും പിച്ചയായ് ശിഖണ്ഡിയുംഭീഷ്മരെവധിച്ചീടും * ശല്യരെയുധിഷ്ഠിരൻകൊല്ലുമെന്നറിഞ്ഞാലും കല്യനാംശകുനിയെക്കൊന്നീടുംസഹദേവൻ * മററുള്ളബന്ധുക്കളുംമക്കളുംകനിഷ്ഠരും പററലർകാലന്മാരാംപാണ്ഡവരൊടുക്കീടും * നല്ലതുപാതിനാടുകൊടുക്കസുയോധന! നല്ലതുവരികയില്ലല്ലായ്കിലൊന്നുകൊണ്ടും * ശ്രീവാസുദേവൻജഗന്നായകനിവയെല്ലാ മാറ്റൊളമരുൾചെയ്തവാക്കുകൾകേട്ടശേഷം * അംബികാസുതൻതാനും ഭീഷ്മരുമാചാര്യനുമൻപുള്ളമററുള്ളവർതങ്ങളുമുരചെയ്താർ * കുരളക്കാരർചൊന്നവാക്കുകൾകേളാതെനീ അരുളിച്ചെയ്തവണ്ണംകേൾക്കെന്നാരെല്ലാവരും * സഭയിലിരുന്നവരെല്ലാരുമൊരുപോലെ ശുഭമായുള്ളവാക്കുചൊന്നതുകേട്ടനേരം * നിരന്നീലെതുമുള്ളിൽ നിറഞ്ഞകോപത്തോടുമിരുന്ന സുയോധനൻനടന്നാൻവേഗത്തോടെ * ജനനിഗാന്ധാരിയുംപറഞ്ഞാളിനിമഹാ ജനങ്ങളിവർചൊല്ലുംകേൾക്കനീസുയോധന! * എന്നമ്മപറഞ്ഞതുംകേളാതെയവൻപോയികർണ്ണനുംശകുനിയുമായിട്ടുനിരൂപിച്ചു * ഗോപാലനായകൃഷ്ണനിവിടെസ്സഭയിങ്കൽ ഭൂപാലരോടുസിംഹാസനവുമേറിയൊപ്പം * ഇരിക്കുന്നതുംയോഗ്യമല്ല നാംചിലർതന്നെപരക്കെയറിയാതെയൊന്നുചെയ്യേണമിപ്പോൾ * ദൂതന്മാരവദ്ധ്യന്മാരെന്നല്ലോശാസ്ത്രവിധി പാതകമുണ്ടുകൊന്നാലതിനുണ്ടുപായവും * പിടിച്ചുകെട്ടീടണംപിന്നെപ്പാണ്ഡവർപോന്നുനടിച്ചുവരികയില്ലെന്നതുമറിയണം * മിടുക്കുംവച്ചുകാട്ടിലിരിക്കയുള്ളുപിന്നെപ്പടയ്ക്കുഭാവിക്കുന്നതാരെന്നുമറിയണം * പടുതമെല്ലാമിവൻതനിക്കാകുന്നൂനം കിടക്കവേണംകാരാഗൃഹത്തിൽതന്നെയിവൻ *

വിശ്വരൂപദർശനം.

ഇങ്ങനെരഹസ്യമായ്തങ്ങളിൽമന്ത്രിക്കുന്ന തങ്ങറിഞ്ഞുണർത്തിച്ചുസാത്യകിയതുനേരം * പോകനാമിവിടുന്നുവൈകരുതിനിയേതും പോർകരുതിയുമല്ലനാമിവിടെക്കുവന്നു * സാത്വികനായുള്ളൊരുസാത്യകിയുണർത്തിച്ചുവാർത്തകേട്ടുതുനേരംഗോവിന്ദൻതിരുവടി * തരുണാദിത്യബിംബംപതിനായിരംകൂടി * യൊരുമിച്ചുദിച്ചുടനുയരുന്നതുപോലെ * കരുണാകരൻദേവൻകമലവിലോചനൻ വിരവോടെഴുന്നേറ്റുപെരികക്കോപത്തോടെ * വരികപിടിക്കെടോ! കെട്ടുവാൻസുയോധന! പെരികെവൈകിക്കേണ്ടപേക്ഷവന്നുട്ടത്താലും * അസം

ഖ്യംമുഖങ്ങളുമസംഖ്യംബാഹുക്കളു മസംഖ്യമായുധങ്ങളസംഖ്യംചരണ
ങ്ങൾ * ശങ്കരൻവിരിഞ്ചനുമിന്ദ്രാദിദേവകളും പങ്കജവിലോചനൻതങ്ക
ലേകാണായ്വന്നു * രോമങ്ങൾതോറുമൊക്കെവാനവരായുംവന്നു കോമള
മാംരൂപംഘോരമായ്ക്കാണായ്വന്നു * വിഷ്ണുവിൻവിശ്വരൂപംകണ്ടിട്ടുഭ
ക്തന്മാരും കൃഷ്ണഗോവിന്ദശിവരാമ!രാമാത്മാരാമ! * ലോകാഭിരാമ!ര
മാരമണയദുപതേ! ഗോകുലപതേ!ജഗന്നായകധരാപതേ! * വിശ്വ
മായതുംനീയേവിശ്വകാരണംനീയേ വിശ്വകാൎയ്യവുംനീയേവിശ്വപാ
ലനുംനീയേ * വിശ്വതാതനുംനീയേവിശ്വമാതാവുംനീയേ വിശ്വരൂ
പനുംനീയേവിശ്വപാലക! പോററി! * നിഷ്കളനാകുന്നതുംസകളനാ
കുന്നതും നിൎഗ്ഗുണനാകുന്നതുംസഗുണനാകുന്നതും * പുരുഷനാകുന്നതും
പ്രകൃതിയാകുന്നതും പുരുഷോത്തമ! പോററിനിന്തിരുവടിയല്ലോ *
ശിവനായീട്ടുന്നതുംശക്തിയായീട്ടുന്നതും ഭുവനേശ്വരാപോററിനിന്തി
രുവടിയല്ലോ * ജീവനായീട്ടുന്നതുംപരനായീട്ടുന്നതും കേവലസ്വരൂ
പനാംനിന്തിരുവടിയല്ലോ * ക്ഷേത്രമായീട്ടുന്നതും ക്ഷേത്രജ്ഞനാകു
ന്നതും ധാത്രിയിൽപിറന്നൊരു കൃഷ്ണനാംഭവാനല്ലോ * പാലയകൃപാല
യശരണംനാരായണ!പാലയവിഷ്ണോരാമകൃഷ്ണഗോവിന്ദഹരേ! * ഇത്ത
രമോരോജനമത്ഭുതംപൂണ്ടുപൂണ്ടു പത്തുദിക്കിലുംനിന്നുവാഴ്ത്തിയുമാനന്ദി
ച്ചും * ഭക്തിയാൽസ്തുതിക്കയുംനൃത്തംവച്ചീടുകയും മുക്തിദാനൈകമൂൎത്തി
തന്മഹിമാനംകണ്ടു * തൊഴുതുംവീണുംനമസ്കരിച്ചുംവണങ്ങിയും മുഴുകി
പരമാനന്ദാംബുധിതന്നിൽവീണു * കരഞ്ഞും ചിരിച്ചുംകണ്ണിമച്ചും
മിഴിയാതെ നിറഞ്ഞ ഭക്തിയോടുമാമുനിജനങ്ങളും * വേദവേ
ദാന്താൎത്ഥങ്ങൾ തിരിയാഞ്ഞുഴന്നീടും വേദിയരോടു നല്ലഭീഷ്മരുംവി
ദുരരും * യക്ഷകിന്നരസിദ്ധഗന്ധൎവ്വാസുരഭൂത രക്ഷോഗുഹ്യകപ്രേത
കിംപുരുഷാദികളും * നാകവാസികൾനല്ലനാകനായകന്മാരും നാക
നാരികളോടുനാരിമാർമററുള്ളോരും * ഗ്രദ്ധസ്ഥനായവനെക്കൂടസ്ഥ
നായിക്കണ്ടു പാടിയുമാനന്ദംപൂണ്ടാടിയുംചമഞ്ഞുതേ * ദുഷ്ടരായുള്ളജ
നമൊക്കവേകണ്ണുംപൊത്തി പെട്ടെന്നുമലമൂത്രാദികളുംവീണുവീണു *
പെട്ടപാടോടുമോരോഗൃഹങ്ങൾതോറുംപുക്കാർ ശിഷ്ടരായുള്ളജനംക
ണ്ടുകണ്ടിരിക്കവേ * പരമാനന്ദമൂൎത്തിഭഗവാൻപരമാത്മാ പരിചോടെ
ഴുന്നള്ളിത്തേരതിലേറിപ്പിന്നെ * കുന്തിയെച്ചെന്നുകണ്ടു സന്താപമതുംതീ
ൎത്തു കുന്തിയുംതൊഴുതേറെസ്തുതിച്ചുസുതന്മാരെ * തന്തിരുവടിയായകൃ
ഷ്ണനെബ്ഭരമേല്പി ച്ചന്തികേനില്ക്കുംകണ്ണനോടുമന്ത്രിച്ചുമെല്ലെ * ക
ണ്ണാഞാനൊന്നുണ്ടിന്നുചൊല്ലുന്നുരഹസ്യമായ് നിന്നുടെതമ്പിമാരപ്പാ
ണ്ഡവരറികനീ * നീകൂടെയഞ്ചുചെന്നുധൎമ്മജാഗ്രജനായി വാഴ്കഭൂമിയെ
രിപുനാശവുംചെയ്കയെന്നാൻ * കണ്ണനുംചിരിച്ചുരചെയ്തിതുകൃഷ്ണൻ
തന്നോടെന്നുടെയനുജന്മാർപാണ്ഡവരത്രേനൂനം * എന്നാലുംനാഗധ്വ
ജൻതന്നെയുമുപേക്ഷിച്ചിട്ടിന്നുഞാനങ്ങുപോരികെന്നതുചെയ്കയില്ല*
ഭൎത്തൃപിണ്ഡത്തിൻപ്രതിക്രിയയെച്ചെയ്കവേണം ഭൃത്യനാമവൻപ്രാണ
ൻപോവോളമെന്നുണ്ടല്ലോ * അൎജ്ജുനൻതന്റെകൈയാലിനിക്കുമരണ

വും നിശ്ചയംവിരയെല്ലാരെയ്യാരിനുകോപ്പിട്ടാലും * മാരുതിതന്നെകൊ
ല്ലുംഗാന്ധാരീസുതന്മാരെ എല്ലാരതിൽമരിച്ചീടുംമററുള്ളജനങ്ങളും * ര
ണ്ടുഭാഗത്തുമുള്ളവൻപടയൊടുങ്ങീടും മണ്ടുകയില്ലമഹാവീരന്മാർമരിയാ
തെ * ചിന്മയനായപരബ്രഹ്മനിൎമ്മലമൂൎത്തെ! നിന്മനോവിലാസവു
മെന്നുള്ളിലുണ്ടുപോററി! * യാത്രയുംചൊല്ലികൃഷ്ണൻ പിന്നെയങ്ങുഴറി
എല്ലാരെയ്യത്തുടനശ്വത്ഥാമാതന്റെഗൃഹംപുക്കാൻ * പോരിനുസേനാ
പതിയാകാതെയിരിക്കെന്നു വീരനാംദ്രൗണിയോടുമാധവനപേക്ഷി
ച്ചു * വിശ്വസ്തനായവിപ്രനശ്വത്ഥാമാവുതാനും വിശ്വനായകമനോ
രഥത്തെയറിഞ്ഞപ്പോൾ * നിശ്ചയമതുചെയ്കയില്ലഞാനെന്നുചൊന്നാ
നച്യുതൻദീൎഘായുഷ്മാനാകെന്നരുൾചെയ്താൻ*പാരാതെയെഴുന്നള്ളി
പ്പാണ്ഡവരോടുചൊന്നാ നോരോരോവിശേഷങ്ങളുണ്ടായതെല്ലാരുമേ.

യുദ്ധോദ്യോഗം.

യുദ്ധത്തിന്നിനിമുതിൎന്നീടുകവൈകീടാതെ മിത്രങ്ങളായഭൂമിപാല
രെയറിയിക്ക * എന്നരുൾചെയ്തശേഷം പാണ്ഡവർബന്ധുക്കളെ ച്ചെ
ന്നറിയിച്ചുവരുത്തീടിനാർപടയെല്ലാം * നായകൻധൃഷ്ടദ്യുമ്നനെന്ന
ഭിഷേകംചെയ്തുനായകനായകൃഷ്ണൻപാൎത്ഥസാരഥിയായാൻ * അക്കാലം
നാഗദ്ധ്വജൻവൻപനാംഭീഷ്മർതന്നെ സ്സൽക്കാരംചെയ്തുപടനായക
നാക്കിവച്ചാൻ * അയുതരഥകരിതുരഗപദാതിയെ നിയതിവശാലോ
രോദിവസംകൊൽവനെന്നാൻ * പൂരിച്ചുവാദ്യഘോഷംമൂന്നുലോകത്തു
മപ്പോൾ ക്രൂരൊത്തബലഭദ്രരുൾക്കാമ്പിൽനിരൂപിച്ചു * ഇക്കാലമിവി
ടെഞാൻകൂടിയില്ലൊന്നുകൊണ്ടും ചൊൽക്കൊണ്ടതീൎത്ഥമാടാമെന്നെഴു
ന്നള്ളീടിനാൻ * പുഷ്കരനേത്രനപ്പോളുൾക്കാമ്പിൽനിരൂപിച്ചു മുഖ്യ
സമ്മതമാക്കിദുൎയ്യോധനവധം * അഗ്രജൻതന്നെക്കൊണ്ടുമൂളിച്ചീല
തിന്നിനി തൽക്കാലത്തിങ്കലാമെന്നുൾക്കാമ്പുമടക്കിനാൻ * ധൎമ്മജാദി
കളോടുവിദൎഭനറിയിച്ചാൻ നമ്മുടെബന്ധുത്വമോപോകരുതല്ലാപാ
ൎത്ഥാൽ * ശക്രനന്ദനൻപോരിൽവിൽക്കെട്ടുന്നാകിലപ്പോൾ മുഖ്യഭാ
വേനനില്ലാൻഞാനുണ്ടെന്നറിഞ്ഞാലും * ഒരുനേരംധനഞ്ജയൻചൊ
ല്ലിനാൻവിദൎഭനോടെന്നോടുനേരെനില്ലോരാരുമില്ലറികനീ * പോ
കിൽനീപോകയിങ്ങോമാധവൻതുണയുമു ണ്ടാകുലമേതുമില്ലയെന്നതു
കേട്ടനേരം * വിദൎഭൻചെന്നുദുൎയ്യോധനൻതന്നെക്കണ്ടു വിരോധനെ
ന്നുഭാവിച്ചവനെസ്സമ്മാനിച്ചാൻ * പന്നഗദ്ധ്വജൻകൎണ്ണൻശകുനിവിദ
ൎഭനുമെന്നിവർപലരുംകൂടൊന്നായിനിരൂപിച്ചു * ധൎമ്മജാദികളോടുചെ
ന്നറിയിക്കയെന്നു നന്മയിലുലൂകനെയയച്ചാനതുനേരം * ഒന്നുകിൽവ
നത്തിനുപൊയ്ക്കോൾവിനല്ലയായ്കിൽ വന്നിങ്ങുമരിച്ചുകൊണ്ടീടുവിൻ
പുലർകാലേ * അപ്രകാരങ്ങളവൻവന്നറിയിച്ചതുകേ ട്ടപ്പൊഴേഭീമസേ
നനടിച്ചാനതുകണ്ടു * ഗോവിന്ദൻചാടിക്കരംപിടിച്ചാനുലൂകനും ഗോ
വിന്ദജയജയയെന്നരുൾചെയ്തുപോയാൻ * അവനുംകുരുക്ഷേത്രംപുക്കുടന
റിയിച്ചോരവസ്ഥകേട്ടുദുൎയ്യോധനനുമുരചെയ്തു * ചൊല്ലുള്ളതൊരാളിക
ളെത്തുകൂട്ടത്തിലേറു ചൊല്ലുകെന്നവനോടുചൊല്ലിനാൻഗംഗാദത്തൻ *

പതിനൊന്നക്ഷൌഹിണിപ്പടയുണ്ടിങ്ങു നിനക്കതിനുപതിനീയുമനുജ
ന്മാരും പിന്നെ * ദ്രോണരുമശ്വത്ഥാമാകൃപരുംത്രിഗത്തനും ദ്രോണൎക്ക
തുല്യൻശല്യർസോമദത്താത്മജനും * കൃതവൎമ്മാവുംഭഗദത്തനുംശകുനി
യും പൃഥിവീശന്മാർമററുംപലരുണ്ടറികനീ * ഞാനുമുണ്ടല്ലോപിന്നെ
പ്പലരോടെതിർനില്പാൻ ഭാനുനന്ദനനഷ്ടരഥനെന്നറികനീ * അങ്ങൊ
ട്ടുചെല്ലുവാനുമിങ്ങോട്ടുപോരുവാനു മിങ്ങനെയാരുമില്ലകൎണ്ണനെപ്പോ
ലെയെടോ * കൎണ്ണനുമതുകേട്ടുഭീഷ്മരോട്ടരചെയ്താ നിന്നുഞാനഷ്ടരഥന
ല്ലെന്നുധരിച്ചാലും * നാമിരുവരുംകൂടിയില്ലിനിയുദ്ധത്തിനു പോർമദമു
ള്ളഭവാൻമരിച്ചേയുള്ളുപക്ഷേ * ശന്തനുതനയനുമെങ്കിലെന്തൊരുഹാ
നി നിൻതൊഴിൽനിനക്കൊത്തവൎണ്ണമെന്നുരചെയ്തു * മന്നവസുയോധ
ന!കേളിന്നുയുധിഷ്ഠിരൻ തന്റെതേരാളികളായുള്ളജനത്തെനീ * ധ
ൎമ്മജൻഭീമൻപാൎത്ഥൻനകുലൻസഹദേവൻ നിൎമ്മലന്മാരായുള്ളപാഞ്ചാ
ലീസുതന്മാരും * ധീരനാംധൃഷ്ടദ്യുമ്നൻഘോരനാംഘടോല്ക്കചൻ വീര
നാമഭിമന്യുസാരനാംസാത്യകിയും * ക്രൂരനാകിയശംഖെൻശൂരനാംപാ
ഞ്ചാലനും പോരിനുനമ്മോടവർപോരുമെന്നറിഞ്ഞാലും * പോരാനാമ
വരോട്ടുപോരാനെന്നതുനൂനം കാരുണ്യമൂൎത്തികമലക്ഷണനോട്ടുകൂടി *
തേരതില്ക്കരയേറീട്ടൎജ്ജുനൻവരുന്നേരം ആരുമില്ലെതിരെടാമൂന്നുലോക
ത്തുമെന്നാൻ വീരനാംദേവവ്രതൻദുരിയോധനനോടും * എന്റെമര
ണവുംവന്നീടുംശിഖണ്ഡിയാ ലെന്നതിന്നംബോപാഖ്യാനത്തെയുമുര
ചെയ്തു * ഓരോരോദിക്കിൽനിന്നങ്ങോരോരോരാജാക്കന്മാർ വാരണവാ
ജിരഥകാലാളാംപടയോടും * വാരിധിതന്നിൽനദീപൂരങ്ങൾചേരുമ്പോ
ലെ കൌരവസൈന്യംതന്നിൽവന്നൊക്കെക്കൂടീടുന്നു * ഭൈരവതരങ്ങളാം
വാദ്യഘോഷങ്ങളോടും പോരിനുവിരുതുള്ളരാക്ഷസവീരന്മാരും * അ
ത്തൊക്കെനിലവിളിച്ചുവ്വണ്ണംതന്നെവന്നു പാൎത്ഥന്മാരുടെപടവീട്ടിലും
കൂടീടുന്നു * ഈരേഴുപതിന്നാലുലോകവുംകുലുങ്ങുന്നു വാരിധികളുമിരച്ചോ
ക്കവേകലങ്ങുന്നു *. സാരഥേചരുംഗിരിജാലങ്ങൾകുലുങ്ങുന്നു ഘോര
മായുള്ളവാദ്യനാദങ്ങൾമുഴങ്ങുന്നു * മേദിനിപൊടിഞ്ഞൊരുധൂളി
യുംപൊങ്ങീടുന്നു ഖേദമായെന്നപോലെഭാനുവുംമറയുന്നു * വാസവ
മുഖപത്മമാവോളംവിളങ്ങുന്നു വാസവിനയനങ്ങൾകോപേനചുവ
ക്കുന്നു * മാരുതദേവൻതാനുംമന്ദമായ്വീയീടുന്നു മാരുതിയുടെഗദവേ
ഗേനചുഴലുന്നു * ധൎമ്മദേവനുമുള്ളിലാനന്ദംവളരുന്നു ധൎമ്മനാശനൻ
കലിമന്ദംപോയ്മറയുന്നു * ധൎമ്മജന്മാവിൻമുഖമേററവുംതെളിയുന്നു ദു
ൎമ്മതിസുയോധനൻതന്മുഖംവാടീടുന്നു * നിൎമ്മലൻനിരുപമൻനിത്യന
വ്യയൻപരൻ ചിന്മയൻജഗന്മയൻകല്മഷവിനാശനൻ * ധൎമ്മ
സ്ഥാപനകരൻനിഷ്കളൻനിരഞ്ജനൻ കൎമ്മൈകസാക്ഷിഭൂതൻനിൎഗ്ഗു
ണൻനിരാകുലൻ * സന്മതിനിലയനനെന്നുള്ളിൽവാഴുംകൃഷ്ണൻ തന്മു
ഖനളിനവുംനന്നായിവിരിയുന്നു * രാമരാവണരണസന്നാഹമെന്ന
പോലെ ഭൂമിയിലുള്ളവീരരൊക്കവേവന്നുവന്നു * പുക്കിതുകുരുക്ഷേ
ത്രംദുഃഖവുമുപേക്ഷിച്ചുപുഷ്കരദേശേവിമാനങ്ങളുമൊരുമിച്ചു * നൎമ്മ

ദയായനദിതന്നിരുകരയും വന്നുമ്മദമോടുപുക്കവൻപടയത്തുകാലം * ആ
ഭരണങ്ങൾപുനരായുധങ്ങളുംനല്ല ശോഭതേടീട്ടമുഷ്ണീഷങ്ങൾകഞ്ചുക
ങ്ങളും * വെവ്വേറെയഥായോഗ്യംനൽകിനാൻധർമ്മാത്മജൻ നിവ്യാ
ജംപ്രതിജ്ഞയുംചൊല്ലിനാരവരെല്ലാം * ഭൂദേവപ്രസാദവുംദേവതാ
പ്രസാദവുംസാദരംചെയ്തുചെയ്താരായുധപൂജകളും * കൃഷ്ണനുംകിരീടിയും
മററുള്ളനൃപന്മാരും കൃത്യമായതുചെയ്തുയുദ്ധത്തിനൊരുമിച്ചാർ * വ്യ
ഗ്രമുണ്ടാകവേണ്ട ചിത്തത്തിലടിയനു ണ്ടുഗ്രമാംപാശുപതമസ്ത്രമെന്നറി
ഞ്ഞാലും * നിഗ്രഹിച്ചീടുവൻ ഞാൻനിശ്ചയംപലരെയെ ന്നഗ്രജൻത
ന്നെനോക്കീട്ടർജ്ജുനൻതാനുംചൊന്നാൻ * ഇക്കഥാശേഷംചൊൽവാ
നെന്നാലെപണിയെന്നാ ളക്കിളിമകളായഭക്തിശാലിനിയരന്നേ *

ഇതി ശ്രീമഹാഭാരതേ ഉദ്യോഗപവ്വം സമാപ്തം.

ഭീഷ്മം

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

ശുകതരുണിജനമണിയുമണിമകുടമാലികേ! ചൊല്ലെടോ! ചൊല്ലെ
ടോ! കൃഷ്ണലീലാമൃതം * സുഖവിഭവമതിലധികമിഹനഹിനമുക്കഹോ
ദുഃഖങ്ങളൾക്കാമ്പിലൊക്കെനീങ്ങീതുലോം * മധുരപരിണതകദളിഫ
ലമധുഗുളാദിയും ഭക്ഷിച്ചിരുന്നുതെളിഞ്ഞുപറയണം * അമരപരിവൃഢ
നമരപതിസുതനുസൂതനാ യാചരിച്ചീലയോസാരഥ്യവേലയും * അ
വിടമറിവതിനുചറകഴകിനൊടുശാരികേ! ആത്മശുദ്ധിപ്രദംഭക്തിമുക്തി
പ്രദം * പലപകലുമിരവുമതുഭുജഗപതിചൊൽകിലും ഭാരതായോ
ധനംപാതിയുംചൊല്ലുമോ? * കുതുകമതിലധികതരമകതളിരിലെങ്കി
ലോ ക്കുറിട്ടുവൻകുറഞ്ഞൊന്നുചുരുക്കിഞാൻ * അഘമകലുമഖിലജഗ
ദധിപതികഥാമൃത മാജീവനാന്തംഭുജിച്ചില്ലുണ്ടായ്വരാ * പകലിരവുപ
ദകമലമകതളിരിൽനണ്ണുകിൽ പങ്കജാക്ഷൻകനിഞ്ഞെന്തുചെയ്യാത്ത
തും * ഭവമരണഭയവിഹിതവിരവൊടരുളീടുവാൻ ഭക്തവാത്സല്യമീവ
ണ്ണമില്ലാർക്കുമേ * അജനമലനമൃതമയനഖിലജഗദീശനാ മംബുജാക്ഷ
ൻപിറന്നീടിനാൻകൃഷ്ണനായ് * അസുരവരരധികശഠരവനിപതിവീര
രാ യത്യന്തദൃഷ്ടരായുത്ഭവിച്ചീടിനാർ * അവനിഭരമകലുവതിനവ
കളെയൊടുക്കുവാ നാദിദേവൻമുതിർന്നൊരായോധനം * കുരുപതി
കളിരുപുറവുമൊരുമയൊടുപോരിനാ യ്യോപ്പിട്ടുയുദ്ധകോലാഹലംകൂട്ടി
നാർ * കരിതുരഗരഥനികരവിവിധകാലാൾപ്പട യ്യുററമില്ലാതതാളും
കൊററുമുണ്ടാക്കിനാർ * അവനിവരരവരവർകളിരവുപകൽവാഴവാ

നാവാസശാലയുംകെട്ടിയുണ്ടാക്കിനാർ * അരുമറകളരുമയൊടുവ
കവകതിരിച്ചവ നായോധനോദ്യമംകണ്ടെഴുന്നള്ളിനാൻ * വിഗത
നയനനൊടു മുനിനിജതനയനാകയാൽ വേണ്ടാരണംവിലക്കീടുകെ
ന്നോതിനാൻ * നൊടിയിടയിലടൽപൊരുതുശരമറികതവതനയർ
നൂറുംമരിക്കുംഭവാനിരിക്കുംവൃഥാ * സമരദരിശനമതിനുനയനമിഹ
നൽകുവൻ താൽപരിയംനിനക്കുണ്ടെങ്കിൽമന്നവ! * നയനരഹി
തനുമതിനുമുനിയൊടുചൊല്ലീടിനാൻ നാഥ! നമുക്കുകേൾക്കെന്നിവേ
ണ്ടാരണം * അതുപൊഴുതുമുനിവരനുമറിവതിനുസഞ്ജയ നാക്കി
നാൻദിവ്യമാമീക്ഷണംചൊല്ലുവാൻ * മറകളുടെമറപൊരുൾകളറിവ
തിനുചതുരനാം മാമുനിശ്രേഷ്ഠനുംപോയ്മറഞ്ഞീടിനാൻ * കരബ
ദരസമമഖിലഭുവനമപിസഞ്ജയൻ കണ്ടുകൌതൂഹലംപൂണ്ടുമേവീടിനാ
ൻ * അരചനതുപൊഴുതുനിജസചിവനൊടുചൊല്ലിനാ നറിവതിനു
സഞ്ജയ!ചൊല്ലുലോകോത്ഭവം * സുരമനുജഖഗഭുജഗമൃഗപശുതൃണാ
ദ്യമാം സൃഷ്ടിയുംകാലചക്രഭ്രമപ്രാപ്തിയും * വിവിധതമവിലസദധിപ
തിവിമലലീലയുംവിശദകാര്യങ്ങളുംലോകയാത്രാദിയും * പരനമലനജ
നഖിലഭുവനപതിചെയ്തതും വർത്തമാനങ്ങളുംമേലിൽഭവിപ്പതും *സരി
ദവനിവനശിഖരിജലധിപരിമാണവും ത്രിഭുവനവിഭാഗവുംദിഗ്വിശേ
ഷങ്ങളും * പ്രിയസചിവനവനിപനൊടാശുചൊല്ലീടിനാൻ പിന്നെ
യുംവർത്തമാനംപറഞ്ഞീടിനാൻ * ദിതിജവരരവനിയതിലവനിവര
രായതും ദിവ്യനാമീശ്വരൻകൃഷ്ണനായ്വന്നതും * കലിപുരുഷകരനഖില
നൃപതികുലനാശനൻ കശ്മലൻതാൽസുതനായിപ്പിറന്നതും * അറികക
ളകഴൽമനസിസുഖമൊടിതിമന്നവ! ആനന്ദമൂർത്തിയെസ്സേവിക്കസന്ത
തം * സരസമിതിസചിവനതിസരഭസംചൊന്നതു താൽപരിയത്തോടു
കേട്ടുനരവരൻ * അറിവതിനുവിരവിനൊടുപറകനീയിന്നിയു മാത്മജ
ന്മാർപടക്കോപ്പുകൾസഞ്ജയ! * പുനരവനുമരചനൊടുപുതുമയൊടു
ചൊല്ലിനാൻ പൂരുവംശോത്ഭവന്മാരായമന്നവർ * തകിൽമുരശുപറപ
ടഹതുടികളൊടുശംഖവും തമ്മിട്ടവുംനക്രമദ്ദളംവീണയും * മധുരതരമൃ
ദുലരസനിനദകുഴൽകാഹളം മററുശൃംഗങ്ങളിടയ്ക്കയുടുക്കുകൾ *പെരിയ
രഥമലറിവരുമളവരിയഘോഷവും പെയ്തമദത്തോടുകുംഭികൾനാദവും
* തുരഗവരഖുരനികരപരിപതനധൂളിയും തുള്ളുന്നകാലാൾനിലവിളി
ഘോഷവും * നരപതികളരുമയൊടുതെരുതെരെവലിച്ചുടൻ നാദംവ
ളക്കുംചെറുഞാണൊലികളും * ത്രിഭുവനവുമതുപൊഴുതുവിറയലൊടുചേ
ന്നതേ തീർത്തുപതിനൊന്നുകൂട്ടമക്ഷൌഹിണി * കുടതഴകൾചമരികൊ
ടിയും കൊടിക്കൂറയുംകോലാഹലമൊട്ടുചൊല്ലാവതോമരേ * പരശു
ധരമുനിവരനുസമനരിയഭീഷ്മരും ഭാർഗ്ഗവശിഷ്യൻഭരദ്വാജപുത്രനും *കു
രുനൃപതിവരനുമിളയവർകൾഭഗദത്തനും കൂറുള്ളഭൂരിശ്രവാകൃതവർമ്മാ
വും * ഗുരുകൃപരുമധികതരബലമുടയസൌബലൻ ക്രൂരതയേറുംനിശാ
ചരവീരരും * ഗുരുതനയനരികൾകുലമറുതികരുതീടുവോൻ കൂടെത്രിഗ
ർത്താദിസിന്ധുഭൂപാലരും * കടലൊടടൽകരുതുമൊരുകടലൊടുസമാന

മാ യ്യാണായിപാണ്ഡവന്മാർപടക്കൂട്ടവും * നരകരിപുനളിനദളനയ
നനഖിലേശ്വരൻ നാരായണൻപരൻതേരിൽക്കരേറിനാൻ * അമര
പതിതനയനൊരുകുറവുകൾവരാപ്പതി നാനന്ദമൂർത്തിചമ്മട്ടിക്കൈക്കൊ
ണ്ടുടൻ * ധവളമയതുരഗയുതരഥമതുനടത്തിനാൻ ധന്വിയാമർജ്ജുനൻ
താനുംകരേറിനാൻ * പിതൃപതിജപവനസുതനകുലസഹദേവന്മാർ
പിമ്പേംഘടോൽക്കചൻവൻപനഭിമന്യു * പലനൃപതികളുമവർകൾപട
യുമതിഘോരമാ യ്യാടേപരന്നിതുപാർഷതാദികൾ * ശമനസുതനെത്തു
പൊഴുതു സുഹൃദനുജസഹിതനായ് ശന്തനുജനെച്ചെന്നുകൈവണങ്ങി
ടിനാൻ * തരികമമയുധിവിജയമതിനുവരമേകുനീ സത്യത്തിലേതും
പിഴച്ചീലടിയനോ * യമതനയവിരവിനൊടുവരികജയമൂഴിയും വാ
ഴ്കനീവാഴ്കഞാൻവാനിൽവാണീടുവൻ * സമരഭുവിമരണമിഹവരുവതി
നുപോരിനായ് ധർമ്മജ!നിങ്ങളോടിന്നുമുതിന്നതും കുരുകുലവുമറുതിപെ
ട്ടുമിനിയുഴറുകെങ്കിൽനീ കുന്തീസുതയെന്നനുജ്ഞയുംനൽകിനാൻ * ഗു
രുകൃപയൊടതുപൊഴുതുഗുരുകൃപജനത്തെയും കുന്തീസുതന്മാർവണങ്ങി
വാണീടിനാർ * വിരവിനൊടുപൊരുവതിനുകരുതിയിരുപുറവുമതി വീ
ര്യംനടിച്ചുരാജാക്കൾനിൽക്കുംവിധൌ * നിധനഭയമുടയവർകൾവിര
വിനൊടുപോരുവിൻ നീതിയിൽപാലിപ്പനെന്നിതുധർമ്മജൻ * കുരു
നൃപതിസുതരിലിളയവനൊരുയുയുൽസുവും കൂടെപ്പുറപ്പെട്ടുധർമ്മജൻ
പിന്നാലെ * രണശിരസിനരപതികളിരുപുറവുമതുപൊഴുതു ചേണു
റ്റെഴുംമഹാവ്യൂഹവുംകൂട്ടിനാർ * ചെകിടുപടയലറിനൊരുപടഹമുഖ
വാദ്യവും തേരൊലികൾഞാണൊലികൾസിംഹനാദങ്ങളും * കലഹ
രസവിവശതരമതികളതിശൂരന്മാർ കണ്ടുകൊണ്ടോടിപ്പരസ്പരംനില്ക്കു
മ്പോൾ * കമലദലനയനനൊടുവിജയനഥചൊല്ലിനാൻ കാരുണ്യ
വാരിധേ!ശ്രീപതേദൈവമേ! * കപടമതികളിലിലിയചെറുവിരൽസു
യോധനൻ കശ്മലൻതന്നെക്കുറിച്ചുയുദ്ധത്തിനായ് * നിജതനയധന
സദനജീവനാദ്യങ്ങളെ നിത്യമല്ലെന്നപേക്ഷിച്ചുസന്നദ്ധരായ് * കലി
തരണമരണമിഹവന്നയോദ്ധാക്കളെ കാണ്മാനടുത്തുനിർത്തേണമീസ്യന്ദ
നം * മറുതലകളിരുപുറവുമടൽകരുതിനിന്നതി ന്മദ്ധ്യേമഹാരഥംനി
ർത്തിനാനച്യുതൻ * സുഹൃദനുജതനയഗുരുജനപിതൃപിതാമഹ ന്മാരെ
യുംയുദ്ധസന്നദ്ധരായ്ക്കണ്ടവൻ*ത്രിദശവരതനയനതി കരുണയൊടുചൊ
ല്ലിനാൻ തേർപിൻതിരിച്ചുവിടുത്തിനിർത്തീടുക * നിശിതതരവിശിഖ
ഗണമതുഗുരുവപുഷിഞാൻ നിഷ്ഠുരണനായ്പ്രയോഗിപ്പതെങ്ങോഹ
രേ! * ഹരവരദശിവഗിരിശദുരിതഹരശങ്കര ഹാഹാനിനച്ചതതിമോ
ഹമെത്രയും * ഗുരുവധമിതതിദുരിതമരുതരുതുമാധവ! കൂട്ടൊല്ലതേർ
പിൻതിരിക്കെന്നുഫൽഗുനൻ * അതികരുണമമരകുലവരനൊടുരചെ
യ്യുതാ നായുധംവച്ചുതേരിൽക്കിടന്നീടിനാൻ * ജഗദുദയഭരണപരിഹ
രണബഹുലീലയും ചെയ്താഴിയിൽപള്ളികൊള്ളുന്നനാഥനും * അലമ
ലമിതരുതരുതുചപലതകൾ നരപതികളാക്ഷേപമെചെയ്യുമില്ലകില്ലേ
തുമേ * അനുചിതമിതറികനൃപകുലമതിനുനല്ലതല്ലയ്യോനിനക്കുദുഷ്കീ

ത്തിയുണ്ടായ്വരും * ഫലമതിനുനരകമൊരുഗതി വരികയില്ലെടോ പാ
ർത്ഥിവന്മാർക്കുയുദ്ധം വെടിഞ്ഞീടിനാൽ *പരമപുരുഷനമതിനുപരിചൊ
ടരുളീടിനാൻ പാർത്ഥനദ്ധ്യാത്മമായുള്ളതെല്ലുരമെ * വിമലനജനഖി
ലജഗദധിപനഥ കാട്ടിനാൻ വിശ്വസിച്ചീടുവാൻ വിശ്വരൂപത്തെയും
* ത്രിഭുവനവുമസുരസുരമനുജഖഗമൃഗഭുജഗ ദനുജപശുമുഖബഹുലഭൂത
വൃത്താന്തവും * ബഹുചരണബഹുവദനബഹുലകരജാലവും വിസ്മയ
ത്തോടു കണ്ടീടിനാനർജ്ജുനൻ * ഭയമൊടവനതുപൊഴുതുതെരുതെരെ
നമസ്കരിച്ചു ഭയമരുളെന്നു കൂപ്പിസ്തുതിച്ചീടിനാൻ * കുരുകുലജഭയമൊഴി
കകരുസമരമാശു നീ കണ്ണനായീടൊലാ കണ്ടതെല്ലാമഹം * മധുമഥന
നമരവരസുതനൊടുപദേശമായ് മായാപ്രഭാവമതുനീങ്ങുംപ്രകാരമുടൻ
* ഉഴറിയരുളിനമൊഴികളുപനിഷത്താകയാലോതിനാർഗീതയെന്നാ
രാൽജ്ഞാനികൾ * അതുപൊഴുതു ചപലതകളഖിലമകലെക്കളഞ്ഞ
ർജ്ജുനൻ പോരിനായ് വില്ലെടുത്തീടിനാൻ *അഥ കലഹമതിഭയദമരുതു
മമ ചൊല്ലുവാ നമ്പുകൊണ്ടേ മറച്ചീടിനാനംബരം * അഥവിജയനതു
പൊഴുതുശരയുഗളവും തൊട്ടു ത്താചാര്യപാദാഭിവാദ്യം പ്രയോഗിച്ചാൻ
*കരികളൊടു കരികളഥ രഥികളൊടു രഥികളും കാലാൾക്കു കാലാളുമശ്വ
ത്തിന്നശ്വവും *നിജസദൃശബലസഹിതജനഘടന ചേതസാ നീതി
യോടേറ്റുപൊരുന്നതാലോകിത്തും *ഗഗനമതിലമരവർ വിരവൊടു നിറ
ഞ്ഞു തേ ഗന്ധർവ്വസിദ്ധവിദ്യാധരൗഘാദിയും* നരപതികളെതിർപൊരു
തു തെരുതെര മരിക്കയും നാകനാരീജനം വന്നുവരിക്കയും *നരതുരഗതതി
രുധിരനദികളിലൊലിക്കയും നാരദൻ കണ്ടുകൊണ്ടാടിച്ചിരിക്കയും *ഖഗ
നിവഹമഥരുധിരജലമതുകുടിക്കയും കണ്ടശവം പിശാചാളിഭുജിക്കയും*
കനമകലുമതുകരുതി വസുമതി ഹസിക്കയും കാണികൾ നാരായണനെതിജ
പിക്കയും *ഘനഗളിതജലസദൃശശരനിരപൊഴിക്കയും ഖഡ്ഗപാതം
ചതുരന്മാർ കഴിക്കയും *നിശിതതരവിശിഖഭയപരവശമൊളിക്കയും നി
ർഭയന്മാരതു കണ്ടു പഴിക്കയും *കരവിഗളദരികളരിഗളതലമറുക്കയും കണ്ഠം
മുറിഞ്ഞു തലകൾ തെറിക്കയും* ചപലതരമതിചതുരവരഗുണമറുക്കയും
ചാതുര്യമോടു ചാപങ്ങൾ മുറിക്കയും* ചപലകളൊടുപമതകുമസിലതക
ളെല്ലുക്കയും ചാപല്യമുള്ളവർ കണ്ടുവിറയ്ക്കയും സമരരസമതികൾ നിജസമ
രൊടുമറുക്കയും സാവജ്ഞമേഹീതി ചെന്നുവിളിക്കയും *രണകരണനിപു
ണതരമപകരുണമാക്കയും രേണുകാപുത്രശിഷ്യൻ പ്രമോദിക്കയും *മധുമ
ഥനവദനനളിനം വികസിക്കയും മാനം നടിച്ചവർ ദേഹം ത്യജിക്കയും
രണമരണഭയരഹിതമതികളെതിർക്കയും രാജവൃന്ദം ചോരകണ്ടു മദിക്ക
യും * സമരഭുവിവിമുഖഭടരെപ്പരിഹസിക്കയും സംയുഗകാമികളട്ടഹ
സിക്കയും *ദനുജസുരസമരമതിനോടുപമിക്കയും ദ്വന്ദ്വയുദ്ധം കണ്ടവർ
വിവാദിക്കയും * ശമനഭടവരനിവഹമേറെശ്രമിക്കയും ശന്തനു
ജൻ ധനുസ്സേററം നമിക്കയും * വിബുധയുവതികൾ നരന്മാരെ ഭ്രമിക്ക
യും വീതശോകം കൌതുകേന രമിക്കയും * ശരണമിഹ കിമിതി ചിലർ
പലവഴി തിരിക്കയും ശന്തനുപുത്രൻ ബലൌഘം ഭരിക്കയും * കരിക

ളൊട്ടുപവനസുതനുടനുടനടുക്കയും കൈക്കിതമെഴുംപരിചുമുഷ്ടിനൊ
ടടിക്കയും * കടമുടയുമടവടികൾകഠിനതരമേല്ക്കയും ഘണ്ടാരവേണ
പിടഞ്ഞുകിടക്കയും * കലശഭവനതിനുശരതതികൾവരിഷിക്കയും
കൌതുഹലേനംബടോല്ക്കചനാക്കയും * ത്രിദശപതിസുതനുമഥശരനി
രപൊഴിക്കയും ചെമ്മേഭയത്തൊടരിവാഹിനിയൊഴിക്കയും * നദി
മകനുമതിനുഴറിവിജയനൊടെതിക്കയും നല്ലധമ്മാത്മജൻ ശല്യരൊടടു
ക്കയും * പെരിയരഥമതിൽവിരവൊടേറിവന്നുത്തരൻ പിന്നിട്ടുധമ്മ
ജനെമുൽപ്പുക്കെതിത്തതിനു * മദസലിലമൊഴുകിനൊരുകരിമുതുകി
ലേറിനാൻ മാദ്രേശനായുള്ളശല്യർമഹാരഥൻ * കൊലകരുതിയ
വരിരുവർപൊരുതളവുശല്യരും കൊന്നീടിനാനുത്തരൻതന്നെയന്നേ
രം * ദിവസകരനൊളിവിനൊടുജലധിയിൽമറഞ്ഞുതേ ദിക്കെങ്ങു
മെല്ലാമിരുട്ടുംനിറഞ്ഞുതേ * പകലറുതിവരുമളവുപടയുംതിരിഞ്ഞുതേ
പാണ്ഡവന്മാക്കുസന്തോഷംകുറഞ്ഞുതേ * പരമപുരുഷനെ
യുമകമലരിലാക്കിക്കൊണ്ടു പാത്ഥിവന്മാർ ചെന്നുകൈനിലയുംപുക്കാർ
* അപരദിനമുഷസികുരുനരപതികൾപോരിനായാത്തുപുക്കീടിനാർ
പോക്കളംതന്നിലെ * കഠിനതരമനിലസുതനൊടുപൊരുതുനിന്നുടൻ
കാലനൂർപുക്കാർകലിംഗാത്മജന്മാരും * ശരനികരമതുപൊഴുതുപെരു
മഴസമാനമായ് ശന്തനുനന്ദനൻതൂകിത്തുടങ്ങിനാൻ * അദിതിസു
തവരതനയനതിനുസമമെയ്യുടൻ അത്ഭുതാകാരമായ്വന്നിതുയുദ്ധവും * ക
തിരവനുമതുപൊഴുതു ചരമഗിരിമുകളിലായ്ക്കണ്ടുനിന്നീടിനോരും നട
ന്നീടിനാർ * ഉദയഗിരിമുകളിലഥദിവസപതിവന്നപോതുക്കള്ളമ
ന്നവർമൂന്നാംദിവസവും * സമരഭുവിസരഭസമൊടടൽകരുതിവന്നു
ടൻ സന്നാഹമോടുനിലവിളിച്ചീടിനാർ * ജലദനിറമുടയയദുകുലജ
നഖിലേശ്വരൻ ജന്മാദിഹീനൻജനാർദ്ദനൻമാധവൻ * ജനിമരണ
ഭയഹരണനിപുണചരണാംബുജൻ ജംഗമാജംഗമാചാര്യൻജഗന്മയൻ
* അധികസിതതുരഗയുതരഥമതിലലങ്കരി ച്ചാധിതേയാധിപപുത്ര
നുംതാനുമായ് *അരികൾകുലമറുതിപെടുമതിനതിരുഷാമൂതിന്നാത്ത
തിത്തീടിനാൻഭീഷ്മരോടപ്പൊഴെ *കലഹമതിനുപമപറവതിനരിമയു
ണ്ടെടോ കാലനൂർപുക്കാരനേകംപെടജ്ജനം*ഭയമൊടുരുപരവശതപെ
രുകിയിരുപുറവുമൊരു പാച്ചിൽതുടങ്ങീതിളകിപെരുമ്പട * മറുതല
യുമടൽനിലവുമറിയരുതുപൊടിപെരുകി .മണ്ടുന്നിതോരോജനങ്ങളോ
രോവഴി * പടയിളകിയതുകരുതിവിരവൊടുസുയോധനൻ പാഞ്ഞടു
ക്കുന്നതുകണ്ടിട്ടുഭീമനും * ഗിരിമുകളിൽമഴപൊഴിയുമതിനുസമമെ
യ്യെയ്തുകീറിശരീരംധൃതരാഷ്ട്രപുത്രനും * ഉപരിചരമകൾമകനുമകനു
മകനായവന്നുക്കുള്ളഭീഷ്മരോടത്തൽചൊല്ലീടിനാൻ * കടുകതിനുകടുതല
രൊടടൽകരുതിഭീഷ്മരും കൌന്തേയസൈന്യവുമോടിഭയത്തിനാൽ
* ബലസഹജനമരവരതനയനൊടുചൊല്ലിനാൻ വൻപടകെട്ടുമണ്ടു
ന്നതുകാൺകെടോ! * ത്രിജഗദധിപതിവചനനിശമനദശാന്തരേ വീ
രൻധനഞ്ജയൻ ബാണങ്ങൾതൂകിനാൻ * ത്രിദശപതിസുതകൃതശര

പ്രയോഗംകണ്ടു ദിവ്യൻനദീസുതൻവിസ്മയംതേടിനാൻ * പരിഭവമൊടമിതകരബലമൊടുപിതാമഹൻ പാർത്ഥനെക്കണ്ടെതിർത്താർത്തട്ടത്തീടിനാൻ * അമരവരതനയനെയുമമരവരസഹജനെയു മമ്പിനാൽമൂടിനാൻവൻപനാംഭീഷ്മരും * കമലദലനയനമൃദുവപുഷിശരമേററതു കണ്ടിട്ടുകോപംമുഴുത്തിതുപാർത്ഥനും * വിബുധപതിസുതനതിനുവിരവിനൊടുഭീഷ്മർതൻ വിൽമുറിച്ചീടിനനേരത്തുഭീഷ്മരും * വിഗതഭയമപരമൊരുവില്ലെടുത്തീടിനാൻ വീരനാംപാർത്ഥനതുംമുറിച്ചീടിനാൻ * വിവശതയിലതിശമൊടു വിരവൊടുപിതാമഹൻ വീണ്ടുമറെറാന്നുകൈക്കൊണ്ടുചൊല്ലീടിനാൻ * വിജയതവ സമരചതുരതപെരികെനന്നെടോവിസ്മയം വീരാ വിചിത്രംതൊഴിലുകൾ * ചരതമൊടുപൊരുവതിനുവരികവരികാശ്ശുനീ ചാകാത്തനാളല്ലഞാനുംപിറന്നതു * കുരുകുലജവരരവർകളിരുവരുമടുത്തുടൻ ക്രൂരമ്പുകോരിച്ചൊരിഞ്ഞുതുടങ്ങിനാർ * രഘുപതിയുമമരരിപുദശമുഖനുമുള്ളപോരന്നു കാണാതവർകണ്ടോരതുപോലെ * തുമുലതരരണരണിതഹൃദയമൊടുകാണികൾ തുല്യമതിനുമററില്ലൊരുപോരെന്നാർ * ഉടലിലൊഴുകിനരുധിരജലമൊടവർതങ്ങളിലു ണ്ടായയുദ്ധകോലാഹലംചൊല്ലുവാൻ * അരുതരുതുപുനരദിതിവരതനയനന്ദന നാലസ്യമുണ്ടായിതേററം മുറികയാൽ * നിജസചിവനുടലിൽമുറിവിടരിനൊടുകാൺകയാൽ നിർത്തിനാൻതേരെടുത്തീടിനാൻചക്രവും * മധുമഥനനണയവരുമളമൃദവപ്രതൻ മന്ദസ്മിതംചെയ്തുനിന്നുചൊല്ലീടിനാൻ * കമലദലനയനമധുമഥനകരുണാനിധേ! കാളമേഘാഭിരാമാകൃതേ!ശ്രീപതേ! * ജനിമരണഭയഹരണനിപുണകരചരണ യുഗജന്തുക്കൾജീവനമായജഗൽപതേ! * നളിനശരശമനകരനളിനഭവനമിതപദനാരായണ! ഹരേനാരായണ!ഹരേ * സലിലനിധിദുഹിതൃവരസകലജഗദവനാപരസച്ചിൽസ്വരൂപപ്രഭോ! നാഥഗോപതേ! * നിഗമമയസദനവിധുവദനകരുണാനിധേ നിന്നുടെകൈകൊണ്ടുകൊന്നരുളെന്നെന്നീ * മമമനസിനിയതമഭിലഷിതമിതുമാധവാ! മറെറന്തുപിന്നെ വരേണ്ടതെനിക്കഹോ! * മധുരതരവചനമൊടുകുരുകുലജനിങ്ങനെ മാനിച്ചുചൊന്നതുനേരത്തുപാർത്ഥനും * അരുതരുതിതൊഴികൊഴികകരുതുകൊരു സത്യമുണ്ടാനന്ദമൂർത്തേ!മറന്നിതോമാനസേ * വിജയനയവചനമതുവിമലനസുരാരിയാം വിശ്വൈകനായകൻകേട്ടടങ്ങീടിനാൻ * ഖരകിരണനൊളിവിനൊടുകടലിൽമുഴുകീടിനാൻ കൈനിലപുക്കീടിനാർമഹീപാലരും * കലഹരസമകതളിരിൽനിറയുമരിവീരരും കണ്ടെതിർത്താർതമ്മിൽനാലാംദിവസവും ദ്രുപദസുതനൊടുപൊരുതുനിന്നശല്യാനുജൻതേർകളഞ്ഞാനതിന്നാശ്ശുധൃഷ്ടദ്യുമ്നൻ * കുപിതനതിചതുരനവനൊടുപൊരുതടുത്തുടൻ കൊന്നിതുശല്യാനുജൻതന്നെയന്നേരം * വൃഥയുമൊരുപരിഭവവുമകതളിരിൽവാച്ചുയാൽ വീരനാംശല്യരടുത്തുപടയുമായ് * കരതളിരിലൊരുഗദയുമഴകിനൊടെടുത്തുടൻ കാററിന്മകനുമടുത്താൻകടൽപോലെ * കടമുടയ

വടിവിനൊട്ടു കഠിനമൊടടിച്ചുടൻ കാലപുരത്തിനയച്ചാൻ കരികളെ - *
പടനടുവിലലറിനൊരുപവനതനയൻതന്നെ ക്കുററവർകണ്ടുപേടിച്ചക
ന്നീടിനാർ * കുരുനൃപതിവരതനയനവരജന്മാരുമായ് കൂററനെപ്പോ
ലെയടുത്താനതുനേരം * ബലമുടയപവനസുതനതിനുരതമേറിനാൻ
പെയ്തുതുടങ്ങിനാൻബാണഗണമവൻ * കൊട്ടുമയൊട്ടുപൊരുതുകുരു
നൃപതിസഹജന്മാരെ ക്കൊന്നാൻപതിമൂന്നുപേരെയുംമാരുതി * നരതു
രഗകരിരഥികൾനാശങ്ങൾകണ്ടിട്ടു നാഥൻഭഗദത്തനെയ്തടുത്തീടി
നാൻ * പവനസുതവപുഷിശിതശരനിരകൾകൊണ്ടതുപാർത്തുഘടോ
ല്ക്കചനാർത്തടുത്തീടിനാൻ * മറുതലകൾനടുവിലടൽപൊരുവതിനുപു
ക്കവെ മായകൾകൊണ്ടുപോർചെയ്തടുത്തീടിനാർ * പരവശതയൊടുപ
ടയുമിളകിനടകൊണ്ടതോപാർത്ഥിവേന്ദ്രൻഭഗദത്തനുമോടിനാൻ * മുസ
ലധരകരികൾപലപട്ടുപോയീതുടൻ മുഴ്പ്പെട്ടുവാങ്ങീസുയോധനസൈ
ന്യവും *സുഹൃജ്ജനസഹിതയമതനയനുംസൈന്യവും സൂര്യൻമറ ത്തം
റെക്കൈനിലയുംപുക്കാർ * അപജയവുമനുജജനമരണവുംചൊല്ലിനാ
നാർത്തനായ് ഭീഷ്മരോടന്നുസുയോധനൻ * നദിമകനുമതിനുകുരുനൃപ
തിയൊടുചൊല്ലിനാൻ നന്നാകയില്ലപടനമുക്കെന്നുമേ * സകലജഗദ
വനകരനവനിഭരനാശനൻ സാക്ഷാൽജ്ജഗന്മയനായനാരായണൻ *
പകലിരവുതുണയരികിലുണ്ടുസുയോധനാ! പാണ്ഡവന്മാർക്കുജയംവരു
നിർണ്ണയം * വരദനജനഖിലജനഹൃദിമരുവുമീശ്വരൻ വാസുദേവൻത
ന്നെവന്ദിക്കനീതാനും * യമതനയനവനിയൊരുപാതിയുംനൽകിനീ
ചെമ്മേസുഖിച്ചുവസിക്കപിണങ്ങാതെ * അനുനയമൊടശ്രുഭ്രുഭമറിവ
തിനുചൊന്നപോതാദിത്യദേവനുദിച്ചാനതുനേരം * പലമലകളൊരു
മയൊടു മലകളൊടുപൊരുവതിനു പാഞ്ഞടുക്കുംവണ്ണമേററിതെല്ലാംദി
നം * പരമഗുരുചരിതനഥരഥമതുനടത്തിനാൻപാർത്ഥനുംഭീഷ്മരോടെ
യ്തടുത്തീടിനാൻ * മുസലധരപരിഘവരപരശുമുഖമായുധം പാർത്ഥി
വന്മാരുടൻതൂകിത്തുടങ്ങിനാർ * പരനിവഹശമനകരനമരവരനന്ദ
നൻ ദൈവാസ്ത്രംപ്രയോഗിച്ചിതുഭീഷ്മരെ * പരശുധരനൊടുപൊരു
തുജയമതുലഭിച്ചവൻ പ്രത്യസ്ത്രമെയ്തടുത്തുനിന്നീടിനാൻ * പടനടു
വിലൊരുരുധിരനദിയുമൊഴുകീതദാ പെട്ടിതുസാത്യകിക്കാത്മജന്മാർപ
ത്തും * പുരുഷവരനധികരഥനായഭൂരിശ്രവാ പുത്രഗണത്തെവധിക്ക
യാൽസാത്യകി * കനൽചിതറുമണിമിഴിയൊടെതിർപൊരുതടുത്തുടൻ
കാണായശത്രുക്കളെയൊടുക്കീടിനാൻ * കരിതുരഗനരരഥികളിരുപുറ
വുമേററവും കാലരാജ്യംഗമിച്ചാർപിണങ്ങീതുലോം * അരുണനലക
ടൽനടുവിലരചരഥകൈനിലയിലഴകിനൊടു പുക്കാർപുലർന്നിതാററാംദി
നം * കൃതികളതിൽമികവിയലുമരിയഗംഗാസുതൻ ക്രൌഞ്ചമാംവ്യൂ
ഹംചമച്ചുനിന്നീടിനാൻ * കൃതികളകമതിൽമരുവുമഖിലജഗദീശ
നാം കൃഷ്ണനുംപാർത്ഥനുംതേരിലേറിടിനാർ * അരചർകുലമവരവർക
ളെതിർപൊരുതുതമ്മിലേ ററന്തകൻവീടുപുക്കാരനേകംജനം * ദ്രുപദ

സുതനതിചതുരനായധൃഷ്ടദ്യുമ്നൻ മോഹിച്ചിതേററവുംമോഹാസ്ത്ര
മേൽക്കയാൽ * ഗുരുവരനമററനൊടെതിർപൊരുതുതേരുംവില്ലും
കൂടെക്കളഞ്ഞെയ്തുടർന്നുചെന്നീടിനാൻ * കുരുപതിയുമതുപൊഴുതുപല
രൊട്ടുംചൊല്ലിനാൻ കുന്തീസുതനായഭീമനെക്കൊല്ലുവാൻ * ഉഴറുകി
ന്നിവിരവിനൊട്ടുകളയരുതുകാലമെന്നുകോട്ടുടർന്നുകുരുപ്രവരന്മാരും *
ദ്രുപദനൃപദുഹിതൃവരസുരവരകേകയ ദ്രുപദമുഖരഥികൾതുണചെന്നി
തുഭീമനും * ദ്രുതതരമൊടധിനികടമടർപൊരുതനന്തരം ദ്രോണാദികള
മൊഴിച്ചുവാങ്ങീടിനാർ * കുടകൊടികളടലിടയിലിടരൊട്ടുപൊടിച്ചു
ടൻ കൂടെത്തുടർന്നിട്ടത്തീടിനാൻഭീമനും * ചെകിടടയുമളവലറുമനിലസു
തഭീതിയാൽ ചെന്നവർകൈനിലപുക്കിരുന്നീടിനാർ * മറുതലകൾ
തോല്പതിന്നേഴാംദിവസവും മണ്ഡലവ്യൂഹംചമച്ചിതുഭീഷ്മരും * വരികി
ലിളകരുതുപടയെന്നുറപ്പിച്ചുടൻ വജ്രമാംവ്യൂഹവും വജ്രധരാത്മജൻ *
സലിലധരനികരമടമഴപൊഴിയുമവ്വണ്ണം സായകപങ്ക്തികൾതൂകി
ത്തുടങ്ങിനാർ * ഉടനുടരഗളചരണമുഖമവയവങ്ങള റുകൊണ്ടുചോര
യൊലിക്കുന്നപിന്നെയും *രഥനികരതുരഗവരനരകരികൾചാകയും ര
ക്ഷോവരപ്രേതഭൂതങ്ങളാക്കയും * രുധിരനദിപലവഴിയുമുടനുടനൊലി
ക്കയും ഭൂക്ഷതയുള്ളവർപാഞ്ഞങ്ങടുക്കയും * നരപതികൾചിലരധിക
ഭയമൊട്ടുതിരിക്കയും നാരദൻതുംബുരുസാകംചിരിക്കയും * കലശഭ
വനിശിതതരവിശിഖഗണമേല്ക്കയാൽ ഖണ്ഡമായ്പുന്നവിരാടനുചാപ
വും * ശരശകലരഥതുരഗതാതനെക്കണ്ടാശ്രുശംഖനും ദ്രോണരോ
ടേററാനതുരനും * നിമിഷമെട്ടുശമനപുരിനിലയനവുമാക്കിനാൻ
നിന്നഭരദ്വാജപുത്രൻഗുരുവരൻ * സഭയതരഹൃദയമഥവാങ്ങിവിരാ
ടനും * സവ്യസാചിക്കെതിർചെന്നുഭഗദത്തൻ * മഹിതഗുണമുടയ
യമസുതനൊട്ടുസുയോധനൻ മാദ്രനുംമാദ്രീതനയനുംതമ്മിലും * അ
സുരസുരസമരസമമെന്നേപറയാവിതസ്തമിച്ചീടിനാനാദിത്യദേവനും *
ഹരിസഖിഹരിഹയജനരിയരഥമേറിനാനരിമയൊട്ടു പോരിനാ
യെട്ടാംദിവസവും * പവനസുതനൊട്ടുപൊരുതു ചത്താരൊരേഴു
പേർ പാപികളായസുയോധനതമ്പിമാർ * പരുഷമൊട്ടുപലവ
ചനമതിനുദുര്യോധനൻ പാഞ്ചുദേവവ്രതൻതന്നോടുചൊല്ലിനാൻ
* വിധിവിഹിതമിതുകരുതുകളകഴൽസുയോധനാ! വീരർമരിക്കുന്ന
തിന്നുശോകിക്കൊലാ * നിശിചരരിലരചനതിബലമെഴുമലംബു
സൻനിന്നുപടകൊന്നൊടുക്കുന്നതുകണ്ടു * വിബുധപതിസുതതനയ
നെയ്തെയ്തുടർന്നു വിത്രസ്തനായവനംബരമേറിനാൻ * പുനരസുര
നൊരുപനവരൊടടുത്തീടിനാൻ പോരിലവൻതന്നെക്കൊന്നാനി
രാവാനും * ഭേരിനപരിഭയമിയലുമസുരകളസംഖ്യമായാശീവിഷങ്ങ
ളായ്ക്കണായ മായയാ * സുരവരസുതനമഥനിന്നുവിഷണ്ണനായ് സൂ
ക്ഷിച്ചുമായമറപൊട്ടിരാവാനും * ഭേത്തുപൊഴുതുഗരുഡനുടൻപൂണ്ടുസ
ഞ്ഞാംള ഘടോൽക്കചവരമാറവൻകേഴിച്ചുൻ * അവനെയവരത്തു
പൊഴുതുമായയാക്കൊന്നുപോ താഞ്ഞുദുര്യോധനനാദികളൊക്കവെ *

പവനസുതതനയനഥപവനസമവേഗേനപററലൊച്ചകേട്ട ററട്ടത്തി
ടിനാൻ * ഭ്രമണകരപരിഘമൊട്ടുവീരൻഘടോൽക്കചൻ ഭ്രാതാവിനെ
ക്കൊലചെയ്യാതകാരണം * ഇടിയൊടെതിരിട്ടമടവുപൊട്ടുപൊടല
റീടിനാനിന്ദ്രാത്മജാഗ്രജൻതാനുമവ്വണ്ണമെ * പവനജനുമവരജനു
മൊരുമയൊടടുത്തുടൻ പററലർക്കൂട്ടമൊട്ടുക്കിത്തുടങ്ങിനാർ * നദിമ
കനുമതിനുഭഗദത്തനോ ടേകിനാൻനന്നായടുത്താനുടൻഭഗദത്തനും *
നിജതനയമരണമതുകേട്ടുദുഃഖത്തോടെ നിന്നധനഞ്ജയൻകോപിച്ചുട്ട
ത്താപ്പോൾ * കുരുകുലവുമുരുഭയമൊട്ടുഴറിനടകൊണ്ടുടപായ് കൂട്ടമേ
കൈനിലപുക്കിരുന്നീടിനാർ * ദിവസകരനുദയമതുകണ്ടപോതൊ
മ്പതാം ദിവസവുമണഞ്ഞുപോർചെയ്യത്തുടങ്ങിനാർ * പിതൃരധിക
നധികബലമുള്ളസൌഭദ്രനും പേടിച്ചലംബുസനോട്ടവാളമെയ്താൻ
* ഗുരുവിനൊട്ടഗുണസദൃശനായകിരീടിയും കുംഭികളോട്ടവൃകോദര
വീരനും * ശമനതനയനുമമിതബലമുടയശല്യരും ശക്തിയേറീടുംമ
ഹാരഥർതമ്മിലും * പൊരുതളവുനാലുരഗകരികളിരുഭാഗവും പോ
രിൽമരിച്ചാരസംഖ്യമാരക്ഷണാൽ * രുധിരമയനദികൾപലവഴിയു
മൊഴുകീതദാ രോഷംമുഴുത്തതിഘോരമായീരണം * വിജയരഥമതു
പൊഴുതുവിഗതഭയമച്യുതൻ വീരനാംഭീഷ്മനേരേനടത്തിനാൻ *
സലിലധരനികരമടമഴപൊഴിയുമവ്വണ്ണംസായകൌഘം പ്രയോഗിച്ചാ
രിരുവരും * നദിമകനുമതുപൊഴുതുചെറുതുകോപിക്കയാൽ നാരാ
യണനുംനരനുമമററുശരം * ത്രിദശപതിസുതനുമഥവിൽമുറിച്ചീടിനാൻ
വീരനാംഭീഷ്മർമറെറാന്നെടുത്തീടിനാൻ * കമലദലനയനസഖിയായ
ധനഞ്ജയൻഖണ്ഡിച്ചിതമ്പുകൊണ്ടതുതന്നെയും * വിരവിനൊടു
പുനരപരമൊരുധനുരനന്തരംവീരനാംഭീഷ്മർകൈക്കൊണ്ടെടുത്തീടിനാ
ൻ * ശരനികരപരിപതനശകലിതശരീരനായ് ശക്രാത്മജനുംതള
ന്നിടർപൂണ്ടതേ * സമരഭുവിരഥമപിചനിർത്തിനാരായണൻ ചക്രം
തിരിച്ചെടുക്കുന്നതുകാണായി * ജയപരമപുരുഷജയജയസകലഭുവന
മയ ജന്മനാശങ്ങളില്ലാതജഗൽപ്രഭോ! * ജയകമലദലനയനജയക
മലഭവസദന ജാഗ്രൽഭ്രമപ്രദപ്രാണിജീവാത്മക! * ജയകമലവദനജ
യജയവരദകമലവര ജാഡ്യപ്രണാശനത്രാഹിമാംത്രാഹിമാം * ജയ
വിബുധമുനിനമിതജയഗിരിശനതചരണ ജാത്യാഭിമാനാദിഹീനപ്ര
ഭോനിധേ * ജയസകലസൽഗുണമയജയവിഗുണവിമലജയജന്തുധർമ്മ
പ്രിയശ്രീപതേ! ഗോപതേ! * ജയഗിരിശനമിതപദജയസകല
തനുഭവന ജന്തുവൃന്ദരക്ഷത്രവേദവേദാന്തഗ * ക്ഷിതിവിബുധജനഹൃ
ദയനിലയനനമോസ്തുതേ കീർത്തനധ്യാനമാത്യന്തികംദേഹിമേ * ജ
യവിജയരഥനിലയപരഗതിവരുത്തുവാൻ ചെമ്മേമുതിർന്നതിനേതുംമ
ടിക്കൊലാ * വരികവരികയിനിമമമരണഭയമില്ലമേ വാസുദേവാജയി
ക്കെന്നുഭീഷ്മരും * നിജസമയവചനമതിനന്തരംചെയ്കിലും നിശ്ച
യംഭക്തസത്യത്തെരക്ഷിക്കുമേ * അപടുതയൊടടൽനടുവിലിടരൊടുധ
നഞ്ജയൻ അച്യുതനോടുസത്യത്തെരക്ഷിക്കെന്നാൻ * കെട്ടുപടയൊ

ടിടമൊടഴൽപൂണ്ടുകുന്തീസുതൻ ഘടിച്ചുകൈനിലപുക്കിരുന്നീടിനാൻ * ശമനസുതനമരവരതനയനൊടുചൊല്ലിനാൻ ശാന്തനവാദികളെജ്ജയിപ്പാൻപണി * വയമവനിവരുവതിനുകൊതിയൊഴികകാനനം വാഴ്കവസുദേവപുത്രനെന്താവതും * യുധിമരണമൊഴികവനമഴകിനൊടുപൂകനാം യോഗംധരിച്ചുഗതിവരുത്തീടുവാൻ * ഇതി ശമനന്ദവിവിധ നയവചനമാശുകേട്ടിന്ദിരാവല്ലഭൻതാനുമരുൾചെയ്തു * അമരകുലവരവസുഗണാധിപന്മാരുടെ അംശമായുത്ഭവിച്ചുണ്ടായഭീഷ്മരെ * അമരിലരുതസുരസുരനികരമൊരുമിക്കിലുമാർക്കും ജയിക്കരുതെന്നറിമന്നവ! * പരശുധരനരചർകുലമടയെവെന്നീടുവോൻപണ്ടേതിത്തന്നതോററാനറിഞ്ഞീലയോ? * വിബുധനദിയുടെതനയനടിമലരിണയ്ക്കൽനീ വീഴ്കയുധിഷ്ഠിര!വേണംജയമെങ്കിൽ * കരബലമൊടവനൊടെതിർപൊരുതുജയമാക്കമേ കാലാത്മജ!ലഭിപ്പാൻപണിതേറുനീ * ത്രിപുരഹരസുരദിതിജജനവുമൊരുമിച്ചുടൻ ധീരതയോടെതിർത്താലുംജയംവരാ * ശരണമിഹചരണതലസരസിരുഹമെന്നിയേ ശന്തനുജനെച്ചെന്നുവന്ദിക്കവൈകാതെ * മധുരതരമധുമഥനവചനമതുകേട്ടുടൻ മഹിതഗുണഗണമുടയ പിതൃപതിജനാദരാൽ * സുഹൃദനുജസഹിതനടിമലരിണവണങ്ങിനാൻ സുഹൃദധിപനമരനദിസുതനരുളിച്ചെയ്താൻ * നരകഹരദുരിതഹരമുരമഥനമധുമഥനനാരദസേവിതനാരായണഹരേ! * നിഗമമയനിഖിലജഗദവനഹൃദിസംഭവേ! നിഷ്കള! നിർഗ്ഗുണ!നിശ്ചല!നിർമ്മല! * നിരതിശയനിരുപമനിരഞ്ജനനിരാധാര! നിത്യനിരാമയ!നീരജലോചന! * നിയമപരജനഹൃദയനിലയനനമോസ്തുതേ നീചജനാന്തകനീതിസ്ഥിതികരാ! * നിഖിലനിശിചരനിവഹശമനപരദൈവമേ! നീരദവർണ്ണ!നിരുപമ! നിർമ്മല! * നിവസമമഹൃദിസതതമിതിനുതൊഴുതീടിനേൻ നീളാകുചാഭോഗമേളാഭരണമേ * നിജചരണനളിനനതജനസുഖപരായണ നിത്യംനമോസ്തുതേനിത്യം നമോസ്തുതേ * പിതൃപതിജപവനസുതവിബുധപതിസുതനകുലവീര ശാസ്ത്രാർത്ഥസിദ്ധാന്തസഹദേവ * വരികവരികരികിലിനിവരുവതിനുകർമ്മമോവാസുദേവൻ നിയോഗിക്കിലേയുള്ളുതേ * ഭവതുസുഖമപിചയുധിവരികഭവതാംജയം പാർത്ഥാദികളേ!സുഖമല്ലിയെല്ലാർക്കും * നിശിതമസിരസേതരമിവിടെവരുവാനഹോ സന്താപമേതാനുമുണ്ടാകയല്ലല്ലീ! * നദിതനയനയവചനനിശമനദശാന്തരേ വന്ദിച്ചുജാതശത്രുക്ഷിതീശൻചൊന്നാൻ * ഗുരുനിവഹകരുണയൊടുകുരുകുലമൊടുക്കിഞാൻ കൂടലർകാലനായ്നാടുവാണീടുവാൻ * കൊതിമനസിപെരുതുമമതിരുമനമതിന്നിനി കൂടെത്തുണയ്ക്കിലേവന്നുകൂട്ടുദേഢം * തരികമമവരമതിനുശരണമരുണാംഘ്രിതേ സന്തതമെന്നുകുന്തീസുതൻചൊല്ലിനാൻ * അലമലമിതരിനെല്ലുകളകയിവിഷാദവും അശ്രുനിങ്ങൾക്കുജയംവരുംനിർണ്ണയം * ശ്രുണുശമനതനയപുനരതിനൊരുപദേശവും ശൂരനാമർജ്ജുനനാവതില്ലേതുമേ * ദ്രുപദനരവരതനയനായശിഖണ്ഡിയെ ത്തുമയോടർജ്ജുനനെ

ന്നോടെതിക്കുമ്പോൾ * പൊരുവതിനുമമനികടഭുവിലുടിതിനിത്തുവിൻ പോക്കളത്തനിൽഞാൻനാളെവീണീട്ടവൻ * മമനിധനമതിനുവിധി വിഹതമിതുനിണ്ണയം മാനിനിയാകിയോരംബാനിമയാഗത്താൽ * ഭയ മൊഴികഭവതുഭവതാംജയംഭാഗ്യവും ഭാഗീരഥീസുതൻപാത്ഥനോടി ങ്ങിനെ * പരിചിനൊട്ടനിജനിധനമതിനൊരുനിദാനവും നീതിയും ചൊല്ലിയനുഗ്രഹംനല്കിനാൻ * യമനിയമമുടയയമതനയനുമന ന്തരം യാദവവീരനെവന്ദിച്ചുചൊല്ലിനാൻ * പ്രണയതരഹൃദയമൊട്ട മരുവിനപിതാമഹൻ പ്രാണൻകളയാതമാബാണങ്ങളെയ്യുമോ! * ഫല മതിനുദുരിതചയമരുതരുതുമാധവ! പത്മനാഭാ! ജഗന്നായക! ചൊല്ലുനീ * ദുരിതഭവനരകമതിനില്ലെടോധമ്മജ! തോന്നീലയോരാജധമ്മ ങ്ങളൊന്നുമേ * നൃപതികുലവിഹിതബഹുവിധവിമലകമ്മവും നീതി യുംകൃഷ്ണനരുൾചെയ്തനന്തരം * വിദയമപിവിഭയമഥവിജയമുഖഭൂപ രും വീരരോടെതിത്തിതുപത്താംദിവസവും * കുരുനൃപതിസുതനഖിലബ ലപതിസുയോധനൻ കൂടിയസൈന്യവുമൊത്തൊരുമിച്ചുടൻ * കുരുകു ലജനമിതബലനരികൾകുലകാലനാം ഗുണനിലയനായഭീഷ്മക്കുതുണ ച്ചിതു * ബലരുമൊരുമയൊട്ടമഥപാണ്ഡവന്മാർകളും പാരമെട്ടത്തുപൊ രുതുതുടങ്ങിനാർ * പരശുശരപരിഘവരമുസലകന്തങ്ങളും പാത്ഥിവ ന്മാരസ്ത്രശസ്ത്രപ്രയോഗവും * പട്ടനിനദപടഹമുഖഝടഝടനിനാദ വും പാരിൽകിളൻപൊങ്ങീട്ടന്നധൂളിയും * കരിതുരഗരഥനികരബഹു വിധനിനാദവും കാണികൾകണ്ടുകൊണ്ടാടുന്നനാദവും * കമലഭവമു ഖവിബുധജയജയനിനാദവും കാററടിക്കുംകൊടിക്കൂറകൾനാദവും * രു ധിരയുതപലലമതുഭക്ഷിച്ചുരാക്ഷസരുച്ചത്തിൽനിന്നലറീട്ടന്നനാദവും * പ്രേതഭൂതാദിപിശാചങ്ങളാത്തിട്ടു പേടിയാകുംവണ്ണമുള്ളനിനാദവും * ത്രിദശവരതനുജകുലമുഖകുതുകനാദവും സിംഹനാദങ്ങളുംഞാണൊലി നാദവും * തിറമൊടെതിരിട്ടമരിയരഥികൾഗുണനാദവും തേരുരുൾനാ ദവുമാനകൾനാദവും * പരിഭവമൊടരിനികരമലറിനനിനാദവും പാ രംകേതിക്കുംകുതിരകൾനാദവും * തുമുലതരരണജനിതയേകരനിനാദ വും തുംബുരുനാരദഗീതപ്രയോഗവും * അമരവരതനയകരഗൗരദരനി നാദവും അംബരചാരികൾവാദ്യനിനാദവും * കഠിനതരമനിലസുതന ലറിനനിനാദവും കംബുനാദങ്ങളുംദുന്ദുഭിനാദവും * കമലഭവതനയമു നിവീണാനിനാദവും കമ്പംവരുംപടിവമ്പർനിനാദവും * കമലജനുമ റിയരുതുപുകഴ്വതിനോക്കിലോ കൌരവപാണ്ഡവസൈന്യകോലാഹ ലം * ഫണികൾകുലവരനുമിതുപണിപെരുതുവാഴ്ത്തുവാൻ ദൈവമെ ന്നേപറയാവിതെത്രയും * പൊരുതുപൊരുതരചമിരുപുറവുമമരകളുല കുപുക്കവിമാനങ്ങൾതോറുംമരുവിനാർ * അരുവയറൊടതിസുഖമൊടഴ കിനൊടുമേവിനാരാശുയുദ്ധത്തിൽമരിക്കനിമിത്തമായ് * ശരയുത നരകരിതുരഗരഥികളെയൊടുക്കി നാനനുദിനമണഞ്ഞുടപോർചെയ്തുദേ വവ്രതൻ * പുനരവനൊടരിമയൊടുപൊരുവതിന്പാത്ഥനും പോരിൽ ശിഖണ്ഡിയെമുമ്പിൽനിത്തീടിനാൻ * ഉപരിചരവസുനൃപതിദുഹി

ത്സുവരനന്ദന നോത്താനൊരാണല്ലപെണ്ണുമല്ലാതവൻ * പൊരുവതിന
കന്തിയൊരുസമരഭുവിവന്നതോ പോരാളികൾക്കപൊരുന്നുകയി
ല്ലത്തും * പുകൾപെരിയപുരുഷമണിവിജയനൊടൊഴിഞ്ഞുപോരാരും
നപുംസകമായവൻതന്നൊട്ട * പൊലിമയൊടുസമരഭുവിവിവിധമയ
മായുധംപോരിന്നയയ്ക്കുരുതെന്നോൎത്തുഭീഷ്മരും * വിബുധപതിതനയ
നൊടുവിഗതഭയമാദരാൽ വീറെഴുമസ്ത്രങ്ങളൊക്കെപ്രയോഗിച്ചാൻ* പ്ര
ണയമകതളിരിൽമുഹുരപിവളരുമാറുടൻ പ്രത്യസ്ത്രമെയ്തുതടുത്തുകിരീടി
യും * പ്രധനചതുരതകലരുമമരവരനന്ദനൻ പ്രത്യക്ഷനാകിയകൃഷ്ണൻ
നിയോഗത്താൽ * അമിതകരബലമുടയരഥികളവർതങ്ങളി ലസ്ത്രശ
സ്ത്രങ്ങൾവരിഷിച്ചുട്ടത്തുടൻ * നിശിതതരവിശിഖഗണമുടനുടനയച്ച
പോ തത്തൽപെട്ടത്തുരോമങ്ങൾതോറും ദ്രുതം * പരനിവഹകുലശമ
നകരരിരുവരുംതമ്മിൽ പത്തുനൂറായിരമൊത്തുതുകീടിനാർ * പരവശ
തപെരുകിയൊരുപടയുമതുകണ്ടുടൻ പററലർപേടിച്ചകന്നിതുമററു
ള്ളോർ * തവരിതമതുപൊഴുതുകുരുകുലവരനുസന്നിധൌ ദൃശ്യകുനങ്ങള്ള
മേററയുണ്ടായിതേ * തുമുലതരസമരഭുവിഝടിതിദേവവ്രതൻ ദുശ്ശാസ
നനോടുചൊല്ലിനാനീവണ്ണം * അമരകുലവരസുതനമമിതബലസംയു
ത മദ്ധ്യോമറുതലവന്നുചുഴന്നിതു * നിരുപമമിതറികരണമതിയേദമൈത്ര
യും നീയിതുകാണ്കവലഞ്ഞിതുഞാനെടോ! * ദഹനകണസദൃശശര
നികരപരിപാതേന മദ്ദേഹമൊക്കവെകാണ്കമുറിഞ്ഞതും * മുടിയുമിട
രൊട്ടുമടലിലിനിയപടയൊക്കവെ മോഹമിനിക്കിനിയില്ലജീവിക്കയിൽ
* അസുരസുരസമരസമമിതുകരുതുമാകിലുമ ററാഘവമിങ്ങനെകണ്ടി
ട്ടുമില്ലഞാൻ *അഹിതനൃപകുലവരരൊടെതിർപൊരുതു ഭയാററു
കൊണ്ടാഹവകെട്ടിട്ടുമില്ലഞാനീവണ്ണം * പുനരിനിയുമൊരുമയൊടുമ
രുവുക പിണങ്ങാതെ പോരിൽമരിക്കാതിരിക്കേണമെങ്കിലോ * പുകൾ
പെരിയപിതൃപതിജനൃപവരനുസാദരം ഭോഷന്മാരേ! നിങ്ങൾനാടുന
ൽകീടുവിൻ * ഹിതവചനമിതിവിവിധതരമഥപിതാമഹ നിത്ഥംപ
റഞ്ഞുപറഞ്ഞിരിക്കെത്തദാ * കലഹമതിരഭസതരമരിമയൊടുചെയ്തു
ചെയ്തസ്ത്രങ്ങൾകൊണ്ടുടൻഭൂമിയിൽവീണതേ * വിവിധതരനിശിതത
രമതുലമുടനേല്ക്കയാൽ വീണതുനേരമവനിയിൽതട്ടീല * കുരുവൃഷഭനേ
ടനടലിൽനൃപകുലവരോചിതം ദേഹവുമാശ്ശുശരശയനത്തിന്മേൽ *
മുരമഥനചരണസരസിരുഹയുഗളംകണ്ടു മോഹമകന്നുവസിച്ചിതുഭീഷ്മ
രും * ദശദിവസസമരമിതിമുനിവരനനുഗ്രഹാൽ സഞ്ജയനിത്ഥംപറ
ഞ്ഞോരനന്തരം * അഖിലബലകലഹമിതിസചിവവചനേനകേട്ടു
ഞ്ജസാമോഹിച്ചുവീണധൃതരാഷ്ട്രർ * മുഹുരമിതകുതുകമൊടുധരണി
പതിതന്നുടെ മോഹവുംതീൎത്തവൻപിന്നെയുംചൊല്ലിനാൻ * തൃജമന
സികലുഷതകളഖിലമവനീപതേ!ദേഹമനിത്യമെന്നുള്ളതറികനീ* അ
ഖിലനൃപകുലവരരുമമിതബലസംയുതം നിന്നുടെമക്കളുംകുന്തീതനയരും
* തദനു നിജനിജമനസികലരുമുരുശോകേനധന്യരാം മററുള്ളബന്ധുജ
നങ്ങളും ജഗദധിപനജനമലനുംമുനിവൃന്ദവും ചെന്നിതുഭീഷ്മരുടെയ

രികത്തെങ്ങും* വടിവൊടുടനധിനികടമവരവർകരഞ്ഞാശ്രു വന്നുനിറ
ഞ്ഞൊരുബന്ധുക്കളെക്ക * ണ്ടുവിനയമൊടുകുരുവൃഷഭനതിരഥനാകു
ലം വിശ്ണോരിൽമുമ്പൻവസുപ്രവരൻഭീഷ്മർ *നാകരിപുനളിനദളനയ
നനെയുമൊത്തുള്ളിൽനല്ലതെല്ലാവരോടുംപറഞ്ഞീടിനാൻ*ശുഭവുമശു
ഭവുമപനയവുമറിയുവാനവൻചൊല്ലിനാൻപിന്നെയുമല്ലലോടെതദാ*
സഭയമഭിമുഖമമലതരവചനമൻപോടു താണുപോരായോരുതലയുയർത്തി
ടുവാൻ*വിമലതരമതിമൃദുലമലിവൊടുസമുന്നതം വേണമുപധാനമെന്ന
തുകേൾക്കയാൽ*കുമതികുരുകുലപതിസുയോധനൻവൈകാതെപട്ടുതല
യിണകൊണ്ടുചെന്നീടിനാൻ *പുനരമിതഹസിതമൊടുമൊന്നുചൊല്ലീ
ടിനാൻ പൊട്ടനത്രെനീസുയോധന!നിർണ്ണയം* തുഹിനകരകുലജനന
മിഹവിഫലമേവരെതുഷ്ടിവരായിതുവെച്ചാലിനിക്കേതും*കരുണയൊടു
വിബുധപതിതനയവിരവോടുനീ കണ്ടുനില്ലാതെതലയുയർത്തീടെന്നാൻ
* വിശദതരഹൃദയനഥവിജയനതിശൂരനാം വൃന്ദാരകാധിപനന്ദന
നർജ്ജുനൻ*വനജദലനയനസഖിവാസവാദ്യന്മാരെവന്ദിച്ചു ഗാണ്ഡീ
വചാപമെടുത്തുടൻ * ചപലതരമചപലമെടുത്തുമൂന്നമ്പുകൊണ്ടൂന്നും
കൊടുത്തുയർത്തീടിനാൻമെല്ലവെ*പരശുധരമുനിവരനുസദൃശനാംഭീഷ്മ
രും പാർത്ഥനോടാശുചിരിച്ചരുളിച്ചെയ്തു * ശമദമദയാദിനാനാഗുണ
വാരിധേ! ശാസ്ത്രങ്ങൾനിന്നോളമാരുമറിഞ്ഞീല * സകലജനകുല
വിഹിതവിവിധധർമ്മങ്ങളും ക്ഷത്രധർമ്മങ്ങളും നിങ്കലുനിർണ്ണയം *
ബഹുലതരമിതികഥകൾപറയുമളവാരാൽ വൈദ്യർകൾവന്നാർചി
കിത്സചെയ്തീടുവാൻ *അതിനവനുമവർകളെവിലക്കിനാനാദരാ ലാണ്മ
യിൽവീരോചിതംപുരിപൂകണം * ശുഭമേരണസമയമയനംതെളിഞ്ഞു
ത്തരംശോഭയിൽവരണമരിക്കാവുനിർണ്ണയം * അവരവർകളരികിലഴ
കോടുരക്ഷിച്ചുകൊണ്ടാത്മശുദ്ധ്യാവസിച്ചീടിനാരേവരും * വിജയ
മൊടുവിജയമുഖയമതനയസൈന്യവും വൃഷ്ണിപ്രവരരുംപുക്കിതുകൈനി
ല * വ്യഥയുമുരുഭയവുമപജയമവശതകളും വീളാതവണ്ണംപരിഭവാ
വന്നതും * കരുതിയൊഴുകിനനയനസലിലമൊടുകൈനില കൌരവ
സേനയും പുക്കിരുന്നീടിനാർ * ഉഷസിപുനരപരദിനമിരുപുറവുമു
ള്ളവ രൂറ്റെടുത്തീടിനാർശന്തനുപുത്രനെ * തരുവിനിഹവിരവിനൊടു
ജലമമലമാദരാൽ ദാഹമുണ്ടേററമെന്നാൻനദീനന്ദനൻ*വിമലതരസ
ലിലമൊടുവിവിധതരഭക്ഷ്യവും വേഗേനകൊണ്ടുചെന്നാൻദുര്യോധ
നൻ * വിഫലമിദമശുഭമേരുതരുതുദുര്യോധന! വീരാവിജയ!വിരയ
നീർനൽകെന്നാൻ * പുനരവനുമഥസദയമടിമലർവണങ്ങിനാൻ
പോരാളിപാർജ്ജന്യമസ്ത്രംപ്രയോഗിച്ചാൻ * ഗഗനസരിദമലജലമഴ
കൊടുകൊടുത്തവൻ ഗംഗാതനയനുദാഹവുംപോക്കിനാൻ * പുകൾ
പെരിയപുരുഷമണിനീയേപുരന്ദരപുത്ര!ഭുജബലമുള്ളഭൂപാലക!* സുചി
രമവനിയിലധികസുഖമൊടുവസിക്കനീ സൂക്ഷിച്ചുകാണ്കസുയോധന!
നീയിവ * വിരവിനൊടുമൊരുമയൊടുമരുവുകപിണങ്ങാതെ വേണ്ടാ
വിരോധംനശിക്കേഫലംവരാ * അതിനുകുരുപതിയുമനുവാദമില്ലായ്ക

യാലഞ്ഞുമിങ്ങുംപിരിഞ്ഞാശുവാങ്ങീടിനാൻ * അഥതരണിതനയനടി
മലരിണവണങ്ങിനാനപ്പോൾഗംഗാതനയനംചൊല്ലിനാൻ * തവസ
ഹോദരികപൃഥയുടെതനയന്മാരൊന്നായി താപംകളഞ്ഞുനീയങ്ങുചെന്നീടെ
ടോ! * കഥകളെ ഒളിച്ചിലിതുവിധികളിലുമമയാ ഗാന്ധാരിപുത്രനെ
വേറിട്ടുനീലഭിച്ചാൽ *സമരഭുവിജയമതിനവധിശുഭമാശുമേ നന്നാ
പനാശനാശനനന്ദന! * ഭ്രമമറികവരതനയതിവിഷമമതുഭാസ്സുതേ!
ഭ്രാതാക്കളുവധംചെയ്കയുംവേണ്ടീല * വേണമെന്നാകിൽപൊരുതു
വീഴ്ത്തുസപക്ഷം വീരവരിക നിനക്കെന്നതേവേണ്ടു * തൊഴുതവനനു
ജ്ഞയുംവാങ്ങിവാങ്ങീടിനാൻ ചൊല്ലുവാനാവതോപിന്നേടമെന്നാലെ
ന്നുല്ലാസമോടിരുന്നാൾനൽക്കിളിമകൾ *

ഇതി ശ്രീമഹാഭാരതേ ഭീഷ്മപർവ്വം സമാപ്തം.

ദ്രോണം

ഹരിഃ ശ്രീ ഗണപതയേ നമഃ.
അവിഘ്നമസ്തു.

പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളിഞ്ഞഞ്ചെവിരണ്ടുംകുളു
ർക്കെപ്പറകനീ * നെഞ്ചംതെളിഞ്ഞുകുറുക്കിക്കൊഴുത്തപാൽ പഞ്ചതാ
രപ്പൊടികൂട്ടിക്കുഴമ്പാക്കി * നല്ലകദളിപ്പഴങ്ങൾതെരിഞ്ഞുഞാൻ മെ
ല്ലെത്തിരുമ്മിയുടച്ചുതേനുംവീഴ്ത്തി * വെല്ലവുംശർക്കരയുംപൊടിച്ചിട്ട
തിൽ വെള്ളിത്തളികയിൽമേളിച്ചൊരുമിച്ചു * വെച്ചിരിക്കുന്നതെടുത്തു
ഭുജിച്ചാലു മിച്ചമായാകുന്നതുദാഹമുണ്ടെങ്കിലോ * നിലക്കരിമ്പിൻെറ
ചാറുമിളനീരും പാലുംമധുവുംകുടിച്ചാലുമാമോദം * ഗ്രീഷ്മസമാനന
ദിനിവഹത്തിനു ഭീഷ്മർശരശയനത്തിന്മേൽ വീണാറെ * തോററസു
യോധനനാദികളാകിയ നൂററുപേരെന്തോന്നുചെയ്തതുചൊല്ലുനീ *
ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു ചൊല്ലുന്നതുണ്ടുകനക്കെച്ചുരുക്കി
ഞാൻ * വമ്പനാംകർണ്ണനോടാശുസുയോധനൻ നൻപോടുസേനാപ
തിയാകനീയെന്നാൻ * കർണ്ണനുംമന്ദസ്മിതംചെയ്തുചൊല്ലിനാൻ കർണ്ണ
സുഖംഞാൻപറകയില്ലാരോടും * ദ്രോണരാമാചാര്യർതാനിരിക്കെ
യെന്തു മാനിച്ചുമററുള്ളോർനില്ക്കുന്നിതുപട * മന്നവ!കേൾക്കഭര
ദ്വാജനന്ദനനിന്നുള്ളയോദ്ധാക്കളിൽപ്രബലാധിപൻ * പിന്നെഞാൻ
പക്ഷേമരിക്കുന്നതുമുണ്ടു മന്നവസങ്കടമുണ്ടാകയില്ലേതും * മാനിയാ
യുള്ളസുയോധനൻദ്രോണരെ സേനാപതിയായഭിഷേകവുംചെയ്താൻ
* നാനാവിധമായ വാദ്യഘോഷങ്ങളാൽ വാനവർനാട്ടുകൂടെക്കുലു
ങ്ങിതദാ * ആചാര്യനാശുസുയോധനനാകിയ നീചനോടേവംതെ

ളിഞ്ഞരുളിച്ചെയ്തു * ആശയംതന്നിലുള്ളാശനീചൊല്ലുക നാശംക
ഉഞ്ഞുവരംതരുന്നുണ്ടുഞാൻ * ചിന്തിതമെങ്കിൽയുധിഷ്ഠിരൻതന്നെയും
ബന്ധിച്ചുകൊണ്ടന്നുനൽകുകവേണ്ടതും* അങ്ങിനെതന്നെയൊരന്തരമി
ല്ലതി നിങ്ങന്നെനാലഞ്ചുനാൾഞാനിരിക്കിലോ * എന്നുഗ്ഗുരുവുംപ്ര
തിജ്ഞചെയ്തീടിനാ നെന്നുയുധിഷ്ഠിരൻതന്നോടുചൊല്ലിനാർ * ക്രൂര
ഉള്ളദൂതനെത്തുകേട്ടുധർമ്മജൻ നീറുംമനസ്സോടുമാധവൻതന്നുടെ * ചേവടി
ത്താരിണവന്ദിച്ചുചൊല്ലിനാൻ കേവലാനന്ദമൂർത്തെ! ജഗന്നായക! *
ബന്ധിച്ചുകൊണ്ടുപോമാചാര്യനെന്നെ യൊരന്തരമില്ലതിനെന്നുധരി
ച്ചാലും * ചിന്തിച്ചുകൃഷ്ണനുംജിഷ്ണുവുംമറ്റുള്ള ബന്ധുക്കളുംപറഞ്ഞീടി
നാരെന്നുമേ * ബന്ധിച്ചുകൊണ്ടുപോവാനയയ്ക്കുന്നതി ല്ലന്തകവൈ
രിതാൻതന്നെവരികിലും * ശങ്കിയാതേതുമേവൈകിക്കരുതെന്നു
ശംഖംവിളിച്ചുപുറപ്പെട്ടിതുപട * യുദ്ധംഭയങ്കരമായ്വന്നിതെത്രയും
ചത്തിതുരണ്ടുപുറത്തുമസംഖ്യമായ് * ശല്യരുംമാരുതിയും പൊരു
തോരുപോരെല്ലാവരുംകണ്ടുവിസ്മയിച്ചീടിനാർ * അന്തിയുമായിപട
യുംപിരിഞ്ഞുതേ പിന്തിരിഞ്ഞോരുമൊരുപദംവച്ചീല * രാത്രിയിലന്തൊ
ഴമുണ്ടുകിടന്നാറെ ധാർത്തരാഷ്ട്രൻതന്നൊടാചാര്യനുംചൊന്നാൻ * പാ
ർത്ഥിവനന്ദനനായസുയോധന! പാർത്ഥനുംകൃഷ്ണനുമൊന്നിച്ചെതിക്കി
ലോ * മൂർത്തികൾമൂന്നുപേക്കുംജയിപ്പാൻപണി യോർത്തുകണ്ടങ്ങവർത
മ്മെയകറ്റുകിൽ * ഭോഷ്കല്ലധർമ്മജൻതന്നെബന്ധിച്ചുനിൻ കാല്ക്കൽ
വച്ചീടുവനില്ലൊരുസംശയം * എന്നുഗ്ഗുരുവരൻചൊന്നൊരുനേരത്തു
മന്നൻത്രിഗർത്തൻപ്രതിജ്ഞചെയ്തീടിനാൻ * ഏറാമകറ്റിച്ചുമയ്ക്കുന്നതുണ്ടു
ഞാനേറുധനഞ്ജയമാധവന്മാരെയും * ഇത്ഥംത്രിഗർത്തരാജാക്കൾപ
ലരുമായൊത്തുസഹശപഥംചെയ്തുകാരണം * സംശപ്തകന്മാരെന്നേ
റ്റംപ്രസിദ്ധരായ്സംശയമെന്നിയേപോരിന്നൊരുമിച്ചാർ * പിന്തി
രണ്ടാംദിവസംകുരുസൈന്യവും പന്തിരണ്ടായിപ്പുറപ്പെട്ടുപോരിനായ്
* മ്ലേച്ഛഗണങ്ങളുംസംശപ്തകന്മാരുമാർത്തു വിളിച്ചാർപടയ്ക്കുപുലർകാലേ
* യുദ്ധത്തിന്നാശുവിളിച്ചതുകേട്ടിട്ടു വൃത്രാരിപുത്രനുംകൃഷ്ണനുമെത്തി
നാർ * ആചാര്യനുംമഹാവ്യൂഹവുംകൂട്ടിനിന്നാ യോധനത്തിന്നുറച്ചു
നിന്നീടിനാർ * പാഞ്ചാലനായധൃഷ്ടദ്യുമ്നനേതുമേ ചാഞ്ചല്യമെ
ന്നിയടുത്താനതുനേരം * ദ്രോണർജയിച്ചതുകണ്ടിട്ടു കൌരവസേന
യുമാർത്തുനിലവിളിച്ചീടിനാർ * മൂർഖനായുള്ളദുരിയോധനനോടു ഭാ
സ്കരനന്ദനൻപേർത്തുചൊല്ലീടിനാൻ * ഇക്കണ്ടതേതുംകണക്കല്ലമന്ന
വ ചൊല്ലെല്ലാണ്ടപാണ്ഡവന്മാരെജ്ജയിപ്പതി * നിക്കണ്ടവർക്കാർക്കുമാ
വതുമല്ലകേളിക്കാലമുൾക്കാമ്പിലോരായ്കതിന്നുനീ * എന്നുപറഞ്ഞു
നിന്നീടുന്നനേരത്തു വന്നുനിറഞ്ഞിതുപാണ്ഡവസൈന്യവും * സാത്യ
കികേകയപാഞ്ചാലവീരരും പാർത്ഥതനയനുംമാദ്രീതനയരും* ഘോരനാ
യുള്ളോരുമാരുതിതാനുമായ് പാരമടുത്തതുകണ്ടുകുരുക്കളും * ചാടിത്തു
തേരും കുതിരയുമാനയും കൂടീതിടകലന്നാശുപെരുമ്പട * കോടിത്തു
ചാപങ്ങൾതേരാളികൾകൈയിൽ മൂടീശരങ്ങൾകൊണ്ടാകാശവീഥി

യും * പാടീത്തുനാരദൻപാരംപൊടിപൊങ്ങി മൂടീതുദിക്കുകൾചോരപ്പുഴകൾപോയ് * കൂടീജലധിയിൽമാറീപൊടികളും പേടികളഞ്ഞുമരിക്കുന്നാവീരരെപ്പാടീരവുംതേച്ചുനാകനാരീജനം * ഓടിയണഞ്ഞുടൻതേരിൽക്കരേററിനാരോടിയണഞ്ഞുമരിക്കുന്നിതുചിലർ * വാടീമുഖംദുര്യോധനസൈന്യവുമോടിയതുകണ്ടുവീരൻഭഗദത്തൻ * പത്തുസഹസ്രംഗജത്തിൻബലമുള്ള മത്തഗജത്തിൻകഴുത്തിൽകരേറിനാൻ * അത്രബലമുള്ളവൃത്രാരിജാഗ്രജൻ പത്തുനൂറാത്തുപാഞ്ഞെത്തിയടുത്തുടൻ * കുത്തുന്നകുംഭിയുമൊത്തുന്നഭീമനുമെത്തി യെതിർത്തപോരെത്രയുമത്ഭുതം * ഹസ്തിതന്നസ്തികൾകുത്തിഞെരിക്കയും മസ്തകംകൈത്തലംകൊണ്ടുഭേദിക്കയും * ചക്രംതിരിക്കയുംവക്രിച്ചുവാങ്ങിയു മഗ്രേവരുന്നേരമുഗ്രമടിക്കയും * തുമ്പിക്കൈതന്നിലകപ്പെട്ടുംനേരത്തുതുമ്പിപറക്കുംപ്രകാരംകഴിക്കയും * കമ്പംവരുമാറുഭൂമിയിൽവീഴ്കയും കൊമ്പുതാഴ്ത്തുമ്പോളുരുണ്ടുകളകയും * മദ്ധ്യേനടയിടപൃക്കദേശസ്ഥലേകുത്തിയും പിന്നിൽപുറപ്പെട്ടുമണ്ടിയും * പൃത്ഥ്വീശനാംഭഗദത്തനെയ്തീടുന്ന ശസ്ത്രങ്ങൾപേടിച്ചുകന്നുകൂടായ്കയും * അപ്രതിമപ്രഭാവപ്രബലേന്ദ്രനാ മഭ്രമാതംഗവീരഭ്രമണോപമം സുപ്രതീകക്രമംകണ്ടുവാതാത്മജ നത്ഭുതംകൈക്കൊണ്ടുവിഭ്രമംതേടിനാൻ * ഒത്തബലമുള്ളഭീമനുമാനയും ബദ്ധകോപത്തോടുയുദ്ധംതുടന്നപ്പോൾ * പൃത്ഥ്വികുലുങ്ങിനടുങ്ങിജഗത്ത്രയമബ്ധികളേഴുമലറിക്കലങ്ങുന്നു * യോഗിപ്രതിയോഗിരണ്ടുജനങ്ങളും നാകികളുംമററുകാണികളായോരും * ചിത്രംവിചിത്രംവിചിത്രംവിചിത്രമിതത്ഭുതമത്ഭുതമത്ഭുതമത്ഭുതം * ഇത്ഥംപുകഴ്ത്തുന്നശബ്ദവുംവാരണൻ മത്തനായേററമലറുന്നശബ്ദവും * ആരവാരങ്ങളുംകോലാഹലങ്ങളും പോരാളിവീരർനിലവിളിഘോഷവും * ഘോരഘോരംകേട്ടുദന്തിമിത്തങ്ങളും പാരമായ്ക്കണ്ടുഭയംപൂണ്ടുഫൽഗുനൻ * പാരാതെപോകവടക്കുദിശിയെന്നു വാരിജലോചനൻതന്നോടുചൊല്ലിനാൻ * തേരുംതിരിച്ചടിച്ചീടിനാൻമാധവൻ നേരേതുടന്നുതാരങ്ങിയവരും * പോരിലരികളെവച്ചേച്ചുപോവതു പോരാമഹാരഥന്മാർക്കെന്നറിഞ്ഞാലും * പോരായ്മയില്ലയോപാർത്ഥനുംകൃഷ്ണനും പോരിലെതിർത്തുതിരിഞ്ഞുനിന്നീടുവാൻ * ഇത്ഥംപറയുംത്രിഗർത്തനുംമ്ലേച്ഛരു മെത്തുന്നസംശപ്തകന്മാരെയുമവർ * പിൻതുടന്നാശുവരുന്നതുകണ്ടപ്പോ ളന്തമില്ലാതെശരവരിഷവുംചെയ്തു * പിന്നേച്ചവന്നരിപുക്കളെയുംവെന്നു ചെന്താമരാക്ഷനാംകൃഷ്ണനുംപാർത്ഥനും * കാററിനേക്കാൾവേഗമോടുതേരോടിച്ചു കാററിൻമകനുംഭഗദത്തനാനയും * ഊററമായേറ്റാരിനായേററപടനിലത്തേററമുഴറേറാടുചെല്ലുന്നതുകണ്ടു * പോററിവിളിച്ചുസുയോധനനാദിയാം നൂററുവരോടിനാർപേടിയോടാകുലാൽ * ഏററുഭഗദത്തവീരനുംപാർത്ഥനും കാററിന്മകനോടുകേവലമാനയും * ഉണ്ടായസംഗരം കണ്ടുമഹാജനം കൊണ്ടാടിനില്ക്കുന്നനേരംഭഗദത്തൻ * മാധവൻതന്നെയും വാസവിതന്നെയും ബാധവരുംവണ്ണമെയ്തുപിളൻനിതു * കോപിച്ചുപാർത്ഥനുംബാണംപ്രയോഗിച്ചു ചാപംമുറിച്ചതുകണ്ടു

ഭഗദത്തൻ * തെററെന്നമററുള്ളോരാരുമറിയാതെ മററൊരുവില്ല
മെടുത്തട്ടന്നീടിനാൻ * നാരായണാസ്ത്രമെടുത്തഭിമന്ത്രിച്ചു പാരാ
തയച്ചാൻകിരീടിയെക്കൊല്ലുവാൻ * പാരമെരിഞ്ഞണയുന്നാശരംകണ്ടു
നാരായണൻമെയ്യിലേററുകൊണ്ടീടിനാൻ * ഭൂഷണമായിതുകൃഷ്ണനതു
കണ്ടു ഭാഷണമായിതുമററുള്ളവർക്കെല്ലാം * മുല്ലശരോപമാധവനേററുതടുക്കാ
യാൽ ദുർബലനാനെന്നുകല്പിച്ചുഫൽഗുനൻ * ചെററുകോപിച്ചതു
കണ്ടുദാമോദരൻ കുററമില്ലെന്നുപറഞ്ഞുബോധിപ്പിച്ചു * അന്നേരമാന
യുംഭീമനെക്കൈക്കൊണ്ടു നന്നായെടുത്തുമേല്പോട്ടെറിഞ്ഞിട്ടുടൻ * വീഴു
ന്നനേരത്തുവാരണംകുത്തിയും ഭീഷണൻഭീമനുരണ്ടുകളകയും * അഭ്രമു
കാന്തസമപ്രാണനായൊരു സുപ്രതീകപ്രകോപഭ്രമരക്ഷപണാൽ *
ഉൾപ്പൂവിരലൊത്താൻജഗൽപ്രാണപുത്രനും ഛിൽപുരുഷൻചരണൊല്ല
ലയുഗ്മവും * പിന്നെയുംപിന്നെയുംതങ്ങളിലിങ്ങനെഖിന്നതയോടു
പൊരുതോരനന്തരം * കുത്തുകൊള്ളാഞ്ഞുകോപിച്ചുമദകരി യെത്തി
പ്പിടിച്ചുമേല്പോട്ടെറിഞ്ഞീടിനാൻ * കൊമ്പുതന്മേൽവന്നുവീഴുവാനാ
യിട്ടു കൊമ്പുമുയത്തിനിന്നാനതുകണ്ടിട്ടു * സംഭ്രമത്തോടൊരുബാണം
പ്രയോഗിച്ചാനമ്പർകോൻതന്നുടെനന്ദനനർജ്ജുനൻ * വാരണവീരൻ
തലയററുവില്ലററുവീരൻഭഗദത്തൻതൻെറതലയററു *നാലാമതാനതൻ
വാലുമരിഞ്ഞിട്ടുകോലാഹലത്തോടുപോയിതുബാണവും* നീലമലപോ
ലെവൻകരിവീണിതു ചാലവേചാരേഭഗദത്തവീരനും * ഭീമനതിന്മീ
തേവന്നുവീണീടിനാൻ പൂമഴപെയ്താരമരരുമന്നേരം * ആശ്ചര്യപ്പെട്ടു
കണ്ടുനിന്നോർകളും പാച്ചിൽപിടിച്ചിതുശേഷിച്ചസൈന്യവും * മാ
യകൾകാട്ടിപ്പൊരുതശകുനിയും മായാമയസഖിയാകിയപാർത്ഥനും *
ചൂതല്ലിതുനല്ലപോരെന്നറികനീ പോർതിരിനില്ലുനില്ലെന്നടുത്തീടി
നാൻ * വില്ലുംകുടയുംകൊടിയുംകുതിരയും ചൊല്ലിക്കൊണ്ടെയ്തുകള
ഞ്ഞാൻധനഞ്ജയൻ * തെക്കേത്തലയ്ക്കലെതിർത്തയദുക്കളും ദക്ഷന്മാരാ
കുംത്രിഗർത്താദിവീരരും * പാണ്ഡവസേനയോടേററുതോററീടിനാർ
താണ്ഡവംപോലെചമഞ്ഞിതുയുദ്ധവും * ദ്രോണാത്മജനണഞ്ഞെയ്താ
നതുനേരം ബാണഗണംവരിഷിച്ചിതുപാർത്ഥനും * കമ്പംകലർന്നൊ
രുവമ്പടകെട്ടുപോയ്യമ്പനാം കർണ്ണൻെറപിമ്പിലായീടിനാർ * കർണ്ണനും
പാർത്ഥനുംതമ്മിലെതിർത്തപ്പോൾ കർണ്ണാത്മജന്മാരെക്കൊന്നിതുപാണ്ഡ
വർ * അർണ്ണവംതന്നിൽമറഞ്ഞിതുസൂര്യനും കർണ്ണാദികൾതോററുകൈ
നിലയുംപുക്കാർ * ദുഃഖിച്ചുവന്നുഗുരുവരൻതന്നുടെ തൃക്കാല്ക്കൽവീണുദു
ര്യോധനനൃപൻ * ബന്ധുക്കളായഭഗദത്തനാദിക ളന്തകൻവീട്ടുപു
ക്കീടിനാർപോരിലെ * കോപംഭവാനുള്ളിലുണ്ടായതില്ലതും താപവു
മല്ലെങ്കിലിങ്ങിനെവന്നിടാ * ഇത്ഥംപരുഷംപറഞ്ഞുസുയോധനന
ത്തൽപോവാൻഗുരുവീരനരുൾചെയ്തു * നാരായണനുംനരനാംവിജയ
നും പോരിന്നൊരുമിച്ചെതിർത്താലവരോടു * പോരിനുപിന്നെയെതി
ർക്കുന്നതാരെടോ! പോരുംപരുഷംപറഞ്ഞതുനീവൃഥാ * പാരമകററുക
പാർത്ഥനെയെങ്കിലോ നേരേവരുവോരെനിഗ്രഹിച്ചീടുവൻ * നാളെ

ഞാൻമൂന്നിലുമൊന്നുചെയ്തീടുവൻ നാളീകലോചനൻപാദങ്ങൾതന്നാ
ണെ * ആഹവത്തിന്നൊരുകാണിപഴുതാത വ്യൂഹമിളകാതെനിർത്തീട്ടു
വനല്ലോ * അസ്തമിപ്പോളവുമെന്നാലവർകൾക്കു പൃഥപിക്കവകാശമി
ല്ലെന്നുറപ്പുവരും * ശത്രുക്കൾസൈനികവ്യൂഹമിളകാതെഅസ്തമിപ്പോള
വുംനിന്നടരാനാകില്ലോ * ചോദ്യത്തിനായ്ക്കൊണ്ടുവന്നവൻതോററു
തെന്നാദ്യമായിട്ടുസൽധർമ്മംസനാതനം * അല്ലായ്കിലോന്നൃപൻതന്നെബ
ന്ധിച്ചുഞാനില്ലവകാശമെന്നുംവരുത്തീടുവൻ * രണ്ടുംവരായ്കിലോപി
ന്നെമൂന്നാമതു മുണ്ടൊന്നതെന്തെന്നുകേൾനീസുയോധന! * കൂട്ടുവൻ
പങ്കജവ്യൂഹമെന്നാലതിൻ കൂട്ടമിളക്കുന്നവനെഞാൻകൊല്ലുവൻ * എ
ങ്കിൽത്രിഗർത്താദികൾചെന്നു പാർത്ഥനെപങ്കജലോചനനോടകറ
ണം * സന്ദേഹമില്ലതിനെന്നവർതങ്ങളും സന്നാഹമോടുമസ്സിന്നുപു
റപ്പെട്ടാർ * പാർത്ഥനുംപങ്കജനേത്രനും വൈരികളാർത്തതുകേട്ടതേരേറി
പ്പുറപ്പെട്ടു * സംശപ്തകന്മാർമോടിനാർതെക്കോട്ടു സംശയമെന്നിയടു
ത്തിതുപാർത്ഥനും * ഇങ്ങുചക്രവ്യൂഹവുംചമച്ചാചാര്യനെങ്ങുമിളകാതെ
വമ്പടനിർത്തിനാൻ * ഏററുപൊരുതൊരുനേരത്തുപാണ്ഡവർ തോററ
തുകണ്ടുയുധിഷ്ഠിരൻചൊല്ലിനാൻ * മാധവൻതൻെറമരുമകനാകിയ
വാസവനന്ദനപുത്രനഭിമന്യു * മാധവഫൽഗുനന്മാരോടുതുല്യനെൻ
ബാധകളവാനവൻമതിയായ്വരും * വ്യൂഹംവിഷമമായുള്ളൊന്നതിൽ
പുക്കു സാഹസത്തോടേപടയിളക്കീടുവാൻ * ആഹവത്തിങ്കൽചതുര
നാകുംമേല വാഹനനന്ദനൻദൂരെയകപ്പെട്ടു * വീരകുമാരകുമാരനു
നേരായശൂരസുഭദ്രാത്മജ!ശുഭമന്ദിര! * പോരിനാചാര്യൻവിളിച്ചുനി
ല്ക്കുന്നതിൻ പോരായ്മയുണ്ണീനമുക്കവരുംതുലോം * പാർത്ഥനുതുല്യനായു
ള്ളനീയാകിലെന്നാർത്തികെടുക്കജ്ജയിക്കരിപുക്കളെ * നീയൊഴിഞ്ഞാരെ
യുംകണ്ടീലമററിനിപ്പോയിതുകൃഷ്ണനുംപാർത്ഥനുംദൂരവേ * ധർമ്മജൻ
ചൊന്നതുകേട്ടിട്ടഭിമന്യുധർമ്മജൻതന്നെത്തൊഴുതുചൊല്ലീടിനാൻ *
ഇന്നടിയനുതന്നെജയിക്കാവതോ? മന്നവ!മററലത്തുററരായുള്ളവർ *
ഇത്ഥംപറഞ്ഞസുഭദ്രാത്മജനോടു ചിത്തംതെളിഞ്ഞുധർമ്മാത്മജൻചൊ
ല്ലിനാൻ * ഭീമനുംദ്രൌപദിതന്നുടെമക്കളും ഭീമാത്മജനാംഘടോല്ക്കച
വീരനും * കേകയന്മാരുംമററുള്ളപടയുമായ്പ്പോകനീ തേരുനടത്തുംസുമി
ത്രനും * സൂതനായുള്ളസുമിത്രനതുനേരം നീതിയിൽസൌഭദ്രനോടു
ചൊല്ലീടിനാൻ * ദ്രോണരുംവീരനാംദ്രൌണിയുംകർണ്ണനും പ്രാണഭയം
കുറയുംകൃപർഭോജനും * മററുംമഹാരഥന്മാരായവൈരികൾ കുററമൊ
ഴിഞ്ഞുപോർചെയ്യുന്നനേരത്തു * മുററാതബാലനായുള്ളൊരുനിന്നാ
ലെ മുററുംജയിപ്പാൻപണിയെന്നറിഞ്ഞാലും * എന്നുസുമിത്രനാംസാര
ഥിചൊന്നതു നിന്നസുഭദ്രാത്മജൻകേട്ടുചൊല്ലിനാൻ * ഞാനതിബാ
ലനശക്തനെന്നാകിലും മാനിയാമെന്നുടെതാതനെയോർക്കനീ * പി
ന്നെപ്പിതാവുതന്നഗ്രജന്മാരതി സന്നദ്ധനായഘടോല്ക്കചൻഭ്രാതാവും
* മാതുലനായതുമാധവനെന്നല്ലവാസവൻ മുത്തച്ഛനായതറിഞ്ഞാലും
* ഞാനൊരുത്തൻപിടിയാതവനെങ്കിലും പ്രാണൻകളവതിനായ്മതി

യായ്യരും * പിന്നെപ്പരിഭവിച്ചീടുവാനാളുക ളെന്നെക്കുറിച്ചവരുണ്ടെന്നറികനീ * എന്നതല്ലായവർകാരുണ്യമുണ്ടെങ്കിലിന്നു സമസ്തരേയുംജയിച്ചീടുവൻ * പോകപുറപ്പെട്ടുകെന്നുപാൎത്ഥാത്മജൻ വേഗേനതേരിൽകരേറിനാൻവില്ലുമായ് * പാണ്ഡവസേനയുംചെന്നിതുപിന്നാലെ ഗാണ്ഡീവധന്വാവുതന്മകൻതന്നൊടും *ശൂലംമുസലംപരിഘവും ചക്രവും വേലോടുവെണ്മഴുകുന്തംഗദകളും * തുള്ളും മുനയോടിളകുംചുരികക ളുള്ളംനടുങ്ങുംകടുത്തിലവാളുകൾ * മിന്നിപ്പുതിളകൾവില്ലുംശരങ്ങളും തൂണീരമോടുകവചമുഷ്ണീഷവും * തൂണിയുംപൂണ്ടുശോഭിച്ചയോദ്ധാക്കളും കല്ലുംകവിണിയുംനല്ലവടികളും കൈയിലെടുത്തുള്ള കാഴ്ചപ്പടകളും * പായുംകുതിരകൾചൂട്ടിനാനാവിധമായുധമൊക്കെനിറച്ചുള്ളതേരുകൾ * തോയാകരമലറീടുന്നതുപോലെ വായുവേഗേനപരന്നുകാണായ്യന്നു * പൊന്നണിഞ്ഞാനകൾമുൾത്തടികൈക്കൊണ്ടു പൊന്നിൻമലകൾനടക്കുന്നതുപോലെ * വെള്ളത്തിലെത്തിരതള്ളുന്നതുപോലെ തള്ളിനടക്കുന്നവെള്ളക്കുതിരകൾ * മുമ്പിൽക്കുതിക്കുന്നകാലാൾപ്പടകളും വൻപോടലറുംപടഹവുംഭേരിയും * വൻകടൽപോലെപരന്നിതുവൻപടഹുങ്കാരമോടുമടുക്കുന്നതുനേരം * ദിക്കുകളൊക്കെമറഞ്ഞുപൊടികൊണ്ടുചക്രംതിരിഞ്ഞിതുകൗരവസൈന്യവും * വില്ലാളിവീരനാംദ്രോണരുതുകണ്ടു നില്ലാപടനമുക്കെന്നുറച്ചീടിനാൻ * ചൊല്ലിനാൻമറ്റുള്ളവരോടിതുകാണ്കനല്ലവരവുഭയങ്കരമെത്രയും * എല്ലാവരുമുറപ്പിച്ചുനിന്നീടുവിൻ നല്ലഗജങ്ങളെമുമ്പിൽനിൎത്തീടുവിൻ * വല്ലാതയൂളിപ്പടകളെകറുവിൻ വല്ലഭമുള്ളവരൊന്നിച്ചുകൂടുവിൻ * ഇത്തരംചൊല്ലിയുറച്ചുഭരദ്വാജ പുത്രനാംദ്രോണരൊരുമിച്ചുനിൎത്തിനാൻ *

അഭിമന്യുവിൻെറ യുദ്ധവും മരണവും.

മേഘങ്ങൾമാരിചൊരിയുന്നതുപോലെ തൂകിത്തുടങ്ങിശരങ്ങളതുനേരം * എയ്യെയ്യടുത്തടുത്തജ്ജുനനന്ദനൻ ചൈതന്യമുള്ളജനത്തെയൊടുക്കിനാൻ * ശക്തരായുള്ളവരെത്തിയെതിൎത്തുടൻ ചത്തുംമുറിഞ്ഞുമൊഴിച്ചുതുടങ്ങിനാർ * മെല്ലെമെല്ലെക്രമത്താലെയടുത്തടു ത്തല്ലൽമറുതലയ്ക്കുണ്ടെന്നുകണ്ടപ്പോൾ * അത്ഭുതപത്മവ്യൂഹമൂക്കോടുഭേദിച്ചു പാൎത്ഥാത്മജൻകരയേറിനാൻകൂട്ടത്തിൽ * ചിന്നിച്ചമഞ്ഞിതുകൌരവസൈന്യവും ഛിന്നമായ്യന്നിതുകാലുംകരങ്ങളും* ഛന്നമായ്യന്നിതുഭാസ്കരബിംബവുംഖിന്നമായ്യന്നിതാചാൎയ്യന്മചിത്തവും*സന്നമായ്യന്നിതനേകായിരംപടധന്യമാരായ്യന്നിതപ്സരസ്ത്രീകളും *ധന്വിയായുള്ളഭിമന്യുശരങ്ങളാൽ മന്യുമുഴുത്തരിമന്നരൊഴിക്കയും*ചങ്ങാതിവീഴ്ത്തുകണ്ടുതൊഴിക്കയും തങ്ങളിൽതങ്ങളിൽപാരംപഴിക്കയും* ബാണംപൊഴിക്കയുംകാണക്കഴിക്കയും ചോരപ്പുഴകൾപലവയൊഴുക്കയും * വാരിധിവാരിയുംകൂടിച്ചുവക്കയും പോരിന്നടുക്കമോടോടിക്കഴിക്കയും * നാരീജനമതുകണ്ടുതൊഴിക്കയും നാരദൻകൌതുകംപൂണ്ടുചിരിക്കയും *നാരായണനാനമോയെന്നുജപിക്കയും * നില്ലുനില്ലെന്നുപറഞ്ഞടുക്കയും നല്ലശൂരന്മാർതിരിഞ്ഞുമരിക്കയും * ആകാശമൊക്കെവിമാനംമറയ്ക്കയും ചാകാതവർപാഞ്ഞുപോയ

ഞൊളിക്കയും * തമ്മിൽപിരിഞ്ഞുകാണാഞ്ഞുവിളിക്കയുംകമ്മ്പിഴയെ
ന്നുകണ്ണീരൊലിക്കയും * ആനകൾകൈകാൽപിടഞ്ഞുകിടക്കയും കാ
ണികൾകണ്ടുകണ്ണേററമറയ്ക്കയും * കൂളികൾകൂട്ടമിട്ടാർത്തുകളിക്കയും കാ
ളിരുധിരംകുടിച്ചുപുളയ്ക്കയും * ചക്രങ്ങൾകൊണ്ടുകഴുത്തുതെറിക്കയും വി
ക്രമമുള്ളവർവെട്ടിനടക്കയും*വിഖ്യാതരായവർനോക്കിത്തടുക്കയും ഉൾ
ക്കരുത്തുള്ളവരേററംനടിക്കയും* ഭീമൻഗദകൊണ്ടുപാരമടിക്കയും ഭീമ
ഗജങ്ങളെയൊക്കെത്തകക്കയും * വാജികളെക്കൊലചെയ്തുമുടിക്കയും
വാശിപറകയുമാർത്തുവിളിക്കയും * വൻപടക്കൂട്ടത്തിലമ്പോടുപുക്കുകൊ
ണ്ടമ്പർകോൻതന്നുടെനന്ദനനന്ദനൻ * കമ്പംവരുത്തിച്ചുമറച്ചാരുനേ
രത്തു ത്രമ്പംകലർന്നുദുരിയോധനനൃപൻ * ആചാര്യനുമരചന്മാരുമൊ
ന്നിച്ചു കൂസാതെനിന്നുപോർചെയ്യുന്നനേരത്തു * സൌമിത്രിരാവണി
യോടുചെല്ലുംവണ്ണം സൌഭദ്രനാർത്തങ്ങടുത്താനതുനേരം * കെട്ടതിരി
ച്ചിതുവമ്പുതരക്ഷണേ പെട്ടെന്നുശല്യാനുജൻതിരിഞ്ഞീടിനാൻ *വാ
ട്ടമില്ലാതപാർത്ഥാത്മജനന്തകൻ വീട്ടിലിരിക്കനീയെന്നയച്ചീടിനാൻ *
നിശ്വാസമുൾക്കൊണ്ടതുകണ്ടനേരത്തുദുശ്ശാസനനുംദുരിയോധനൻ താ
നും * കൊല്ലുകവൈകാതിവനെയെന്നന്നേരം ചൊല്ലിയടുക്കുന്നതുക
ണ്ടഭിമന്യു * നില്ലുനില്ലാകിൽനൃപതികുലാധമ ശല്യാനുജന്നുതുണയയ
ച്ചീടുവൻ* പാഞ്ചാലിയെസ്സഭയിങ്കേന്നുനീപണ്ടു പൂഞ്ചായാൾചുററിയ
ഴിച്ചീലയോ?ചൊല്ലു * കൊല്ലുവാൻഭീമൻപ്രതിജ്ഞചെയ്തീടിനാൻ വ
ല്ലായ്മയായ്വരുംനിന്നെഞാൻകൊല്ലുകിൽ * എന്നുപറഞ്ഞുശരങ്ങൾതൂകു
ന്നവ ചെന്നുതറച്ചതുകണ്ടുദുശ്ശാസനൻ * തന്നുടെസാരഥിതേരുമൊഴി
ച്ചുകൊണ്ടിന്നില്ലിതിനെന്നുകൊണ്ടുപോയീടിനാൻ * അപ്പോൾതിരി
ഞ്ഞിതുകർണ്ണനവനോടു കെല്പോടടുത്തുപോർചെയ്താനഭിമന്യു * വില്ലും
കൊടിയുംകുടയും കുതിരയും ചൊല്ലിക്കൊണ്ടെയ്തുമുറിച്ചാനതുനേരം *
ഓടിനാൻ പേടിയോടാകുലാൽകർണ്ണനും ഓടാതെനില്ലുനില്ലെന്നഭിമന്യു
വും * ആലിലപോലെവിറച്ചരിവാഹിനി ചാലെത്തിരിച്ചുനടന്നായതു
നേരം * ശങ്കരൻതന്റെവരപ്രസാദത്തിനാൽ ശങ്കകൂടാതെയ്തടുത്താൻ
ജയദ്രഥൻ * പണ്ടുവനത്തിങ്കൽനിന്നുപാഞ്ചാലിയെ കൊണ്ടുപോവാ
ൻതുനിഞ്ഞൊരുജയദ്രഥൻ *മണ്ടുന്നനേരത്തുമാരുതനന്ദനൻ മണ്ടിയ
ണഞ്ഞുപിടിച്ചവൻതന്നുടെ * കണ്ഠംമുറിപ്പാൻതുടങ്ങുന്നനേരത്തു കണ്ടു
നിന്നോരുധർമ്മാത്മജൻചൊല്ലിനാൻ * കൊല്ലാതെനാണംകെടുത്തയ
ച്ചാനതി നല്ലൽപൂണ്ടാശുജയദ്രഥൻപാർവ്വതി * വല്ലഭൻതന്നെതപസ്സു
ചെയ്തീടിനാൻ നല്ലവരങ്ങൾകൊടുത്താനതുകാലം * വില്ലാളിയാംപാ
ർത്ഥനെന്നിയെമററുള്ളോ രെല്ലാരെയുംജയിക്കായ്വരികെന്നുള്ള * ഉള്ള
ലോടാർത്തങ്ങടുത്തു ജയദ്രഥൻ കള്ളമൊഴിഞ്ഞുപൊരുതാനതുനേരം *
പേടിച്ചുകന്നിതുപാണ്ഡവസൈന്യവും പേടിയൊഴിഞ്ഞുനിന്നാനഭിമ
ന്യുവും * വൻപടകെട്ടങ്ങുമണ്ടുന്നനേരത്തു വൻപുള്ളികൾവളഞ്ഞൊര
വനെയും * വ്യൂഹവുംനന്നായുറച്ചുനിരന്തരമാഹവമെത്രയുംഘോര
മായ്വന്നിതു * ബാലനായുള്ളപാർത്ഥാത്മജൻതന്നെയും ചാലെച്ചുഴന്നു

പോർചെയ്തുതുടങ്ങിനാർ * നാനാരഥികളോടും പൊരുതാൎജ്ജുനി താ
നേയട്ടത്താനവർകളും മണ്ടിനാർ * മണ്ടുന്നതെന്തിനു നിങ്ങളെല്ലാവരും
കണ്ടുനിന്നീടുവിനെന്നു ശല്യാത്മജൻ * വന്നാനവനെപ്പടയോടു കൂടവേ
കൊന്നാൻ കുമാരനായുള്ള പാൎത്ഥാത്മജൻ * ചെന്നിതു ചാവാനവന്റെ
പടയെല്ലാ മൊന്നൊഴിയാതെ കൊന്നാനഭിമന്യുവും * ധാൎത്തരാഷ്ട്ര
ൻ ദുരിയോധനൻ താനടുത്താത്തു പോർ ചെയ്തിതു പാൎത്ഥാത്മജൻ താനും
* കൂൎത്തുമൂൎത്തുള്ള ശരങ്ങൾ തൂകീടിനാ നാൎത്തനായൊട്ടകന്നാൻ ദുരിയോ
ധനൻ * മററുള്ളവരോടു ചൊന്നാൻ തെരുതെരെ തെറെറന്നിവനെ വ
ധിക്കെന്നു കേൾക്കയാൽ * ഉററ ബന്ധുക്കളായുള്ള തേരാളികൾ ചു
ററും ചുഴന്നു പോർ ചെയ്തു തുടങ്ങിനാർ * അററമില്ലാതോളമുള്ള ശസ്ത്രങ്ങ
ളും പററലരൊന്നിച്ചു തൂകുന്നതു കണ്ടു * കൌന്തേയസൂനു സുഭദ്രാത്മ
ജൻ താനും ഗാന്ധൎവ്വമസ്ത്രമയച്ചാനതു നേരം * തമ്മെയ്യിലൊന്നുമേ
ല്ക്കാതെ ചമഞ്ഞിതു സമ്മാനിച്ചാരതു കണ്ടാശു കാണികൾ * നോക്കി
യനോക്കിയടിക്കിലെല്ലാടവും നീക്കമൊഴിഞ്ഞഭിമന്യുവിനെക്കണ്ടു *
വൈരികൾ വിസ്മയപ്പെട്ടു വാങ്ങീടിനാർ വൈരം കലൎന്നു സുഭദ്രാത്മജൻ
താനും * നന്നായുണങ്ങിവരണ്ട വനങ്ങളിൽ ചെന്നു ദഹനൻ പിടിപെട്ട
തുപോലെ * കൊന്നുകൊന്നൊക്കെയൊടുക്കുന്നതു കണ്ടു ചെന്നു സുയോ
ധനപുത്രനാം ലക്ഷ്മണൻ * ചൊന്നാനതു കണ്ടഭിമന്യു കോപിച്ചു നന്നാ
യികണ്ടതു നില്ലു നില്ലിന്നിനി * നിന്നുടെ താതന്റെ മുമ്പിലിട്ടാശു ഞാൻ
നിന്നെയമപുരത്തിന്നയച്ചീടുവൻ * എന്നതു കേട്ടു ദുൎയ്യോധനനന്ദനനി
ന്ദ്രാത്മജസുതൻ തന്നെയെയ്തീടിനാൻ * ചൊന്നവണ്ണം തന്നെ ധാൎത്തരാഷ്ട്ര
ൻ മുമ്പിൽ കൊന്നു വീഴ്ത്തീടിനാൻ ലക്ഷ്മണൻ തന്നെയും * ചത്തുമനസ്സു ദുരി
യോധനൻ തനിക്കേറ്റ്രയുമത്തൽ പൂണ്ടാനതു കാൺകയാൽ * അൎണ്ണവം
പോലെയലറിയഭിമന്യു തിണ്ണം പൊരുതങ്ങടുക്കുന്നതു നേരം * കണ്ണി
ലകപ്പെട്ട വൈരികളെയൊക്കെ കണ്ണിമയ്ക്കുന്നതിൻ മുമ്പേയൊടുക്കിനാൻ
* കൎണ്ണൻ കൃപർ കൃതവൎമ്മാ ബൃഹൽബലൻ ധന്വിയാം ദ്രോണരും പുത്ര
രുമെന്നിവർ * ആറു മഹാരഥന്മാരുമൊരുമിച്ചു വീരനോടടുത്തു പൊരു
താരതു നേരം * എല്ലാവരോടും തടുത്തു പോർ ചെയ്തുടൻ വില്ലാളിവീ
രൻ ബൃഹദ്രഥനെക്കൊന്നാൻ * ദൈവരും പിന്നെ വിഷണ്ണരായാകുലാ
ലയ്യോ! ശിവ! ശിവ! യെന്നകന്നീടിനാർ * പാൎത്ഥതനയനും ഭാസ്കരപു
ത്രനും പേൎത്തുമടുത്തു പോർ ചെയ്താർ ഭയങ്കരം * അമ്പുകൾ കൊണ്ടു കൊ
ണ്ടംഗം പിളൎക്കയാൽ ചെമ്പരത്തിപ്പൂവു പോലെ ശരീരവും * വമ്പോടു
ചോരയാൽ മൂടീതിരുവരുമമ്പരും കണ്ടു തെളിഞ്ഞിതാരയോധനം * ക
ൎണ്ണനുടെ പടനായകന്മാരുടൻ ചെന്നു പൊരുതാരറുവരവരെയും * കൊ
ന്നാനതു കണ്ടടുത്തിതു മാഗധൻ കൊന്നാനവനെയുമൎജ്ജുനനന്ദനൻ *
ഇണ്ടൽ മുഴുത്തതു കണ്ടരിവൎഗ്ഗവും മണ്ടിനാർ പേടിച്ചൊരുത്തരൊഴിയാ
തെ * വഞ്ചതിയുള്ള ശകുനിക്കനുജന്മാരഞ്ചു പേർ തുഞ്ചിനാരങ്ങുയോടും
വിധൌ * കൎണ്ണസുയോധന ദ്രോണ ഭോജാദികൾ കണ്ണുനീർ വാൎത്തുടൻ
തമ്മിൽ നോക്കീടിനാർ * അപ്പോളടുത്തഭിമന്യു തേർ വീഥിയിലുൾപ്പു

ക്കകൊന്റുകൊന്നൊക്കെയൊട്ടുക്കിനാൻ * ആചാൎയ്യനംഗേശര
ന്നോട്ടുചൊല്ലിനാ നാശുനീവില്ലുചതിച്ചുമുറിക്കണം * നേരോടിവ
നെപ്പൊരുതുജയിപ്പതിനാരുംകരുതാൎയ്യവില്ലുനീഖണ്ഡിക്കിൽ * അൎജ്ജു
നനന്ദനനെക്കൊല്ലചെയ്യതി നിൎജ്ജനത്തിന്നപണിയില്ലനിൎണ്ണയം *
ദുൎജ്ജനധൎമ്മമിതെന്നവരുംനമ്മെ സജ്ജനംനിന്ദിക്കുമില്ലൊരുസംശയം
* സജ്യചാപായുധന്മാർനിജകീൎത്തികൊ ണ്ടൎജ്ജനവൎണ്ണമാക്കേണംജഗ
ത്ത്രയം * ദൎഗ്ഗജയംചെയ്കിലുമാൎമ്മഹാരണേ നിൎജ്ജരലോകംഗമി
ക്കിലുമാരുമേ * വൎജ്ജനകാൎയ്യങ്ങൾചെയ്യാതിരിക്കണം ഗൎജ്ജനംചെ
യ്യോർദൂഷിച്ചതുമൂലമായ് * കൎണ്ണനുംധൎമ്മമീവൎണ്ണമോരോതരം വൎണ്ണി
ച്ചുചൊന്നതാകർണ്യഗുരുവരൻ * വൎണ്ണധൎമ്മക്രിയാനിൎണ്ണയംപാൎത്ഥ
കാരുണ്യനിധിമതംകണ്ടുചൊല്ലീടിനാൻ * എന്നാലുമിന്നിനിപ്രാണ
നെക്കാപ്പതി നിന്നിതുചെയ്യെന്നകേട്ടോരുകൎണ്ണനും * പിന്നുടെചെ
ന്നൊളിയമ്പെയ്തുചാപവും ഖണ്ഡിച്ചിതശ്വങ്ങൾകൊന്നിതാചാൎയ്യനും
* സൂതനെക്കൊന്റുകൃപരുമതുനേര മാദിതേയാധിപപൗത്രതനയനും *
വാളുംപരിചയുംകൈക്കൊണ്ടതുനേരം ചീളെന്റുപൊങ്ങിനാനാകാശ
വീഥിയിൽ * വെട്ടുകൾകൊണ്ടതുനേരമരികൾക്കു തട്ടുകേടുണ്ടായതു
പറവാൻപണി * മേല്പോട്ടുനോക്കിനാരെന്തുഗതിയെന്നു പേപ്പെട്ടു
നിന്നിതുകൌരവസൈന്യവും * വാളുംപരിചയുമെയ്തുഖണ്ഡിച്ചിതു
ബാണങ്ങൾകൊണ്ടുഗുരുവുമംഗേശനും * പാൎത്ഥാത്മജൻപടക്കൂട്ടത്തി
ലന്നേര മാൎത്തട്ടുത്തീടിനാനായുധംകൂടാതെ * ശക്രാത്മജസുതൻവി
ക്രമംകൈക്കൊണ്ടു ചക്രമംധ്യാനിച്ചുടക്കുന്നതുനേരം * ചക്രായുധൻ
തന്റെപദേശമായൊരു ചക്രംതിരിഞ്ഞടുക്കുന്നതുകാണായി * വിത്രസ്ത
രായരിവൎഗ്ഗമകന്നപോ തസ്സൃജ്ജനായഗുരുവെയ്തുഖണ്ഡിച്ചാൻ * പി
ന്നെയൊരുഗദകൈക്കൊണ്ടഭിമന്യു കൊന്നാൻഗജതുരഗാദികൾതമ്മെ
യും * തച്ചുതകൎത്തുപൊടിച്ചുരഥങ്ങളുമച്യുതൻതന്റെമരുമകനായ
വൻ * ഗാന്ധാരനെത്തച്ചുകൊന്നൊടുക്കീടിനാൻ താൻതാൻതനി
ക്കൊത്തടിക്കിനമണ്ടിനാർ * ദുശ്ശാസനസുതനായഭടതനും വിശൈ
കവീരനോടെയ്തുട്ടത്തീടിനാൻ * മാരിനേരായശരങ്ങൾവരുന്നവ നേ
രേഗദകൊണ്ടുതട്ടിത്തകൎത്തവൻ * പാഞ്ഞടുത്തൊന്നടിച്ചാനവൻ
തേരുമ ഞാഞ്ഞുപിടിച്ചുഗദകൊണ്ടടിച്ചുടൻ * ഒക്കെത്തകൎത്തുപൊടി
ച്ചാൻഭരതനു മുൾക്കരുത്തോടുകൈക്കൊണ്ടൊന്നൊരുഗദ * തങ്ങളിൽ
പിന്നെഗ്ഗദകൊണ്ടുചെയ്തപോ രെങ്ങിനെയെന്നുപറവാൻപണിപണി!
* പാരംപരപ്പിൽപറയുന്നതെന്തിനു പോരിൽമരിച്ചാരിരുവർകുമാര
രും * ഹാഹാ!ശിവശിവ!യെന്നുമഹാജനം ഹാഹാ!ഹരിഹരിയെ
ന്നുരച്ചീടിനാർ * ശൂരനായുള്ളകുമാരനഭിമന്യു പോരിൽമരിച്ചതുകേ
ട്ടുയുധിഷ്ഠിരൻ * പാരിൽമരാമരംവീണപോലേതദാ പാരമഴൽപൂ
ണ്ടുമോഹിച്ചുവീണവൻ * പിന്നെയുണൎന്നുവിലാപംതുടങ്ങിനാൻ
ഉണ്ണീ! ചതിച്ചോകുമാര!മനോഹര! * എന്നുടെചൊൽകേട്ടുപോയി
മരിച്ചോരു നിന്നെഞാനെന്നിനിക്കാണുന്നുനന്ദന! * അൎജ്ജുനനോടും

മുകുന്ദനോടും പുനരിജ്ജനമെന്തു പറയുന്നതീശ്വരാ! * രാജ്യവും വേണ്ടാമതിമതി യുദ്ധവും പൂജ്യനാമീശനെസ്സേവിക്കെന്നവണ്ണേയും * ഇത്ഥം പറഞ്ഞു കരയുന്ന ധർമ്മജൻ ചിന്തശോകം കളഞ്ഞീടുവാനായിക്കൊണ്ടു * സത്യവതീസുതനായ മുനീശ്വരൻ സത്യവ്രതന്റെ മുമ്പിലെഴുന്നള്ളി * ധർമ്മജനാചാരവും ചെയ്തു നിന്നിതു തന്മനോദുഃഖം കളവാൻ മുനീശ്വരൻ * അദ്ധ്യാത്മവാക്യങ്ങൾ ചൊന്നൊരനന്തരം ചിത്തം തെളിവാനിതിഹാസവും ചൊന്നാൻ *

സൃഞ്ജയോപാഖ്യാനം.

പണ്ടുമഹീപതിയാകിയ സൃഞ്ജയനുണ്ടായൊരു സുതനൊന്നത്രയുമാദരാൽ * നാരദൻ തന്റെ വരപ്രസാദത്തിനാൽ ചാരുകുമാരനായുള്ളവൻ തന്നുടെ * മൂത്രപുരീഷങ്ങൾ പോലും കനകമായാസ്ഥകലന്മരുവുന്നതു കാലം * ദുഷ്ടർ വധിച്ചാരടവിയിൽ നിന്നതി കഷ്ടം മഹീപതിക്കുണ്ടായി ദുഃഖവും * സൃഞ്ജയൻ തന്നുടെ ശോകം കളവതിനഞ്ജസാ നാരദൻ താനുമെഴുന്നള്ളി * കേൾക്ക മഹീപതേ! ദുഃഖം കളക നീ ചാകില്ലയാതവരാരുമില്ലോർക്കെടോ * ഭോഷ്ക്കല്ല ധാതാവു നിർമ്മിച്ചു മൃത്യുവിൽ പോക്കലെ കല്പിച്ചുമേവുന്നു നിർണ്ണയം * പണ്ടു പലരുമുണ്ടായ മന്നവരുണ്ടായിതു പതിനാറു പേരൂഴിയിൽ * അന്തകൻ തന്നെയും വെല്ലുമവർകളുമന്തരമെന്നിയെ മരിച്ചാരറിക നീ * മുമ്പിൽ മരുത്തൻ സുഹോത്രനുമംഗനും വൻപനൗശീനരൻ രാമൻ തിരുവടി * നല്ല ഭഗീരഥൻ താനും ദിലീപനും മാന്ധാതാവേ പുരു യയാതി മുചുകുന്ദൻ * അംബരീഷൻ ശശബിന്ദു മഹീപതി അന്തിദേവൻ ഭരതൻ പൃഥു ഭാർഗ്ഗവൻ * അന്തമില്ലാത പുകഴുള്ള മന്നവരെന്തഹോ ചെയ്തതെന്നോർക്കെടോ സൃഞ്ജയ! * നാരദനേവം പറഞ്ഞു മറഞ്ഞ പോതാറി മഹീപതി തന്നുടെ ദുഃഖവും * നീയും കളക ഴൽ ധർമ്മജ നിർമ്മല! നീയറിയാതവയില്ലെന്നു നിർണ്ണയം * എന്നരുൾ ചെയ്തു മറഞ്ഞു മഹാമുനി മന്നവശോകവുമൊട്ടു കുറഞ്ഞിതായ് * ദേവകീദേവി തിരുമകൻ താനുമായ് ദേവരാജാത്മജൻ വൈരികളെ വെന്നു * വേഗേന സായാഹ്നനേരത്തുഴറിനാൻ പോകെന്നു ചൊല്ലിത്തിരിച്ചാനതു നേരം * കണ്ടവർ കണ്ടവർ മണ്ടുന്നതു കണ്ടും കണ്ടു ശകുനപ്പിഴകളതു കൊണ്ടും * ഇണ്ടലകതാരിലുണ്ടായതു കൊണ്ടും കൊണ്ടൽ നേർവർണ്ണനോടിങ്ങിനെ ചൊല്ലിനാൻ * ഉണ്ടു വലിയൊരു നാശം ഭവിക്കുന്നിതു മംഗലമൂർത്തേ! മധുരിപോ മാധവ! * എല്ലാമറിഞ്ഞിരിക്കുന്നമല്ലാരിയും മെല്ലവേ ചൊല്ലിനാനല്ലലോടും തദാ * നാശങ്ങളുണ്ടാംവണ്ണമതിങ്കലെങ്കിലും നാശം നൃപ നേതുമില്ലെന്നു നിർണ്ണയം * ഇത്ഥമന്യോന്യം പറഞ്ഞു വിഷാദിച്ചു സത്വരം കൈവിലപ്പൂക്കരനന്തരം * പുത്രാഭിപുത്രനാം പുത്രൻ മരിച്ചൊരു വൃത്താന്തമത്യാകുലത്തോടു കേട്ടു പാർത്ഥനുമൊത്തൊരല്ലുണ്ടായ ദുഃഖം പറവതിനാവതല്ലാ ലോകത്തിങ്കലാർക്കുമാമല്ലെടോ * മോഹിച്ചു ഭൂമിയിൽ വീണു കിരീടിയും മോഹൈകനാശനനായ കൃഷ്ണനും * സ്നേഹപരവശനായവൻ തന്നുടെ ദേഹമെടുത്തു മുറുകെത്തഴുകിനാൻ * കേ

ഴുന്നിതുചിലബന്ധുക്കളാകുലാൽ വീഴുന്നിതുചിലരോടുന്നിതുചിലർ *തങ്ങളെത്താഡിച്ചുമോഹിച്ചിതുചില രിങ്ങനെസർവ്വരുംകേഴുന്നതുനേരം * കണ്ണുമിഴിച്ചുതിരുമുഖവുംനോക്കി വിണ്ണവർകോൻമകൻകേണുതുടങ്ങിനാൻ * അമ്പോമകനേകുമാരാ!ചതിച്ചിതോ നീയെന്നെയിങ്ങനെയാക്കിച്ചമച്ചിതോ? * സൂര്യസമാന! സുകുമാര!സുന്ദര! ശൂരസുഭദ്രാത്മജ! മമനന്ദന! *ഹാഹാ!പൊറുക്കുന്നതെങ്ങിനെനിന്നുടെ ദേഹമെൻകൺകൊണ്ടുകാണാതെഞാനിനി *ഹാഹാമറപ്പതെന്നെന്നുഞാൻപൈതലേ! ഹാഹാ!വൃഥാഫലമായിതെല്ലാരുമേ * വേണ്ടീലെനിക്കിനിയുദ്ധവുംരാജ്യവും വേണ്ടീലഭൂമിയിൽവാഴ്കയുമിന്നിഞാൻ * പ്രാണൻകളയുന്നതുണ്ടെന്നുഫൽഗുനൻ വീണുമുറയിട്ടുനേരത്തുകൃഷ്ണനും * മൂഢരെപ്പോലെചമയുന്നതെന്തുനീ തേടൊലാചാപല്യമേതുമേമന്നവ! * യുദ്ധത്തിൽമുൻനോക്കിവേഗാലടുത്തതി ശക്തിയേറീടുന്നശത്രുക്കളെക്കൊന്നു * വീര്യപുരുഷനായുള്ളതവാത്മജൻ വീര്യസ്വർഗ്ഗംപുക്കാനെന്നറിഞ്ഞീടുനീ * നിന്നോടുതന്നെഞാൻചൊന്നൊരുപദേശ മിന്നുജലരേഖയായിതോഫൽഗുനാ? * ജാതനായാൽ മൃതനാംമൃതനായവൻ ജാതനാമിങ്ങനെജന്തുധർമ്മംപുരാ * ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ചുമാനവർ പൂർണ്ണശോഭങ്ങളാംവസ്ത്രങ്ങൾകൊള്ളുവോർ * ജീർണ്ണദേഹംകളഞ്ഞവ്വണ്ണം ദേഹികൾ പൂർണ്ണശോഭങ്ങളാംദേഹങ്ങളെക്കൊള്ളും *രാജധർമ്മങ്ങൾ നിരൂപിക്കിലിന്നതി വ്യാജനപങ്കജവ്യൂഹത്തിലായൊരു * ബാലനെയഞ്ചാറുപേർകൂടൊരുമിച്ചു കാലപുരത്തിനയപ്പാനവകാശം * അന്തകവൈര വരപ്രസാദത്തിനാൽ സിന്ധുപതിയാംനൃപനല്ലോകാരണം * പെണ്ണുങ്ങളെപ്പോലെദുഃഖിച്ചിരിയാതെ തിണ്ണമടുത്തുജയദ്രഥൻതന്നുടെ * കണ്ഠംമുറിപ്പതുതക്കതിതിന്നെന്നു കൊണ്ടൽനേർവർണ്ണനരുൾചെയ്തനന്തരം *

പാർത്ഥപ്രതിജ്ഞയും ജയദ്രഥവധവും.

ചാരുനയനങ്ങൾചോന്നുമറഞ്ഞിതു ഘോരപുരികംഞെളിഞ്ഞുവളഞ്ഞിതു * പാരംവിറച്ചുചമഞ്ഞുതിരുവുടൽ ശൂരനായുള്ളകിരീടികിരീടവും * സൂര്യപ്രഭമായെരിഞ്ഞിളക്കീത്തുലോം നിർജ്ജരനായകനന്ദനനാകിയനോർജ്ജുനൻതന്നുടെഖേദകോപങ്ങളാൽ * ഉജ്ജ്വലിച്ചുള്ളൊരുതേജസ്സുകാണ്കയാൽ സജ്വരന്മാരായ്ചമഞ്ഞിതുലോകരും * നാനാജനങ്ങളുംകേൾക്കമാറർജ്ജുനൻ മാനമോടേവം പ്രതിജ്ഞചെയ്തീടിനാൻ *സത്യമല്ലോവചംകേൾപ്പിനെങ്കിലോ ചിത്തത്തിൽമേവുന്നകൃഷ്ണൻതിരുവടി * പൊൽത്താരടിയിണയാണപൊളിയല്ല സത്യവ്രതനാകുമഗ്രജൻ തന്നാണനിത്യനാംകേശവൻതന്നാണനിർണ്ണയം * പുത്രശത്രുവായുള്ളദുര്യോധന നത്യന്തമാശ്രയമായജയദ്രഥൻ *പുത്രനെക്കൊല്ലുവാൻകാരണമാകയാൽ മിത്രനുദിക്കുന്നതാകിലോനാളെഞാൻ *അസ്തമിക്കുന്നതിൻമുൻപവൻതല പത്രികൊണ്ടെയ്തുമുറിക്കുന്നതുണ്ടതി നെന്തൊസ്ഥലേതുമേസംശയംകൂടാതെ * ഗാഢമായുള്ളോരു വില്ലുമായഗ്നിയിൽ ചാടിമരിക്കുന്നതുണ്ടെന്നുനിർണ്ണയം * ഇത്ഥംപ്രതി

ജ്ഞയുംചെയ്തുപാൎത്ഥൻ പിതൃദത്തമാംശംഖമെടുത്തുവിളിച്ചിതു * ചാ
ഞ്ചല്യമില്ലാതദേവകീപുത്രനും പാഞ്ചജന്യത്തെവിളിച്ചരുളീടിനാൻ *
ശംഖനാദങ്ങളുംവാദ്യഘോഷങ്ങളും ശങ്കവെടിഞ്ഞുള്ളസിംഹനാദങ്ങ
ളും * കേട്ടുകലുങ്ങിജഗത്ത്രയമനന്തരം വാട്ടംകളഞ്ഞിതുപാണ്ഡവ
സേനയും * പാൎത്ഥിവരാൎത്തുംവാദ്യഘോഷങ്ങളും പാൎത്ഥൻപ്രതിജ്ഞ
ചെയ്താനെന്നവാൎത്തയും * ആൎത്തിവരുമാറുകേട്ടുജയദ്രഥൻ ചീൎത്തവി
ഷാദമോടേപറഞ്ഞീടിനാൻ * മന്നവർമന്നവനായസുയോധന!കൎണ്ണ!
കനിവേറുമാചാൎയ്യനിങ്ങളും * പാണ്ഡവകൈനിലതന്നിലെഘോഷ
ങ്ങൾ താണ്ഡവംപോലെശിവശിവ!കേട്ടിലേ? * ഉഗ്രനാംപാൎത്ഥൻ
പ്രതിജ്ഞചെയ്തീടിനാൻ നിഗ്രഹിച്ചീടുമവനെന്നെനിൎണ്ണയം * രക്ഷി
പ്പതിന്നുബലമില്ലനിങ്ങൾക്കു ശക്രാത്മജനോടുനില്ക്കരുതാൎക്കുമേ * വേ
ഗേനദൂരത്തുപോയൊളിച്ചാകിലും ചാകാതെകാത്തുകൊണ്ടീടുവനെ
ന്നെഞാൻ * എന്നതുകേട്ടുസുയോധനൻചൊല്ലിനാൻ ഇന്നൊരു
ത്തൎക്കുമിപ്പറഞ്ഞീടൊലാ * കാനനംപൂകെന്നകാരിയമെന്ത ഭിമാന
മില്ലാതൊരുദുൎബ്ബലന്മാരുടെ * പക്ഷമിതെൻചെവികേൾക്കനീചൊ
ല്ലുകിലൊക്കെക്കഴിഞ്ഞിതുമേലിലെയുദ്ധവും * വിശ്വൈകവീരനാൎയ്യേ
വ്വുമാചാൎയ്യനശ്വത്ഥാമാവുംവൃഷസേനനുംഞാനും * കൎണ്ണനുംമറ്റുമ
ഹാരഥന്മാരുമായ് നിന്നെരക്ഷിക്കുന്നതുണ്ടെന്നുനിൎണ്ണയം * നാളേട
മെത്തുചെയ്യും കഴിച്ചീട്ടവാനാളുഞാനെന്നറിഞ്ഞീടുകെന്നാനവൻ * മ
റ്റുള്ളവർകളുമിങ്ങനെചൊല്ലിനാർ തെറ്റെന്നുകൌരവസേനയുമാൎത്തി
തു * ബലവൈരത്തോടുരണ്ടുപരിഷയും യുദ്ധത്തിനാശുസന്നദ്ധരാ
യീടിനാർ * കൌരവന്മാരുടെകൈനിലതന്നിലെ ഭൈരവനാദവുംവാ
ൎത്തയുംകേട്ടഥ * ശൌരിമുരാരിനരകാരികംസാരി ഗൌരവഭാവമോടേ
വമരുൾചെയ്തു * വീര!വിശേഷങ്ങൾകേട്ടതില്ലേസഖേ? വിരവാദം
പറഞ്ഞീടിനാർകൌരവർ * നാനാമഹാരഥന്മാരുമായൊന്നിച്ചു നാ
നാപ്രകാരവുംനാളെയുദ്ധത്തിങ്കൽ * കൌന്തേയനാകിയപാൎത്ഥനുകൊ
ല്ലുവാൻ സൈന്ധവൻതന്നെയയയ്ക്കുന്നതില്ലെന്നും * ഇത്ഥംപ്രതിജ്ഞ
ചെയ്താരവർ നിന്നുടെസത്യവുംപാരംകെടുത്തെടോഫൽഗുന! * സാധിച്ചു
കൊൾവാൻപെരികെപ്പണിയുണ്ടുബാധിച്ചുകൂട്ടുമോവൻപുള്ളരികളെ *
മല്ലാരിമെല്ലവേചൊല്ലിയവാക്കുകേട്ടല്ലലോടും തദാചൊല്ലിനാനൎജ്ജുന
ൻ * അമ്പരിലമ്പനേവമ്പരിൽമുമ്പനേ ഉമ്പർകോനേമമതമ്പുരാനേ
ഹരേ! * നിന്തിരുവുള്ളമൊരന്തരമെന്നിയേ സന്തതമന്ധനാമെന്നിലു
ണ്ടാകയാൽ * ബന്ധകവൈരിപുരാന്തകൻതാൻ പരിപന്ഥിയെന്നാകി
ലുംഞാൻജയിച്ചീടുവൻ * വ്യാകുലമില്ലതുനില്ക്കവിരവിനോടാകുലമാരാ
യ്മുറയിട്ടലച്ചിടും * നാരീജനങ്ങൾതൻദുഃഖമടക്കുക നാരായണാതവ
വാക്യാമൃതത്തിനാൽ * എന്നതുകേട്ടുമുകുന്ദൻതിരുവടി ചെന്നുനാരീജ
നത്തോടരുളിച്ചെയ്തു * ഭദ്രേ!സുഭദ്രേ!ഭഗിനി!കരയരു തുത്തമമാൎക്കു
ലോത്തംസമാമൃതാംഗരേ!ബാലേ!സുശീലേ!വിമലേമനോഹരേ! മാലെറി
മാഴ്കായ്കപാഞ്ചാലനന്ദനേ! * വീരമാതാക്കൾധൎമ്മങ്ങളോൎത്തീടുവിൻ

ട്ടരവേനീക്കുവിൻ ചാപല്യമൊക്കവേ * വീൎയ്യവാന്മാരാം രിപുക്കളെയും
വെന്നുവീൎയ്യസാൎഗ്ഗം പുക്കിരിക്കും പുരുഷനെ * ചിന്തിച്ചു നിങ്ങൾ കര
ഞ്ഞാലവനതിനന്തരം വന്നുപോമത്രേ പുനരിനി * സന്താപമൊട്ടുക
റച്ചീടുവിൻ നിങ്ങളെന്തറിയാതവരെപ്പോലെ കേഴുവാൻ * ഇത്ഥമരുൾ
ചെയ്തടക്കിവിലാപവും മുഗ്ദ്ധവിലോചനനാകിയ മാധവൻ * വൃത്രാരി
പുത്രനശോകമകറ്റുവാൻ പുത്രനെക്കാണേണമെതീയാവിതെന്നിട്ടു * വൃത്രാ
രിലോകത്തവനുമായ് ചെന്നുടൻ പുത്രനെക്കാട്ടിവിഷാദവും തീൎത്തിതു
* ചിത്രമിതോൎക്കിലൊരുനിമിഷം കൊണ്ടു ചിത്രമോരോയോഗേശനല്ലോ ജ
ഗൽപതി * ഉള്ളിൽ പ്രപഞ്ചമെല്ലാമടക്കും പുമാൻ പള്ളിക്കുറിപ്പു കൊ
ണ്ടീടിനാനിങ്ങനെ * പ്രാണസമൻ മമ പാൎത്ഥന്റെ സത്യമൂനം വരാ
തെകഴിപ്പാൻ പണിതുലോം * ദ്രോണാദികളെയുംകോട്ടത്താ രവനേ
ണാങ്കചൂഡപ്രസാദവുമുണ്ടല്ലോ * ഇത്ഥം നിനച്ചു നിനച്ചു കിടക്കയാ
ലൎദ്ധരാത്രിക്കുണൎന്നീടിനാൻ മാധവൻ * ദാരുകൻ തന്നെ വിളിച്ചരുൾ
ചെയ്തിതു പോരതിഘോരമാം നാളെയറികനീ * ഞാൻ തന്നെ സൈ
ന്ധവൻ തന്നെക്കൊലചെയ്തു കൌന്തേയസത്യത്തെ രക്ഷിക്കയും വേണം
ബാന്ധവമെന്നുള്ളതെങ്ങിനെയുള്ളതെ ന്നാന്തരമായെഴുമാത്മാധനഞ്ജ
യൻ * പൊന്മയമായ ഗരുഡധ്വജമുള്ള നമ്മുടെ തേരുമൊരുമിച്ചരിക
വേ * നിൎമ്മലമായെഴുമായുധജാലവും ചെമ്മേ പിരിയാതെ വേണ്ടിവരു
മല്ലോ * എന്നുടെ സേവകന്മാരെയുപേക്ഷിക്ക യെന്നുള്ളതൊന്നു കൊ
ണ്ടും വരാ നിൎണ്ണയം * ഇത്തരം ദാരുകനോടരുളിച്ചെയ്തു നിദ്രയുമൊട്ടു കുറ
ഞ്ഞു ഭഗവാനും * താനതിഭാരമായ് ചെയ്തൊരു സത്യവും മാനമേ
റീടുന്ന വൈരികൾ വീൎയ്യവും * താനേ നിരൂപിച്ചു ഖേദിച്ചു ഫൽഗ്ഗു
നൻ മാനസം മാഴ്കി ത്തളൎന്നുറങ്ങും വിധൌ * വിഷ്ണു ഭഗവാൻ വിരിഞ്ചാദി
വന്ദിതൻ വൃഷ്ണികുലോത്തമൻ വിശ്വംഭരാവരൻ * കൃഷ്ണൻ തിരുവടി
തന്നെയുറക്കത്തിലുഷ്ണനിശ്വാസശമനം വരുംവണ്ണം * ഉഷ്ണതരാംശു
കുലോത്ഭവനാകിയ ജിഷ്ണുവുംകണ്ടിതു സങ്കടം തീരുവാൻ * ശത്രുക്കളെ
ജ്ജയിച്ചീടുവാനാശുനാം മൃത്യുഞ്ജയനായ രുദ്രനെ വന്ദിപ്പാൻ * പോ
കെന്നു നാരായണൻ നരൻ തന്നോടു വേഗേന കൈയും പിടിച്ചരുളിച്ചെ
യ്തു * നാനാനഗനഗരഗ്രാമദേശങ്ങൾ കാനനൌഘം നദീജാലവും പി
ന്നിട്ടു * കൈലാസമാകിയ ശൈലോപരി ചെന്നു നീലകണ്ഠൻ കഴൽ കൂ
പ്പി സ്തുതിചെയ്തു * പൎവ്വതമന്ദിര! പാൎവ്വതീവല്ലഭ! ദൎവ്വീകരവരഭൂഷണഭൂ
ഷിത! * സൎവ്വജ്ഞ! സൎവ്വലോകേശ! സൎവ്വാത്മക! ശൎവ്വ! ശംഭോ! മഹാദേവ
ദേവേശ്വര! ഗംഗാധര! ഹര! ചന്ദ്രകലാധര! തുംഗജടാഭാര കാരുണ്യവാ
രിധേ * ഭസ്മവിലേപനഭൎഗ്ഗ ഭയാപഹ! വിസ്മയാനന്ദനൃത്തപ്രിയ!
ത്ര്യംബക! ശങ്കര! സ്ഥാണോ! ഗിരീശ! പുരഹര! ചെങ്കനൽ തൂകുന്ന ഫാലവി
ലോചന! * മുണ്ഡമാലാധര! ദണ്ഡധരാന്തക! ഖണ്ഡപരശോ! പശുപ
തേ! ധൂൎജ്ജടേ! * ശൂലപരശ്വധമുഖായുധഭീഷണ! നാലുവേദപ്പൊരുളാകുന്ന
നാഥനേ! * അസ്ഥികൾ കൂത്തുകൾ നല്ലതളികകൾ ഉത്തമമായുള്ള പുഷ്പ
ങ്ങൾ മുണ്ഡങ്ങൾ * ഇത്തരം കൊണ്ടുള്ള മാല്യവിരാജിത! മൃത്യുഞ്ജയ! ജ

യ ഭീമ! ജയജയ! * മാരമദഹര! കാളകൂടാഹാര! കാരണപൂരുഷ വാര
ണഭഞ്ജന! * ചാരണസേവിതസാരസാക്ഷപ്രിയ! പാഹിനമോനമഃ
പാഹിനമോനമഃ * ദേഹിവരംപരമാനന്ദശാശ്വത! ഭൂതിപ്രിയന
മോ ഭൂതിപ്രദ! നമോ * ഭൂതശതേനമോ ഭൂതകൎത്രേ നമോ ഭൂതഭൎ
ത്രേ നമോ ഭൂതഹൎത്രേ നമഃ * ശാന്തായ ഘോരായ ദാന്തായ ശൂരായ
കാന്തായ ഭൎഗ്ഗായ രുദ്രായ ശൎവ്വായ * ദക്ഷാന്തകായ തേ രക്ഷാകരായ തേ
നിത്യംനമോനമോനിത്യംനമോനമഃ * ഭക്തിപൂണ്ടിത്ഥംവണങ്ങി
സ്തുതിച്ചോരു പത്മാക്ഷഫല്ഗുനന്മാരോടുശങ്കരൻ * ഭക്തപ്രിയൻപര
മേശ്വരനീശ്വരൻ ഭദ്രപ്രദൻപരമാനന്ദമുൾക്കൊണ്ടു * മന്ദസ്മിതം
ചെയ്തൊരിക്കലേപുൽകീട്ടു ചന്ദ്രകലാധരനേവമരുൾചെയ്തു * അൎദ്ധരാ
ത്രിക്കിതെന്താഗമിച്ചീടുവാൻ അത്തലുണ്ടായതെന്തെന്നുചൊല്ലീടുവിൻ
* മുഗ്ദ്ധവിലോചനൻമൂലപ്രകൃതിക്കു വിത്തായകൃഷ്ണനുമപ്പോളരുൾ
ചെയ്തു * അഞ്ചാറുസേനാപതികളൊരുമിച്ചു വഞ്ചിച്ചഭിമന്യുവായ
കുമാരനെ * കൊന്നാരതിന്നരിപുക്കളെയൊക്കവേ കൊന്നൊടുക്കീടു
വാൻതക്കൊരുദിവ്യാസ്ത്രം * തന്നരുളീടേണമെന്നതുപാൎത്ഥനും വന്ന
തുമിപ്പോളതിന്നുജഗല്പതേ! * ക്ലേശമതുചൊല്ലിയുള്ളിലുണ്ടാകേണ്ട കേ
ശവഫല്ഗുനന്മാരേപുരൈവഞാൻ * പാശുപതാസ്ത്രംകൊടുത്തേൻ
വിജയനു നാശമരികൾക്കതിനാലെവന്നുപോം * പോയാലുമെന്നഭ
യംകൊടുത്തീടിനാൻ മായാപതിയായമാരാരിശങ്കരൻ * ചെമ്പൊൽ
തളിരിണകുമ്പിട്ടുനേരത്തു ജംഭാരിനന്ദനൻകണ്ടാനൊരത്ഭുതം * താൻ
തലേനാളതിഭക്തിപൂണ്ടത്രേയും ശാന്തനായ്ത്തന്റെനിയമവിധിയിങ്കൽ *
വിഷ്ണുപദത്തിങ്കലൎപ്പിച്ചപുഷ്പങ്ങൾ വിസ്മയത്തോടുകണ്ടു ശിവന്മൌലി
യിൽ * വിഷ്ണുവെന്നുംശിവനെന്നുംഭുവനത്തിൽ വിജ്ഞാനികൾപ
റയുന്നതൊരജ്ഞാനംകണ്ടവരൊക്കവേരണ്ടെന്നുചൊല്ലുവോർ കേവ
ല്ലവരാരുമെനിൎണ്ണയം * ഇത്ഥംനിരൂപിച്ചുറച്ചു കിരീടിയുമദ്വൈതമാ
കിയധാമത്തെവന്ദിച്ചു * കൃഷ്ണനുംതാനുമായിങ്ങുപോന്നീടിനാൻ ജിഷ്ണു
വുമപ്പോളുണൎന്നുപോരീബലാൽ * സ്വപ്നത്തിലിങ്ങനെകണ്ടിട്ടുഫല്
ഗുനൻ കല്പിച്ചിതുജയമുണ്ടായ്‌വരുമെന്നും * കാരണനാകിയനാരായ
ണൻ പരൻപാരമായെന്നുടെശംഖനാദംകേട്ടാൽ * പാരാതെതേരു
നീകൊണ്ടുവരികെന്നു ദാരുകനോടരുൾചെയ്തുഭഗവാനും * ബ്രാഹ്മ
മുഹൂൎത്തേമുകുന്ദൻതിരുവടി സാമ്യമില്ലാതജഗല്പതിമാധവൻ * നി
ത്യൻനിരാമയൻനീതിമാനീശ്വരൻ നിത്യകൎമ്മങ്ങളുംചെയ്തുഷാഡ്ഗുണ്യംവി
ധൌ * ഭക്തനാംധൎമ്മജൻവാഴുന്നമന്ദിരേ സത്വരംചിത്തമോദാലെ
ഴുന്നള്ളിനാൻ * മംഗലഗീതസ്തുതികളുംവാദ്യവും ശംഖനിനാദവുംവ
ഝടനാദവും * ദാനങ്ങൾവാങ്ങിവാങ്ങിക്ഷമാ ദേവകളാനന്ദേനവു
മാശീൎവ്വചനവും * കേട്ടുകേട്ടങ്ങുടുത്തീടിനനേരത്തുപാട്ടംവരാതൊരു
ഭക്തിയുംമോദവും * കൈക്കൊണ്ടുസൽക്കരിച്ചീടിനാൻധൎമ്മജൻ പുഷ്ക
രനേത്രനുംപ്രീതിപൂണ്ടീടിനാൻ * വാസുദേവൻജഗന്മംഗലൻകേശവ
ൻ വാസവിതന്നൊത്തെഴുകിയരുൾചെയ്തു * ഖേദിക്കവേണ്ടജയംവരുംനി

ണ്ണയം സാധിക്കുമെന്നറിനിൻറടെസത്യവും * അംബുജലോചന! ത്രം
ബുധവന്ദിത! കംബുധരാമൃതസ്യന്ദനാനന്ദമ * അംബികാവല്ലഭസേ
വിതശാശ്വത ബിംബഫലാധര! ചന്ദ്രബിംബാനന! * കൃഷ്ണ!ദയാ
നിധേ!വൃഷ്ണികുലാധിപ!വിഷ്ണോ!മുരാരേ!മധുസൂദനഹരേ! * രാമര
മാവരശ്യാമാഭിരാമ!മാരാകാരസന്മധുരൂപായതേനമഃ * നിൻകൃപ
യുണ്ടെങ്കിലെന്തൊരുസങ്കടംപങ്കജലോചന!കേട്ടുകൾകെങ്കിൽനീ *
നിദ്രയിൽഞാൻനിന്തിരുവടിതന്നൊട്ടംരുദ്രനെക്കണ്ടു വരംവരിച്ചീടി
നേൻ * ത്വൽപദാബ്ജാർച്ചിതപുഷ്പങ്ങളൊക്കയും തല്പദാംഭോ
ജംനമസ്കരിക്കുംവിധൌ * ശംഭുതന്മൌലിയിൽക്കണ്ടുതെളിഞ്ഞു
ഞാൻകിംപുനരംവിസ്മയം തമ്പുരാനേഹരേ! * സ്വപ്നപ്രകാരവുമി
ത്ഥംപറഞ്ഞുടൻ ചിൽപ്പുരുഷങ്കലുറപ്പിച്ചുമാനസം! * അർജ്ജുനൻ
നില്ക്കുന്നനേരത്തുധർമ്മജൻ പിച്ചയല്ലേതുമിതെന്നരുളിച്ചെയ്താൻ *
അച്യുതനംപുനരന്തകവൈരിയും നിശ്ചയംചിന്തിക്കിലൊന്നെന്നറിക
നീ * വൈകരുതേതുമുദിച്ചിതുഭാസ്കരൻവൈരികൾവന്നൊരുമിച്ചാര
റികനീ * ഇന്നുചെറുതുകലഹമുണ്ടായ്വരും നിർണ്ണയമിത്രനാളേപ്പോ
ലെയല്ലെടോ! * പിന്നെയുംചൊന്നാൻധനഞ്ജയൻനില്ക്കുന്ന മന്നവ
ന്മാരൊട്ടുമഗ്രജന്മാരൊട്ടും * ഉഗ്രനായുള്ളഗുരുവീരസത്യമുണ്ടഗ്രജനാം
മമധർമ്മതനയനെ * യുദ്ധത്തിലെത്തിപ്പിടിച്ചുകെട്ടീടുവാൻചിത്തത്തി
ലുണ്ടിനിക്കെന്നൊരുസങ്കടം * അഗ്നിക്കുബന്ധുവാംവായുതൻപുത്രനു
മഗ്നിയിലുത്ഭവിച്ചോരുപാഞ്ചാലനും * സാത്യകിയുംമഹാവീരരാംമററു
ള്ള ധാത്രീപതികളുമൊക്കെയൊരുമിച്ചു * കൈനിലചുററുമെൻജ്യേ
ഷ്ഠനെക്കാത്തുകൊണ്ടേകമത്യത്തോടുനില്പിനെല്ലാവരും * മുററുംമുക
ന്ദൻതുണയുള്ളഞാനെന്ന്യേ മററാരുമിന്നുകരുതായ്കപോരിനായ് *
കൊററവനായനൃപനെരക്ഷിക്കേണ മുററവരായവർനേക്കസർവ്വരും *
തേറിനാരങ്ങിനെയാമെന്നതേവരും തേരേറിനാർനരനാരായണന്മാ
രും * ദേവാസുരോരഗസിദ്ധവിദ്യാധര ഗന്ധർവ്വകിന്നരകിംപുരുഷാ
ദിയും * യക്ഷരക്ഷോഗണചാരണഗുഹ്യകപ്രേതഭൂതാദിയുമപ്സരസ്ത്രീ
കളും * അംബരമാർഗ്ഗേവിമാനങ്ങളേറിനാർ തുംബുരുനാരദന്മാരു
മേറിനാർ * ഭേരീപടഹശംഖാദികൾനാദവും വീരന്മാരായവർ
സിംഹനാദങ്ങളും * തേരുരുൾനാദംചെറുഞാണൊലികളും വാര
ണന്മാരുടെഗർജ്ജിതനാദവും * ചാരുതുരഗാളിഹേഷാരവങ്ങളും നാ
രദവീണാമനോഹരനാദവും * ഒക്കവെപൊങ്ങിമുഴങ്ങിച്ചമകയാൽ
ദിഗ്ഗജങ്ങൾക്കുചെവിയുമടച്ചിതു * കല്പാന്തകാലത്തുസപ്തസമുദ്രങ്ങ
ളുൾഭ്രാന്തികൈക്കൊണ്ടലറുന്നതുപോലെ * ഘോരഘോരമിരുഭാഗവും
വൻപട വാരിധിപോലെപരന്നുചമഞ്ഞുതേ * സൂചീസരസിജവ്യൂ
ഹംചമച്ചുകൊ ണ്ടാചാര്യനായഭരദ്വാജനന്ദനൻ * നിർത്തിനാൻ
ദക്ഷിണഭാഗത്തുവൻപട ചിത്രമായോരുശകടാഹ്വയവ്യൂഹം * ഇത്ഥ
മുറപ്പിച്ചുവാമഭാഗേതഥാ ചിത്തമുറപ്പിച്ചുരണ്ടുകൂട്ടത്തിനും * മദ്ധ്യമ
ഭാഗേതന്നിലാചാര്യനുംക്രുദ്ധനായ് .വില്ലുംധരിച്ചുനിന്നീടിനാൻ *

യുദ്ധനിലമായൊരാകാശമൊക്കെയും ഹസ്തശിരച്ഛത്രമയങ്ങളാംമേ
ഘങ്ങൾ * ഉത്തുപരന്നതുനേരത്തുധൂളിയാൽ മിത്രബിംബംമറഞ്ഞിട്ടും
ദശാന്തരേ * ദിക്കുകളൊക്കവേപൊട്ടുമാറങ്ങനെ വെട്ടുമിടികൾപോ
ലെപടഹങ്ങളും * സന്നദ്ധരായുള്ള വീരർകൈവാളായ മിന്നൽപിണ
രുകൾമിന്നുന്നനേരത്തു * കണ്ണുകൾതങ്ങളെച്ചിമ്മുന്നിതു ചിലർ ചാപ
ങ്ങളായ്മികമിന്ദ്രചാപങ്ങളും * ബാണങ്ങളായുള്ള ധാരാവരിഷവും
ചോരയായുള്ളൊരുവാരിപ്രവാഹവും * പെയ്തുപെയ്തൊക്കെനിറഞ്ഞുന
ദികളായോരോവഴിയെയൊലിക്കുന്നനേരത്തു * വക്ത്രങ്ങളാകിയ
പത്മങ്ങളുണ്ടതിൽ കേശങ്ങളായുള്ള ശൈവലപൂരവും * ഹസ്തപാദങ്ങ
ളായുള്ള മത്സ്യങ്ങളുമസ്ഥികളായുള്ള പാഷാണജാലവും * ചിത്രമായു
ള്ളൊരുശംഖമുക്താദിയും മദ്ധ്യയൊഴുകുന്നചോരപ്പുഴകണ്ടു * ചിത്രം
വിചിത്രംവിചിത്രമെന്നുജനം ദുശ്ശാസനനെയെതിർത്താനവനെയും വി
ശോകവീരൻവിജയൻജയിച്ചിതു * ശസ്ത്രങ്ങൾകൊണ്ടഭിവാദ്യവും
ചെയ്തതൻതാപമെല്ലാമറിയിച്ചനേരത്തു * തോററപോലെയൊഴി
ച്ചാൻഗുരുവീരനും മാററലരോടെതിർത്താൻകുരുവീരനും * കൊന്നുകൊ
ന്നൊക്കെയൊടുക്കുന്നതുകണ്ടു പിന്നെയുംദ്രോണരടുത്താനതുനേരം *
ഒട്ടുയുദ്ധംചെയ്തുപിന്നെയുംപോയിതു മുട്ടിച്ചെതിർത്തിതുഹാർദ്ദിക്യനന്നേ
രം * എയ്തുതലയുമറുത്താൻധനഞ്ജയൻ എയ്തശരങ്ങൾവരുണാത്മജന
പ്പോൾ * ഛത്രധ്വജജാലങ്ങളെല്ലാമതുനേരം വൃത്രാരിപുത്രൻകള
ഞ്ഞാരനന്തരം * തെറെറന്നൊരുഗദകൈക്കൊണ്ടെടുത്തവനെററി
നാൻ കൃഷ്ണനെയപ്പോൾവിജയനും * കണ്ഠവുംകൈയുമൊരമ്പാൽ
മുറിച്ചതു കണ്ടെതിർത്തീടിനാൻകാംബോജനന്നേരം * അന്തകൻവീട്ടു
പുക്കാൻപൊരുതേററവു മന്ത്രികനിന്നപടയോടുകൂടവേ * പിന്നെശ്രു
തായുരാഖ്യനുപനററിതു കൊന്നാനരനിമിഷംകൊണ്ടവനെയും *
അപ്പോളവൻതന്നനുജനുംകോപിച്ചു മുൽപ്പുക്കെതിർത്തു കണ്ടാശുപാ
ർത്ഥനും * തൽബലൌഘത്തോടുകൂടവേകോപിച്ചു കെല്പോടുബാണങ്ങ
ളെയ്തുകൊന്നീടിനാൻ * എന്നെയെന്നെക്കൊലചെയ്യുന്നിതർജ്ജുനനെ
ന്നഖിവീരരൊഴിച്ചുതുടങ്ങിനാർ * ധാർത്തരാഷ്ട്രൻപെരികാത്തനായ്
ദ്രോണരെക്കാൽത്തളിരൻപോടുവന്ദിച്ചുചൊല്ലിനാൻ * കാത്തുജയദ്ര
ഥൻതന്നെയുമെന്നെയും പാർത്ഥഭയംതീർത്തുരക്ഷിക്കവേണമേ * ശത്രുക്ക
ളെക്കൊന്നുരാജ്യംതരുവതിന്നിങ്ങാരിലിപ്പോൾമടിക്കരുതേതുമേ *
ദ്രോണർകവചംജപിച്ചുകൊടുത്തിതു മാനിയായുള്ളസുയോധനനന്നേ
രം * പാണ്ഡവംപുക്കൊരുപാവകനെപ്പോലെ പാണ്ഡവസേനദഹി
പ്പിച്ചിതാചാര്യൻ * ഗാണ്ഡീവധന്വാവുംപോയിതൊരുവഴി വേണ്ടും
ജയദ്രഥനെക്കണ്ടുകൊള്ളുവാൻ * അന്നേരമെങ്ങുനിന്നെന്നറിഞ്ഞീല
പോന്നുനരനായധൃഷ്ടദ്യുമ്നനുംവന്നാൻ * ദണ്ഡായുധത്തിൽമരി
ച്ചാർപലനൃപരാരെന്നാളുമായിതന്നേരമാഹവം * സോമകപാ
ഞ്ചാലഭൂപതിവീരന്മാർ കാർമുകിൽപെയ്മഴതൂകുന്നതുപോലെ * ബാ
ണംപൊഴിച്ചുണ്ടടുക്കുന്നതുനേരം ദ്രോണരുടെപടകെട്ടുപാഞ്ഞുതുലോം

* വമ്പനായിട്ടുംദ്രുപദനും ചാപികൾ മുൻപനാമാചാര്യനും പൊ
രുതോരുപോ * തമ്പരും കണ്ടുതെളിഞ്ഞുവാഴ്ത്തീടിനാർ തുംബുരു
നാരദന്മാരും പുകഴ്ത്തിനാർ * വാളുമായേററമടുത്തിതു പാഞ്ചാ
ലൻ ബാണങ്ങൾ മെയ്യിൽനിറച്ചിതാചാര്യനും * കൊല്ലുന്നതുണ്ടെ
ന്നാറച്ചുഗ്രതരൻ വില്ലുംകുഴിയെക്കലച്ചുചുടൻ * നില്ലുനി
ല്ലെന്നണഞ്ഞീടുന്നനേരത്തു മല്ലാരിതൻപ്രിയനാകിയശൈനേയൻ
* കിഞ്ചനചഞ്ചലമെന്നിയേ ചൊല്ലിനാ നഞ്ചിയോടുന്നവനല്ലെന്ന
റിഞ്ഞാലും * അത്രവൈദഗ്ദ്ധ്യമുണ്ടെങ്കിലൊന്നമ്മിലു മിത്തിരിനേ
രം പൊരുതേമതിയാവൂ * കെല്പോടിവണ്ണം പറഞ്ഞാശു സാത്യകി മുൽ
പ്പുക്കെതിർത്തുകണ്ടുഗ്രതരൻ * അസ്ത്രങ്ങൾ ശസ്ത്രങ്ങൾ നാരാച
പംക്തികൾ അർദ്ധചന്ദ്രാകാരമായുള്ള പത്രികൾ * ഇത്തരംകോരിച്ചൊ
രിഞ്ഞുതുടങ്ങിനാ നത്തരംതന്നെയുയുധാനനുമെയ്താൻ * മുഗ്ദ്ധവിലോ
ചനഭൃത്യപ്രവരനും ക്ഷത്രകുലാന്തകശിഷ്യപ്രവരനും * ബലവൈര
ത്തോടടുത്തുനിന്നങ്ങിനെ യുദ്ധംഭയങ്കരമായ്ച്ചെയ്തനേരത്തു * ശൂല
നഖണ്ഡൻ ജഗല്പരിപൂർണ്ണനാം ദുഗ്ദ്ധാംബുരാശിതിരുമകൾവല്ലഭൻ *
അശ്രുജയദ്രഥനെക്കൊലചെയ്യതിന്നാശുഗവേഗമിയന്നതേരോടിച്ചാൻ
* ശക്തികൾവജ്രങ്ങൾ ചക്രങ്ങൾ ശൂലങ്ങൾ ശസ്ത്രങ്ങളസ്ത്രങ്ങളും ഗദാ
ജാലവും * ഉഗ്രങ്ങളായമുസലങ്ങളെന്നിവ നിഗ്രഹിക്കേണമിവനെയെ
ന്നൊന്നിച്ചു * ശക്രനരേ രാമവിക്രമമുള്ളവൻ ശക്രാത്മജനനേർത്തുകി
ത്തുടങ്ങിനാർ * ഖണ്ഡിച്ചുഖണ്ഡിച്ചൊട്ടുക്കിക്കഴിച്ചൊരാഖണ്ഡലന
ന്ദനൻ ചെല്ലുന്നനേരത്തു * വിന്ദനുമൊക്കെള്ളനുവിന്ദനുംകൂടിമന്ദേതരമടു
ത്തെയ്താരതുനേരം * ഇന്ദ്രാത്മജൻ കൊലചെയ്താ നവരെയുമിന്ദിരാവല്ല
ഭനോടഥ ചൊല്ലിനാൻ * പൈദാഹമുണ്ടു കുതിരകൾക്കേററവും കൈ
തവമില്ലാതകാരുണ്യവാരിധേ! * കൈകാൽതളർന്നു നടക്കുന്നതില്ലേതും
വൈകല്യമുണ്ടതുകൊണ്ടു രണത്തിനും * തണ്ണീർകൊടുത്തു തളച്ചുകെട്ടുക്കി
ലേ സന്നാഹമോടുപോർ ചെയ്കൂടൂഹരേ! * എന്നുപറഞ്ഞു ശരൌഘം
പ്രയോഗിച്ചു നന്നായുഴിച്ചു പാനീയമുണ്ടാക്കിനാൻ * എന്നതു കണ്ടു മു
കുന്ദൻതിരുവടി! പന്നഗശായി പരൻപുരുഷൻതാനും * അശ്വങ്ങളെ
ത്തെളിയിച്ചു തേർപൂട്ടിനാൻ വിശ്വംഭരൻ നിജഭക്തജനപ്രിയൻ * പാ
രിൽനിന്നീടും ധനഞ്ജയനെക്കണ്ടും തേരിലേറാകിയ സാരഥിയെക്ക
ണ്ടും * പാരമടുത്തു മഹാരഥന്മാരെല്ലാം പോരിനുപാക്കുരുതിപ്പോളറി
യണം * ഛിദ്രമിദമിതി ഛിദ്രമേദമിതി വിദ്രുതംതൂകിനാരായുധപംക്തി
കൾ * പൌരവയാദവന്മാരെവധിക്കേണ്ടു കൌരവവീരരുമൊത്തുതൂകീടി
നാർ * നാഗധ്വജനും പൊരുതിതു പാരമായ് വേഗമോടേററമെതിർത്തിതു
പാർത്ഥനും * നാഗാരിയെക്കണ്ട നാഗങ്ങളെപ്പോലെ നാഗധ്വജാദി
കൾ നാലോട്ടമോടിനാർ * ചൊവ്വജയദ്രഥൻ നില്ക്കുന്നദിക്കതിലൊന്നൊ
ഴിയാതെയുറച്ചിതു കൌരവർ * പാരമടുത്തമഹാരഥന്മാരോടു വേഗ
മോടേററമടുത്തിതു പാർത്ഥനും * കോലാഹലമായ്ച്ചമഞ്ഞു കലഹവും
തോലാതവണ്ണം പൊരുതാരരികളും * പാരമുയർന്നു കൊടികൊടിക്കൂറയും

തേരാളികളുടെവില്ലിൻകുടമയും * ആലവട്ടങ്ങളുംവെഞ്ചാമരങ്ങളും ചാലത്തെളിക്കടഞ്ഞുള്ളകുന്തങ്ങളും * തിക്കിയൊരുനിലത്തൊക്കയൊരുമിച്ചുനില്ക്കുന്നനേരത്തു ഫൽഗുനൻബാണങ്ങൾ * മാമലമേൽമഴതൂകുന്നതുപോലെ തുമകലൻപൊഴിച്ചാനതുനേരം * കാലുംകരങ്ങളുംതോളുംതുടകളും മാറുംവയറുംകഴുത്തുംതലകളും * കൊററക്കുടകൾകൊടികൾകൊടിമരം കുററമില്ലാതകൊടിക്കൂറചിഹ്നവും * ചുററുംചുഴന്നീടുമാലവട്ടങ്ങളു മററമില്ലാതൊരുവെഞ്ചാമരങ്ങളും * അററററുവീണുനിറഞ്ഞുരണാങ്കണമിററിററുവീഴുന്നചോരയൊലിക്കയും * മുററിനിന്നീടുന്നപററലർതമ്മോടുചുററിച്ചുഴന്നുപോർചെയ്താൻധനഞ്ജയൻ * ധർമ്മസുതനുംഭോദരാജപുത്രനും തമ്മിൽപൊരുതുവലഞ്ഞുയുധിഷ്ഠിരൻ * ഭീമനതുകണ്ടുഴറിയടുത്തപ്പോൾ ഭീമാന്തകസമമായിതുയുദ്ധവും * കിമ്മീരനന്ദനനാകിയരാക്ഷസൻ നിമ്മരിയാദപ്പെരുമാളതുനേരം * ഭ്രാതാവിനെയും പിതാവിനെയുംകൊന്ന വാതാത്മജനോടുപാഞ്ഞടുത്തീടിനാൻ * തെറെറന്നടുത്തിതുമാരുതപുത്രനും ചെററുപോർചെയ്താശുതോററു നിശാചരൻ * നില്ലെന്നണഞ്ഞുപോർചെയ്തിതാചാര്യനും കൊല്ലുവനെങ്കിൽ ഞാനെന്നുഘടോൽക്കചൻ * ചൊല്ലെഴുംദ്രോണരോടാത്തടുത്തീടിനാൻ വില്ലുമായാചാര്യനുമടുത്തീടിനാൻ * ചെററുവലഞ്ഞിതാചാര്യനുമന്നേരം തെറെറന്നടുത്തിതുകിമ്മീരപുത്രനും * തേരുംകൊടിയുംകുടയുംകുതിരയും പോരിലഴിഞ്ഞിതുവില്ലുംമുറിഞ്ഞിതു * രണ്ടുപരിഷയുമപ്പോളതുകണ്ടു കൊണ്ടാടിനാർകണ്ടുനിന്നവരൊക്കവേ * വാളുംപരിചയുംകൈക്കൊണ്ടിരുവരും ചീളെന്നുപൊങ്ങിനാരാകാശവീഥിയിൽ * ചിത്രയുദ്ധംചെയ്തു ചത്താനലംബുസൻ ചിത്തവുംചത്തിതുകൗരവർക്കന്നേരം * പാർത്ഥനുംമററുള്ളതേരാളിവീരരും പേർത്തുംപിരിയാതണഞ്ഞുപൊരുന്നേരം * പോർക്കളംതന്നിൽനിന്നാർക്കുന്നഘോഷവും വായ്ക്കുന്നപാഞ്ചജന്യത്തിൻനിനാദവും * ബ്രഹ്മാണ്ഡമെല്ലാംകുലുങ്ങുംപടികേട്ടു നിർമ്മലനാകിയധർമ്മസുതൻചൊന്നാൻ * പങ്കജലോചനൻതൻകരതാരിലേശംഖനാദമതിഘോഷിച്ചുകേൾക്കുന്നു * ശങ്കാവിഹീനംതെളിഞ്ഞതിവാഹിനി ഹുങ്കാരമോടുകൂടാക്കയുമുണ്ടല്ലോ! * സങ്കടമേതാനുമെൻെറയനുജനുസംഭവിച്ചുപുനരില്ലൊരുസംശയം * നാശംവരാതെപടയുമായിപ്പൊഴെന്നീ ചെന്നറിഞ്ഞുവരികശിനിസുത! * ധർമ്മജൻചൊന്നതുകേട്ടുചൊല്ലീടിനാൻ നിർമ്മലനാകിയസാത്യകിവീരനും * ബന്ധിച്ചുകൊള്ളുവാനന്തരം പാർത്ഥപാർത്ഥന്തണനാകുമാചാര്യനിരിക്കുന്നു * ഞങ്ങൾചിലരതുകണ്ടുനിൽക്കേണമെന്നിങ്ങനെ ചിന്തിച്ചുപോയകാഞ്ഞിതുനടേ * പാർത്ഥനുസങ്കടമുണ്ടാകയില്ലുള്ളിലോർത്തീടുകച്യുതൻതൻെറചരിത്രങ്ങൾ * എന്നുശിനിസുതൻചൊന്നതുകേട്ടാശു മന്നവൻ ധർമ്മജൻപിന്നെയുംചൊല്ലിനാൻ * എന്നെക്കുറിച്ചൊരുവാത്സല്യമുണ്ടെങ്കിലെന്നുടെകൃഷ്ണധനഞ്ജയന്മാരെനീ * ചെന്നറികെന്നുള്ളനിർബന്ധമാശു കേട്ടന്നേരമാത്മോപമനായസാത്യകി * ഘോരമായുള്ളപടയുമായ്വേഗേന പോരിന്നുനേരെപുറപ്പെട്ടുചെല്ലുമ്പോൾ * പ്പുററംമ

റുതലയെക്കൊലചെയ്തപോതുററമുള്ളാചാൎയ്യനെയ്തട്ടത്തീടിനാൻ * തോ
ററുഗുരുവരനെന്നപറയേണ്ടു പോററിവിളിച്ചിതുഭോജനേന്ദ്രനെ *
മാഗധനാകിയസത്യസന്ധൻതല മാഴ്കാതറുത്തുധരണിയിലിട്ടുപോ *
യാനതേർകാലാൾകുതിരപ്പടയൊക്കെ മാനമേറീടുന്നസാത്യകികൊന്നു
കൊ * ന്നാറൊഴുകീകുരുതിപ്പുനൽതന്നാലെ ചീറിയടുത്താൻഭരദ്വാജപു
ത്രനും * കല്പാന്തമേഘംവരിഷിപ്പതുപോലെ കെല്പോടുബാണങ്ങൾതൂ
കിത്തുടങ്ങിനാൻ * ഇപ്രധനത്തിനുനേരായപോരുപണ്ടി പ്രപഞ്ച
ത്തിങ്കലുണ്ടായതില്ലെന്നു * കേളിമുഴുത്തുകബന്ധവും കാളിയുംകൂളികളും
നടമാടിത്തുടങ്ങിനാർ * ഒന്നുതളൎന്നുചമഞ്ഞുഗുരുവരൻ ചെന്നുതുണ
ച്ചാനതുകണ്ടുഭോജനും * കോപിച്ചുസാത്യകിബാണങ്ങളെയ്തപ്പോൾ
മോഹിച്ചുതേരതിൽവീണിതുഭോജനും * ആരിനിയുള്ളതെന്നോൎത്തു
ശിനിസുത നാരാഞ്ഞുപാഞ്ഞങ്ങടുക്കുന്നതുനേരം * രണ്ടനുജന്മാരുമാ
യ്ചെന്നെതിൎത്തിതു കുണ്ഠതകൈവിട്ടുനാഗധ്വജനൃപൻ * കണ്ടുകൂട്ട
മ്പോൾശരവരിഷംചെയ്തു മണ്ടിച്ചാനപ്പോളണഞ്ഞുദുശ്ശാസനൻ *
കോഴകളഞ്ഞുപോർചെയ്താനൊരിത്തിരി കേഴിച്ചവനെയുമോടിച്ചു
സാത്യകി * ജന്യഭയങ്കരംകൊണ്ടുരണഭുവി ജന്യമാം നാദവുംകൃഷ്ണനുടെ
പാഞ്ചജന്യനിനാദവുംധന്യതചേൎന്നൊരുധന്വികൾതൻ ചെറുഞാ
ണൊലിനാദവും * കേട്ടുകേട്ടാകുലപ്പെട്ടുയുധിഷ്ഠിരൻകൂട്ടുകനമ്മുടെതേ
രെന്നുചൊല്ലിനാൻ * ഉഗ്രനാംമാരുതിചൊന്നാനതുനേരമഗ്രജൻ ത
ന്നോടടങ്ങണമിത്തിരി * ഉഗ്രവിരചിതാനുഗ്രഹശക്തിസമഗ്രപ്രഭാവ
നാംശക്രതനയനെ * നിഗ്രഹിപ്പാനരുതാൎക്കുമേകോമളവിഗ്രഹായോ
ഗബലേനമഹീപതേ! * വ്യഗ്രമുണ്ടാകായ്കകൃഷ്ണഭക്തന്മാരിലഗ്രഗണ്യൻ
മമസോദരൻനിൎണ്ണയം * അഗ്രാഹ്യശൌൎയ്യമിയന്നഗുരുവര നഗ്ര്യകു
ലോത്ഭവനായഭരദ്വാജ * നഗ്രശിഷ്യാത്മജശിഷ്യനാമാചാൎയ്യൻ
ത്വൽഗ്രഹണാഗ്രഹംപൂണ്ടുമരുവുന്നു * പാൎത്ഥനുനാശമെന്നോൎത്തുപാ
ൎത്ഥിവൻ ചീൎത്തവിഷാദമോടാൎത്തനായ്പിന്നെയും * മാരുതിയാകുമവര
ജൻതന്നോടു ധീരതകൈവിട്ടുചൊന്നാൻനൃപാധിപൻ*ധാൎത്തരാഷ്ട്രർ
പടക്കൂട്ടമുണ്ടാക്കുന്നമാൎത്താണ്ഡബിംബവും നന്നായ്മറഞ്ഞുപോയ് *
മാധവൻതന്നുടെശംഖനിനാദവും ഭീതിയാകുംവണ്ണമുണ്ടല്ലോകേൾക്കു
ന്നു * പോയശിനിസുതൻതന്നെയുംകണ്ടീല പായുന്നിതങ്ങുമിങ്ങുംഭ്രമി
ച്ചേവരും * എന്തൊരുസങ്കടംവന്നതുദൈവമേ! ചെന്താരിൽമങ്കതൻ
പുണ്യവിലാസമേ! * നെഞ്ചമടിഞ്ഞിടുന്നീടുന്നിതെത്രയും ചെഞ്ച
മ്മേതന്നേക്കഴിക്കയില്ലിന്നിടം * വൈകല്യമേതുംവരാതെപടയുമായ്
വൈകാതപോകനീമാരുതനന്ദന! * എന്തരുൾചെയ്യുന്നതെന്നാലതു
കേൾപ്പാനന്തരമില്ലിനിക്കെങ്കിലുമിന്നിപ്പോൾ * ബന്ധിച്ചുകൊൾവാ
നുപായങ്ങൾസന്തതം ചിന്തിച്ചിരുന്നരുളുന്നുഗുരുവരൻ * ഉത്തമനാ
കിയനമ്മുടെജ്യേഷ്ഠനെശത്രുക്കളെത്തിപ്പിടിച്ചുകെട്ടീടുമ്പോൾ * എ
ത്തിലനാമാരുമെന്തിനിനല്ലതെന്നെത്രയും ദുഃഖിച്ചുനാരിമാരെപ്പോലെ
* നാണവുംകെട്ടിരുന്നീടുമാറാക്കാതെ പ്രാണൻകളയാതിരിക്കണമെന്നോ

രം * എന്നതിനെന്നോട്ടുസൂക്ഷിച്ചുകൊള്ളുവാൻ പിന്നെയുംപിന്നെയു്
ന്നായുറപ്പിച്ചു * പോയിതുപോരിനായെന്നുടെസോദരൻ പോയീട്ടു
വാൻമടിയുണ്ടതുകൊണ്ടുമേ * സോദരൻചൊന്നതോപൂർവ്വജൻ ചൊന്ന
തോ സാദരംകേൾക്കേണ്ടതെന്നുനിരൂപിക്ക * യാദവപാർത്ഥശിനിസൂ
തന്മാരെയുമാരാഞ്ഞുകണ്ടുവരികവിരവേനീ * പാരിഷദാദികളെബ്ഭ്ര
മമേല്പിച്ചു പാരാതെഭീമൻനടന്നുപടയുമായ് * പോർക്കളംതന്നിലകം
പുക്കരികളെ വീക്കുന്നതിൻമുമ്പെവീഴ്ത്തിനാനമ്പിനാൽ * വെൺകുട
വെൺതഴവെഞ്ചാമരങ്ങളും ചെങ്കനകക്കൊടിയുംകൊടിക്കൂറയും * മ
ന്ഥരകന്ധരഘണ്ടാരവമുള്ള സിന്ധുരബന്ധുരസ്യന്ദനാശ്വങ്ങളെ * ഖ
ണ്ഡിച്ചുഖണ്ഡിച്ചരികളെയുംകൊന്നു ചണ്ഡനാംമാരുതപുത്രൻവരുന്നേ
രം * പണ്ഡിതനായഭരദ്വാജനന്ദനൻ മണ്ഡലാകാരമായുള്ളധനുസ്സി
നാൽ * അണ്ഡകടാഹംനടുങ്ങുമാറങ്ങനെ ദണ്ഡമൊഴിഞ്ഞുചെറുത്താ
ന്നതുനേരം * ദണ്ഡധരൻമുനിയോടടുക്കുന്നേരം ഖണ്ഡപരശുചെറു
ത്തതുപോലെയും * ചണ്ഡമുണ്ഡപ്രണാശാന്തരേസുംഭനെ ച്ചണ്ഡികാ
ദേവിചെറുത്തതുപോലെയും * ചണ്ഡകരകുലജാതൻരഘുവരൻ ദണ്ഡ
കാരണ്യനിവാസിഖരാദിയെ * കണ്ടുകോപിച്ചുചെറുത്തതുപോലെയും
മണ്ടിയണഞ്ഞുവൃകോദരനന്നേരം * തേരുംകളഞ്ഞുതിരിച്ചുനടന്ന
പ്പോൾ വീരരാംഗാന്ധാരിപുത്രരടുത്തതിൽ * പത്തിനെക്കൊന്നുനടന്ന
ലറീടിനാൻ ശക്തനാംമാരുതപുത്രൻമഹാരഥൻ * മാരുതിതന്റെവര
വുകണ്ടുനേരം ശൂരനാംകർണ്ണനണഞ്ഞുപൊരുതപ്പോൾ * മത്തഗജ
ത്തൊടുകേസരിയെപ്പോലെ മത്തനാംമാരുതപുത്രനണഞ്ഞുടൻ * പത്രി
കൾകൊണ്ടുതകർത്തുതേരുംവില്ലും മിത്രാത്മജനെയുമെയ്പിളക്കയാൽ *
അംബികാനന്ദനനന്ദനന്മാർ [തുണയൻപോടുചെന്നിതുകർണ്ണനതുനേ
രം * മറ്റൊരുതേരേറിഞാണൊലിയുമിട്ടു തെറ്റെന്നടുത്തതുകണ്ടൊരു
മാരുതി * ചിത്തത്തിലോർത്താനടച്ചുതീവച്ചതും മദ്ധ്യേസഭാനിജഭാര്യ
യെയിഴ്ത്തതും * വസ്ത്രമഴിച്ചതുംകള്ളച്ചൂതിട്ടതും ബാലരോഷാൽവിഷ
ച്ചോറശിപ്പിച്ചതും * കൊല്ലുവാൻപാമ്പുതന്നാൽ കടിപ്പിച്ചതുംവെ
ള്ളത്തിലാമ്മാറുകെട്ടിയെറിഞ്ഞതും * മറ്റുംപലപലകർമ്മങ്ങൾചെയ്ത
തു മുറ്റുനിരൂപിച്ചുകോപിച്ചടുത്തവൻ * തേരുംകൊടിയുംകളഞ്ഞുശ
രങ്ങളാൽ പാരംപരിഭ്രമിച്ചീടിനാൻകർണ്ണനും * കുന്തിയോടുള്ളൊരു
സത്യംമറന്നവൻ കുന്തീതനയനെക്കൊല്ലുന്നതുണ്ടെന്നു * തെറ്റെന്നു
മറ്റൊരുതേരേറി വന്നവനറ്റമില്ലാതശരങ്ങൾതൂകീടിനാൻ * ദുർമ്മു
ഖൻതാനുമടുത്താനവന്നുട ലെണ്മണിപോലെചമച്ചിതുഭീമനും * കണ്മ
ണിപാരമുരുണ്ടിതുകർണ്ണനും കുമ്മിണിപോലുംകുറഞ്ഞീലഭീമനും * വ
ഞ്ചകനായസുയോധനതമ്പിമാ രഞ്ചുപേർകൂടിയടുത്താരതുനേരം * പ
ഞ്ചതചേർത്താനവരെവൃകോദരൻ ചഞ്ചലംപൂണ്ടുടുത്തീടിനാൻകർണ്ണനും
* നെഞ്ചുറപ്പിച്ചുഭയങ്കരംമാരുതി കിഞ്ചനസംശയമെന്നിയടുത്തെയ്തു *
തേരുംകുതിരയുംവില്ലും കൊടികളും നേരേപൊടിച്ചുകുഴച്ചിതുചോര
യിൽ * പാരംവലഞ്ഞിതുകർണ്ണനതുകണ്ടു നേരേയടുത്തുസുയോധനത

മ്പിമാർ * ചെന്നാരൊരെട്ടുപേർഭീമനവർകളെ യൊന്നിച്ചുകൂട്ടിയുരുട്ടി
ച്ചമച്ചിതു * പിന്നെപ്പിതൃവ്യപുത്രരാകാര്യ്യാന്തൊരിക്കലും മുന്നമറിഞ്ഞുപ
റഞ്ഞുവിദുരരെ * നന്നേരമോത്താൻദുര്യ്യോധനൻതാനും കണ്ണുനീർ
വാത്തുടൻശോകിച്ചിതുതുലോം കണ്ണനുംമറെറാരുതേരേറിവന്നിതു *
മുന്നമീവണ്ണമകപ്പെട്ടതില്ലെന്നു സന്നാഹമുൾക്കൊണ്ടുസൂര്യ്യതനയനും *
അണ്ണവംപോലെയലറിയടുക്കുമ്പോൾ കണ്ണംച്ചുവത്തിയണഞ്ഞുവൃകോദ
രൻ * എണ്ണമില്ലാതൊരുബാണങ്ങളെയ്യെയ്തു കണ്ണനുടെയുടൽകീ
റിനാനേററവും * അംഗംതളന്നിരിക്കുന്നസുയോധന നംഗേശ
നെക്കൊലചെയ്യുമെമാരുതി * ചൊല്ലവിനാശുപടയുമായെന്നതു ചൊ
ല്ലിനാൻതമ്പിമാരോടു സുയോധനൻ * നന്നായ്തുണച്ചാരവർകളും
കണ്ണനും നന്നായിക്കണ്ടെതടുത്തതുഭീമനും * കൊന്നാനൊരെഴി
നെപ്പിന്നെയുമന്നേരം കണ്ണനവന്നൊരുകോപംപെറവതിനിൻപണി
നമുക്കെന്നതുനിണ്ണയം * ഭീമനോടേററമണഞ്ഞു സൂര്യ്യാത്മജൻപെ
മഴപോലെശരങ്ങൾതൂകീടിനാൻ * വില്ലുംമുറിച്ചുതേരുംകളഞ്ഞാനവൻ
നല്ലനാംമാരുതിഭൂമിയിൽചാടിനാൻ * വാളുംപരിചയുംകൈ
ക്കൊണ്ടെടുത്തപ്പോൾ ബാണങ്ങളെയ്യപൊളിച്ചാൻപരിചയും *
വാളുകൊണ്ടൊന്നെറിഞ്ഞീടിനാൻഭീമനും കോളുകഴിവുണ്ടതിനെന്നു
കണ്ണനും * കുററമഴയേററുപോകുന്നവണ്ണമെ കാററിന്മകൻശരമാ
രിയുമേററേററു * വട്ടമിട്ടാനൊന്നതുകണ്ടവൻപട പെട്ടെന്നടുത്തു
ശൂലംമുസലംഗദാ * ശക്തികൾമുൾത്തടിവാളുംചുരികയും ചക്രം
പരശ്ശുവജ്റങ്ങൾകുന്തങ്ങളും * ശസ്ത്രങ്ങളുംവരിഷിച്ചിതുകണ്ണനെ മി
ത്രാത്മജനെയ്യവറെറയുംഖണ്ഡിച്ചാൻ * ഖേദകോപത്തൊടുചൊ
ല്ലിനാനിങ്ങനെ ഖേദനായീടൊലാചിത്തമേയെന്നീ * രാകെൾടോക
ണ്ണനെന്നെന്നെവൃകോദര! നോക്കുബകനല്ലകിർമ്മീരനല്ലഞാൻ * പാ
ക്കഹിഡിംബനുംമാഗധനുമല്ല ഊക്കനിനക്കുണ്ടുപാരമെന്നാകിലും *
പോക്കരുതിവരായുന്നീയെന്നോടു പക്ഷേവനത്തിന്നുപൊയ്ക്കൊൾക
നല്ലതു ഭക്ഷണമുള്ളേടമെങ്കിലുമാമെടോ * വല്ലാതെനിന്നെമറിഞ്ഞുനോ
ക്കായ്ക്കനീ കൊല്ലുന്നതില്ലഞാനെന്നുമെനിണ്ണയം * മണ്ടികഴിയ്ക്കയുംവെ
ണ്ടാകിരീടിയും കൊണ്ടൽനേർവ്വണ്ണനുമെങ്ങിതവരുടെ * പിന്നിലൊളി
ച്ചുകൊൾകെന്നുചൊല്ലുംവിധൌ മുന്നിലാമ്മാറുവന്നീടിനാൻപാത്ഥ
നും * എന്തെടോനില്ലുനില്ലെന്നുപറയുന്നതെന്തു ഞാൻകൂടെയറിയരു
തെന്നുണ്ടോ * പോക്കളംപുക്കരഹസ്യംപറവതി നാക്കെതൊന്നുംതിരി
പോരിനാമെങ്കിലോ * എന്തിനിവിടേക്കുവില്ലുമായുന്നിതു ചന്തമു
ണ്ടെന്നതുകാട്ടുവാനോരുവാൻ? * ഇത്ഥംപറയുന്നവൃത്രാരിപുത്രനുംമി
ത്രതനയനുംതമ്മിൽപൊരുതപോ * രെത്രയുംഘോരമായെന്നേപറ
യാവിതെത്രയും പാരമെടുത്തുധനഞ്ജയൻ * അഞ്ചന്ദ്രപ്രമോയശരങ്ങ
ളെയ്യുത്തൽ വരുത്തിയോടിച്ചാനതുനേരം * കാൽകൈകളുടതൊൾഗള
തലമെന്നിവ വേഗേനഖണ്ഡിച്ചുഖണ്ഡിച്ചുഖണ്ഡിച്ചു * അളാനവാ
ജികളെക്കൊലചെയ്തുചെയ്താ ലോലകല്ലോലകോലാഹലംപോലെ *

കോലാഹലത്തോടടുക്കുന്നസാത്യകി ചാലേവരുന്നതുകണ്ടുകോപത്തോ
ടും * ക്രൂരതപൂണ്ടൊരുകാലാരിയെപ്പോലെ ഭൂരിശ്രവാവടുത്താനതിവി
ദ്രുതം * കൊന്നൊഴിഞ്ഞെങ്ങുമയയ്ക്കുന്നതില്ലിനി നിന്നെഞാനെന്നാ
ക്രുദ്ധനവനാകിയ * ഭൂരിശ്രവാവണഞ്ഞെയ്തോരമ്പുകൾ പൂരിച്ചിത
ന്നുകൊണ്ടാകാശമാൎഗ്ഗവും * വൃത്രനുമിന്ദ്രനുമേററപോലെയൊരുയുദ്ധം
ഭയങ്കരമായ്വന്നിതന്നേരം * ശംഖപടഹാദിവാദ്യങ്ങൾഘോഷിച്ചു ശങ്ക
വെടിഞ്ഞുനാലഞ്ചാറുനാഴിക * രണ്ടുമലമേൽമഴപൊഴിയുംവണ്ണം ക
ണ്ടുകൂടാതവണ്ണംപൊരുതീടിനാർ * വില്ലെയ്യപൊട്ടിച്ചുതേരുംകളഞ്ഞി
ത്തു ശല്യതരമുടനന്യോന്യമന്നേരം * ഖഡ്ഗചൎമ്മങ്ങൾകൈക്കൊണ്ട
ങ്ങിരുവരും പക്ഷികളെപ്പോലെപുഷ്കരേപൊങ്ങിനാർ * കണ്ടവൎക്കാ
നന്ദമാമ്മാറിരുവരുമുണ്ടായസംഗരമെത്രമനോഹരം * പെട്ടെന്നുവാൾ
മുറിച്ചീടിനാൻസാത്യകിമുഷ്ടിയുദ്ധത്തിനെത്തിപ്പിടിച്ചീടിനാൻ * മുഷ്ടി
ചുരുട്ടിത്തെരുതെരെക്കുത്തിയുംകെട്ടിയും കാലുംകരങ്ങളുംതങ്ങളിൽ *
നിഷ്ഠുരമൊമ്പാടിമുട്ടിയും മുട്ടുകൊണ്ടിട്ടുതലയ്ക്കുതലകൊണ്ടിടിക്കയും *
ഏററമയച്ചുമടിച്ചുമിടിച്ചുമങ്ങൂററംപിടിച്ചുംകടിച്ചും പൊടിച്ചുമാ *
മാററലരന്തകന്മാരായ്മരുവിന കൂററന്മാർതങ്ങളിലേററുപൊരുമന്നേ
രം * ഊക്കുള്ളഭൂരിശ്രവാവിൻ ചവിട്ടുകൊണ്ടാക്കംകുറഞ്ഞുവീ
ണീടിനാൻസാത്യകി * ചെന്നുതലമുടിചുററിപ്പിടിച്ചിതുമന്നനിടത്തുക
രംകൊണ്ടുമററതിൽ * വാളുമെടുത്തുടൻത്തുക്കിപ്പിടിച്ചിട്ടുമേളംകലൎന്നഗ
ളഭുവിവെട്ടുവാൻ * ഓങ്ങിയനേരത്തുകൃഷ്ണൻതിരുവടി ശാൎങ്ഗവരായു
ധൻനാരായണൻപരൻ * സംഭ്രമത്തോടരുൾചെയ്തിതു പാൎത്ഥനോടു
മ്പർകോൻനന്ദനവീര!വിജയ!നീ * സാത്യകിയെക്കൊലചെയ്യുന്നതു
കാണ്ക പാൎത്ഥ വനാകിയഭൂരിശ്രവാവെടോ * പെട്ടെന്നുനോക്കിയതു
കണ്ടുഫല്ഗുനൻ മുന്നിട്ടുനേരേമുറിച്ചാനൊരമ്പിനാൽ * വാളുംകരവു
മായ്വീണിതകലവേ വാളെടുത്താനതുതന്നെശിനിസുതൻ * ഭൂരിശ്രവാ
വിൻതലയറുത്തീടിനാൻ പൂരിച്ചുകോപമിയന്നാശുസാത്യകി * മാധ
വൻതന്നെയുംപാൎത്ഥനെയും നന്നായാദരവോടുപുകഴ്ന്നിനാർകണ്ടവർ
* പിന്നെയൊരുതേരിലേറിനാൻസാത്യകി വന്നടുത്താനതുനേരത്തുക
ൎണ്ണനും *തങ്ങളിൽതന്നെശരവരിഷംചെയ്താരിങ്ങിനെയില്ലൊരുയുദ്ധമ
തുപോലെ * പാൎത്ഥനുംഭീമനുംസാത്യകിവീരനും മൂൎത്തികൾമൂവരുമെ
ന്നപോലെരുഷാ * കൂൎത്തശരങ്ങളുംതൂകിയടുത്തപ്പോൾ അത്തലായാൎത്തു
ലോംധാൎത്തരാഷ്ട്രാദികൾ * വൃദ്ധക്ഷത്രാത്മജനായജയദ്രഥൻ മൃത്യുതട്ടു
പ്പാനൊരുമിച്ചുകൎണ്ണനും * ദ്രോണരുംപുത്രനുംഭോജൻശകുനിയും മാനി
യായുള്ളകൃപർദ്ദുരിയോധനൻ * പിന്നെയുംമററുള്ളതേരാളികളൊക്കെ
നിന്നാർപൊരുതൊരുകാണിപഴുതാതെ * പിന്നിൽജയദ്രഥൻതന്നെയു
മാക്കിനാർ സന്നദ്ധരായാർമറിപ്പതിന്നേവരും * ഇക്കണ്ടനോമിവരോ
ടുപോർചെയ്തു ചെയ്തോക്കെയൊടുങ്ങിയൊഴിഞ്ഞിവനെക്കൊൽവാൻ *
എന്നുമയയ്ക്കയില്ലെന്നുതമ്മിൽ പറഞ്ഞൊന്നിച്ചുളുക്കംകളഞ്ഞുനിന്നീടി
നാർ * വാരണവാജിരഥചരണങ്ങൾചനിഘോരപടഹാദിചീരവാദ്യ

ധ്വനി * ചാരണകിന്നരകിമ്പുരുഷധ്വനി കാരണപൂരുഷപാഞ്ച
ജന്യധ്വനി * സാരമിയന്നചെറുഞാണൊലിധ്വനി നാരദവീണാര
വാഭിരാമധ്വനി * എന്നിവകൊണ്ടുമുഴങ്ങിജഗത്ത്രയം നന്നനന്നെ
ന്നുപുകഴ്ന്നിതുനാരദൻ * ഘോരമായുണ്ടായസംഗരം കണ്ടാശുദാരുക
നും തേരിലേറിവന്നീടിനാൻ * വിണ്ണവർനാഥനാംനാരായണനെയും
വിണ്ണവർകോൻമകൻതന്നെയുമന്നേരം * വിണ്ണവർപുഷ്പവരിഷവും
ചെയ്തിതു വിണ്ണിലെനാരിമാരുംവിളങ്ങീടിനാർ * നങ്ങുകയില്ലപട
യെന്നുകണ്ടഥ ശാർങ്ഗവരായുധനാകിയമാധവൻ * ഉഗ്രമായുള്ളദിവാ
കരബിംബവും ചക്രമെടുത്തുപിടിച്ചുമറച്ചിതു * ശക്രാത്മജനുടെസത്യ
ത്തെരക്ഷിപ്പാൻ വിക്രമശാലിയാംവിശ്വൈകനായകൻ * അസ്തമിച്ചീ
ടിനാനാദിത്യദേവനെ നൃപന്മാരിതിങ്കൽനിനച്ചിതെല്ലാവരും * സൈ
ന്ധവൻതന്നെരക്ഷിച്ചുകഴിഞ്ഞിതു കൌന്തേയസത്യവുംമിഥ്യയായ്വന്ന
തേ * വഹ്നിയിൽവീണുമരിക്കുമാറായിതു വിണ്ണവർകോൻമകനില്ലൊരു
സംശയം * ശേഷിച്ചരികൾക്കുവാഴുമാറായിതു വാഴുമാറായിതുധർമ്മ
ജൻകാനനം * ഇത്ഥംപറഞ്ഞുകളിച്ചുപുളച്ചതി മത്തരായ്നിന്നിതു
കൌരവവീരരും * അപ്പോൾജയദ്രഥൻതൻെറതലയതും ശില്പമായുള്ള
മുകുന്ദൻതിരുവടി * കാട്ടിക്കൊടുത്തിതുപാർത്ഥനുവൈകാതെ വാട്ടംവരാ
തൊരുബാണംപ്രയോഗിച്ചു * കണ്ഠംമുറിച്ചതുകണ്ടുസസംഭ്രമം കൊ
ണ്ടൽനേർവർണ്ണനുംപാർത്ഥനോടോതിനാൻ * ഊഴിയിൽവീഴൊലാസൈ
ന്ധവൻതൻതല വീഴുകിലുണ്ടുവിഷമമറികെടോ! * ജിഷ്ണുവവൻതല
മേലെയ്തുടനുടൻ വിഷ്ണുപദത്തിങ്കലാക്കീട്ടുചോദിച്ചാൻ * മല്ലനിഷൂ
ദനമല്ലവിലോചന ചൊല്ലേവിടെക്കൊണ്ടയാക്കേണമിത്തല * ചൊ
ല്ലിനാനപ്പോളവനോടുകൃഷ്ണനും ചൊല്ലിയന്നോരുവൃദ്ധക്ഷത്രനാകിയ
* കല്യാണശീലൻജയദ്രഥൻതൻപിതാ ചൊല്ലിനാനെൻെറമകൻെറ
തലയറു * ത്തൂഴിയിൽവീഴ്ത്തുന്നവർകളുടെ തലയേഴുനുറുങ്ങിമരിക്കെന്ന
തിന്നിനി * അന്തരമില്ലശ്രീംനന്നാൽപിതാവോടു സന്ധ്യയെന്നാത്തവ
ന്ദിപ്പാൻജലംകോരി * മന്ത്രവുംചൊല്ലിനില്ക്കുന്നിതിപ്പോഴുടൻ * ഉൾക്ക
ന്നതിൻമുമ്പേതൻകരംതന്നിലങ്ങാക്കേണമിത്തലയെന്നിതുകൃഷ്ണനും *
ഉൾപ്പതിന്നായെയ്തൊണ്ടുകോരിയനീരതിൽ വായ്പോടുവീണിതുപുത്രനുടെതല
* പെട്ടെന്നുമുണ്ഡവുംനീരുമതുപൊഴുതിട്ടും കളഞ്ഞുവൃദ്ധക്ഷത്രനുംച
ത്താൻ * യുദ്ധജയിച്ചുവൃദ്ധക്ഷത്രപുത്രനെവൃത്രാരിപുത്രനും സത്യത്തെര
ക്ഷിച്ചാൻ * ചക്രവുമിങ്ങടക്കീടിനാൻമാധവൻ അർക്കനുമന്നായ്തെ
ളിഞ്ഞുവിളങ്ങിനാൻ * സത്യസ്വരൂപനാമീശ്വരൻതന്നുടെ ചിത്തകാ
രുണ്യമുണ്ടൊകിലസാരനും * ചിത്തേനിനച്ചതുസാധിക്കുമല്ലായ്കിലർത്ഥ
പുരുഷകാരാദിയുംനിഷ്ഫലം * ചിത്തകാരുണ്യമുണ്ടാകേണമെങ്കിലോ ഭ
ക്തിയൊഴിഞ്ഞുമറെറാന്നുവേണ്ടാതാനും * ഭക്തനാംമർത്ത്യനശക്തനെ
ന്നാകിലും നിർധനനാകിലും നീചനെന്നാകിലും * ഉത്തമന്മാരിൽവ
ച്ചുത്തമനായ്വന്നു ഭുക്തിയുംമുക്തിയുംസാധിക്കുമേവനും * ബുദ്ധികുറ
ഞ്ഞൊരുശുദ്ധിചേർന്നുണ്ടെങ്കിൽ മുഗ്ദ്ധവിലോചനനെബ്ഭജിച്ചീട്ടു

പിൻ * ദീനമായ്തീൎന്നു വിഷാദിച്ചു കൌരവർ പോൎക്കളംതന്നിൽനി
ന്നൊട്ടൊഴന്നീടിനാർ * വെല്ലുവാൻ വേലനമുക്കരിപുക്കളെ നല്ലമൊഴിയ
വക്കണ്ടെന്നനിൎണ്ണയം * ചൊല്ലായ്കജാള്യമിതെന്നുകുരുസുതൻ നില്ലെന്ന
ട്ടുത്തുകൃപരുമായന്നേരം * അൻപുള്ളശിഷ്യനാമുമ്പർകോൻ പുത്രന്റെ
യമ്പുകൾകൊണ്ടുതളൎന്നുകൃപരുടൽ * മോഹിച്ചുതേരിൽവീണു കൃപാചാ
ൎയ്യനും ഹാഹാ ഗുരുവധംചെയ്തേനിതെന്നതി * സ്നേഹപരവശനായി
ട്ടുപാൎത്ഥനും മോഹമത്രേമരിച്ചീലെന്നുകൃഷ്ണനും * ആഹവചാതുൎയ്യമു
ള്ളജലധരവാഹന പുത്രനെക്കൊല്ലുവാനായതി * സാഹസംപൂണ്ടട്ടു
ത്തോരുമഹാരഥരാഹന്തഹാഹാരീനാദേനവാങ്ങിനാർ * ആചാ
ൎയ്യപുത്രനുമാശുജയിപ്പതിനാശയുണ്ടായതുംപോയോരനന്തരം * വാ
ങ്ങിസുയോധനസൈന്യവുംദുഃഖിച്ചു ശാൎങ്ഗപരായണൻതാനുംവിജ
യനും * ഒന്നിച്ചുകൈനിലപുക്കാർധനഞ്ജയൻ വന്ദിച്ചിതുനൃപൻത
ന്നെയുമാദരാൽ * നന്നുജയദ്രഥൻതന്നെവധിച്ചതും മന്നവ! ഫല്ഗുന
നെന്നിതുകൃഷ്ണനും * മന്ദസ്മിതംചെയ്തു കോൾമയിർകൊണ്ടാരാനന്ദ
ബാഷ്പംവാൎത്തുവന്ദിച്ചുചൊല്ലിനാൻ * നിത്യൻമുകുന്ദനനാദിമുരാരി
യെൻ ചിത്തേവിളങ്ങുന്നനാരായണൻപരൻ * കൃഷ്ണൻകരുണാകരൻ
കമലാവരൻ വൃഷ്ണികുലാധിപൻവിശ്വൈകനായകൻ * വിഷ്ണുവിമലൻ
വിരിഞ്ചാദിവന്ദിതൻ ജിഷ്ണുമുഖാമരവന്ദിതൻമാധവൻ * ചിൽപുമാൻ
ഭക്തപ്രിയൻപരമേശ്വരൻ നിത്യമിനിക്കുതുണയാകമൂലമെ * നന്ത
ലൊഴിഞ്ഞുജയംവരുന്നുസദാ അക്ഷമമാത്താലറിയാവതല്ലാതവനാക
മെറ്റും നൃപരോടരുളിച്ചെയ്തു * മന്നവനിന്നുടകോപംമുഴുക്കയാൽവ
ന്നീടുമല്ലോവിജയംവിജയനാൽ * ധാൎത്തരാഷ്ട്രന്മാർകുലക്ഷയംപ്രാപി
ക്കും ധാത്രീപതേ! പുനരില്ലൊരുസംശയം *

രാത്രിയുദ്ധവും ഘടോല്ക്കചന്റെ മരണവും

ഇത്ഥംപറഞ്ഞുപറഞ്ഞവർമേവിനാർ ചിത്തമുഴന്നുസുയോധന
നന്നേരം * ദ്രോണരോടേറ്റെപ്പരുഷംപറഞ്ഞിതു ക്ഷീണതയോടരുൾ
ചെയ്തിതാചാൎയ്യനും * എന്നെപ്പരുഷംപറയുന്നതെന്തിന തെന്നാലൊ
രുവണ്ണമാവതുചെയ്തുഞാൻ * ഓൎക്കനീയുംനരനാരായണന്മാരെ യാൎക്കും
ജയിക്കരുതെന്നറിയേണമേ * പാൎക്കുന്നതല്ലപൊരുവാൻഞാനിനിപോ
ക്കെന്നുതേരിലേറിഗ്ഗുരുവീരനും * രാത്രിയിലാൎത്തടുത്താരതുകണ്ടൊരു പാ
ൎത്ഥാദികളുംപുറപ്പെട്ടുപോരിനായ് * ഭീമനാദത്തോടടുത്തരിവീരരെ
ഭീമൻതെരുതെരെക്കൊന്നൊടുക്കീടിനാൻ * ആതുരനായിതാചാൎയ്യനു
മേറ്റവും ഭീതികലൎന്നുസുയോധനസൈന്യവും * സോമദത്തൻമഹീപാ
ലൻമഹാരഥൻപോർമദത്തോടുശരവരിഷംചെയ്താൻ * എന്നോടിതെ
ല്ലാംകണക്കല്ലെനില്ലുനി ല്ലെന്നടുത്തീടിനാൻസാത്യകിവീരനും * ചെ
ന്നാനനേകമക്ഷൗഹിണീസേനയോ ടുന്നതനായഘടോല്ക്കചനന്നേ
രം * വന്നോരസുരപ്പടയുംഘടോല്ക്കചൻ തന്നുടെബാണപ്രയോഗവും
കണ്ടിട്ടു * നന്നായടുത്തിതശപഥമാദൈത്യരെ കൊന്നൊടുക്കീടിനാൻ
ബാണഗണങ്ങളാൽ * രാമനുംരാവണൻതാനുംപൊരുംവണ്ണം ഭീമനാം-

ദ്രൌണിയും ഭീമതനയനും * ഘോരഘോരം ശരമാരി ചൊരിഞ്ഞപോ
താരവാരങ്ങളും സിംഹനാദങ്ങളും * ഭൈരവാകാരമായ്വന്നിതു യുദ്ധവും
പാരം തളൎന്നു ഘടോൽക്കചവീരനും * തോറ്റൊഴിച്ചാനതു കണ്ടടുത്തീടി
നാൻ കാറ്റിൻമകൻ പോരിൽ ക്രൂരനെപ്പോലെയ * ന്മാറ്റലർക്കൂട്ട
ത്തിലൂടെക്കോട്ടപ്പുക്കുടൻ മാറ്റിമറുതലനിരന്നലറീടിനാൻ * ന്തൂറ്റുവർമ്മ
ത്തവനായ സുയോധന നാറ്റരുതാത ദുഃഖം പൂണ്ടതന്നേരം * കർണ്ണനീ
രാലോലമാലിയന്നാകുലാൽ കർണ്ണനോടല്ലൽ തീർക്കെന്നു ചൊല്ലീടിനാൻ
* നിർണ്ണയം പാണ്ഡവന്മാരെ മുടിപ്പനെന്നർണ്ണവം പോലെയലറിനാൻ
കർണ്ണനും * എന്നതു കേട്ടു ചെയ്തു കൃപാചാര്യനെന്നോ വിഷമമെന്നന്നി
തെടോ സഖേ * എന്നും കുരയ്ക്കുന്ന പട്ടി കടിക്കയില്ലെന്നു നീ കേട്ടിട്ടുമില്ലേ
സുയോധന! * കൊല്ലുക പാണ്ഡവന്മാരെയെന്നുള്ളതു ചൊല്ലുകയെന്നി
മറ്റൊന്നില്ല കർണ്ണനാൽ * കൊല്ലുന്നതുണ്ടെങ്കിലിന്നു ഞാനെന്തിനു ചൊ
ല്ലുന്നതുത്തരമെന്നിതു കർണ്ണനും * കൊല്ലുന്നതുണ്ടെന്നൊഴിഞ്ഞു നീയോ
പണ്ടു ചൊല്ലുമാറില്ലയല്ലോ നൃപനോടെടോ * ചെപ്പല്ലുകയില്ല കിരീടി
തൻമുന്നിൽ നീ ചെല്ലുകിൽ നിന്നു പൊരുകയുമില്ലല്ലോ * നിന്നു പൊരു
താകിലന്നവൻ നിന്നെയും കൊന്നൊടുക്കീടുമതിനില്ല സംശയം * ഏ
റ്റനാളൊക്കവേ ഫൽഗ്ഗുനൻ തന്നോടു തോറ്റൊഴിഞ്ഞു ഞാൻ കണ്ടീ
ലെടോ നിന്നെ * പാണ്ഡവന്മാരുടെ ശൗര്യങ്ങളല്ലയോ താണ്ഡവം ചെ
യ്യുന്നതും ഭുവനങ്ങളിൽ * സത്യയമനിയമാർജ്ജവസന്തോഷ ഭക്തിശമദ
മദാനതപോബല! ശക്തികളുള്ളവർ പാണ്ഡവന്മാരത്രേ ശക്തനെന്നു
ള്ള നിനവേ നിനക്കുള്ളൂ * കൃഷ്ണാവിവാഹവും ഖാണ്ഡവദാഹവും വൃഷ്ണി
കൾ തമ്മേ ജയിച്ച പ്രകാരവും * ഉത്തരദിക്കു ജയിച്ചതും വേഗത്തിൽ മൃത്യു
ഞ്ജയൻ തന്നോടസ്ത്രം പറിച്ചതും * യുദ്ധേ നിവാതകവചവധാദികളും
ചിത്രരഥവിജയാദിയുമൊക്കെ നീ * ഗോഗ്രഹണാദിയും കണ്ടുകൊണ്ടുക
ണ്ടീലേ? അഗ്രഹം നീ പറയുന്നതെടോ കർണ്ണ! * നാവരിഞ്ഞീടുവനിത്തര
മൊന്നാടു പോ പറഞ്ഞീടുകിലെന്നിതു കർണ്ണനും * മാതുലൻതന്നെപ്പറ
ഞ്ഞതു കേൾക്കയാൽ ക്രോധം മുഴുത്തെഴുന്നേറ്റിതശ്വത്ഥാമാ * കശ്മല
നാകിയ നിന്നെയിപ്പോൾത്തന്നെ കുത്തിനുറുക്കുവനെന്നു ഗുരുസുതൻ *
അന്തകനെപ്പോലെ വേഗാലടുത്തപ്പോ തന്തരാ പുക്കാൻ ദുര്യോധനൻ
താനും * കണ്ടവർ ചെന്നു ചാതിക്കാരവും പിടിച്ചുണ്ടായ ഘോഷം പറയാ
വതല്ലേതും * കണ്ടുപൊറുക്കാമോ ധിക്കാരമെന്നതു മുണ്ടാം കഴിവു ചാതി
ക്കാരമെന്നതും * പണ്ടു ദുരുക്തി ചതിക്കാരർ നിങ്ങളും കണ്ടുകൊണ്ടാലുമ
തിക്കാലമെങ്കിലോ * കണ്ടിരിക്കുന്നു ചതിക്കാരർ നിങ്ങളും കണ്ടിരിക്കു
ന്നിതതിക്കാലമെങ്ങളും * നീയല്ലേ പറഞ്ഞതു നീയല്ലേ പറഞ്ഞതു നീയ
ടങ്ങീടങ്ങു നീയടങ്ങീടങ്ങു * നീ പിടിയാതവൻ നീ പിടിയാതവൻ നീ
പറഞ്ഞാലെന്തു നീ പറഞ്ഞാലെന്തു * നിങ്ങളെ ഞങ്ങളറിയുമടങ്ങുക നി
ങ്ങളെ ഞങ്ങളുമറിഞ്ഞിനെയല്ലയോ? * എന്തു ഞങ്ങൾക്കു കുറവൊന്നു കണ്ടതു
മെന്തു കുറവു ഞങ്ങൾക്കൊന്നു കണ്ടതും * എങ്കിൽ നടപ്പിൻ പറയേണ
മാപല വെങ്കിൽ നടപ്പിനു കൊത്തതെന്തിപ്പോൾ * ഞങ്ങൾ പിടിയാ

തപൊണ്ണന്മാരെത്രയും നിങ്ങൾനടപ്പിൻമിടുക്കുള്ളവരല്ലോ * നിങ്ങൾ
പറഞ്ഞിട്ടുചെല്ലേണമോഞങ്ങൾ ഞങ്ങൾക്കുനിങ്ങൾക്കൂടാഞ്ഞാൽപ
ണിതുലോം * ഇത്ഥംപലരുംപലവുംവിവാദിച്ചു ചിത്തംകലങ്ങിച്ചമ
ഞ്ഞിതെല്ലാവരും * കൂട്ടവുംകൂടിക്കയർത്തുപെരുമ്പട വാട്ടംകളഞ്ഞുനട
ന്നാരത്തുനേരം * ശൌര്യ്യംനടിച്ചുടുത്തീടിനാനംഗേശൻ വൈരംനടി
ച്ചുണ്ടുടുത്താൻകിരീടിയും * കൊള്ളിമിന്നുംവണ്ണംചെന്നുതെരുതെരെ
കൊള്ളുന്നബാണങ്ങളേറ്റുപൊറായ്കയാൽ * പൊള്ളപറഞ്ഞദിവാകര
നന്ദനനുള്ളുള്ളമൊട്ടുമുഴറിവാങ്ങീടിനാൻ * കർണ്ണസഖിദ്ദുരിയോധന
നനന്തരം ചെന്നുഗുരുസുതൻതന്നോടപേക്ഷിച്ചാൻ * നിത്തുകനമ്മുടെ
സൈന്യമൊഴിയാതെ വൃത്രാരിപുത്രനെക്കൊല്ലുകവൈകാതെ * ചെററു
പൊറുത്താലുമെന്നുഗുരുസുതൻ തെറെറന്നടുക്കുന്നതുകണ്ടനേരത്തു * പാ
ഞ്ചാലവീരനടുത്തുപടയുമായ് ചാഞ്ചാടിവീണുതുടങ്ങിരിപുക്കളും * നി
ദ്രയുംക്ഷുത്തുംതളർച്ചയുംദാഹവും ശസ്ത്രങ്ങൾകൊണ്ടുമുറിഞ്ഞുള്ളതാപ
വും * കൈക്കൊണ്ടൊഴിച്ചുതുടങ്ങിപെരുമ്പട വെക്കന്നടുത്തിതുബാൽ
ഹികനന്നേരം * ഉഗ്രനായുള്ളൊരുസാത്യകിവൈകാതെ നിഗ്രഹിച്ചാ
ത്തുനടന്നടുത്തീടിനാൻ * പന്തവുംകത്തിച്ചുതേററമുയരവേ ചന്തമോ
ടെല്ലാവരുംപടകണ്ടിതു * യോഗിപ്രതിയോഗിതമ്മിൽപിരിയാതെ
വേഗാലടുത്തിതുകൂടിപെരുമ്പട * പോരുംഭയങ്കരമായിച്ചമഞ്ഞിതു
പോരുംപറഞ്ഞതു ശൂരതയേറിന * പേരുംപെരുപ്പവുമുള്ളോർ
മരിച്ചിതു ക്രൂരമ്പുമംബരദേശേവിതാനിച്ചു * ഭാസ്കരനന്ദനനാകി
യകർണ്ണനും പോക്കോരുമിച്ചുവന്നീടിനാൻപിന്നെയും * വൻപ
ടചാഞ്ഞൊഴിയുന്നതുകണ്ടപോ തുമ്പർകോൻപുത്രനേവംപറഞ്ഞീടിനാൻ
* ഏകാദശാക്ഷൌഹിണീബലമുള്ളതി ലേകദേശംഗണിച്ചീടുന്ന
താകിലോ * ഏഴുമൊട്ടുക്കിയേനിപ്പുകൽകൊണ്ടുഞാ നീഷലുണ്ടോനി
ശിശേഷമൊട്ടുക്കുവാൻ * സൂര്യ്യസുതൻറവരവുകണ്ടീലയോ തേർതെ
ളിച്ചീടുകതിന്നുനേരേപോൻ * ഞാൻപറഞ്ഞീടുവൻകർണ്ണനോടേല്പതി
നാംപൊഴുതോർത്തിരിക്കുന്നിതുകേളെടോ * കാലമണഞ്ഞതില്ലിത്തിരിയു
ണ്ടിനി കാലസ്വരൂപനല്ലോജഗദീശ്വരൻ * കാലബലമവലംബന
മേവനും കാലനെപ്പണ്ടുകാലാരിവധിച്ചതും * കാലബലാനവലോക
നംകൊണ്ടല്ലോ കാലാവലോകനംകാര്യ്യസാദ്ധ്യംസഖേ! * കർമ്മക്ഷയ
കാലമെന്നിയേകൊല്ലുവാൻ ചെമ്മേപണിപരമേശ്വരനാകിലും *കൊ
ന്നതുഞാൻമൃതനായതവനിതി നന്നുതോന്നുന്നവാറെന്നേപറയാവൂ *
സത്യസ്വരൂപൻസകലജഗന്മയൻ സത്വരജസ്തമോഹീനൻസനാതന
ൻ * സത്വഗുണപ്രധാനാത്മകനവ്യയൻ തത്വമായുള്ളൊരുവസ്തുപര
മാത്മാ * നിത്യൻനിരാകുലൻനിർമ്മമൻനിർമ്മലൻ നിത്യമനിത്യനിവാ
സൻനിരാമയൻ * നിർഗ്ഗുണൻനിശ്ചലൻനിഷ്ക്രിയൻനിഷ്കളൻ നി
ഷ്കളങ്കൻനിരാതങ്കനേകൻപരൻ * ആനന്ദപൂർണ്ണനനന്തനനാദിമാനാ
നന്ദിനാമ്പരമാനന്ദകോമളൻ * ജ്ഞാനസ്വരൂപനമൃതമയനജൻ മാ

ന്നിയാമർജ്ജുനനോടരുൾചെയ്തപ്പോൾ * നിർജ്ജരേന്ദ്രാത്മജൻതന്നഭിമാ
നവും ലജ്ജയാകമ്പിട്ടിതാനനാംഭോജവും * ചെന്താമരാക്ഷനോട
പ്പോളുണർത്തിച്ചു പംക്തികണ്ഠോപമനായഘടോല്ക്കചൻ * എന്തിനു
പേടിയടിയൻജയിപ്പ നൊരന്തരമില്ലവിടവഴങ്ങീടുകിൽ * എങ്കിൽനീ
ചെൽകെന്നയച്ചാരവർകളും വൻകടൽപോലെയണഞ്ഞാനസുരനും
ചീററമോടേററുപൊരുതിതുകണ്ണനും കാററിന്മകൻറമകനോടതുനേ
രം * ചെങ്കതിരോന്മകനാകുലംപൂണ്ടുരു സങ്കടപ്പെട്ടതുകണ്ടുസുയോധന
ൻ * ഊക്കുള്ളരക്കരുംകൂടിനില്ക്കുന്നോരു രാക്ഷസനാകുമലംബലൻത
ന്നോടു * മാരുതിപുത്രനെക്കൊൽകെന്നുചൊല്ലിനാൻ സൂർയ്യസുതനുവ
ലച്ചിൽതീർത്തീടുവാൻ * മായാവിശാരദനായൊരുരാക്ഷസ നായോധ
നത്തിന്നടുത്തൊരുനേരത്തു * പായുന്നിതേററവുംപാണ്ഡവസൈന്യ
വും ഛായാപതിസുതനൊന്നുവീർത്തീടിനാൻ * മായാവികളോടടുത്തു
ഘടോല്ക്കചൻ മായമൊഴിഞ്ഞുപൊരുതൊടുക്കീടിനാൻ * മായാമയനാ
കുമായർകോനന്നേരം വായുസുതാത്മജൻതന്നോടരുൾചെയ്തു * സംഗര
ത്തിങ്കൽ വിദഗ്ദ്ധനായുള്ളവിനോ രംഗേശനെക്കൊലചെയ്തുവിരയെനീ
* പിന്നെയാംകൊൽവാനലംബലൻതന്നെയെ ന്നബ്ജനേത്രനരുൾ
ചെയ്തനന്തരം * അംഗാരലോചനതുല്യൻഘടോല്ക്കച നംഗേശനോ
ടുമത്സരവരനൊടും * ഏറ്റുംകുറയാതെനിന്നുപിണങ്ങിനാ നാതങ്കമുൾ
ക്കൊണ്ടുയന്നാനസുരേശൻ*അംബരംതാനവലംബമായ് നിന്നോരലം
ബലൻറതലവെട്ടിയറുത്തുടൻ * അംബികാസൂനുതനയനുകാഴ്ചയായ
മ്പോടുമുമ്പിലിട്ടാൻഘടോല്ക്കചൻ *അക്കതനയനുമപ്പോഴരക്കനോ
ടുഗ്രതയോടുബാണങ്ങൾതൂകീടിനാൻ* ചീറിമുറിഞ്ഞിതുദേഹവുമന്നേര
മേറിനാനംബരംമാരുതിനന്ദനൻ *കൂടവേചെന്നുതുണച്ചുവിജയനുമാടു
കാൽപെട്ടിതുഭാസ്കരപുത്രനും * പോരിലണഞ്ഞുഹിഡിംബാത്മജൻതാ
നും തേരുംതകർത്തുപൊടിച്ചുടൻതന്നേരം * നേരേവധിക്കുമിവനെന്നെ
യെന്നോർത്തു പാരംവലഞ്ഞൊരുഭാസ്കരനന്ദനൻ * വേലെടുത്താശു
വേഗേനചാട്ടീടിനാൻ നീലമഹാമലപോലെഘടോല്ക്കചൻ * ജീ
വനുംവേറിട്ടുഭൂമിയിൽവീണിതു പാവനിതാനതിതാപവുംതേടിനാൻ
* ദുഃഖവും പൂണ്ടിതുധർമ്മജനാദികൾ പുഷ്കരനേത്രൻതെളിഞ്ഞരുളീ
ടിനാൻ * അക്കതനയനുശക്തിപോയീമമ ശക്രതനയനെരക്ഷിപ്പതി
ന്നിനി * പാരംപണിയില്ലയെന്നുമുകുന്ദനാം കാരുണ്യവാരിധികല്പി
ച്ചിതന്നേരം * ഭൂപതിവർഗ്ഗമുറക്കമിളയ്ക്കയും കോപംമുഴുക്കയുംഖേദം
പെരുക്കയും * സാദംഭവിക്കയുംമോദംക്ഷയിക്കയും ബോധംമറക്കയും
പോരിന്നടുക്കയും * പോകാതവണ്ണംപരിഭവംവായ്ക്കയും ചാകാതവർ
ജളന്മാരെന്നുറയ്ക്കയും * പിന്തിരിഞ്ഞെന്തിനുപോകുന്നതെങ്കിൽനാ
മന്തകൻവീട്ടുപൂകേണമെന്നിങ്ങനെ * ചിന്തവെടിഞ്ഞെടുത്തീടുന്നിതു
പരിപന്ഥികളും തിരിപോയിനായെന്നുടൻ * കുന്തംഗദാസിപരശ്വപ
രിഘാദി സന്തതംതൂകിനാരന്ധകാരാന്തരേ * ഉഗ്രശസ്ത്രങ്ങളുംക്രോ
ധവുംമാനവും കൈക്കൊണ്ടുത്തുമുഴന്നൊരിരുട്ടത്തു * തങ്ങളിൽതങ്ങ

ളിലേതുമറിയാതെ തിങ്ങിവിങ്ങുംപടതമ്മിലിടചേൎന്നു * കുന്തുകൊണ്ടു കുടൽമാലതുറിക്കയും മത്തഗജങ്ങൾപിടഞ്ഞുകിടക്കയും * വെട്ടുകൊണ്ടററുതുണ്ടിച്ചുപതിക്കയും ഒട്ടുമണ്ടുമ്പോൾമരിച്ചുപതിക്കയും * തൂകുന്ന ബാണഗണംകൊണ്ടുകൊണ്ടോരോ കൈകാൽ തലകൾമുറിഞ്ഞുപതിക്കയും * ചക്രമെറിഞ്ഞുകഴുത്തുമുറിക്കയും മുൽഗരംകൊണ്ടു ഗാത്രങ്ങളുമക്കയും * മുഷ്കരമായഗദകൊണ്ടടിക്കയും ഖഡ്ഗങ്ങളേററുഖണ്ഡിച്ചുപതിക്കയും * രക്തംപലപലദിക്കിലൊലിക്കയും നക്തഞ്ചരാദികളാൎത്തുവിളിക്കയും * വാനരരാക്ഷസന്മാർപൊരുംപോലെയും ദാനവനിൎജ്ജരന്മാർപൊരുമ്പോലെയും * സംഹാരരുദ്രൻപ്രളയകാലത്തിങ്കൽ സംഹരിച്ചീടുന്നതെന്നകണക്കെയും * ദാരുണമായിതുയുദ്ധമതുകണ്ടു പോരാളിവീരൻധനഞ്ജയൻചൊല്ലിനാൻ * മാനമേറീടുന്നവീരരെല്ലാവരും മാനിച്ചുഞാൻപറയുന്നതുകേൾക്കണം * നിദ്രാദികൊണ്ടുപലൎക്കുംവിഷമമുണ്ടിത്ഥംമുഹൂൎത്തമുറങ്ങുകനാമിനി * അപ്പോളുദിക്കമൃതകിരണനും ചില്പാടുകാണാംജയവുമജയവും * യോഗിപ്രതിയോഗികളതുകേട്ടനു രാഗവശാലവനാശിയുംചൊല്ലിനാർ * എല്ലാവരെയുംജയിക്കായ്വരികനീ നല്ലനായ്വാഴ്കനേകംനാൾനൃപോത്തമ! * കുംഭികുലോത്തമസ്കന്ധമമന്നവർ കുംഭികുംഭസ്ഥലേവീണുറങ്ങീടിനാർ * സംഭോഗതാന്തരായംഭോജനേത്രമാർ കുംഭസ്തനാന്തരേവീണുറങ്ങുംവണ്ണം * പാരിൽനിന്നീടുംപദാതികൾപാരിലും തേരിൽമേവുംമഹാവീരന്മാർതേരിലും * അശ്വങ്ങൾതന്മേലിരുന്നോരവിടെയും വിശ്വസിച്ചാനന്ദമുൾക്കൊണ്ടുറങ്ങിനാർ * കായികസാദവുംമാനസഖേദവും പോയിതെല്ലാവനുംനിദ്രയിലന്നേരം * മന്ദമന്ദമുയൎന്നീടിനാൻ ചന്ദ്രനും ചന്ദ്രികയുംവന്നുപാരിൽപരന്നതേ * നിൎജ്ജരേന്ദ്രാത്മജനൎജ്ജുനനുംഗുണ ഗൎജ്ജനംചെയ്തുചൊല്ലീടിനാൻപിന്നെയും * ആരുമൊരുപദംപിന്നോക്കിവയ്ക്കാതെ നേരേപൊരുവിനുറക്കവുംകൈവിട്ടു * മാനമോടേമരിച്ചീടുന്നതാകിലോ വാനവർനാട്ടിൽസുഖിച്ചുവസിച്ചിടാം * ശത്രുക്കളെക്കൊന്നൊടുക്കിനാംജീവിക്കിൽ ഇത്രിലോകത്തിൽ നിറഞ്ഞയശസ്സോടേ * മിത്രകളത്രാദികളോടൊരുമിച്ചു പൃത്ഥ്വിയും വാണുസുഖിച്ചുവസിച്ചിടാം * ഇത്ഥംപറകയുംബാണങ്ങൾതൂകയും വൃത്രാരിപുത്രൻവിളയാട്ടുകണ്ടിട്ടു * ചിത്തംതെളിഞ്ഞുഗുരുവടുത്തീടിനാൻ അപ്പോളടുത്താൻവിരാടൻദ്രുപദനും * കെല്പോടുകൊന്നാൻഭരദ്വാജപുത്രനും ചില്പുരുഷൻപുരുഷോത്തമൻചൊല്ലിനാ * നൽപ്രമോദത്തോടുപാൎത്ഥനോടന്നേരം കൎണ്ണനെയുംഭരദ്വാജസുതനെയു * മിന്നുതന്നെകൊലചെയ്യണമൎജ്ജുനാ! * നമ്മുടെപൈതലെക്കൊന്നതുചിന്തിക്കിൽ ചെമ്മേജയദ്രഥനല്ലിവരായതും * ഏവംപലവുമരുൾചെയ്യുന്നേരത്തു ദേവൻദിനകരൻസൂൎയ്യൻതിരുവടി * ചണ്ഡാംശുവേദസ്വരൂപൻവിഭാവസു സ്വൎണ്ണപിണ്ഡാഭകേലന്നസഹസ്രാംശു * തന്നെക്കിഴക്കുതുടുതുടക്കാണായി മന്നവന്മാരുംതെളിഞ്ഞാരതുനേരം * ബന്ധിച്ചുചൎമ്മായുധാദിയോടുംതദാ സന്ധ്യാനമസ്കാരവുംചെയ്തിതേവ

രം * അശ്രുയുധിഷ്ഠിരശാസനയാലഥ കേശവനജ്ജുനൻതൻെറമ ഹാരഥം * അശ്രുഗതുല്യവേഗേനനടത്തിനാ നാചായ്യനെവധിച്ചീ ടുവാനന്നേരം * ഹസ്ത്യശ്വപത്തിരഥാദിപെരുമ്പട യെത്രയുണ്ടെന്നു മതിക്കരുതാക്കമേ * അംബുധിപോലെപരന്നിതുഭൂമിയു മംബരദേശ വുംഭാസ്കരൻതൻെടെ * ബിംബവുംനന്നായ്മറഞ്ഞു ചമഞ്ഞിതു സംവിൽ സ്വരൂപനവ്യക്തനജൻപരൻ * ആദിപരൻപുരുഷൻപരമേശനാ മാദിമുകുന്ദനനന്തനനാകുലൻ * ശ്രീപതിഭൂപതിദേവൻജഗല്പതി ഗോപതിധമ്മപതിഹരിസൽപതി * വൃഷ്ണിപതികരുണാനിധിശ്രീ നിധി കൃഷ്ണൻസതാമ്പതിസച്ചിന്മയൻഹരി * യജ്ഞപതിമതിസൽ പതിമൽപതി യജ്ഞവിദാംപതിയജ്ഞമയൻപരൻ * ഗ്രന്ഥസ്ഥനാവ്യ യനായനാരായണൻ കൂടസ്ഥനാചായ്യവൈഭവംകണ്ടിട്ടു * ഗ്രന്ഥസ്ഥി തംചെയ്തിവണ്ണമരുൾചെയ്തു കൂടലരന്തകനായഗുരുവിനെ * ദേവാസുര ന്മാരൊരുമിച്ചെതിക്കിലു മാവതല്ലാക്കുംജയിപ്പാനിനിയുടൻ * കൊൽവാനുപായമെകന്മരിച്ചാനെന്നു ചൊൽവിൻപൊളിപറഞ്ഞാ ലെന്തുദൂഷണം * ജീവരക്ഷയ്ക്കസത്യംചൊൽകയെന്നതു ദേവമുനീ ശ്വരന്മാക്കുംമതമല്ലോ * എന്നതുകേട്ടതുചൊന്നാൻവൃകോദരൻ നിന്നഗുരുവരൻ കോപിച്ചുതന്നേരം * ഇന്നേയൊടുക്കുവൻപാണ്ഡ വരെയെന്നു തന്നെയുംകൂടെമറന്നടുത്തീടിനാൻ * മൂലബലാദിക ളോടുംരഘുവരൻ കോലാഹലത്തോടണഞ്ഞതുപോലെയ * മ്മാമുനി നന്ദനനായഗുരുവരൻ മാമുനിശിഷ്യൻധനുവേദപാരഗൻ * കണ്ണില കപ്പെട്ടവൈരികളെയൊക്കെ ക്കൊന്നൊടുക്കീടിനാനപ്പോളതുകണ്ടു * നിന്നവിശ്വാമിത്രനത്രിവസിഷ്ഠനും പിന്നെയുമംഗിരസ്സാദികളാകിയ* ധന്യതപോധനർചൊല്ലിനാരാദരാൽ സന്നാഹമിത്രവേണ്ടീലമഹാ മതേ! * പോരുംപൊരുതതിനിയടങ്ങിടുക പോരിലനേകം ജനമൊ ടുങ്ങീടിനാർ * നല്ലതില്ലേതുമഹിംസയ്ക്കുതുല്യമെ ന്നെല്ലാമുനികളും ചൊന്നതുകേട്ടവൻ * നല്ലൊരുതത്വമവരോടുചൊല്ലിനാൻ ചൊല്ലു വാൻവേലതത്താല്പയ്യമോക്കിലോ * ഈശ്വരേച്ഛാവശന്മാരായനാ മെല്ലാ മീശ്വരൻതന്മതംചെയ്യെന്നതേവരൂ * ചെയ്യേണ്ടുഭാഗ്യഭക്തമ്മാന ഭോഗവും ചെയ്യേതമതിയാവിതേവനുംനിണ്ണയം * മാരാരിപണ്ടുപുരമെ രിച്ചെയ്യതി ന്നാരൂഢകോപമോടേയടക്കുംവണ്ണം * പെട്ടെന്നുവെട്ടുമിട യ്ക്കുനേർവൈരികൾ ഞെട്ടുമാറായിചെറുഞാണൊലിയിട്ടതി * നിഷ്ഠു രഭാവമോടേററമലറിയമ്മട്ടലർ ബാണാരിശിഷ്യശിഷ്യൻദ്രുതം * പ ററലർക്കൂട്ടമൊടുക്കിത്തുടങ്ങിനാ നററമില്ലാതോളംഭൂപതിവീരരും * മററുംചതുരംഗമായുള്ളസൈന്യവും മുററുമരനാഴികയ്ക്കകമന്നേരം * ദ്രോണരൊടുക്കിയതുകണ്ടവർകളും പ്രാണനിലാശവെടിഞ്ഞുനിന്നീടി നാർ * ധമ്മത്തിനാധാരമായനാരായണൻ കമ്മൈകസാക്ഷിജഗ ന്മയനീശ്വരൻ * സന്മയൻചിന്മയൻജന്മഹീനൻപരൻ കല്മഷനാ ശനൻബ്രഹ്മാത്മകൻഹരി * നിമ്മമൻനിമ്മലൻജന്മമൃതിഹരൻ സ ച്ചിന്മയൻസകലേശ്വരൻമാധവൻ * സമ്മതംപാണ്ഡവന്മാരോടുചൊ

ല്ലിനാൻ ധമ്മയുദ്ധേനജയിക്കരുതാൎയ്യനെ * ധമ്മജൻതാനൊരസത്യം
പറകിലേ ചെമ്മേവധിച്ചുകൂട്ടുഗുരുവീരനെ * രോഹിതാശ്വപ്രഭൻരോ
ഹിതാശ്വദ്ധ്വജൻ രോഹിതാശ്വാശ്രസ്സൂണസംഹരിക്കുംമുമ്പേ * വി
ശ്വരക്ഷാത്മമായാത്മരക്ഷാത്മമാ യശ്വത്ഥാമാഹതനെന്നൊന്നുചൊ
ല്ലണം * മണ്ണുകൊണ്ടപ്പോളൊരുഗജംനിൎമ്മിച്ചു മന്നവനശ്വത്ഥാമാ
വെന്നുപേരിട്ടാൻ * വിശ്വനാഥൻനിയോഗത്താലതു തകൎത്തശ്വത്ഥാ
മാഹതനായതെന്നിങ്ങിനെ * ചൊല്ലിയുധിഷ്ഠിരനാചാൎയ്യനന്നേര മ
ല്ലലിൽവീണതുചൊല്ലാവതല്ലതും * ഒല്ലാതെപൊയ്പറയുംധർമ്മപു
ത്രനെന്നുള്ളിലൊരുനേരമോൎത്തിലഞാനയ്യോ * വില്ലിനിവെയ്ക്കുന്ന
തുംവരുംനിൎണ്ണയം നല്ലഗതിയിനിക്കുണ്ടെന്നതുംവരും * കല്യാണദേ
വതാകാമുകനാകിയ മല്ലാരിതന്മതംത്രൈലോക്യസമ്മതം * ദുഃഖംകല
ൎന്നകൈയുംതളൎന്നാകലാൽ നില്ക്കുംഗുരുവിനെനിഗ്രഹിച്ചീട്ടുവാൻ *
പെട്ടെന്നുവാളുമിളക്കിയടുത്തിതു നിഷ്ഠുരനായധൃഷ്ടദ്യുമ്നനന്നേരം
* ബാണങ്ങൾകൊണ്ടങ്ങടുത്തുകൂടായ്കയാൽ പ്രാണഭയംകൊണ്ടുവാങ്ങി
നാൻപിന്നെയും * ഇങ്ങനെചെന്നാനിരുപത്തൊരുതുടരങ്ങ വാൾപ്പോ
ട്ടിലടുത്തീലൊരിക്കലും * എന്നുമിവനെയിനിവധിച്ചീട്ടുവ നെന്നടുത്തര
ൻഗുരുവീരനുമന്നേരം*ഘൃഷ്യൽഗുണനാദവുംചെയ്തു ശങ്കരശിഷ്യശിഷ്യ
പ്രിയശിഷ്യശിഷ്യൻതദാ * നിന്നാലുമങ്ങെന്നുരചെയ്തുമുല്ലക്കസന്നാഹ
രമാട്ടുപോർചെയ്തൊട്ടുക്കിടിനാൻ * മാരുതിചൊന്നാൻഗുരുവിനോട
ന്നേരംപോരുംപൊരുതിനിയെന്തൊരുകാരിയം * ഇല്ലമൊഴിഭവാനെ
ങ്ങളെക്കൊല്ലുവാൻ നല്ലമകൻമരിച്ചാനെന്നുകേട്ടീലേ * ചൊല്ലുകയി
ല്ലൊരുനാളുമേധർമ്മജ നൊല്ലാതെപൊയ്യെന്നറികഗുരുവര!* ഉള്ളതെ
ന്നോൎത്തുകലശോത്ഭവൻ നിജവില്ലുംവിരവോടുവച്ചിരുന്നീടിനാൻ *
കൊന്നതുഞാനല്ലചത്തതവനല്ല നിൎണ്ണയിക്കാമെന്നൊഴിഞ്ഞുമററൊ
ന്നില്ല* സന്ന്യസിച്ചേൻമമകൎമ്മമെല്ലാമവച്ചിന്നമായേവുംപരബ്രഹ്മതേ
ജസി * നന്ദിച്ചിവണ്ണംഭരദ്വാജനന്ദനൻ വാഴിച്ചുതേൎത്തിലാമ്മാറി
രിക്കുമ്പോൾ * ചെന്നാനരികെകൃപരുമംഗേശനും മന്നവരായഗാന്ധാ
രീതനയരും * കുന്തീസുതന്മാരുമംഘ്രിദ്വയത്തിങ്കൽ വന്ദിച്ചുനിന്നതുക
ണ്ടുഗുരുവരൻ * നിങ്ങൾക്കുനല്ലതുമേന്മേൽവരേണമേ നിങ്ങളിലൊ
ന്നിൽപൊരുന്നുകവേണ്ടതും * ആയുധംവെച്ചിതുഞാനെന്നറികചൊല്ലു
മായുസ്സില്ലാത്തവരെല്ലാമരിച്ചതും * ആരുമൊരുത്തരെക്കൊല്ലുമാറില്ലമ
ററാരുമേകൊല്ലുകയില്ലെന്നതേറുവിൻ * ആത്മാവിനെപ്പരമാത്മാവി
ലാക്കിനാ നാത്മജ്ഞാനംകലന്നോരുഗുരുവരൻ * പ്രാണായാമം തുട
ങ്ങീടിനാനന്നേരം പ്രാണിഹിംസാകൎമ്മണാംപ്രായശ്ചിത്തമായ് *
പ്രാണനിരോധവുംചെയ്തുലോകത്തിനു പ്രാണനാംനാരായണനെയും
ധ്യാനിച്ചു * കാണ്മായതെല്ലാംഭഗവത്സ്വരൂപമാ യ്ക്കാണ്മായനേരമാന
ന്ദനിമഗ്നനായ് * താനുംഭഗവാനുമൊന്നിച്ചിരിക്കുമ്പോൾ ദ്രോണരെ
ക്കൊൽവതിനുണ്ടായപാഞ്ചാലൻ * നില്ലനില്ലെന്നൊല്ലായിതെന്നതെ
ല്ലാവരും ചൊല്ലിവാവിട്ടുകൂട്ടുന്നതിൻമുമ്പേ * കണ്ണുമടച്ചിരുന്നീടുമാ

ചാൎയ്യനെ തിണ്ണമണഞ്ഞുതലയറുത്തീടിനാൻ * മേല്പോട്ടുമിന്നൽപോ
ലെപൊങ്ങിദേഹിയും കീഴ്പോട്ടുദാരുപോലെവീണുദേഹവും * ഓടി
നാർപേടിമുഴുത്തൊരുകൌരവർ വാടിമുഖവുംവിജയാദികൾക്കെല്ലാം
* ധൃഷ്ടനായ്മേവുന്നധൃഷ്ടദ്യുമ്നൻതന്നോ ടൊട്ടുകോപിച്ചുപറഞ്ഞിതു
സാത്യകി * ദുഷ്ടതയെത്രയുംകഷ്ടമത്രേതവ ഇഷ്ടിവന്നീലിതുകണ്ടവൎക്കാ
ൎക്കുമേ * ശിഷ്ടനായോരുപരമഗുരുവിനെ നഷ്ടമാക്കീടുവാനാൎക്കുതോ
ന്നുംവൃഥാ * തങ്ങളിൽപേപറഞ്ഞാരൊട്ടുനേരമങ്ങുകേട്ടാനീവിശേ
ഷംഗുരുസുതൻ * കല്പാന്തവഹ്നിലോകംദഹിച്ചീടുവാ നൽക്രുദ്ധനായുള
ന്നുജ്ജ്വലിച്ചെത്രയും * കോപിച്ചലറിയടുക്കുന്നതുപോലെ വെപിച്ചു
വില്ലുംകുഴിയെക്കുലച്ചതി * ശോഭിച്ചനാരായണാസ്ത്രംതൊടുത്തവൻ
ദീപിച്ചുടുത്തതുകണ്ടോരുപാണ്ഡവർ * താപിച്ചുകന്നിതുഭീതിപൂണ്ടെ
ത്രയും ഗോപിച്ചുകൊണ്ടിതുഗോപികാകാന്തനും * കണ്ടുനിന്നോരസു
രാസുരർചൊല്ലിനാ രുണ്ടാമിനിദുരിയോധനനുജയം * അസ്ത്രാഗ്നിയിൽ
ശലഭോപമമായോരോ പൃത്ഥ്വീപതികൾദഹിക്കുന്നതുനേരം * മുഗ്ദ്ധ
വിലോചനൻതാനരുളിച്ചെയ്തു മുക്തശങ്കംവരുമസ്ത്രംവണങ്ങുവിൻ *
വീണുനമസ്കരിച്ചീടുവിനേവരും ദ്രോണജനോടുമററാവതില്ലാൎക്കുമേ *
അഖിലജഗൽഗുരുവായനാരായണൻ ആധിപോവാനരുൾചെയ്തതുകേ
ട്ടോരു * മേദിനീശന്മാർനമസ്കരിച്ചീടിനാ രാദരവോടടങ്ങീതുലോമ
സ്ത്രവും * ആരുംനമസ്കരിച്ചീടായ്കമന്നരേ പാരമഭിമാനഹാനിയുണ്ടാ
മതിൽ * പോരിനുനേരേഗുരുസുതൻതന്നോടു പോരുവിനെന്നോടുകൂ
ടെമടിയാതെ * ശൂരരായുള്ളരിപുവീരരെവെല്ലുകിൽ പാരിൽപരന്നോരു
കീൎത്തിയുണ്ടായ്വരും * പോരിൽമരിക്കിൽപരഗതിസാധിക്കു മാരുംമരി
ക്കാതിരിക്കയില്ലൂഴിയിൽ * ശത്രുപ്രയുക്തമാമസ്ത്രശസ്ത്രങ്ങളിൽ ചിത്തഭ
യംപൂണ്ടൊളിച്ചുമണ്ടീടുകിൽ * പൃത്ഥ്വിയിലാശുദുഷ്കീൎത്തിയുണ്ടായ്വരും
മൃത്യുവന്നാൽനരകാപ്തിയുംനിശ്ചയം * മുഗ്ദ്ധാക്ഷിമാരുംപരിഹസി
ച്ചീടുമേ മിത്രവൎഗ്ഗങ്ങളുംനിന്ദിക്കുമെത്രയും * എന്നുപറഞ്ഞണഞ്ഞീടു
ന്നമാരുതി തന്നോടുനേരിട്ടിതശ്വത്ഥാമാവുതാൻ * ഭീമനെക്കൊല്ലുമ
വനെന്നുഭീതിയാൽ ശ്യാമളകോമളനായനാരായണൻ * അസ്ത്രംനമ
സ്കരിക്കെന്നരുൾചെയ്തിതു വൃത്രാരിപുത്രനുംചൊല്ലിനാനങ്ങനെ * മാ
നിയാംമാരുതികൃഷ്ണപാൎത്ഥോക്തികൾ മാനിയാതേരണത്തിന്നുകോപ്പി
ട്ടപ്പോൾ * മാരുതിതന്നെപ്പിടിച്ചുപതിപ്പിച്ചു പാരിൽനമസ്കരിപ്പിച്ചി
തുപാൎത്ഥനും * വന്ദിച്ചിതന്നേരംവായുതനയനും മന്ദിച്ചിതന്നേരംനാ
രായണാസ്ത്രവും * അപ്പൊഴുതാഗ്നേയമസ്ത്രംഗുരുസുതൻ കെല്പോടയച്ചാ
നതിന്നാശുപാണ്ഡവൻ * വാരുണാസ്ത്രംകൊണ്ടതിനെത്തടുത്തിതു
ധീരൻഗുരുസുതൻപോരിന്നുകോപ്പിട്ടാൻ * ദിവ്യാസ്ത്രജാലമന്യോ
ന്യംപ്രയോഗിച്ചു സവ്യസാചിക്കുവളൎന്നിതുകോപവും * വേ
ദാന്തവിജ്ഞായവേദവ്യാസൻമുനി വേദജ്ഞനോടറിയിച്ചുപുരാണവും
* ഭൂഭാരനാശനാൎത്ഥംപുരുഷോത്തമൻ ഭൂപതിഭൂമിയിൽ വന്നുപി
റന്നിതു * ഭൂസുരസത്തമഭാരദ്വാജാത്മജ! ഭൂസുരതാപസധൎമ്മരക്ഷാൎത്ഥ

മായ് * വാസുദേവന്മതംനേരെധരിയാതെ വാസവനന്ദനനോടുകോ
പിക്കൊലാ * യജ്ഞസേനാത്മജനായ്പിറന്നുപുരാ യജ്ഞകുണ്ഡത്തി
ങ്കൽനിന്നുധൃഷ്ടദ്യുമ്നൻ * റിന്നുടെതാതമരണത്തിനെന്നതും മുന്നമേ
ദൈവമതമെന്നറിയണം * തഥാർത്ഥമായുള്ളവാക്യംബഹുവിധ മി
ത്തരംദ്വൈപായനനരുളിച്ചെയ്തു * വാങ്ങിച്ചുകൊണ്ടുപോയാനതുക
ണ്ടാശ്രു വാങ്ങിനാർപാണ്ഡവരുംപടക്കൂട്ടവും * ദേവകീനന്ദനൻദേവ
ദേവൻവാസുദേവനും ദേവരാജാത്മജൻതാനുമായ് * ദേവകൾപെ
യ്യുന്നപൂമഴയേററു ദേവഭൂദേവാദികളെയുംവന്ദിച്ചു * യുദ്ധനിവൃ
ത്തരായ്പോകുന്നനേരത്തു പദ്ധതിതോറുംജയജയശബ്ദവും * വാദ്യഘോ
ഷത്തോടുചെന്നുതൊഴുതഭി വാദ്യവുംചെയ്തുയുധിഷ്ഠിരാംഘ്രിദ്വയം *കൃ
ഷ്ണനാംപൈതാമഹനുമത്തുനേരം കൃഷ്ണ സമക്ഷമീവണ്ണമരുൾചെയ്തു * ദേ
വനുമാപതിരുദ്രൻമഹാദേവൻ ദേവൻപശുപതിവാമദേവൻശിവൻ
* കേവലൻചന്ദ്രചൂഡൻത്രിപുരാന്തകൻ ഗോവിന്ദസേവിതൻഗോപ
തിവാഹനൻ * സേവിപ്പവർക്കുജയത്തെവരുത്തീടും ദേവദേവനതിനി
ല്ലൊരുസംശയം * ഭാവനയാഹൃദിഭക്തിപൂണ്ടെപ്പൊഴും സേവിച്ചുകൊ
ള്ളുവിനെന്നരുൾചെയ്തൊരു * വേദവ്യാസൻമൊഴികേട്ടുതെളിഞ്ഞവർ
ഖേദവുംതീർത്താർഗുരുമരണോത്ഭവം * പാർത്ഥാദികളുംജയിച്ചുനിലവി
ളിച്ചാർത്തു കളിച്ചുടൻകൈനിലപുക്കാരെ * നാസ്ഥയാചൊല്ലീടി
നാൾകിളിപ്പൈതലും *

ഇതി ശ്രീമഹാഭാരതേ ദ്രോണപർവ്വം സമാപ്തം.

കർണ്ണം

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

ഹര!ഹര!ഹര!ശിവ!ശിവ!ശിവ! പുരഹരമുരഹരനതപാദ! * ഭ
വമൃതിഭയഹര!സ്മരഹര! ഭവമൃഡവൃഷധ്വജവിഷാശന! * ഗിരീശശ
ങ്കരദുരിതനാശന ഗിരിനിലയനഗിരിജാവല്ലഭ! * പര!പര!പരപ
രമപാഹിമാം പരമാനന്ദമെന്നതേപറയാവൂ * ശുകതരുണിനിൻവച
നപീയൂഷ സുഖപാനമോദലഹരികൊണ്ടുഞാൻ * പരവശനായി
ച്ചമഞ്ഞിതേററവും പറകശേഷവുമിനിനീവൈകാതെ * പരപ്പുക
ണ്ടോളംപണിപണിചൊൽവാൻ പലർക്കും വേണമെന്നിരിക്കിലിന്നി
യും * ചുരുക്കിച്ചൊല്ലുവൻകഥനടേതിലും ചുരുക്കിച്ചൊൽവാനുംപണി
യത്രേതുലോം * അഹരഹമഹമഘമകലുവാ നഹികുലപതിശയനലീ
ലകൾ * മഹിതഭാരതചരിതവ്യാജേന മഹതാമാനന്ദംവര

വാൻചൊല്ലുവൻ * ഭരദ്വാജാത്മജൻമരിച്ചനന്തരം ഭരിച്ചിതുപടദി
നകരസുതൻ * കരുത്തുള്ളർജ്ജുനൻശരത്താലംഗേശൻ മരിച്ചാനെന്ന
തുപറഞ്ഞുസഞ്ജയൻ * കുരുപ്രവരനാംധൃതരാഷ്ട്രൻതാനു മുറക്കെ
വാവിട്ടൊന്നലറിവന്മരം * മുറിച്ചുഭൂമിയിൽചരിച്ചതുപോലെ വിറച്ചു
വീണിതുപെരുത്തദുഃഖത്താൽ * തൊഴിച്ചുലച്ചുവീണുരുണ്ടുംപെണ്ണുങ്ങൾ
കുഴപ്പംപാരമായ്ചമഞ്ഞിതന്നേരം * വിമലമാനസൻവിദുരമൈത്രയും
വിരവെച്ചെന്നെട്ടത്തരചനെപ്പുൽകി * കുളുത്തനീർകൊണ്ടുതളിച്ചു
മോഹവും തളർത്തിനാൻചിലവചനങ്ങൾകൊണ്ടും * അതുകേട്ടുനൃ
പനരുളിച്ചെയ്തിതു മതിമാനാകിയവിദുരരോടേവം * തനയന്മാരുടെ
മരണവുംകണ്ടുതനിയേ ഞാനിനിമരിയാതെഭുവി * മരുവീടുന്നതുവിധി
ബലമയ്യോ! മരണംപ്രാപിപ്പാൻകഴിവുകണ്ടീല * എരിയുമഗ്നിതൻനടു
വിൽവീഴുകയോ ഗരളമമ്പോടുകുടിക്കയോനല്ലൂ? * അതിദുരിതംചെയ്തു
മനുഭവിച്ചവനിയിലിരുന്നതുമിനിമതി * വിവിധമിത്തരംപറഞ്ഞുകേ
ഴുന്നോരരചനെത്തൊഴുതുരചെയ്താൻസൂതൻ * മതിനയനനായുരുവുംമ
ന്നവ മതിമതിഖേദമിനിയെല്ലാംകൊണ്ടും * മതികേട്ടുള്ളവർസുതരെന്നാ
കിലും മതിമാന്മാരായോർകളെന്നതേവരു * അറിവില്ലാതൊരുമകനെ
ലാളിച്ചിട്ട റിവുള്ളോരുനീകരകെന്നുംവന്നു * മറകൾവെവ്വേറെപകു
ത്തവൻതാനും മറയവൻകൌഷാരവിമുനീന്ദ്രനും * അറിവുള്ളതാംവി
ദുരരുംപിന്നെ അറിയപ്പോകാതചപലനാംഞാനും * നദീതനയനും
കൃപരുംദ്രോണരും വിദിതവേദാന്തിസനൽക്കുമാരനും * നിഖിലലോ
കനായകൻപരമ്പുമാൻ നിഗമക്കാതലായ്വിളങ്ങിനകൃഷ്ണൻ * തിരുവ
ടിതാനുമരുൾചെയ്തുമുന്നം തിരുമുമ്പിൽനിന്നുപലരുംകേൾക്കവേ *
അവയൊന്നുംതവമനസ്സിലേററതി ല്ലവനിയെക്കൊതിച്ചൊരുസുയോ
ധനൻ * പറഞ്ഞതുതന്നെമനസ്സികൈക്കൊണ്ടു പരിലാളിച്ചതുനിമി
ത്തമായിപ്പോൾ * വരുന്നസന്താപമിനിയുംമേല്ക്കുമേൽ വരുമത്രേയ
തുംസഹിച്ചിരിക്കനീ * നൃപനോടിങ്ങനെയടിതി സഞ്ജയൻ കപടം
കൈവിട്ടുപറഞ്ഞതുകേട്ടു * പരിതാപംപൂണ്ടുനരപതിചൊന്നാൻ പറ
കകർണ്ണൻെറമരണവൃത്താന്തം * പറയാമെങ്കിലെന്നവനുംചൊല്ലിനാൻ
പരന്നവൻപടയ്ക്കധിപതിയാക്കി * യഭിഷേകംചെയ്താനഥസുയോ
ധനൻ തപനപുത്രനായ്വിളങ്ങുംകർണ്ണനെ * പുനരപികൈയുംപിടിച്ചു
വൻതന്നോ ടനുനയത്തോടുപറഞ്ഞുഭൂപനും * ഭയമെല്ലാമിനിക്കകലെ
പ്പോയിതു ജയമിനിവരുമിനിക്കനിർണ്ണയം * പിതൃപിതാമഹസമനായു
ള്ളോരേ! ചതിവെടിഞ്ഞൊരുസഖിയായുള്ളോരേ! * യുധിഷ്ഠിരൻത
ന്നെപ്പിടിച്ചുകെട്ടണം യുധിവിജയനെവധിക്കയുംവേണം * പണി
യില്ലേതുമിന്നതിനെനിക്കെന്നു പറഞ്ഞുകോപ്പിട്ടുപുറപ്പെട്ടാൻകർണ്ണൻ
* നടത്തിച്ചുവാദ്യമലറിച്ചുംകൊണ്ടു നടിച്ചുനാലംഗപ്പടയുമായടർ *
കളത്തിലാമ്മാറുനിറഞ്ഞുകൌരവർകളിച്ചുവീരവാദവുംപറഞ്ഞുടൻ * കു
തിച്ചുചാടുന്നകുതിരകളുടെ കുളമ്പുകളേററുകിളറിപ്പൊങ്ങിടും * പൊടി
യുംതേരുകളൊലിയുംവൈരികൾ പൊടിയുമാറലറിനകരികളും * കുടു

കുടനിലവിളിച്ചുകാലാളും കുടതഴകളുംകൊടിമരങ്ങളും * പരന്നപോക്
ളുംനിറഞ്ഞുവൻപട നിരന്നതുകണ്ടുഝടിതിപാണ്ഡവർ * പതിനാറാം
ദിനമുഷസിലോകൈക പതിവസുമതീപതിരമാപതി * പതിധർമ്മപ
തിസതാംപതിഹരി സുരപതിസ്വാഹാപതിപിതൃപതി * നിരൃതിയാ
ദസാംപതിസദാഗതി നിധിപതിപശുപതികരാഷ്ടക * പതിഗോപീ
ജനപതിരമപതിയദുപതിദയാനിധിമഖപതി * സുരപതിസുതരഥമ
തിലേറി സുരുചിരമായവപുഷാകണ്ടാശു സുഖിച്ചുപോരിനുപുറപ്പെട്ടാ
രല്ലോ * മകരവ്യൂഹവുംചമച്ചിതുകണ്ണൻ മകരകുണ്ഡലധരസഖിയായ
* പുരന്ദരസുതൻപുരുഷകുഞ്ജരൻ പുരന്ദരസേനാപതിസമൻപാർത്ഥൻ
ചമച്ചു ചന്ദ്രാൎദ്ധപ്രഭമാകുംവ്യൂഹം ഭ്രമിച്ചതുകണ്ടുകുരുവീരന്മാരും * എ
തിർത്തുഭീമസേനനൊടശ്വത്ഥാമാ മദിച്ചോരാനകളെതിർത്തുപോലെ
* സമുദ്രങ്ങൾതമ്മിൽപൊരുന്നപോലെയും പരുത്തശൈലങ്ങൾപൊ
രുന്നപോലെയും * മഹിഷനുംദുർഗ്ഗാഭഗവതിതാനും മഹിതഘോരമാ
യ്പ്പൊരുതപോലെയും * ദശരഥനരപതിതനയനും ദശവദനനുംപൊ
രുതപോലെയും * ഭയമാകുംവണ്ണംപൊരുതിരുവരും മറിയാതെകണ്ടു
പിരിഞ്ഞൊരനേരം * ശ്രുതകീർത്തിനാമവാനുംശല്യരോ ടെതിർത്തുപോർ
ചെയ്തമറിയാതെതോററാൻ * ദിനകരതനയനുംനകുലനും ചിതമൊടു
പൊരുതുലഞ്ഞുമാദ്രേയൻ * കൃപരോടേററുതോററിതുധൃഷ്ടദ്യുമ്നൻകൃ
തവർമ്മാവിനോടഥശിഖണ്ഡിയും * വിഷധരധ്വജനൊടുയുധിഷ്ഠിരൻ
വിഷമിച്ചുനിന്നുജയിച്ചാനനേരം * പലരോടുംകൂടിപൊരുതുപാ
ർത്ഥനും പരിഭവംവന്നതൊഴിച്ചാനേവൎക്കും * ജയിച്ചുപാണ്ഡവരൊടു
ക്കം നൂറുവരൊഴിച്ചുപാഞ്ഞിതുപിരിഞ്ഞിതുപട * പറഞ്ഞിതുസുയോ
ധനനുംകർണ്ണനോ ടനന്യബന്ധുവായ്ചമഞ്ഞൊനെടോ! * അരിക
ളെക്കൊന്നുജയംതരുവതിനരുതമററാർക്കുംനിനക്കൊഴിഞ്ഞിനി * ഗുരു
വിനുംപിതാമഹനുംമാംപ്രതി തിരുമനസ്സുണ്ടായ്ചമഞ്ഞീലേതുമേ *
ചെറുതുപുഞ്ചിരികലർന്നുകർണ്ണനും നരവരനൊടുപറഞ്ഞാനനേരം * അ
റിയുന്നീലയോവിജയൻതന്നുടെ ചരിതമെല്ലാമേനിരൂപിച്ചുകാൺക *
മണിമയമായമകുടംനൽകിയി തമരകൾവരനവനുടെശംഖും * കൊ
ടിയടയാളംകൊടിയമാരുതി പരുത്തഖാണ്ഡവംദഹിപ്പിച്ചുമൂല * മുര
ത്തഗാണ്ഡീവംകൊടുത്തിതഗ്നിയും ശരമൊടുങ്ങാതശരധിയുമുണ്ടു * മൂ
ഢനീശൻപശുപതിജഗന്നാഥൻ കൊടുത്തൊരുപാശുപതവുമുണ്ടല്ലോ
* ഹരിജഗന്നാഥൻപരൻനാരായണ നരികിലുണ്ടല്ലോതുണയായെ
പ്പൊഴും * വിജയനെന്നുപേരവനാകുന്നതു ജയമെല്ലാംകൊണ്ടുമവനേ
വന്നിട്ടു * പരശുരാമൻതന്നനുഗ്രഹത്തിനാലൊരുവണ്ണംജയംവരുമെ
ന്നാകിലും * ഒരുവരില്ലതേർനടത്തുവാനിനി ക്കുടമയോടതിന്നയയ്ക്കൂശ
ല്യരെ * അതുകേട്ടുസുയോധനനനന്തരമനനയനൊടുപറഞ്ഞുശല്യ
രോ * ടടിമലരിണഗതിയിനിക്കിനിയടിയനുവേണ്ടിയൊരുവസ്തുവേ
ണം * നിനവിനിക്കെൻെറ ജനകനെന്നത്രെ തനയനെന്നെന്നെക്കരു
തീടണമേ * പലപരിഭവമിനിക്കുചെയ്തൊരുവലരിപുസുതവധത്തി

നിന്നിനി * ദിനകരസുതരഥം നടത്തണം മനുകുലവരസമനായുള്ളോ
വെ! * അതുസുയോധനൻപറഞ്ഞതുനേരം മതിമാൻമാദ്രാധിപതി
യാംശല്യരും * അഭിമതമെന്നങ്ങിരിക്കിലുംതനിക്കഭിമതമല്ലെന്നതുഭാ
വിച്ചുടൻ * അതികോപത്തോടുപറഞ്ഞിതന്നേരം മതിനൊരാൾകണ്ട
തഴകിതെത്രയും * കരുത്തേറുംമഹാരഥന്മാരെജ്ജയിച്ചിരിക്കുമെന്നോ
ടുപറഞ്ഞതുനന്നു * പെരുത്തധികാരംനിനക്കെന്നുള്ളതു കരുതിക്കൊ
ള്ളാമെന്നതേപറയേണ്ടു * ധൃതരാഷ്ട്രാത്മജനതുകേട്ടപ്പോഴെ തെരു
തെരെത്തൊഴുതുടനേചൊല്ലിനാൻ * കുറയക്കൊണ്ടല്ലപറഞ്ഞതേതും ഞാ
ൻ കുറികൊണ്ടീടരുതരുതതിനേതും * തനിക്കുതാൻപോന്നജനങ്ങളു
മൊക്കെ ത്തനിക്കുവേണ്ടുകിലെളിയതുംചെയ്യും * അതിനുനാണക്കേട
കപ്പെടാതനുമതിഗ്ഗുണമുള്ളോക്കുതുധരിച്ചാലും * ത്രിപുരന്മാരോടുപൊ
രുവാനീശനു തിറമൊടുതേരുനടത്തിധാതാവും * മഹിമയേതുമേകുറ
ഞ്ഞുപോയീല മഹതാമീശനാകിനവിരിഞ്ചനും * കഥയതുപതേപുരമ
ഥനനു രഥമുണ്ടോപണ്ടുനടത്തിനാന്മുഖൻ * പറഞ്ഞുകേൾക്കട്ടെപര
മാർത്ഥമെന്നു പറഞ്ഞ മാദ്രേശനൊടുസുയോധനൻ * പറഞ്ഞാനെ
ങ്കിലോ തെളിഞ്ഞുകേട്ടാലും പരമേശൻപുരമെരിചെയ്തതെല്ലാം *

ത്രിപുരദഹനം—ധാതൃസാരഥ്യം.

അസുരകൾകുലപ്പെരുമാൾതാരക നവനുമക്കളായ്പിറന്നിതുമൂവർ *
അവർകൾനാമംകേട്ടരുൾവിദ്യുന്മാലി അവന്നുതമ്പിതാരകചക്ഷുസ്സെ
ന്നും * അപരനായതുകമലാക്ഷനവ രതിശക്തന്മാർമൂവരുമൊരുമിച്ചു
* തപസ്സുപഞ്ചാഗ്നിനടുവിൽനിന്നുചെ യ്തുമർത്ത്യവൈരികൾവിരിഞ്ച
ൻതന്നോടായ് * വിബുധതപമിരന്നതുകിട്ടായ്കയാൽ വിമലമായുള്ള
പുരങ്ങൾകാമിച്ചാർ * ഒരുത്തരാലുമങ്ങൊരിക്കലുംനാശം വരുത്തി
ക്കൂടാത്തപുരത്രിതയത്തെ * വരുത്തിക്കൊള്ളുവാൻവരത്തെനൽകണം
കരുത്തുഞങ്ങൾക്കുപെരുക്കയുംവേണം * ഉരത്തവണ്ണമേവരികനിങ്ങൾ
ക്കു സഹസ്രവത്സരംതികവോളംകാലം * വരികപിന്നെനാശവുമ
വററിനെന്നരുൾചെയ്തു ചതുർമ്മുഖൻമറഞ്ഞപ്പോൾ * വരങ്ങൾകൊ
ണ്ടവർമയനൊടുചൊന്നാർ പുരങ്ങൾനിർമ്മിച്ചുതരികെന്നപ്പോഴെ * അ
വനിയിലൊരുശതകയോജന വഴിവിസ്താരത്തിലിരിമ്പുതന്നാലും * ഭു
വർല്ലോകത്തിങ്കൽ ചമച്ചുവെള്ളികൊ ണ്ടമരലോകത്തുകനകംതന്നാലും
* പരിണാഹംമൂന്നുമൊരുപോലെതന്നെ പരിചൊടുവാണാരവററിൽ
മൂന്നിലും * പരിതാപംപൂണ്ടുഭുവനവാസികൾ പരവശന്മാരായുഴന്നി
തേററവും * വിബുധരക്കാലംവിരിഞ്ചൻതന്നൊടു വിവിധവേദനപറ
ഞ്ഞാരന്നേരം * ശതമഖാദികൾ ചതുർമ്മുഖനുമായ് ശതപത്രായതന
യനൻമേവീടും * പയഃപയോധിതന്നടെക്കരേചെന്നു ഭയപ്രകാരങ്ങളു
ണർത്തിച്ചന്നേരം * കഴിവുണ്ടാക്കുവൻപൊറുത്താലുമവ ക്കഴിവില്ലാരാലും
ശിവനാലെന്നിയേ * പുനരതുകേട്ടുപുരന്ദരാദികൾ പുകഴ്ത്തിനാർചെന്നു
ഗിരിജാകാന്തനെ*സ്തുതിച്ചതുകേട്ടുതെളിഞ്ഞുരുദ്രനും ചിരിച്ചരുൾചെ
യ്തുവിബുധന്മാരോടായ് * സുരവരന്മാരേസുഖമല്ലീചൊൽവിനൊരുമി

ച്ചെല്ലാരുംവരുവനെന്തിപ്പോൾ?*സുഖമല്ലീയെന്നതരുൾചെയ്തപ്പൊഴേ
സുഖമായ്വന്നിതുമനസിഞങ്ങൾക്കൊത്രിപുരന്മാരാലുള്ളുപദ്രവത്തിനാൽ
ത്രിഭുവനമെല്ലാംനശിച്ചുദൈവമേ! * അവരെനിഗ്രഹിച്ചുഭയംനല്കണം
അഖിലലോകേശശരണമെപ്പൊഴും* അതുകേട്ടുദേവനരുൾചെയ്തീടിനാ
നവരോടുപോരിനൊരുവസ്തുവില്ല * പുരുഹൂതാദികൾഅതുകേട്ടുചൊ
ന്നാർപുരന്മാരെവധിച്ചരുളുവാനിപ്പോൾ* കനകമാമലവളച്ചുവില്ലാക്കി
ക്കലയ്ക്കുഞാണിനുപെരുത്തവാസുകി * ശരമാകുന്നതുപരൻനാരായണൻ
മറകൾനാലുണ്ടുകുതിരകൾക്കിപ്പോൾ * രവിശശികൾതേരുരുളുകളാ
ക്കാ മവനിതേർത്തട്ടുചതുർമ്മുഖൻസൂതൻ * കലഹത്തിനെന്തുകുറവിനി
യെന്നു വലഹന്ത്രാദിയാമമരർചൊന്നപ്പോൾ * ത്രിപുരന്മാരെക്കൊ
ന്നൊടുക്കുവാനീശൻ ത്രിദശന്മാരുമായിവണ്ണംകോപ്പിട്ടാൻ * പുരന്ദരാ
ദികൾപലരുംകാണവെ പുരംദഹിപ്പിച്ചാൻനയനത്തീയാലെ * ഹര
ഹരസ്മരഹരപുരഹര പര പര പരാപരശങ്കര * ശിവശിവശിവക
രശിവാത്മക ഭവഭവമൃതിഭവഭയഹാ * ജയജയനമോനമോജയയെന്നു
സ്തുതിച്ചുസേവിച്ചുസുഖിച്ചാരേവരും * അതിനുസാരഥിവിരിഞ്ചനായ
തു മമരകോനുമാതലിതാനല്ലയോ * ഭുവനനായകൻകമലാകാമുകൻ
കുവലയദലനയനൻമാധവൻ * കുറവുതീർത്തുവാസവിക്കുസാരഥി രവി
തനയനുവിജയനെവെൽവാൻ * രഥംവിരവൊടുനടത്തുകവോൻ അ
നുവദിച്ചാലുംകുറവുവരായെ ന്നനുസരിച്ചുചൊല്ലിനസുയോധനൻ *
പ്രതിബന്ധംകണ്ടുപറഞ്ഞുമാദ്രേശൻ പ്രതികൂലഭാവംകളഞ്ഞെന്നെ
ങ്കിൽഞാൻ * രവിതനയനുഹിതമാകുംവണ്ണം പവനവേഗേനരഥംന
ടത്തുവൻ * പെരികെശിക്ഷിപ്പൻപിഴകൾകണ്ടാൽഞാൻ തരണിന
ന്ദനനതിനുകോപിക്കും * അവിടെഞങ്ങളിൽചെറുതുചീറുമ്പോ ളുപ
ജയംവരുമതുമറിഞ്ഞാലും * അതുകേട്ടുനാഗധ്വജനുംകണ്ണനോ ടതി
നുകോപിയായ്ക്കെടോസഖേയെന്നാൻ * വഴിയേസാരഥ്യംവഹിക്കാമെ
ങ്കിലോ പിഴകൾകണ്ടാകിൽപറകയുംചെയ്യാം * അതിനുകോപമില്ലെ
നിക്കെന്നുകണ്ണൻ മതിമാൻമാദ്രേശൻരഥവുംകൂട്ടിനാൻ * ജ്വലിച്ചുഭാ
സ്കരസുതൻശരങ്ങളും കുലച്ചുകാളപൃഷ്ഠവുംധരിച്ചുടൻ * നടിച്ചുരഥ
തിൽകരയേറീടിനാ നടുത്തുമററുള്ളചതുരംഗങ്ങളും * തെളിഞ്ഞുഗാ
ന്ധാരീതനയൻതേരതിൽവിളങ്ങുംകണ്ണനോടിവണ്ണംചൊല്ലിനാൻ *
കപിധ്വജൻതന്നെവധിക്കവൈകാതെ യുധിഷ്ഠിരൻതന്നെപ്പിടിച്ചുകെ
ട്ടുക * നിബന്ധമെന്നുള്ളിലവരിലേവൈരം കപിധ്വജനിലൊന്നിന
ക്കുമുണ്ടല്ലോ * ജയിച്ചുവൈകാതെവരികെന്നുയാത്ര യയച്ചുകൌരവ
വരനുമന്നേരം * അടുത്തുരാക്ഷസപിശാചഭൂതങ്ങ ളിടിത്തീയുംവീണു
വിറച്ചുഭൂമിയും * കുറുനരികളുംകരഞ്ഞിതുപാരം നറുഞ്ചോരപാരം
ചൊരിഞ്ഞുമേഘങ്ങൾ * ചുഴലിയുംകാററുംപ്രതികൂലമായിട്ടുഴറിനി
ന്നിതുകൊടുതായേററവും * കഴുകുംകാകനുംപറന്നിതുമേലേ ഒഴുകിക്കണ്ണു
നീർകുതിരകൾക്കെല്ലാം * തടഞ്ഞുവീണിതുഗജപദാതികൾ ഇടഞ്ഞുത
ങ്ങളിൽമുറികയുംചെയ്തു * കടിഞ്ഞിവയൊക്കെക്കഴിച്ചുകണ്ണനും നടന്നി

തുചിത്തമുറപ്പിച്ചുന്നേരം * വഴിയിൽകണ്ടവർപലരൊടുമപ്പോൾ മൊ
ഴിഞ്ഞാനിങ്ങനെവിരുതുള്ളംഗേശൻ * നരനാരായണരിരുവരുമെ
ങ്ങാ രൊരുവർകണ്ടിതോ? പറവിൻവൈകാതെ * തരുവൻനാട്ടുകൾ
നഗരംഗ്രാമങ്ങൾ തുരഗവാരണരഥങ്ങൾനല്ലവൻ * പൊരുതുപാ
ൎത്ഥനെക്കൊലചെയ്തുപോരിൽ പൊരുളവനുള്ളതടയനൽകുവൻ * എ
വിടത്തുപാൎത്ഥനെവിടത്താനെന്നു കപടംകൈവിട്ടുപറവിൻകണ്ടാകിൽ
* കഴിവുണ്ടാമിതുമവനിന്നെന്നുടെ മിഴികളിലകപ്പെട്ടുന്നതാകിലോ
* പലരൊടുമിത്ഥംപറഞ്ഞുകർണ്ണനു മലമലമെന്നുപറഞ്ഞുശല്യരും *
പലനാളുംനിന്റെവചനങ്ങൾകൊണ്ടേ കലഹംകണ്ടുഞാൻപൊളി
യല്ലാകർണ്ണാ * ചപലന്മാൎക്കിത്ഥംപറകെന്നുശീലം കപടവുംചത്താ
ലൊഴിഞ്ഞുമാറുമോ? * ഒരുമുഹൂൎത്തത്തിനിടയ്ക്കുപാൎത്ഥനെ ത്തിറമൊട്ടു
കാട്ടിത്തരുന്നതുണ്ടുഞാൻ * അവനെവില്ലുമായടുത്തുകാണുമ്പോ ളുവ
നിമുട്ടപ്പാഞ്ഞടവിതേടംനീ * അവനുടെകീൎത്തിനടനംചെയ്യുന്നു ഭുവ
നത്തിങ്കലെന്നറിഞ്ഞതില്ലേനീ * നരസിംഹത്തിനുസമൻധനഞ്ജയൻ
നരിയോടൊക്കുംനീയവനെയോൎക്കുമ്പോൾ * പെരികെനാണമില്ല
യോനിനക്കുള്ളിൽ പൊരുവതിന്നവനൊടുസൂൎയ്യാത്മജ! * പുനരതുകേ
ട്ടുപറഞ്ഞുകർണ്ണനും മനസികോപംവന്നതുപൊറായ്കയാൽ * മതിമതി
പാരമധിക്ഷേപിച്ചതു മതിമാന്മാരായോൎക്കിതുഗുണമല്ല * പെരികെ
നന്നല്ലാഭവാൻനിരൂപിക്കിൽ പരിപാലിക്കുന്നതഴകിതുരാജ്യം *
പെരുവഴിപോകുംകുലസ്ത്രീവൎഗ്ഗത്തെ കരബലംകൊണ്ടുപിടിച്ചുപുൽകി
യും * മറയവരൊടുപറിച്ചുകൊൾകയും മറിവുകളെന്നിയൊരുവൎക്ക
മില്ല * പൊടികൊണ്ടേപോകുംമലമൂത്രാദികൾ പൊടിയാലെകുളിക
റിയുമങ്ങനെ * കുലഭേദങ്ങളുമറികയില്ലാരും കുലശീലമുള്ളജനത്തെ
നിന്ദിച്ചും * മകൻമരുമകൻമകളുംമാതാവും മഹിഷിയുംജനകനുംക
നിഷ്ഠനും * ഒരുമിച്ചുകളിച്ചിരുന്നുമദ്യവും പരുകിത്താളവും പിടിച്ചു
പാടിയും * മദംകൊണ്ടുവീണുമതിമറന്നുടൻ തളൎന്നുതങ്ങളിൽപകൎന്നു
ഭോഗിച്ചും * മരുവീടുംജനംതവരാജ്യത്തിങ്കൽ പെരികെനന്നല്ലാപു
നരിവയെല്ലാം * മനസ്സിൽതോന്നിയതിനിയുംചൊൽകിലും നിന
ക്കുനല്ലതുപറയുന്നുണ്ടുഞാൻ * ജളമതേ!കർണ്ണാ!പുനരിതുകേൾനീ ക
ളിയല്ലപണ്ടുനിനക്കുതുല്യനാ * യൊരുപെരുംകാകനുളവായാനവൻ
ചരിതങ്ങളെയുമറിയുന്നീലെനീ? * ദിനമന്താറുമെച്ചിൽകൊട്ടുത്തൊ
രുവൈശ്യ തനയന്മാരായകുമാരന്മാർമുന്നം * വളൎത്താരെന്നതുനിമി
ത്തമായ്ക്കാകൻപുളച്ചഹങ്കരിച്ചരയന്നങ്ങളെ * മദത്തൊടുചെന്നുവി
ളിച്ചിതാഴിയെ കടക്കണംപറന്നിനിനാമെല്ലാരും * വെളുത്തമേനി
യുംതെളിവുംവെണ്മയു മിളച്ചുമുമ്പിനിക്കയയ്ക്കയുംവേണം * അതുകേട്ടു
ള്ളിൽകൌതുകത്തോ ടന്നചുമുദധിതന്മീതെപറന്നിതുമെല്ലെ * അ
തിലുംമേൽഭാഗത്തധികംവേഗത്തി ലതിമോദത്തോടുപറന്നുകാകനും
* തെളിഞ്ഞുവായസഗണവുമന്നേരംതളൎന്നു കാകനുംചിറകുമന്ദി
ച്ചു * കുഴഞ്ഞുവെള്ളത്തിൽപിടഞ്ഞുവീണുടൻ കഴിഞ്ഞുകാകൻത

ന്നഹങ്കാരമെല്ലാം * വിധിബലമയ്യോമരിച്ചാനപ്പോലെ വിധിവി
ഹിതംകേൾനിനക്കമാകുന്നു * വിളിച്ചരികെവച്ചുരുളയുംതന്നു വള
ൎത്തുനിന്നെയുമിഹസുയോധനൻ * അഭിമാനിക്കുന്നതുകൊണ്ടല്ല
യോ കുപിതനാകൊല്ലപരമാൎത്ഥംചൊന്നാൻ * പറഞ്ഞതുപോ
ലംപരിഭവിപ്പിപ്പാ നറിഞ്ഞിരിക്കുന്നു സകലവുംഞാൻതാൻ * മ
രിപ്പനെന്നുമേജയിച്ചുകൂടായ്കി ലൊരിക്കലുംഭയംപുറത്തുകാട്ടാമോ? *
തെളിഞ്ഞുചമ്മട്ടിയെടുത്താലുംതേരു തെളിച്ചാലുമെന്നുപറഞ്ഞുകണ്ണ
നും * മധുരഭാഷിതംനടത്തിട്ടംവണ്ണം മദിച്ചുമാദ്രേശൻനടത്തി
നാൻതേരും * കുടകളാലവട്ടവും വെഞ്ചാമരം കൊടികൊടിക്കൂറ
തഴവിരുതുകൾ * ചെകിടടയുമാറലറുംവാദ്യങ്ങൾ ജയജയ
ശബ്ദംചെറുഞാണൊച്ചയും * കളിച്ചുതന്നത്താൻമറന്നു കൌരവർ
പുളച്ചഹങ്കരിച്ചടക്കളംപുക്കാർ * വിളങ്ങുന്നുമുഖനളിനങ്ങളെല്ലാ
മിളകുന്നുതെളിക്കടഞ്ഞചക്രങ്ങൾ * കരിമുകിലൊത്തകരിവരന്മാരും
കരതാരിൽവില്ലുംശരവുംകൈക്കൊണ്ടു * നരവരന്മാരുംതുരഗപംക്തി
യും മരുദരംപൂണ്ടരഥകദംബവും * മരണഭീതിയെവെടിഞ്ഞകാലാളും
മരുചലരുടെനികടംപ്രാപിച്ചാർ * വിളിച്ചിതുസംശപ്തകന്മാരന്നേരം
വിജയനെപ്പോരിനെതിർതരികെന്നു * നടിച്ചുവർകളോടെതിൎത്തുപാ
ൎത്ഥനും പടുതപമോടവരകലത്താക്കിനാർ * പ്ലവഗപാളിയോടടുത്തു
രാവണി പെരുംശരമാരിചൊരിഞ്ഞതുപോലെ * ഭുവനൈകധനു
ൎദ്ധരനാമംഗേശൻ പുനരടുത്തെയ്യിളക്കിനാൻപട * തിരിച്ചുപാ
ണ്ഡവരതുനേരമേറെ മരിച്ചുപാഞ്ചാലനൃപന്റെബലം * അപജയം
വന്നതറിഞ്ഞുധൎമ്മജ നവനിനായകൻപെരുംതേരേറിനാൻ * അവി
ടെകണ്ണനുംയുധിഷ്ഠിരൻതാനു മവനിപാഞ്ചാടുംപരിചുപോർചെയ്താർ
* മുറിഞ്ഞിടരോടെതിരിച്ചുധൎമ്മജൻ പറഞ്ഞുകണ്ണനുമവനോടന്നേരം *
ഉഴറിപ്പോകാതെതിരിഞ്ഞുനില്ലുനി ല്ലുഴകോഭൂപതിവരന്മാരക്കോട്ടക *
നൃപധൎമ്മമൊന്നുമറിയുന്നില്ലയോ നൃപശിഖാമണേമരിക്കിലുംനന്നു *
മതിമതിയെങ്കിൽനടന്നാലുമെടോ മതിമാനായനീമരിച്ചുപോകേണ്ട *
പൃഥിവിപാലിപ്പാനിരിക്കനല്ലനീ പൃഥിവീനാഥധൎമ്മജപൃഥാത്മജ * വൃ
ഥാകുലധൎമ്മപ്രഥനംചെയ്യായ്ക തടുത്തുക്കൂടുമോമമശരങ്ങളെ * വ്രതയാ
ഗാദികളനുഷ്ഠിച്ചുകൊൾക പിതൃപതിക്കേററംപ്രിയനെന്നാകിലും *
മുതിവരുമെന്നോടടുത്തുപോർചെയ്കിൽ പടയ്ക്കുഭാവിച്ചുപുറപ്പെടായ്കെ
ടോ * പഠിച്ചുകൊള്ളുകചപലവുംശാസ്ത്രങ്ങൾ മിടുക്കുള്ളജ്ഞനനണ്ണയ
ത്തില്ലയോ * ഇനിഞാനെയ്യില്ലതുപേടിക്കേണ്ട ഹനിക്കനിന്നെ
ക്കൊന്നൊരുഫലമില്ല * പതുക്കെപ്പോയാലുംഭയപ്പെടായ്കയെ ന്നധി
ക്ഷേപിച്ചംഗനരപതിചൊന്നാൻ * കടന്നുകൈനിലയകംപുക്കമന്നൻ
നടന്നുഭീമനുമടക്കളംപൂക്കാൻ * ഗദയുമായ്ദണ്ഡധരനെപ്പോലെചെ
ന്നെതിരിട്ടോർകളെയൊടുക്കിനാൻഭീമൻ * പുരക്കരചരുമരക്കരുംമുന്നം
തിരക്കിപ്പോർചെയ്തകണക്കെയന്നേരം * പരക്കെനിന്നവർനിരക്കെ
വീഴുന്നു മരിക്കുന്നുചിലർതിരിഞ്ഞുമുൽപുക്ക * തിരിക്കുന്നുചിലർമരിക്കുന്നു

ചിലർ തിരിക്കുന്നുശരംതിരിക്കുന്നുചിലർ * ഉരത്തവൻപിന്നോടടുക്കുമ
ൎജ്ജുനൻ കരത്തിലെവില്ലുംജ്വലിപ്പിച്ചുകൊണ്ടു * പൊഴിക്കുന്നുബാണ
മതുകണ്ടുഭീമ നുഴററിന്നോടുകൂടടുത്താനന്നേരം * തെരുതെരെച്ചിലശര
നിരകളെ പ്പെരുമഴപോലെചൊരിഞ്ഞൊരാരുതി * വിഷണ്ണനായ്നി
ന്നുവികൎത്തനാത്മജ നുഴന്നതുകണ്ടുപറഞ്ഞുശല്യരും * വിജയനോടു
പോർകരുതിവന്നൊരു വിരുതൻവില്ലാളിവരനല്ലേയിപ്പോൾ * പരി
ഭ്രമത്തോടുവയററിൽകൈവച്ചു പരക്കെനോക്കുന്നതെവിടേക്കുപോവാ
ൻ * മരിക്കിലുംനന്നുജയിക്കിലുംനന്നു ശരപ്രയോഗംചെയ്യുതുപോലെ
നീയും * അണഞ്ഞുതേഭീമൻപറഞ്ഞുനില്ലുവേ പിണങ്ങിനില്പവർകു
ലമൊടുക്കുവോൻ * രവിതനയനുമനിലപുത്രനും ചെവികഴിയവേവ
ലിച്ചുബാണങ്ങൾ * വരിഷിക്കുന്നേരംതളൎന്നുകൎണ്ണനും വിരവിൽവീ
ണിതുമുറിഞ്ഞുതേരതിൽ * ഇടരോടുമോഹംകലൎന്നുകൎണ്ണനു മിടമത
മോടണ്ടുത്തുഭീമനും * മദിച്ചോരാനതൻപരുത്തമസ്തകം പിളൎപ്പാൻ
കേസരിയടുക്കുന്നപോലെ * കുതിച്ചുതേരതിൽക്കരയേറിഭീമനധി
ക്ഷേപിച്ചേറെപ്പറയുംനാവിപ്പോൾ * അറുപ്പനെന്നുടനെടുത്തുകത്തിയു
മടുത്തുശല്യരുംപിടിച്ചിതുകരം * മുടിക്കൊല്ലുഭീമമുടിക്കൊല്ലുപാൎത്ഥൻ
മുടിഞ്ഞുപോമിതുഝടിതിനീചെയ്കിൽ * അടങ്ങടങ്ങെന്നുപറഞ്ഞുമാ
ദ്രേശൻ കുതിച്ചുതൻതേരിൽപകൎന്നുഭീമനും * എതിൎത്തുഗാന്ധാരീത
നയന്മാരപ്പോൾ മറുത്തവരിലൊരിരുപതുപേരെ * നികൎത്തനാത്മ
ജൻപുരത്തിനുവിട്ടാൻ വികൎത്തനാത്മജനണന്നാനന്നേരം * നികൃത്ത
ദേഹനായ് പ്രവൃദ്ധകോപേന കറുത്തഭാവമോടെടുത്തുചാപവും * മുറി
ച്ചുതേരതുംതകൎത്താനംഗേശൻ എടുത്തുതന്നുടെഗദവൃകോദരൻ പൊ
ടിച്ചാനാനതേർകുതിരകളെയും * ഇളക്കിനാൻകുലമലകളെയെല്ലാം
കുലുക്കിനാനൂഴികലക്കിനാനാഴി * മലയ്ക്കുന്നുചത്തുമറുതലയെല്ലാ
മൊലിയ്ക്കുന്നുചോരപ്പുഴപലവഴി * ചലിക്കുന്നുചിത്തമെതിൎപ്പവൎക്കെല്ലാം
കലയ്ക്കുന്നുചാപംമുറിക്കുന്നുപുന * തിരിക്കുന്നുപലവിമാനനാരിമാ രിറ
ക്കുന്നുതണ്ണീർമിഴിക്കുന്നുകണ്ണും * മറക്കുന്നുചിത്തംകലഹിക്കുംനേരം മരി
ക്കുന്നുതെരുതെരെനൃപതികൾ * തറയ്ക്കുന്നുബാണംപറിക്കുന്നുചില രിരി
ക്കുന്നുചിലരെടുത്തുകൊള്ളുവാൻ * ഇരിക്കുന്നുചിലർമുറിഞ്ഞിടരോടും
പരക്കുന്നപടയൊഴിഞ്ഞുപോകായ്വാൻ * ഭരിക്കുന്നുചിലർകുലുക്കമെ
ന്നിയേ തെളുതെളത്തെളിക്കടഞ്ഞചക്രങ്ങൾ * ഗളങ്ങളൂടേപോയ്
നടക്കുന്നുനീളെ * ശിവ!ശിവ!ശിവ!ശരങ്ങൾതന്നാലെ അവനിയും
ഗഗനവുംമറയുന്നു * ദിനകരസുതപ്രമുഖന്മാരുമങ്ങ നിലനന്ദനപ്രമുഖ
ന്മാരുമായ് * പിരിയാതെനിന്നങ്ങിടകലന്നേറെ പ്പരിഭവത്തൊടുകല
ഹിക്കുന്നേരം *വിജയനുംസംശപ്തകന്മാരുംതമ്മിൽ വിജയംഞങ്ങൾക്കു
വിജയംഞങ്ങൾക്കെ * ന്നൊരുപോലേനിന്നുകലഹിക്കുന്നേരം ഖര
ഖുവരസമരതുല്യമായ് ശരങ്ങൾതൂകിനാനതുനേരംപാൎത്ഥൻ * അട
ത്തൊരുസംശപ്തകന്മാരെയെല്ലാ മൊടുക്കിനാൻബാണഗണത്താലൎജ്ജു
നൻ * മരിച്ചിതുമത്സ്യൻഗുരുതനയനാൽ മറുത്തുധൃഷ്ടദ്യുമ്നനുമതു

നേരം * അട്ടത്തശ്വത്ഥാമാകൊട്ടത്താനമ്പുകൊണ്ടടർക്കളമെല്ലാം
കലുക്കിനാൻദ്രൌണി * പൊടിച്ചാൻപാഞ്ചാലന്റെരഥമെല്ലാം
പട്ടതാവുംകുറഞ്ഞൊഴിഞ്ഞുപാഞ്ചാലൻ * ഗുരുസുതൻകൊല്ലുമവ
നെയെന്നോൎത്തു പുരന്ദരാത്മജനവിടേയ്ക്കെത്തിനാൻ * ധനഞ്ജയ
നുംഭീമനുംപാഞ്ചാലനും മനന്തെളിഞ്ഞൊത്തുപൊരുതാരന്നേരം *
അസംഖ്യംവൈരികൾമരണംപ്രാപിച്ചാർ മദംകലൎന്നുള്ളകരിവരന്മാ
രും * വിജയൻഭീമനോട്ടടനേചൊല്ലിനാൻ വിജയമാക്കായിതി
വിടെനിങ്ങളിൽ * യുധിഷ്ഠിരനെങ്ങുകനിഷ്ഠന്മാരെങ്ങു വിശിഷ്ടന്മാരാ
യതനയന്മാരെങ്ങു * വരിഷ്ഠനായസാത്യകസുതനെങ്ങു കരുത്തനാം
കൎണ്ണൻപിണച്ചതെന്തെല്ലാം * നൃപനുംകൎണ്ണനുംപൊരുതുതങ്ങളി ല
പജയപ്പെട്ടുമുറിവുപാരമാ * യടച്ചുകൈനിലയകത്തുഭൂപതി കിടക്കു
ന്നിചെന്നറികവസരകാൎ * അതുകേട്ടൎജ്ജുനനതിശോകത്തോടു
മധിരണമപഹസിക്കപ്പെട്ടാരനാ * നരവരനിതിൻപരമാൎത്ഥമറി
ഞ്ഞരികരളോട്ടുപോരിനിയെന്നാൻപാൎത്ഥൻ * ഉടനേമാധവൻ തി
രുവടിയുമാ യുടൽവിയൎത്തേറ്റെപ്പരവശനായി * നരവരൻതന്നെനമ
സ്കരിച്ചിതു നരനുംഭക്തിപൂണ്ടതുകണ്ടുഭൂപൻ * വരികനല്ലതുനിനക്കെ
ന്നാശിയു മരുളിച്ചെയ്തുപിന്നെയുമതുനേരം * പെരികെനന്നായിതവിത
നയനെ പ്പൊരുതുകൊന്നതുതെളിഞ്ഞിതുപാരം * അധിക്ഷേപിച്ചെ
യ്തുമുറിച്ചുകൊല്ലാതെ അയച്ചാനെന്നെയുമതുമൂലമിപ്പോൾ * വശക്കേ
ടുണ്ടായിതവനെ ക്കൊൽകയാൽ വശക്കേടുംമമശമിപ്പിച്ചായോനീ *
പരുഷമായ്നൃപനിതുപറഞ്ഞപ്പോൾ പുരുഹൂതാത്മജനുണൎത്തിച്ചീടി
നാൻ * വധിച്ചതില്ലകൎണ്ണനെയിതെന്നാലെ വഹിക്കുമോയെന്നതറി
ഞ്ഞതുമില്ല * ഹരിചരാചരഗുരുമുരരിപു വരുളുന്നാകിലോവധിപ്പൻ
കൎണ്ണനെ * അട്ടത്തൊരു സംശപ്തകന്മാരെയെല്ലാ മൊട്ടുക്കിനേനവനനു
ഗ്രഹത്തിനാൽ * അതുകൊണ്ടംശേശനൊട്ടുപൊരുതതി ല്ലടിയനെ
ന്നതുധരിച്ചീടേണമേ * അവസ്ഥകൾകേട്ടുപരിഭ്രമിച്ചു ഞാനടിത്താർ
ക്കുപ്പുവാൻവിടകൊണ്ടീടിനേൻ * അറിഞ്ഞതുമതിപറഞ്ഞതിന്നിനീ
യറിഞ്ഞുമുന്നമേപറഞ്ഞതില്ലേഞാൻ * ജയംവരായുദ്ധംതുടങ്ങിയാ
ലെന്നു നയമ്പറഞ്ഞതുതെളിഞ്ഞീലന്നാക്കം * അപജയമിപ്പോൾവ
രുന്നുമേല്ക്കുമേ ലപനയമായിച്ചമഞ്ഞുയുദ്ധവും * പിഴച്ചിതുനിരൂപണം
പോരായ്കയാ ലൊഴിച്ചുപോവാനും കഴിവുകണ്ടീല * നരനാരായണപു
രുഷന്മാർനിങ്ങൾ കരുതാതെവന്നുകുരുവീരന്മാരോ * ടതിബലവാ
നായിരുന്നഭീമനു മതിചപലനാകിയഞാനുംതോററു * അടിമയായ്
സുയോധനനുടെകാല്ക്കൽ പൊടിയുമേററുപോയ്ക്കിടക്കേണ്ടുംവന്നു *
അതുചെയ്യുന്നീലവനവാസംചെയ്തു ഗതിവരുത്തുവനതുനല്ലൂനം *
ഒരുനാളുമൊരുസുഖമിനിക്കില്ല വരുന്നതൊക്കെയും ധളന്ദുഃഖ
ങ്ങൾ * ശതമഖൻതന്റെമകനായ്നീപണ്ടു ശതശൃംഗോപരിപിറ
ന്നതുനേരം * ജഗദേകവീരനിവനെന്നുണ്ടായി തശരീരിവാക്കമതുമ
സത്യമാ * യരികളെയൊക്കെയൊടുക്കിക്കൊള്ളുവാ നൊരുകഴിവുണ്ടേ

ന്നിനിക്കുള്ളിൽതോന്നി * വസുമതീനാഥൻപരൻനാരായണൻ വസു
ദേവാത്മജനസുരനാശനൻ * അവനുടെകയ്യിൽകൊടുക്കഗാണ്ഡീവ
മവനതുകൊണ്ടുജയിക്കംനിൎണ്ണയം * കരത്തിൽവാളുമായടുത്തിതൎജ്ജു
നൻ കഴുത്തറുപ്പാനായതുകണ്ടപ്പൊഴേ * മുരദ്വേഷിഹരിമുകുന്ദൻഗോ
വിന്ദൻ മുതിൎന്നഫൽഗുനൻകരത്തെയുംവാളും * അടക്കിമെല്ലവേപി
ടിച്ചുരുംചെയ്തു ഞടഞ്ഞടഞ്ഞുനല്ലവസരമിപ്പോൾ * ഒരുവിസൃതനൊ
ഴിഞ്ഞുമററുള്ളോ രൊട്ടഞ്ഞിവൈരികളറിഞ്ഞാലുമെടോ! * അമചർ
കൾകുലമുടിമണിവധമരു തരുതൊഴികൊഴികൊഴികെന്നാൻ * മറക്കാ
മോസത്യമൊരിക്കലുംനൃപ നരച്ചീടുന്നതുപൊറുക്കെന്നവരു * പറ
യാമോമമമുഖത്തുനോക്കീട്ടു പരനുടെകയ്യിൽകൊടുക്കെന്നായുധം *
പഴിവാക്കുകേട്ടുപൊറുത്തുകൂട്ടുമോ പഴകിയസത്യംമറക്കയുമാമൊ *
കഴുത്തിലെൻറവാൾനടത്തിയിപ്പൊഴേ കഴിപ്പതിനില്ലകില്ലതിനെന്ന
ൎജ്ജുനൻ * മുതിൎന്നുമുൻപ്പുക്കുനടന്നിതുകൃഷ്ണൻ തിരുവടിതന്നെയതുകണ്ടു
ദേവൻ * ഗുരുവധത്തിനുനരകമെന്നിയി ല്ലൊരുഫലമെന്നുപറഞ്ഞി
തന്നേരം * നരുപറഞ്ഞതിൽവിപരീതംതന്നെ യുടമയോടുറപ്പറ
ഞ്ഞുകൃഷ്ണനും * കടക്കൊല്ലാമമവചനമെന്നതു കടക്കുന്നോരാരുംദുരിത
വൻകടൽ * കടക്കുന്നോരല്ലെന്നറിഞ്ഞിരിക്കണം കടക്കനീരിപുസമുദ്ര
ത്തെയിപ്പോൾ * അരുളിച്ചെയ്തുളവമലനൎജ്ജുന നറികപ്പോകാധൎമ്മവു
മധൎമ്മവും * ഗുരുവധംതാനോരസത്യംതാനിപ്പോൾ വരുമതുരണ്ടു
മിവിടെവരാതെ * വഴിയതിനൊരുകഴിവരുൾചെയ്ക കമലാകാമുക!
കരുണവാരിധേ! * കഴൽതൊഴുതവനിവണ്ണംചൊന്നപ്പോൾ കഴിവു
ണ്ടെന്നതുമരുൾചെയ്തുനാഥൻ * ഗുരുവിനെനീയെന്നൊരുമൊഴിചൊ
ന്നാൽ ഗുരുവധംചെയ്തഫലംവരുമെടോ! * വചസാകൎമ്മണാമനസാ
നിന്ദിച്ചാൽ വധിപ്പതിനേക്കാൾവലുതെടോസഖേ! * പരമപൂരുഷന
രുൾചെയ്തനേരം പറഞ്ഞുഫൽഗുനനധിക്ഷേപവാക്യം * പരിഹാ
സത്തൊടുപണയംചെയ്തതു മറിയാതെചൂതുപൊരുതുനീയല്ലേ * എതി
ൎത്തുഞങ്ങൾ വൈരികളെക്കൊല്ലുവാൻ മുതിൎന്നതുമുടക്കിയതുംനീയല്ലേ*
പരനുടെകയ്യിൽകൊടുക്കവില്ലെന്നു പരുഷംചൊന്നതുവെറുതേനീയ
ല്ലേ * പലവുരുനീയെന്നരചനെപ്പാൎത്ഥൻ പറഞ്ഞതുനേരംമനസിചി
ന്തിച്ചാൻ * ഗുരുവിനെനിന്ദിക്കരുതൊരിക്കലും ഗുണംവരികയില്ലിനി
ക്കിനിയെന്നു * പരിതാപമുള്ളിൽനിറഞ്ഞുപാൎത്ഥനുംപരവശനായിച്ച
മഞ്ഞാനന്നേരം * ഇരിക്കനീലജ്ഞാനവനിയിലിനി മരിക്കുന്നേനെന്നു
തുനിഞ്ഞുതന്നുടെ * കരത്തിലെവാളൊന്നിളക്കിമെല്ലവേ കഴുത്തറുപ്പാ
നായ്തുനിഞ്ഞതുനേരം * സകലലോകൈകപതിനാരായണൻ സ
ഹസ്രലോചനതനയൻതൻകരം * പിടിച്ചുനില്ലരുതരുതരുതെടോ
കടുപ്പംകാട്ടാലാകഴിവുണ്ടാക്കവൻ * മരണവുമാത്മപ്രശംസയുമൊ
ക്കം മഹിമാനംതവപരകറീതന്നെ * പറഞ്ഞാനൎജ്ജുനൻനിജപരാ
ക്രമ മറിഞ്ഞതാരെൻറകരബലമെല്ലാം * മറുതലയിൽപാതിയിലുമേ
റെഞാ നറുതിചെയ്തതെന്നറിഞ്ഞിരിക്കണം * അസംഖ്യംപേരാന

ത്തലവന്മാരെയു മശങ്കംതേരാളികളെയുംവേഗത്തിൽ * കുതംകൊണ്ടു
ചാട്ടംകുതിരകളോടെ കുതിരച്ചേവകരെയുമൊട്ടുക്കിയേൻ * മുടക്കിവാ
സവൻചൊരിഞ്ഞവന്മഴ യടക്കിഖാണ്ഡവംദഹിപ്പിച്ചേനല്ലോ * വട
ക്കരികൊക്കെജ്ജയിക്കയുംചെയ്തേ നട്ടത്തഗന്ധർവ്വവരന്മാരെച്ചെന്നേൻ
* നടിച്ചുവന്നൊരുയദുക്കളെവെന്നു മട്ടുത്തുകുംമൊഴിസുഭദ്രയെവേട്ടേൻ
പട്ടതാരമോടെയ്തുമുറിച്ചുയന്ത്രവു മട്ടത്തഭൂപരെജ്ജയിക്കയുംചെയ്തു * പ
ടയ്ക്കുഭാവിച്ചരിപുക്കളെവെന്നു പശുക്കളെവിരാടനുനൽകീടിനേൻ *
പരമേശൻപശുപതിജഗൽപതി യൊരുകിരാതനായ്ചമഞ്ഞുവന്നെ
ന്റെ * കരബലംകണ്ടുതെളിഞ്ഞിട്ടല്ലയോ 'വരങ്ങളുംപാശുപതവുംവാ
ങ്ങിഞാൻ * ഒരുവരാരുള്ളതെനിക്കുതുല്യരായ് പുരുഷന്മാരെന്നുപറ
ഞ്ഞുഫൽഗുനൻ * പുരുഷനല്ലെന്നുപറഞ്ഞുനീയെന്നെ പരമപൂരുഷൻ
പരമമായയിൽ പരിചോടുമൂടീതവരെവിസ്മയം * അതുനേരംകോപം
കലന്നുധർമ്മജ നതിവീരൻനീയെന്നറിഞ്ഞുഞാനിപ്പോൾ * വരികകൊ
ല്ലുവാൻമടിക്കരുതേതും ' പുരുഷനാകിൽനീവധിക്കണമിപ്പോൾ * ഇ
നിനീയിന്നെന്നെക്കൊലചെയ്തീടായ്കി ലനുജൻതന്നാണപിണക്കമുണ്ടാ
കും * അറിയപ്പോകാതജ്ഞന്മാരെപ്പോലെ പറയാതെകോപംകളഞ്ഞട
ങ്ങേണം* അരചർകൾകുലപ്പെരുമാളേനീ യെന്നരുളിച്ചെയ്തിതുമുകുന്ദന
ന്നേരം *ഇരുപക്ഷമിരുവരുംകൂടാതെകണ്ടൊരുബലമില്ലെന്നറിഞ്ഞിരിക്ക
ണം * ഇനതനയനെവധിച്ചുകൊള്ളുവാ നിനിയനുഗ്രഹിച്ചയയ്ക്കനുജ
നെ * പെരികെവൈകരുതിനിയെന്നുകൃഷ്ണൻ തിരുവടിതെളിഞ്ഞരുളി
ച്ചെയ്തപ്പോൾ *തെരുതെരെനൃപൻമുറകെപ്പുൽകിനാൻ ത്രിദശനായക
തനയനെയപ്പോൾ * വരികനല്ലതുനിനക്കുമേൽക്കുമേൽ വരികകർണ്ണ
നെവധിച്ചുവൈകാതെ * ഭുവനൈകധനുർദ്ധരനായ്വാഴ്കനീ ഭുവി
പലകാലംമമസഹോദര! * കനിഞ്ഞുധർമ്മജനനുജൻതന്നുടെ ശിര
സിചുംബിച്ചങ്ങയച്ചാനന്നേരം * ഹരിചരാചരഗുരുമുരരിപു ചരിത
മായകളറിയരുതാർക്കും * ഹരവിധിശതമഖമുഖസുര പതിരമാപതി ദ
യാനിധിവിഷ്ണു * വിവിധഭൂപതിവരർചുഴന്നൊരു വിബുധനാഥജര
ഥംകരേറിനാൻ * നടന്നവൻപടത്തുടന്നുടനുടൻ തുടങ്ങിവാദ്യഘോഷ
വുംബഹുവിധം * നിറഞ്ഞുവാനാവരുപരിസർവ്വരും മറഞ്ഞുഭാനുബിംബ
വുംപൊടിയാലെ * പറഞ്ഞുയോഗേശൻവിജയനെനോക്കി യറിഞ്ഞി
തോസുയോധനനൊരാശ്രയം * ഇവനൊഴിഞ്ഞൊരുമിനിയില്ലോർക്ക
നീ ഇവനല്ലോമുന്നമധിക്ഷേപിച്ചതും * മറഞ്ഞൊളിയമ്പെയ്തഭിമന്യു
ചാപംമുറിച്ചവനെയുംകൊലചെയ്യിച്ചതും * ഇവനല്ലോദുർഭാഷണ
ങ്ങൾചെയ്തതും പവനജൻതന്നെപടയുടെമദ്ധ്യേ * ഇവനല്ലോധർമ്മാ
ത്മജനെയെയ്തതും ഇവനല്ലോകൃഷ്ണാതുകിലഴിക്കെന്ന *തവിനയത്താലെ
പറഞ്ഞതുമുന്നം പശുസമന്മാർപാണ്ഡവന്മാരെന്നതു * പലനൃപർ
കേൾക്കെപ്പരിഹസിച്ചതും ഇവൻതുണയായിട്ടരക്കില്ലത്തിലി ട്ടടച്ചുതീ
വച്ചുകളഞ്ഞുനൂററുവർ * ഇവനെക്കൊല്ലുവാനുഴറുകവേണം പവനപു

ത്തുന്നതുണയുമില്ലാരും * മരുപകർമുമ്പിൽപലരുനേരമങ്ങു പെരുമാറുന്നി
ങ്ങവനറിഞ്ഞാലും * ഇതിമധുരിപുവരുളിച്ചെയ്തപ്പോ ളിതമൊട്ടുബാ
ണംപൊഴിച്ചപാൎത്ഥനും * കുറഞ്ഞുപാഞ്ചാലാദികൾക്കസങ്കടം നിറ
ഞ്ഞുകണ്ണന്തന്നരികേകൌരവർ * അതിനുനേരേകൂട്ടിനാന്മഹാരഥ മ
തിവേഗത്തോടുമുകുന്ദനന്നേരം * വിജയനെത്തേരിൽവിളങ്ങിക്കാണാ
യി വിബുധകളധിപതിയോടുംകൂടി * തരുണഭാസ്കരനരുണനോടുകൂ
ടൊരുമിച്ചുതെളിഞ്ഞുദിച്ചതുപോലെ * ഹരിയുതഹരിഹയതനയനെ
ഹരിണവാജിരാജിതരഥോപരി * ഹരിദശാത്മജനൊടുപൊരുവാ
നായ്വരുന്നതുകണ്ടുപറഞ്ഞുശല്യരും * പലരോടുംകാണാഞ്ഞിഹചോദി
ച്ചൊരു വലരിപുതനയനെക്കണ്ടാലുംനീ * മുനികൾമാനസതളിരിലും
ഗോപവനിതമാരുടെമുലത്തടത്തിലും * ഇരുന്നരുളുംമാധവനുംതാനു
മായ്വരുന്നവൻപടനടുവിലാമ്മാറു വരുന്നതുനന്നായ്തെളിഞ്ഞുകാണ്ക
നീ * നിരന്നപീലികൾനിരക്കവേകുത്തി നെറുകയിൽകൂട്ടിതിറമൊടു
കെട്ടി * കരിമുകിലൊത്തചികുരഭാരവും മണികൾമിന്നിടുംമണിക്കിരീ
ടവും * കുനുകുനച്ചിന്നുംകുറുനിരതന്മേൽ നനുനനെപ്പൊടിഞ്ഞൊരു
പൊടിപററ * തിലകവുമൊട്ടുവിയൎപ്പിനാൽനന ഞ്ഞുലകുസൃഷ്ടിച്ചു
രക്ഷിച്ചുസംഹരി * ച്ചിളകുന്നചില്ലീയുഗളഭംഗിയും അടിയാരെക്ക
റിച്ചൊരുകരുണയും * കഠിനദുഷ്ടരോടെഴുന്നകോപവും മടുമൊഴി
മാരിൽവളൎന്നരാഗവും * കലഹംകണ്ടൊരത്ഭുതരസങ്ങളും ചപലന്മാ
രോടുകലൎന്നഹാസവും എതിരിടുന്നോൎക്കുഭയങ്കരതയും * പലവുമിങ്ങി
നെനവനവരസമിടയിടകൂടെക്കലൎന്നനേത്രവും * മകരകുണ്ഡലംപ്രതി
ബിംബിക്കുന്ന കവിൾത്തടങ്ങളുംമുഖസരോജവും * വിയൎപ്പുതുള്ളികൾ
പൊടിഞ്ഞനാസിക സുമന്ദഹാസവുമധരശോഭയും * തുളസിയുംനല്ല
സരസിജങ്ങളു മിളതായീടിനതളിരുകളുമാ * യിടകലൎന്നടന്നിളകുംമാ
ലകൾ തടയുംപുത്തുമാലകളുംകൌസ്തുഭ * മണിയും ചേരുന്നഗളവുംച
മ്മട്ടി പിടിച്ചൊരുകരതലവുംകുങ്കുമം * മുഴുക്കെപ്പൂശിനതിരുമാറുംമാറും
നിറഞ്ഞമഞ്ഞപ്പൂന്തുകിലുംകാഞ്ചികൾ * പദസരോരുഹയുഗവുമെന്നു
ടെ ഹൃദയംതന്നിലങ്ങിരിക്കുംപോലെയ * മ്മണിരഥംതന്നിലകംകുളുൎക്ക
വേ മണിവൎണ്ണന്തന്നെത്തെളിഞ്ഞുകണ്ടുഞാൻ * വിളയാടീടേണംവിജ
യനുമായി ട്ടിപ്രകാരംതെനിന്നുകുറഞ്ഞൊരുനേരം * തെളിക്കതേയെന്നുപ
റഞ്ഞുകണ്ണനും കളച്ചുവില്ലൊലിവളൎത്തിനാനപ്പോൾ * കുരുവരൻതാ
നുമിളയവർകളും, ഗുരുതനയനുംകൃപരുംഭോജനും * അണഞ്ഞുബാണ
ങ്ങൾപൊഴിഞ്ഞുമാധവൻ തിരുമെയ്തന്മേലുംവിജയൻതന്മേലും *
അരികളെശരനികരമെയ്തുട നരിഞ്ഞരിഞ്ഞിട്ടുനടന്നാനൎജ്ജുനൻ * അ
കമേഭീതിപൂണ്ടകന്നുകൌരവ രകലെക്കണ്ടുഭീമനെവിജയനും * നരക
രിരഥതുരഗപംക്തികൾ നടുവിൽപുക്കുകൊണ്ടനിലനന്ദനൻ * പെരു
മാറുന്നതുമരികുലാന്തകൻ പലരോടുംപൊരുതിടർപെടുന്നതും * പരി
ചൊടുകണ്ടുപുരന്ദരാത്മജൻ പരൻപുരുഷനോടിവണ്ണംചൊല്ലിനാൻ *
തളൎച്ചഭീമനുപെരുതതിൻനേരേ തെളിക്കതേരേതുംമടിക്കരുതിപ്പോൾ

* അതുകേട്ടനേരമതിൻനേരെക്കൂട്ടി മധുരേശൻതാനുംവിജയനുംചൊ
ന്നാൻ * യുധിഷ്ഠിരക്കേതുംവശക്കേടുമില്ല വധിക്കണംരാധതനയനെ
യിപ്പോൾ * അനുഗ്രഹിക്കേണമതിനുഭീമയെ നടിത്താർകൂപ്പിനാനട
ത്തുഫൽഗുനൻ * അനുക്ഷണമവനനുജ്ഞയുംചെയ്താൻ കനക്കെവേഗ
ത്തിൽതിരിച്ചുപാർത്ഥനും * ത്രിഭുവനമൊക്കെനടുങ്ങീടും ശംഖധ്വനി
യുംതേരുകളൊലിയുംവാദ്യവും * അനിലനന്ദനനലറുംനാദവു മനുപ
മമായഗുണനിനാദവും * ത്വരിതമിന്ദ്രനന്ദനനടുത്തപ്പോൾ കുരു
വരസൈന്യംതിരിച്ചുമണ്ടിനാർ * അതുകണ്ടപ്പൊഴേകൃപഭോജാദിക
ളെതിർത്താരോടായ്പിന്നൊരുവരുമിപ്പോൾ * ഒരുതേരാളിയേവിജയനു
ള്ളതെ നരിവരർചുഴന്നണഞ്ഞുപോർചെയ്താർ * ശരങ്ങൾശക്തികളെ
രിഞ്ഞചക്രങ്ങൾ ചൊരിഞ്ഞുതേർത്തടംനിറഞ്ഞുമൂടീതേ * മുറിഞ്ഞിതം
ബുജാക്ഷനുംകിരീടിക്കും കരിഞ്ഞുപാഞ്ചാലാദികൾക്കുകാന്തിയും * ജന
കനെക്കാളുമധികംവേഗത്തി ലനിലനന്ദനനടുത്താനന്നേരം * വളന്ന
നീലമാമലപോലെഭീമൻ വളഞ്ഞവൻപടനടുവെപാഞ്ഞുടൻ * കരിക
ളെയുംവൻകുതിരകളെയും നരവരരഥങ്ങളെയുമൊക്കവെ * ഗദകൊ
ണ്ടുതച്ചുപൊടിച്ചുകൊന്നു കൊന്നുദധിയിലോളമൊഴുകിശോണിതം *
പുരന്ദരവായുതനയന്മാരുടെശരഗദകൾകൊണ്ടുടൽമുറിയാതെ * ഒരു
വരുമില്ലകുരുവരന്മാരിൽ ശരണമായെന്നുപരവശരായി * തരണിനന്ദ
നനരികിലായിതേ ശരങ്ങൾതൂകിനാനവനുമന്നേരം * കരങ്ങളുംകാ
ലുംമുറിഞ്ഞുപാണ്ഡവർ പരന്നുചെന്നുതുമുടങ്ങീതന്നേരം * നടിച്ചുപാ
ഞ്ചാലനരവരന്മാരും അടുത്തുകേകയനൃപതിവീരനും * അതുലവിക്രമ
മുടയസാത്യകി നകുലനുംപിന്നെസ്സഹദേവൻതാനും ദ്രുപദപുത്രിതൻത
നയവീരരുംവിജയൻതാനുമായണഞ്ഞുപോർചെയ്താർ * അതിനവരൊ
ട്ടുപൊരുതുകർണ്ണനുമതു കണ്ടെല്ലാരുംതെളിഞ്ഞുവാഴ്ത്തിനാർ *പവനനും
തീയുമൊരുമിച്ചുപോലെപവനപുത്രനുംവിജയനുംകൂടി * പൊരുതൊടു
ക്കിനാരരികളെയൊക്കെ ഹരഹരഹരശിവശിവായെന്നു പറഞ്ഞുനാ
രദൻതെളിഞ്ഞിതേററവും * പടയ്ക്കുസങ്കടംപെരുത്തതുകണ്ടു കടുക്കനെ
ദുശ്ശാസനനുമെത്തിനാൻ * മദിച്ചൊരാനയോടെതിർത്തസിംഹത്തെ ക
ണക്കെമാരുതികുതിച്ചുപാഞ്ഞുടൻ * കൊതിച്ചിരുന്നിതിങ്ങടുത്തുകാ
ണ്മാൻഞാൻ ചതിക്കൊലായിനിപ്പൊട്ടുക്കനവേന്നി * കരുത്തുകാട്ടുവാ
ൻമനസ്സെടിന്നെൻെറ കരത്തിൻെറഫലംവരുത്തേണമെടോ * ഗിരി
വരോപരിവരിഷിക്കുംപോലെ ശരവരിഷംചെയ്തിരുവരുമൊപ്പം *
പൊരുതപോരുതൻകടുമചൊല്ലുവാ നരുതരുതെതുമനിലനന്ദനൻ *
വിരവിനോടുകൂടടുത്തുചൊല്ലിനാൻ വരികവന്മദംകലർന്നദുർമ്മതേ *
പരിമിഴിയാളാംദ്രുപദപുത്രിതൻ പുരികുഴൽചുററിപ്പിടിച്ചിഴച്ചതും *തെ
രുതെരെത്തുകിലഴിച്ചതുമോരോ പരിഭവംഞങ്ങൾക്കകപ്പെട്ടതും *
മറന്നതില്ലഞാനതിനുനിന്നുടൽ നരസുരാസുരർപലരുംകാണവെ * അ
ടലിടെക്കുത്തിപ്പൊടിപ്പനിപ്പൊഴെന്നിടിവെട്ടും വണ്ണംപൊട്ടുപൊടെയാ
ത്താൻ * കുതിരകളെക്കൊന്നൊടുക്കിസ്സൂതനെ ക്കൊലചെയ്തുതേരുമഴി

ച്ചാൻമാരുതി * ദൃഢപ്രജ്ഞൻദുശ്ശാസനനും കോപമോ ടടുത്തുശക്തി
കൾശരങ്ങൾ ചക്രങ്ങൾ * പൊഴിഞ്ഞുഭീമൻമെയ്മുറിച്ചുതെരുതമഴി
ച്ചു ചാടിയൊന്നിടിപോലെയാർത്താൻ * എടുത്തിരുഗദപുനരിരുവരും
നടിച്ചുതങ്ങളിൽപൊരുതപോർപോലെ * അടുത്തൊരുയുദ്ധംനടിച്ചു
ണ്ടായതി ല്ലടൽക്കളമൊക്കെപ്പൊടിച്ചിരുവരും * അടിച്ചാരന്യോന്യം
തടുത്താർപിന്നെയും കൊട്ടുത്തുകൊള്ളുവാൻപഴുതുനോക്കിയും * കൊട്ടു
ത്തുകൊള്ളാതെകഴിപ്പാൻനോക്കിയും തടുത്തുവാങ്ങിയുമടുത്തുതുങ്ങി
യും * നടിച്ചിരുവരുംപൊരുതതുനേരം പൊടിച്ചിതുദുശ്ശാസനനുടെ
ഗദ * പിടിച്ചാനന്നേരമണഞ്ഞുഭീമനെ ക്കടിച്ചുമുഷ്ടികൾചുരുട്ടിക്ക
ത്തിയും * പൊടിച്ചൊഴുകിനരുധിരംകൈകൊണ്ടു വടിച്ചുവീഴ്ത്തിയും
മിഴിയിലെരച്ചോര * തുടച്ചുംമുഷ്ടികൊണ്ടിടിച്ചും പല്ലുകൾകടിച്ചുമൂടി
യിൽപതിച്ചുമപ്പൊഴേ * പുരണ്ടെഴുനേററുംതിരണ്ടകോപത്താൽഉരുണ്ട
കണ്ണിണപൊടിയാൽമൂടിയും * കഴുത്തിൽകുത്തുമൂത്തിരിക്കുന്നനഖം പ
തിച്ചുംവായ്പ്പൊട്ടുപറിച്ചുമെത്രയും * തിരിച്ചുകമ്പംകെട്ടിയുംചരണങ്ങൾ
ഞെരിച്ചും കൈത്തലംതിരിച്ചുമാകുലാൽ * പറിച്ചുമൂക്കോട്ടതലമുടി
ചോരതെറിച്ചുനാലുദിക്കിലുംചിതറിയും * ഉരത്തൊട്ടുപാഞ്ഞുമുരസ്സുത
ങ്ങളിൽ തരത്തൊട്ടുകരമുറച്ചുമൂഴിയിൽ * ഉറച്ചുനില്ക്കയുംചവിട്ടുകൊ
ണ്ടുപോയ്യെറിച്ചുവീണുപോയുരുണ്ടുമപ്പൊഴേ * ഭയംവരുമാറുകലഹംക
ണ്ടവർ ജയംവരുംദുശ്ശാസനനെന്നുചിലർ * ജയംവരുംവൃകോദരനെന്നു
ചിലർ ഭയംകളഞ്ഞുകാണ്കടവെന്നുചിലർ * ഭയംവരുംകണ്ടാലിനിക്കെ
ന്നുചിലർ ഭയങ്കരമിതുസമരമെന്നെല്ലാം * പറഞ്ഞുതങ്ങളിൽവിവദിക്ക
ുന്നേരം കുറഞ്ഞൊന്നുമാറിക്കളഞ്ഞുമാരുതി * ചുവട്ടിൽമാറിനിന്നടിര
ണ്ടുംവാരിചുവട്ടിലാക്കിമേൽക്കരയേറിക്കര * മമത്തുനന്നായിച്ചുവിട്ടിനി
ന്നുകൊണ്ടമത്ത്യമത്ത്യന്മാർപലരുംകാണവേ * ചളിപ്പുകൈവിട്ടണ്ടെടു
ത്തുകൈവാളാൽ പൊളിച്ചുമാറിടംനഖങ്ങളെക്കൊണ്ടും * പൊട്ടുപൊ
ടപ്പൊളിച്ചുടനുടനുടൻ ചുടുചുടത്തിളച്ചരുവിയാർപോലെ * തുടുതുടവ
ന്നരുധിരപൂരത്തെ കുടുകുടക്കുടിച്ചുലറിച്ചാടിയും * പെരുവെള്ളമ്പോ
ലെവരുന്നശോണിത മൊരുതുള്ളിപോലുംപുറത്തുപോകാതെ * കവി
ണുനന്നായിക്കിടന്നുകൊണ്ടുടൻ കവിൾത്തടംനന്നായ് നിറച്ചിറക്കിയും
* മദിച്ചുമാരുതിചിരിച്ചുചൊല്ലിനാൻ മതിത്തിതുനാവുമുദരവുമെല്ലാം*
കുടർമാലമെല്ലെന്നെടുത്തുകൊണ്ടുടൻ തുടർമാലപോലെകഴുത്തിലിട്ടു
കൊ * ണ്ടടൽക്കളമെല്ലാംപൊടിപെടുംവണ്ണ മുടനുടൻചാടിത്തുടരമേ
ലേതച്ചും *പശുസമർപാണ്ഡുസുതന്മാരെന്നല്ലോ പറഞ്ഞിതുമുന്നംപ
ലരുംകേൾക്കവേ * പരിഹാസത്തൊട്ടുമദിച്ചുകൈകൊട്ടി ച്ചിരിച്ചുകൂ
ത്താടിനടന്നുനിങ്ങളും * പശുസമന്മാർകൌരവരെന്നിക്കാലം പറഞ്ഞു
ഞാൻതാനുമിതകൂത്താടുന്നേൻ * ഇനിയിക്കള്ളന്മാർകുലത്തിൽമൂത്തവ
നിനിക്കൊരുനാളെക്കളിക്കണ്ടായ്വരും * പൊരുതവനെയുമൊടുക്കിരാ
ജ്യവും പൊരുളുംനൽകുവനരചനുതന്നെ * പൊട്ടുക്കനവേയെന്നുരത്ത
മാരുതി നടിച്ചനത്തകിയൊട്ടുകലന്നൊരു * നടപ്രവരനെക്കണക്കെമ

ത്തനായ് നരഹരിഹിരണ്യനെപ്പിളൎന്നൊരു * കുരുതിയുമണിഞ്ഞിരി
പ്പതുപോലെ നടക്കുന്നനേരമടൎക്കളമെല്ലാം* പൊടിച്ചുമാററാരെയൊ
ടുക്കിരവേഗത്തിൽ * കുരുവരസഹോദരന്മാരുംവന്നു പൊരുതാൎമാരുതി
യവരെയുംകൊന്നാൻ * പെരുത്തദുഃഖവുംഭയവുംകൈക്കൊണ്ടു കുരുക്ക
ളൊക്കവേതിരിച്ചുമണ്ടിനാർ * അടുത്തിതുസേനാപതിതനയനാം പടു
ത്വമേറീടുംവൃഷസേനൻവീരൻ * അവനൊടുയുദ്ധംകൊടുതായിച്ചെയ്തു
പവനനന്ദനൻതളൎന്നിതുചെമ്മെ * അകലുംമുന്നെവന്നടുത്താനന്നേരം
നകുലനുംവാളുംപരിചയുമായി * പകലവനുടെമകനുമമ്പിനാൽ ശക
ലിച്ചാൻവാളുംപരിചയുമപ്പോൾ *നകുലനുവന്നപരിഭവംകണ്ടൊ രതു
ലവിക്രമമുടയപാഞ്ചാലൻ * അരികത്തുതന്റെമരുമക്കളെവ രൊരുമി
ച്ചുണ്ടെന്നൊരുറപ്പുതന്നാലെ * വിരവിനോടുകൂടടുത്താനന്നേരം അരി
കൾകൂട്ടത്തിലകപ്പെട്ടാനവ * നറിഞ്ഞുപോയുടൻശരങ്ങളാലെന്ന പര
വശതയോടടുത്തുസാത്യകി * ഇടിയൊടുനേരായ്മുഴങ്ങുംനാദത്തൊ ടി
ടകലൎന്നിതുപടയതുന്നേരം * വൃഷസേനൻകൎണ്ണൻകൃപരുംഭോജനും വൃ
ഷധ്വജൻഗുരുതനയനും മരിക്കണംപക്ഷേജയിക്കണമെന്ന ങ്ങുറച്ചു
നന്നായിശ്രമിച്ചുപോർചെയ്താൻ *നകുലൻപാഞ്ചാലിയുടെതനയന്മാർ
പകലവനുനേരിയന്നപാഞ്ചാലൻ* അനിലനന്ദനനരിയസാത്യകി അ
നുപമനായവിജയൻതാനുമായ്* കലഹിക്കുന്നേരംവൃഷസേനൻവീരൻ
പലഹയങ്ങളെക്കൊലചെയ്തുപിന്നെ* സകലലോകേശവിജയന്മാരുടൽ
ശകലനംചെയ്തുപവനജൻതന്റെരഥവു മെയ്യൊക്കെപ്പൊടിച്ചലറുമ്പോ
ൾ * പൊരുതുനീചെയ്തകരുമനയെല്ലാംപെരികെനന്നെന്നുപറഞ്ഞുപാ
ൎത്ഥനും*ഒരുശരംതെരഞ്ഞെടുത്തുകൊണ്ടുവിരവൊടുതലയറുത്താനന്നേ
രം *അടുത്തുകൎണ്ണനുംവിജയനോടപ്പോ ളെടുത്തുബാണങ്ങൾതൊടുത്തുട
നുടൻ* കൊടുത്താനൎജ്ജുനനിനതനയനും പടുത്വമോടവമുറിച്ചുതല്പരം
* ചൊരിഞ്ഞാനമ്പുകൾമഴപെയ്യുമ്പോലെ നിറഞ്ഞുപോക്ളമിടകല
ൎന്നപ്പോൾ * മറഞ്ഞുദിക്കുകൾതരണിബിംബവും പറഞ്ഞുകണ്ടുനിന്നവ
രംതങ്ങളിൽ * വിജയംകൎണ്ണനുവരുമെന്നുചിലർ വിജയംപാൎത്ഥനു
വരുമെന്നുചിലർ * ശിവനൊടുപറഞ്ഞിതുവിരിഞ്ചനു മിവിടെപ്പാ
ൎത്ഥനുവരുമത്രേജയം * പലരുമിങ്ങനെപറയുംനേരത്തു കലഹവുമതി
ഭയങ്കരമായി * മലകളുംമലകടലുമാശര കുലവുമഞ്ചിടുംപടിഹനുമാ
നും അലറീടുന്നിതുതെരുതെരെയപ്പോൾ ചലിതമോടുടനുറച്ചുകൌര
വർ * കുറഞ്ഞതില്ലപോക്കിരുവരുമേതും പറഞ്ഞുശല്യരോടിനതനയ
നും * പടയോടുകൂടെപ്പൊരുതുഫല്ഗുന നടവിലെന്നെക്കൊന്നൊടു
ക്കീടുന്നാകിൽ * പ്രവൃത്തിശേഷമെന്തതുചൊൽകെന്നപ്പോൾ പ്ര
വൃദ്ധതാപേനപറഞ്ഞുശല്യരും * അതുവരുന്നാകിലനന്തരം യദുപതി
യെയുംധനഞ്ജയനെയുംകൊന്നു * ജയംകുരുകുലവരനുനൽകുവൻ
ഭയംകളകഭാസ്കരതനയനീ * അരുണനന്ദനനതുകേട്ടേററവുമരുണനേ
ത്രമോടണഞ്ഞാനന്നേരം രഘുകുലവരനിശിചരവര രണനിശമ
നമനുഭവിപ്പിപ്പാൻ * വിബുധനായകതനയനന്നേരം വിബുധകളധി

ഭക്തിയോടു ചൊന്നാൻ * ജയ ജഗൽപതേ! ജയ ജനാർദ്ദന! ജയ നാ
രായണ! ജയ മധുരിപോ! * തരണിനന്ദനൻ വധിക്കിലെന്നെ നിന്തി
രുവടിയെന്നു നിനച്ചു പിന്നെ * അരുളിച്ചെയ്യണമടിയനോടതെ
ന്നാരവേറും ജിഷ്ണു പറഞ്ഞതു നേരം * രിപുകുലത്തെ ഞാനടയസ്സംഹരി
ച്ചവനി ധർമ്മജൻ തനിക്കു നൽകുവൻ * അവനുമന്നേരം ചരണതാരിൽ
വീണവനതനായിട്ടണത്തിച്ചീടിനാൻ * ഒരുളുക്കൂടാതെ ഞാനിവ
നെക്കൊല്ലുവാനനുജ്ഞ നിന്തിരുവടിയരുളണം * മുറുകെക്കൂട്ടിനാൻ
മധുരിപു തേരും കുറവുകൂടാതെയടുത്തു കണ്ണനും * മുറിഞ്ഞിതമ്പുകൊ
ണ്ടുടലിരുവർക്കും മുറമുറയായിത്തുടങ്ങിനാരിമാർ * ശരശകലിതകരിതു
രഗങ്ങൾ കരചരണമററുടനുടൻ വീണു * മഴപെയ്യുംപോലെ പൊഴി
ഞ്ഞു ബാണങ്ങൾ പുഴകളെപ്പോലെയൊഴുകി ശോണിതം * ഹര! ഹര!
ഹര! ഹര! ഹരയെന്നും ശിവ! ശിവ! ശിവ! ശിവ! ശിവയെന്നും * അ
രിമയോടു കൂടെടുത്തു ചൊല്ലിയും ‖ അരുവ്യർമേൽനിന്നിറങ്ങിപ്പല്ലിയും *
തെരുതെരെ വീരർ മരിക്കുന്നോരുടെ പെരുവഴിയായിച്ചമഞ്ഞു ഭാസ്കരൻ
* തിരുവടിയടൽ നടുവതു നേരം തെളിഞ്ഞു ബാണങ്ങളെടുത്തു കണ്ണനു
* മെരിഞ്ഞ കോപമോടടുത്ത നേരം പ്രളയകാലത്തു ദിനകരബിംബ
മളവില്ലാതോളമുദിച്ചതുപോലെ * ത്രിഭുവനമെല്ലാം ദഹിപ്പാൻ കല്പാ
ന്ത ദഹനനുജ്ജ്വലിച്ചണയുന്നപോലെ * അടുത്തു നേരമതിനുടെ നേ
രെ പ്രളയകാലാനുഗുണമരുദനു * ഗതഘനാഘനനിഭകളേബര പ്രി
യസഖിയായ ധനഞ്ജയനോടും * ശരമയാസാരം തുടങ്ങിപ്പാവന കര
ന്മാരായിതു ശിവശിവശിവ! * ദിനകരസുതശരകിരണങ്ങൾ ശമനം
ചെയ്യുന്ന സുരപതിസുത * ശരവരിഷങ്ങൾ ദഹിച്ചീടുംവണ്ണ മെരിയു
മസ്ത്രങ്ങൾ പൊഴിഞ്ഞു കണ്ണനും * അരിഞ്ഞരിഞ്ഞവ കളഞ്ഞു ഫൽഗു
നൻ ചൊരിഞ്ഞാനമ്പുകൾ പലതരത്തിലും * രഘുവരനിശിചരവര
രണ സമവിലോകനകുതുകമോടുടൻ * ഇരുവരോടു നേരൊരുവരി
ല്ലെന്നു സുരമുനിജനം പുകഴ്ത്തീടുന്നേരം * കലശസംഭവതനയനാ
ദരാൽ കലിപുരുഷനാകിയ കുരുകുല * പ്പെരുമാളോടു തന്നൊടു പറ
ഞ്ഞിതേത്രയും പെരികെ ലാളിച്ചു വരികരച! നീ * പലഗുണങ്ങളോട
വനിയും വാണു പലകാലം വാഴ്ക നൃപശിഖാമണേ! * മതിമതിരണ
മതിഭയം വരു മതിചതുരതകലന്ന ശൂരന്മാർ * സുരവരദിനകരസുതന്മാ
രോടൊരുവരില്ല നേർ ധനുസ്സെടുത്തതിൽ * പിഴച്ചീലേതുമൊരടവു
കളാക്ക മൊഴിച്ചുപോകയില്ലിവരിരുവരും * നിരക്കേണം പാണ്ഡുത
നയന്മാരോടിന്നൊരിക്കലും വൈരം നിനയ്ക്കരുതിനി * പിണക്കം ന
ല്ലവരോടു നന്നല്ലേതുമിണക്കം വേണ്ടുവതവരോടു ക്രമം * മൊഴിഞ്ഞ
തെല്ലാം മുകുന്ദനെന്നാല തൊഴിഞ്ഞു ചെയ്കയില്ലവരറിഞ്ഞാലും * തു
ണ നാരായണനവർകൾക്കെപ്പോഴും പണിയുമുണ്ടോ പിന്നെ ജ്ജയിച്ചു
കൊള്ളുവാൻ * പടത്തലവന്മാരിരുവരെയും ഞാനടൽക്കളമതിൽ നട്ട
വിഴുപ്പിക്കൊ * ണ്ടേകറവു വൻപകെച്ചു പറഞ്ഞാലുമെന്നാൽ പകച്ചു
പോകാതെയിനിയുള്ള കാലം * അക്കുരുനേരെ തെളിഞ്ഞു ധർമ്മ

ജൻ നിനക്കുരാജ്യവും പകുത്തുതന്നീടും * ഉടപ്പമേറീടുമവരുമായ്നന്നാ
യടുത്തവണ്ണംമേദിനിയുംവാണുനീ * സുഖിച്ചിരിപ്പതിനുദിക്കമാനസം
നശിക്കമല്ലായ്കിലടലിൽനീതാനും * രവിതനയനെവിജയൻകൊല്ലു
മൊരപജയമവനകപ്പെടാതാനും * ഗുരുസുതനിതു പറഞ്ഞതുനേരം
കുരുപതിതാനുമവനൊടുചൊന്നാൻ * അടുത്തതമ്പിതന്നുടെരുധിര
ത്തെ കുടിച്ചതെങ്ങിനെമറന്നീടുന്നുഞാൻ * അവരുമായ്സുഖിച്ചവനി
വാഴ്‌വാ നവകാശംവന്നാലതുപൊറുതിയോ * ഇനിക്കവരെയുമവർ
കൾക്കെന്നെയും മനക്കുരുന്നിൽതെറുതറിഞ്ഞാവും * പലവുമിത്തരം
പറയുന്നനേരം വലരിപുതനയനുമംഗേശനും * പലവിധമസ്ത്രങ്ങളും
പ്രയോഗിച്ചു ഫലംവന്നീലേതുമതിന്നൊരുവക്കും * വിജയൻപാവക
ശരമയച്ചതു വരുണാസ്ത്രംകൊണ്ടുതടുത്തുകർണ്ണനും * എടുത്തുപാർജ്ജ
ന്യമയച്ചുഫൽഗുനൻ തടുത്തുവായവ്യമതിനാലംഗേശൻ * ഝടിതി
പാർവ്വതമയച്ചിതർജ്ജുനൻ തടുത്തുവജ്രാസ്ത്രമതിനാലംഗേശൻ * പ
ലദിവ്യാസ്ത്രങ്ങളിരുവരുമൊപ്പം തുലിതന്മാരായിപ്രയോഗിക്കുന്നേരം *
ദലിതദേഹനായ് ചമഞ്ഞിതുപാർത്ഥൻ ചലിതചിത്തനായിതുമുകുന്ദനും
* കലിതമോദമോടണഞ്ഞുകൗരവർ കിലവിളിച്ചിതുരവിരെയന്നേരം*
അട്ടത്തുപാർത്ഥനോടുരചെയ്തുഭീമ നൊടുക്കിടേണംകർണ്ണനെനിമിഷം
നീ പടയ്ക്കുളക്കമുണ്ടറിഞ്ഞിതോഭവാൻനടുക്കമുൾക്കൊണ്ടുതിരിച്ചുമണ്ടു
കിൽ *ഒരുത്തരുമില്ലപൊറുപ്പിച്ചുകൊൾവാൻ കരുത്തരായുള്ളോർകിഴ
ച്ചിരിക്കുന്നു * ഉരത്തിറക്കുന്നശരത്തിനാലൊക്കെ ത്തരക്കേടുണ്ടെന്നുധ
രിച്ചിരിക്കണം * എനിക്കുമുണ്ടൊട്ടുതളർച്ചയിന്നിപ്പോൾ മനക്കുരുന്നേതു
മിളക്കമെന്നിയെ * വധിക്കകർണ്ണനെയവനിതുകാലം ചതിക്കുംനമ്മെ
യെന്നറിഞ്ഞിരിക്കണം *മുകുന്ദനിന്ദിരാരമണൻഗോവിന്ദ നഖണ്ഡനം
ബുജനയനന്മാധവൻ * അരുളിച്ചെയ്തിതുപവനനന്ദനൻ പറഞ്ഞതു
പോലെപലതരമപ്പോൾ * ചൊരിഞ്ഞിതുശരനികരമർജ്ജുനൻചൊരി
ഞ്ഞിതുഘോരരവിതനയനും * കരിഞ്ഞിതുഭാവംകുരുവരന്മാർക്കും ചരി
ഞ്ഞിതുനിന്നചതുരംഗങ്ങളും * പൊരിഞ്ഞുതീക്കണംതെറിച്ചിടുംവണ്ണം
തെരിഞ്ഞുബാണങ്ങളയച്ചുകർണ്ണനും *കരഞ്ഞുമണ്ടുന്നുകരിവരന്മാരും ചി
രിഞ്ഞുകേഴുന്നുപരന്നകാലാളും* തിരിഞ്ഞുനില്പവരവയവങ്ങളെയരിഞ്ഞ
രിഞ്ഞിട്ടുതുടങ്ങിപാർത്ഥനും * കുറഞ്ഞീലേതുമേരവിസുതൻബാണം മുറി
ഞ്ഞുവീണുവീണടൽക്കളമെല്ലാം * നിറഞ്ഞുശോണമണ്ഡപവുമന്നേരം മറ
ഞ്ഞുദിക്കുകൾതിരിക്കായിലാക്കും*മുറിഞ്ഞുവീഴുന്നരഥങ്ങളുമെല്ലാം ഒരുമു
ഹൂർത്തത്തിനിടയ്ക്കുകർണ്ണനു തെരുതെരെമരിച്ചിതുപടയെല്ലാംമുറിഞ്ഞുവീഴു
ന്നുമദഗജങ്ങളും തിരിഞ്ഞുമണ്ടുന്നുതുരഗപംക്തിയും * ശരങ്ങൾകൊണ്ടു
ടൽമുഴുവൻമൂടുന്നു മുറിഞ്ഞുവീഴുന്നുകൊടിമരങ്ങളും * പടയ്ക്കുനാശംവന്ന
തുകണ്ടുകർണ്ണനടുത്തുനാഗാസ്ത്രമെടുത്തുവേഗത്തിൽ * തൊടുത്തുപാണ്ഡ
വൻമിഴികൾക്കുനേരെപടുതമോടുശല്യരുമുരചെയ്തുപിഴയ്ക്കുമമ്പതങ്ങയ
യ്ക്കൊല്ലുകർണ്ണാ! കഴുത്തിനുനേരെയയയ്ക്കുന്നുശല്യർ *പറഞ്ഞതുകേട്ടുപറ
ഞ്ഞുകർണ്ണനും പറഞ്ഞതുനന്നതറിഞ്ഞുവൈകാതെ * തൊടുത്തബാണം

ഞാനെടുത്തിനിവീണ്ടും തൊടുക്കയില്ലെന്നുധരിച്ചിരിക്കണം * ജ്വലിച്ച
നാഗാസ്ത്രമണയുന്നനേരം ജ്വലിച്ചിതു ചിത്തംസുരജനങ്ങൾക്കും * തിരി
ക്കയില്ലയ്യോശരമിതുകൊണ്ടു മരിക്കുന്നായോനീമമസഹോദരാ * ച
തിക്കൊല്ലാസത്യംപിഴക്കൊല്ലായെന്ന ങ്ങതിപ്രമോദേനപറഞ്ഞുക
ർണ്ണനും * വിധിബലമയ്യോ!ശിവശിവ!യെന്നു വിഷണ്ണന്മാരായിച്ചമ
ഞ്ഞിതേവരും *തെളിഞ്ഞിതാശുസേനനുമതുനേരം വിളങ്ങിതക്ഷകമു
ഖങ്ങളുമെല്ലാം * പലനിലത്തിനുംപലപ്രകാരവും പലനാളുംകാത്തപ
രൻപുരുഷനും *നിനച്ചുകണ്ടുപാണ്ഡവനുടെരഥം നിലത്തൊരൈവി
രലമത്തു താഴ്ത്തിനാൻ * മുടിയോടുകൂടെയരിഞ്ഞുപാണ്ഡവൻ മകുടവും
കൊണ്ടുനടന്നുബാണവും * പുനരിരുവരുംപെരുമഴപോലെ പുനരപി
വേഗാലെടുത്തുബാണങ്ങൾ * പൊഴിഞ്ഞതിനാലെനിറഞ്ഞിതുഴിയും
പൊഴിഞ്ഞൊഴുകുന്നരുധിരവാരിയും * മറഞ്ഞിതുഖരകിരണബിംബ
വും നിറഞ്ഞിരുട്ടായിച്ചമഞ്ഞുലോകവും * അകന്നുകണ്ടുനിന്നവർകളു
മെല്ലാം പകൻഭാവവുംപകലവനപ്പോൾ * വിരവോടർജ്ജുനനൊരുശ
രംകൊണ്ടു വിളങ്ങുംകുണ്ഡലംകളഞ്ഞാനന്നേരം * വിജയനേയുംകേ
ശവനെയുമെയ്തു വിഗതഭീതിയോടടുത്തുകർണ്ണനും * ഝടിതിതേരുരുളവ
നിയിൽത്താണു തടഞ്ഞിളകാതെചമഞ്ഞിതന്നേരം * ഒരുശസ്ത്രാസ്ത്ര
ങ്ങൾവഴിയേതോന്നീല ഗുരുശാപത്തിനാലതുമകപ്പെട്ടു * ജഗതിദാന
ശീലരിൽമുൻപുള്ളവൻ ജനമനോഹരൻവിമലനംഗേശൻ * നിരൂ
പിച്ചുവിധിബലമിതെന്നതും വരുമിപ്പോൾമമമരണമെന്നതും * വള
രെധർമ്മംചെയ്തവർക്കപജയം വരികയില്ലെന്നതൊരുപൊളിയത്രേ * പ
റഞ്ഞിതുപുനരർജ്ജുനനോടവ നറിഞ്ഞതാരറെയറിവുനിന്നോളം * അ
ധർമ്മംചെയ്കയില്ലൊരുനാളുംഭവാ നതുമനസിഞാനറിഞ്ഞിരിക്കുന്നു *
വിരവൊടുതേരിങ്ങുയർത്തിക്കൊൾവോളു മൊരുശരമെയ്യാതിരിക്കണമി
പ്പോൾ * പറഞ്ഞുതേരുരുളെടുപ്പാൻഭാവി ച്ചിട്ടൊരുതരത്തിലുമിളകാ
ഞ്ഞുചക്രം * അരുളിച്ചെയ്തിതുമുകുന്ദനന്നേരം പെരികെനന്നുനീപറ
ഞ്ഞതൊന്നുമേ * തിരിഞ്ഞീലേതുംനീപറഞ്ഞതിന്നിനി പറഞ്ഞിടേ
ണംഞാനറിഞ്ഞിടുംവണ്ണം * ജയതിധർമ്മമെന്നൊരുമൊഴിചൊന്ന തറി
ഞ്ഞുനിന്നൊടുപറഞ്ഞതാരിപ്പോൾ * എവിടെപ്പോയിരുന്നിതുമുന്നംധ
ർമ്മ മെവിടെനിന്നിപ്പോളിവിടേക്കുവന്നു * പലവുരുനിങ്ങൾപലരുമൊ
ന്നിച്ചു പൊരുതുകള്ളച്ചൂതകപ്പെടീച്ചന്നും *നൃപതിതന്നുടെ സഭയിങ്കൽ
നിന്നു ദ്രുപദപുത്രിയെപിടിച്ചിഴച്ചന്നും * പതിവ്രതയാകുമവളുടെതുകി
ലധികംവേഗത്തിൽപ്പിടിച്ചഴിച്ചന്നും * അരക്കില്ലത്തിലിട്ടടച്ചുതീയുംവെ
ച്ചൊരുക്കിസംസ്കാരാദികൾനിങ്ങളന്നും * പവനപുത്രനുവിഷംകൊടു
ത്തന്നു മവനെപ്പാമ്പിനാൽകടിപ്പെടുത്തന്നും * അതികുമാരനാമഭിമ
ന്യുതന്നെ വധിച്ചുകൂടാഞ്ഞുവിഷണ്ണന്മാരായി * ട്ടറുവരൊന്നിച്ചിട്ടറുകു
ലയായോ രറിവുകൂടാതെചതിച്ചുകൊന്നന്നും * പലനാളുംനിങ്ങൾപല
രുമൊന്നിച്ചു പലനാളുംചെയ്തോരധർമ്മകർമ്മങ്ങൾ * ഫലിച്ചിതന്നെ
ങ്ങുജയിക്കുന്നുധർമ്മം ഫലിക്കയില്ലല്ലോസുകർമ്മമെന്നിയെ * ഇനിയെ

ന്തുപാൎത്ഥപുത്രക്കെനില്ക്കുന്ന തിനതനയനെവധിക്കവൈകാതെ * ഇവ
നൊരാണിയെന്നറികന്തുററവൎക്കിവനറിഞ്ഞതത്രേ ചതികളെല്ലാരും * പ്ര
ഗത്ഭതയുള്ളധനഞ്ജയനേവം ജഗൽപതിയുടെവചനംകേട്ടപ്പോൾ *
നിശിതമായൊരുമയിർവാളമ്പെടുത്തു ചിതമെന്നുകാണ്മവൎക്കതോന്നുമാ
* റരുണനന്ദനൻതലയറുത്തുടൻ ധരണിയിലിട്ടാൻഝടിതിഫല്ഗുനൻ
* ജയജയശബ്ദംജഗതിപൂരിച്ചു ജയംവിജയനുലഭിച്ചതുമൂലം * ത
പനമണ്ഡലംഝടിതിഭൂമിയിൽ പതനംചെയ്തുകണക്കെകൎണ്ണൻതൻ *
വദനപങ്കജംപതിച്ചുഭൂമിയിലുയൎന്നുദേഹിയുമൊളിയൊടുകൂടെ *നടന്നു
കൌരവരതിശോകത്തോടും വിവിധമംഗലസ്തുതികൾവാദ്യങ്ങൾ * വി
ബുധഭൂസുരജയനിനാദങ്ങൾ പവനജനലറിനനിനാദവും * ഭുവനവാ
സികൾപുകഴ്ത്തുംനാദവും പുടപുഴങ്ങുമാറിവറെറക്കൊണ്ടുടൻ കടൽപോ
ലെയുള്ളപടയുമായ്പാൎത്ഥൻ * ഉടലിൽസ്വേദശോണിതങ്ങളുമണി ഞ്ഞ
ടൽനിലംതന്നിൽവിളങ്ങീടുന്നേരം * കുസുമവൃഷ്ടിയുംതലയിലേററവു
മധുരിപുവുമായ്നടന്നുമെല്ലവേ * അനുപമനായവിജയൻതാനുമാ യി
നസുതാത്മജൻചരണതാരിണ * തൊഴുതുവീണുടൻനമസ്കരിച്ചിതുതൊ
ഴുതെഴുന്നേററുസപദിധൎമ്മജൻ * അഖിലലോകേശൻമുഖവുംനോക്കി
നാ നനുജന്മാരെയുമണച്ചുപുൽകിനാൻ * തലയിലശ്രുക്കൾപലവുരു
വീഴെ പലവുരുമുകൎന്നിതുനരപതി *പെരികെനന്നല്ലോവിജയൻകൎണ്ണ
നെ പ്പൊരുതുകൊന്നതെന്നരുൾചെയ്തു കൃഷ്ണൻ * ചെറുതുപുഞ്ചിരികല
ൎന്നുധൎമ്മജൻ മുരഹരനൊടുപറഞ്ഞിതീവണ്ണം * അതുപുനരെന്തുവിചി
ത്രമായതു മധുരിപോമലർമകൾമണവാള! * നിഖിലലോകവുമകത്തട
ക്കിയും പുറത്തുകാട്ടിയുമതിനെരക്ഷിച്ചും * പലകാലങ്ങളുംപലപ്രകാര
വും ചിലലീലകളിലെഴുന്നമായയിൽ * മുഴുകിമോഹിച്ചുമരുവുന്നലോ
കംമുഴുവൻനിന്തിരുവടിയല്ലോന്നുനം * അടിയാരാംഞങ്ങൾക്കടയനി
ന്തിരുവടിതുണയായാലരുതാതെയുണ്ടോ * ജഗതിസംപ്രതിചെറുതുകാ
ൎയ്യമെ ന്നണിമിഴികളിലൊഴുകുംനീരൊടും * യുധിഷ്ഠിരൻപറഞ്ഞളവു
ലോകങ്ങൾക്കധിഷ്ഠാനമായമുരരിപുചൊന്നാൻ * ശമദമയമനിയമ
സത്യങ്ങളമിത സൽഗുണമുടയനിന്നുടെ * ഫലവിമുഖമാംവിമലകൎമ്മ
ത്തിൻ ഫലമിതുജയംവരുന്നതിന്നിയും * പലപ്രകാരവുംജയംവരുമെ
ന്നു മധുരമായുടനരുളിച്ചെയ്തൊരു * മധുമഥനനുംവിജയനുംമററു മനി
ലനന്ദനനൃപദന്മാരൊട്ടു മനുപമനായയമതനയനും * തെളിഞ്ഞുകൈ
നിലയകത്തുമേവിനാൻ വിളങ്ങിമററുള്ളസുഹൃജ്ജനങ്ങളും * പലനേ
രംപറഞ്ഞരുതേതുമെന്നു പറഞ്ഞടങ്ങിനാൾകിളിമകൾതാനും *

ഇതി ശ്രീമഹാഭാരതേ കൎണ്ണപൎവ്വം സമാപ്തം.

ശല്യം

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

ശിവ! ശിവ! മനോഹരശീലവതി! സാദരം ജന്മസാഫല്യദം ചെ
ല്ലുകൈവല്യദം * പരമപുരുഷൻ മഹാമായ തൻ വൈഭവം പറകയു
മനാരതം കേൾക്കയും ചെയ്തിലോ * പരമസുഖമെന്തിതിൽപ്പരമമലചേ
തസാം കഥിതപരിശേഷമാകും കഥാസാരവും * കഥയ കഥയാശു നീ
കൌതുകാദ്രേണ മേ ഭവതി യദി കുതുകമിഹ ഝടിതി കഥയാമ്യഹം * ഭാ
നുപുത്രന്മരിച്ചോരവസ്ഥാന്തരേ ശമനജനജാതശത്രുക്ഷമാവല്ലഭൻ *
ചാരുവേഷം മുകുന്ദം ജഗന്മംഗലം സവ്യസാചിപ്രിയം ദിവ്യമവ്യാകുലം
* സർവലോകാധിപം ശർവവന്ദ്യം പരം മഥിതമദവാരണം സുഖിതവര
വാരണം * ജനിമൃതിനിവാരണം ജഗദുദയകാരണം ചരണനതചാര
ണം ചരിതമധുപൂരണം * ദനുജകുലമാരണം സുരസുഖപരായണം പര
നിവഹഭീഷണം പദഗതവിഭീഷണം * മധുരതരഭാഷണം യദുജനന
പോഷണം ജഗദമലഭൂഷണം ജനഹൃദയമോഷണം * നതകല്മഷ
ശോഷണം ശമിതകലിദൂഷണം വിജയരഥഭൂഷണം വിനതജനതോഷ
ണം * വിഹഗപതിവാഹനം മുനിനികരമോഹനം ഗുണജനനസാ
ധനം നരകഭയമോചനം * നളിനദളലോചനം നരകമുരശാസനം
ധൃതദരശരാസനം രമിതപുരശാസനം * നമിതനളിനാസനം ശശധ
രനിഭാനനം ഗുണനികരഭാജനം ശകലിതദശാനനം * സുരരിപു
വിനാശനം മുഷിതഘൃതഭോജനം ഭുവനതരുജീവനം നയനകലിതാഞ്ജ
നം * ഭവമരണഭഞ്ജനം പശുപവരനന്ദനം യുവതിജനമന്ദിരം വിമ
ലമതിസുന്ദരം * മണിലളിതകന്ധരം വിടയുവതിബന്ധുരം മദനമദ
മന്ഥരം വിഗതഭയസിന്ധുരം * പശുപകുലബാലകം ഭുവനതലപാല
കം ചലിതകരകങ്കണം മുദിതസമരാങ്കണം * കണ്ടു കൌതുഹലം പൂ
ണ്ടൊരാനന്ദമുൾക്കൊണ്ടുടൻ കോൾമയിർക്കൊണ്ടു വന്ദിച്ചു നി *
ന്നിണ്ടലും തീർത്തു തൻ കണ്ണുഭാവങ്ങളും ദൂരെ നീക്കി പ്രമോദേന വാഴും
വിധൌ * പാരമുണ്ടായിതേ വാദ്യഘോഷങ്ങളും തദനു കുരു
വീരനാമംബികാപുത്രനോടു ഉദിതഭയമോടു ചൊല്ലീടിനാൻ സഞ്ജയൻ
* നയനയനരഹിത നരപതിതിലക! കേൾക്ക നീ നാശം ഭവി
ച്ചു പടയെല്ലാമറിഞ്ഞാലും * തവ തനയരെതിർ പൊരുതു വിബുധ
പുരിമേവിനാർ താപം കളഞ്ഞിതു പാണ്ഡുസുതന്മാരും * ദ്രുപ
ദനൃപപുത്രനും ദ്രൌപദീപുത്രരും ദ്രോണജൻ വാൾക്കിരയായിതു നിദ്ര
യിൽ * കുരുവൃഷഭനേതു പൊഴുതു മോഹിച്ചു വീണതേ കൂടെത്തട
ഞ്ഞങ്ങെടുത്തു വിദുരരും * ശീതളമായുള്ള വെള്ളം തളിക്കയും ശീ

തോപചാരങ്ങൾമററുംപലതരം * ചെയ്തിതുഗാന്ധാരിയുമായതു
നേരം പെയ്തകണ്ണീരോടുചൊല്ലിനാനിങ്ങനെ * പാർത്ഥനംഗേശനെ
ക്കൊന്നോരനന്തരമാത്തിതീർത്തീടുവാനെന്നുടെപുത്രനു * രപത്തും
തുണയായതാരെന്നുചൊൽകനീ പാർത്ഥിവന്മാരുടെയുദ്ധപ്രകാരവും *
ചൊല്ലുവൻഞാൻവിശേഷങ്ങൾകേൾക്കെങ്കിലോ ചൊല്ലേഴുംമാനിസു
യോധനഭൂപതി * ദുഃഖിച്ചുകൈനിലപുക്കോരനന്തരം മക്കനമംബുധി
തന്നിൽവീണിടിനാൻ * മക്കളെരസ്ഥമെല്ലാക്കുമുണ്ടോക്കനീ നിൽക്ക
തെല്ലാംപറഞ്ഞെന്തിനിക്കാരിയം * പൂക്കിതുശേഷിച്ചവൻപടകാന
നം മുഖ്യനാകുംദുരിയോധനനംചൊന്നാൻ * പേടിയോടോടിനാൻ
കാടകംതെക്കിൽ പേടമാൻകണ്ണിമാർകൂടെനിന്ദിക്കുമേ * പിന്നെനം
കപുമുണ്ടായ്പുരമേതു മന്നവന്മാരുടെധർമ്മമല്ലേതുമേ * ഇത്തരംനല്ലഗംഗി
വാക്യങ്ങളാലത്തൽതീർത്താനതുനേരംകൃപർചൊന്നാൻ * വത്സചാരി
കരികേകരമന്നവ! മത്സരംകൈവെടിഞ്ഞെന്നുടെവാക്കുകൾ * യുദ്ധ
ത്തിലെത്തിമരിച്ചീടുകെന്നുതാൻ ശത്രുക്കളെക്കൊന്നൊടുക്കീടുകെന്നു
താൻ * പക്ഷമീരണ്ടുമൊഴിഞ്ഞതിഹധർമ്മമല്ലിക്ഷിതിപാലകനിശ്ചയ
മെങ്കിലും * ഉണ്ടൊന്നുനല്ലതുചൊല്ലുന്നതിന്നുഞാൻ കണ്ടിതല്ലോപതി
നേഴനാളേരണം * ഗംഗാതനയനുംദ്രോണരുംകണ്ണനു മംഗേശതുല്യ
രാംതമ്പിമാർമക്കളും * ചാൻറചെൻറുള്ളഭൂപാലരുംപോരതിൽ തീന്നി
തല്ലോമുതിരേൻററവരൊക്കവേ *ഇല്ലജയമിനിയെന്നുംനമുക്കതു ചൊല്ലു
വൻതീത്തതിനില്ലൊരുസംശയം * ജീവിച്ചുകൊള്ളുവാനെന്തിനിനല്ല
തെ നാവിർഭവിക്കമനസിഭവാനിനി * ധർമ്മജനോടുസമരായമന്നവ
രിമ്മഹിതന്നിലില്ലെന്നതുനിർണ്ണയം * ചെന്നുനമസ്കരിച്ചഞ്ജലിചെയ്തു
ടൻ നിന്നാലവനുടെകോപംതളർന്നുപോം * പാർത്ഥിവാര്യംതവനൽകുമ
വനുടെ ചേതസിവാച്ചകരുണാബലത്തിനാൽ * കൃഷ്ണൻമുകുന്ദനനന്ത
നനാദിയാം ജിഷ്ണുസഖിക്കുംതിരുവുള്ളമായ്വരും * കേശവൻചൊന്നതേ
ചെയ്യിതുധർമ്മജൻ ദേശികനായഞാൻചൊന്നതുകേൾക്കനീ * കൃപര
ധികകൃപയൊടിതുചൊന്നനേരത്തുടൻ നൃപവരനമുത്തരംചൊല്ലിനാ
നാകുലാൽ * അവരൊടുനിരന്നുവാണീടുവാനേതുമേ ശരതരതതിന്നു
കാലംകഴിഞ്ഞുപോ * പലപിഴകളവർകളൊടുചെയ്തുപോരയനഹം
പറയുതതിനിനിബ്ഭംഗിയല്ലൊട്ടുമേ * പൊരുതരികലത്തെഞാൻ
കൊന്നൊടുക്കീടുവൻ പൂരുവംശത്തിലല്ലോപിറന്നുവയം * വാഹിനീ
നായകൻദ്രോണജൻതാൻമഹാവ്യൂഹവുംകൂട്ടിനിന്നീടുകസത്വരം * എ
ന്നതുകേട്ടുരചെയ്തുഗുരുസുതൻ നിന്നുടെമാതുലനായമാദ്രാധിപൻ * ന
ന്നൊടൊസൈന്യംഭരിച്ചുനിർത്തീടുവാൻ വന്നുകൂടുംജയമെന്നതുനിർണ്ണയം
* തദനുകുരുനൃപതിപതിനെട്ടാംദിവസവും ധർമ്മജനാദികളോടുയുദ്ധ
ത്തിനായ് * നാനാഗുണങ്ങളുംപൂണ്ടൊരുശല്യരെ സേനാപതിയായ
ഭിഷേകവുംചെയ്താൻ * കെട്ടിതുഘോഷങ്ങളുംവിശേഷങ്ങളും കേട്ടാൽ
സഹിക്കരുതാതവാദങ്ങളും*കേശവൻകേവലൻ കേശിനിഷൂദനൻകേ
ളിയേറീടുന്നധർമ്മജൻതന്നോടു * കേട്ടതിരത്തവമരുൾചെയ്തിതല്ലൊഴേ

ഖേദംകളഞ്ഞുഞാൻചൊന്നതുകേൾക്കണം * സകലസുരദിതിജവര
രൊത്തെതിൎത്തീടിലും ശല്യൎക്കുതുല്യരായില്ലമററാരുമേ *യുധിതവതരപാ
ബലംകൊണ്ടുകൊല്ലായ്വരും യുക്തമെന്നാൻനിജഭക്തചിത്താലയൻ *
ജയജയമുകുന്ദ!നീചൊല്ലിയാലൊന്നിനും ചെററുവൈമുഖ്യമിങ്ങില്ലി
നിക്കുമേ * പടയുമിരുഭാഗവുംവന്നുകൂടീതദാ പടഹപണവാദി
വാദ്യങ്ങൾതൻഘോഷവും * കരിതുരഗരഥനരനിനാദഘോഷങ്ങളും
കമലഭവതനയകൃതസങ്കീൎത്തനങ്ങളും * പാണ്ഡവന്മാരുംകുരുകുലസേന
യും പാഞ്ഞങ്ങടുത്തുതുടങ്ങിരണോത്സവം * കുരുപതിസുയോധനൻ
താനുംശകുനിയും ഗുരുതനയനുംകൃപാചാൎയ്യനുംഭോജനും * മാദ്രേശ
നാകിയസേനാധിപൻതാനും മററുംചതുരംഗികളായഭൂപരും * ഒക്കെ
യൊരുമിച്ചുവന്നുനിറഞ്ഞിതു മുഖ്യമാംപാണ്ഡവസൈന്യവുമങ്ങനെ *
കൃഷ്ണൻതിരുവടിതന്നൊടുചേൎന്നൊരു ജിഷ്ണുയുധിഷ്ഠിരൻഭീമൻനകുലനും
* തമ്പിയുംമററുള്ളൊരൈവർകുമാരരും കമ്പമില്ലാതൊരുപാഞ്ചാല
വീരനും * സാത്യകികേകയന്മാരുമൊരുമിച്ചു കൂൎത്തശരനിരതൂകിത്തുട
ങ്ങിനാർ * രണ്ടുപുറത്തുംമരിച്ചുപെരുമ്പട കണ്ടുകൂടാതോളമെന്നേപറ
യാവു * കുണ്ഠതകൈവിട്ടകൎണ്ണാത്മജന്മാരെ കണ്ടനേരംകൊലചെ
യ്താൻനകുലനും * ആൎത്തടുത്താനതുകണ്ടുമാദ്രാധിപൻ കൂൎത്തമൂൎത്തുള്ള
ശരങ്ങൾതൂകീടിനാൻ * പാൎത്ഥിവനാകിയധൎമ്മതനയനു മാൎത്തിവരു
മാറടുത്താനതുനേരം * അസ്ത്രപ്രയോഗങ്ങൾചെയ്താരിരുവരും ശക്തി
യോടേററമടുത്തുപുനരുടൻ * മാതുലനാകിയശല്യർശല്യങ്ങളാ ലാകു
ലപ്പെട്ടിതുധൎമ്മതനയനും * അപ്പോളതുകണ്ടുഭീമൻപടയുമായ്യെല്ലോട
ടിച്ചുപൊടിച്ചിതുതേൎത്തടം * നില്ലെടാനില്ലെടാനീയെന്നുരചെയ്തു
ശല്യർ ഗദയുമായ്പാഞ്ഞിതുഭൂമിയിൽ * തങ്ങളിൽചെയ്തഗദായുധകൌശ
ലമെങ്ങിനെയെന്നുപറയരുതാൎക്കുമേ * തല്ലുകൊണ്ടൂഴിയിൽവീണിതു
ശല്യരും മെല്ലവേതേരിലേററീകൃപാചാൎയ്യനും * പിന്നെയുംധൎമ്മതന
യനുംശല്യരും നന്നായണഞ്ഞുപൊരുതുതുടങ്ങിനാർ * മന്നവൻമാതു
ലൻതന്നുടലൊക്കവേ ഭിന്നമാക്കീടിനാൻനല്ലശരങ്ങളാൽ * കൊന്നു
രഥപാലകന്മാരെയുമുട നുന്നതമായകൊടിയുംമുറിച്ചിതു * തന്നെമറ
ന്നിതുകോപിച്ചുശല്യരും സന്നാഹമുൾക്കൊണ്ടടുത്താനതുനേരം * ശ
ല്യർശരങ്ങളാലാകാശമൂഴിയു മെല്ലാംപരന്നുനിറഞ്ഞതുകാൺകയാൽ *
വില്ലാളിവീരനായുള്ളധൎമ്മാത്മജൻ തുല്യമായെയ്താനനേകനൂറായിരം
* സാത്യകിനാസത്യപുത്രഭീമാദികൾ പേൎത്തുംശരങ്ങൾപൊഴിച്ചാരതു
നേരം * എല്ലാവരോടുമടുത്തുപോർചെയ്തിതു ശല്യരുമേതുമൊരുകുറ
വെന്നിയേ * കണ്ടാനതുകലശോത്ഭവനന്ദനൻ മണ്ടിയണഞ്ഞുബാണ
ങ്ങൾതൂകീടിനാൻ * കൊണ്ടൽനേർവൎണ്ണനുംതാനുമായർജ്ജുനൻകൊ
ണ്ടൽപോലെചെറുഞാണൊലിയിട്ടുടൻ * ഇണ്ടൽകളഞ്ഞെടുത്തെയ്തു
തുടങ്ങിനാൻ കണ്ടവരൊക്കവേവാഴ്ത്തിനാരന്നേരം * കലശഭവശിഷ്യ
നുംകലശഭവപുത്രനും കലിതകരവേഗമൊടുശരനിരകൾതൂകിനാർ *
രണ്ടുപുറത്തുംമുഴുത്തപെരുമ്പട രണ്ടുവിനാഴികകൊണ്ടൊടുങ്ങീതുരലോം *

വൃത്രാരിപുത്രനമസ്ത്രശസ്ത്രങ്ങളാൽ ക്രുദ്ധനാം ദ്രോണജൻതന്നെയെയ്തീടി
നാൻ * പ്രത്യസ്ത്രശസ്ത്രങ്ങൾകൊണ്ടുതടുത്തുടനെത്രയും ഘോരമായ്പു
ന്നിതുയുദ്ധവും * മാദ്രേശനും ധൎമ്മപുത്രാദിവീരരും മാനിച്ചുട്ടത്തുപൊരു
[illegible]ാമത്തുനേരം * ശല്യരുടെശരമേല്ക്കാതെയാരുമേ യില്ലെന്നുമിക്കതും
ചൊല്ലാമത്തുനേരം * തേരെയ്തുനേരേനുറുക്കിനാൻധൎമ്മജൻ പൂരിച്ചിതു
ശല്യദേഹവുമമ്പിനാൽ * പാരംമുറിഞ്ഞിടരേറിനമാതുലൻ പോരിൽ
കുറഞ്ഞൊന്നൊഴിച്ചുനിന്നീടിനാൻ * അന്നേരമാശുപറഞ്ഞുയുധിഷ്ഠി
രൻ നിന്നൊരുതേരാളിവീരരോടൊക്കവെ * പാൎത്ഥൻമുകുന്ദനുമായുട
നെന്നിടർ തീൎത്തുപിരിയാതരികേവസിക്കണം * പാൎശ്വസ്ഥലങ്ങളി
ലാശുപിന്നേയമന്മാരും പാഞ്ചാലസാത്യകിമുൻപായവീരരും * മുമ്പിൽ
നടക്കവൃകോദരൻപോരിനായ് വമ്പോടുശല്യരെക്കൊല്ലുന്നതുണ്ടു
ഞാൻ * വന്നിതുശല്യർസുയോധനനോടു കൂടൊന്നിച്ചരികളെക്കൊ
ന്നൊടുക്കീടുവാൻ * മാരുതിതന്റെകൊടിമരമെയ്തുടൻ നേരേമുറിച്ചുക
ളഞ്ഞാൻസുയോധനൻ * പാഞ്ഞെടുത്തൊന്നടിച്ചീടിനാൻമാരുതി ചാ
ഞ്ഞുനിലത്തുപോയ്വീണുകുരുപതി * തേരിലേററിക്കൊണ്ടുപോയിഗുരു
സുതൻ മാരുതിവൻപടകൊന്നൊടുക്കീടിനാൻ * കോപിച്ചുശല്യരും
കുന്തീതനയനും കൊട്ടമയൊട്ടുപൊരുതളവുകൂടത്തുടനുടൻ * മാരുതി
സാത്യകിപാഞ്ചാലവീരരും മാദ്രീതനയരുംചുററുംവളഞ്ഞുതേ * ശര
നികരശകലിതശരീരനായ്ശല്യരും ശമനസുതനോടുകോപിച്ചടുത്തീ
ടിനാൻ * വില്ലുംകവചവുംതേരുംകളഞ്ഞിതു ശല്യരതുകണ്ടുനില്ക്കുന്ന
മാരുതി * ശല്യർതൻവില്ലുംകവചവും തേരുമങ്ങെല്ലാംമുറിച്ചിതുനല്ല
ശരങ്ങളാൽ * വാളുംപരിചയുംകൈക്കൊണ്ടിതുശല്യർ ബാണങ്ങളെയ്തു
നുറുക്കിനാൻഭീമനും * അപ്പോളൊരുവേലെടുത്തുയുധിഷ്ഠിരൻ കെല്പോ
ടുകോപിച്ചുനോക്കുകയുംചെയ്താൻ * ധൎമ്മജന്മാവിൻതപോബലംകൊ
ണ്ടവൻ തന്നുടെകോപാഗ്നിതന്നിൽമാദ്രാധിപൻ * മുന്നേദഹിച്ചാന
തെങ്കിലും മാധവൻപിന്നെയുംവേലയയ്ക്കെന്നുചൊല്ലിടിനാൻ * ഭോ
ഗീന്ദ്രതുല്യമായ്ചാലേജ്വലിച്ചുടൻ വേഗേനചെന്നൊരുവേൽകൊണ്ടു
ശല്യരും * പുക്കിതുവാനുലകത്തുചെന്നനേരം ചിക്കനെവന്നിതുശല്യ
സഹോദരൻ * പാരാതെപിന്നാലെചെൽകെന്നയച്ചിതു പോരിൽ
യുധിഷ്ഠിരനായമഹാരഥൻ * ഒക്കെമരിക്കണംനാമിനിയെന്നുടൻ തി
ക്കിയടുത്തിതുമാദ്രാധിപൻപട * ഒന്നുമേശേഷിയാതെമരിച്ചീടിനാർ
ഒന്നിനൊന്നൊപ്പംമരിച്ചിതുകാലാളും * പിന്നെമററുള്ളവരോടുനന്നേ
രത്തുപിന്നാലെചെന്നിതുഭീമാദിവീരരും * നിന്നുപൊരുതുമരിച്ചുപ
രഗതി നന്നായ്വരുത്തുവിനെന്നുസുയോധനൻ * എന്നതുകേട്ടുതിരി
ഞ്ഞിതുചാവാറായ് നിരന്നൊരുപത്തായിരംകാലാളെ * ഒന്നൊ
ഴിയാതെയൊടുക്കിനാൻമാരുതി നിന്നൊരുസാല്വനൊരാനക്കഴുത്തേറി
* വന്നാനതുകണ്ടടുത്തിതുപാഞ്ചാലൻ കൊന്നാൻഗദകൊണ്ടടിച്ചുകരീ
ന്ദ്രനെ * കൊന്നിതുസാത്യകിസാല്വനെയുമപ്പോൾ നന്നുനന്നെന്നു
പുകഴ്ത്തിനാരേവരും * ഉരുത്തടുത്താൻകൃതവൎമ്മാവുകോപിച്ചു സാത്യ

കിതാനരമണഞ്ഞാനന്നേരം * ചാപവുംതേരുംകളഞ്ഞാനതുകണ്ടു
താപനവേഗാലടുത്തുകൃപരുടൻ * തേരിലേററിക്കൊണ്ടുപോയിതു
ഭോജനെ ആരുമൊരുത്തർതിരിഞ്ഞീലതുനേരം * അർജ്ജുനിലവിളി
ച്ചാട്ടിയകററുന്ന പാർത്ഥാദിവീരന്മാരോടുസുയോധനൻ * പോരിനാ
യുദ്വേഗേനതേരിലേറിക്കൊണ്ടു ഘോരതരയോടുമടുത്താനതുനേരം * ധീര
തയോടുപൊരുതിതുപാണ്ഡവർ മാരിപോലെശരംതൂകിസുയോധനൻ
* അമ്പുകൊണ്ടുമ്പർനാടയോട്ടുപുക്കിതു വമ്പടസംഭ്രമിച്ചോടീലൊരു
ത്തരും * കുരുവൃഷഭഗുരുജകൃപഭോജാദിവീരരും കോപംമുഴുത്തൊരുപാ
ണ്ഡവന്മാരുമായ് *പൊരുതളവിലിരുപുറവുമവരവരടുത്തുടൻ തെരുതെ
രെമരിച്ചുതേശ്ശൂരരായുള്ളവർ * ഭാരതസേനനശിച്ചിതുമിക്കതുംഭാരവും
തീൎന്നിതുഭൂമിക്കതുനേരം * പാരമാത്ഥ്യമൊരുനാളുമില്ലാത്തവൻ പാര
മടുത്തുശകുനിപടയുമായ് * സകലനൃപകുലനിധനകാരണംകാങ്കനീ
ശകുനിയെവരുന്നതുപോരിനുധീരനായ് * കടുമയൊടുചെല്ലുന്നീയെ
ന്നുധർമ്മാത്മജൻ ഝടിതിസഹദേവനോടോൎത്തുചൊല്ലീടിനാൻ * ശകു
നിയൊടുപൊരുതുസഹദേവനാംവീരനും ശകലിതശരീരനായ്പോ
ഞ്ഞടുത്തീടിനാൻ * മധുമഥനനൊടുവിജയനതുപൊഴുതുചൊല്ലിനാ
ന്മാധവ!ക്കൂട്ടുകെൻതേരടുത്തേററവും * മറുതലകൾനികടഭുവിക്കൂട്ടിനാ
നച്യുതൻ മാരിപോലെശരംതൂകിനാനർജ്ജുനൻ * രണമരണമതിസു
കൃതമെന്നുകല്പിച്ചുനി ന്നവരവർകളെതിർപൊരുതുവിബുധപുരിമേവി
നാർ*സുരയുവതിജനമവരെവിരവൊടുവരിക്കയും വീണാധരൻമുനിന
ന്നായ്ച്ചിരിക്കയും * വിദ്യാധരാദികളൊക്കെസ്തുതിക്കയും ദാഹമുൾ
ക്കൊണ്ടുപാനീയംകുടിക്കയും താപമുൾക്കൊണ്ടുഭക്ഷ്യങ്ങൾഭക്ഷിക്കയും
* പിന്നെയുംപോരിനായ്ചെന്നണഞ്ഞെതിൎക്കയും ബീഭത്സുബാണങ്ങൾ
മെയ്യിൽതറയ്ക്കയും * ദ്രുപദസുതനൊടുകുരുകുലാധിപൻതേരുമായ് ദ്രുത
തരമടുത്തുബാണങ്ങൾതൂകീടിനാൻ* തേരെയുംനേരെനുറുക്കിനാൻപാ
ഞ്ചാലൻദേഹവുമെയ്യുംനുറുക്കിനാനന്നേരം *വേഗമേറീടുംകുതിരയുമേറി
നാൻ ധീരനാകുംദുരിയോധനഭൂപതി * പേടിയോടോടിയൊളിച്ചാന
തുനേരമാടൽപൂണ്ടോർമററുശേഷിച്ചവർകളും * കണ്ടീലരചനെയെങ്ങു
മെന്നാർചിലർമിണ്ടായ്വിനാശ്ശുപൊരുവിനെന്നാർചിലർ*പോയിതുഭോ
ജാദികൾനൃപനെത്തിരഞ്ഞായോധനത്തിന്നുകോപ്പിട്ടുഭീമനും * വലി
യകരികുലവരമെയമ്പോടടുത്തുടൻ തച്ചുപൊടിച്ചുകൊന്നൊക്കെയൊടു
ക്കിനാൻ * പിന്നെയുമൊട്ടുതിരിഞ്ഞുനിന്നാർചിലർ നിന്നവരെക്കൊ
ന്നൊടുക്കിനാൻമാരുതി * പിന്നെയുമോടിനാരൊട്ടുശേഷിച്ചവർ പി
ന്നാലെഭീമനുംപാഞ്ഞടുത്തീടിനാൻ * കുമതികുരുകുലപതിസുയോധ
നൻതാൻമിക്കൂട്ടത്തിലുണ്ടെന്നരുൾചെയ്തുമാധവൻ * അധികസിതതു
രഗയുതരഥമഖിലനായക നാശുഗവേഗത്തിലാശ്ശുനടത്തിനാൻ * അ
പ്പോൾവിശേഷമറിവാനടർക്കളം കെല്പോടുപുക്കൊരുഗാവൽഗണി
യെയും * എത്തിപ്പിടിച്ചിതുസത്യകനന്ദനൻ കുത്തിയമപ്പാൻതുടങ്ങി
വൃകോദരൻ * കൊല്ലാക്കൊലചെയ്തയച്ചാനവനെയും വില്ലാളിയാകി

യവീരൻവിജയനും * ചൊല്ലേറുംമദ്രജാപുത്രനുംഭീമനും വല്ലഭമുള്ളധൃ
ഷ്ടദ്യുമ്നവീരനും * നല്ലഹയങ്ങളെച്ചേവകരോട്ടകൂടല്ലൽ പെട്ടുത്തു
കൊന്നൊക്കെയൊടുക്കിനാർ * ത്രൈഗത്തസൈന്യമോടേസുശർമ്മാവി
നെ വൈകത്തനാലയത്തിന്നയച്ചീടിനാർ * മാദ്രീതനയരുമാത്തശകു
നിയെ ചീർത്തകോപത്തോടുകണ്ടെതിർത്തീടിനാർ * മുമ്പിൽവരുന്നവി
ലൂകനെയുംകൊന്നു വമ്പടകൊന്നൊടുക്കീടിനാർമൂവരും * ഓടിശകു
നിസഹദേവനന്നേരം കൂടെത്തുടന്നെയ്തറുത്താനവൻതല * വന്നി
ത്തുപിന്നെയുമുള്ളവർചാവതി ന്നൊന്നൊഴിയാതെയൊടുക്കിനാർപാ
ണ്ഡവർ * ദുഃഖിച്ചുമുന്നംവിദുരർപറഞ്ഞതു മൊക്കെനിനച്ചുനിനച്ചു
സുയോധനൻ * പാരംമുറിഞ്ഞിടരോടുംവശംകെട്ട ചോരയുമൊട്ടുവടി
ച്ചുകളഞ്ഞുടൻ * ആരുമൊരുത്തർസഹായവുംകൂടാതെ പോരുമിനിമമ
പോരുമെന്നോർത്തവൻ * കാൽനടേതന്റെഗദയുമെടുത്തു കൊണ്ടാന
നംകുമ്പിട്ടുവിഴ്ത്തുവശംകെട്ടു * പേടിച്ചുപേടിച്ചുനോക്കിനോക്കിത്തു
ഖോം ദുഃഖിച്ചുദുഃഖിച്ചുനാണിച്ചുനാണിച്ചു * ദുഷ്കർമ്മശക്തികൾചിന്തി
ച്ചുചിന്തിച്ചുകേണുകേണന്തരാവീണുവീണൂഴിയിൽ * പ്രാണഭയത്തൊടു
പാഞ്ഞുപാഞ്ഞെത്രയും ദീനനായ്മാനിയായോരുസുയോധനൻ പോകു
ന്നനേരത്തുകണ്ടൊരുസഞ്ജയൻ ഭോഗിധ്വജനോടുകേണുചൊല്ലീടിനാ
ൻ * ഒക്കെയൊടുങ്ങിപടയുമരചരും മക്കളുംതമ്പിമാരുംമരുമക്കളും * ഗു
രുതനയനുംകൃപാചാര്യനുംഭോജനും കൂറുള്ളതിൽനമുക്കുണ്ടുശേഷിച്ചി
ന്നി * പാണ്ഡവന്മാർതെളിഞ്ഞാർത്തുകളിക്കയും താണ്ഡവംചെയ്കയുമ
ട്ടഹസിക്കയും * കണ്ടുഞാൻനില്ക്കുന്നനേരത്തുമാരുതി മണ്ടിവന്നാശു
പിടിച്ചിതുകൊല്ലുവാൻ * നല്ലപരാശരനന്ദനാനുഗ്രഹാൽ കൊല്ലാ
തയച്ചാരവർകളുമെന്നെയും *ദ്വൈപായനമുനിതൻനിയോഗംകൊണ്ടു
ദിവ്യവിലോചനമെങ്കലുണ്ടാകയാൽ * ജീവവിനാശമിനിക്കുവരാഞ്ഞ
തു ദൈവവിലാസങ്ങളെന്തുചൊല്ലാവതും * പേടിയോടോടിനിരായു
ധനായഞാൻ പാട്ടുപെട്ടേൻപറയാവതെന്തീശ്വരാ! * കർമ്മദോഷ
ങ്ങളിതെന്നുപറഞ്ഞുടൻ കണ്ണുനീർതൂകുന്നസഞ്ജയനോടവൻ * ചൊന്നാ
ൻസഗദ്ഗദംവേഗാലൊഴുകുന്ന കണ്ണുനീർതാനേതുടച്ചുതുടച്ചുഹോമ
ക്കളിൽഞാൻമരിച്ചീലെന്നുചൊല്ലുക ദുഃഖിച്ചിരിക്കുംപിതാവിനോടാശു
നീ * പോയാലുമെന്നവൻതന്നെയയച്ചവൻ പോയിതുകൃഷ്ണഹ്രദേമുഴു
കീടുവാൻ * പോയിതുഭോജാദികൾനൃപനെത്തിരഞ്ഞായോധനത്തി
ന്നുപോരികെന്നാരവർ * പോരുംവിഷാദംകലർന്നുതുഭൂപതേ! പോരാ
യ്മയില്ലതിനോക്കിൽനാമാക്കമേ * അല്ലായ്കിൽഞങ്ങൾപൊരുതുമരി
ക്കുമി ന്നില്ലൊരുസംശയമെന്നറിഞ്ഞീടുനീ*വെള്ളത്തിലൊട്ടുനേരംകിട
ന്നാൽമുറി ഞ്ഞുള്ളൊരുതാപവുമൊട്ടുപോംപിന്നെനാം * ചെന്നുയുദ്ധം
ചെയ്തുവൈരികുലത്തെയും കൊന്നൊടുക്കാമതിനില്ലൊരുസംശയം *
ഖേദവുമൊക്കെക്കളഞ്ഞിനിനിങ്ങൾപോയ് സാദവുംമോഹവുംതീർത്തു
വാണീടുവിൻ * ഏവംപറഞ്ഞവർതമ്മെയയച്ചുപോയ് ദ്വൈപായന
ഹ്രദംതന്നിൽമുഴുകിനാൻ * ഭീമസേനന്നുമാംസംകൊടുത്തീടുന്നഭീമപ

രാക്രമമുള്ളൊരുകാട്ടാളൻ * അനന്തനായാടിനില്ക്കുമതിൻകരെ അന്നു
മവിടെയകപ്പെട്ടിതന്നേരം * കണ്ടാനൊളിച്ചനൃപൻമുഴുകുന്നതും കണ്ടി
വന്നിങ്ങറിയിച്ചാനവസ്ഥകൾ * കാട്ടാളനാൽധൃതരാഷ്ട്രജോദന്തവും
കേട്ടുസമ്മാനിച്ചവനെയയച്ചഥ * മാരുതിചൊന്നാൻമഹീപതിതന്നൊ
ട്ടും വീരന്മാരാകുമവരജന്മാരൊട്ടും * കേശവനോട്ടണഞ്ഞിച്ചിതുധർമ്മ
ജൻ കേശിമഥനനുമപ്പോളരുൾചെയ്തു * പോകനാമെങ്കിലവിടെക്കു
വൈകാതെ ചാകിലുംകൊൽകിലുംനന്നിനിനിർണ്ണയം * വേഗേനപാ
ണ്ഡവന്മാരുംമുകുന്ദനും വീരപുരുഷനാകുന്നപാഞ്ചാലനും * ദൈ
വാൻകൂല്യമിയന്നപടയുമായ് ദ്വൈപായനഹ്രദംപുക്കാരവർകളും *
തീരദേശെചെന്നുനിന്നോരനന്തരം ധീരനാംനാരായണനാജ്ഞയാസ
ത്വരം * ബുദ്ധിമാനാകിയധർമ്മതനയനും യുദ്ധത്തിനായിവിളി
ച്ചുരുളീടിനാൻ * മജ്ജനംചെയ്തുകുരുകുലമന്നവൻ ദുർജ്ജനാഗ്രേസ
രൻദുർജ്ജയവിക്രമൻ * സജ്ജലന്താലയൻസജ്ജരാത്മാഖലൻനിശ്ച
ലഭാവമോടേകിടന്നീടിനാൻ * നിർജ്ജരേന്ദ്രാത്മജപൂർവ്വജൻധർമ്മജൻ
സജ്ജനാഗ്രേസരൻവിജ്വരാത്മാനൃപൻ * അച്യുതാംഘ്രിസ്ഥിതാന്തഃക
രണോത്തമ നച്യുതനോട്ടണഞ്ഞിച്ചിതുസാകുലം * പോരിൽമരിക്കു
ന്നതിന്നുഭയപ്പെട്ടു നീരിലൊളിച്ചുകിടക്കുന്നമന്നവൻ * പാരിൽനി
കന്നുവരികില്ലല്ലോനമു ക്കാരാലെതിർത്തുപൊരുതുകൂടും ഹരേ! * സൽ
ഗ്ഗുണനായയുധിഷ്ഠിരനോടഥ നിർഗ്ഗുണനായഭഗവാനരുൾചെയ്തു * വൃ
ത്രനെക്കൊന്നിതുവൃത്രാരിമായയാ നക്തഞ്ചരേന്ദ്രനെക്കൊന്നിതുരാഘ
വൻ * ശത്രുക്കളെയൊരുജാതിഞാനുംകൊന്നു ശത്രുസംഹാരത്തിനെ
ങ്ങനെയെന്നില്ല * വല്ലകണക്കിലുംവൈരികളാരെയാരെ കൊല്ലുക
നന്നതുഭൂപതിമാർക്കെടോ! * ക്ഷേപിച്ചുചൊന്നാലഭിമാനമുള്ളവർ
കോപിച്ചുചാടുമതിനില്ലസംശയം * നിന്ദാവചനംപറകനീയെന്നു
ഗോവിന്ദൻപറഞ്ഞതുകേട്ടോരുധർമ്മജൻ * ചൊന്നാൻസുയോധ
നൻതന്നെനിർഭത്സിച്ചു മന്നരിൽനാണമില്ലാതനരാധമാ! * മൂഢരിൽ
മുമ്പനായ്വംശമൊട്ടുക്കവാ നൂഢമോദേനപിറന്നകുലാധമ! * ഭീമനെ
ക്കെട്ടിവെള്ളത്തിലിട്ടോരുനിൻ ഭീമകർമ്മത്തിൻഫലമത്ഭുതമോ! *
നീയല്ലയോകടിപ്പിച്ചതുപാമ്പിനാൽ നീയല്ലയോവിഷംച്ചോറശിപ്പി
ച്ചതും * നീയല്ലയോകള്ളച്ചൂതുപൊരുതതും നീയല്ലയോപിടിച്ചിഴ
ത്തുകൃഷ്ണയെ * നീയല്ലയോവിപിനത്തിന്നയച്ചതും നീയല്ലയോഭഗവാ
നെനിന്ദിച്ചതും * നീയല്ലയോകുമാരംവധിപ്പിച്ചതും നീയല്ലയോ
ഗുരുതനെവഞ്ചിച്ചതും * നീയല്ലയോചതിച്ചിത്തരംകർമ്മങ്ങൾ നീ
ചരോടൊന്നിച്ചുചെയ്തതുചൊല്ലുക * ദുശ്ശാസനനെന്നതമ്പിയെങ്ങു
തവ? വിശ്വാസമുള്ളശകുനിയെങ്ങുസഖേ! * കർണ്ണനായുള്ളചങ്ങാ
തിയെങ്ങുതവ ദുർന്നയക്കാതലായുണ്ടായനിന്നുടെ * ബന്ധുക്കളുംപട
യുംപുനരെങ്ങുപോ യന്നമില്ലാതഭിമാനമിപ്പോളെങ്ങു? * ഭൈരവമാ
യുള്ളവാക്കുംപദവിയും പൌരുഷപ്രൌഢിയുംഗംഭീരഭാവവും * സർവ്വ
നിന്ദാകടാക്ഷാവലോകങ്ങളും ദുർവ്വാരഗർവ്വുംദുർവ്വീര്യകർമ്മവും * ഇപ്പോ

ളെവിടെനിവച്ചിരിക്കുന്നിതു ദുഷ്പ്രഭാവംപൂണ്ടദുൎയ്യോധനപ്രഭോ! *
നാണമുണ്ടെങ്കിൽപുറത്തുപുറപ്പെട്ടുവാണീടവനിയെഞങ്ങളെക്കൊന്നുനീ
*നന്നായ്പൊരുതുമതിച്ചുകൊള്ളല്ലായ്കിൽ മന്നവന്മാൎക്കുചിതമിതുമണ്ടു
മേ * ഇങ്ങനെപേടിച്ചൊളിച്ചുകിടക്കിലോ ഞങ്ങൾക്കുകൂടെനാണ
ക്കേടകപ്പെട്ടു * പൂരുവംശത്തിലല്ലോപിറന്നുഭവാൻ പോരിലൊളി
ക്കമാറില്ലവരാരുമേ * ധൎമ്മജവാക്കുകളിത്തരംകേൾക്കയാൽ മൎമ്മങ്ങൾ
തോറുംമുറിഞ്ഞുസുയോധനൻ * കേട്ടാൽപൊറുക്കരുതാതൊരുവാക്കു
കൾ കേട്ടടങ്ങീടുകയില്ലെന്നുകല്പിച്ചു * ചൊല്ലിനാനുത്തരമല്ലലോടും
തദാ നല്ലയുധിഷ്ഠിരൻതന്നോടതുനേരം * നയവിനയമുഖസകലഗു
ണമുടയഭൂപതേ! നന്നുനന്നിത്ഥംപറഞ്ഞതിനിമതി * മരണഭയമകത
ളിരിലുണ്ടതില്ലെന്നുമി ല്ലതുകരുതിയല്ലവെള്ളത്തിൽകിടന്നുഞാൻ * പര
രംമുറിഞ്ഞുള്ള വേദനതീരുവാൻ നീരിൽമുഴുകിക്കിടന്നിതുഞാനെടോ!
* തുരഗരഥകവചശരചാപങ്ങളാദിയാം സുഭടസമരാംഗമില്ലൊന്നുമെ
ന്നാകിലും * വിരവൊടെഴുന്നേറ്റുഞാൻനിങ്ങളെക്കൊല്ലുവാൻ വേണ
മെന്മാനമില്ലെന്നുമുണ്ടുള്ളിൽമേ * സുഹൃദനുജസുതഗുരുപിതാമഹന്മാ
രുമെൻ തുല്യമില്ലാതപടയുംമുടിഞ്ഞിതു* ശേഷിച്ചുനിങ്ങളെയുംകൊല
ചെയ്തിനി ശ്ലേഷിച്ചുഞാനൊരുത്തൻവസിച്ചീടിനാൽ * ഒരുസുഖവു
മില്ലതെല്ലാംനിരൂപിച്ചുഞാ നൊന്നുണ്ടുചൊല്ലുന്നതിപ്പോൾധരാപതേ
* കാനനന്തന്നിലിരുന്നുതപസ്സുചെയ്താനന്ദമോടുപരഗതിതേടുവൻ *
രാജ്യവുംവാണിരുന്നീടുകധൎമ്മജൻ പൂജ്യനായെന്നൊരുഹാനിനാമുക്ക
തിൽ * എന്നിവകേട്ടൊരുമന്നവൻധൎമ്മജൻ ചൊന്നാൻധൃതരാഷ്ട്ര
പുത്രനോടുത്തരം * എന്നുടെരാജ്യത്തെനിന്നോടിരന്നു കൊണ്ടിന്നുഞാൻ
മന്നവനായിവാഴേണമോ? * പിന്നെനിനക്കുള്ളതെങ്കിലേകേവലം
തന്നുകൂട്ടുനിനക്കെന്നുമറികനീ * ജലമതിലൊളിച്ചുകൊണ്ടിത്തരംവാ
ക്കുകൾ ജളമതിൽവിരുതുള്ളനീചൊന്നതെല്ലാംമതി * വരികരണഭുവി
വിരവിൽഞങ്ങളെക്കൊന്നുനീ വാഴ്കതല്ലായ്കിലോവാനിൽവാണീടുക
* യമതനയനൊടുകുരുകുലാധിപൻ ചൊല്ലിനാനേകാകിയായിതുഞാ
നെങ്കിലുമിനി * നിങ്ങളൊരുത്തനോടുമതിയായുരു മിണ്ടുരഥാദികളി
ല്ലിനിക്കാകയാൽ * ദ്വന്ദ്വയുദ്ധത്തിൽചതിക്കയില്ലെങ്കിലോ വന്നു
പൊരുതൊടുക്കീടുവൻനിങ്ങളെ * മറ്റുപലരുമൊരുത്തനെന്നാകിലോ
ചെറ്റുനിരൂപിച്ചുവേണമെനിക്കിനി * എന്നതുകേട്ടുപറഞ്ഞിതുധൎമ്മ
ജൻ നിന്നോടൊരുത്തനേഞങ്ങളെതിൎക്കുന്നു * നാണമുണ്ടെങ്കിൽ പൊ
രുവാൻവരികനീ യാണെങ്കിൽമറെറന്തിനിത്തരംചൊല്ലുന്നു * കുമതി
കുരുകുലപതികടഞ്ഞുപൊങ്ങീടിനാൻ കോപ്പുകണ്ടേറ്റംചിരിച്ചിതെ
ല്ലാവരും * പൊരുവതിനവരുവിനൊരുവന്മഹാവീരരേ പൊയ്പുറ
ഞ്ഞെന്നെച്ചതിയായ്കയുംവേണം * എന്നുസുയോധനൻചൊന്നതുകേ
ട്ടപ്പോൾ നിന്നമുകുന്ദൻതിരുവടിയുംചൊന്നാൻ * ഞങ്ങളിലാരെന്നു
ചോദിച്ചുകൊള്ളായ്ക നിങ്ങൾക്കൊരുത്തൎക്കുമാമല്ലവരോടു *പരക്ഷേ

പ്പവനതനയനസംശയ മിക്കരുവീരംനെളതല്ലനിണ്ണയം * ശിക്ഷകൊ
ണ്ടേററമധികൻകുരുപതി മുഖ്യതശക്തികൊണ്ടാകിലാംഭീമനും *തങ്ങ
ളിൽതന്നെപോരുതെന്നർതവന്നു നിങ്ങളുടങ്ങുവിനെന്നുമുരരിപു * ചൊ
ന്നതുകേട്ടുഞാൻകൊല്ലുന്നതുണ്ടെന്നു സന്നദ്ധനായിമുതിന്നാൻവൃകോദ
രൻ * കുററമൊഴിഞ്ഞുപോർകാണ്മാനതുനേരം ചുററുമിരുന്നിതുമററു
ള്ളവർകളും * മുന്നംപടയ്ക്കുകോപ്പിട്ടതറിഞ്ഞു താനൊന്നിനുംകൂട്ടുന്നത
ല്ലെന്നുകല്പിച്ചു * തീത്ഥമാടീട്ടുവാൻപോയമുസലിയും ക്ഷേത്രങ്ങളുംപ
ലതീത്ഥങ്ങളുംകണ്ടു * പേത്തുംപ്രഭാസംപ്രവേശിച്ചിതന്നേരം ധാത്രീഭ
രഹരൻതന്നുടെമായയാ * നാരദൻതാനുമവിടെയെഴുന്നള്ളി ഭാരത
വൃത്താന്തമൊക്കെയറിയിച്ചാൻ * ഇപ്പോൾസുയോധനനാംതവശി
ഷ്യനും കെല്പുള്ളഭീമനുംതങ്ങളിലുള്ളപോർ * ഞാനതുകാണ്മതിന്നായി
താപ്പോകുന്നു കാണേണ്ടുവോന്നതുപോരികവൈകാതെ * തേരിലേ
റീടിനാനപ്പോൾമുസലിയും നാരദൻതന്നോടുകൂടവേസത്വരം * തെ
റെറന്നുപോക്കളംപുക്കാരനന്തരം മററുള്ളവർകൾവിഷണ്ണരായീടിനാർ
* ഉത്ഥാനവന്ദനാദ്യാചാരവുംചെയ്തു ചിന്താകുലതയാനിന്നിതെല്ലാവ
രും * സന്തോഷമുൾക്കൊണ്ടുചെന്താമരാക്ഷനും ചെന്താരടിയിണകു
മ്പിട്ടുകൂപ്പിനാൻ *ഭക്ത്യാനമസ്കാരവുംചെയ്തുവന്ദിച്ചു ചിത്തന്തെളിഞ്ഞു
സുയോധനനുംനിന്നാൻ * പോക്കസമസ്തതിതന്നുടെനൽകഥ പോ
കസമസ്തപാപാപഹമത്രെവ * പുണ്യദേശംമരിച്ചാൽഗതിനിണ്ണയ
മെന്നുകേട്ടോക്കനെടുനിതുമന്നരും * ഞങ്ങളിലുള്ളപോർകാണ്മതിന്നാ
യ്യൊണ്ടു നിങ്ങളെല്ലാരുമിരിക്കപരക്കവേ * എന്നുസുയോധനൻചൊ
ന്നതുകേട്ടപ്പോൾ മന്നവന്മാരുമിരുന്നുബലരാമായ * ചെന്നുചാടിത്തൊ
റിരുന്നുസുയോധന നൊന്നങ്ങലറിപ്പുറഞ്ഞിതുഭീമനും * നല്ലൊരരക്കി
ല്ലവുംപണിതീത്തതിലെല്ലാവരുമിരിക്കെന്നുസമ്മാനിച്ചു * ചൊല്ലിയ
തെല്ലാംപരമാത്ഥമെന്നോത്തു കല്യാണപൂർകൊണ്ടുമുന്നമിരുന്നനാൾ *
അമ്മയുംബാലകന്മാരായഞങ്ങളും നിമ്മയ്യാദങ്ങളെത്തുമറിയാതെ *
വിശ്വാസമുൾക്കൊണ്ടുറങ്ങുന്നനേരത്തു വച്ചാൻപുരത്തിനടച്ചുതീചു
ററുമേ * കള്ളച്ചൂതിട്ടുചതിച്ചു നാട്ടുംവീട്ടു മുള്ളധനങ്ങളുമൊക്കെപ്പറി
ച്ചതും * അന്യായമത്സപലയായംപഞ്ചാലിയെ ചെന്നുപിടിച്ചിഴച്ചെല്ലാ
വരുംകാൺകെ * ഉടയാട ചീന്തിക്കളഞ്ഞുകൂട്ടുന്നതില്ലന്നോ മറക്കുന്നത
ന്നുഞാൻകണ്ടവ * എല്ലാമറിഞ്ഞിരിക്കുന്നിതുദൈവ മിന്നെല്ലാമതി
ന്നൊത്തവണ്ണംതരുക * ഇത്ഥംപറകയുമട്ടഹസിക്കയും മദ്ധ്യേ
മിഴികളിതാമ്രാരംപൊഴിക്കയും * കോപംമുഴുക്കയുംദേഹംവിറയ്ക്കയും
പല്ലുകടിക്കയുംകണ്ണുചുവക്കയും * കണ്ടനവർകൾക്കുപേടിയാകുംവ
ണ്ണം മാറിച്ചമരമിവിറിലുകനേരത്തു * സാക്ഷാൽനരസിംഹമൂത്തി
കോപത്തോടപ്പോൾ ഹിരണ്യകശിപുവിനെക്കണ്ടു * ശീഘ്രമടുക്കു
ന്നതെന്നപോലെ ബലാലാക്രമിക്കാമല്ലിവനെയെന്നാർജ്ജുനം * നിർ
ഹ്രാദവുംകേട്ടുനില്ക്കുന്നദുഷ്ടൻ പ്രഹ്ലാദഭാവംകലന്നാനതുനേരം *
പോരുംപറഞ്ഞതുവീരശിഖാമണേ! പാരംമദമുള്ളതിന്നടക്കീടുവൻ *

പോരിൽഞാനെന്നുസുയോധനൻചൊന്നപ്പോൾ നേരെഗദകൊണ്ടടി
ച്ചാൻവൃകോദരൻ * തല്ലുതട്ടിക്കളഞ്ഞൊന്നുതച്ചീടിനാൻചൊല്ലേഴും
കൗരവൻവായുതനയനെ * നില്പതിടാനില്ലനില്ലെന്നുതല്ലുതട്ടാത
ല്ലൽകാണുന്നവർക്കുള്ളിൽവായ്ക്കുമ്പടി * തച്ചിതുഭീമൻതിരിച്ചിതുകൈ
ത്തല മുച്ചുറ്റിലൊച്ചപൊങ്ങീനിലമേല്ക്കയാൽ * അച്യുതൻകൂടെ
ച്ചിരിച്ചാനതുനേരം മച്ചിരിച്ചുണ്ടാനനിലതനയനും * ചലനപതനോ
ത്ഥാപനഭ്രമണങ്ങളിൽ ചതുരതകലർന്നശ്രമന്മാരിരുവരും * തുംഗങ്ങ
ളായുള്ളശൈലങ്ങളിൽനിന്നു ചെങ്കല്ലലിഞ്ഞൊഴുകീടുന്നതുപോലെ *
ആപാദചൂഡമണിഞ്ഞിതുചോരയും കോപാതിരേകാലലറുന്നനാദവും
അന്യോന്യഭീതിയുണ്ടാകുന്നവേഷവും കൊന്നാലുമുള്ളിലടങ്ങാത്തരോഷ
വും *മുന്നമേചെയ്തവിരോധത്തിൻദ്വേഷവും ബ്രഹ്മാണ്ഡമെല്ലാംകുലുങ്ങു
ന്നഘോഷവും * യുദ്ധകൗശല്യങ്ങൾകണ്ടസന്തോഷവും ബദ്ധാദരേ
നവക്ത്രാബ്ജസംശോഷവും * ചിത്തേകലർന്നവരൊപ്പംപൊരുന്നേ
രംചിത്രംവിചിത്രംവിചിത്രമെന്നുജനം * ഇല്ലെന്നുമേപഴുതൊന്നുത
ച്ചീടുവാനെന്നുള്ളാളമെന്നതുകണ്ടുവൃകോദരൻ * തന്നുള്ളിലുള്ളോര
ഹംഭാവവുംവച്ചു ധന്യൻകൃഷ്ണനിലായിതുചിത്തവും * മാരുതപുത്ര
ന്റെഭാവംക്ഷയിക്കയും കൗരവവീരന്റെശൌര്യംപെരുക്കയും * കണ്ടു
കണ്ടിണ്ടൽമുഴുത്തൊരുഫൽഗുനൻ കൊണ്ടൽനേർവർണ്ണനോടാശുചൊ
ല്ലീടിനാൻ *എന്റെഭഗവാനേദീനദയാനിധേ! നിന്റെതിരുമനസ്സെ
ന്തോന്നുദൈവമേ! * നോക്കുകമാരുതിക്കാക്കംകുറഞ്ഞിതു പോക്കുസു
യോധനനില്ലൊരുചഞ്ചലം * എന്നതുകേട്ടരുൾചെയ്തുമുകുന്ദനും ന
ന്നുസുയോധനൻശിക്ഷകൊണ്ടേറവും * നിന്നോടൊരുത്തനേപോർ
ചെയ്യിതെന്നതു മുന്നമേധർമ്മജൻചൊന്നതുകാരണം * വന്നിതുചാ
പല്യമിപ്പോൾനമുക്കെല്ലാം കൊന്നുകൊൾവാനൊരുപായവുംകണ്ടില
* നേരേപൊരുതുജയിച്ചുകൂടായെന്നും വീരനാമയ്യൊരുധൃതരാഷ്ട്രപുത്ര
നെ * ശത്രുക്കൾമിക്കതുമൊക്കെമുടിഞ്ഞിതു ചന്തിലൊരുവനവരിൽ
വച്ചെന്നാകിൽ * വല്ലപ്രകാരവുംകൊൽകെന്നതേവരൂ വല്ലായ്മയല്ലാ
യ്കിൽനല്ലതല്ലെന്നതോർമ്മ * കാലാന്തരംകൊണ്ടുദുർബ്ബലനാകിലും മൂലവി
നാശമവൻവരുത്തീടുമേ * വ്യാജേനകൊല്ലുമരികളെനിർണ്ണയം രാജ
നയങ്ങൾനിരൂപിച്ചുകാണ്കിലോ * ഊരുതന്മേലടിച്ചാൽമരിച്ചീടുമീ
വീരനതിന്നൊരുശാപവുമുണ്ടെടോ * വീരഗദായുദ്ധമാകിലൊരുത്തരോ
ടാരുമരയ്ക്കുകീഴ്ത്തല്ലുമാറില്ലല്ലോ * പോരാപുനരതുധർമ്മത്തിനേതുമേ
പോരിൽചതിക്കരുതെന്നല്ലോചൊല്ലുന്നു * എന്നാലുമിന്നതുചെയ്കെ
ന്നേവരൂ കൊന്നീടുവാനുപായമില്ലായ്കിലെന്നുമേ * രമളംകലർന്നു
ടമേൽതുടനേരം താളംപിടിച്ചുതുടങ്ങിനാനർജ്ജുനൻ * അപ്പോളറി
ഞ്ഞിതുഭീമനതുകണ്ടു കെല്പോടതിന്നുപഴുതുനോക്കീടിനാൻ * ഒന്നു
കൊള്ളാതൊഴിഞ്ഞൊന്നുതച്ചീടുവാ നില്ലകഴിവെന്നുകണ്ടുവൃകോദരൻ
* തന്റെതലയ്ക്കൊരുതല്ലുകൊണ്ടുംകളഞ്ഞതി ന്നൊരുകഷ്ടംതുടയ്ക്കുതച്ചീ
ടിനാൻ * പ്രാണനോടാശുനിലത്തുസുയോധനൻ വീണിതുകാലുമൊ

ടിഞ്ഞുവിധിവശാൽ * പെട്ടെന്നുമാറത്തുനിന്നുഗദകൊണ്ടു കൊട്ടിനാ
നാശ്ശുതലമേൽവ്വൃകോദരൻ * തന്നോടുമുന്നമവൻചെയ്തകമ്മങ്ങളൊ
ന്നിന്നോരോന്നുതല്ലേണമെന്നോത്തവൻ * ഓരോന്നുചൊല്ലിയുമൊ
രോന്നുതല്ലിയും നീചനാംനീചതിചേച്ചാരുകമ്മത്തിനാൽ * അശ്ശൂചതി
ച്ചുയിർകൊണ്ടിതുനിന്നെ ഞാൻ * ഇത്തരംമാരുതിചൊൽകയുംതയ്യൂയും
മത്തനാകുംബലഭദ്രർകണ്ടന്നേരം * നേരേഹലവുംമുസലവുംകൈ
ക്കൊണ്ടു ഘോരതയോടുമടുക്കുന്നതുകണ്ടു * വീരഭദ്രൻപണ്ടുദക്ഷനെ
കൊല്ലുവാൻ വീരോട്ടുകൂടെയടുക്കുന്നതുപോലെ * വേഗാലടുക്കുന്നതു
കണ്ടുമാധവൻ യോഗേശനായുള്ളയോഗസ്ഥനീശ്വരൻ * ആഗമക്കാ
തലാമാദിനാഥൻപരൻ ഭോഗീന്ദ്രഭോഗശയനൻമധുരിപു * സച്ചിൽ
പുമാൻപുരുഷോത്തമനവ്യയ നച്യുതനാനന്ദമൂത്തിപരാപരൻ * കോ
മളൻഗോകുലനായകൻകേശവൻ രാമനെച്ചെന്നുതഴുകിപ്പറഞ്ഞിതു *
ബന്ധുക്കളായനാമൊന്നിനുംകൂടരു തെന്നുകോപത്തിന്നുകാരണമോക്ക
ണം * നമ്മുടെതാതഭഗിനിതന്മക്കളീ ധമ്മജനാദികളെന്നുമറിയണം *
പിന്നെസ്സുഭദ്രയെവേട്ടതുമജ്ജുനൻ നന്നുനന്നിത്തൊഴിൽചെററടങ്ങേ
ണമേ * കൊണ്ടുംകൊടുത്തുംനരന്മാക്കുചാച്ചയു മുണ്ടായ്വരുന്നിതുചേ
ച്ചയുംനിണ്ണയം * പിന്നെവിശേഷിച്ചുതങ്ങളിലുള്ളതി നൊന്നിനും
പോകാനവകാശമില്ലനാം * അയോധനത്തിന്നുകോപ്പിട്ടതില്ലിന്നെ
ആയുധംതൊട്ടീലഞാനെന്നറിയണം * ധാത്തരാഷ്ട്രൻറനിയോ
ഗേനസൂതനായ്പാത്ഥനുതേർതെളിച്ചേനതിനെന്തഹോ * ഇത്തരം
മാധവൻചൊന്നോരനന്തരം ചിത്തംകലങ്ങിബലഭദ്രനുംചൊന്നാൻ *
കൊല്ലുമാറുണ്ടുപലരെയുംപോരതിൽ തല്ലുമാറില്ലമാറത്തുനിന്നാരുമേ
* യോഗ്യമല്ലേതുമേമാരുതിചെയ്തതു യോഗ്യമായുള്ളതേകണ്ടുപൊ
റുക്കാവു * ഉണ്ടോഗദയ്ക്കുകടകംപറഞ്ഞിട്ടു കണ്ടീലയോ ചതിചെയ്തതു
മാരുതി * എന്നതുകേട്ടരുൾചെയ്തുമുകുന്ദനും നന്നുനന്നിച്ചതികണ്ടതുമ
ഗ്രജൻ * എത്രതരംചതിചെയ്തുസുയോധനൻ നിത്യനാമീശ്വരനില്ലാ
തെയാകുമോ? * താന്താൻനിരന്തരംചെയ്യുന്നകമ്മങ്ങൾ താന്താനനു
ഭവിച്ചീടുകെന്നേവരൂ * വേണ്ടതുതങ്ങളിൽചെയ്താലുമെന്തുനാം വേണ്ട
തടങ്ങുകെന്നേവരുനിണ്ണയം * കൃഷ്ണവാക്യംകേട്ടുരാമൻതിരുവടി യുഷ്ണി
ച്ചുഭീമനെനോക്കിനടകൊണ്ടാൻ * ദ്വാരവതിയിലെഴുന്നള്ളിമേവി
നാൻ ദാരങ്ങളോടുമിടചേന്നുരാമനും * ധാത്തരാഷ്ട്രന്മാരശേഷംമു
ടിഞ്ഞിതു ധാത്രിയെവാഴ്കധമ്മജനെന്നതു * കീത്തിമാനായവൃകോദ
രൻചൊല്ലിനാ നാസ്ഥകലന്നോരുനാരായണനൊടും * വന്നിതുദുഃ
ഖംയുധിഷ്ഠിരനന്നേരം വന്നീലപാത്ഥനുമേതുമേസന്തോഷം * ചെ
ന്താമരക്കണ്ണനപ്പോളരുൾചെയ്തു എന്തുതെളിഞ്ഞുരിയാടാഞ്ഞതുന്നി
ങ്ങൾ * പാരംതെളിഞ്ഞിതിനിക്കെന്നറിഞ്ഞാലും മാരുതിചെയ്തതുന
ന്നെന്നുനിണ്ണയം * പോരിലരികളെക്കൊന്നൊടുക്കീടുക വീരരായുള്ള
നൃപന്മാക്കുധമ്മമേ * എന്നിത്തരങ്ങളുംകേട്ടുകേട്ടങ്ങനെ മന്നവന്മാരും
നടന്നുതുടങ്ങിനാർ * കണ്ടുനിന്നോരുദേവാദികൾതങ്ങളും കൊണ്ടൽ

വണ്ണൻതന്നെ വാഴ്ത്തിനടന്നുതേ * ദുന്ദുഭിശംഖാദിവാദ്യരവത്തോടും
നന്ദാത്മജനായനാരായണനൊടും * ആശീർവ്വചനവുംചൊല്ലിച്ചുഴ
ന്നൊരു ഭൂസുരന്മാരൊടുമൊന്നിച്ചുപാണ്ഡവർ * സത്വരംകൈനില
പുക്കോരനന്തരം ബുദ്ധിയുംകെട്ടുപോയ്ഭോജകൃപാദികൾ * പുക്കിതു
കൗരവർതന്നുടെകൈനില യക്കനമണ്ണവംതന്നിൽവീണീടിനാൻ *
എല്ലാവരുംതേരിൽനിന്നിറങ്ങീടിനാർ മല്ലാരിതാനുമരുൾചെയ്തിതന്നേ
രം * മുൻപിലിറങ്ങുനീയർജ്ജുന! പിന്നെഞാനുമ്പർകോൻപുത്രനുമ
പ്പോളിറങ്ങിനാൻ * ഭക്തരിൽമുഖ്യനായുള്ളഹനുമാനും ചിത്തംതെളി
ഞ്ഞിറങ്ങീടിനാൻഭൂമിയിൽ * നാരായണനഖിലേശൻതിരുവടി തേ
രിൽനിന്നപ്പൊഴേപാരിലിറങ്ങിനാൻ * വെന്തുനീറായിതുതേരുമന്നേ
രത്തു ചെന്താരടിവണങ്ങീടിനാനർജ്ജുനൻ * എന്തിതിൻകാരണം
നാരായണ!ഹരേ! ചെന്താരിൽമാതുതൻപുണ്യവിലാസമേ! * വൃത്രാരി
പുത്രവിജയമഹാരഥ യിത്രനാളുംമുദാകാത്തിതുഞാനെടോ! * അസ്ത്ര
മാഗ്നേയംഭരദ്വാജനന്ദനൻ ക്രുദ്ധനായെയ്തതുകൊണ്ടതുവെന്തതും *
നാടുംനഗരവും ധാന്യധനങ്ങളും വീടുംവിജയവുംപാണ്ഡവന്മാർക്കായി
* നാരിമാരെപ്പരിപാലിച്ചുകൊള്ളുവാ നാരുമേയില്ലപുരത്തിങ്കൽവൈ
കാതെ പോകയുയൽസുനമുക്കുനാളെച്ചെല്ലാം * ഇന്നേയുറക്കംനമുക്ക
മിവിടെയല്ലന്യദേശത്തുപോകേണമെന്നിങ്ങനെ * ധർമ്മാത്മജനോടു
നിർമ്മലൻമാധവൻധർമ്മസ്ഥിതികരൻതാനരുൾചെയ്തപ്പോൾ * പുണ്യ
വാനായയുധിഷ്ഠിരൻചൊല്ലിനാൻ നിന്നുടെകാരുണ്യമെന്നിയെന്താശ്ര
യം * ഞങ്ങളെരക്ഷിപ്പതാരുമററീശ്വരാ മംഗലമൂർത്തേ!വിജയനുസൂത
നായ് * ശത്രുക്കൾചൊന്നോരധിക്ഷേപവാക്യവും ശസ്ത്രങ്ങളുമുള്ളി
ലേററുപൊറുത്തതും * ഞങ്ങളോടുള്ളതിരുവുള്ളമല്ലയോ ഞങ്ങൾക്കമ
ററാരുമില്ലിന്നുദൈവമേ! * ഗാന്ധാരിയാകിയമാതാവുഞങ്ങളെ ഭ്രാ
ന്ത്യാശപിച്ചതൊഴിച്ചരുളേണമേ * ദേവകീദേവിതിരുമകനീശ്വ
രൻ ദേവദേവൻവസുദേവതനയനും * തേരിഹകൊണ്ടുവാരാരുക!
പോകനാം നേരമിനിക്കളഞ്ഞീടരുതേതുമേ * ഹസ്തിനമായപുരത്തി
നു പോകേണ മത്തൽതീർത്തീടുവൻപാണ്ഡവന്മാർക്കുഞാൻ * അന്ധനാ
കുംധൃതരാഷ്ട്രനൃപനെയു മന്തികേചെന്നുഗാന്ധാരിയെത്തന്നെയും *ക
ണ്ടുപറയണമിന്നുതന്നേയെന്നു കൊണ്ടൽനേർവ്വർണ്ണനുടനെഴുന്നള്ളിനാൻ
* ഭാരതകർത്താപരാശരനന്ദനൻ പാരാതെചെന്നുധൃതരാഷ്ട്രനെക്കണ്ടു
* നാശംകുലത്തിനുനീവരുത്തായ്കെന്നതാശു പറഞ്ഞുബോധിപ്പിച്ചു
പോരുമ്പോൾ * കൃഷ്ണനുംപൌരാണികാചാര്യനാകിയ കൃഷ്ണനുമലരടി
കൂപ്പിനാനാദരാൽ * പിന്നെയുഴറിനഗരമകംപുക്കു വന്ദിച്ചിതുധൃതരാ
ഷ്ട്രരെമാധവൻ * കണ്ണുനീരോടേകരഞ്ഞുകരഞ്ഞുടൻ ചെന്നുതൊഴുതി
തുഗാന്ധാരിതന്നെയും * മക്കൾമരിച്ചുദുഃഖിച്ചുകരഞ്ഞുതന്നുൾക്കനം
വിട്ടിരിക്കുംനൃപൻതന്നുടെ * ദുഃഖംകെട്ടുപ്പതിന്നാശുചൊല്ലീടിനാൻ
പുഷ്കരനേത്രൻപുരുഷോത്തമൻപരൻ * നിത്യമല്ലേതുമിസ്സംസാരമോ
ർക്കണം നിത്യമാകുന്നതുനിശ്ചയമീശ്വരൻ * മുന്നമേവന്നുഞാൻനിന്നോ

ടുമന്നവ ചൊന്നേനിവണ്ണംവരുമെന്നുസാദരം * നാട്ടിലെങ്ങാനുമില്ലങ്ങളുംതോറുംവസിച്ചൂട്ടില്ലുമുണ്ടുപൊറുത്തുകൊള്ളാമെന്നും * നിന്നോടുതന്നെയിരന്നിതുപാണ്ഡവരന്നതുതോന്നീലയല്ലോവിധിമതം * ഇന്നുംനിനക്കുഞാൻനല്ലതുചൊല്ലുവനൊന്നിച്ചിരിക്കനീപാണ്ഡവന്മാരുമായ് * നിങ്ങൾക്കവരേഗതിയെന്നുറയ്ക്കണം നിങ്ങളൊഴിഞ്ഞവൎക്കുംഗതിയില്ലെത്രയും * നല്ലതവൎക്കുവരുംപ്രകാരംനിനക്കല്ലലകന്നുഗാന്ധാരിയുമായിനി * കൊല്ലുമവരെയുമശ്വത്ഥാമാവിനി ചൊല്ലായ്കിൽഞാനങ്ങുനിന്നീയംഭൂപതേ! * അതുമേപിന്നെയൊരുഗതികൂടാതെ പാരിലിരിക്കുമാറാകുംഭവാനിനി * എന്നെയരിനയച്ചീടുകിൽചെന്നുഞാൻ മന്നവ! പാണ്ഡുസുതന്മാരെരക്ഷിപ്പൻ * അങ്ങിനെയാകെങ്കിലെന്നവനുംചൊന്നാൻ മംഗലനാകിയകൃഷ്ണനുമനന്തരം * യാത്രയുംചൊല്ലിവിരവോടുവന്നിതു പാൎത്ഥാദികൾമേവുംഗോമതിതൻകരേ * പാപിസുയോധനൻകാലുമൊടിഞ്ഞു സന്താപംകലൎന്നുകിടക്കുന്നതുനേരം * കുണ്ഠതയോടേകരഞ്ഞുവരുന്നതു കണ്ടിതുസഞ്ജയൻതന്നെയുമാകുലാൽ * ചെന്നുതലോടിയരികെയിരുന്നവൻ തന്നെയണച്ചുതഴുകിസുയോധനൻ * കണ്ണുനീരോലോലവീഴുന്നതുകണ്ടു ഖിന്നതയോടേതുടച്ചിതുസഞ്ജയൻ * മന്നവൻഗാവൽഗണിയുടെകണ്ണുനീർ മന്ദമന്ദംതുടച്ചീടിനാനാകുലാൽ * യുദ്ധപ്രകാരവുംമാരുതിചെയ്തൊരു വൃത്താന്തവുമറിയിച്ചുസുയോധനൻ * മാനലോഭാദികളേറെയുണ്ടാകയാൽ ഞാനൊരുകാരണമായേനിതിനെല്ലാം * കണ്ണുംപൊടിഞ്ഞുവയസ്സുപുക്കേററവും ഖിന്നനായ്മക്കളുമൊക്കെമരിച്ചുതൻ * നാട്ടുംപരവശപ്പെട്ടുവിഷണ്ണനായ് യാടൽപൂണ്ടൊരുപിതാവിനോടാശുനീ * ചൊല്ലുകപോരിൽമരിച്ചിതുഞാനെന്നു ചൊല്ലേഴുമെന്നുടെമാതാവുതന്നൊടും * മാരുതിയെന്നെച്ചതിച്ചപ്രകാരവും നേരേപറകപിതാക്കന്മാരോടുനീ * വിശ്വാസമുള്ളൊരുദൂതനെവിട്ടുടനശ്വത്ഥാമാദികളോടുമറിയിക്ക * എന്നുപറഞ്ഞങ്ങയച്ചാനവനെയും പിന്നേടമെന്തുപറയാവതീശ്വരാ! * പ്രേതപിശാചനിശാചരന്മാരൊടും ഭൂതവേതാളക്കുളിപ്പടതന്നൊടും * നായ്ക്കൾകുറുനരിക്കൂട്ടംകഴുകുകൾ നോക്കിയുംവായ്ക്കൊൾവതിന്നായടുക്കയും * ഗന്ധിച്ചുഗന്ധിച്ചുവന്നുകടിപ്പതിന്നന്തികേനില്ക്കയുംവീപ്പുകൾപാൎക്കയും * കാലുംകരവുമിളക്കുന്നനേരത്തു നാലഞ്ചടിയകന്നൻപോട്ടുവാങ്ങിയും * കൂരിരുട്ടിൽതുണയാരുമേകൂടാതെ പാരിൽക്കിടന്നുവിധിബലമെന്നോൎത്തു * നാരായണ!ഹരേ!നാരായണ!ഹരേ! നാരായണഹരേ!യെന്നേപറയാവു * വേണമെന്നാകിലടുത്തനാൾചൊൽവനെ നാനന്ദമോടിരുന്നാൾകിളിപ്പൈതലും *

ഇതി ശ്രീമഹാഭാരതേ ശല്യപൎവ്വം സമാപ്തം.

സൌഗന്ധികം

ഹരിഃ ശ്രീ ഗണപതയേനമഃ അവിഘ്നമസ്തു.

നാരായണ! ജയ നാരായണ! ജയ നാരായണ! ജയ വരദ ഹരേ! * മായാമയബഹുലീലാമയകഥനീയായതു പറകിനിയുമെടോ! * നാനാരസമയവാണീഗുണഗണ പാനാധികസുഖജനഹൃദയേ * ബാലേശുകകുലമൌലേ വാദവാദ കാലംകളയരുതിനിവെറുതേ * ആലംബനമനുകുലംത്രിഭുവന മൂലംപരിണതവിബുധകുലം * ബാലംജലധരനീലംതിലകിത ഫാലംമുനിനതപദകമലം * കാലംബഹുധൃതലീലംസുമധുര ശീലംപരിചിതപശുപകുലം * സാലംകൃതമഖകോലം ഭൂശമനകാലംപ്രിയസഖഭജേവിമലം * നരനാരായണന്മാർചരണാംബുജംകൂപ്പി സരസം ചൊന്നാൻകിളിതരുണമനോഹരം * വെറുതേകാലംകളഞ്ഞീടാതെകൃഷ്ണൻതന്റെ ചരിതാമൃതംചൊൽവാൻമടിയില്ലിനിക്കേതും * പാർത്ഥസാരഥ്യംചെയ്തുധാത്രിതൻഭാരംതീർത്ത മൂർത്തിയാംവിഷ്ണുപരമാത്മാവുജഗന്മയൻ * ദൈത്യനാശനൻപുരുഷോത്തമനോർത്തിൻപരമാർത്ഥമായുള്ളങ്ങിട്ടുംഭക്തലോകാർത്തിഹരൻ * സർവലോകങ്ങളുടെജീവനാകിയപരൻ ദുർവ്വിനീതന്മാരുടെഗർവ്വനാശനകരൻ * ശർവ്വവന്ദിതൻപരൻശരണ്യൻ ശംഭുമൂർത്തി നിർവ്വികാരാത്മാവിഭുനിർവ്വികല്പാത്മാനന്ദൻ * അർണ്ണോജവിലോചനൻകർണ്ണാരിപ്രിയസഖി തർണ്ണകപാലകൻദുഗ്ദ്ധാർണ്ണവാത്മജാവരൻ * നിർണ്ണയംതിരഞ്ഞോളംകണ്ടുകൂടാതദേവനെന്നുടെയുള്ളിലിരുന്നീടിനപരൻപുമാൻ * രണ്ടല്ലാതൊന്നാംപരബ്രഹ്മമെന്നിരിക്കിലും കണ്ടതൊക്കെയുംതാനായ്നിറഞ്ഞുവസിപ്പവൻ * കണ്ണുചേതസാമൊട്ടും കണ്ടുകൂടാതവൻ വൈകുണ്ഠൻകൌസ്തുഭകണ്ഠൻസേവിതശിതികണ്ഠൻ * ചിന്തിച്ചാലൊരുവർക്കുമറിഞ്ഞുകൂടാതവൻ ചിന്തിക്കുന്നവർക്കുനിത്യാനന്ദംകൊടുപ്പവൻ * എന്നെന്നുപറയേണ്ടതെന്നു ഞാനറിഞ്ഞതില്ലന്ധതാലുമന്ധനെപ്പോലെയായ്ചമഞ്ഞുഞാൻ * മായയാസൃഷ്ടിസ്ഥിതി സംഹാരകർത്താജഗന്നായകൻതന്റെലീലപറഞ്ഞാലൊടുങ്ങുമോ * പോയെന്നുപറഞ്ഞീടുംമൂഢരായുള്ളജനം മായയിൽമറഞ്ഞുനേരെങ്ങുമേ കാണായ്കയാൽ * അങ്ങിനെയുള്ളജഗന്മംഗലൻവാസുദേവൻ മംഗലദേവതയെസ്സംഗിച്ചീടിനദേവൻ * മങ്ങീടാതൊരുപരമാനന്ദൻശ്രീ ഗോവിന്ദൻ ഇങ്ങനെവൃകോദരൻതന്നെക്കൊണ്ടൊരുകാലം * ദുര്യോധനൻതന്റെതുടയുംതച്ചുപൊടിച്ചു ഹരിയോഹരയെന്നുകാണികളുംചൊല്ലുന്നേരം * കരുണാകരൻകമലേക്ഷണൻ കാമപ്രദൻപരമപുമാൻപരമാത്മാവുപരബ്രഹ്മം * ധർമ്മസ്ഥാപനകരൻചിന്മയൻകർമ്മസാക്ഷി ജന്മനാശാദിഹീനൻഭക്തജനാർത്തിഹരൻ * ധർമ്മമാനസനായധർമ്മജന്മാവിനോടും നിർമ്മലന്മാരായോരുംമറ്റുള്ളജനത്തോടും * കൈനിലപൂക്കദേവൻകൈതവമൂർത്തികൃഷ്ണൻ കൈപിടിച്ചർജ്ജുനാദിവീരരോട

ൾചെയ്തു * ഐവരുംകൂടിനിങ്ങൾപോരികെന്നോട്ടുകൂടി കൈവന്നുജ
യമെങ്കിലന്നിലംനീങ്ങീടണം * പൈശാചഭൂതപ്രേതപൂർണ്ണമാമടൽക്ക
ളം കൈവെടിഞ്ഞിട്ടുവേണംരാത്രിയിലുറങ്ങുവാൻ * കൈവല്യംകഴൽ
തൊഴുതീടുവോൾക്കരുളീടും ദൈവത്തെത്തുണയാക്കിക്കൊണ്ടവർകളുംപോ
യാർ * കാരുണ്യമൂർത്തിയോടുംകൂടവേപാണ്ഡുപുത്രർ ധീരതയോടുംചെ
ന്നശോമതീതീരംപുക്കാർ * മത്ഥതിയോട്ടുപൊരുതാതുരനായിവീണു
പാരതിൽമരിയാതെകിടന്നസുയോധനൻ * തന്നുടെയവസ്ഥകളോടി
ച്ചെന്നറിയിച്ചു ഖിന്നതയോടുംദ്രുതനശ്വത്ഥാമാദിയോടും * അന്നേരം
ദ്രോണജനുംകൃപനുംഭോജൻതാന മൊന്നിച്ചുവന്നുദുരിയോധനൻത
ന്നെക്കണ്ടു * കാലൊടിഞ്ഞവനിയിൽപ്രാണവേദനയോടെ മാലിയ
ന്നൊരുനൃപൻതന്നെക്കണ്ടവർകളും * കാലദോഷത്താൽവന്നതാരോ
ന്നേപറകയു മോലോലവീഴുംകണ്ണുനീരൊട്ടുതുടയ്ക്കയും * അയ്യോ!കാൺ
വിധിബലമെന്നേറെവിലാപിച്ചു കൈയലച്ചരചനെത്തടവിയിരുന്നുടൻ
* മെയ്യെട്ടുത്തംഗത്തിങ്കൽചേർത്തിതിൻപ്രകാരംനാം ചെയ്യേണമെന്നുമി
നികിംഫലമല്ലയായ്കിൽ * ദുഃഖിക്കുന്നുനേരംഗാന്ധാരീതനയനു മ
ക്ഷികൾതുടച്ചുവർത്തങ്ങളോടുരചെയ്തു * ദുഷ്കർമ്മവശാലിതുവന്നതെ
ന്നിരിക്കിലും ദുഃഖവുംചുരുക്കിഞാൻചൊൽവതുകേൾക്കവേണം * മാ
യത്താൽമരിച്ചിതുഭീഷ്മദ്രോണാദികളും മായത്താലെൻറെതുടതകർത്തുഭീ
മൻതാനും * ന്യായത്തെനിരൂപിച്ചുനിങ്ങളുമതിന്നൊരുപായത്താൽ
പ്രതിക്രിയചെയ്യാമെങ്കിലോചെയ്യിൻ * പ്രാണൻപോവതിൻമുമ്പേ
നിങ്ങളെക്കാൺകമൂല മാനന്ദമിനിക്കുള്ളിലേററവുമുണ്ടായ്വന്നു* നിങ്ങൾ
ക്കുപരിഭവംചേർത്തപാണ്ഡവർതമ്മെ നിങ്ങൾചെന്നൊടുക്കുവിനേതു
മേവൈകിയാതെ * എന്നുചൊല്ലിയമന്നൻതന്നുടെദുഃഖംകണ്ടും തന്നു
ടെതാതൻതന്നെക്കൊന്നതുനിരൂപിച്ചും * തന്നുള്ളിൽനിരൂപിച്ചാന
ന്നേരമശ്വത്ഥാമാവന്നിതുയോഗ്യമത്രേവേണ്ടുവോന്നെന്നുനൂനം * മന്ന
വ! ശത്രുക്കളെക്കൊന്നുഞാൻപരിഭവ മിന്നേതീർക്കുന്നതുണ്ടുനിർണ്ണയമെ
ന്നാൻദ്രൗണി * എങ്കിലോകൃപാചാർയ്യനൌഷധമന്ത്രങ്ങളാൽ മംഗലം
വരുമാറുരക്ഷകൾചെയ്തുനന്നായ്* ചെയ്യേണംസേനാപതിയായഭിഷേ
കമെന്നാൽ മയ്യൽതീർത്തീടുംഗുരുപുത്രനെന്നിതുനൃപൻ*ചൊല്ലിയവണ്ണം
തന്നെചെയ്തവർമൂവരുമായ് നല്ലപാണ്ഡവരുടെപടവീട്ടിനുചെന്നാർ
* ഗാണ്ഡീവധരനായഫൽഗുനൻമുമ്പായുള്ള പാണ്ഡവന്മാരെപ്പേടി
ച്ചുട്ടുത്തുകൂടായ്കയാൽ * സന്ധ്യാവന്ദനംകഴിച്ചുടവിതന്നിൽപുക്കചന്ത
മുള്ളൊരുപേരാൽതന്നുടെചുവട്ടിൽപോയ് * ആലസ്യത്തോടുകിടന്നീ
ടിനോരനന്തരം മാലുള്ളിൽമുഴുക്കയാലശ്വത്ഥാമാവിനപ്പോൾ * വ
ന്നതില്ലേതുംനിദ്രചിന്തയുണ്ടാകമൂല മന്നേരമുണർന്നിരുന്നവനുമൊന്നുക
ണ്ടാൻ * അന്ധനായ്പകലിരുന്നീടിനോരുലൂകനെ യന്ധചിത്തന്മാരായ
കാകന്മാരൊരുമിച്ചു * ശത്രുതനിരൂപിച്ചുകൊത്തിനാരതുനേര മെത്രയു
മത്തൽപൂണ്ടുചമഞ്ഞാനതുമൂലം * രാത്രിയിൽകാകന്മാർക്കുനേത്രങ്ങൾ
കാണാപിന്നെ രാത്രിയിൽകാണാമല്ലോകൂമനുസുഖംപോലെ * മുന്നേ

തുവച്ചുകൊണ്ടിട്ടുന്നേരം കൃമൻചെന്നു സന്നദ്ധഭാവത്തോടും രോഷത്തെ
പ്പൊറായ്കയാൽ * കാകന്മാരുറങ്ങുമ്പോൾ രാത്രിയിൽ കൊത്തിക്കൊന്നാ
രാകുമ്പോൾ പരിഭവം വീട്ടുകെന്നതേവരു * എന്നതു കണ്ടു ഗുരുനന്ദന
നശ്വത്ഥാമാ വന്നേരം ഭോജകൃപന്മാരെയുമുണർത്തിനാൻ * കണ്ടതില്ല
യോ നിങ്ങൾ കൃമന്റെ ധർമ്മം പകലുണ്ടായ പരിഭവം വീളുന്നോ നിത്യകാ
ലം * ഈ വണ്ണം ചെയ്യിനെന്നു നമ്മോടൊരു പ്രദേശം ദൈവത്തിൻ നി
യോഗത്താൽ ചെയ്കയായതുമെടോ * യുദ്ധം ചെയ്തേറ്റം തളർന്നുറങ്ങും വൈ
രികളെ ബദ്ധവൈരേണ ചെന്നു കൊല്ലുവിൻ നിങ്ങളെന്നാൽ * ദോഷമി
ല്ലെന്നു വന്നു പോകുന്നാമിപ്പോൾ തന്നെ ശേഷിച്ച പാണ്ഡവരെയൊ
ടുക്കിക്കളവാനായ് * നേരോടെ പകൽ ചെന്നാലാവതില്ലവരോടു കാര
ണൻ നാരായണൻ കാത്തുകൊണ്ടീടുമല്ലൊ * ഇത്തരമശ്വത്ഥാമാ ചൊ
ന്നതു കേട്ടു കൃപരുത്തരമുര ചെയ്തു സത്വരം നിരൂപിച്ചു * രാത്രിയിൽ ചതി
ച്ചു നാം കൊല്ലുവാൻ ചെന്നാലത്ര കീർത്തികേടുണ്ടാമത്രേ സാദ്ധ്യവുമല്ലെന
മ്മാൽ * ഈശ്വരനവരുടെ പാങ്ങെന്നു വന്നതില്ലോ ളാശ്രയമായ ദുരിയോ
ധനൻ വീണാനല്ലോ * ഭാഗ്യമില്ലാതവൾക്ക് വേണ്ടി വേലകൾ ചെയ്താൽ
യോഗ്യമായ്വന്നു കൂടാ പാർക്കേണമിനിയും നാം * വിദുരർ സഞ്ജയനും ധൃത
രാഷ്ട്രരും പിന്നെ മുതിവന്നടുത്തൊരു നൃപനും മറ്റുള്ളോരും * കൂടി നാം
നിരൂപിച്ചു നാളയാമിതു പക്ഷേ കൂടലർകാലഗുരുനന്ദനയെന്നു കൃപർ
* അശ്വത്ഥാമാവു കോപിച്ചു നേരമുര ചെയ്താനച്ഛനെക്കൊന്ന ധൃഷ്ടദ്യു
മ്നനും ബന്ധുക്കളും * ഞാനൊരു പുരുഷനിങ്ങായുധമോടു കൂടി പ്രാണ
നോടിരിക്കുമ്പോൾ ജീവിപ്പാനയപ്പനോ * സ്നാനഭോജനയാനമൈ
ഥുനാദികളിലും മാനമോടരികളെ നിഗ്രഹിച്ചീടാമെന്നാൽ * ഏതുമേ
ദോഷമില്ലപോകുന്നേനെന്നാനവനേതുമേ മടിക്കേണ്ട നടന്നീടുകയെ
ങ്കിൽ * മരിപ്പാൻ മടിയില്ല ഞങ്ങൾക്കുമിതുകാലം കരുത്തുകാകിലുമെ
ന്നവരുര ചെയ്താർ * ഭോജനും കൃപരുമായന്നേരം ഗുരുസുതൻ വ്യാജേന
കൊൽവാൻ ചെന്നു കൈനിലയടുത്തപ്പോൾ * വേതാളഭൂതപ്രേതപൈ
ശാചകുളികളാൽ ഭീതിപൂണ്ടടുത്തു കൂടാഞ്ഞു പോക്കളം തന്നിൽ * ശത്രു
ക്കളായ പാണ്ഡുപുത്രന്മാരെയും പേടിച്ചെത്രയും പ്രയോഗിച്ചു ശസ്ത്രങ്ങള
ശ്വത്ഥാമാ * നാന്ദകശരശാർങ്ഗശംഖചക്രാദിപൂണ്ട നന്ദനന്ദന
ന്മാരെക്കാണായി തസംഖ്യമായ് * വിഷ്ണുമൂർത്തികളാലെ നിറഞ്ഞു യുദ്ധഭൂ
മി വിസ്മയിച്ചശ്വത്ഥാമാ പേടിച്ചു നാണം പൂണ്ടാൻ * നല്ലതുമാകാത്തതും
വേണ്ടതും വേണ്ടാത്തതും നല്ലനാം ഗുരുസുതനൊന്നുമേ തോന്നീതില്ല * മാ
തുലൻ പറഞ്ഞതു കേളാതെ നടിച്ചു പോന്നാതുരനായിതിപ്പോൾ ഞാനെ
ന്നു ഗുരുസുതൻ * ഇന്ദ്രിയങ്ങളെയെല്ലാമടക്കി പ്രാണായാമം മന്ദമെന്നി
യേ ചെയ്തു ശിവനെ ധ്യാനം ചെയ്താൻ * അന്തർയ്യോഗത്തെത്തുടങ്ങീടി
നാൻ വിപ്രോത്തമനന്തികേ കാണായ്വന്നു ശങ്കരമാഹാത്മ്യവും * അന്നേ
രം വേദിമദ്ധ്യേ കത്തുന്നോരഗ്നിതന്നിൽ നിന്നുണ്ടായ്വന്നു ചില ശൈവഭൂ
തങ്ങളെല്ലാം * നിടിലക്കണ്ണും നല്ല കുടിലഭ്രൂക്കളും മാഭ്രംകുടികരാളവും ക
റിനദന്തങ്ങളും ധൂസരകേശങ്ങളും ഭാസുരശ്മശ്രുക്കളും മേദുരമുഖങ്ങളും ഭീ

ഷണവേഷങ്ങളും * ദാരുണശൂലങ്ങളുംകൈക്കൊണ്ടുകാണായ്വന്നു മാരണ
ദേവതകളാകിനമൂർത്തികളെ * കാരണനായപുരനാശനമൂർത്തിയെയുംവി
ശ്വനാഥനെക്കണ്ടോരശ്വത്ഥാമാവുതാനും നിശ്വാസത്തോടുവരുമശ്രു
ക്കളോടുംകൂടെ * ച്ഛിന്നംചെയ്തുവീണുനമസ്കാരവുംചെയ്തു വിശ്വാസ
ഭക്തിയോടുംസ്തുതിച്ചാനന്നേരം * ശങ്കരജയജയ! ചന്ദ്രശേഖരജയ!
പങ്കജശരരിപോ!ഹുംകൃതിഹര!ജയ! * ശംഭോ!ശാശ്വതപരഭ്രതേ
ശ!പുരഹര! കുംഭിപാകാർത്തിഹര!ഗിരിശ!ഗംഗാധര! * ഗിരിജാവ
രജയ!ഗിരിമന്ദിരജയ! പരമേശ്വരജയ! പരശുധര!ജയ * ചതു
രാനനനുതചരണജയജയ! സരസീരുഹദലനയനപ്രിയ!ജയ * കാ
ലനാശന!ജയധൂർജ്ജടേ!പശുപതേ നീലലോഹിത!ഭവ!ഫാലലോ
ചന!ജയ * പാലയദീനമേനംശരണാഗതംശിവ പാലയനിരന്ത
രംത്രസ്തമത്യന്തഭക്തം * ഇങ്ങിനെശിവസ്തുതിചെയ്തുടനഗ്നിതന്നിൽ
ചെന്നുചാടുവാൻതുടങ്ങീടിനോരശ്വത്ഥാമാ * തന്നുടെശത്രുക്കളെ
യൊക്കവേയൊടുക്കുവാൻ പന്നഗാഭരണനുംനല്കിനാൻകരവാളം
* ചെന്നിവരോടുംകൂടിക്കൊന്നാലുമരികളെ നന്നാകമേലിൽനിന
ക്കെന്നരുൾചെയ്തുദേവൻ * ഖഡ്ഗവുംനൽകിനേരേ നിർഗ്ഗമിച്ചൊരു
നേരം ഭക്തിപൂണ്ടഞ്ജലിപത്മംവന്ദിച്ചുഗുരുസുതൻ * ഭർഗ്ഗൻതന്ന
നുഗ്രഹാലുഗ്രനാമശ്വത്ഥാമാ വൃന്ദക്കരത്തോടുകൂടിവെക്കത്തിൽവാളു
മായി * ശത്രുക്കളുറങ്ങുമ്പോളുൾപ്പുക്കാനെന്നേവേണ്ടു വിത്രസ്തചി
ത്തന്മാരാംഭോജനംകൃപരുമായ് * ധൃഷ്ടദ്യുമ്നന്റെതലവെട്ടിയങ്ങറു
ത്തിട്ടു പെട്ടെന്നുപാഞ്ചാലിതന്മക്കളെയഞ്ചുംകൊന്നു * വാവിന്നാള
ഴ്‌രാത്രിയോരത്തുഗുരുസുത നാവോളംശത്രുക്കളെവെട്ടിക്കൊന്നറുത്തുടൻ
* ഭൂതനാഥനുബലിനല്കീനാൻചോരകൊണ്ടേ ഭൂതങ്ങളാർത്തുകളിച്ചീ
ടിനാരതുനേരം * തങ്ങളിൽമറന്നുടനുറങ്ങുന്നവരെല്ലാം മിണ്ടരുതെയാരു
ഘോഷമുണ്ടായോരനന്തരം * കമ്പവുംപൂണ്ടുതമ്മിലേതുമേയറിയാതെ
സംഭ്രമംകലർന്നുടൻതങ്ങളിൽതന്നെവെട്ടി * ചത്തിതുചിലർചിലരായു
ധംതിരകയും ശത്രുക്കളെത്രയുണ്ടെന്നേതുമേയറിയാതെ * ബദ്ധപ്പെട്ടു
ടൻമണ്ടിപ്പുറത്തുചാടുന്നേരം ചക്രങ്ങളേറ്റുഭൂവിമറിഞ്ഞുവീണേവം *
ദ്വാരങ്ങൾതോറുംനിന്നുഭോജനംകൃപരുമാ യ്പാരാതെകൊന്നുകൊന്നുവീ
ഴുന്നോർതെരുതെരെ * പുറത്തുള്ളവർപേടിച്ചകത്തുപാഞ്ഞുപുക്കുംപു
റത്തുപുറപ്പെട്ടുമകത്തുള്ളവരെല്ലാം * വരുന്നോർവൈരികളെന്നകത്തു
ള്ളവരെല്ലാം മകത്തുശത്രുക്കളെന്നുറച്ചുപുറത്തുള്ളോർ * ഇങ്ങനെശിവ
ശിവ!തങ്ങളിൽതന്നെകൊന്നു തിങ്ങിനപടയെല്ലാംമിക്കതുമൊടുങ്ങീ
തെ * കൈനിലതന്നിലവർതീയുംവച്ചിതുപിന്നെ കൈകാലുംതോ
ളുംമുറിഞ്ഞിടരായ്വശംകെട്ടു * ചാകാതെകിടന്നവർതീപിടിച്ചിതുനേ
രം വെന്തുള്ളവയവംകിടന്നുപിടകയും * കരഞ്ഞുകരഞ്ഞവർവെന്തു
ചാകുന്നനേരം മരങ്ങൾവെന്തുപൊട്ടിയലറുമൊച്ചകളും * മുടിയിൽ
പിടിപെട്ടോരഗ്നിതൻദുർഗന്ധവും തടവുതീർന്നകത്തിളപ്പെങ്ങുംജ്വാല
കൾമേലേ * മുഴുത്തുപൊങ്ങീടുന്നപുകയുംകണ്ടുകണ്ടുപിഴുക്കുചെയ്തതെ

ല്ലാമരചനോട്ടചൊൽവാൻ * ഭാരദ്വാജാത്മജാദിമൂവരുമൊരുമിച്ചു പാരിച്ചമോദത്തോടു വേഗത്തിൽനടകൊണ്ടു * ദുൎയ്യോധനൻവീണു കിടക്കുന്നേടത്തു ചെന്നിരുന്നാരവർകളുമെത്രയുംദുഃഖത്തോടെ * പതിനൊന്നക്ഷൌഹിണിപ്പടയുള്ളരചനി പതിതനായാൻഭൂവിലതിയാലസ്യാകഷ്ടം! * അന്ധനായുള്ളയോധികനായൊരുപിതാവിനെ സ്സന്തതംരക്ഷിപ്പതിനാരിനിയുള്ളിതയ്യോ! * ഗാന്ധാരിദേവിതന്റെദുഃഖമെന്തൊന്നുചൊല്ലു കാന്താരംവാഴ്കെന്നേവേണ്ടുഞങ്ങൾക്കുമിനി * മന്നവ സുയോധന!നിന്നോടുസമാനമാ യ്യൊന്നൊടുപുടവകന്നാരുമാനാരുനാഥാ! * ഞങ്ങളുമാകുന്നതുചെയ്താരെന്നറിഞ്ഞാലും ഉന്നനെന്നിന്നെക്കണ്ടുസഹിയാഞ്ഞതുമൂലം * ധൃഷ്ടദ്യുമ്നനുംകൃഷ്ണതന്നുടെതനയരും ഒട്ടുമേശേഷിയാതെമറ്റുള്ളപടകളും * വെട്ടിക്കൊന്നൊടുക്കീന്നുരാത്രിയിൽച്ചെന്നുഞങ്ങൾ ചുട്ടുപൊട്ടിച്ചാരവരിരുന്നഗൃഹങ്ങളും * എന്നതുകേട്ടുതെളിഞ്ഞനേരംസുയോധനൻ വിണ്ണിലങ്ങുകമ്പുക്കപോരതിൽ മരിക്കയാൽ * ഇപ്രകാരങ്ങളൊക്കെസഞ്ജയനറിയിച്ചാൻ കെല്പുള്ളധൃതരാഷ്ട്രർമോഹിച്ചുവീണാനല്ലോ * മോഹവുംതീർത്തങ്ങിരുത്തിടിനാൻ പിന്നെ പൈതാമഹാദികൾതീർത്തു ശേഷംചൊൽവൻഞാനിനിയെന്നു ശാരികപ്പൈതൽതാനുംമോദമോടിരുന്നിതേ *

ഇതി ശ്രീമഹാഭാരതേ സൌപ്തികപൎവ്വം സമാപ്തം.

ഐഷീകം.

ഹരിഃ ശ്രീഗണപതയേ നമഃ അവിഘ്നമസ്തു.

മലർമാനിനിയുടെമനക്കാമ്പതിലേറെ മദനാമയമരുളിനപരൻ * മദനശരപരവശമാരായ ഗോപമധുവാണികളുടെമനമെല്ലാം * മധുരാധരംനൽകിമയക്കിച്ചമച്ചൊരു മഥുരാനാഥനായജഗദീശൻ * മധുകൈടഭമേദമഥനൻനാരായണൻ മധുരാകൃതിയൊടുമവനിയിൽ * അരചന്മാരായുള്ളോരസുരന്മാരെയെല്ലാ മറുതിവരുത്തുവാൻപിറന്നവൻ * ചരണസരസിജംശരണമെന്നു നണ്ണിച്ചമതിച്ചിരുന്നുള്ളിൽക്കരുതിയും * ചരിതംചൊല്ലിക്കൊണ്ടു മതിനേക്കുട്ടുകൊണ്ടും ചെവി കൊടുഭക്തിപൂണ്ടുള്ളവർക്കെല്ലാം * ജനനമരണമാമരിയദുഃഖംതീർക്കും ജഗദാനന്ദമൂർത്തിപരമാത്മാ * കലിദോഷത്താലുണ്ടാംകലുഷങ്ങളെയെല്ലാം കളഞ്ഞുപരഗതിവരുത്തുവോൻ * നളിനശരരിപുനളിനഭവമുനി നമുചിരിപുമുഖസുരന്മാരും * നളിനാംഘ്രികൾതൊഴുതളവുകരുണയാ നരനായവനിസങ്കടംതീർപ്പാൻ * അളവില്ലാതെയുള്ളകളികളിനിയും നീകളമാംവണ്ണംചൊല്ലുകിളിപ്പെണ്ണേ! * കളമാംവണ്ണംതന്നെപറകപ്പോൾകൃഷ്ണൻ

കളികളെന്നാലുംഞാൻചെറുതുപറഞ്ഞീടാം * തുളസിമാലപൂണ്ടസുന്ദ
രൻനന്ദാത്മജൻ വിളയാട്ടുകളെത്രവിചിത്രമോൎക്കുന്തോറും * ധൎമ്മജാ
ദികൾക്കൊരുസങ്കടംവരായ്വാനായ് നിൎമ്മലനവരുമായ്വാഴുന്നഗൃഹത്തി
ങ്കൽ * ധൃഷ്ടദ്യുമ്നൻെറ്ദൂതൻപിറേറന്നാളുദിക്കുമ്പോൾ പെട്ടെന്നു
പാഞ്ഞുവന്നുവൃത്താന്തമറിയിച്ചാൻ * നിഷ്ഠുരനാകുമശ്വത്ഥാമാവു
ചെയ്തതെല്ലാം കഷ്ടമെന്തയ്യോപാപമെന്നതേപറയാവു * ധൃഷ്ടദ്യുമ്ന
നുംദ്രുപദാത്മജാപുത്രന്മാരു മൊട്ടൊഴിയാതെയുള്ളശേഷിച്ചപടയോടും
* പൊട്ടുപോയിതുനമുക്കെന്നവൻചൊന്നനേരം ദുഷ്ടനാശനനുള്ളിൽ
തെളിഞ്ഞുഖേദംപൂണ്ടാൻ * ധൎമ്മജാദികളോടുപാഞ്ചാലിതാനുമപ്പോളു
ന്മുകംചെവികളിൽപുക്കതുപോലെകേട്ടു * സമ്മോഹത്തോടുഭ്രമിത
ന്നിൽവീണിതുപിന്നെ നിൎമ്മലൻകൃഷ്ണൻതാനുമെടുത്തുശോകംതീൎപ്പാൻ
* തങ്ങളിലാശ്ലേഷിച്ചുതിങ്ങിനഖേദത്തോടും പൊങ്ങിനനാദത്തോടും
കരഞ്ഞാനൊട്ടുനേരം * അലച്ചുതൊഴിച്ചുമെയ്യിറച്ചു പാഞ്ചാലിയും
നിലത്തുവീണുകരഞ്ഞുരുണ്ടുപിരണ്ടുപോ * യല്ലലോടടുത്തുടൻധൎമ്മന
ന്ദനനോടുചൊല്ലിനാളയ്യോ! പാപമിങ്ങനെവന്നുവല്ലോ * മക്കളു
മുടൽപ്പിറന്നുള്ളൊരുവീരൻതാനും ദുഃഖത്തിന്നൊരുപാത്രമാക്കിനാരെ
ന്നെയിപ്പോൾ * സോദരനെയുമെൻെറസുതന്മാരെയുംകൊന്നഭൂസുരാ
ധമൻതന്നെക്കൊല്ലേണമിന്നുതന്നെ * അല്ലായ്കിലിനിയിപ്പോൾഞാ
ന്മരിച്ചീടുന്നതു ണ്ടില്ലസംശയമെന്നുകേട്ടുധൎമ്മജൻചൊന്നാൻ * വല്ലാ
തവചനങ്ങൾചൊല്ലാതെനമുക്കെന്നാ ലെല്ലാതഫലംവരുംപൊല്ലാത
കൎമ്മംചെയ്താൽ * പേടിച്ചുവനംപുക്കോരാചാൎയ്യസുതൻതന്നെ ത്തേ
ടിനാൽകണ്ടുകിട്ടാകണ്ടാലുംകൊന്നുകൂടാ * ശത്രുക്കൾകയ്യാലവർയുദ്ധ
ത്തിൽമരിച്ചതി നിത്രനീശോകിക്കൊലാനീക്കാമോകൎമ്മഫലം * കാ
ത്തുകാണെടോകൃഷ്ണേ! ധാത്രിദേവനെക്കൊന്നാൽ കീൎത്തികേടെന്നിയി
ല്ലനരകമതുമുണ്ടാം * ദ്രോണരെക്കൊന്നതൊരുകാൎയ്യവുമല്ലനാഥേ! ദോ
ഷമില്ലതുദൈവംതന്നുടെമതമല്ലോ * അതിന്നതീയിൽമുളച്ചുണ്ടായി
ധൃഷ്ടദ്യുമ്നനതിനെസ്സാധിച്ചവൻമരിച്ചാനറിഞ്ഞാലും * അജ്ഞാ
നമുള്ളജനംദുഃഖിക്കുന്നതുപോലെ വിജ്ഞാനമുള്ളനീയെന്തിങ്ങനെ
ചൊൽവാൻകൃഷ്ണേ! * യജ്ഞസേനാത്മജയായ്വന്നയോനിജയായി
യജ്ഞകുണ്ഡത്തിങ്കൽനിന്നല്ലയോപിറന്നിതു * അടങ്ങീടുകയെന്നു
ധൎമ്മജൻപറഞ്ഞപ്പോ ളടങ്ങീടാതശോകമോടവളുഴറേറാടെ * മാ
രുതിയുടെ മുമ്പിൽവീണുരുണ്ടലറിനാൾ നാരിമാർകുലമൌലിയാകിയ
പാഞ്ചാലിയും * എന്നുടെഭൎത്താവേനീയിന്നിനിവെടിയാതെ മുന്ന
മുണ്ടായദുഃഖംതീൎത്തതൊക്കയുംനീയേ * കല്യാണസൌഗന്ധികംവേ
ണമെന്നുമെൻെറ ചൊല്ലുകേട്ടതുചെന്നുകൊണ്ടുവന്നുനൽകിയതും * കീ
ചകന്മാരെക്കൊന്നുഖേദത്തെക്കെടുത്തതും നീചനാംദുശ്ശാസനൻമാറി
ടംപിളന്നതും * മറ്റുമിത്തരമെന്നെച്ചൊല്ലിവേലകൾചെയ്വാൻ മു
റ്റുംനീയൊഴിഞ്ഞില്ലമററാരുമിനിക്കയ്യോ * ഉററവർതന്നെക്കൊന്ന
വിപ്രൻെറശിരോമണി തെററിന്നുപറിച്ചിനിക്കാശുനീനൽകീടണം

* കുററമില്ലതിനെന്നുകററവാർകുഴലിയു മിററിററുവീണീടുന്നകണ്ണുനീ
രോടുചൊന്നാൾ * മാരുതിപാഞ്ചാലിതൻവാക്കുകൾകേട്ടനേരം
തേരതിൽകരേറിനാനായുധങ്ങളുമായി * വേഗത്തിൽഭീമസേനൻ
പോയതുധരിച്ചപ്പോൾ ആഗമക്കാതലായോരാനന്ദമൂൎത്തികൃഷ്ണൻ * ദേ
വാദേവേശൻമായാമാനുഷൻനാരായണൻ ദേവകീദേവിയുടെ പുണ്യ
ത്തിൻപരിപാകം * മൂന്നായമൂൎത്തികൾക്കുംമൂലമാംപ്രകൃതിക്കും മൂന്നായ
ജഗത്തിനുമൂന്നായപരബ്രഹ്മം * ഭക്തവത്സലൻതന്റെഭക്തരെരക്ഷിച്ചു
ടൻ ഭുക്തിമുക്തികൾചെയ്പാൻദുഷ്ടരെയൊടുക്കുവാൻ * ശക്തിയോടിട
ചേൎന്നുമുഗ്ദ്ധലോചനനപ്പോൾ ബദ്ധമോദേനമന്ദഹാസവുംപൂണ്ടുത
ദാ * ധൎമ്മനന്ദനൻതന്നോടിങ്ങനെയരുൾചെയ്തു വൻമദമോടുപോയ
തെന്തിപ്പോൾവൃകോദരൻ * നാരിമാർചൊല്ലുകേൾക്കുംഭോഷന്മാർ
നിമിത്തമാ യേറിയോരാപത്തുണ്ടാമെവൎക്കുംകൂടിപ്പിന്നെ * ശത്രുക്കൾ
ബലാബലമെങ്ങിനെയറിയാവു ശക്തനെന്നഭിമാനിച്ചീടിനമൂഢൻഭീമ
ൻ * അശ്വത്ഥാമാവുതന്നെക്കൊല്ലുവാൻപോയാനല്ലോ വിശ്വത്തില
വൻതന്നെവെല്ലുവാനാരുമില്ല * വൈകാതെചെന്നുകൂട്ടിക്കൊണ്ടുനാം
പോന്നീടേണംകൈകടന്നീടുംമുമ്പേപിന്നെയെന്താവതോൎത്താൽ * എ
ന്നരുൾചെയ്തുജഗന്നായകനുഴറേറാടെ മന്നവൻകിരീടിയുമായൊരുരത
ത്തിലേറി * സത്വരംഗംഗാതീരംപ്രാപിച്ചുഭീമൻതന്നോടെത്തിനോര
വർകളെക്കണ്ടുപോതശ്വത്ഥാമാ * ഗംഗയിൽനിന്നുകരയേറിനാൻഭീ
തികൈക്കൊ ണ്ടുംഗജാരാതിസമനാചാൎയ്യസുതനപ്പോൾ * ബ്രഹ്മാസ്ത്ര
മെടുത്തഭിമന്ത്രിച്ചങ്ങയച്ചിതു ധൎമ്മജാദികളുടെസന്തതിപോലുമിപ്പോൾ
* ഉന്മൂലനാശംവരികെന്നവൻപ്രയോഗിച്ചാൻ ചിന്മയനായപരമാ
ത്മാവുകൃഷ്ണനപ്പോൾ *ബ്രഹ്മാസ്ത്രംപ്രയോഗിച്ചാനശ്വത്ഥാമാവുപാൎത്ഥ
നമ്മെരക്ഷിപ്പാൻനീയുംബ്രഹ്മാസ്ത്രമയയ്ക്കേണം * ധൎമ്മരക്ഷണത്തിനു
ബ്രഹ്മാസ്ത്രംകൊണ്ടേയാവൂ ബ്രഹ്മാസ്ത്രത്തിനുപരംബ്രഹ്മാസ്ത്രമെന്നിയി
ല്ല * രണ്ടുഭാഗത്തുമൊരുസങ്കടംവരായ്കെന്നു പണ്ഡിതനായപാൎത്ഥൻ
ബ്രഹ്മാസ്ത്രംപ്രയോഗിച്ചാൻ * അസ്ത്രങ്ങളടുത്തുടൻതങ്ങളിൽതട്ടുന്നേര
മിത്രിലോകവുമാശുഭസ്മമായ്ചമഞ്ഞീടും * പങ്കജയോനിതാനുംമററു
ള്ളദേവകളും ശങ്കിച്ചുഭീതിപൂണ്ടോരെന്തൊരുകഴിവെന്നു * പാരമായെ
രിയുന്നോരസ്ത്രങ്ങൾതമ്മിൽക്കൊണ്ടു പാരെല്ലാംമുടിഞ്ഞുപോമെന്നുക
ണ്ടതുനേരം *നാരദൻതാനുംവേദവ്യാസനുമെഴുന്നള്ളി പ്പാരാതെമദ്ധ്യ
പുക്കാരന്നേരംധനഞ്ജയൻ * ഭക്തിപൂണ്ടവർകളെവന്ദിച്ചുവേഗത്തോ
ടെ വിത്രസ്തഹൃദയനായസ്ത്രത്തെയതുനേരം * ബുദ്ധിമാനപഹരിച്ചീടി
നാൻകിരീടിയും വിസ്മയപ്പെട്ടുലോകരെല്ലാരുമതുകണ്ടു വിശ്വൈകധ
നുൎദ്ധരനൎജ്ജുനനെന്നുചൊന്നാർ * താപസന്മാരെക്കണ്ടോരാചാൎയ്യതന
യനും താപമായിതുപാരമെങ്കിലുമതുനേരം * അസ്ത്രംതാനഭിമന്ത്രിച്ച
യച്ചതിന്നിനി പ്രത്യുപഹാരംചെയ്വാനെത്രയുംപണിയത്രെ * വിപ്ര
നിങ്ങളെന്നെ പറഞ്ഞീടിനോരനന്തരം ചിൽപുമാനായകൃഷ്ണനരുളിച്ചെയ്താ
നേവം * സന്തതിയോടുംകൂടെപ്പാണ്ഡവന്മാരെഞാനോ സന്തതംകാ

ത്തേനിന്നുംകാത്തുകൊള്ളുവൻതാനും * ഇനിയുംമൂവായിരത്താണ്ടേയ്ക്കു പൊറായ്കെടോ നിന്നുടെമുറയെന്നുശാപവുമരുൾചെയ്തു * കൃഷ്ണനാം പരാശരനന്ദനൻവേദവ്യാസൻകൃഷ്ണമാഹാത്മ്യംപാർത്തുവിപ്രനോടരുൾ ചെയ്തു * അപ്രമേയത്തെപ്പൂണ്ടസൽപ്രഭാവത്തോടൊത്തും വിപ്രസത്തമ നാകുമശ്വത്ഥാമാവേ! കേൾനീ *രത്നവുംകൊടുത്തുടനിപ്പോഴേനിരക്ക ണം ശക്തനാംഭീമൻതന്റെസത്യവുംപാലിക്കേണം * ഐകമത്യവുമി നിനിങ്ങളിൽവന്നീടണം വൈകാതെയുള്ളിലുള്ളവൈരവുംകളയേണം * രാഗദ്വേഷാദികളുമാവോളംകുറയ്ക്കണം ദൈവത്തിൻവിലാസങ്ങളെ ന്നുള്ളുമുറയ്ക്കണം * നിന്നുടെശിരോമണികൊണ്ടുപോകണമെന്നായ് വ ന്നിതുഭീമനതുകൊടുത്തേൻമതിയാവൂ * ഇത്ഥംവേദവ്യാസൻചൊന്നതു കേട്ടു ഗുരുപുത്രനുംസഹജമാംതന്നുടെശിരോമണി * ചൂന്നെടുത്തനില ജനായ്ഭീമനുനൽകി പ്രാണവേദനയോടേപോയവൻവനംപുക്കാൻ * നാരദൻതാനുംവേദവ്യാസനുമെഴുന്നള്ളി പാരിടത്തിങ്കലുള്ളസങ്കടങ്ങളും തീർന്നു * സാരസവിലോചനൻഗോവിന്ദൻനാരായണൻ നീരദനിറം പൂണ്ടനിരഞ്ജനൻസേവ്യൻ * ധർമ്മജാദികളോടുംകൂടയങ്ങെഴുന്നള്ളി നിർമ്മലൻവാസുദേവൻപ്രീതിയിൽവാണിതന്നേ *

ഇതി ശ്രീമഹാഭാരതേ ഐഷികപർവ്വം സമാപ്തം.

സ്ത്രീ

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

നൽത്തേൻമൊഴിമരത്തത്തേദിനമനുചിതേ സുഖമരുളുകസരസേ * ദുര്യോധനനിധനമദ്ധ്യേ മരുവിനമുഗ്ദ്ധേക്ഷണനുടെചരിതരസം* ബദ്ധാദരമതികൗതുകാൽദേവമുഗ്ദ്ധേ മുഗ്ദ്ധമപിമുഗ്ദ്ധരചിനീ *ശുദ്ധാത്മ നിവഹമാഭാഷിതമതിസത്യേ മമമതിരതിമധുരം * നാരായണജയനാ രായണഹരേ! നാരായണജയനാരായണഹരേ * നാരായണനുടെലീലാ വിശേഷങ്ങളുമാവോളമറിഞ്ഞുകൂടായ്കയാൽ *നേരേപറവാൻപ ണിയിന്നിക്കാര്യവും പാരാതെചൊല്ലാമറിഞ്ഞതൊട്ടൊട്ടു ഞാൻ*ആയർ കുലത്തിൽപിറന്നമായാമയനാദ്യനന്തൻ പാർത്ഥനുസൂതനായ് * മായാവികളാമസുരരാജാക്കളെ മായമൊഴിഞ്ഞുകൊല്ലിച്ചോരനന്തരം * ശൗര്യമിയന്നോരുമാരുതിയെക്കൊണ്ടു ദുര്യോധനവധംചെയ്യിച്ചകാല ത്തു*ധൈര്യമകന്നോരുബന്ധുജനംമനഃ വൈധുര്യമോടെകരഞ്ഞുതുട ങ്ങിനാർ * മക്കൾമരിച്ചോരുദുഃഖംമുഴുക്കയാലുൾക്കാമ്പഴിഞ്ഞുധൃതരാ ഷ്ട്രനരേന്ദ്രൻ * കേഴുന്നനേരത്തുസഞ്ജയൻചൊല്ലിനാൻകേഴപ്പെടായ്കനീ യെത്രയുമെന്നുവാവാഴപ്പഴംതാനശിപ്പാൻകരയുന്നബാലക്കിടാങ്ങളെപ്പോ ലെത്തുടങ്ങൊല്ലാ * കഷ്ടംനിരൂപിക്കിലക്ഷൗഹിണിപതി നെട്ടുംമഹാബ

ലരായരാജാക്കളും * കാലവശത്താൽമരിച്ചാരതിന്നിതു കാലങ്കരത്തെഴ
ൽതേടായ്കനീവൃഥാ * സഞ്ജയൻചൊന്നതുകേട്ടധൃതരാഷ്ട്രരജസാ
മോഹിച്ചുഭൂമിയിൽവീണിതു * ജ്ഞാനിയായുള്ളവിദുരരതുനേരംദീനത
യുള്ളോരരചനെമെല്ലവേ * താപാലെടുത്തുനിവൃത്തിയിരുത്തിനാൻ
താപംകെടുപ്പാൻതളിച്ചുസലിലവും * ശോകംകെടുപ്പാൻപറഞ്ഞുതു
ടങ്ങിനാൻ ശോഭനമായുള്ളവാക്കുകളോരോന്നേ * ജ്ഞാനവിജ്ഞാന
പ്രഭാവങ്ങളുള്ളനീ ദീനനാവാനൊരുകാരണമില്ലഹോ! * മൂഢതയു
ള്ളവർക്കുള്ളതൊഴിലിതു തേടൊലാമന്നവാ!പാർത്തുകാണ്കനീ * പൃ
ഥ്വീപതേ! തവപുത്രരോടൊന്നിച്ചു മിത്രമായുള്ളൊരുപൃഥ്വീപതിക
ളും * എത്രയുണ്ടിങ്ങനെമൃത്യുഭവിച്ചതു ചിത്രമൊരുകാലവൈഭവംഭൂപ
തേ! * ജാതനായാൽമൃതനാമവനെന്നൊരുനീതി ചമച്ചതുനീരജസം
ഭവൻ *കാലചക്രഭ്രമംപാർത്തുകണ്ടാലൊരുകാലവും ദുഃഖിപ്പതിനില്ലകാ
രണം * ജീർണ്ണവസ്ത്രംകളഞ്ഞപോട്ടുമാനുഷർപൂർണ്ണശോഭംനവവസ്ത്രംധ
രിച്ചീടും * ജീർണ്ണദേഹംകളഞ്ഞവ്വണ്ണംദേഹികൾപൂർണ്ണശോഭംനവദേ
ഹങ്ങൾകൊള്ളുന്നു * നിത്യമല്ലേതുമേദേഹാദികളിതു നിത്യമാകുന്നതു
നിശ്ചയമീശ്വരൻ * ചത്തുംപിറന്നുംമരിക്കുമിജ്ജന്തുക്കൾ ചിരന്തനസു
ഖദുഃഖമെന്തിന്നതിന്നഹോ * എന്നുതുടങ്ങിയതെന്നുമറിഞ്ഞതില്ലെ
ന്നിനിമാറുന്നതെന്നുമറിഞ്ഞീല * ആദ്യന്തമില്ലാതകേവലൻവേലകൾ
ക്കാദ്യന്തമില്ലെന്നറികധരാപതേ! * മുമ്പിലിവിടേക്കെവിടെനിന്നി
ക്കാല മൻപോട്ടുവന്നിതുനീയുംധരാപതേ! * പോകുന്നതിന്നിയെവി
ടേക്കതോർക്കനീ ചാകെന്നകാരിയമില്ലെന്നൊരോന്നു * നിന്നുടെ
മക്കളോപാണ്ടവരോർക്കനീ ഇന്നിനിക്കിവർമക്കളായ്വാഴുമോ? * പി
ന്നാലെവന്നവർ മുൻപിലേപോയിനാർ മുന്നമേവന്നവർപിന്നാലെയാ
യ്വരും * വാട്ടമില്ലാതവേഗനനദികളിൽ കാഷ്ഠങ്ങളെന്നകണക്കെ
ധരിക്കനീ * പാന്ഥർപെരുവഴിയമ്പലംതന്നിലേ താന്തരായ്വന്നുടൻകൂ
ട്ടർമാരുമായ് * ഓരോകഥയുംപറഞ്ഞുരമിച്ചവർ പാരംമഴതാൻവെ
യിൽതാനൊരുട്ടുതാൻ * പോരുവോളമൊന്നിച്ചിരുന്നാലോരോവഴി പോ
വോരവരവർമുമ്പുപിമ്പെന്നരിൽ * പക്ഷികളൊക്കെപ്പലവഴിവന്നൊ
രു വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരംവസി * ച്ചോരോരോവഴിപി
രിഞ്ഞുപറന്നുപോം ദുഃഖിക്കമറില്ലതിനവരാരുമേ * പർണ്ണങ്ങൾവായുവ
ശത്താലുണങ്ങിയാൽ ഒന്നൊരിത്തുകൂട്ടംചിലവായുനാ * പിന്നെയും
തങ്ങളിൽവേറാമതുപോലെ വന്നുകൂടീട്ടുമോരോടത്തുജന്തുക്കൾ * കർമ്മ
വശത്താലിതെന്നറിമന്നവ! കർമ്മക്ഷയംവരുമന്നേരംപിരികയും * അച്ഛ
നെന്നുംപുനരമ്മയെന്നും തനിക്കിച്ഛയേറീടുംകളത്രമെന്നുംചിലർ *
പുത്രനെന്നുംചിലർമിത്രമെന്നുംചിലർ ചിത്തഭ്രമമിദംചിത്രമത്രേതുലോം
* ജ്യേഷ്ഠകനിഷ്ഠാദിനാനാവിധമായ ഗോഷ്ഠികളൊക്കെക്ഷലോഭണമാ
മെത്രയും * ചർച്ചയുംചെച്ചയും കൈകൊണ്ടോരോടത്തു വാച്ചകൗതുഹ
ലസ്നേഹബന്ധത്തോടും * കൂട്ടമൊരിത്തിരിനേരമേവരവരോടിന കർമ്മഗ
തിക്കൊത്തവണ്ണമേ * ഓരോരോനാളിലോരോരോവഴിയേ പായ് വേ

റാമതിനെന്തുകാരണംകേഴുവാൻ * മൂത്തുപഴുത്തുകൊഴിയുംചിലഫല
മോർത്തീടുപൂവിൽകൊഴിഞ്ഞുപോകുംചില * പത്രങ്ങളുംപഴുത്താൽ
കൊഴിയുംചിലപൃത്ഥ്വീപതേ! തളിരുംകൊഴിയുംചില * നീർപ്പോള
പോലെശരീരങ്ങളിങ്ങനെ വാഴ്ച്ചയോട്ടുകാണാമറയുമുടനവ * കേൾക്ക
മഹീപതേ! കാണാതനിന്നെയും കേൾപ്പിച്ചതന്നെയുറപ്പിച്ചുകൂട്ടമോ?
* ഉള്ളിലെക്കൺകൊണ്ടുകാണുന്ന കാഴ്ചപോലുള്ളതാകുന്നതതോഭവാ
നുണ്ടല്ലോ * നിത്യമല്ലിക്കണ്ടതൊന്നുമറികനീ നിത്യമാകുന്നതെ
ന്തെന്നുചൊല്ലാമഹം * തത്വത്തിനാധാരമൂലമായ്സത്യമായ് സത്വ
രജസ്തമസാമതിദൂരമായ് * ജ്ഞാനമായ്മായാരഹിതമായേകമാ യാ
നന്ദപൂർണ്ണമായവ്യക്തരൂപമായ് * ആദിയുമന്തവുമില്ലാത്തവസ്തുവാ
യാധാരമിപ്രപഞ്ചത്തിനായ്സൂക്ഷ്മമായ് * വാങ്മനോഗോചരമ
ല്ലാതദൈവമായാ മ്നായമായതിന്നന്തമായത്ഥമായ് * മേവുംപരബ്ര
ഹ്മമാംപരമാത്മാവു ദേവകീദേവിതിരുമകനീശ്വരൻ * ദേവദേവൻ
മുകുന്ദൻനന്ദനന്ദനൻ ഗോവിന്ദനിന്ദിരാവല്ലഭൻസുന്ദരൻ * നിർഗ്ഗുണ
നായവൻനിർവ്വികാരാത്മകൻ ചിൽഘനനാകിയസല്പുമാനത്ഭുതൻ *
പത്മനാഭൻജഗന്മംഗലൻകേശവൻ പത്മവിലോചനൻനാരായണൻ
പരൻ * ഭക്തിയുള്ളോരുടെചിത്തത്തിൽമേവിന ഭക്തപ്രിയൻപരമേ
ശ്വരനച്യുതൻ * ജന്മവുംനാശവുമില്ലാതമംഗലൻ നിർമ്മലൻധർമ്മ
സ്ഥിരീകരൻനിർമ്മമൻ * മായാമനുഷ്യനായ്വന്നിഹഭൂമിയിൽ മായാ
മയമായകർമ്മങ്ങൾകാട്ടുവാൻ * വൃഷ്ണികുലത്തിൽപിറന്നവളന്നൊരു കൃ
ഷ്ണനാകുന്നതുവിഷ്ണുനിരന്തരം * ജിഷ്ണുവിൻതേരുനടത്തിയഗോപതി
ജിഷ്ണുമുഖാമരസേവ്യനാമവ്യയൻ * നിത്യമാകുന്നതുമിഥ്യമറ്റൊക്കയു
മിത്ഥം നിരൂപിച്ചുതച്ചരണാംബുജം * ചിത്തത്തിൽനന്നായുറപ്പിച്ചു
കൊൾകനീ മുക്തിവരുവാനതെന്നിയില്ലേതുമേ * കാമവുംക്രോധവും
ലോഭവുംമോഹവും പ്രേമവുംഭീതിയുംദുഃഖസുഖങ്ങളും * കൈക്കൊളഞ്ഞു
ശമദമസന്തോഷ സത്യാർജ്ജവൈകാന്തഭക്തിവിശ്വാസവും * കൈ
ക്കൊണ്ടുവാഴ്കനീയിനിയെന്നുടൻ മുഖ്യനായുള്ളവിദുരർപറഞ്ഞപ്പോൾ
* സംവിത്സ്വരൂപത്തിലാക്കിമനതളിരംബികാനന്ദനനായനരപതി *
ക്ഷത്താവുചിന്നെയുംചൊന്നാനവനോട്ടു ചിത്തവിഷാദംകളഞ്ഞിനി
വൈകാതെ * ഉത്തമയാകിയഗാന്ധാരിദേവിയും മിത്രവർഗ്ഗങ്ങളുംകൂടി
യൊരുമിച്ചു * സത്യപരായണന്മാരായപാണ്ഡവ ർക്കുതൽകെട്ടുത്തുനീ
രക്ഷിച്ചുകൊള്ളുക * പുത്രരാകുന്നതവർകൾനിങ്ങൾക്കിനി നിത്യസു
ഖത്തോടുരക്ഷിപ്പോർനിങ്ങളെ * ദ്വേഷവുംഭേദവുംമത്സരമാദിയാം
ദോഷവുമില്ലവർക്കെന്നറിമന്നവ! * നിങ്ങൾക്കുവേണ്ടുംപരഗതിയുമവർ
തങ്ങൾചെയ്യുന്നകർമ്മത്താൽവരുത്തുവോർ * ഇത്ഥംവിദുരർപറയുന്ന
നേരത്തു സത്യവതീസുതനായമുനീശ്വരൻ * പുത്രശോകംകളഞ്ഞീടു
വാൻ ഭാരതകർത്താവുകൃഷ്ണനാംദ്വൈപായനൻതാനും * വേഗമോടേ
യെഴുന്നള്ളിയതുകണ്ടു ശോകംകലർന്നൃപനുംവിദുരരും * വീണുനമസ്ക
രിച്ചാശ്ശുവിനയമോടാ നനപത്മവുംതാഴ്ത്തിനില്ക്കുംവിധൌ * നിത്യ

മനിത്യമെന്നുള്ളരണ്ടിങ്കലും വസ്തുവിവേകംകലന്നമഹാമുനി * നിത്യമാ
യുള്ളതുചൊന്നാൻനൃപനോട്ട ബുദ്ധിമാനായവിദുരരുംകേൾക്കവേ *
കേൾക്കമദീയമാംവാക്കമഹീപതേ! മോക്ഷമൊഴിഞ്ഞുകരുതായ്കിനി
യേതും * മക്കൾമരിച്ചിതെന്നോർത്തുശോകിക്കൊലാ മക്കളല്ലോ
ക്കിൽനിനക്കവരാരുമേ * മായയാമക്കളെന്നുള്ളചിത്തഭ്രമം മായു
മാറായതില്ലേനിനക്കിന്നിയും * വാട്ടംകളഞ്ഞുസന്തുഷ്ടനായ്വാഴ്ക
നീ കേട്ടാലുമെങ്കിൽചെവിതന്നുവാസ്തവം * ഭൂമിയിൽവന്നുപിറ
ന്നൊരസുരകൾ ഭൂമിക്കെട്ടുക്കരുതാതെചമഞ്ഞിതു * വാനവരോട്ട
മൊരുമിച്ചവൾചെന്നു ധേനുവായ്നിന്നുവിരിഞ്ചനോടോതിനാൾ
* അപ്പോൾവിരിഞ്ചനുംദേവസമൂഹവും പത്മനാഭൻവസിക്കുന്നപാ
ലാഴിയിൽ * ചെന്നുപുകണ്ണറിയിച്ചതുകേട്ടുള വണ്ണാജലോചന
നായനാരായണൻ * ദേവകീദേവിതിരുമകനായ്വന്നു ദേവകൾക്കും
ധരണിക്കുമുണ്ടായൊരു * താപംകെടുപ്പാൻപിറന്നതറികനീ താപ
മതിന്നുമനസ്സിലുണ്ടാകൊലാ * ദേവാംശമായതുപാണ്ഡവന്മാരെ
ന്നു തേറുകശോകവുംമാററുകതാവകം * മൂലവിനാശമവക്കുവരുത്തു
വാൻ മൂലമാംനിന്റെമകനാംസുയോധനൻ * പാരിൽപിറന്ന
തുപാർക്കിൽകലിയെന്നു നേരേധരിക്കെടോനിന്മകനല്ലവൻ * നിത്യമ
ല്ലിക്കണ്ടതൊന്നുമറികനീ നിത്യമാകുന്നതാത്മാവുനാരായണൻ * മി
ഥ്യയെന്നോർത്തരുളിപ്രപഞ്ചത്തെനീ സത്യമെന്നോർത്തുപോംമായകൊ
ണ്ടേവരും * ഇത്ഥമരുൾചെയ്തതൊക്കെഗ്രഹിച്ചുടൻ ചിത്തംതെളി
ഞ്ഞുവിദുരരുമാദരാൽ * അംബികാസൂനുതൻദുഃഖവുംതീർത്തുട നമ്മുനി
താനുംമറഞ്ഞരുളീടിനാൻ * അദ്ധ്യാത്മമായുള്ളവാക്കുകൾകേട്ടുപോ
യ് ഹസ്തിനംപുക്കാനരചനുമന്നേരം * ഭർത്തൃപുത്രാദികളൊക്കെമ
രിക്കയാൽ ചിത്തമുഴന്നുതൊഴിച്ചലച്ചെത്രയും * കാന്തമാരാകിയകാ
മിനീവർഗ്ഗവും ഗാന്ധാരിയോട്ടുകൂടാകുലപ്പെട്ടുപോയ് * താന്താൻമ
രുവുന്നഗേഹമകംപുക്ക ക്ലാന്തമാരായിമുറത്തുടങ്ങീടിനാർ * അംബുജ
ലോചനൻതന്നുടെചൊല്ലിനാ ലംബികാനന്ദനൻതൻകഴൽക്കുപ്പുവാ
ൻ * ധർമ്മജൻതാനുമവരജന്മാരുമായ് സന്മാർഗ്ഗമോടുനടന്നാരതു
നേരം * ആയതലോചനനാകിയമാധവ നായസമായൊരുഭീമരു
പത്തെയും * ന്യായമുണ്ടെന്നരുൾചെയ്തിട്ടപ്പിച്ചുകൊ ണ്ടായിതെഴുന്ന
ള്ളത്തെന്തതിൻകാരണം * മായാമയനായനാരായണനുടെ മായാ
വിലാസങ്ങളാക്കറിഞ്ഞീടാവൂ * ഭീതിയുംപ്രീതിയുംഭക്തിയുംദുഃഖവും
നീതിയുംനാണവുംകൈക്കൊണ്ടുധർമ്മജൻ * പാദസരോജത്തിൽവീ
ണുനമസ്കരി ച്ചാതുരനായെഴുനീററുനില്ക്കുംവിധൌ * മന്ദമന്ദംകരം
കൊണ്ടുതപ്പിപ്പിടി ച്ചുണ്ണീവരികവരികെന്നരചെയ്തു * ഗാഢഗാഢംപു
ണർന്നുമോദംനൃപൻ കൂടത്തലയിൽമുകർന്നുമുകർന്നുടൻ * ആയുഷ്മാ
നാകെന്നുപിന്നെയുംപിന്നെയു മാശിസ്സുകളരുചെയ്തുനിത്തീടിനാൻ *
പിന്നെവൃകോദരൻവന്ദിപ്പതിന്നായി നിന്നതുകണ്ടിട്ടുദേവകീനന്ദനൻ

* മെല്ലെച്ചെറുകിനീനില്ലനില്ലിങ്ങെന്നു ചൊല്ലാതെചൊല്ലിനാൻവ
ല്ലവീവല്ലഭൻ * നല്ലോരിരുമ്പുകൊണ്ടുള്ളൊരുഭീമനെ മെല്ലവേമു
ഖിലാമ്മാറുനിൎത്തീടിനാൻ * ഭീമനിതല്ലോതിരുമുമ്പിലെന്നവ രാമോ
ദമോടടുപ്പിച്ചാരതുനേരം * ഉണ്ണീമകനേ!വരികവൃകോദര! കണ്ണുകാ
ണാത്തതുനീയറിഞ്ഞീലയോ? * എന്നുപറഞ്ഞൊരുമന്നവൻതന്നുടെ
മുന്നിലടുത്തുനിൎത്തീടിനാരായസം * ചിക്കെന്നെപ്പുല്കിനാൻഗാഢംന
രപതി യൊക്കെപ്പൊടിഞ്ഞിതുഭീമപ്രതിമയും * നിന്നിൽവളൎന്നൊരു
സന്തോഷമോടുഞാൻ നന്നായ്മുറുകെപ്പുണൎന്നേനതുമൂലം * എല്ലുനു
റുങ്ങിമരിച്ചിതോപൈതലേ മെല്ലവേയൊന്നുഞരമ്പീതുമില്ലുന്നീ * ദുഃ
ഖങ്ങളുണ്ടായതൊക്കെക്കളഞ്ഞുഞാ നിക്കാലമിങ്ങനെസൌഖ്യംകലൎന്നി
നി * മക്കളുമായിരിപ്പാൻനിനച്ചേനതു മൊക്കെയരുതെന്നോൎത്തൊന്നീ
ല്ലുദൈവമേ! * ആപത്തുവന്നാലതില്പരമീശ്വര നാപത്തുതന്നെവരു
ത്തുമേമേല്ക്കുമേൽ * ആലിംഗനത്തിങ്കലാശുമരിക്കമെ ന്നാരാനുമുണ്ടോ
നിരൂപിച്ചതീശ്വര! * കീചകനാലിംഗനേനമരിച്ചപോൽ നാശം
നിനക്കതുമൂലമാകയോ * ചിത്തമഴിഞ്ഞുധൃതരാഷ്ട്രരാകുലാൽ മി
ഥ്യാവിലാപങ്ങൾചെയ്താൻബഹുവിധം * ഭീമസേനന്മരിച്ചാനെന്നു
കല്പിച്ചു ഭീമനാമ്മന്നൻവിലാപംതുടങ്ങിനാൻ * ഇത്ഥംപ്രലാപംകല
ൎന്നൊരുനേരത്തു തത്ത്വസ്വരൂപനഖിലലോകാത്മകൻ * സൎവ്വഭൂതാ
ന്തഃസ്ഥിതനാകുമീശ്വരൻ ദുൎവ്വിലാപംചെയ്തമന്നവൻതന്നോടു * മ
ന്ദസ്മിതംചെയ്തുമന്ദമരുൾചെയ്തു മന്ദമതിമതാംബോധത്തിനായ്മുദാ*
വൈചിത്ര്യവീൎയ്യനായുള്ളമഹീപതേ! വൈചിത്ര്യമെത്രയുമിത്തൊഴിൽ
താവകം * മന്നവ!നീയിതുചെയ്യുമെന്നുള്ളതു മുന്നമേയുള്ളിലറിഞ്ഞി
തുഞാനെടോ! * ഭീമനല്ലപൊടിയായതുഭൂപതേ! ഭീമപ്രതിമയാരയോ
മിരിമ്പായതും * ഖേദിക്കവേണ്ടമരിച്ചീലമാരുതി ഖേദംവരുത്തുകയി
ല്ലുഞാനാൎക്കുമേ * ഇന്നുമൊന്നുണ്ടുപറയുന്നിതുനിന ക്കിന്നിയുംനല്ലതു
തോന്നുകിൽനന്നഹോ * ഇത്തരമൊക്കവേവച്ചുകളഞ്ഞിനി ച്ചിത്ത
ത്തിൽനല്ലതെല്ലാംകരുതീടുക * രാഗാദിദോഷങ്ങളൊക്കെക്കളഞ്ഞി
നി ഭാഗവതപ്രിയനായ്വാഴ്കസന്തതം * സ്വൈരമായ്വാഴ്കനന്ദന
ന്മാരുമായ്വൈരംകളഞ്ഞുസമനായിരിക്കണം * സജ്ജനസേവ്യനാമ
ച്യുതൻവാക്കിനാൽ ലജ്ജിതനായ്തുലോമന്ധനാംഭൂപനും * പിന്നെ
ക്രമേണതഴുകിനാൻമക്കളെ ഖിന്നഭാവംകളഞ്ഞീടിനാരെവരും * കാ
ന്തവിലോചനമാരുമായ്പാണ്ഡവർ ഗാന്ധാരിയെത്തൊഴുവാൻനട
ന്നീടിനാർ * അപ്പോൾപരാശരപുത്രനാംവ്യാസനും മുല്പാടുഗാന്ധാ
രിയെക്കണ്ടുചൊല്ലിനാൻ * ശാപംകൊടുക്കൊലാപാണ്ഡവന്മാൎക്കു
നീ താപംവരുത്തൊലാമേലിലുമേതുമേ * കോപമാകുന്നതുവിത്തെ
ന്നറിയണം പാപമാകുന്നമരാമരത്തിന്നെടോ * നിൎമ്മലന്മാരായധൎമ്മ
ജന്മാദികൾ സമ്മതമുള്ളവർനിന്നുടെമക്കളെ * നന്മയോടേധരിച്ചീ
ടുകമററിനി കൎമ്മമത്രെകരഞ്ഞെന്തിനിക്കാരിയം * നിൎമ്മലമാനസ
യാകിയനീയിനി ക്കല്മഷംതീൎപ്പാനുപായവുംചിന്തിച്ചു * കൎമ്മവിച്ഛേ

ദംവരാതെനിരന്തരം ധൎമ്മങ്ങളുംചെയ്തുബന്ധുജനത്തൊടും * ഭൎത്തൃശു
ശ്രൂഷയുംചെയ്തു സുതരുമായത്തൽകളഞ്ഞുവസിക്കയെന്നിങ്ങനെ * സ
ത്യവതീസുതനായതപോധനൻ ചിത്തവിഷാദംകളഞ്ഞോരനന്തരം
* വന്നുവണങ്ങിനാർധൎമ്മജനാദികൾ നന്നായണച്ചവളുംതെഴുകീടി
നാൾ * ഗാന്ധാരിതന്നുടെദൃഷ്ടിപാതത്താൽകൃതാ ന്താത്മജനംഗുനഖി
യാപ്പന്നിതു * കുന്തിയേയുംതൊഴുതീടിനാരാദരാൽ ചിന്തതെളിഞ്ഞ
വളുംതഴുകീടിനാൾ * അനന്തരമാകുലപ്പെട്ടുതൊഴിച്ചുല ച്ചിന്ദിവരാക്ഷി
യാംദ്രൗപദിവന്നിതു * മററുസുഭദ്രയുമുത്തരയുംകര ഞ്ഞുററവരായുള്ള
നാരീജനങ്ങളും * ചുററുംപിടിച്ചുമിടിച്ചുംതൊഴിച്ചുമ ങ്ങററമില്ലാതൊ
രുദുഃഖംമുഴുക്കയാൽ * ഉററവരെച്ചൊല്ലിവാവിട്ടലറിയു മിററിററുക
ണ്ണുനീർവീണങ്ങാഴകിയും * വീണുമുരണ്ടുംപുരണ്ടുംപലതരംകേണുംകി
ഴിഞ്ഞഴിഞ്ഞാംബരംതാങ്ങിയും * കേശമഴിഞ്ഞുപൊടികൊണ്ടണിഞ്ഞു
മുൾ ക്ലേശംപൊറാഞ്ഞുനടുങ്ങിയുമങ്ങിനെ * കുന്തിയെക്കണ്ടുപുണന്നാ
ശ്രുപാഞ്ചാലി സന്തതമൊലുന്നകണ്ണുനീരോടുക്ക * ടമ്മേ!ചതിച്ചാരൊ
രൈവർകുമാരരും പൊന്മകനാമഭിമന്യുവുമിങ്ങിനെ * എന്നോടുകൂടി
പ്പിറന്നധൃഷ്ടദ്യുമ്നനെന്നെയീവണ്ണംകരയുമാറാക്കിനാൻ* ഭാഗ്യമില്ലാ
തപെണ്ണുങ്ങൾക്കുമുമ്പിനി ക്കാക്കിച്ചമച്ചിതോദൈവംവിധിവശാൽ *
അമ്മേ!സുബലജേ!നിൎമ്മലേഗാന്ധാരി ചെമ്മേപൊറുക്കുന്നതെങ്ങനെ
ഞാനയ്യോ! * എന്നെന്മകളെ! നീയെന്നെനിരൂപിക്ക ചിന്തിക്കിലെ
ന്തുശരണമിനിക്കിനി * അന്ധനാകുന്നൊരുഭൎത്താവുതന്നെയു മന്ത്യ
കാലത്തിങ്കലാരോരിപ്പുതും * ഉത്തമയായുള്ളകുന്തിയുംകൃഷ്ണയു മുത്തര
യോടുസുഭദ്രഗാന്ധാരിയും * തങ്ങളെക്കൂടെമറന്നാരഴൽകൊണ്ടു തങ്ങ
ളിൽത്തങ്ങളിൽനന്നായ്ത്തഴുകിയും * കണ്ണുനീർവീണുനിറഞ്ഞുനില
ത്തുരുണ്ടുണ്ണീ!മകനേ!സഹോദര! വല്ലഭ! * ഞങ്ങളെവൈകാതെകൊ
ണ്ടുപൊയ്ക്കൊള്ളുവി നിങ്ങിനെയെന്തിനുഞങ്ങളിരിക്കുന്നു * നിങ്ങൾ
കൂടാതെനിമിഷംപൊറുക്കുമോ നിങ്ങളെഞങ്ങളിനിയെന്നുകാണുന്നു *
ഇത്തരംചൊല്ലിക്കരയുന്നനേരത്തു ചിത്തമുഴന്നൊരുഗാന്ധാരിചൊല്ലി
നാൾ * പോകകുരുക്ഷേത്രമാകിയഭൂമിയിൽ പോരിൽമരിച്ചോരവർക
ളെന്നാകിലും * കാണാമവരുടൽമേലിലൊരുകുറി കാണണമെന്നുതോ
ന്നീടുകിലാവതോ * പോരികവൈകരുതേതുമിനിയുടൻ പോരിൽമ
രിച്ചവരെക്കണ്ടുകൊള്ളുവാൻ * എന്തിനിവളുള്ളിലിങ്ങനെതോന്നിച്ചു
തെൻപെരുമാനെന്നതാക്കറിഞ്ഞീടാവു * കുന്തലുംകെട്ടിനടന്നുതുട
ങ്ങിനാർ ഗാന്ധാരിയോടുസുഭദ്രപാഞ്ചാലിയും * ഉററവരായുള്ളമററു
ള്ളനാരിമാർ ചുററുംനടന്നിതുഗാന്ധാരിതന്നൊടും * സന്മതിയാകിന
ധൎമ്മജന്മാദിയും ദുൎമ്മതിപൂണ്ടധൃതരാഷ്ട്രഭൂപനും * ഗ്രന്ധസ്ഥിതനാ
യകൂടസ്ഥനീശ്വരൻ ഗ്രന്ധസ്ഥനവ്യയനായമായാമയൻ * കൂടെനട
ന്നിതുപാണ്ഡവന്മാരുമായ് ഗ്രന്ധമായൊന്നുണ്ടതിങ്കലുംമാനസേ *
അഷ്ടാദശാക്ഷൗഹിണീബലമൊക്കവേ പട്ടുകിടക്കുന്നപോൎക്കളംതന്നി
ലേ * ചെന്നവർനിന്നതുനേരംപരാശരൻ തന്നുടെപുത്രനനുഗ്രഹം

ചെയ്കയാൽ* ദൂരെക്കിടക്കും ശവങ്ങളെയൊക്കവേ ചാരത്തു കണ്ടിതു ഗാ
ന്ധാരിയും തദാ * പത്തു സഹസ്രം ഗജാശ്വരഥികളും പത്തിയും പ്രത്യേ
കമൂക്കോടടുത്തുടൻ * പത്തു ദിവസവും കൊന്ന ദേവവ്രതൻ അസ്ത്രപ്രവ
രനാമർജ്ജുനൻ തന്നുടെ * പത്രികൾ കൊണ്ടുടൻ ഛിദ്രമാമംഗവും ഭക്ത
പരായണനായ നാരായണൻ * രക്തസരോജപദങ്ങളിലെത്രയും ഭക്തി
മുഴുത്തതി നിശ്ചലമായൊരു * ചിത്തവും ബദ്ധാഞ്ജലിപൂണ്ട ഹസ്തവും
എത്രയും കൂർത്തു മൂർത്തുള്ള ശരങ്ങൾ കൊ ണ്ടുത്തമമായൊരു മെത്തമേലങ്ങ
നെ * മുക്തിയാം നാരി വരുന്നതും പാർത്തു പാ ർത്തത്യന്തശുദ്ധനായ് മേ
വുന്ന ഭീഷ്മരെ * ചിത്തഭാവത്തൊടു കാണായിതന്തികേ പത്തുമൊരെട്ടും
ദിവസവും മുട്ടാതെ * യുദ്ധങ്ങൾ ചെയ്തു മരിച്ചു കിടക്കുന്ന പൃത്ഥ്വീപതി
കൾ മുടി കടകാദിയും * വിസ്തൃതമായ രഥങ്ങൾ കൊടികളും രക്ത
ത്തിൽ വീണിഴയും കൊടിക്കൂറയും * ഛത്രങ്ങൾ ചാമരം താലവൃന്ദങ്ങളും
ശസ്ത്രങ്ങളും ശസ്ത്രകൃത്തഗാത്രങ്ങളും * മസ്തകത്തിങ്കേന്നു വേർപെട്ടു വീ
ണൊരു ചിത്രപടവുമുദച്ഛ്രിത്തവും തൊങ്ങലും * തപ്തകാർത്തസ്വരാലംകൃത
സ്കന്ധവും ചത്തുചത്തൊക്കെ മലച്ചു കിടക്കുന്ന * ഹസ്തിവരന്മാരുമ
ശ്വഗണങ്ങളു മററമില്ലാതൊരു ശസ്ത്രങ്ങൾ കൊണ്ടു കൊ * ണ്ടററു പിള
ന്നൊരവയവജാലവു മസ്തമിപ്പാനടുത്തോരു നേരത്തുവ * ന്നൊത്തു
മേഘങ്ങൾ പരന്നപോലെ ഗള ദ്രക്തങ്ങൾ കൊണ്ടതി സിക്തമായുള്ളൊ
രു * യുദ്ധഭൂമൌ നിരത്തിക്കിടക്കുന്നൊരു പുത്രസമൂഹവും മിത്രവർഗ്ഗങ്ങ
ളും * ഗൃദ്ധ്രങ്ങൾ നാനരികാകസമൂഹവും പക്ഷിഗണങ്ങളും നക്തഞ്ച
രാദിയും * കണ്ടു കണ്ടിണ്ടൽ മുഴുത്തു ഗാന്ധാരിവൈ കുണ്ഠനാം മാധവൻ
തന്നോടു ചൊല്ലിനാൾ * കണ്ടീലയോ നീ മുകുന്ദ! ധരണിയി ലുണ്ടായ
മന്നരിൽ മുമ്പൻ ഭഗദത്തൻ * തൻ കരിവീരനരികേ ധനുസ്സുമായ് സം
ക്രന്ദനാത്മജനെയ്ത ശരത്തിനാൽ * വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ! * നല്ല മരതകക്കല്ലിനോടൊ
ത്തൊരു കല്യാണരൂപൻ കുമാരൻ മനോഹരൻ * ചൊല്ലെഴുമർജ്ജുനൻ
തന്റെ തിരുമകൻ വല്ലവീവല്ലഭ! നിന്റെ മരുമകൻ * കൊല്ലാതെ കൊ
ള്ളാഞ്ഞതെന്തവൻ തന്നെ നീ കൊല്ലിക്കയത്രേ നിനക്കു രസമെടോ! *
അല്ലലാകുന്നിതേ കണ്ടതോറുമിനി ക്കൊല്ലായ്കിലും പൊളിയല്ലിതു ദൈവ
മേ! * മന്ദസ്മിതം പൂണ്ടു സുന്ദരമാം മുഖ മിന്ദീവരേക്ഷണ കണ്ടാൽ പൊ
റുക്കുമോ? * എത്രയും ബാലയായുള്ളവിനോരുത്തര ചിത്തമുഴന്നലറുന്ന
തു കാൺകനീ * സുന്ദരിയായ സുഭദ്രയും ഭൂമിയിൽ ക്രന്ദനം ചെയ്തുരുളുന്നതും
പാർക്കനീ * അല്ലൽ പൂണ്ടിങ്ങിനെ ഞങ്ങൾ കേഴുന്നതി നില്ലയോ ഖേദം
ചെറുതുമിന്മാനസേ? * കല്ലുകൊണ്ടോ മനം താവകമെങ്കില കല്ലിനു
മാർദ്ദവമുണ്ടിതു കാണുമ്പോൾ * അല്ലേ ഘടോല്ക്കചനായ ഭീമാത്മജ ന
ല്ലോ കിടക്കുന്നതങ്ങതിനപ്പുറം * നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലപുരി പുക്കാൻ * കണ്ഠം മുറിഞ്ഞു ജയദ്രഥൻ തന്നു
ടൽ കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ * എന്മകൾ ദുശ്ശള കേഴുന്ന
തോർത്തിനി ക്കെന്മനം വെന്തുരുകുന്നു ശിവശിവ! * ദ്രോണരെസ്സംസ്കരി

ല്പിച്ചനിലമതാ കാണുന്നിതാരണനായതല്ലയോ * ധൃഷ്ടതയുള്ളധൃഷ്ട
ദ്യുമ്നനേററവും ശിഷ്ടനായൊരുഗുരുവിനെക്കൊല്ലുവാൻ * മററൊ
രുത്തൻതാനൊന്നിട്ടമോമാനസേ മുററുമിവനൊഴിഞ്ഞോർക്കിൽമഹാമ
തേ! * അശ്വത്ഥാപുനരതിനങ്ങേപ്പുറത്തതാ മെയ്യുഴകുള്ളദുശ്ശാസനനെ
ന്മകൻ * മാരുതികീറിപ്പിളർന്നുകുടിച്ചൊരു മാറിടംകണ്ടാൽപൊറുക്കുമോ
പൈതലേ! * നീയെന്തിവണ്ണമെന്മാധവാകാട്ടുവാൻ തീയതുകത്തുന്നി
തെന്നുള്ളിലീശ്വരാ! * മാറുമോകണ്ണുനീരിന്നിനിക്കുണ്ടായ താറുമോ
ശോകമെന്മാനസേഗോപതേ! * എന്റെമകൻദുരിയോധനൻതൻമ
കൻ തന്റെശരീരമതല്ലോദയാനിധേ! * ലക്ഷണമുള്ളൊരുപൈതലാ
മെന്നുടെ ലക്ഷണാ! നീയുംചതിച്ചിതോഞങ്ങളെ * കണ്ണുകൊണ്ടിങ്ങി
നെകാരണമെന്നതു മുണ്ണികളെയിനിക്കെന്തിതുതോന്നുവാൻ! * ക
ണ്ണനാമംഗനരാധിപനെന്നുടെ യുണ്ണികൾക്കേററംപ്രധാനനായുള്ളവ
ൻ * കുണ്ഡലമററിതാവേറെകിടക്കുന്നു ഗണ്ഡസ്ഥലമതാപിന്നെയും
മിന്നുന്നു * വില്ലാളികളിൽമുൻപുള്ളവൻതന്നുടെ വില്ലിതാവേറെകിടക്കു
ന്നതീശ്വരാ! * കണ്ടാൽമനോഹരനാമവൻതന്നുടൽ കണ്ടാലു
മൻപോടുനായുംനരികളും * ചെന്നുകടിച്ചുവലിക്കുന്നതിങ്ങിനെ
വന്നതിനെന്തൊരുകാരണംദൈവമേ! * പൂരിച്ചഖേദാൽകരം
മടിയിൽചേർത്തു ഭൂരിശ്രവാവിൻപ്രണയിനികേഴുന്നോൾ * ഉൻമൂ
ലനാശനകാരണനാകിയ ദുർമ്മതിവീരൻശകുനിയുടെയുടൽ *
പക്ഷികൾതങ്ങൾക്കുഭക്ഷണമാക്കിനാൻ പക്ഷമായുള്ളതുകണ്ടീലയോ
ഹരേ! * ഉണ്ണീമകനേ! ദുര്യോധന! തവപൊന്നിൻകിരീടവുംഭൂഷണ
ജാലവും * ഉമ്പർകോനൊത്തൊരുവൻപുംപ്രതാപവും ഗംഭീരമായൊരു
ഭാവവും ഭംഗിയും * ഇട്ടംകളഞ്ഞുടനെന്നെയുമെത്രയു മിഷ്ടമായിട്ടുംപി
താവിനെത്തന്നെയും * പെട്ടെന്നുപേക്ഷിച്ചുപൊയ്ക്കൊണ്ടതെന്തുനീ
പൊട്ടുന്നിതെന്മനംകണ്ടിതെല്ലാമഹോ! * പട്ടുകിടക്കമേലേകിടക്കുന്ന
നീ പട്ടുകിടക്കമാറായിതോചോരയിൽ * പുഷ്ടകോപത്തോടുമാരുതി
തച്ചുടൻ പൊട്ടിച്ചകാലുമൊടിച്ചുകൊന്നിങ്ങനെ* കണ്ടുകൂടായിനിക്കെ
ന്നുഗാന്ധാരിയും മണ്ടിനാൾവീണാളുരുണ്ടാൾതെരുതെരെ * പിന്നെ
മോഹിച്ചാളുണന്നാൾപൊടുക്കനെ ഖിന്നതപൂണ്ടുകരഞ്ഞവൾചൊല്ലി
നാൾ * ഇത്രകുടിലതപമുണ്ടായൊരുത്തനെപ്പൃഥ്വിയിലിങ്ങനെകണ്ടീല
കേശവ! * പാങ്ങായൊരുപുറംനിന്നുനീപോരതിൽ നീങ്ങാതഭിമാനി
കളായഭൂപരേ * രണ്ടുപുറത്തുമുള്ളോർകളെക്കൊല്ലിച്ചു കൊണ്ടതുമററാ
രുമല്ലനീയെന്നിയേ * എന്തിനുമററുള്ളവരെപ്പറയുന്നു ചിന്തിക്കിൽനി
ന്നറിമായമിതൊക്കെയും * ഗാന്ധാരിപിന്നെയുംചൊന്നാൾമുകുന്ദനോ
ടാന്തരമിത്രയുമുള്ളൊരുനീയുംതവ * വംശവുംകൂടെമുടിഞ്ഞുപോമില്ലൊരു
സംശയംമൂന്നുപന്തീരാണ്ടുചെല്ലുമ്പോൾ * അങ്ങിനെതന്നെവരണമെ
ന്നുള്ളതു ണ്ടിങ്ങിനിക്കുംമനക്കാമ്പിൽസുബലജേ! * നന്നായിതുഭവതി
ക്കുമിനിക്കുമ തൊന്നുപോലേമതമായതുമീശ്വരൻ * തമ്മിലീവണ്ണംപറ
യുന്നനേരത്തു ധർമ്മജനോടുചൊന്നാൻധൃതരാഷ്ട്രനും * യുദ്ധത്തിൽവീ

ണമരിച്ചുനൃപരുട ലെത്രയുംവൈകാതെസംസ്കരിപ്പിക്കനീ * നല്ലകൃപമതുചെയ്യിക്കമെന്നതു തുല്യമതിയായധമ്മജൻചൊല്ലിനാൻ * ബുദ്ധിവിലോചനനായനരപതി യുധിഷ്ഠിരമൌനിന്നഭാൎയ്യയുംതാനുമായ് * ഹസ്തിനമായപുരിപുക്കരുളിനാ നന്തലുമൊട്ടുചുരുക്കിമരുവിനാൻ * ശുദ്ധമനസ്സഹജാദിയുമായഥ ശുദ്ധമനസ്സാംനൃപതിയുധിഷ്ഠിരൻ * ശുദ്ധനഖണ്ഡൻജഗത്പരിപൂൎണ്ണനാം ഭക്തപ്രിയൻപരമാത്മാപരാപരൻ * നിത്യനാംദേവകീപുത്രൻനിരുപമൻ സത്യസ്വരൂപനനന്തനനാകുലൻ * നിൎജ്ജരസേവിതൻ നിഷ്കളൻനിൎഗ്ഗുണൻ നിൎജ്ജരനായകപുത്രപ്രിയസഖി * ചിത്താദികൾക്കുചെന്നെത്തരുതാതൊരു തത്വാത്മകൻനാനാതത്വസ്ഥിതൻപരൻ * വ്യക്തനവ്യക്തനസക്തൻഭുവനസംവൃത്തൻ വിവിക്തവാസപ്രിയൻമാധവൻ * ഭുക്തിമുക്തിപ്രദൻഭക്തിയുക്താത്മനാം ശക്തിയുക്തൻമഹത്തത്വമാകുന്നവൻ * വൃഷ്ണിവംശോത്ഭവനാകിയകേശവൻ വിഷ്ണുദേവാൻവിരിഞ്ചഹരാൎച്ചിതൻ * ജിഷ്ണുതനയകമാബ്ജധരനായ കൃഷ്ണനുംകൂടിമോദാലെഴുന്നെള്ളിനാൻ * അങ്ങൾതങ്ങൾക്കുചിതന്മാക്കശിഷ്ടരും ഗംഗയിൽനിന്നുദകക്രിയയുംചെയ്താർ * മംഗലംപൂണ്ടുവസിച്ചാരിനിയുടൻ നിങ്ങളോടിന്നുചൊല്വാൻവേലയുണ്ടിതിമംഗലംവരികെന്നാൾ കിളിമകളും *

ഇതി ശ്രീമഹാഭാരതേ സ്ത്രീപൎവ്വം സമാപ്തം.

ശാന്തി.

ഹരിഃ ശ്രീഗണപതയേ നമഃ അവിഘ്നമസ്തു.

അയ്യയ്യാ!നന്നുനന്നുഭാരതകഥയിതു നീയിന്നുമടിയാതെചൊല്ലുണമല്ലോശേഷം * പയ്യുംദാഹവുംതീൎത്തുപയ്യായതോടമമ പയ്യവെസംക്ഷേപിച്ചുചൊല്ലുനല്ലിതിഹാസം * ചൊല്ലുവാൻവേലയിതിന്മേലെടം കഥയെല്ലാം നല്ലനല്ലധ്യാത്മജ്ഞാനാദികളാകയാലെ * മല്ലാരിമധുവൈരിമാധവനനുഗ്രഹാൽ ചൊല്ലുവൻചുരുക്കിഞാൻകേട്ടുകൊള്ളുവിനെങ്കിൽ * മാൎത്താണ്ഡാത്മജനോടുധാൎത്തരാഷ്ട്രന്മാരെല്ലാംമാൎത്താണ്ഡാത്മജപുരംപ്രാപിച്ചോരനന്തരം * മാൎത്താണ്ഡാത്മജൻകൂടെമരിച്ചുപോയതോൎത്തു മാൎത്താണ്ഡാത്മജസുതനാൎത്തിയായിതുതുലോം * മാൎത്താണ്ഡോദയംകണ്ടുധാത്രീനിൎജ്ജരന്മാരും മാൎത്താണ്ഡസമന്മാരാംതാപസശ്രേഷ്ഠന്മാരും * സന്ധ്യാവന്ദനംചെയ്തുകുന്തീനന്ദനനൃപാലാന്തികേചെന്നനേരമാസനപാദ്യാൎഘ്യാദി * കൊണ്ടുപൂജിച്ചുനമസ്കരിച്ചുനൃപാധിപൻ കുണ്ഠനായ്നിന്നീടിനാനനുജാദികളോടും*ഒന്നൊഴിയാതെമമദുൎന്നയമേറുകയാൽ കൎണ്ണനുംമരിച്ചിതുരാജ്യലോഭത്താലല്ലോ * കൎണ്ണനെനിരൂപിച്ചുകണ്ണുനീരോടുമേവം ഖിന്നനായ്ശ്രീനാരദൻതന്നോ

ട്ടചൊന്നനേരം * കണ്ണൻതന്റെദന്തമാകർണ്ണ്യതാമെന്നാലെന്ന മന്നവൻ
തന്നെനോക്കിനാരദനരുൾചെയ്തു * ബ്രഹ്മാസ്ത്രമപേക്ഷിച്ചാനാചാൎയ്യ
നോട്ടകണ്ണൻ ബ്രഹ്മജ്ഞൻഭാരദ്വാജനന്നേരംചൊല്ലീടിനാൻ * വേദ
ജ്ഞന്മാൎക്കയതിന്നധികാരിതയുള്ളു സൂതനാകിയനിനക്കതിനില്ലധി
കാരം * എന്നതുകേട്ടഗ്ഗുരുതന്നോടുപിണങ്ങിപ്പോയ് ചെന്നുസേവിച്ചീ
ടിനാൻപരശുരാമൻതന്നെ * ബ്രാഹ്മണനെന്നുകല്പിച്ചവനുംപഠിപ്പി
ച്ചാൻ കാർമുകവേദമെല്ലാംഭാർഗ്ഗവന്മടിയാതെ * ഗുരുശുശ്രൂഷയുംചെ
യ്തരികേദിനമനു മരുവീടിനകാലംഭാർഗ്ഗവൻകണ്ണനുടെ * മടിയിൽതല
യുംവച്ചുറങ്ങീടിനനേരം തുടമേലൊരുകീടംകടിച്ചാൻകണ്ണനപ്പോൾ *
ഉറക്കമുണരുംപോംഗുരുവിനെന്നുപേടി ച്ചുറപ്പിച്ചിരുന്നുകാലിളക്കംവരു
ത്താതെ * ചോരയുമൊലിച്ചിതുപാരമായതുനേരം ധീരതകണ്ടുപുനരു
ണൎന്നനേരംരാമൻ * അന്തണനല്ലഭവാനസത്യമെന്നോടുവ ന്നെന്തിനു
പറഞ്ഞിതുവെറുതെമൂഢാത്മാവേ! * ചതിച്ചുപഠിച്ചുള്ളോരസ്ത്രങ്ങൾ
ശത്രുക്കളോ ടെതിൎത്തുമുട്ടുന്നേരംതോന്നാതെപോകയെന്നാൻ * ഭീതിപൂ
ണ്ടവിടെനിന്നപ്പൊഴേപോയികണ്ണനാധിയായിതുപാരം പിന്നെയുമിപ്പു
കേൾനീ * ഭൂദേവനുടെപശുകൊന്നുപോയിതുബലാലാതുരചേതസ്സൊ
ടുശപിച്ചുഭൂദേവനും * ഭേദമെന്നിയേനിന്നുപൊരുതുമുറുകുമ്പോൾ മേ
ദിനിതന്നിൽത്താണുപോകതേരുരുളെന്നാൻ * ഇന്ദ്രനും കവചകുണ്ഡ
ലങ്ങൾചെന്നുഭൂദേവേന്ദ്രനായപേക്ഷിച്ചുവാങ്ങിക്കൊൾകയുംചെയ്താൻ
* നന്ദനന്മാരെമമകൊല്ലായ്കെന്നൊരുസത്യംകുന്തിയുംചെയ്യിപ്പിച്ചാൾ
കണ്ണനെക്കൊണ്ടുമുന്നം * ശൂരനാംഫല്ഗുനചൻതന്നെനിഗ്രഹിപ്പി
ച്ചു സാരമായിരുന്നവേൽകളയിപ്പിച്ചുകൃഷ്ണൻ * നിന്ദിച്ചാൻമഹാരഥ
ഗണനേമന്ദാകിനീ നന്ദനൻതന്നെക്കണ്ണൻപിന്നെയുംനിരൂപിച്ചാൽ
* ഇത്തരംപലപലവസ്തുക്കൾചെയ്തിട്ടത്രേ മൃത്യുവന്നകപ്പെട്ടുമിത്രപുത്രനു
രുനം * ചോരവിദ്യയ്ക്കുഫലമേതുമില്ലറിയേണം നേരോടേഗ്ഗുരുവിനെ
ച്ചതിയാതിരിക്കണം * ജനിച്ചനേരംതന്നെവിധിച്ചമരണത്തെ നിന
ച്ചുദുഃഖിക്കുന്നജനത്തെനിരൂപിച്ചാൽ * എനിക്കത്ഭുതമുണ്ടായ്വരുന്നുധ
ൎമ്മാത്മജ! മനക്കാമ്പിങ്കലതുംമായാവൈഭവമല്ലൊ * സമരത്തിങ്കലേ
തുംപിന്തിരിയാതെമരി ച്ചമരതവുംവാണുസുഖിച്ചീടുന്നുകണ്ണൻ * അ
വനെനിരൂപിച്ചുവെറുതേവേണ്ടദുഃഖ മവനീപതേഭവാനജ്ഞാനിയല്ല
യല്ലോ*ഭുവനിവഴിപോലെരക്ഷിക്കധൎമ്മത്തെയു മവനിദേവപശുപ്ര
മുഖപ്രജാവൃന്ദ * മവനംചെയ്തിടണംധരണീ പതിയായാലവനേ
പിന്നെപ്പരഗതിയുമുള്ളുനൂനം * എന്നരുൾചെയ്തുമുനിനാരദനെഴുന്ന
ള്ളി പിന്നെയും നൃപേന്ദ്രനുവൎദ്ധിച്ചുദുഃഖമുള്ളിൽ * അന്നേരംഭീമസേ
നൻചെന്നഭിവാദ്യംചെയ്തു മന്നവ!ശോകിക്കരുതെന്നുരചെയ്തീടി
നാൻ * വ്യാകുലചേതസ്സോടുംഭീമനോടുരചെയ്താൻ ശോകനാശനമാ
യമോക്ഷത്തെസാധിക്കേണം * ഭോഗാൎത്ഥംസ്വജനത്തെയൊക്കവേവ
ധംചെയ്തു ലോകത്തെദണ്ഡിപ്പിച്ചുനരകംവന്നീടാതെ *ഭോജവൃഷ്ണ്യന്ധ
കന്മാരാലയന്തോറുംനിന്നു ഭോജനത്തിനുഭിക്ഷയേററുകൊള്ളുവൻ

മേൽനാൾ*ഇത്തരംനൃപവാക്യംകേട്ടതുനേരംഭീമനന്തര മുരചെയ്താനെ
ന്തിനുചാപല്യങ്ങൾ * ശത്രുസംഹാരംചെയ്തുഭൂമിയെ വാണീടവാനെ
ത്രയുംവേലചെയ്യേന്നരുളിച്ചെയ്തുമുന്നം * ഇന്നിപ്പോൾഭിക്ഷാടനംചെ
യ്യുന്നോനെന്നുംകേട്ട നന്നിതുതോന്നീടുന്നതെത്രയുമനാശാസ്യം *രാജ്യ
പാലനംചെയ്തുസൽപ്രജകളാലെല്ലാം പൂജ്യനായ്തുരഗമേധാദികൎമ്മവും
ചെയ്തു * കീൎത്തിയെവൎദ്ധിപ്പിച്ചുമോക്ഷത്തെലഭിക്കേണം പാൎത്ഥിവേന്ദ്ര
ന്മാരായാലെന്നല്ലാരോദോക്തിയും * സ്വകൎമ്മംകൊണ്ടുസേവിക്കുന്ന
തീശ്വരപ്രീണനം വികൎമ്മംകൊണ്ടുസാധിക്കുന്നതുനരകവും * പരിപാല
നംയുദ്ധമെന്നിവകുലധൎമ്മം നരപാലകന്മാൎക്കെന്നറിയാഞ്ഞതല്ലയല്ലോ
* ഇത്ഥംമാരുതിപറഞ്ഞീടിനോരനന്തരം വൃത്രാരിതനയനുമപ്പോലെ
തന്നെചൊന്നാൻ * നമ്മോടുപലവിരോധങ്ങളുംചെയ്താരവർനിൎമ്മൎയ്യാ
ദങ്ങളായിട്ടെന്നതുകൊണ്ടല്ലയോ? * ജയമുണ്ടായിനമുക്കീശ്വരകാരുണ്യ
ങ്കൊണ്ടെയശസ്സുണ്ടാമിനിരാജ്യത്തെയുപേക്ഷിച്ചാൽ * അൎജ്ജുനൻചൊ
ന്നവണ്ണമശ്വിനീസുതന്മാരും സജ്ജനമായിട്ടുള്ളോരെല്ലാരുമുരചെയ്താർ
* ധൎമ്മസൂക്ഷ്മങ്ങളറിഞ്ഞീടിനപാഞ്ചാലിയാം ധൎമ്മപത്നിയുംരാജ്യംപ
രിപാലിക്കയെന്നാൾ * വേദവ്യാസനുംകൃപർവിദുരാദികളെല്ലാം മേദി
നിപാലിക്കെന്നുസാദരംചൊല്ലീടിനാൻ * ദേവദേവേശൻകൃഷ്ണൻമാ
ധവൻദേവൻ ദേവവന്ദിതൻപരൻഭുവനേശ്വരൻവാസുദേവൻ * അം
ബുജദളനേത്രൻഗോവിന്ദൻവിഷ്ണുവാമദേവസേവിതൻ മധുസൂദനൻ
നാരായണൻ *ദേവകീസുതൻതാനുമാവോളമരുൾചെയ്തു * വിപ്ര
ന്മാരെയുംപശുക്കളെയുംപാലിക്കണം മൽപ്രിയമതില്പരംമറ്റൊന്നില്ല
റിയണം * സൽപ്രജകളിൽമുമ്പുവിപ്രന്മാൎക്കവൎക്കേതു വിപ്രിയമു
ണ്ടാകാതെനിൎഭയംരക്ഷിക്കെന്നാൻ * ഭഗവദ്വചനപീയൂഷപാന
വുംചെയ്തു ഭഗവത്ഭക്തൻഭാനുനന്ദനപുത്രൻതാനും * സകലജനങ്ങൾ
ക്കുമങ്ങിനെമതമെങ്കിൽ സുഖമായാത്മതുല്യംപാലിക്കാംപ്രജകളെ * ജ
നകനാമംബികാതനയൻനിയോഗത്താ ലനുജന്മാൎക്കുവേണ്ടിരാജ്യത്തെ
രക്ഷിക്കുന്നേൻ * അന്നേരമമാത്യന്മാർമന്ത്രികൾസാമന്തന്മാർ മന്നവ
പുരോഹിതന്മാർപുരവാസികളും * ധന്യന്മാരാംധരാദേവന്മാർ മുനി
ജന മൊന്നൊഴിയാതെവന്നുനിറഞ്ഞുസഭാതലം * വീരനാംധൎമ്മാത്മജ
നന്നേരമുരചെയ്തു വരികവിദുരരുംയുയുൽസു സഞ്ജയനും * അരികെയിരു
ന്നനിമിഷംപിരിയാതെ നരപാലകനാമെൻതാതനെരക്ഷിക്കണം *
ശ്രാദ്ധദേവാത്മജാദിപാൎത്ഥിവാദികളോടും ശ്രാദ്ധകൎമ്മവുംചെയ്താർമൃത
രായവൎക്കെല്ലാം * ഊൎദ്ധ്വലോകപ്രാപ്തിവന്നീടുവാൻദാനങ്ങളും പ്രീത്യാ
ചെയ്തിതുപാൎത്ഥൻധാത്രീദേവന്മാൎക്കെല്ലാം * ഗ്രാമങ്ങൾനഗരങ്ങൾപു
രങ്ങളാലയങ്ങൾ കാമ്യങ്ങളായതവൎക്കെന്തെന്നാലവയെല്ലാം * ആന
കൾകുതിരകൾതേരുകൾപശുക്കളു മാനന്ദമേറ്റമുണ്ടാം ക്ഷേത്രങ്ങൾ
പാത്രങ്ങളും * തണ്ടുകൾപല്ലക്കുകൾദാസികൾദാസന്മാരും കുണ്ഡലാ
ദികളായമണ്ഡനനികരവും * ധനധാന്യാദിസുവൎണ്ണാദിലോഹങ്ങൾ
രത്നമണികൾചെരുപ്പുകൾകുടകൾവടികളും * പട്ടുകൾപുടവകൾപൂ

ണന്ത്രൽകൃഷ്ണാജിനം മൃഷ്ടമാമന്നംബഹുവ്യഞ്ജനസമന്വിതം * ചന്ദനം കളഭവുംതാംബൂലംക്രമുകവും കുന്ദമാല്യങ്ങളുംശയനാസനാദികളുംമററും * സന്തോഷിച്ചുലമലമെന്നവർചൊല്ലിയാലും സന്തതംവാരിക്കോരിക്കൊടുത്തു ധർമ്മാത്മജൻ * സുചിരംജീവജീവസതതംജയജയ സചിവസഹോദരതനയദാരൈസ്സമം * ഇത്തരമാശീർവാദംസത്വരംചൊല്ലിച്ചൊല്ലി പൃത്ഥ്വീദേവന്മാരെല്ലാംപരമാനന്ദംപൂണ്ടാർ * സത്വരംധർമ്മാത്മജൻപാണ്ഡവൻകുന്തീപുത്രൻ സത്വമാനസൻചെന്നുഗോവിന്ദപാദാംബുജം * ഭക്ത്യാവന്ദിച്ചുനമസ്കരിച്ചഞ്ജലിചെയ്തു ചിത്തവുമഴിഞ്ഞലിഞ്ഞാർദ്രമായ്സ്തുതിചെയ്താൻ * ശരണംമമതവചരണാംബുജദ്വയംശരണംമുചുകുന്ദപരമാനന്ദപ്രദം * ശരണംമുരഹരനന്ദനന്ദനശൌരേശരണമരവിന്ദമന്ദിരനമോസ്തുതേ *ശരണമരവിന്ദമിത്രചന്ദ്രാക്ഷവിഷ്ണോ ശരണമരവിന്ദനയനമധുരിപോ * ശരണമരവിന്ദനാഭനാരദസേവ്യ ശരണമരവിന്ദനന്ദകചക്രായുധ * ശരണംശംഖധരശരണംഗദാധര ശരണംപീതാംബരശരണംദാമോദര! * ശരണംനാരായണ! ശരണംകൃഷ്ണരാമ! ശരണംധനഞ്ജയസാരഥേ! ജഗല്പതേ! * ശരണം വേദപതേ! ശരണംദേവപതേ! ശരണംലോകപതേ! ശരണംധർമ്മപതേ! * ശരണംമഖപതേ!ശരണംക്ഷ്മാപതേ! ശരണംരമാപതേ! ശരണംയദുപതേ! * ശരണംവാസുദേവകരുണാജലനിധേ! ശരണംഹൃഷീകേശ!മരണവിരഹിത * ശരണംദൈത്യാരാതേ! ജനനവിരഹിതശരണംനരകാരേഗരുഡധ്വജവിഭോ * ശരണംവിഷ്വക്സേനാമത്സ്യവിഗ്രഹഹരേ!ശരണം ജനാർദ്ദനകൂർമ്മവിഗ്രഹഹരേ! * ശരണംചതുർഭുജ കോലവിഗ്രഹഹരേശരണംഘോരനരസിംഹവിഗ്രഹഹരേ * ശരണംത്രിവിക്രമ വാമനമൂർത്തേഹരേശരണംജാമദഗ്ന്യപരശുരാമമൂർത്തേ * ശരണംദശരഥനന്ദനരാമരാമ ശരണംദശമുഖശമനരാമരാമ * ശരണംകൌസല്യാ നന്ദനരാഘവരാമ ശരണംഭരതലക്ഷ്മണശത്രുഘ്നാഗ്രജ * ശരണംവിശ്വാമിത്രപ്രിയ രാഘവരാമശരണംതാടകാരേയജ്ഞപാലകരാമ * ശരണംസുബാഹുനാശനരാഘവരാമ ശരണംമാരീചസേവിതരാഘവരാമ * ശരണമഹല്യാദുഷ്കൃതനാശന പാദശരണംഹരശരാസനഭഞ്ജനകര * ശരണംസീതാപതേ ഭാർഗ്ഗവദർപ്പാപഹശരണംസീതാസുമിത്രാത്മജന്മാനുചര * ശരണംഗുഹസേവ്യഭരദ്വാജാരാധിത ശരണംചിത്രകൂടശിഖരിതടവാസ * ശരണംശരഭംഗത്രിദിവഗതിപ്രദശരണം സുതീക്ഷ്ണസേവ്യംഘ്രിപങ്കജജയ * ശരണംവിരാധനിഗ്രഹപണ്ഡിതരാമശരണമഗസ്ത്യപാദാംബുജസേവാരത * ശരണംജടായുഷാലോകിത മാർഗ്ഗചരശരണം ദണ്ഡകാരണ്യാവാസപ്രിയരാമ * ശരണംപഞ്ചവടീനിലയ രാമരാമശരണംദശമുഖഭഗിനീകുചാരാതേ! * ശരണംഖരാരാത മാരീചമോക്ഷപ്രദശരണംജടായുഷോഗതിദാനൈകരത * ശരണംകബന്ധശാപാപഹ രാമരാമശരണം കരുണയാശബരീഗതിപ്രദ * ശരണം വാതാത്മജസേവിത രാമരാമശരണംസുഗ്രീവസന്താപനാശനകര *

ശരണമംഗുഷ്ഠപ്രേരിത ദുന്ദുഭിദേഹശരണമേകശരനികൃത്തസപ്തസാല * ശരണംബാലിമദശമനരാമരാമ ശരണമൃശ്യമൂകനിലയരാമരാമ * ശരണംവിസജ്ജിതപ്ലവഗബലരാമ ശരണംഹനുമതാശ്രുതസീതാവൃത്താന്തശരണം ജലനിധിരചിതസേതോരാമ * ശരണംവിഭീഷണപ്രിയരാഘവരാമ * ശരണംദശാനനവംശനാശന രാമശരണമഗ്നിശുദ്ധപ്രല്ലഭാനചിതരാമ * ശരണംപ്രതിഷ്ഠിത ശങ്കരലിംഗരാമശരണംകൃതാഭിഷേകാഭിരാമാംഗരാമ * ശരണംഹലധരശരണംനീലാംബരശരണംകൃഷ്ണകൃഷ്ണശരണംകൃഷ്ണകൃഷ്ണ * ശരണംജിഷ്ണുവന്ദ്യ ശരണംജിഷ്ണുസൂതശരണംകൃഷ്ണകൃഷ്ണശരണംവൃഷ്ണിപതേ * കരണമായതുംനീ കാരണമായതുംനീ കരുണാലയനാഥകർത്താവായതുംനീയേ * കർമ്മമായതുംനീയേ കർമ്മിയായതുംനീയേ കർമ്മസാധനംനീയേ കർമ്മസാക്ഷിയുംനീയേ * കർമ്മണാംഫലങ്ങളെദ്ദാനംചെയ്യതുംനീയേ കർമ്മണാംഫലങ്ങളെബ്ഭുജിക്കുന്നതുംനീയേ * സ്തോതാവായതുംനീയേ സ്തുത്യനായതുംനീയേ സ്തുതിയായതുംനീയേമതിയായതുംനീയേ * സ്മൃതിയായതുംനീയേ ധൃതിയായതുംനീയേ നീതിയായതുംനീയേ നേതാവായതുംനീയേ * ജ്ഞാനമായതുംനീയേജ്ഞേയമായതുംനീയേ ജ്ഞാതാവായതുംനീയേ ധാതാവായതുംനീയേ * ബോധമായതുംനീയേബോദ്ധ്യമായതുംനീയേബുദ്ധിയായതുംനീയേ ശാന്തിയായതുംനീയേ * ശിവനായതുംനീയേ ശക്തിയായതുംനീയേ വേദമായതുംനീയേ വേദ്യമായതുംനീയേ * വിദ്യയായതുംനീയേ മായയായതുംനീയേ ബീജമായതുംനീയേമുളയായതുംനീയേ * മൂലമായതുംനീയേഫലമായതുംനീയേ മാതാവായതുംനീയേ താതനായതുംനീയേ * സുകൃതമായതുംനീദുഷ്കൃതമായതുംനീ സുഖമായതുനീയേദുഃഖമായതുംനീയേ * സ്വർഗ്ഗവുംനരകവുംജനനമരണവും ശീതവുമുഷ്ണവുംനീശുക്ലവുംകൃഷ്ണവുംനീ * പുരുഷനായതുംനീയുവതിയായതുംനീ ബന്ധമായതുംനീയേ മോക്ഷമായതുംനീയേ ബന്ധുവായതുംനീയേ ശത്രുവായതുംനീയേ * ദേഹമായതുംനീയേ ദേഹിയായതുംനീയേ ക്ഷേത്രമായതുംനീയേ ക്ഷേത്രിയായതുംനീയേ * ശാസ്ത്രജ്ഞനായതുംനീശാസ്ത്രങ്ങളായതുംനീ നിഷ്കളനാകുന്നതുംസകളനാകുന്നതും നിർഗ്ഗുണനാകുന്നതുംസഗുണനാകുന്നതും * സ്ഥൂലമായതുംനീയേ സൂക്ഷ്മമായതുംനീയേ യോഗമായതുംനീയേ യോഗിയായതുംനീയേ * യോഗജ്ഞനാകുന്നതുംയുക്തനായതുംനീയേ ജീവനായതുംനീയേപരനായതുംനീയേ * പരമാത്മാവുപരമ്പുരുഷൻപരബ്രഹ്മംപരമൻപരാപരൻ പരമാനന്ദമൂർത്തി * സത്യജ്ഞാനാനന്താനന്ദമൂതാമലമേകംനിത്യനദ്വയൻ നിരാകാരനദ്വയനജ്ഞൻ * നിശ്ചലൻനിരുപമൻനിർമ്മലൻ നിർവികാരൻ അച്യുതനമേയനവ്യക്തനാദ്യന്തഹീനൻ * സച്ചിൽബ്രഹ്മാഖ്യൻശുദ്ധൻ കൂടസ്ഥൻപരമാത്മവസ്തുതത്വാർത്ഥമായ സാക്ഷിസർവാത്മാകൃഷ്ണൻ * നിത്യവുമുണന്നിരുന്നരുളീടുകവേണം ചിത്തപങ്കജത്തിങ്കലതിനുവന്ദിക്കുന്നേൻ * ഇസ്തുതികേട്ടുപരമാനന്ദിച്ചെന്നപോലെ നിത്യാത്മാനിശ്ച

ഖലനായിരുന്നതുളിനാൻ * ജീവനെപ്പുരങ്ങളമ്മാറൂടനുറപ്പിച്ചു ഭാവി
ച്ചീടുമ്പോൾബ്രഹ്മനാഡിതന്നുടെയുണ * ന്നാവിർഭാവത്തെത്തേടുംശ
ക്തിയാംജീവാത്മാവിൻ പാവകജ്വാലാസമമാകിയതേജഃപുഞ്ജം * നി
ത്യാനന്ദാത്മാപരൻതന്നുടെതേജസ്സിങ്കൽ സത്വരംലയിച്ചുസർവ്വാത്മനാ
വിശ്വാസേന * സമസ്തകർമ്മസമർപ്പണവുംചെയ്തൊന്നിച്ചു സമസ്തേശ്വ
രൻതങ്കൽലയിച്ചുവഴിപോലെ * തന്നോടുമന്നേപിരിഞ്ഞീടിനശക്തി
യെക്കൊണ്ടന്യോന്യമൈക്യംപ്രാപിച്ചാനന്ദിച്ചിരിക്കുമ്പോൾ * ലൗ
കികാത്മനാകനിഞ്ഞവരോടരുൾചെയ്തു യോഗേശൻതിരുവടിലോ
കേശൻപീതാംബരൻ * ബ്രാഹ്മണപശുപരിപാലനാനന്ദത്തോടുസാ
മ്യമായ്മറെറാന്നിലുമില്ലൊരാനന്ദമുള്ളിൽ * എന്നതുതന്നെനിനക്കാ
യതുകുലധർമ്മം നന്നതുകൊണ്ടുസേവിച്ചീടുവാനവകാശം,* വന്നതുമു
ന്നംചെയ്തപുണ്യത്തിൻപരിപാക മിന്നതുകൊണ്ടുതന്നെ ഭക്തിവിശ്വാ
സപൂർവ്വം * എന്നെസ്സേവിപ്പാൻപാത്രമാകയാലിതിനോളം ധന്യ
ത്വമുണ്ടോലഭിക്കുന്നിതന്യന്മാർക്കേടോ * ബ്രഹ്മാണ്ഡംനിറഞ്ഞതിൻ
പുറമേവഴിഞ്ഞീടും ബ്രഹ്മമാംപരമാത്മാവായതുഞാൻതാനല്ലോ * സ്വ
ധർമ്മംകൊണ്ടേപരഗതിവന്നീടുന്നൂനം വിധർമ്മധർമ്മാദികൾനരകഫ
ലങ്ങൾ * ആത്മനാതുല്യംപരിപാലിക്കെന്നരുൾചെയ്താ നാത്മാ
രാമൻദേവകീനന്ദനൻവാസുദേവൻ * സമസ്തകർമ്മാർപ്പണംചെ
യ്തഭിവാദ്യംചെയ്തു നമസ്തേനാരായണചരണാംബുജദ്വയം * സ
മസ്തമപരാധംക്ഷമസ്വലക്ഷ്മീപതേ! രമിച്ചീടണംചിത്തംത്വല്പാദാം
ബുജദ്വന്ദ്വേ * കനകവിരചിതമണിശോഭിതസിംഹാസനരാജിത
നായമാധവൻതിരുമുമ്പിൽ * ചരണനവമണികിരണംകലന്നീ
ടും ശിരസാവീണുനമസ്കരിച്ചീടിനനേരം * സാമന്തപുരോഹിതാമാ
ത്യമന്ത്രീന്ദ്രപൌരഭൂമീന്ദ്രകുമാരകഭൂസുരാദികളെല്ലാം * ഹസ്തിനപുര
ത്തിങ്കലസ്തസന്താപംവന്നാർ ഭക്തഭൂപനിലനുരക്തമാനസന്മാരായ് *
അഭിഷേകവുംചെയ്തുധൌമ്യാദിജനങ്ങൾക്കു വിഭവസമുദയദാനങ്ങൾ
പലവുംചെ * യ്താചാര്യപുരോഹിതവയസ്യാദികളോടു മാചാ
രംചെയ്തുപാണ്ഡുതന്നുടെഗൃഹംപുക്കാൻ * ഭീമനുംസുയോധനൻത
ന്നുടെഗൃഹംപുക്കു ശ്രീമയമതുപോലെമററുതൊണ്ണൂറെറാമ്പതും *
വിദുരകൃപധൌമ്യവിജയാദികൾക്കായി സദനധനധാന്യസചിവസ
മന്വിതം * തൃപ്തിപൂണ്ടിതുസകലപ്രജകളുമെല്ലാം തൃപ്തിയുമൊരുത്ത
നുണ്ടായതില്ലൊരുനാളും * നഹുഷാദികൾപരിപാലനംചെയ്ത
പോലെ മിഹിരാത്മജസുതൻപരിപാലിച്ചുനന്നായ് * കൃഷ്ണഭക്തരിൽ
മുമ്പനാകിയയുധിഷ്ഠിരൻ കൃഷ്ണസാരഥിയായജിഷ്ണുഭീമാദിയോടും * കൃ
ഷ്ണയാംകാന്തയോടുംമിത്രവർഗ്ഗങ്ങളോടുംവിഷ്ണുമായയെക്കണ്ടുവിസ്മയചേ
തസ്സോടും*മന്നവന്മാരെയെല്ലാംതന്നുടെകാല്ക്കലാക്കി മന്നിടമെല്ലാമൊ
ക്കെക്കൈത്തലത്തിലുമാക്കി * സത്യത്തെനാവിന്മേലുംകൃപയെച്ചിത്ത
ത്തിലും വൃത്തത്തെരാജനീതിതങ്കലുമാക്കിനിത്യം * ഭക്തിയെക്കൃഷ്ണങ്കലും
കൃഷ്ണനെമനസ്സിലും * നിത്യകർമ്മാദികളെപ്പരമാത്മാവിങ്കലും ഭൂതിയെ

ഭൂവിങ്കലുംഫാലദേശത്തുംചേർത്തു * ഭൂതലമേകച്ഛത്രച്ഛായതൻകീഴമാ
ക്കി * ദാനവാരിയെത്തന്റെയുള്ളിലുംകരത്തിലു,മാനന്ദംവരുമാറുചേ
ർത്തുരക്ഷിക്കുംകാലം * പരിപാല്യകളാകുംപ്രജകൾക്കൊന്നുകൊണ്ടും
പരിതാപങ്ങളില്ലപാർത്ഥിവഗുണങ്ങളാൽ *അതിവൃഷ്ട്യനാവൃഷ്ടിവഹ്നി
വായുക്കളാലു മതിക്രൂരങ്ങളായദുഷ്ടജന്തുക്കളാലും * സങ്കടമില്ലയാക്കും
ഭൂമിയിലൊരേടത്തും മരണംവരുവീലബാലകന്മാർക്കുമെങ്ങും * ചൌൎയ്യ
മെന്നുള്ളശബ്ദംപോലുമില്ലെങ്ങുംകേൾപ്പാൻ ശൌൎയ്യമില്ലാതെയില്ലയാ
രുമേപുരുഷന്മാർ * കുസുമഫലദലപൂർണ്ണങ്ങളായേനിൽപൂ ലതകളോടു
കൂടിവൃക്ഷങ്ങളെല്ലാനാളും * സ്വധർമ്മങ്ങളെപ്പരിപാലിക്കുമെല്ലാവരു മ
ധർമ്മങ്ങളുമില്ലവിധർമ്മങ്ങളുമില്ല * പരദ്രവ്യത്തിലൊരുകാംക്ഷയില്ലൊ
രുവനും ദരിദ്രന്മാരുമില്ലകൃപണന്മാരുമില്ല * ഗുരുദ്രോഹികളില്ലസുര
ദ്വേഷികളില്ല ഗുരുദ്രോഹവുമില്ലമാനുഷർക്കൊരുനാളും * സചിവപു
രോഹിതസാമന്തസഹോദര ദ്വിജബാഹുജവൈശ്യപാദജാദികളോ
ടും * സൂതമാഗധവന്ദിസ്തുതിപാഠകന്മാരും നാദമോഹനന്മാരാംഗാ
യകവരന്മാരും * മൃദംഗപടഹാദിപ്രചണ്ഡവാദ്യങ്ങളും മതംഗോത്ത
വരതുരഗപത്ത്യാദിയും * വേണുവീണാദിമൃദുവാദ്യങ്ങൾമേളത്തോടെ
വീണാവാണികൾനടിച്ചീടിനലാസ്യങ്ങളും * ദിക്കുകൾമുഴങ്ങുമാറിങ്ങ
നെധർമ്മാത്മജൻ മുഖ്യസേവകന്മാരുമായ്സഭാതലംപുക്കാൻ * ആ
സ്ഥാനമണിമയമണ്ഡപമദ്ധ്യപര മാസ്ഥയാസിംഹാസനംപുക്കിരു
ന്നരുളിനാൻ * പാർത്ഥാദിഭൃത്യന്മാരുംസേവിച്ചാരതുനേരം മാർത്താണ്ഡ
കോടിസമതേജസാവാസുദേവൻ * കാരണങ്ങളിൽവിഷയങ്ങളെലയി
പ്പിച്ചുകരണങ്ങളെപ്പുനരാത്മനിചേർത്തുനന്നായ് * ഗോവിന്ദൻസമാ
ധിയിലുറപ്പിച്ചിളകാതെ ഭാവനാപരനായ നാരായണൻവാസുദേവൻ
* ഓഷധീപതിമുഖദീധിതിസ്മിതദ്യുതി മോഹിതഗോപവധൂസംഹതി
രതിപതി * ശ്രീപതിയദുപതിഭൂപതിസതാംപതി ഗോപതിമഖപതി
ധർമ്മകർമ്മൈകപതി * വിബുധപതിവേദപതിദേവാനാംപതി അ
ദിതിസുതപതിദഹനപിതൃപതി * നിരൃതിസരില്പതിപതിസന്തതഗതി
ക്ഷണദാപതിപശുപതിപാർവ്വതീപതി * പ്രഭൃതിവിശാമധിപതിസഞ്ച
യപതി വിബുധസേനാപതിവിവിധഗണപതി*പ്രമഥപതിയക്ഷരക്ഷ
സാംപതിഭോഗ പതിഗന്ധർവ്വപതിസകലപ്രജാപതി * പ്രമുഖമുനി
ജനരചിതശ്രുതിതതി പ്രണതിനുതിശ്രുതിപ്രീതിപൂണ്ടീടുംദേവൻ * ദാ
നവാരാതിദയാവാരിധിമഖപതി സുകൃതിജനപതിനിർല്ലയനിരഞ്ജ
നൻ * നിഷ്കളൻനിരാകാരൻനിർഗ്ഗുണൻനിരുപമൻ നിസ്പൃഹൻ
നിശ്ചഞ്ചലൻനിർമ്മലൻനിരാകുലൻ* നിർമ്മമൻനിരാമയൻ നിർവ്വിക
ല്പകൻനിത്യൻ സത്യജ്ഞാനാനന്താനന്ദാമൃതാദ്വയമൂർത്തി * സച്ചിൽ
ബ്രഹ്മാത്മാസത്താമാത്രാത്മാപരമാത്മാ സംവിദേകാത്മാപരജ്യോതി
രാദ്യന്തഹീനൻ * സംവൃതൻമായാമയനീശ്വരനെന്റെയുള്ളിൽ *
സന്തതമിരുന്നരുളീടിനനാരായണൻ തന്തിരുവടിയോടുംകൂടവേധർമ്മാ
ത്മജൻ * നിന്തിരുവടിയുടെഭക്തന്മാരനുദിനം നിന്തിരുവടിതന്നെച്ചി

ന്തിച്ചുവാഴുംപോലെ * നിന്തിരുവടിയിരുന്നരുളീടുവാനില്ലോ ളെന്തു
കാരണമാരെധ്യാനിച്ചെന്നറികയി * ലാഗ്രഹമുണ്ടുപാരമരുളിച്ചെയ്യാ
മെങ്കിൽ കേൾക്കാമെന്നതേവേണ്ടുകാരുണ്യവാരാന്നിധേ! * ചൊല്ലുവ
നെങ്കിലതുകേട്ടാലുംപരമാത്ഥം സ്വർല്ലോകനദീസുതനാകിയവസുശ്രേ
ഷ്ഠൻ * അഷ്ടരാഗങ്ങളെല്ലാംനഷ്ടമായ്ചമഞ്ഞുള്ളി ലഷ്ടാംഗബ്രഹ്മ
ചര്യനിഷ്ഠയോടനുദിനം * വേദവേദാംഗവേദാന്താദിശാസ്ത്രാത്ഥശ
സ്ത്ര വേദികൾമുമ്പൻവിജ്ഞാനാധ്യാത്മജ്ഞാനത്തോടും * വിജയപ്ര
യുക്താസ്ത്രനികരതല്പത്തിന്മേൽ വിജിതകരണനായ്പരമയോഗത്തോടും
* സുഷുമ്നാനാഡിയൂടെമൂലാധാരത്തിങ്കൽ നിന്നെഴുന്നകുണ്ഡലിനീ
ശക്തിയെക്കരയേററി * ചക്രങ്ങൾകടന്നുസൌദാമിനീലതപോലെ
മുഖ്യമാംബ്രഹ്മരന്ധ്രത്തിങ്കൽചെന്നാശുമുട്ടി * ചന്ദ്രമണ്ഡലത്തിങ്കൽ
നിന്നൊഴുകീടും സുധാവിന്ദുക്കൾസുഷുമ്നയിൽവീണുകീഴ്പോട്ടുവന്നു *
മൂലാധാരംപ്രാപിച്ചുപരമാനന്ദം പൂണ്ടുകാലദേശാവസ്ഥാദിവിസ്മൃത
മനസ്സിങ്കൽ * ധ്യേയനാമെന്നെക്കണ്ടുഭക്തിവിശ്വാസത്തോടെ മായകൂ
ടാതെതെളിഞ്ഞേകമായ്നിറഞ്ഞൊക്കെ * പരന്നുവിളങ്ങീടുംനിഷ്കള
സ്വരൂപത്തെ ത്തിരഞ്ഞുസകളമാംപുരുഷരൂപമാക്കി * തന്നുടെഹൃദയ
ത്തിലുറപ്പിച്ചിളകാതെ നന്നായ്ചേത്തുമൂലമിളകാതിരുന്നുഞാൻ *
ശന്തനുതനയൻതന്നന്തർഭാഗത്തിങ്കൽ ചെന്നന്തരംകൂടാതെകണ്ടിരിക്കു
ന്നതുമിപ്പോൾ * അന്തകാത്മജസഹജാമാത്യാദികളോടെ ശന്തനുത
നയനെക്കാണ്മാൻപോകണമിപ്പോൾ * വൈകരുതേതുംതേരുപൂട്ടുകെ
ന്നരുൾചെയ്തു വൈകാര്യരഹിതനാമേകനായകൻകൃഷ്ണൻ * സഹജ
പുരോഹിതസചിവസാമന്തൌഘ സഹിതനായകുന്തീനന്ദനനോടും
കൂടി * ദ്വിജതാപസപരിവൃതനാകിയദേവ നജനവ്യയൻകുരുക്ഷേത്ര
ത്തിന്നെഴുന്നള്ളി *ഭക്തവത്സലനരുൾചെയ്തിതുമദ്ധ്യേമാർഗ്ഗം പൃത്ഥ്വീന്ദ്ര
നായധർമ്മപുത്രനോടോരോപുരാ * വൃത്തംഭൂപതേതാതൻതന്നുടെനി
യോഗത്താൽ ക്ഷത്രനാശനൻകൊലചെയ്തിതുമാതാവിനെ * തൽപരി
ഭവത്തിനുഭൂപതിവീരന്മാരെ കെല്പോടുമുടിച്ചിതുമൂവേഴുവട്ടംരാമൻ *
ക്ഷോണിപാലേന്ദ്രന്മാരെക്കൊന്നുകൊന്നവരുടെ ശോണിതംകൊണ്ടു
ണ്ടായതീത്ഥത്തിൽസ്നാനംചെയ്തു * മാനമേറിയരാമൻപിതൃതപ്പണംചെ
യ്തു രേണുകാദേവിതന്നെതാതനോടാശുചേത്താൻ * അങ്ങിനെയുള്ള
തീത്ഥമവിടെധരാപതേ! തിങ്ങിനശൌര്യമോടുപിന്നെയുംഭൂപാലന്മാർ
* പിറന്നുദനുജന്മാർനിറഞ്ഞുഭൂമിതന്നിൽ മറഞ്ഞുധർമ്മങ്ങളുംകുറഞ്ഞു
കർമ്മങ്ങളും * അറുമൂന്നക്ഷൌഹിണിപ്പടയോടവരിപ്പോ ളറുതി
വന്നാരിഹമൂവാറുദിനംകൊണ്ടു * രക്തവുമസ്ഥികളും നിണവുംപി
ണവുമൊരുത്തമാംഗാദികളുംകണ്ടിതോശിവശിവ! * മത്തമാതംഗവും
പൊരുതുത്തമഹയങ്ങളും ചത്തുചത്തൊക്കെമലച്ചിതല്ലോകിടക്കുന്നു *
അടുത്തുഭീഷ്മരുടെശയനസ്ഥലമിനി നടക്കപ്പോരിൽക്കൂടെത്തേരിൽനിന്നി
റങ്ങേണം * സാത്യകിധർമ്മാത്മജവിദുരവേദവ്യാസ പാത്ഥദാരുകമുനി
ഭൂദേവാദികളൊടും * സാത്വികന്മാരാമമാത്യാദികളോടുംകൂടി ചിത്ത

കാരുണ്യാംബുധിഭീഷ്മരെച്ചെന്നുകണ്ടു * കാൽത്തളിരിണകൂപ്പിത്തൊഴു
തുപാർത്ഥാദികളാസ്ഥയാവീണുനമസ്കരിച്ചുവണങ്ങിനാർ * കാരണ
നായകാരുണ്യാമൃതാംബുധിക്കൃഷ്ണൻ ധാരണാദികളോടുകൂടിയഭീഷ്മരോടു
* ചന്ദ്രികാമനോഹരമന്ദഹാസവുംപൂണ്ടാനന്ദമുണ്ടാമ്മാറരുൾചെയ്തി
തുമധുരമായ് * എന്തുമാനസമോശരീരമോഭവാനൊരു സന്താപ
മുണ്ടോയതെന്തെന്നോടുപറയണം * സംപ്രതിതമ്പുരാനേ സന്താപ
മടിയനുണ്ടമ്പുകളുടൽതോറുമേൽക്കയാൽമറ്റൊന്നില്ല * പ്രത്യഹം
യമനിയമാസനപ്രാണായാമ പ്രത്യാഹാരകധാരണാധ്യാനസമാധിയാ
* മഷ്ടാംഗയോഗത്തോടുമെന്നെസ്സേവിക്കുന്ന വനൊട്ടുമേസന്താപ
മുണ്ടാകരുതൊന്നുകൊണ്ടും * അച്ഛനാംശന്തനുതന്നീടിനവരത്തിനാൽ
സ്വച്ഛന്ദമൃത്യുവല്ലോകേവലംഭവാനെന്നാൽ * അദ്യാപിഷൾപഞ്ചാ
ശദ്ദിവസംവയസ്സു മുണ്ടിദ്ദേഹമുപേക്ഷിച്ചിട്ടെന്നോടുപിന്നെച്ചേരാം
* അത്രനാളേക്കുംപയ്യുദാഹവുമാലസ്യവും ശസ്ത്രങ്ങളേററനോവും
വ്രണവുംതീരുകെന്നാൻ * മത്സരാദികൾദോഷംവേർപെട്ടഭവാനുഞാൻ
മത്സ്വരൂപത്തെയുള്ളവണ്ണംകാട്ടുവനല്ലോ * സ്വജനഹിംസചെയ്തു
നെന്നോർത്തു വിഷാദമുണ്ടജിതാത്മാവാമജ്ഞ താരാതിക്കകതാരിൽ * അ
തിനുവണ്ണംശ്രമധർമ്മനീതികളോടുമിതിഹാസാദികളുമറിയിച്ചീടവേ
ണം * മതിമാനായഭവാൻധർമ്മനന്ദനനെന്നു മധുവൈരിയുമരുൾചെ
യ്തിതുമധുരമായ് * അതസികുസുമസമ്മിതവിഗ്രഹൻതന്നോടതുകേ
ട്ടരുൾചെയ്തുഗംഗാനന്ദനനപ്പോൾ * ചരണകരവക്ഷോരഹിതനായുള്ള
വൻ തരണിരഹിതനായുഴഞ്ഞുവാരാന്നിധി * തരണംചെയ്തീടേണമര
നാഴികകൊണ്ടെന്നരുളിച്ചെയ്യുന്നതെന്തെന്നടിതമ്പുരാനേ! * സമ്മോ
ഹംകലർന്നേററമജ്ഞാനിയായുള്ളഞാൻ ധർമ്മാധർമ്മാദികളുംവിജ്ഞാന
ജ്ഞാനാദിയും * എങ്ങിനെയറിയുന്നുമൂഢനാമടിയനോടിങ്ങനെ യ
രുൾചെയ്തതെന്തയ്യോഭഗവാനേ! * മാധവനതുകേട്ടുമന്ദഹാസവും
പൂണ്ടു സാദരമരുൾചെയ്തുഗാംഗേയൻതന്നോടപ്പോൾ * മറെറാന്നും
നിനയാതെമത്സ്വരൂപത്തെത്തന്നെ മുററുമാത്മനിചിന്തിച്ചിന്നേടംകഴി
യുമ്പോൾ * സർവ്വജ്ഞത്വവുംനിനക്കുണ്ടാകനാളെ ഞങ്ങളുർവ്വിപാലക
നുമായ്വരുന്നതുണ്ടുതാനും * അപ്പൊഴേയെല്ലാംതോന്നുമുൾപ്പൂവിൽനി
നക്കേതും തപ്പുകൂടാതെയെങ്കിലങ്ങിനെതന്നെവേണ്ടു* എന്നരുൾചെയ്തു
വേദവ്യാസധൌമ്യാദികളോ ടൊന്നിച്ചുപാണ്ഡവരുമായെഴുന്നള്ളിനാ
ഥൻ *സന്ധ്യാവന്ദനംകഴിച്ചന്തണരോടുംകൂടി ച്ചെന്താരിൽമാതുപുല്കും
ബന്ധൂകസമാധരൻ * കുന്തീനന്ദനന്മാരുംസാമന്തവീരാദിയും മന്ത്രി
കളോടുംദ്വിജതാപസാദികളോടും * ശന്തനുപുത്രൻതന്നെകാണ്മാ
നായെഴുന്നള്ളി സന്തോഷംപൂണ്ടുവണങ്ങീടിനാൻദേവവ്രതൻ * ധർമ്മ
നന്ദനാദികൾഗംഗാനന്ദനൻ ചരണാംബുജംകണ്ടുനമസ്കരിച്ചുകൂപ്പി
നിന്നാർ * ധർമ്മപുത്രർക്കുംഗംഗാദത്തനാംവിഷ്ണുഭക്തൻ ധർമ്മോപദേ
ശംചെയ്തീടുന്നുപോലെന്നുകേട്ടു * സമ്മോദമുള്ളിൽവളരും മഹത്തുക
ളെല്ലാം ധർമ്മതത്വവുംധർമ്മരഹസ്യങ്ങളുമെല്ലാം * സമ്മോഹമകന്നു

പോമ്മാറുകേൾക്കേണമെന്നോൎത്തു ന്മേഷംപൂണ്ടുവന്നുനിറഞ്ഞുഭീഷ്മാ
ന്തികേ * ഭക്തവത്സലനായഭഗവന്നിയോഗത്താൽ ഭക്തനാംധൎമ്മാത്മ
ജൻഭീഷ്മരെത്തൊഴുതുടൻ * ഉപസത്തിനെച്ചെയ്തുചോദിച്ചുനൃപധൎമ്മ
മുപദേശിക്കെന്നരുൾചെയ്തിതുഭഗവാനും * എന്തെന്റെഭഗവാനേ!
നിന്തിരുവടിതന്നെ കുന്തീനന്ദനൻതനിക്കുപദേശിക്കവേണ്ടു * നി
ന്തിരുവടിയരുൾചെയ്തിട്ടുകേൾക്കുന്നാകിൽ സന്തോഷംവരുമല്ലോസം
ശയങ്ങളുംതീരും * എന്തിനിന്നരുളിച്ചെയ്യുതതായിന്നു കൎമ്മബന്ധ
വുമകന്നാനന്ദംവരുമെല്ലാവൎക്കും * ശന്തനുപുത്രനേവംചൊന്നതുകേട്ടു
നാഥൻ മന്ദഹാസവുംചെയ്തുപിന്നെയുമരുൾചെയ്തു * ഈശ്വരവാക്യ
മായിപ്പോമത്രേഞാൻചൊല്ലിയാൽ ശാശ്വതധൎമ്മംഭവാദൃശന്മാർ
ചൊൽകനല്ലു * വേദവാക്യങ്ങൾപോലെനിന്നുടെ വാക്യങ്ങളുംമേദി
നിതന്നിലവ്യാഹതങ്ങളായ്വന്നീടും * എന്നെല്ലാമനുഗ്രഹിച്ചാജ്ഞയെ
ച്ചെയ്തനേരം നന്നായിത്തെളിഞ്ഞിതാത്മാവുശാന്തനവനും * സ്വധ
ൎമ്മംമുമ്പിലറിയേണ്ടുന്നതെന്നോൎത്തുടൻ മുതിൎന്നുരാജധൎമ്മംചോദിച്ചുയു
ധിഷ്ഠിരൻ * പരമോധൎമ്മോരാജ്ഞാവിതിവേദജ്ഞന്മാരു മുരചെയ്യു
ന്നോരതുകാരണംഗാംഗാദത്തൻ * ഉരചെയ്തിതുരാജധൎമ്മമെപ്പേരുമ
പ്പോളുരചെയ്യുതിനെളുതല്ലിനിക്കവയെല്ലാം * രാജാവിനെല്ലാററിലും
പരമമായധൎമ്മം വ്യാജമെന്നിയേയുള്ളപരിപാലനമല്ലോ * അതിനു
വിരോധികളായുള്ള ശത്രുക്കളെവധവുംചെയ്തുനന്നായ്പരിപാലിച്ചീടണം
* ദുഷ്ടരായേററമധൎമ്മിഷ്ടന്മാരായുള്ളോരെ നഷ്ടമായ്ചമച്ചുധൎമ്മി
ഷ്ഠന്മാരായ്മേവീടും * ശിഷ്ടരെവഴിപോലെരക്ഷിച്ചുദിനംതോറും
പുഷ്ടിയുംനിജവിഷയത്തിങ്കൽവളൎത്തു * സന്തുഷ്ടരായ്പുത്രമിത്രകളത്രാ
ദികളോടും ഇഷ്ടന്മാരായനിജസേവകജനത്തോടും * സത്യസാമന്ത
പുരോഹിതഭടരോടും വൃത്തവാന്മാരാമമാത്യപ്രധാനന്മാരോടും *
ശുദ്ധരാംഗണകലേഖകന്മാരോടുംസദാ സത്വരചാരികളായുള്ളചാര
ന്മാരോടും * ശക്തരായുള്ളസേനാനായകന്മാരോടു മത്യുത്തമന്മാരായ്യേ
യും പ്രാഡ്വിപാകന്മാരോടും * ശുദ്ധതേജസാപരിപാലിച്ചുമഹീതലം
ശുദ്ധാന്തത്തിങ്കൽ സുഖിച്ചിരുന്നീടേണംനൃപൻ * സമസ്തപ്രാണികൾ
ക്കുംവിഷയേന്ദ്രിയഭേദം സ്വമതവുമുണ്ടെങ്കിലും നൃപശാസനയാലെ *
ഭുവനമനാകുലതരമായ്വൎത്തിക്കേണ മവനീശ്വരൻജഗൽപ്രത്യക്ഷേശ്വര
നല്ലോ * ബ്രഹ്മവക്ത്രത്തിങ്കൽനിന്നുത്ഭവിച്ചിതുവിപ്രൻകൎമ്മങ്ങളാറു
ണ്ടവനറികയുധിഷ്ഠിര! * അദ്ധ്യയനവുമദ്ധ്യാപനവുംയജനവും ഭദ്രയാ
ജനവുംദാനപ്രതിഗ്രഹങ്ങളും * ആറുംചൊല്ലുവനഹമറിവാൻതക്ക
വണ്ണം വേറേനീകേട്ടുകൊൾകവിപ്രന്മാർകൎമ്മമെല്ലാം * വേദങ്ങൾ
പഠിക്കയുംപഠിപ്പിക്കയും പാരമാദരവോടുയജ്ഞംചെയ്കയുംചെയ്യിക്ക
യും * ദാനംചെയ്കയുംമുദാതാൻപരിഗ്രഹിക്കയും ഇങ്ങനെഷൾ
ക്കൎമ്മങ്ങളുള്ളഭൂദേവന്മാൎക്കു മംഗലംനൽകീടുവാനാശ്രമംനാലുണ്ടല്ലോ
* എന്നതിൽബ്രഹ്മചാരിമുമ്പിലേതന്നെവേദം നന്നായിപ്പഠിക്കേണമാ
ചാൎയ്യകുലംപ്രാപി * ച്ചന്നന്നുഭിക്ഷയേററുഗുരുവിൻ കാല്ക്കൽനൽകി

തന്നിയോഗത്താൽവൃത്തികഴിച്ചോരോരോതരം * സന്ധ്യാവന്ദനം
കഴിച്ചഗ്ന്യുപസ്ഥാനംചെയ്തു സന്തതമാചാൎയ്യൻതന്നന്തികേവസിക്കണം
* ഭക്തിപൂണ്ടനശയനാസനാദിയുംവേണം നിത്യവുംബ്രഹ്മചൎയ്യ
ചിഹ്നവുംധരിക്കണം * സുമുഹൂൎത്തംകൊണ്ടുപനിച്ചനാൾമുതൽപിന്നെ
ക്രമമോരോത്താരോവ്രതം വഴിയേകഴിക്കണം * ആചാൎയ്യശുശ്രൂഷയുംചെ
യ്യണംനിരാശയാ സ്വാചാരനിരതനായിങ്ങനെഗുരുഭക്ത്യാ * ഗോത്ര
വുംപ്രവരവുംശാഖയുംചരണവു മോൎത്തുതത്തൽപ്രോക്താനുഷ്ഠാനങ്ങ
ളോടുംകൂടി * വിദ്യകൾപതിനെട്ടുംപഠിച്ചുപിന്നെസ്സമാ വൎത്തനംചെ
യ്തുഗോദാനംകഴിഞ്ഞനന്തരം * നാലുവേദവുമതിനംഗങ്ങളാറുംപി
ന്നെ നാലുപാംഗങ്ങളുപവേദങ്ങൾനാലുംനന്നാ * യഭ്യസിച്ചാചാൎയ്യ
ന്ദക്ഷിണചെയ്താൽപിന്നെയല്ലോദൃഢമുദാ ഗൃഹസ്ഥാശ്രമംകൈക്കൊ
ള്ളണം * മററുള്ളാശ്രമങ്ങൾക്കു നിന്നമാധാരമല്ലോമററും ഗാൎഹസ്ഥ്യാ
ശ്രമമെന്നറിഞ്ഞനുദിനം * ഇഷ്ടയായനുരൂപയാകിയഭാൎയ്യയോടും തുഷ്ട
നായ്പഞ്ചയജ്ഞാദികളുംചെയ്തുനിത്യം * സന്ധ്യാനുഷ്ഠാനാദിയുംവഴിയേ
ചെയ്തുകൊണ്ടു സന്തതികൊണ്ടുപിതൃക്കൾക്കുള്ളകടംതീൎത്തു * പുത്രന്മാ
ൎക്കെല്ലാമൊക്കെഷോഡശക്രിയ ചെയ്തു പുത്രികളേയുംകൊടുത്താത്മജന്മാ
രെക്കൊണ്ടു * പൌത്രപുത്രാൎത്ഥവിവാഹാദികൾ ചെയ്യിപ്പിച്ചുനിത്യവും
പിതൃപൂജകൊണ്ടുദേവകൾക്കെല്ലാം * തൃപ്തിയുംവരുത്തിക്കൊണ്ടതിഥി
പൂജകളും ഭക്തിപൂണ്ടന്തഃകരണപ്രസന്നതയോടും * ഗൃഹസ്ഥാശ്രമംന
ന്നായ്രക്ഷിച്ചുവഴിപോലെ മഹത്തരമേറുംവാനപ്രസ്ഥനായ്ചമയ
ണം * പത്നിയെപ്പുത്രന്മാരെഭരമേല്പിച്ചെങ്കിലും പത്നിയുംതാനുംകൂടി
ല്പോകിലുംകണക്കല്ലോ * പത്നിക്കരജസ്സടങ്ങീടിനാൽവനത്തിങ്കലഗ്നി
യെമനസ്സിങ്കലാവാഹിച്ചാകിലുമാം * ക്ഷേത്രോപവാസാദിയുംഭൂപ്രദ
ക്ഷിണാദിയും തീൎത്ഥസ്നാനാദിയുംചെയ്താരണ്യംതന്നിൽവാണു * ദേഹ
ത്തെത്യജിക്കിലുമാമതെന്നിയെപിന്നെ മോഹത്തെയൊടുക്കിസ്സന്യാസം
കൊള്ളുകിലുമാം * നിത്യവുംചിത്തംവിഷയത്തിങ്കൽവിരക്തമായ്നി
ത്യാനിത്യാദിവിവേകത്തോടുമാചാൎയ്യനെ * ഭക്ത്യാവന്ദിച്ചുശുശ്രൂഷി
ച്ചുചോദിച്ചിട്ടുമ്പോൾ നിത്യമാകുന്നതാത്മാവനിത്യംപ്രപഞ്ചമെന്നത്ത
മനായഗുരുവുപദേശിക്കുമല്ലോ * വേദാന്തശ്രവണവുംചെയ്തുപനിഷ
ത്തുകൾ വേദാന്തംവരുവതിനഭ്യസിച്ചാചാൎയ്യൻതൻ * പാദാന്തേപ
രിചരിച്ചാനന്ദം വരുവാനായ്പാപാന്തംവരുത്തുന്നതത്വമസ്യാദിവാ
ക്യം * ബോധാൎത്ഥംധരിച്ചുടനഷ്ടാംഗയോഗത്തോടും ഭേദാൎത്ഥഭ്രമം
തീൎന്നുമോക്ഷവുംപ്രാപിച്ചീടാം * ക്ഷത്രിയൻപിന്നെബ്രഹ്മബാഹുജന
വനു കൎമ്മത്രയംതന്നെയുള്ളുകേൾക്കെടോയുധിഷ്ഠിര! * വേദമോതുക
യുമാംയാഗവുംചെയ്യാമല്ലോ സാദരംയഥാപാത്രംദാനവുംചെയ്യാമെ
ടോ * മേദിനീശ്വരനായാലഭിഷേകംചെയ്യേണം മേദിനീപതേ!മഹീ
നിൎജ്ജരമുനീന്ദ്രന്മാർ * സമുദ്രദിവ്യനദീതീൎത്ഥപുഷ്കരംരത്നമമൃത്തീടിന
കലശങ്ങളിൽനിറച്ചുടൻ * മണിമന്ത്രൌഷധങ്ങൾകൊണ്ടുപൂജിച്ചുനാ
നാമണിശോഭിതമകുടാദിഭൂഷണംപൂണ്ടു * ശംഖദുന്ദുഭിപടഹാദിവാദ്യ

ങ്ങളോടും കിങ്കരഭൃത്യാമാത്യമന്ത്രിചാരന്മാരൊടും * അന്തികേപുരോ
ഹിതൻതന്നൊടുംകൂടെച്ചെൻ വെൺതഴവെൺചാമരംവെണ്കൊറ
ക്കുടയോടും * ആലവട്ടവുംകൊടികൊടിക്കൂറകളോടും ആനതേർകുതിര
കാലാളായപടയോടും സേനാനായകന്മാരാംവീരന്മാരോടുംചെൻ *
രത്നസിംഹാസനത്തിന്മേലാമ്മാറിരുന്നുടൻ പത്നിയെവാമഭാഗേ ച
ത്തഭിഷിക്തനായാൽ * ശത്രുക്കൾവരായ്കതിന്നായൊരുകോട്ടചമച്ചുത്ത
മരാജഗൃഹംമദ്ധ്യേതീൎക്കയുംവേണം * ഭിത്തികൾതോറുംദിവ്യമൂൎത്തികളു
ടെ രൂപം ചിത്രമായെഴുതിവെണ്മാളികകളുംവേണം * പൎവ്വതവനജന
പൂൎണ്ണവാഹിനിവേണം പൊയ്കഴികുഴിയന്ത്രപ്പാലങ്ങൾകിടങ്ങുകൾ *
അളവില്ലാതവെള്ളംനിറഞ്ഞകിണറുകൾ കുളവുംനാനാവൎണ്ണംമരുവും
ഗൃഹങ്ങളും * അരയാൽപെരുത്തെരുവുദ്യാനംനടയ്ക്കാവും കരികൾകുതി
രകൾക്കുള്ളപന്തികൾവേണം * വളഞ്ഞമതിലെല്ലാമമ്പരേണുകൾ
വേണം വിളങ്ങിടിനസഭാതലവുമാസ്ഥാനവും * മന്ത്രശാലകളോടുനാ
ടകശാലകളും ചന്തമോടന്തഃപുരംചന്ദ്രികാങ്ഗണങ്ങളും * സൂതമാഗ
ധവന്ദിസ്തുതിപാഠക ചാരദൂതഗായകകുശിലവസേവകഗൃഹം * നൎത്ത
കിയുക്തന്മാരാംനൎത്തകപ്രവരന്മാർ ചിത്തകൌതുകത്തോടുവസിക്കുംഗൃ
ഹങ്ങളും * നിറഞ്ഞപുരിതന്നിൽതെളിഞ്ഞുവസിക്കേണം നിറഞ്ഞജന
ങ്ങളുമരികേമേവീടണം * നിത്യവുംസാമദാനഭേദദണ്ഡങ്ങൾകൊണ്ടു
ശത്രുമിത്രോദാസീനന്മാരെയുംവശത്താക്കി * വച്ചുകൊണ്ടുപായ
ങ്ങൾനാലിനുമുള്ളഭേദം നിശ്ചയിച്ചറിഞ്ഞുതൻ മന്ത്രികൾചൊല്ലുംവ
ൎണ്ണം * ചൊല്ലിയനയങ്ങളാറുംക്രമംപിഴയാതെ തുല്യതേജസാപത്തുക്കെ
പ്രവൎത്തിച്ചീടണം * സന്ധിയുംവിഗ്രഹവുംയാനവുമാസനവു മന്തരാ
ന്തരാപുനരാന്തരവിരഹിതം * പ്രവൎത്തിക്കേണം ദ്വൈധീഭാവവുംതിരി
യേണം നിവൎത്തിക്കണംപുനരാശ്രമംപൂൎവ്വമെടോ! * നാലുപായങ്ങൾ
കൊണ്ടുമറുനീതികൾകൊണ്ടും കാലദേശാവസ്ഥാനുരൂപമായ്പ്രവ
ൎത്തിച്ചു * ശത്രുഭൂപാലന്മാരെജ്ജയിച്ചുഭൂമണ്ഡലം ഹസ്തസംസ്ഥിതമാ
ക്കിശ്ശിക്ഷിച്ചുരക്ഷിക്കേണം * അശ്വമേധാദിയായയജ്ഞങ്ങളെല്ലാംചെ
യ്തു വിശ്വവുംതന്റെകീൎത്തികൊണ്ടുടൻപരത്തണം * ധനധാന്യാദിക
ളുംബ്രാഹ്മണൎക്കനുദിനം മനസാകനിഞ്ഞുനൽകീടണംവിഷ്ണുഭക്ത്യാ *
രാത്രിയിൽചരമയാമാദിക്കനിദ്രയുണൎന്നാസ്ഥയാ സന്ധ്യോപാസനാദി
കളെല്ലാംചെയ്തു * മൃഷ്ടമായ്പുരോഹിതപുത്രസേവകപ്രമുഖശ്രേഷ്ഠന്മാരോ
ടുംകൂടിഭോജനംകഴിച്ചുടൻ * വേഗേനഭൂപാലനെക്കാണ്മാൻവന്നവ
ൎക്കെല്ലാം വേഗേനകാണ്മാൻതക്കവൎണ്ണമാസ്ഥാനംപുക്ക * സഭ്യന്മാരോ
ടുംചെന്നുധൎമ്മാധൎമ്മങ്ങൾചിന്തിച്ചെപ്പൊഴുംവിനീതനായപ്രിയംപറ
യാതെ * കൃത്യാകൃത്യങ്ങളറിഞ്ഞുത്തമചിത്തന്മാരാം വിദ്വാന്മാരൊടും
നിരൂപിച്ചൊന്നുംപിഴയാതെ സത്യമായ്പ്രിയഹിതമായതിമധുരമായ്
ഹൃദ്യമായ്ഗംഭീരമായീടിനവാക്കുകളും * അല്പശബ്ദംകൊണ്ടനല്പാൎത്ഥ
മായെല്ലാവനുമുൾപ്പൂവുവിരിയുമാറാശ്ശുസന്തുഷ്ട്യാചൊല്ലി* സകലജന

ത്തെയുംതങ്കലേരഞ്ജിപ്പിച്ചു നിഖിലഭോഗമനുഭവിച്ചുസുഖിച്ചേററം *
ആശ്രിതന്മാരിൽഞാനുമൊരുത്തനെന്നുകല്പിച്ചീശ്വരാൎപ്പണബുദ്ധ്യാകൎമ്മ
ങ്ങളെല്ലാംചെയ്തു * വൃദ്ധനായിട്ടുന്നേരംധൎമ്മത്തെരക്ഷിപ്പാനായ്പുത്രനെ
യഭിഷേകംചെയ്യണംമടിയാതെ * സമസ്തപദാൎത്ഥവുംത്യജിച്ചുമനസ്സി
ങ്കൽസമത്വബുദ്ധ്യായോഗംധരിച്ചുവസിച്ചുടൻ ത്യജിച്ചീടണംദേഹംപ
രമാത്മനിചേൎന്നു ഭജിച്ചീടണംപരമാനന്ദമജാതാരേ * ബ്രഹ്മൻതന്നൂരു
വിങ്കൽനിന്നുണ്ടായിതുവൈശ്യൻ കൎമ്മങ്ങൾമിക്കവാറുംമൂന്നുമുണ്ടവ
നെടോ! * പശുപാലനംകൃഷിവാണിഭമിവയെല്ലാ മശുഭമെണ്ണയാതെ
ചെയ്യണമൂരുജൻതാൻ * ദ്രവ്യമുണ്ടാക്കീടേണംമററുള്ളവൎണ്ണികൾക്ക സ
ൎവ്വകൎമ്മങ്ങൾക്കമൂരവ്യനെന്നറികനീ * ബ്രഹ്മൻതന്നംഘ്രിജാതനായതു
ശൂദ്രനല്ലോ കൎമ്മങ്ങളവനേതുമില്ലല്ലോനിരൂപിച്ചാൽ * ദാസനായ്
ദ്വിജകുലപാദസേവയുംചെയ്തു വാസനയാലെതേഷാംവൃത്തിയുംകഴി
ക്കണം * ബ്രാഹ്മണാജ്ഞയായജ്ഞപശുഹിംസയുംചെയ്താൽ കാമ്യമാ
യുള്ളതൊക്കെസ്സാധിക്കുമനുഗ്രഹാൽ * രാജാവിനോടുവൃത്തിക്കൎത്ഥവും
വാങ്ങിപ്പുന രാജിയിൽമരിക്കയുംകൊൽകയുംചെയ്യാമല്ലോ * നേരോ
ടെചരിയാതെചെയ്തുവൃത്തിയുംകഴി ച്ചാരോടുമൊരുവൈരംകൂടാതെപ
രിചരി * ച്ചാരണക്കൊരുദുഃഖംകാണുമ്പോളുതുതീപ്പാൻ പ്രാണത്യാഗ
ത്തെച്ചെയ്തു സൽഗതിലഭിക്കേണം പ്രാണിഹിംസാമത്തെപ്പാലിച്ചീടണം വി
ശേഷിച്ചും * മന്ത്രപൂച്ചമിയാതെശ്രാദ്ധവുമൂട്ടീടണം തന്ത്രവുംകാട്ടീടണമ
ന്തരാത്മനിഭക്ത്യാ * അക്ഷരാനഭിജ്ഞത്വമജ്ഞത്വം മൂഢത്വവുമക്ഷ
രവ്യക്തിവിഹീനാലാപങ്ങളുമെല്ലാം * ശൂദ്രനുഭാഗിയായൻപിണ്ഡക
ശാവായതുശൂദ്രനുഗതിവരുത്തിടുവാനെളുതല്ലോ * സ്ത്രീധൎമ്മംമിക്ക
വാറുംശൂദ്രധൎമ്മത്തെപ്പോലെ ഭേദവുംപെരികയില്ലറികയുധിഷ്ഠിര!ശ്രേ
ണിധൎമ്മങ്ങൾപറഞ്ഞീടുവാൻകാലംപോരാ വാണീഭംഗിയുമിനിക്കി
ല്ലല്ലോചൊല്ലീടുവാൻ * ധൎമ്മപുത്രക്രാജധൎമ്മമാൎജ്ജിച്ചുഭീഷ്മർനിൎമ്മ
ലൻപിന്നെവൎണ്ണാശ്രമധൎമ്മത്തെച്ചൊന്നാൻ * പിന്നെസ്സങ്കീൎണ്ണധൎമ്മ
ങ്ങളേയുമറിയിച്ചു പുണ്യവാൻപിന്നെശ്രേണീധൎമ്മവുമറിയിച്ചു*ദുൎബ്ബ
ലനായനൃപൻതന്നോടുയുദ്ധത്തിനു കെല്പേറുംപ്രബലനായീടിനനൃപ
ശ്രേഷ്ഠൻ * ഭാവിച്ചുവരുന്നേരംദുൎബ്ബലൻതന്റെധൎമ്മ മേവമെന്നെ
ല്ലാമറിയിച്ചിതുദേവവ്രതൻ * ഓരോരോതരമിതിഹാസങ്ങൾകൊണ്ടു
പുനരോരോരോനയങ്ങൾസന്ധ്യാദികളറിയിച്ചു * രണ്ടില്ലംതന്നിൽവ
ന്നുജനിച്ചുമരിച്ചീടും കണ്വഭാവവുംകുണ്ടിൽവീഴുന്നപ്രകാരവും ഇണ്ടൽ
പോമ്മാറുദണ്ഡധാരിജനോടുചൊന്നാൻ * ഇങ്ങനെഭീഷ്മർപോക്കൽ
നിന്നുധൎമ്മജനൃപൻ മംഗലരാജധൎമ്മംകേട്ടുകൂടിയവാറേ * പാൎത്ഥി
വൻഭീഷ്മർസകാശത്തിങ്കൽനിന്നുപോയി രാത്രിയിൽവിദുരപഞ്ചമന്മാ
രായ്മവീടും * ഭ്രാതാക്കളോടുംകൂടിസ്സാദരംനിരൂപിച്ചു സോദരന്മാൎക്ക
മോക്ഷധൎമ്മത്തെക്കേൾപ്പാനിപ്പോൾ * ചിന്തിച്ചാലധികാരമുണ്ടോ
യില്ലയോ നിങ്ങൾക്കന്തരമന്തഃകരണത്തിനേതാനുമുണ്ടോ *ബന്ധമോ
ക്ഷങ്ങളുടെകാരണംചോദിച്ചപ്പോൾ ഉന്ധകാരങ്ങളകന്നോരുസോദരന്മാ

രും * ഉത്തരംപറഞ്ഞതുകേട്ടപ്പോളറിയായി ചിത്തശുദ്ധിയുംതേഷാം
ഭക്തിയുംവിശ്വാസവും * മോക്ഷധർമ്മത്തെക്കേൾപ്പാനധികാരികളി
വർ സാക്ഷാൽജ്ഞാനികളെന്നതറിഞ്ഞുധർമ്മപുത്രർ * പിറേറന്നാളെ
തിരവേഭീഷ്മസന്നിധിപുക്ക മുററീടുംഭക്ത്യാമോക്ഷധർമ്മങ്ങൾചോദ്യം
ചെയ്തു * രാജധർമ്മങ്ങൾകേൾക്കുംമുമ്പിലേമോക്ഷധർമ്മം രാജാവിന
റികയിലാശപൂണ്ടിരിക്കുന്നു * ശന്തനുപുത്രനുട്ടത്തിരിക്കുന്നിതുമൃത്യു ചി
ന്തിച്ചാൽപിന്നെയാരുംചൊല്ലുവാനില്ലയല്ലോ * ഗാംഗേയനുള്ളപ്പൊ
ഴേകേട്ടുകൊള്ളണമല്ലോ സാംഗമാംമോക്ഷധർമ്മംപിന്നെയല്ലാരും
ചൊൽവാൻ * കേൾക്കേണ്ടതെല്ലായിലുംമോക്ഷധർമ്മങ്ങൾ തനം ഓ
ക്കമ്പോളറിഞ്ഞുകൂടാത്തതുംമോക്ഷധർമ്മം * ജഹ്നുജാത്മജനുടെപി
റേറന്നാൾമറെറാരുത്തൻ തന്നോടുചോദിച്ചറിവാനുപായവുമില്ല*സ്വ
ന്ദീസുതനുള്ളപ്പോഴേകേൾക്കിലേയുള്ളു എന്നിട്ടുനേരേതന്നെകേൾക്കേ
ണ്ടിയിരിക്കുന്നു * തന്നുടെധർമ്മമറിയാതെമറെറാന്നുമുമ്പേ ധന്യന്മാ
രോടുചോദിക്കുന്നതുംയോഗ്യമല്ല * എന്നാൽഞാൻരാജധർമ്മമൊക്ക
വേകേട്ടാൽ നേരേവന്ദിച്ചുമോക്ഷധർമ്മംചോദിപ്പനെന്നോർത്തുള്ളിൽ *
മുൽപ്പാടുരാജധർമ്മമൊക്കവേകേട്ടവാറേ പിൽപ്പാടുമോക്ഷധർമ്മം
ചോദിച്ചുയുധിഷ്ഠിരൻ * അനന്തരംഭീഷ്മർധർമ്മപുത്രക്കുമോക്ഷധർമ്മം
തന്നോടുചൊൽവാൻതുടങ്ങുന്നതിൻമുമ്പേതന്നെ * മോക്ഷധർമ്മങ്ങ
ളെല്ലാമനുഷ്ഠിക്കുന്നവൻെറ സാക്ഷാലുള്ളൊരുപരികർമ്മങ്ങളറിയിച്ചു *
ചൊല്ലിനാൻപിന്നെപ്രഹിണോപായംതന്നെ ശീഘ്രം ചൊല്ല നാൻപു
നരപരിഗ്രഹനവേദവും * പ്രജ്ഞയുംയഥാലബ്ധവൃത്തിയുംദൈഷ്ടി
കതം വിജ്ഞാനമെന്നിവറെറയൊക്കവേയറിയിച്ചു * ചൊല്ലെഴുമു
പോദ്ഘാതംനന്നായുമറിവാനായ് ചൊല്ലിനാൻഭൃഗുഭരദ്വാജസംവാ
ദംകൊണ്ടേ * പിൽപ്പാടുമോക്ഷധർമ്മംചൊല്ലുവാനാരംഭിച്ചു ശില്പമായ്
ചൊന്നാൻജാപകോപാഖ്യാനംകൊണ്ടെല്ലാം * വേദാഖ്യമായിട്ടുള്ളൊ
രക്ഷരരാശിയുടെ ഭേദാർത്ഥംനിയമവദഭ്യാസരൂപമായു *ള്ളാനന്ദധർമ്മ
ത്തെയുമെപ്പേരുമറിയിച്ചു സാനന്ദംയുധിഷ്ഠിരൻതന്നോടുദേവവ്രതൻ *
നിർമ്മലൻമനുബൃഹസ്പതിസംവാദംകൊണ്ടു കർമ്മണാംഫലസ്വരൂപ
ത്തെയുംപുനരപി * കരുതിജ്ഞാനസ്വരൂപത്തെയുമറിയിച്ചു പരമാത്മ
സ്വരൂപമഖിലമരുൾചെയ്തു * വാർഷ്ണേയോപാഖ്യാനത്താൽമോക്ഷോ
പായത്തെച്ചൊല്ലി വാർഷ്ണേയനായകൃഷ്ണൻതൻതിരുവുള്ളത്താലെ *
ജ്ഞേയമാംശുകാനുപ്രശ്നംകൊണ്ടു പൂർവ്വോക്തങ്ങളായുള്ളമോക്ഷധർമ്മം
വിസ്തരിച്ചറിയിച്ചു * ഗാംഗേയനോരോതരമിതിഹാസങ്ങൾ
കൊണ്ടു സാംഖ്യമാംയോഗത്തെയുംസംക്ഷേപിച്ചറിയിച്ചു * ബുദ്ധി
മാനായധർമ്മപുത്രനോടഥഭീഷ്മർ വിസ്തരിച്ചരുൾചെയ്തുസാംഖ്യയോഗങ്ങ
ളെല്ലാം * സാധനഫലസ്വരൂപപ്രകാരങ്ങളേയും സാധുലോകാ
ഢ്യനോടുഗാംഗേയനറിയിച്ചു * വർദ്ധിച്ചുസാംഖ്യയോഗാന്തരാലെവി
ശേഷവും വസിഷ്ഠകരാളാഖ്യജനകസംവാദത്താൽ * പിന്നെയുംയാ
ജ്ഞവൽക്യജനകസംവാദത്താൽ തന്നെബുധപ്രബുദ്ധബുദ്ധ്യമാനന്മാരു

ടെ * ഭേദവുംസ്വരൂപവുംസംക്ഷേപിച്ചറിയിച്ചു ബോധിപ്പാനിതുപിന്നെവിസ്തരിച്ചറിയിച്ചു * തദനുദേവവ്രതൻധർമ്മജനോടുശുകപതനങ്കൊണ്ടുശുകോല്പത്തിയുമറിയിച്ചു * ശ്രീവേദവ്യാസൻപോക്കൽനിന്നു ശ്രീശുകനുള്ള കേവലജ്ഞാനപ്രാപ്തികൊണ്ടുള്ളമോക്ഷപ്രാപ്തി* എന്നിവയറിയിച്ചനേരം പിന്നെയുംഭീഷ്മർമന്നവനായ ധർമ്മനന്ദനനറിയിച്ചു കുണ്ഠതനീക്കിപ്പിന്നെശ്രീമന്നാരായണീയം കൊണ്ടറിയിച്ചുപഞ്ചരാത്രിസിദ്ധാന്തമെല്ലാം * നാനാസിദ്ധാന്തമെല്ലാമേകനിഷ്ഠകൾതന്നെതാനുമെങ്കിലുമപ്രധാനംവേദങ്ങൾക്കെത്രും * ഉഞ്ഛവൃത്ത്യുപാഖ്യാനംകൊണ്ടുറിയിച്ചുഭീഷ്മർ കിഞ്ചിൽസംശയംധർമ്മനന്ദനനുണ്ടാകായ്വാൻ * ഇങ്ങിനെചൊല്ലിപ്പതിനെട്ടുപർവ്വങ്ങളിൽവെ ച്ചംഗിയായിരുന്നൊരുശാന്തിപർവ്വത്തെയെല്ലാം * തത്രതൽപൂർവ്വഭാഗംകൊണ്ടുഭൂപാലധർമ്മ മുത്തരഭാഗംകൊണ്ടുമോക്ഷധർമ്മവുമെല്ലാം * കേവലംബ്രഹ്മപ്രതിപാദ്യമാംശാന്തിപർവ്വം കേവലജ്ഞാനപ്രദമായിരിപ്പോന്നാകയാൽ * വേദാന്തപ്രകരണമത്യന്തംരഹസ്യമിതീദൃശം ചൊല്ലീടുകിൽനിന്ദിക്കുംമഹാജനം * ചൊല്ലരുതുപനിഷദ്വാക്യാർത്ഥമെല്ലാവനുമില്ല കില്ലതിനാൽഞാനിങ്ങിനെചൊന്നേനെന്നു * ചൊല്ലിനാൾകിളിമകൾമേലേടമിനിക്കഥ ചൊല്ലുവൻവേണമെങ്കിലെന്നെല്ലാംപറഞ്ഞിതു *

ഇതി ശ്രീമഹാഭാരതേ ശാന്തിപർവ്വം സമാപ്തം.

അനുശാസനികം.

ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു.

ഇത്ഥംകിളിമകൾചൊന്നതുകേട്ടഥ ചിത്തംതെളിഞ്ഞുചോദിച്ചിതുപിന്നെയും * തത്തേ!വരികരികത്തിരിസൽക്കഥാ സാദരംചൊല്ലുചൊല്ലെന്നതുകേട്ടവൾ * ഉത്തരമായുരചെയ്താൾകനിവിനോ ടുത്തമയാംകഥകേൾപ്പിൻചുരുക്കമായ് * മോക്ഷധർമ്മംകേട്ടവാറെയുധിഷ്ഠിരൻ മോക്ഷാർത്ഥിയാകിയഭീഷ്മരെവന്ദിച്ചു * മോക്ഷപ്രദൻജഗൽസാക്ഷിഭൂതൻപരൻ സാക്ഷാൽമുകുന്ദൻസമക്ഷമപേക്ഷിച്ചു * ദാനാദികർമ്മങ്ങളെക്കേട്ടുകൊള്ളുവാ നാനന്ദമോടുരചെയ്തിതുഭീഷ്മരും * കാലാദികളുടെസംവാദംകൊണ്ടഥ കാലാത്മജന്നറിയിച്ചിതുവിസ്തരാൽ * എല്ലാററിലുംപ്രധാനംപൂർവ്വകർമ്മമെന്നെല്ലാ മറിയിച്ചനന്തരം പിന്നെയും * മൃത്യുഞ്ജയത്തിന്നുപായപരത്വേന നിത്യമതിഥിപൂജാഫലമാഹാത്മ്യം * മുഖ്യസുദർശനോപാഖ്യാനംകൊണ്ടുടൻ കൈക്കെയറിയിച്ചനേരംദേവവ്രതൻ * സാമ്യമില്ലാതമതംഗോപാഖ്യാനത്താൽ ബ്രാഹ്മണമാഹാത്മ്യമൊക്കെയറിയിച്ചു * ജന്മംകൊണ്ടേസാധിക്കാവൂ തൽബ്രാഹ്മണ്യംകർമ്മംകൊണ്ടാക്കമേസാധിക്കരുതല്ലോ * മൂന്നംഗരുഡനവിഷ്ണുപരീക്ഷിച്ചു നന്നായനുഗ്രഹിച്ചോരുപ്രകാരവും * ചൊല്ലിസു

പണ്ണുവൈകുന്തസംവാദംകൊണ്ടെല്ലാമജ്ഞാതവൈരിക്കഗംഗാസുതൻ * നല്ലൊരുപമന്യുപാഖ്യാനംകൊണ്ടേല്ലാ ചൊല്ലിപശുപതിമാഹാത്മ്യമൊക്കവേ * ശൈവമായുള്ള സഹസ്രനാമത്തെയും ദൈവജ്ഞനായ ദേവവ്രതൻചൊല്ലിനാൻ * ദിവ്യംവിശിഷ്ടാൽപരംകന്യകാദാനം സൎവ്വകാൎയ്യങ്ങൾക്കുംമൂലമെന്നുംചൊല്ലി * കന്യകാദാനപ്രകാരഭേദങ്ങളും കന്യകാദാനത്തിനുള്ളൊരുകാലവും * ദായവിഭാഗപ്രകാരവുംദിഗ്ദേശന്യായഭേദങ്ങളുമാചാരഭേദവും * വൎണ്ണസമുദായോല്പത്തിപ്രകാരവും വൎണ്ണിച്ചുതത്രഗോമാഹാത്മ്യവുംചൊന്നാൻ * ശന്തനുസൂനുഗോദാനപ്രകാരവും ഹന്തഗോദാനഫലവുമറിയിച്ചു * സ്വൎണ്ണമാഹാത്മ്യമഖിലമറിയിച്ചു സ്വൎണ്ണദാനത്തിൻഫലപ്രകാരാദിയും * രുദ്രസനൽക്കുമാരപ്രവാദംകൊണ്ടു മുക്തിധൎമ്മങ്ങൾസംക്ഷേപിച്ചറിയിച്ചു * തീൎത്ഥമാഹാത്മ്യവുംഗംഗാമാഹാത്മ്യവും തീൎത്തറിയിച്ചിതുപാൎത്ഥനുഭീഷ്മരും * പാൎവ്വതീശൎവ്വസംവാദേനപിന്നെയും പൂൎവ്വസമുക്തങ്ങളായുള്ളകൎമ്മങ്ങൾ * സൎവ്വവുമാശുസംക്ഷേപിച്ചറിയിച്ചു ദിവ്യനായീടിനശന്തനുനന്ദനൻ * വൈഷ്ണവധൎമ്മമശേഷമറിയിച്ചു വൈഷ്ണവമായസഹസ്രനാമത്തെയും * ഇങ്ങിനെധൎമ്മാത്മജനറിയിച്ചിതു ഗംഗാതനയനുംദാനധൎമ്മാദികൾ * അവ്യക്തനവ്യയൻദിവ്യനനാകുലൻ സവ്യസാചിപ്രിയൻനാരായണൻപരൻ * തന്തിരുമേനിയുംകണ്ടുകണ്ടന്തികേ സന്തതംചിന്തിച്ചുചിന്തിച്ചുതദ്രൂപം * വ്യാസധൌമ്യാദിമുനീന്ദ്രപ്രവരരും ഭൂസുരവൃന്ദവുംപാണ്ഡവരാദിയാം*ബന്ധുവൎഗ്ഗങ്ങളുംകണ്ടങ്ങിരിക്കവേ ശന്തനുനന്ദനൻഭാഗീരഥീസുതൻ * നാരായണൻനളിനായതലോചനൻകാരുണ്യവാരിധികംസനിഷൂദനൻ * സാക്ഷാൽസമീപേവസിക്കുന്നതുംമുദാ വീക്ഷ്യസന്തുഷ്ട്യാസ്തുതിച്ചുനാരായണം * പാനവുംചെയ്തുപരമാനന്ദംപൂണ്ടു ഭാനുകോടിപ്രഭൻഭക്തപരായണൻ * ദേവദേവൻവാസുദേവൻജഗൽപതി ദേവകീനന്ദനൻതന്നെയുംതന്നെയും * ഏകീഭവിപ്പിച്ചുതാതവരത്തിനാൽ ഏകസ്വരൂപംമനസിചിന്തിച്ചഥ * സ്വഛന്ദമൃത്യുവായുള്ളദേവവ്രതൻ സ്വഛമാമച്യുതാംഘ്രിദ്വയപങ്കജം * നിശ്ചലസച്ചിന്മയമമൃതംപരം സത്യമനന്തമനാദ്യമനാകുലം * സത്വംപരബ്രഹ്മസച്ചിന്മയംപരമാത്മാനമാത്മനാകണ്ടുകൊണ്ടാത്മനി * സ്വാത്മാനമാശുയോഗേനലയിപ്പിച്ചു കാരണത്തിങ്കൽനിലീനനാംഭീഷ്മരെ * ധീരനാംധൎമ്മസുതൻവണങ്ങീടിനാൻ * നാരായണ!ഹരേ നാരായണഹരേ! നാരായണേതിജപിച്ചിതെല്ലാവരും * പിന്നെമുഹൂൎത്തമാത്രംപുനരേവരു മന്നേരംനിശ്ചലരായിരുന്നീടിനാർ * എന്നിതെല്ലാമനുശാസനികംപൎവ്വം തന്നിലുള്ളൊരുകഥകളാകുന്നതും * വിസ്തരിച്ചൊക്കെഞാൻഭാഷയായ്ചൊല്ലുകയാൽ സിദ്ധമല്ലായ്കയെന്നാകയല്ലീയെന്നു * സംശയിച്ചിങ്ങനെചൊല്ലിയെൻഞാനെന്നു സംശയംകൂടാതെപൈങ്കിളിയുംചൊന്നാൾ *

ഇതി ശ്രീമഹാഭാരതേ അനുശാസനികപൎവ്വം സമാപ്തം.

അശ്വമേധികം

ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു.

ആനന്ദമാനന്ദമയ്യാ! ജഗൽപര മാനന്ദമാനന്ദമൂർത്തികഥാമൃതം *
പാനംദിനേദിനേചെയ്യുന്നവക്ഷസോ പാനന്ദയാലയസ്യാലയപ്രാപ്ത
യേ * മോഹനംമായാവിമോഹവിധ്വംസനം മോഹിതോഹംതദാ
കണ്ണനേസന്തതം * മോഹനഗാനശീലേകിളിപ്പൈതലേ! ദാഹംവി
ഹായകഥയകഥയനീ * എങ്കിലോകേൾപ്പിൻചുരുക്കിഞാൻചൊല്ലു
വൻ പങ്കജനേത്രവിലാസങ്ങളോരോന്നേ * ദേവവ്രതൻമരിച്ചോരു
നേരംപരി ദേവനംചെയ്തുയുധിഷ്ഠിരനാദികൾ * ദേവിഗാന്ധാരിത
ന്നോടുംതദാനര വീരൻധൃതരാഷ്ട്രരുംകരഞ്ഞീടിനാൻ * ദേവനദി
യായഗംഗയിൽനിന്നവർ ദേവവ്രതന്നുദകക്രിയയുംചെയ്താർ * ധർമ്മ
സുതാദികൾശോകിച്ചുവീണപ്പോൾ നിർമ്മലനായഭഗവാനരുൾചെ
യ്തു * ധർമ്മരാജാത്മജസോമകുലാധിപ! നിർമ്മലാത്മാവേനീ ദുഃഖിക്ക
രുതല്ലോ * നിന്മനോദുഃഖത്തിനില്ലൊരുശാന്തിയേ തന്മഹാമായാബ
ലമെന്നറികനീ * എന്നുടെമായയിൽമോഹിക്കരുതെന്നായ് നിന്നോ
ടനേകദിവ്യന്മാരരചെയ്താർ * എന്ന വയൊക്കവേനിഷ്ഫലമായിതോ
മന്നവവന്ദിക്കനീവേദവ്യാസനെ * എന്നതുകേട്ടുതൊഴുതിതുധർമ്മജൻ
മന്നവനോടുമുനിയുമരുൾചെയ്തു * മായാമയനായമാധവൻതന്നുടെ
മായാവിലാസമിക്കാണായതൊക്കവേ * ശന്തനുജൻതൻതിരുവടികേൾ
ക്കവേ തൻതിരുമുമ്പിൽനിന്നല്ലയോനിന്നോടു * കുന്തീതനയപറ
ഞ്ഞതിപ്പോളതു ചിന്തിച്ചുകാൺകനീമൂഢനായിടൊലാ * ജ്ഞാനവി
ജ്ഞാനവിഹീനമതികളാം മാനവന്മാരിലൊന്നായ് ചമഞ്ഞീടൊലാ *
പ്രാകൃതന്മാരായമാനുഷർകൈക്കൊള്ളു മാകൃതിയെന്തുനീപൂണ്ടതുഭൂപ
തേ! * ജ്ഞാനോപദേശംനിനക്കുമുനിജനം മാനമകലുവാനെത്രതരം
ചെയ്തു * ഗാംഗേയനുംപരമാത്ഥംപറഞ്ഞിതു നീങ്ങീലമോഹങ്ങളെ
ന്നാലുമെങ്കിലോ * ചെയ്യേണമശ്വമേധംവിരവോടുള്ളിൽ മയ്യൽതീ
ന്നീടുവാൻധർമ്മരാജാത്മജ! * വൈവസ്വതാത്മജൻദ്വൈപായനപ
ദം കൈവണങ്ങിപ്പറഞ്ഞീടിനാനന്നേരം * നേരേപിതാമഹനല്ലോഭ
വാൻമമ കാരുണ്യവാരിധേ!നാഥതപോനിധേ * എന്തൊന്നരുൾചെ
യ്തതുനിന്തിരുവടി സന്തതംഞാനതുചെയ്യതിനാളത്രെ * യുദ്ധത്തിലൊ
ക്കെമരിച്ചിതുബന്ധുക്ക ളത്ഥം,മില്ലെന്നറികമുനീശ്വര! * ശ്രീബാദരാ
യണൻചൊന്നാനതുനേരം ശ്രീവാസുദേവഭക്താഢ്യനല്ലോഭവാൻ *
വിഷ്ണുഭക്തന്മാക്കുകൂട്ടകയില്ലേതും കൃഷ്ണൻതിരുവടിസാക്ഷാൽജഗന്മയൻ
* ബന്ധുവായുണ്ടല്ലോസന്തതമന്തികേ ചിന്തിച്ചതൊക്കവേസാധി
ച്ചുകൊള്ളുവാൻ * എന്നാലുമൊന്നുണ്ടുഞാനൊന്നുചൊല്ലുന്നു മുന്നംമരു
ത്തനാകുന്നനരപതി * നീഹാരക്കുന്നിൻവടക്കേപ്പുറത്തുപ ണ്ടേറി

യോരർത്ഥംനിധിവച്ചിരിക്കുന്നു * നീയതുകൊണ്ടുപോന്നശ്വമേധംചെ
യ്ക മായാഭ്രമങ്ങളുംതീരുംനിനക്കെന്നാൽ * എന്നതുകേട്ടുയുധിഷ്ഠി
രൻചോദിച്ചു മന്നവനായമരുത്തൻകഥയെല്ലാം * എന്നോടരുൾചെ
യ്കവേണംകൃപാനിധേ! മന്നവ!കേൾക്കെന്നരുൾചെയ്തുകൃഷ്ണനും *എ
ങ്കിലോപണ്ടുമരുത്തനാകുംനൃപൻ ശങ്കാവിഹീനംപുരോഹിതാകാംക്ഷ
യാ * ചെന്നപേക്ഷിച്ചതുകേട്ടധിഷണനു മിന്ദ്രേഷ്ടമെങ്കിലുമിപ്പോളു
രുതെന്നാൻ * ആചാര്യസോദരനായസംവർത്തനെ യാചാരവുംചെയ്തു
യാചിച്ചുഭൂപനും * ഉർവ്വീപതേ! നിനക്കിഷ്ടകർമ്മങ്ങളെ നിർവ്വഹിപ്പി
ക്കുന്നതുണ്ടുഞാൻനിർണ്ണയം * എന്നതുകേട്ടുതെളിഞ്ഞുമരുത്തനു മന്നുതുട
ങ്ങിയനേകമഖംചെയ്താൻ * അർത്ഥമതീവശേഷിച്ചിതുപിന്നെയും പൃ
ത്ഥ്വീപതിനിധിവച്ചാനതൊക്കവേ * ഉണ്ടിരിക്കുന്നുപനിമലമേലതു
കൊണ്ടുപോന്നാലുമിങ്ങേതുംമടിക്കേണ്ട * പൃത്ഥ്വീപതികൾനിധിയെ
ടുത്തെത്രയു മുത്തമമായധർമ്മംചെയ്തുകൊള്ളണം * എന്നാലതുവച്ചവ
നുംഗതിവരും മന്നവന്മാർക്കുംഗതിവരുംനിർണ്ണയം * എന്നരുൾചെയ്തെ
ഴുന്നള്ളിപരാശര നന്ദനനാകിയകൃഷ്ണൻമുനിവരൻ * ദേവദേവൻവ
സുദേവൻജഗൽപ്പതി ദേവകീനന്ദനൻനന്ദജൻമാധവൻ * ഭക്തനാംധ
ർമ്മാത്മജനോടുപിന്നെയും ചിത്തംതെളിവതിനായരുളിച്ചെയ്തു * ധർ
മ്മേണരാജ്യംനിനക്കായ്ചമഞ്ഞിതു ധർമ്മജ!വഞ്ചനംകിഞ്ചനകൂടാ
തെ *ദൈവാജ്ഞയാപരിപാലിക്കനീ തെളിഞ്ഞുവിമലമധർമ്മംവന്നണ
യാതെ * ഗോബ്രാഹ്മണാദിപ്രജാപരിപാലനം താല്പര്യമോടുചെയ്യേ
ണം ധരാപതേ! * ഞാനായതോർക്കിൽപശുക്കളുംവിപ്രരും ജ്ഞാനമാകു
ന്നതിനെയറികയും * മൽപ്രസാദംകൊണ്ടുതന്നെവരുംഗതിമൽപ്രസാ
ദംഗോദ്വിജപ്രസാദംതന്നെ * ചിന്മയനായജഗന്മയൻമാധവൻ കർ
മ്മൈകസാക്ഷിമുകുന്ദൻതിരുവടി * ധർമ്മജൻതന്നോടരുൾചെയ്തി
തോരോന്നേ നിർമ്മലൻപിന്നെനരനോടുകൂടവേ * വാസവപ്രസ്ഥ
ത്തിനാമ്മാറെഴുന്നള്ളി വാസുദേവൻതന്നോടന്നുധനഞ്ജയൻ * അത്യ
ന്തമിഷ്ടനായോരുവയസ്യനായ് ഭൃത്യനായ്ശ്രീപാദഭക്തനായ്ദാസ
നായ് * സേവകനായ്തവശിഷ്യനായോരുഞാൻ ചാവതിനായ് നരനാ
യ്പിറന്നേൻവൃഥാ * മർത്ത്യജന്മത്തെലഭിച്ചാൽവരേണ്ടതോ തത്വാർത്ഥ
മായുള്ളൊരാത്മജ്ഞാനംപരം * സിദ്ധിക്കവേണംപരമഗുരുവിനോ
ടെത്താപലക്ഷ്മതിന്നൊരാചാര്യനോ * ടെത്തുകിലുമറിവാൻപണിയു
ണ്ടല്ലോചിത്തേമുഴുത്തകരുണപൂണ്ടെത്രയും * ഭക്തപ്രിയനായ്വിനീത
നായ്ശാന്തനായ്സത്വരജസ്തമോവൃത്തിനിര്യുക്തനായ് * തത്വജ്ഞ
നായൊരുസൽഗുരുതൻപദം നിത്യമാരാധിച്ചുതൽപ്രസാദത്തിനാൽ
സിദ്ധിക്കവേണമാത്മജ്ഞാനമേവനും * സാക്ഷാൽസകലജഗൽഗുരുവാ
യൊരു മോക്ഷപ്രദൻനിന്തിരുവടിതാൻതന്നെ * ഓർക്കിലിനിക്കുഗുരുവാ
യതാകയാൽ നീക്കേണമാശുമായാമോഹമൊക്കവേ * എന്നരചെയ്തഭി
വാദ്യവുംചെയ്തിതു പിന്നെയുംപിന്നെയുംവിണ്ണവർകോന്മകൻ * കൃ
ഷ്ണൻതിരുവടിതന്നുടെഭക്തനാം ജിഷ്ണുജനോടുചിരിച്ചരുളിച്ചെയ്തു *

ജ്ഞാനം പലവകയുണ്ടവ കേളാത്മ ജ്ഞാനത്തിനോട്ടസമമല്ല നിർണ്ണയം
* കേവലജ്ഞാനമുപദേശിച്ചീടുവാ നേവനുള്ളു ജഗത്തിങ്കൽ നിരൂ
പിച്ചാൽ * ജ്ഞാനമുണ്ടാകുന്നതെൻ പുനരെങ്കില തെങ്ങനെ ചെ
ന്നു കണ്ടെത്തിയറിയുന്നു * ചിത്തേ വിഷയവിരക്തനായുള്ളോരു
ഭക്തൻ പരമാത്മജ്ഞാനാർത്ഥിയായവൻ * സ്വസ്ഥനായ് സത്വരം സ
ഞ്ചരിക്കുംവിധൌ മുക്തനായ യോഗ്യഗുരുവിനെയെങ്ങാനു മെത്തുമൊരു
നാളൊരുത്തനൊരു ദിശി * നിശ്ചയമീശ്വരനായതവൻ തന്നെ കൊ
ള്ളുകൾക്കുള്ളിലവനുടെ മാഹാത്മ്യ * മേതുമറിയരുതെങ്ങളിലൊന്നെന്നു
ബോധമൊഴിഞ്ഞവർക്കുണ്ടാകയില്ലല്ലൊ * വിള്ളുന്നതാമരപ്പൂവിൻ മ
ധുരസം വെള്ളത്തിലുള്ള ജന്തുക്കൾക്കറിയാമോ * ജ്ഞാനികൾക്കൊഴിഞ്ഞ
റിയാവല്ല കേവലം ജ്ഞാനിയായുള്ളവൻ തന്നെയൊരിക്കലും * അങ്ങി
നെയുള്ള ഗുരുനാഥനെക്കണ്ടു മംഗലവാചാവണങ്ങിച്ചിരകാലം * ശു
ശ്രൂഷയാവസിച്ചാലൊരു കാലത്തു വിശ്വാസഭക്തികൾ കണ്ടു ഗുരുവരൻ
* വാരം പ്രസാദിച്ചുപദേശവും നൽകും തീരും ജനനമരണവുമനന്തരം
* ചേരും പരമാത്മനി ചെന്നു ജീവനും പോരും പറഞ്ഞതു നിന്നോടു
ഞാൻ പുരാ * യുദ്ധത്തിനായ്തുടങ്ങുംവിധൌ മോഹസം ബദ്ധനായോരു
നിന്നോടു ചൊല്ലീലയോ * തേരിലിരുന്നു ഞാൻ നിന്നോടതൊക്കവേ
നീരിൽ വരച്ചവരയായ് ചമഞ്ഞിതോ * കേളിനിയും പരമാത്മസ്വരൂ
പം നീ കേളു ഞാനങ്ങുണ്ടല്ലോ ചൊല്ലുവാനിന്നിയും * വാക്കിന്നു വിഷയമ
ല്ലാതൊരാത്മജ്ഞാനമാക്കമേ കേട്ടാൽ മതിയാകയില്ലല്ലോ * ഞാനെ
ന്നുമൻപോടെനിക്കെന്നു മുള്ളോരുമാനം കളകനടേ ഒന്നു വേണ്ടതും *
യുഷ്മദസ്മൽപദഭ്രാന്തി കൊണ്ടേററവും കശ്മലം മാനുഷർക്കുള്ളിലുണ്ടാകുന്നു
* പിന്നെസ്സുഖദുഃഖശീതോഷ്ണമാദിയാം ദ്വന്ദ്വഭാവങ്ങളകലെക്കളയ
ണം * ഭൂവാരിവഹ്നിവാതാകാശവും പിന്നെ ഗന്ധരസരൂപസ്പർശശ
ബ്ദങ്ങളും * ഘ്രാണജിഹ്വാചക്ഷുസ്ത്വക്ശ്രവണങ്ങളും വാക്പാണിപാ
ദപായൂപസ്ഥവും വചനാദാനയാനവിസർഗ്ഗാനന്ദങ്ങളും * മാനസ
ബുദ്ധ്യഹങ്കാരചിത്തങ്ങളും തദ്വിഷയങ്ങൾ പ്രാണാദികളുമല്ല * ജീവ
നുമല്ല കേളാത്മാവാകുന്നതും തന്നിലേതാനുമെന്നെല്ലാററിനും മീതെ *
മിന്നൽ പോലെ സകലത്തിനും സാക്ഷിയാ യൊന്നുമേതന്നോടു വന്നണു
പററാതെ * ചെന്നു താനെല്ലാററിനോടുമേ ചേർന്നു കൊണ്ടെല്ലാററിനു
മോക്ഷചൈതന്യമുണ്ടാക്കി നല്ലതേജോമയനായ് നിറഞ്ഞെപ്പൊഴും *
വെള്ളത്തിൽ മുങ്ങിക്കിടക്കും കലശത്തി നുള്ളിലും പിന്നെപ്പുറത്തും നിറ
ഞ്ഞൊരു * വെള്ളം കണക്കെ ജഗത്തിങ്കലൊക്കവേ വ്യാപിച്ചിരിപ്പതാത്മാ
വു പരബ്രഹ്മം രൂപാദിഹീനമേകം പരമവ്യയം * തത്സ്വരൂപമറിവാൻ
ഗുരുവാം പരമേശ്വരനംഘ്രികൾ ചൂടുകിലാമത്രേ * പുത്രമിത്രാർത്ഥകള
ത്രദേഹങ്ങളും നിത്യമല്ലെത്രയും വ്യർത്ഥമെന്നോർത്തുടൻ * നിത്യവിരക്ത
മായ് സത്യമായ് നിത്യമായ് തത്വാർത്ഥമാകുമാത്മാവുമാചാര്യനും * താ
നുമൊന്നായ് തെളിഞ്ഞാശു കാണായ്വരും താനൊഴിഞ്ഞേതുമൊന്നില്ല
കേളനഘ * ഇത്ഥം ഭഗവാനരുൾ ചെയ്തതൊക്കവേ വിസ്മരിച്ചി

ല്ലോളിനിക്കറിയിക്കാമോ * കേട്ടിവണ്ണംഭഗവദ്വചനംപാൎത്ഥനാദ്ധ്യ
ന്മാരോട്ടം നടന്നതെളിവോടെ * ഹസ്തിനമായപുരിപുക്കവന്ദിച്ചു പൃ
ത്ഥ്വീപതിയായധൎമ്മജൻതൻപാദം * പാണ്ഡവന്മാരുംഭഗവാനുമാ
യ് ചെന്നുപാണ്ഡുനൃപാലയംപുക്കോരനന്തരം * പുത്രമിത്രാദികളൊ
ക്കെമരിക്കയാലെത്രയുംഖേദംകലൎന്നജനത്തെയും * കൈക്കെപ്പറഞ്ഞുട
നാശ്വസിപ്പിച്ചിട രൊക്കെക്കളഞ്ഞിതുസന്താപംമാധവൻ * ശ്രാദ്ധ
ദേവാത്മജന്മാദികളൊക്കവെ ശ്രാദ്ധവുംചെയ്താരഭിമന്യുവിനായി *
പ്രീത്യാപരാശരപുത്രനേയും തൊഴുതാസ്ഥയാപൂജിച്ചഭിവാദ്യവുംചെ
യ്താർ * പിന്നെപ്പരാശരനന്ദനൻചൊല്ലിയ പൂൎണ്ണനിധിയെടുപ്പാനാ
യ്പുറപ്പെട്ടാർ * ആൎത്തനാലംഗപ്പടയോടുകൂടവെ പാൎത്ഥിവന്മാരുംദ്വി
ജന്മാരുമായോരോ * മാമുനിമാരുമായ്നേരെവടക്കോട്ടു സാമോദമാ
ശുനടന്നുവേഗത്തോടെ * കാനനശൈലനദികളുംദേശങ്ങൾ നാനാ
നരേന്ദ്രന്മാർവാഴുന്നരാജ്യങ്ങൾ * എന്നിവപിന്നിട്ടുകൈലാസമാകി
യ കുന്നിന്നുചെന്നുമഹേശ്വരപാദങ്ങൾ * നന്നായ്വണങ്ങിനാർഭ
ക്തിയോടെയവർ പിന്നെമഹേശ്വരപൂജയുംചെയ്തിതു * കുന്നിൻമക
ളെയുംമക്കളെയുംകണ്ടു വന്ദിച്ചുനന്ദികേശാദിഭൂതങ്ങൾക്കും * തൃപ്തിവ
രുമാറുപൂജിച്ചുസേവിച്ചാർ നന്നായനുഗ്രഹിച്ചുമഹാദേവനും * പി
ന്നെപ്പനിമലതങ്കലാമ്മാറങ്ങു ചെന്നുകണ്ടീടിനാരത്ഭുതമായേററ*മുന്നത
മായശിഖരങ്ങളുംകണ്ടു നിന്നുശിവശിവ!യെന്നുകൈകൂപ്പിനാർ*ഘോ
രതപോബലമുള്ളപുരോഹിത ന്മാരോരോതരത്തിലെഹോമപൂജാദികൾ
* ചാരുനിധികാത്തിരിക്കുന്നദേവത മാരെയുംപൂജിച്ചുതൃപ്തിവരുത്തി
നാർ * പിന്നെക്കുഴിച്ചുനിധികണ്ടനേരത്തു വന്നൊരുവിസ്മയംചൊ
ല്ലാവതല്ലേതും * പൊന്നുകൊണ്ടുള്ളപാത്രങ്ങൾപലതരം ഉന്നതവാര
ണവാജിപശുവൃഷമെന്നിവപൊന്നുകൊണ്ടുള്ളതനവധി * മൂലഫല
ങ്ങൾപോലെചമച്ചുള്ളതും മാലകളാദിയാമാഭരണങ്ങളും * അംഗുലീ
യങ്ങൾകണ്ടാലൊരോന്നിവ യംഗങ്ങളൂടെകഴിക്കാംനമുക്കെല്ലാം * പ
ണ്ടുള്ളദേഹങ്ങളെത്രവലുതിവകണ്ടാലും നാംകൃമികൾക്കുസമമല്ലോ *
എന്നിവയോരോന്നുവിസ്മയംപൂണ്ടവർ അന്യോന്യമാലാപവുംചെയ്തുകൊ
ളുകാൽ * അററമില്ലാതോളമുള്ളരത്നങ്ങളും മററുമപൂൎവ്വങ്ങളായുള്ളവ
സ്തുക്ക * ളൊക്കെയെടുത്തൊരുപൊന്നിന്മലപോലെ ചൊക്കത്തില
ങ്ങുകൂട്ടീടിനാരന്നേരം * പണ്ടുപണ്ടുള്ളരാജാക്കളിതെങ്ങനെ യുണ്ടാക്കി
യവാറിതെത്രയുമത്ഭുതം * ക്ഷോണീപതികൾസമൃദ്ധിപണ്ടീവണ്ണം നാ
ണമാകുന്നുനമുക്കിതുകാണുമ്പോൾ * ഇത്ഥംപറഞ്ഞുപറഞ്ഞവരോ
രോരോഹസ്തികൾവാജികളൊട്ടകക്കൂട്ടങ്ങൾ * അസ്തഭാരശ്രമംപൂ
ണ്ടുകഴുതകൾനന്നായ് ചുമന്നൊരുലക്ഷത്തിലുംപരം * പിന്നെയുമോ
രോരോകിങ്കരന്മാർ ചുമന്നെണ്ണായിരംകോടിയുണ്ടല്ലോകാലാളും * തേ
രുകളുള്ളവയൊക്കെനിറഞ്ഞാറെ പോരാഞ്ഞുകാലാൾചുമന്നാർവി
ശേഷിച്ചും * സേനാപതികളുംമന്ത്രിവരന്മാരും മാനംവെടിഞ്ഞുചു
മന്നാരതുനേരം * ഭീമസേനൻതാനെടുത്തുനടന്നിതു ഭൂമിയുമൊന്നു

ഷാഞ്ചൊടിയത്തുനേരം * ഞങ്ങളോടൊക്കെവരുന്നോരുമൂലംനിങ്ങൾ ത
ങ്ങൾതങ്ങൾക്കുവേണ്ടുന്നപദാൎത്ഥങ്ങൾ * തങ്ങൾതങ്ങൾ ചുമന്നീട്ടു
വിൻനിങ്ങൾക്കുഞങ്ങൾ കല്പിച്ചുള്ളതങ്ങുചെന്നാൽത്തരാം * എന്ന
ങ്ങയച്ചുകൊട്ടത്തിതുധൎമ്മജൻ തന്നോട്ടുകൂടവേപോയവൎക്കൊക്കവേ
* ആനന്ദമോട്ടുനിധിയുമെട്ടപ്പിച്ചു മാനംകലൎന്നമഹീപതിവീര
ന്മാർ * ആനയുംതേരുംകുതിരയുംകാലാളു മാനകദുന്ദുഭിശംഖാദി
വാദ്യവും * ആനന്ദമുള്ളിൽനിറഞ്ഞുവഴിഞ്ഞെഴു മാനനപത്മ
ങ്ങളോട്ടമത്തുനേരം * ഘോഷിച്ചുതെക്കുതിരിച്ചുനടകൊണ്ടാർ ഭൂ
ഷിച്ചിതാകാശവുംവിമാനങ്ങളാൽ * വാസുദേവൻദേവദേവൻ
ജഗൽപതി വാസവസേവിതൻനന്ദജൻമാധവൻ * വാസവ
പുത്രപ്രിയവയസ്യൻപരൻ വാസുകിപൂൎവ്വഭോഗീശശയനനൊൻ *
മാനസതാരിലിരുന്നരുളുംകൃഷ്ണൻ മനമില്ലാതവിഭൂതിയുടയവൻ * മാ
നവനായ്പിറന്നോരുമായാമയൻ മാനിനീനാംമനോധൈൎയ്യചോരാധി
പൻ * ഉദ്ധവസാത്യകിസാരണസാംബാദി ഭൃത്യപുത്രന്മാരുമഗ്രജൻതാ
നുമായ് * മത്തഗജരഥവാജിപദാതിയാ മുത്തമസൈന്യസമേതമെഴു
ന്നള്ളി * ഹസ്തിനമായപുരിപുക്കരുളിനാൻ ചിത്തമോദേനവിദുരാദി
കളാകു മുത്തമന്മാരെതിരേറ്റുപൂജിച്ചിതു * ഭക്തികണ്ടേററംതെളിഞ്ഞു
ഭഗവാനും ഉത്തരയുംപുനരൻപെറ്റീടിനാൾ * അസ്ത്രശക്ത്യാബത
നിൎജ്ജീവനായൊരു പുത്രനെക്കണ്ടുദുഃഖംകലന്നുത്രയും * അത്തൽ
പൂണ്ടാശ്രുകരഞ്ഞുകരഞ്ഞുട നത്തരവീണുരുണ്ടീടിനാളന്നേരം * ഭക്ത
പ്രിയപരമാനന്ദഗോവിന്ദ!പാഹിമാംപാഹിമാം ദേവകീനന്ദന! പാ
ഹിമാം പാഹിമാംകൃഷ്ണകൃപാനിധേ! * സന്താനസന്ദാനസന്താന
സന്നിഭ സന്താപനാശനസന്തോഷകാരണ * ചിന്തിതചിന്താമണേ
ജഗന്മംഗല! ഹന്തഹാഹാശരണംചരണാംബുജം * കൃഷ്ണ!ശരണംശ
രണംമുരരിപോ! വൃഷ്ണിപ്രവരശരണംമധുരിപോ! * വിഷ്ണോശരണംശ
രണംഹരേവിഭോ! ജിഷ്ണുവയസ്യശരണംജഗൽപ്രഭോ! * വാരണതാപ
നിവാരണകാരണ കാരണപൂരുഷനാഥനരകാരേ * ദാരുണവാരണമാര
ണകാരണ ചാരണസേവിതകാരുണ്യവാരിധേ * നാരായണ!ശരണംശ
രണംഹരേ!നാരദവന്ദിത!നാരകനാശന! * നാരീജനമനോമോഹന
കോമള നാരായണ!ശരണംകമലാപതേ! * ഇത്ഥംപറഞ്ഞീട്ടുമുത്തരത
ന്നുടെ ചിത്തതാപംകണ്ടുകുന്തിയുമന്നേരം * ഭക്തികലൎന്നുമുകുന്ദപാദാം
ബുജം നത്വാകുലഃമമരക്ഷിച്ചരുളെന്നാൾ * നിത്യപരായണ!സച്ചി
ന്മയഹരേ! സത്യസ്വരൂപസകലജഗൽപതേ! ഭക്തപ്രിയ! പരമാനന്ദ!
ഗോവിന്ദ! മുക്തിപ്രദ!മുരാരാതേ!രമാപതേ! * ശ്രീകൃഷ്ണരാമ!യദുപതേ
ഗോപതേ! ശ്രീകാന്ത! കേശവമാധവശ്രീനിധേ! * ശോകജരാമര
ണാദികളില്ലാത യോഗേശ!യോഗീശ്വരപ്രിയകംസാരേ! * ദാമോദര!
ഹരേകാരുണ്യവാരിധേ! കോമളവിഗ്രഹ!ദൈത്യകുലാന്തകേ! * പു
ണ്ഡരീകേക്ഷണ!പീതാംബരവിഭോ! പുണ്ഡരീകഗദാശംഖചക്രായുധ!
* വിശ്വംഭര!പരമേശ്വരശാശ്വത! വിശ്വംഭരപതേവിശ്വരൂപപ്ര

ഭോ! * നീയൊഴിഞ്ഞെത്തുമൊരുനാളുമില്ല നിന്മായാവിലാസങ്ങളാക്കറിഞ്ഞീടാവൂ * നീയൊഴിഞ്ഞാരുരക്ഷിപ്പതുഞങ്ങളെ നീയല്ലയോ കാത്തുകൊണ്ടതുമിന്നിയും * നിന്നെയൊഴിഞ്ഞറിയുന്നീലൊരുനാളും പൂർണ്ണപുരുഷപുരുഷോത്തമവിഭോ! * സ്ഥാവരജംഗമജാതികൾക്കൊക്കവേ ജീവനാകുന്നനിനക്കുനിരൂപിച്ചാൽ * ജീവനില്ലാതെപിറന്നകിടാവിനു ജീവനുണ്ടാക്കുവാനെന്തൊരുസങ്കടം * സന്താപമോടുതൊഴുതഴുതീടിനാൾ കുന്തിയുമവ്വണ്ണംതന്നെസുഭദ്രയും * അന്തികേവീണുകരുകഖസ്ത്രീജനം വെന്തഴൽപൂണ്ടുകരയുന്നതുനേരം * അച്യുതൻതാനുമതുകണ്ടുകിഞ്ചന നിശ്ചിത്യകാര്യംനിരൂപിച്ചുസത്വരം * ഉത്തരയോടുവാങ്ങീടിനാൻതന്നുടെ ഹസ്തപത്മംകൊണ്ടുബാലശരീരവും * ഘോരമായുള്ളൊരുചക്രതേജസ്സിനാൽ ദൂരെനീങ്ങിവിരിഞ്ചാസ്ത്രതേജോബലം * ബാലകൻജീവിച്ചുമാതാവുതൻമുലപ്പാലും കുടിച്ചുതെളിഞ്ഞുവിളങ്ങിനാൻ * പാലിച്ചിതിങ്ങനെപാണ്ഡവസന്തതി കാലസ്വരൂപനാം കൃഷ്ണൻതിരുവടി * പാർത്ഥാദികളുംനിധിയുമായ്വന്നിതു പാർത്തെത്തിരേറ്റിതുവാസുദേവാദികൾ * പുത്രമിത്രാർത്ഥലാഭംകൊണ്ടുസന്തുഷ്ടചിത്തന്മാരായിരുന്നീടിനാർപാണ്ഡവർ * അശ്വമേധത്തിനാരംഭിക്കയെന്നതു വിശ്വനാഥൻതാനരുൾചെയ്തനന്തരം * അഗ്രജന്മാരെയുമച്യുതൻതന്നെയും മഗ്രേവണങ്ങിനടന്നിതുഫല്ഗുനൻ * അശ്വംനടത്തുവാൻമറ്റുള്ളവർകളും നിശ്ശേഷവസ്തുക്കൾസംഭരിച്ചീടിനാർ * ദിക്കുകളൊക്കെജ്ജയിച്ചുതിറവാങ്ങി മുഖ്യനൃപന്മാരെയും ജയിച്ചങ്ങിനെ * പാർത്ഥനുമശ്വവുംകൊണ്ടുവന്നാരന്നോരോ പാർത്ഥിവന്മാരുംമുതിൻവന്നീടിനാർ * നാനാമുനിവരന്മാരുംദ്വിജന്മാരും മാനസാനന്ദംകലർന്നുവന്നീടിനാർ * ആനതേർകാലാൾകുതിരപ്പടകളും മാനംകലർന്നുള്ളവൃഷ്ണിപ്രവരരും * വൈശ്യരുംശൂദ്രരുംവന്നീടിനാർ നാനാദേശ്യന്മാരായുള്ളവിദ്വജ്ജനങ്ങളും * നല്ലമുഹൂർത്തവുമൊത്തുയഥാഗമം കല്യാണമോടുദീക്ഷിച്ചിതുഭൂപനും * പണ്ടനേകംജനംചെയ്തയാഗങ്ങളും കണ്ടീലിവണ്ണമെന്നാർവിബുധാദികൾ * എന്തുചേതംനല്ലബന്ധുവാകുന്നതോ ചെന്താമരക്കണ്ണനാംകൃഷ്ണനല്ലയോ? * ഭൃത്യപ്രവൃത്തിചെയ്യുന്നതുമാധവൻ പൃത്ഥ്വീപതികൾമറ്റാക്കിവണ്ണംവശ്യ * ഭാഗ്യവാന്മാരിൽവച്ചഗ്രേസരനായ തോക്കിൽയുധിഷ്ഠിരനായനരപതി * ഇത്ഥംമഹാലോകരൊക്കെപ്പറകയു മർത്ഥംമതിമതിയെന്നുമോദിക്കയും * പൃത്ഥ്വീശനാശീർവ്വചനങ്ങൾചൊല്ലിയും ചിത്തംകുളുർത്തുപുകഴ്ത്തിയുംസജ്ജനം * ദക്ഷിണയുംചെയ്തുയാഗംസമർപ്പിച്ചു ദിക്കുകളൊക്കെപ്പുകഴുംവണ്ണം * വാദ്യനിനാദകോലാഹലത്തോടുകൂടാദ്യനാംകൃഷ്ണൻതിരുവടിതന്നോടും * മന്നവർമന്നനവഭൃതസ്നാനവും വർണ്ണ്യനദിയിലാമ്മാറുചെയ്തീടിനാൻ * ഭോജനവുംകഴിച്ചാത്മബന്ധുക്കൾക്കുപൂജയുംചെയ്തുപുക്കീടിനാനാസ്ഥാനം * സാമന്തസോദരഭൃത്യപുരോഹിത ഭൂമീന്ദ്രഭൂദേവതാപസന്മാരൊടും * ദിവ്യസിംഹാസനംപുക്കിതുഭൂപതി സവ്യസാചിപ്രിയനവ്യയനീശ്വരൻ * കൃഷ്ണൻതിരുവടിവൃഷ്ണി

കുലാധിപൻ ജിഷ്ണുമുഖാമരവന്ദ്യൻജനാർദ്ദനൻ * ഇന്ദിരാവല്ലഭനിന്ദീ
വരേക്ഷണ നിന്ദുബിംബാനനനിന്ദ്രാരിനാശനൻ * അംബുജലോച
നൻബിംബഫലാധരൻ അംബുജനാഥനനന്തനനാകുലൻ * തുംബു
രുനാരദഗന്ധർവ്വചാരണാദ്യംബരചാരിനിഷേവിതൻമാധവൻ *
അംബികാവല്ലഭസേവിതൻ കേശവനംബുജനാഭനനന്തനാദ്യൻഹരി
* വിശ്വസൃഷ്ടിസ്ഥിതിസംഹാരകാരണൻ വിശ്വരൂപൻപരൻവി
ശ്വംഭരാവരൻ * ഭക്തപ്രിയൻവാസുദേവനനാമയൻ ഭുക്തിമുക്തി
പ്രദൻശക്തിയുക്തൻദേവൻ * ആസ്ഥാനമണ്ഡപേരത്നസിംഹാ
സനേ ആസ്ഥയാസംപ്രാപ്തനായൊരുനേരത്തു * നക്ഷത്രമണ്ഡല
മദ്ധ്യേവിളങ്ങുന്ന നക്ഷത്രനാഥനെപ്പോലെവിളങ്ങിനാൻ * എന്നു
ള്ളിലാമ്മാറിരുന്നരുളുന്നവൻതന്നെയും കണ്ടുകണ്ടാനന്ദമുൾക്കൊണ്ടു
* കണ്ണുകളേററംകുളുൎത്തുകുളുൎത്തവ നെണ്ണമില്ലാതോളം സന്തോഷ
ചേതസാ * വിണ്ണവർനായകൻചെന്നുസുധർമ്മയിൽ വിണ്ണവരോ
ടുമിരുന്നപോലെതദാ * മന്നവർമന്നവനായയുധിഷ്ഠിരനുന്നതരത്ന
സിംഹാസനേമേവിനാർ * അപ്പോഴൊരത്ഭുതംകണ്ടിതെല്ലാവരും
വിപ്രപ്രവരരെക്കാൽകഴുകിച്ചനീർ * ഉണ്ടൊരുവാപികണക്കെനിന്നീ
ടുന്നു കുണ്ടുമുണ്ടേററംപരപ്പുമുണ്ടാകയാൽ * ഉണ്ടൊരുകീരിയതിൽ
മുഴുകിക്കരേറുന്നിതുപിന്നെയും പിന്നെയുംപിന്നെയും * പൊന്നുപോ
ലെയൊരുഭാഗം നിറമതിനന്യഭാഗംമുന്നമുള്ളവണ്ണംതന്നെ * ഭൂമിദേ
വന്മാരതുകണ്ടുചോദിച്ചർ നീമുതിന്നേങ്ങളോടാശുചൊല്ലീടണം *
നിന്നുടൽപാതിയുമെങ്ങിനെയിങ്ങിനെ പൊൻനിറമായവാറെന്നിതു
സാഹസാൽ * ഇന്നിതിലെന്തിനുനീമുഴുകുന്നതു പിന്നെയുംപിന്നെ
യുംവീണ്ടനേകംതരം * എന്നതുകേട്ടുപറഞ്ഞിതുകീരിയു മിന്നിതുനി
ങ്ങൾക്കുഞാൻപറയേണമോ? * ഞാനിതുനേരേപറയുന്നനേരത്തു മാ
നസേനിങ്ങൾക്കുഖേദമുണ്ടായ്വരും * ചൊല്ലേണമെങ്കിലോചൊല്ലുവൻ
നിങ്ങളുമെല്ലാവരുംചെവിതന്നുകേട്ടീടുവിൻ * എങ്കിലോപണ്ടുസക്തൂൽ
പ്രസ്ഥനാംദ്വിജൻ പങ്കങ്ങളെല്ലാമകന്നതപോനിധി * പത്നിയോടു
മൊരുപുത്രനോടും പുത്രപത്നിയോടുംകൂടിവാഴുന്നതുകാലം * നിത്യ
മുതിർമണിയുംപെറുക്കിക്കൊണ്ടു വൃത്തികഴിച്ചുവസിക്കുമാറാകുന്നു *
അന്നൊരുനാളൊരുകാലായിലാമ്മാറു ചെന്നുപെറുക്കിയനെന്മണികൊ
ണ്ടന്നു * കൈവറുത്തുമിയോടെപൊടിച്ചതു നാഴിയുണ്ടുള്ളതവക്കുനാ
ലുപക്കമായ് * ഭീഷണമായതപോബലനിഷ്ഠയാ സ്വാദ്ധ്യായപൈതൃ
ദേവാദികളുംകഴിച്ചാസ്ഥയാചെന്നു ഭുജിപ്പാനിരുന്നിതു * നാലോഹ
രിയായ്പകുത്തുവിളമ്പിയ നേരത്തുവന്നാനൊരുവഴിപോക്കനും * ആല
സ്യമോടുവിശന്നുദാഹിച്ചവൻ കാലത്തുനല്ലുവിൻ തണ്ണീരിനിക്കെ
ന്നാൻ * എങ്കിലതാഥിക്കിനിക്കുവിളമ്പിയ തംഗ്രിക്കുഴക്കുകെന്നാനഥ
താതനും * അങ്ങുവിളമ്പിയതല്ലിനിക്കുള്ളതു ങ്ങെവനെന്നുപറഞ്ഞി
തുപത്നിയും * അങ്ങിനെയല്ലതുധർമ്മവുമല്ലല്ലൊ നിങ്ങളെഞാൻഭരി
ക്കേണമെന്നുണ്ടല്ലൊ * ഭർത്തൃശുശ്രൂഷണംധർമ്മമിനിക്കെന്നുപത്നി

യുമേററമുറച്ചുചൊല്ലീടിനാൾ * പുത്രനതുകേട്ടവരോടുചൊല്ലിനാൻ വൃദ്ധതപൂണ്ടപിതാവുംജനനിയും * ക്ഷുത്തിനുപാത്രമല്ലെന്നുടെഭാര്യാ ഹരി പൃത്ഥ്വീസുരന്നുനൽകീടുകവൈകാതെ * പുത്രനുടെപത്നിചൊല്ലിനാളനന്തരം ഭർത്താവുപജീവിയാതെയിരിക്കവേ * ഞാനുപജീവിക്കയെന്നുള്ളതില്ലല്ലോ ദാനംചെയ്യെന്നുടെഭാഗമതിഥിക്കു * തമ്മിലീവണ്ണമന്യോന്യംപറഞ്ഞൊരു ധർമ്മാധർമ്മങ്ങളുംയുക്തിവാദങ്ങളും * വിസ്തരിച്ചിപ്പോളിനിക്കചൊൽവാൻപണി ചിത്തമലിഞ്ഞുകാലുംകഴുകിച്ചുടൻ * താതൻതനിക്കുള്ളഭാഗംവിളമ്പിനാ നേതുമേവന്നീലതിഥിക്കലംഭാവം * അന്നേരമാശുജനനിയുംസംഭ്രമാൽ തന്നുടെഭാഗവുംകൂടെ നൽകീടിനാൾ * എന്നിട്ടുംവന്നീലതിഥിക്കലംഭാവമെന്നവാറെമകനും കൊടുത്തീടിനാൻ * നന്ദനൻതന്നുടെപത്നിയുമന്നേരം തന്നുടെഭാഗം കനിഞ്ഞുനൽകീടിനാൾ * തൃപ്തനായാചമനാദികളുംകഴിച്ചുത്തമനാം വഴിപോക്കനിരുന്നിതു * യോഗ്യമായുള്ളോരതിഥിപൂജക്കിന്നു ഭാഗ്യമത്രേയോഗംവന്നതോക്കംവിധൌ * ജന്മസാഫല്യവുമിന്നുവന്നു മഹാകർമ്മസാഫല്യവുംവന്നിതുനിർണ്ണയം * തൃപ്തരായാർപിതൃദേവാദികൾനമുക്കെത്തുമിനിപ്പരലോകൈകസൌഖ്യവും എന്നിവരൊത്തുപറഞ്ഞിരിക്കുംവിധൌ വന്നുതാണുഭൂവിസ്വർണ്ണവിമാനവും * ശ്രീവത്സകൌസ്തുഭപീതാംബരമണിഹാരകിരീടകടകകടിസൂത്ര * നൂപുരരത്നമകരാഢ്യകുണ്ഡലചാരുചതുർഭുജശംഖചക്രാദിയാ * മായുധംപൂണ്ടൊരു വിഷ്ണുദൂതന്മാരും മാധുര്യ്യഗാംഭീര്യ്യവാചാപറഞ്ഞിതു സാദരംവന്നുവിമാനമേറീടുവിൻ * നാലുതൃക്കൈകളാലൻപോടൊരിക്കലേ നാലാരെയുമെടുത്താശുകരേററിനാർ * നാരായണസ്വാമിതാനരുളിച്ചെയ്യുപോരുവിൻവൈകുണ്ഠലോകത്തുവൈകാതെ * നിങ്ങൾക്കൊരുനാളുമില്ലൊരധോഗതി ഞങ്ങളിലൊന്നായ്ജഗത്സ്വാമിതന്നെയും * നന്നായ്പരിചരിച്ചാനന്ദമുൾക്കൊണ്ടു നന്ദോപനന്ദാദികളാലുംമാന്യരായ് * വാഴ്കെന്നുദേവദൂതന്മാരരുൾചെയ്തു പോകെന്നമേല്പോട്ടുകൊണ്ടുപോയീടിനാർ * അപ്പോഴതിഥിയെകാൽകഴുകിച്ചനീരല്പമത്രേജലാൽഞാനവിടെച്ചെന്നേൻ * അപ്പുറമൊക്കെ നനഞ്ഞൊരനന്തരം മല്പൊഴേപൊൻനിറമായ്വന്നിതപ്പുറം * അററമില്ലാതോളംഭൂസുരേന്ദ്രന്മാരെ കുററമൊഴിഞ്ഞുടൻകാൽകഴുകിച്ചനീർ * അബ്ധിപോലെകിടക്കുന്നതുകണ്ടു മറേറപ്പുറംപൊൻനിറമായ്വരുമെന്നോർത്തു * വന്നതിൽച്ചാടിമുഴുകിനേനാവോള മെന്നിട്ടുമേതുമൊരുഫലംവന്നീല * അന്നുസക്തുപ്രസ്ഥദാനാൽകൃതമായൊരു പുണ്യഫലമിനിമറെറാന്നിനുണ്ടാകാ * എന്നുപറഞ്ഞുമറഞ്ഞിതുകീരിയും നന്നനന്നെന്നുപറഞ്ഞിതെല്ലാവരും * ധർമ്മജൻതാനുമധികംവിനീതനായ് നിർമ്മലമാനസനത്യന്തശാന്തനാ * യുല്ലൂഷനാശനൻചിന്മയനീശ്വരൻകർമ്മണാമാധാരഭൂതൻജഗന്മയൻ * ധർമ്മസ്ഥിതികരൻനിർമ്മലൻനിർമ്മമൻ തന്മഹാമായാവിലാസങ്ങൾചിന്തിച്ചു * തത്വരൂപം മനതാരിലുറപ്പിച്ചു സത്യസന്ധനായയുധിഷ്ഠിരഭൂപതി * ധർമ്മേണരാ

ജ്യംപരിപാലനംചെയ്തു ധർമ്മദാരങ്ങളോടുംകലന്നാദരാൽ * സോദര
മാത്യപുരോഹിതസാമന്ത ഭൂദേവപൌരജനങ്ങളോടുംമുദാ * ഹസ്തി
നമായപുരത്തിങ്കലാമ്മാറു നിത്യസുഖത്തോടിരുന്നിതക്കാലമേ *

ഇതി ശ്രീമഹാഭാരതേ അശ്വമേധികപർവ്വം സമാപ്തം.

ആശ്രമവാസം.

ഹരിഃ ശ്രീഗണപതയേനമഃ അവിഘ്നമസ്തു.

കഥയമമകഥയമമകനിവിനൊടുശാരികേ! കാരുണ്യമൂർത്തിക
ഥാമൃതമോമലേ! * മധുരതരരസകദളിമധുഗുളസിതാദിയും മാന
സാനന്ദംവരുമാറുസേവിച്ചു * മധുമഥനചരിതരസമഴകൊടുരചെ
യ്തുനീ മായാവിലാസങ്ങൾകേട്ടാൽമതിവരാ * തദനുകിളിമകളു
മതുപൊഴുതുകുതുകാശയാ താല്പര്യത്തോടുചൊല്ലിത്തുടങ്ങിനാൾ *
നൃപതികുലതിലകനതിസുമതിജനമേജയൻ നിർമ്മലനായവൈശ
മ്പായനനോടു * കഥകളിവപലവുമതികുതുകമൊടുകേൾക്ക
യാൽകൌതുകമോടുചോദിച്ചിതുപിന്നെയും * ശമനസുതപവനസു
തഹരിഹയസുതാദികൾ താതനോടെങ്ങിനെവർത്തിച്ചതുശേഷം * മു
നിവരനതുപൊഴുതുചൊല്ലിനാനന്തരം മോദേനകേട്ടുകൊൾകെങ്കി
ൽനരാധിപ! * തദനുപിതൃപതിതനയനാദികളൊക്കവേ താതനോ
ടൊത്തവണ്ണമിരുന്നീടിനാർ * അമിതബലമുടയകുരുനൃപതിധൃതരാഷ്ട്ര
രും ആത്മജന്മാരൊടഭേദമായേവിനാൻ * നിജതനയനൊടുസുതസു
യോധനൻതന്നൊടു നീതിയിൽമുന്നമിരുന്നവണ്ണംതന്നെ * നിജതനയ
സഹജരൊടിരുന്നിതുഭൂപനും ധർമ്മജന്മാപിതൃശുശ്രൂഷയുംചെയ്താൻ *
അധികരസസുഖമൊടുകഴിഞ്ഞിതുവത്സരമഞ്ചിനെതന്നെപതിനഞ്ചൊ
രുപോലെ * തദനുപുനരൊരുദിവസമനിലസുതനെത്രയും താപമാമ്മാ
റുപരുഷങ്ങൾചൊല്ലിനാൻ * പവനസുതകടുവചനനിശമനദശാന്ത
രേ പാർത്ഥിവേന്ദ്രന്നുവൈരാഗ്യമുണ്ടായ്വന്നു * തുഹിനകരകുലമതിലൊ
രവനിപതിയായഹം ശോഭയോടേപിറന്നീടിനേനിന്നിപ്പോൾ * വി
ധിവിഹിതമിഹശിരസിലിഖിതമിതിവിസ്മയം വിത്തംപിതൃക്രിയയ്ക്കി
ല്ലെന്നതുംവന്നു * മറയവരിലൊരുവനടിമലർകഴുകിയൂട്ടിയാൽ മാനി
ച്ചൊരുപണംദക്ഷിണയ്ക്കില്ലപോൽ * വിഗതനയനനുമതിവിരക്തനാ
യപ്പൊഴേ വേഗാൽവനത്തിനുപോവാൻപുറപ്പെട്ടു * ശമനസുതനതു
പൊഴുതുജനകനൊടുകൂടവേ താപേനകാനനത്തിന്നുപുറപ്പെട്ടു * ഉപ
രിചരവസുനൃപതിദുഹിതൃസുതനന്നേരം ഓടിയവിടേക്കുടനെഴുന്നള്ളി
നാൻ * കുരുനൃപതിതനയനൊടുമടിയിണവണങ്ങിനാൻ കൊണ്ടാടി

മാമുനിതാനുമരുൾചെയ്തു * നിഖിലകുലനൃപതിലക!നീതിജ്ഞധർമ്മജ
നിർമ്മലബുദ്ധേ! യുധിഷ്ഠിരകേൾക്കനീ * ക്ഷിതിപതികളഥചരമവയ
സിതനയോദയേ കീർത്തികലർന്നുവനത്തിൽവസിക്കണം * അതിനുനര
പതിയുമിതുപൊഴുതുകരുതീടിനാ നന്ന്യായമിപ്പോൾനിനക്കുവനവാ
സം * അതിനുമൊരുസമയമിനിവരുമതന്നാമെടോ അച്ഛനെപ്പോവാ
നയയ്ക്കണമിക്കാലം * മുനിവരനുമിവപലവുമഴകൊടരുൾചെയ്കയാൽ
മോദേനതാതനെപ്പോവതിന്നേകിനാൻ * പ്രണയതരഹൃദയമൊടുത
നയനുപിതാവുടൻ പ്രീത്യാനയസാരവുമുപദേശിച്ചു *ധനവുമനവധി
ജനകമനസിഹിതമാംവണ്ണം ധർമ്മജന്മാപിതൃപൂജയ്ക്കുനൽകിനാൻ *
കനകമണിവസനബഹുവിധവിഭവജാലവും കാലാത്മജനസംഖ്യം
കൊടുത്തീടിനാൻ * വിമലസമുദയസമയമോടുപുറപ്പെട്ടു വിപ്രോത്തമ
ന്മാർക്കദാനങ്ങളുംചെയ്തു * വിശദമതിവിദുരരൊടുഗാന്ധാരികുന്തിയും
വീറുള്ളസഞ്ജയൻതാനുംപുറപ്പെട്ടു * വിരവിനൊടുവിപിനഭുവിചെന്നി
രുന്നേവരും വിസ്മയമായതപസ്സുതുടങ്ങിനാർ * ഫലജലദലാനിലംഹാ
രഭേദേനപോയ് തത്ര കഴിഞ്ഞുപലവസംവത്സരം * അഥശമനസുത
പവനതനയവിജയാദികൾ അച്ഛനെക്കാണ്മാനടവിപുക്കീടിനാർ * മു
നിവരരുമവനിസുരവരരുമെഴുന്നള്ളിനാർ മുഖ്യനാംവ്യാസനുമപ്പോളെഴു
ന്നള്ളി * പിതൃചരണനളിനയുഗളം പ്രണേമുസ്തദാ പിന്നെപരാശരന
ന്ദനപാദവും * തൊഴുതുതൊഴുതധികപരിതാപമോരോന്നോരോ
ന്നോതിപ്പരിദേവനംചെയ്തനന്തരം * വിധിരനയസുതതനയനന്ദനൻ
തന്നുടെ വ്യക്തമായുള്ളൊരുയോഗബലത്തിനാൽ * കുരുസമരശിരസി
മൃതരായജനങ്ങളെ ക്കൂട്ടമേകാട്ടിക്കൊടുത്തിതുവൈകാതെ * നിജതന
യശതസഹിതബന്ധുവർഗ്ഗത്തെയും നിത്യംമരിച്ചപടയുമൊക്കെക്കണ്ടു *
സുതസുഹൃദരിഭ്രമമുള്ളനൃപനപ്പോൾ സ്വപ്നവുംജാഗ്രത്തുമൊക്കമെന്നും
വന്നു * ജനകനൊടുകനിവിനൊടനുജ്ഞയുംകൈക്കൊണ്ടു ചെമ്മേഗ
ജാഹ്വയംപുക്കിതുപാണ്ഡവർ * തദനുകുരുപതിയുമഥജനനികളുമായു
ടൻ തത്രവനത്തിങ്കൽനിന്നനാകംപുക്കാർ * അമരപുരിമരുവുമവരവര
വർക്കെല്ലാർക്കും ആശ്രൂയ്യയുൽസുവിനെക്കൊണ്ടുധർമ്മജൻ * പരിചിനൊ
ടുഗതിവരുവതിനുദകാദിയും പാർത്ഥിവൻചെയ്യിച്ചുപിണ്ഡവുംനൽകി
നാൻ * ജനകജനനികൾവിഷയമഴകൊടുസപിണ്ഡിയുംചെയ്തുസാം
വത്സരശ്രാദ്ധവുമൂട്ടിനാർ *ധനവുമതിഹിതമൊടുകൊടുത്തിതു വിപ്രർക്ക
ദാനമാനന്ദമോടാശീർവ്വചനവും നൃപതികുലവരനുതെളിവോടുനൽകീ
ടിനാർ നിർമ്മലനായവിദുരരതുകാലം * ഭഗവദനുചരവദനതോനിശ
മ്യദ്രുതം ഭക്ത്യാഭഗവൽഗതിയുമുദന്തവും * മഹസിഭഗവതിഭുവനപതി
ഹൃദയമാത്മനാ മായാവിഹീനേലയിപ്പിച്ചിതവ്യയേ * വിബുധസരിദു
പതടമമന്നമിത്രാത്മജൻ വിജ്ഞാനസംയുതജ്ഞാനാദികളെല്ലാം * ഭ
ഗവദുപദേശമാർഗ്ഗേണകേൾപ്പിച്ചിതുഭാസ്കരപുത്രാംശഭൂതൻവിദുരരും *
മുനികൾവരനായമാണ്ഡവ്യശാപംതീർന്നു മുഖ്യനാംധർമ്മനോടങ്ങുചേ
ന്നീടിനാൻ * ഇതിമുനിവരൻനൃപൻതന്നോടുചൊന്നവ യെല്ലാംമുനി

കൾക്കുസൂതനംചൊല്ലിനാൻ * സരസവചനനനചൊന്നാൾകിളി പ്പൈതലും തല്ലൂഫമാലെങ്ങളോട്ടമതാലമേ *

ഇതി ശ്രീമഹാഭാരതേ ആശ്രമവാസപൎവ്വം സമാപ്തം.

മൌസലം.

ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു.

പരികരികിരികിളിമകളേനീ വരിനെല്ലിന്നവലരിവറുത്തെള്ളും * നവനാളികേരസലിലവും പാലുംനവനീതമോട്ടുഗുളകദളിയും * മധു സിതാദിയുംതരുവൻ വൈകാതെമധുരമാംവണ്ണംപറകശേഷവും * ഹ യിമുരവൈരിനരകാരിശൌരി കരിപരിവൃഢപരിതാപഹാരി * ദുരിത നാശനനമരാരിവൈരി ചരിതരീതികളുരചെയ്തീടുക * വിരവോടുകാ ലംകളയാതെവൃഥാ നരജനനംനീസഫലമാക്കണം * ശുകതരുണികൾ മണികളുമായി സുഖംവരുമാറുപറഞ്ഞാളന്നേരം * മനസാവിഷ്ണുരാ തനും വൈശമ്പായനനാംമുനിവരനൊടുചോദിച്ചിതു * നയനഹീ നനാംനരപതിവാനോ രയനംപ്രാപിച്ചോരനന്തരംനൃപൻ * പിതൃ പതിസുതൻപ്രവൎത്തിച്ചതെന്തു മധുരിപുനാഥനനുഷ്ഠിച്ചവാറും * തദനു വൈശമ്പായനമുനിവരൻ മുദിതനായുടനരുൾചെയ്തീടിനാൻ * ശൃ ണുനരവരകഥാശേഷംചൊൽവൻ ഗുണവാനാകിയനൃപതിധൎമ്മജൻ * ധരണീമണ്ഡലംപരിപാലിച്ചു വാറുരചെയ്തീടുവാൻപണിയത്രേതു ലോകം * ഭരതഹഹയനഹുഷരാഘവ കുരുപൂരുപുരൂരവാഭഗീരഥ സ ഗരമാന്ധാതൃപൃഥുനളശിബി നൃഗനിമിബലിരഘുസുഹോത്രാദി * പല പല ദിവ്യനരപതിവീര രലസഭാവംകൈവെടിഞ്ഞുഭൂതലം * പരി പാലിച്ചനാളിവണ്ണംവന്നതി ല്ലൊരുസൌഖ്യംപ്രജാസമൃദ്ധിക്കനുനം * പൃഥിവീപാലകൻഗുണവാനെന്നാകിൽ കൃതയുഗത്തിലുംകലിയുഗം നല്ലു *അധൎമ്മവിത്തെങ്ങുംമുളയാതെഭുവി സ്വധൎമ്മനിഷ്ഠയാവസി ച്ചിതുലോകം * അഥമുപ്പത്താറാംവരിഷവുംവന്നു പ്രതിയേങ്ങളായുടനു ടനുടൻ * പെരികെദുൎന്നിമിത്തവുംകാണായ്വന്നു പരിതാപംപൂണ്ടുയുധി ഷ്ഠിരനപ്പോൾ * അതുസഹദേവനൊടുപറഞ്ഞപ്പോൾ കുതുകംപൂണ്ടുട നവനുരചെയ്തു * ഇനിയുള്ളകാലംകലിയുഗമത്രേമുനിജനങ്ങളും മറ ഞ്ഞുപോമല്ലോ * മഴയുംപെയ്കയില്ലിനിവേണ്ടുന്നേരം വഴിയേഭൂമിയും വിളകയില്ലല്ലോ * കൊടിയകാററുണ്ടായ്മരങ്ങളുംവീഴും പട്ടുതീയുംപി ടിപെടുംഗൃഹംതോറും * ചതിച്ചുകൊൽകയുമ്പൊളിപറകയും വിധി ച്ചകൎമ്മങ്ങളവചെയ്യായ്കയും *പിതൃക്രിയകളുംവഴിയെചെയ്കയില്ല തിക്രമിച്ചീടുംഗുരുജനത്തെയും *നിജകുലവിദ്യപഠിക്കയില്ലാരും പ്രജക

ളൂംനന്നായ്വരികയില്ലല്ലോ * ദ്വിജന്മാർപൂണുനൂൽകളകയില്ലോരു ഭജ
നംമററില്ലകൃപയുമില്ലാക്കും * നൃപന്മാർനാട്ടിലുള്ളവരോടുകട്ടുംകവ
ൎന്നമാജ്ജിക്കുംവെറുതെവിത്തവും * ഉരുട്ടൊഴിഞ്ഞിട്ടില്ലാരുവന്മ
ൎത്ഥം പഠിക്കുംകച്ചോടത്തിന്നുംകളവത്രെ * കലിയുഗത്തിലുള്ളവ
സ്ഥകളിവ പലവുമിങ്ങനെപറയുന്നപാൎത്താൽ * പൊറുതിയില്ലെള
മവനിയിലിനി പുറപ്പെട്ടുകവേണ്ടതുവൈകാതെനാം * ഇത്തുസ
ഹദേവൻപറഞ്ഞിരിക്കുമ്പോൾ യദുകുലനാശംഝടിതികേൾക്കായി *
ഇവണ്ണംതാപസനരുൾചെയ്തീടിനാ നവനിനായകൻതൊഴുതുചോദി
ച്ചു * കിമപിവിസ്മരിച്ചരുളിച്ചെയ്യണം കമലനേത്രൻതന്നുടെലോ
കപ്രാപ്തി * യദുകുലമെല്ലാമൊടിങ്ങിയവാറും കുതുകമോടുടനരുളിച്ചെ
യ്യണം * തെളിഞ്ഞുവൈശമ്പായനനരുൾചെയ്തു കളികൾകേൾക്കെ
ങ്കിൽകമലാക്ഷൻതന്റെ * വിളയാട്ടുംമായാമഹിമയുമെല്ലാം വിളങ്ങീ
ട്ടുംനിജനിലയപ്രാപ്തിയും * ധരണീവല്ലഭൻകരുണാവാരിധി സരസി
ജനേത്രൻതിരുവടിമുദാ * വിളങ്ങുംദ്വാരകാപുരിയിലാമ്മാറു തെളി
ഞ്ഞുവാഴുന്നാളകമേചിന്തിച്ചാൻ * ഒരുവണ്ണംഭൂമിഭാരംകളഞ്ഞുഞാൻ
പെരിയഭാരതസമരവ്യാജത്താൽ * ഒരുകൂട്ടംദുഷ്ടരൊടുങ്ങികേവല മൊ
രുകൂട്ടംദുഷ്ടരുളവായുംവന്നു * മമസുതന്മാരായവൎക്കൊരുനാളും ശമന
മാരാലുംവരികയുമില്ല * അവരെയുംകൂടെയൊടുക്കിക്കൊള്ളുവാനവകാ
ശമെന്തൊൎത്തിരുന്നരുളുമ്പോൾ * ഭൃഗുഭരദ്വാജവസിഷ്ഠകാശ്യപാദ്യഖി
ലതാപസരൊരുമിച്ചേകദാ * ഭഗവാനെക്കാണ്മാനെഴുന്നെള്ളുന്നേരം
ഭഗവൽപുത്രന്മാർപലരുമൊന്നിച്ചു * മുനികളെക്കണ്ടുമനസിചിന്തി
ച്ചാർ ഇനിയിവരെനാംവലയ്ക്കണമിപ്പോൾ *ഝടിതിസാംബനെച്ചമ
യിച്ചീടിനാ രുടലുംഗർഭിണിയുടെവടിവാക്കി * മുനിവരന്മാർതൻതിരു
മുമ്പിൽവച്ചു വിനയംഭാവിച്ചുതൊഴുതുചോദിച്ചാർ * ഇവൾപെറുന്നതു
പുരുഷനോപെണ്ണോ ദിവസമേതെന്നുമരുളിച്ചെയ്യണം * അതുകേട്ട
ന്യോന്യമവരുംനോക്കി ക്കണ്ടതിനൊരുത്തരമരുൾചെയ്തീടിനാർ *
അട്ടത്തിരിക്കുന്നിതിവൾക്കുപെറില്പോൾ പടുതമേറീടുമിരുമ്പുലക്കയ*
തതിനാലെകുലംമുടിയുംനിങ്ങൾക്കെ ന്നതിനുകില്ലില്ലെന്നതുമരുൾചെ
യ്താർ * മുരരിപുമതമറിഞ്ഞുമാമുനി വരന്മാരുംവിരഞ്ഞെഴുന്നള്ളീടി
നാർ * സകലലോകനായകനെയുംകണ്ടു ഭഗവത്ഭക്തന്മാർമറഞ്ഞിത
ക്കാലം * ചിരിച്ചുഭാഷിച്ചുനടന്നുബാലന്മാർ വിറച്ചുസാംബനുംപ്രസ
വിച്ചീടിനാൻ * ഇരുമ്പുലക്കകണ്ടതിഭയംപൂണ്ടു പരൻപുരുഷനോടുണ
ൎത്തിച്ചീടിനാർ * യദുരാജൻതന്നോടറിയിക്കെന്നതു മധുരിപുതാനുമ
തുകേട്ടന്നേരം * അവരുംഭൂപാലനൊടുപറഞ്ഞിതു മവനീശൻതാനും
പുനരരചെയ്താൻ * ഇരിമ്പുലക്കയതഖിലംനിങ്ങളു മരംകൊണ്ടരാകി
പ്പൊടിച്ചുവൈകാതെ * കലക്കകൊഴിയിൽപുനരെന്നാലു മിക്കുലത്തിനു
നാശമിളക്കരുതല്ലോ * അതുപൊടിച്ചവരുദധിയിലിട്ടാ രതുപൊഴു
തൊരുകഷണംശേഷിച്ചു * അതുസമുദ്രത്തിലെറിഞ്ഞതുമൊരു പൃഥു

രോമംചെന്നുവിഴുങ്ങീതന്നേരം * വലയിൽകിട്ടിയമത്സ്യവും കൈവ
ൎത്തൻ കൊലചെയ്തുകീറിയത്തുന്നേരംകണ്ടു * എടുത്തുകാട്ടിനാനിരുമ്പു
തൻഖണ്ഡം കൊടുത്താൻകാട്ടാളൻതനിക്കവൻതാനും * ഒരുശരംതീ
ൎത്താനതുകൊണ്ടക്കാലം ഇരുമ്പുലക്കതൻപൊടിയായുള്ളതും * തിരവാ
യൂടെവന്നടിഞ്ഞുതീരത്തു വിരവോടേരകതൃണമായുണ്ടായി * ധന
ഞ്ജയൻതാനുംഭഗവാനെക്കാണ്മാൻ തനിയേശ്രീമദ്വാരകയകംപുക്കാൻ
* അരവിന്ദോത്ഭവപുരഹരാദിക ളരവിന്ദാക്ഷനെസ്തുതിചെയ്തീടിനാർ
തെരുതെരെദ്വാരാവതിയിലക്കാലം പെരിയദുൎന്നിമിത്തവുംകാണായ്വന്നു
* പുരവാസികളോടരുൾചെയ്തീടിനാർ മുരഹരനായപരമപൂരുഷൻ
* അടുത്തിതാപത്തിന്നതിന്നായിട്ടത്രെ കടുപ്പമേറുംദുൎന്നിമിത്തംകാണു
ന്നു * ഇവിടംകൈവിട്ടുപുറപ്പെട്ടുകനാം പവിത്രമാംതീൎത്ഥപ്രവരമാട
വാൻ * ഭഗവദുദ്യോഗംപരിചൊടുകണ്ടു ഭഗവത്ഭക്തനുദ്ധവരുംചൊ
ല്ലിനാൻ * തിരുമനസ്സെന്തെന്നറിയാഞ്ഞിങ്ങുള്ളിൽ പരിതാപംപാ
രംമമഭഗവാനേ! * അടിമലരിണയൊടുചേൎത്തീടണ മടിയനെപ്പുനരി
നിമടിയാതെ * വെടിയാതെപോററിയതിയുമല്ലതു മടിയനുപിരി
ഞ്ഞിരിപ്പതിന്നേതും * അതുകേട്ടുദേവനരുൾചെയ്തീടിനാൻ മതിമാനാ
കുമുദ്ധവരോടന്നേരം * പറഞ്ഞീടാംമമപരമാൎത്ഥമെങ്കി ലറിഞ്ഞുകൊ
ണ്ടാലുംവികല്പംകൂടാതെ * പിരിഞ്ഞിരിക്കയില്ലൊരിക്കലുംഞാനോ നി
റഞ്ഞിരിപ്പൊരുപരമാത്മാവുഞാൻ * ഇവണ്ണമാത്മാനമുപദേശിച്ചുട
നവനെയുമയച്ചിതുഭഗവാനും * വിദുരരോടുചൊല്ലുംകൌഷാരവി
ഹൃദയെഞാൻപുനരിരിക്കമെന്നതും * അരുൾചെയ്തനേരംതൊഴുതവൻ
താനും നരനാരായണാശ്രമംപ്രതിപോയാൻ * പുനരഥയദുവരന്മാരു
മായി കനിവിനോടുകൂടെഴുന്നള്ളിനാഥൻ * സമുദ്രതീൎത്ഥസ്നാനവുംകഴി
ച്ചവ രമൎത്ത്യപൂജയുംകനിവോടെചെയ്താർ * പിതൃക്കൾക്കുതൃപ്തിവരു
ത്തിവൈകാതെ യദുക്കൾദാനവുംദ്വിജന്മാൎക്കുചെയ്താർ * കളഭമാല്യഭൂ
ഷണവസ്ത്രങ്ങളാ ലലംകരിച്ചവരഹംകരിച്ചേററം * ഭുജിച്ചുമദ്യവുംഝ
ടിതിസേവിച്ചു ഭജിച്ചിതുഭഗവതിയെയുംനന്നായ് * മദിച്ചുതന്നെത്താ
ന്മറന്നുയാദവ രുദിച്ചൊരുരജോഗുണബലത്തിനാൽ * ശമപ്രധാനമാൻ
സന്മാൎഗ്ഗന്നേരംഭ്രമിച്ചുനാണവുമകലെക്കൈവിട്ടാർ * പതകംഭാരതസമരം
മൂലമായ് കൃതവൎമ്മാവുംസാത്യകിയുമുണ്ടായി * പരസ്പരമുള്ളിലവിടെ
സ്പൎദ്ധയും പെരുത്തിതുച്ചത്തിൽപറഞ്ഞാരന്നേരം * വചസാവന്നിലജ്ജ
യമതുമൂലംനിശിതമായുധമെടുത്താരന്നേരം * പകുത്തുതങ്ങളിൽകല
ഹിച്ചാരേററം പകച്ചിരുത്തിനാരിരുകൂറായ്ത്തമ്മിൽ * പടുതയോടുടന
ടുത്തുവെട്ടിയും തടുത്തുമമ്പുകൾതൊടുത്തുടനുടൻ * മഴപെയ്യുംവണ്ണം
പൊഴിഞ്ഞുമന്യോന്യം പുഴകളെപ്പോലെയൊഴുകിചോരയും * മുറി
ഞ്ഞുവീഴ്കയുമുടനേചാകയും പറഞ്ഞുനില്ക്കവേകഴുത്തറുക്കയും * ജനക
നെ പുത്രൻമകനെത്താതനും കനിഷ്ഠനെജ്യേഷ്ഠൻകനിഷ്ഠൻജ്യേഷ്ഠനെ
* മരുമകനെമാതുലനുംകൊല്ലുന്നു മരുമകനമ്മാവനെയുംകൊല്ലുന്നു *
ശിവശിവശിവ!ശിവശിവശിവ ഭവഭവഭയഹരമൃഡശിവ * ഹരഹ

ഖരഹരഹരഹര പുരഹരസ്മരഹരമൃതിഹര * പെരികെനന്നുമാധവ
ന്നുടെമായ യെല്ലാരുവസ്തുപുനരരുതാതെയുണ്ടോ * ശരചാപാദികളൊ
ട്ടുങ്ങിയശേഷം വിരവോടരകത്തൂന്നകണിശത്താൽ * തെരുതെരെ
ത്തമ്മിൽപ്രഹരിക്കുന്നേരം മരണത്തിന്നേററമെളുതായിതുലോം * മദ
പരവശമനസാസത്വരം യദുകുലവരരമിതമേരക * ത്തൃണമേററുത്തെ
രുതെരെമരിച്ചുടൻ കുണപമായുന്നുശിവശിവചിത്രം! * ഒട്ടെങ്ങിക്കൂടി
യോരളവതുകണ്ടു ദൃഢനായുള്ളോരുബലഭദ്രരാമൻ * സമുദ്രത്തിൽച്ചാ
ടിമുഴുകിവൈകാതെസമത്വരമോടനന്തനെയുംപ്രാപിച്ചു * ഭഗവാനഗ്ര
ജനുടെഗതികണ്ടു സുഖമേയോഗംപൂണ്ടിരുന്നരുളിനാൻ * അവനീഭാ
രവുമഖിലംതീർന്നത ന്നവതാരകാര്യംകൃതമായ്മിക്കതും * ഇനിവൈകു
ണ്ഠമാംപദംപ്രാപിച്ചീടാ മിനിക്കകാലംവൈകരുതല്ലോവൃഥാ * നി
നച്ചുവംദേവൻവലത്തെശ്രീപാദ മണച്ചിടത്തെത്തുടതന്മേൽവച്ചു
* നിവിന്നുജ്ഞദേഹമിരുന്നരുളിനാൻ പവനൻതന്നെയുമടക്കിനിശ്ച
ലം * അടച്ചുമൂലാധാരവുമുറപ്പിച്ചു പടുത്വമോടുകുണ്ഡലിനിശക്തി
യെ * ജ്വലിപ്പിച്ചുമേന്മേൽസുഷുമ്നയാചക്ര കുലത്തെയുമൊക്കെ
ദഹിപ്പിച്ചാരോന്നെ * ദഹനനക്ഷമണ്ഡലത്തോടുതട്ടി ദ്രഹനമണ്ഡ
ലത്തിനെയുംപിന്നിട്ടു * സഹസ്രാമൃതഗണികളുമായിയൂഷ കിരണമണ്ഡ
ലത്തൊടുചെന്നുതട്ടി * വിയത്തൊഴുകീടുമമൃതധാരയാ ലഥിച്ചുമൂലാധാ
രവുംകുളുപ്പിച്ചു * സപദിബ്രഹ്മരന്ധ്രവുമമർത്തുള്ളിൽ തപസയോഗ
മോടരുന്നരുളുമ്പോൾ * ത്രിഭുവനമൊക്കെനിറഞ്ഞതേജസാ പവന
നെജ്ജയിച്ചമൃതപ്ലാവനം * വിരവോടുചേർത്തനെറുകയിൽനിന്നു പ
രിചോടുധൂമംപുറപ്പെട്ടുനേരം * നിരന്നൊരാൽത്തറമുകളിലാമ്മാറ
ങ്ങിരുന്നരുളുന്നഭഗവല്പാദത്തെ * തുടുന്നനെക്കാണായിതുകാട്ടാളനു മട്ടു
ത്തിതുമെല്ലെമറഞ്ഞുവൃക്ഷത്തെ * വിടപികളുടെകിമപിസൂക്ഷിച്ചാന
ടവിവാസിനാംകുലജീവാന്തകൻ * മുസലശേഷനിർമ്മിതശരധരൻ
മുസലിസോദരപദസരോജത്തെ * ശിതതരമായശരംപ്രയോഗിച്ചാൻ
വിധിവിഹിതത്താലതുമതുനേരം *ഇരിമ്പുലക്കതൻകഷണംകൊണ്ടുള്ള
ശരമായുന്നിതുപുനരതുചെന്നു * ഭഗവല്പാദാംഭോരുഹംഭിന്നുകൊണ്ടു
ഭഗവാൻതന്നുടെമതമതാകയാൽ * വഴികേകാട്ടാളനടുത്തുചെന്നപ്പോള
ഴിനിലപൂണ്ടുതൊഴുതുവീണവൻ * അടിയനേതുമൊന്നറിഞ്ഞീലപോ
ററീ! ഉടമയോടെന്നെപ്പരിപാലിക്കണം * മുനിവരന്മാർമാനസത്തിലും
ഗോപവനിതമാർമുലത്തടത്തിലുംപത്മാകരത്തിലുംനല്ലബലിശിരസ്സി
ലും പുരരിപുദേവഹൃദയത്തിങ്കലും * വിധികരതലങ്ങളിലുംഗൌതമഹൃ
ദയനായികാദൃഷദ്വപുസ്സിലും * വിളങ്ങീടുംതവപദസരോരുഹ തല
ത്തിങ്കൽ മമശരമേല്പിപ്പതി * നൊരുതിരുവുള്ളംകലർന്നതെന്തയ്യോ! മുര
ഹരനാരായണ നരകാരേ! * ചരണതാരിണശരണംദൈവമേ! കരു
ണാവാരിധേശരണംദൈവമേ! * തിരുമെയ്കണ്ടുള്ളിലിവനാനന്ദപൂം
ശരമേല്പിച്ചതുനിനച്ചുഭീതിയും * കനിവുകൊണ്ടൊരഞ്ജലിവുംകൈക്കൊ
ണ്ടു വണങ്ങിനാൻതെരുതെരെക്കിരാതനും * ഭയപ്പെടേണ്ടതൊന്നറിഞ്ഞ

ത്രേനിനക്കയുക്തമല്ലിതുവിധിവശാൽവന്നു * ചതിചെയ്യേൻനിന്നെ
ക്കഴിഞ്ഞജന്മനി പ്രതിക്രിയപുനരതിന്നിതുമെടോ! * നിനക്കിനിച്ചി
രമമരഴകത്തു മനഃഖേദംതീൎന്നുവസിക്കാമെന്നുടെ * മനഃപ്രിയത്തി
ന്നഫലമതാകയാൽ കനക്കെനിന്നിലുണ്ടിനിക്കുവാത്സല്യം * അറിയാ
തെയൊരുശരംകൊണ്ടച്യുത ചരണമച്ചിച്ചനിമിത്തംകാട്ടാളൻ * ഒരു
നാളുമൊരുലയംവരാതൊരു പരഗതിവന്നുശിവശിവചിത്രം! * ഖഗ
മുഖബന്ധ്യാവിശിഖമൎപ്പിച്ചു ഖഗപ്രവരനായ് ചമഞ്ഞുകാട്ടാളൻ * ധര
ണീദേവന്മാരതിശയഭക്ത്യാ സരസിജസുമതുളസീപത്രങ്ങൾ * ചരണ
താരിലനവഹമാരാധിച്ചാൽ വരുന്നൊരുഫലമിനിക്കചൊല്ലാമോ *
ഹരികരുണാവാരിധികിരാതനു സുരലോകപ്രാപ്തികൊടുത്തനന്തരം *
തിരഞ്ഞുദാരുകൻഭഗവാനെക്കാണാ ഞ്ഞുരുഖേദംപൂണ്ടുനടന്നങ്ങോടി
ങ്ങോ * ട്ടുഴന്നുതേരുമായവനംവന്നുകണ്ടുഴന്നുവീണുടൻനമസ്കാരംചെ
യ്താൻ * ചരിച്ചതെന്തെന്റെഭഗവാനേമമ മതിഭ്രമംപാരംമുഴുത്തുകൂട്ട
ന്നു * മൃദുമൃദുലമായരുണമായൊരു പദതളിരിലെന്തൊരുശരമേല്പാൻ *
അവകാശംവന്നതിഹഭഗവാനേ ഭവദനമതമറിയാഞ്ഞെന്നുള്ളിൽ *
പരിതാപംപാരംവളരുന്നുപോററി ശരണംമററില്ലകരുണാവാരിധേ! *
പിരിഞ്ഞറിയുന്നീലൊരുനാളുമിനി പ്പിരിഞ്ഞിരിപ്പാനുമരുതുദൈവമേ!
* ചതിപ്പാനല്ലല്ലീതുടങ്ങുന്നുനാഥ! യദുപ്രവരമാധവജഗന്നാഥാ! *
തിരുമനസിചിന്തിതമെന്തെന്നു തിരിയാഞ്ഞുദുഃഖംപെരുതാകുന്നുമേ
നിറഞ്ഞദുഃഖത്താലടിത്താരിൽവീണു പറഞ്ഞുദാരുകൻകരയുന്നനേരം
* തെരുന്നനെത്തേരുമുയൎന്നുമേല്പോട്ടു വിളങ്ങുമായുധങ്ങളുമായന്നേരം *
നടുങ്ങിദാരുകനതുകണ്ടന്നേരം പൊട്ടുന്നനേകൃഷ്ണനരുൾചെയ്തീടിനാൻ
* തെരുന്നനെദ്വാരാവതിക്കുചെന്നുനീ പറഞ്ഞീടേണമീയവസ്ഥക
ളെല്ലാം * പടുതപമേറീട്ടുമൊരുകാലത്തിന്റെ തട്ടുത്തുകൂടാതചെല
ത്താലിക്കാലം * ഒട്ടുങ്ങിപണ്ടുള്ളജനങ്ങളെല്ലാമെ വെടിഞ്ഞിതഗ്ര
ജൻധരണിതന്നെയും * അവനിതന്മീതേവസിച്ചതിന്നിനി യവ
സിതമായിഭവിക്കമാറായി * അധികംസ്വസ്ഥനായിരുന്നഞാൻ
താനുമധുനാദുഃസ്ഥനായ്ചമഞ്ഞതിന്നിയും * വിരവിൽസ്വസ്ഥനാ
യ്ചമയുമാറത്രേ വരുന്നിതെന്നതുമറിയിച്ചീടണം * ഒരുത്തരുംദ്വാ
രാവതിയിലാമ്മാറങ്ങിരി ക്കൊലാപാരംപിഴയ്ക്കുമിന്നിപ്പോൾ * സമു
ദ്രരാജൻവന്നതിക്രമിച്ചീടും ഗമിച്ചുകൊള്ളണമതിന്മുന്നമേ * ധനധാ
ന്യാദ്യുപകരണങ്ങളോടും തനയദാരങ്ങളെയുംകടത്തിക്കൊണ്ടുടനേ
പോകണംകിമപിവൈകാതെ ഝടിതിവാരിധിതകക്കുംവന്നിപ്പോൾ *
സുമതിയായവജ്രനെവാഴിക്കെന്നുമമ നിയോഗമൎജ്ജുനനോടുചൊൽക
* തദനുസൎവ്വലോകരെയുംകൊണ്ടുപോയ് സദനംപാലിക്കെന്നതുമെ
ല്ലാംചൊൽക * വിധിവിഹിതമിതൊഴിക്കരുതാൎക്കും മതിനാരുംഖേദി
ക്കരുതെന്നുംചൊൽക * സകലലോകേശവചനമേവംകേട്ടുകമേവ
നൊരുപരിതാപംകൊണ്ടു * കഴൽതളിരിണപലവുരുകുപ്പി മുഴുത്തചി
ന്തയാനടന്നുദാരുകൻ * സനകനാരദപ്രമുഖന്മാരായ മുനികളോടും

ദേവകളോടുംകൂടി * കമലജനൊടുംഗിരിസുതയൊടും വിമലനിരുപ
രൻത്രിപുരനാശനൻ * ത്രിഭുവനപതിഹരിസുരപതി വിഭ്രമരൂപതിക
മലജാപതി * ധരണിഭാരവുമഖിലംതീരത്താരോ തരുണിമാരുമായ്
രമിച്ചനാരതം * യദുകുലകീർത്തിജഗതിപെരുത്തുള്ളിൽ സുദൃഢബ്രഹ്മചര്യ
വുംദീക്ഷിച്ചുകൊ * ണ്ടളവില്ലാതൊരുകളികളാലക തളിരഖിലജന്മി
കൾക്കുമോദിപ്പി * ച്ചിനിമേലിൽകലിയുഗത്തിങ്കലുള്ള മനുജർക്കുഗതി
വരുത്തിക്കൊള്ളുവാൻ * പവിത്രകീർത്തിയുംവരുത്തിമേല്ക്കുമേൽ ത്രിവ
ർഗ്ഗവുംഭക്തജനത്തിനുനൽകി * പരമമായുള്ളപദത്തെപ്രാപിപ്പാൻ ഒരു
മിച്ചനേരംതൊഴുതുസേവിച്ചാർ * പുരഹരൻതാനുംകമലജൻതാനും
പുരന്ദരാദിയുംമുനിവരന്മാരും * മുദിതരായ്വേദങ്ങളെക്കൊണ്ടുനന്നായ്
സ്തുതിച്ചുസേവിച്ചുതൊഴുതുകുമ്പിട്ടാർ * ജീർണ്ണശരീരനായിരുന്നുടൻപ്രാ
ണവിജയമോടഗ്നിസൃഷ്ടമന്നതന്നോടെ * വിരവൊടുമേല്പോട്ടുടൻജ്വ
ലിപ്പിച്ചു കരയേററിചക്രങ്ങളുംദഹിപ്പിച്ചു * സ്ഥിരയായോരുധാരണ
യാമൂർദ്ധ്നി ഹിരണ്യരേതസ്സംഘടിതദീപിച്ചു * പുറപ്പെട്ടോരഗ്നിദഹി
പ്പിച്ചുദേഹം കുറച്ചിൽകൂടാതെനിറഞ്ഞോരാഭയും * ജഗത്തിങ്കലൊ
ക്കെവിളങ്ങിക്കാണായി സുഖിച്ചുദിവ്യന്മാരതുകണ്ടേററവും * പുരുഷൂ
തനീലമണിരുചിപോലെ തിരുനിറംപൂണ്ടപുരുഷരൂപവും * ഭസാത
മായ്ക്കാണായിതുസുരന്മാർക്കു മതിമറന്നൊരുപരമാനന്ദത്താൽ * വളരെ
ക്കല്പകപ്പൂതുമലർകോരി ത്തളിരോടെചൊരിഞ്ഞിതുമഴപോലെ * തുട
ങ്ങിവാദ്യങ്ങളലറിച്ചുംപുന രൊട്ടുങ്ങാതെപാട്ടുംപലതരംകൂത്തും * നടി
ക്കുന്നുനല്ലനടന്മാരുംകോത്തു പിടിക്കുന്നുകൂടിസ്തുതിക്കയുമെല്ലാം * കമ
ലസംഭവപുരഹരാദിക ളമരന്മാരുമായ്നടന്നുമെല്ലവെ * പരമാത്മാ
വായപരബ്രഹ്മമൂർത്തി പരമാനന്ദരൂപനെബ്ഭജിപ്പാനായ് * നിജ
നിജലോകംഗമിച്ചാരക്കാലം ഭജനീയൻതന്നെഭജിക്കയുംചെയ്താർ *
പുനരുടൻദ്വാരാവതിയിൽമേവിടുംജനനിതന്നുടെ പതിയായുള്ളൊരു
വസുദേവൻതന്നോടുരചെയ്തീടിനാൾ * കുസുമിതലതാതരുനിരകളും
പെരികെമാഴ്കുവാനൊരുമൂലമെന്തു * തരണിബിംബവുംകറുത്തിരി
ക്കുന്നു തെളിവില്ലതുംദിക്കുകൾക്കുംദീപവും * വിളങ്ങുന്നില്ലതുംമന
സ്സുമാഴ്കുന്നു * പവനനുംമാന്ദ്യംകുറഞ്ഞുകാണുന്നു ഭവനങ്ങൾക്കുമി
ല്ലൊരുനിറമേതും * ഉദധിതീർത്ഥത്തിൽകുളിപ്പാൻപോയൊരു യദുകുല
വൃത്താന്തവുംകേട്ടീലേതും * വരുവാനിത്രവൈകിയതുമെന്തിവരുക
ന്നുചിത്തമതുനിരൂപിച്ചും * ഹിമകിരണമണ്ഡലംപണിയുന്ന മമതന
യൻതൻമുഖസരോരുഹം * വിളങ്ങിക്കാണാഞ്ഞില്ലിനിക്കൊരുന്മേഷം
കളഞ്ഞതെന്തെന്നകണക്കേതോന്നുന്നു * തളരുന്നുകാലുംകരങ്ങളുമെല്ലാം
വളരുന്നുതാപമിനിക്കുമേൽക്കുമേൽ * വലത്തുകണ്ണാടുന്നിതുതെരുതെ
രെ വിറയ്ക്കുന്നുതോളുംതുടയുമപ്പുറം * പലവുംദേവകിപതിയോടന്ന
ങ്ങലസഭാവംചൊന്നളവുകാണായി * പിരിഞ്ഞുപോയധീരയുമാ
യേററം കരിഞ്ഞരൂപവുംകലന്നുകാണായി * അതിമന്ദംമന്ദംവരുന്നദാ
രുക നതുകണ്ടുണ്ടൊന്നുമനസ്സിതോന്നുന്നു * പിറകേയുണ്ടെന്റെമക

നതുകൊണ്ടു പെരികെമന്ദിച്ചുവരുന്നതുമവൻ * അതുകേട്ടുവൈദർഭിയും
തെളിവോടു സദനംപ്രാപിച്ചുവിരിച്ചുശയ്യയും * ഉദകവുംഭൃംഗാരക
ങ്ങളിൽനിറ ച്ചുദിതാനന്ദംപാർത്തിരുന്നീടുന്നേരം * പുരവാസിജനമെ
ഴുന്നള്ളത്തു കേട്ടിയന്നാരേററവുംപരമാനന്ദംപൂ * ണ്ടതിൽചിലരോടി
ച്ചെല്ലരുവഴിക്കചെന്നതി പ്രമോദേനവഴിക്കരനാക്കിയും * സ്തനിതങ്ങ
ട്ടചാതകങ്ങളെപ്പോലെ മനസിസന്തോഷംകലർന്നുമേവിനാർ * അതു
നേരമൊട്ടങ്ങടുത്തുദാരുകൻ മൃതദേഹംനടന്നണയുന്നപോലെ * ഭഗ
വദ്വൃത്താന്തംപലരുംചോദിച്ചാ രകമേവെന്തുചെന്തവനുമന്നേരം *
ചെറുതുമങ്ങിനാനവിടെവീണാനങ്ങു തുണ്ടുതന്നത്താൻപെരികെത്താ
ഡിച്ചാൻ * മഴപെയ്യുംപോലെനയനവാരിയു മൊഴുകുന്നുകരഞ്ഞുരുള്ള
ന്നുപാരിൽ * ശിവശിവപനരവനപ്പോൾവന്ന വിവശതയെന്തുപറ
യാവല്ലേതും * ചിലരോടുന്നിതു ചിലർവീഴുന്നിതു ചിലർമോഹിക്കുന്നു
ചിലർകരയുന്നു * ചിലരിരിക്കുന്നുചിലർകിടക്കുന്നു ചിലർവിറയ്ക്കുന്നു
ചിലർതൊഴിക്കുന്നു * ചിലർചിലരെയുംപിടിച്ചുകേഴുന്നു ചിലർചില
രെച്ചെന്നുടനേപുൽകുന്നു * കടൽവർണ്ണകണ്ണ!കരിമുകിൽവർണ്ണ! കടൽ
മകൾപുൽകുംമണിവർണ്ണനാഥ * ചതിക്കയോചെയ്തതിനിയാരുള്ളതെ
ന്മതിക്കാനന്ദം നൽകുവതിന്നീശ്വരാ! * പൊറുക്കുന്നുഞങ്ങളിനിയ
തെങ്ങിനെ മരിക്കുന്നേൻവല്ലകണക്കിലുമയ്യോ! * പരിണതശശമൃഗ
ധരബിംബം പരിചോടുകൂപ്പുംതിരുവദനവും* തെളിഞ്ഞുവെൺനിലാ
വഴലേറുംവണ്ണം വിളങ്ങുംപുഞ്ചിരിപ്പുതുമയുമയ്യോ! * മധുരമായുള്ളോ
രമൃതത്തെക്കാളും മതിമനോജ്ഞമാമരുളപ്പാടുകൾ * ചെവികളിലുള്ളൊ
ളൊത്തിരിക്കുന്നാകിലോ ശിവശിവ!പോററീപ്പൊറുതിയെങ്ങിനെ * നി
റഞ്ഞമഞ്ഞപ്പട്ടുടയുംകാഞ്ചിയും മറന്നുകൂട്ടുമോതുടയിണക്കാമ്പും * പല
വുമേവരോരോവിധമീവണ്ണമേ പലതരംചൊല്ലിക്കരയുന്നനേരം * അ
സുരവൈരിയെമനസിൽചിന്തിച്ചു വസുദേവക്കുംദേവകിക്കുമന്നേരം *
ജനിച്ചസന്താപംപറഞ്ഞുകൂടുവാൻ ജനിച്ചവർകളിലൊരുത്തരില്ലല്ലോ
* വിദർഭജാദിവല്ലഭമാർക്കുമപ്പോ ളുദിച്ചസന്താപമതില്പരമത്രേ *
പുരന്ദരാത്മജനിവയെല്ലാംകണ്ടും പരംപുരുഷനെമനസിചിന്തിച്ചും
* ഇരുന്നുതന്നത്താന്മറന്നൊരിത്തിരി പറഞ്ഞുദാരുകനരുളപ്പാടെല്ലാം
* യദുവരനാമാഹുകൻതന്നോടതിദ്രുതം ചൊല്ലേണമെന്നതുമരുൾ
ചെയ്തു * ഉടനെപാരിജാതവുമതിദ്രുതം നടകൊണ്ടുമെല്ലൊട്ടയൻവേ
രോടെ * നടന്നൊരാഹുകൻവഴിയേപോയ്ചെന്നു കിടന്നയാദവരുട
ലെല്ലാംകണ്ടു * ചിതയുമർജ്ജുനൻചമച്ചാനന്നേരം അതിസുഗന്ധചന്ദ
നതരുക്കളാൽ * ചിതയിലാമ്മാറുമടിയാതെചാടി മധുരിപുതിരുവുടലോ
ടുചേർന്നു * മധുമൊഴികളാംപ്രണയിനിമാരും മധുമഥനൻതന്നുടലോടു
ചേർന്നും * ലഭിച്ചുസായുജ്യമവർക്കുതുകാലം തപസ്സുപണ്ടേററംച
രിച്ചതുമൂലം * തനയനായ്വന്നുപിറന്നകൃഷ്ണനെ മനസിചിന്തി
ച്ചുമരണംപ്രാപിച്ചു * വസുദേവാഖ്യനാമേഴാംപ്രജാപതി വസു
മതിപതിയോടുചേർന്നിടിനാൻ * ചിതയിലാമ്മാറുപതിച്ചുദേവകീ

പതിയും താനുമായ്സുതനോടുചേൎന്നാൾ * പതിനാറായിരംപ്ര
ണയിനിമാരും പതിയോടുചേൎന്നാർപുനരതുകാലം * മുഴുകിമെല്ല
വെകരേറിനാമെന്ന തഴകൊട്ടതോന്നിമുഹൂൎത്തവക്കെല്ലാം * യദുക്കൾ
ക്കെല്ലാക്കുമുദകപിണ്ഡങ്ങൾ വിധിച്ചവണ്ണമേകഴിച്ചുപാൎത്ഥനും *
സമുദ്രംദ്വാരകാപുരത്തെയുംമുക്കി സമസ്തംമാധവഗൃഹമൊഴിഞ്ഞെ
ല്ലാം * ഒഴിഞ്ഞുള്ളനാരീജനത്തെയുംകൊണ്ടു വിഷണ്ണനായ്
പാൎത്ഥൻനടന്നുവൈകാതെ * പെരുത്തകാട്ടൂടെനടക്കുന്നനേരം മുരത്ത
കാട്ടാളരടുത്താരന്നേരം * കരുത്തേറുംസിംഹത്തോടുകലഹിപ്പാൻ
കുരച്ചുനായ്ക്കൾചെന്നടുക്കുന്നപോലെ * ഝടിതിക്രുദ്ധനായ്പുരുഹൂതാ
ത്മജനടുത്തുയുദ്ധത്തിന്നൊരുമിച്ചനേരം * കുലയ്ക്കായീലവില്ലെടുക്കായീ
ലൊട്ടും വലിക്കായീലസ്ത്രങ്ങളുംതോന്നീലേതും * വിഷഭിഷങ്മന്ത്ര
നിരുദ്ധനായോരു വിഷധരനെന്നകണക്കേഫൽഗുനൻ * നിരുദ്യോ
ഗംപൂണ്ടുകിമപിനില്ക്കുമ്പോൾ കരുത്തേറുംകാട്ടാളരുമടുത്തേററം * പ
റിച്ചുകൊണ്ടാർനാരികളെയു മപഹരിച്ചാരൎത്ഥമുള്ളതുംബലാലപ്പോൾ
* ഇതുവരുവതിനവകാശമെന്തു മധുരിപോമുരമഥനദൈവമേ! *
നിഖിലംനിന്തിരുവടിയുടെമായാ വികൃതിയത്രേനിശ്ചയംജഗത്തെല്ലാം
* അശക്തനായ്വന്നേനിവരെരക്ഷിപ്പാന ശക്തുവായ്മുന്നമിരുന്നേന
ല്ലോഞാൻ * ഇനിഞാൻഭൂമിയിലിരുന്നതുമതി വനചരന്മാരാൽ
പരിഭൂതനായേൻ * കരഞ്ഞുമോരോന്നേപറഞ്ഞുമിങ്ങനെ പിരിഞ്ഞ
നാഥനെനിനച്ചുഖേദിച്ചും * നടക്കുന്നനേരംവിധിവശാലുനരടുത്തു
വേദവ്യാസനേയുംകാണായി * കരുണാപീയൂഷനിധിയെക്കണ്ടവൻ
ചരണതാരിണവണങ്ങിവീഴ്കയും * പൊട്ടുപൊടെപൊട്ടിക്കരകയും
കണ്ണീരുടനുടൻവീണങ്ങൊലിക്കയുംമററി * ല്ലടയവനെന്നുപറകയുമുള്ളം
കിടുകിടുക്കയും മുനകണ്ടനേരം * അരുളിച്ചെയ്തിതുകരുണയാനരവര
നാമജ്ഞനനൊടുകനിവോടെ * നിനക്കിതുകൊണ്ടൊരിളപ്പമില്ലതു
നിനച്ചുഖേദിയായ്ക്കമഹേന്ദ്രാത്മജ! * ത്രിഭുവനംതന്നിലൊരുവനുണ്ടോ
ചൊല്ലഭിമാനക്ഷയമനുഭവിയാതെ * ഒരുകാലംമാനംവരുമപമാനം
വരുമൊരുകാലമിടകലൎന്നുള്ളു * ജനിമൃതിസ്വൎഗ്ഗനരകയാമിനി ദിന
സുഖദുഃഖാദ്യഖിലദ്വന്ദ്വങ്ങൾ * ജഗതിസമ്പത്തുംവിരവോടാപത്തും
ഭഗവാനുപോലുംഭവിക്കുന്നൂനം * ഒരുവരിഷത്തിനുടനേവേനലും
വരുമതിനില്ലവികല്പമേതുമേ * ദിശിദിശികീൎത്തിപരന്നീടുന്നൊരുദശ
രഥനൃപപ്രവരനന്ദനൻ * ദശമുഖകാലനമിതവിക്രമൻ ദശശതച്ഛ
ദസുഹൃൽകുലജാതൻ * അഭിമതികുലശമനനീശ്വര നഭിമാനമുള്ളപു
രുഷരിൽമുമ്പൻ * സ്വധൎമ്മദാരാപഹരണവുമവ നധിഗതമായിത
തുധരിക്കനീ * അവനിയിലൊരുനരനുമവ്വണ്ണ മപമാനമനുഭവിച്ചീ
ലോക്കണം * വനിതമാരിവർവളഞ്ഞുദേഹനാം മുനിവരൻതന്നെപ്പരി
ഹസിക്കയാൽ * ചതിച്ചുകാട്ടാളരടവിയിലാക്കി യപഹരിച്ചുപോമെ
രുനാളെന്നെല്ലാം * ദ്വിജശാപംതടുക്കരുതൊരുവൎക്കും വിജയകണ്ടതി
ല്ലയോനിതാനിപ്പോൾ * തവശൌൎയ്യത്തിനുകുറവുണ്ടാകയില്ല വനീദേ

ഭവശനുടെശാപത്തിനാൽ * അബലമാക്കിതിന്നകപ്പെട്ടഭവാ! നബല
നാകയില്ലതുധരിച്ചാലും * പ്രിയസ്വഭാവനായുറച്ചബന്ധുവാ യ്യയസ്യ
നായിരുന്നൊരുജ്ജനാർദ്ദനൻ * മരിച്ചുപോയിതെന്നതുനിനച്ചോനിൻ
കരച്ചിലാകുന്നുശിവശിവ ചിത്രം! * നിനക്കുമൂഢത്വംപെരുതത്രെപാര
മി നിക്കതോർത്താലംചിരിയാകുന്നുകേൾ * മരിക്കയുമില്ലജനിക്കയുമി
ല്ലമുരദ്വേഷിജ്ജഗല്പതിനാരായണൻ * ധരിച്ചിരിക്കനുമനസിനീയുമ
തിരിക്കെശ്ശോകിപ്പാനവകാശമില്ല * ജഗദഖിലവുംനിറഞ്ഞിരിക്കുന്ന
ഭഗവാനില്ലജന്മവുംമരണവും * ധരണീഭാരവുംകളഞ്ഞുതന്റെടെ പരി
വാരങ്ങളാംയദുകുലത്തെയും * ഒട്ടക്കത്തെക്കവെമുനിവ്യാജശാപാൽ
ഒടുക്കിക്കൂട്ടിത്തങ്ങളിൽപിണങ്ങിച്ചും * പരന്റെമായാമഹിമയോർത്തോ
ളുമൊരു പന്മുള്ളിലറിഞ്ഞുകൂടുമോ * അമരകൾകുലപ്പെരുമാൾതാൻ
മുന്നം സമരത്തിന്നുപണ്ടുടക്കുന്നേരത്തു * രഥത്തിന്മേൽനിന്നുപറഞ്ഞു
തന്നിലേ മധുദ്വേഷിനിനക്കുടനാത്മജ്ഞാനം * നിനക്കു വിശ്വാസം
വരുവാനല്ലയോ തനിച്ചുവിശ്വരൂപവുംകാട്ടിത്തന്നു * ജലരേഖയൊ
ട്ടുസമമായ്പന്നിതോ വലരിപുസുത! നിനക്കതൊക്കവെ * പരമാത്മജ്ഞാ
നമുപദേശിച്ചതും പരമാത്മാവായഭഗവാനല്ലയോ * കുരുവീര!നി
ന്നോടിനിമററാരാനും സുരവരാത്മജ!പറഞ്ഞീടേണമോ * ജഗദശേ
ഷവുംനിറഞ്ഞിരിപ്പൊരു ഭഗവാൻതന്മായാവിലസിതമെല്ലാം * ഇനി
നിങ്ങൾഭൂമിപ്രദക്ഷിണംചെയ്തു മനസാസന്യസിച്ചഖിലകർമ്മവും *
നിയതികൊണ്ടുള്ളപൃഥഗ്ഭാവംതീൎന്നു ലയിക്കകാരണമതിങ്കൽനിങ്ങളും
* മുനിവരൻദ്വൈപായനൻവേദവ്യാസൻ കനിവോടിവണ്ണമരുൾ
ചെയ്തനേരം *ഉണർന്നചിത്തമോടമരേന്ദ്രാത്മജൻ വണങ്ങിനാൻമറഞ്ഞി
തുമുനീന്ദ്രനും * അതുകാലംധർമ്മാത്മജനാംഭീമനോ ടതിഖേദംപൂണ്ടു
പറഞ്ഞിതീവണ്ണം * അനുജൻദ്വാരകാപുരിക്കുപോയവ നിനിയും
വന്നീലെന്തതിനുകാരണം * കഴിഞ്ഞിതുമാസംമുഴുവൻനാലിപ്പോൾ
മുഴങ്ങീലിങ്ങുപോരുവാനെന്നോനാഥൻ * പിഴച്ചുകാണുന്നുനിമിത്ത
ങ്ങളെല്ലാം കുഴപ്പമേതാനുംവരികകൊണ്ടത്രേ * പെരികെമങ്ങിപ്പോയി
തുധരാതലം നിറന്നദീപവുംപൊലിഞ്ഞേററംമങ്ങി * മരുവുംമന്ദിരം
കണക്കെയായ്പന്നു പരുഷമായ്പീയുന്നിതുപവനനും * കൃതികളുള്ളി
ലുംകുറഞ്ഞിതുമേഷം ഹൃദിമുനിജനത്തിനുമില്ലാനന്ദം * പശുക്ക
ളുംചെവികളുംകൂപ്പിച്ചേററം വിശപ്പുമോരാതെമുഴുത്തചിന്തയാ *
കരഞ്ഞങ്ങോടിങ്ങോട്ടുഴന്നുനില്ക്കുന്നു പിരിഞ്ഞൊരുപൈതങ്ങളേയും
വേണ്ടീല * പശുക്കിടാങ്ങളുംകുടിക്കുന്നീലപാൽ പശുക്കൾതങ്ങളും
കുടിപ്പിക്കുന്നീല * ശരന്മാരാനനംതെളിഞ്ഞുകാണുന്നുസ്ഫുടങ്ങളാ
കുന്നീലരവിബിംബങ്ങളും * ദലങ്ങളുംമാഴ്കിമരങ്ങളുമെല്ലാം ഫലങ്ങളും
കൊഴിഞ്ഞിതല്ലോകാണുന്നു * തെളിഞ്ഞതീർത്ഥങ്ങൾകലങ്ങിക്കാണു
ന്നുവിളങ്ങീടുംജ്യോതിർഗ്ഗണങ്ങളുംമങ്ങി * ജ്വലിക്കുന്നീലാജ്യാഹുതികൊ
ണ്ടഗ്നിയും ജ്വലിക്കിലോപൊട്ടിപ്പൊരിഞ്ഞൊടത്തുട്ടു * വലത്തുഭാഗ
ത്തെവെടിഞ്ഞുകാണുന്നു പലവുമേവംദുർന്നിമിത്തങ്ങൾകണ്ടും * വലരി

പുസുതൻവരവുകാണാഞ്ഞും ധരണീമണ്ഡലമണിമയദീപം *ധരണിയെ വെടിഞ്ഞുടൻമറഞ്ഞുതെ ന്നകതാരിൽത്തോന്നിവരുന്നിതുമമ * സകല ലോകനായകസനാതന ഭഗവാനെ!പരൻപുരുഷ!മാധവ! * ശരണ മെന്നുധർമ്മജൻമനതാരിൽ കരുതിമാരുതിയോടുപറഞ്ഞപ്പോൾ * വരു ന്നതുകണ്ടുധനഞ്ജയൻതന്നെ കരിഞ്ഞഭാവവുംകലന്നുതന്നേരം * കര ഞ്ഞവൻചെന്നുയുധിഷ്ഠിരൻതന്റെ ചരണതാരിൽവീണ പദസ്ഥയെല്ലാ മേ * പറഞ്ഞുഭാവംകണ്ടതുനേരമുള്ളി ലറിഞ്ഞുധർമ്മജനവസ്ഥമിക്ക തും * കരഞ്ഞുകണ്ണുനീർതുടച്ചുഫൽഗുനൻ പിരിഞ്ഞനാഥനെ മനസിചിന്തിച്ചു * പറഞ്ഞുഭൂമിക്കൊരലങ്കാരമായി പ്പിറന്നദേവകിതി രുമകൻകൃഷ്ണൻ * വെടിഞ്ഞുഭൂമിദേവിയേയുമെന്നെയും പൊട്ടുന്നനവേ പോയ്മറഞ്ഞരുളിനാൻ * ഇവണ്ണമെന്നെയുംകരയുമാറാക്കി സുവർ ണ്യവൈകുണ്ഠംതചരിതംപ്രാപിച്ചാൻ * യദുകുലമെല്ലാംമുടിഞ്ഞുതങ്ങ ളിൽ മദ്യപാനംചെയ്തുമതിമറന്നേററം * കലഹിച്ചുമുനിജനശാപവാ ക്യ ബലംകൊണ്ടുണ്ടായമുസലത്താലുടൻ * അതുകേട്ടുധർമ്മതനയൻത ന്നുള്ളി ലധികംവാച്ചൊരുപരിതാപംചൊൽവാ * നരുതൊരുവനുമ തുമനതാരി ലുരുവിചാരംകൊണ്ടടക്കിമെല്ലവേ * ഭഗവല്പാദങ്ങൾമു ഴുത്തഭക്തിപൂണ്ടകതാരിൽനന്നായുറപ്പിച്ചന്നേരം * വിരഹംകൊണ്ടുഗൽ ഗ്ഗദവർണ്ണങ്ങളാൽ പെരികെബാഷ്പവുംതെരുതെരെവാർത്തു * നയനവും തുടച്ചുമിതരോമാഞ്ചം ജയജയകൃഷ്ണ!ജയജയകൃഷ്ണ ജയജയരാമജഗദഭി രാമ! * ജയജയ ദേവകരുണാവാരിധേ ജയജയ ദേവവസുദേവാത്മജ * ജയമുകുന്ദദേവകീസൂനോജയ ജയജയനന്ദതനയഗോവിന്ദ! * ജ യ്യശോദാനന്ദനാജനാർദ്ദന ജയജഗൽസൃഷ്ടിസ്ഥിതിലയകര വിരി ഞ്ചമാധവശിവമയജയ * ജയഗുണത്രയമൂർത്തേജയ! ജയജയജഗൽ പവിത്രസൽക്കീർത്തേ * ജയജയചിത്രചരിത്രകേശവ ജയജയവൃഷ്ണിപ്ര വരകംസാരേ! * ജയജയബാണകരമദഹര ജയജയജനിമൃതിഭവഹര! * ജയജയവിദർഭജാപതേജയ! ജയജയധരാധരമുരഹര! * ജയധരാ ധരധരജയജയ ജയധാരാധരകളേബരജയ * ജയജയധരാഭരഹരജയ ജയജയസുരാസുരനമസ്കൃത * ജയചരാചരഗുരോജയജയ പരാശര സുതനമസ്കൃതജയ * ജയവരാവാസസഭാ ധാരജയ ജയജയധരാധ രാവാസപ്രിയ * ജയപരാപരസദാധാരാജയ ജയപരാപരപരമപാ ഹിമാം * ജയപരമാത്മൻപരബ്രഹ്മാത്മക! ജയജയനാരായണനര കാരേ! * ജയജയഭക്തജനപരായണ ജയജയനാഥശരണംദൈവമേ! * ശമദമയമനിയമചേതസാ ശമനനന്ദനൻകുരുകുലവരൻ * നൃപതി യായ് പുനരഥപരീക്ഷിത്തിന്നഭിഷേകംചെയ്തുസചിവന്മാരൊടും * പ ടഹശംഖാദിവിവിധവാദ്യങ്ങൾ പുടപുഴങ്ങചെസഹജന്മാരുമായ് * ധ രണീദേവതാപസവരക്കെല്ലാം പൊരുളുംദാനംചെയ്തഭിമതവസ്തു * സ ചിവഭൃത്യാദിജനത്തിനുനൽകി സജ്ജനതൃപ്തിയുംവരുത്തിമേൽക്കുമേൽ * നിവൃത്തനായാശ്ശുപുറപ്പെട്ടുവാനായ് സുവൃത്തവാൻകല്പിച്ചിതുമുഹൂ ർത്തവും * വിചിത്രംപാണ്ഡവചരിത്രംമേലേടം വചിപ്പതിന്നേററംപ

ണിയുണ്ടാത്തോളം * പവിത്രമെത്രയുമതുകേൾക്കേണ്ടുകിൽ സവിസ്ത
രംചൊൽവാനരുതിനിങ്ങൾക്കു * ചുരുക്കിച്ചൊല്ലാംവേണ്ടുകിൽഞാ
നെന്നെല്ലാ മുരത്താൾപൈങ്കിളിമകളുമക്കാലം *

ഇതി ശ്രീമഹാഭാരതേ മൌസലപർവ്വം സമാപ്തം.

പ്രസ്ഥാനം.

ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു.

ബാലെകിളിമകളേകഥാശേഷവും കാലേപറകനീസാനന്ദമോമ
ലേ * പാലാഴിവർണ്ണൻപരമൻപരാപരൻ പാലാഴിമാനിനീവല്ലഭനീ
ശ്വരൻ * കാലസ്വരൂപൻകരുണാകരൻപരൻ നീലാംബുദനിറമുള്ള
നിരഞ്ജനൻ * നീലാംബുജായതലോചനൻമാധവൻ ഭൂലോകവുംപ
രിപാലനംചെയ്തതൻ * കാലംകഴിച്ചുവൈകുണ്ഠമകംപുക്ക കാലംയുധി
ഷ്ഠിരനാദികളുംകൃഷ്ണ * ലീലകൾചിന്തിച്ചുസർവ്വമുപേക്ഷിച്ചു ബാലനു
രാജ്യാഭിഷേകവുംചെയ്തൊരു * ശേഷമനുഷ്ഠിച്ചതെന്തെന്നുചൊല്ലുക
ദോഷമശേഷമകലുവാൻമാമകം * ശേഷംകഥപറഞ്ഞീടുവനെങ്കിൽ
ഞാനേ ഷണപാശവുംഛേദിച്ചുധർമ്മജൻ * വൃഷ്ണികുലാധിപൻജിഷ്ണുജ
സാരഥി ജിഷ്ണുമുഖാമരസേവിതൻമാധവൻ * കൃഷ്ണൻതിരുവടിയുംബല
ഭദ്രരും വൃഷ്ണികളുംകലികാലമടുത്തപ്പോൾ * വിഷ്ണുലോകംഗമിച്ചാരെ
ന്നുകേൾക്കയാൽ വിഷ്ണുഭക്തന്മാരിലഗ്രേസരൻനൃപൻ * ഉഷ്ണതരാംശു
കുലസന്തതിയായ വിഷ്ണുരാതന്നഭിഷേകവുംചെയ്തററം ഉഷ്ണനിശ്വാ
സംകലൻനിജഹൃദി കൃഷ്ണനെധ്യാനിച്ചുറപ്പിച്ചുഭീമനും *ജിഷ്ണുവുംസോ
ദരന്മാർമററിരുവരും കൃഷ്ണയുംകൂടിനിരൂപിച്ചുകല്പിച്ചു * നന്നല്ലഭൂതല
വാസംനമുക്കിനി വന്നുകലിയുഗമെന്നതുനിർണ്ണയം * രാജാവുധർമ്മജ
നേവംപറഞ്ഞുടൻപ്രാജാപത്യാഖ്യയാമിഷ്ടിയുംചെയ്തുടൻ * ക്ഷിപ്രമാ
ത്മാരോപിതാഗ്നിയായേകദാ സപ്രകാശംപുറപ്പെട്ടിതുശാന്തനായ് *
നിശ്ചലാത്മാമഹാപ്രസ്ഥാനമാശ്രിത്യ സച്ചിൽപരബ്രഹ്മമൂർത്തിസനാ
തന * നച്യുതനവ്യയനവ്യക്തനദ്വയൻ നിശ്ചയിച്ചാർക്കമറിഞ്ഞുകൂടാ
തവൻ *നാരായണൻനരമൂർത്തിമാനീശ്വരൻനാരദസേവിതൻനാനാജ
ഗന്മയൻ * നീരദവിഗ്രഹൻനീരജലോചനൻ നീരജസംഭവകാര
ണൻകോമളൻ * നിത്യൻനിരഞ്ജനൻനിർമ്മലൻനിർമ്മമൻ നിത്യ
വിരക്തൻപ്രകൃതിപരാത്മകൻ * സത്വാദിഹീനൻസനകാദിസേവി
തൻതത്വസ്വരൂപൻ സകലലോകേശ്വരൻ * നിഷ്കളൻനിശ്ചലൻ
നിസ്പൃഹൻനിഷ്ക്രിയൻ നിർഗ്ഗുണനേകനനേകജീവാത്മകൻ * ഭു
ക്തിമുക്തിപ്രദൻഭക്തപ്രിയൻപരൻ ശക്തിയുക്തൻപരമാത്മാശിവാത്മ

കൻ * വേദാത്മഭിന്നമൂർത്ത്യാത്മകൻശാശ്വതൻ വേദസ്വരൂപൻവിരിഞ്ചാദിവന്ദിതൻ * വേദാന്തവേദ്യനനന്തനനാമയൻ വേദജ്ഞനുത്തമനാദ്യനനാദ്യന*ത്യാനന്ദരൂപനമൃതാത്മകൻവിഭു ചേതനഭൂതൻജനാർദ്ദനൻവൈകുണ്ഠൻ * ഇന്ദീവരേക്ഷണനിന്ദുബിംബാനന നിന്ദുകലോത്ഭവനിന്ദുകലാചൂഡ * വന്ദ്യൻമുകുന്ദനാനന്ദപ്രദൻ മുചുകുന്ദപ്രിയൻകൈടഭാന്തകൻഗോവിന്ദൻ * നന്ദജൻദേവകീനന്ദനൻയാദവൻ വാസുദേവൻ ദേവദേവൻമുരാന്തകൻ * നാരായണൻതന്നെനന്നായ്നിരൂപിച്ചു ധീരനാംധർമ്മജൻനിർഗ്ഗമിച്ചീടിനാൻ * സോദരന്മാരുംദ്രുപദതനൂജയും സാദരംകൂടെപ്പിറകേനടകൊണ്ടാർ * ഉത്തമന്മാരായധർമ്മപുത്രാദിക ളുത്തരയാംദിക്കുനോക്കിനടക്കുമ്പോൾ * കൃഷ്ണവർത്മാവുടൻപ്രത്യക്ഷരൂപേണ ജിഷ്ണുതന്നോടരുൾചെയ്തുകനിവോടെ * പാണ്ഡുതനൂജമഹാവീരഫൽഗുന ഗാണ്ഡീവമായധന്വരത്നമിപ്പോഴേ * യാദസാംനായകൻകൈയിൽകൊടുക്കനീ സാദരംപോയെപ്പോൾവിനാകുലംകൂടാതെ * എന്നരുൾചെയ്തോരുവഹ്നിദേവൻപദം നന്നായ്പ്പണിഞ്ഞുവഴങ്ങിച്ചുയാത്രയും * അത്ഭുതമാകിയഗാണ്ഡീവചാപവുമപ്പതികൈയിൽകൊടുത്തുനടകൊണ്ടാൻ* ധർമ്മരാജാത്മജൻതന്നെപ്പരീക്ഷിപ്പാൻ ധർമ്മരാജൻതാനുമാശുപുറപ്പെട്ടു*ശ്വാവായനുഗമനംചെയ്തിതുകൂടെ ഭാവവുമേററംക്ഷയിച്ചതിദീനനായ്*സേവയുംഭാവിച്ചുഗതിമാനായ് ശ്വാനദേവനുംപിമ്പേനടകൊണ്ടിതക്കാലം * അങ്ങിനെപോകുന്നനേരത്തുകൃഷ്ണയുമെങ്ങിനെയെന്നറിഞ്ഞീല വീണിടിനാൾ അപ്പോൾവൃകോദരൻധർമ്മജൻതന്നോടൊ രത്ഭുതംപൂണ്ടുചോദിച്ചരുളീടിനാൻ*ദ്രൗപദിവീണതിനെന്തോരുകാരണം ഭൂപതേ!ചൊൽകെന്നതുകേട്ടുധർമ്മജൻ*പിന്നിൽനോക്കാതെപറഞ്ഞാനുടനവൾ തന്നുള്ളിലുണ്ടൊരുദോഷമതുകേൾനീ * വല്ലഭന്മാരൈവരുമുള്ളതിലൈവരും തുല്യമല്ലെതാനുമുണ്ടുഭേദംസദാ * പക്ഷഭേദംതനിക്കർജ്ജുനൻതൻകലുണ്ടുൾപ്പൂവിലെന്നതിനാലിവൾവീണതും * പിന്നെസ്സഹദേവനുംപതിച്ചീടിനാൻ ചൊന്നാനതിൻമൂലവുംധർമ്മനന്ദനൻ * വാതാത്മജൻപറഞ്ഞാശുസഹദേവ പാതമറിഞ്ഞതുനേരമുരചെയ്തു * ശാസ്ത്രങ്ങൾകൊണ്ടെന്നെത്താഴ്ത്തിനിന്നീടുവാൻ ധാത്രിയിലാരുമില്ലെന്നോരഹംഭാവം * ഉള്ളിലുണ്ടാകയാൽവീണു സഹദേവ നുള്ളവണ്ണംനീധരിക്കവാതാത്മജ! * പിന്നെയുംമെല്ലെനടന്നാരതുനേരം പിന്നാലെപോകുന്നകുലൻപതിച്ചിതു * ചൊന്നാനതുനൃപൻതന്നോടുഭീമനും മന്നവനുമതിൻകാരണംചൊല്ലിനാൻ * അരുമേരൂപലാവണ്യമോർക്കുംവിധൌ പാരിലെന്നോടുനേരായവരില്ലെന്ന മാനംനകുലനുപാരമുണ്ടെപ്പൊഴും മാനസതാരിലതുകൊണ്ടവൻവീണു * വൃത്രാരിപുത്രനുംവീണാനതുമഥ പൃഥ്വീപതിയോടുചൊന്നാൻവൃകോദരൻ * കാലാത്മജൻജിഷ്ണുവീണതുകേട്ടൊരുകാലം മറിഞ്ഞുനോക്കിലെന്തോരത്ഭുതം * സോദരൻവീണതിൻകാരണമെന്തെന്നു ചോദിച്ചുധർമ്മജൻതന്നോടുഭീമനും * ഉത്തമനാകിയധർമ്മതനയനുമുത്തരംഭീമനോടാശുചൊല്ലീടിനാൻ * അസ്ത്ര

ങ്ങൾകൊണ്ടെന്നോടൊത്തവരില്ലെന്ന വൃത്രാരിപുത്രനമുണ്ടൊരഹംഭാവം * എന്നതുകൊണ്ടവൻവീണമരിച്ചിതു നിന്നുടെപാതയുമുണ്ടിനിനിശ്ചയം * ശക്തനാകുന്നതുഞാനെന്നതേററവു മുൾത്താരിലുണ്ടുനിനക്കകിടക്കുന്നു * നീയുമതുകൊണ്ടുവീണമരിച്ചുപോം വായുസുതാപരിതാപമുണ്ടാകൊലാ * ഉണ്ടുനിനച്ചാൽ മരണമെല്ലാവനു മുണ്ടാകവേണ്ടാവിഷാദമതിനേതും * ഇത്ഥംപറഞ്ഞുപിറകെനോക്കീടാതെ പൃത്ഥ്വീപതിനടന്നീടിനാൻപിന്നെയും * ഉത്തരയാംദിക്കുനോക്കിനടക്കുമ്പോ ളുത്തമനാംധർമ്മപുത്രനുടെപിമ്പേ * പോകുന്നഭീമനുംവീണുമരിച്ചതേ പോകുന്നിതുവടക്കോട്ടവൻപിന്നെയും * സാരമേയംപിരിയാതെവഴിയേകൂ ടാതുരതാപംനടന്നാനതുനേരം * ആരുമൊരുഗതിയില്ലെന്നൊരുഭാവം നേരേമുഖത്തുനോക്കിക്കൊണ്ടുഭാവിച്ചു * കൂടേനടക്കുന്നതുകണ്ടുധർമ്മജനുടെവളർന്നിതുകാരുണ്യമേററവും * അംബരംതന്നിൽനിന്നന്നേരമന്തികേ പൊന്മയമായവിമാനവുംതാണിതു * നിർമ്മലനാകിയദേവദൂതൻതാനും ധർമ്മതനയനെക്കൊണ്ടങ്ങുപോവാനായ് * പിന്നെയുണ്ടായവിശേഷങ്ങൾചൊല്ലുവാൻ പന്നഗനായകനുംപണിയുണ്ടെന്നു * നന്നായുറഞ്ഞിരുന്നീടിനാൾധർമ്മജൻതന്നുടെമാഹാത്മ്യമോർത്തോർത്തുപിന്നെയും * നല്ലകഥയിനിമേലേടംനിങ്ങൾക്കു ചൊല്ലുവനെന്നുകിളിമകളുംചൊന്നാൾ *

ഇതി ശ്രീമഹാഭാരതേ പ്രസ്ഥാനപൎവ്വം സമാപ്തം.

സ്വൎഗ്ഗാരോഹണം.

ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു.

ചൊല്ലുചൊല്ലിനിയുംനീ നല്ലസൽകഥയെല്ലാം കല്യാണംവരുവാനായെന്നോടുകിളിപ്പെണ്ണേ! * നല്ലപൈന്തേനുംപാലുംപൈപഴവുംശർക്കരയും വെല്ലവുംവേറെപഞ്ചതാരയുംതരുവൻഞാൻ * ചൊല്ലിനാളതുകേട്ടുബാലപൈങ്കിളിമകൾ മല്ലാരിയുടെഭക്തവാത്സല്യംകേൾപ്പിൻനിങ്ങൾ * ഭക്തരായുള്ളവരിലുത്തമൻധർമ്മപുത്രൻ വക്ത്രപങ്കജംപാർത്തുചൊല്ലിനാൻദേവദൂതൻ * ദേവരാജാജ്ഞയാലെവന്നിതുഞാനുമിപ്പോൾ ദേവലോകത്തിലേക്കായാശുപോരികവേണം * വന്നുടൻവിമാനമേറീടുകവൈകാതെക ണ്ടെന്നുദേവദൂതൻചൊന്നതുകേട്ടനേരം * എന്നോടുകൂടെപ്പോന്നസോദരന്മാരുംവീണാർ തന്വംഗിയായമമഭാൎയ്യയുംവീണാളല്ലോ * പിന്നെയുംപിരിയാതെവാണിതെന്നോടുകൂടത്തന്നെ യിശ്വാവുമിവൻതന്നെയുമുപേക്ഷിച്ചു * വിണ്ണവർപുരിക്കിനിയെന്നുമേപോന്നുകൂടാ പിന്നെയിശ്വാവിനെ

ന്താരാശ്രയമെന്നുചൊൽനീ * സവ്വതോരക്ഷച്ശ്വനസ്സ്വപചാന
പി മുഹുരുവ്വീപാലകനായാലാശ്രിതനെന്നുണ്ടല്ലോ * നിശ്ചയമ
രക്ഷിതാബ്രഹ്മഹാഭവേദി ഹരക്ഷിതാഫയമേധ കത്താവെന്നുണ്ടല്ലോ
കേൾ * ആശ്രിതപരിത്യാഗമെന്നുംഞാൻചെയ്യയില്ല ശാശ്വതമായ
ധമ്മമെങ്ങിനെവെടിയുന്നു * എന്നെയുംകൊണ്ടുവിണ്ണിൽപോകണമെ
ന്നാകിലോ മുന്നമീശ്വാവുതന്നെക്കരയേററുകവേണം * എന്നതു
കേട്ടുചെവിപൊത്തിനാൻദേവദൂതൻ എന്നേകഷ്ടമേ! ഭവാനെന്തി
തുതോന്നീടുവാൻ * ധമ്മാധമ്മങ്ങളറിഞ്ഞീടുവാനാരുള്ളതു ധമ്മ
നന്ദന! നിന്നോടൊത്തിഹവിശ്വത്തിങ്കൽ * കുത്സിതജന്തുക്ക
ളിൽവച്ചതിനികൃഷ്ടമായ് സത്സമവായനിന്ദ്യമായതിശ്വാവല്ലയോ
* കണ്ടാൽകൺകഴുകേണംതൊട്ടതുംകളയേണം ദുഷ്ടമായതുംപി
ന്നെശുദ്ധമല്ലെന്നുനൂനം * ദുഷ്ടജന്തുക്കളിൽവച്ചേത്രയുംനികൃഷ്ട
മായ്കഷ്ടമായുള്ളതീശ്വാവെന്നതുമറിയേണം * സ്വർല്ലോക
വാസമൊരുകാലവുമൊന്നിനാലു മില്ലല്ലോശ്വാവിന്നതുനീയറിഞ്ഞിരി
ക്കുന്നു* പിന്നെയിസ്സഹോദരദാരസംഗാദികളും സന്നമായ്സവ്വവിഷ
യങ്ങളുമുപേക്ഷിച്ചു * മുക്തനായ് വിശുദ്ധാത്മാവായനീയെന്തിവണ്ണം
യുക്തിയുക്തങ്ങളല്ലാതുള്ളവചൊല്ലുന്നതും * ശ്വാവിങ്കൽനിർബ്ബന്ധമാം
മമത്വമുപേക്ഷിച്ചു ദേവയാനത്തിന്മേലേറിടുകവൈകീടാതെ * കുന്തീ
നന്ദനൻതാനും ചിന്തിച്ചുചൊല്ലീടിനാനെന്തിനെന്നോടിത്തരം വെറു
തേപറയുന്നു * സന്ത്യജിച്ചീടുകയില്ലാശ്രിതന്മാരെയതി നന്തരമേതുമി
ല്ലപോയാലുംഭവാനെങ്കിൽ * ബന്ധമററീലെന്നതേകേവലമിനിക്കുള്ളു
സന്ധിക്കുമിനിയൊരുകാലമെന്നതേവേണ്ടു * സ്വധമ്മമുപേക്ഷിച്ചിട്ടു
ള്ളൊരുഭോഗമൊന്നും സുധമ്മാവാസംപോലുമിനിക്കുവേണ്ടയല്ലോ *
ദേവദൂതനുംചൊന്നാനന്നേരമിനിശ്രദ്ധ ദേവനന്ദനപുനരൊന്നറിയേ
ണംഭവാൻ * മമത്വംകൊണ്ടുബന്ധം വേറിട്ടുകൂടായിന്നുസമത്വംകൊ
ണ്ടുതന്നെമോക്ഷവുംവന്നീടുന്നു * ഗാംഗേയൻവേദവ്യാസൻമാക്കണ്ഡേ
യനുംപിന്നെ ശാർങ്ഗപാണിയുംബൃഹദശ്വനുംമൈത്രേയനും * നാര
ദൻസനൽകുമാരാദ്യനുംധൌമ്യൻതാനു മോരോരോതരം മററുമിത്യാദി
ദിവ്യജനം * നിനക്കുദിവ്യജ്ഞാനമുപദേശിച്ചാരതു നിനച്ചാലിനി
ക്കേററമത്ഭുതമുണ്ടാകുന്നു * ഇനിക്കുമവരുപദേശിച്ചതോർത്തുതന്നെ മന
ക്കാമ്പിങ്കൽചെററുമിളക്കമില്ലായിന്നു * പോയാലുംഞാനിശ്വാവുകൂടാ
തെപോരികയി ല്ലായതവിലോചനനാകുമെൻകൃഷ്ണനാണെ * ധമ്മന
ന്ദനനടെനിശ്ചലവാക്കുകേട്ടുധമ്മരാജനുമപ്പോൾ പ്രത്യക്ഷനായാന
ല്ലോ * ധമ്മദേവനുമനുഗ്രഹിച്ചുതനയനെ ധമ്മജൻവിമാനവുമേറി
പ്പോയ്സ്വർഗ്ഗംപുക്കാൻ * പ്രീത്യാചൂണ്ണെശ്വര്യഭോഗാദികളോടുംകൂ
ടിധാർത്തരാഷ്ട്രജ്യേഷ്ഠനെക്കണ്ടിതുധർമ്മാത്മജൻ * എത്രയുംദുഷ്ടനാ
യോരധർമ്മിഷ്ഠനു പുനരിത്രസൌഖ്യങ്ങളുണ്ടായ്വന്നതുംചിത്രമത്രേ * മന
സ്വികളുകമില്ലിവിടെവാഴ്വാനിനി ക്കനുജന്മാരുള്ളേടത്തുടനേപോക
വേണം * ഇത്തരംധർമ്മപുത്രൻചൊന്നതുകേട്ടനേരം വൃത്രാരിനിയോഗ

ത്താൽദൂതനും വന്നു ചൊന്നാൻ * പോരികെങ്കിലോ തവ സോദരന്മാരു
ള്ളേട ത്താത്രുഡാനന്ദമെന്നു കേട്ടവനോട്ടുംകൂടി * ഭ്രാതാക്കളുള്ളേടത്തു
ചെന്നു തന്നേരമേററം വേദനതേടീടിനാൻ നരകംകണ്ടമൂലം * യാത
നാദുഃഖംകണ്ടു ധർമ്മജനതിവേഗാൽ യാതനായീട്ടവനായാരംഭിച്ചുതു
നേരം * ധർമ്മജശരീരത്തെ ത്തടവിമന്ദം മന്ദം കല്മഷമകന്നൊരുതെന്ന
ൽചെന്നേററനേരം * ആശ്വാസമുണ്ടായ്വന്നു സോദരന്മാർക്കുമേററ മാശ്ച
ര്യ്യംപൂണ്ടു ചൊന്നാരവരുമന്നേരം * നില്ക്കണമിവിടെയൊട്ടാവോളം
ഞങ്ങൾക്കുള്ള ദുഃഖമൊട്ടകന്നിതുനിന്തിരുവടിയുടെ * തിരുമെയ്തടവി
വന്നീടിന കാററുതട്ടി പ്പെരികെയുണ്ടാശ്വാസമഖിലഗുണാംബുധേ! *
എന്നതുകേട്ടു തത്രനിന്നിതു ധർമ്മാത്മജൻ ഇന്ദ്രാദിദേവഗണംനേരമുഴ
റിയ ധർമ്മജൻതന്നെ സ്വർഗ്ഗത്തിന്നങ്ങു കൊണ്ടുപോയാർ * ചിന്മയനാ
യകൃഷ്ണൻതന്നുടെ ഭക്തന്തന്നെ ധർമ്മദേവൻെറനിയോഗത്താലഞ്ജസാ
മോദാലംബരഗംഗതന്നിൽ സ്നാനവും ചെയ്തനന്നായ് * ദിവ്യവിഗ്രഹനാ
യിസ്വർഗ്ഗത്തെ പ്രാപിച്ചപ്പോൾ സവ്യസാച്യാദി ഭ്രാതൃജനത്തെക്കാണാ
യ്വന്നു * ദ്രൌപദേയന്മാരേയും ദ്രൌപദിയേയും കണ്ടു ഭൂപതി [illegible]നയും
കണ്ടു സന്തോഷംപൂണ്ടാൻ * ബന്ധുക്കളായവിരാടദ്രുപദാദികളും കുന്തീ
നന്ദനൻ തന്നെക്കണ്ടു സന്തോഷംപൂണ്ടാർ * ധർമ്മജാദികൾ തങ്ങൾ ത
ങ്ങൾക്കുള്ളൊരു നാനാകർമ്മങ്ങളുടെ ഫലമൊടുങ്ങീടുവോളം * സ്വ
ർഗ്ഗഭോഗങ്ങളനുഭവിച്ചുവസിച്ചിതു സൽഗുണവാന്മാരായ പാണ്ഡവാദി
കൾപിന്നെ * എല്ലാരും തൻെറ തൻെറ കാരണത്തിങ്കൽത്തന്നെ നിർല്ലീ
നന്മാരായ്വന്നിതീശ്വരനിയോഗത്താൽ *

ശ്രീവൈശമ്പായനനും ജനമേജയൻതന്നോ ടേവമാദരപൂർവ്വമരു
ളിച്ചെയ്താനല്ലോ * ശ്രീമഹാഭാരതമാമീടിനോരഞ്ചാംവേദം ശ്രീവേദ
വ്യാസമുനിതാനരുൾചെയ്തതെല്ലാം * സൂതനുമതു ശൌനകാദികൾക്ക
റിയിച്ചു വേദാന്തപ്രകരണമായുള്ളൊരിതിഹാസം * ജനമേജയനായ
നൃപനുമസ്തികനാം മുനിവര്യനുവരംകൊടുത്തു സർപ്പസത്രം * സമർപ്പിച്ചി
തുപുനരതിനാലാസ്തികനും പ്രമദംനിജമാതൃമാതുലന്മാർക്കുനൽകി * ക
ണ്ഡലികുലത്തെയും രക്ഷിച്ചാനേതുമൊരു ദണ്ഡമെന്നിയെ പുനരസ്തിക
മുനീന്ദ്രനും * അസ്തികനഹികുലംനൽകിനാനനുഗ്രഹ മസ്തികമന്ത്രച
രിത്രാദികൾ സന്ധ്യാകാലേ * ചിന്തിക്കും ജനങ്ങൾക്കു സർപ്പവംശത്താ
ലൊരു സന്താപമൊരുനാളുമുണ്ടാകയില്ലയെന്നും * ജനമേജയനിഹ
സത്രവും സമർപ്പിച്ചു മുനികൾക്കെല്ലാംവേണ്ടുംദക്ഷിണചെയ്തനന്നായ് *
ആശീർവ്വാദവുംപരിഗ്രഹിച്ചുപുറപ്പെട്ടാ നാശ്രുതൻപുരോഹിതാമാത്യാ
ദിജനത്തോടും * തക്ഷകശിലതങ്കൽനിന്നു പോയ്പ്പുരത്തോടെപുക്കിതു
ശോഭതേടും ഹസ്തിനപുരത്തിങ്കൽ * ജനമേജയനാം സർപ്പസത്രത്തി
ങ്കൽ നിന്നുമോദേന വേദവ്യാസൻതൻനിയോഗത്താൽ * വൈശ
മ്പായനമുഖാംഭോരുഹത്തിങ്കൽനിന്നു വൈശിഷ്ട്യമേറും മഹാഭാരതമി
തിഹാസം * വിശ്രുതമായതെല്ലാം ശൌനകാദികളോടു നിശ്ശേഷമുഗ്ര
ശ്രവസ്സായ സൂതനും ചൊന്നാൻ * കല്യാണംനൽകും ഫലശ്രുതിയുമരി

യിച്ചാനെല്ലാമത്തുരചെയ്യാൻവേലയുണ്ടിനിക്കിപ്പോൾ * നല്ലതുവരുമി
തുകേട്ടാലൊന്നൊഴിഞ്ഞിനിക്കില്ല മറ്റൊന്നുപറയാവതുനിരൂപിച്ചാൽ
* ചൊല്ലുകിലതിൽപരമുണ്ടല്ലോഫലമതി നെല്ലാരുംപാത്രമല്ലെന്നാ
കിലോകേട്ടുകൊൾവിൻ * ശ്രീമഹാഭാരതത്തിങ്കൽപ്രതിപാദ്യനായ
താമരസാക്ഷൻവാസുദേവനാംകൃഷ്ണൻതന്നെ * വാങ്മനഃകായങ്ങളാൽ
ഭക്ത്യൈവനമസ്കരിച്ചാത്മനി സകളരൂപംധ്യാനിച്ചനന്തരം * നിഷ്ക
ളത്തിങ്കൽതന്നേനിതരാംലയിച്ചഥ മുക്തനായ്ത്തെളിഞ്ഞുപസംഹരിച്ചി
തുസൂതൻ * തൽപ്രകാരത്തെയറിയിക്കുന്നേനെന്നുനന്നായ് ശില്പമായു
രചെയ്താൾപൈങ്കിളിമകൾതാനും * വിദ്യാവേദ്യായനമോ വിദ്യാഭ്യോ
നമോനമോ ധർമ്മേഭ്യോനമോധർമ്മധാരിണേനമോനമഃ * ദേവേ
ഭ്യോനമോവാസുദേവായനമോനമഃ കൃഷ്ണായവർണ്ണ്യായാസ്മൈനാരായ
ണായനമഃ * നാരായണായനമോ നാരായണായനമോ നാരായണാ
യനമോ നാരായണായനമഃ *

ഇതി ശ്രീമഹാഭാരതേ സ്വർഗ്ഗാരോഹണപർവ്വം.

ശ്രീരസ്തു.